PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 20th March 1951*

VOL. III] **OFFICIAL REPORT** **[No. 11**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 20th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate, the serial number in the list of admitted questions for the day.)

Oral Answers

VICE-CHANCELLOR

***720.** [1] **Sri. D. Gnanasigamoni :** Will the Hon'ble Minister for Education be pleased to state.—

(*a*) whether steps have been taken to fill the vacancy caused by the resignation of Sri. Nandan Menon, Vice-Chancellor of the Travancore University ;

(*b*) the person now in charge of the duties of the Vice-Chancellor; and

(*c*) when do the Government hope to fill up that vacancy ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) The question is under consideration.

(*b*) Sri. P. R. Parameswara Panicker, the Registrar is in charge of the duties of the Vice-Chancellor.

(*c*) In due course.

Sri. D. Gnanasigamoni : How long is it since the present person has been deputising for the Vice-Chancellor.

Sri. T.K. Narayana Pillai : Ever since Mr. Menon left this State Service.

Sri. D. Gnanasigamoni : May I know whether the person in charge can exercise all the powers and privileges of the Vice-Chancellor ?

Sri. T. K. Narayana Pillai : Only in certain cases.

തൊഴിൽതർക്ക കേസുകൾ

* ൭൨൧. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിൽതർക്കനിയമം ലംഘിച്ചതിന് ആരുടെയെങ്കിലും പേരിൽ കേസു കൊടുക്കുവാൻ ഗവൺമെന്റ് അധികാരവും അനുവാദവും കൊടുത്തിട്ടുണ്ടോ;

(ബി) സമാധാനം വാങ്ങിയതിനുശേഷമാണോ അപ്രകാരം ചെയ്തിട്ടുള്ളതു്;

(സി) ആ വിധത്തിലുള്ള കേസുകൾ ഇപ്പോൾ എത്രയെണ്ണം നിലവിലുണ്ടെന്നു പറയാമോ; എത്ര തീർന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) അങ്ങനെ സമാധാനം വാങ്ങണമെന്നു തൊഴിൽതക്കനിയമത്തിൽ വ്യവസ്ഥയില്ല. എങ്കിലും ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നിയമമനുസരിച്ചു് പ്രവർത്തിക്കണമെന്നു മാനേജ്മെൻറിനോടു പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും കേൾക്കാത്ത സന്ദർഭങ്ങളിൽ മാത്രമേ കേസു കൊടുത്തിട്ടുള്ളു.

(സി) മൂന്നെണ്ണം നിലവിലുണ്ടു്. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻെറ അവാർഡ് വ്യവസ്ഥകൾ കേസു കൊടുത്തതിനുശേഷം നടപ്പിൽ വരുത്തിയതിനാൽ രണ്ടു കേസുകൾ പിൻവലിച്ചിട്ടുണ്ടു്.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

* ൧൨൧. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൻെറ അവാർഡിനെ അവഗണിച്ചതിലേക്കു് എത്ര കേസുകൾ എടുത്തിട്ടുണ്ടു്;

(ബി) അവയിൽ എത്രയെണ്ണം തീർച്ചചെയ്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൩.

(ബി) ഒന്നും തീർച്ചചെയ്തിട്ടില്ല. വേറെ രണ്ടു കേസുകളിൽ പ്രതികൾ അവാർഡ് അനുസരിച്ചു് പിന്നീടു പ്രവർത്തിച്ചതിനാൽ കേസ് പിൻവലിച്ചിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ചാലക്കുടി മാച്ചു് ഫാക്ടറി രണ്ടു മാസമായി പൂട്ടിയിട്ടിരിക്കുന്നതു് ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. ചാലക്കുടി മാച്ചു് ഫാക്ടറിയിൽ കുഴപ്പങ്ങൾ മുമ്പു് ഉണ്ടായിട്ടുള്ളതായും ആ കുഴപ്പങ്ങൾ തീർത്തിട്ടുള്ളതായും അറിയാം. എന്നാൽ ഇപ്പോൾ കുഴപ്പം ഉള്ളതായിട്ടു് അറിവില്ല.

ശ്രീ. എ. പി. നമ്പ്യാർ: ചാലക്കുടി മാച്ചു് ഫാക്ടറി മാനേജ്മെൻറു് അവാർഡ് ലംഘിച്ചതായി ഗവമ്മെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ഷിഫ്റ്റ് സിസ്റ്റം

* ൧൨൩. (൩) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഷിഫ്റ്റ സിസ്റ്റം തുടങ്ങിയ ഏതെങ്കിലും അദ്ധ്യാപകന്മാർ ഇപ്പോഠം ജോലിയില്ലാതെ നിൽപുണ്ടോ:

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഷിഫ്റ്റ സിസ്റ്റംമൂലം പിരിച്ചുവിട്ടവരെ വീണ്ടും നിയമിക്കുന്നതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണെന്നു പറയാമോ;

(ഡി) ഷിഫ്റ്റ സിസ്റ്റം ഇപ്പോഠം എത്ര താലൂക്കുകളിൽ എത്ര സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ,

(ഇ) ഷിഫ്റ്റ് സിസ്റ്റം ഏപ്പെടുത്തിയശേഷം ഏതെങ്കിലും സ്കൂളുകളിൽ നിന്നു് ആ സിസ്റ്റം നീക്കംചെയ്തിട്ടുണ്ടോ?

(എഫ്) ഷിഫ്റ്റ് സിസ്റ്റം കൊച്ചിയിൽ ഉണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) ഏകദേശം ൨൦൦ പേർ.

(സി) പിരിച്ചുവിടുന്ന സമയം ലാവണം സ്ഥിരമായിരിക്കണം. അല്ലെങ്കിൽ സ്ഥിരമായി ഒഴിവുള്ള സ്ഥാനങ്ങളിൽ പകരം നോക്കിയിരുന്നിരിക്കണം.

(ഡി) ഷിഫ്റ്റ് സിസ്റ്റം തിരുവിതാംകൂർ വിഭാഗത്തു് എല്ലാ ഡിപ്പാർട്ടുമെൻറ സ്കൂളുകളിലും ൪൦൯൧ പ്രൈവറ്റ് പ്രൈമറിസ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) ഉണ്ടു്.

ശ്രീ. ദേവകീഗോപിദാസ്: ഷിഫ്റ്റ സിസ്റ്റം തുടരണമെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ക്രമേണ ഇല്ലാതാക്കണമെന്നാണു ഗവൺമെൻറിൻെറ ഉദ്ദേശം.

ശ്രീ. ദേവകീഗോപിദാസ്: ഷിഫ്റ്റ സിസ്റ്റം നടത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർ കൂടുതൽ ജോലി ചെയ്യേണ്ടതായിട്ടുവരുമെന്നു ഗവൺമെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വളരെ ജോലിയില്ല. ഒരു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടിവരികയില്ല.

ശ്രീ. ഏ. താണുപിള്ള: ഇപ്പോഠം എത്ര സ്കൂളുകളിൽ ഷിഫ്റ്റ സിസ്റ്റം നടപ്പിലുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ കണക്കുകഠം ഇപ്പോഠം എൻെറ കൈവശമില്ല.

ശ്രീ. ഏ. താണുപിള്ള: ഈയിടെ ഷിഫ്റ്റ സിസ്റ്റം നീക്കംചെയ്യപ്പെട്ടിട്ടുള്ളതു് ഏതെല്ലാം സ്കൂളുകളിൽനിന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതെല്ലാം സ്കൂളുകളിലാണു് എന്നു പറയുന്നതിനു് ആ സ്കൂളുകളുടെ ലിസ്റ്റ് എൻെറ കൈവശം ഇപ്പോഠം ഇല്ല.

ശ്രീ. ഏ. താണുപിള്ള: ഷിഫ്റ്റ് സിസ്റ്റം എല്ലാ സ്കൂളുകളിലും വേണ്ടെന്നു വയ്ക്കുന്നതായാൽ അതുകാരണം ഗവൺമെൻറിനു് എത്ര രൂപാ ചെലവു കൂടുതൽ വരും?

ശ്രീ. ടി. കെ. നാരായണപിള്ള: എത്ര രൂപാ വരുമെന്നുള്ളതിനു് അതിന്റെ കണക്കു് എന്റെ കൈവശം ഇപ്പോൾ ഇല്ല.

Sri. D. Gnanasigamoni: Are the Government aware that in certain places where the shift system works, the morning and evening sessions start at 3'0 clock and disperse at four?

Sri. T. K. Narayana Pillai: Such instances have not been brought to my notice.

ശ്രീ. ഇ. പി. പൗലോസ്: ഷിഫ്റ്റ സിസ്റ്റം അനുസരിച്ചു് പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരിൽ എത്രപേരെ വേറെ വേക്കൻസികളിൽ നിയമിച്ചിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിടപ്പെട്ട ൨൦൦ പേരിൽ ൧൩൭ പേരെ അബ്സോർബ് ചെയ്യുന്നതിനു് സാംഗ്ഷൻ ആയിട്ടുണ്ടു്. ഇനി ആ സാംഗ്ഷനെ തുടർന്നു അവരെ ഓരോ സ്ഥാനത്തു പോസ്റ്റ്ചെയ്യേണ്ടതായിട്ടേ ഉള്ളു.

ശ്രീ. പി. എം. വറുഗീസ്: പ്രൈവററ് സ്കൂളുകളിൽ ഷിഫ്റ്റ സിസ്റ്റം നിറുത്തുവാൻ ഗവമ്മെൻറിന്റെ അനുവാദം ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമായിരിക്കും.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അടുത്ത സ്കൂൾ വർഷാരംഭം മുതൽ ഷിഫ്റ്റ സിസ്റ്റം പരിപൂർണ്ണമായി നിറുത്തൽചെയ്യണമെന്നാണോ ഗവമ്മെൻറിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര വേഗത്തിൽ ഷിഫ്റ്റ സിസ്റ്റം മുഴുവൻ നിറുത്തൽ ചെയ്യണമെന്നാണു് ഗവമ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. വി. ഗംഗാധരൻ നായർ: ഷിഫ്റ്റ സിസ്റ്റംമൂലം പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതുവരെ അവക്കു ശമ്പളമോ അലവൻസോ വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളമോ അലവൻസോ കൊടുക്കുന്നതു് അവരെ പിരിച്ചുവിട്ട അവസരത്തിൽ ഗവമ്മെൻറിൽനിന്നു കൊടുത്ത ആർഡർ അനുസരിച്ചിരിക്കും.

ശ്രീ. എ. താണുപിള്ള: ഇന്നു് എതെങ്കിലും പ്രൈവററ് സ്കൂളുകളിൽ ഷിഫ്റ്റ സിസ്റ്റം ഇപ്പോൾ നിലവിലില്ലാതായിത്തീന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്കൂളുകളിൽ ഇല്ലാതായിത്തീന്നിട്ടുണ്ടു്.

അടിസ്ഥാനവിദ്യാഭ്യാസം

* ൭൨൮. (൧) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ അടിസ്ഥാനവിദ്യാഭ്യാസം ഏൎപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവമ്മെൻറിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) സേവാഗ്രാമത്തിൽ അടിസ്ഥാനവിദ്യാഭ്യാസം പരിശീലിച്ചവർ ആരെങ്കിലും ഇവിടെയുണ്ടോ?

(സി) അടിസ്ഥാനവിദ്യാഭ്യാസം എത്രകൊല്ലംകൊണ്ടു് ഏർപ്പെടുത്താമെന്നാണു് ഗവമ്മെൻറു വിചാരിക്കുന്നതെന്നു പറയാമോ;

(ഡി) അടിസ്ഥാനവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതുമൂലം ഗവമ്മെൻറിനു വിദ്യാഭ്യാസച്ചിലവു വർദ്ധിക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അതു് ഇപ്പോൾ പറയാറായിട്ടില്ല.

(ഡി) ചിലവു് വദ്ധിക്കാനാണു് ഇടയുള്ളതു്.

ശ്രീമതി ദേവകീഗോപീദാസ്: സേവാഗ്രാമത്തിൽ ചിലരെ അടിസ്ഥാനവിദ്യാഭ്യാസം പരിശീലിപ്പിച്ചതു് ഗവമ്മെൻറിൽനിന്നാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറിൽനിന്നാണു്. ആറുപേക്കു് അടിസ്ഥാനവിദ്യാഭ്യാസത്തിൽ വേണ്ട പരിശീലനം കൊടുത്തിട്ടുണ്ടു്.

ശ്രീമതി ദേവകീഗോപീദാസ്: അവരെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരെ ഇപ്പോൾ ചേർപ്പിലുള്ള ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകന്മാരായി നിയമിച്ചിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Are the Government aware that basic education is a system which has not yet been universally accepted as the best system?

Sri. T. K. Narayana Pillai: It is a matter of opinion.

ശ്രീ. കെ. എ. മാത്യു: അവരെ എന്നാണു് നിയമിച്ചതു് എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൧൨൦-ൽ ആണു്.

ശ്രീ. കെ. എ. മാത്യു: ഏതു മാസത്തിലാണു് നിയമിച്ചതെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു മാസത്തിലാണു് നിയമിച്ചതെന്നു് അറിഞ്ഞുകൂടാ. ൧൧൨൦-ലാണു് നിയമിച്ചതു്.

ശ്രീ. കെ. എ. മാത്യു: ആ ട്രെയിനിംഗ് സ്കൂളിൽ കുട്ടികളെയെല്ലാം എടുത്തതിനുശേഷമാണോ ഇവരെ അദ്ധ്യാപകന്മാരായി നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചേർപ്പു് ട്രെയിനിംഗ് സ്കൂളിൽ മൂന്നു മാസത്തെ ട്രെയിനിംഗ് ആണു് നിശ്ചയിച്ചിരിക്കുന്നതു്. ആ ട്രെയിനിംഗ് മിക്കവാറും പൂത്തിയാകാറായി.

ശ്രീ. കെ. എ. മാത്യു: അതല്ലാ ഞാൻ ചോദിച്ചതു്. ഈ പറഞ്ഞ ആളുകളെ ഈ സ്കൂളിലേക്കു് എടുത്തതു് എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവരെ എടുത്തിട്ടു മൂന്നു മാസത്തോളമായി.

ശ്രീ. കെ. എ. മാത്യു: അവരെ അദ്ധ്യാപകന്മാരായി ഇവിടെ നിയമിച്ചതെന്നാണു്?

ശ്രീ. ടി.. കെ. നാരായണപിള്ള: അതു് കുറച്ചുമുമ്പു് ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീമതിദേവകി ഗോപീദാസ്: ഇനിയും കുറെ ആളുകളെക്കൂടി പരിശീലനത്തിനു് എടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഠം ഉള്ളവരുടെ പരിശീലനം കഴിഞ്ഞാൽ വേറെ ആളുകളെ പരിശീലനം കൊടുക്കുന്നതിന് എടുക്കുന്നതാണ്.

ശ്രീ. ടി. വി. ദേവൻ: ഇപ്പോഠം പരിശീലനം സിദ്ധിച്ചുവരിൽ പിന്നോക്കസമുദായക്കാർ ആരെങ്കിലുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. എൻ. വി. ചാക്കോ: അടിസ്ഥാന വിദ്യാലയങ്ങഠം എത്രയുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിൽനിന്നു ൨ ട്രെയിനിംഗ് സ്കൂളുകഠം നടത്തുന്നുണ്ട്. ൨ സ്കൂളുകഠംക്കു ഗ്രാൻറ കൊടുക്കുന്നുണ്ട്. പ്രൈവററ ഏജൻസി നടത്തുന്ന വേറെ രണ്ടുമൂന്നു വിദ്യാലയങ്ങഠം ഉണ്ട്.

ശ്രീ. എൻ. വി. ചാക്കോ: അവ എവിടെയൊക്കെയാണ് ഉള്ളതു്?

ശ്രീ. ടി കെ. നാരായണപിള്ള: കാലടിക്കു സമീപം ഒരു ബേസിക്ക് എഡ്യുക്കേഷൻ സ്കൂഠം ഉണ്ട്. അതിന് ഗ്രാൻറ കൊടുത്തുവരുന്നുണ്ട്. നാഗർകോവിലിൽ ഒരു അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനം ഉണ്ട്. അതിനും ഗ്രാൻറ കൊടുത്തുവരുന്നുണ്ട്. ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ വാങ്ങിക്കാത്ത രണ്ടുമൂന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്.

ശ്രീ. എ. പി. ഉദയഭാനു: ഈ രാജ്യത്തു് മററ പല രാജ്യങ്ങളിലും ഉള്ളതുപോലെ ബേസിക്ക് എഡ്യുക്കേഷൻ സാവ്വത്രികമാക്കണമെന്നാണോ ഗവമ്മെണ്ടിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: ബേസിക്ക് എഡ്യുക്കേഷൻ ഈ രാജ്യത്തു് സാവ്വത്രികമാക്കുന്നതിനുള്ള സാദ്ധ്യതകഠം ഈ സ്റ്റേററിനുണ്ടോ എന്ന് ഗവമ്മെൻറ ആലോചിച്ചുവരികയാണ്.

മദ്രാസ് മെട്രിക്കലേഷൻ പരീക്ഷ

* ൭൨൫. (വ്യ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

മദ്രാസ് മെട്രിക്കലേഷൻ പരീക്ഷയ്ക്കു സമമായ ഒരു പരീക്ഷ തിരുവിതാംകൂർ സവ്വകലാശാലയിൽ ഏപ്പെടുത്തണമെന്നു കാണിച്ച് നിശ്ചയവും നിവേദനവും കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മെട്രിക്കലേഷൻ പരീക്ഷ ഏപ്പെടുത്തുന്നതു സംബന്ധിച്ച് അപേക്ഷകഠം ലഭിച്ചിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: അതിനെപ്പററി എന്തു നടപടി എടുത്തു?

ശ്രീ. ടി. കെ. നാരായണപിള്ള: അപേക്ഷകഠം യൂണിവേഴ്സിററിയുടെ പരിഗണനയ്ക്കു ഈ ഗവമ്മെണ്ട് അയച്ചുകൊടുക്കുകയും ഇന്നത്തെ പരിതസ്ഥിതിയിൽ ഇങ്ങനെയുള്ള ഒരു പ്രത്യേക പരീക്ഷ നടത്തേണ്ട ആവശ്യമില്ലെന്ന് യൂണിവേഴ്സിററി വൈസ് ചാൻസലർ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. വി. ചാക്കോ: മെട്രിക്കലേഷൻ പരീക്ഷ വേണമൊ വേണ്ടയോ എന്നു തീച്ചയാക്കുന്നതു് യൂണിവേഴ്സിററിയുടെ പരിധിയിൽപ്പെട്ടതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോഠം പറയാൻ നിവൃത്തിയില്ല.

കോളനൈസേഷൻ

* ൭൨൩. (ൻ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോളനൈസേഷൻ സ്കീം അനുസരിച്ച് റാന്നി റേഞ്ചിൽനിന്നും വനഭൂമി ഒഴിച്ച് പൊതുജനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ സ്ഥലം;

(സി) ഈ വിഭജനത്തിൽ ഹരിജനങ്ങളുടെ അപേക്ഷാകാര്യങ്ങളിൽ സദയം ശ്രദ്ധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ആകെ രണ്ടായിരം ഏക്കർ സ്ഥലം കോളനൈസേഷൻെറ ആവശ്യത്തിന് വിട്ടുകൊടുക്കുവാൻ സാധിക്കുമെന്ന് ചീഫ് കൺസർവേററർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) ഹരിജനങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഹരിജനങ്ങൾക്ക് ആവശ്യമുള്ള സ്ഥലം കൊടുക്കുന്നതിന് തീർച്ചയായും അവരുടെ പെററീഷനെപ്പററി ഗവമ്മെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതിൽ ഏതെങ്കിലും ഭാഗം വീതിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുപ്പതോ മുപ്പത്തഞ്ചോ പേർ അടങ്ങിയ ഒരപേക്ഷ ഗവമ്മെൻറിനു കിട്ടിയിട്ടുണ്ട്. അവക്കു സ്ഥലം കൊടുക്കുന്നതിന് വിരോധമില്ലെന്ന് ഗവമ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകന്മാർ എല്ലാവരും ഇപ്പോൾ യഥാത്ഥത്തിൽ ജീവിച്ചിരിപ്പുള്ളവരാണോ എന്നറിയുന്നതിന്നായി അതു് താസിൽദാക്ക് അന്വേഷണത്തിന്നായി അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: വീതിച്ചു കൊടുക്കുവാൻ നീക്കിവയ്ക്കപ്പെട്ട സ്ഥലത്തിൽ ഏതെങ്കിലും ഭാഗം വാർ സർവ്വീസിൽ പോയവക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ ൧,൫൦൦ ഏക്കർ സ്ഥലം പട്ടാളത്തിൽനിന്ന് പിരിച്ചുവിട്ട ആളുകൾക്കു കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ബാക്കി ൫൦൦ ഏക്കർ സ്ഥലം പൊതുജനങ്ങളുടെ ആവശ്യത്തിനുള്ളതാണ്. ഈ ൫൦൦ ഏക്കർ സ്ഥലം ഹരിജനങ്ങളുടെ ആവശ്യപ്രകാരം അവക്കു കൊടുക്കുന്നതിനുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതിൽനിന്നും ൧,൫൦൦ ഏക്കർ സ്ഥലം പട്ടാളത്തിൽനിന്നു പിരിച്ചുവിടപ്പെട്ടവക്കു കൊടുത്തുകഴിഞ്ഞാൽ പിന്നെ പൊതുജനങ്ങൾക്കു കൊടുക്കുവാൻ അവിടെ ബാക്കി നീക്കിവച്ചിട്ടുള്ളതിൽനിന്നു അധഃകൃതക്കു കൊടുക്കുവാൻ സൗകര്യം ഉണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൗകര്യം ഉണ്ട്. പട്ടാളത്തിൽനിന്നു പിരിച്ചുവിട്ടവക്കു ഉപജീവനമാർഗ്ഗം ഉണ്ടാക്കികൊടുക്കേണ്ടതു ഗവമ്മെൻറിൻെറ കടമയാണ്. അവക്ക് കൃഷി ആവശ്യത്തിനുവേണ്ടി ഭൂമി കൊടുക്കുന്നപക്ഷം അതു എല്ലാവിധത്തിലും വളരെ ഉപകാരപ്രദമായിരിക്കും എന്നു വിചാരിച്ചിട്ടാണ് റാന്നിയിൽ ഇത്രയും സ്ഥലം അവക്കു നീക്കിവച്ചിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവർക്ക് ഓരോരുത്തർക്കും എത്ര ഏക്കർ വീതം കൊടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൩ ഏക്കർ സ്ഥലം വീതം.

ശ്രീ. കെ. ആർ. ഇലങ്കത്തു്: റാന്നിയിൽ ൫൦൦ ഏക്കർ സ്ഥലം പൊതുജനങ്ങൾക്കു കൊടുക്കുവാനായി നീക്കിവച്ചിട്ടുള്ളതിൽ എത്ര ശതമാനം ഹരിജനങ്ങൾക്കു കൊടുക്കുവാനായി നീക്കിവച്ചിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ശതമാനക്കണക്കിനല്ല നീക്കി വച്ചിട്ടുള്ളതു്.

ശ്രീ. സി. സി. പ്രസാദു്: റാന്നിയിൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടു അപേക്ഷ അയച്ചിട്ടുള്ള ഹരിജനങ്ങളിൽ ആരെങ്കിലും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ?

Mr. Speaker: That question does not arise.

ശ്രീ. എം. ഐ. പാഠം: റാന്നിയിലും മററും ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരാതികൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. എം. ഐ. പാഠം: മാർച്ച് ൧൭-ാംനു-യിലെ 'ദീപികാ' പത്രത്തിൽ ഇതിനെ സംബന്ധിച്ച പരാതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രം ഞാൻ വായിച്ചിട്ടില്ല.

ശ്രീ. എം. ഐ. പാഠം: ഭൂമി പതിവിനെ സംബന്ധിച്ചു് ചില അക്രമങ്ങൾ കാണിച്ചിട്ടുള്ളതായി മുൻമന്ത്രി ശ്രീമതി ആനിമസ്ക്രീൻ അവരുടെ ബഡ്ജററ നിരൂപണ പ്രസംഗത്തിൽ പറഞ്ഞ വിവരം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: That is disallowed.

ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: ഭൂമിപതിവിനെ സംബന്ധിച്ച പിന്നോക്ക സമുദായ സംരക്ഷകനു് എന്തെങ്കിലും താക്കീതു നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ എം. ഐ. പാഠം: കഴിഞ്ഞ ബഡ്ജററ സമ്മേളനത്തിൽ ൧൦ൾ ൮൬ അനുസരിച്ചു ഞാൻ ഉന്നയിച്ച പ്രശ്നത്തിന്റെ വാദപ്രതിവാദം നടന്ന അവസരത്തിൽ മന്ത്രിസ്ഥാനത്തുനിന്നും നൽകിയ മറുപടി ഇപ്പോൾ ഓമ്മിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്ഥലവും ഈ സ്ഥലവും ആയി വ്യത്യാസം ഉണ്ടു്. റാന്നിയിൽ എതെങ്കിലും വ്യക്ത്യക്കോ, വ്യക്തിസമൂഹത്തിനോ ഭൂമി അലോട്ടുചെയ്തിട്ടില്ല.

ബസ്സ്റൂട്ടുകൾ

* ൭൨൭. (൧൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ—

(എ) എൻ ൭ എ-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിന്റെ പുതിയ ബസ്സ റൂട്ടുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റൂട്ടുകൾ ഏതെല്ലാം സ്ഥലങ്ങളിൽ ആയിരിക്കും;

(സി) പുതിയ റൂട്ടുകൾ പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതു് ഏതെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) എയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവററ സർവ്വീസു ഓടിക്കൊണ്ടിരിക്കുന്നതിനാവാം എല്ലാ റൂട്ടുകളിലും സ്റ്റേററ് ട്രാൻസ്പോർട്ട് സർവ്വീസു ആവശ്യപ്പെട്ടിട്ടുണ്ട്.

ஸ்ரீ. ஆர். கே. ராம்: பிரைவேட் பஸ்கள் ஓடும் ரூட்களில் ஏதாவது காரியங்களில் competition அனுமதிக்கப்பட்டிருக்கிறதா?

ശ്രീ. ടി. കെ. നാരായണപിള്ള: കാമ്പററീഷൻ ഉണ്ട്. നാഷനലൈസ് ചെയ്യപ്പെട്ട ഇല്ലാത്ത സ്ഥലത്തു മിക്കവാറും കാമ്പററീഷൻ ഉണ്ട്.

ஸ்ரீ. ஆர். கே. ராம்: அதற்கெல்லாம் stay order போட்டிருக்கிறது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. ടി. കെ. നാരായണപിള്ള: സ്റ്റേ ആർഡർ പലതിലും ഉണ്ട്.

നൂൽവിതരണം

* ൭൨൮. (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

പുതിയ നൂൽകൺട്രോൾ ഏർപ്പെടുത്തിയതിനുശേഷം ൨൮-൧-൧൯൫൭-ന് മുമ്പ് ചെറിയഴീക്കലും, പുത്തൻതുറയും മത്സ്യവ്യവസായികൾക്ക് എത്ര പ്രാവശ്യം നൂൽവിതരണം നടത്തി; അതേ താലൂക്കിലുള്ള നീണ്ടകര, കരിത്തുറ എന്നീ സ്ഥലങ്ങളിലുള്ളവർക്ക് എത്ര പ്രാവശ്യം വിതരണം നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

൨൮—൧—൧൯൫൭-ന് മുൻപ് ചെറിയഴീക്കലും, പുത്തൻതുറയും രണ്ടു പ്രാവശ്യവും നീണ്ടകരയും, കരിത്തുറയും ഒരു പ്രാവശ്യവും നൂൽവിതരണം നടത്തിയിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഒരു പ്രാവശ്യം എന്നു പറഞ്ഞതു് ഏതു് തീയതിയിലാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഫെബ്രുവരി മാസത്തിലാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഞാൻ ചോദിച്ചിരിക്കുന്നതു് ൧൯൫൭ ജനവരി ൨൮-ാംതീയതിയിലേതാണ്. അതിന് മുൻപ് കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് മുൻപും കൊടുത്തിട്ടുണ്ട്. ഡിസംബറിലും ജാനുവരിയിലും കൊടുത്തിട്ടുണ്ട്.

പരീക്ഷച്ചെലവ് കുടിശിഖ

* ൭൨൯. (൧൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൬ മാർച്ചിലെ ഇ. എസ്സ്. എൽ. സി. പരീക്ഷ നടത്തിയ വകയിൽ ഏതെല്ലാം സെൻററുകളിലെ ചെലവുകൾ ഇനിയും കൊടുത്തുതീർക്കാതെ കിടപ്പുണ്ട്;

(ബി) അടുത്ത വർഷത്തെ പരീക്ഷയ്ക്കു് സമയമായിട്ടും അതു് കൊടുത്തുതീർക്കാതെ കിടക്കുന്നതു് എന്തുകൊണ്ടാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഒരു സെൻററിലേയും ചെലവു് ഇനിയും കൊടുക്കാനില്ല.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്നാണു് ഈ തുക കൊടുത്തതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി എൻെറ കൈവശം ഇല്ല. കൊടുത്തുതീർത്തിട്ടുണ്ടു്.

ഫീസ്സു് സൗജന്യം

* ൭൨൦. (൬൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിമുക്തഭടന്മാരുടെ കുട്ടികൾക്കു് ഫീസ്സു് സൗജന്യം നല്കുന്ന വകയിൽ ഏതെല്ലാം കൊല്ലങ്ങളിലെ തുകകൾ ഗവമ്മെണ്ടിൽനിന്നും കൊടുത്തുതീർക്കാതെ കിടപ്പുണ്ടു്;

(ബി) ഏതെല്ലാം സ്കൂളുകളിലേക്കാണു് ഇനിയും കൊടുക്കാനുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൪—൨൫ സ്കൂൾവർഷത്തെ തുക ബില്ലു് അയച്ചുതന്നിട്ടില്ലാത്തതുകൊണ്ടു് ഏതാനും സ്കൂളുകൾക്കും ബാക്കിയുള്ളതു് എല്ലാ സ്കൂളുകൾക്കും കൊടുത്തുതീർക്കുവാനുണ്ടു്.

(ബി) ൧൧൨൬—൨൭ സ്കൂൾ വർഷത്തിലെ തുക എല്ലാ സ്കൂളുകൾക്കും കൊടുക്കാനുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ തുക കൊടുക്കുവാൻ ഇത്ര താമസം വന്നതെന്താണു്?

ശ്രീ. സി. കേശവൻ: അവർ ബില്ലു് അയയ്ക്കാത്തതുകൊണ്ടായിരിക്കണം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഈ താമസം പരിഹരിക്കുവാൻ ഗവമ്മെണ്ടിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ?

ശ്രീ. സി. കേശവൻ: ബില്ലു് അയച്ചു് ക്രമപ്രകാരം പണം കൊടുക്കുകയല്ലാതെ മററു ഒരു മാർഗ്ഗവും സാദ്ധ്യമല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇങ്ങനെ താമസം വരുന്നതുകൊണ്ടു് കുട്ടികൾ വിഷമിക്കുന്നുണ്ടെന്നും ഇതു സംബന്ധിച്ചു് പല പരാതികൾ ഉണ്ടായിട്ടുണ്ടെന്നും ഗവമ്മെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: ചില പരാതികൾ ഉണ്ടായിട്ടുണ്ടു്. കഴിയുന്നതും വേഗത്തിൽ ഈ തുക കൊടുത്തുതീർക്കുവാൻ ഗവമ്മെൻറു് ശ്രദ്ധിക്കുന്നുമുണ്ടു്.

TEXT BOOK SELECTION COMMITTEE

*731. [14] **Sri. Paul Thaliath :** Will the Hon'ble Minister for Education be pleased to state —

(*a*) whether any T. A. or D. A. or remuneration was paid to the Text Book Selection Committee or Board;

(*b*) if so, the amount paid under each item respectively ;

(*c*) the names of the members of the Board or Committee who are members of the Legislature also ; and

(*d*) the amount received by each of them who are members of the Legislature ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Rs. 124 under travelling allowance, including Rs. 6 under daily allowance.

(*c*) Sri. C. Narayana Pillai, Trivandrum and Sri. Joseph Mundasserry, Professor of Malayalam, St. Thomas College, Trichur.

(*d*) Sri. C. Narayana Pillai was paid Rs. 124.

ശ്രീ. എം. ഐ. പാൾ: ഈ കമ്മിററിയിലെ അംഗങ്ങൾ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ ൧൯൧-ൽ പെടുന്നവർ ആണോ എന്ന് പറയാമോ?

ശ്രീ. ടി കെ. നാരായണപിള്ള: നിയമപ്രകാരം അതു് എങ്ങനെ വരുമെന്നു ഇപ്പോൾ പറയാൻ വിചാരിക്കുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ൧൨൪ രൂപാ എന്ന് പറഞ്ഞതു് ആകമാനം ഈ ജോലി ചെയ്തതിന്റെ വേതനമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

MISAPPROPRIATION AND FALSIFICATION OF ACCOUNTS

*732 [15] **Sri. Paul Thaliath :** Will the Hon'ble Minister for Public Works be pleased to state :—

(*a*) whether any instances of defalcation, misappropriation and falsification of accounts have been detected in the Public Works Department ;

(*b*) if so, the names of the parties concerned with amounts etc., involved in each case ; and

(*c*) the nature of the action taken in each case ?

Chief Minister **(Sri. C. Kesavan) :**

(*a*) Yes. The following cases have been brought to the notice of Government so far.

(*b* & *c*) 1. S. Chellappan Nayar, Gate Clerk, P. W. D. Workshops.

2. G. Raghavan Nair, Maistry, P. W. D. Workshops, have been dismissed from service with effect from 9—9—1949. Since they were involved in pilfering sawn pieces of timber scantlings from the workshops at different times.

3. P. D. Chacko, Maistry in charge of Kanjirapalli-Erattupetta road. Suspended for unauthorised cutting of avenue trees.

4. P. C. Idiculla former Head Clerk, Mavelikara Sub Division—Kept under suspension pending enquiry against him for misappropriation and other irregularities.

5. M. Ramaswamy Ayyar, Head Clerk, Water Works Superintendent's Office. A sum of S. Rs. 75—3—0 has been misappropriated by him and S Rs. 6—14—0 will have to be refunded while settling the liabilities. He is under suspension.

6. P. R. Raghavan Nair—dismissed from service for false mustering and making irregular payment to the N. M. R. Coolies.

ശ്രീ. പാറം തളിയത്തു്: ആനമല റോഡു് പണിയെസംബന്ധിച്ചു് എന്തെങ്കിലും പണാപഹരണം നടന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: അതെപ്പററി പ്രത്യേകം ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: പണം അപഹരിച്ചുകഴിഞ്ഞു് എത്രകാലം കഴിഞ്ഞാണു് ഗവമ്മെണ്ടു് അറിയുന്നതു്?

Mr. Speaker: The member can put a separate question on the matter.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏററവും കൂടുതൽ കാലതാമസം വന്നിട്ടുള്ളതിനെപ്പററിയാണു് ഞാൻ ചോദിച്ചതു്.

ശ്രീ. സി. കേശവൻ: എൻ ർ ൻ-ലെ കാര്യമാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എൻ ർ ൻ-ലെ കുററം കണ്ടുപിടിച്ചതു് എന്നാണു്?

Sri. C. Kesavan: I claim notice.

വിദ്യുച്ഛക്തി വിതരണം

* ൭൩൩. (ഫ ൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തിവിതരണം നടത്തണമെന്നു ഗവമ്മെൻറിനു് ഉദ്ദേശമുണ്ടോ;

(ബി) വിദ്യുച്ഛക്തിക്കായി കുന്നത്തുനാട്ടു് താലൂക്കിൽ എത്ര ഗ്രാമങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്; അതിനു് എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) കഴിയുന്നിടത്തോളം ഗ്രാമപ്രദേശങ്ങൾ വൈദ്യുതീകരിക്കണമെന്നാണു് ഗവമ്മെൻറിൻെറ ആഗ്രഹം.

(ബി) പതിനാലു് പ്രദേശങ്ങൾ. മിക്കവയെപ്പററിയും അന്വേഷണങ്ങൾ നടത്തുകയും എസ്റ്റിമേററുകൾ അനുവദിക്കയോ, തയാറാക്കുകയോ ചെയ്യുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പോൾ തളിയത്തു്: ഈ പതിനാലു് പ്രദേശങ്ങൾ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: പറയാം.

1. Manickamangalam
2. Manjapra
3. Sammanad
4. Thrikkakara
5. Kothakulangara
6. Vazhakulam North
7. Asamannur
8. Iringolkara
9. Vallom & Chelamattom
10. Panamkuzhi & Vengoor
11. Ankamali
12. Kalady
13. Puthen Cruz
14. Alwaye

ക്ലപ്പുലേലം

*൧൩൪. (൧ വ്യ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സംസ്ഥാനത്തെ റിസർവുകളിലുള്ള തടിക്ലപ്പുകൾ ലേലം വിളിച്ചു കൊടുക്കുന്നതു് സംബന്ധിച്ചു് എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനു് എന്തു ചെയ്തു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല. ക്രമക്കേടുകൾ ഉള്ളതായി ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നു ഈ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാൻറ കൊടുക്കാത്ത സ്കൂളുകൾ

*൧൩൫. (൧ൻ) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ മാനേജുമെണ്ടു് സ്കൂളുകളിൽ ഗ്രാൻറ കൊടുക്കാത്ത ക്ലാസ്സുകൾ എത്ര;

(ബി) ഏതെങ്കിലും ഒരു കാലാവധി വച്ചാണോ ഗ്രാൻറ കൊടുക്കാതിരിക്കുന്നതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ. & ബി.) ൧൯൫൫-ാമാണ്ടുവരെ ആരംഭിച്ചിട്ടുള്ള ക്ലാസുകൾക്കെ ഗ്രാൻറു് അനുവദിച്ചിട്ടുള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: അപ്പോൾ പുതിയതായി ആരംഭിച്ചിട്ടുള്ള സ്കൂളുകൾക്കു് ഗ്രാൻറ കൊടുക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രാൻറു് കൊടുക്കുകയില്ലാ എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഈ സ്കൂളുകൾ ആരംഭിച്ചതു ഗവമ്മെൻറു് അനുവാദപ്രകാരമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ. ഫണ്ടിന്റെ അഭാവംകൊണ്ടാണു് ഗ്രാൻറു് കൊടുക്കാതിരുന്നിട്ടുള്ളതു്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ൧൯൫൫-നു് മുമ്പുള്ള ഗ്രാൻറു് കൊടുത്തിട്ടുണ്ടെന്നാണോ അനുമാനിക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അനുമാനിക്കുന്നതിൽ തെററില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ൧൯൫൫-നു മുമ്പുള്ള ഗ്രാൻറ കൊടുക്കാത്ത സ്കൂളുകൾ ഇനിയും ഉണ്ടെന്നു അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറിനു അങ്ങനെ അറിവാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഗ്രാൻറ കൊടുക്കാതിരിക്കുന്ന സ്കൂളുകൾക്ക് എന്നു ഗ്രാൻറ് കൊടുക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: അടുത്ത ബഡ്ജററ് വർഷത്തിൽ കൊടുക്കണമെന്നാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നതു്.

Point of Order re. Resignation of Ministry

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், ஒரு பாயின்ட் ஆப் ஆர்டர். இப் பட்ஜெட்டை இங்கு introduce செய்வதற்கு முன்னர், ஸ்ரீமான் டி.கெ. நாராயணபிள்ளை அவர்களின் மந்திரி சபை ராஜி வைத்தவுடன் இன்னொரு மந்திரி சபை வரும்வரை இங்கு பட்ஜெட் சம்மேளனம் நடக்கக்கூடாதென்று ஸ்பீக்கர் அவர்கள் அதை ஒத்திவைத்தீர்கள். அதே போல் இன்று மலையாளராஜ்யம் சப்ளிமென்டில் இன்று ஸ്ரீ. ஸி. கேசவன் அவர்கள் தலைமை தாங்கும் மந்திரி சபை இன்று காலை 9 மணிக்கு ராஜி வைத்ததாகக் காணப்படுகிறது.

"ശ്രീ. സി. കേശവൻ മന്ത്രിസഭ ഇന്നു രാവിലെ ൯-൧൦-ന് രാജിവച്ചിരിക്കുന്നു. ഇന്നു രാവിലെ ൧൧-൩൦-ന് കൻേറാൺമെൻറ ഹൌസിൽവെച്ചു കൂടിയ കാൺഗ്രസ്സ് പാർലിമെൻററി പാർട്ടിയോഗത്തിൽവെച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ശ്രീ. മോഹൻലാൽ ഈ രാജിവാർത്ത പുറപ്പെടുവിക്കുകയുണ്ടായി. ഇന്നു വൈകുന്നേരം ൭-൩൦-ന് കൂടുന്ന പാർട്ടിയോഗത്തിൽവെച്ചു പുതിയ ലീഡർ തിരഞ്ഞെടുപ്പു നടക്കുന്നതാണ്. വീണ്ടും ശ്രീ. സി. കേശവനെ തന്നെ പാർട്ടി ലീഡറായി തെരഞ്ഞെടുക്കുമെന്നു് വിശ്വാസയോഗ്യമായി അറിയുന്നു"

மற்ற வார்த்தைகள் எனக்கு வாசிக்கத் தெரியவில்லை. அதனால் இது சம்பந்தமாக ஸ்பீக்கர் அவர்களின் ஒரு தீர்மானத்தை நான் எதிர்பார்க்கிறேன்.

Mr. Speaker: From the extract that has been read by the hon'ble Member I find that the basis on which the information has been asked for is faulty. Resignation, is to be submitted to the Rajpramukh. It is not to be made to the Cantonment House. We have nothing to do with parties. We are only concerned with the Ministers and the Ministry. The point of order is based on incorrect information. If I am authentically informed that the Ministry has submitted its resignation to the Rajapramukh that certainly is a matter that may be gone into.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ. കൻേറാൺമെൻറ് ഹൌസിൽവെച്ച് ആണ് മന്ത്രിസഭ രാജിവെച്ചതു് എന്നല്ലാ പറഞ്ഞതു്. അവിടെവച്ച് മന്ത്രിസഭ രാജിവെച്ചുവെന്നുള്ള വിവരം അറിഞ്ഞു എന്നാണ് പറഞ്ഞതു്.

Mr. Speaker: No explanation on the subject is necessary.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, അവിടെവച്ചു രാജിവെച്ചുവെന്നുള്ള വിവരം മി. ഗൌതമനെ അറിയിച്ചുവെന്നാണ് പറഞ്ഞതു്. പത്രത്തിൽ ഈ കാര്യം പരസ്യം ചെയ്തിട്ടും ഉണ്ടു്.

Mr. Speaker: Has the Member got any reliable information that the Ministry has resigned other than the newspaper report?

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, മന്ത്രിസഭ രാജിവെച്ചു എന്നു് മലയാളരാജ്യത്തിൽ കണ്ടതുകൊണ്ടാണ് ഞാൻ അതു വിശ്വസിക്കുന്നതു്. അതല്ലെങ്കിൽ ഞാൻ വിശ്വസിക്കയില്ലായിരുന്നു. ഏതായാലും, മന്ത്രിമാരോട് ഈ കാര്യം ചോദിച്ചാൽ കൊള്ളാം.

ശ്രീ. സി. കേശവൻ: ഈ മന്ത്രിസഭ രാജിവെച്ചു എന്ന് പത്രങ്ങളിൽ കാണുന്ന പ്രസ്താവനയ്ക്കു് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: സർ, അദ്ദേഹം എന്താണ് പറഞ്ഞതെന്നു ഞാൻ കേട്ടില്ല.

ശ്രീ. സി. കേശവൻ: മന്ത്രിസഭ രാജി വെച്ചിട്ടില്ലായെന്ന്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: സർ, അതു് വെറും കള്ളമാണ്.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. മന്ത്രിസഭ രാജിവെച്ചിട്ടില്ലെങ്കിൽ ലീഡർ സ്ഥാനം രാജിവെച്ചോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയമാണിതു്. വിസ്തരിച്ചുള്ള വാദപ്രതിവാദങ്ങൾ ഇപ്പോൾ അനുവദിക്കാൻ നിവൃത്തിയില്ല.

Sri. T. Kochukrishna Pillai: Sir, I rise to a point of order. When a point of order has already been raised can a second point of order raised afterwards be given priority?

Mr. Speaker: When such a situation arises it will be duly considered.

ശ്രീ. മന്നത്തുപത്മനാഭൻ: സർ, ഈ മന്ത്രിസഭ രാജിവെച്ചു എന്നും പ്രധാനമന്ത്രി ലീഡർസ്ഥാനം രാജിവെച്ചുവെന്നും ആണ് ഞാൻ വിശ്വസിക്കുന്നതു്. ആ നിലയ്ക്കു് ഇന്നത്തെ സഭാ നടപടികളിൽ ഇവർക്ക് മന്ത്രിമാരായി തുടരുവാൻ അവകാശമുണ്ടോ?

മിസ്റ്റർ സ്പീക്കർ: രാജിവെച്ചതിനുശേഷം മന്ത്രിമാരായി തുടരുവാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. രാജിവെച്ചതായി പത്രത്തിൽ കണ്ട വാർത്ത ശരിയാണൊ അല്ലയൊ എന്നുള്ളതാണ് പ്രശ്നം. അതു ശരിയല്ലെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചു കഴിഞ്ഞു.

ശ്രീ. എം. ഐ. പാഠം: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. മന്ത്രിസഭ രാജിവെച്ചോ ഇല്ലയൊ എന്ന പ്രശ്നത്തെപ്പററി ഒരു പായിൻറ് ഓഫ് ഓർഡർ ഉന്നയിക്കുകയും അതിനു സമാധാനം പറയുകയും ചെയ്തു. വീണ്ടും ആ പ്രശ്നത്തെപ്പററി ചോദ്യം ചോദിക്കുന്നതു് അനുവദിക്കത്തക്കതാണോ?.

മിസ്റ്റർ സ്പീക്കർ: ഇതു ഒരു പോയിൻറ് ഓഫ് ഓർഡർ ആയി ഗണിക്കാൻ നിവൃത്തിയില്ല.

മരാമത്തു ജോലികൾ

* ൭൩൩. (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) വിദ്യാഭ്യാസഡയറക്ടർക്ക് മരാമത്തുവക ചുമതലകൾ നോക്കി തീർച്ചപ്പെടുത്തുന്നതിന് അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു ക്ലിപ്ത സംഖ്യയുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: വിദ്യാഭ്യാസ ഡയറക്ടർക്ക് എത്ര രൂപവരെ അനുവദിക്കാനുള്ള അധികാരമുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൧,൬൦൦ രൂപവരെ എസ്റ്റിമേററം പ്രകാരം ബില്ല് പാസ്സാക്കുന്നതിനുള്ള അധികാരമുണ്ട്.

EXPRESS BUSES

*737. [21] **Sri. Eapen Arakkal:** Will the Hon'ble Minister for Public Works and Communications be pleased to state are express (transport) buses entitled to any special preference to the use of Landing Craft at the ferry at Aroor?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

Preference to the express buses without holding up other vehicles is arranged.

Sri. Eapen Arakkal: Are the Government aware that express buses are held up for more than an hour some times?

Sri. T. K. Narayana Pillai: Sometimes it may occur.

Sri. Eapen Arakkal: When a passenger books a ticket for the express bus so as to reach a place at a particular lime, is there not an implied contract on the part of the Government to extend facilities of the landing craft at the ferry?

Sri. T. K. Narayana Pillai: There is an implied contract in respect of the private buses also.

Sri. Eapen Arakkal: Are the Government aware that at the ferry these express buses are liable to be held up for a very long time?

Sri. T. K. Narayana Pillai: It may occur occasionally.

Sri. Eapen Arakkal: Will the Government be pleased to give preference to express buses?

(No answer).

Mr. Speaker: Next question.

ACCIDENT

*738. [22] **Sri. Eapen Arakkal:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) whether any enquiry has been conducted with respect to the recent boat accident in Vembanad lake when several lives were lost by the boat going on fire;

(*b* who conducted the enquiry; has any report been submitted;

(*c*) what are the findings in the report; and

(*d*) has any action been taken in the matter?

Chief Minister **(Sri. C. Kesavan):**

(*a*) & (*b*) An enquiry is being conducted by the District Magistrate, Quilon. His report has not been received.

(c) & (*d*) Do not arise.

Sri. Eapen Arakkal: Was it brought to the notice of the Government that the breaking out of the fire was due to the careless handling of the boat?

Sri. C. Kesavan: I am not sure. The enquiry is proceeding.

Sri. Eapen Arakkal: May I know the date on which the officer was appointed to enquire into the matter?

Sri. C. Kesavan: I cannot say the exact date. It was about a month ago. About thirty witnesses have been examined. The enquiry is still proceeding.

SUPPLY OF ELECTRICITY

*739. [23] **Sri. Eapen Arakkal:** Will the Hon'ble Minister for Public Works be pleased to state,—

(*a*) whether in the year 1950 any new places have been supplied with electricity;

(*b*) if so what are those places; and

(*c*) is it true that by the end of 1953 the Government will be in a position to supply electricity to all localities that have applied for the extension of electricity so far?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) A list is laid on the table.

(*c*) Yes, if sufficient funds, material, etc., are available.

ശ്രീ. ഈപ്പൻ അറക്കൽ: എലക്ട്രിസിററി ഉപയോഗിക്കുന്നവർക്ക് മേലാൽ ചുരുങ്ങിയ തോതിൽ മാത്രമെ ഉപയോഗിക്കാവൂ എന്ന് ഗവമ്മെണ്ടിൽനിന്നും വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടുണ്ട്. തുലാവർഷം ശരിയായിട്ടില്ലാത്തതുകൊണ്ടും പെരിയാററിൽ പ്രതീക്ഷിച്ചതുപോലെ വെള്ളം ഇല്ലാത്തതിനാലും ഉപഭോക്താക്കളോട് എലക്ട്രിസിററി കുറഞ്ഞ തോതിൽ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറക്കൽ: സർ, ഒരു പഞ്ചവത്സരപദ്ധതിയനുസരിച്ചോ ദശവത്സര പദ്ധതിയനുസരിച്ചോ എലക്ട്രിസിററി നാട്ടിലാകെ വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും സ്കീം ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. സി. കേശവൻ: നാട്ടിലെല്ലാം എലക്ട്രിസിററി വിതരണം ചെയ്യണമെന്നുള്ളതിലേക്ക് ഒരു സ്കീം ഗവമ്മെണ്ടിനുണ്ട്. പക്ഷെ ഇതുവരെ അതു പരസ്യപ്പെടുത്തിയിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ: ഈ വർഷം അവസാനിക്കുന്നതിനു മുമ്പ് രാജ്യത്ത് മിക്കവാറും അധികം സ്ഥലങ്ങളിലും എലക്ട്രിസിററി നടപ്പാക്കാൻ വല്ല സാദ്ധ്യതയും ഉണ്ടോ?

ശ്രീ. സി. കേശവൻ: ഞാൻ ഈ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സാമ്പത്തികമായ കഴിവും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും അനുസരിച്ചായിരിക്കും അതിന്റെ വികസനം.

Statement laid in the table in answer to Part (b) of Question No. 739 (23)

Kumaraicoil, Thalakulam, Manguzhi, Suchindram, Theroor, Thirupathisaram, Mayyanad, Avanavancherri, Cape Comorin, Bheemanagari, Kulasekharam, Manavalakurichi, Pulikeezh, Cheppad, Nangiarkulangara, Puramattom, Kozhencherry, Adoor, Aranmula, Pandalam, Arattupuzha, Thankassery, Manjummel, Mulakunnathukavu, Pudur, Eruthempathy, Murkanikara, Cherur, Anapuzha, Kurumali.

Colachel Harbour Site

740 [24] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ் குறிப்பிடும் வினாக்களுக்கு கனம் மராமத்து போக்குவரவு மந்திரி அவர்கள் விடை பகர்வார்களாக:

(a) குளச்சல் துறைமுகப் பிரதேசத்தில் வீடு கட்டிக்கொடுக்க எத்தனை ஏக்கர் நிலத்தை அரசாங்கம் உத்தேசித்திருக்கிறது?

(b) மேற்படி பிரதேசத்தில் எத்தனை வீடுகள் தற்போது இருக்கின்றன?

Chief Minister **(Sri. C. Kesavan):** Answer is not ready.

വിദ്യാഭ്യാസപദ്ധതി

* ൧൪൧. (൨൭) ശ്രീ. എം. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏതെല്ലാം സ്വകാര്യ മാനേജുമെൻറിലുള്ള സെക്കണ്ടറി സ്കൂൾ മാനേജർമാർ ഫീസുകളക്ഷനിലെ ൮ ൦ ശതമാനം ഗവമ്മെൻറിലേക്കു കൊടുക്കുവാൻ ബാക്കിയുണ്ട്;

(ബി) അങ്ങനെയുള്ളവരുടെ പേരിൽ എന്തു നടപടി എടുത്തുവരുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഏതാനും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും മാനേജുമെൻറിലുള്ള ചില സ്കൂളുകളിൽ ഫീസ് കളക്ഷൻെറ ൮ ൦ ശതമാനം ഗവമ്മെൻറിലേക്കു കൊടുക്കാൻ ബാക്കിയുണ്ട്. ഏതെല്ലാം സ്കൂളുകളാണെന്ന് വിവരം ശേഖരിച്ചു വരുന്നു.

(ബി) എല്ലാ സ്കൂളുകളും പുതിയ പദ്ധതി സ്വീകരിക്കമെന്നു കരുതുന്നതു കൊണ്ട് അവരുടെ പേരിൽ നടപടി എടുക്കുന്ന കാര്യം ഗവമ്മെൻറ് ആലോചിക്കാനിടയായിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ഇതേവരെയുള്ള അനുഭവംകൊണ്ട് ഗവമ്മെൻറിൻെറ പുതിയ പദ്ധതി സ്വീകരിക്കാത്തവർ ഉണ്ടെന്ന് ഇതേവരെ മനസ്സിലായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറേ സ്കൂളുകൾ ഇതുവരെ അംഗീകരിച്ചിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: അവരുടെ പേരിൽ നടപടി എടുക്കേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററിയാണ് ഇവിടെ പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: പുതിയ സ്കീമിനെ സ്വകാര്യ മാനേജുമെൻറുകളിൽ വല്ലവരും എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില വിഭാഗക്കാർ എതിർത്തിട്ടുള്ളതായി അറിയാം.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ചില പ്രത്യേക വിഭാഗക്കാർ എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യത്തിൻെറ വ്യാപ്തി മനസ്സിലായില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ഈ രാജ്യത്തെ വിദ്യാഭ്യാസവിഷയത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്ന ക്രിസ്ത്യൻ സമുദായം ഈ പദ്ധതിയെ എതിർത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ക്രിസ്ത്യാനികളിൽ എല്ലാവരും എതിർത്തിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്. സർ, ഇങ്ങനെ എതിർത്തിട്ടില്ലെന്നു പറയുന്നതിൽ വല്ല കഴമ്പും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴമ്പിൻെറ കാര്യം എനിക്കറിഞ്ഞുകൂടാ.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒത്തുതീർപ്പിനു് ശ്രമിക്കുമ്പോഴേ അതറിയുവാൻ സാധിക്കയുള്ളു.

Sri. D. Gnanasigamoni: May I know whether the scheme is compulsory?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പൽസറി ആക്കുന്നതിനെപ്പററി തീരുമാനിച്ചിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ കാര്യം സംബന്ധിച്ചു് പണ്ഡിതനായ ശ്രീ. ഐ. സി. ചാക്കോയുടെ ലേഖനങ്ങൾ ഗവമ്മെന്റ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ഗവമ്മെന്റു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: രാജ്യത്തെ ഒരു നല്ല വിഭാഗം ജനങ്ങൾ എതിർക്കുന്ന ഒരു കാര്യം ഗവമ്മെന്റ നടപ്പിലാക്കാമോ?

Mr. Speaker: It is a matter of opinion.

ശ്രീ. എ. താണുപിള്ള: സർ, എല്ലാ സ്കൂളുകളും ഈ പദ്ധതി സ്വീകരിക്കണമെന്ന ഉദ്ദേശത്തിലാണോ ഇതു് നടപ്പിൽ വരുത്തിയതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാ സ്കൂളുകളും അംഗീകരിക്കുമെന്നാണു് ഗവമ്മെന്റിന്റെ വിശ്വാസം.

ശ്രീ. എ. താണുപിള്ള: അംഗീകരിക്കണമെന്നുള്ള അടിസ്ഥാനത്തിൽ ആണോ കൊണ്ടുവന്നതു് എന്നാണു് എന്റെ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള: അംഗീകരിക്കുമെന്നുതന്നെയാണു് ഗവമ്മെണ്ടിന്റെ വിശ്വാസം.

ശ്രീ. എ. താണുപിള്ള: സർ, ഞാൻ അതല്ല ചോദിച്ചതു്. ഉത്തരം പറയാൻ മനസ്സുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഗവമ്മെന്റിന്റെ വിശ്വാസത്തെപ്പററിയല്ലാ ഞാൻ ചോദിക്കുന്നതു്. ഇതു നടപ്പാക്കുമ്പോൾ എല്ലാവരും അംഗീകരിക്കണമെന്നുള്ള വിചാരത്തിലാണോ അതോ ഇഷ്ടമുള്ളവർ മാത്രം സ്വീകരിച്ചാൽ മതി എന്നുള്ള വിചാരത്തിലാണോ കൊണ്ടുവന്നതു് എന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാവരും സ്വീകരിക്കണമെന്നാണു്.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ ഇതു് അംഗീകരിക്കാത്ത സ്കൂളുകളുടെ മേൽ എന്തു നടപടിയാണു് നടത്താനുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് ആരെങ്കിലും സ്വീകരിക്കാതിരിക്കുമെന്നുള്ള നിശ്ചയത്തിൽ ഗവമ്മെന്റു് ഇനിയും എത്തിച്ചേന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: അതു് നിശ്ചയിക്കാൻ ഇനി എത്ര കാലം വേണ്ടിവരും?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: എത്ര വർഷത്തിനകം ഇതു് നടപ്പിൽ വരുത്തണമെന്നാണു് ഗവമ്മെന്റിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: കാലാവധിയെപ്പററി പറയുവാൻ നിവൃത്തിയില്ല.

Mr. Speaker: No discussion can be allowed. Facts may be ascertained.

Sri. D. Gnanasigamoni: May I know whether there is any similar scheme anywhere in India?

Sri. T. K. Narayana Pillai: The hon'ble Member himself can make enquiries.

ആലുവാ ബസ്സ്സ്റ്റാൻറ്

* ൧൪൨. (൨൬) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മാരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ ബസ്സ്സ്റ്റാൻറിൽനിന്നും ദിവസംതോറും ഓരോ സ്ഥലത്തേക്കു പോകുന്നതും വരുന്നതുമായ ബസ്സുകൾ എത്ര;

(ബി) ആലുവായിൽ ബസ്സ്സ്റ്റാൻറ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ, എന്നത്തേക്ക്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ടുമെൻറൽ ബസ്സുകൾ ൨൫. പ്രൈവററ് ബസ്സുകൾ ൩൫

(ബി) ബസ്സ്സ്റ്റാൻറ് ഉണ്ട്. വാടകസ്ഥലത്താണ്. ഡിപ്പാർട്ടുമെൻറ് വകയായിക്കൂടി ബസ്സ്സ്റ്റാൻറ് ഉണ്ടാക്കുന്ന പദ്ധതി ഡിപ്പാർട്ടുമെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ഏതു സ്ഥലത്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം സൗകര്യമായിട്ട് കിട്ടാത്തതുകൊണ്ടാണ് ഉണ്ടാക്കാത്തത്. ആലുവായിൽ സർവ്വെ ൨൦൧/൫ എയിൽ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. സി എം. മേത്തർ: ഈ സ്ഥലം റെയിൽവേ സ്റ്റേഷനടുത്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെന്നാണ് തോന്നുന്നത്.

ബസ്സ് ടിക്കററുകൾ

* ൧൪൩. (൨൧) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബസ്സുകളിൽ യാത്രക്കാർക്കു ടിക്കററു കൊടുക്കുന്ന സമ്പ്രദായം എങ്ങനെ;

(ബി) യാത്രക്കാർ ബസ്സിൽ കയറിയിരുന്നശേഷം കൊടുക്കുന്നതോ, കാലേക്കൂട്ടി ബുക്കിംഗ് ആഫീസിൽനിന്നും കൊടുക്കുന്നതോ സാധാരണ പതിവ്;

(സി) ആലുവാ സ്റ്റാൻറിൽ ഏതു സമ്പ്രദായമാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) യാത്രക്കാർ ബസ്സിൽ കയറിയതിനുശേഷവും അതിനുമുമ്പും ടിക്കററുകൊടുക്കുക സാധാരണയാണ്. കാലേക്കൂട്ടി ബുക്കിങ് ആവശ്യപ്പെടുമ്പോൾ കൊടുക്കാറുണ്ട്.

(ബി) രണ്ടു സമ്പ്രദായവും സ്വീകരിച്ചു വരുന്നുണ്ടു്.
(സി) രണ്ടു സമ്പ്രദായവും.

ടി. ബി-യും റസ്റ്റ്ഹൗസും

* ൭൪൪. (൨൮) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറ്റിലുള്ള ടി. ബി., റസ്റ്റ്ഹൗസ് മുതലായതിന്റെ മാനേജ്മെന്റുകൾ ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്കൊ, സ്ഥാപനങ്ങൾക്കോ വിട്ടുകൊടുക്കുന്നതിനു് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ആവശ്യമെന്തു്; ആർക്കാണു കൊടുക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ആലോചിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: അതിലേക്കായി ആരെങ്കിലും ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവൺമെന്റുവക ഗസ്റ്റ് ഹൗസുകളിൽ കേറ്ററിംഗിന്റെ ആവശ്യത്തിനുവേണ്ടി ഡിക്രൂസ് എന്നൊരാൾ അപേക്ഷിച്ചിട്ടുണ്ടു്. അദ്ദേഹം വലിയതുറയിലുള്ള ആളാണു്. അതിനെപ്പററി ഇതുവരെ ഒന്നും തീരുമാനിച്ചിട്ടില്ല.

BRIDGE AT MUDAKKUZHA THODU

***745. (29) Sri. M. Varki:** Will the Hon'ble Minister for Communications be pleased to state:—

(*a*) whether the P. W. Committee (Kunnathunad taluk) had advised the department for the general improvement of two miles of road and the construction of an wooden bridge at Mudakkuzha Thodu in the Keezhillum-Kurichilacodu road under departmental maintenance;

(*b*) whether the department has prepared any estimate for the above work; and

(*c*) whether the estimate has been sanctioned and if not why not?

Chief Minister **(Sri. C. Kesavan):**

(*a*) Yes.
(*b*) Yes.
(*c*) An estimate has been sanctioned.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഈ റോഡ് ഇത്ര മോശമായി കിടക്കാൻ കാരണമെന്താണു്?

ശ്രീ. സി. കേശവൻ: ശരിയായി മെയിൻറനൻസ് നടത്താത്തതുകൊണ്ടായിരിക്കണം.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഡിപ്പാർട്ടുമെന്റിന്റെ അശ്രദ്ധകൊണ്ടാണോ ഇങ്ങനെ വന്നതു്?

ശ്രീ. സി. കേശവൻ: അശ്രദ്ധകൊണ്ടുമായിരിക്കാം, ചിലപ്പോൾ മെയിൻറനൻസ് ചെയ്യത്തക്കവണ്ണം അവിടെ ട്രാഫിക്ക് ഇല്ലാത്തതുകൊണ്ടുമായിരിക്കാം.

Sri. P. Balakrishnan Tampi: This being a starred question and in view of the importance of the discussion, will the Government issue a press note about this?

Mr. Speaker: That is a suggestion for action.

LOOP ROAD AT KURUPPAMPADI

*746. [30] **Sri. M. Varki:** Will the Hon'ble Minister for Communications be pleased to state.—

(*a*) whether the loop road at Kuruppampadi in Kunnathunad taluk is poramboke road;

(*b*) what stands in the way of the P.W. Department to take up the maintenance of the above named road; and

(*c*) whether any representation has been received by the Chief Engineer regarding the maintenance of the road and if so, what action has been taken?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) People of the locality have not completed the preliminary works on the road according to the Ryots Road rules;

(c) Yes; necessary enquiries were made and action taken to influence people to surrender the required land.

കുറഞ്ഞ ശമ്പളം

* ൭൪൭ (൩൧) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പൊതുമരാമത്തുവകുപ്പിലെ വാച്ചേഴ്സ്, ലാസ്കേഴ്സ് മുതലായ രാത്രിയും പകലും ഡ്യൂട്ടിയുള്ള താഴ്ന്ന ജീവനക്കാർക്ക് മററു ഡിപ്പാർട്ടുമെൻറുകളിലെപ്പോലെ ഏററവും കുറഞ്ഞ ശമ്പളം ൨൦ രൂപാ ഇനിയും അനുവദിക്കാതിരിക്കുന്നതിനു കാരണമെന്താണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇത് ഗവമ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. വി. ഗംഗാധരൻനായർ: പി. ഡബ്ളിയു. ഡി. ജോലിക്കാരുടെ കുറഞ്ഞ കൂലി എന്താണ്?

ശ്രീ. സി. കേശവൻ: അതു ചോദിച്ചിട്ടില്ല; ഏതായാലും അവിടത്തെ പെർമനൻറ് എസ്റ്റാബ്ളിഷ്മെൻറുകാരുടെ കുറഞ്ഞ ശമ്പളം ൨൦ രൂപായാണെന്നറിയാം.

ശ്രീ. വി. ഗംഗാധരൻനായർ: ഒരു ദിവസം ൨൪ ചക്രത്തിനുമേൽ അവക്കു കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അതിനെക്കുറിച്ചന്വേഷിക്കാം

പഞ്ചസാര

* ൭൪൮ (൩൨) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ്സുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഒക്ടോബർ, നവമ്പർ, ഡിസമ്പർ എന്നീ മാസങ്ങളിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു പുറമേനിന്നു എത്ര ടൺ പഞ്ചസാര ഇവിടെ ലഭിച്ചിട്ടുണ്ട്;

(ബി) തിരുവല്ലായിലുള്ള പമ്പാറിവർ ഷുഗർ ഫാക്ടറിയിൽ പ്രസ്തുത മാസങ്ങളിൽ എത്ര ടൺ പഞ്ചസാര നിർമ്മിച്ചു; അതിൽ ഏതെങ്കിലും അംശം പുറത്തോട്ടു അയച്ചിട്ടുണ്ടോ;

(സി) തിരുവിതാംകൂർ-കൊച്ചിയിൽ വിതരണത്തിന് എത്ര ടൺ പഞ്ചസാരയാണ് പ്രതിവർഷം ആവശ്യമുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒക്ടോബർ മാസത്തിൽ ൧൩൦൦ ടൺ. നവമ്പറിൽ ൫൨൮ ടൺ. ഡിസമ്പറിൽ ൨൪൭ ടൺ. ആകെ ൨൦൭൫ ടൺ.

(ബി) ഒക്ടോബറിൽ ൧൦൩൩ ടൺ. നവമ്പറിൽ ൧൨൩൩ ടൺ. ഡിസമ്പറിൽ ൧൨൬൮ ടൺ. ആകെ ൩൫൩൪ ടൺ. യാതൊന്നും പുറത്തേയ്ക്കയച്ചിട്ടില്ല.

(സി) ഉദ്ദേശം ൧൩൦൦൦ ടൺ.

റോഡുകൾ

*൭൪൯. (൩൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തലതാലൂക്കിൽ വെട്ടിത്തീർന്നിട്ടുള്ള പുതെല്ലാം റോഡുകൾ, കലുങ്കുകളും പാലങ്ങളും ഇല്ലാത്തതുമൂലം വാഹനങ്ങൾക്കും മററും ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നുണ്ട്; ഈ ഓരോ റോഡും വെട്ടിയിട്ട എത്ര കൊല്ലമായി;

(ബി) ൧൯൫൧-ൽ ഇവയിൽ ഏതെങ്കിലും റോഡുകൾ ഗതാഗതയോഗ്യമാകത്തക്കവിധം ജോലിതീക്കവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ; ഏതെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഒരു വിവരപ്പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) പട്ടികയിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

Statement placed on the table vide Answer to part (a) of Question No. 749 (33)

Sl. No.	Name of road	Year after completion	Remarks
1	Sherthalai Thanneer-mukhom road		Amount allotted for reconstruction of the Kattachira bridge is being utilised for repairs to Karikaichal bridge and for providing a junghar service at Kattachira
2	Road from Arthungal to Mararikulam	5	
3	Road from T. D. temple to Ezhupunna	5	
4	Extension of Chenganda Kalikulam road	5	
5	Road from 12/1 A. A. road to 3/2 Thanneermukhom Mohamma road	5	Construction of Chathenchira. Bridge provided in the budget for 51—52
6	Road across Vayalar	5	
7	Road from 15/7 A. A. road to Saktheswaram temple and its extension	9	The 25′ span bridge over 16th mile canal is nearing completion
8	Road from 10/7 A. A. road to Thanneermukhom Mohamma road		Work in progress

മരാമത്തുജോലികൾ

*൭൫൦. (൩൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മരാമത്തുവകുപ്പിൽ ഓരോ പണികൾക്ക എസ്റ്റിമേററും, റിവൈസ്ഡ് എസ്റ്റിമേററും അധികാരപ്പെട്ടവർ അയച്ചുകഴിഞ്ഞാൽ ജോലി നടത്താൻ സാങ്ഷൻ കൊടുക്കുന്നതു് ഇത്ര നാളിനകം വേണമെന്നുള്ള വല്ല നിബന്ധനയും ഉണ്ടോ;

(ബി) ആലപ്പുഴ—ചേർത്തല റോഡു ൧൦-ാംമൈൽ ൧-ാംഫർലാംഗിൽ നിന്നും തണ്ണീർമുക്കം—മുഹമ്മ റോഡിലേക്ക നാലഞ്ചുകൊല്ലത്തിനുമുൻപു വെട്ടിയ റോഡു്, ചെറുതരം ഒന്നോ രണ്ടോ പാലങ്ങളും രണ്ടുമൂന്നു കലുങ്കുകളും ഉണ്ടാക്കി ഗതാഗതയോഗ്യമാക്കാനും മററുമായി റിവൈസ്ഡ് എസ്റ്റിമേററ ചേർത്തല സെക്ഷനിൽനിന്നും അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്; സാങ്ഷൻ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ഉണ്ടു്. ൧൧൨൬ അക്ടോബർ ൨ ൧-ാംതിയതി; ഇല്ലെങ്കിൽ എന്നുള്ള കാര്യം ഉദിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ: ഫെയർ വേജസ് ക്ലാക്കന്മാരെ നിശ്ചയിക്കുന്നതിനു പ്രയാസമുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെ നിശ്ചയിച്ചിട്ടില്ല. എങ്കിലും ആ ആവശ്യം നടക്കുന്നുണ്ടു്.

ശ്രീ. വി. ഗംഗാധരൻനായർ: ഇൻഡ്യാഗവൺമെൻറിൽ ഫെയർ വേജസ് ക്ലാക്കന്മാരുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ലെന്നാണു് തോന്നുന്നതു്.

BUSES PURCHASED

***751.** [35] ‡**Sri. Paul Thaliath**: Will the Hon'ble Minister for State Transport be pleased to state.—

(*a*) whether new buses were purchased in 1950 for the use of the State Transport;

(*b*) if so, whether they were purchased with the approval of the Stores Purchase Committee;

(*c*) the number purchased under different makes and the price paid for each;

(*d*) whether any commission has been paid and if so the rate in each case;

(*e*) the names of the parties who have received the commission with the amount paid to each?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**:

(*a*) Yes.

(*b*) No. The purchase was made after obtaining the approval of the Transport Board.

(*c*) 70 Ford V8 194" wheel base Rs. 11,129—14—0 each 40 Austin Diesel 180" wheel base Rs. 20,982—8—0.

(*d*) No.

(*e*) Does not arise in view of the answer to part (*d*).

‡Answer to this question laid on the table the questioner having exhausted his quota.

HARBOURS

***752.** [36]‡ **Sri. Srea V. Das:** Will the Hon'ble Minister for Communications be pleased to answer the following questions.—

(*a*) how many of the harbours in Travancore-Cochin State are under the direct administration of the Union Government; which are they;

(*b*) apart from them, which others are having harbour facilities;

(*c*) have the Government prepared any scheme for improving the above small ports;

(*d*) if so, have the Union Government approved it;

(*e*) have the Government received any grant or loan from the Union Government for improving small ports;

(*f*) are there posibilities for improving small ports at Leepuram, Colachel and Vizhinjam;

(*g*) if there are, what steps have the Government taken so far regarding that?

Chief Minister **(Sri. C. Kesavan):**

(*a*) The Port of Cochin only.

(*b*) 1. Alleppey
2. Quilon
3. Trivandrum
4. Colachel
5. Koilthottam
6. Munambam
7. Manakudy
8. Kovalam and
9. Rajakkamangalam

(*c*) Government have already sanctioned the construction of a new pier at Valiathurai, Trivandrum. Government are also considering the question of improving the Alleppey Pier. There are no schemes for the improvement of the other ports.

(*d*) The administration of minor ports is vested with the State Government. The question of approval by the Union Government does not, therefore, arise.

(*e*) No.

(*f*) and (*g*). The possibilities of developing small ports at Leepuram and Colachel have to be investigated. As regards Vizhinjam, there are posibilities for a major port with all-weather berths and dry-docks. But in view of the reconstruction of the Valiathura Pier, there does not appear to be any necessity for a port at Vizhinjam.

SOIL ANALYSIS

***753.** [37] **Sri. N. P. Verghese:** Will the Hon'ble Minister for Education be pleased to state whether there is any arrangement in the University Research Department or Agricultural Department for soil analysis of the various types of soil in the State?

Chief Minister **[Sri. C. Kesavan]:** Yes.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: സയിൻറിഫിക്ക് റിസർച്ചിന് സായിൽ അനാലിസിസ് ആവശ്യമുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: അതിൻെറ റിസൾട്ട് പബ്ളിഷ് ചെയ്തിട്ടുണ്ടോ?

‡The Member being absent, the question was put by Sri. R. K. Ram, with the permission of the Chair.

ശ്രീ. സി. കേശവൻ: അനാലിസിസ്സിന്റെ റിസൽട്ട് കംപ്ലീറ്റായിട്ടുണ്ട്. റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. താമസിയാതെ പബ്ളിഷ് ചെയ്യും.

Mr. Speaker: Question time is over.

Written answers

PALAI—RAMANGALAM BUS SERVICE

*754. [38] **Sri. N. P. Verghese:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether Government is in receipt of representations from the people to sanction a bus service from Palai to Ramangalam via Koothattukulam;

(*b*) is it a fact that applications from bus owners for the Palai-Ramangalam bus route has been pending for more than a year with Government?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

SWAMPY AREAS IN FORESTS

*755. [39] **Sri. N. P. Verghese:** Will the Hon'ble Minister for Forests be pleased to state.—

(*a*) the total extent of the swampy areas in the Reserved Forest fit for paddy cultivation;

(*b*) have Government conducted any survey of such areas?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 3800 acres.

(*b*) A survey of about 1670 acres of occupied swamps has been conducted.

DRINKING WATER

*756. [41] **Sri. A. P. Udayabhanu:** Will the Hon'ble Minister for Public Works be pleased to state.—

whether any representation has been received by him regarding the use of canoes fitted with water tanks for the distribution of drinking water in coastal areas?

Chief Minister **(Sri. C. Kesavan):**

Yes.

PUBLIC LIBRARY

*757. [42] **Sri. N. V. Chacko :** Will the Hon'ble Minister for Education be pleased to state :—

(*a*) how many new books were added to the Public Library at Ernakulam during 1950-51 and 1124 ;

(*b*) whether there is any provision for adding any new books to the Library at Ernakulam during 1950-51 ;

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) 243 books.

(*b*) Yes ; from the usual annual grant sanctioned to the Institution.

PUBLIC LIBRARY

*758. [43] **Sri. N. V. Chacko :** Will the Hon'ble Minister for Education be pleased to state what amount is set apart or intended to be set apart for purchasing new books in the Trivandrum Public Library?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** About Rs. 7,500 has been set apart for the purchase of books in the year 1950-51 in the Trivandrum Public Library.

CHITRALAYAM

***759.** [44] **Sri. N. V. Chacko:** Will the Hon'ble Minister for Education be pleased to state :—

(*a*) the number of pictures in the Chitralayam, Trivandrum ;

(*b*) their approximate value.

Minister for Education, Food and Labour **(Sri. T.K. Narayana Pillai):**

(*a*) 514. Of these 115 are presentations and 62 are taken on permanent loan.

(*b*) Value of the paintings purchased is Rs. 40,673. Value of the other items has not been calculated.

BOOKS

***760.** [46] **Sri. V. K. Verghese:** Will the Hon'ble Minister for Education be pleased to state :—

(*a*) whether any books written by one Carrington and published by the Educational Supplies, Trivandrum have been approved for use in the schools ;

(*b*) whether two non-detailed readers written by one Helen Walker have been prescribed for use in schools ;

(*c*) are there such authors as Carrington and Helen Walker ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

(*c*) Carrington is a pseudonym. The publishers have not stated that Helen Walker is a false name.

UNSTARRED QUESTIONS AND ANSWERS

QUILON-SHENCOTTAH ROAD

63. [1] **Sri. K. Ramachandran:** Will the Hon'ble Minister for Public Works and Communications be pleased to state.—

whether Government would consider the question of concreting that portion of the Quilon-Shencottah Road from the Kottarakara Railway Station point to Pulamon junction ?

Chief Minister **(Sri. C. Kesavan):** Government have already decided to provide shelcrete carpet to 2 miles westward from Pulamon junction and work has commenced. This programme is proposed to be continued.

സബ്ഡിവിഷൻ ആഫീസർ

൬൪. (൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ ലിഫ്റ്റ് ഇറിഗേഷൻ സബ്ഡിവിഷൻ ആഫീസർ ശ്രീ. കെ. ഐ. കോശിയെപ്പററി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആരോപണങ്ങൾ എന്തു്; അതിന് എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണു്. അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യത്തിനു് ഹാനികരമായിരിക്കും.

ഇരുമ്പും ഉരുക്കും

൬൫. (൪) സാഹിബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇരുമ്പ്, ഉരുക്ക് എന്നീ സാധനങ്ങൾക്ക തൃശ്ശൂർ ഡിസ്ട്രിക്ടിൽ നിന്നും എത്ര അപേക്ഷകൾ ഇതുവരെ കിട്ടിയിട്ടുണ്ട്;

(ബി) എത്രയെണ്ണം അനുവദിച്ചു, എത്ര നിരസിച്ചു;

(സി) വല്ല അപേക്ഷകളും തീർച്ചപ്പെടുത്താനുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൧ ഫെബ്രുവരി ൨൮-ാം൹ വരെ ൨൭൩ അപേക്ഷകളും കിട്ടിയിട്ടുണ്ട്.

(ബി) ൧൪൨ എണ്ണം അനുവദിച്ചു, ൨൯ എണ്ണം നിരസിച്ചു.

(സി) ഉണ്ട്.

(ഡി) ൩൨.

ELECTRIC LIGHTS

66. [6] **Sri. Ambrose:** Will the Hon'ble Minister for Public Works be pleased to answer the following questions.—

(*a*) did the Government take any action on the petition submitted on 21st October 1949 for providing electric lights in the area where fishing labourers reside in Cape Comorin ? If no action has been taken, when do they propose to take action;

(*b*) was a reminder letter sent to the above petition on 3rd January 1951 what action has been taken on that?

Chief Minister **(Sri. C. Kesavan):**

(*a*) & (*b*) Necessary investigation has been conducted and the question of taking up the work next year, subject to availability of funds and materials is under the consideration of Government.

Adjournment motion regarding alleged incident at Perur

Mr. Speaker: I have received an adjournment motion sent in by Sri. A. K. Patchu Pillai relating to, "I move to adjourn the business of the House to discuss a matter of urgent public importance, *viz.*, the grave situation that has arisen as a result of the wanton attack by the Reserved Police on innocent people at Perur near Ettumanur, on the early morning of the 18th March 1951 causing serious injuries to many."

This is a matter which could have been brought to the immediate notice of the Government. Anyway the Police Demand is the next item that is going to engage the attention of the House. This matter can well be raised during that discussion. I do not therefore propose to admit this as an adjournment motion now.

Now we proceed to Demand No. IX.

Sri. A. K. Patchu Pillai: Sir, on a point of information. Before proceeding, may I know whether the Hon'ble Speaker will be pleased to ask the Minister concerned to say whether the facts reported are true and if he has got any information in his possession about this matter.

Mr. Speaker. No, all that can be had during the budget discussion.

VOTING OF DEMANDS FOR GRANTS

Demand IX—Heads of States, Ministers and Head-quarters Staff

Chief Minister **(Sri. C. Kesavan):** I move for a grant of Rs. 22,55,600 under Head IX—Heads of States, Ministers and Head-quarters staff.

Minister for Education, Food and Labour **(Sri. T. K. Narayana Pillai** : Sir, I second it.

Mr. Speaker: We will proceed to cut motions on, " 25-A—President, Heads of States, Cabinet and Ministers (c) Government Hospitality Organisation".

There are five cut motions on this matter. They need not all be moved separately. Mr. Velayudhan Nair may move his cut motion and the other hon'ble Members who have sent in similar motions may speak.

Sri. Kalathil Velayudhan Nair: Sir, I move : "To reduce the allotment of Rs. 3,58,600 for Government Hospitality Organisation by Re. 1".

ഗസ്ററ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെപ്പററി പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്: Maintenance of State cars എന്ന ഇനത്തിൽ ൬൦,൦൦൦ രൂപയും catering and other charges എന്ന ഇനത്തിൽ ൬൬,൦൦൦ രൂപയും കൊള്ളിച്ചുകാണുന്നു. സ്റ്റേററുകാറുകളെ സംബന്ധിച്ചു ഗവമെൻറ് അനുവർത്തിച്ചുവരുന്ന നയം സാധാരണ വാടകക്കു കൊടുക്കുന്ന കാർ കൂടുതൽ വാടക കൊടുത്തു എടുത്തു ഉപയോഗിക്കുക എന്നുള്ളതാണ്.

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇപ്പോൾ അങ്ങനെ ഒരു ഏർപ്പാടില്ല.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ:</u> അങ്ങനെയൊരു ഏർപ്പാടു ഉണ്ടെങ്കിലും ഇല്ലെങ്കിലും മെയിൻറനൻസ് ഓഫ് കാഴ്സ് എന്ന ഇനത്തിൽ ഇത്രയും രൂപാ ഉൾപ്പെടുത്തിയിരിക്കുന്നതു ശരിയല്ലെന്നാണ് എൻെറ അഭിപ്രായം. ഇതുസംബന്ധിച്ചു വളരെ അഴിമതികൾ ഗസ്ററ ഡിപ്പാർട്ടുമെൻറിൽ നടക്കുന്നതായിട്ടാണ് എൻെറ അറിവു്. മന്ത്രിമന്ദിരങ്ങളിൽ നടക്കുന്ന ക്യാററിങ്ങുകൂടി ഗസ്ററ ഡിപ്പാർട്ടുമെൻറിൻെറ ക്യാററിങ്ങിൽ ഉൾപ്പെടുത്തുന്നു എന്നാണ് ഞാൻ അറിയുന്നതു്. അതു ശരിയാണെങ്കിൽ—

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> അതു തെററാണ്. മന്ത്രിമാർതന്നെയാണ് അങ്ങനെയുള്ളതിനു പണം ചിലവാക്കുന്നതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ:</u> അങ്ങനെയാണെങ്കിൽ ഇത്ര വലിയ ഭീമമായ ഒരു തുക ഈ വിഷയത്തിലേക്കു ചിലവാക്കേണ്ട യാതൊരു ആവശ്യവുമില്ല. ൬൬,൦൦൦ രൂപാ ചിലവാകത്തക്ക തരത്തിൽ അതിഥികൾ വെളിയിൽനിന്നും വരുന്നുമില്ല, അത്രയും രൂപാ ചിലവാകുന്നുമില്ല. ഇവിടെ സ്റ്റേററ ഗസ്റ്റായി ആളുകളെ എന്തടിസ്ഥാനത്തിലാണ് സ്വീകരിക്കുന്നതെന്നുള്ളതു് വളരെ വിചിത്രമായ ഒരു കാര്യമാണ്. സ്റ്റേററ ഗസ്ററ ആയി സ്വീകരിക്കേണ്ട പലരേയും അങ്ങനെ സ്വീകരിക്കാതിരിക്കുകയും മേൽവിലാസമില്ലാത്ത പലരേയും സ്വീകരിക്കുകയും ചെയ്യുന്ന ഒരു നയം ഇവിടെ നടപ്പിലുള്ളതായി അറിയുന്നു. ഏതെങ്കിലും പ്രത്യേക താല്പര്യമുള്ള ആളുകൾ ഇവിടം സന്ദർശിക്കുമ്പോൾ അവരെ സ്റ്റേററ ഗസ്റ്റായി സ്വീകരിച്ചു അതിനുള്ള ചിലവു പൊതു മുതലിൽനിന്നും ചെയ്യാൻ പാടില്ല. രാജ്യത്തിനു് അതിഥിയായി സ്വീകരിക്കേണ്ട ആളുകളെ മാത്രമേ സ്റ്റേററ ഗസ്റ്റായി സ്വീകരിക്കാൻ പാടുള്ളു. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇപ്പോൾ ഈ വകക്കു കൊള്ളിച്ചിട്ടുള്ള രൂപായുടെ ആവശ്യം വരികയി

[Sri. Kalathil Velayudhan Nair]
ല്ലെന്നുള്ളതു് തർക്കമററ ഒരു സംഗതിയാണു്. പൊതുമുതൽ ഈ ഡിപ്പാർട്ടുമെൻറു മുഖേന ദുരുപയോഗപ്പെടുത്തുന്നു എന്നുള്ള കാര്യം ഗവണ്മെൻറു മുമ്പാകെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi: Sir, I wish to speak a word on this.

Sir, I am of the view that it would be against our interests to reduce the expenditure on this. It would be unwise for this House to lay down any general principle regarding entertainment of guests. It would be as bad as to regulate the admission of guests in private houses. Government, being a big organisation, has a personal side to it, and my hon'ble friend Sri. Velayudhan Nayar went wrong in believing that entertaining a guest may mean any particular distinction to the man. I think it would not be in public interests even to discuss this matter. We remember the classic instance during Earl Winterton's time when Benjamin Diserali was the Prime Minister of England, and he went on drinking and dancing late into the night and the Suez Canal Deed was done by the British Diplomats abroad. I do not mean that the Travancore-Cochin Cabinet has any such ambitious diplomatic dealings. But I think the reputation of this land has been such in the matter of hospitality and it would not redound to the credit of these two States, now merged into one, that have for long been famous as lands of charity, and hospitality, to deny a rupee or two. In the matter of guest houses, in the matter of amenities to the travelling public, as well as, hospitality to strangers, this land has been famous and I do not think that a lakh of rupees is too big a figure for the Travancore-Cochin State for this purpose. And I do not think it would be wise for this House to lay down any general principle to bind the Government in the choise of their guests. Guests come and are entertained as and when they come. Therefore, the belief that it is in view of a Rao Bahadur or a Dewan Bahadur of an old order that people are entertained as guests, is not correct. In any international or inter-statal gathering for political and other reasons, guests will have to be entertained and every modern state does so. It is therefore unwise to oppose the provision under this item which is highly essenial in any civilized state.

Mr. Speaker: Is Mr. Krishnan Sastri moving the cut motion standing in his name?

Sri. P. K. Krishnan Sastri: Sir, I move "To reduce Re. 1 from the allotment of Rs. 8,400 for Pay of Chief Minister".

സർ, മുഖ്യമന്ത്രിയുടെ ശമ്പളത്തിനായി കൊള്ളിച്ചിരിക്കുന്ന ൮,൪൦൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപമാണു് ഞാൻ അവതരിപ്പിക്കുന്നതു്. സർ, ജനായത്ത ഭരണം നിലവിലിരിക്കുന്ന ഏതു രാജ്യത്തും ഭരണം നടത്തുന്ന മുഖ്യമന്ത്രിയും സഹമന്ത്രിമാരും രാജ്യത്തിൻെറ ക്ഷേമത്തിനുതകത്തക്കവണ്ണം ഭരണം നടത്തേണ്ടതാണു്. ഒരു രാജ്യത്തിൻെറ പൊതുക്ഷേമത്തിനുവേണ്ടി ഭരണം നടത്തേണ്ടതു് അവരുടെ കടമയാണെന്നു പ്രത്യേകം പറയേണ്ടയാവശ്യമില്ല. ഇന്നു ഈ സ്റ്റേററിൽ ജനായത്തഭരണം നിലവിൽ വന്നിട്ടു ൩ വർഷം കഴിഞ്ഞു. അതിനിടയിൽ ഇവിടെ ൩ മന്ത്രിസഭാമാററങ്ങളും ഉണ്ടായി. ഇതു് രാജ്യത്തിൻെറ പൊതുക്ഷേമത്തിനു വിഘ്നം വരുത്തുന്ന ഒന്നാണെന്നു പ്രത്യേകം ഓർക്കേണ്ട ഒന്നാണു്. ഈ മന്ത്രിസഭാമാററങ്ങളെപ്പററി ആലോചിക്കുന്ന അവസരങ്ങളിൽ ഒരു സംഗതി പ്രത്യേകം മനസ്സിലാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ മന്ത്രിസഭ ചിലവർഗ്ഗക്കാർക്കുമാത്രം ഒരു കുത്തകയാണെന്നു മനസ്സിലാക്കുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല.

സർ, ഇൻഡ്യൻ ഭരണഘടന അനുസരിച്ചു ഭരണം നടത്തുന്ന ഈ അവസരത്തിൽ അവിടത്തെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഭരണം നടത്തുമ്പോൾ ഭരണഘടന വായിച്ചുനോക്കുകയാണെങ്കിൽ രാജ്യത്തെ ന്യൂനപക്ഷ സമുദായക്കാർക്ക് സംരക്ഷണവ്യവസ്ഥ അനുവദിച്ചിട്ടുണ്ടെന്നു കാണുന്നുണ്ട്. എന്നാൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം മന്ത്രിമാരെ നിയമിക്കുന്ന കാര്യത്തിൽ അവരുടെ കാര്യം അന്വേഷിക്കുന്നതിനു യാതൊരു താല്പര്യവും പ്രദർശിപ്പിച്ചിട്ടില്ലെന്നു പറയുന്നതു് അതിശയോക്തിപരമല്ല. തിരുവിതാംകൂറിൽ ആദ്യത്തെ മന്ത്രിസഭ നിലവിൽ വന്ന അവസരത്തിൽ ഇവിടെ ഹരിജനങ്ങളിൽനിന്നും ഒരു മന്ത്രിയെക്കൂടി നിയമിക്കണമെന്നാവശ്യപ്പെടുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പത്തുപന്ത്രണ്ടു ലക്ഷം ഹരിജനങ്ങൾ ഉള്ളവരിൽനിന്നും അവരുടെ ഒരു പ്രതിനിധിയായി ഒരാളെ മന്ത്രിസഭയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞതായ അവസരത്തിൽ ഈ നിയമസഭയിലെ ഒരു വ്യക്തിതന്നെ അഭിപ്രായപ്പെടുകയുണ്ടായി അങ്ങിനെ ഒരു മന്ത്രിയെക്കൂടി എടുക്കത്തക്കവിധം ഇവിടത്തെ മന്ത്രിസഭ അത്രയ്ക്കു അധഃപ്പതിച്ചുപോയോ എന്നു്. ഇത്തരത്തിലുള്ള മനസ്ഥിതിയോടുകൂടിയ ആളുകളാണ് ഇവിടെ മന്ത്രിമാരെ സൃഷ്ടിക്കുകയും അവരെ പറഞ്ഞയക്കുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നതു്. ഇതു് ജനായത്തഭരണ തത്വത്തിനു പര്യാപ്തമായ ഒന്നല്ല.

സർ, ഈ മന്ത്രിസഭയ്ക്കു മുമ്പു തിരുവിതാംകൂർ-കൊച്ചി സംയോജനമുണ്ടായി. അന്നു ഏഴു മന്ത്രിമാരാണ് ഭരണം നടത്തിയിരുന്നതു്. പിന്നീടഞ്ചായി. ഇപ്പോൾ മൂന്നു മന്ത്രിമാരായി. ഈ അവസരത്തിൽ ഹരിജനങ്ങളിൽനിന്നും ഒരാളെക്കൂടി മന്ത്രിസഭയിൽ എടുക്കണമോ വേണ്ടയോ എന്നുള്ള ആലോചനയ്ക്കുപോലും സന്മനസ്സു അധികാരത്തിലിരിക്കുന്ന പാർട്ടികളിൽപോലും ഉണ്ടായിട്ടില്ല എന്നുള്ളതു് നാം ഓർക്കേണ്ടതാണ്. ഇതു് ഇൻഡ്യൻ ഭരണഘടന തത്വം അനുസരിച്ചുഭരണം നടത്തുന്ന തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിന് അനുയോജ്യമാണോ എന്നുള്ളതു് ഇന്നത്തെ പ്രധാനമന്ത്രി അവർകൾ ആലോചിക്കണമെന്നു ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇന്നു ഭരണകക്ഷിയിൽപ്പെട്ടവരും ഭരണം നടത്തുന്നവരും രാജ്യത്തുള്ള എല്ലാ ജനങ്ങളുടേയും സമുദായക്കാരുടേയും നന്മയ്ക്കുവേണ്ടി ഭരണം നടത്തുമ്പോൾ ഈ കാര്യങ്ങൾ കൂടി ഗൗനിക്കേണ്ടതു് ഭരണകക്ഷിയുടെ ചുമതലയാണ്.

ഇന്നു പലവിധത്തിലും കമ്മററികളും ബോർഡുകളും ഇവിടെ ഭരണസൗകര്യത്തിലേയ്ക്കായി രൂപീകരിച്ചിട്ടുണ്ട്. അങ്ങിനെയുള്ള കമ്മിററികളിലും ബോർഡുകളിലും ഈ രാജ്യത്തെ പാവപ്പെട്ട സമുദായങ്ങളിലെ പ്രതിനിധികളെ ന്യായമായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നാണെനിക്കു ചോദിക്കുവാനുള്ളതു്. ഇവിടെ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷനുണ്ട്, റവന്യൂബോർഡുണ്ട്. ഇങ്ങനെ ഭരണം നടത്തുന്നതിലേയ്ക്കു ഉത്തരവാദപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ ചില പ്രത്യേക സമുദായക്കാർക്കു ഉദ്യോഗങ്ങൾ നല്കുന്നതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നു. ഇന്നു പബ്ലിക്ക് സർവ്വീസ് കമ്മീഷനാണെങ്കിൽ; അതു ഉണ്ടാക്കിയിരിക്കുന്നതു് ചില പ്രത്യേക ഉദ്ദേശത്തോടുകൂടിയാണെന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്. അതുപോലെതന്നെ റവന്യൂബോർഡും. ഇതെല്ലാം ചില പ്രത്യേക ഉദ്ദേശങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ഇതു കൂടാതെ ഒരു ലാൻറ് പാളിസി കമ്മിററി രൂപീകരിച്ചു ഈ കമ്മിററിയിൽ എത്ര ഭൂമിയില്ലാത്തവരുടെ പ്രതിനിധികളെ എടുത്തിട്ടുണ്ട് എന്നു നോക്കേണ്ടതാണ്. അങ്ങിനെ അവശസമുദായക്കാരെപ്പററി ഇന്നത്തെ ഗവൺമെൻറിന് ചിന്തിക്കുവാൻ കൂടി അവരുടെ സാഹചര്യങ്ങൾ അനുവദിക്കയില്ല.

[Sri. P. K. Krishnan Sastri]

അതുപോലെതന്നെ രാജ്യത്തിന്റെ സർവ്വപ്രധാനമായ ഒരു കമ്മിറ്റിയായിരുന്ന ഡിലിമിറ്റേഷൻ കമ്മിറ്റിയിൽ പിന്നോക്ക സമുദായക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിൽ എന്തുകൊണ്ട് വിസമ്മതിച്ചു.

മിസ്റ്റർ സ്പീക്കർ: മന്ത്രിസഭയെ പരാമർശിച്ചു മാത്രമേ സംസാരിക്കാൻ പാടുള്ളൂ.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അതുകൊണ്ടെനിക്കു പറയാനുള്ളതു്, മന്ത്രിസഭ രൂപീകരിക്കുമ്പോൾ ഇൻഡ്യൻ ഭരണഘടനയിലെ തത്വങ്ങളെ മുൻനിറുത്തിക്കൊണ്ട് പ്രവർത്തിക്കേണ്ടതു് ഏറ്റവും ആവശ്യമാണെന്നാണ്. തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിനെ അപേക്ഷിച്ചു മറ്റേതു സംസ്ഥാനത്തും ഹരിജനങ്ങൾക്കും പിന്നാക്കസമുദായ പ്രതിനിധികൾക്കും പ്രാതിനിധ്യം അനുവദിക്കുന്നുണ്ട്. അതായതു് മദ്രാസിലും കേന്ദ്രഗവൺമെന്റിലും ഹരിജനങ്ങളുടെ പ്രതിനിധികൾ മന്ത്രിസഭകളിൽ ഉണ്ട്. തിരുവിതാംകൂർ-കൊച്ചിയിൽ ഒരു മന്ത്രി ഉണ്ടായിരിക്കണമെന്നുള്ളതു് അധികാരസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുന്ന കക്ഷിയിൽപ്പെട്ടവർക്കും തോന്നിയിട്ടില്ല. അതേറ്റവും നിർഭാഗ്യകരമാണ്. അതു പരിഹരിക്കേണ്ടതാവശ്യമാണെന്നുള്ളതു് മുഖ്യമന്ത്രി അവർകളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Sri. P. S. Nataraja Pillai: Sir, I move: "To reduce the allotment of Rs. 55,100 for Pay of Officers by Rs. 22,040".

Sir, I do realize the gravity and seriousness of the motion which I am making. Personally, I feel, so, Sir. It is an accepted fact that when parliamentary institutions function and when ministers are responsible to the House, a motion for reducing their demand for their emoluments is virtually a want of confidence in the Ministry. I do realize it and having realized it, I was forced by the circumstances that exist in this country to-day, to sponsor the motion here. But this morning, when I came to the House, I felt that a sense of unreality prevails over the proceedings here to-day to approach this motion with any amount of seriousness.

Sir, I do not want to go beyond the published or admitted facts to discuss this motion; the admitted facts are before us. The leadership of the party that is in power today has changed. What that means in constitutional practice can be understood by any student, even a beginner, in politics. I leave it at that. But more serious questions arise. We in Travancore, were fortunate enough unlike other parts of India to have a Legislature on adult franchise and under the new written constitution we were given the right to work a parliamentary government here. Sir, it is in the interests of future generations of this country, in the interests of the prosperity of our people that we lay down traditions and practices which are in consonance with the best traditions of parliamentary government.

Sri. P. Balakrishnan Tampi: May I ask the hon'ble Member.

Sri. P. S. Nataraja Pillai: I am not yielding. Unfortunately, it is a real tragedy that persons who claim to be students of constitutional practice and parliamentary government and for members who pride themselves of their long record of legislative work to speak and act in such a way as to disregard every canon of parliamentary practice and propriety. Are they true to their professions, I ask. Do they believe in parliamentary practice? But they say they will function in a House where the ordinary parliamentary practice is set at naught and will abet that crime. Sir, we have a Ministry, and now in this budget a provision is made for five ministers, a kind of phantom

Sri. P. Balakrishnan Tampi: I rise to a point of order. Is it in order for a gentleman who crossed the floor without resigning, to talk about canons of parliamentary practice?

Sri. P. S. Nataraja Pillai: It is a reflection on me personally. But I have perfect liberty and the right to do so. I can quote instances when there have been crossing of floors, of incidents on particular public issues, and I think Mr. Tampi will be kind enough—I don't want to use any other word—to remember at least the facts and face facts in their proper perspective and not to be carried away by an illusory notion of things.

We have a Ministry formed here—a Ministry which will expand as they wish and which will contract as they wish. The same party is continuing in office—the party is in power but ministries change of and on without any new happenings in the country. They—the party managers—so adjust the things so as to make the Ministry a playground for groupings and personalities. Sir, as far as our past experience goes, during the last two and a half years, we had a Ministry consisting of nine members, which then contracted to three. At one period, it was seven or five. I think my memory is correct.

Sri. T. K. Narayana Pillai: Originally it was nine. It was reduced to five.

Sri. P. S. Nataraja Pillai: Yes. It began with nine and declined to three. Now, the Ministry is in the process of addition and, if I may say so, in the process of subtraction too. Even at the present moment the Ministry is undergoning a process of addition or subtraction. That is what we find now. Every now and anon, they go on expanding or they go on contracting. In these circumstances they have taken a hypothetical figure of five for the Budget. Who fixed this, number? They have made a provision for five ministers. My object in drawins the attention of the House to this fact is that as far as our policies are concerned, and good government of the country is concerned, we cannot now have a good government nor a definite policy for being steadily pursued. We cannot have a programme of work unless thers is an administration which is capable of translating the policies laid down into action. Without that, when the Council of Ministers changes and do things so as to please individuals or to satisfy the aspirations of groups, that will not be in the interest of the country or of Government. The occurrence of big changes that we very often see within the party in power, is one of the unfortunate incidents that lead this country to what I should say, mis-Government and demoralization. Sir, the party in power has degenerated to such an extent as to be too prominent to ignore. The leaders of the party on the Congress benches are openly alleged to be corrupt. Immediately after the Ministry resigned, repeated efforts were made from this side of the House to get at the real cause for the resignation. But up to this day, even after the lapse of 3 or 4 weeks, their position still is as mysterious as it was at the beginning. No reason is assigned for their resignation. But there is the open fact, the clear fact of corruption in the Ministry, alleged by a member of the party in power. There is a charge on the Ministers that they are corrupt. Such charge was repeated in this House by hon'ble Members of this House itself. It is not an isolated instance. Sometime ago we heard of purchases of condemned motor cars at unsual prices by a Minister. Then we heard of the text book scandal. At one time or another, some Minister or other becomes the butt-end of attack by particular members of this House. All that shows that the party has become demoralised. Corruption is at a premium in this State if I may say so. Not only that. Canons of good Government are thrown to the winds by the Ministry. During a bye-election that took place, it appears the Ministry set at

[Sri. P. S. Nataraja Pillai]

naught the freedom of the judiciary and enlarged on bail one of the accused in a Criminal case. That fact was asserted by the candidate himeslf in his own paper. That is how free elections were conducted in this country. I ask, where is then freedom for the individual. I ask, is this freedom of the subject in this free country? If this is what is meant by freedom, God save us from it.

A word about the retirement of officers and also their appointments as the Ministry liked. A charge was made on Government by Mr. Balakrishnan Tampi himself in this matter. He stated that there must be some principle in sending away officers on retirement. According to the logic I am capable of, that charge casts a reflection on the Ministry. Reasons that led to the retirement of certain officers were not published. The fact of the matter is retirements were effected to satisfy the whim of some people and appointments were made to satisfy others. In the same way, we also find the charge of nepotism and favouritism. There is a lack of human touch in the policy pursued by the Ministry. I would like to refer once again to the unjustified illegal interference in the bye-elections that took place a few months back. The action of the Ministry in this matter cut at the root of democracy. No Ministry can be tolerated which convicts that crime. In this connection I would refer to one other topic. The other day, the Chief Minister stated in this House that this Government had entered into an agreement with the Government of India to appoint officers in this State with their prior sanction.

Sri. C. Kesavan: The fact has been distorted. I said that in making certain appointments approval of Government of India is required.

Sri. P. S. Nataraja Pillai: Sir, I may read his very statement. "Their appointment will continue to be made with the prior approval of Government of India..."

Sri. C. Kesavan: That is what I said.

Sri. P. S. Nataraja Pillai: That is to say, the Travancore-Cochin Government entered into an agreement with Indian Union Government in writing, to appoint particular officers with their prior approval. Now, Sir, we are functioning under a written Constitution. Powers and responsibilities of the State and the Union Government have been defined in the Constitution. I ask, under which provision of the Constitution is this Government bound to appoint their officers with prior sanction or bound to get their approval before effecting appointment. I ask, in all seriousness, which is the provision referred to. If it is Section 371 of the Constitution Act I call upon this Government to represent to the Union Government to issue orders directly to the effect since they have a right of direction and control over this State. According to me it is a misuse of Section 371 by the Government of India. May I now appeal to this Government? I request this Government to appeal to Government of India to act under the provisions of the Act. Let this Government realise their responsibilities in the matter of administration of this country and their duties towards the Government of India. Has this Government which had entered into agreement with Government of India in this matter considered whether such agreement could be entered into or enforced here under the provisions of the Constitution Act. According to me the Section in question cannot be enforced here in this way.

Sri. C. Kesavan: Sir, a word of explanation at this point. It is not an agreement. But it is a memorandum of direction from the Centre. I have been wrong in using the word agreement. According to Section 371 of the Constitution Act, there is a memorandum of direction from the Centre to this Government for the conduct of certain aspects of the administration.

Sri. P. S. Nataraja Pillai : Sir, I really thank the Chief Minister for making that public statement. I take it at that. The Government of India is now exercising their rights under Section 371 which this House by a unanimous vote disapproved of and unequivocally stated that such a power should not be applied to Travancore. Representatives of this House who functioned in the Constituent Assembly of India then and who were Ministers as well, represented to Government of India at the time when Article 371 of the Constitution Act was under discussion, that the provisions of that clause should not be made applicable to Travancore and Mysore. That was the public opinion here at the time. It is a fact that there was a kind of assurance from the Hon'ble the Home Minister Sardar Patel of revered memory. It was believed that at least for Travancore tha provision, Section 371, would not be applied. Barely one year after such an assurance, this Government has conducted its administration in such a manner that it has been hauled up by the Centre and orders of direction and control are being issued now. Oh! to what depths have this Government fallen and indirectly allowed the country to fall. I now remind this Government of the fact that even in the old days of British Imperialism, Travancore was able to get out of the clutches of the Centre and secure more freedom of action. Now functioning under a democracy, where elections have been conducted under a system of adult franchise, I should think the administration has miserably failed to assert its rights. That only shows how this Government has been disgracefully conducting its affairs of day to day administration. I am very sorry to say that the present administration by so conducting its affairs has allowed the Centre to issue a note of direction and control over this Government. That shows beyond doubt the kind of administration we are now having. If there is any proot for it, that proof is inefficiency, corruption and incompetence. There is also that want of policy and misgovernment prevailing in this country. Now there is that direction from the Centre which goes to prove this important fact. In this set up, I think there is absolutely no necessity to provide any amount in the Budget for the Ministers who have not discharged their duties in the interests of the country. I am bound to say that much an d since we have got three phantom Ministers on the official benches now, I agree for the emoluments of these three.

Sri. Kalathil Velayudhan Nair: Sir, I move "To reduce the allotment of Rs, 1,84,400 for Ministers by Re. 1"

സർ, ഈ രാജ്യത്തു ഭരണം നടത്തുന്ന കക്ഷിയുടെ കഴിഞ്ഞ ഏതാനും കാലത്തെ പ്രവർത്തനങ്ങൾകൊണ്ടു് ആ കക്ഷിക്കു് ഈ രാജ്യത്തെ പൊതുജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അതു ഭരണം നടത്തുന്ന കക്ഷിയെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമായിരുന്നെങ്കിൽ അതിനെ സംബന്ധിച്ചു് ഈ സഭയിൽ ഒന്നുംതന്നെ പറയുവാൻ ഞാൻ ആഗ്രഹിക്കുകയില്ലായിരുന്നു. എന്നാൽ ഇന്നു ഈ രാജ്യത്തു ഉണ്ടായിട്ടുള്ള ഏതാനും പത്രപ്രസ്താവനകൾ വച്ചുകൊണ്ടു നോക്കുന്നപക്ഷം ഇപ്പോൾ നടക്കുന്നതരത്തിലുള്ള ഒരു ഭരണമോ പ്രവർത്തനമോ തുടർന്നുകൊണ്ടുപോയാൽ അടുത്തഭാവിയിൽ തന്നെ ഈ രാജ്യത്തു എന്താണുണ്ടാകുന്നതു് എന്ന കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ അതിനെപ്പററി ഇവിടെ ചർച്ചചെയ്യേണ്ടതു വളരെ അത്യാവശ്യമാണെന്നു തോന്നിപ്പോകുന്നു. ഭരണകക്ഷിയിലെ ചില പ്രമുഖവ്യക്തികൾ പ്രസിദ്ധപ്പെടുത്തിയ ചില പത്രപ്രസ്താവനകളിൽ അഡ്മിനിസ്ട്രേട്ടർ ഭരണം ഈ രാജ്യത്തു വിളിച്ചുവരുത്തരുതേ എന്നു പറഞ്ഞിരിക്കുന്നു. അതിൽനിന്നും മനസ്സിലാക്കേണ്ടതു നാം ഏതാണ്ടു് അങ്ങിനെ ഒരു അവസ്ഥക്കു് അടുത്തെത്തിയിരിക്കുന്നു എന്നാണു്. ഇതിൽ വല്ല പരമാർത്ഥവുമുണ്ടെങ്കിൽ അതു വളരെ അനാശാസ്യമായ

[Sri. Kalathil Velayudhan Nair.]

ഒരു സ്ഥിതിയാണ്. വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഇവിടെ ഭരണം നടത്തുന്ന ഒരു കക്ഷി ഐകകണ്ഠ്യേന തെരഞ്ഞെടുത്തതായ ഒരു ലീഡർക്ക് സ്വന്തംകക്ഷിയുടെ വിശ്വാസംപോലും ആർജിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടതു്. ഭരണകക്ഷിയുടെ വിശ്വാസത്തോടുകൂടി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ട ലീഡർക്ക് ഒരാണ്ടുകാലത്തേക്കുപോലും ഭരണം നടത്താൻ സാധിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടതു്. മന്ത്രിസഭ രാജിവച്ചിട്ടില്ലെന്നു ബഹു: സ്പീക്കറുടെ ഒരു ചോദ്യത്തിനു ചീഫ് മിനിസ്റ്റർ ഇവിടെ ഉത്തരം പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ലീഡർസ്ഥാനം രാജിവെച്ചിട്ടുണ്ട് എന്നുള്ള വിവരം അദ്ദേഹം നിഷേധിക്കും എന്നു തോന്നുന്നില്ല. ഇതെല്ലാം ഒരു നാടകമെന്നതിൽ കവിഞ്ഞു് ഈ രാജ്യത്തെ ജനങ്ങൾക്ക് അതിനെപ്പററി ഒന്നും അറിയാൻ നിവൃത്തിയില്ല. ഏതാനും ആഴ്ചക്കാലത്തിനുമുമ്പ് ഇവിടത്തെ മന്ത്രിസഭ രാജിവച്ചു. അതിനെ സംബന്ധിച്ച് ഈ സഭയിൽ യാതൊരു പ്രസ്താവനയും ചെയ്തിട്ടില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: മുമ്പൊരിക്കൽ ഇവിടെ നടക്കുന്നതു ഒരു നാടകംപോലെയാണെന്നു ഞാൻ പറഞ്ഞതിനെ സ്പീക്കർ എന്നെക്കൊണ്ടു പിൻവലിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഇതൊരു നാടകമാണെന്നു പറഞ്ഞതു പിൻവലിപ്പിക്കേണ്ടതല്ലേ?

മിസ്റ്റർ സ്പീക്കർ: ഈ അസംബ്ലിയിൽ നടക്കുന്നതു നാടകമാണെന്നുള്ള പ്രസ്താവനയാണ് പിൻവലിക്കേണ്ടിവന്നതും. പുറമെ നാടകവും നാടകംപോലെ മററു പലതും നടക്കുന്നുണ്ടാവാം. ഈ അസംബ്ലി നടപടികൾ നാടകമെന്നോ നാടകീയമെന്നോ മെമ്പർ പ്രസ്താവിച്ചതായി തോന്നുന്നില്ല.

Sri. Kalathil Velayudhan Nair: I never said that the Assembly is a farce.

Mr. Speaker: Now, Mr. Velayudhan Nair can proceed.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങിനെ ആകരുതെന്നുള്ള ആഗ്രഹംകൊണ്ടുകൂടിയാണ് ഞാൻ ഇപ്പോൾ ഇത്രയും പറഞ്ഞതു്. ഒരു മന്ത്രിസഭാ കുഴപ്പം ഇവിടെ ആരംഭിച്ചിട്ട് ഏതാനും ആഴ്ചകളായി എന്നാണ് ഞാൻ പറഞ്ഞതു്. മന്ത്രിസഭ രാജിവെച്ചതിന്റെ കാരണങ്ങളെക്കുറിച്ച് പല പത്രപ്രസ്താവനകളും അഭിപ്രായങ്ങളും ഈ രാജ്യത്തു പ്രചരിച്ചിട്ടുണ്ട്. എന്തിനാണ് രാജിവച്ചതു് എന്നുള്ള ചോദ്യം പ്രതിപക്ഷത്തുനിന്നും ചോദിച്ചിട്ട് അതിനു യാതൊരു മറുപടിയും പറഞ്ഞിട്ടില്ല. ഒരു പ്രസ്താവന ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നില്ലെന്നും ഒരു പ്രസ്താവന ചെയ്യുന്നതിനു അനുവാദം ആവശ്യപ്പെട്ടാൽ സമയം കൊടുക്കണമെന്നു മാത്രമേ നിയമത്തിൽ പറയുന്നുള്ളുവെന്നും ബഹു: സ്പീക്കർ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഏതു പരിതസ്ഥിതികളിലാണ് മന്ത്രിസഭ രാജിവച്ചതു് എന്ന് ഈ സഭയെ അറിയിക്കേണ്ട ഒരു കർത്തവ്യം അവർക്കുണ്ടായിരുന്നു. ആ കർത്തവ്യം അവർ നിർവ്വഹിച്ചിട്ടില്ല. അങ്ങിനെയിരിക്കുന്നിടത്തോളം കാലം ഈ രാജ്യത്തു പ്രചരിച്ചിട്ടുള്ള പത്രപ്രസ്താവനകളും മററു അഭിപ്രായങ്ങളും ശരിയാണെന്നു ഈ രാജ്യവാസികൾ വിചാരിക്കുന്നുവെങ്കിൽ അതിൽ തെററില്ല. നിലവിലിരുന്ന മന്ത്രിസഭയ്ക്കു് കാൺഗ്രസ് കക്ഷിയിലെ ഭൂരിപക്ഷത്തിന്റെ പോലും വിശ്വാസം സമ്പാദിക്കുന്നതിനു സാധിച്ചിരുന്നില്ലെന്നും ആ മന്ത്രിസഭയിലെ ഒരംഗത്തിന്റെ പേരിൽ ചില അഴിമതികുററങ്ങൾ ആരോപിക്കപ്പെട്ടു എന്നും അതിനെ തുടർന്നു മന്ത്രിസഭയിൽ ഉണ്ടായ അഭിപ്രായവ്യത്യാസംമൂലമാണ് രാജിവെച്ചതെന്നും പത്രപ്രസ്താവനകൾ ഉണ്ടായിരുന്നു. അതു ശരിയല്ലെന്നു മന്ത്രിമാരും ഇതേവരെ പറഞ്ഞിട്ടുമില്ല.

ആദ്യത്തെ മന്ത്രിസഭ രാജിവച്ചതിനുശേഷം നിയമസഭാ നടപടികൾപോലും മാററിവച്ചിട്ട് ഐകകണ്ഠ്യേന ഒരു പുതിയ ലീഡറെ തെരഞ്ഞെടുത്തു എന്ന് പത്രപ്രസ്താവന ഉണ്ടായിരുന്നു. അതു കഴിഞ്ഞ് ഇപ്പോൾ ഒരാഴ്ചയായില്ല; ആ ലീഡറിൽ അവിശ്വാസപ്രമേയം ഹാജരാക്കിയിരിക്കുന്നതായി ഇപ്പോൾ അറിയാൻ കഴിഞ്ഞു. അതിന്റെ ഫലമായിട്ടോ എന്തോ ഇന്നു കാലത്തു ലീഡർ രാജിവച്ചിരിക്കുന്നു എന്നും ഒരു പ്രസ്താവന കണ്ടു. കാൺഗ്രസ് കക്ഷിയുടെ ലീഡർ എന്ന നിലക്കുമാത്രമാണ് ഇന്നത്തെ ചീഫ് മിനിസ്റ്റർ ആ സ്ഥാനത്തിരിക്കുന്നതു്. അതു രാജിവച്ചതിനുശേഷം ഇന്നു വൈകിട്ടു അദ്ദേഹംതന്നെ വീണ്ടും ലീഡറായി തെരഞ്ഞെടുക്കപ്പെടുമോ എന്നുള്ളതു നിശ്ചയമില്ല. അഥവാ തെരഞ്ഞെടുക്കപ്പെട്ടാൽ തന്നെയും അദ്ദേഹം എന്തിനു രാജിവച്ചു എന്നുള്ള ചോദ്യം നിലനിൽക്കുന്നുണ്ടു്. അദ്ദേഹം ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന മന്ത്രിസഭയിൽ അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ടവർക്കുപോലും വിശ്വാസമില്ലെന്നാണ് അതുകൊണ്ടു് മനസ്സിലാക്കേണ്ടതു്. രാജിവെച്ചിട്ടു് മറെറാരു മന്ത്രിസഭ രൂപീകരിക്കാൻ പോകുന്നു എന്നും കേൾക്കുന്നു. ഇങ്ങനെ കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ ഈ രാജ്യത്തു എന്തെല്ലാമോ മാററിമറിച്ചിലുകൾ നടന്നുകൊണ്ടിരിക്കയാണ്. ഇന്നത്തെ മന്ത്രിസഭയിൽ അവരുടെ കക്ഷിയിൽപെട്ട അംഗങ്ങൾക്കുപോലും വിശ്വാസമില്ല. പൊതുജനങ്ങൾക്കു വിശ്വാസമുള്ള ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിന് കാൺഗ്രസ്സ് കക്ഷിയ്ക്കു് കഴിവില്ല. അഥവാ അവർക്കു അതിന് കഴിവില്ലാത്ത പരിതസ്ഥിതിയിൽ ഇന്ന് എത്തിയിരിക്കുന്നു എന്നു പരക്കെ പറയപ്പെടുന്നു. അതു് ഇതേവരെയും അവർ നിഷേധിച്ചിട്ടില്ല. ഈ രാജ്യത്തെ ഡമോക്രസി തന്നെ അസ്തമിച്ചുപോയിരിക്കയാണ്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, ഒരു പാർട്ടിയുടെ ടിക്കററിന്മേൽനിന്ന് നിയമസഭാ സാമാജികത്വം സമ്പാദിച്ചതിനു ശേഷം ആ പാർട്ടിയിൽനിന്നു രാജിവച്ചിട്ടു ആ പാർട്ടിയോടും വോട്ടർമാരോടും ഉള്ള മര്യാദ കാണിക്കാതെ മറെറാരു പാർട്ടി രൂപീകരിക്കുന്നതു് ഡമോക്രസിക്കു് യോജിച്ചതാണോ?

ശ്രീ കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി പിന്നീടൊരവസരത്തിൽ പറയാമെന്നു വിചാരിക്കുന്നു. മന്ത്രിസഭാ മാററങ്ങൾകൊണ്ടു് ഇന്ന് ഈ രാജ്യത്തുണ്ടായിരിക്കുന്ന പരിതസ്ഥിതികളെപ്പററി പറയുകയാണെങ്കിൽ, ഈ രാജ്യത്തെ ബഹുജനങ്ങളിൽ ഒരു ഭാഗം തിരുവിതാംകൂർ കൊച്ചി സംസ്ഥാനം എന്നുള്ളതു് അവസാനിപ്പിച്ചു് മദ്രാസ് പ്രവിശ്യയിൽ ലയിക്കണം എന്നു വാദിക്കുന്നു; മറെറാരു വിഭാഗം മന്ത്രിസഭാ പ്രവർത്തനം അവസാനിപ്പിച്ചു് ഒരു അഡ്മിനിസ്ട്രേറ്റർ വേണമെന്നു് വാദിക്കുന്നു. ആളുകളുടെ ഇടയിൽ നടക്കുന്ന ഈ വാദഗതികൾ കാണുമ്പോൾ രാജ്യത്തു് ഒരു കിടക്കപ്പൊറുതിയില്ലായ്മവന്നുചേർന്നിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ഈ ഭരണകക്ഷിക്കു മാത്രമാണുള്ളതു്. ഇപ്പോൾ ചീഫ് മിനിസ്റ്റർ കാൺഗ്രസ്സ് കക്ഷിയുടെ ലീഡർഷിപ്പ് രാജിവച്ചിരിക്കുന്നതായി അറിയുന്നു എന്നുള്ള സംഗതിയും ഞാൻ സ്പീക്കറുടെ ശ്രദ്ധയിൽ പെടുത്തുന്നു. അദ്ദേഹം ലീഡർസ്ഥാനം രാജിവച്ചതു് പരമാർത്ഥമാണെങ്കിൽ മറെറാരു മന്ത്രിസഭ നാളെ വരുവാൻ പോകയാണ്. അതിനെപ്പററി യാതൊന്നും ഈ നിയമസഭാസാമാജികന്മാരെ ധരിപ്പിക്കുന്നില്ല. ചീഫ് മിനസ്റ്റർ രാജിവച്ചിട്ടുണ്ടോ ഇല്ലയോ എന്നും നാളെ എന്താണ് ഉണ്ടാകാൻ പോകുന്നതെന്നും അദ്ദേഹം ഞങ്ങളെ ധരിയിച്ചിട്ടില്ല. അതു് അറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ടു്. അദ്ദേഹം ഞങ്ങളുടേയും ചീഫ് മിനിസ്റ്റർ ആണ്. അദ്ദേഹത്തിന്റെ കക്ഷിയിലെ അംഗങ്ങൾക്കു് അദ്ദേഹത്തിൽ വിശ്വാസമില്ലെന്നുള്ള കാരണത്തിന്മേലാണ് അദ്ദേഹം രാജിവെയ്ക്കുവാൻ ഇടയായതു്.

മിസ്റ്റർ സ്പീക്കർ : അതിനെപ്പററി ഒരു റൂളിംഗ് കൊടുത്തിട്ടുള്ള നിലയ്ക്കു് അതിനെ സ്പർശിക്കുന്ന യാതൊന്നും ഇവിടെ സംസാരിക്കുവാൻ പാടില്ല. അദ്ദേഹം പാർട്ടിയുടെ ലീഡർ എന്ന നിലയിലല്ലാ ഈ സഭയിൽ ഹാജരായിരിക്കുന്നതു്.

Sri. K. P. Nilakanta Pillai: Sir, may I invite the attention of the Hon'ble Speaker to the fact that but for the fact that a person is elected leader and has the confidence of his party, he cannot become the Chief Minister.

Mr. Speaker: That aspect of the question is irrelevant for our present purpose. It is only the appointment by the Rajpramukh and not mere election by the party as its leader that makes a person the Chief Minister. He begins to function as Chief Minister only after he takes the usual oath before the Rajpramukh. The member will go on.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, അതിനെപ്പററി ഞാൻ ഇനിയൊന്നും പറയുന്നില്ല. വീണ്ടും ഉണ്ടാകാവുന്ന വിഷമങ്ങളെപ്പററി ഞാൻ ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളു. മറെറാരു സംഗതി എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു് സർവ്വീസ് ഇൻറിഗ്രേഷനെപ്പററിയാണു്. ഈ സർവ്വീസ് ഇൻറിഗ്രേഷൻ എന്ന പ്രശ്നം ഈ രാജ്യത്തുണ്ടായിട്ടു് വളരെ നാളായി. ഈ രണ്ടു സ്റ്റേററുകളും തമ്മിൽ ഇൻറിഗ്രേററു് ചെയ്ത സമയം മുതൽ വലിയ വാദകോലാഹലങ്ങളും പ്രസ്സ് നോട്ടുകളും അടിക്കടി അതിനെ സംബന്ധിച്ചു് പുറപ്പെട്ടിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ഇതേവരെയും ഒരു തീരുമാനം ഉണ്ടായിട്ടില്ല. അതിനു് വീണ്ടും ഒരുദ്യോഗസ്ഥനെ നിയമിക്കേണ്ട ഘട്ടത്തിൽ മാത്രമേ ഗവമെൻറു ഇന്നും എത്തിയിട്ടുള്ളു. എന്താണു് ഈ പ്രശ്നം ഇന്നും തീരുമാനിക്കപ്പെടാതെ ഇരിക്കുന്നതു്? ഈ ഗവമെൻറിനു് സർവ്വീസ് ഇൻറിഗ്രേഷൻ നടത്തുന്നതിനുപോലും യോജിപ്പോ കഴിവോ ഇല്ലാതെവന്നു എന്നല്ലേ അതു് തെളിയിക്കുന്നതു്? സർവ്വീസ് ഇൻറിഗ്രേഷനുവേണ്ടി പല ഉദ്യോഗസ്ഥന്മാരെയും നിയമിക്കുകയും അവരിൽനിന്നു റിപ്പോർട്ടുകൾ വരുത്തുകയും ചെയ്തിട്ടുണ്ടു്. ഒരു മാസത്തിനകം സർവ്വീസ് ഇൻറിഗ്രേഷൻ നടപ്പിൽ വരുമെന്നു് ഗവമെൻറു് പ്രസ്സ്നോട്ടു് പുറപ്പെടുവിച്ചു. മന്ത്രിസഭയ്ക്കകത്തു് യോജിപ്പില്ലാത്തതുകൊണ്ടാണു് സർവ്വീസ് ഇൻറിഗ്രേഷൻ നീണ്ടുപോകുന്നതു്. ഇങ്ങനെയുള്ള ഒരു ഗവമെൻറാണു് ഇവിടെ പ്രവർത്തനം നടത്തുന്നതെന്നു കൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. സർ, ഒരു സംഗതികൂടി പറഞ്ഞു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. അതു് ഈ സർവ്വീസ് ഇൻറിഗ്രേഷനെ സംബന്ധിച്ചു് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നുവെന്നും, നിയമിക്കുവാൻ പോകുന്നുവെന്നും കേൾവിയുണ്ടായിട്ടുണ്ടു് എന്നുള്ളതിനെപ്പററിയാണു്. നിയമിക്കപ്പെടുവാൻ പോകുന്ന ഉദ്യോഗസ്ഥൻ ഇന്നു് തിരുവനന്തപുരത്തു് താമസിക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ നിയമനം കഴിഞ്ഞുവെന്നു് ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ സഭയിൽ അതിനെപ്പററി ചോദ്യമുണ്ടായപ്പോൾ ആ കാര്യം ഗവമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നുവെന്നാണു് മറുപടി പറഞ്ഞതു്.

Sri. C. Kesavan: If you mean Mr. Sundaram, an Assistant Secretary from the Centre who has come here, then I may inform you that he has not been appointed. He is here only to help us in the matter.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ വളരെ കൃതജ്ഞനായിരിക്കുന്നു. ഏതായാലും ഇതിനുവേണ്ടി നിയമിക്കുന്ന ഉദ്യോഗസ്ഥനെ സഹായിക്കുന്നതിന്ന് മറ്റൊരുദ്യോഗസ്ഥനെ വരുത്തുന്ന ഘട്ടത്തിൽ മാത്രമേ ഇനിയും ഗവൺമെൻറ് എത്തിയിട്ടുള്ളു. മന്ത്രിസഭ ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി തീരുമാനിക്കുന്നതിന്ന് കേന്ദ്രഗവൺമെൻറിന്റെ സഹായം ആവശ്യപ്പെട്ടിട്ട് അവിടെ നിന്ന് ചിലർ ഇവിടെവന്ന് മന്ത്രിസഭാ രൂപീകരിക്കുന്ന കാര്യത്തെപ്പറ്റിയും എങ്ങനെയുള്ള ആളാണ് മന്ത്രിസഭ രൂപീകരിക്കേണ്ടതു് എന്നുള്ളതിനെപ്പറ്റിയും ഇന്നത്തെ മന്ത്രിസഭ രാജിവയ്ക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റിയും ആലോചനകൾ നടത്തിവരുന്നു. നമ്മുടെ ദൈനംദിന കാര്യങ്ങൾ നടത്തുവാൻ നമ്മെക്കൊണ്ട് കൊള്ളുകയില്ലാ എന്നു സ്ഥാപിച്ചശേഷം നമ്മുടെ കാര്യങ്ങളിൽ അന്യആളുകൾ ഇടപെടുന്ന ഒരു പാരമ്പര്യം സൃഷ്ടിച്ചുവയ്ക്കുന്നു എന്നുള്ളതിലാണ് എനിക്ക് പരാതിയുള്ളതു്. ആ ഒരു പാരമ്പര്യം നമ്മോട് വിളംബരം ചെയ്യുന്ന ഒരു മന്ത്രി സഭ മാത്രമായിട്ടാണ് ഞാൻ ഈ മന്ത്രിസഭയെ കാണുന്നതു്.

Sri. N. V. Chacko: Sir, ever since Cabinet Government was introduced in this State, we have had several changes of ministry. We firmly believed that the Pattom ministry would certainly last till the next election. But the molecule burst and one atom went over to the opposite pole.

Sri. K. P. Nilakanta Pillai: Is the Member aware that it is almost a daily occurrence in the British Government that changes occur in the Cabinet?

Sri. N. V. Chacko: Even constellations may break.

Sri. Kalathil Velayudhan Nair: May I put a question?

Sri. N. V. Chacko: No, no. We thought that the T. K. Ministry would continue, but it has resigned and the present ministry is in a nebulous condition. I am inclined to be rather indulgent and sanguine. We had ministries expanding and contracting. But these were only normal changes, because several new developments succeeded one after another. There was the introduction of the new system of responsible government. The integration of Cochin with Travancore was effected, the smaller one causing troubles to the bigger one as usual. The new constitution of the Republic of India was passed and we gladly integrated with the Union of India. All these naturally led to some confusions and complications. Even now conditions have not taken their final shape in every respect.

I have heard a child sing "Naughty just for once". Similarly M.L.A.'s of erstwhile Cochin and some others are now singing "Naughty just for once". They may perhaps be permitted to be naughty for once, but certainly not for more than once.

In spite of all these, we have had progress and are continuing to make definite progress. Progress like other phenomena in nature, is not generally straight but wave-like.

In 1124 during my budget speech, I reminded this House that the first and most essential qualification for a minister was incorruptibility and that the ministers should not only be incorruptible, but should also appear to be incorruptible. I have no doubt that our ministers are incorruptible. But allegations of corruption have been made against almost every minister both in Cochin and Travancore by newspapers and individuals. Recently mad Cassandvas and Sibyls have also come out with such wanton prophecies. In many instances it is clear that such allegations are made knowing that they are false and baseless. When they are repeated several times, not only the public, but even those who first made them begin to

[Sri. N. V. Chacko]

believe them or at least feel a suspicion. Those who make such baseless allegations measure others by their own standards of morality and corruptibility. I would most earnestly appeal to our newspapers and others not to indulge in such wild and malicious and harmful games. Skunks and millipedes defend themselves by emitting stink. I cannot understand why newspapers and others should, for their attacks and defence, indulge in intolerably foul and stinking language.

Sri. K. P. Nilakanta Pillai: Will the Member please answer a question?

Sri. N. V. Chacko: No.

Sri. K. P. Nilakanta Pillai: Is the member aware—

Mr. Speaker: Order, order. That is a very undesirable step on the part of the hon'ble Member. Having asked the other member whether he would yield to a question, and after hearing from him that he would not, it was not proper that the hon'ble Member should attempt to force a question—

Sri. K. P. Nilakanta Pillai: I thought that he was yielding.

Mr. Speaker: How could that be so? It was clear to everyone that he was not yielding. In spite of that to stand up and try to put a question was rather improper on the part of the Member.

Sri. K. P. Nilakanta Pillai: I am sorry, Sir.

Sri. N. V. Chacko: I had also occasion to point out during my budget speech in 1124 that nepotism and jobbery would also undermine the administration. And charges of nepotism and jobbery were repeatedly made. I am stating these here so that the new ministry may not forget that they should be absolutely incorruptible and that they should never be liable to charges of corruption, nepotism and jobbery.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

Sri. N. V. Chacko: Sir, for satisfactory progress our financial conditions should be sound. In 1123 it was cloudy. In 1124 and 1125, it was bad enough But the Finance Minister, Mr. John, assures us that our present finance position is quite sound. Hence we can expect better and all round progress during the next financial year and no amount granted may be allowed to lapse.

Our food problem is almost as bad as ever and population is multiplying by leaps and bounds. There is no proper encouragement for agriculture and agriculturists. Everybody is concentrating attention on procurement of paddy and there is nobody to encourage production of paddy. What is important is production of more and more of paddy. Mere preaching to, and abuse of, cultivators is of no use.

I do not know whether the Government have given up the Bhoothathankettu Flow Irrigation Scheme or only put it off or whether they have reserved the Periyar water for other less beneficial purposes.

Travancore-Cochin was foremost in India in education. But the Governmen seems to be inextricably rivetted to a policy of education in which the people have no confidence and the Government is all obstinacy. Though the difference between the people and the Government may be only that of Tweedledom and Tweedledee, sheer obstinacy makes the Government blind and we degenerate in education in every respect. Our University has no worthy Vice-Chancellor. Our secondary education is all disturbed, and primary education is all in confusion. In the northern taluks of Travancore, educational facilities are very meagre.

It is encouraging to find that more hospitals and dispensaries are being provided. Government are taking steps to combat tuberculosis. Our industries are improving. It is gratifying to note that labour has been more tranquil. We should raise up backward communities as quickly as possible. Electricity for villages and introduction of cottage industries may help to advance our economic condition considerably.

Our roads, bridges and culverts and communications were in very bad condition till 1125 but they have begun to improve and all over Travancore we find evidence of the Public Works Department's activities. It may safely be expected that with better finance, considerable progress would be made in the next financial year.

The services of the erstwhile Cochin and Travancore States have to be integrated as soon as possible most justly and fairly. Otherwise discontent among the service cannot be completely got rid of. There is co-operation of the services, but it is certain that greater and better co-operation is possible and necessary. We have read in the Arabian Nights that a certain king used to take a virgin for his wife for a day and put her to death the next day. We also read that Lenin, Stalin, Hitler and Mussolini "liquidated" almost everybody who helped them to achieve their positions. Some of our Casandvas and Sibyls and leaders and ex-ministers offer a clue to such conduct. Leaders and ex-presidents and ex-ministers in America and England are both safe and harmless. We should try to make it so in our land also.

I would conclude by appealing to our present Leader and Chief Minister to see that no room whatsoever is given for allegations of corruption, nepotism and jobbery against the ministers, and that those who make such baseless allegations do not survive scot-free for more than twenty-four hours.

Sri. D. Gnanasigamoni: Sir, the general administration in the country has come in for a good deal of condemnation and even ridicule of late both in the hands of the public and the press. The general administration has never been happy or satisfactory at any time since the assumption of power by the Congress. They assumed power amidst great enthusiasm and great things were expected of them. They had what is now commonly known as the "Steam-roller" majority, and they had immense opportunities to do good to the country but these great opportunities were either thrown to the winds or misused or not used at all. And contrary to expectations, this "Steam-roller" majority has indeed proved a snare and is indeed vanishing before our very eyes.

There are many reasons that contributed to the low tone of the country's administration. Firt of all Government of India has largely contributed to this sorry state of affairs. In their anxiety to have a strong centre, they are throttling the very existence of these States. By Article 371 of the Constitution we are to be under tutelage for 10 years or for such longer or shorter period as may be fixed by Parliament. By that rule Government of India have dealt a death blow to the States initiative. We have no initiative nor are we able to exercise our independent volition. We have to constantly look to the centre, and this control by the centre is irksome and humiliating and sooner that is ended the better for the country and for all concerned. If Government of India is not prepared to exempt states like Travancore-Cochin and Mysore from the operation of that rule and this Government is unable to get that done, it does not speak well of either of them.

[Sri. D. Gnanasigamoni]

Look at the manner in which Chief Secretaries appear and disappear from the scene. This is becoming an obnoxious practice needing a vigorous protest. Apart from shutting out the chance of deserving men here to this post they are in reality 5th column men, and prove to be stumbling blocks to the growth of true democracy. The Cabinet and the Chief Secretary connot get on well together and they have to work in mutual suspicion and their presence here is humiliating.

Secondly this Government has practically left the integration problems where it was and has now allowed the matter to drift. I do not want to speak at length on these problems but wish only to make a passing reference. We know integration of services is not complete, and if what we hear is true, it has presented a problem of stupendous magnitude an effective solution of which is now next to impossible. This is a matter to which the Government should have given top priority immediately after integration and should have been finalised within a few months after integration. No doubt, it is an irksome problem but the Government is to blame for allowing the matter to drag on with the result there is great discontent among the services and uncertainty everywhere. Valuable time has been lost, and it looks as if the matter has to be dealt with by a successive Government. So far as my information goes, the one matter that has worried Travancore Service personnel is that while vacancies arising in the Cochin section are immediately filled up, vacancies arising in the Travancore section are not filled up as and when they arise and kept on that way indefinitely. This is a matter in which the Travancore service personnel and the public are greatly aggrieved and the Travancore service personnel even doubt the bona fides of the Chief Secretary who has a direct hand in this matter. This may or may not be true but that is the state of feeling that is left behind.

The one other matter, that I would like to refer now is about the political upheaval through which the country is passing just at present. Look at the amount of filth end vituperation that is being poured from day to day in the press and the platform and the consequent stirring up of class and communal hatred. One can sympathise with the Government in its helplessness in dealing with a situation of this kind but that is the position to which it has brought itself up to. There is neither law nor order in this country and to give one instance, Mr. N. S. Krishna Pillai a former Municipal Commissioner, now suddenly stepping into the powers of a Magistrate has now allowed himself to let loose and the Munnar hospital bears ample testimony to his bestial activities. If that is the mental outlook of upholders of law and order; why talk of law and order in this country? To borrow the words from the Rajpramukh's address, extraordinary evils call for extraordinary remedies. Unless he and officers of his category who have such abnormal communal leanings are thrown oul of public life, there will be no peace nor communal harmony in this country. It looks as if politics in this State is trying to take a swing from the secular to the communalistic State. All our internal differences and conflicts may be ultimately traced to the fissiparous tendencies of the people both social and religious. It is equally governed by notions of caste, hereditary uniqueness and inequalities which prevent from association and fraternisation as equal citizens of a common motherland. Unless we re-orientate our socal life so as to make the Hindu, Muslim and the Christian and other communities feel that they can live together as brothers enjoying a common social life as in the other civilized countries of the world, there is no prospect of our realising communal harmony or a united nationality. This is an urgent need of the hour and is more urgent than the muddle-headed food problem and the man-made famine that we know of, and the Government must address itself to the task. And Government can rightly expect the co-operation of all right thinking men in this enterprise.

Sir, I would like to mention one other matter. The greatest fault of the Congress is not to have realised that this is an emergent period but always thinking in terms of a steam-roller majority. The other day Hon'ble Panampilli Govinda Menon said that they have 100 people behind them. But no doubt they can rule with 100 people but they will rule only to their own damnation. This enlightened country which ought to have shown the way is drifting into chaos, and the blame must be squarely laid at Government's doors.

ശ്രീ. എം. കെ. പാച്ചുപിള്ള : സർ, പൊതുഭരണത്തിനു ഉത്തരവാദിത്വം വഹിക്കുന്ന ഈ മന്ത്രിസഭ രാജ്യത്തോടും, ജനപ്രതിനിധി സഭയോടും അവരുടെ ഉത്തരവാദിത്വം ശരിയായി നിർവഹിക്കുന്നില്ലായെന്നു ചൂണ്ടികാണിക്കാൻ ആണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ മന്ത്രിസഭ തുടങ്ങിയതിനുശേഷം, ഈ മന്ത്രിസഭയും ഇതിന്റെ മുൻഗാമിയായ മന്ത്രിസഭയും അവരുടെ കാര്യനിർവ്വഹണത്തിൽ അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം വേണ്ടപോലെ മുൻനിറുത്തി യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു ഊന്നി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ പുതിയ മന്ത്രിസഭയിൽനിന്നു ജനങ്ങൾ പഴയമന്ത്രിസഭയെക്കാൾ ചിലതൊക്കെ പ്രതീക്ഷിച്ചിരുന്നു. അതിനാൽ ഇന്നു നമ്മെ തരണം ചെയ്തുകൊണ്ടിരിക്കുന്ന ആ പ്രതിസന്ധിഘട്ടത്തിൽ ആവശ്യമുള്ള ഭാവനാശക്തിയോടും ഉത്തരവാദിത്വത്തോടുംകൂടി ഈ മന്ത്രിസഭയെ സംഘടിപ്പിക്കുന്നതിനു വേണ്ട ശ്രമങ്ങളെങ്കിലും നടത്തുമെന്നു ജനങ്ങൾ ആശിച്ചു. ബഡ്ജറ്റു പ്രസംഗത്തിലും രാജപ്രമുഖന്റെ പ്രസംഗത്തിലും ചൂണ്ടികാണിച്ചിരിക്കുന്നതുപോലെ ഏററവും വലിയ ഒരു പ്രതിസന്ധിഘട്ടമാണു് ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്നതെന്നുള്ളതിൽ സംശയമില്ല.

കഴിഞ്ഞ മന്ത്രിസഭ രൂപമെടുത്തു് പ്രവൃത്തിച്ചുകൊണ്ടിരുന്നപ്പോൾ അവർക്കു് ജനങ്ങളുടേയോ ജനപ്രതിനിധികളുടേയോ സഹായവും സഹകരണവും ആവശ്യമായിരുന്നുവെന്നു് സൗഹാർദ്ദമായ ഒരപേക്ഷയെങ്കിലും അനൗപചാരികമായിട്ടെങ്കിലും നൽകിയിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. അതിനു പകരം രാജിവെച്ചപ്പോൾ അവർ ഒരു പ്രസ്താവന ചെയ്തിരുന്നു. അതു് അവരുടെ പാർട്ടി ബലപ്പെടുത്തുന്നതിനും പാർട്ടിയുടെ നിലനില്പിനും വേണ്ടിയായിരുന്നു രാജി എന്നാണു്. എന്നാൽ അതും കുറെ കഴിഞ്ഞപ്പോൾ ചില മാസ്മരവിദ്യകൾ പ്രയോഗിച്ചുകൊണ്ടു് കൂടുവിട്ടു് കൂടുമാറുന്ന സമ്പ്രദായത്തിൽ ഒരു കായകല്പചികിത്സനടത്തി വേറെ ഒരു രൂപത്തിൽകൂടി ആണു് പിന്നത്തെമന്ത്രിസഭയായി തീർന്നതു്. എന്നിട്ടും അവർ ചെയ്യേണ്ടതായിട്ടുള്ള യാതൊരു സംഗതിയും ഇതുവരെ ചെയ്തിട്ടില്ലെന്നു മാത്രമല്ല ചെയ്യുന്നതിനുള്ള ഒരു മനോഭാവം കൂടി ഉണ്ടോ എന്നു് തോന്നുന്നുമില്ല. രാജപ്രമുഖന്റെ അഡ്രസിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളെക്കുറിച്ചും ഈ നിയമസഭയിലെ പ്രതിപക്ഷ കക്ഷികൾ രൂക്ഷമായ വിമർശനം നടത്തിയിട്ടുണ്ടു്. മാത്രമല്ല മന്ത്രിസഭതന്നെ അഴിമതിയും കൈക്കൂലിയും വളരാനുള്ള സകല സൗകര്യങ്ങളും നൽകുന്നുവെന്നും തന്മൂലം മന്ത്രിസഭയോടു അവജ്ഞയാണുള്ളതെന്നും മററും ചൂണ്ടി കാണിച്ചിട്ടും ഒരു മറുപടിയും പ്രധാനമന്ത്രിയിൽനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഈ സഭയിൽ എന്തുതന്നെ ആരോപണങ്ങൾ ഉണ്ടായാലും ഒരു മറുപടിയും ഗവണ്മെൻറുഭാഗത്തുനിന്നു് ശരിയായവിധത്തിൽ കിട്ടുന്നില്ല. ഇങ്ങനെ നോക്കുകയാണെങ്കിൽ പല സംഗതികളെ സംബന്ധിച്ചും അവരുടെ പ്രവർത്തനത്തിൽ തങ്ങളുടെ പാർട്ടിയോടു മാത്രമേ അവർക്കു് ഉത്തരം പറയേണ്ട ആവശ്യമുള്ളു എന്ന മനോഭാവത്തിൽ സൗകര്യമായ മൌനം അവലംബിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ നിലയിൽ നോക്കുകയാണെ

[Sri. A. K. Patchu Pilla]

ങ്കിൽ ഇവർ സാന്മാർഗ്ഗികാധഃപതനം ആകുന്ന കയത്തിന്റെ ആഴത്തിൽ രാജ്യത്തെക്കൊണ്ടു ചാടിച്ചിരിക്കുകയാണ്. തങ്ങളുടെ ഇതുവരെയും ഉള്ള നേട്ടങ്ങളും ചെയ്തികളും എന്തെല്ലാമാണെന്ന് വെള്ളിത്തിരയിൽ കൂടി നൃത്തംചെയ്യുന്ന കരിനിഴൽപോലെ അവരുടെ ഭാവനയിൽ ദൃശ്യമാണ്. അതു് അവരെത്തന്നെ ഭയപ്പെടുത്തുന്നുണ്ടാവാം. മാത്രമല്ല ഇവിടെ നടന്നിട്ടുള്ള ഇവരുടെ പല ചെയ്തികളും രാജ്യത്തിനു ആക്ഷേപാർഹമായ വിധത്തിൽ ഒരു പാരമ്പര്യം സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളതു്. രാജ്യക്ഷേമത്തിനാവശ്യമായ പല സംഗതികളേയും പററി അഭിപ്രായം പുറപ്പെടുവിച്ചാലും ചിലപ്പോൾ അത്യാവശ്യമായിട്ടുള്ള ചില കാര്യങ്ങളെപ്പററി അറിവ് ശേഖരിക്കുന്നതിനായി ചോദ്യരൂപേണ ചോദിക്കുകയൊ അഭ്യർത്ഥിക്കുകയൊ ചെയ്താലും ഇവർ ഉത്തരം പറയാൻ തയ്യാറാകുന്നില്ല. അഥവാ വല്ല ഉത്തരവും അവരിൽനിന്നും കിട്ടുകയാണെങ്കിൽതന്നെ ഒരു തരത്തിലും ഉത്തരവാദിത്വമുള്ള ഒരു ലക്ഷണവും അതിൽ കാണുകയില്ലെന്നു മാത്രമല്ല, അവരുടെ സമാധാനംകൊണ്ടു് ഒരവസരത്തിലും അവരെ ഒരുവിധത്തിലും കുററക്കാരാക്കരുതെന്നും കരുതിക്കൂട്ടിയാണ് ഉത്തരം നൽകുന്നതു്. പോലീസിന്റെ ഭരണദൂഷ്യങ്ങളെപ്പററി ഈ സഭയിൽ പല ചോദ്യങ്ങളുണ്ടായിട്ടും ഒരുവിധത്തിലും മന്ത്രിമാരെ സ്പർശിക്കാത്ത വിധത്തിലുള്ള ഉത്തരമാണ് അവർ നൽകിയിട്ടുള്ളതു്. ഈ വിധത്തിൽ നമ്മുടെ മന്ത്രിസഭ തുടർന്നുകൊണ്ടു പോകുന്നതുതന്നെ രാജ്യക്ഷേമത്തിനു എത്രത്തോളം ഗുണകരമാണെന്ന് ജനങ്ങൾതന്നെ ഒന്നു ചിന്തിക്കേണ്ടതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഞാൻ പറയണമെന്ന് ഉദ്ദേശിച്ചിരുന്ന മിക്കവാറും സംഗതികൾ എന്റെ സ്നേഹിതന്മാർ പലരും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ശേഷിച്ച ഏതാനും പ്രധാന സംഗതികൾകൂടി പറയുന്നതിൽ ദൂഷ്യമുണ്ടാകയില്ല എന്നു മാത്രവുമല്ല ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അതു് ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ഉപകാരപ്രദമായിരിക്കുമെന്നും വിചാരിച്ചാണ് ഞാൻ സംസാരിക്കുന്നതു്. സർ, ഇന്നു തിരുവിതാംകൂറിൽ നടക്കുന്ന ഭരണം ഈ നിലയിൽ ഒരു മാസംകൂടി തുടർന്നു പോകുകയാണെങ്കിൽ ജനങ്ങൾക്കു ഗവമ്മെൻറിനോടു് ഉണ്ടായിരുന്ന ഭക്തിബഹുമാനസ്നേഹങ്ങൾ നിശ്ചയമായിട്ടും പരിപൂർണ്ണമായി ഇല്ലാതാകുമെന്നുള്ളതിനു സംശയമില്ല. ഒന്നുകിൽ വലതുപക്ഷത്തിന്റെ ഏകാധിപത്യം, അല്ലെങ്കിൽ ഇടതുപക്ഷത്തിന്റെ ഏകാധിപത്യം, ഇതിൽ ഏതെങ്കിലും ഒന്നായിരിക്കും ഇന്നത്തെ ഭരണത്തേക്കാൾ മെച്ചമെന്നു ആളുകൾ കരുതുവാനിടയുണ്ടു്. ഇന്നത്തെ ഭരണഗതി കാണുന്ന ഏതൊരുവനും, പരിപൂർണ്ണ ജനാധിപത്യഭരണത്തിലെത്തിച്ചേരുവാൻ ഇക്കണക്കിനു് ഒരിക്കലും സാദ്ധ്യമല്ലെന്ന് മനസ്സിലാവുന്നതാണ്. ആദ്യമായിട്ട് ഒരു മന്ത്രിസഭ ഇവിടെ രൂപമെടുത്തു, പ്രവർത്തനം ആരംഭിച്ചു, ഒരു സുപ്രഭാതത്തിൽ ആ മന്ത്രിസഭയെ കാണാതായി. അതു കഴിഞ്ഞപ്പോൾ വേറൊരു മന്ത്രിസഭ എങ്ങിനേയൊ ഉടലെടുത്തു. അവർ ഇവിടെ വന്നു ഏതാണ്ടു് കുറെ കഴിഞ്ഞപ്പോൾ ഞങ്ങൾ ഇതാ പോകുന്നുവെന്നും പറഞ്ഞു ഇട്ടുംവച്ചുപോയി. പിന്നെ വന്ന മന്ത്രിസഭയാണ് ഇപ്പോൾ ഭരിക്കുന്നതു്. ഇപ്പോൾ നടക്കുന്ന ഭരണത്തെപ്പററി പറയുകയാണെങ്കിൽ ഒന്നും പറയാതിരിക്കുകയാണ് ഭേദം. രാജ്യത്തിനും രാജ്യവാസികൾക്കും അഭിമാനക്ഷതം വരത്തക്കവണ്ണം ഉള്ള പ്രവൃത്തികളെ അവർ ചെയ്യുകയുള്ളു എന്നു തീരുമാനിച്ചിരിക്കുന്നതുപോലിരിക്കുന്നു. രാജ്യത്തു ശരിയായി ഭരണം നടത്താൻ ആളില്ലാത്തതുപോലെ അവർ വെളിയിൽനിന്നും ഒരാളെ ഇവിടത്തെ ഭരണാധികാരിയായി കൊണ്ടുവരുന്നതിനു കളം ഒരുക്കുകയാ

ണ്ടു് ഇപ്പോൾ ചെയ്യുന്നതു്. ആ വിധം ഒരാളെ കൊണ്ടുവരേണ്ട ഒരു നിലയിൽ നാം എത്തിച്ചേരുന്നതായാൽ അതിൽ കൂടുതൽ അപമാനകരമായ മറ്റെന്താണു് നമുക്കു് വരുവാനുള്ളതു്. കേന്ദ്രത്തിൽനിന്നും ഭരണാധികാരിയായി ആരെങ്കിലും ഇവിടെ വരികയാണെങ്കിൽ ഇന്നത്തെ പരിതസ്ഥിതിയിൽ അയാളുടെ ഭരണദക്ഷ്യംകൊണ്ടു് നമ്മുടെ രാജ്യത്തു പല അനിഷ്ട സംഭവങ്ങളുണ്ടാകുന്നതാണു്. ഇവിടത്തെ മന്ത്രിസഭ രാജിവെച്ചതിനു പകരം ആ സ്ഥാനത്തേക്കു മററു പല മാന്യന്മാരുടെ പേരുകളും പത്രങ്ങളിൽ വായിക്കാനിടയായി. ആ സ്ഥാനാർത്ഥികൾ എന്റെ സ്നേഹിതന്മാരാണെങ്കിലും, ഈ രാജ്യത്തെ മന്ത്രിമാരാകാനുള്ള യോഗ്യത അവർക്കുണ്ടെന്നു് എനിക്കു സമ്മതിക്കുവാൻ നിവൃത്തിയില്ല. അവരുടെ പേരുകൾ പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ മന്ത്രിസഭ നാളിതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നോക്കുകയാണെങ്കിൽ രാജ്യവാസികളെ വല്ലാതെ വിഷമിപ്പിക്കത്തക്ക പല പ്രവൃത്തികളും ഇവർ ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നുള്ളതിനു ഉദാഹരണങ്ങൾ പലതും ചൂണ്ടിക്കാണിക്കാൻ കഴിയും. ഇവരുടെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടുപോകാതെ സഹായിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾക്കു് എന്തുതന്നെ അന്യായമായ ഉപകാരങ്ങൾ ഇവർ ചെയ്താലും അക്കൂട്ടർ അതുകൊണ്ടൊന്നും തൃപ്തിപ്പെടുന്നില്ല എന്നുള്ളതാണു് ഇതിലെല്ലാമതിശയം. യാതനയുടെ പേരിൽ തിരുവിതാംകൂറിൽ ഇന്നു് അനവധി ആളുകൾ മുതലെടുക്കാൻ ശ്രമിക്കുന്നുണ്ടു്. കുറെപ്പേർ മുതലെടുത്തിട്ടുമുണ്ടു്. കോൺഗ്രസിനുവേണ്ടി പലരും പ്രവർത്തിച്ചിട്ടുമുണ്ടു്, പ്രയത്നിച്ചിട്ടുമുണ്ടു്. എന്നാൽ ആ കൂട്ടരല്ലാ ഇന്നു പ്രധാനമായി യാതനാ ഫലം വാങ്ങാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നതു്. ഇന്നത്തെ മന്ത്രിസഭയ്ക്കു് അവരുടെ സ്ഥാനത്തു് തുടർന്നുകൊണ്ടു പോകണമെങ്കിൽ ചിലരുടെ സഹായം അത്യാവശ്യമാണു്. ആ സഹായത്തിനു വേണ്ടി ആ കൂട്ടർക്കും അവരുടെ ബന്ധുക്കൾക്കും ഇനി യാതനയുടെ പേരിൽ ചിലതു നൽകേണ്ടി വന്നിരിക്കുകയാണു്. ഇന്നത്തെ മന്ത്രിസഭാ കൂട്ടുകെട്ടുകാർ വല്ല നന്മയും നാട്ടുകാർക്കു ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അവരെ അനുമോദിക്കുന്നതിനു നാട്ടുകാർ തയ്യാറാകുമായിരുന്നു. നാട്ടുകാർക്കായി യാതൊരു നന്മയും ചെയ്യാനുള്ള സമയം അവർക്കു് ഇതുവരെ കിട്ടിയിട്ടില്ല. മന്ത്രിസ്ഥാനത്തുനിന്നും ഒഴിഞ്ഞുപോയ ഒരു മാന്യനോടു്, ഞാൻ ഒരവസരത്തിൽ പറയുകയുണ്ടായി, "നാട്ടിൽ ജനകീയഭരണം ശരിയായവിധത്തിൽ നടക്കണമെങ്കിൽ മന്ത്രിമാരിൽനിന്നോ മന്ത്രിസഭാ ഗ്രൂപ്പിൽനിന്നോ യാതൊരു വിധത്തിലുമുള്ള കൈകടത്തൽ ഡിപ്പാർട്ടുമെന്റു കാര്യങ്ങളിൽ പാടില്ലെന്നും, ജനങ്ങളുടെ പൌരസ്വാതന്ത്ര്യാവകാശങ്ങളിൽ കൈകടത്തിയാൽ ജനകീയ ഭരണത്തിനു പകരം വേറെ വല്ല തരത്തിലുമുള്ള ഭരണമായിരിക്കും നാട്ടിൽ ഉണ്ടാകുന്നതെന്നു് നല്ലതിൻവണ്ണം ഓർമ്മിക്കണമെന്നും" ഞാൻ ഒരവസരത്തിൽ പറയുകയുണ്ടായി. അപ്പോൾ അതു് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. സൽഭരണം വേണമെന്നാഗ്രഹിക്കുന്നവർ പാർട്ടിയിലുള്ളവരെ എല്ലാവരേയും തൃപ്തിപ്പെടുത്താൻ ശ്രമിക്കരുതു്. ഇന്നു് പാർട്ടി അംഗങ്ങളെ ന്യായരഹിതമായ മാർഗ്ഗങ്ങളിൽക്കൂടിയെങ്കിലും തൃപ്തിപ്പെടുത്താതെ രാജ്യം അവർക്കു ഭരിച്ചുകൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത ഒരു നിലയിൽ എത്തിച്ചേർന്നിരിക്കുകയാണു്. ആ സ്ഥിതിക്കു ഇന്നത്തെ മന്ത്രിസഭ ഏതുരൂപത്തിൽ കഴിച്ചുകൂട്ടുവാൻ പോകുന്നു എന്നു മനസ്സിലാകുന്നില്ല. ഇപ്പോൾ തന്നെ കാര്യനിർവ്വഹണത്തിനു പലതരത്തിലുള്ള കാലവിളംബവും നേരിടുന്നു. ഡിപ്പാർട്ടുമെന്റൽ തീരുമാനങ്ങളിന്മേൽ ഉണ്ടാകുന്ന അപ്പീൽ കേസുകൾ മന്ത്രിമാരാണു് കേൾക്കേണ്ടതു്. എന്നാൽ അത്തരം കേസുകൾ അവർ കേൾക്കുന്നി

[Sri. Ponnara G. Sreedhar]

ല്ലന്ന മാത്രവുമല്ല അവരുടെ താഴെയുള്ള സെക്രട്ടറിമാക്ക് അപ്പീൽ കേട്ട് തീരുമാനിക്കുന്നതിനുള്ള അവശ്യം അധികാരം വിട്ടുകൊടുക്കുന്നുമില്ല. എനിക്കു അപേക്ഷയുള്ളതു്, ഇത്തരം കേസുകൾ മേലാലെങ്കിലും കാലതാമസം ഉണ്ടാകാനിടയാക്കാതെ മന്ത്രിമാർ തന്നെ കേൾക്കുകയോ അല്ലെങ്കിൽ ആ വകുപ്പ് സെക്രട്ടറിക്ക് അതിനുള്ള അവസാന തീരുമാനം ചെയ്യാനുള്ള അധികാരം കൊടുക്കുകയോ ചെയ്യേണമെന്നാണ്. പല അത്യാവശ്യങ്ങളും പ്രമാണിച്ചു കൊടുക്കപ്പെടുന്ന ഹർജികൾതന്നെയും ശരിയായ വിധത്തിൽ അന്വേഷിക്കപ്പെടുന്നില്ല, ഈവിധ അനാശാസ്യ പ്രവൃത്തികൾ തുടരുകയാണെങ്കിൽ പൊതുജനങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ളതു കൂടാതെ കൂടുതൽ നഷ്ടത്തിനും കഷ്ടതയ്ക്കും ഇടയാകുമെന്നുള്ളതുകൂടി ഈയവസരത്തിൽ ഞാൻ ഗവമെൻറിനെ അറിയിച്ചുകൊള്ളുന്നു.

Sri. K. P. Nilakanta Pillai: Sir, I move:

"To reduce the allotment of Rs. 1,84,400 for Ministers by Rs. 72,200".

The figure is not very material. My object in sending this motion is to express my opinion on the Government represented by a Cabinet of Ministers.

Mr. Speaker: The motion is for substantial reduction. In such cases, the mover of the motion has to justify how that cut is to be effected without affecting the usefulness of the Department.

Sri. K. P. Nilakanta Pillai: The motion is for reduction of Rs. 72,200. We do not want these ministers. If the motion is carried the Ministers will be there without remuneration. To put it in blank language, we have lost confidence in the Government; we have lost confidence in responsible government and the country has lost confidence in responsible government as it is worked out in this State. I may not have time to deal with all the aspects to be presented before the House but I will begin with what I wanted to say last. Mr. Amery, while moving a censure motion on Prime Minister, Chamberlain, quoted Cromwell's imperious words to the Long Parliament "You have sat too long here for any good you have been doing. Depart, I say and let us have done with you; in the name of God go". This is the quotation that I will use on this occasion.

Sir, what has happened? In Rule 31 it is stated that a Minister who has resigned has to make a statement. After the resignation of the second ministry, this part of the House expected a statement. Of course, the Speaker ruled that the Ministers may make a statement and that nobody can compel them to make a statement. The Chair is helpless. But we are not helpless. It is their duty to tell us why they resigned. It is a sneaky way of doing things. It is an irresponsible way of doing things. We have asked them to let us know what led to their resignation. We have a right to know that. We are taxed and the tax is enhanced at every session of the Assembly and the Ministers are paid out of it too. But these Ministers will not say why they resigned, why they formed a new ministry, under what circumstances the two previous ministers came to the present ministry. Have we not a right to know that? It is not left to their pleasure to tell us. If there is any iota of responsibility left in the Ministers, if they know what joint responsibility is, if they have functioned with joint responsibility, they should have volunteered the information to the House. Now I give them another opportunity. I ask you, the Chief Minister; "you have nothing to do with the previous ministry and its actions. Here is an opportunity for you to tell us why the previous ministry resigned, why you accepted the Chief Minister's place, how you took as your colleagues two members of the previous ministry. I tell you to your very face: "you are not going to serve the interests of the country; you are only going to serve the

clique that is working in this country to ruin it." We are just now realising the fruits of integration. We have raised our voice against the constitutional integration. The ministry which resigned was responsible for it. Whether legal or illegal, constitutional or unconstitutional, they went on with integration. And they were undermining the very constitution of the State by dancing to the tune of the Central Government.

There is something wrong in the State of Denmark. There is something wrong with the present ministry. Mr. V. P. Menon has come. Why has he come? Mr. Gautam has come. Of course, he can come; he has freedom of movement. But what has Mr. V. P. Menon to do with it here? Is he the ministry-maker in this State? Do you realise the effect of frequent changes in a one-party government? What are your reasons? Why a one-party ministry is formed and the ministry is changed frequently? Have you heard of that happening in any country where responsible government is working? There is something wrong in this State. The country believes in Miss. Mascrene's speech. Mr. Chacko was just now been giving us a sermon giving all sorts of scandals about the ministers. Member after member was speaking like that. But Miss Mascrene, an Ex-Minister, said that this ministry is corrupt and some of the ministers in the present ministery have something to do with that corruption. Is it untrue or true ? I believe it is true and the country believes it is true, and the members believe it is true. Who said the ministry is corrupt, the ministers ask. Is there any statement given by them. Therefore, what is the reason for Mr. Chacko giving the straightforward plea that the ministry is corrupt as a whole ? What is the reason for the resignation of the Chief Minister ? People believe that they are corrupt. Therefore why not say the true facts. On account of their silence what has come out? Law and order in the State is in peril; life and property is in peril. There is one—party government composed of bottomless self-seeking individuals.

Mr. Speaker: Is the hon'ble Member prepared to withdraw the term "bottomless self-seeking individuals"?

Sri. K. P. Nilakanta Pillai: I withdraw that term. According to the ruling I withdraw that statement, Sir.

Sri. P. Balakrishnan Tampi: "bottomless"—is it a nautical way of putting the idea?

Mr. Speaker: The Member may put his own interpretation on the expression or seek elucidation by reference to other available sources.

Sri. K. P. Nilakanta Pillai: I was just referring to the state of law and order in this State. A member has already made a statement in this House that the previous ministry has been interfering with judiciary even. By nepotism and favouritism, they are not only interfering with the judiciary but also with the police. Many a responsible officer of police has told me that it is impossible to carry on the police administration when these irresponsible ministers continue to function as ministers. If police administration could not be carried on, if law and order could not be preserved, what is the meaning of a ministry functioning and administering? That is the elementary thing that the people expect in return for the tax they pay. I put a question. Apart from the Police Department, there is the civil secretariat. I put an interpellation to the Chief Minister on 1st January 1949 (Question No. 50) for a list of acting persons in the Secretariat of Cochin and of Travancore at the time of integration. The answer is that the time and labour involved in the preparation of the answer is out of proportion to the utility. Could such an irresponsible answer be given to a responsible Assembly! We want to know how many acting-hands are there in the Cochin and Travancore Secretariats These ministers

[Sri. K. P. Neelakanta Pillai]

are shy of answering. They do not want honesty; they want to do things according to their fancies. And the foundation is nepotism and favouritism. They do not want the members of this House to know the number of of persons in Cochin and in Travancore with the result that the Cochin service as well as the Travancore service are completely discontent. With a discontent civil service, how can these ministers carry on? Therefore, the second ministry has crashed, and the third ministry is being moulded. Whatever it be, if the ministry is going to be formed out of these elements, the country is not going to be benefited. Therefore in the name of God go.

Mr. Speaker: The next motion standing in the name of Mr. Krishnan Sartri is not admissible as it refers to charged items. The minister may now reply.

ശ്രീ. സി. കേശവൻ: ഗവമ്മെണ്ടിന്റെ ചെയ്തികളെ എത്രത്തോളം ആക്ഷേപിക്കാമോ അത്രത്തോളം ആക്ഷേപിക്കുന്നതിനു സർവ്വസ്വാതന്ത്ര്യമുള്ള ഒരു അസംബ്ലിയിൽനിന്നും എതിർപക്ഷ കക്ഷികളുടെ വാദകോലാഹലങ്ങളും പോർവിളികളും ഇങ്ങിനെ ഉണ്ടാകുന്നതിൽ എനിക്കു് യാതൊരത്ഭുതവും തോന്നുന്നില്ല. നാം ഡെമോക്രസിയുടെ കാലത്തു് ജീവിക്കുന്നവരാണു്, ഡെമോക്രസി പഠിച്ചു് പാഠങ്ങൾ നല്ലവണ്ണം മനസ്സിലാക്കി അതിലെ തത്വചിന്തകൾ അതനുസരിച്ചു നടപ്പിൽ വരുത്താതെ അതായതു് അതിലെ പ്രയോഗജ്ഞാനം ലേശമില്ലാത്തവർ ഡെമോക്രസിയെ ആക്ഷേപിക്കത്തക്കവണ്ണം ഡെമോക്രസിയുടെ അവകാശങ്ങൾ മാത്രം മുമ്പിൽവച്ചുകൊണ്ടു്, അതിന്റെ ചുമതല വൈഷമ്യങ്ങൾ ഇവ മനസ്സിലാക്കാൻ തയാറാകാതെ ഉള്ള ഒരു അന്തരാളകാലത്തു് ജീവിക്കുന്നവരാണു് നാം എന്നു് ഈ നിരൂപണങ്ങൾകൊണ്ടു മനസ്സിലാക്കുന്നതിനു് വൈഷമ്യമില്ല. ശ്രീമാൻ വേലായുധൻനായർ അവർകളുടെ നിരൂപണത്തിന്റെ തുടക്കം തന്നെ കുറെ അധികം കാറുകൾ വാങ്ങിയിട്ടു് അതിഥികളെ സല്ക്കരിക്കുന്നു എന്നതാണു്. അദ്ദേഹം ഒരു കുഡുംബസ്ഥനാണു്. കുഡുംബസ്ഥനാകുമ്പോൾ ആതിഥ്യം അത്യാവശ്യമാണു്. ഒരു സ്റ്റേററിന്റേയും സമൂഹത്തിന്റേയും മററം അന്തസ്സു് അതാതിന്റെ തോതനുസരിച്ചു് ആരും പാലിക്കേണ്ടിവരുന്നതു് സ്വാഭാവികമാണു്. തിരുവിതാംകൂർ സ്റ്റേററു് മാത്രമായിരുന്നപ്പോഴും പിന്നീടു് ഇപ്പോൾ കൊച്ചിയും കൂടി സംയോജിക്കപ്പെട്ട സ്റ്റേററു് ആയിരിക്കുമ്പോഴും ഇതുമാതിരിയുള്ള അന്തസ്സു് പാലിച്ചു വന്നിരുന്നതും ആണെന്നുള്ള സംഗതി ഞാൻ പ്രത്യേകിച്ചു പറയേണമെന്നില്ലല്ലോ. അവരവരുടെ അന്തസ്സിനു തക്കവണ്ണം പൊതുജനങ്ങളോടും പുറത്തുള്ള ആളുകളോടും കാണിക്കേണ്ട ചില ഉപചാരങ്ങളും ഔപചാരിക പ്രവത്തനങ്ങളും ആവശ്യമാണു്. ഇതിൽ മി. വേലായുധൻ നായർ സംശയിക്കുമെന്നു തോന്നുന്നില്ല.

Sri. A. Chidambaranatha Nadar: Is it the policy of the Government to entertain cinema stars as State guests?

ശ്രീ. സി. കേശവൻ: സിനിമാ സ്റ്റാഴ്സ് സ്റ്റേററു ഗസ്റ്റു് ആക്കത്തക്കവണ്ണം മാന്യതയുള്ളവരാണെങ്കിൽ അവരെ സ്റ്റേററു ഗസ്റ്റാക്കാം. സിനിമാ സ്റ്റാർ ഒരു ലോകപ്രസിദ്ധനായ ആളായെന്നുവരും. ഈയിടെ റഷ്യയിൽനിന്നു വന്ന ഒരു സിനിമാ സ്റ്റാറിനു് വലിയ ഒരു സ്വീകരണമാണു ഇൻഡ്യയിൽ ലഭിക്കുന്നതിനു ഇടയായതു്. അതിൽനിന്നും ആളാരായാലും ബഹുമാന്യനാണോ, സ്വീകരിച്ചു സല്ക്കരിക്കേണ്ടവനാണോ എന്നു മാത്രമേ നോക്കേണ്ടതുള്ളൂ. തിരുവിതാംകൂർ സ്റ്റേററിൽ ഫൻർവ്യ-ൽ ഗസ്റ്റു് ഡിപ്പാർട്ടുമെണ്ടിലേക്കു് കൊള്ളിച്ചിരുന്ന തുക നു ലക്ഷത്തിൽ ചില്വാനമാണു്. അതിൽ വളരെ കുറവായ ഒരു തുകയാണു

ഇപ്പോൾ കൊള്ളിച്ചിട്ടുള്ളതു്. അതിൽനിന്നും ഇന്നത്തെ ജനകീയ ഗവൺമെണ്ട് കുടുംബത്തിന്റെ അന്തസ്സു പാലിക്കാനായി ചുരുങ്ങിയ തോതിൽ മാത്രമേ പണം ചിലവാക്കുന്നുള്ളു എന്നു കാണാം. നമുക്കും കുറച്ചു് അന്തസ്സ് പാലിക്കണമെന്നുള്ളതിൽ എതിരഭിപ്രായമുള്ളവർ കാണുമെന്നു തോന്നുന്നില്ല. വിശിഷ്ടാതിഥികളായി ഈ രാജ്യത്തു വരുന്നവർക്കു് യാത്രചെയ്യാനുള്ള സൗകര്യവും സുഖമായി ഭക്ഷണം കഴിക്കാനുള്ള സൗകര്യവും കൊടുക്കാതിരിക്കുന്നതു് രാജ്യത്തിന്റെ അന്തസ്സിനു് തീരെ പററിയതല്ല. അതു കരുതിയാണു ഇന്നത്തെ ഗവൺമെൻറു് അത്യാവശ്യമുള്ള തുകകൾ ഇതിലേക്കു ചിലവഴിക്കുന്നതു്. ഗസ്റ്റ് ഡിപ്പാർട്ടുമെണ്ടിന്റെ ആവശ്യത്തിലേക്കായി കാറുകൾ വാടകക്കു് എടുക്കുന്നില്ല. കൊച്ചി ഗവൺമെണ്ടിന്റെ വകയായുണ്ടായിരുന്നതും ഈ ഗവൺമെണ്ടിന്റെ വകയായുണ്ടായിരുന്നതും കൂടി ഇപ്പോൾ ആവശ്യത്തിനു മതിയാകത്തക്കതരത്തിലുള്ള കാറുകൾ ഉണ്ടു്.

Sri. P. S. Nataraja Pillai: May I know whether Government are aware that the institutions maintained by this department are steadily deteriorating—especially the one at the Cape?

ശ്രീ. സി. കേശവൻ: ഞാൻതന്നെ കേപ്പ് ഹോട്ടലിൽ താമസിച്ചിട്ടുണ്ടു്. എന്നിട്ടും എനിക്കു് അപ്രകാരമാണെന്നു തോന്നിയില്ല. നല്ല ഡീസൻറായ ആളുകൾക്കു് താമസിക്കത്തക്ക തരത്തിൽ അവിടെ ശുചിത്വവും ശുചിയായ ആഹാരവും ഉണ്ടെന്നാണു എന്റെ അറിവു്.

Sri. P. S. Nataraja Pillai: On a matter of personal explanation, Sir. A comparison between 1950 and '51 is so patent. When officers and Ministers visit, the state of affairs will be different.

ശ്രീ. സി കേശവൻ: കെട്ടിടം നന്നാക്കുന്നതുംമററും മിനിസ്റ്റർ ചെല്ലുന്നതുകൊണ്ടായിരിക്കയില്ല.

എനിക്കു് അനുവദിച്ചിട്ടുള്ള സമയം വളരെ പരിമിതമാണു്. ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്കെല്ലാം സമാധാനം നൽകുന്നതിനു വളരെ സമയം വേണ്ടിവരും.

ശ്രീ. കൃഷ്ണൻശാസ്ത്രി ഹരിജനങ്ങളുടെ കാര്യത്തെപ്പററി സംസാരിച്ചതിനു മറുപടിയായി എനിക്കു പറയാനുള്ളതു് ഹരിജനങ്ങൾക്കു് ഈ രാജ്യത്തു് എന്തെങ്കിലും ഗുണം ഉണ്ടാകുന്നോ എന്നും അവരുടെ താല്പര്യങ്ങൾ ഗവൺമെണ്ട് സംരക്ഷിക്കുന്നുണ്ടോ എന്നും നോക്കുന്നതു് അവരുടെ വിഭാഗത്തിൽപ്പെട്ട ഒരു മന്ത്രിയുണ്ടോ എന്നു നോക്കിയിട്ടല്ല എന്നാണു്. അവരുടെ സാമ്പത്തിക നില നന്നാക്കുന്നതിനു ഈ ഗവൺമെണ്ട് ഇന്നു ചിലവു ചെയ്തുകൊണ്ടിരിക്കുന്ന സംഖ്യ അടുത്ത പത്തുകൊല്ലം ചിലവഴിക്കുമെങ്കിൽ അവരുടെ ഇപ്പോഴുള്ള അധഃപ്പതനം നീങ്ങി മററുള്ളവരോടൊപ്പം ആയിത്തീരും. മന്ത്രിയാക്കുകയെന്നു പറഞ്ഞാൽ ലീഡറായി തെരഞ്ഞെടുക്കുന്ന ആളിനോടു സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ലീഡർ തെരഞ്ഞെടുക്കുക എന്നുള്ളതാണു്. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർ ചിലപ്പോൾ വളരെ മിടുക്കന്മാരും മററു ചിലപ്പോൾ മോശക്കാരും ആയിരിക്കാം. അതു് ഏതായാലും മററുള്ളവർ ഇടപെടേണ്ട ഒരു കാര്യമല്ല. എന്റെ സമുദായത്തിൽനിന്നും മന്ത്രിയെ എടുത്തിട്ടില്ല എന്നു എല്ലാവരും പറഞ്ഞുതുടങ്ങിയാൽ അതു് പരിഹരിക്കാൻ ഈ നിയമസഭയിലുള്ള എല്ലാവരേയും മന്ത്രിയാക്കേണ്ടിവരും. ഇവിടത്തെ ഭരണരീതിയും മന്ത്രിസഭയുടെ പെരുമാററവും എല്ലാംതന്നെ ആശാസ്യവും അഭിനന്ദനാർഹവും അഭിലഷണീയവും അല്ലെന്നെല്ലാം സൂചിപ്പിച്ചു് ശ്രീ. നടരാജപിള്ള കുറെയധികം കാര്യങ്ങൾ ഇവിടെ

[Sri. C. Kesavan]

സംസാരിച്ചു. അതിനു മറുപടിയായി എനിക്കദ്ദേഹത്തിനോടു പറയാനുള്ളതു സംയോജനത്തിനുശേഷം ഇവിടെ ഉണ്ടായിട്ടുള്ള ഒരു ഗവമ്മെണ്ടിന് ഇവിടെയുള്ള എല്ലാം പ്രശ്നങ്ങളും പരിഹരിച്ച് കാര്യങ്ങൾ ശരിയാക്കുന്നതിനുള്ള സമയം കിട്ടാതിരുന്നതുകൊണ്ട് ഇവിടെ സ്വല്പം അസൗകര്യവും അസുഖവും ഉണ്ടായിട്ടുണ്ടെന്നു മാത്രമാണ്. ഒരു പാർട്ടിയുടെ ഭരണത്തിൽ ആ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന അഭിപ്രായ ഭിന്നതകളും കോളിളക്കങ്ങളും നിയമസഭയിലെ പ്രസംഗങ്ങളിൽ വാദവിഷയമാക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അത്തരത്തിലുള്ള നിരൂപണങ്ങൾ ഈ അന്തരാളകാലത്തിൽ ഉണ്ടാകുന്നതു വളരെ ക്ലേശകരമാണ്. അത്തരത്തിലുള്ള നിരൂപണങ്ങൾ സുഖമായും സൗകര്യമായും സ്വൈരമായും ഒരു കാര്യവും നടത്താനുള്ള സൗകര്യം കൊടുക്കാതെ ഉപദ്രവിക്കുന്നതിനു മാത്രമേ പര്യാപ്തമാകൂ എന്നാണു എന്റെ വിശ്വാസം. മിനിസ്ട്രി സ്റ്റേബിൾ അല്ലെന്നുവരാം. പാർട്ടിയിലുള്ള ഭൂരിപക്ഷം ആളുകളുടെ അഭിപ്രായമനുസരിച്ച് മിനിസ്ട്രി ഉണ്ടായി എന്നുവരാം. ചില്ലറക്കാര്യങ്ങൾകൊണ്ടു പാർട്ടിയിൽ ഭിന്നാഭിപ്രായമുണ്ടായി മിനിസ്ട്രി പൊളിഞ്ഞുപോയി എന്നുവരാം. അതേ സമാനത്ത് വേറെ മിനിസ്ട്രി വന്നുവെന്നുംവരാം. ഇതെല്ലാം ഡെമോക്രസിയിൽ വരുന്ന സംഗതികളാണ്. ഞാൻ വായിച്ചിട്ടുള്ളിടത്തോളം എന്റെ അറിവിൽനിന്നു പറയുകയാണെങ്കിൽ പ്രധാനമന്ത്രിയായിരിക്കുന്ന ആൾ ഉപമന്ത്രിയാവുകയും പുറത്തുള്ള മന്ത്രിമാർ പ്രധാനമന്ത്രിയാകയുമൊക്കെ ഇടക്കാലങ്ങളിൽ വരുമെന്നാണു തോന്നുന്നത്. എന്നാൽ മിനിസ്ട്രിക്കളി എന്നു പറയുന്നതിൽ വളരെ സങ്കടമുണ്ട്. നാം നാടകമല്ല കളിക്കുന്നത്. ഡെമോക്രസിയുടെ ശൈശവാവസ്ഥയിലാണു നാം നില്ക്കുന്നത്. വളരെ പാകതവന്ന ബുദ്ധിമാന്മാരായ മെമ്പറന്മാർക്ക് കളിയാണെന്നുതോന്നും. വളരെ ഗൗരവത്തോടുകൂടിയാണു ഇതു കൈകാര്യം ചെയ്യുന്നതെന്നുള്ളത് ആ ബഹുമാനപ്പെട്ട മെമ്പറന്മാരോട് പറയാതിരിക്കാൻ നിവൃത്തിയില്ല. പല മെമ്പറന്മാരും പറയുകയുണ്ടായി മിനിസ്ട്രി കറപ്റ്ററാണെന്ന്. ഉത്തരവാദിത്വമുണ്ടെന്നു വിചാരിക്കുന്ന ഒരു പാർട്ടിമെമ്പർ ഒരു യോഗത്തിൽ കയറി ഒരു പ്രസംഗം ചെയ്തു. അതിനെ തുടന്ന് തിരുവിതാംകൂറിലെ ചില പത്രങ്ങൾ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി തുടങ്ങി. ആ പ്രസംഗത്തിനാസ്പദമായ മിനിസ്റ്റർതന്നെ ഒരു കത്തെഴുതി അദ്ദേഹത്തിനുണ്ടായിരുന്ന സകല ഏർപ്പാടുകളും ബഹുജനങ്ങളുടെ മുമ്പിൽ വയ്ക്കുകയുണ്ടായി. കൈക്കൂലി വാങ്ങിയെന്നുള്ള പ്രസ്താവന പത്രങ്ങളിൽ പരസ്യം ചെയ്തുകണ്ടുകൊണ്ട് ശരിയല്ലെന്നു മനസ്സിലാക്കാനും വിശ്വസിക്കാനും ഇടയുണ്ടെന്നു വിശ്വസിക്കുകയുണ്ടായി. പിന്നെ ആവശ്യമില്ലാതെ ചെയ്ത ആരോപണങ്ങൾക്ക് പരിഹാരം നേടേണ്ടതു് അതിനാസ്പദമായ വ്യക്തിയുടെ ആവശ്യമാണ്. അതുകൊണ്ടുതന്നെയാണ് ആ വ്യക്തി മന്ത്രിസഭയിൽനിന്നും പോയതും. തന്റെ ഓണർ വിൻഡിക്കേററ് ചെയ്യുന്നതിനാണ് അദ്ദേഹം മന്ത്രിസഭയിൽനിന്നും പോയിരിക്കുന്നത്.

തിരുവിതാംകൂർ-കൊച്ചിയിലെ സർവ്വീസിൽ ഇൻഡ്യാ ഗവമ്മെണ്ടു് കൈകടത്തുന്നതിനുള്ള സെക്ഷൻ ൩൭൧ ഉപയോഗിക്കുന്നു എന്നുള്ള അർത്ഥംവരത്തക്കവണ്ണം എന്റെ മാന്യ സ്നേഹിതൻ ശ്രീ. നടരാജപിള്ള ഇവിടെ പ്രസ്താവിക്കുകയുണ്ടായി. നാം ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷന് വിധേയമാണ്. കാൺസ്റ്റിറ്റ്യൂഷൻ നിർമ്മിച്ച നിർമ്മാതാക്കളുടെ കൂട്ടത്തിൽ ഒരാളായിരുന്നു എന്റെ മാന്യ സ്നേഹിതനും. അതിൽ ൩൭൧-ാം വകുപ്പനുസരിച്ച് പാർട്ട് ബി. സ്റ്റേറ്റുകളെ സംബന്ധിച്ച് ഇൻഡ്യാ ഗവമ്മെണ്ടിന് ൧൦ കൊല്ലത്തേക്ക് ആവശ്യമുണ്ടെങ്കിൽ നിയന്ത്രണാധികാരം ഉപയോഗിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്.

തിരുവിതാംകൂറിനെപ്പററി വ്യത്യസ്തമായ ഒരു നില സ്വീകരിക്കുകയില്ല. ആ അധികാരം എടുക്കുകയില്ലെന്നു നിയമസഭയിൽ പറഞ്ഞിട്ടുള്ളതായി ഒരു സ്റ്റേറ്റുമെൻറുണ്ടു്. തിരുവിതാംകൂർ-കൊച്ചി, മൈസൂർ ഈ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് നിയന്ത്രണം ബാധകമാണു്. കേന്ദ്രഗവമ്മെണ്ടു് അധികാരം മുഴുവൻ എടുത്തു് ഘടകങ്ങളെ ശക്തിഹീനമാക്കുന്നു എന്നു കുററം പറയാം. എന്നാൽ സെൻട്രൽ ഗവമ്മെണ്ടിനെ നിയന്ത്രിക്കുന്നതു് നമ്മുടേയുംകൂടി പ്രാതിനിദ്ധ്യമുള്ള ഒരു മന്ത്രിസഭയാണെന്നു നാം ഓക്കേണ്ടതാണു്.

<u>ശ്രീ. എ. താണുപിള്ള:</u> ൩൭൧-ാം വകുപ്പിൽനിന്നു തിരുവിതാംകൂർ-കൊച്ചി, മൈസൂർ എന്നീ സ്റ്റേറ്റുകളെ ഒഴിവാക്കുന്നതിനെപ്പററി പര്യാലോചിക്കാമെന്നു സർദാർ പട്ടേൽ പാർലിമെൻറിൽ പ്രസ്താവിച്ചതു സംബന്ധിച്ചു് ഈ ഗവമ്മെണ്ടു് എന്തെങ്കിലും എഴുത്തുകുത്തു നടത്തിയിട്ടുണ്ടോ?

<u>ശ്രീ. സി. കേശവൻ:</u> എഴുത്തുകുത്തു നടത്തിയിട്ടുണ്ടു്.

<u>ശ്രീ. എ. താണുപിള്ള:</u> അതിൻെറ ഫലമെന്താണു്?

<u>ശ്രീ. സി. കേശവൻ:</u> അതിൻെറ ഫലമാണു മെമ്മോറാണ്ടം വന്നിട്ടുള്ളതു്. ഇങ്ങനെയുള്ള റെപ്രസൻേറഷൻ ഒന്നും അവർ കാര്യമാക്കാറില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം ഈ നിയന്ത്രണം വേണമെന്നു സെൻട്രൽ ഗവമ്മെണ്ടു വിശ്വസിക്കുന്നു എന്നാണു നാം മനസ്സിലാക്കേണ്ടതു്. പാർലിമെൻറിൽ പറഞ്ഞിട്ടുള്ളതിനു പുറമെ തുടരെത്തുടരെയുള്ള നിവേദനങ്ങൾ നടത്തിയിട്ടും അതിൽനിന്നും മാറി നിയന്ത്രണാധികാരം എടുക്കുകയാണു ചെയ്തിട്ടുള്ളതു്. ഇവിടെ ആരേയും അതിനു കുററം പറയേണ്ട കാര്യമില്ല. സെൻട്രൽ ഗവമ്മെണ്ടു പാർലിമെൻറുമായി ആലോചിച്ചതിൽ സ്റ്റേററ്സിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു നിയന്ത്രണം നല്ലതാണെന്നും ഈ കാലഘട്ടത്തിൽ നിയന്ത്രണമില്ലാത്ത പക്ഷം ഇൻഡ്യാ രാജ്യവും ഇൻഡ്യൻ ജനതയും എന്നന്നേക്കുമായി കെട്ടഴിഞ്ഞു നാനാവിധമായിപ്പോകുമെന്നും നമ്മുടെ പ്രതിനിധികളും കൂടിയുള്ള പാർലിമെൻറു് തീരുമാനിച്ചുവെന്നാണു് നാം മനസ്സിലാക്കേണ്ടതു്.

ഇവിടെ ഉന്നയിച്ച അഭിപ്രായങ്ങൾക്കു മുഴുവൻ മറുപടി പറയണമെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള വളരെ ഉജ്ജ്വലമായി ഒരു പ്രഭാഷണം ചെയ്തതിനു പ്രത്യേകം ഒരു മറുപടി പറയണമെന്നു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ സമയമില്ലാതെ വന്നതുകൊണ്ടു് ഞാൻ അതിൽ ഖേദിക്കുകയാണു ചെയ്യുന്നതു്. ഈ ധനാഭ്യർത്ഥനയെ എല്ലാവരും അനുകൂലിച്ചു് വോട്ടു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: I shall put to vote the cut motions, one after the other, in the order in which they were moved.

Motions moved by Sri Kalathil Velayudhan Nair, Sri. P. K. Krishnan Sastri, Sri. P. S. Nataraja Pillai, and Sri. K. P. Nilakanta Pillai were put and lost.

The question that Government be granted a sum of Rs. 22,55,600 under Demand IX—Heads of States, Ministers and Headquarters Staff—was put and carried.

The demand was passed and the grant was made.

Demand XV—Police

Chief Minister (**Sri. C. Kesavan**): Sir, I move that a sum of Rs. 70,08,700 be granted under Demand XV—Police.

Minister for Law, Finance and Revenue (**Sri. A. J. John**): I second the motion.

Sri. P. K. Krishnan Sastri: Sir, I move:

"To omit the allotment of Rs. 17,400 for Pay of Officers by Re. 1."

മഹാത്മാഗാന്ധി തുടങ്ങിയ അഭിമാന്യ നേതാക്കന്മാരുടേയും മററും പ്രശംസയ്ക്കു് പാത്രീഭൂതരായ തിരുവിതാംകൂർ-കൊച്ചി പോലീസിനെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്തു കേൾക്കുവാനിടയായിട്ടുള്ള നിർഭാഗ്യകരങ്ങളായ സംഭവവികാസങ്ങളെ സംബന്ധിച്ചു ചിലതു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

സർ, സംസ്കാരസമ്പന്നനും സത്യസന്ധനും സർവ്വോപരി ഈശ്വരഭക്തനുമായ ഒരു വ്യക്തിയാണു് ഈ ഡിപ്പാർട്ടുമെൻറിൽ നമുക്കു ലഭിച്ചിട്ടുള്ളതു്. ഇദ്ദേഹത്തിൻെറ ഭരണം സാധാരണ ജനങ്ങൾക്കു് ഏററവും സഹായകരമായിത്തീർന്നിട്ടുണ്ടെന്നു് പറയുന്നതിനെനിക്കു സന്തോഷമുണ്ടു്. എന്നാൽ ഈ അടുത്ത കാലത്തു അദ്ദേഹത്തിൻെറ കീഴ്സിൽബന്തികളുടെ പ്രവർത്തനങ്ങൾ ആ ഡിപ്പാർട്ടുമെൻറിൻെറ സൽപേരിനെ കളങ്കപ്പെടുത്താൻ പര്യാപ്തമായിട്ടുണ്ടെന്നുള്ളതു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഒരു കാലത്തു വളരെ സത്യസന്ധന്മാരും കൃത്യനിഷ്ഠയുള്ളവരുമായ പല പോലീസ് ഇൻസ്പെക്ടറന്മാരും ഉണ്ടായിരുന്നു. ഇന്നു് അവർപോലും പല കൂട്ടുകെട്ടുകളിലകപ്പെട്ടുപോയിട്ടുണ്ടു്. ഈ അടുത്തകാലത്തുതന്നെ ഒരു പോലീസ് ഇൻസ്പെക്ടരുമായി എനിക്കു ഇടപെടുവാനിടയായി. അദ്ദേഹത്തിൻെറ അടുത്തു ഒരു കേസിനെക്കുറിച്ചു് സംസാരിച്ചതിൽ അദ്ദേഹം എന്നോടു് നേരിട്ടു സംസാരിച്ചതു്, ആ കേസിലെ കുററക്കാരെ വെളിപ്പെടുത്തിക്കൊണ്ടുവരുമെന്നും ശരിയായ വിധത്തിൽ കേസെടുക്കുന്നതാണെന്നുമാണു്. എന്നാൽ അതേപ്പററി പിന്നീടു് ഒരന്വേഷണവും നടത്താതിരിക്കുകയാണു് ചെയ്തതു്. ഈ സംഗതി ഒരിക്കൽ ഞാൻ ഐ. ജി. അവർകളോടു് പറഞ്ഞപ്പോൾ ആ ഇൻസ്പെക്ടർ വളരെ കൃത്യമായി കാര്യങ്ങൾ അന്വേഷിക്കുന്ന ആളാണെന്നാണു് എന്നോടു പറഞ്ഞതു്. ഇന്നു ആ പോലീസ് ഇൻസ്പെക്ടർക്കു് യാതൊരു കാര്യവും നടത്തുവാനുള്ള കഴിവില്ല എന്നാണു് പരക്കെയുള്ള സംസാരം. പലകൂട്ടുകെട്ടുകളും അദ്ദേഹത്തെ വലയം ചെയ്തുപോയി എന്നാണു് എനിക്കു തോന്നുന്നതു്. ഇന്നു ഡിപ്പാർട്ടുമെൻറു് സിൽബന്തികൾ ഡിപ്പാർട്ടുമെൻറിനെ വളരെ മലിനമാക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഈ വസ്തുതയെപ്പററി ഐ. ജി. അവർകൾ ശരിയായവിധത്തിൽ അന്വേഷണം നടത്തേണ്ടതാവശ്യമായിത്തീർന്നിട്ടുണ്ടു് ഇന്നു ലാക്കപ്പുകളിൽവച്ചു് പലരും മരണം അടഞ്ഞിട്ടുള്ളതായും പലരേയും മർദ്ദിച്ചുവരുന്നതായും നാം അറിയുന്നുണ്ടു്. കോട്ടയത്തു് പോലീസ് നടത്തിയ ഒരു സംഭവത്തെപ്പററി ഇന്നത്തെ പത്രത്തിൽനിന്നും നമുക്കറിയുവാൻ കഴിഞ്ഞു. ഈമാതിരി സംഭവങ്ങൾ വളരെ അധികം ഉണ്ടാകുന്നതു് ഈ ഡിപ്പാർട്ടുമെൻറു് സിൽബന്തികളായ ഉദ്യോഗസ്ഥന്മാർമൂലമാണു്. ഈ കാര്യങ്ങളിൽ ശരിയായവിധത്തിൽ അവരെ നിയന്ത്രിക്കേണ്ടതു് ഡിപ്പാർട്ടുമെൻറിൻെറ ഒഴിച്ചുകൂടാൻപാടില്ലാത്ത കടമയാണെന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇതിനു് മുഖ്യമായ കാരണങ്ങളും ഇല്ലാതില്ല. പല പോലീസ് ഇൻസ്പെക്ടറന്മാരും സംസ്കാരസമ്പന്നരും വിദ്യാസമ്പന്നരും അല്ലാത്തുള്ളവരാണു്. ഈ അടുത്തകാലത്തു പോലീസ് ഇൻസ്പെക്ടറന്മാരുടെ

നിയമനത്തെ സംബന്ധിച്ചിടത്തോളം പല പരാതികളും ഉണ്ടായിട്ടുള്ളതായി കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. നിയമനക്കാര്യത്തിൽ ഐ. ജി. യേയും മററും പ്രേരിപ്പിച്ച് പലരേയും പോലീസ് ഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ടിട്ടുണ്ടെന്നു അറിയുവാൻ ഇടയായിട്ടുണ്ട്. അങ്ങിനെ നിയമിച്ചിട്ടുള്ളതിൻെറ ഫലമായിട്ടാണ് ഈ മാതിരി അനാശാസ്യസംഭവങ്ങൾക്ക് കാരണമായിട്ടുള്ളതു്. ഇതു പരിഹരിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്.

പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം പോലീസുകാർ അവരെ പലതരത്തിലും ഉപദ്രവിച്ചുവരുന്നുണ്ട്. കാര്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കാതെ അവരെ ഉപദ്രവിക്കുകയാണ്. ഒരുവനെ അവൻെറ മുതലാളി അല്ലെങ്കിൽ ജന്മി വേലയ്ക്കു വിളിച്ചാൽ പോയില്ലെങ്കിൽ കമ്മ്യൂണിസ്റ്റ് മുദ്രയടിച്ച് അവനെ ഉപദ്രവിക്കുക സാധാരണയാണ്. പാവപ്പെട്ട പലരേയും പോലീസധികാരികൾ സ്റ്റേഷനിൽ വരുത്തി പലപ്പോഴും ഉപദ്രവിച്ചുവരുന്നുണ്ട്. ഇങ്ങിനെയുള്ള പല സംഭവങ്ങളും ഞങ്ങൾക്ക് ഐ. ജി. യെ അറിയിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ അവസരത്തിൽ ആ മാതിരി സംഭവങ്ങൾ വളരെ കുറവാണ്. അതു ഐ. ജി. അവർകൾ മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണെന്നു വിശ്വസിക്കുന്നു. ഈ അവസരത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള പിന്നോക്ക സമുദായക്കാർക്ക് അവർ അർഹിക്കുന്ന പ്രമോഷൻ ലഭിക്കുന്നില്ല.

അതോടൊപ്പംതന്നെ റിക്രൂട്ടുമെൻറു നടത്തുന്ന വിഷയത്തിലും പിന്നോക്ക സമുദായക്കാരുടെ അപേക്ഷകൾ ഉണ്ടായിരുന്നാലും ഓരോ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞു ഉപേക്ഷിക്കുന്നതു് പതിവായി തീർന്നിട്ടുണ്ട്. അതുകൊണ്ട് അവശസമുദായക്കാർക്ക് വേണ്ട പ്രാതിനിധ്യങ്ങൾ ലഭിക്കത്തക്കവണ്ണം വേണ്ടതു യഥാവസരം ചെയ്യണമെന്നുള്ള കാര്യവും ഞാൻ ഗവമെൻറിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ഡിമാൻറിനെ സംബന്ധിച്ച് പൊതുവായി പറയുന്നതിനുമുമ്പ് ഇന്നു രാവിലെ ഞാൻ ഈ സഭയിൽ നോട്ടീസുകൊടുത്തിരുന്ന അടിയന്തിരപ്രമേയത്തിന് വിഷയമായിരിക്കുന്ന സംഗതിയിലേക്ക് സഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു ഉദ്ദേശിക്കുന്നു. ആ സംഭവത്തിൻെറ ഒരു ചുരുക്കം ഞാൻ പറയാം. മാർച്ച് ൧൨-ാംനു- പ്രഭാതത്തിൽ രണ്ടു റിസർവ്വ് പോലീസുകാരും അവരുടെ കൂട്ടുകാരായ മറെറതാനും റിസർവ്വ് പോലീസുകാരും ഏററുമാനൂരിനടുത്തു പേരൂർ എന്ന സ്ഥലത്തുള്ള കുളത്തിൽ കുളിച്ചുകൊണ്ടിരുന്നതായ യൂണിവേഴ്സിററി കാളേജ് ലക്ചററർ ഒരു ശ്രീ. ഗോപാലൻ നായരേയും അദ്ദേഹത്തിൻെറകൂടെ ഉണ്ടായിരുന്ന അദ്ദേഹത്തിൻെറ അനന്തിരവരായ രണ്ടു വിദ്യാർത്ഥികളേയും കഠിനമായി മർദ്ദിച്ചു. ശ്രീ. ഗോപാലൻ നായർക്ക് കഠിനമായ പരുക്കുകൾ പററി. കൂടെയുണ്ടായിരുന്ന വിദ്യാർത്ഥികൾക്കും അവശമായ നിലയിൽ മുറിവേൽക്കുകയുണ്ടായി. അതിനുശേഷം ആ പോലീസുകാർ അതിനടുത്തുള്ള ഒരു ക്രിസ്തീയവൈദികൻെറ താമസസ്ഥലത്തു കയറി അദ്ദേഹത്തിൻെറ നരച്ചമീശയിൽനിന്നും പലതും പിഴുതെടുത്തുകളഞ്ഞു. കൂടാതെ സമീപത്തുണ്ടായിരുന്ന മററുപല ആളുകളേയും മൃഗീയമായി മർദ്ദിക്കുകയുംചെയ്തു. പൊലീസുകാർക്ക് ഇങ്ങനെ ചെയ്യുന്നതിനു് പ്രേരകമായ പ്രകോപനകാരണങ്ങൾ എനിക്കു കിട്ടിയിരിക്കുന്ന അറിവുവച്ച് ഞാനൊന്നു വിശദീകരിക്കാം. ആ കുളത്തിൽ തലേദിവസം ഏതാനും പേർ കുളിച്ചുകൊണ്ടിരുന്നപ്പോൾ—

ശ്രീ. സി. കേശവൻ: കുളത്തിൽ കുളിച്ചുകൊണ്ടിരുന്നപ്പോഴാണ് ഈ സംഭവം ഉണ്ടായതെന്നാണോ ബഹു. മെമ്പറുടെ അറിവ്? കുളത്തിലാണോ ആററിലാണോ കുളിച്ചുകൊണ്ടിരുന്നതു്?

ശ്രീ. എ. കെ. പാച്ചുപിള്ള: എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടു വേണമെങ്കിൽ ഞാൻ വായിക്കാം. ഇതിൽ കടവു എന്നാണു് പറഞ്ഞിരിക്കുന്നതു്.

തലേദിവസം ഏതാനും സ്ത്രീകൾ അവിടെ കുളിച്ചുകൊണ്ടിരുന്നപ്പോൾ ഒന്നു രണ്ടു റിസർവ്വു പൊലീസുകാർ ആ കടവിൽ ചെന്നിറങ്ങി സാധാരണ മര്യാദക്കു് വിപരീതമായ രീതിയിൽ അശ്ലീലമായി പെരുമാറുകയും അതുകണ്ടു് കുപിതരായ ഏതാനും നാട്ടുകാരുമായി ഒരു കശപിശ ഉണ്ടാകുകയും ചെയ്തു. അതിൽ ഒരു പക്ഷെ പരാജിതരായ പൊലീസുകാർ അവരുടെ കൂട്ടുകാർക്കു് അറിവു കൊടുത്തതിന്റെ ഫലമായി പിറേറന്നു വെളുപ്പിനു് ഒരു വലിയസംഘം പൊലീസുകാരോടുകൂടി അവിടെപോയി അവിടെ കണ്ടതായ ആളുകളേയും സമീപത്തുണ്ടായിരുന്നതായ ആളുകളേയും കഠിനമായി മർദ്ദിച്ചു എന്നാണു് എനിക്കു് കിട്ടിയിരിക്കുന്ന റിപ്പോർട്ടിന്റെ ഉള്ളടക്കം. വളരെ ഉത്തരവാദിത്തബോധമുള്ള ഒരാൾ എഴുതി അയച്ചതാണു് എന്റെ കയ്യിലിരിക്കുന്ന റിപ്പോർട്ടു്. കൂടാതെ പത്രപ്രതിനിധികളും ഈ സംഭവത്തെപ്പററി അന്വേഷിച്ചു് മിക്കവാറും തെററുകൂടാതെ തന്നെ പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഇതു ഈ നാട്ടിൽ സംഭവിച്ച ഒരൊററസംഭവം മാത്രമായിരുന്നുവെങ്കിൽ അതിനുമാത്രം എന്തെങ്കിലും നടപടി നടത്തിയാൽമതി എന്ന ഉദ്ദേശത്തോടുകൂടി ഞാൻ ഒരു പൊതുവിമർശനത്തിനൊരുങ്ങാതെ അതു് മാററിവയ്ക്കുമായിരുന്നു. എന്നാൽ ഇന്നു പൊലീസിന്റെ കയ്യേററം നമ്മുടെ നാട്ടിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നുണ്ടു്. അതിനെസംബന്ധിച്ചു് ഈ നിയമസഭകളിൽ തുടർച്ചയായി ചോദ്യങ്ങളും ചർച്ചകളും ഉണ്ടായിക്കൊണ്ടിരിക്കയും മേലാൽ അതു ആവർത്തിക്കാതിരിക്കത്തക്ക വിധത്തിൽ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്, എടുക്കുന്നുമുണ്ടു് എന്നു് മന്ത്രിമാർ തുടർച്ചയായി ഉറപ്പു നൽകുകയും ചെയ്തതിനുശേഷവും യാതൊരു കാരണവുമില്ലാതെ പല സ്ഥലങ്ങളിലും പൊലീസുകാർ സ്ത്രീകളെ പിടിച്ചുകൊണ്ടുപോയി ബലാൽസംഗത്തിനു ശ്രമിക്കുന്നു എന്നും പല സ്ഥലങ്ങളിലും ആളുകളെ മൃഗീയമായി കയ്യേററം ചെയ്യുന്നുവെന്നും മററു പല വിധത്തിലുള്ള ദുരിതങ്ങളും അനുഭവിക്കുന്നതിനു് ഇടയാക്കുന്നു എന്നും ഓർമ്മിക്കുമ്പോൾ വാസ്തവത്തിൽ നമ്മുടെ ആത്മാവിനെതന്നെ വ്രണപ്പെടുത്തുന്ന സംഗതികളാണു് പൊലീസുകാർ ചെയ്തുകൊണ്ടിരിക്കുന്നതു എന്നു് വളരെ ഹൃദയവേദനയോടുകൂടിത്തന്നെ പറയേണ്ടിയിരിക്കുന്നു. ഈ അവസ്ഥ തുടർന്നുപോയാൽ ഈ രാജ്യത്തു നിയമസമാധാനങ്ങൾ എവിടെച്ചെന്നു അവസാനിക്കുമെന്നുകൂടി നാം കാര്യമായി ചിന്തിക്കേണ്ടതുണ്ടു്. ഇതിനൊരറുതി വരുത്തേണ്ട സമയം എത്രയും അതിക്രമിച്ചിരിക്കുന്നു. ഇത്തരം സംഭവങ്ങളെ തടയുന്നതിനു് ആവശ്യമായ എല്ലാ നടപടികളും അതിനുത്തരവാദപ്പെട്ട മന്ത്രിമാർ എടുത്തിരുന്നുവെങ്കിൽ ഇതു വളരെ കുറയുമായിരുന്നു എന്നാണു് എന്റെ ബലമായ വിശ്വാസം. സാധാരണ ഇമ്മാതിരി എന്തെങ്കിലും സംഭവമുണ്ടായാൽ ഇവിടെ സ്വീകരിച്ചു പോരുന്ന നടപടി അതിനെ തടയുന്നതിനു് വളരെ അപര്യാപ്തമാണെന്നു നമുക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. തല്ക്കാലത്തേക്കു് അതിൽ ഉൾപ്പെട്ട ആളുകളെ സസ്പെൻഡു ചെയ്യുക, അനേകമാസം കഴിയുമ്പോൾ ഒരന്വേഷണത്തിനു് ഏർപ്പാടു ചെയ്യുക, അന്വേഷണം മിക്കവാറും മേലുദ്യോഗസ്ഥന്മാരെക്കൊണ്ടുതന്നെ നടത്തിക്കുക, ആശ്രിതവാത്സല്യംകൊണ്ടോ മററു കാരണങ്ങൾകൊണ്ടോ നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷണം നടത്തി കുററം തെളിയിച്ചു് ശിക്ഷനൽകാതെ ഏതെങ്കിലും തരത്തിൽ തേച്ചുമാച്ചുകളയുക ഇതാണു ഇപ്പോഴത്തെ ഇവിടത്തെ പതിവു്. അതിൽ കൂടുതൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് ശരിയായ ഒരു അന്വേഷണം നടത്തി കുററം തെളിയിച്ചു് അവസാനമായി ഒരു തീരുമാനം എടുക്കുന്ന പതിവു് ഇവി

ടെയില്ല. അക്രമ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ പിൻതിരിപ്പിക്കുന്നതിനോ, അതുപോലെ മററു അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ ഒഴിച്ചുകൂടാൻ പാടില്ലെന്നു തോന്നിയാൽ എന്തെങ്കിലും അക്രമം പ്രവർത്തിക്കുന്നതിനോ പൊലീസുകാർ നിർബ്ബന്ധിതരായേക്കാം. ഒരു കുററവാളിയെ കുററം തെളിയിക്കുന്നതിനായിട്ടുപോലും പൊലീസുകാർ കയ്യേററം ചെയ്യാൻ പാടില്ലെന്നു് നിയമപ്രകാരം വ്യവസ്ഥയുണ്ടായിരിക്കേ, സ്വയരക്ഷക്കോ അക്രമസംഘത്തെ പിരിച്ചു വിടുന്നതിനോ മാത്രം ബലപ്രയോഗം അനുവദനീയമായിരിക്കെ യാതൊരു കുററവും ചെയ്യാത്ത വ്യക്തികളെ മൃഗീയമായി കയ്യേററംചെയ്യുന്ന പൊലീസുകാർക്കു് ഡിപ്പാർട്ടുമെൻറലായിട്ടു ഏററവും കഠിനമായിട്ടുള്ള ശിക്ഷ നൽകുന്നതുകൂടാതെ അവരെ പ്രാസിക്യൂട്ടുചെയ്തു തെളിവുകൾ ശേഖരിച്ചു് ഉചിതമായ ശിക്ഷ നൽകുന്നതിനു സാധിക്കത്തക്ക വിധത്തിലുള്ള ഒരു നടപടിക്രമംകൂടി ഗവൺമെൻറു സ്വീകരിക്കുകയാണെങ്കിൽ ഇമ്മാതിരിയുള്ള അക്രമപ്രവർത്തികൾക്കു് പൊലീസുകാർ തയ്യാറാവുകയില്ല എന്നാണു് എൻെറ വിശ്വാസം. ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് പൊതുവായി മററു പലതും എനിക്കു് പറയുവാനുണ്ടു്. എങ്കിലും സമയമില്ലാത്തതുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Sri. Kalathil Velayudhan Nair: Sir, I move to reduce the allotment of Rs. 5,78,100 for Superintendence by Re. 1.

സർ, പോലീസ് ഡിപ്പാർട്ടുമെണ്ടിൻെറ ഭരണശേഷിക്കുറഞ്ഞും ഡിപ്പാർട്ടുമെണ്ടിലെ അഴിമതി വർദ്ധിച്ചുമാണു് വരുന്നതു് എന്നുള്ളതു് ഖേദകരമായ ഒരു പരമാർത്ഥമാണു്. ഈ അടുത്തകാലത്തുതന്നെ ഈ രാജ്യത്തു് നടന്നിട്ടുള്ള പല സംഭവങ്ങളും തെളിവിൽ കൊണ്ടുവരുന്നതിനു് പോലീസിനു് സാധിച്ചിട്ടില്ലെന്നുള്ളതുതന്നെ പോലീസിൻെറ ശേഷിക്കുറവിനു് മതിയായ തെളിവാണു്. ഈ രാജ്യത്തു് വളരെ ഒച്ചപ്പാടു് ഉണ്ടാക്കിയിട്ടുള്ളതായ ശബരിമല ക്ഷേത്രധ്വംസനം സംബന്ധിച്ചു് ശരിയായ തെളിവുകൾ കിട്ടുന്നതിനു് സാദ്ധ്യതകളുണ്ടെന്നു സംഭവം നടന്നതിനു് അടുത്ത ദിവസംതന്നെ സ്ഥലത്തുപോയി അന്വേഷണം നടത്തിയ ഐ. ജി. പ്രസ്താവിച്ചിട്ടു് വളരെക്കാലം കഴിഞ്ഞുവെങ്കിലും അതിലെ കുററക്കാരെ കണ്ടുപിടിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതു് വാസ്തവത്തിൽ വളരെ ലജ്ജാകരമാണു്. അങ്ങിനെ കണ്ടുപിടിക്കാൻ കഴിയാതെവന്നതിൻെറ ഭവിഷ്യത്തുകളെന്താണെന്നുകൂടി നാം ഓർമ്മിക്കേണ്ടതുണ്ടു്. അതിനെ തുടർന്നു ഈ രാജ്യത്തു് പല സ്ഥലങ്ങളിലും ക്ഷേത്രധ്വംസനങ്ങളുണ്ടായി. അങ്ങിനെയുള്ള പല കേസുകളിലും ശരിയായ അന്വേഷണങ്ങൾ നടത്തി തെളിവുകൾ ശേഖരിച്ചു് കുററവാളികളെ കണ്ടുപിടിക്കുവാൻ പോലീസ് ഡിപ്പാർട്ടുമെണ്ടിനു് സാധിച്ചിട്ടില്ലെന്നു പറയുമ്പോൾ ഈ ഡിപ്പാർട്ടുമെണ്ടു് ഈ രാജ്യത്തു എന്തിനു് പ്രവർത്തിക്കുന്നു എന്നു ചോദിക്കുവാൻപോലും തോന്നിപ്പോകുന്നു. അനവധിയാളുകൾ ദിവസേന വന്നാരാധന നടത്തുന്ന പല പൊതു ആരാധനസ്ഥലങ്ങളും പെട്ടെന്നു ഒരാക്രമണം നടത്തി നശിപ്പിച്ചുകളഞ്ഞാൽ അതിനെ സംബന്ധിച്ചു് വേണ്ട തെളിവുകൾ എടുക്കാൻ പോലീസിനു് കഴിയുന്നില്ല എന്നു പറയുന്നതു് വളരെ ലജ്ജാകരമാണു്. ശബരിമലക്ഷേത്രം കാട്ടിനകത്തു് സ്ഥിതിചെയ്യുന്നതാകകൊണ്ടും സംഭവം നടന്നതിനടുത്തുതന്നെ മഴ പെയ്തതുകൊണ്ടും തെളിവുകൾ കിട്ടാൻ പ്രയാസമുണ്ടെന്നു പറയുന്നുണ്ടു്. എന്നാൽ നാട്ടിൽതന്നെ, ടൗണിൽ നടന്ന പല ക്ഷേത്രധ്വംസനങ്ങൾക്കും തെളിവെടുക്കാൻ പോലീസു ഡിപ്പാർട്ടുമെണ്ടിനു് കഴിഞ്ഞിട്ടില്ലെന്നാണു് അറിയുന്നതു്.

ശ്രീ. സി. കേശവൻ: ശബരിമല ഒഴിച്ചു് അങ്ങിനെ തെളിവെടുക്കാൻ കഴിയാതെവന്നിട്ടുള്ള ഏതെങ്കിലും കേസുകൾ ഉദാഹരണമായി പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പത്തോ പതിമൂന്നോ ക്ഷേത്രധ്വംസനങ്ങൾ അടുത്തകാലത്തു് ഈ സംസ്ഥാനത്തു് ഉണ്ടായിട്ടുണ്ടെന്നും അതിൽ രണ്ടോ മൂന്നോ എണ്ണം മോഷണം നടത്തണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്നും ചിലതിനെസംബന്ധിച്ച തെളിവുകൾ ഗവമ്മെണ്ടിനു് കിട്ടിയിട്ടില്ലെന്നും ചോദ്യോത്തരവേളയിൽ മുമ്പൊരിക്കൽ ഈ നിയമസഭയിൽതന്നെ ഗവമ്മെണ്ടിൽനിന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ലജ്ജാകരമെന്ന പ്രയോഗം പാർലമെൻററിയാണോ?

മി. സ്പീക്കർ: ഈ സഭയിൽ ഏതെങ്കിലും മെമ്പറുടെ നടപടിയോ പ്രസ്താവനയൊ ലജ്ജാകരമാണു് എന്ന അർത്ഥത്തിൽ ആ വാക്കു് ഉപയോഗിച്ചാൽ അതനുവദനീയമല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുപോലെതന്നെ മറെറാന്നു എനിക്കു് പറയുവാനുള്ളതു് ഈ രാജ്യത്തു് അടുത്തകാലത്തു് നടന്നിട്ടുള്ള ലാക്കപ്പുമർദ്ദനങ്ങളെ സംബന്ധിച്ചാണു്. കൊട്ടാരക്കര സംഭവം, ഹരിപ്പാട്ടു സംഭവം, പെരുമ്പാവൂർ സംഭവം ഇങ്ങനെ പലതും ഇവിടെ ഉണ്ടായിട്ടുണ്ടു്. ഇതെല്ലാം എന്തിനെയാണു് കാണിക്കുന്നതു്? ഉത്തരവാദിത്വഭരണം ഈ രാജ്യത്തുണ്ടാകുന്നതിനു് മുമ്പു് എവിടെയെങ്കിലും ഒരു ലാക്കപ്പുമർദ്ദനമുണ്ടായാൽ രാജ്യം ഒട്ടുക്കു് അതിനെ പ്രതിഷേധിക്കുന്ന ഒരു സമ്പ്രദായം ഒരാവശ്യമെന്ന നിലയിൽ ഇവിടെ ഉണ്ടായിരുന്നു. എന്നാൽ അങ്ങിനെ പ്രതിഷേധിച്ച ആളുകൾതന്നെ ഭരണഭാരം കയ്യേററതിനുശേഷം ലാക്കപ്പുമർദ്ദനങ്ങളെപ്പററി ചോദ്യം ചോദിച്ചാൽ അന്വേഷണങ്ങൾ നടത്തുന്നുണ്ടു്, റിപ്പോർട്ടു കിട്ടിയിട്ടില്ല, അന്വേഷണം പൂർത്തിയായാൽ റിപ്പോർട്ടു് കിട്ടുന്നതാണു് എന്നെല്ലാമുള്ള ഉത്തരങ്ങൾ പറഞ്ഞു നീട്ടിക്കൊണ്ടുപോകുന്നതല്ലാതെ ഒരു കേസ്സും ശരിയായ അന്വേഷണം നടത്തിയതിനുശേഷം അവസാനമായി എന്തു തീരുമാനമാണു് ഉണ്ടാക്കിയിട്ടുള്ളതു് എന്നിതുവരെ പറയാൻ സാധിച്ചിട്ടില്ല. ഇങ്ങനെ അനിശ്ചിതമായി ആറുമാസമോ എട്ടുമാസമോ കഴിഞ്ഞാലും അന്വേഷണം പൂർത്തിയാകാതിരിക്കുന്നതു് ആക്ഷേപകരമാണു്. ഇപ്രകാരമുള്ള സംഭവങ്ങളെ സംബന്ധിച്ചു് ഉടൻതന്നെ അന്വേഷണങ്ങൾ നടത്തി തെളിവുകൾ ശേഖരിച്ചു് കുററവാളികളെ ശിക്ഷിക്കാതെ സിവിൽകേസുകളുടെമാതിരി വളരെ കാലതാമസം വരുത്തി അന്വേഷണം തുടൎന്നുകൊണ്ടുപോയാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകതന്നെ ചെയ്യും. എൻെറ അഭിപ്രായത്തിൽ ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്താത്തതാണു് ഇമ്മാതിരി സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള മുഖ്യകാരണം.

പോലീസ് ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരുടെയിടയിൽ കൈക്കൂലിയും അഴിമതിയും വർദ്ധിച്ചുവരുന്നു എന്നൊരു വിശ്വാസമുണ്ടു്. പോലീസ് ഡിപ്പാർട്ടുമെണ്ടിലെ കീഴുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവർക്കു് ശമ്പളം കൂട്ടിക്കൊടുക്കാതെ അവരുടെയിടയിലുള്ള കൈക്കൂലി നിറുത്താൻ സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. അത്ര നിസ്സാരമായ ഒരു ശമ്പളമാണു് അവർക്കു് കൊടുക്കുന്നതു്. ഇന്നു് ഒരാളിനു് കിട്ടുന്ന ശമ്പളംകൊണ്ടു് സ്വന്തം സ്ഥലത്തല്ലാതെ മറെറാരു സ്ഥലത്തുപോയി ജീവിക്കുന്നതിനു് ഒരു പോലീസുകാരനും സാദ്ധ്യമല്ല. അതുകൊണ്ടു് അവിടെ അയാൾക്കു് ജീവിക്കണമെങ്കിൽ സന്മാർഗ്ഗിക ചിന്തകളൊക്കെ അല്പം ഉപേക്ഷിച്ചു് കുറച്ചു് കൈക്കൂലി വാങ്ങാതെ സാദ്ധ്യമല്ലെന്നുള്ള ഒരു സ്ഥിതിയാണു് ഇന്നുള്ളതു്.

പോലീസ് ഇൻസ്പെക്ടരന്മാരുടെ കാര്യംതന്നെ എടുക്കാം. ഏതെങ്കിലും ഒരു സ്ഥലത്ത് ഏതുസമയത്തായാലും ശരി ഒരു ലഹളയുണ്ടായാൽ പോലീസ് ഇൻസ്പെക്ടർ ഓടി എത്തണം. മിക്കവാറും എല്ലാ ഇൻസ്പെക്ടറന്മാരും കാറുകളിലാണ് പോകുന്നത്. ടാക്സിപിടിക്കുകയാണെങ്കിൽതന്നേയും പോലീസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും വല്ല പ്രത്യുപകാരവും പ്രതീക്ഷിച്ച് ചിലപ്പോൾ വല്ല സൗജന്യവും കാണിച്ചു എന്നുവരും. എന്നാൽ അതെല്ലായ്പ്പോഴും കിട്ടുന്ന കാര്യമല്ല. പോലീസ് ഇൻസ്പെക്ടരന്മാർക്ക് സൈക്കിൾ അലവൻസെന്ന പേരിലോ മറ്റോ തുച്ഛമായ ഒരു തുക അനുവദിച്ചിട്ടുണ്ടെന്നു തോന്നുന്നു. പക്ഷെ ഒരു സൈക്കിൾ സൂക്ഷിക്കുന്നതിനുപോലും മതിയാകുന്നതല്ല ആ തുക. ഇങ്ങനെയാകുമ്പോൾ പോലീസ് ഇൻസ്പെക്ടരന്മാർപോലും അല്പം അഴിമതിക്കാരാകാതെ നിവൃത്തിയില്ലെന്നു വരുന്നതാണ്. അഴിമതിയും കൈക്കൂലിയും കുറയണമെങ്കിൽ അവർക്ക് ജീവിക്കുവാൻ മതിയായ ശമ്പളം കൊടുക്കണമെന്നാണ് എനിക്ക് ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളത്. അതുപോലെതന്നെ വിദേശങ്ങളിൽ പോയി ജോലിചെയ്യുന്ന പോലീസുകാർക്ക് വാടകകൊടുത്ത് താമസിക്കുവാനുള്ള കഴിവൊന്നുമില്ല. അവർക്കുവേണ്ടി സ്റ്റേഷന് സമീപത്തുതന്നെ ക്വാട്ടേഴ്സ് ഉണ്ടാക്കി കൊടുക്കുന്നതിന് ഗവൺമെണ്ട് ശ്രദ്ധിച്ചാൽ കൊള്ളാം. അഴിമതി വർദ്ധിക്കുന്നതിനും കാര്യക്ഷമത ഇല്ലാതാകുന്നതിനുമെല്ലാം കാരണം ഇതാണ്. ശരിയായ ശമ്പളം കൊടുക്കാത്തിടത്തോളം കാലം അഴിമതിയും കൈക്കൂലിയും കാര്യക്ഷമതയില്ലായ്മയും ഇനിയും വർദ്ധിക്കുവാനെ തരമുള്ളു. ഇത്രയും സംഗതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ഞാൻ എന്റെ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Sri. Eapen Arackal: During the discussion on the budget last year, I was speaking on a similar motion. If I remember correct, my tone on that occasion was perhaps a little different from the one which I am going to adopt in the course of these few words I propose to speak now. Looking at the incidents of the past one year, it has to be admitted that purity and integrity of the Police Department have not only not been on the improvement but it should be stated with regret that they have been going down.

Sir, if only we just think over them we would find that the complaints levelled against the police are rather very serious. I am only thinking of the more serious crimes and not the various comparatively less serious crimes and atrocities that have been and continue to be perpetrated in silence and which never reach those in authority. I am only speaking of those incidents which in the last year have disgraced the police department. I speak these things not with a view to winning any laurels; for it is often thought that censuring the police on the floor of the House is likely to bring rather cheap popularity to the member. I am not biased or induced or persuaded to speak thus out of such motives. But genuinely feeling as I do, I should think that the police have been guilty of gross injustice. The previous speaker, Mr. Kalathil Velayudhan Nayar was mentioning a few incidents. I only want to endorse his views. Sir, there have been three signal incidents in the recent months where the guilt of the police is blatant,—the incident at Perumbavoor, the incident at Haripad and the incident at Kottarakara. It is rather impossible, Sir, to imagine a policeman, who is entrusted with the primary duty of maintaining law and order, getting so easily irritated on the smallest provocation as to commit heinous crimes. The other day, while talking in this strain certain young police officer patted me on my shoulders and said "Well Sir, look here. You are speaking so much against the police, but have you at any time thought of the difficulties of the police and how often they are ill rewarded?" Well, that was

[Sri. Eapen Arackal]

a hint. Of course, there may be occasions when they would be placed in circumstances out of which they could never come out without having been provoked to a very great extent. I can also, understand, Sir, their taking strong and serious action when there is great provocation. For instance the incident at Kottarakara resulted in a tough fight between one Surendran and the police. That man is alleged to have stabbed a policeman to death. Now that is a case which I can understand. Human nature being what it is, we cannot blame the action of the police in that incident. Even if that man was roughly handled and perhaps even done to death, there will be justification; I am prepared to make extenuations in such cases. It is not such cases that we are criticising, censuring; it is the high-handed action which the police take on the slightest provocation. They seem to think that the Khaki uniform is a big asset, that it gives them unlimited rights to do anything and everything, and that it gives them a birthright to take any steps that their fancy dictates. Once I told a policeman that his rights and prerogatives were only given to him in due course of law, because he had been entrusted with the duty of preserving law and order in the country and of safeguarding the safety and liberty of the public, because he had been entrusted with certain duties rather onerous and serious; therefore, if he did not stand bound by law, he would be doomed. In these days, when no person, even persons in exalted positions, is proof against law, and its consequences, the policeman can also be no proof. It is the police officers who are responsible for so much of disorderliness and lawlessness. My view is that if the pol ce department can be honest and show that it is working up to some decent standards, I will be most emphatic in my opinion that it is that department which should be encouraged above all other departments. I also stressed the point in my speech on the Police Bill that the only way to improve the department is to get men of character as officers.

Sri. D. Gnanasigamoni: May I know, Sir, how many minutes I shall have?

Mr. Speaker: Five minutes; that has already been announced.

Sri. D. Gnansigamoni: I just want to place before the House one or two matters. The first of these is the manner in which evidence is collected by the police. Recently the police recorded evidence in a case under section 162 of the Criminal Procedure Code. The Advocate for the opposite side did not appear at first. Just as the matter was about to be closed, he appeared on the scene. Then the Magistrate asked him whether he had anything to ask by way of cross-examination. He asked only five questions. "Is the A. S. P. present there?" The answer was "Yes". "Is the Circle Inspector of the locality present?" The answer was "Yes". "Is the Inspector (of the place) present?" "Yes". "Is the Police Inspector (of a certain other place) present?" "Yes". "How many constables were present?" The answer was "about 20". And the cross-examination was over. I give this instance to show the manner in which evidence is collected by the police. Have these police officers no other work? This is the typical manner in which evidence is collected by the police in the South. In the next year honours list, if there is such a list, all these officers will be presented with a purse and a police medal! Now it is the duty of the police not to convict and bring to punishment every person alleged to have been the offender, but to see that an accurate and true statement of the case is made before court at all times.

Next, I want to show that most of the police officers do not seem to know what their duties are. I will just give an instance. A certain police officer was found wandering about in a locality with a few policemen. Someone asked them

why they were thus loitering about. The officer said that Mr. Elankath (Mr. Elankath was then a Minister) had directed that he should see that nobody closed a certain pathway which led to the house of his brother-in-law. There was some dispute on the matter. Well, the sort of duty which that police officer and policemen were performing was that. On enquiry, it turned out that the P. W. Minister (Mr. Elankath) wanted to keep a pathway to his brother-in-law's fields open and unhindered. He asked the police to help. So, this is the sort of work that the police are doing. Instead of telling the gentleman that it was not their duty to keep watch over a particular gentleman's fields, they choose the backdoor methods and help people who are really wrong-doers simply because they happen to be relations of those in authority.

Another matter which I want to bring to the notice of the House is the delay in the disposal of cases. There is a lot of delay chiefly caused by the police and it causes hardship to many innocent people. If enquiries are not made as early as possible, evidence might get lost and many innocent persons are likely to be apprehended. And then too, when a policeman is not able to detect the right person in time who has done the crime, because he will be answerable before his authorities, he catches hold of some person and makes that poor fellow a scapegoat. All these may be avoided if enquiries are conducted expeditiously and evidences are collected without delay. With these words, I support the motion.

Sri. K. P. Nilakanta Pillai: Sir, it has been pointed out by several hon'ble Members on this side of the House that police officers are not properly controlled. The point which I want to stress is almost the same, that there is lack of supervision of the work of the police. Regarding the incidents brought before the House, I ask this question: when a man dies in the lock-up under suspicious circumstances, who is responsible? The House will remember that last year we voted a large sum for the re-organisation of the police department. Some re-organisation was made, so that we have now Circle Inspectors, Inspectors, and A.S.P.'s and D.S.P.'s to supervise them, and having jurisdiction over small areas. But in spite of the re-organisation, my humble submission is that there are a large number of cases in which the police come in for criticism. Very frequently it happens that persons die in lock-ups in suspicious circumstances, so that the present instance is not a new case. In this case, it was said that the Head Constable was dismissed, etc. Beyond that nothing seems to have been done. I ask how can it be that such cases escape the knowledge of the Inspectors and other superior officers. So ultimately one is tempted to ask, what is the purpose of the reorganisation? All that is done in such cases is to suspend or dismiss some policeman. The superior officers always escape punishment in such instances. But how can such instances escape their notice? How can they be absolved of the responsibility for such cases?

There is a lot of corruption in the department in regard to investigation of cases. I do not refer to payment of money when I say corruption is going on. People or officers in responsible positions in the state usually use their influence over the police officials. Very serious cases have been brought to my notice. Perhaps it is sub-judice, but I am bringing before the House an incident which took place in Velimalai where a boy was shot. Although the incident took place in the previous evening, no enquiry was made till the next evening because the man was an influential estate manager. I interfered in the matter and understood that they were all influential people and they were trying to see that the real culprit may be made to escape. And the case is gone. Now, what is the purpose of this investigation? The real man has escaped? And nothing has been done. This is the kind of corruption that should not be allowed to vitiate the working of the police

[Sri. K. P. Nilakanta Pillai]

department. Therefore my point is that the officers of the department should be above all these forms of corruption, whether it takes the shape of payment of money or using of influence.

Then I want to refer to another thing. There is a widespread fear in the minds not only of the subordinate ranks of the department, but even among Sub-Inspectors that they may be taken to task if they did justice. They fear that they may sometimes have to lose their appointments. Yes, it has come to that. That is on account of the administration by this Cabinet. In every case, the person involved might be related to some head or tail of some minister. And then the policemen are afraid; he is afraid that if he proceeded against that relative, it might sometimes cost him his job. The ministers must realise this. They may be directly responsible or they may not be. But they must realise that in the country every police officer is hesitating when a case is brought in whether to take steps or not. How can police administration be a success if this is the state of things.

What worsens the matter is that the higher officers have been supplied with telephones. When a serious case is reported, they merely give instructions to the Inspector over the phone. The Inspector may be nervous in some cases. Why do not these big officers go to the spot? That will have a very heartening effect upon the poor nervous Inspector.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, പോലീസ് ഡിപ്പാർട്ടുമെന്റിൽ കാണുന്ന അനീതികളേയും, അക്രമങ്ങളേയും, കൊള്ളരുതായ്മകളേയും കൈക്കൂലിയേയും മററും പററി പല സ്നേഹിതന്മാരും ഇവിടെ പറയുകയുണ്ടായി. അതുകൊണ്ട് ആവക സംഗതികളെപ്പററി വളരെയൊന്നും ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. മററു സ്ഥലങ്ങളെ അപേക്ഷിച്ച് ഈ നാട്ടിൽ കൂടുതൽ അഴിമതിക്കാരും കൈക്കൂലിക്കാരും ഉണ്ടെന്നു വിചാരിക്കുന്നവനാണ് ഞാൻ. അതിനുള്ള കാരണം എന്തും ആവട്ടെ. ചില ഭാഗത്തുനിന്നും ശമ്പളക്കുറവുകൊണ്ടാണ് ഈ കൈക്കൂലിയും അഴിമതിയും ഉണ്ടാകുന്നതെന്നു പറയുന്നുണ്ട്. അതിൽ വലിയ അർത്ഥമില്ല. പോലീസുകാർക്ക് ഇന്നു കൊടുക്കുന്ന ശമ്പളത്തിൽ കൂടുതൽ കൊടുക്കേണ്ടതുതന്നെയാണ്. എന്നാൽ അങ്ങനെ ശമ്പളക്കൂടുതൽ കൊടുക്കുന്നതുകൊണ്ട് കൈക്കൂലിയും അഴിമതിയും കുറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. കൂടുതൽ ശമ്പളം വാങ്ങിക്കുന്ന പോലീസുദ്യോഗസ്ഥന്മാരും മററുദ്യോഗസ്ഥന്മാരും കൈക്കൂലി വാങ്ങിക്കുന്നതായി നാം കണ്ടിട്ടുണ്ട്. നാം കാണുന്നുമുണ്ട്. ഒരുപക്ഷേ ഇന്നോ, അഞ്ചാറുദിവസം കഴിഞ്ഞോ ഈ കൈക്കൂലിയെല്ലാം പാടെ നുള്ളി എടുത്തുകളയാമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. സി. കേശവൻ: കൈക്കൂലി വാങ്ങിക്കുന്നതു കണ്ടിട്ടുണ്ടെന്നു ബഹു. മെമ്പർ പറഞ്ഞുവല്ലോ. വാങ്ങിയ ആളിന്റെ പേരു പറയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ പറഞ്ഞതു് എന്താണെന്നു പ്രധാനമന്ത്രിക്കു ശരിക്കു മനസ്സിലായില്ല.

Mr. Speaker: That is not an answer to the Hon'ble Minister's question.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൈക്കൂലി വാങ്ങിക്കുന്ന ആളുകളെ എനിക്കു അറിയാമെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. സി. കേശവൻ: അതിനുള്ള തെളിവുകൾകൂടി കൊടുക്കാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെ ചോദിക്കുന്ന പ്രധാനമന്ത്രിയെപ്പററി ഞാൻ എന്തു പറയുവാനാണ്? ഒരു കോടതിക്കു ശിക്ഷിക്കത്തക്ക തെളിവു കൊടുക്കാൻ എനിക്കു സാധിക്കുമായിരുന്നെങ്കിൽ, ഇവിടെവന്നു വൃഥാ കണ്ഠ

ക്ഷോഭം ചെയ്യാതെ ഞാൻതന്നെ കേസുകൊടുക്കുമായിരുന്നു. അതിനു് എനിക്കു് മടിയില്ല. അതിനെ തെളിയിക്കാൻ എനിക്കു് സാധിക്കാത്തതുകൊണ്ടാണു് ഞാൻ ഇവിടെവന്നു ഇതെല്ലാം പറയുന്നതു്. സാമാന്യ ദൃഷ്ടിയിൽ കൈക്കൂലിക്കാരനാണെന്നു സംശയിക്കുന്ന ആളുകളെപ്പററി ഗവമെണ്ടിന്റെ അടുക്കൽ പരാതി ബോധിപ്പിച്ചാൽ എന്തു അനുഭവമാണുണ്ടാകുന്നതെന്നു മുമ്പു് ഒരു അവസരത്തിൽ ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. എത്ര പരാതികൾ അയച്ചാലും കൈക്കൂലിയും അഴിമതിയും പഴയപോലെ തുടന്നുകൊണ്ടിരിക്കും. പെട്ടെന്നു അതു് നുള്ളി എടുത്തുകളയുവാൻ സാധിക്കുകയില്ല. നമ്മുടെ പാരമ്പര്യം അങ്ങനെ ആയിപ്പോയി. പണ്ടു ആരോ പറഞ്ഞതുപോലെ, ഉപ്പുമാത്രം കിട്ടിയാൽ മതി, ചിലവിനുള്ള ചക്രം ഉണ്ടാക്കാം. വളരെക്കാലം ലാക്കപ്പിൽ കിടന്നിട്ടുള്ള എനിക്കു് ഇവിടത്തെ പോലീസുകാരുടെ അഴിമതിയെപ്പററിയും സ്റ്റേഷനിലെ നടപടിയെപ്പററിയും നല്ലപോലെ അറിയാം. ആരെങ്കിലും അവിടെ പരാതിയുംകൊണ്ടു് ചെന്നാൽ ആദ്യമായി മേടിച്ചുകൊടുക്കേണ്ടതു് കടലാസാണു്. തിരുവിതാംകൂർ ഗവമെണ്ടു് ഒരാണ്ടിൽ ഒരു സ്റ്റേഷനിലേക്കു് കൊടുക്കേണ്ട സ്റ്റേഷനറി സാമാനങ്ങൾ രാജ്യം ഒട്ടുക്കുള്ള സ്റ്റേഷനിലേക്കു് കൊടുക്കുന്നില്ല. ഓരോ പോലീസുകാരനും ഡയറി എഴുതുവാൻ മുദ്ര അടിച്ച ഓരോ പുസ്തകം വേണമെന്നുണ്ടു്. മുദ്ര അടിച്ച പുസ്തകം ഇവിടത്തെ ഒരു പോലീസുകാരന്റെ കയ്യിലും കാണുകയില്ല. ഏതു് പുസ്തകത്തിൽ എങ്കിലും എന്തു എഴുതിവെച്ചാലും കണ്ണുമടച്ചു് മേലധികാരികൾ ഒപ്പിട്ടുകൊടുക്കും. കാലത്തെ ൮ മണിവരെ ജി. ഡി. എഴുതുകയില്ല. ഇൻസ്പെക്ടർ വരുന്നതുവരെ ജി. ഡി. എഴുതാതെ വച്ചിരിക്കും. വന്നുകഴിഞ്ഞു ഇൻസ്പെക്ടർ പറയുന്നതുപോലെയാണു് ജി. ഡി. എഴുതു് നടക്കുന്നതു്. അതു് കഴിഞ്ഞാൽ രാത്രി ആറുമണിവരെ ജി. ഡി. എഴുതുകയില്ല. ഞാൻ ഇപ്പറഞ്ഞതിൽ വല്ല സംശയവും ഉണ്ടെങ്കിൽ ഐ. ജി. അവർകൾ ഇതിനടുത്തുള്ള പോലീസു് സ്റ്റേഷനിൽതന്നെ ഇപ്പോൾ ചെന്നു പരിശോധിക്കട്ടെ. എവിടെയെങ്കിലും ഒരു കൊലക്കേസു ഉണ്ടായാൽ ഉടനെ പാറാവുകാരൻ ജി. ഡി. എടുത്തുവയ്ക്കും. കൃത്യസ്ഥലത്തെല്ലാം പോയി അന്വേഷണങ്ങൾക്കുശേഷം ആപ്പീസ്സർമാർ വന്നു ജി. ഡി. എങ്ങനെ എഴുതണമെന്നു തീരുമാനിക്കുന്നതുവരെ അതു പുറത്തു കാണിക്കുകയില്ല. ഇതെല്ലാം തെളിയിക്കണമെന്നോ? പ്രധാനമന്ത്രി അങ്ങനെ എന്നോടു ചോദിച്ചതിൽ ഞാൻ നിവ്യാജം വ്യസനിക്കുന്നു. ഇതു ഏതുവിധത്തിൽ തെളിയിക്കുവാനാണു്. അപ്പൂപ്പും ചില ആളുകളെ അങ്ങുമിങ്ങും ഇരുന്നുകൊണ്ടു ഡിസ്മിസ് ചെയ്തു എന്നുവെച്ചു് ഒരു ഫലവും ഉണ്ടാകുകയില്ല. ഇന്നു ഏതെങ്കിലും ഒരു പോലീസു ആഫീസറെപ്പററി ആരെങ്കിലും പരാതിപറഞ്ഞാൽ ഒരുപക്ഷേ അയാളെ അവിടെനിന്നും സ്ഥലംമാററി എന്നുവരാം. എന്നാൽ അതിനു പകരം വരുന്ന ആൾ അതിനേക്കാൾ ഭയങ്കരനാണു്. സർ, ഇങ്ങനെ നോക്കിയാൽ തിരുവിതാംകൂർ ഒട്ടുക്കുള്ള പോലീസു് ഇൻസ്പെക്ടറന്മാരിൽ ജോലിചെയ്യാൻ സാമത്ഥ്യമുള്ളവർ ഒരു ഡസനെങ്കിലും കാണുകയില്ല. ഈവിധത്തിലുള്ള ഭരണദൂഷ്യങ്ങൾ നിയമസഭയിൽ ചൂണ്ടിക്കാണിക്കാമെന്നല്ലാതെ യാതൊരു ഫലവും അതിന്മേൽ നടന്നുകാണുന്നില്ല. മറെറാരു കാര്യം പറയുകയാണെങ്കിൽ ഒരു ഡിപ്പാർട്ടുമെണ്ടിലും ന്യായം നടത്താൻ നിവൃത്തിയില്ല. ഏതുസമയത്താണോ ന്യായം നടത്താൻ അനുവദിക്കാത്തതു ആ സമയം മുതൽ അന്യായം രൂപമെടുത്തു തുടങ്ങും. കഴിഞ്ഞ കുറെ നാളുകളായി ഈ വിധത്തിലുള്ള പല അന്യായങ്ങളും അധികൃതർ നടത്തിവരുന്നുണ്ടു്. പോലീസു് ഉദ്യോഗസ്ഥന്മാർ എന്നു കേൾക്കുമ്പോൾ ന്യായം നടത്തുന്നവരാണെന്നും സൽസ്വഭാവികളാണെന്നും ഉത്തമന്മാരാ

[Sri. Ponnara G. Sreedhar]

ണെന്നും മററും ഒരു വയ്പ്പാണ് ഉള്ളതു്. എന്നാൽ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവൎത്തനങ്ങളെപ്പററി ഉററുനോക്കുകയാണെങ്കിൽ കാണാം അതിൽ പല കുഴപ്പങ്ങളും. ഞാൻ ഇതിനുമുമ്പും ഈവക കാൎയ്യങ്ങൾ പല ആവൎത്തിയും ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളവയാണ്. ബഹു. ഗവൺമെണ്ട് ശ്രദ്ധിച്ചിട്ടുണ്ടെന്നു് വിശ്വസിക്കുന്നു. അതുകൊണ്ട് പോലീസു ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം തൃപ്തികരമായ വിധത്തിൽ മേലാലെങ്കിലും നടത്തുന്നതിനു് ശ്രദ്ധിച്ചാൽ കൊള്ളാം.

ശ്രീ. കെ. എ. മാത്യു: സർ, പൊതുജനങ്ങളും പോലീസും തമ്മിൽ കൂടുതൽ സമ്പൎക്കം പുലൎത്തേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നതിനാണ് ഞാൻ ഈ അവസരത്തിൽ ഉദ്ദേശിക്കുന്നതു്. പൊതുജനങ്ങൾക്കു പോലീസിനെപ്പററി ഭയവും സംശയവുമാണ്. അവർ പൊതുജന ദാസന്മാരാണെന്നുള്ളതു് പോലീസു ഓർക്കുന്നില്ല. നമ്മുടെ ഗവൺമെണ്ടിനെ ജനങ്ങൾ വിധിക്കുന്നതു് പലപ്പോഴും പോലീസ് മുതലായ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളുടെ ഗുണത്തേയൊ ദോഷത്തേയൊ മുൻനിറുത്തിയാണ്. പോലീസുകാർ ജനങ്ങളുമായിട്ടു ഇടപെടുമ്പോൾ സൗഹാൎദ്ദപരമായും രഞ്ജകമനോഭാവത്തോടുകൂടിയും വേണം പെരുമാറേണ്ടതു്. എന്നാൽ നേരെ മറിച്ചാണ് പോലീസുകാർ പ്രവൎത്തിക്കുന്നതു്. ഇവരുടെ പ്രവൃത്തികൾകൊണ്ടും പെരുമാററം കൊണ്ടും ആളുകൾക്കു ഇവരോടു ബഹുമാനവും സ്നേഹവും ഉണ്ടാകേണ്ടതാണ്. ഈ വിധത്തിലുള്ള ഒരു പെരുമാററം, അതായതു് ഒരു സൽഭരണം പോലീസു ഡിപ്പാർട്ടുമെണ്ടിൽനിന്നു ഉണ്ടാകുകയാണെങ്കിൽ അതായിരിക്കും ഭരണപരമായ കാൎയ്യങ്ങളിൽ ഒരു ഗവൺമെണ്ടിന്റെ മഹത്തരമായ വിജയം. ഇവിടെ പല ബഹു. മെമ്പറന്മാരും പോലീസിന്റെ അക്രമങ്ങളേയും കൊള്ളരുതായ്മകളേയുംപ്പററി വിമൎശനങ്ങൾ നടത്തി. നാട്ടുംപുറങ്ങളിൽ ചെന്നാൽ അനേകം പരാതികളും ആക്ഷേപങ്ങളും പോലീസുകാരെപ്പററി ഞാൻ കേട്ടിട്ടുണ്ട്. ജനങ്ങൾക്കു വളരെ അതൃപ്തി ഉണ്ട്. ഇവിടെ പ്രസ്താപിക്കപ്പെട്ട പേരൂർ സംഭവം റിസർവ് പോലീസിന്റെ അതിദാരുണമായ ഒരു നീചകൃത്യമായിരുന്നു. അതിൽ പോലീസു ഉദ്യോഗസ്ഥന്മാരുംകൂടി ഉൾപ്പെട്ടതായി തെളിഞ്ഞിരിക്കുന്നു. ഈ അടുത്തകാലത്തു അക്രമവും അനീതിയും പ്രവൎത്തിച്ച ഒരു പോലീസ് ഇൻസ്പെക്ടരെപ്പററി പരാതിപ്പെട്ടതിന്റെ ഫലമായി ശിക്ഷിക്കുന്നതിനുപകരം അദ്ദേഹത്തെ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടരായിട്ടു പ്രമോഷൻ കൊടുക്കുകയാണ് ചെയ്തതു്. പോലീസ് ഉദ്യോഗസ്ഥന്മാരെപ്പററിയൊ കോൺസ്റ്റബിൾമാരെപ്പററിയോ പരാതിയുണ്ടായാൽ അവരെ സ്ഥലം മാററുന്നതു ശിക്ഷയല്ല. അവരുടെ മേൽ കൎശനമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതു്. സർ, പോലീസിലെ കീഴ്സിൽ ബന്ധികൾക്കു് അവശതകൾ ഉണ്ട്. സാമ്പത്തികമായിട്ടു അവൎക്കു പ്രോത്സാഹനമില്ല. പോലീസിലെ കീഴ്സിൽബന്ധികൾ കൈക്കൂലിക്കും അഴിമതിക്കും വിധേയരാകുന്നതു അവരുടെ ശമ്പളം വളരെ കുറവായതുകൊണ്ടുംകൂടിയാണ്. ൨൫-ം, ൩൦-ം രൂപ ശമ്പളമുള്ള ഒരു പോലീസുകാരൻ കൈക്കൂലി വാങ്ങുന്നുവെങ്കിൽ അതിശയിപ്പാനില്ല. സാമ്പത്തികമായ കഴിവുകേടുകൊണ്ടാണ് ഇത്തരം പ്രവൎത്തനത്തിനു് തുനിയുന്നതെന്നു മനസ്സിലാക്കാൻ സാധിക്കും. അവൎക്കും ഏതാണ്ട് സുഖമായി ജീവിക്കാനുള്ള ശമ്പളം കൊടുത്തേ തീരൂ. അവൎക്കു നൽകുന്ന വീട്ടുവാടകതന്നെ തുച്ഛമാണ്. വിശേഷിച്ചു പട്ടണങ്ങളിലും മററും ജോലി നോക്കുന്ന പോലീസുകാരനു് രണ്ടു രൂപക്കോ അഞ്ചു രൂപക്കോ വാടകക്കു ഒരു വീടു കിട്ടുന്നതല്ല. അതുപോലെ അവന്റെ സകല ജീവിതാവശ്യങ്ങൾക്കും

അവന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളത്തിനേക്കാൾ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആവശ്യമാണ്. പൊതുവെ പറയുകയാണെങ്കിൽ ഇപ്പോഴത്തെ പോലീസു ഭരണം തൃപ്തികരമല്ല. പോലീസു ഡിപ്പാർട്ടുമെണ്ടിനെ ശുദ്ധീകരിക്കുന്നതിനു വേണ്ട എല്ലാ ശ്രമങ്ങളും പൊതുജനങ്ങളും ഗവമ്മെണ്ടും ചെയ്യേണ്ടതാണ്.

Sri. P. Balakrishnan Tampi: Sir, I wish to oppose the cut motion.

Sri. K. P. Nilakanta Pillai: He has no motion.

Sri. P. Balakrishnan Tampi: But I can oppose. How can a hon'ble Member say I cannot oppose? I have spoken so often on the subject and I am afraid I will have to repeat the very same things which I have said on former occasions. If everybody is to accuse them should there not be somebody to speak in favour of them? I heard some hon'ble Members complaining that the Police had such and such misbehaviour. Mr. Balakrishna Menon and Mr. A. K. Patchu Pillai have quoted instances. When I hear all these things I am wondering. The general mass of the Police have reacted to the real situation. Whichever Government come into power the Police have the same kind of duties. In the republic of India too they have wonderfully adjusted themselves easily. Their job is very difficult. They served at the period of autocracy and bureaucracy with the same zeal and enthusiasm. They are serving the present Government without any reservation.

Sri. C. C. Prasad: Sir, on a point of order. ബഹു. സ്പീക്കർ തന്നെ പറയുകയുണ്ടായി, കട്ട്മോഷൻ അയക്കാത്തവക്ക് സംസാരിക്കാൻ ഒരു ചുരുങ്ങിയ സമയമേ അനുവദിക്കയുള്ളുവെന്നു. എന്നാൽ മി. തമ്പിക്ക് കൂടുതൽ സമയം അനുവദിച്ചിരിക്കുന്നു.

Mr. Speaker: കട്ട്മോഷൻ അയച്ച ഓരോരുത്തക്കും ൫ മിനിട്ട്‌വീതം അനുവദിക്കും. കട്ട്മോഷൻ അയച്ചിട്ടില്ലാത്ത മെമ്പർമാക്കും സന്ദർഭവും സമയവും അനുവദിക്കുന്നതു പോലെയും വിഷയത്തിൻെറ പ്രാധാന്യം അനുസരിച്ചും സംസാരിക്കാൻ അനുവദിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്.

Sri. P. Balakrishnan Tampi: We are doing very great injustice to the large number of the police force if we accuse them. Of course, there have been strange instances of misbehaviour. When I hear all these I wonder what changes have come to the world. More than half a dozen instances of police misconduct are shown here. Does it show that all the policemen have misbehaved? Hundreds of them are doing honest jobs. These wild allegations are not at all the important subjects for parliamentary discussion. They themselves say that they have to face the most wretched affairs. Above that there is the inferiority complex. They are not welcomed in most places. Many times I too have approached them. But I could not find any misbehaviour from them. To me they seem to serve valiantly under the prescribed conditions. There are hundreds of people who do violence and in every such instance the police assistance is quite essential. In every State the police are the most essential part in the service. There is no sentimental feeling of sympathy towards them. How can they deal with the criminals? Should you expect any sympathy from them? These police have the same kind of duty throughout their service. The most incorrigible set of people have to be dealt with. Should this policemen be expected to give a kiss on the forehead of a criminal or murderer? Is it possible for any person to behave in a better way than this police do? I am speaking on their behalf and I say nothing better can be expected from them. That is the order of this day. Now, when political parties are vying with each other for getting the votes of the people, there are very few people who have the courage to turn back to the agitators and say that they are our brothers. (*Bell*). Men who have any sense of patriotism in them, any sense of responsibility in them, would not make these allegations against the police. With these words, I oppose the motion.

Sri. A. Chidambaranatha Nadar : Sir,—

Mr. Speaker : Is the member opposing the motion ?

Sri. A. Chidambaranatha Nadar : Yes, Sir.

Mr. Speaker : Which motion ?

Sri. A. Chidambaranatha Nadar : Opposing Mr. Tampi.

Mr. Speaker : That cannot be allowed. Those who oppose the cut motions should be given an opportunity to speak.

Sri. A. Chidambaranatha Nadar : I can support the motion of Mr. Gnanasigamoni. I have invariably been sending cut motions but unfortunately all of them come last.

Mr. Speaker . The cut motions have been arranged in a particular order. If in that arrangement the hon'ble Member's motion does not come up for discussion that cannot be helped. The next motion stands in the name of Mr. Arakkal. Does the member move it ?

Sri. Eapen Arakkal : No, Sir.

Sri. P. S. Nataraja Pillai: Sir, I move the motion standing in my name:

To reduce the allotment of Rs. 2,52,700 for Criminal Investigation Department by Re. 1.

This is intended to discuss the inefficiency of this branch of service. Sir, we have organised the C.I.D. under a separate head. The presumption is that these officers are capable of tackling investigations. Unfortunately, the experience of the country, in spite of a separate branch of investigation and in spite of getting so called experts from outside Travancore to conduct special investigations, has not been happy and investigations do not result in detection. Important crimes have occurred in the country which have created sensation and attracted wide publicity. Those are crimes of a nature which a State cannot ignore, crimes which help religious fanaticism. In that atmosphere it is doubly the duty of the department concerned to conduct the investigations in such a manner as to result in detection. The failure to detect them reflects badly on its efficiency.

In that connection, Sir, there is another matter which also I would like to refer to. It was openly stated in this House on more than one occasion that there is a special report by a special officer who was deputed to conduct a particular investigation, I mean the fire incident at Sabarimala temple. That report is not made available to the public though references are sometimes made, though not exactly on the floor of the House—I do not exactly remember that. The Ministers concerned have replied that that report does not help detection and that the report may be kept as it is now, because that report says that there is no possibility of detection under the existing circumstances. It was assured on the floor of this House that the officer who was deputed to do that duty is one of the most capable men of the Madras provincial police service. If that officer has come to that conclusion, it must be on the basis of some reason. If that report comes to that conclusion, it is legitimate that this House and the public should know why and how he arrived at that conclusion. It is the duty of the Government to publish that report so that the public may know what it is. There is no meaning in keeping back the report of a responsible officer on a very important crime when that crime is not being properly enquired into or when there is no chance of that crime being properly enquired into and detected. If that situation arises at least there must be the satisfaction that all that is possible by the department was done and the failure to detect was due to reasons over which the department and the Government had no control. On the

other hand, being a religious matter, religious susceptibilities give room to think that investigation was not conducted diligently, that steps were not taken properly to detect the crime and arrest the people concerned. Therefore, I say that the detective branch of the police department have not justified its existence by failing to detect one of the major crimes which has given pain to a vast majority of the people of this country.

Sir, in this detection branch also the recruitment and emoluments must be such as to attract the best type of people. They must be men who will be able to do their work with a certain amount of efficiency and who have an unblemished character. Unless recruitment is done on that basis the investigation department is not going to bear any fruit. The detection work of the olden days, of the police questioning and that method of detection, has to be discarded in the modern age. For that matter, there are open allegations here about the highhandedness of the police. The method of behaviour towards the people who are arrested and kept in lock-ups and the method of questioning and the physical violence which the police occasionally indulge in were matters of criticism in public. In recent times the police excesses have been a chronic feature of our country. Rightly or wrongly one thing which comes up in our newspapers is that police excesses occur very often. I find the party in power justifying violence to put down violence. May I in all humility say that it is moral force that will keep people away from indulging in crime. The legal provision of hanging a murderer does not eliminate murder. If there is moral force behind the police for keeping the peace in the country, many will be afraid to commit crime. So it is the moral force that counts in these matters. After all a single police constable is able to control a crowd. It is not his physical force that is controlling but it is the moral force of the Government that enables him to do so. That fact should not be forgotten. We must remember that it is on the basis of the moral force that peace and security is maintained in the country. In the same way, Sir, in these investigations, they must be done in such a manner as to give confidence to the general public. Very often there are complaints that investigations are not properly done. So special care must be devoted to get staff for that department which will do its duty properly and which will secure the support of the country.

Sri. K. P. Nilakanta Pillai: Sir, I also want to speak a word in support of the motion instead of moving the motion standing in my name. The same purpose is served. My opinion is that the C. I. D. has failed in its duty. I can understand that when a crime is committed and the ordinary police finds it difficult to detect the crime the C I. D. enters the field. Whether the C. I. D. is successful or not, it will affect only some private parties. Apart from that narrow work, I have to ask the Minister in charge and the I. G., have they got any duties or functions to do beyond being members of the department? Otherwise, is it not a waste to spend Rs. 3 lakhs on this branch of the police?

Now, Sir, I am speaking without any exaggeration. Even though I was a party sometimes to the present Government ruling the country, after the Congress Government came, corruption has become—my learned ancient friend is not here—more rampant in the State as a whole. I ask the question, is it not the duty of the C. I. D. to report on these matters also? If you ask the C. I. D. Reporter, he would seem to say that it is not his job. I see C. I. D. reporters following me to take down all I say just as in the old bureaucratic days. The C. I. D. reporter and the higher authorities and the Ministers in charge of the Department, I am afraid, have forgotten that I have complete freedom of speech and that there is no use in following me provided I do not commit any violence. Why should the

[Sri. K. P. Nilakanta Pillai]

C. I. D. be sent after us when we are going from place to place to make public speeches? And then, has anybody perused the reports he makes? Has the Inspector-General perused those reports? These are voluminous reports which after some time will be sold to the hawkers. I asked the reporter: "Why do you report my speeches? On the other hand, why don't you make reports about the officers and others who are doing blackmarketing?" The reporter said "it is not my job to report about those things and if I make any report my job will be nowhere." Do you mean to say that it is not the work of the C.I.D. reporters to make a note of the black-marketers? I am sure, Sir, eightyfive per cent of the officers are corrupt. Without exaggeration, I may say that corruption has entered the Secretariat and the Education Department for some time now. Now, there is corruption even in these departments. The Public Service Commission is also now corrupt.

Sri. C. A. Ouseph: Sir, the Public Service Commission is a body and is established by Statute. Is it correct to say that it is corrupt?

Sri. K. P. Nilakanta Pillai: Even in regard to some of their appointments, there were references that Government did not approve of them and that some of the appointments were questioned by them.

Mr. Speaker: Did the Member say that the officers or any officer of the Public Service Commission are corrupt? Subject to the rule against defamatory statements and the personal responsibility of the member making the statement it may not ordinarily become unparliamentary to attribute corruption to a particular officer.

Sri. K. P. Nilakanta Pillai: No, I did not make any such statement.

Sri. T. K. Narayana Pillai: No, Sir, what he said was that the Public Service Commission was corrupt. He said so in an unequivocable way.

Mr. Speaker: I shall have the matter reopened. Is it the hon'ble Member's contention that the members of the Public Service Commission are corrupt?

Sri. K. P. Nilakanta Pillai: I stand by the statement that corrupt influences are brought to bear upon the Public Service Commission. That is the statement which I made.

Sri. T. K. Narayana Pillai: You have changed your statement. That way not the statement that you have made.

Sri. K. P. Nilakanta Pillai: I am afraid my hon'ble friend has become very nervous.

Mr. Speaker: The nervous or mental conditions of any of the hon'ble Members is not relevant to the issue before the House.

With regard to the statement made, I do not myself remember the actual expressions used. But the member now stands by the statement that corrupt influences..

Sri. K. P. Nilakanta Pillai: Yes, Sir, I was saying that corrupt influences are brought to bear on the Public Service Commission.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ കറപ്റ്റു ആണെന്നു പറഞ്ഞതു് പിൻവലിക്കേണ്ടേ? അദ്ദേഹം അങ്ങനെ പറഞ്ഞു.

Sri. K. P. Nilakanta Pillai: I have not said that. Any how, I appeal to the hon'ble Members to accept that.

Mr. Speaker: The best authority to be relied upon in this matter is the member himself. The member does not own having made that statement.

Sri. K. P. Nilakanta Pillai: Sir, my point was that eighty-five percent of the officers were corrupt. Is it not part of the duty of the C. I. D. to make reports about those officers? I ask, are they making the reports, and, if so, are the reports being acted upon?

Mr. Speaker: Has the member any idea about the whereabouts and identity of these officers?

Sri. K. P. Nilakanta Pillai: Sir, I said, eighty-five percent, meaning vast a majority of them. It may be something less or something more. It is the duty of the Criminal Intelligence Department and the officer who controls it to direct that cases of corruption should be reported and that action taken on them. That is the most important point I wanted to stress in this connection. My information is that the members of the C. I. D. are not asked to make reports about these corrupt officers by the departmental head.

Sri. T. K. Narayana Pillai: Sir, that is wrong.

Sri. K. P. Nilakanta Pillai: May be, you are contradicting. I am afraid you are not the departmental head.

Sri. T. K. Narayana Pillai: No, Government is taking the responsibility and giving the answer.

Sri. K. P. Nilakanta Pillai: Sir, I do not like that kind of interruption.

Sri. T. K. Narayana Pillai: I beg pardon.

Sri. K. P. Nilakanta Pillai: Sir, if reports are made by them and if it is part of their duty, is it justified that those reports are not acted upon and not even one case has been punished for corruption? I know several instances in which officers are conducting blackmarketing business. The truth is that the reporters are not reporting because they say it is not their business. If I am the head of the C. I. D., I would have directed the men under me to report. We are spending three lakhs of rupees. If this is to be usefully spent, instructions must be given to these men to report cases of corruption among officers who deal unauthorisedly with people and who allow corrupt influences to be brought to bear upon them in the performance of their public duties. That is the point.

ശ്രീ. സി. കേശവൻ: സർ, പോലീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു എന്തുപറഞ്ഞാലും വിലപ്പോകുന്ന ഒരു കാലമാണിതു്. ഇന്നത്തെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ പ്രസ്താവനകളിൽനിന്നും പോലീസിന്റെ ചില പ്രവൎത്തനങ്ങളിൽ അതിക്രമമോ അപാകതയോ ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. അതിൽ വളരെ പ്രധാനമായി പറഞ്ഞ ഒന്നു് പേരൂരിൽ ഉണ്ടായ സംഭവമാണു്. ഇന്നു കാലത്തു അഡ്ജേണ്മെന്റ മോഷന വിഷയമായ ആ സംഗതിയെക്കുറിച്ചു ആ വകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രി എന്നുള്ള നിലയിൽ എനിക്കു കിട്ടിയ അറിവു് ഈ സഭയെ ധരിപ്പിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

പേരൂരിൽ ഒരു ചെറിയ ആറുണ്ടു്. ആ ആററിൽനിന്നാണു് വെള്ളം കോട്ടയത്തുകൊണ്ടുപോയി കുടിക്കുന്നതു്. ആ ആററുകടവിൽ സ്ത്രീകൾ കുളിച്ചുകൊണ്ടു നില്ക്കുമ്പോൾ രണ്ടുമൂന്നു കുടിയന്മാർ നഗ്നരായി കുളിക്കാനിറങ്ങിയതിനെ അവിടെ കുളിച്ചുകൊണ്ടുനിന്ന രണ്ടു പോലീസുകാർ പ്രതിഷേധിച്ചതിനെ തുടൎന്നു ആ പോലീസുകാരും കുടിയന്മാരുമായി ഒരു അടിയുണ്ടായി. പോലീസുകാരെ വളരെ ഉപദ്രവിച്ചു. അവരുടെ ഉടുപ്പുപോലും കളഞ്ഞുപോയി. പിറേറദിവസം ഉടുപ്പെടുക്കാൻപോയപ്പോഴും അവരെ തല്ലി. പോലീസുകാരെ തല്ലിയാൽ

[Sri. C. Kesavan]
അവർ സൈന്യസമേതം ചെല്ലുമെന്നു വിചാരിച്ചു അവിടെ ആളു ശേഖരിച്ചു തയ്യാറാക്കിയിരുന്നു. ഉടപ്പെടുക്കാൻപോയപ്പോൾ ഒരു കത്തനാരും ഉലക്കയുമായിട്ടു അടിക്കാൻ ചാടി. ആ അടി കഴിഞ്ഞു പോലീസ് തോററു ഉടപ്പെടുക്കാതെ കടന്നു. അതിനടുത്തദിവസം..........

ശ്രീ. പൊന്നറ ജി. ശ്രീധർ: നാലുതവണ അവിടെ അടി നടന്നോ?

ശ്രീ. സി. കേശവൻ: മൂന്നു തവണ. ൧൮-ാം തീയതി അടിച്ചുവരെ അന്വേഷിച്ചു കൂട്ടത്തിൽ പോലീസു കുറച്ചു മര്യാദകേടു കാണിച്ചിട്ടുണ്ടെന്നു അറിയാൻ കഴിഞ്ഞു. ഇവിടത്തെ ഒരു പ്രൊഫസറായ പാലാ ഗോപാലൻനായർ എന്ന ദേഹത്തെയും ഉപദ്രവിച്ചു എന്നു..........

ശ്രീ. എ. താണുപിള്ള: അടിച്ചു ആളുകളെ അന്വേഷിച്ചുപോയതു് അടികൊണ്ട പോലീസുകാർ തന്നെയാണോ?

ശ്രീ. സി. കേശവൻ: അവരും ഉണ്ടായിരുന്നു.

ശ്രീ. കെ. എ. മാത്യു: അന്നു അവർ എത്രപേർ ഉണ്ടായിരുന്നു.

ശ്രീ. സി. കേശവൻ: രണ്ടു തവണ ഉപദ്രവം നടത്തിയതുകൊണ്ടു് അതിനെ എതിർത്തു നില്ക്കത്തക്കവണ്ണം ആളുണ്ടായിരുന്നു.

ശ്രീ. എൻ. പി. വറുഗീസ്: ഇൻസ്പെക്ടറും കൂടി പോയിരുന്നോ?

ശ്രീ. സി. കേശവൻ: ഇൻസ്പെക്ടറും എ. എസ്സ്. പി.യും കൂടി ഉണ്ടായിരുന്നു. പ്രൊഫസർ ഗോപാലൻനായരെയും അദ്ദേഹത്തിന്റെ രണ്ടു് അനന്തിരവന്മാരേയും തല്ലിയെന്നു അറിയുന്നു. ഈ അറിവു എനിക്കു ൧൮-ാംനു തന്നെ കിട്ടി.

പോലീസിൽനിന്നും അതേക്കുറിച്ചു് അന്വേഷണം നടത്തി. ഉടനെതന്നെ അവിടെനിന്നും കിട്ടിയ അറിവുവെച്ചുകൊണ്ടു് മൂന്നു പോലീസുകാരെ സസ്പെൻറു ചെയ്തു. പിന്നീടു് എ. എസ്. പി. യെ അവിടെനിന്നും സ്ഥലം മാററി. ആറംമഡ് റിസർവ് ഇൻസ്പെക്ടരേയും സ്ഥലം മാററി. മാത്രമല്ല ആ ഡിററാച്ചുമെൻറു മുഴുവനും അവിടെനിന്നും മാററപ്പെട്ടു. ഇതു സംബന്ധിച്ചു് ഇന്നു കാളേജ് വിദ്യാർത്ഥികൾ വലിയ ഒരു സംഘമായി വന്നു് ഇതിനെന്തെങ്കിലും പരിഹാരം ഉടനെ ഉണ്ടാക്കണമെന്നു പറയുകയുണ്ടായി. ഇതേക്കുറിച്ചു് വേണ്ട അന്വേഷണങ്ങൾ നടത്തിക്കൊള്ളാമെന്നും കുററക്കാരാണെന്നു കണ്ടാൽ അവരെ ശിക്ഷിക്കയുംചെയ്തുകൊള്ളാമെന്നും പറഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതുദ്യോഗസ്ഥനാണു് ഇതേക്കുറിച്ചു് അന്വേഷണം നടത്തുന്നതു്? (ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. കേശവൻ: ആദ്യത്തെ രണ്ടു സംഭവങ്ങൾക്കും കേസ് രജിസ്റ്റർ ചെയ്തു. പ്രതികളെ അറസ്റ്റ്ചെയ്തു സ്റ്റേഷനിൽ കൊണ്ടുവന്നു ജാമ്യം കൊടുത്തു് അവരെ അയക്കുകയുംചെയ്തു. കത്തനാരെ ഉപദ്രവിച്ചിട്ടില്ല.

Sri. P. S. Nataraja Pillai: Were the public there violent on the 18th, when the police went there?

ശ്രീ. സി. കേശവൻ: പതിനെട്ടാംതീയതിയായിരുന്നു.

ശ്രീ. കെ. എ. മാത്യു: പോലീസുകാർ വീട്ടിൽ കയറി സ്ത്രീകളേയും കുഞ്ഞുങ്ങളേയും ഉപദ്രവിക്കുന്നതായി കേട്ടോ?

ശ്രീ. സി. കേശവൻ: സ്ത്രീകളേയും കുഞ്ഞുങ്ങളേയും അടിച്ചതായി അറിഞ്ഞില്ല. കത്തനാരേയും മററും അറസ്റ്റ്ചെയ്തിട്ടുണ്ടായിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: കത്തനാരുടെ മൊഴി വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതെനിക്കറിഞ്ഞുകൂടാ. ഇത്രയും സംഗതികൾ നടന്നിട്ടുണ്ട്.

ഒരു ഗവൺമെൻറിനു സമാധാനസംരക്ഷണം ആവശ്യമാണ്. സമാധാന സംരക്ഷണത്തിനു പോലീസും മിലിററിയുമാണാവശ്യമായിട്ടുള്ളത്. സമാധാന സംരക്ഷണത്തിനു സേന ആവശ്യമില്ലെന്നുള്ളത് ഈ ഗവൺമെൻറിനും കാൺഗ്രസ് കക്ഷിക്കും അനുകൂലിക്കുവാൻ നിവൃത്തിയില്ല. സമാധാനലംഘനം ഉണ്ടാക്കുന്നവരെ ശക്തി പ്രയോഗിച്ചും അമർത്തേണ്ടതാണ്. അങ്ങിനെ ശക്തി പ്രയോഗിക്കുമ്പോൾ സ്വല്പം കൂടിപ്പോയിരിക്കാം. സമാധാനലംഘനം ഉണ്ടാക്കുന്നവരെ വളരെ ശക്തിയായിത്തന്നെ അമർത്തണമെന്നാണ് എൻേറയും ഗവൺമെൻറിൻേറയും ഉദ്ദേശം. അങ്ങനെ അക്രമത്തെ പരസ്യമായി തടയുന്നതിനു് പോലീസ് സൈന്യം ആവശ്യമാണ്. പോലീസ് സൈന്യത്തെക്കൊണ്ടു സാധിക്കാതെവരുമ്പോൾ മിലിററിയെക്കൊണ്ട് അതു സാധിക്കുന്നതാണ്. ഈ അടുത്ത കാലങ്ങളിൽ എത്ര സ്ഥലങ്ങളിൽ ഹെഡ്കോൺസ്റ്റബിൾമാരേയും പോലീസുകാരേയും കൊലപാതകം നടത്തിയതായി നാം അറിഞ്ഞിട്ടുണ്ട്. ഇതെല്ലാം ആദർശത്തിൻെറ പേരിൽ നടത്തിയതാണെന്നു ആദർശവാദികൾ പറയുമായിരിക്കാം. ഈ ആദർശവാദികൾ ഈ നാട്ടിൽ ഉള്ളിടത്തോളം കാലം സമാധാനപരമായ ഒരന്തരീക്ഷം ഈ നാട്ടിൽ സൃഷ്ടിക്കുവാൻ സാധിക്കുന്നതല്ല. ഇപ്പോൾ 'സ്റ്റോക്ക്ഹോം പീസ് മൂവ്'' എന്നും വിദ്യാഭ്യാസ സമാധാനക്കമ്മിററി എന്നും മററും ഉള്ള പേരുകളിൽ ഉള്ള സംഘടനകളിൽ കൈ പൊക്കിക്കൊണ്ടു ഗോറില്ലാ പ്രവർത്തനങ്ങൾ നടത്തുകയും അക്രമത്തെ എതിർക്കുന്നതിനുള്ള സംഘടനകളാണെന്നുള്ള പേരിൽ ഗ്രാമപ്രദേശങ്ങളിൽ അക്രമം നടത്തണമെന്നും അവരുടെ കേന്ദ്രത്തിൽനിന്നും ഉപദേശം കൊടുത്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ അക്രമങ്ങളെ തടയുന്നതിനു പകരം അവരെ പുഷ്പം ഇട്ടു അവരുടെ മുമ്പിൽ തൊഴണമെന്നാണോ പറയുന്നത്. അവർ അങ്ങനെ പരസ്യമായ പ്രോഗ്രാം അനുസരിച്ചു് പ്രവർത്തനം നടത്തുന്ന കാലത്തോളം പരസ്യമായ പ്രവർത്തനങ്ങൾകൊണ്ട് അവരെ അമർത്തുകതന്നെ ചെയ്യും. അവർ ഇങ്ങനെ അണ്ടർഗ്രൗണ്ടിൽ പോയി പ്രവർത്തനം നടത്താതെ ഇങ്ങനെ അക്രമങ്ങൾക്ക് പ്രേരണ നടത്തുന്നതല്ലെന്നു പ്രഖ്യാപനം ചെയ്യുന്നില്ലെങ്കിൽ ആ സംഘടനയോടു വളരെ മശ്ശാമയായി പെരുമാറുന്നതിനും സമാധാനം സംരക്ഷിക്കുന്നതിനും സാധിക്കുന്നതല്ല. സമാധാനമില്ലാതാക്കി ഈ രാജ്യത്തെ അടക്കി ഭരിക്കാം എന്നു കമ്മ്യൂണിസ്റ്റുകാർ വിചാരിക്കുന്നുണ്ടെങ്കിൽ അതിനുവേണ്ടി നാട്ടിൽ ആളുകളെ കൊല്ലുകയും മററും ചെയ്യുന്ന സംഘടനകളുണ്ടെങ്കിൽ അതിനെ തടയേണ്ടതാവശ്യമാണ്. ഈ ചുററുപാട് നമ്മുടെ നാട്ടിലുള്ളിടത്തോളംകാലം അവരെ തടയേണ്ടതും അമർത്തേണ്ടതും ഗവൺമെൻറിൻെറ ആവശ്യമാണ്. അതിനുവേണ്ടിയുള്ള പോലീസുകാരെക്കുറിച്ചാണു നിങ്ങൾ കുററംപറയുന്നതെന്നും ഓർക്കണം.

ஸ்ரீ. ஏ. சிதம்பரநாத நாடார்: பதினேழாந் தேதி சாயங்காலம் வடசேரியிலுள்ள ஒரு கடையில் சில போலீசார் ஏறி, அங்குள்ள ஆள்களை அடித்ததாக ஐ. ஜிக்கு, பிரதான மந்திரிக்கு பராதி கிடைத்ததுண்டா?

ശ്രീ. സി. കേശവൻ: എനിക്കു കിട്ടീട്ടില്ല. ഉണ്ടെങ്കിൽതന്നെ ഞാൻ കണ്ടിട്ടില്ല. അങ്ങിനെ പല സ്ഥലത്തും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു് ഈ സമാധാനസംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെ അമർത്തുന്നതിൽ പോലീസു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽതന്നെ അതു് ഒന്നും ഭയവായി വിശ്വസിക്കാതിരിക്കണമെന്നു ബഹുമാനപ്പെട്ട അംഗങ്ങളോടു ഞാൻ അപേക്ഷിക്കുന്നു.

അതു കഴിഞ്ഞാൽ പിന്നെ ഒരു പ്രധാനമായ സംഗതി ഇവിടെ പ്രസ്താവിച്ചതു് കൈക്കൂലിയെപ്പററിയാണ്. ഈ തിരുവിതാംകൂറിൽ എല്ലാവരുടെ ഇടയിലും വിശേഷിച്ചു പോലീസിലും അടുത്തകാലത്തുവരെ കൈക്കൂലി ഉണ്ടായിരുന്നു. അതു് ഓട്ടോക്രസിയുടെ കാലമായിരുന്നു. അതിനൊരു മാററവും ഇപ്പോഴും വന്നിട്ടില്ലെന്നു പറയുന്നതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. അതിനെക്കുറിച്ചു് നിങ്ങൾതന്നെ നെഞ്ചത്തു കൈവച്ചുനോക്കണം. അന്നാണെങ്കിൽ ഒരു കാര്യം പത്രങ്ങൾക്കു പറയാൻ നിവൃത്തിയില്ല. അന്നു പത്രങ്ങളെ മുഴുവൻ മസിൽചെയ്തുവച്ചിരിക്കയായിരുന്നു. സത്യമായ കാര്യങ്ങൾപോലും പത്രത്തിൽ എഴുതിയാൽ അടുത്ത ദിവസം അതിന്റെ വാ മൂടിക്കെട്ടും. ഇന്നാണെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഏതാഭാസവും പറയുന്നതിനു സ്വാതന്ത്ര്യം വിട്ടുകൊടുത്തിട്ടുള്ള കാലമാണ്. പണ്ടു സത്യം പറഞ്ഞാൽതന്നെയും പിറേറദിവസം അതിനു ജീവിതമില്ല. രണ്ടോ മൂന്നോ കൊല്ലം ബ്യൂറോക്രസി ഉണ്ടായിരുന്നാൽതന്നെ മുൻഭരണത്തിൽ സാത്മ്യംവന്ന കുറെ ആളുകളാണു ഇപ്പോഴും പോലീസിൽ ഉള്ളതു്. ഇത്രയും കാലംകൊണ്ടു് ഓട്ടോക്രസിയുടെ പരിചരണവും പരിശീലനവും കഴിഞ്ഞിട്ടുള്ള ഈ കൂട്ടർ രണ്ടുമൂന്നു കൊല്ലംകൊണ്ടു് വലിയ സത്യവാന്മാരായിട്ടില്ല എന്നു പറയുന്നതു് വളരെ കഷ്ടമാണ്. ഉദ്യോഗസ്ഥന്മാർ പൊതുജനങ്ങളുടെ യജമാനന്മാരല്ല. എന്നാൽ എല്ലാവർക്കും അവർ ഉദ്ദേശിക്കുന്ന മാതിരി ബഹുമാനം എല്ലായ്പോഴും കൊടുക്കുന്നതിനു സൗകര്യപ്പെടാതെ വന്നേക്കാം. എന്നാൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കേണ്ടതല്ലേ എന്നു ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോടു ചോദിച്ചുകൊള്ളുന്നു.

പിന്നെ, വേളിമല ഇൻസിഡൻറ് സബ്ജുഡിസാണ്, അതുകൊണ്ടു അതേപ്പററി ഒന്നും പറയാൻ നിവൃത്തിയില്ല.

Sri. A. Chidambaranatha Nadar: Are we to understand that the police are above corruption?

Sri. C. Kesavan: I did not say that. I wanted to make a comparison between their condition three years back and the change that has taken place within the last three years. They are changing, and they are becoming accustomed to the popular form of Government and responsive to popular feeling in regard to the conduct of their officers.

അതാണു ഞാൻ പറഞ്ഞിട്ടുള്ളതു് കൈക്കൂലിയും അഴിമതിയും ഇല്ലായ്മ ചെയ്യുന്നതിനു ഗവമ്മെൻറ് ഊർജ്ജിത നടപടികൾ കൈക്കൊള്ളുമെന്നു്. ഇപ്പോൾ മുമ്പിലത്തേക്കാൾ തീർച്ചയായും കുറവു വന്നിട്ടുണ്ട്. ഇനിയും ഒരു ചെയ്ഞ്ച് വരുന്നതുമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ ചെയിഞ്ച് കുറച്ചുകൂടി വേഗത്തിൽ വരുത്തിയാൽ കൊള്ളാം.

ശ്രീ. സി. കേശവൻ: ആ കാര്യം വളരെ സന്തോഷമായി ഞാൻ സ്വീകരിക്കുന്നു. ആ നിർദ്ദേശം ഞാനും ഈ ഗവൺമെന്റും വളരെ കാര്യമായി ആലോചിക്കുന്നതാണ്. അതു് വളരെ കാര്യമായി നടപടി എടുക്കേണമെന്നുള്ള കാര്യം തന്നെയാണ്. അടുത്തുതന്നെ അവരുടെ കാൺഫറൻസ് വിളിച്ചുകൂട്ടി അതേപ്പററി ആലോചിക്കുന്നതും വേണ്ടിവന്നാൽ ശിക്ഷണനടപടിമൂലം തടയുന്നതുമാണ്. കൈക്കൂലി നിശ്ശേഷം നിറുത്താൻ സാധിച്ചിട്ടില്ല. അതു നിറുത്തുന്നതിനുള്ള നടപടി വളരെ ശക്തിയായി എടുക്കുന്നതാണ്. കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ൩൦൦ കേസുകൾ സി. ഐ. ഡി. യുടെ ശ്രദ്ധയിൽപ്പെടുകയും അതിൽ അന്വേഷണത്തിനുശേഷം ഡിസ്മിസ്സൽ, സസ്പെൻഷൻ, തരം താഴ്ത്തൽ, ഡിസ്ചാർജ്ജ്, ഫൈൻ മുതലായ ശിക്ഷകൾ കൊടുത്തിട്ടുമുണ്ട്. ഈ പത്തറുനൂറു കേസുകൾ പോലീസ് ഇൻവെസ്റ്റിഗേററ് ചെയ്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ശിക്ഷിക്കുന്നതിനു വേണ്ട തെളിവ് ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസുകൾ ഒരു കോടതി മുഖാന്തിരം നടത്തുകയാണെങ്കിൽ ഇത്രയും കേസുകൾ ശിക്ഷയിൽ കൊണ്ടുവരുന്നതിനു സാധിക്കുകയില്ല. അത്രവളരെ കൺക്ലൂസീവ് എവിഡൻസാണ് അവർ ശേഖരിച്ചിട്ടുള്ളതു്. അതുകൊണ്ട് സി. ഐ. ഡി. യെ സംബന്ധിച്ച് ഇവിടെ പറഞ്ഞതു് ശരിയല്ലെന്നു ഞാൻ പറയുന്നു.

എന്റെ ചില സ്നേഹിതന്മാർ സി. ഐ. ഡി. ക്കാരെക്കുറിച്ച് ഇവിടെ സംസാരിക്കുന്നതായി കേട്ടു. അവർ നിങ്ങൾ സംസാരിക്കുന്ന തിരുവായ്മൊഴികൾ പകർത്തിക്കൊണ്ടുപോകുന്നുണ്ട്. അവർ കൊണ്ടുപോകട്ടെ. അതു നമുക്കും ആവശ്യമുള്ളപ്പോൾ കാണാവുന്നതാണ്. എനിക്കതെന്റെ പൊളിററിക്കൽ ലൈഫിൽ അനുഭവപ്പെട്ടിട്ടുള്ളതാണ്. പക്ഷെ അവർ വീട്ടിൽ വന്നുകേറി അന്വേഷിക്കുന്നതു് ശരിയല്ല. ശ്രീ. കെ. പി. നീലകണ്ഠപിള്ള അതിൽ വൈഷമ്യപ്പെടേണ്ട. അതു നമുക്കു രണ്ടുകൂട്ടർക്കും ഉപയോഗമുള്ള കാര്യങ്ങൾക്കെടുക്കാം.

Mr. Speaker: I shall now put the cut motions to vote.

The motions moved by Sri. P. K. Krishnan Sastri, Sri. Kalathil Velayudhan Nair and Sri. P. S. Nataraja Pillai were put and lost.

The question that a sum of Rs. 70,08,700 be granted under Demand XV—Police, was put and carried.

The demand was passed and the grant was made.

Mr. Speaker: After an interval of half an hour, we will take up the Demands for Supplementary Grants—the next item in the agenda.

The House adjourned at 5 p. m. and re-assembled at 5-30 p.m with Mr. Speaker in the Chair

DEMANDS FOR SUPPLEMENTARY GRANTS

Chief Minister **(Sri. C. Kesavan):** Sir, I move for a supplementary grant of Rs. 6 lakhs under "7 A Forests—C. Conservancy and Works 1 (a) Timber—2- Junglewood."

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

ശ്രീ. സി. കേശവൻ: ഈ ൩ ലക്ഷം രൂപയുടെ ഡിമാൻറ് ഇപ്പോൾ അവതരിപ്പിക്കുന്നതു് ഇൻഡ്യാഗവമ്മെൻറിലേക്കു് ൪, ൭൫൦ ടൺ സാഫ്റ്റ്വുഡ് ടിംബർ ഇറക്കുന്നതിലേക്കുള്ള കൂടുതൽ ചിലവിലേക്കാണ്. കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ൩൦ ലക്ഷം രൂപായാണു് ഫാറസ്റ്റിലേക്കും ട്രാം വേസിലേക്കുമായി അനുവദിച്ചിട്ടുള്ളതു്. അതിൽ ഈ ഒരു ഇനത്തിലേക്കായി ൨൨ ലക്ഷം രൂപയാണു് അനുവദിച്ചിട്ടുള്ളതു്. ഈ വക്കിനു് മുഴുവനായി ൩൦ ലക്ഷം രൂപയാണു് നീക്കിവച്ചിരുന്നതു്. എന്നാൽ അതുകൊണ്ടു് മുഴുവൻപ്രവത്തനങ്ങളും നടത്തുന്നതിനു സാധിക്കാത്തമട്ടിൽ കൂടുതൽ ഡിമാൻറ് ഉണ്ടാകുകയും അതനുസരിച്ചു് കൂടുതൽതടി ഇറക്കുകയും ചെയ്തിട്ടുണ്ടു്. അതിലേക്കു വേണ്ടിവന്നിരിക്കുന്ന കൂടുതൽ ചിലവായ ൩ ലക്ഷം രൂപകൂടി അനുവദിക്കണമെന്നാണു് ഇപ്പോൾ അപേക്ഷിക്കുന്നതു്. റവന്യൂവശം നോക്കുന്നപക്ഷം, ൧൯൫൦–൫൧-ലെ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് ഈയിനത്തിൽ ൧൨൭ ലക്ഷം രൂപ പ്രതീക്ഷിക്കുന്നുണ്ടു്. എന്നാൽ കഴിഞ്ഞ ഡിസംബർമാസംവരെതന്നെ അതിൽനിന്നുള്ള വരവു ൧൧൪ ലക്ഷം രൂപയാണു്. ആ തോതനുസരിച്ചു് ജാനുവരി, ഫെബ്രുവരി ഈ മാസങ്ങളിലേക്കുകൂടി കണക്കാക്കുമ്പോൾ പ്രതീക്ഷിച്ചിരിക്കുന്നതിൽനിന്നും ഒരു ഇരുപതു—ഇരുപത്തിമൂന്നുലക്ഷം രൂപ കൂടുതൽ വരവുണ്ടാകുമെന്നു് പ്രതീക്ഷിക്കാവുന്നതാണു്. അങ്ങിനെ ഒരു നല്ലവരുമാനം ഇതുകൊണ്ടു് സിദ്ധിക്കുന്നതാണു്. അതിലേക്കു് ഒരു ൩ ലക്ഷം രൂപകൂടി അനുവദിച്ചാൽ മാത്രമേ ചിലവിനു തികയുകയുള്ളു. ൧൯൫൦–൫൧-ലെ ബഡ്ജററിൽ ഇതു ഒരു സപ്ലിമെൻററിഗ്രാൻറായി അനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: ഏഴുലക്ഷം രൂപമാത്രമേ ഈയിനത്തിൽ കൂടുതൽ വരവു പ്രതീക്ഷിക്കുന്നുള്ളു എന്നാണല്ലോ ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അതു ആ പ്രസംഗം തയ്യാറാക്കിയകാലത്തുള്ള കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണു്. എന്നാൽ പിന്നീടുള്ള കണക്കുകൾകൊണ്ടു് കൂടുതൽ വരവുണ്ടാകുമെന്നു കാണുന്നു.

Sri. D. Gnanasigamoni: May I know when was the contract entered into by this Government with the Government of India?

Sri. C. Kesavan: Last year.

Sri. Kalathil Velayudhan Nair: May I know the date?

Sri. C. Kesavan: I do not remember that now.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏതുമാസത്തിലാണെന്നെങ്കിലും പറയാമോ?

ശ്രീ. സി. കേശവൻ: അതു നോക്കി പറയാം.

Sri. P. S. Nataraja Pillai: May I know whether this expenditure has been already incurred or is pending payment.

Sri. C. Kesavan: It is pending payment before the end of the financial year.

Sri. P. S. Nataraja Pillai: Is that before the 31st March 1951?

Sri. C. Kesavan: Yes.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ തടിമുഴുവൻ ഇൻഡ്യാഗവമ്മെണ്ടിനു കൊടുത്തുകഴിഞ്ഞുവോ?

ശ്രീ. സി. കേശവൻ: കുറെ കൊടുത്തിട്ടുണ്ട്. ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കയുമാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: കൊടുത്തതടിക്ക് പണം വല്ലതും തന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇഡ്യാഗവമ്മെൻറിൽനിന്നും പണമായിട്ട തരികയല്ല ചെയ്യുന്നതു്. വരേണ്ട തുക അപ്പോഴപ്പോഴ് കണക്കിൽ ശരിപ്പെടുത്തുന്നുണ്ട്.

ശ്രീ. എ. താണുപിള്ള: ഇതെല്ലാം ഒരു കൺട്രാക്ടർക്കാണോ കൊടുക്കുന്നതു അതോ പല കൺട്രാക്ടറന്മാർക്കായിട്ടാണോ കൊടുക്കുന്നതു്?

ശ്രീ. സി. കേശവൻ: പലക്കമായിട്ടാണ് കൊടുക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൨ ലക്ഷം രൂപയുടെ തടി കൊടുക്കുന്ന വകക്കാണോ ൩ ലക്ഷം രൂപ ചിലവാകുമെന്നു പറയുന്നതു്?

ശ്രീ. സി. കേശവൻ: അതിലേക്ക് മാത്രമായിട്ടല്ല. ഈയിനത്തിൽ ൩ ലക്ഷം രൂപകൂടി ചിലവാക്കിയാൽ ആകെവരവിൽ ൧൨ ലക്ഷം രൂപ കൂടുതൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ൧൨ ലക്ഷം രൂപയെന്നു പറയുന്നതു ചിലവുകഴിച്ചുള്ള ആദായമാണോ? അതോ ചിലവുംകൂടി അതിൽ ഉൾപ്പെടുമോ?

ശ്രീ. സി. കേശവൻ: ൩ ലക്ഷം രൂപകൂടി ഈ പ്രവൃത്തനങ്ങൾക്കായി കൂടുതൽ ആവശ്യമുണ്ട്. അതേസമയം ആകെ വരുമാനത്തിൽ ൧൨ ലക്ഷം രൂപ വർദ്ധിക്കുകയുംചെയ്യും. അതാണ് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ തടി വെട്ടിയിറക്കി കൊടുക്കുന്നതിലേക്ക മാത്രമായിട്ടാണോ ൩ ലക്ഷം രൂപ ചിലവുവരുമെന്നു പറയുന്നതു്.

ശ്രീ. സി. കേശവൻ: അതിൽ ഇഡ്യാഗവമ്മെൻറിനു കൊടുക്കേണ്ട തടി മാത്രമല്ല ഉൾപ്പെടുന്നതു്. ആകെയുള്ള ചിലവിലേക്കായിട്ടാണ് ൩ ലക്ഷം രൂപകൂടി വേണമെന്നു പറയുന്നതു്. അത്രയുംതുക അനുവദിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ലാഭമുണ്ടെന്നു കാണിക്കുന്നതിനുവേണ്ടിയാണ് അക്കാര്യം എടുത്തു പറഞ്ഞതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഡ്യാഗവമ്മെൻറിനു കൊടുക്കുന്ന തടിമാത്രമേ ഇതിൽ ഉൾപ്പെടുന്നുള്ളോ?

ശ്രീ. സി. കേശവൻ: അല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഡ്യാഗവമ്മെൻറിനു തടികൊടുക്കുന്ന ഒരിനത്തിലേക്കുവേണ്ടി മാത്രമാണോ ഈ ൩ ലക്ഷം രൂപ അധികം ചിലവാകുമെന്നു പറയുന്നതു് എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. സി. കേശവൻ: ഈ ഒരിനത്തിലേക്കുമാത്രമായി ൧൨ ലക്ഷം രൂപ ബഡ്ജററിൽ അനുവദിച്ചിരുന്നു. അതുകൂടാതെയാണ് ഈ ൩ ലക്ഷം രൂപകൂടി ആവശ്യപ്പെടുന്നതു്. അതു ഇൻഡ്യാഗവമ്മെൻറിനു തടികൊടുക്കുന്നതിലേക്ക് മാത്രമായിട്ടല്ല. ഈ പണിക്ക് മുഴുവനായി അനുവദിച്ചിട്ടുള്ള തുകയിൽ ൩ ലക്ഷംകൂടി ചിലവാകുമെന്നാണ് പറയുന്നതു്.

ശ്രീ. എ. താണുപിള്ള: ഇതിന്റെ റിമാർക്കുകോളത്തിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

"The additional appropriation is for working a contract with the Government of India for the supply of 4750 tons of soft wood timber, which is expected to bring in an additional revenue of about Rs. 12,00,000."

ഇതനുസരിച്ച് ഇൻഡ്യാഗവൺമെണ്ടിനു ൪, ൭൫൦ ടൺ തടികൊടുക്കുന്നതിലേക്ക് കൺട്രാക്ട് വർക്ക് ചെയ്യുന്നതിന് ഈ ൩ ലക്ഷം രൂപ ആവശ്യപ്പെടുന്നു എന്നാണ് വരുന്നതു്. അതിൽനിന്നു ൧൨ ലക്ഷം രൂപ ലാഭമുണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നതു്.

ശ്രീ. സി. കേശവൻ: ൨൨ ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിന്റെകൂടെ ഒരു ൩ ലക്ഷം രൂപകൂടി അനുവദിക്കണമെന്നാണ് ഇപ്പോൾ അപേക്ഷിക്കുന്നതു്. അല്ലാതെ ഇൻഡ്യാഗവൺമെൻറിനു ഇത്രയുംതടി കൊടുക്കുന്നതിലേക്കു മാത്രമായിട്ടല്ല.

Sri. D. Gnanasigamoni: Have the Government any idea as to the additional income on account of the supply of this quantity of timber to Government of India?

ശ്രീ. സി. കേശവൻ: അതിനുമാത്രമായിട്ടല്ല കണക്കാക്കിയിരിക്കുന്നതു്.

Sri. D. Gnanasigamoni: Then, are we to understand that only 4 thousand and odd tons of timber alone are to be supplied to the Government of India?

ശ്രീ. സി. കേശവൻ: സാഫ്ററ ടിംബർ ഇൻഡ്യാഗവൺമെൻറിലേക്കു മാത്രമല്ല കൊടുക്കുന്നതു്. ഈനാട്ടിലുള്ള കച്ചവടക്കാർക്ക് കൊടുക്കുന്നുണ്ട്. അങ്ങിനെ ആകപ്പാടെ കൊടുക്കുന്നതിൽ ഇൻഡ്യാഗവൺമെൻറിനു കൊടുക്കുന്നതിൽനിന്നുമാത്രം ൧൨ ലക്ഷം രൂപ കൂടുതൽ വരവു പ്രതീക്ഷിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഡ്യാഗവൺമെൻറിലേക്ക് ൪൭൫൦ ടൺ തടികൊടുക്കുന്നവകക്ക് മാത്രമായിട്ടല്ലേ ഈ ൩ ലക്ഷം രൂപ വേണമെന്ന് ഇതിൽ പറഞ്ഞിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: അതു ഒരു തെററിധാരണയാണ്. ഇങ്ങനെ ൩ ലക്ഷം രൂപ കൂടുതൽ ചിലവാക്കുന്നതോടുകൂടി ൧൨ ലക്ഷം രൂപ നമുക്ക് ആകെയുള്ള വരവിൽ കൂടുതൽ ഉണ്ടാകുമെന്നു പ്രത്യേകം എടുത്തുകാണിക്കുന്നതിനുവേണ്ടി അതു പറഞ്ഞിട്ടുള്ളതാണ്.

Sri. D. Gnanasigamoni: From what is given as explanation this idea is not clear.

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവൺമെൻറിനു ആവശ്യമുള്ളതു ൪൭൫൦ ടൺ എന്നാണ് കണക്കുകൾകൊണ്ടു കാണുന്നതു്.

Sri. P. S. Nataraja Pillai: Sir, I would like to be enlightened on this point from the Treasury Bench. From the subsidiary statement to the Budget estimates for expenditure on page 38, one could find under (c) Conservancy and Works, for timber and other produce removed from Forests by Government agency, the revised estimate for 1950—51 is 47·62 lakhs and the Budget estimate 41·39 lakhs. That means the revised estimate has exceeded by 6 lakhs. If you look at the Annual Financial Statement (Budget) one would find under Forest and Tramways a sum plus 3·36 lakhs put down as anticipated increase in revenue for 1950—51. But the total income in that department has increased only by 6·3 lakhs. I would like to know whether this is the anticipated revenue for the whole year.

Sri. C. Kesavan : That is our anticipation only.

Sri. P. S. Nataraja Pillai: Now we are at the close of the year. That has to be reckoned with.

Sri. C. Kesavan: The revenue may even be much higher. The total receipt will go up to 140 lakhs.

Sri. P. S. Nataraja Pillai: Now that there is the Minister's statement to the effect that the receipt will go from 128 lakhs to 140 lakhs, the increase will be by 12 lakhs. I would like to comment on this. Already the normal working charges under this particular item has exceeded by 6 lakhs. Now Government wants another 6 lakhs more under this head to spend. That is 12 lakhs more under the head C. Conservancy and works for expenditure.

Sri. C. Kesavan : No, we want only 6 lakhs.

Sri. A. J. John: The amount is still pending to be paid to the contractors.

Sri. P. S. Nataraja Pillai: The amount 47·62 lakhs represent the actual expenditure and am I to take it that amount will not be exceeded. My question is whether this 47·62 lakhs includes 6 lakhs now demanded ?

Sri. A. J. John : Yes.

Sri. P. S. Nataraja Pillai: Then the inference is that in the revised estimate Government have not included the anticipated surplus. That kind of budgetting I cannot understand. That is my real difficulty. Sir, the position is this. The revised expenditure is for 6 lakhs. Government say that there is to be an increase under receipts to the extent of 12 lakhs. But so far as I can see, the increased receipt is only 6 lakhs. Therefore it seems that when they budget receipts they underestimate, but as regards expenditure, they over-estimate. I do not understand this principle of budgetting. Now it is being put before the House in the revised estimate, that they do not include anticipated revenue, but include anticipated expenditure. Therefore the position comes to this. Without the sanction of this House, the allotment has been exceeded by 6 lakhs. I do not know how that can be done unless the amount is diverted from the contingency funds.

Sri. A. J. John: No expenditure has been made.

Sri. P. S. Nataraja Pillai: As far as I can see, the work has not been profitable. And we are spending Rs. 12 lakhs.

Sri. P. Balakrishnan Tampi : It has increased the total revenue.

Sri. P. S. Nataraja Pillai: It has not. My friend does not seem to follow me. The receipt is going to be increased only by 6 lakhs. We are spending 6 lakhs. Where then is the increase in revenue ?

Sri. P. Balakrishnan Tampi : It is only a commercial undertaking. It is a book adjustment.

Sri. P. S. Nataraja Pillai : I do not understand that. We do not deal with adjustments in budgets. We are now sanctioning Rs. 6 lakhs. I ask what is the State getting out of the expenditure of this amount. We are spending 6 lakhs and getting in return 6 lakhs. That is what the figures speak.

Mr. Speaker : Has the Minister any explanation or elucidation to offer ?

ശ്രീ. ഏ ജെ. ജോൺ: സർ, ഈ ഇനത്തിൽ ഫോറസ്റ്റിലെ ബഡ്ജററ് എസ്റ്റിമേററ് ൧൯൫൦—൫൧-ൽ ൬൦-ൽ ചില്വാനം ലക്ഷം രൂപയാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേററിൽ അത് ൬൩ ലക്ഷം രൂപായാണ്. ബഡ്ജററ് തയ്യാറാക്കുന്നത് ഏകദേശം ഉദ്ദേശം അനുസരിച്ചാണ്. ഇത്രയും പണം വരുമെന്ന് അന്ന് വിചാരിച്ചിട്ടില്ല. അതിനുശേഷം ൬൪ ലക്ഷം രൂപ കൂടുതലായിട്ട് കിട്ടിയിരിക്കുന്നതാണ്. വരവ് ഏതാണ്ട് കൂടുതലായിട്ട് ഇത്ര കിട്ടുമെന്നു നിശ്ചയമുള്ള തുകയാണ് ഇതിൽ ചേർത്തിട്ടുള്ളത്. ഫോറസ്റ്റിൽനിന്ന് ഗവണ്മെണ്ട് ഏജൻസി തടി നീക്കം ചെയ്യുന്നതിന ൩ ലക്ഷം രൂപാ ചിലവും അതിന് ൩ ലക്ഷം രൂപാ വരവും എന്നുള്ളതല്ലാ ഇതിൽ പറഞ്ഞിരിക്കുന്നത്.

Sri. K. Sivarama Pillai: That is an opinion. Do Government expect that they are going to spend more than the revised estimate?

ശ്രീ. എ. ജെ. ജോൺ: അതു വല്ലരെ ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല.

Sri. K. Sivarama Pillai: The Budget estimates for Forests and Tramways were Rs. 60,28,300 and the revised estimates are Rs. 63,65,000 *i. e.*, an increase of nearly Rs. 3½ lakhs. Why this additional grant of 6 lakhs?

Sri. A. J. John: Some savings are expected in some other items. അതു വരുമെന്നാണ് ഗവണ്മെണ്ട വിചാരിക്കുന്നത്.

Sri. K. Sivarama Pillai: But the increase is only 3½ lakhs?

ശ്രീ. എ. ജെ. ജോൺ: ഫോറസ്റ്റിൻെറ ചെലവാണ ഞാൻ പറഞ്ഞത്.

Sri. K. Sivarama Pillai: Even there it is only 5 lakhs.

ശ്രീ. എ. ജെ. ജോൺ: ഈ ൬ ലക്ഷവും ൩ ലക്ഷവും തമ്മിലുള്ള വ്യത്യാസം ക്ലിപ്തപ്പെടുത്തുവാൻ സാദ്ധ്യമല്ല. ബഡ്ജററ് എസ്റ്റിമേററ് എന്നത് ഉദ്ദേശമായിട്ട ഒരു സംഖ്യ പറയുകയാണ്. കൊല്ലാവസാനം ശരിക്കു കണക്കുവരുമ്പോൾ നൂറൊ ആയിരമൊ എസ്റ്റിമേററ് ചെയ്തതിൽ കൂടുതൽ വന്നാൽ അതു ശരിയാക്കുകയാണ് പതിവ്. ബഡ്ജററ് എസ്റ്റിമേററ് എന്നത് ഉദ്ദേശം വേണ്ടിവരുന്നതിൻെറ ഒരു തുകയാണ്. അവസാനം അക്കൌണ്ട്സ് വരുമ്പോൾ അതു ശരിക്കു വരും.

Sri. C. A. Ouseph: In regard to this expenditure on Forests, I believe that the amounts are paid to the contractors here and then the timber is supplied to the Government of India with whom this Government will adjust accounts, so that the amounts this Government will get only after six or seven months but it will have to make its payment immediately.

Sri. K. Sivarama Pillai: Everybody knows that.

Sri. C. A. Ouseph: Apparently not.

Mr. Speaker: I shall now put the demand to vote.

The question that a Supplementary Grant of Rs. 6 lakhs be granted under 7 A Forests-C. Conservancy and works 1 (*a*) Timber-2 Junglewood-was put and carried.

The grant was made.

Chief Minister **(Sri. C. Kesavan):** Sir, I move for a Supplementary grant of Rs. 8,000 under "13. General Administration W. (I. A. S. Probationer)"

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Second it.

ശ്രീ. സി. കേശവൻ: സർ, ഈ തുക തിരുവിതാംകൂർ-കൊച്ചിയും സെൻട്രൽ ഗവണ്മെണ്ടുമായുള്ള ഒരു പരസ്പരധാരണയിൽ നടന്നിട്ടുള്ള നടപടികളെ സംബന്ധിച്ചതാണ്. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെ ഐ. എ. എസ്സ്. പ്രൊബേഷനറായി ഇൻഡ്യൻ സർവീസിലേക്ക് എടുക്കുന്നതിനും ഇൻഡ്യൻ സർവീസിലുള്ളവരെ തിരുവിതാംകൂറിലെ സർവീസിലേക്കു എടുക്കുന്നതിനും രണ്ടു ഗവണ്മെണ്ടുകളും തമ്മിൽ ഇടപാടുകൾ ചെയ്തിട്ടുണ്ട്. മി. പൈ എന്ന ഒരു ഐ. എ. എസ്സ്. ആഫീസറെ ഇവിടെ ട്രെയിനിംഗിന് അയച്ചിട്ടുണ്ട്. ഇവിടേക്കയച്ചിരിക്കുന്ന പ്രൊബേഷനറിന്റെ ശമ്പളവും അലവൻസും ഈ ഗവണ്മെണ്ടു വഹിക്കണമെന്നാണ് ഇൻഡ്യാഗവണ്മെണ്ടു ആവശ്യപ്പെട്ടിരിക്കുന്നത്. ഇവിടെ നിന്നു അങ്ങോട്ട് അയക്കുന്ന ആളുടെ ശമ്പളവും അലവൻസും ഇൻഡ്യാ ഗവണ്മെണ്ടും വഹിക്കണമെന്നാണ് വച്ചിരിക്കുന്നത്. ആ വ്യവസ്ഥയിന്മേൽ ഇവിടെയുള്ള ഒരു ഐ. എ. എസ്സ്. പ്രൊബേഷനറിന്ന് ഈ ആണ്ടത്തെ അവസാനമാസത്തേക്ക് കൂടിയുള്ള സംഖ്യയാണ് ഇതു്.

ശ്രീ. എ. താണുപിള്ള: അവിടെ ട്രയിൻചെയ്യു ആൾക്കുവേണ്ടിയാണോ ഈ തുക?

ശ്രീ. സി. കേശവൻ: ഇവിടെയുള്ള ആൾക്കുവേണ്ടിയാണ്.

ശ്രീ. എ. താണുപിള്ള: ഈ പ്രൊബേഷനർ നമ്മുടെ ആളോ ഇൻഡ്യാ ഗവണ്മെണ്ടിന്റെ ആളോ?

ശ്രീ. സി. കേശവൻ: ഇവിടെ വന്നിട്ടുള്ള ആളാണ്.

ശ്രീ. എ. താണുപിള്ള: ഈ ൮൦൦൦ രൂപാ ചിലവിട്ടതാണോ ചിലവിടുവാൻ പോകുന്നതാണോ?

ശ്രീ. സി. കേശവൻ: ചിലവിടുവാൻ പോകുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടെ നിന്നു അങ്ങോട്ടു എത്രപേർ പോയിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: അവർ ഇവിടെ വന്ന് പന്ത്രണ്ടോ പതിനഞ്ചോ പേരെ ഐ. എ. എസ്സിലേക്ക് എടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവരുടെ ചിലവ് ഇൻഡ്യാഗവണ്മെണ്ടു വഹിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ഇവിടേയ്ക്കുള്ള ആളുകളുടെ ചിലവു നാം വഹിക്കണം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: നമുക്ക് ആവശ്യമുള്ള ആളുകളേയും അവക്ക് ആവശ്യമുള്ള ആളുകളേയും അവർതന്നെയാണൊ എടുക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഐ. എ. എസ്സ്. എന്നുള്ളതു് ഒരു സർവ്വീസാണ്. അതിലേക്ക് ആളുകളെ എടുക്കുന്നതിന്ന് ഒരു കമ്മീഷനെ വച്ചിട്ടുണ്ട്. അവരാണ് ഇതിലേക്ക ആളുകളെ എടുക്കുന്നതു്.

The question that a Supplementary grant of Rs. 8,000 be granted under 13. General Administration W. (I. A. S. Probationer), was put and carried.

The grant was made.

Minister for Law, Finance and Revenue **(Sri. A. J. John:)** Sir, I move for a Supplementary grant of Rs. 22,840 under "14 Administration of Justice (d) Law Officer".

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**: I second it.

ശ്രീ. എ. ജെ. ജോൺ: സർ, അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് (ഡി) ലാ ആഫീസേഴ്സ് എന്ന ഇനത്തിൽ ൨൨,൮൪൦ രൂപാ അനുവദിക്കണമെന്നുള്ള ഗ്രാന്റ് ഞാൻ അവതരിപ്പിക്കുന്നു. കൂടുതലായി ഗവൺമെന്റ പ്ലീഡേഴ്സിനെ നിയമിച്ചതുകൊണ്ടു ഉണ്ടായതാണ് ഈ ചിലവ്. ഇൻറിഗ്രേഷനു മുമ്പു നാലു ഗവൺമെന്റ പ്ലീഡർമാർ ഉണ്ടായിരുന്നു. കൊച്ചിയിൽ അഡ്വക്കേററ് ജനറൽകൂടാതെ ഒരു ഗവൺമെണ്ടു പ്ലീഡർ ഉണ്ടായിരുന്നു. ഇൻറിഗ്രേഷൻ കഴിഞ്ഞതിനുശേഷം തിരുവിതാംകൂർ–കൊച്ചി ഹൈക്കോടതിയിൽ ഇപ്പോൾ ൫ ഗവൺമെണ്ടു പ്ലീഡർമാരുണ്ട്. അതിനും പുറമെ അഡ്വക്കേററ ജനറൽ ഉണ്ട്. ഗവൺമെണ്ടു പ്ലീഡർമാർ ഹൈക്കോടതിയിലുള്ള കേസ്സുകൾക്ക് പുറമെ ഡിസ്ട്രിക്ട് കോടതിയിലെ കേസുകൾകൂടി നടത്തേണ്ടതായിട്ടുണ്ട്. ഡിസ്ട്രിക്ട് കോടതികളിൽ വരുന്ന കേസുകൾക്ക അന്യായവും പത്രികയും തയാറാക്കിയാൽ അതു പരിശോധിച്ചു നോക്കേണ്ട ചുമതലകൂടി ഈ ഗവൺമെൻറപ്ലീഡർമാർക്കുള്ളതാണ്. അതുപോലെ ഡിസ്ട്രിക്ട് കോടതികളിലെ ജഡ്ജിമെൻറിന്മേൽ അപ്പീൽ ബോധിപ്പിക്കേണ്ട ജോലിയും ഇവക്കുള്ളതാണ്. ഈ കാരണങ്ങളാൽ ഹൈക്കോടതിയിൽ ഒരു ഗവൺമെണ്ടു പ്ലീഡറെക്കൂടി കൂടുതലായി നിയമിക്കണമെന്നു തോന്നിയതുകൊണ്ട് മി. കുമാരൻഅച്ചനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം അഞ്ചികൈമൾ കോടതിയിലെ ഒരു ഗവൺമെൻറ് പ്ലീഡറായിരുന്നു. കൊച്ചിയിലെ റൂൾ അനുസരിച്ചു പെൻഷൻ പററുവാൻ അദ്ദേഹത്തിനു് അവകാശം ഉണ്ട്. എന്നാൽ തിരുവിതാംകൂറിലെ വ്യവസ്ഥ അനുസരിച്ച് പെൻഷൻ കൂടാതെ ൫ കൊല്ലത്തേക്ക് ഗവൺമെൻറ് പ്ലീഡറായി ഇരുന്നുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചു. അതനുസരിച്ചു അദ്ദേഹത്തിന്റെ ശമ്പളം ൨൫൦ രൂപയിൽ നിന്നും ൪൦൦ രൂപയാക്കിയിട്ടുണ്ട്. അതുകൊണ്ട് അഞ്ചുകൊല്ലം കഴിയുമ്പോൾ അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്നതാണ്. കൂടാതെ ചവറ ലഹളക്കേസ് സംബന്ധിച്ചും കമ്മ്യൂണിസ്റ്റ് കേസുകൾ സംബന്ധിച്ചും ഓരോ അഡ്വക്കേററിനെ നിയമിക്കേണ്ടതായി വന്നിട്ടുണ്ട്. അഞ്ചികൈമൾ കോടതിയിൽ തന്നെ ൨ കോടതികൾ ഉള്ളതുകൊണ്ട് അവിടെ ൨ ഗവൺമെണ്ടു പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനും പുറമെ ട്രാവലിംഗ് അലവൻസിനായി ൩,൪൦൦ രൂപാ കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. അഡ്വക്കേററ് ജനറൽ എറണാകുളത്ത് ആയതുകൊണ്ട് അദ്ദേഹത്തിന് പല പ്രാവശ്യവും ഇവിടെ വരേണ്ടതായിട്ടുണ്ട്. കൂടാതെ ഒന്നു രണ്ടുപ്രാവശ്യം ഡൽഹിയിലും മററും പോയിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് ട്രാവലിംഗ് അലവൻസിനുവേണ്ടി ൩,൫൦൦ രൂപാ കൂടുതൽ വേണ്ടിവരും. ഇങ്ങനെ എറണാകുളത്തുള്ള അഡ്വക്കേററ ജനറൽ ആഫീസിലും അഞ്ചികൈമൾ ഡിസ്ട്രിക്ട് കോർട്ടിലും ഗവൺമെൻറ് പ്ലീഡർമാരെ നിയമിക്കുന്നതിനും തിരുവനന്തപുരത്തു ഒരു ടെമ്പററി ഗവൺമെൻറ പ്ലീഡറേയും കൊല്ലത്തു ഒരു ടെമ്പററി സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡറെയും നിയമിക്കുന്നതിനും ട്രാവലിംഗ് അലവൻസിനും കണ്ടിജൻസിക്കും മററുമായി ൨൨,൮൪൦ രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ തുക അനുവദിച്ചു തരുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. ഏ. കെ. പാച്ചുപിള്ള: എറണാകുളത്ത് ഗവമെൻറ പ്ലീഡറായി നിയമിച്ചിരിക്കുന്ന ശ്രീ. കുമാരനച്ഛന് ഇപ്പോൾ എത്ര വയസ്സുണ്ട്.

ശ്രീ. ഏ. ജെ. ജോൺ: ൫൦—൫൨ വയസ്സ് കാണും.

ശ്രീ. ഏ. കെ. പാച്ചുപിള്ള: അദ്ദേഹത്തിനു ഇപ്പോൾ എത്ര കൊല്ലത്തെ സർവ്വീസുണ്ട്.

ശ്രീ. ഏ. ജെ. ജോൺ: ഒമ്പതോ പത്തോ കൊല്ലത്തെ സർവ്വീസു കാണും.

ശ്രീ. ഏ. താണുപിള്ള: ഈ ആവശ്യപ്പെട്ട തുക ഇനി ചിലവാക്കാനുള്ളതു് ആണോ? ഇതിൽ കുറെയെങ്കിലും ചിലവാക്കിയോ?

ശ്രീ. ഏ. ജെ. ജോൺ: ഇതിൽ കുറെ തുക ചിലവാക്കി കഴിഞ്ഞു.

ശ്രീ. ഏ. താണുപിള്ള: സർ, ഈ സഭയുടെ അനുവാദംകൂടാതെ പണം ചിലവാക്കിയതിനെ സംബന്ധിച്ചു എനിക്കു ചില ആക്ഷേപങ്ങൾ പറയുവാനുണ്ട്. ഇപ്പോഴത്തെ ഫൈനാൻഷ്യൽ നിയമം അനുസരിച്ചു് ഏതെങ്കിലും സംഖ്യ ചിലവിടുന്നതു സഭയുടെ അനുമതിയോടുകൂടിയെ പാടുള്ളു എന്നു പറഞ്ഞിട്ടുണ്ട്. അതിനുള്ള പ്രോവിഷൻസ് കാൺസ്റ്റിററ്യൂഷൻ ആക്റ്റിൽ ൨൦൫, ൨൦൬, ൨൬൭ ഈ വകുപ്പുകളിൽ പറഞ്ഞിട്ടുണ്ട്. ബഡ്ജററിനെ സംബന്ധിച്ചു ജനറലായിട്ട് ൨൦൨, ൨൦൩, ൨൦൪ ഈ വകുപ്പുകളിലും പറയുന്നുണ്ട്. ബഡ്ജററ ഇന്ന പ്രകാരം സഭയിൽ ഹാജരാക്കണം, ഇന്ന പ്രകാരം സഭ അതു പര്യാലോചിക്കണം, എന്നിട്ടു അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കണമെന്നും മററമാണ് ഈ വകുപ്പുകളിൽ പറയുന്നതു്. എന്നാൽ ൨൦൫-ാം വകുപ്പിൽ പറയുന്നതു കൂടുതലായ ഒരു തുക ആവശ്യപ്പെടുകയോ, കൂടുതലായി ബഡ്ജററ അനുവദിച്ചിട്ടുള്ള തുകക്കു പുറമെ എന്തെങ്കിലും തുക ചിലവാക്കുകയോ, വേണ്ടിവന്നാൽ അതിനുള്ള പ്രോവിഷനാണ് ആ വകുപ്പിൽ പറയുന്നതു്

"If any money has been spent on any service during a financial year in excess of the amount granted for that service and for that year, cause to be laid before the House or the Houses of the Legislature of the State another statement showing the estimated amount of that expenditure or cause to be presented to the Legislative Assembly of the State a demand for such excess, as the case may be."

(2) The Provisions of Article 202, 203 and 204 shall have effect in relation to any such statement and expenditure or demand and also to any law to be made authorising the appropriation of moneys out of the Consolidated Fund of the State to meet such expenditure or the grant in respect of such demand as they have effect in relation to the annual financial statement" and so on.

ഈ മാതിരി സപ്ലിമെണ്ടറി ഡിമാൻറ അനുസരിച്ചും ൨൦൨, ൨൦൩, ൨൦൪ ഈ വകുപ്പുകൾ അനുസരിച്ചും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും അപ്രോപ്രിയേഷൻ ബില്ല കൊണ്ടുവന്നു പാസ്സാക്കണമെന്നും മററമാണ ൨൦൫-ാം വകുപ്പിൽ പറയുന്നതു്. കൂടുതൽ തുക അനുവാദം കൂടാതെ ചിലവാക്കേണ്ടിവന്നാൽ അതു എങ്ങനെയാണ നിർവ്വഹിക്കേണ്ടതു എന്നുള്ളതിനെപ്പററി ൨൬൭-ാം വകുപ്പിൽ പറയുന്നു. ഒരു കണ്ടിജൻസി ഫണ്ടു ഉണ്ടായിരിക്കണമെന്നും ആ ഫണ്ടിൽനിന്നും ഈ തുക ചെലവാക്കി പിന്നീടു സഭയുടെ അനുവാദം വാങ്ങണമെന്നാണ് അതിൽ പറയുന്നതു്.

(1) "Parliament may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of India" into which shall be paid from time to time such sums as may be determined by such law, and the said Fund

[Sri. A. Thanu Pillai]

shall be placed at the disposal of the President to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by Parliament by law under article 115 or article 116.

(2) The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the Governor or Rajpramukh of the State to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206."

തുക ചെലവാകാതെ വരുന്നില്ലെങ്കിൽ കണ്ടിജൻസി ഫണ്ടിൻെറ പ്രശ്നം ഉദിക്കുന്നില്ല. ചെലവാകുന്നു എങ്കിലാണ് കണ്ടിജൻസി ഫണ്ടിൽനിന്നും പണം ചെലവാക്കി പിന്നീട് സഭയുടെ അനുവാദം വാങ്ങുന്നത്. പക്ഷെ ഇവിടെ പണം ചെലവാക്കി കഴിഞ്ഞു. ആവശ്യമുള്ള പണം കണ്ടിജൻസി ഫണ്ടിൽനിന്നും ചിലവാക്കി പിന്നീട് സഭയുടെ അനുമതിക്കു ശേഷം ആ തുക കണ്ടിജൻസി ഫണ്ടിലേക്കു തിരിയെ ഇടുകയാണു വേണ്ടതു്. എന്നാൽ ഇവിടെ കണ്ടിജൻസി ഫണ്ടിൽനിന്നും യാതൊരു തുകയും ചെലവാക്കിയിട്ടില്ലെന്നു ഫയിനാൻസ് മിനിസ്റ്റർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുന്നുണ്ട്. ആ നിലയിൽ ഈ തുക ചെലവാക്കിയതെങ്ങിനെ? അതു ഭരണഘടനാ വ്യവസ്ഥകൾക്കു വിരുദ്ധമാണ്. ഇതിലേക്കു ഫിനാൻസ് മിനിസ്റ്ററുടെ സമാധാനം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. ഏ. ജെ. ജോൺ:</u> ൨൦൨-ാം വകുപ്പു അനുസരിച്ചു ചെലവാക്കുന്ന തുകകൾ ൨൦൩, ൨൦൪, ൨൦൫ ഈ വകുപ്പുകൾകൂടി ബാധകമാകുമെന്നു പറയുന്നതു ശരിയാണ്. അതനുസരിച്ചു തുക ചെലവാക്കിയതിനുശേഷം സപ്ലിമെൻററി ഗ്രാൻറിനായി ഈ അസംബ്ലിയിൽ വരാൻ പാടില്ലെന്നാണ് എൻെറ ബഹു. സ്നേഹിതൻ പറയുന്നതു്. എന്നാൽ ൨൦൫-ാം വകുപ്പിൽ തന്നെ വളരെ വ്യക്തമായി പറയുന്നു,

"The Government shall if any money has been spent on any service during a financial year in excess of the amount granted for that service and for that year, cause to be laid before the House or the Houses of the Legislature of the State another statement showing the estimated amount of that expenditure or cause to be presented to the Legislative Assembly of the State a demand for such excess, as the case may be."

തുക ചെലവാക്കി കഴിഞ്ഞതിനുശേഷവും അസംബ്ലിയിൽ കൊണ്ടുവരാമെന്നു പറയുന്നുണ്ട്. ൨൦൬-ാം വകുപ്പിൽ കണ്ടിജൻസി ഫണ്ടിനെപ്പററി യാതൊന്നും പറയുന്നില്ല. ഏതെങ്കിലും ഒരു തുക പോരാതെവന്നാൽ, അല്ലെങ്കിൽ പ്രത്യേകമായി ചെലവാക്കിയാൽ, അതിലേയ്ക്കു പ്രത്യേകമായി അസംബ്ളിയിൽ ഒരു ഗ്രാൻറ അനുവദിപ്പിച്ചെടുക്കണമെന്നു മാത്രമെ ൨൦൫-ാംവകുപ്പിൽ പറയുന്നുള്ളു. ഇവിടെ മൊത്തത്തിൽ ജുഡീഷ്യറി ഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിട്ടുള്ള തുകയിൽ കൂടുതലായി ഒരു പൈസപോലും ഇതുവരെ ചെലവാക്കിയിട്ടില്ല. ആ നിലക്കു് ഒരു സപ്ലിമെൻററി ഗ്രാൻറ കൊണ്ടുവരുന്നതിൽ തെററില്ല.

<u>ശ്രീ. കുമ്മത്തിൽ വേലായുധൻ നായർ:</u> കണ്ടിജൻസി അല്ലെങ്കിൽ പിന്നെ ഏതു ഇനത്തിൽനിന്നാണു തുക ചെലവാക്കണമെന്നു ൨൦൬-ാം വകുപ്പിൽ പറയുന്നതു്.

ശ്രീ. എ. ജെ. ജാൺ: ബഡ്ജററ അനുവാദം ഉള്ളതിൽ കവിഞ്ഞു തുക ചെലവാക്കേണ്ടതായി വന്നാൽ കണ്ടിജൻസി ഫണ്ടിൽനിന്നും ആ തുക ചെലവാക്കണമെന്നു പറയുന്നതു ശരിതന്നെ. എന്നാൽ ഈ സഭ ഇതിനുമുൻപു അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നും ഒരു പൈസപോലും ഇതുവരെ ചെലവായിട്ടില്ല. ഈ തുകകൂടി അനുവദിക്കുന്നപക്ഷം മാർച്ച് അവസാനംവരെയുള്ള സകല ചിലവും വഹിക്കുവാൻ സാധിക്കും.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ കണ്ടിജൻസി ഫണ്ടു വേണ്ടായെന്നാണോ പറയുന്നതു്? അങ്ങനെയാണു് ഫൈനാൻസു മിനിസ്റ്ററുടെ വാദംകൊണ്ടു മനസ്സിലാകുന്നതു്. എന്നാൽ ൨൬൭-ാം വകുപ്പിന്റെ ഉദ്ദേശം അതല്ല. മുൻകൂട്ടി കാണാൻ പാടില്ലാത്ത ചെലവുകൾക്കായിട്ടാണു കണ്ടിജൻസി ഫണ്ടു ഏർപ്പെടുത്തിയിരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം അംഗീകരിക്കുകയാണെങ്കിൽ കണ്ടിജൻസി ഫണ്ടു് എന്നു പറയുന്നതു ഒരു വെറും ഫാഴ്സു മാത്രം ആകും.

ശ്രീ. എ. ജെ. ജോൺ: കണ്ടിജൻസി ഫണ്ടു വച്ചിട്ടുണ്ടു്. അതു എങ്ങനെ ചെലവാക്കണമെന്നുള്ളതിനെ സംബന്ധിച്ചു റൂളുകളും ചട്ടങ്ങളും ഒന്നും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഇൻഡ്യാ ഗവമെണ്ടും ഒരു കണ്ടിജൻസി ഫണ്ടു ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുവരെ ഒരു പൈസപോലും അതിൽനിന്നും ചെലവാക്കിയിട്ടില്ല. അതിലേക്കുള്ള റൂളുകളും നിബന്ധനകളും ഒന്നും അവരും ഉണ്ടാക്കിയിട്ടില്ല. എന്തെല്ലാം റൂളുകളാണു ഉണ്ടാക്കേണ്ടതെന്നുള്ളതിനെപ്പററി ഇൻഡ്യാ ഗവമെണ്ടും മററു സംസ്ഥാന ഗവമെണ്ടുകളും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടാണു് കണ്ടിജൻസി ഫണ്ടിൽനിന്നു ഈ തുക ചെലവാക്കാതെ സപ്ലിമെൻററി ഗ്രാൻറു അവതരിപ്പിക്കാൻ ഇടയായതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, രാഷ്ട്രീയ തടവുകാരുടെ പേരിലുള്ള കേസുകൾ നടത്തുന്നതിൽ വരുത്തുന്ന കാലതാമസത്തെപ്പററി സംസാരിക്കുന്നതിലേക്കു ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

മിസ്റ്റർ സ്പീക്കർ: അതു അനുവദിക്കത്തക്കതല്ല. ഡിമാൻറിനെ എതിർക്കാം. എന്നാൽ അതു സംബന്ധിച്ചു വാദപ്രതിവാദത്തിനു വിഷയമാകുമെന്നു പറയുന്ന സംഗതികൾ ഡിമാൻറിന്റെ പരിധിയിൽ പെടുന്നതല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അഡീഷനൽ ഗവമെണ്ടു പ്ലീഡറെ നിയമിച്ചതു് എന്നാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അഞ്ചാറു മാസങ്ങൾക്കു മുമ്പാണു്.

Mr. Speaker : According to the provisions of articles 205 and 267, it appears to me that the observations made by the hon'ble Member Mr. Thanu Pillai are applicable. Article 267 reads thus :

"The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the Governor or Rajpramukh of the State to enable advances to be made by him out of such Fund for the purposes of meeting unforseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206".

For meeting unforeseen expenditure the Contingency Fund is the source from which advances are to be made. In respect of the Demand now before the House elucidation is sought for on the basis of Articles 205 and 267 and other relevant Articles of the Constitution. Regarding the observations made by the member on this matter the Minister may, by way of elucidation, offer his remarks.

Sri. A. Thanu Pillai: They did not incur the expenditure when they asked for it.

ശ്രീ. എ. ജെ. ജോൺ: ഈ സഭയുടെ അനുവാദത്തിനായി കൊണ്ടുവന്നിരിക്കുന്ന ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എടുക്കണമോ അതോ കൺടിൻജൻസി ഫണ്ടിൽനിന്നും എടുക്കണമൊ എന്നതാണ് പ്രശ്നം. ഒരു സപ്ലിമെൻററി ഗ്രാൻറ് ഇവിടെ കൊണ്ടുവന്ന് പാസ്സാക്കിയതിനുശേഷം ആ തുക കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എടുക്കാം. അതല്ലെങ്കിൽ കൺടിൻജൻസി ഫണ്ടിൽനിന്നും തുക എടുത്തശേഷം ആ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഡൈവർട്ടു ചെയ്യണം.

Sri. Kalathil Velayudhan Nair: The position is clear that it cou'd not have been spent.

ശ്രീ. എ. ജെ. ജോൺ: എൻെറ മാന്യസ്നേഹിതൻ പറയുന്നതു് ശരിയല്ല അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് ഇനത്തിലേക്ക് അനുവദിച്ചിരിക്കുന്ന തുകയിൽനിന്നുമാണ് ഇതിലേയ്ക്കു് ചിലവാക്കിയിരിക്കുന്നതു്. എന്നാൽ അതുകൂടാതെ ഈ മാർച്ച് അവസാനംവരെയുള്ള ചിലവിലേക്കുവേണ്ടി ൨൫,൦൦൦ രൂപകൂടി വേണമെന്നാണ് ഞാൻ പറയുന്നതു്.

Mr. Speaker: The question of excess expenditure does not appear to arise in this connection, and there is no room for confusing the issues.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, എനിക്ക് ഒന്നു് പറയാനുണ്ടു്. രാഷ്ട്രീയപ്രവർത്തകന്മാരുടെ പേരിൽ നിരവധി കേസ്സുകൾ ഉണ്ടായിട്ടുണ്ടു്. രണ്ടു മൂന്നു കൊല്ലം പഴക്കമുള്ള ഈ കേസ്സുകൾ യാതൊരു തീരുമാനവും ചെയ്യാതെ കോടതിയിൽ കിടക്കുകയാണ്. കരുതിക്കൂട്ടി മനഃപൂർവ്വമായ വൈരാഗ്യബുദ്ധിയോടെ ആളുകളെ വിഷമിപ്പിക്കുന്ന ഒരു സംഗതിയാണിതു്.

മിസ്റ്റർ. സ്പീക്കർ: ഒരു സപ്ലിമെൻററി ഡിമാൻഡ് ഹാജരാക്കുമ്പോൾ ഈ വാദങ്ങളൊന്നും സംഗതമല്ല. അതിനു പ്രത്യേക സമയം അനുവദിക്കുന്ന അവസരത്തിൽ അതു പറയേണ്ടതാണ്. അതല്ലാതെ ഈയവസരം ഒരു പ്രസ്താവനക്കുവേണ്ടി ഉപയോഗപ്പെടുത്താൻ പാടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, അഡീഷണൽ ഗവമ്മെണ്ടു പ്ലീഡറെ നിയമിച്ചതു് എന്നാണെന്നു് ചോദിച്ചപ്പോൾ അഞ്ചാറുമാസങ്ങൾക്കു മുൻപാണെന്നാണ മറുപടി പറഞ്ഞതു്.

ശ്രീ. എ. ജെ. ജോൺ; ഞാൻ പറയാം. അതു് ൧൯൫൦ ഫെബ്രുവരി ൨൦-ാംനുയിലാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അഞ്ചൽ ഡിസ്ട്രിക്ട് കോർട്ടിലെ അഡീഷണൽ ഗവമ്മെണ്ടു് പ്ലീഡറെ നിയമിച്ചതു് എന്നാണ്?

ശ്രീ. എ. ജെ. ജോൺ: എന്നാണെന്നുള്ളതു് നിശ്ചയമായിട്ടു് പറയാൻ എൻെറ കൈയിൽ റിക്കാർഡില്ല.

Sri. Kalathil Velayudhan Nair: When a supplementary demand is made all the facts must be available. At least the dates must be available.

ശ്രീ. എ. ജെ. ജോൺ: ഏതായാലും ആ നിയമനം നടത്തിയതു് ൧൧൨൦ ഫെബ്രുവരി ൧൦-ാംനു-ക്കു മുൻപിലാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: തിരുവനന്തപുരത്തു് ഒരു സർക്കാർ വക്കീലിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത എന്താണു്?

ശ്രീ. എ. ജെ. ജോൺ: ഇടപ്പള്ളി കേസ്സുകൾ വിസ്തരിക്കുന്നതിനു ശ്രീ എസ്സ്. ഗോവിന്ദപ്പിള്ളയെയാണ് നിയമിച്ചിരിക്കുന്നതു്. അതിനുപകരി ശ്രീ. പുരുഷോത്തമൻ നായരെ ഗവർമ്മെണ്ടു് പ്ലീഡറായിട്ടു നിയമിക്കേണ്ടിവന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ നിയമനം ആവശ്യമാണെന്നു അഡ്വക്കേറ്റ് ജനറൽ ശുപാർശ ചെയ്തിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ചെയ്തിരുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുശേഷം എത്ര നിയമസഭാ സമ്മേളനങ്ങൾ നടന്നുകഴിഞ്ഞു എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: രണ്ടു സമ്മേളനം നടന്നിട്ടുണ്ടു്.

The question that a supplementary grant of Rs. 22,840 be granted under "14 —Administration of Justice (d) Law Officers.", was put and carried.

The grant was made.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I move for a Supplementary grant of Rs. 100 under "18 Education F—Special School Education. (a) Training Schools."

Minister for Law, Finance and Revenue **(Sri. A. J. John):** I second it.

ശ്രീ. ടി. കെ. നാരായണപിള്ള: അടിസ്ഥാനവിദ്യാഭ്യാസപരിശീലനം നൽകുന്നതിലേയ്ക്കു് ൧൧൨൦-ൽ ഒരു കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടു്. അതിലേയ്ക്കുള്ള തുക ആയവ്യയ പട്ടികയിൽ ചേർത്തിട്ടില്ല. ഇങ്ങനെയുള്ള ഒരു സ്ഥാപനം ഏർപ്പെടുത്തുന്നതിനു അനുവാദം നൽകിയതു് ൧൧൨൦-ൽ ആണ്. അവിടെ കുറെ അദ്ധ്യാപകന്മാരും പരിശീലനം ചെയ്യുന്ന അറുപതോളം ആളുകളും ഉണ്ടു്. കൂടാതെ പരിശീലിപ്പിക്കുന്നതിലേയ്ക്കു് അഞ്ചു് ആളുകളേയും നിയമിച്ചിട്ടുണ്ടു്. ഈ സ്കൂളിലേയ്ക്കു് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മററും ഏതാനും സംഖ്യ ചിലവാക്കേണ്ടതുണ്ടു്. അടിസ്ഥാനവിദ്യാഭ്യാസം തൊഴിൽപരമായ ഒരു വിദ്യാഭ്യാസമായതുകൊണ്ടു് കാളകളും പുതിയതരം വിത്തുകളും വാങ്ങിക്കേണ്ടതായിട്ടുണ്ടു്. എന്നാൽ കുറെയൊക്കെ ഗവർമ്മെണ്ടു് വാങ്ങിച്ചിട്ടുണ്ടു്. ഇൻസ്ട്രക്ടറന്മാർക്കു് ശമ്പളം കൊടുക്കുന്നതിനു് ആവശ്യമായ തുക എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഡൈവർട്ടു ചെയ്തു ചിലവാക്കിയിട്ടുമുണ്ടു്. ആ സംഗതിയെപ്പററി സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററിയിൽ ഒരു പ്രപ്പോസൽ കൊണ്ടുവന്നപ്പോൾ പാസ്സാക്കണമെങ്കിൽ നിയമസഭയുടെ അനുമതി വേണമെന്നു് അവർ അഭിപ്രായപ്പെടുകയുണ്ടായി. ഇതു് ഒരു ന്യൂ സർവ്വീസ്സ് ആയതുകൊണ്ടു് അതിനു് നിയമസഭയുടെ സമ്മതം ആവശ്യമാണു്. ടോട്ടൽ അലോട്ടുമെണ്ടിൽനിന്നും ഡൈവർട്ടുചെയ്യുന്നതിനു് അവകാശമുണ്ടെങ്കിലും ഒരു ന്യൂ സർവ്വീസ്സ് ആയതുകൊണ്ടുമാത്രം ടോക്കൺ ഗ്രാൻറ് കൊണ്ടുവന്നു് ഈ നിയമസഭയുടെ സമ്മതം വാങ്ങിക്കണമെന്നു് സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മററി നിർദ്ദേശം നൽകിയതനുസരിച്ചു് ഈ ഡിമാൻഡു് കൊണ്ടുവന്നിരിക്കു

[Sri. T. K. Narayana Pillai]

കയാണ്. ഇപ്പോൾ ചേപ്പിൽ ഒരു അടിസ്ഥാനവിദ്യാഭ്യാസകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ട്. അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ തത്വം നാം മനസ്സിലാക്കുകയും അതു് ആവശ്യമാണെന്നു നാം സമ്മതിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു് ഇതിനെ ആരും എതിർക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഈ ഗ്രാൻറു് അനുവദിക്കണമെന്നപേക്ഷിക്കുന്നു.

<u>ശ്രീ. എ. താണുപിള്ള:</u> ട്രെയിനിംഗ് സെൻററിനു് കഴിഞ്ഞ ആണ്ടു് എന്തു ചെലവായി?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇരുപത്തയ്യായിരംരൂപ.

The House adjourned at 6-30 p.m. to meet again at 11 a.m. on Wednesday, the 21st March 1951.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Wednesday, *the 21st March 1951*

Vol. III] **OFFICIAL REPORT** **[No. 12**

The Assembly met in the Legislative Chamber, Trivandrum at 11 o'clock on Wednesday, the 21st March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions for the day).

Oral Answers

പോലീസ് കാൺസ്റ്റബിൾമാർ

* ൧൩൧. (൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസ് കാൺസ്റ്റബിൾമാരുടെ ഗ്രേഡുകളും ശമ്പളസ്കെയിലുകളും വർദ്ധിപ്പിക്കുന്നതിൽ പബ്ലിക്ക് സർവീസ് കമ്മീഷനു് വല്ല ചുമതലയുമുണ്ടോ;

(ബി) ൧൧൨൫-ൽ എത്ര പോലീസ് കാൺസ്റ്റബിൾമാർക്കു ഗ്രേഡുകളും ശമ്പളസ്കെയിലുകളും വർദ്ധിപ്പിക്കുവാനിടയായി;

(സി) പട്ടികജാതി വിഭാഗത്തിൽപെട്ട കാൺസ്റ്റബിൾമാർക്കു് ആർക്കെങ്കിലും ഈ പ്രോത്സാഹനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവർ ആരെല്ലാം?

ചീഫ് മനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ൩,൦൪൪ കാൺസ്റ്റബിൾമാരിൽ ആർക്കും ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഉണ്ടു്.

(ഡി) പട്ടിക താഴെ കൊടുത്തിരിക്കുന്നു.

STATEMENT

1	4862	Atchuthan	10	1609	Kandappai
2	4851	Patchan	11	1774	Velayudhan
3	3401	Dakshayani	12	1857	Madhavan
4	6036	Nadarajan	13	2750	Kunhan
5	6405	Gopalan	14	2756	Vallon
6	1004	Velayudhan	15	4191	Karunakaran
7	1240	Ayyappan	16	4228	Kunhayyappan
8	1274	Velayudhan	17	4779	Kunhayyappan
9	1439	Krishnan	18	5029	Chennan

19	5385	Ayyappan	45	4519	Krishna Pillai
20	6134	Adima	46	4526	Balakrishnan
21	741	Neelakantan	47	1858	K. Thevan
22	320	Krishnan	48	7189	N. Bhaskaran
23	435	Chellappan	49	1679	Kunjan
24	497	Chellappan	50	708	Janardanan
25	736	Gopalan	51	2571	Govindan
26	526	Krishnan	52	2965	Krishnan
27	584	Viswanathan	53	3517	Gopalan
28	655	Kuttappan	54	1727	Kuttan
29	768	Velukutty	55	3184	Ramakrishnan
30	896	Chellan	56	1220	Raghavan
31	987	Krishnan	57	822	Gopalan
32	2229	Kunjan	58	1767	Patchan
33	2345	Chellayyah	59	1077	Krishna Panicker
34	2467	Sanku	60	527	Sankaran
35	2550	Kochappan	61	2189	Patchan
36	2551	Krishnan	62	561	Govindan
37	2589	Padmanabhan	63	2995	Narayanan
38	2780	Sahadevan	64	1002	Nanoo
39	3226	Govindan	65	775	Narayanan
40	3316	Velayudhan	66	2938	Neelakantan
41	3411	Somasekharan	67	1432	Subramonia Pillai
42	3412	Kuttan	68	1634	Krishnan
43	3472	Velayudha Vaduvar	69	1056	Peter
44	3479	Bhaskaran	70	2932	Chamy
			71	837	Bhanoo.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ശമ്പളസ്കേയിലുകളും പ്രമോഷനും നൽകുന്ന വിഷയത്തിൽ ഉള്ള നയവും പരിപാടിയും എന്താണ്?

ശ്രീ. സി. കേശവൻ: അതു് പബ്ലിക്ക് സർവീസ് റൂളനുസരിച്ചു നടത്തുകയാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പബ്ലിക്ക് സർവീസ് കമ്മീഷന് ഇതിൽ യാതൊരധികാരവുമില്ലെന്നു് പറഞ്ഞതായിട്ടാണ് ഞാൻ ഓർക്കുന്നതു്. (ഉത്തരമില്ല)

ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇതു് കൺസ്റ്റാബ്യൂലറിയെക്കുറിച്ചാണ്. ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം മററു പലതും ആലോചനയുള്ള കൂട്ടത്തിൽ അതും കണ്ടേക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മററു പലതിന്റേയും കൂട്ടത്തിൽ ഇതും കൂടെ ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. ജോസഫ് മാത്തൻ: ഈ പരിഷ്കാരത്തിൽ വല്ല പോലീസുകാരുടേയും ശമ്പളത്തിനു കുറവു വന്നിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: അതു് ലിസ്ററു നോക്കിയാലേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. എ. കെ. പാച്ചുപിള്ള: തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പോലീസുകാരുടെ ശമ്പളത്തിനു് തമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എങ്ങനെയാണു് ആ വ്യത്യാസം?

ശ്രീ. സി. കേശവൻ: കൊച്ചിയിലെ ശമ്പളം സ്വല്പം കൂടുതലാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കൊച്ചിയിലെ ശമ്പളമനുസരിച്ചു ഇവിടത്തെ പോലീസുകാരുടെ ശമ്പളവും വർദ്ധിപ്പിക്കാമോ?

ശ്രീ. സി. കേശവൻ: അതു് സ്റ്റാൻഡൈഡൈസേഷൻ നടക്കുമ്പോൾ ആലോചിക്കുന്നതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരേ സർവീസ്സുള്ളവർക്കുതന്നെ ശമ്പളത്തിൽ വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഉണ്ടാകും. അതു്, കാര്യക്ഷമത അനുസരിച്ചിരിക്കും.

ശ്രീ. ഗാസ്പർ ഡി സിൽവാ: കൊച്ചിയിലുള്ളവർക്കു് ശമ്പളം കുറവാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ അറിവില്ല.

ശ്രീ. എം. ഐ. പാൾ: രണ്ടു് രാജ്യത്തിലേയും ശമ്പളം രണ്ടുവിധമായിരിക്കുമ്പോൾ എങ്ങനെ സ്റ്റാൻഡൈഡൈസ് ചെയ്യും?

ശ്രീ. സി. കേശവൻ: അതു് തിരുവിതാംകൂറിലെപ്പോലെ ശമ്പളം നിശ്ചയിച്ചിട്ടു് കൂടുതൽ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർക്കു് അതു് പേഴ്സനൽ ആയി അനുവദിക്കും.

ശ്രീ. എം. ഐ. പാൾ: ഈ ഇൻറിഗ്രേഷൻ എന്നു പൂർത്തിയാകും?

ശ്രീ. സി. കേശവൻ: ഈ സഭമുമ്പാകെ തന്നെ പറഞ്ഞിട്ടുണ്ടു്. ഇൻറിഗ്രേഷൻ ശരിപ്പെടുത്തുന്നതിനുള്ള സകല ഏർപ്പാടുകളും പൂർത്തിയായി കഴിഞ്ഞു, ഈ സ്ഥലത്തു് പ്രത്യേക താല്പര്യമൊന്നുമില്ലാത്ത ഒരാളെ ഇതു് ഇംപ്ലിമെൻറ ചെയ്യാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണു് എന്നു്.

ശ്രീ. എം. ഐ. പാൾ: ഇൻറിഗ്രേഷൻ നടന്നിട്ടു് വളരെക്കാലമായി. ഇതുവരെ സർവീസ് സംയോജനം നടത്താത്തതെന്തുകൊണ്ടു്?

Mr. Speaker: That is disallowed.

മദ്യനിരോധനം

* ൯൩൨. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൧-ൽ സംസ്ഥാനത്തെ മദ്യനിരോധനമേഖല വിപുലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലെ പ്രസ്തുത താലൂക്കുകൾ ഏതെല്ലാം;

(സി) കൊച്ചി വിഭാഗത്തിലെ പ്രസ്തുത താലൂക്കുകൾ ഏതെല്ലാം?

(ഡി) ഈയിനത്തിൽ കുറവു വരുവാൻ ഇടയുള്ള വരുമാനത്തുക ആകെ എത്ര ഉറപ്പിക്കയായിരിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇല്ല. (ബി, സി, ഡി) ഉദിക്കുന്നില്ല.

Sri. R. K. Ram: Sir, I do not understand the meaning of the expression in part (a) of the question: " മദ്യനിരോധനമേഖല വിപുലപ്പെടുത്തുവാൻ "

Sri. C. Kesavan: It means whether the Government propose to extend the area of prohibition in 1951.

Sri. T. Kochukrishna Pillai: May I know what exactly stands against extending the area?

Sri. C. Kesavan: There are many reasons of which the financial implications are more important.

TOURING OFFICERS' RATION

*763. [3] **Sri. D. Gnanasigamoni:** Will the Hon'ble Minister for Food be pleased to state.—

(*a*) whether officers on tour are permitted to carry sufficient rations with them with special sanction in writing from the food authorities;

(*b*) whether any officer had applied for such a permit;

(c) if so, the number of such permits applied for and granted?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

(c) Three.

ചവറ മണൽക്കമ്പനി

*൭൬൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശ്രീ. ചട്ടനാഥക്കരയാളരുടെ വക ചവറയിലുള്ള മണൽക്കമ്പനി ഗവൺമെൻറിൽനിന്നും വിലയ്ക്കു എടുത്തോ;

(ബി) എന്നാണു് വിലയ്ക്കു എടുത്തതു്;

(സി) എന്തു വില കൊടുത്തു;

(ഡി) ഇതു വിലയ്ക്കു എടുക്കുന്നതിനെ സംബന്ധിച്ചു് എത്ര നാളത്തെ ആലോചന നടന്നു;

(ഇ) ഈ കമ്പനിയിൽ ജോലി ഇല്ലാതായിട്ടു എത്ര മാസങ്ങളായി;

(എഫ്) ജോലിയില്ലാതെ അടച്ചുപൂട്ടിയിട്ടിരുന്ന കാലങ്ങളിൽ ഇതിന്റെ സംരക്ഷണത്തിനു എത്ര രൂപാ ചെലവായി;

(ജി) ഈ ചെലവു വഹിച്ചതു ഗവൺമെണ്ടോ, ശ്രീ. കരയാളരോ;

(എച്ച്) ഇപ്പോൾ അവിടെ ജോലി നടക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എടുത്തു.

(ബി) ൧൯൫൧ ജാനുവരി ൨൭-ാം തീയതി.

(സി) ൪,൯൧,൬൩൩ രൂപാ.

(ഡി) ഏകദേശം ഒരു വർഷം.

(ഇ) ഏകദേശം രണ്ടുവർഷം.

(എഫ്) അറിഞ്ഞുകൂടാ.

(ജി) ശ്രീ. ചട്ടനാഥക്കരയാളർ.

(എച്ച്) ഇല്ല. കഴിയുന്നതും വേഗത്തിൽ തുറന്നു ജോലിനടത്തുന്നതിനു വേണ്ട നടപടി എടുത്തുവരികയാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അവിടെ ജോലിയില്ലാതെ ആയിട്ട് എത്ര വർഷമായി?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുതന്നെയാണ് ഉത്തരം പറഞ്ഞതു്, രണ്ടുവർഷമായിഎന്നു്.

ശ്രീ എ. കെ. പാച്ചുപിള്ള: മുഴവൻ സംഖ്യയും മന്നായിരൊക്കം കൊടുത്തതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിലേക്ക് മി. കരയാളരിൽനിന്നും വരുവാനുള്ള തുക തട്ടിക്കഴിച്ച് ബാക്കിയുള്ളസംഖ്യ കൊടുത്തു.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര രൂപയാണു കൊടുത്തതെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു നോട്ടീസുകൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. ഗാസ്പർ ഡി. സിൽവ: ഗവമ്മെൻറിലേക്ക് പണം വരാനുള്ളതെങ്ങനെയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ ബോണസ് കൊടുക്കുന്നതിനു കൂടി വ്യവസ്ഥയുണ്ടായിരുന്നു, അതു കൊടുക്കുന്നതിനു്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ഗവമ്മെൻറ് ഈ കമ്പനി വാങ്ങിച്ചതെന്തിനാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ലാഭകരമായിരിക്കുമെന്നു വിചാരിച്ചാണ്

വയസ്സു വ്യത്യാസംമൂലം പിരിച്ചുവിടപ്പെട്ടവർ

* ൩൬ ൭. (൭) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനസർവ്വീസിലെ എത്ര ഉദ്യോഗസ്ഥന്മാരെ അവരുടെ വയസ്സു സംബന്ധിച്ച് വ്യത്യാസങ്ങൾക്കായി സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) അങ്ങനെ പിരിച്ചുവിട്ടിട്ടുള്ളവരിൽ ശ്രീ. ടി. കെ. കോശി ശ്രീ. കെ. ആർ. ദാമോദരൻപിള്ള, ശ്രീ. കെ. അയ്യപ്പൻപിള്ള എന്നിവർ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഇവരിൽ ആരെങ്കിലും പിരിച്ചുവിടലിനെ സംബന്ധിച്ച കേന്ദ്രഗവമ്മെൻറിൽ പരാതിപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഇ) പരാതിയുടെ ഫലമെന്തായി;

(എഫ്) ശ്രീ. ടി. കെ. കോശിയുടെയും, ശ്രീ. കെ. ആർ. ദാമോദരൻപിള്ളയുടെയും, ശ്രീ. കെ. അയ്യപ്പൻപിള്ളയുടെയും വയസ്സു സംബന്ധിച്ച അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാരാരെല്ലാം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൪.

പബ്ലിക്ക് ഇൻററസ്റ്റിനു് വിഘാതമായിരിക്കുമെന്നുള്ളതിനാൽ ബി മുതൽ എഫ് വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതു് യുക്തമായിരിക്കുകയില്ല.

Sri. P. Balakrishnan Tampi: I wish to know from the Chair whether Government can keep back information on grounds of public policy when questions are asked about the age of officers. What is the public policy involved in this age question?

Mr. Speaker: Has any part of the question not been answered?

Sri. C. Kesavan: Parts (*b*) to (*f*) have not been answered on that ground.

Sri. P. S. Nataraja Pillai: As far as part (*b*) is concerned, the facts are known to the public. Then how is it that information is now sought to be kept back? There is absolutely no danger to public interests if the information is given. That argument must apply to the other parts also.

Mr. Speaker: In regard to part (*b*), Mr. Nataraja Pillai raises the point how it will be against public interest to answer this question, when the information asked for is already available to the public. part (*b*) merely asks for information as to whether the three persons mentioned therein are included in the list of Officers removed from service on the ground of discrepancies in their ages. Does the Minister think that this information is to be withheld on the ground of public policy?

Sri. C. Kesavan: They have been included in the list.

Sri. P. Balakrishnan Tampi: It is a question of fairness to this House and no information can be kept back on a matter in which the State interests will not suffer by an honest disclosure of facts.

Sahib Bahadur K. A. Mohammed: ഇതിനെ സംബന്ധിച്ച് കേന്ദ്രഗവണ്മെന്റിലേക്ക് ആരെങ്കിലും പരാതികൊടുത്തിട്ടുണ്ടോ?

Mr. Speaker: The answer has been withheld for the reason that public interest does not permit the information asked for being divulged.

When the Minister concerned refuses to divulge information on grounds of public interest it is not open to the Chair to force it out of him. I don't think there are means, at any rate within the House, available to the members to curtail the Minister's discretion in this respect.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഞാൻ ഒരു സംഗതി അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവരാനാഗ്രഹിക്കുന്നു. ഇതുപോലുള്ള ഒരു ചോദ്യത്തിന് അതായതു് ശ്രീമാൻ ടി. കെ. കോശിയെസംബന്ധിച്ച്, അദ്ദേഹത്തെ സർവ്വീസിലേക്ക് തിരിയെ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു ചോദിച്ചതിന് ഇല്ലെന്ന് രണ്ടുമൂന്നു ദിവസങ്ങൾക്കുമുമ്പ് മറുപടി പറഞ്ഞു. എന്നാൽ അതു് ഡിസ്ക്ലോസ് ചെയ്യുകയും ഇന്ന് പബ്ലിക്ക് ഇന്ററസ്റ്റിന് വിഘാതമാണെന്നു പറഞ്ഞു് മറുപടി പറയാതിരിക്കുകയും ചെയ്യുന്നതെന്താണ്?

Mr. Speaker: That does not arise now.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഇതിൽ എന്താണ് പബ്ലിക്ക് പോളിസിക്ക് വിരോധമെന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I have already tried to explain that this is not a matter within the competence of the Chair to direct and control or for the House to discuss and decide.

ശ്രീ എ. താണുപിള്ള: സർ, സി. ഡി. ഇ. എഫ്. ഇവക്ക് ഉത്തരം പറഞ്ഞാൽ എങ്ങനെ അതു് പബ്ലിക്ക് ഇന്ററസ്റ്റിനു വിഘാതമാകുമെന്ന് അറിഞ്ഞാൽ കൊള്ളാം. സെൻട്രൽ ഗവണ്മെന്റിനും നമുക്കും തമ്മിലുള്ള ബന്ധത്തിന് വല്ല തകരാറും സംഭവിക്കുമെന്നോ ഈ നാട്ടിൽ സമാധാനലംഘനം ഉണ്ടാകുമെന്നോ, എന്താണ് ഇതുകൊണ്ടുദ്ദേശിക്കുന്നതു് എന്നറിഞ്ഞാൽ കൊള്ളാം. ഈ അവസരത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതുകൊണ്ട് ഇതുമാതിരി എന്തെങ്കിലും സംഭവിക്കുന്നതാണെങ്കിൽ അതുപറയണമെന്നില്ല. എന്നാൽ

എങ്ങനെയാണ് അതു് പബ്ലിക്ക് ഇൻററസ്റ്റിനെ ബാധിക്കുന്നതു് എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ. സ്പീക്കർ: ഈ മാതിരി ചോദ്യങ്ങൾക്ക ഉത്തരം പറയേണ്ടതാണെന്നുള്ളതിലേക്ക മെമ്പർ പുറപ്പെടുവിച്ച ന്യായവാദങ്ങൾ മന്ത്രിമാരുടെ ആലോചനയിലും ബോദ്ധ്യത്തിലും പെട്ടിരിക്കാം. എന്നാൽ വാദപ്രതിവാദത്തിനൊ എതൃതീരുമാനത്തിനൊ സാദ്ധ്യതയില്ലെന്ന ഞാൻ പറഞ്ഞുകഴിഞ്ഞു. കൂടാതെ എന്തുകാരണത്താലാണ് പബ്ളിക്ക് ഇൻററസ്റ്റിന വിഘാതമായിത്തീരുന്നതു് എന്നു് പറയുകയാണെങ്കിൽ അതു് കുറച്ചുകൂടി ആക്ഷേപാർഹമായിതീരാനാണല്ലൊ ഇടയുള്ളതു്.

Sri. D. Gnanasigamoni: Is it true, Sir, that the Government of India have taken the view that the stand taken by this Government on the question of age is untenable and that this Government must go back on that policy?

Mr. Speaker: In his answer to the main question the Minister has stated that it is against public interest to go into these details.

Sri. D. Gnanasigamoni: I am not asking any question. Has any communication been received by this Government?

Mr. Speaker: It is clear that when the main question itself cannot be answered, a supplementary question which hangs on the main question cannot be answered.

Sri. D. Gnanasigamoni: Sir, it was a supplementary question bearing on (*a*).

Sri. P. Balakrishnan Tampi: Sir, May I know whether the Government have eyes to see and ears to hear the wonderful unanimity of feeling in this House on this matter? (Laughter)

Sri. K. P. Nilakanta Pillai: May I know whether these officers were sent out bccause they were honest?

Mr. Speaker: No, that is an insinuation.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ഗവമ്മെൻറിന പററിയിട്ടുള്ള തെററുകൾ തെററുകളാണെന്ന സമ്മതിക്കുന്നതു് പബ്ലിക്ക് ഇൻററസ്റ്റിന വിരുദ്ധമാകുമോ?

Mr. Speaker: That involoes a maxim laudable indeed, of general application

ശ്രീ. എം. താണുപിള്ള: ചില ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിട്ടിട്ടുള്ളതു പുറത്തുപറയാൻ വയ്യാത്ത കാരണങ്ങളാലാണെന്ന ഈ ചോദ്യങ്ങൾക്കുത്തരം പറയാതിരിക്കുന്നതിൽ നിന്നും ആളുകൾ ധരിക്കുമെന്ന ഗവമ്മെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

Mr. Speaker: I don't think the Hon'ble Members are seriously suggesting that the Ministers' discretion in refusing to answer a question on grounds of public interest is to be questioned or curtailed. But the seriousness and persistence with which many members of the House appear to have approached this matter may, I hope, make it desirable on the part of the Governmet to impart to the House as detailed information as possible on the points covered by this question.

ചീഫ് ജസ്റ്റീസിൻെറ വയസ്സ്

*൭൩൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തെ ചീഫ് ജസ്റ്റീസിന്റെ വയസ്സിനെ സംബന്ധിച്ച്, ശ്രീ. കെ. എസ്. ജോസഫ് എം. എൽ. ഏ. യും, ശ്രീ. എം. വർക്കി എം. എൽ. ഏ. യും, ൧൯൪൯ ഡിസംബർ മാസത്തിൽ പരാതി അയച്ചിരുന്നോ?

(ബി) പ്രസ്തുത പരാതികളെപ്പററിയുള്ള അന്വേഷണഫലം എന്താണ്?

നിയമവും ധനകാര്യവും, റവന്യൂവും വകുപ്പ് മന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഈ സംസ്ഥാനത്തെ ഇപ്പോഴത്തെ ചീഫ് ജസ്റ്റീസിന്റെ വയസ്സിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

Sri. K. P. Nilakanta Pillai: With reference to answer to (a), is the hon'ble Member aware that the same complaint has been raised in this House?

ശ്രീ. ഏ. ജെ. ജാൺ: ഇപ്പോഴത്തെ ചീഫ് ജസ്റ്റീസിന്റെ വയസ്സു സംബന്ധിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടുള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൯൪൯ ഡിസംബർ മാസത്തിലിരുന്ന ചീഫ് ജസ്റ്റീസിന്റെ വയസ്സ് സംബന്ധിച്ച് പരാതി ഉണ്ടായിരുന്നോ എന്നാണു ചോദ്യം.

ശ്രീ. ഏ. ജെ. ജാൺ: അന്നു ചീഫ് ജസ്റ്റീസായിരുന്നതു് ശ്രീ. പുതുപ്പള്ളി കൃഷ്ണപിള്ളയാണ്. അദ്ദേഹത്തിന്റെ വയസ്സിനെ സംബന്ധിച്ച് ഒരു പരാതി എഴുത്തു കിട്ടിയിരുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ പരാതിയെപ്പററി അന്വേഷണം നടത്തിയോ?

ശ്രീ. ഏ. ജെ. ജാൺ: അദ്ദേഹം റിട്ടയർ ചെയ്തുകൊണ്ട് അതിനെപ്പററി അന്വേഷണം നടത്തിയില്ല.

GRAIN ALLOTMENT TO THE STATE

*767. (7) **Sri. D. Gnanasigamoni:** Will the Hon'ble Chief Minister be pleased to state.—

(*a*) the persent amount of grain allotment to this State by the Union Government;

(*b*) what perentage of the total requirements of this State will that allotment cover?

Minister for Education, food and Labour (**Sri. T. K. Narayana Pillai**):

(*a*) 3,25,000 tons.

(*b*) Calculating at 12 ounces ration, the allotment covers only about 67 perscent of the requirements.

Sri. D. Gananasigamoni: Am I to understand that we have got more amount than is needed for this State?

Sri. T. K. Narayana Pillai: If that is the meaning the Hon'ble Member takes, I cannot help it. കിട്ടിയിട്ടുള്ള അരി പന്ത്രണ്ട് ഔൺസ് റേഷൻവച്ച് കണക്കാക്കുകയാണെങ്കിൽ ഇവിടെയുള്ള ആവശ്യത്തിന്റെ അറുപത്തേഴു ശതമാനത്തിനു മാത്രമേ ഉപകരിക്കുകയുള്ളു എന്നാണു മറുപടി.

Sri. D. Gananasigamoni: In view of the fact that we produce a portion of the grain in the State, and in view of the fact, that according to the Hon'ble Minister, 67 percent of the total requirement is allotted by the Union Government will we not be getting more than the quantity that is needed for the State?

ശ്രീ. ടി. കെ. നാരായണപിള്ള: നമ്മുടെ പ്രൊക്യൂവർ ചെയ്തു കഴിഞ്ഞ് ബാക്കിയുള്ളതിനെപ്പററിയാണ് ഇപ്പോഴും പറഞ്ഞത്.

ശ്രീ ഇട്ടീര അമ്പൃക്കൻ: ഈ പറഞ്ഞത് ഗോതമ്പുകൂടി ഉൾപ്പെടുത്തിയാണോ?

ശ്രീ. ടി കെ. നാരായണപിള്ള: അതേ.

COTTAGE INDUSTRIES COMMITTEE REPORT

*768. [8] **Sri. N. D. Jose:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government has considered the report submitted by the Cottage Industries Committee; and

(*b*) the recommendations proposed to be implemented?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) and (*b*) The Committee has submitted only an interim report. Its final report is awaited. Recommendations in the interim report are under consideration of the Government.

COTTAGE INDUSTRIES COMMITTEE

769. [9] **Sri. N. D. Jose:** Will the Hon'ble Minister for Industries be pleased to state the total amount spent for the Cottage Industries Committee and the time taken for preparing its report?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** An amount of Rs. 12,523—5—9 was spent for the Cottage Industries Committee. The Committee was constituted in March 1950 and they submitted their interim report on the 30th October 1950.

Sri. P. Balakrishnan Tampi: When will the final report be available?

Sri. T. K. Narayana Pillai: The Chairman has written to say that the full report will be submitted in October 1951.

AAKKULAM GROW MORE FOOD WORK

*770. (10) **Sri. N. D. Jose:** Will the Hon'ble Minister for Food be pleased to state.—

(*a*) the total area of the Grow More Food reclamation cultivation at Aakkulam;

(*b*) the expected yield in that area;

(*c*) the names of persons to whom that area has been leased out and,

(*d*) the name of the company or any such association of individuals conducting the cultivation there?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൦൦ ഏക്കർ.

(ബി) ൧൦,൦൦൦ പറ നെല്ല്.

(സി) ഒരു അഗ്രിക്കൾച്ചറൽ കോവാപ്പറേറ്റീവ് സൊസൈററിക്കാണ് ആ സ്ഥലം കൊടുത്തിരിക്കുന്നത്.

Sry. Annie Joseph: I may be allowed to put question Nos. 11, 12 and 13

Mr. Speaker: Yes.

നെൽകൃഷി

*൭൭൧. (൧൧) ശ്രീമതി. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിൽ ൧൯൫൦-ൽ എത്രലക്ഷംപറ നെല്ല് വിളഞ്ഞുവെന്നു പറയാമോ?

(ബി) അതിനെക്കാൾ ൧൯൫൧-ൽ എത്ര നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഗവർമ്മെൻറിൻെറ ഉദ്ദേശമെന്നു പറയാമോ?

(സി) കൊച്ചിയിൽ ൧൯൫൦-ൽ എത്ര നെല്ല് വിളഞ്ഞുവെന്നു പറയാമോ?

(ഡി) ൧൯൫൧-ൽ കൊച്ചിയിൽ എത്ര നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഗവർമ്മെൻറുദ്ദേശിക്കുന്നത്.

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩,൨൨,൦൦,൦൦൦ പറ നെല്ലെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) ൯൭,൦൦൦൦൦ലക്ഷം പറ നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(സി) ൨,൩൨,൦൦൦൦൦ പറ നെല്ല് വിളഞ്ഞിട്ടുണ്ട്.

(ഡി) ൨൦,൦൦൦൦൦ലക്ഷം പറ നെല്ല് കൂടുതൽ വിളയിക്കാമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

Sri. P. Balakrishnan Tampi: Is the answer based on statistics or the imagination of the Secretary?

Sri. T. K. Narayana Pillai: Not on the imagination of the Secretary, but on the basis of information supplied to Government by officers.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പാശ്ചാത്യകാരന്മാരുടെ കണക്കാണോ ഇത്.

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ കണക്കുമുണ്ട്. ചില താലൂക്കുകളെ സംബന്ധിച്ചിടത്തോളം സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൻെറ കണക്കുമുണ്ട്.

കൃഷിനാശം

* ൧൧൨. (൧൨) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ—

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ പല നിലങ്ങളിലും മടവീണ് വൻപിച്ച കൃഷിനാശമുണ്ടായിട്ടുള്ളതായി ഗവർമ്മെണ്ടിനറിയാമോ;

(ബി) ഇക്കൊല്ലം വളരെ കൂടുതൽ മടവീഴാനും കൃഷിനശിക്കാനും കാരണമെന്താണെന്നു ഗവർമ്മെണ്ടന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം. അഞ്ച് ബ്ളാക്ക് കായൽ നിലങ്ങളിൽ കൃഷി പാടെയും നാലു ബ്ളാക്കുകളിൽ കുറേശ്ശയും മടവീണതുമൂലം നശിച്ചിട്ടുണ്ട്.

(ബി) മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വേലിയേററമാണിതിനു കാരണമെന്നാണ് അന്വേഷണത്തിൽ മനസ്സിലായത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മടവീണു നശിച്ച കൃഷിയുടമസ്ഥന്മാർക്ക ഗവർമ്മെണ്ടിൽനിന്നും ഏതെങ്കിലും സഹായം നല്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹായം നല്കിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എന്തു സഹായമാണു നല്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽ പമ്പിങ്ങ് സബ്സിഡി സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ടു്. ഒരേക്കറിനു് ൧൦ പറ നെല്ലു കണക്കാക്കി കൃഷിയാവശ്യത്തിനു വിത്തും കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ഈ വേലിയേററത്തെപ്പററി വളരെ മുൻകൂട്ടിയുള്ള അറിവു് ഹാർബർ അതോറിട്ടീസിനു് കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ ൨൦ വർഷങ്ങളായി ഈ മാതിരിയുള്ള വേലിയേററം പെട്ടെന്നു ഉണ്ടായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു: ഹാർബർ അതോറിട്ടീസിനു് നേരത്തെ ഇതിനെപ്പററിയുള്ള അറിവു് കിട്ടുകയില്ലേ എന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി എനിക്കു് അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മടവീണ സ്ഥലങ്ങളിൽ വീണ്ടും കൃഷി ചെയ്യാതെ വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു സംബന്ധിച്ചുള്ള പ്രിവൻറീവ് മെഷേഴ്സിനെപ്പററി എക്സ്പർട്ടുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടു്. ഈ മാതിരി സംഭവമുണ്ടാകാതിരിക്കാനാണു് വേമ്പനാട്ടു ഡാം കൊണ്ടുദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യം

* ൧൭൩. (൧൩൭) ശ്രീമതി ദേവകീഗോപീദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ൽ എത്ര ടൺ ഭക്ഷ്യധാന്യം തിരുവിതാംകൂർ കൊച്ചിയിൽ ഇറക്കുമതി ചെയ്തു എന്നു പറയാമോ;

(ബി) ൧൯൫൧-ലേക്കു് എത്ര ടൺ ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദമുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨,൯൩,൩൦൦ ടൺ.
(ബി) ൩,൨൫,൦൦൦ ടൺ.

ഭക്ഷ്യവികസനപദ്ധതി

* ൧൭൪. (൧൪൮) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവികസന പദ്ധതിക്കു് ൧൯൪൯, ൧൯൫൦ ഈ വർഷങ്ങളിൽ ചിലവാക്കിയ തുക എത്ര;

(ബി) ഈ പദ്ധതിമൂലം ൧൯൪൯, ൧൯൫൦-ൽ കൂടുതലായി ഉണ്ടായ ഉല്പാദനം എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കലണ്ടർ വർഷമനുസരിച്ചു് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ൧൯൪൯, ൧൯൫൦ സാമ്പത്തിക വർഷത്തിൽ ൪൩,൦൨,൨൭൩ രൂപാ ചിലവാക്കിയിട്ടുണ്ടു്.

(ബി) ഏകദേശം ൨൯,൦൦൦ ടൺ അരി കൂടുതൽ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നു കാണുന്നു.

ശ്രീ. വി. കെ. വറ്ഗ്ഗീസ്: ഈ ചിലവിനത്തിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലേക്കു് എന്തു തുക ചിലവായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഉല്പാദനത്തിന്റെ കണക്കു് ശേഖരിച്ച വഴി എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഫുഡ് കൺട്രോൾ കമ്മിററി

* ൧൧൮. (൧൮) ശ്രീ. വി. കെ വറ്ഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫുഡ് കൺട്രോൾ കമ്മിററി ഓരോ താലൂക്കിലും നിയമിച്ചിരിക്കുന്നതു എന്തിനായിട്ടാണു്;

(ബി) അവരുടെ കൃത്യങ്ങൾ എന്തെല്ലാമാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി) ഭക്ഷ്യസംഭരണം വിതരണം ഇവ സംബന്ധിച്ചുള്ള കാര്യാദികളെപ്പററി അതാതു സ്ഥലത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാക്കു് വേണ്ട ഉപദേശം നൽകുന്നതിനു്.

ശ്രീ. വി. കെ. വറ്ഗ്ഗീസ്: ഉപദേശം നല്കാൻ മാത്രമേയുള്ളോ അവക്കു് അധികാരം?

ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരവാദിത്വമുള്ള അനുദ്യോഗസ്ഥന്മാർ നൽകുന്ന ഉപദേശം ചില അവസരങ്ങളിൽ ശാസനാരൂപവും പ്രാപിക്കുന്നതാണു്.

കപ്പക്കൃഷി

* ൧൧൯. (൧൯) ശ്രീ. വി. കെ. വറ്ഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു എത്ര ഏക്കർ സ്ഥലത്തു കപ്പക്കൃഷി ഒരു വർഷം ചെയ്യുന്നുണ്ടു്;

(ബി) ഒരേക്കർ സ്ഥലം കപ്പക്കൃഷിക്കു് ശരാശരി എന്തു ചിലവുവരും;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷണത്തിനു് ഒരു വർഷം എത്ര കപ്പ ചിലവാകുന്നു;

(ഡി) ഒരു വർഷത്തിൽ എത്രമാത്രം കപ്പ സംസ്ഥാനത്തിൽ ഉല്പാദിക്കപ്പെടുന്നു;

(ഇ) ഇപ്പോൾ ഒരു കണ്ടി കപ്പക്ക് വില എന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടിന് ശരിയായ സ്ഥിതിവിവരക്കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) ശരാശരി ൨൦൦ രൂപ.

(സി) ൧൭,൫൦,൦൦൦ ടൺ. ഇവിടെയുണ്ടാകുന്ന കപ്പ ഇവിടെത്തന്നെ ചെലവായിവരികയാണ്.

(ഡി) ഏകദേശം പതിനേഴ ലക്ഷത്തിഅൻപതിനായിരം ടൺ. ഏക്കറിന് ശരാശരി മൂന്നര ടൺ.

(ഇ) ടണ്ണിന് ൩൨൫ രൂപ.

ശ്രീ. വി. കെ. വർഗ്ഗീസ്: എത്രമാത്രം സ്ഥലം കപ്പകൃഷിക്ക് ഉപയോഗിക്കുന്നുണ്ടെന്നറിയാതെ ഇത്ര ടൺ കപ്പ ഉണ്ടായി എന്നു കണക്കാക്കിയതെങ്ങനെയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഏകദേശം കണക്കാക്കിയിരിക്കുകയാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: പ്രൊഡക്ഷൻ ഇത്രയാണെന്നു് കണക്കാക്കിയപ്പോൾ കൃഷി ചെയ്യുന്ന സ്ഥലം എത്രയാണെന്നറിയാൻ പാടില്ലാത്തതു എന്തുകൊണ്ടാണ്?

Mr. Speaker: The question has already been answered. No arguments leading to a discussion can be allowed.

ശ്രീ. എ. താണുപിള്ള: എത്ര ഏക്കർ സ്ഥലത്തു കപ്പക്കൃഷിയുണ്ടെന്നറിവില്ലാതിരിക്കെ, ഇത്ര ടൺ കപ്പ ഉല്പാദിപ്പിക്കുന്നു എന്നു എങ്ങനെ കണാക്കാക്കി?

Mr. Speaker: That question was answered. The rest is a matter of argument.]

ശ്രീ. എ. താണുപിള്ള: ഏതടിസ്ഥാനത്തിലാണു ഈ കണക്ക പറഞ്ഞിട്ടുള്ളതു്?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: അതു ചക്കുററംകൊണ്ടാണ്. (ചിരി)

ശ്രീ. എ. താണുപിള്ള: എത്ര ഏക്കർ സ്ഥലം ഈ കപ്പക്കൃഷിക്കു ഉപയോഗിക്കുന്നുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ എന്നു ചോദിക്കുകയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കണക്കാക്കിയിരിക്കുന്നതു് ഏക്കറിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. അതിന്റെ സൂക്ഷ്മമായ വിവരങ്ങൾ ശേഖരിച്ചു വരികയാണ്. ഏകദേശം അഞ്ചു ലക്ഷത്തിനും ആറു ലക്ഷത്തിനും ഇടയ്ക്കുള്ള സ്ഥലമാണു കൃഷി ചെയ്തിരിക്കുന്നതു്. അതു അസർടെയിൻ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: കപ്പ കയററി അയയ്ക്കുന്നതിനു ഇപ്പോൾ നിരോധനം നിലവിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: അങ്ങനെ നിരോധിച്ചിരിക്കുന്നതു എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു സബ്സ്റ്റിററ്യൂട്ട് ഫുഡായതുകൊണ്ടാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇവിടെ ആവശ്യമുള്ളതിൽ കൂടുതൽ കപ്പ ഇവിടെ കൃഷിചെയ്യുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെയുണ്ടാകുന്നതായ കപ്പ ഇവിടെയുള്ള ആളുകൾതന്നെ ഉപയോഗിച്ചു വരികയാണ്.

ശ്രീ. ഇ. പി. പൗലോസ്: കയററുമതി അനുവദിക്കുകയാണെങ്കിൽ കൂടുതൽ കപ്പ ഉല്പാദിപ്പിക്കുമെന്നുള്ള സംഗതി ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മധുര, കോയമ്പത്തൂർ മുതലായ സ്ഥലങ്ങളിൽനിന്നും ഇവിടെ കപ്പകൊണ്ടുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അവിടങ്ങളിൽ പോയിട്ടുള്ളവക്കേ അറിഞ്ഞുകൂടു്. ഗവമ്മെണ്ടിനു് അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. പൗലോസ്: ഈ നിരോധനം നീക്കുന്നതിനു് ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തല്ക്കാലം ആലോചിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനിയിൽനിന്നും അരി ഉണ്ടാക്കുന്നതു് ഒരു വ്യവസായമായിട്ടു ഇവിടെ നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതൊരു വ്യവസായമായി നടപ്പിൽ വരുത്താനാണ് ഗവമ്മെണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ അതു് ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ തിരുവനന്തപുരത്തുമാത്രം നടപ്പിലാക്കിയിട്ടുണ്ടു്.

മത്സ്യവ്യവസായികൾക്കു് തടി

*൧൧. (൫൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) മീൻപിടിത്തത്തിനായുള്ള വള്ളങ്ങൾ ഉണ്ടാക്കുന്നതിനു് സൗജന്യനിരക്കിൽ തടി കൊടുക്കുന്നതു് സംബന്ധിച്ച വ്യവസ്ഥകൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നു് ഗവമ്മെണ്ടു് പരിശോധിക്കാറുണ്ടോ;

(ബി) ൫—൪—൧൧൨൦-ന് ശേഷം സൗജന്യനിരക്കിൽ തടി വാങ്ങി പണികഴിപ്പിച്ചിട്ടുള്ള എത്ര വള്ളങ്ങൾ ഇപ്പോൾ പരവൂരിലുണ്ടു്;

(സി) പരവൂരുകാരുടെ അപേക്ഷകളനുസരിച്ചു് കിട്ടുന്ന തടികൊണ്ടു് മററു് സ്ഥലനിവാസികൾക്കായുള്ള വള്ളങ്ങളാണ് നിമ്മിക്കപ്പെടുന്നതെന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ൫—൪—൧൧൨൦-ന് ശേഷം പരവൂരിൽനിന്നും ൨൭ വള്ളങ്ങൾക്കുള്ള അപേക്ഷ അനുവദിച്ചിട്ടുള്ളതനുസരിച്ചു് വള്ളങ്ങളുടെ പണി പൂത്തിയായിട്ടുണ്ടു്. അതിനുശേഷം പണി തീത്തു ഇതേവരെ കൊണ്ടുവന്നിട്ടില്ല.

(സി) മററുസ്ഥലങ്ങളിലേക്കും പരവൂരിൽ വള്ളങ്ങൾ നിമ്മിച്ചു് അപേക്ഷകന്മാക്കു് കൊടുക്കുന്നുണ്ടു്. അപേക്ഷയനുസരിച്ചു് കിട്ടുന്ന തടി അതാതു് അപേക്ഷകന്മാക്കുതന്നെയാണു് കൊടുത്തുവരുന്നതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ സൗജന്യനിരക്ക് എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതായതു ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ നിന്നും കിട്ടുന്ന റേററിൽ കുറച്ചാണ് മീൻപിടിത്തക്കാർക്ക് വിലക്ക് കൊടുക്കുന്നതെന്നാണ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇപ്പോഴത്തെ റേറെറന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

നെല്ലെടുപ്പു പദ്ധതി

*൧൧൮. (വ ൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈയിടെ നടപ്പിൽ വരുത്തിയ പുതിയ നെല്ലെടുപ്പു പദ്ധതി പ്രകാരം എത്ര ജി. പി. തഹശീൽദാരന്മാരേയും ഫീൽഡ് ആഫീസറന്മാരേയും നിയമിച്ചിട്ടുണ്ട്;

(ബി) തൻമൂലം എത്ര ശതമാനം നെല്ല് അതിനു മുൻപുള്ളതിൽ നിന്നും കൂടുതൽ എടുക്കാൻ സാധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പുതിയ നെല്ലെടുപ്പുപദ്ധതി പ്രകാരം കൂടുതലായി ആരെയും നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ പുതിയ പദ്ധതി പ്രകാരം ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരെ കുറയ്ക്കുവാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധിക്കുമെന്നാണ് ഗവമെണ്ടിന്റെ വിചാരം.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര ആളുകളെ കുറയ്ക്കാമെന്നാണ് വിചാരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീ. ഗാസ്പർ ഡിസിൽവാ: പുതിയ നെല്ലെടുപ്പുപദ്ധതി കരിഞ്ചന്ത നടത്തുവാൻ കൂടുതൽ സഹായിക്കുന്നുണ്ടെന്നുള്ളതു് അറിയാമോ?

Mr. Speaker: That is a matter of opinion.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സർ, പ്രൈമറി വിദ്യാലയങ്ങൾക്ക വച്ചിട്ടുള്ള ൩൮,൧൭,൨൦൦ രൂപയിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപമാണ് ഞാൻ ഹാജരാക്കുന്നതു്. പ്രൈവററ വിദ്യാലയങ്ങൾക്ക ഉണ്ടായിട്ടുള്ള പ്രയാസങ്ങളെ ചൂണ്ടികാണിക്കാനാണ ഈ ഉപക്ഷേപംകൊണ്ടു ഞാൻ പ്രധാനമായി ഉദ്ദേശിക്കുന്നതു്.

ഒന്നു രണ്ടു ദിവസങ്ങൾക്ക് മുൻപു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറയുകയുണ്ടായി, ഏതാനും ചില പ്രൈമറി വിദ്യാലയങ്ങളുടെ ഗ്രാൻറ കൊടുത്തിരിക്കുന്നതു കൊടുക്കേണ്ടതില്ലായെന്നു ഉത്തരവു് ഇട്ടിട്ടുണ്ടെന്നു്. പുതിയ വിദ്യാഭ്യാസപദ്ധതി അനുസരിച്ചു ൮൦ ശതമാനം ഫീസു പിരിവു ഗവമ്മെൻറിലേക്ക അടയ്ക്കാതിരിക്കുന്ന സെക്കൻററി സ്കൂളുകൾ നടത്തിക്കൊണ്ടിരിക്കുന്ന മാനേജുമെൻറിനാൽ നടത്തപ്പെടുന്ന പ്രൈവററ വിദ്യാലയങ്ങളെ സംബന്ധിച്ചാണ ഈ ഉത്തരവു പാസാക്കിയിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സെക്കൻററി സ്കൂളുകളുടെ തന്നെ വിഭാഗമായ പ്രൈമറി സ്കൂളുകളെപ്പററിയല്ലേ ആ ഉത്തരവു പാസാക്കിയിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: വിഭാഗമെന്നു പറഞ്ഞതുകൊണ്ടു എനിക്ക ഒന്നും മനസ്സിലായില്ല. ഒരു വലിയ വിഭാഗം സെക്കൻററി സ്കൂളുകൾ ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതിയെ അനുസരിക്കാതെ നില്ക്കുന്നുണ്ടു്. അങ്ങനെ പദ്ധതിക്ക പുറത്തു സെക്കൻററി വിദ്യാലയങ്ങൾ ആരു നടത്തുന്നുവോ അവരുടെ മാനേജുമെൻറിനാൽ നടത്തപ്പെടുന്ന പ്രൈമറി വിദ്യാലയങ്ങളുടെ ഗ്രാൻറാണ ഇപ്പോൾ ഈ ഉത്തരവിനാൽ തടയപ്പെട്ടിരിക്കുന്നതു്. പനമ്പിള്ളി പദ്ധതിയെന്ന പേരിനാൽ അറിയപ്പെടുന്ന ആ പദ്ധതിതന്നെ ഇവിടെ ശരിയായി നടത്തിക്കൊണ്ടുപോകുമോയെന്നു ശങ്കിക്കേണ്ടിയിരിക്കുന്നതായി ശ്രീ. കളത്തിൽ വേലായുധൻനായർ പറഞ്ഞു. എനിക്ക അദ്ദേഹത്തിനോടു പറയുവാനുള്ളതു ഈ ഉത്തരവു നിലവിലിരിക്കെ അങ്ങനെയുള്ള യാതൊരു ആശങ്കക്കും അവകാശമില്ലെന്നാണു്. പ്രൈവററ സെക്കൻററി സ്കൂളുകളെ സംബന്ധിച്ചുണ്ടായിട്ടുള്ള ഉത്തരവുകളും അതിനെ സംബന്ധിച്ച് രാജ്യത്തിൽ അങ്ങോളമിങ്ങോളമുണ്ടായിട്ടുള്ള ശബ്ദകോലാഹലങ്ങളും ആലോചിക്കുമ്പോൾ ആ പദ്ധതിയെപ്പററി രണ്ടു് അഭിപ്രായത്തിനും വക ഉണ്ടെന്നുള്ളതു നിശ്ചയമാണു്. ഏതായാലും ആ പദ്ധതി ശരിയോ തെററോ എന്നുള്ളതിനെപ്പററി ഒരു വാദപ്രതിവാദം ചെയ്യുവാൻ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. കാലം അതു നിർണ്ണയിക്കതന്നെ ചെയ്തുകൊള്ളും.

സംശയകരമായ അടിസ്ഥാനത്തിൻമേൽ ഉണ്ടായിട്ടുള്ള ഉത്തരവുകളുടെ ഫലമായിട്ടാണ ഈദൃശ പ്രക്ഷോഭണങ്ങൾ രാജ്യത്തുണ്ടാകുന്നതു്. ശ്രീമാൻ താണുപിള്ള അവർകൾ അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, ഗവമ്മെൻറ നടപ്പിൽ വരുത്തിയ ഈ പദ്ധതിയെ അനുസരിക്കാതിരിക്കുന്നവരുടെ പേരിൽ നടപടികൾ നടത്താതെയിരിക്കുന്നതു് ശരിയല്ലെന്നു്. ഏതൊരു സ്കീം ആയിരുന്നാലും ആ സ്കീമിനു് ഒരു സാംങ്ക്ഷൻ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഒരു സെക്കൻററി സ്കൂൾ നടത്തുന്നതിനു് പീനൽ കോഡുവകുപ്പിലുള്ളതുപോലെയുള്ള സാംങ്ക്ഷൻ വേണോ എന്നു ഞാൻ ചോദിക്കുന്നു; അഥവാ വേണമെന്നു ഇരുന്നാൽ തന്നെയും അതു പ്രയോഗിക്കുന്നതു സ്ഥാനത്തു അല്ലെങ്കിൽ പിശകാണു്. പ്രൈവററ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ചു എന്തെങ്കിലും വ്യവസ്ഥ ഉണ്ടെങ്കിൽ അതു ലംഘിച്ചാൽ ആ വ്യക്തിയുടെ പേരിൽ അ

ഥവാ ആ സ്ഥാപനത്തിന്റെ പേരിൽ ശിക്ഷണ നടപടികൾ നടത്തുന്നതു ശരിയായിരിക്കും. പക്ഷെ സ്ഥാനത്തല്ലെങ്കിൽ ഈ അനുശാസനംതന്നെ വ്യക്തിക്കു പകരം സ്കൂളിൻമേലോ അല്ലെങ്കിൽ അന്യ സ്ഥാപനങ്ങളിൽ മേലോ ആണു പ്രയോഗിക്കപ്പെടുന്നതെങ്കിൽ അതു ശരിയാണോ എന്നു സംശയമുണ്ട്. ഒരു വ്യക്തി എത്രതന്നെ ഒരു സ്ഥാപനവുമായി ബന്ധപ്പെട്ടിരുന്നാൽതന്നെയും അതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

സർ, ഇവിടത്തെ പ്രൈവററ പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിൽ സർ സി. പി. യുടെ കാലത്തുതന്നെ ഈ ഗവമ്മെൻറ കൈകടത്തൽ തുടങ്ങിയതാണ്. അന്നു ഇതു സംബന്ധിച്ചു വലിയ കോലാഹലങ്ങൾ ഉണ്ടായി. പിന്നീടു ജനകീയ ഭരണം വന്നു. പ്രൈവററ പ്രൈമറി സ്കൂളുകളെല്ലാം ദേശീകരിക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പററി പര്യാലോചിച്ചു. ഒടുവിൽ ഒരു പദ്ധതിയുണ്ടായി. പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്മുടെ ഗവമ്മെൻറ ഇതിനെ സംബന്ധിച്ചുള്ള പരിപാടികൾ ആലോചിക്കുകയുണ്ടായി. അദ്ധ്യാപകന്മാക്ക് കിട്ടികൊണ്ടിരിക്കുന്ന ശമ്പളംകൊണ്ടു അവരുടെ ജീവിത നിർവഹണം സാദ്ധ്യമല്ലെന്നും പ്രൈവററ സ്കൂൾ നടത്തിപ്പോരുന്ന മാനേജുമെൻറുകളെകൊണ്ടു അവർക്കു ശരിയായ ശമ്പളം കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും രാജ്യത്തു വിദ്യാഭ്യാസം പുരോഗമിക്കണമെങ്കിൽ അദ്ധ്യാപകന്മാക്ക് മതിയായ ശമ്പളം കൊടുക്കേണ്ടതാണെന്നും ഗവമ്മെൻറ വിചാരിച്ചതിന്റെ ഫലമായിട്ടാണു ഈ പദ്ധതിതന്നെ ഉണ്ടായതു്. അങ്ങിനെയാണ് ൪൨ രൂപ പ്രൈവററ പ്രൈമറി അദ്ധ്യാപകന്മാക്കു കൊടുക്കാനിടയായതു്. അങ്ങനെ കൊടുത്ത കൈകൊണ്ടുതന്നെയാണു ഇപ്പോൾ അതു എടുത്തു കളഞ്ഞിരിക്കുന്നതു്. പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാരോ അല്ലെങ്കിൽ സ്ഥാപനങ്ങളോ എന്തെങ്കിലും അപരാധം ഗവമ്മെൻറിനോടു ചെയ്തിരുന്നുവെങ്കിൽ എനിക്കു അതു മനസ്സിലാക്കാമായിരുന്നു. പ്രൈവററ സ്കൂൾ മാനേജുമെൻറുകൾക്ക് മററു പ്രൈമറി സ്കൂളുകളോ അല്ലെങ്കിൽ മററു ഏതെങ്കിലും സ്ഥാപനങ്ങളോ ഉണ്ടെന്നു കരുതി ഗവമ്മെൻറിന്റെ ഈ അനുശാസനം ശിരസാവഹിക്കണമെന്നു പറയുന്നതും അതനുസരിക്കുന്നില്ലെങ്കിൽ ഗ്രാൻറ നൽകുന്നതല്ലെന്നു ഉത്തരവു ചെയ്യുന്നതും വലിയ അധമ്മമാണെന്നു മാത്രമാണു എനിക്കു പറയുവാനുള്ളതു്. ഏററവും വിശാലതയോടുകൂടി ചിന്തിക്കുന്നവനും സമചിത്തതയോടും വിവേകത്തോടുംകൂടി തീരുമാനിക്കുന്നവനുമായ ഒരു മനുഷ്യനെപ്പോലും വെറുപ്പിക്കത്തക്ക ഒരു പരിപാടിയാണു ഗവമ്മെൻറ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നതെന്നു പറയേണ്ടിരിക്കുന്നു. ഇത്തരത്തിൽ അങ്ങാടിയിൽ പിഴച്ചതിനു അമ്മയോട്, എന്ന മാതിരി ആവശ്യമില്ലാത്ത സ്ഥാനത്തു് അനുശാസനം ഏർപ്പെടുത്തുന്നതു് ഒട്ടും ശരിയല്ല. അതുകൊണ്ടു് ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ മാനേജുമെൻറുകളെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന ഗവമ്മെൻറ് ആർഡർ എത്രയും വേഗം പിൻവലിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

Sri. P. S. Nataraja Pillai: I move "to reduce the allotment of Rs. 42,95,000 for direct grants to non-government primary schools by Re. 1.

If I remember correct, it was somewhere in 1945 or early in 1946 that the Compulsory Education Act was enacted and enforced in this country. Provisions of that Act were enforced in certain areas of the State. To implement compulsory education, schools were constructed and an organisation was also set up. For enforcing the Act there are certain fundamental primary requirements. Enumeration of boys of school-going age in those areas has to be made and maintained by a

[Sri. P. Nataraja Pillai]

register by the educational authorities. There must be an agency to see whether all studentt of the school going age are attending the school or not. There must be an agency to closely inspect the schools in the compulsory area to see whether the attendance is steady. There must be an agency to enforce the penal provisions of the Act. Up to 1947 a skeleton agency for all these things was built up in the compulsory areas. Somehow or other, after 1947 or sometime in 1948 the Government of this country seems to have felt a kind of nervousness in enforcing the Act. Both Government and the people were not in a position to repeal the Act or revise the whole sch me. Neither did they openly say that they were not going to enforce the Act. The working of the scheme was carried out with little care and interest, and the whole organisation built up to enforce the Act was frittered away. I do not wish to discuss the merits and demerits of the attitude adopted by the Government. What I have to say is that as long as that Act is in existence, the duty of the Government is to enforce its provisions. Having adopted an Act and having enforced in a particular area it must be implemented by the Government agency. I find Sir, theagency built up there, namely attendance committees area are not functioning at present. The Sub-Inspectors appointed to inspect the schools in the area are not there. In haste, the whole scheme has been revised and I am in a position to say that the children of the school going age are not attending schools now. Now, it is the duty of the Government either to implement the provitions of the Act or to scrape it. I pray to the popular Government to do either the one or the other of the two things I mentioned above. My personal opinion is that it is the duty of the State to enforce the Compulsory Education Act. The first and foremost duty of the State is to educate all the children of the school going age in the State. The State has a right to enforce the rules for that purpose. The provisions of the Act afford ample scope for the working of the scheme without in any way entrenching into the fundamental rights. In an age of democracy, compulsory education is one of the primary needs. Apart from that, the scheme was started with a view to enforce it within a period of ten years. It is what we find in the directive principles of the constitution itself. Therefore, compulsory primary education, now being enforced in certain parts of the State should be fully implemented throughout the State. A new organisation must be set up. I do not want to go into how the whole thing was left to rot during the last two or three years.

As a matter of fact, I have told the present Education Minister how the compulsory primary educational institutions in the compulsory area are not what they should be and how their satisfactory working is a most essential thing. OurMinisters are very often touring through out the country and I would only request them to go to any compulsory area and ask the villagers there how it was functioning some two or three years ago and how it works at present. Unless the Government pay more attention, the compulsory education scheme is bound to fail.

In this connection I may also point out the conditions at Nedumangad, where compulsory education was enforced. Even after two or three years adequate buildings have not been put up. I was recently told by one of those gentlemen in service, who is responsible for the matter that something is being done this year. I know Sir, it was not adequately done during the last two or three years.

<u>ശ്രീ. പൊന്നറ ജി. ശ്രീധർ:</u> കഴിഞ്ഞ ഒരു മാസമായിട്ടു വളരെ ധൃതിയിൽ കുറെ കെട്ടിടം കെട്ടുകയാണെന്നറിയാമോ?

Sri. P. S. Nataraja Pillai: Something was being dome. That is what I said. For successfully carrying out the scheme, close inspection of the schools and proper functioning of the attendance committees is quite essential. The rules provide for these things. Even in places where the scheme is being enforced there is not adequate accommodation. I pray, the Education Minister to be kind enough to enquire into the matter and do what is necessary. Unless the authorities are prepared to do that, it is better to scrap off the scheme and say "we are not for compulsory education by law". Then they can leave the whole education scheme or private initiative. These are the only alternatives. I once more request Government to enforce the Compulsory Education Act throughout the couutry so that the amount now provided for non-governmental agencies may not find a place in some five or six years in the budget.

ശ്രീ. കളത്തിൽ വേലായുധൻനായർ: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതി ഈ രാജ്യത്തു നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്റെ സ്നേഹിതൻ മി. നടരാജപിള്ള ഉന്നയിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. സർ, ഈ പദ്ധതി ഉദ്ദേശിച്ചിരുന്ന തരത്തിൽ വിജയപ്രദമായി കൊണ്ടുവരാൻ സാധിക്കാതെ പോയതു് എന്റെ അഭിപ്രായത്തിൽ അതു് നടപ്പാക്കുന്ന കാര്യത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കു് തീരെ വിശ്വാസമില്ലാത്തതുകൊണ്ടാണു് എന്നാണു്. വിശ്വാസമില്ലാത്ത ആളുകൾ പദ്ധതി നടപ്പാക്കാൻ തുടങ്ങിയാൽ അതു പരാജയപ്പെടുകയേയുള്ളു. അതുകൂടാതെ എങ്ങനെ എങ്കിലും ഇതു പരാജയത്തിൽ കലാശിപ്പിക്കണം എന്നുള്ള മനസ്ഥിതിയോടുകൂടി പ്രവർത്തിക്കുന്ന ഒരുകൂട്ടം ആളുകളും നമ്മുടെ രാജ്യത്തുണ്ടു്. ഈ പദ്ധതിയനുസരിച്ച് ആവശ്യമുള്ള കെട്ടിടങ്ങൾ കെട്ടുന്നതിനും മററു ഉപകരണങ്ങൾക്കുമായി പണം ചിലവാക്കുന്നതിനു് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി ഒരുപക്ഷെ അനുവദിക്കുന്നില്ല എന്നു വരുന്നേക്കാം. എന്നാൽ മനഃപൂർവ്വമായി ഈ പദ്ധതി നടപ്പിൽ വരുത്തണമെന്നു് ഉദ്ദേശമുണ്ടെങ്കിൽ അതിലേക്കു് നാട്ടിലുള്ള ആളുകളുമായിട്ടു് സഹകരിച്ചു് അവരുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നപക്ഷം ഈ പദ്ധതിയെ മുൻപോട്ടു കൊണ്ടുപോകാൻ സാധിക്കും. ഉദാഹരണമായി പറയുകയാണെങ്കിൽ നമ്മുടെ നാട്ടിലുള്ള പ്രൈവററു വിദ്യാലയങ്ങളുടേയും സെക്കണ്ടറി സ്കൂളുകളുടേയും കഥ ഒന്നു നാം നോക്കേണ്ടതാണു്. അനവധി പണം പൊതുജനങ്ങളിൽനിന്നും പിരിച്ചെടുത്താണു് ഈ സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. അതുപോലെ സമർത്ഥനായ ഒരു ഇൻസ്പെക്ടരെ ഏതു് സ്ഥലത്തു് നിർബ്ബന്ധിത വിദ്യാഭ്യാസം വേണമെന്നു് വിചാരിക്കുന്നോ ആ സ്ഥലത്തേക്കു് അയക്കുകയും അദ്ദേഹം പൊതുജനങ്ങളുമായി സഹകരിച്ചു് പ്രവർത്തനം നടത്തുകയും ചെയ്യുകയാണെങ്കിൽ ഈ പദ്ധതി നിഷ്പ്രയാസം വിജയിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

എന്നാൽ പല കമ്പൽസറി എഡ്യൂക്കേഷൻ ഏറിയായിലും ഇന്നു് കാണുന്നതു് ഈ പദ്ധതിയോടു് വിരോധമുള്ള ഇൻസ്പെക്ടിംഗ് ആഫീസറന്മാർ ഉണ്ടെന്നുള്ളതാണു്. അങ്ങനെ ഈ പദ്ധതിയോടു വിരോധമുള്ള ഇൻസ്പെക്ടിംഗ് ആഫീസറന്മാർ കാരണം ആ ഏറിയായിൽ നല്ല കെട്ടിടങ്ങൾ ഇല്ലാതെ വരുന്നതിനും അഥവാ ഏതെങ്കിലും സ്ഥലങ്ങളിൽ സ്കൂൾ ആവശ്യത്തിലേക്കു് കെട്ടിടം പണിയുന്നതിനുവേണ്ടി അതിനാവശ്യമുള്ള ചെലവിന്റെ ഒരു ഭാഗം സംഭാവന ചെയ്യാമെന്നു് അവിടത്തെ സ്ഥലവാസികൾ പറഞ്ഞാലും അതു് ഗവമ്മെൻറിലേക്കയച്ചു് അനുവാദംവാങ്ങി കൊടുക്കുവാൻ തന്നെ കാലതാമസമുണ്ടാകുന്നതിനും ഇടയാകുന്നു. ഇതെല്ലാം ഈ ഉദ്യോഗസ്ഥന്മാരുടെ കുററം

[Sri Kalattil Velayudhan Nair]

കൊണ്ടാണെന്നാണ് എന്റെ അഭിപ്രായം. ഏതായാലും ഗവണ്മെന്റ് ഇതു് നടപ്പിലാക്കണമെന്നു് ഉദ്ദേശിച്ചിട്ടുള്ള സ്ഥിതിക്കു് അതിനു് ആവശ്യമുള്ള സകല നടപടികളും സ്വീകരിക്കേണ്ടതാണു്. ഇതാരംഭിച്ച സമയത്തു് പത്തു കൊല്ലം കൊണ്ടു് പൂർത്തിയാക്കണമെന്നാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ ഇപ്പോഴും ഈ രീതിയിൽ പോകുകയാണെങ്കിൽ ഒരു നൂറു വർഷംകൊണ്ടു് എങ്കിലും ഇതു സാധിക്കാമെന്നു് തോന്നുന്നില്ല. എല്ലാ താലൂക്കിലും ഉടൻതന്നെ ഇതു് നടപ്പാക്കണമെന്നു് ഞാൻ പറയുന്നില്ല. ഉള്ള താലൂക്കുകളിൽ ഈ പദ്ധതി കുറേക്കൂടി കാര്യക്ഷമമായി കൊണ്ടുപോകുകയും അതേസമയത്തിൽതന്നെ മററു താലൂക്കുകളിലേക്കു് വ്യാപിപ്പിക്കുവാൻ ശ്രമിക്കുകയും വേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. കൂടുതൽ താലൂക്കുകളിൽ വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ചും എനിക്കു് ഒന്നു പറയുവാനുള്ളതു് ഇതു് കുറേ പ്രത്യേക തരം സ്ഥലങ്ങൾമാത്രം തെരഞ്ഞെടുത്തു് നടത്തുന്നതു് ശരിയല്ലെന്നാണു്. ഉദാഹരണത്തിനായി ഈയാണ്ടു് ചെങ്കോട്ടയിലും ചിറയ്ക്കരിലും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതായിട്ടു് കാണുന്നുണ്ടു്. ഇതിൽനിന്നും മനസിലാകുന്നതു് തമിഴ് കൂടുതൽ ഉള്ള സ്ഥലങ്ങളോടു് ഈമാതിരി കാര്യങ്ങളിൽ കൂടുതൽ അനുഭാവം കാണിക്കുന്നുണ്ടെന്നാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: தமிழர்களின் மேலுள்ள சிநேகத்தினால் அல்ல இத்திட்டங்களை அங்கே புகுத்துகிறார்கள் என்பது மெம்பர் அவர்களுக்குத் தெரியுமா ?

ശ്രീ. കളത്തിൽ വേലായുധൻനായർ: എനിക്കറിയാം. ഞാൻ പറയുന്നതു് അവരോടുള്ള പക്ഷപാതംകൊണ്ടാണു് അങ്ങനെ ചെയ്യുന്നതെന്നാണു്.

ஏ. சிதம்பரநாத நாடார்: அன்று அங்ஙனம் மத்ய போஜனத்தை பட்டம் தாணுபிள்ளை அவர்கள் நடப்பில் கொண்டு வந்தது, மதியில்லாமலென்பது மெம்பர் அவர்களுக்குத் தெரியுமா ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതെപ്പററി എനിക്കു ഒന്നും തെരിയാതു. ഈ പദ്ധതി നല്ലതാണെന്നുള്ളതു് തർക്കമററ സംഗതിയാണു്. എന്നാൽ രാജ്യത്തിന്റെ ഒരററംമുതൽ മറേറ അററംവരെയോ അല്ലെങ്കിൽ രാജ്യത്തിൽ ഒന്നാകെയോ ഇതു വ്യാപിപ്പിക്കാതെ കുറേ സ്ഥലങ്ങൾ മാത്രം തെരഞ്ഞെടുത്തു പദ്ധതി നടപ്പിലാക്കുന്നതു് എന്തുകൊണ്ടാണെന്നു് മനസിലാകുന്നില്ല. ഇതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ഇ. പി. പൗലോസ്: സർ, എനിക്കു് രണ്ടുവാക്കു പറയുവാനുണ്ടു്. ഷിഫ്ററ് സിസ്റ്റംമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരെ ഗവണ്മെന്റുസ്കൂളുകളിൽ നിയമിക്കുവാനുള്ള കാലതാമസത്തെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. ഇങ്ങനെ ഷിഫ്ററ് സിസ്റ്റംമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരെ ഗവണ്മെണ്ടു സ്കൂളുകളിൽ നിയമിക്കാമെന്ന ഒരു പരസ്പര ധാരണ ഉണ്ടായിരുന്നു. ഏതാനും അദ്ധ്യാപകന്മാരെ അങ്ങനെ നിയമിക്കുകയും ചെയ്തു. എന്നാൽ ഈ സംപ്രദായം വന്ന ഉടനെ കുറെ അദ്ധ്യാപകന്മാരെ ഗവണ്മെണ്ടു സ്കൂളുകളിൽ നിയമിച്ചു എന്നല്ലാതെ അതിൽപിന്നെ അങ്ങനെ ഉണ്ടായിട്ടില്ല. എനിക്കു തോന്നുന്നതു് ഇതിൽ എന്തോ കുഴപ്പമുണ്ടെന്നാണു്. അല്ലെങ്കിൽ ഇതിൽ ഇത്ര കാലതാമസം ഉണ്ടാവുകയില്ല. ഇങ്ങനെ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാർ സത്യാഗ്രഹം അനുഷ്ടിക്കുമെന്നും സമരം പ്രഖ്യാപനം ചെയ്യുമെന്നും മററും പറയുന്നുണ്ടു്. അങ്ങനെ പത്തനംതിട്ടയിലെ കുറെ അദ്ധ്യാപക

ന്മാർ സമരപ്രഖ്യാപനവും മററും ചെയ്തപ്പോഴേയ്ക്കും ഡയറക്ടർ അവരെയെല്ലാം ഗവണ്മെൻറ് സ്കൂളുകളിൽ നിയമിക്കുകയും ചെയ്തു. അതിനുശേഷം മററു യാതൊരു ടൗണിലും ഇതുവരെ ഈ സിസ്റ്റംമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരെ ഗവണ്മെൻറ് സ്കൂളുകളിൽ നിയമിച്ചിട്ടില്ല. അവരെ സമരത്തിലേക്കോ സത്യാഗ്രഹത്തിലേക്കോ അയക്കാതെ ഈ ഗവണ്മെൻറ് അവരുടെ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. ഈ സിസ്റ്റം വന്നതിൽപിന്നീട് ധാരാളം വേക്കൻസികൾ ഉണ്ടായി എങ്കിലും അവയിൽ ഒന്നുംതന്നെ ഇവരെ നിയമിച്ചിട്ടില്ല, അതിനാൽ അവർ അസംതൃപ്തരായി കഴിയുകയാണ്. ഗവണ്മെണ്ട് അവരുടെ കാര്യത്തിൽ കാലതാമസം ഉണ്ടാക്കാതെ ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>: ஸர், இந்த ஆரம்பக் கட்டாயக் கல்வித் திட்டத்தை தென் திருவிதாங்கூரில் புகுத்தினார்கள் என்றால், அது தமிழர்களுக்காக வேண்டிச் செய்தார்கள் என்று அன்பர் களத்தில் வேலாயுதன் நாயர் அவர்கள் சொன்னதில் எனக்கு ஒரு அபிப்பிராய வித்தியாசமுண்டென்று இந்த இடத்திலே நான் சொல்ல ஆசைப்படுகிறேன். இந்தத் திருவிதாங்கூரை எடுத்துப் பார்த்தால், அரசாங்கத்தினிடம் பக்தியோடும் சட்டத்திற்கு ஒடுங்கியும், ஒதுங்கியும், சட்டத்திற்குக் கட்டுப்பட்டும் நடந்துகொள்பவர்கள் இந்த ராஜ்யத்தில் உண்டானால் அது தமிழர்களே. இன்று, திருவிதாங்கூரிலோ, அல்லது கொச்சி-திருவிதாங்கூரிலோ கொண்டு வந்த திட்டங்கள் பல உண்டு. அவைகளில் ஒன்று, இந்த ஆரம்பக் கட்டாயக் கல்வித்திட்டம். பின்னர், மதுவிலக்குத் திட்டம் இவைபோன்று இன்னும் எத்தனையோ திட்டங்கள் இருக்கின்றன. யாரும் ஒப்புக்கொள்ளாத, யாரும் வரவேற்காத திட்டங்களை, சர்க்கார் தென்-திருவிதாங்கூருக்குத் தருகிறது. தொழிலாளர்களின் பிரச்னையைப் பொறுத்த திட்டங்கள் பல இருக்கிறது. அவைகள், ஸ்ரீமான் டி. கெ. நாராயணபிள்ளை அவர்கள் வரும் பறவூரிலும், ஆல்வாயிலும் அதன் சுற்றுப்புரங்களிலும் தான் இருந்துகொண்டிருக்கிறதேயல்லாது, தமிழ் நாட்டிலோ, செங்கோட்டையிலோ, சித்தூரிலோ ஒன்றுமில்லை. தமிழர்களுக்கு எதெல்லாம் வேண்டாமோ அந்தத் திட்டங்களைத்தான் அவர்கள் தென் திருவிதாங்கூரில் கொண்டுவருகிறார்களே ஒழிய தொழிலாளர்களின் பிரச்னைகள் தீரும் எந்தத் திட்டங்களையும் தமிழ் நாட்டில் கொண்டுவரவில்லை. மணவாளக்குறிச்சியிலுள்ள மணல் கம்பெனியை இந்த சர்க்கார் பிடித்து தூக்கிக் கொண்டுபோயிருக்கிறது. ஆக, தென் திருவிதாங்கூரில், தமிழ்நாட்டில் கொண்டுவரும் திட்டங்களெல்லாம், எங்களுக்கு நன்மை அளிப்பதற்காகத்தான் கொண்டுவந்தார்கள், வருகிறார்கள் என்றால் அதை நான் எதிர்க்காமல் முடியாது. தென் திருவிதாங்கூர் மக்கள், மக்களுக்கு எழுத, வாசிக்கத் தெரியவில்லை. நம்மிடம் இருக்கும் இருட்டு மாறவேண்டுமென்ற எண்ணத்துடன் தான் இக்கட்டாயக் கல்வித் திட்டத்தை அவர்கள் வரவழைத்தார்களே யொழிய வேறொன்றுமில்லை. என்றாலும், அந்தக் கட்டாயம் என்றால் என்ன, அது எதற்காக என்பதைப் பற்றியெல்லாம் அந்த இலாகாத் தலைவர்களோ அல்லது அதை நடத்திக் கொண்டிருக்கும் மந்திரிமார்களோ. அதைப்பற்றி சற்றேனும் சிந்தித்துப் பார்த்ததாகத் தெரியவில்லை மே

லும் இது, கிணறுவெட்ட பூதம் புறப்பட்டது போலாகிவிட்டது. பள்ளிக்கூடங்கள் இல்லாதிருந்த காலத்தில் குழந்தைகளுக்கு, படிக்க எழுத வாசிக்க முடிந்தது. ஆனால் இன்று ஆரம்பக் கட்டாயக் கல்வித்திட்டம் வந்தது. பாடசாலைகள் வந்தபிறகு, அதாவது இந்த ஷிப்ட் ஸிஸ்டம் வந்த பிறகு ஐந்தாம் கிளாசில் படிக்கும் ஒரு மாணவனைக் கூப்பிட்டு, 10-ம் 3-ம் எவ்வளவு என்று கேட்டால் 13 என்று சொல்ல அவனுக்குத் தெரியவில்லை. பத்திலிருந்து மூன்றைக் கழித்தால் ஏழு என்று சொல்லவும் அவனுக்குத் தெரியவில்லை, இந்த ஷிப்ட் ஸிஸ்டம் வந்த காரணத்தால். ஆக, இந்த ஷிப்ட் ஸிஸ்டத்தை உடனடி மாற்றவேண்டுமென்று எத்தனையோ தடவைகள் சொல்லியும், கூக்குரலிட்டும், பல மேடைகளிலிருந்து சொல்லியும், இந்த அசெம்பிளியில் சப்தம் இட்டபோதிலும், இந்த சர்க்கார் அதைப் பற்றி கேட்பதற்குத் தயாராகயில்லை. கழிந்த பட்ஜெட் ஆரம்பித்தவுடன் ஸ்ரீமான் ஜான் அவர்கள் ஆரம்பக் கட்டாயக் கல்வித் திட்டத்தை நாங்கள் இந்த வருடம் செங்கோட்டையிலும், சித்தூரிலும் கொண்டுபோகிறோமென்று சொன்னார்கள், அதற்கு என்ன அர்த்தமென்று கேட்கிறேன். நாங்கள் அதை வரவேற்கவில்லையென்று நான் சொல்லவில்லை. அன்று நான் சொன்னதுபோல், இந்த மதுவிலக்குத் திட்டத்தை நீங்கள் பாக்கெட்டில் வைத்துக்கொண்டிருக்கிறீர்கள். மதுவிலக்குத் திட்டத்தை தமிழ்நாட்டில் கொண்டுவந்தீர்கள். தமிழர்கள் அதற்கு ஒப்புக்கொண்டார்கள். செங்கோட்டையில், செங்கோட்டை மக்கள் அதை ஒப்புக்கொண்டார்கள். நான் சொல்கிறேன், இம்மதுவிலக்குத் திட்டத்தை நீங்கள் பாலாய்க்கோ, கோட்டயத்திற்கோ கொண்டுபோங்கள். உங்கள் வேலைப்பாடு அங்கு நடக்காது. அங்குள்ள கிறிஸ்தவர்கள் அதை ஒப்புக்கொள்ளப் போவதில்லை. உங்கள் சர்க்காரை தகடை மறிக்கும் ஆட்கள் அங்கே இருக்கிறார்கள். எங்களைப்போன்று ஏமாந்த சோணகிரிகள் தான் அவைகளை வரவேற்பார்கள். ஆனால் அதை நீங்கள் நல்ல மனதுடனாவது கொண்டுவந்தீர்களாயென்று கேட்டால் அதுவுமில்லை. இந்தக் கட்டாயக் கல்வித திட்டத்தை ஆரம்பித்தீர்களே, அப்பள்ளிக்கூடங்களெல்லாம் ஓலைகள்கொண்டு கட்டிய ஷெட்களில் தான் இருந்துகொண்டிருக்கிறது. அப்பள்ளிக்கூடங்கள் எப்பொழுது மறிந்து பிள்ளைகளின் மேல் விழுமென்று யாருக்கும் சொல்ல முடியாது. பல சந்தர்ப்பங்களிலும் அன்று கல்வி மந்திரியாயிருந்தவரிடமும், கல்வி இலாகாவின் தலைமை பீடத்திலிருக்கும் பெரிய ஆட்களிடமும் சொன்னால், செய்து தருகிறோம் என்று சொல்லிக்கொண்டு இருக்கிறார்களே ஒழிய விசேஷமாக ஒன்றும் நடப்பதாகக் காணவில்லை. அதே சமயத்தில், கோட்டயத்திலுள்ள ஒரு கிருஸ்தானியோ, சங்கனாசேரியிலுள்ள ஒரு நாயரோ வந்து, எங்கள் கட்டிடம் விழப் போகிறது, அதற்கு வேண்டிய ஏற்பாடுகள் செய்யுங்கள், இல்லாவிட்டால் நாங்கள் என்ன செய்வோம் தெரியுமா என்று சொன்னால் உடனே அவைகளெல்லாம் சரியாக்கப்பட்டு விடுகிறது. இன்று தலைமை பீடத்தில் இருக்கக்கூடிய நீங்களாயிருந்தாலும் சரி, அல்லது, இந்த அசெம்பளியிலிருக்கும் எம். எல். ஏ. ஆனாலும் சரி, அல்லது, இந்த அட்மினிஸ்ட்ரேஷனை நடத்திக்கொண்டு போகும் உத்தியோகஸ்தனாயிருந்தாலும் சரி, ஒரு உபாத்தியாயரிடம் படித்துக்கொண்டு வந்தால் தான் முடியும். ஆகவே, நம்மை படிப்பித்த அந்த உபாத்தியாயர்களிடம் நாம் நன்றியுடையவர்களாக இருக்கவேண்டும். இந்த ஆரம்பப்

பள்ளிக்கூட ஆசிரியர்களின் நிலையை எடுத்துப் பார்த்தால், அவர்களுக்கு கிடைக்கும் சம்பளத்தைக் கொண்டு அரிசி வாங்கி கஞ்சி கூட காய்ச்சிக் குடிக்க முடியாமலிருக்கிறது. ஒருவர் சொன்னார், கைக்கூலியைப் பற்றி. கைக்கூலி வாங்குவதற்கு இந்த கல்வி இலாகாவில் ஒரு வழியும் இல்லை. இந்த ஆரம்பப் பள்ளிக்கூட ஆசிரியர்கள், கைக்கூலி வாங்கவேண்டுமென்று முடிவு கட்டினாலும்கூட, அவர்களுக்கு கைக்கூலி வாங்க முடியாது. இப்படிப்பட்ட மோசமானதொரு நிலையில், திருவிதாங்கூர் கொச்சியிலுள்ள சகல டிபார்ட்மெண்ட் உத்தியோகஸ்தர்களை விட மிகவும் மோசமானதொரு நிலையில் இருந்து கொண்டிருக்கிறார்கள். இவர்கள் என்று தெரிந்திருந்தும், இவர்களது சம்பளத்தை உயர்த்துவதற்குள்ள மனப்பான்மை உங்களுக்கு வராமலிருப்பதைப் பற்றி, இந்த உபாத்தியாயர்கள் உலகமே உங்களைச் சபித்துக்கொண்டிருக்கிறது என்று உங்களுக்கு ஞாபகமூட்டிக் கொண்டு, நிறுத்திக்கொள்கிறேன்.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ സ്കീമിനുള്ളിൽ നെടുമങ്ങാട്ട് താലൂക്കുകൂടി ഉൾപ്പെടുത്തിയിരിക്കുകയാണെങ്കിലും, ആ താലൂക്കിൽ ഏതു രൂപത്തിലാണ് പ്രൈമറി വിദ്യാഭ്യാസം നടത്തിവരുന്നതെന്ന് ഈ സഭയെ അറിയിക്കണമെന്നു മാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ശ്രീമാൻ നടരാജപിള്ള പറഞ്ഞതുപോലെ കമ്മററികളോ, കുട്ടികളെല്ലാവരും ശരിക്കു പള്ളിക്കൂടങ്ങളിൽ വരുന്നുണ്ടോ എന്നുള്ള സംഗതി അന്വേഷിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരോ, അവിടെ ഇല്ല. കുറെ സബ്ബ് ഇൻസ്പെക്ടറന്മാരെ നിയമിച്ചിരുന്നതു പിന്നീടു പിൻവലിച്ചു. കെട്ടിടങ്ങളുടെ കാര്യമാണെങ്കിൽ നെടുമങ്ങാട്ടുള്ള സ്കൂളുകളിൽ ൯൦ ശതമാനവും നാട്ടുകാർ കെട്ടിക്കൊടുത്ത കെട്ടിടങ്ങളാണ്. ആ കെട്ടിടങ്ങളിൽ പലതും ഓലകെട്ടാതെ ഇടിഞ്ഞു പൊടിഞ്ഞു വീണുകിടക്കുന്നതായി കാണാൻകഴിയുന്നതാണ്. ധാരാളം സ്ഥലങ്ങളും കെട്ടിടങ്ങളും, അതായതു് ഏകദേശം ൧,൯൦,൦൦൦ രൂപാക്കുമേൽ വിലവരുന്ന കെട്ടിടങ്ങളും വസ്തുക്കളും നാമമാത്രവിലക്ക്, ഒരു ചക്രം വിലക്ക്, അതും വാങ്ങാതെ, നാട്ടുകാർ ഗവൺമെണ്ടിന് നൽകിയാണ് ആ താലൂക്കിൽ നിർബ്ബന്ധിത സൗജന്യ പ്രാഥമിക വിദ്യാഭ്യാസം വരുത്തിയതു്. അല്ലാതെ തിരുവിതാംകൂർ ഗവൺമെണ്ട് നാട്ടുകാർ നന്നായിക്കൊള്ളട്ടെ എന്നുവിചാരിച്ചു്, ദയവായി അനുവദിച്ചുതന്നതല്ല. ഇതിലേക്ക് ഒട്ടേറെലക്ഷം രൂപാ നാട്ടുകാർ ത്യാഗം ചെയ്തിട്ടുണ്ട്. അതെല്ലാം ഏററുവാങ്ങിക്കൊണ്ട് അതായതു് ലക്ഷക്കണക്കിനുള്ള രൂപാ വിലക്കുള്ള കെട്ടിടങ്ങളെല്ലാം ഗവൺമെൻറ് ഒററച്ചക്രത്തിന് വാങ്ങിക്കൊണ്ട്, പള്ളിക്കൂടങ്ങൾ ശരിയായി നടത്താതിരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നതു്. നെടുമങ്ങാട്ടുള്ള മിക്കവാറും സ്കൂളുകൾ വളരെ വർഷങ്ങൾക്കുമുമ്പു തന്നെ നാട്ടുകാർ ഗവൺമെൻറിലേക്ക് കെട്ടിക്കൊടുത്തവയാണ്.

അവകളെയെങ്കിലും പൂർണ്ണഹൈസ്കൂളുകളോ, അല്ലെങ്കിൽ മിഡിൽ സ്കൂളുകളെങ്കിലുമോ ആക്കുന്നതിനുപോലും ഇതുവരെ യാതൊരു നടപടിയുമെടുക്കുകയുണ്ടായിട്ടില്ല. ഒരുപക്ഷെ ഫൈനാൻഷ്യൽ സെക്ഷനിൽനിന്നു എഡ്യൂക്കേഷനു നീക്കിവച്ചിരുന്ന രൂപാ ചെലവാകാതെയിരിക്കുന്നതെന്തെന്നു ചോദ്യമുണ്ടായതുകൊണ്ടായിരിക്കാം കഴിഞ്ഞ രണ്ടുമാസങ്ങളായി ആ താലൂക്കിലെ വിദ്യാഭ്യാസാധികൃതർ ധൃതഗതിയിൽ ചില കെട്ടിടനിർമ്മാണങ്ങളാരംഭിച്ചിരിക്കുന്നതു്. അതിൽ ഒരു കെട്ടിടംപോലും പൂർത്തിയായിട്ടുമില്ല, ഈയിടെയെങ്ങും പൂർത്തിയാ

[Sri. Ponnara G. Sreedhar]

കാൻ പോകുന്നുമില്ല. അതിലേക്കു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെപ്പററി അധികം പറയാതിരിക്കുകയാണു നല്ലതു്. എസ്റ്റിമേററനുസരിച്ചുള്ള കെട്ടിടമല്ല കെട്ടുന്നതു്. സാധാരണ ഒരാൾക്കു കൺട്രാക്ട് കൊടുത്താൽ നാട്ടുകാരിലാരെങ്കിലും കെട്ടുകയാണെങ്കിൽ വളരെ കുറച്ചു തുകക്കു കെട്ടുന്ന കെട്ടിടങ്ങൾ അവരുടെ ആളുകൾക്കു ചില സ്ഥിരം കൺട്രാക്ടർമാർക്കു് വളരെ കൂടിയ തുകക്കു് കൊടുക്കുകയാണു ചെയ്യുന്നതു്. ഏതായാലും ഈയിടെ കുറച്ചു കെട്ടിടങ്ങൾ കെട്ടുന്നുണ്ടു്. ആ കെട്ടിടങ്ങൾ കുറച്ചു നന്നായി കെട്ടുന്നതിനു് അധികാരത്തിലിരിക്കുന്നവർ സൂക്ഷിച്ചാൽ കൊള്ളാം. നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പറയുകയാണെങ്കിൽ അതു അടുത്ത വർഷത്തിൽതന്നെ തിരുവിതാംകൂർ ഒട്ടുക്കു് നടപ്പിൽ വരുത്തിയാൽ ഏററവും നന്നായിരിക്കും. സെക്കൻററി എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക സാഹചര്യങ്ങൾ കാരണം സ്റ്റേററിനു നേരിട്ടു ഏറെറടുത്തുനടത്തുവാൻ സാധിക്കാതിരിക്കുകയാണെങ്കിൽതന്നെയും പ്രൈമറി വിദ്യാഭ്യാസം സ്റ്റേററു് നേരിട്ടുതന്നെ നടത്തേണ്ടതാണു്. അതിലേക്കു് ഒട്ടും കാലതാമസം വരുത്താതെ നടപടികൾ ആരംഭിച്ചില്ലെങ്കിൽ ഇന്നു നാം ആരംഭിച്ചിരിക്കുന്ന ജനായത്തഭരണംതന്നെ ഇല്ലാതെയായിപ്പോകുമെന്നാണു എനിക്കു പറയാനുള്ളതു്. ജനായത്തഭരണം വിജയപ്രദമാകുന്നതിനു് ശരിയായ വിദ്യാഭ്യാസം കിട്ടിയിട്ടുള്ളവർക്കുമാത്രമേ സാധിക്കുകയുള്ളു. അതിലേക്കുവേണ്ടിയെങ്കിലും ശരിയായ വിദ്യാഭ്യാസം ജനങ്ങൾക്കു നൽകേണ്ടതാണു്. അതു പ്രൈമറി എഡ്യൂക്കേഷൻ മുതൽതന്നെ തുടങ്ങേണ്ടതുമാണു്. അവസാനമായി ഇനിയെങ്കിലും നെടുമങ്ങാടിനെ ഗവൺമെണ്ടു് കാര്യമായി പരിഗണിക്കണമെന്നു ഞാൻ വിദ്യാഭ്യാസമന്ത്രിയോടു് അപേക്ഷിക്കുന്നു.

Sri. A. Thanu Pillai: I move "To omit the allotment of Rs. 25,000 for Lump Provision for the staff for implementation of Private Secondary Scheme". Sir, the whole attitude of this Government towards the question of education is really lamentable. If it is University Education, we see what confusion they have brought in there. If it is secondary education, we see again in what a mess the whole thing is. When we come to primary education, there too, their achievements are more or less on a level with their achievements in the field of secondary and primary education. Compulsory education was introduced at first. Then came the Constitution of India which sai d that in the course of ten years every boy and girl in the whole country should get at least primary education. What was begun here, they have practically given up. What is it that they did during the last two years? There has been no extension of the scheme and in the answer they gave, it was stated that they were going to introduce it in Shencottah and Chittoor. We have heard our friends telling us what sort of preparation this Government are making or is likely to make to introduce compulsory primary educaton. That can be seen from the way in which they allowed conditions to deteriorate in taluks where primary education schemes have been enforced. All the arrangements that have been made have been given up. Now the scheme is left without any control or guidance, and things are getting out of control. Sir, we must see to it that the wherewithal is found and the scheme is extended throughout the State.

Then, about adult education. They boast about adult education. I ask them, what is the meaning of introducing adult education when they are not going to extend compulsory primary education for children.

We all know that the shift system was introduced because of paucity of funds. We thought it is proper to give some kind of education, some knowledge of letters and of arithmetic to two-hundred children. It is better to give that to the two-hundred children than to educate a hundred children to a little more satisfactory

extent. Now, why was the shift system introduced? If they have enough funds, are they going to extend the scheme? They have given up the shift system simply to satisfy some people. There are schools with shift, schools without that, and schools with and without shift. I do not know what they mean by allowing things to drag on to an unsettled state. Everything is in confusion. In regard to the shift system, I may mention one thing. Recently, I was in Trichur and I came to know the way in which the aided primary teachers were being paid. Their monthly remuneration according to the Government rates is 50 rupees out of which Rs. 47½ is to come from the grant and 2½ rupees is from the managements. The teachers whom I saw say: "We are asked to sign for Rs. 50. But the management gives us only 47½ rupees." They ask: "Why should we be made parties to this kind of fraud?" I too ask the same question. Why do you make them parties to this kind of fraud? So long as they continue to allow this private schools which are not prepared to spend a pie, this kind of fraud will continue. And so long as this fraud continues, our country will not improve. And so long as our country is not going to improve, we know what will happen. Character is the essence of public life. Sir, I ask you if you continue in this state of affairs, when can we hope that our children will be educated in a manner where character will be formed. Let alone other aspects, but the atmosphere of character will be wanting so long as this nonsense is allowed. The only remedy is that the Government will have to take over all these schools. That is the one irresistable conclusion. The only difficulty in regard to taking over schools is the question of buildings. From the next year's budget I find that provision of Rs. 70 to 80 thousand is given on account of primary school buildings. Our primary education budget is one crore and eleven lakhs of Rs. In the compulsory area there is a lot of complaint about the condition of the schools. In other places too there is complaint. What is the fun of spending seventy to eighty thousand rupees on this primary school buildings? Of course, a larger grant should have been given, and the building should all be improved. They could not all be improved in a year. We must make it a point to spend ten lakhs annually on buildings for primary education. Then we will be able to have all the schools owned by the Government and private management eliminated, except, of course, if necessary, in the case of certain groups who may require schools for their children. All the confusion that is made by the present Ministry or the previous Ministry in the field of compulsory primary education must be wiped out and we must go back to the old arrangement if any progress is really to be made.

Sir, I am against these lumpsum allotments. A lumpsum allotment means nothing. I have just to say a word. Last year there was a lumpsum allotment of twenty-five lakhs or so for secondary education. Then we asked the Minister how he was going to spend that. Of course, no satisfactory answer was forthcoming. There is the Congress Party with a majority in the House. And they passed the provision for the lumpsum allotment not only for that but for ever somany other things. What is it that has happened? It was that provision of twenty lakhs lumpsum allotment that landed us in difficulties in regard to secondary aided private schools. The Minister without consulting this House introduced his own scheme and you will remember, Sir, that ultimately a token motion was brought here, and that the day after he had introduced the scheme. I remember to have raised that objection even then.

Mr. Speaker : Cut motions Nos. 60 and 61 are both to omit lump provisions.

Sri. A. Thanu Pillai: Yes, I am moving the next one also. I can move both of them together. Now, this lumpsum is the provision for the staff. I do not know why this is sought for. Why not say so many teachers have to be paid and the rate? What is the difficulty in doing that? They had one full year before the Budget. They could have told us what it was all about. Now let them come forward with a supplementary grant and let them tell us how they are going to spend this.

I also move " to omit the allotment of Rs. 6,00,000 for lump provision for unification of scales of pay". I find six lakhs of rupees lumpsum provision for the unification of pay. It is not a small amount either. Six lakhs are to be spent by the Government as they like. They are not telling us how they are going to unify the scales and what the scales of pay will be after unification. Nothing is told. Where is the difficulty? Could they have not prepared the scheme?

While on this question of unification of scales ot pay, I must again remind the House that absolutely nothing has been done now. The Ministers say they are thinking of bringing in somebody from outside to unify the scales of pay, as if there is no one in Travancore-Cochin who can grapple with this very difficult task! They already brought in more than one individual from outside. I think they had one Additional Finance Secretary for some time. Then I think they brought in one Secretary. I think he is even now in our service, for unification of scales of pay and integration of services. These two people came from outside. Then there is the Chief Secretary who is also, I think. from outside. I do not know whether he belongs to Cochin. Anyway....

Sri. T. K. Narayana Pillai: Trichur.

Sri. A. Thanu Pillai: Anyway he was not in our service. He came from outside. He is not able to do this. He is a senior I. C. S. officer. Yet, now they are bringing in somebody from outside. It is a disgrace. Mention was made here of the existence of the Public Service Commission. The Public Service Commission is supposed to be a very high authority, so high that absolutely no suspicion need be entertained about their character and equipment. What is the fun of bringing in somebody from outside? I, for one, Sir, am definitely against that. We must be able to manage our own affairs, and we should not depend upon outsiders. I can understand that for an extraordinary occassion, say, for example, some particular thing for which our people are not qualified—technical things—such men could be entertained. But for this ordinary, normal administrative work which concerns a matter of equalising pay and integrating the services,—how many from Cochin and how many from here, certain principles have to be formulated—why should we want men from outside? No retired High Court Judge from Calcutta is wanted for that purpose.

Sri. P. Balakrishnan Tampi: May I ask the illustrious leader of the worldwide party who talks in terms of the third international and the fourth international....

Sri. A. Thanu Pillai: (After yielding): I do not yield.....

Sri. P. Balakrishnan Tampi: After yielding he cannot say he would not yield. It is now my right to put a question.

Sri. A. Thanu Pillai: I can listen to a question, but if it is this kind of..

Sri. P. Balakrishnan Tampi: It is only a question. May I ask the illustrious leader....

Mr. Speaker: He can put the question straight. (Laughter.)

Sri. P. Balakrishnan Tampi: He interrupted me. May I ask the illustrious leader of the world-wide party, who talks in terms of third and fourth International whether it is in keeping with the creed of his party, to talk of men from *outside the province,* that this is an outsider and that is an outsider, etc., etc.?

Sri. A. Thanu Pillai: An outsider simply means one who is not in our service. Nothing more than that. That does not mean a non-Indian or an outsider in the sense that there is some clear definition or distinction as between Travancorean and Cochinite and persons from Madras or elsewhere. Whether the leader is illustrious or not does not depend upon Mr Tampi's opinion. Whether the party is worldwide or not is not affected by what Mr. Tampi thinks of it, and......

Sri. P. Balakrishnan Thampi: He cannot appreciate a compliment, and is lacking a sense of humour, and proportion.

Sri. A. Thanu Pillai: Some people are too full of humour which too is objectionable.

Sri. D. Gnanasigamoni: Sir, a point of order. Is it right for an hon'ble Member to say that another hon'ble Member is lacking in a sense of proportion and all that? Mr. Tampi said he is lacking in sense and he cannot understand things.

Mr. Speaker: It is not unparliamentary. What is humour to one need not be that to another.

Sri. A. Thanu Pillai: Let the Government come and tell us how they are proposing to spend the six lakhs of rupees. As I already mentioned in this House, it is about Rs. 50 lakhs to a crore that they have set apart as a lump sum provision for unification of pay and integration of services under various departments. It is a very large amount for a budget of this kind. It is really objectionable. Let them tell us how they are going to spend this money. I have a suggestion in this regard. Why not make a supplementary demand? Where is the hurry? Where is the person to do this? Is he coming from Calcutta or Punjab? We do not know from where he is coming. Now, that man should be able to find out and he must take the necessary decisions. Or, let them make a supplementary demand. I think the other party including the Congress party—Mr. Tampi included—will agree with this proposal. After all, we may find at the end of the year that the money is not spent. We want money for other useful purposes. Therefore, I object to this allotment.

Mr. Speaker: Is Mr. Nilakanta Pillai, moving the motion, to reduce the allotment for the Text Book Committee?

Sri. A. Thanu Pillai: Sir, I may be permitted to say a few words on a similar motion, motion No. 67, in the list.

Mr. Speaker: Yes.

Sri. A. Thanu Pillai: Sir, I move:

"To reduce the allotment of Rs. 5,19,000 for Text Book Committee by Re. 1".

The formation of the Textbook Committee, the way in which it works, the way in which books are prescribed and the way in which they were accepted and rejected—all these were subject to much comment and criticism last year in this House and outside. Now, I have to make certain definite suggestions in regard to the textbooks. Sir, considering the all-important nature of education, we should try to make it as cheap as possible. We say primary education is free. Where we have given relief to a student to an extent of four chuckrams or seven chuckrams by way of monthly fee, what is the amount that he has to spend in the purchase of books that are prescribed? That is not a small matter. A poor man with three

[Sri. A. Thanu Pillai]

or four or sometimes six or seven children at school finds it really difficult to get these books for them. That is a main item of expenditure in any household nowadays. Therefore, the first consideration should be that textbooks should be made as cheap as possible. Our textbook writers make money in the inverse ratio to the work they put into the book they write. For instance, suppose it is a book for the first class, the writer makes Rs. 50,000. If it is a book for the second class probably the amount comes to Rs. 30,000. If it is for the third class, Rs. 25,000 and if it is the fourth class, Rs. 20,000 and so on. That way it goes, in the reverse direction. Now, we know, Sir, a lot of amount has been spent in writing these books. But all this money comes from children those children are really very very poor. Therefore, this system of prescribing books written by writers and then allowing them to sell those books and make enormous fortune,—I am not against anybody making reasonable profits—should be stopped. I am against anybody making unduly large fortunes for other reasons. One suggestion that I would make to the Government is this. In the Case of these textbooks, having accepted a book as a proper textbook or having prescribed it, Government should purchase the right at a reasonable price. Take, for instance, at extbook for the first class: Why should the writer get more than Rs. 500 or a thousand or 2,000 rupees? Pay the money and get the right. Then publish it as a Government publication, and sell it as cheap as possible, and Government should not think of making any profit whatsoever. I find somewhere that Government expect to make a profit even by the sale of their textbooks. Beyond the actual cost they should not make a pie. If that is done, a lot of relief can well be given to the poor students; and nobody is harmed. A man who writes a book for the first or second class and then tries to influence the Minister or the prescribing authority—I do not say who— creates a lot of scandal. A lot of scandal was there about this matter last year also. Of course, there have been certain scandals in previous years also. Anyway, apart from all that at least from this point of view, this should be done. I do not know whether Government will be able to do this this year itself. They must prescribe the books, purchase them and get hem printed and sell them. I think this suggestion is a very wholesome one and quite practicable. If there are no presses, which will not be able to take up the work, they may engage other presses, because if they do this now, a large number of presses will be without work from this textbook season. So, there will be absolutely no difficulty. That may be done in respect of all the books—books outside the field of Government publications already exist.

The next thing is, whatever the book, the price should be as low as possible. Last year, there was a lot of complaint about it. It appears there was a textbook committee. There were certain sections, a big text book committee, then a smaller textbook committee and eventually a committee of three, and then the Minister. Sir, I thoroughly disapprove of the idea that a Minister should be personally prescribing textbooks. Last year, the impression that I got from all that was this; it was published in the papers and the impression I got was that the Minister was the deciding authority. Sir, theoretically the Government may do it, but I don't agree that practically the Government should do the whole thing. It must be entrusted to a set of honest, well-equipped persons. That was the practice in olden days.

I do not know whether the textbook committee has already been formed for the coming year. If it has not been, is it not a mistake? Is it not time? The schools will reopen early in Edavom. The Committee itself has not been constituted. The books already written have to be gone into carefully before they are approved and printed. The result will be that books will not be made available for half of the year. Every year there is the complaint that even till halt the year is over, books are not available. That is going to happen this time also.

We have only two months. What did the Government do till now? Why did they sleep over the matter till now? They should have constituted a Committee sufficiently early. They should have prescribed that and my suggestion is to implement that, Government should purchase the copyright and print the books themselves. For that competent men are wanted. By doing so, there will not be any room for any complaint. Last year there was an officer in the Text Book Committee. He was also in charge of administrative work relating to the prescription of text books. He himself was a publisher of a certain book which was prescribed. There was the scandal about that matter. So I say things were not as clean as they ought to be. A Text Book Committee member should not deal with his own book. Nothing about the work of the committee should be known outside. That aspect should be made clear. An officer of the Text Book Committee should not be present to see that his book is also prescribed. Let us therefore begin with cleanness at least in the Education Department. I think what I have suggested will be taken note of by Government. Hence I move the motion.

Mr. Speaker: From the agenda it will be seen that there is a discussion under Rule 26 at 4-30 p.m. If it is to be then taken up it will last till 5 p. m. in which case we may have to postpone the Minister's reply to the cut motions relating to Education. But I find that the hon'ble Member who has tabled the motion is now not here.

Sri. A. Thanu Pillai: It cannot be presumed that he is not going to be here at that time. Anyhow the House must be ready to take it up then. There is now no objection to the reply being made by the Minister.

ശ്രീ. ടി. കെ. നാരായണപിള്ള: യൂണിവേഴ്സിററി വിദ്യാഭ്യാസത്തെപ്പററിയും സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയെപ്പററിയും നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസ രീതിയെപ്പററിയുമായിരുന്നു ഇവിടെ പ്രധാനമായി ആക്ഷേപങ്ങളും വാദങ്ങളും ഉണ്ടായതു്. യൂണിവേഴ്സിററി വിദ്യാഭ്യാസത്തെപ്പററി പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾക്കു് ഞാൻ ആദ്യമായി മറുപടി പറയാം. ഇപ്പോൾ ഇവിടെ ഒരു വൈസ്ചാൻസലർ ഇല്ലെന്നുള്ളതു പരമാർത്ഥമാണു്. ഉന്നതനും ഉൽകൃഷ്ടനുമായ ഒരു വൈസ്ചാൻസലറെ നിയമിക്കുന്നതിനു് ഗവമ്മെണ്ടു് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണു്. നിവൃത്തിയുണ്ടെങ്കിൽ എല്ലാ യോഗ്യതകളും തികഞ്ഞിട്ടുള്ള ഒരാളെ ഈ സംസ്ഥാനത്തുനിന്നുതന്നെ നിയമിക്കുവാൻ സാധിക്കുമെങ്കിൽ തീർച്ചയായും അതിനു ഗവമ്മെണ്ടിനു വിരോധമുണ്ടാകയില്ല. യൂണിവേഴ്സിററിയുടെ മതിപ്പു് വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണെന്നു എൻെറ സ്നേഹിതൻ ശ്രീ. പട്ടം താണുപിള്ളയും ശ്രീ. പി. ബാലകൃഷ്ണൻതമ്പിയും പറഞ്ഞ അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. യൂണിവേഴ്സിററിയുടെ മതിപ്പിനെ ശരിയായി പരിപാലിക്കുന്നതിനു് ആവശ്യമായ രീതിയിലുള്ള ഒരു വൈസ്ചാൻസലരെ നിയമിക്കണമെന്നാണു് ഗവമ്മെണ്ടും ഉദ്ദേശിക്കുന്നതു്. ശ്രീ. നന്ദൻമേനോൻ രാജിവച്ചുപോയതിൻെറ കാരണങ്ങൾ അജ്ഞാതമായിരിക്കുന്നു എന്നാണു് മറെറാരു ആക്ഷേപം. അദ്ദേഹം രാജിവച്ചുപോയതിനുള്ള കാരണം അദ്ദേഹത്തിൻെറ രാജിക്കത്തിൽ പറഞ്ഞിട്ടില്ലെന്നു മുൻവിദ്യാഭ്യാസമന്ത്രി ഇതിനുമുമ്പുതന്നെ ഒരവസരത്തിൽ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിൻെറ രാജിക്കത്തു വായിക്കുന്നതിനുള്ള അവസരം എനിക്കും ലഭിച്ചിട്ടുണ്ടു്. അദ്ദേഹം അതിൽ പറഞ്ഞിട്ടുള്ളതു സ്വകാര്യകാരണങ്ങളാൽ, വ്യക്തിപരമായ കാരണങ്ങളാൽ ഉദ്യോഗം രാജിവയ്ക്കാൻ അദ്ദേഹം നിശ്ചയിച്ചിരിക്കുന്നു എന്നുമാ

[Sri. T. K. Narayana Pillai].

ത്രമാണ്. ആ വ്യക്തിപരമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു എന്നുള്ളതിനെപ്പററി ഗവൺമെണ്ട് അന്വേഷിച്ചിട്ടില്ല. അദ്ദേഹത്തിനു ഇവിടെ ജോലിയിൽ തുടർന്നുകൊണ്ടുപോകുന്നതിനു നിവൃത്തിയില്ലെന്നു അസന്നിഗ്ദ്ധമായ ഭാഷയിൽ ആ എഴുത്തിൽതന്നെ പ്രത്യേകം പ്രസ്താവിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി എന്തുതന്നെയായിരുന്നാലും അതിനെ അവഗണിച്ചുകൊണ്ടു് അദ്ദേഹത്തെ സംസ്ഥാനം വിട്ടുപോകുവാൻ അനുവദിക്കുകയായിരിക്കും കാര്യക്ഷമതക്കു് അത്യാവശ്യമായിട്ടുള്ളതു് എന്നായിരുന്നു ഗവൺമെണ്ടിന്റെ അഭിപ്രായം. ശ്രീ. ജോസ് ഇവിടെ പറയുകയുണ്ടായി ഗവൺമെണ്ട് യൂണിവേഴ്സിററിയുടെ നിയമനങ്ങളിൽ കൈകടത്തിയതുകൊണ്ടാണ് ശ്രീ. നന്ദൻമേനോൻ രാജിവച്ചതു് എന്നു ഒരു പൊതുജനസംസാരമുണ്ടെന്നു്. അതു അടിസ്ഥാനരഹിതമാണ്.

Sri. K. P. Nilakanta Pillai: Will the hon'ble Minister read the contents of that letter for the information of the Members?

ശ്രീ. ടി. കെ. നാരായണപിള്ള: എഴുത്തു ഗവൺമെൻറിലേക്കുള്ളതല്ല; ചാൻസലർക്കുള്ളതാണ്. അതിനെ സംബന്ധിച്ചു് ചാൻസലറുമായി സംസാരിച്ചപ്പോൾ ആ എഴുത്തു എന്നെ കാണിച്ചിട്ടുണ്ടെന്നല്ലാതെ അതു ഗവൺമെൻറിന്റെ കൈവശമുള്ള ഒരു എഴുത്തല്ല. അതിന്റെ ഉള്ളടക്കം എനിക്കു കാണാൻ സാധിച്ചതു ഞാൻ പറയുകമാത്രമാണ് ചെയ്തതു്. നിലവിലിരിക്കുന്ന യൂണിവേഴ്സിററി ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചു് ൩൭൫ രൂപയിൽ കൂടുതൽ ശമ്പളമുള്ള നിയമനങ്ങൾക്കു് ഗവൺമെണ്ടിന്റെ അനുവാദം ആവശ്യമാണ്. അതുകൊണ്ടു് അത്തരം നിയമനങ്ങൾ അനുമതിക്കായി ഗവൺമെൻറിലേക്കു അയക്കുക പതിവാണ്. ആമാതിരി നിയമം അനുശാസിക്കുന്നമട്ടിൽ ഗവൺമെൻറ് യൂണിവേഴ്സിററിയുടെ നിയമനങ്ങളിൽ ഇടപെട്ടിട്ടുണ്ടെന്നല്ലാതെ യൂണിവേഴ്സിററിയുടെ നിയമനാധികാരത്തെയോ, നിയമനങ്ങളേയോ ഗവൺമെൻറ് നിരോധിച്ചിട്ടില്ലെന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നെ ഇവിടെ പറഞ്ഞതു് ഗവൺമെൻറിൽനിന്നും നടത്തിയതായ ഏതോ ചില പാർട്ടികൾക്കു് ശ്രീ. നന്ദൻമേനോനെ ക്ഷണിക്കാത്തതുകൊണ്ടു അദ്ദേഹം രാജിവച്ചുപോയി എന്നാണ്. എന്റെ അറിവിൽപെട്ടിടത്തോളം അങ്ങിനെ ഒരു സംഗതി ഉണ്ടായിട്ടില്ല. എന്നുതന്നെയല്ല താരതമ്യേന നിസ്സാരമായ ഒരു സംഗതിയെ അടിസ്ഥാനപ്പെടുത്തി ഉൽകൃഷ്ടബിരുദധാരിയായ ശ്രീ. നന്ദൻമേനോൻ ഇത്രയും മഹനീയവും ഗൗരവമേറിയതുമായ ഒരു സ്ഥാനം ഉപേക്ഷിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല.

പിന്നെ ഇവിടെയുണ്ടായ ഒരാക്ഷേപം ഗവൺമെൻറിന്റെ പദ്ധതികളെല്ലാം കടലാസുപദ്ധതികളാണെന്നും പാളിടെക്കിനിക്കിനു് ഒരു പദ്ധതി തയ്യാറാക്കിയിട്ടുള്ളതും അക്കൂട്ടത്തിൽ പെടുന്നു എന്നുമാണ്. പാളിടെക്കിനിക്കു് സ്കീമെങ്കിലും വെറും കടലാസുപദ്ധതി അല്ലാതായിത്തീരുന്നതിനു് ഗവൺമെൻറ് പ്രത്യേകം നിഷ്കർഷിക്കണമെന്നും പറയുകയുണ്ടായി. ഗവൺമെൻറിന്റെ പദ്ധതികൾ കടലാസുപദ്ധതികളാണൊ അല്ലയോ എന്നുള്ളതിനെപ്പററി ഈ അവസരത്തിൽ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും ഈ പാളിടെക്കിനിക്കു് സ്കീമിനെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടിനു് നിശ്ചിതമായ ചില അഭിപ്രായങ്ങളുണ്ടെന്നും ആ അഭിപ്രായങ്ങളെ നടപ്പിൽ വരുത്തുന്നതിനു് ആവശ്യമായ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ആളുകളെ ആ വിഷയത്തിൽ പ്രവർത്തനം നടത്തുന്നതിലേക്കു് വരുത്തണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്നും

വളരെ വ്യക്തമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു് ആ ആവശ്യത്തിലേക്കായി ® ലക്ഷം രൂപ ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ സംഖ്യ അതേപടിതന്നെ ചിലവാക്കണമെന്നാണു് ഗവമ്മെൻറിൻെറ ഉദ്ദേശം.

ആയുർവ്വേദകോളേജിനെപ്പററി ചിലർ പറയുകയുണ്ടായി. ആയുർവ്വേദകോളേജിൽ കഴപ്പങ്ങൾ തുടങ്ങിയിട്ട ഒന്നു രണ്ടു കൊല്ലങ്ങളായി. ചില പ്രത്യേക കാരണങ്ങളാൽ വിദ്യാർത്ഥികളുടെ സത്യാഗ്രഹപ്രസ്ഥാനത്തിൻേറയും മററം ഫലമായി ആ കോളേജ് ഏതാണ്ടു് ഒരു കൊല്ലകാലത്തേക്കു് അടച്ചിടുന്നതിനു് ഗവമ്മെൻറു് നിർബന്ധിതമായി. എന്നാൽ സമീപകാലത്തു് ആയുർവ്വേദപരിഷ്കരണവിഷയത്തിൽ വ്യാപൃതരായിരിക്കുന്ന കമ്മിററിയംഗങ്ങൾ ഒരു റിപ്പോർട്ട് ഗവമ്മെൻറിലേക്കു സമപ്പിക്കുകയും ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽ പൊതുവെതന്നെ ചില പരിഷ്കാരങ്ങൾ അതിൻെറ ചില ഭാഗങ്ങളിലും ചില വകുപ്പുകളിലും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ടു്. വിദ്യാത്ഥികളെ സംബന്ധിക്കുന്ന കാര്യങ്ങളിലും ഗവമ്മെൻറു് സത്വരമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഒരു ആയുർവ്വേദ ഫാക്കൽട്ടി യൂണിവേഴ്സിററിയിൽനിന്നും അനുവദിച്ചുകഴിഞ്ഞിട്ടുണ്ടു്. ആയുർവ്വേദത്തിനു് യൂണിവേഴ്സിററിയിൽ ഒരു ഡിഗ്രി കോഴ്സ് തുടങ്ങേണ്ടതു് ആവശ്യമാണെന്നു സിൻഡിക്കേററു് ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയും ഗവമ്മെൻറു് ആ അഭിപ്രായത്തെ അംഗീകരിക്കയും ചെയ്തിട്ടുണ്ടു്. അതിനുംപുറമെ ഏററവും നവീനമായ രീതിയിലുള്ള ഒരു ആയുർവ്വേദ കോളേജ് ഉണ്ടാക്കേണ്ടുന്നതിൻെറ ആവശ്യം മനസ്സിലാക്കി അതിലേക്കായി രണ്ടുലക്ഷം രൂപ ഇക്കൊല്ലത്തെ ബഡ്ജററിൽതന്നെ നീക്കിവച്ചിട്ടുമുണ്ടു്. ഏതുവിധത്തിലാണു് ആയുർവ്വേദകോളേജ് പരിഷ്കരിക്കേണ്ടതെന്നുള്ളതിനെപ്പററിയും ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിൽ ഈ മാതിരിയുള്ള കോളേജുകൾ എങ്ങിനെയാണു് സ്ഥാപിച്ചു പ്രവത്തനം നടത്തിവരുന്നതു് എന്നുള്ളതിനെപ്പററിയും അതുമായി ബന്ധപ്പെട്ട മററുകാര്യങ്ങളെപ്പററിയും അന്വേഷിച്ചു വേണ്ട നിർദ്ദേശങ്ങൾ സമപ്പിക്കുന്നതിലേക്കായി ആയുർവ്വേദ ഡയറക്ടരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുമുണ്ടു്. ഡിഗ്രികോഴ്സ് ഏപ്പെടുത്തുന്നതിനു് ആവശ്യമായ സിലബസ് തയ്യാറാക്കുന്ന കാര്യത്തിൽ യൂണിവേഴ്സിററിയിൽനിന്നും മുൻകയ്യെടുത്തു പ്രവത്തിച്ചുവരുന്നുണ്ടു്. അതിലേക്കു വേണ്ടി ഒരു കമ്മിററിയെ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ കമ്മിററിയെ ഇതിനകംതന്നെ അതിൻെറ പ്രവത്തനവും ആരംഭിച്ചിട്ടുണ്ടു്. ആ കമ്മിററിയുടെ നിർദ്ദേശം അനുസരിച്ചു ഡിഗ്രികോഴ്സിനുവേണ്ടി ഒരു സിലബസ് രൂപീകരിച്ചുകഴിഞ്ഞാൽ ആ സിലബസ്സിൻെറ അടിസ്ഥാനത്തിൽ ആയുർവ്വേദ വിദ്യാഭ്യാസം പരിഷ്കരിക്കണമെന്നും അവസാനവഷത്തിൽ ഡിഗ്രികോഴ്സിനു് ചേരുന്നതിനു് എല്ലാ വിദ്യാത്ഥികൾക്കും അവസരം കൊടുക്കണമെന്നുമാണു് ഗവമ്മെണ്ടു് വിചാരിക്കുന്നതു്. കൂടാതെ ഡിഗ്രികോഴ്സ് ഏപ്പെടുത്തുന്നതിനു് എന്തെങ്കിലും കാരണവശാൽ കാലതാമസം നേരിടുന്നപക്ഷം താൽക്കാലികമായി ഒരു ഡിപ്ലോമാകോഴ്സ് ഏപ്പെടുത്തുന്നതിനും ഡിഗ്രികോഴ്സ് ഏപ്പെടുത്തുന്ന സമയത്തു് ഡിപ്ലോമാകോഴ്സുകാക്കു് അതിൽ ചേന്നു ഡിഗ്രി സമ്പാദിക്കുന്നതിനുള്ള ഒരവസരം ഉണ്ടാക്കിക്കൊടുക്കുന്നതിനും യൂണിവേഴ്സിററി ആലോചിച്ചു വരുന്നതായിട്ടാണു് ഗവമ്മെണ്ടിൻെറ അറിവു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഡിപ്ലോമാകൊണ്ടു് വിദ്യാത്ഥികൾ തൃപ്തിപ്പെടുന്നില്ലെന്നും ശരിയായ ഡിഗ്രി കോഴ്സുതന്നെ ഏപ്പെടുത്തിയെ മതിയാവു എന്നും വിദ്യാത്ഥികൾ നിവേദനം നടത്തിയിട്ടുള്ളതായി അറിയുന്ന സ്ഥിതിക്ക

[Sri. A. K. Patchu Pillai]

അതിന്റെ അടിസ്ഥാനത്തിൽ ഒരു ഡിഗ്രികോഴ്സുതന്നെ ഏർപ്പെടുത്തുന്നതിന് എത്രയും വേഗത്തിൽ തീരുമാനം എടുക്കണമെന്നു ഗവൺമെണ്ടിൽനിന്നും യൂണിവേഴ്സിററിക്ക് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിൽ രണ്ടു ഭാഗങ്ങളാണുള്ളതു്. ആദ്യത്തെ ഭാഗത്തിന് എനിക്ക് പറയുവാനുള്ള മറുപടി ഒരു ഡിഗ്രികോഴ്സ് ഏർപ്പെടുത്തുന്നതിന് ഏതെങ്കിലും കാരണവശാൽ കാലതാമസം വരുന്നപക്ഷം ഒരു ഡിപ്ലോമാ കോഴ്സുകൊണ്ടു വിദ്യാർത്ഥികൾ തൃപ്തിപ്പെടുവാൻ തയ്യാറാണെന്നാണ് അവരുടെ ഒരു നിവേദകസംഘം എന്നെ സന്ദർശിച്ച അവസരത്തിൽ പറഞ്ഞിട്ടുള്ളതു് എന്നാണ്. ആ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് പ്രവർത്തിച്ചുവരുന്നതു്. രണ്ടാമത്തെ ഭാഗത്തെപ്പററി എനിക്ക് പറയുവാനുള്ളതു് അതിലേക്ക് നിയമിക്കപ്പെട്ടിരിക്കുന്ന കമ്മിററി എത്രയും വേഗത്തിൽ റിപ്പോർട്ടു് സമർപ്പിക്കണമെന്നാണ് സിൻഡിക്കേററുതന്നെ ആവശ്യപ്പെട്ടിരിക്കുന്നതെന്നാണ്.

ലാകോളേജു എറണാകുളത്തേക്ക് മാററിയതിനെപ്പററിയും ചില ആക്ഷേപങ്ങൾ ഉണ്ടായി. ആ ആക്ഷേപങ്ങൾ ഈ നിയമസഭയിൽതന്നെ ഇതിനുമുമ്പും പലപ്രാവശ്യവും ആവർത്തിച്ചിട്ടുള്ളവയാണ്. ആ ആക്ഷേപങ്ങൾ പുറപ്പെടുവിച്ച അവസരങ്ങളിൽ അവയ്ക്കു ഗവൺമെൻറിൽനിന്നും പറയുവാനുള്ള മറുപടി പറഞ്ഞുകഴിഞ്ഞിട്ടുമുണ്ട്. ലോകോളേജു ഇവിടെനിന്നും മാററിയതു് യൂണിവേഴ്സിററിയുടെ അറിവോ സമ്മതമോ കൂടാതെയാണെന്നു ഏതോ ഒരു ബഹു. മെമ്പർ പറയുകയുണ്ടായി. അതു് അശേഷം ശരിയല്ല. യൂണിവേഴ്സിററിയുടെ അനുമതിയോടുകൂടിതന്നെയാണ് ലോകോളേജ് മാററിയിട്ടുള്ളതു്. അങ്ങിനെ ലോകോളേജ് എറണാകുളത്തു് പ്രവർത്തനം തുടരേണ്ടതു് ആവശ്യമാണെന്നു ഗവൺമെൻറ് വിചാരിക്കുന്നപക്ഷം എന്തുകൊണ്ടാണ് തിരുവനന്തപുരത്തു ഒരു ലോകോളേജ് അനുവദിക്കാതിരുന്നതു്, സിൻഡിക്കേററ് അതിനുവേണ്ടി ശുപാർശചെയ്തിരുന്നില്ലേ, അതിനെ അവഗണിച്ചു് പ്രവർത്തിക്കുവാൻ ഗവൺമെൻറിന് പ്രത്യേക കാരണം വല്ലതുമുണ്ടായിരുന്നോ എന്നെല്ലാം ചോദിക്കയുണ്ടായി. സിൻഡിക്കേററിന്റെ ഒരു റിപ്പോർട്ടുണ്ടായിരുന്നു എന്നുള്ളതു് പരമാർത്ഥമാണ്. യൂണിവേഴ്സിററി ആക്ടിലെ വ്യവസ്ഥയനുസരിച്ചു് പുതിയ കോളേജുകൾ തുടങ്ങുന്നതിനുമുമ്പു് ഗവൺമെൻറിന്റെ അനുവാദം ആവശ്യമാണ്. ഗവൺമെണ്ടു് എല്ലാ സാഹചര്യങ്ങളേയും സൂക്ഷ്മമായി പരിശോധിച്ചശേഷം താല്ക്കാലികമായി തിരുവനന്തപുരത്തു് അങ്ങിനെ ഒരു കോളേജു സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നു കരുതിയതുകൊണ്ടുമാത്രമാണ് സിൻഡിക്കേററിന്റെ റിപ്പോർട്ട് സ്വീകരിക്കാതിരിക്കാൻ ഇടവന്നിട്ടുള്ളതു്. ഇവിടെ കാർഡിനൽ ന്യൂമാന്റെ ചില ആശയങ്ങളെ ഉദ്ധരിച്ചുകൊണ്ടു് യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശങ്ങളേയും ആദർശങ്ങളേയുംപററി ശ്രീ. ഈപ്പൻ അറയ്ക്കൽ പ്രസംഗിക്കുകയുണ്ടായി. അതിനൊന്നിനും പ്രത്യേകം മറുപടി പറയേണ്ട ആവശ്യം ഞാൻ കാണുന്നില്ല. യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം എന്താണെന്നു എല്ലാവർക്കും അറിയാം. വിദ്യാഭ്യാസവിഷയത്തിൽ പൊതുവായിത്തന്നെ പുതിയ പുതിയ ആദർശങ്ങൾ ഈ നവീനലോകം സ്വീകരിച്ചുവരുന്നുണ്ടെന്നുള്ളതു് ബഹു. അംഗങ്ങൾക്കും അറിയാവുന്നതായതുകൊണ്ടു് ഞാൻ ആ വിഷയത്തിലേക്ക് പ്രവേശിക്കണമെന്നു വിചാരിക്കുന്നില്ല.

Mr. Speaker: Order, order, It is now 4-30 p.m. and according to the agenda for the day we are to have a discussion under Rule 26. But since hon'ble Member Sri. M. I. Paul is absent the discussion cannot be had. Therefore the hon'ble Minister will continue his reply.

ശ്രീ. ടി. കെ. നാരായണപിള്ള: പിന്നീട് മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ഹൈസ്കൂളുകളിൽ മലയാളവും കോളേജുകളിൽ ഇംഗ്ലീഷും ആയതുകൊണ്ടു് പല വിഷമതകൾക്കും ഇടയാകുന്നു എന്നായിരുന്നു ശ്രീ. പട്ടം താണുപിള്ള ഒരു അഭിപ്രായം പുറപ്പെടുവിച്ചതു്. അതിൽ അടിസ്ഥാനമുണ്ടു്. എങ്ങിനെയാണു് അതു് പരിഹരിക്കേണ്ടതു് എന്നു് ഗവമെൻറും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ഓരോ പ്രവിശ്യയിലും ഉള്ള ഭാഷയിലായിരിക്കണമെന്നുള്ള നിർദ്ദേശമാണു് ഈ ഗവമെൻറിനു് ലഭിച്ചിട്ടുള്ളതു്. ആ നിർദ്ദേശത്തെ ആസ്പദമാക്കിയാണു് ഹൈസ്കൂളുകളിൽ മലയാളത്തിൽ തന്നെ ഇൻസ്ട്രക്ഷൻ നടത്തിവരുന്നതു്. ശ്രീ. പട്ടം താണുപിള്ള പുറപ്പെടുവിച്ച അഭിപ്രായം ഒന്നുകിൽ ഇംഗ്ലീഷ് ആകാം അല്ലെങ്കിൽ ഹിന്ദിയാകാം എന്നായിരുന്നു. ആ അഭിപ്രായം ആദരണീയമാണെന്നതിനെപ്പററി എനിക്കു് സംശയമില്ല. എന്നാൽ അതു് പൊതുവെ പ്രയോഗികമാക്കുന്നതുകൊണ്ടു് താല്ക്കാലികമായ ചില വിഷമതകൾ നേരിടുവാൻ ഇടയുണ്ടു്. വിദ്യാഭ്യാസവിഷയത്തിൽ ഭാരതം ഒട്ടുക്കു് വ്യാപിപ്പിക്കത്തക്ക നിലയിലുള്ള ചില നിർദ്ദേശങ്ങളാണു് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതു്. യൂണിവേഴ്സിററി വിദ്യാഭ്യാസത്തെ സംബന്ധിച്ചു് കേന്ദ്രഗവമെൻറിൽനിന്നും ചില ഡയറക്ഷൻസ് സമീപകാലത്തു് ഉണ്ടാകുമെന്നാണു് ഈ ഗവമെൻറിനെ അറിയിച്ചിട്ടുള്ളതു്. റിയാർഗനൈസേഷൻ ഓഫ് യൂണിവേഴ്സിററിയെ സംബന്ധിച്ചും കോ-ഓർഡിനേഷൻ ഓഫ് യൂണിവേഴ്സിററിയെ സംബന്ധിച്ചും വിപുലമായ രീതിയിലുള്ള നിയമനിർമ്മാണം ആവശ്യമായിരിക്കുമെന്നാണു് കേന്ദ്രഗവമെൻറ ഈ ഗവമെൻറിനെ അറിയിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു് ഇന്നു നിലവിലിരിക്കുന്ന യൂണിവേഴ്സിററി ആക്ട് മാററുന്നതിനു് ഗവമെൻറ് മുതിരാതിരിക്കുന്നതു്. മീഡിയം ഓഫ് ഇൻസ്ട്രക്ഷനെ സംബന്ധിച്ചു് വിദ്വാന്മാരുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസമുണ്ടെന്നു ഈ സഭയിലെ ബഹു: എല്ലാ മെമ്പർമ്മാക്കും അറിയാവുന്നതാണു്. കേന്ദ്രഗവമെൻറിൽനിന്നു സംഘടിക്കപ്പെട്ടിട്ടുള്ള കൌൺസിൽ സമീപകാലത്തു് അതിനെ സംബന്ധിച്ചു് ചില പ്രമേയങ്ങൾ പാസാക്കീട്ടുണ്ടെന്നും ആ പ്രമേയങ്ങൾ കേന്ദ്രഗവമെൻറിൻെറ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിരിക്കയാണെന്നും കേന്ദ്രഗവമെൻറിനു് ആ വിഷയത്തിൽ എന്തു പ്രവർത്തിക്കുവാൻ കഴിയുമൊ അതനുസരിച്ചു് ഘടകങ്ങളും പ്രവർത്തിക്കുവാൻ നിർബന്ധിതരായിതീരുമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

റിസർച്ചിനു് ശരിയായ പ്രോത്സാഹനം നല്കുന്നില്ലെന്നുള്ള ഒരാക്ഷേപം ഉണ്ടായിരുന്നു. അതു് അത്രമാത്രം ശരിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിലേക്കു ഒരു നല്ല സംഖ്യ ബഡ്ജററിൽ നീക്കിവെച്ചിട്ടുണ്ടു്. ൪ സെക്ഷനായിട്ടാണു് ഇവിടത്തെ റിസർച്ച് ഡിപ്പാർട്ടുമെൻറ് പ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതേവരെ നടത്തിയിട്ടുള്ള റിസർച്ചിൽനിന്നു ആശാസ്യമായ ഫലങ്ങൾ ഉണ്ടായിട്ടില്ലെന്നാണു് വാദമെങ്കിൽ ആ വാദത്തിനു് അടിസ്ഥാനമില്ലെന്നു പറയുവാൻ ഞാൻ ഒരുമ്പെടുന്നില്ല. എന്നാൽ റിസർച്ച് വിഷയത്തിൽ നാം ആശിക്കുന്ന വേഗത്തിൽ ഫലമുണ്ടാകുന്നതായി സാധാരണയായി കണ്ടുവരാറില്ല.

പിന്നീടു് ശ്രീമാൻ ശാസ്ത്രി അവർകൾ യൂണിവേഴ്സിററി എഡ്യൂക്കേഷനെ സംബന്ധിച്ചു് ഹരിജനങ്ങൾക്കു് ഇന്നു ഗവമെൻറിൽനിന്നും കൊടുത്തുവരുന്ന സൌജന്യങ്ങൾ പോരെന്നും കൂടുതൽ സൌജന്യം കൊടുക്കേണ്ടതു് ആവശ്യ

[Sri. T. K. Narayana Pillai]

മാണെന്നും പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു ഒന്നു രണ്ടു സംഗതികൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. കോളേജിൽ ഒരു ഹരിജനവിദ്യാർത്ഥിക്കു ഇന്നു കൊടുത്തുവരുന്നതു ൫൦ ഉറുപ്പിക മുതൽ ൭൦ ഉറുപ്പികവരെയാണു. അതിനും പുറമെ ഇഞ്ചിനീയറിംഗ് കോളേജിൽ ൫ ഹരിജൻ വിദ്യാർത്ഥികൾക്കു, കോമ്പിറ്റേറ്റീവ് എക്സാമിനേഷനിൽ ജയിച്ചാലും ഇല്ലെങ്കിലും, ൫ ഹരിജൻ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുക്കേണമെന്നു ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടു. അതിൻെറ ഫലം കഴിഞ്ഞ കൊല്ലം ൫ ഹരിജൻ വിദ്യാർത്ഥികൾ അനുഭവിച്ചിട്ടുണ്ടു. അതുപോലെതന്നെ മെഡിക്കൽ കോളേജിലേക്കു രണ്ടുപേരെ തിരഞ്ഞെടുത്തു അയച്ചിട്ടുണ്ടു. ലാകോളേജിൽ പഠിക്കുന്നതിനും ഹരിജനവിദ്യാർത്ഥികൾക്കു പ്രത്യേകം പ്രോത്സാഹനം കൊടുത്തിട്ടുണ്ടു. യൂണിവേഴ്സിററി കോളേജിലേക്കുള്ള പ്രവേശന വിഷയത്തെപ്പററിയാണെങ്കിൽ ഹരിജനവിദ്യാർത്ഥികൾക്കു സാധാരണ അവിടെയുള്ള പരിഗണനകൾ അവഗണിച്ചുകൊണ്ടു പ്രവേശനം നല്കണമെന്നു ഈ ഗവൺമെൻറ് പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ടു എതെല്ലാം വിധത്തിൽ ഹരിജനങ്ങളെ സഹായിക്കുവാൻ സാധിക്കുമോ ആ വിഷയങ്ങളിലെല്ലാം ഈ ഗവൺമെണ്ടു ശ്രദ്ധപതിപ്പിച്ചുവരികയാണു. ഇനിയും തീർച്ചയായും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതും ആണു.

യൂണിവേഴ്സിററി ആക്ടു അമൻറുചെയ്തു നിയമസഭയ്ക്കു സിൻഡിക്കേററിലും സെനററിലും പ്രാതിനിദ്ധ്യം കൊടുക്കേണ്ടതു ആവശ്യമാണെന്നുള്ള വാദം ശ്രീമാൻ പൌലോസ് അവർകൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു എനിക്കു പറയുവാനുള്ളതു മററു പരിഷ്കൃതരാജ്യങ്ങളിലെ നടപടിക്രമങ്ങളെ ആസ്പദമാക്കി പറയുകയാണെങ്കിൽ നിയമസഭയാണെന്നുള്ള ഒരു വസ്തുതകൊണ്ടുമാത്രം യൂണിവേഴ്സിററിയിൽ പ്രത്യേകിച്ചു സെനററിൽ പ്രാതിനിദ്ധ്യം കിട്ടുന്നതിനു അവകാശമില്ലെന്നാണു.

Sri. P. Balakrishnan Tampi:—Sir, the volume and pitch of the voice hurt my auditory organs.

Sri T. K. Narayana Pillai:—I can only say that the auditory organs of the member stand in urgent need of sume expert medical attention.

ഞാൻ പറഞ്ഞുവന്നിരുന്നതു രാധാകൃഷ്ണൻ കമ്മിററി റിപ്പോർട്ടിലെ ശുപാർശയെ അടിസ്ഥാനമാക്കി നോക്കുന്ന പക്ഷവും നിയമസഭയ്ക്കു സെനററിൽ പ്രാതിനിദ്ധ്യം വേണമെന്നുള്ള ശുപാർശ അതിലും കാണുവാൻ ഇടയായിട്ടില്ല എന്നാണു. അതുകൊണ്ടു നിയമസഭയ്ക്കു പ്രാതിനിദ്ധ്യം വേണമൊ വേണ്ടയൊ എന്നുള്ള കാര്യം പെട്ടെന്നു പറയുവാൻ നിവൃത്തിയില്ലാത്ത ഒരു സംഗതിയാണു.

പിന്നീടു ശ്രീമാൻ ചിദംബരനാഥനാടാർ തമിഴന്മാരെ വിദ്യാഭ്യാസപരമായി ശരിയായവിധം പ്രോത്സാഹിപ്പിക്കുന്നില്ല എന്നു പറഞ്ഞു. അതിനു എനിക്കു സാമാന്യമായി പറയുവാനുള്ളതു അങ്ങിനെയുള്ള യാതൊരു ഡിസ്ക്രിമിനേഷനും ഈ ഗവൺമെൻറ് കാണിക്കുന്നില്ലെന്നും തമിഴിനെ പ്രോത്സാഹിപ്പിക്കുന്നതിനു യൂണിവേഴ്സിററിയിൽ തന്നെ പ്രത്യേകം ഒരു ചെയർ ഉണ്ടെന്നും അതിലേക്കു വളരെ സമർത്ഥനായ ഒരു പ്രൊഫസറെ നിയമിച്ചിട്ടുണ്ടെന്നും ആ പ്രൊഫസറുടേയും അദ്ദേഹത്തിൻെറ സിൽബന്ധികളുടേയും പരിശ്രമഫലമായി എത്രാനും തമിഴ് പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും ആണു.

ശ്രീമാൻ ബാലകൃഷ്ണൻതമ്പി അവർകൾ യൂണിവേഴ്സിറ്റിയുടെ പ്രസ്റ്റിജ് വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണെന്നു പറഞ്ഞു. അതു് വളരെ ആവശ്യമാണു്. ആ അഭിപ്രായത്തെ ഞാനും പൂർണ്ണമായി സ്വീകരിക്കുന്നു.

ശ്രീമാൻ നടരാജപ്പിള്ള അവർകൾ ൨ ലക്ഷം രൂപ പ്രൈവറ്റ് കോളേജുകൾക്ക് ഗ്രാൻറായി ബഡ്ജറ്റിൽ വെച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അതു് ഏതു തോതിനെ അല്ലെങ്കിൽ മാനദണ്ഡത്തെ ആസ്പദമാക്കിയാണ് എന്നു ചോദിച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ഈ മാതിരി ഗ്രാൻറ് കൊടുക്കുന്നതു്. കോളേജുകെട്ടിടവും മററു ഉപകരണങ്ങളും പൂർത്തിയായി കഴിഞ്ഞോ എന്നറിഞ്ഞതിനു ശേഷമാണോ പണം കൊടുക്കുന്നതെന്നും അദ്ദേഹം ചോദിച്ചു. ൨ ലക്ഷം രൂപായിൽ ൧ ലക്ഷം രൂപാ കൊല്ലം എസ്. എൻ. കോളേജിനു ആ കോളേജിന്റെ അധികാരികളോടു് ഗവമെൻറ് മുമ്പേ ചെയ്ത വാഗ്ദാനത്തെ പാലിക്കുവാനായി നീക്കിവച്ചിട്ടുള്ളതാണു്. കൊല്ലം എസ്. എൻ. കോളേജ് ശരിയായി പ്രവർത്തിച്ചുവരുന്നുണ്ടെന്നു് യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ടും ഉണ്ടു്.

പല കോളേജുകളിൽനിന്നും ഗ്രാൻറുകൾ ആവശ്യപ്പെട്ടുകൊണ്ടു് ഗവമെണ്ടിലേക്ക് അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. ആ അപേക്ഷകളിൽ ഏതെല്ലാം അപേക്ഷകളാണ് സ്വീകരിക്കേണ്ടതു് എന്നു ഗവമെൻറ് തീരുമാനിച്ചിട്ടില്ല. അങ്ങിനെ തീരുമാനിക്കുന്നതിനുമുമ്പ് ശ്രീമാൻ നടരാജപിള്ള അവർകൾ അഭിപ്രായപ്പെട്ടതുപോലെ യൂണിവേഴ്സിററിക്കാരുമായി ആലോചിച്ചും ആ കോളേജുകളുടെ പ്രവർത്തനം വളരെ ഭംഗിയായി നടത്തുന്നുണ്ടെന്ന യൂണിവേഴ്സിററി അധികാരികളുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും കൊടുക്കുന്നതിന് ൧ ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണു്.

<u>ശ്രീ. കെ. എസ്സ്. ജോസഫ്:</u> മദ്രാസ് യൂണിവേഴ്സിററി പ്രൈവററ് കോളേജുകൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടെന്നറിയാമോ? അവിടെ കെട്ടിടങ്ങളുടേയും മററുപകരണങ്ങളുടേയും ൧൦ ശതമാനം ഗ്രാൻറ് കൊടുക്കുന്നുണ്ടെന്നറിയാമോ?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ഗ്രാൻറ് കൊടുക്കുന്നുണ്ടെന്നറിയാം. ശതമാനം എത്രയാണെന്നറിയുകയില്ല

ശ്രീമാൻ നടരാജപിള്ളയുടെ മറെറാരു വാദം വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും ശരിയായ ഹോസ്റ്റൽ അക്കോമഡേഷൻ ഇല്ലെന്നും അതുകൊണ്ടു് ഗവമെൻറിൽനിന്നു് അതിൽ ശരിയായ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും ആണു്. ൧൦൦ വിദ്യാർത്ഥികൾക്കാണ് ഇന്നു അക്കോമഡേഷൻ ചെയ്തിട്ടുള്ളതു്. കൂടുതൽ വിദ്യാർത്ഥികൾക്കു അക്കോമഡേഷനു വേണ്ട നടപടികൾ എടുക്കുന്നതിനു ഗവമെൻറ് ശ്രമിക്കുന്നതാണു്. അതിന്റെ ആവശ്യം ഗവമെൻറ് മനസ്സിലാക്കിയിട്ടുണ്ടു്. ആ ആവശ്യം നടപ്പിൽ വരുത്തുന്നതിനു ആവശ്യമായ നടപടികളിൽ ഗവമെൻറ് ശ്രദ്ധിക്കുന്നതാണെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളു.

Sri. P. S. Nataraja Pillai: Cannot Government ask the private colleges to maintain hostels?

Sri. T. K. Narayana Pillai: I think many colleges are maintaining hostels but I do not know whether the accommodation is satisfactory.

പിന്നീടു് ഉണ്ടായ ആക്ഷേപം സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയെപ്പററിയാണു്. അതിനെ സംബന്ധിച്ചു് ഈ നിയമസഭയിൽതന്നെ ഇതിനുമുൻപു്

[Sri. T. K. Narayana Pillai]

ഒരു വാദപ്രതിവാദം നടന്നിട്ടുണ്ട്. ശ്രീമാൻ ജ്ഞാനശിഖാമണി രണ്ട് ആക്ഷേപങ്ങളാണ് പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയെപ്പററി പറഞ്ഞത്. ഒന്നാമതായി അദ്ദേഹം പറഞ്ഞത് ലിസ്റ്റിനെ സംബന്ധിച്ച് ഗവൺമെൻറിന് വ്യക്തമായ ഒരു നില ഇല്ലെന്നാണ്. ഗവൺമെൻറിൻെറ നില വളരെ വളരെ വ്യക്തമാണ്. ലിസ്റ്റിനെ സംബന്ധിച്ചുള്ള ഗവൺമെണ്ടിൻെറ നില എന്താണെന്നു ഇതിനുമുമ്പ് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ്നോട്ടിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതു് ഒന്നുകൂടി ആവൎത്തിക്കേണ്ട ആവശ്യമുണ്ടെങ്കിൽ ആവൎത്തിക്കാം. ലിസ്റ്റിനെ സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ നില മിഡിൽ സ്കൂളുകളിലേക്കും ഹൈസ്കൂളുകളിലേക്കും ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനു ആ വാദ്ധ്യാന്മാൎക്കു എന്താണു മിനിമം ക്വാളിഫിക്കേഷൻ വേണ്ടതു് എന്നു നിശ്ചയിച്ചതിനു ശേഷം ആ മിനിമം ക്വാളിഫിക്കേഷനുള്ള ആളുകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലിസ്റ്റ് വിദ്യാഭ്യാസ ഡയറക്ടരുമായി ആലോചിച്ച് പബ്ലിക്ക് സൎവ്വീസ് കമ്മീഷൻ ഡ്രാഫ്ട് ചെയ്യണമെന്നാണ്. അതായതു് മിനിമം ക്വാളിഫിക്കേഷൻ ഉള്ളതായ ആളുകൾക്കെല്ലാം മററു അയോഗ്യതകൾ ഇല്ലെങ്കിൽ, ഇൻസോൾവൻസി, ഇൻസാനിററി, ഈ മാതിരി എല്ലാം നിയമനങ്ങൾക്കും ബാധകമായി നിൽക്കുന്നതും നിൎത്തുന്നതുമായ മററു അയോഗ്യതകൾ ഇല്ലെങ്കിൽ, മിനിമം ക്വാളിഫിക്കേഷൻ ഉള്ള എല്ലാവൎക്കും ആ ലിസ്റ്റിൽ ചേരുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. പബ്ലിക്ക് സൎവ്വീസ് കമ്മീഷനും വിദ്യാഭ്യാസ ഡയറക്ടരും പരിശോധിക്കുന്നതു് ഈ മിനിമം ക്വാളിഫിക്കേഷൻ എല്ലാംതന്നെ ഉണ്ടോ എന്നും മററു അയോഗ്യതകൾ ഉണ്ടോ എന്നും മാത്രമാണ്. അയോഗ്യതകൾ ഇല്ലാത്തവരെ അവർ മിനിമം ക്വാളിഫിക്കേഷൻ ഉള്ളവർ അല്ലെങ്കിലും ലിസ്റ്റിൽ അംഗങ്ങളായി ചേൎക്കുന്നതാണ്. ആ ലിസ്റ്റിൽനിന്ന് മാനേജൎമാൎക്ക് അവരുടെ ഹിതമനുസരിച്ച് നിയമിക്കുവാൻ അധികാരം ഉണ്ടായിരിക്കും. ഇതാണ് ലിസ്റ്റിനെ സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ നില.

പിന്നീട് ഫീസു പിരിവിൻെറ ൨൦ ശതമാനത്തെ സംബന്ധിച്ച് അദ്ദേഹം ചില സംശയം പുറപ്പെടുവിച്ചു. ഗവൺമെൻറിൻെറ നില അതിനെ സംബന്ധിച്ചും വ്യക്തമാണ്. സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു ആവശ്യമാണെന്ന് തോന്നിയതിൻെറ ഫലമായി, കഴിഞ്ഞ ഏതെട്ടു വൎഷമായി ഉണ്ടായ അദ്ധ്യാപകന്മാരുടെ പ്രക്ഷോഭണത്തിൻെറ ഫലമായി, അങ്ങിനെ കൂട്ടിക്കൊടുക്കുവാൻ തീരുമാനിച്ചു. അങ്ങിനെ അവരുടെ ശമ്പളം കൂട്ടിക്കൊടുക്കേണ്ടതിലേക്ക് മാനേജുമെണ്ട് സ്കൂളുകളിലെ ഫീസുപിരിവിൽ നിന്ന് ൨൦ ശതമാനം ഗവൺമെണ്ടിൻെറ അധീനതയിൽ വരുത്തേണ്ടതു ആവശ്യമായതുകൊണ്ട് ഫീസുപിരിവിൻെറ ൨൦ ശതമാനം ഗവൺമെണ്ടിനെ ഏല്പിക്കണമെന്നാണ് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളതു്. അതിനെ സംബന്ധിച്ചുള്ള ചില ആക്ഷേപങ്ങൾക്ക് മറുപടി പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഈ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി ഗവൺമെൻറിൻെറ പദ്ധതിയാണ്. അതുകൊണ്ട് അതിനെ ഏതുവിധത്തിൽ നാമകരണം ചെയ്താലും അതു് ഒരു ഗവൺമെൻറ് പദ്ധതി ആയിരിക്കുന്നിടത്തോളംകാലം തീൎച്ചയായും ആ പദ്ധതി നടപ്പിൽ വരുത്തുക എന്നുള്ളതു സക്സീഡിംഗ് ഗവൺമെൻറിൻെറയും ചുമതല ആയിരിക്കും. ചീഫ്മിനിസ്റ്റർ, അദ്ദേഹം ഉദ്യോഗം ഏറെറടുത്ത സമയത്തു് ചെയ്തിട്ടുള്ള ഒരു പ്രസ്താവനയും ബഹുമാനപ്പെട്ട അംഗങ്ങൾ വായിച്ചിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. പഴയ ഗവൺമെൻറു പദ്ധതികളെയും നയപരിപാടികളെയും ഉപേക്ഷിക്കാതെ അവയെ കഴിയുന്നത്ര നടപ്പിൽ വരുത്തുക

എന്നുള്ളതായിരിക്കും എൻെറയും എൻെറ ഗവണ്മെൻറിൻെറയും നയമെന്നു അദ്ദേഹം പ്രഖ്യാപനം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ആ നിലയ്ക്കു ഇതിനെസംബന്ധിച്ചു് ഏതെങ്കിലും ആശങ്കയ്ക്കു് അവകാശമുണ്ടെന്നു തോന്നുന്നില്ല. ശ്രീ. കളത്തിൽ വേലായുധൻ നായർ, ബുദ്ധിമാനായ ശ്രീ. കളത്തിൽ വേലായുധൻ നായർ അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, അദ്ദേഹം പറഞ്ഞ ആ വ്യക്തിയുടെ പേർ ഞാൻ ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ല, ഏതോ ഒരു വ്യക്തിയെ മന്ത്രിസഭയിൽനിന്നും മാററിയതു് ഏതോ ചില ഉദ്ദേശംകൊണ്ടുകൂടിയെന്നോ, പുതിയ മന്ത്രിസഭ സെക്കണ്ടറി വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്ന വിഷയത്തിൽ വളരെ അലസമനോഭാവം കാണിക്കുന്നുവെന്നോ മറ്റും വിചാരിക്കേണ്ടതെന്നു്. അതിൽ ആദ്യഭാഗത്തെപ്പററി ഇപ്പോൾ പറയേണ്ട ആവശ്യമില്ല; അതിനുള്ള കടപ്പാടും എനിക്കില്ല. രണ്ടാമത്തെ ഭാഗത്തെപ്പററി എനിക്കു പറയുവാനുള്ളതു് ഇതാണു്. ഒരു ഗവണ്മെൻറു പദ്ധതി എത്രമാത്രം ജാഗ്രതയോടും സൂക്ഷ്മതയോടുംകൂടി ഒരു ഗവണ്മെൻറിനു് നടപ്പിൽ വരുത്തുവാൻ സാധിക്കുമോ, അത്രയും ജാഗ്രതയോടും സൂക്ഷ്മതയോടുംകൂടി ഗവർമ്മെൻറിൻെറ ഈ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്താൻതന്നെയാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

പുതിയ വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ചു നിയമസഭയിൽ ഇതിനു മുൻപും വാദപ്രതിവാദങ്ങൾ ഉണ്ടായിരുന്നു. നമ്മുടെ മാന്യ സ്നേഹിതന്മാർ എലക്ഷൻ പ്രചരണങ്ങൾക്കായിപ്പോയ അവസരങ്ങളിൽ ഈ വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ചു് മൗനം അവലംബിക്കുകയും ചിലർ ചില പ്രത്യേക ഉദ്ദേശത്തോടുകൂടി ഈ പദ്ധതിയെ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ടു്. ഇതുസംബന്ധിച്ചു് ഗവണ്മെൻറിനു് ഒരു ഉറച്ച നിലയാണുള്ളതു്. ഓരോ ദിവസവും ഓരോ അഭിപ്രായം പറയുക എന്ന നില ഈ ഗവണ്മെണ്ടു് സ്വീകരിച്ചിട്ടില്ലെന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്.

അടുത്തതു് പ്രൈമറി എഡ്യൂക്കേഷനാണു്. പ്രൈമറി എഡ്യൂക്കേഷനെ സംബന്ധിച്ചു് ശ്രീ. നടരാജപിള്ള അവർകൾ ഇതിൻെറ പുരോഗതി വളരെ സാവധാനമായിപ്പോയി എന്നു പറയുകയുണ്ടായി. അതു ശരിയാണു്. ഉദ്ദേശിച്ചു വ്യാപ്തി ഇന്നു ഈ പദ്ധതിക്കുണ്ടായിട്ടില്ലെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഗവണ്മെൻറുഭാഗത്തുനിന്നുകൂടി ഈ പ്രശ്നങ്ങളെ ആലോചിക്കേണ്ടതു് ആവശ്യമാണു്. കമ്പൽസറി പ്രൈമറി എഡ്യൂക്കേഷൻ നടപ്പിൽവരുത്തുന്നതിനുവേണ്ടി ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള തുക ൪൨.൫ ലക്ഷം രൂപയാണു്. കെട്ടിടങ്ങൾ നന്നാക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക രണ്ടുലക്ഷം രൂപയാണു്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ഈയിനങ്ങളിൽ ചേർത്തിരുന്നതു് ൩൭ ലക്ഷം രൂപാമാത്രമാണു്. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുന്ന വിഷയത്തിൽ ഇക്കൊല്ലം ൪൭ ലക്ഷത്തോളം രൂപ ചെലവാക്കുവാൻ ഈ ഗവണ്മെൻറു് തീരുമാനിച്ചിരിക്കുന്നു. എന്നാൽ അത്ര പെട്ടെന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഇതു വ്യാപിപ്പിക്കണമെന്നു് പറഞ്ഞാൽ ഇപ്പോഴത്തെ സാമ്പത്തികനില അതിനു് അനുവദിക്കുമോ എന്നുള്ളതു ബഹുമാനപ്പെട്ട അംഗങ്ങൾകൂടി ആലോചിക്കേണ്ടതാണു്. ൨൫ ലക്ഷം രൂപ പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബ്ബന്ധിതവുമാക്കിയിട്ടുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു് ഇപ്പോൾതന്നെ കൊടുത്തുവരുന്നു. ഇപ്പോൾ കൊടുത്തുവരുന്ന ശമ്പളം വളരെ കുറഞ്ഞ ഒരു ശമ്പളമാണു്.

Sri. P. S. Nataraja Pillai: Is not that amount for all the primary schools?

Sri. T. K. Narayana Pillai: Yes, for all the primary schools.

ഇപ്പോൾ കൊച്ചിയിലെ ഒരദ്ധ്യാപകന്റെ ശമ്പളം ൩൦–൪൦ രൂപയാണ്. ഇവിടെയുള്ളതു് ൨൫ രൂപയാണ്. ഈ ശമ്പളങ്ങൾ തമ്മിൽ സ്റ്റാൻഡർഡൈഡസു് ചെയ്യേണ്ടതായിട്ടുണ്ടു്. അതും പെട്ടെന്നു നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. അങ്ങനെ ശമ്പളം സ്റ്റാൻഡർഡൈഡസു് ചെയ്യുന്നതോടുകൂടി ൨൫ ലക്ഷം രൂപ ഏതാണ്ടു ൪൫ ലക്ഷം രൂപയായി വർദ്ധിക്കുന്നതാണ്. അതുകൊണ്ടു് പെട്ടെന്നു രാജ്യവ്യാപകമായ തോതിൽ ഈ പദ്ധതി നടപ്പിൽ വരുത്തുക എന്നുള്ളതു് നമ്മുടെ ഇന്നത്തെ സാമ്പത്തികസ്ഥിതി അനുസരിച്ചു് സാദ്ധ്യമാണോ എന്നു സംശയമുണ്ടു്. അതുകൊണ്ടു് ക്രമാനുഗതമായി ഈ പദ്ധതി വിപുലപ്പെടുത്തുവാൻ മാത്രമെ സാദ്ധ്യമാവൂ. ശ്രീ. പൗലോസ് അവർകൾ പറയുകയുണ്ടായി, സറണ്ടേർഡ് സ്കൂളിലെ അദ്ധ്യാപകന്മാരെ ഇനിയും ഏതാനും പേരെക്കൂടി എടുക്കേണ്ടതായിട്ടുണ്ടെന്നു്. അതും ശരിയാണ്. അങ്ങനെയുള്ള ഏകദേശം ൨൦൦ പേരെക്കൂടി ഇനിയും എടുക്കാനുണ്ടു്. അടുത്ത സ്കൂൾവർഷത്തിൽ അവരിൽ പലരെയും പല സ്കൂളിലേക്കുമായി എടുക്കുന്നതുമാണ്. ശ്രീ. താണുപിള്ള ഇരുപത്തയ്യായിരംരൂപയുടെയും, ആറുലക്ഷംരൂപയുടെയും ലംപ്സം പ്രൊവിഷൻ സംബന്ധിച്ചു ചിലതു പറയുകയുണ്ടായി. പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി അംഗീകരിച്ചു പ്രവർത്തിച്ചിട്ടുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം തിട്ടപ്പെടുത്തുന്നതിലേക്കുവേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ ശമ്പളത്തിനും മററുമായിട്ടാണ് ഇരുപത്തയ്യായിരം രൂപ കൊള്ളിച്ചിട്ടുള്ളതു്. അതിന്റെ വിവരങ്ങൾകൂടി ബഡ്ജററിൽ ചേർക്കാമായിരുന്നു എന്നു ഞാനും സമ്മതിക്കുന്നു. ശമ്പളം തിട്ടപ്പെടുത്തുന്നതിനുള്ള സ്റ്റാഫിന്റെ ചെലവാണതു്. അതിലേക്കു് ഒരു സ്പെഷ്യലാഫീസറെ നിശ്ചയിച്ചുകഴിഞ്ഞു. ഇതിനകം ൧൧൨ അദ്ധ്യാപകന്മാരുടെ ശമ്പളം തിട്ടപ്പെടുത്തിക്കഴിഞ്ഞു. അവരുടെ ജാനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ ശമ്പളം കൊടുത്തുകഴിഞ്ഞിട്ടുണ്ടു്.

ടെക്സ്ററ ബുക്കിനെ സംബന്ധിച്ചും ശ്രീ. താണുപിള്ള ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ തീർച്ചയായും സ്വീകരിക്കാവുന്നവയാണ്. ടെക്സ്ററബുക്കു കമ്മിററിയെ ഇക്കൊല്ലം നിയമിച്ചിട്ടില്ല. അടുത്ത കൊല്ലം നിയമിക്കുന്നുണ്ടു്. പല ക്ലാസുകളിലെയും റീഡേഴ്സും, സബ്ജക്ററ ടെക്സ്ററ ബുക്കുകളും ഇപ്പോഴും ഗവമ്മെൻറുതന്നെയാണ് അച്ചടിപ്പിച്ചു വില്പന നടത്തുന്നതു്. ഇനിയും അതു കൂടുതലായി ആവശ്യത്തിനു് മതിയാകുന്നിടത്തോളം പ്രതികൾ അടിച്ചിറക്കി കാര്യക്ഷമമായ വിധത്തിൽ വില്പന നടത്തുന്നതിലേക്കു് ഗവമ്മെൻറു കുറെക്കൂടി ശ്രദ്ധിക്കേണ്ടതായുണ്ടെന്നുള്ളതിനു് സംശയമില്ല. അടുത്ത ചിങ്ങമാസത്തോടുകൂടി ഇതിലേക്കു് ഒരു കമ്മിററിയെ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ നടത്തിവരികയാണ്. ഗവമ്മെണ്ടുതന്നെ പരിപൂർണ്ണമായ സർവ്വചുമതലയും ഉത്തരവാദിത്വവും ഏറെറടുത്തുകൊണ്ടു് ടെക്സ്ററബുക്കുസംബന്ധമായ സകല നടപടികളും നടത്തണമെന്നുതന്നെയാണ് ഗവമ്മെൻറിന്റെ ഉദ്ദേശം. ഇതിന്റെ ൧൫ ശതമാനം ചുമതലകൾ ഇപ്പോൾതന്നെ ഏറെറടുത്തിട്ടുണ്ടു്. ഏതാനും ടെക്സ്ററബുക്കുകൾ ഗവമ്മെണ്ടു് അച്ചടിപ്പിച്ചു ഇപ്പോൾതന്നെ വില്ക്കുന്നുണ്ടു്. പോരാത്തതു അടുത്തകൊല്ലം നിർവ്വഹിക്കാമെന്നു് ഗവമ്മെൻറു വിചാരിക്കുന്നു. ടെക്സ്ററ ബുക്കിന്റെ തിരഞ്ഞെടുപ്പിനെപ്പററി പല പരാതികളും ഉണ്ടെന്നു പറയുകയു

ണ്ടായി. അതിന് വലിയ അടിസ്ഥാനമുണ്ടെന്ന് തോന്നുന്നില്ല. ഒരു സ്ക്രൂട്ടിനി കമ്മിററിയെ ഗവമ്മെണ്ട് ആദ്യമായി നിയമിച്ചു. ഏതെല്ലാം പുസ്തകങ്ങളാണ് തിരഞ്ഞെടുക്കുവാൻ യോഗ്യതയുള്ളതെന്ന് അവർ പരിശോധിച്ചു റിപ്പോർട്ടു ചെയ്തു. പിന്നീട് ഒരു സെലക്ഷൻ കമ്മിററിയെ ഉണ്ടാക്കി. അവരാണ് അതിൽ ഏതേതു പുസ്തകങ്ങളാം ടെക്സ്റ്റുബുക്കുകളാകണമെന്ന് നിർദ്ദേശിച്ചത്. ഈ കമ്മിററി ശുപാർശ ചെയ്യുന്ന പുസ്തകങ്ങളിൽനിന്നാണ് ഗവമ്മെണ്ട് അവസാനമായി ടെക്സ്റ്റുബുക്കുകളെ സ്വീകരിച്ചിട്ടുള്ളത്. അതിനാൽ ടെക്സ്റ്റുബുക്കുകളെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ വലിയ കുഴപ്പങ്ങളും ഉണ്ടാകാതിരിക്കത്തക്ക വിധത്തിൽതന്നെയാണ് ഗവമ്മെണ്ട് പ്രവർത്തിച്ചിട്ടുള്ളത്. അതിൽനിന്നും സ്വല്പലാഭം ഗവമ്മെണ്ടിന് ഉണ്ടാക്കണമെന്നല്ലാതെ ആളുകളെ പീഡിപ്പിക്കണമെന്നുള്ള വിചാരം ഈ ഗവമ്മെണ്ടിനില്ല. അതുകൊണ്ട് ശ്രീ. താണുപിള്ളയുടെ ആ അഭിപ്രായങ്ങളെപ്പററി ഗവമ്മെണ്ട് കാര്യമായി ചിന്തിക്കുന്നതാണ്.

Cut motions moved by Sri. N. Daniel Jose, Sri. Kalathil Velayudhan Nayar, Sri. D, Gnanasigamoni, Sri. P. S. Nataraja Pillai and Sri. A. Thanu Pillai were put and lost.

Cut motions moved by Sri. Eapen Arakkal were, by leave of the House, withdrawn.

The question that Government be granted a sum of Rs. 2,88,25,600 under 'Demand XVIII—Education'

was put and carried.

The grant was made.

Sri. A. Thanu Pillai: Sir, before we rise, I wish to make a suggestion. We have some financial business left. From tomorrow onwards we have four days' consecutive holidays. Some friends are anxious to leave the city. So, shall we have that work on Monday? I mean the Supplementary Demands.

Mr. Speaker: Yes, Members may also see that the strength of the House has already considerably dwindled.

ശ്രീ. എ. ജെ. ജാൺ: മാററുകയാണെങ്കിൽ ൨൬-ാംനു-തന്നെ സപ്ലിമെൻററി ഡിമാൻറ എല്ലാം പാസ്സാക്കേണ്ടതായി വരും. അപ്രോപ്രിയേഷൻ ബില്ലുകൂടി പാസാക്കേണ്ടതായിട്ടുണ്ട്. അതുംകൂടി പാസാക്കി ൩൦-ാംനു ക്കുമുമ്പു ട്രഷറിയിൽനിന്നും പണം എടുക്കേണ്ടതായുള്ളതുകൊണ്ട് അന്നുതന്നെ എല്ലാം പാസാക്കണമെന്നുമാത്രമെ എനിക്കു പറയുവാനുള്ളൂ.

The House accepted the suggestion of Sri. A. Thanu Pillai that work may be resumed on the 26th March.

The Assembly adjourned at 5-5 p. m. to meet again at 11 a.m. on Monday the 26th March 1951.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

31/5/52

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Monday, *the 26th March 1951*

Vol. III] OFFICIAL REPORT [No. 13

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Mondy, the 26th March 1951 with Mr. Speker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers

വനംപതിപ്പ്

*൧൮൭. (൧) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൦൫-ൽ പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിൽ, കുന്നംമുറിയിൽ സർവ്വേ ൧൮൦/൨.–ാംനമ്പർ വസ്തുക്കളിൽ സാംബവരാദിയായ പ്രവേശനക്കാരെ കടിയിറക്കിയതിനുശേഷമല്ലേ ടി സ്ഥലങ്ങൾ റിസർവ്വ് ഫാറസ്റ്റിൽ പെടുത്തിയിട്ടുള്ളതു്;

(ബി) പ്രസ്തുത സ്ഥലം കൃഷിക്കുവേണ്ടി ഒഴിവാക്കി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അവിടെ മുൻതാമസക്കാരായിരുന്ന പിന്നോക്കസമുദായങ്ങളിൽപെട്ടവർക്ക് മുൻഗണന കിട്ടുന്നതിനുള്ള അപേക്ഷകൾ ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് ഗവർമ്മെൻറ് സ്വീകരിച്ചിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) അനധികൃതമായിട്ട് പ്രവേശിച്ചവരെ റിസർവ് ഫാറസ്റ്റിൽനിന്നും കുടിയിറക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അവശസമുദായങ്ങളിൽപ്പെട്ട ഓരോ കുടുംബത്തിനും ൩ ഏക്കർ സ്ഥലം വീതം പതിച്ചുതൊടുക്കുന്നതിനായി ഗവൺമെണ്ടിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. സി. സി. പ്രസാദ്: അനധികൃതമായിട്ടു പ്രവേശിച്ചു എന്നുള്ള കാരണത്തിന് അവരിൽനിന്നും നിരോധനക്കരം ഈടാക്കിയിട്ടില്ലേ?

ശ്രീ. സി. കേശവൻ: അതിനെപ്പററി സൂക്ഷ്മമായി അറിയാൻ പാടില്ല.

ശ്രീ. സി. സി. പ്രസാദ്: ൩ ഏക്കർ എന്നുള്ള വ്യവസ്ഥയനുസരിച്ച് ഇവർക്ക് ആകെ കൊടുക്കുവാൻ അനുവദിച്ചിട്ടുള്ള സ്ഥലം എത്രയാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അവരുടെ അപേക്ഷയനുസരിച്ച് ഇതിലേക്കുവേണ്ടി ആകെ ൩൦ ഏക്കർ സ്ഥലം കൊടുക്കുവാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അനധികൃതമായിട്ട് പല സ്ഥലങ്ങളിലും ഇതുപോലെ ആളുകൾ പ്രവേശിച്ചിട്ടുള്ളതായിട്ടറിയാമോ?

Sri. C. Kesavan: I do not grasp the point in that question.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ പ്രവേശിച്ചിട്ടുള്ളവരെ എല്ലാം ഗവൺമെൻറ എവിക്ട്ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: എവിക്ട്ചെയ്യേണ്ടവരെമാത്രമാണ് അങ്ങനെ ചെയ്തിട്ടുള്ളു.

ശ്രീ. സി. വി. ജോസ്: അനുവാദംകൂടാതെ പ്രവേശിച്ചതിനു എവിക്ട് ചെയ്യാതെ ഇൻജങ്ഷൻ കൊടുത്തു് ഇറക്കിവിടാതെ വച്ചിരിക്കുന്നു എന്നുള്ളതു് അറിയാമൊ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: അനധികൃതമായിട്ടു് പ്രവേശിച്ച ആളുകളെ വെളിയിൽ ഇറക്കിവിടുന്നതിനെ സംബന്ധിച്ചു് എത്ര കേസുകൾ ഇതുവരെ ഉണ്ടായിട്ടുണ്ടെന്നു് പറയാമോ?

Sri. C. Kesavan: I claim notice.

ശ്രീ. സി. സി. പ്രസാദ്: ൩൦ ഏക്കർ സ്ഥലം കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞതു് മുമ്പു ഞാൻ പറഞ്ഞ സ്ഥലങ്ങളിൽനിന്നും ഇറക്കിവിട്ടവർക്കാണോ?

ശ്രീ. സി. കേശവൻ: അതെ.

കാളനി

*൫൪൮. (൧) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി തെക്ക് പകുതിയിൽ എരുമേലി മുറിയിൽ നെടുങ്കാവു വയലിൽ ഒരു കാളനി അനുവദിച്ചു

കിട്ടുന്നതിനു പിന്നോക്കസമുദായക്കാരുടെ മെമ്മോറിയലുകളോ, അപേക്ഷകളോ ബഹുമാനപ്പെട്ട ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ;

(സി) ഇല്ലെങ്കിൽ നടപടി നടത്താതിരിക്കുവാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഒരു കാളനി സ്ഥാപിച്ചു കിട്ടണമെന്നുകാണിച്ച് നെടുങ്കാവു ട്രേഡ് യൂണിയൻ കമ്പനിയുടെ ഒരപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) കാളനി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ അപേക്ഷക്കാർ നെടുങ്കാവു ട്രേഡ് യൂണിയൻ കമ്പനിയിലുള്ള ആളുകളാണോ?

ശ്രീ. സി. കേശവൻ: നിശ്ചയമില്ല.

ശ്രീ. സി. സി. പ്രസാദ് : ഗവണ്മെന്റിനു കിട്ടിയിട്ടുള്ള അപേക്ഷയിൽ എത്ര സ്ഥലം വേണമെന്നുള്ള ഒരു കണക്കുകൂടി കാണിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സ്ഥലം വേണമെന്നു കാണിച്ചിട്ടുണ്ട്. എത്ര സ്ഥലം വേണമെന്നുള്ളതു് കാണിച്ചിട്ടുണ്ടോ ഇല്ലയോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ അപേക്ഷ കിട്ടിയിട്ട് എത്രകാലമായെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അപേക്ഷ കിട്ടിയതു് ൨ ൩-൧-൧൧൨൨-ൽ ആണു്.

ശ്രീ. എ. താണുപിള്ള: ഒരു ട്രെയ്ഡ് യൂണിയൻ കമ്പനിക്ക് കാളനി സ്ഥാപിക്കാൻ സ്ഥലം വേണമെന്നു പറയുന്നതു് എന്തു് അടിസ്ഥാനത്തിലാണു്?

ശ്രീ. സി. കേശവൻ: കാളനിക്കു സ്ഥലം വേണമെന്നു പറയുന്നതു് പിന്നോക്കസമുദായക്കാർക്കുവേണ്ടിയാണു്. അല്ലാതെ കമ്പനിക്കല്ല.

ശ്രീ. സി. സി. പ്രസാദ്: പിന്നോക്കസമുദായങ്ങളുടെ അല്ലാത്ത വല്ല അപേക്ഷകളും ഈ സ്ഥലത്തെ സംബന്ധിച്ചിടത്തോളം കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കിട്ടിയിട്ടുള്ളതു് പിന്നോക്കസമുദായങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയാണു്.

ശ്രീ. സി. വി. ഇട്ടു: നെടുങ്കാവു ജയഭാരത ട്രെയ്ഡ് യൂണിയൻ കമ്പനിയും ജാകോ കമ്പനിയും ഒന്നല്ലേ?

ശ്രീ. സി. കേശവൻ: അല്ല.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പഴവങ്ങാടിയിലുള്ള ജയഭാരത കമ്പനിയാണോ ഈ പറയുന്നതു്?

Sri. C. Kesavan: I claim notice

ശ്രീ. എ. താണുപിള്ള: ഈ കമ്പനി ഒരു റജിസ്റ്റർചെയ്ത കമ്പനിയാണോ?

ശ്രീ. സി. കേശവൻ: ജായിൻറ സ്റ്റാക്ക കമ്പനിയിൽനിന്നും റജിസ്റ്റർ ചെയ്തു കൊടുത്തിട്ടുള്ള ഒരു കമ്പനിയാണ് ഇതും.

Mr. Speaker: Next question

Sri. K. Balakrishna Menon: Sri, I may be permitted to ask question number 3.

Mr. Speaker: No. Unless previous sanction is sought it is not permissible

Sri. C. V. Iyyu: Question No. 3. being a very important question, will the Hon'ble Speaker be kind enough to allow me to ask supplementary questions?

Mr. Speaker: If a member is absent and another member wants to ask a question standing in the name of the absentee previous sanction of the Speaker should be obtained, The absent member must also have given an authorisation to another member for this purpose. In exceptional cases permission may be granted without adherence to those conditions.

ശ്രീ. ഏ. കെ. പാച്ചുപിള്ള: സർ, ൧൧ മണിവരെ ഒരു മെമ്പർ ഹാജരാകുമെന്നു പ്രതീക്ഷിക്കുകയും അതിനുമേൽ ആ മെമ്പർ വരാതിരിക്കുകയും ചെയ്താൽ അദ്ദേഹം ചോദിക്കേണ്ട ചോദ്യങ്ങൾ മറെറാരു മെമ്പറിനു ചോദിക്കാൻ അനുവാദം കൊടുത്തുകൂടേ?

മിസ്റ്റർ സ്പീക്കർ: ആ വിവരം സ്പീക്കറെ ഹാജരാകാത്ത മെമ്പറോ, ഹാജരുള്ള മെമ്പറന്മാരിൽ ആരെങ്കിലുമോ മുൻകൂട്ടി അറിയിച്ചിരുന്നാൽ അനുവാദം കൊടുക്കാവുന്നതാണ്.

ശ്രീ. എം. ഐ. പോൾ: സർ, ചോദ്യം അയക്കപ്പെട്ട മെമ്പറന്മാർ സമയത്തു ഹാജരാകാതെ ഇരിക്കയും മറെറാരു മെമ്പർക്ക് ആ ചോദ്യം ചോദിക്കാനുള്ള അവകാശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മി. ബാലകൃഷ്ണമേനോനു അങ്ങനെയുള്ള ഒരവകാശം ഇപ്പോൾ കൊടുക്കാതിരിക്കുന്നതിനു എന്താണ് കാരണം എന്നു അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ. സ്പീക്കർ: ചോദ്യങ്ങൾ മറെറാരുമെമ്പറിനു ചോദിക്കണമെന്നുണ്ടായിരുന്നാൽ ആ മെമ്പറിനെ ഒന്നുകിൽ അധികാരപ്പെടുത്തിയിരിക്കണം അല്ലെങ്കിൽ മുൻകൂട്ടി സ്പീക്കറെ അറിയിച്ച് അനുവാദംവാങ്ങിച്ചിരിക്കണം. ഇങ്ങനെയാണ് മുമ്പു നടന്നിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഒരു പോയിൻറ ഓഫ് ഓർഡർ. ഒരു ചോദ്യകർത്താവ് ഹാജരായില്ലെങ്കിൽ ആ ചോദ്യം മററൊരു മെമ്പർ ചോദിക്കണമെങ്കിൽ ആതറൈസ് ചെയ്തിരിക്കണമെന്നു സ്പീക്കർ അവർകൾ പറയുന്നു. എന്നാൽ ആതറൈസേഷൻ ഇല്ലാതെ മററൊരു മെമ്പർക്ക് ആ ചോദ്യം ചോദിക്കുന്നതിനുള്ള അവകാശം കൊടുക്കുന്നതിനു സ്പീക്കർക്കു അധികാരമില്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഈ കാര്യങ്ങളിൽ സ്പീക്കറുടെ യുക്തമനുസരിച്ചു പ്രവർത്തിക്കാമെന്നു വ്യവസ്ഥയുണ്ട്. ആ യുക്തം പ്രയോഗിക്കുന്നതിനു ഉപയുക്തമായ ചില പരിഗണനകളെപ്പററിയാണ് പ്രസ്താവിച്ചത്. ഇവിടെയും മററു നിയമസഭകളിലും സ്വീകരിച്ചിട്ടുള്ളതായി കാണുന്ന ഈ പതിവു സാമാന്യമായി തുടർന്നു അനുകരിക്കുന്നതാണ് ശരിയായിട്ടുള്ളതെന്നു തോന്നുന്നു.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, അസംബ്ലി സ്റ്റാൻഡിംഗ് ഓർഡർ പതിനാറാംവകുപ്പു ബഹുമാനപ്പെട്ട സ്പീക്കറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

"If, on a question being called, it is not put or the member in whose name it s tands is absent, the speaker at the request of any member, may direct that the a nswer to it be given."

ഈ വകുപ്പിൻെറ വെളിച്ചത്തിൽ, ഒരു ചോദ്യകർത്താവ് ഹാജരില്ലാതിരുന്നാൽ ആ ചോദ്യം നിയമസഭയിലുള്ള ഏതു മെമ്പർക്കും ചോദിക്കാമെന്നും അതിനു പ്രത്യേകിച്ചു ആതറൈസേഷൻ വേണ്ടെന്നുമാണ്.

മിസ്റ്റർ സ്പീക്കർ; മെമ്പർ പുറപ്പെടുവിക്കുന്ന വാദം ആ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കു അനുയോജ്യമല്ല. ഏതു മെമ്പർക്കും ചോദ്യം ചോദിക്കാമെന്നല്ല, നേരെമറിച്ചു ഈ സംഗതിയിൽ സ്പീക്കറുടെ യുക്തം അനുസരിച്ചു പ്രവർത്തിക്കാമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ചോദ്യകർത്താവിൻെറ ആതറൈസേഷൻ ഉണ്ടായിരുന്നാലെ ചോദ്യം ചോദിക്കാൻ പാടുള്ളു എന്നുണ്ടോ?

മിസ്റ്റർ സ്പീക്കർ: വ്യവസ്ഥകളൊന്നും കൂടാതെ പ്രത്യേക സന്ദർഭങ്ങളിൽ അനുവദിക്കാൻ സ്പീക്കർക്കവകാശമുണ്ട്. അങ്ങിനെ ആവശ്യപ്പെടാൻ മെമ്പർക്കവകാശമില്ല.

ശ്രീ. സി. വി. ഇസ്സ: സർ, ഈ നാലാംനമ്പർ ചോദ്യം ഉണിക്കാര്യത്തെ സംബന്ധിച്ചുള്ളതാണ്. വളരെ പ്രാധാന്യമർഹിക്കുന്ന ഈ ചോദ്യം നിയമസഭയിൽ ചോദിക്കുന്നതുകൊണ്ടു അവയെപ്പററി പല വിവരങ്ങളും ഗവമ്മെൻറ ഭാഗത്തുനിന്നും മെമ്പറന്മാർക്കു അറിയാൻ ഇടയാകും. ഇതു ഞാൻ പ്രാദേശികമനോഭാവത്തോടുകൂടിമാത്രം പറയുന്നു എന്നു വിചാരിക്കണ്ടാ. രാജ്യവ്യാപക

മായി പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ് ഇതു്. അതുകൊണ്ടു ചോദ്യകർത്താവിന്റെ ആതറൈസേഷൻ ഇല്ലെങ്കിൽതന്നെയും ഈ ചോദ്യം ചോദിക്കുവാനുള്ള അനുവാദം കൊടുക്കണമെന്നാണ് എന്റെ അപേക്ഷ.

മിസ്റ്റർ. സ്പീക്കർ: അനുവദിക്കുന്നതിൽ വിരോധമില്ല.

DISTRIBUTION OF MILL CLOTH

*799. [4] †**Sri. T. P. Sitaraman**: Will the Hon'ble Minister for controls be pleased to state.—

(*a*) how many importers and wholesalers and retailers are there in Textile business at present:

(*b*) what is the principle adopted for the above classification; and

(c) what steps the Government are taking to ensure fair and equitable distribution of Mill cloth in all parts of the State?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**:

(*a*) Importers	..	15
Wholesale dealers	..	80
Retailers	..	7,000

(*b*) (*i*) Importers are persons who import the ordinary quota and the special quota from Bombay and Ahamedabad.

(*ii*) Wholesale dealers deal in:

(*a*) "free-sale" goods from Bombay and Ahamedabad and (*b*) the products of the Sitaram Mills, the Mettur Mills etc.

(*iii*) Retail dealers have retail sales of the goods under (*i*) and (*ii*) above.

(c) It is proposed to hold a conference on 1st April 1951 to which representatives of the trade also will be invited, and suitable arrangements wlll be made.

ശ്രീ. സി. വി. ഇയ്യു: കൊച്ചിൻ ഡിവിഷനിൽ ഇംപോർട്ടിംഗ് ലൈസൻസുള്ള കച്ചവടക്കാർ എത്രയുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംസ്ഥാനത്തു ആകെ 15 ഇംപോർട്ടിംഗ് ലൈസൻസുള്ളവരുണ്ടു്. അതിൽ 6 പേർ കൊച്ചിയിലും 9 പേർ തിരുവിതാംകൂറിലുമാണ്. കൊച്ചിയിലുള്ളവർ,

മി. കല്യാണരാമയ്യർ,

മി. സി. പി. ലോനപ്പൻ,

മി. എ. ബി. ബാവ,

മി. ബി. കെ. ബാവ,

മെ. ബാംബെ ഏജൻസി,

മി നടരാജയ്യർ, ഇവരാണ്. തിരുവിതാംകൂറിൽ,

മെ. ഹാജി അബ്ദുൾകരീം ഹാജി ഹുസയിൻ,

ഹാജി ഹസൻ യാക്കോബ് സേട്ടു്,

വീരയ്യാ റെഡ്യാർ,

കുമാരസ്വാമി റെഡ്യാർ,

രാജഗോപാല റെഡ്യാർ, മുതലായവരാണ്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: പ്രതിനിധികളെ വിളിക്കുന്നതു് ഏതടിസ്ഥാനത്തിലാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇംപോർട്ടേഴ്സിനു് അസോസിയേഷൻ ഉണ്ടു്. ആ അസോസിയേഷൻ വഴിക്കാണ് അവരെ വിളിക്കുന്നതു്.

† This question was put by Sri. C. V. Iyyu with the permission of the Chai

ശ്രീ. ഏ. കെ. പാച്ചുപിള്ള: അങ്ങനെ തിരുവിതാംകൂറിലും കൊച്ചിയിലും എത്ര കച്ചവടക്കാരെ വിളിക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

Sri. P. Balakrishnan Tampi: May I ask whether in the distribution of yarn and textiles, the northern brethren are at a greater advantage than the southern citizens.

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു പരാതിയുണ്ടു്. അതനുസരിച്ചു് അന്വേഷിക്കാനാണു ഈ കാൺഫറൻസ് നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഡിസ്ട്രിബ്യൂഷൻ ഗവൺമെന്റാർഡർ അനുസരിച്ചു് നടത്തുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില ആളുകൾക്കു് അങ്ങനെ ആർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഇപ്പോഴും അതനുസരിച്ചു് ഡിസ്ട്രിബ്യൂഷൻ നടത്തുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാൽ, പിന്നീടു് ഹോൾസെയിൽ കച്ചവടക്കാരിൽനിന്നും ഉള്ള റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി അതു നിറുത്തിവെച്ചിരിക്കുകയാണു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇംപോർട്ടേഴ്സും ഹോൾസെയിൽ മർച്ചന്റസും തമ്മിലുള്ള വ്യത്യാസം എന്താണു്.

Sri. T. K. Narayana Pillai: Importers are persons who import the ordinary quota and the special quota from Bombay and Ahmedabad and wholesale dealers deal in free-sale goods from Bombay and Ahmedbad and the products of the Sitaram Mills, the Mettur Mills, etc. That is the diffarence.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അവർ ഇന്ന വിലക്കു് തുണി വാങ്ങിച്ചു എന്നു് ഗവൺമെണ്ടിനെ അറിയിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിനെ അറിയിച്ചിരിക്കണം.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഡിപ്പാർട്ടുമെന്റൽ നിർദ്ദേശങ്ങൾ അനുസരിച്ചാണോ ഇടപാടുകൾ നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അങ്ങനെ ഡിപ്പാർട്ടുമെന്റൽ നിർദ്ദേശങ്ങൾ ഇല്ലാതെ ഇടപാടു നടത്തിയതായി ഗവൺമെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒന്നുരണ്ടു കേസുകൾ ഉണ്ടായിട്ടുണ്ടു്. അതിനെപ്പററി നടപടിയും എടുത്തിട്ടുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കൊച്ചി വിഭാഗത്തിൽ ഉള്ള ക്വോട്ടാ കൊച്ചിയിൽതന്നെയാണോ വിതരണം ചെയ്തു വരുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അങ്ങനെയാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: *கொச்சியிலுள்ள ஆறு* Importers-*க்கும்* Monthly quota *கொடுப்பதும், இங்குள்ள* Importers-*க்கு* 2 *மாதத்திற்கு ஒரு தடவை கோட்டா கொடுப்பதற்கும் காரணமென்ன?*

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് സ്പെഷ്യൽ ക്വോട്ടാ വിതരണം സംബന്ധിച്ചുള്ളതാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸ்ரீமான் பனம்பள்ளி கோவிந்த மேனோன் அவர்கள் மந்திரியாகவிருந்த காலத்தில் லோனப்பன் அவர்களுக்கு பிரத்தியேகம் "மொனாப்பளி" கொடுக்கக் காரணமென்ன?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുത്തിട്ടില്ല.

Sri. P. S. Nataraja Pillai: May I know whether the importers and wholesalers are entitled to sell the goods to consumers?

Sri. T. K. Narayana Pillai: In some cases they are entitled. Ordinarily it is done through the retailers.

Sri. P. S. Nataraja Pillai: Is the distribution of the Travancore quota done by the Textile Commissioner?

Sri. T. K. Narayana Pillai: I think the quota is originally fixed by the Textile Commissioner.

Sri. P. S. Nataraja Pillai: Am I to take that the present system is that importers are at liberty to sell the goods as they like?

Sri. T. K. Narayana Pillai: That system is going to be rectified.

Sri. P. S. Nataraja Pillai: What is the control so far exercised by the Textile Department?

Sri. T. K. Narayana Pillai: The control is in fixing the original quota for the importers and wholesalers. I think it is something like that.

Sri. P. S. Nataraja Pillai: Has any action been taken to fix the quota for the retailers?

Sri. T. K. Narayana Pillai: Action is being taken now.

Sri. R. K. Ram: I was not able to catch the eye of the Speaker. Is there any special contrivance by which we are able to catch the eye of the Speaker?

Mr. Speaker: Nature's contrivance is the only thing that guides the Speaker's eye.

ശ്രീ. ഏ. താണുപിള്ള: ഇംപോർട്ടേഴ്സിനു് ക്വോട്ടാ തുല്യമായി കൊടുക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. അതു് അവരുടെ ക്വാണ്ടിററി ഓഫ് ട്രെയിഡ് അനുസരിച്ചാണു് കൊടുക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള: കൊച്ചിയിൽ ഇംപോർട്ടേഴ്സിനു് ഇവിടത്തെക്കാൾ വലിയ ക്വോട്ടാ കൊടുത്തിട്ടുണ്ടെന്നു് പരാതിയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. ഞാൻ പറഞ്ഞതുപോലെ അതു ക്വാണ്ടിററി ഓഫ് ട്രെയിഡ് അനുസരിച്ചാണു് കൊടുക്കുന്നതു്. ഏതായാലും അതിനെക്കുറിച്ചു അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഏ. താണുപിള്ള: ഇപ്പോൾ പറഞ്ഞ ലോനപ്പനു് എന്തു ക്വാണ്ടിററി ഓഫ് ട്രെയിഡാണുള്ളതെന്നും മററുള്ളവർക്കു് എന്തു ക്വാണ്ടിററി ഓഫ് ട്രെയിഡാണു് ഉള്ളതെന്നും ഉള്ളതിനു് കണക്കുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കുണ്ടു്. എന്നാൽ, അതിപ്പോൾ എന്റെ കൈവശമില്ല.

Sri. R. K. Ram: Has the Government any definite policy in regard to the allotment?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണു് ഞാൻ പറഞ്ഞതു്, ക്വാണ്ടിററി ഓഫ് ട്രെയിഡനുസരിച്ചാണെന്നു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸ்ரீ. வேலாப்பன் நாஞ்சிநாட்-க்கு இரண்டு லட்சம் ரூபாய் கொடுத்ததாகவல்லவா, ஸ்ரீமான் பனம்பிள்ளி கோவிந்தமேனன் அவர்கள் மந்திரியாகவிருந்த காலத்தில், ஸ்ரீ. வேலாப்பனுக்கு பிரத்தியேகம் Monopoly—

Mr. Speaker: That question is not allowed. Does the hon'ble Member make himself responsible for that statement?

Sri. A. Chidambaranatha Nadar: I got it from a Malayalam paper.

Mr. Speaker: The Member should have disclosed further relevant particulars such as the name of the paper and the date of publication, etc.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ട്രെയിഡിന്റെ ക്വാണ്ടിററി ഏതു ഡേററ് മുതൽക്കുള്ളതാണ് കണക്കാക്കിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരാണപിള്ള: ൧൯൪൮ മുതൽക്കുള്ളതു്.

ശ്രീ. ആർ. ശങ്കർ: കൊച്ചിയിൽ ഇംപോർട്ടേഴ്സ് ൩ പേർ ആണെന്നും അവക്ക് ക്വാണ്ടിററി ആഫ് ട്രെയിഡ് കൂടുതൽ ആയതുകൊണ്ട് അവക്ക് ക്വാട്ടാ കൂടുതൽ കൊടുത്തിരിക്കുകയാണെന്നും കൊച്ചിയിലുള്ള ക്വോട്ടാ മുഴുവൻ കൊച്ചിയിൽതന്നെ വിതരണം ചെയ്യുകയാണെന്നും പറഞ്ഞ സ്ഥിതിക്ക് കൊച്ചിയിലുള്ളവക്ക് തിരുവിതാംകൂറിലുള്ളവരേക്കാൾ കൂടുതൽ തുണി ലഭിക്കുന്നു എന്നു വരുന്നില്ലേ?

ശ്രീ: ടി. കെ. നാരായണപിള്ള: അതെ. അതു പരിഹരിക്കാനാണ് ഇപ്പോൾ ഈ കാൺഫറൻസ് വച്ചിരിക്കുന്നതു്.

ஸ்ரீ. ஆர். கே. ராம்: திருவி தாங்கூர்தமிழ் நாட்டு ஏரியாவிலிருந்து யாருக்காவது லைசென்ஸ் கொடுத்ததுண்டா?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: കച്ചവടക്കാർ അവരുടെ ചില പ്രത്യേകതരം ചരക്കുകൾ വാങ്ങിച്ചാലേ ക്വോട്ടാത്തുണികൾ കൊടുക്കുകയുള്ളു എന്ന് ആളുകളെ നിർബന്ധിക്കുന്നതായിട്ടറിയാമോ?

ശ്രീ: ടി. കെ. നാരായണപിള്ള: ഗവമ്മെണ്ട് അതിനനുവദിച്ചിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: അങ്ങനെയാണെങ്കിൽ അങ്ങനെ ഇൻസിസ്റ്റ് ചെയ്യുന്നവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള; ഗവമ്മെൻറ് അനുവദിച്ചിട്ടില്ല. എന്നാൽ കച്ചവടക്കാർക്കും ചില ഡിസബിലിററീസ് ഉണ്ട്. അതായതു് വെളിയിൽ മില്ലുകളിൽനിന്നും തുണിവാങ്ങിക്കുമ്പോൾ ആ മില്ലുകളിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നതും എന്നാൽ അതത അവസരത്തിൽ ഈ നാട്ടിൽ അധികം ചെലവാകാത്തതുമായ ചിലതരം തുണികൾകൂടി എടുക്കണമെന്ന് അവർ കച്ചവടക്കാരെ നിർബന്ധിക്കാറുണ്ട്. അതുകൊണ്ട് കച്ചവടക്കാർക്കും അതു് വിൽക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അവർ ഈ തുണികളും എടുക്കണമെന്ന് മററുള്ളവരേയും നിർബന്ധിക്കാറുണ്ട്.

ശ്രീ. സി. വി. ഇയ്യു: അതിനു ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായപിള്ള: നടത്തിത്തുടങ്ങിയിട്ടുണ്ട്.

Sri. R. K. Ram: May I know the names of the importers from the Tamilnad area?

ശ്രീ. ടി. കെ. നാരായണപിള്ള: രാജഗോപാല റെഡ്യാർ, വീരസ്വാറെഡ്യാർ, കുമാരസ്വാമിറെഡ്യാർ മുതലായവർക്കു കൊടുത്തിട്ടുണ്ട്. അവർ തമിഴ് നാട്ടുകാരാണോ എന്നെനിക്കറിഞ്ഞുകൂടാ.

Sri. P. S. Nataraja Pillai: May I know whether it was the policy of the erstwhile Travancore Government to make equal distribution among all the importers.

Sri. T. K. Narayana Pillai: Yes. That was the policy.

Sri. P. S. Nataraja Pillai: Was it changed?

Sri. T. K. Narayana Pillai: That was the practice of the Travancore Government.

Sri. D. Ganasigamoni: Are the Government now in a position to give the percentage of quota allowed to be imported by the Cochin importers now?

Sri. T. K. Narayana Pillai: I have not got the figures now.

LIFT IRRIGATION

***800.** [5] † **Sri. A. Gabriel Nadar:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the number of pumps set up and the number of Elas benefitted in Vilavancode taluk during the present drought in the last crop; and

(*b*) the localities where the pumps had been put to use?

Minister for Education, Food and Labour **(Sri. T. K. Narayana Pillai:)**

(*a*) Number of pumps set up - 2.

Number of Elas benefited in Vilavancode taluk—16.

(*b*)	1	Mathicode—Midalam	2 points
	2	Athencode	3 ,,
	3	Vilathara	1 ,,
	4	Munchira	1 ,,
	5	Chinnathottam	1 ,,
	6	Vilavancode	5 ,,
	7	Arudesam—Komarakil	1 ,,
	8	Kodumkulam	2 ,,

ASSIGNMENT OF LAND IN MALIPURAM

*** 801.** [7] **Sri. M. I. Paul:** Will the Hon'ble Minister for Revenue be pleased to state.—

(*a*) how many acres of land have been assigned to Sri. M. O. Thomankutty for salt manufacturing in Malipuram, Cochin;

(*b*) what is the agreement between the Government and Mr. Thomankutty in this matter;

(*c*) how many acres of land are under operation now;

(*d*) whether the Government have assigned any land to him from the Malipuram Veli recently; if so why;

(*e*) whether this manufacturing of salt there is a success; and

(*f*) whether the Government are aware that Mr. Thomankutty is also making a profit out of fishing from the unoccupied area which is not under the said operation; if so what action has been taken in the matter?

Chief Minister **(Sri. C. Kesavan):** Information is being collected. I have not got all the information for answering this question.

ശ്രീ. എം. ഐ. പോൾ: ഇതിനെ സംബന്ധിച്ചുള്ള ഇൻഫർമേഷൻ എന്നു കിട്ടുമെന്നറിയാമോ?

† This question was put by Sri. D. Ganasigamoni.

ശ്രീ. സി. കേശവൻ: ഇൻഫർമേഷൻ മുഴുവൻ കളക്ട് ചെയ്തു തീരുമ്പോൾ അറിയുവാൻ സാധിക്കും.

ശ്രീ. എം. ഐ. പോൾ: ഒരു ചോദ്യം ചോദിക്കട്ടെ. എത്ര ഭൂമി കൊടുത്തിട്ടുണ്ട് എന്നുമാത്രമെങ്കിലും പറയാമോ?

ശ്രീ. സി. കേശവൻ: മുഴുവനും അന്വേഷിക്കാതെ ഒരു ചോദ്യത്തിന്റെ ഒരു ഭാഗത്തിനുമാത്രം ഉത്തരം പറയുന്നതു ശരിയല്ല.

ശ്രീ. എം. ഐ. പോൾ: ചീഫ്മന്ത്രിക്കു അതു പറയുവാൻ സാധിക്കുകയില്ലെങ്കിൽ ഈ വിവരം അറിയാവുന്ന അടുത്തിരിക്കുന്ന മന്ത്രിക്കെങ്കിലും പറഞ്ഞുകൂടെ?

മിസ്റ്റർ സ്പീക്കർ: ഗവമെന്റാണ് ഉത്തരം പറയുന്നത്.

The Council of ministers represent the Government. The Government say that not having got all thenecessary information they are not in a position to answer the question. There it ends.

Sri. P. Balakrishnan Tampi: Sir, I raise a question of privilege of this House.

Sri. C. V. Iyyu: Sir, I have raised a point of order.

Mr. Speaker: The hon'ble Member may resume his seat as a point of order has been raised by another member.

Sri. C. V. Iyyu: Because ex-Ministers are present here, can they not help the House by giving actual facts and figures?

Mr. Speaker: The question is not in order and does not call for an answer.

Sri. P. Balakrishnan Tampi: Sir, I raise a question of privilege of this House. The Chair may be pleased to look into the question the answer for which could be given over-night. To say that the information is not ready even after the lapse of so many days since the commencement of the session is not treating the House with courtesy. I wish the Speaker might direct the Government to treat the House with greater courtesy. I mean, plainly some information is being withheld. Even before the House rises today, I dare say, the Government can collect the information and supply it to the House if the Government so desires. I therefore plead that the Chair may ask the Government to be a little more courteous to the House.

Mr. Speaker: It is expected that the Government will make necessary enquiries and give full and correct information to the House. The presumption is that all efforts have been put forth by the Ministers to gather the requsite information relevant to the matters involved in the interpellations. In any case rules and practice do not warrant pressure being extened on theMinisters in this regard through the Chair. There is no question of discourtesy involved in this matter. The member probably means dereliction of duty.

Sri. P. Balakrishnan Thampi: Sir, that is what I meant. I wanted to be a little euphemistic.

Sri. C. Kesavan: Sir, Just a word of explanation.
ഗവമെണ്ടിന് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം പറയാതിരിക്കണമെന്നുള്ള ഉദ്ദേശമില്ല. ഈ സംഗതിയിൽഗവമെണ്ടിന്അന്വേഷണത്തിൽ കിട്ടിയ വിവരങ്ങൾ മതിയാകാതെ വന്നതുകൊണ്ടു കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കയാണ്. അതു ശേഖരിച്ചശേഷം ഈ അസംബ്ലി തീരുന്നതിനുമുമ്പുതന്നെ ഈ ചോദ്യത്തിന് ഉത്തരം നൽകാവുന്നതാണ്.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ചോദ്യത്തിൽ അടങ്ങിയ വസ്തുതകളെപ്പററി ഇതിനുമുമ്പും ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: ഈ വസ്തുതയെപ്പററി മുമ്പ് ചോദ്യം ചോദിക്കുകയും അതിനു മറുപടി പറയുകയും ചെയ്തിട്ടുള്ളതായി ഗവമ്മെണ്ടിനു് അറിവില്ലേ?

മിസ്റ്റർ സ്പീക്കർ: ചോദ്യം ചോദിച്ചിട്ടുള്ളതായിരപ്പോലും അറിവില്ലെന്നു മറുപടി പറഞ്ഞുകഴിഞ്ഞു.

Sri. M. I. Paul: During the last session I have put the same question and a nswers have be given by the Government.

Mr. Speaker: Is it in this session?

Sri. M. I. Paul: No, in the last session.

Mr. Speaker: So, the answer was given?

Sri. M. I. Paul: No, I want to get some more details.

ASSIGNMENT OF ACCCRETION LANDS

*802.. (8) **Sri. M. I. Paul:** Will the Hon'ble Minister for Revenue be pleased to state.—

(*a*) Whether is a fact that vast areas of accretion lands exist in the Elankunnapuzha village; if so, why are these lands not brought under paddy cultivation; and

(*b*) whether any party or parties have approached the Government for assigning these lands to them; if so, what action has been taken on that?

Minister for Education Food Labour (**Sri. T.K.NarayanaPillai**): (*a*) Yes, about 300 acres; the matter is under consideration.

(*b*) Petitions have been received by Government and the question of leasing out th e area is engaging the attention of Government.

ശ്രീ. എം. ഐ. പോൾ: ഇതിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ട് കാലം ധാരാളം കഴിഞ്ഞു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലമായിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: ഈ സ്ഥലം നെൽകൃഷിക്കു പററുകയില്ലെന്നു ഗവമ്മെണ്ടിൽനിന്നും ഒരു കമ്മ്യൂണിക്കേഷൻ എനിക്കു കിട്ടിയിട്ടുണ്ട്. അതു് ഗവമ്മെണ്ടിന്റെ അറിവോടുകൂടിയാണോ അയച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിന്റെ അറിവോടുകൂടിതന്നെയാണു് അയച്ചിട്ടുള്ളതു്. അതിനുശേഷം അതിനെ സംബന്ധിച്ചു വീണ്ടും അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു്.

ശ്രീ. എം. ഐ. പോൾ: അടുത്തകാലത്തു തന്നെ കൃഷി നടത്താൻ വേണ്ട നടപടികൾ ഗവമ്മെണ്ടു എടുക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: ഈ അക്രീഷൻ കടലിൽ നിന്നോ കായലിൽനിന്നോ ആററിൽനിന്നോ എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കടലിൽ നിന്നാണെന്നാണു തോന്നുന്നതു്.

മജിസ്ട്രേട്ട് നിയമനം

*൮൦൩. (൯൦) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ—

(എ) ഈ അടുത്തകാലത്തു നടന്ന മജിസ്ട്രേട്ടു നിയമനത്തിൽ പിന്നോക്ക സമുദായങ്ങളിൽനിന്നും എത്ര അപേക്ഷകർ ഉണ്ടായിരുന്നു;

(ബി) അവരിൽ ആരെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ) പിന്നോക്ക സമുദായങ്ങളിൽ നിന്നും സാധുവായിട്ടുള്ള അപേക്ഷകൾ ലഭിച്ചിരുന്നില്ല.

(ബി. & സി.) എ. യുടെ ഉത്തരത്തിൽ നിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: ഈ അപേക്ഷകരിൽ പഴയ കൊച്ചി പ്രദേശത്തുള്ളവർ ആരുമില്ലായിരുന്നോ ?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽനിന്നും ആരേയും എടുക്കാത്തതു് അവിടെയുള്ളവർ പരീക്ഷായോഗ്യതയില്ലാത്തവരായതുകൊണ്ടാണോ ?

Mr. Speaker: The question contains two distinct parts which cannot be allowed as a single question.

Sri. C. V. Iyyu: I am sure no Cochinite has been selected. The Public Service Commission has been very unjust.

ശ്രീ. എ. ജെ. ജോൺ: അവിടെയുള്ളവരിൽനിന്നു ആരെയെങ്കിലും എടുത്തിട്ടുണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല.

ശ്രീ. പി. സി. ആദിച്ചൻ: പട്ടികജാതിക്കാരിൽനിന്നും സാധുവായിട്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല എന്നു പറയുകയുണ്ടായി. സാധുവാകുന്നതു് എന്തെല്ലാം കാര്യങ്ങൾകൊണ്ടാണു്?

ശ്രീ. എ. ജെ. ജോൺ: സർവ്വീസിൽ ഇരിക്കുന്നവർ അപേക്ഷകൾ അയക്കണമെന്നാണു് പറഞ്ഞിരുന്നതു്. അങ്ങനെയുള്ളവരുടെ അപേക്ഷകൾ കിട്ടിയിരുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: പട്ടികജാതിക്കാർക്കു് എക്സംപ്ഷൻ കൊടുത്തിരുന്നുവെന്നുള്ളതു് വാസ്തവമാണോ ?

ശ്രീ. എ. ജെ. ജോൺ: ചില പ്രത്യേകകേസുകളിൽ എക്സംപ്ഷൻ കൊടുത്തിരുന്നു. ജനറലായി കൊടുത്തിരുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: എന്തു് അടിസ്ഥാനത്തിലാണു് സെലക്ഷൻ നടത്തിയതു്?

ശ്രീ. എ. ജെ. ജോൺ: റാങ്കു് അനുസരിച്ചു്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ൨൫-ം, ൩൦-ം വയസ്സായവർക്കു നിയമനം കൊടുക്കുമ്പോൾ ൪൦-ം, ൪൫-ം വയസ്സായവരെ പുറംതള്ളിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയും വന്നേക്കാം.

ശ്രീ. ഈപ്പൻ അറക്കൽ: സർവ്വീസിന്റെ ദൈർഘ്യവും മററും നോക്കിയാണോ റാങ്കു് ഫിക്സ്ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയായിരിക്കണം ചെയ്തിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറക്കൽ: സർവ്വീസിന്റെ ദൈർഘ്യവും പരീക്ഷായോഗ്യതയും നോക്കാതെ ചെയ്തിട്ടുണ്ടെന്നു ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇവരുടെ അപേക്ഷ ക്ഷണിച്ചതു് പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ അതോ ഗവൺമെന്റ് ആണോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ്.

Sri. P. Balakrishnan Tampi: Will the Government be pleased to serd a copy of the Indian Constitution to the Public Service Commission? They seem to be unaware of the Constitution.

ശ്രീ. എ. ജെ. ജോൺ: അതു് അവരുടെ കയ്യിൽ കാണുമായിരിക്കും.

പിന്നോക്കസമുദായ വിദ്യാർത്ഥികൾ

*൯൦൪. (൧൧) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹരിജനഹോസ്റ്റലുകൾ നിറുത്തിയതു് ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണു്;

(ബി) മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം എന്തു തുകവീതം വേതനം നൽകുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഹൈസ്കൂൾ ക്ലാസ്സുകളിലും, മിഡിൽസ്കൂൾ ക്ലാസ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ആറും, കാളേജ് ക്ലാസ്സുകളിൽ പഠിക്കുന്നവർക്കായി രണ്ടും ഹരിജൻ ഹോസ്റ്റലുകളാണു് ഗവൺമെന്റിൽനിന്നും നടത്തി വന്നിരുന്നതു്. എന്നാൽ സംസ്ഥാനത്തിലെ വിവിധ ഹൈസ്കൂളുകളിലും മിഡിൽ സ്കൂളുകളിലുമായി ഉദ്ദേശം എണ്ണായിരം പിന്നോക്കസമുദായ വിദ്യാർത്ഥികൾ ഉണ്ട്. ഇത്രയും പേർക്ക് ഹോസ്റ്റൽ സൗകര്യം നൽകാൻ സാദ്ധ്യമല്ലാതെ വന്നതിനാൽ നിലവിലിരുന്ന സമ്പ്രദായം മാററി എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടു. പ്രസ്തുത പദ്ധതിയനുസരിച്ചു പുസ്തകങ്ങൾ, വസ്ത്രം മുതലായവ വാങ്ങുന്നതിനായി ഹൈസ്കൂൾ ക്ലാസ്സുകളിലും മിഡിൽസ്കൂൾ ക്ലാസ്സുകളിലും പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം യഥാക്രമം നാല്പതും, ഇരുപത്തിയഞ്ചും രൂപാവീതം സഹായധനം നൽകിവരുന്നു.

(ബി) എ യുടെ ഉത്തരത്തിൽ പ്രസ്താവിച്ച രീതിയിലുള്ള സഹായധനം കൂടാതെ മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസ് സൗജന്യവും കൊടുത്തുവരുന്നുണ്ട്.

ശ്രീ. സി. സി. പ്രസാദ്: ഇതേവരെ സി.എം.എസ്സ്. ഹൈസ്കൂളിൽ പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കും മററം ഫീസു സൗജന്യം കിട്ടിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. സി. കേശവൻ. അങ്ങിനെ ഗവൺമെന്റിനറിവില്ല.

ശ്രീ. സി. സി. പ്രസാദ്: ഇതേസംബന്ധിച്ചു് അവിടെനിന്നും അപേക്ഷകൾ കിട്ടിട്ടില്ലയെന്നാണോ പറയുന്നതു്?

ശ്രീ. സി. കേശവൻ: അപേക്ഷകൾ വന്നിട്ടുണ്ടായിരിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗണകസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇതേവരെ സൗജന്യം ലഭിച്ചിട്ടില്ല എന്നുള്ളതുസംബന്ധിച്ചു് അടുത്തദിവസം ഒരു നിവേദനം ഗവൺമെന്റിൽ വന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പാവർട്ടി സർട്ടിഫിക്കററ് ഹാജരാക്കുന്നപക്ഷം അവക്ക് സൗജന്യം കിട്ടുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവക്ക് സൗജന്യമായി എത്ര സംഖ്യ വരെ കൊടുക്കാമെന്നാണ് ഗവമ്മെണ്ട് വിചാരിക്കുന്നത്?

ശ്രീ. സി. കേശവൻ: അത് അവരുടെ വിദ്യാഭ്യാസരീതിയെയും മററും പരിഗണിച്ചാണു കൊടുക്കുന്നത്. അവർ എത്ര കാലത്തേയ്ക്ക് അർഹരാണെന്നും മററുമുള്ള സംഗതി ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല.

VALIA ELA

*805 [12] **Sri. D. Gnanasigamoni:** Will the Hon'ble Minister for Agriculture be pleased to state .

(*a*) whether any portion of Valia Ela in Vilavancode taluk is given to any one for agricultural purpose ; and

(*b*) if so, the extent ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 300 acres.

Sri. D. Gnanasigamani: May I know the total extent, of that Valia Ela?

Sri. T. K. Narayana Pillai: The total extent, I do not know. The land allotted comes nearly to 300 acres.

Sri. D. Gnaansigamani: I want to know whether there are other lands adjacent to this, and are fit for cultivation.

Sri T. K. Narayana Pillai. I am not in a position to say now.

ശ്രീ. സാഹിബ്ബ് ബഹദൂർ വി. എ. അബ്ദുൾ അസ്സീസ്സ്: ഈ സ്ഥലം ആർക്കാണു കൊടുത്തിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അത് എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേററീവ് സൊസൈററിക്കാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എന്തു തുകയാണ് ഗവമ്മെൻറിൽ നിന്നും അവക്കു കൊടുത്തിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള. ൫൦,൦൦൦ രൂപയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ആ തുക മുഴുവൻ ഇൻവെസ്റ്റ് ചെയ്തതായി ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തോ ചില കുഴപ്പങ്ങൾ അവിടെയുള്ളതായി അറിയാം.

വള്ളം ഡിപ്പോ

*൮൦൬ (൧൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാ താലൂക്കിലേക്ക് അനുവദിച്ചിട്ടുള്ള വള്ളം ഡിപ്പോ താലൂക്കിൻെറ മധ്യഭാഗത്തു സ്ഥാപിക്കാതെ താലൂക്കിൻെറ വടക്കുപടിഞ്ഞാറെ മൂലയായ 'മങ്കരച്ചിറ' സ്ഥാപിക്കുവാനുണ്ടായ കാരണമെന്ത്?

(ബി) വേനൽക്കാലത്തു ആ സ്ഥലത്തു വള്ളം ഇറക്കുന്നതിനും അവിടെ നിന്നു കയററുന്നതിനും എന്തു സൌകര്യമാണുള്ളത്?

(സി) ആദ്യം (first consignment) അവിടെ വളം കൊണ്ടുവന്ന തെങ്ങനെ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) തിരുവല്ലായിൽ സ്ഥാപിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഡിപ്പോ പമ്പാനദിക്കു തെക്കും വടക്കും ഉള്ള പുഞ്ചകൃഷിക്കാർക്കും വളം വിതരണം ചെയ്യുന്ന ൩൦-ൽ പരം ഏജൻസികൾക്കും കൂടാതെ അനേകം കൃഷിക്കാർക്കും വളം വിതരണം നടത്തുന്നതിനുള്ള ഒരു സെൻട്രൽ ഡിപ്പോ ആണ്, അല്ലാതെ താലൂക്ക ഡിപ്പോ അല്ല. പ്രസ്തുത ഡിപ്പോ തിരുവല്ല കൃഷി ഇൻസ്പെക്ടറുടെ നിയന്ത്രണത്തിലാണ് പ്രവർത്തനം നടത്തേണ്ടതു്. ആയതിനാൽ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിനു സൌകര്യപ്രദമായ സ്ഥലത്താണ് ഡിപ്പോ സ്ഥാപിച്ചിട്ടുള്ളതു്.

(ബി) പള്ളിപ്പാലത്തിന് ഏററവും അടുത്തുള്ള തോടിന്റെകരയ്ക്കാണ് ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു്. കരമാർഗ്ഗമായും ജലമാർഗ്ഗമായും ഗതാഗത സൌകര്യമുണ്ട്.

(സി) ആദ്യമായി വളം കൊണ്ടുവന്നതു് ലോറിയിലാണ്.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഈ ഡിപ്പോയും കൃഷി ഇൻസ്പെക്ടറുടെ ആഫീസുമായി എന്തു ദൂരമുണ്ടെന്നു പറയുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : വളം ഡിപ്പോ അവിടെ സ്ഥാപിച്ചിരിക്കുന്നതു് കൃഷിക്കാർക്ക് വളരെ അസൌകര്യങ്ങൾക്കു കാരണമാണെന്ന് ഗവർമ്മെണ്ടിനു് അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അവിടെ സ്ഥാപിച്ചിരിക്കുന്നതു് ഒരു സെൻട്രൽ ഡിപ്പോ ആണ്. അവിടെ നിന്നും ൩൦ ഏജൻസികൾ വഴി വിതരണം ചെയ്തുവരികയാണ്. അതുകൊണ്ടു് തിരുവല്ലായിൽ ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് കൃഷിക്കാർക്കു വലിയ അസൌകര്യം നേരിട്ടുമെന്നു് വിചാരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : അവിടെ വാഹനങ്ങൾ ചെല്ലുന്നതിനു് എളുപ്പമില്ലെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : എല്ലാ പകുതികളിലും ഡിപ്പോകൾ ഉണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : എല്ലാ പകുതികളിലും ഉണ്ടോ എന്നു നിശ്ചയമില്ല. ൩൦ ഏജൻസികൾ മുഖേന വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ ഡിപ്പോ തിരുവല്ലായിൽനിന്നും മാററണമെന്ന് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നിവേദനം കിട്ടിയിട്ടുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതു ചെങ്ങന്നൂർ സ്ഥാപിക്കണമെന്നു നിവേദനം നടത്തിയിട്ടുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : മെമ്പർ പറഞ്ഞാൽ അതു വിശ്വസിക്കാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ഇങ്ങനെ മെംബറന്മാർ പറയുന്നതെല്ലാം വിശ്വസിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാം. മെംബറന്മാർ സാധാരണയായി കള്ളം പറയുകയില്ലെന്നാണ് വിശ്വാസം.

വളം ഡിപ്പോ കെട്ടിടം

*൮൦൧ (൫൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലാതാലൂക്കിലെ വളം ഡിപ്പോയിക്ക് എടുത്തിട്ടുള്ള കെട്ടിടത്തിന് എന്തു വാടകയാണ് ?

(ബി) വാടകകൊടുക്കാതെ വളംഡിപ്പോ സ്ഥാപിക്കുന്നതിന് പമ്പാനദിയുടെ തീരത്തു ചെങ്ങന്നൂരിൽ ഗവമ്മെണ്ട വക സൗകര്യപ്രദമായ കെട്ടിടം ഉണ്ടോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) പ്രതിമാസം ൨൦ രൂപ.

(ബി) തിരുവല്ലായിൽ അനുവദിച്ചിട്ടുള്ളതു് ഒരു സെൻട്രൽ ഡിപ്പോ ആണ്. അതു് ചെങ്ങന്നൂർ സ്ഥാപിക്കുന്നതിനെപററി ഗവമ്മെൻറ് ആലോചിച്ചിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ചെങ്ങന്നൂർ, തിരുവല്ലാ താലൂക്കിന്റെ സെൻട്രൽ പ്ലേസ് ആണെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആയിരിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ സൗകര്യമുള്ള കെട്ടിടങ്ങൾ ഉണ്ടെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : കെട്ടിടങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ ഗവമ്മെൻറിൽ നിന്നും വാടക കൊടുക്കാതെ കെട്ടിടങ്ങൾ ഗവമ്മെൻറാവശ്യത്തിനെടുക്കാമെന്ന് ഗവമ്മെൻറിനറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വാടകകൊടുക്കുന്ന കാര്യത്തേക്കാൾ ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലമാണ് ഗവമ്മെൻറ് എടുത്തിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ചെങ്ങന്നൂരിൽ വല്ല വളം ഡിപ്പോയും സ്ഥാപിക്കുന്നതിലേക്ക് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള . അതേപററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

AYURVEDA COLLEGE

***808. [15] Sry. Annie Mascarene:**

I am not asking question No. 15.

കുത്തകപ്പാട്ടം

*൮൦൯. (൧൬) ശ്രീമതി ആനിമസ്ക്രീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഒരു വർഷത്തിനകം ദേവികുളം താലൂക്കിൽ പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനായി കൊടുത്തിട്ടുണ്ടു്;

(ബി) സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കുന്നു എന്നു മുൻകൂട്ടി പരസ്യം ചെയ്തോ;

(സി) കുത്തകപ്പാട്ടം എത്ര വർഷത്തേയ്ക്കാണു്;

(ഡി) ദരിദ്രന്മാരെ അവഗണിച്ചിട്ടു ധനവാന്മാർക്കും അവരുടെ ആശ്രിതന്മാർക്കും ഭൂമി കൊടുത്തു എന്നു ഗവണ്മെണ്ടിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) മേൽപറയപ്പെട്ട സ്ഥലങ്ങളിലെ തടികൾ വെട്ടി നശിപ്പിച്ചു എന്നു നിയമസഭയിൽ ഉണ്ടായ വാദത്തെ സംബന്ധിച്ചു ഗവണ്മെണ്ടു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(എഫ്) അഞ്ചുലക്ഷം രൂപാ വിലക്കു ആ സ്ഥലത്തെ തടികൾ എടുത്തുകൊള്ളാമെന്നു അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ജി) തടികളുടെ എണ്ണം ഗവണ്മെണ്ടു അന്വേഷിച്ചു തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിട്ടപ്പെടുത്തിയതു കുത്തകപ്പാട്ടത്തിനുള്ള ഉത്തരവിനു മുമ്പോ പിമ്പോ?

Minister for Law, Finance and Revenue **(Sri. A. J. John):** The answer is not ready.

Sri. P. Balakrishnan Tampi: Do the observations regarding question No. 7 apply also to this question—(question No. 16)? Before the session closes this time, Government may be enabled to place an answer on the table of the House.

ശ്രീ. എ. ജെ. ജോൺ: അതിനുമുമ്പുതന്നെ ഉത്തരം മുഴുവൻ കിട്ടിയാൽ അതു ഈ സഭമുമ്പാകെ വയ്ക്കുന്നതാണു്.

മദ്യവർജ്ജനം

*൮൧൦. (൧൭) ശ്രീമതി ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അടുത്ത സാമ്പത്തികവർഷത്തിലേക്കു (൧൯൫൧) മദ്യവർജ്ജനം കൂടുതലായി ഏർപ്പെടുത്തേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം തീരുമാനിച്ചെങ്കിൽ അതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) മദ്യവർജ്ജനം നടപ്പിലാക്കുന്നതുസംബന്ധിച്ചു ഈ സംസ്ഥാനത്തെ ഭൂരിപക്ഷം ആളുകളുടേയും അഭിപ്രായം എന്താണെന്നു ഗവണ്മെണ്ടു അന്വേഷിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അന്വേഷണത്തിനാവശ്യമില്ല.

മദ്യവർജ്ജനം

*വ ഫ ഫ. (ഫ വ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മദ്യമേഖലകളെ അപേക്ഷിച്ച് സമാധാനവും ശാന്തതയും സൈ്വരതയും കൂടുതലായി ഉണ്ടെന്നുള്ളതു ശരിയാണോ;

(ബി) മദ്യവർജ്ജനമേഖലകളിൽ ക്രിമിനൽ കേസുകളും ബഹളങ്ങളും വളരെ കുറവാണെന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശരിയാണ്.

(ബി) ശരിയാണ്.

ശ്രീ. സി. വി. ഇയ്യു: മദ്യനിരോധനമേഖലകളിൽ ആളുകൾപോയി കുടിച്ചുകിടക്കുന്നതുകൊണ്ട് അവിടെ വിഷമങ്ങൾ ഉണ്ടാകുന്നതായി അറിയാമോ?

Mr. Speaker: That question is not allowed.

മദ്യവർജ്ജനം

*വ ഫ വ. (ഫ ൻ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം പരിപൂർണ്ണ വിജയത്തിൽ വരുത്തണമെന്ന് ഗവർമ്മെണ്ട് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാൾകൊണ്ട് പരിപൂർണ്ണമാക്കണമെന്നു വിചാരിക്കുന്നു എന്ന് പറയാമോ; അതിലേക്ക് ഗവർമ്മെണ്ടിന്റെ മുമ്പാകെ ഒരു ക്ലിപ്ത പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(സി) മദ്യമേഖലകളിൽ ഇരിക്കുന്ന പല ഉദ്യോഗസ്ഥന്മാരും മദ്യപാനം ചെയ്തുകൊണ്ട് പൊതുജനോപദ്രവകരങ്ങളായ പല പ്രവൃത്തികളും നടത്തുന്നതായി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതുംവേഗം മദ്യനിരോധനം പൂർണ്ണമാക്കണമെന്നാണ് ഗവർമ്മെണ്ടിന്റെ നയം

(സി) ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: അങ്ങിനെ മദ്യപാനികളായ ഉദ്യോഗസ്ഥന്മാർ മദ്യനിരോധനമേഖലകളിൽ ഇരിക്കുന്നില്ലെന്നാണോ പറയുന്നത്?

Mr. Speaker: That question is disallowed.

ശ്രീമതി ദേവകീഗോപീദാസ്: ഈ പ്രൊഹിബിഷൻ ഏറിയായിലേയ്ക്കു് മദ്യപാനികളല്ലാത്ത ഉദ്യോഗസ്ഥന്മാരെ അയയ്ക്കേണ്ടതാണെന്നു ഗവൺമെണ്ടാലോചിക്കുന്നുണ്ടോ ?

Mr. Speaker: That question is not allowed.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിലെ ഖദർവേഷധാരികളായിട്ടുള്ളവർ മദ്യപിക്കുന്നതിനുവേണ്ടി കൊല്ലത്തേയ്ക്കു പോകാറുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ ?

ശ്രീ. സി. കേശവൻ: ഗവൺമെണ്ടിനറിവില്ല.

Sri. C. V. Iyyu: There are several mmebers who go to Quilon and drink and some here. It is an open secret. If prohibition is introduced in Quilon district, this would not happen.

Mr. Speaker: The form in which the question is put is objectionable. The term "ഖദർവേഷധാരികൾ" is used by the member regarding some of the members of the House. The insinuations and implications involved in the use of the expression cannot be allowed.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ സഭയിലെ ഖദർ വേഷധാരികളായിട്ടുള്ളവർ മദ്യപിക്കുന്നതിലേയ്ക്കു കൊല്ലത്തേയ്ക്കു പോകുന്നു എന്നു പറഞ്ഞതു പിൻവലിക്കേണ്ടതാണ്. ഖദർ വേഷധാരികൾ മദ്യപിക്കുന്നതിനായി കൊല്ലത്തേയ്ക്കു് പോകുന്നുവെന്നു പറയുന്നതു് ഒരു ആരോപണമാണ്. അതു പിൻവലിക്കണം.

മിസ്റ്റർ സ്പീക്കർ: ഖദർ വേഷധാരികൾ കൊല്ലത്തേയ്ക്കു് പോകുന്നു എന്നു പറയുന്നതു ആക്ഷേപകരമാകണമെന്നില്ല. എന്നാൽ "ഈ സഭയിലെ ഖദർ വേഷധാരികളായവർ" എന്നു പറഞ്ഞതു് ഈ സഭയിലെ ഏതാനും മെമ്പറന്മാരെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ള ആക്ഷേപസൂചകമായ ഒരു പ്രസ്താവനയാണ്. അതു് ഒബ്ജക്ഷണബിൾ ആണ്. പിൻവലിക്കണം.

Sri. C. V. Iyyu: I may be allowed to give an explanation to that.

Mr. Speaker: No explanation in regard to that can be allowed.

Sri. C. V. Iyyu: Persons like me can bring......

Mr. Speaker: Order, order. Is the Member withdrawing the expression used.

Sri. C. V. Iyyu: I shall withdraw, but I may be permitted to explain.

Mr. Speaker: Order, order. The expression having been found to be objectionable the member has been asked to withdraw it. Whether the member is doing so or not is the only question.

Sri. C. V. Iyyu: I am bound to obey the ruling of the Chair and I withdraw. But I may be allowed to speak by way of explanation.

Mr. Speaker: There is no occasion for any explanation on this matter.

Sri. Kalathil Velayudhan Nair; May I put question No. 20.

Mr. Speaker; Yes, it may be put.

ടെക്സ്റ്റ ബുക്ക്

*ച്ചോ.നം. (൨൦) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) രാധ ഇൻഡ് പബ്ലിക്കേഷൻസ്, തിരുവനന്തപുരം ആൻഡ് മദ്രാസ് (Radh Ind Publications Trivandram and Madras) പ്രസിദ്ധം ചെയ്തിട്ടുള്ളതും തേഡ് ഫാറത്തിലെ ഫേമസ് സ്റ്റോറീസ് ഫ്രം ഫാർ ആൻഡ് ഈസ്റ്റ് (Famous Stories from Far and East) എന്ന പുസ്തകവും സെക്കൻറ് ഫാമിലെ (Gate way to story land) എന്ന പുസ്തകവും Helen Warter എന്നൊരാരാൾ എഴുതിയതായി കൃത്രിമ നാമത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നു തെളിഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം എഡ്യൂക്കേഷൻ സപ്ലൈസ് പ്രസിദ്ധം ചെയ്തിട്ടുള്ളതും ഗവൺമെൻറിൽനിന്നും അംഗീകരിച്ചിട്ടുള്ളതുമായ പല സയിൻസ് പുസ്തകങ്ങളും ക്യാറിംഗ്ടൺ എന്ന പേരിൽ പുറപ്പെടുവിച്ചിട്ടുള്ളതാണോ? അതു് ഒരു വ്യാജപ്പേരാണോ?

വിദ്യാഭ്യാസവും; ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഒന്നാംഭാഗത്തിനുത്തരം, ഇല്ല. രണ്ടാംഭാഗം, ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി) അതേ, കാരിംഗ്ടൺ എന്നതു് ഒരു സങ്കല്പ നാമമാണെന്നാണ് അന്വേഷണത്തിൽ അറിയുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു സംബന്ധിച്ചു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടത്തിയിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: എന്തു നടപടിയാണു നടത്തിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുകൊല്ലത്തേയ്ക്കു് അവരെ ഡീബാർ ചെയ്തിട്ടുണ്ട്.

Sri. P. Balakrishnan Tampi: Is it an offence to use a pen name? Who was George Eliot? Is it not the ignorance of the authorities that led to the banning

Mr. Speaker: It is a discussion.

Sri. Balakrishnan Tampi: I just want to give this information that to use a penname is not an offence.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചോദ്യത്തിൻെറ (എ) വിഭാഗത്തിൽ പറയുന്നമാതിരി പരാതികൾ വല്ലതും ഉണ്ടായിട്ടുണ്ടോ?

ശ്രീ: ടി. കെ. നാരായണപിള്ള: അതിനു ഞാൻ ഉത്തരം പറഞ്ഞു കഴിഞ്ഞു.

Mr Speaker: With regard to questions standing in the name of an absent member I shall refer to an old ruling, for the future guidance of members:

> "In respect of questions standing in the name of an absent member, such questions can be put by another member if he has received an authority from the absent member to do so."

This is the rule which ordinarily applies.

ADJOURNMENT MOTION

മിസ്റ്റർ സ്പീക്കർ: ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. അതു സ്വീകാരയോഗ്യം ആണോ എന്നു നിശ്ചയിക്കുന്നതിനുമുമ്പു ഗവൺമെൻറുഭാഗത്തുനിന്നും അതിനെസംബന്ധിച്ച് എന്തെങ്കിലും വിവരം നൽകുവാനുണ്ടോ എന്നറിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പ്രമേയത്തിൽ പറയുന്നതു ഇങ്ങനെയാണ്.

"the serious situation arising out of the hungerstrike of C. K. Kumara Panikker, Varughese Vaidyan, Dr. Tampi and Puthupilli Raghavan, all kept in Alleppey South Police Station lock-up and ten other political prisoners kept in Alleppey sub-jail for the past seven days as a result of the ill-treatment meted out to them by the jail authorities."

ഇതിനോടനുബന്ധിച്ചിട്ടുള്ള സ്റ്റേറ്റ്മെൻറിൽ പറയുന്നതു് തടവുകാരോടു അധികൃതർ മര്യാദയില്ലാതെ പെരുമാറുന്നതിൻെറ ഫലമായിട്ടാണു് അവർ നിരാഹാരസത്യാഗ്രഹം നടത്തുന്നതു എന്നു് അന്വേഷണത്തിൽനിന്നും അറിയാൻ കഴിഞ്ഞിരിക്കുന്നു എന്നാണു്.

ശ്രീ. സി. കേശവൻ: ആലപ്പുഴ സബ്ജയിലിലും, സൗത്തുസ്റ്റേഷനിലും പാർപ്പിച്ചിരുന്ന ചില അണ്ടർട്രയൽ തടവുകാർ നിരാഹാരസത്യഗ്രഹം നടത്തിവരുന്നുണ്ടെന്നു അറിവുകിട്ടിയിട്ടുണ്ടു്. അതിൻെറ ഹേതുക്കൾ എന്താണെന്നു അന്വേഷിച്ചതിൽ സാധാരണ തടവുകാരോടുള്ള പെരുമാററത്തിൽകവിഞ്ഞു് പ്രത്യേകമായി അവക്കു അനുവദിക്കുവാൻ നിവൃത്തിയില്ലാത്ത കുറെ കാര്യങ്ങൾ അവർ ആവശ്യപ്പെട്ടതു സാധിച്ചുകൊടുക്കാത്തതുകൊണ്ടാണു് സത്യാഗ്രഹം നടത്തുന്നതു് എന്നാണു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. അനുവദിച്ചുകൊടുക്കുവാൻ നിവൃത്തിയില്ലാത്ത കാര്യങ്ങൾ അനുവദിച്ചുകൊടുത്തു നിരാഹാരസത്യാഗ്രഹം അവസാനിപ്പിക്കുന്നതിനു് ഗവമ്മെൻറ യാതൊരു നടപടിയും എടുത്തിട്ടില്ല. ഇപ്പോൾ അഞ്ചോ ആറോ ദിവസമായി നിരാഹാരസത്യാഗ്രഹം നടക്കുന്നുണ്ടെന്നു അറിവുണ്ടു്. അവരുടെ സ്ഥിതി എങ്ങിനെയിരിക്കുന്നു എന്നുള്ളതു അന്വേഷണവിഷയമായിരിക്കുകയാണു്. അതിനെസംബന്ധിച്ച വിശദവിവരങ്ങൾ ഗവമ്മെൻറിനു ഇതുവരെ കിട്ടിയിട്ടില്ല. ജാമ്യത്തിൽപോകാൻ അനുവദിക്കണം, ജയിലിൽ കിടക്കുന്നവരെ എല്ലാം ഒരുമിച്ചുവിടണം, മുറുക്കുന്നതിനും പുകവലിക്കുന്നതിനും മററും അനുവദിക്കണം, പത്രങ്ങൾ മുതലായവ അനുവദിക്കണം, ഇങ്ങനെ പലതുമാണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു് എന്നറിയുന്നു. അതിൻെറ വിശദവിവരങ്ങൾ അറിയിക്കുന്നതിനായി കൊല്ലം ഡി. എസ്സ്. പി. യോടാവശ്യപ്പെട്ടിട്ടുണ്ടു്. വിവരങ്ങൾ കിട്ടിക്കഴിഞ്ഞാൽ അതു സഭമുമ്പാകെ വയ്ക്കാം. ഈ അവസരത്തിൽ കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏററവും മിതമായ ആവശ്യങ്ങളാണു് നിർവഹിച്ചുകൊടുക്കണമെന്നു് അവർ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതൊന്നും അനുവദിക്കത്തക്കതല്ലെന്നാണോ ഗവമ്മെൻറിൻെറ അഭിപ്രായം? കഴിഞ്ഞ ഒന്നു രണ്ടു കൊല്ലക്കാലമായി ലാക്കപ്പുകളിൽവച്ചുനടത്തിയ മർദനങ്ങളെപ്പററി ഒരന്വേഷണം നടത്തണമെന്നും അവക്കു ശരിയായ ഭക്ഷണം കിട്ടണമെന്നും മുറുക്കുന്നതിനും പുകവലിക്കുന്നതിനും മററും അനുവദിക്കണമെന്നും ആവശ്യപ്പെടുന്നതു അനുവദിക്കത്തക്കതല്ലെന്നാണോ ഗവമ്മെൻറ പറയുന്നതു്?

മിസ്റ്റർ സ്പീക്കർ: അതിനെ സംബന്ധിച്ചു് യാതൊരു പ്രസംഗവും പാടില്ല.

ശ്രീ. കുളത്തിൽ വേലായുധൻനായർ: കൂടുതൽ വിവരങ്ങൾ കിട്ടികഴിഞ്ഞാൽ സഭ മുമ്പാകെ വയ്ക്കാമെന്നു പറയുകയുണ്ടായി. അതിനു എത്രതാമസം ഉണ്ടാകുമെന്നു പറയാൻ ദയവുണ്ടാകുമോ? ഇന്നുതന്നെ സാധിക്കുമോ?

ശ്രീ. സി. കേശവൻ: രണ്ടുദിവസത്തിനകം മുഴുവൻവിവരങ്ങളും സഭമുമ്പാകെ വയ്ക്കാൻ സാധിക്കും.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ചിലരെ ആശുപത്രിയിലേക്കു മാററിയിട്ടുണ്ടെന്നു പത്രങ്ങളിൽകണ്ടു. അതിനെസംബന്ധിച്ചു് ജനങ്ങളുടെയിടയിൽ വളരെ ഉൽക്കണ്ഠയുണ്ടു്.

മിസ്റ്റർ സ്പീക്കർ: വിചാരണയിലിരിക്കുന്ന തടവുകാർക്കു് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ എന്തെല്ലാമാണെന്നു വ്യവസ്ഥയുണ്ടു്. അവരോടു ഏതു തരത്തിലാണു് പെരുമാറേണ്ടതു എന്നതിനെസംബന്ധിച്ചും റൂളുകളുണ്ടു്. അതിനു വിപരീതമായി പൊലീസു എന്തെങ്കിലും പ്രവർത്തിക്കുന്നുവെങ്കിൽ അതിനു പ്രതിവിധിയുണ്ടാക്കാവുന്നതാണു്. ആ റൂളുകളുടെ ന്യൂനതയെപ്പററിയാണു് പറയാനുള്ളതെങ്കിൽ അതു ഇപ്പോൾ വാദപ്രതിവാദത്തിനെടുക്കാവുന്ന ഒരുവിഷയമല്ല. ആ റൂളുകൾ മറേറണ്ടതാണോ അല്ലയോ എന്നാലോചിക്കുന്നതിനു വേറെ അവസരമുണ്ടു്. ആ റൂളുകൾക്കു വിപരീതമായി പൊലീസുകാർ പ്രവർത്തിക്കുകയും അതുകണ്ടിട്ടു് ഗവമെൻറു കണ്ണടയ്ക്കുകയും ചെയ്തു എന്നുള്ളതാണു് പരാതിയെങ്കിൽ അതിനെക്കുറിച്ചു് വാദപ്രതിവാദം ചെയ്യുകയും ഗവമെൻറിനെക്കൊണ്ടു് ന്യായമായവിധം പ്രവർത്തിപ്പിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുകയും ചെയ്യാവുന്നതാണു്. അങ്ങിനെ റൂളിനു വിപരീതമായി പൊലീസുകാർ അവരോടു പെരുമാറിയിട്ടുണ്ടെന്നു ബഹു. മെമ്പറുടെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം സഭയെ അറിയിക്കാവുന്നതാണു്. ഇതിനെസംബന്ധിച്ചു് അന്വേഷണങ്ങൾനടത്തി വിവരംസഭയുടെശ്രദ്ധയിൽപ്പെടുത്താമെന്നു ബഹു. മന്ത്രി പറയുന്നതുകൊണ്ടു് ഇതു വാദപ്രതിവാദത്തിനു എടുക്കുന്ന കാര്യംതന്നെ ആ വിവരങ്ങൾ അറിഞ്ഞതിനുശേഷം തീരുമാനിക്കുന്നതായിരിക്കും നല്ലതു എന്നു തോന്നുന്നു.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: തടവുകാരോടു ഇപ്പോൾ പെരുമാറിവരുന്നതെല്ലാം റൂളുകൾ അനുസരിച്ചാണെന്നാണോ മനസ്സിലാക്കേണ്ടതു്?

മിസ്റ്റർ സ്പീക്കർ: എന്തെങ്കിലും റൂളിനു വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതായി മെംബർ മനസ്സിലാക്കിട്ടുണ്ടെങ്കിൽ ആ വിവരം സഭയെ അറിയിക്കാം. അവ്യക്തമായ ചോദ്യം അനുവദിക്കത്തക്കതല്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: യാതൊരു റൂളുകളും അനുസരിക്കാതെ ശാരീരികമായും മാനസികമായും അവരുടെ തേജോവധംനടത്തുന്നതിനുള്ള നടപടികളാണു് അധികൃതർ സ്വീകരിച്ചിരിക്കുന്നതെന്നു ഗവമെൻറി അറിവുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ, പ്രസംഗിക്കാൻ പാടില്ലെന്നു പറഞ്ഞതിനുശേഷവും പ്രസംഗിക്കാൻ ഒരുങ്ങുന്നതു ശരിയല്ല.

VOTING OF DEMANDS FOR GRANTS *(Cont.)*

Demand XXXIII—Transport Schemes

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I move for a grant of Rs. 1,31,78,200 under Demand XXXIII Transport Schemes.

Minister for Law, Finance and Revenue **(Sri. A. J. John):** I second it.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഡിമാൻറു് അവതരിപ്പിക്കുന്നതോടൊപ്പം അതു എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കാനാണു് ഗവമെൻറു ഉദ്ദേശിക്കുന്നതു് എന്നുള്ളതിനെ സംബന്ധിച്ചു ഒരു വിശദീകരണംകൂടി

നൽകുന്നതു് വളരെ പ്രയോജനപ്രദമായിരിക്കുമെന്നു തോന്നുന്നു. അതുകൊണ്ടു് ബഹു. മന്ത്രി അങ്ങനെ ഒരു വിശദീകരണം നൽകിയാൽ കൊള്ളാമെന്നു ഞാൻ താൽപര്യപ്പെടുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: ബഡ്ജററിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒരു വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഹാജരാക്കിയിട്ടുള്ള ഖണ്ഡനോപക്ഷേപങ്ങൾ ആദ്യമാദ്യം അവതരിപ്പിക്കുന്നതിനു് അനുവദിക്കുന്നതു് കൂടുതൽ നന്നായിരിക്കുമെന്നു് എനിക്കു അഭിപ്രായമുണ്ടു്.

മിസ്റ്റർ സ്പീക്കർ: അതു അനുവദിക്കാവുന്നതാണു്.

Sri. P, K. Kumaran Asari, To reduce the allotment of Rs. 2,64,400 for Direction by Rupee 1

സർ, അധികാരത്തിലിരിക്കുന്ന കക്ഷിയുടെ ഭരണ കാര്യക്ഷമതയും പൊതുജനതാൽപര്യസംരക്ഷണത്തിലുള്ള ആകാംക്ഷയും എത്രത്തോളമുണ്ടെന്നു് ഇവിടെയുള്ള ജനങ്ങളെ അനുദിനം അനുഭവപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടാണു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടു്. ഈ ഡിപ്പാർട്ടുമെണ്ടിനെപ്പററി ആക്ഷേപമില്ലാത്തവർ ഈ രാജ്യത്തു് ആരുംതന്നെ ഉണ്ടാകയില്ല. അതുകൊണ്ടു് എത്ര കർക്കശമായി ഈ ഡിപ്പാർട്ടുമെണ്ടിനെപ്പററി ആരുതന്നെ പ്രസംഗിച്ചാലും അതു ഒട്ടും അധികമായിപ്പോകുന്നതല്ല. ൧൧൨൪-ൽ ട്രാൻസ്പോർട്ടു ബസ്സുകളുടെ ചാർജ്ജ് ൪൦ ശതമാനവും എക്സ്പ്രസ്സ് ബസ്സുകളുടെ ചാർജ്ജ് ൨൫ ശതമാനവും വർദ്ധിപ്പിച്ചു. അന്നുതന്നെ ആ ചാർജ്ജ് വർദ്ധിപ്പിച്ചതിനെപ്പററി ഇവിടെയുള്ള ജനങ്ങൾക്കു് പ്രതിഷേധമുണ്ടായിരുന്നു. എന്നാൽ അന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു, ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചതുകൊണ്ടു് അവർക്കു് കൂടുതലായി ബസ്സുകളിൽ യാത്ര ചെയ്യുന്നതിനുള്ള സൌകര്യം കിട്ടുമെന്നും വലിയ ഇടിയും, തള്ളും അനുഭവിക്കാതെ യാത്ര ചെയ്യുവാൻ സാധിക്കുമെന്നും. എന്നാൽ ഈ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടു് ഇപ്പോൾ ഏകദേശം രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെയും ബസ്സുകളിൽ ഓവർലോഡു് കയററി ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഗവൺമെണ്ടിന്റെ നയത്തിൽ യാതൊരു വ്യതിയാനവും വന്നിട്ടില്ല. ഈ നാട്ടിലെ ജനങ്ങളെ എത്ര ഞെക്കിപ്പിഴിഞ്ഞിട്ടായാലും തരക്കേടില്ല, അവരെ എത്ര കഷ്ടപ്പെടുത്തിയിട്ടായാലും തരക്കേടില്ല ഈ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം കൊണ്ടു് ഗവൺമെന്റിനു കൂടുതൽ ആദായമുണ്ടാകണമെന്നും, ഈ ഡിപ്പാർട്ടുമെണ്ടിലെ ആദായത്തിൽനിന്നും ൧൦ ലക്ഷം രൂപാ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടിലേക്കു് നീക്കിവെച്ചിട്ടുള്ളതുപോലെ മററു ഡിപ്പാർട്ടുമെണ്ടിലെ ചിലവിലേക്കു് നീക്കിവെക്കണമെന്നും മാത്രമേ ഗവൺമെന്റിനു ആഗ്രഹമുള്ളുവെന്നു വ്യക്തമായറിയുവാൻ ഇപ്പോൾ സൌകര്യപ്പെട്ടിട്ടുണ്ടു്.

സർ, ഈ ട്രാൻസ്പോർട്ടു ബസ്സുകളിലെ യാത്ര ഈ അസംബ്ലിയിൽതന്നെ ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞിട്ടുള്ള ഭീകരമായ ഇവിടുത്തെ ജയിൽമർദ്ദനത്തെക്കാൾ കഷ്ടമാണെന്നു്. യാത്രക്കാരുടെ നട്ടെല്ലൊടിഞ്ഞും, ചങ്കും, കരളും കലങ്ങിയും അവർ ക്ഷയരോഗാശുപത്രിയെ അഭയംപ്രാപിച്ചുവരുന്നുണ്ടെങ്കിൽ അതിൽ അധികവും ട്രാൻസ്പോർട്ടു് ബസ്സുകളിലെ യാത്രക്കാരാണു്. ട്രാൻസ്പോർട്ടുബസ്സുകളിൽ യാത്രചെയ്യുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നാൽ യാത്രക്കാരുടെ വർദ്ധനവനുസരിച്ചു് ബസ്സുകളുടെ എണ്ണം ഗവൺമെണ്ടു വർദ്ധിപ്പിച്ചിട്ടില്ല. ഒരു വണ്ടി വഴിയിൽ വന്നുനിന്നാൽ അതിൽ

[Sri. P. K. Kumaran Achari]

ഏതെങ്കിലും തരത്തിൽ കയറണമെന്നുള്ള ആഗ്രഹത്തോടുകൂടി യാത്രക്കാർ വണ്ടിയിൽ ചാടിക്കയറുന്നു. ഒരാൾക്കുമാത്രം കയറുന്നതിനുള്ള വാതിലിൽ കൂടി നാലും അഞ്ചും പേർ ഞെങ്ങിഞെരുങ്ങി ചവുട്ടിയും തൊഴിച്ചും കയറുന്നകാഴ്ച, ഒന്നു കാണേണ്ടതുതന്നെയാണ്. അങ്ങിനെ ബസ്സിൽ കയറിയാലോ—കഴകമരത്തിൽ തൂങ്ങിക്കിടക്കുന്നതുപോലെ തൂങ്ങിക്കിടക്കുകയും വേണം. ഇപ്രകാരമുള്ള ദുരന്തചരിതങ്ങൾ ഈ രാജ്യത്തുള്ള ആളുകൾ അനുഭവിക്കുന്ന പരിതഃസ്ഥിതിയാണ് ഇന്ന് ട്രാൻസ്പോർട്ട് ബസ്സുകളിലുള്ളത്. അതുകൊണ്ട് എത്രയും വേഗം ധാരാളം വണ്ടികൾ ഓരോ ലൈനുകളിലും ഇട്ട് ഇവിടത്തെ ഓവർലോഡ് തീരെ നശിപ്പിക്കണമെന്നാണ് എനിക്ക് ബഹു. മന്ത്രി. ശ്രീ. ടി. കെ. നാരായണപിള്ളയോട് പറയുവാനുള്ളത്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് ഗാരേജിനെയും വെയിററിങ്ങ് റൂമിനെയും പററിയാണ്. പല സ്റ്റാൻറുകളിലും ഇന്നു ഗാരേജും വെയിററിങ്ങ് റൂമും വേണമെന്നു പരാതിയുണ്ട്. ഇപ്പോൾ ഉള്ള ഗാരേജ് ഏതു എൻജിനിയർ ഡിസൈൻ ചെയ്തു എന്ന് ഞാൻ ചോദിക്കുന്നു, ഇവിടെയുള്ള ഗാരേജിൽ വണ്ടിയിടുന്നതിനും കുറെ ക്ലാർക്കുമാർക്ക് ഇരിക്കുന്നതിനുമുള്ള സൌകര്യമുണ്ടെന്നല്ലാതെ യാത്രക്കാർക്ക് ഇരിക്കുന്നതിന് വേണ്ടത്ര സൌകര്യമുണ്ടാക്കിട്ടില്ല. കോട്ടയം ഒരു ട്രാഫിക്ക് സെൻറർ ആണ്. കോട്ടയത്തുള്ള ഗാരേജിൽ വരുന്ന യാത്രക്കാർക്ക് അവിടെയുള്ള വരാന്തയിൽ തിങ്ങി കൂടിനിൽക്കുന്നതിനേ ഇന്നു നിവൃത്തിയുള്ളൂ. അവിടുത്തെ ഡിസ്ട്രിക്ട് ആഫീസർക്ക് ഒരു വിശാലമായ മുറിയുണ്ട്. അതിൻെറ ഒരു ഭാഗമെങ്കിലും യാത്രക്കാരുടെ സൌകര്യത്തിനു വേണ്ടി വെട്ടി തുറന്നിടുവാൻ പാടില്ലേയെന്നു ഞാൻ ചോദിക്കുന്നു. ഇവിടത്തെ പ്രധാനപട്ടണമായ തിരുവനന്തപുരത്തെ ഗാരേജിൻെറ അവസ്ഥയെന്താണ്. വെറും ഒരു പശുത്തൊഴുത്തിനേക്കാൾ വൃത്തിഹീനമാണ് അത്. റോഡിലെ പൊടിയും ഓടയിലെ ദുർഗ്ഗന്ധവും അത്യുഷ്ണവും ഏററും, വർഷകാലത്തെ ചെളിയിൽ നിന്നുകൊണ്ടും ക്യൂസിസ്റ്റത്തിൽനിന്ന് വേണമെങ്കിൽ ട്രാൻസ്പോർട്ട് ബസ്സിൽ കേറണമെന്ന് ചോദ്യചിഹ്നത്തോടുകൂടെ ആ വെയിററിങ്ങ്റൂം അതിലെ പോകുന്ന യാത്രക്കാരെ തുറിച്ചുനോക്കുന്ന കാഴ്ച, ഒന്നു കാണേണ്ടതുതന്നെയാണ്. ജനങ്ങളുടെ ഈ കഷ്ടപ്പാടുകൾ കാണുവാൻ മന്ത്രിമാർക്ക് കണ്ണില്ലേയെന്നു ഞാൻ ചോദിക്കുന്നു. അടുത്തുള്ള റെയിൽവെ സ്റ്റേഷനിൽ യാത്രക്കാർക്ക് എന്തെല്ലാം സൌകര്യങ്ങൾ ചെയ്തിരിക്കുന്നുവെന്നു നോക്കുക. അതുകൊണ്ട് ഇപ്പോൾ അവിടെയുള്ള വെയിററിങ്ങ്റൂം അടവാക്കി സിമിൻറിട്ട് കുറെ ബഞ്ചും ഇട്ട് ജനങ്ങൾക്ക് സൌകര്യമായി ഇരിക്കുന്നതിന് സൌകര്യപ്പെടുത്തിയാൽ കൊള്ളാമായിരുന്നു.

സർ, ഇനി എനിക്ക് കാമ്പൻസേഷനെ പററിയാണ് പറയുവാനുള്ളത്. ഈ ഡിപ്പാർട്ടുമെൻറിൻെറ ചുമതല നിർവ്വഹിച്ചിരുന്ന മന്ത്രി ശ്രീ. ഇ. ജോൺ ഫിലിപ്പോസിൻെറ കാൽച്ചുവടുകളിൽ ഞെങ്ങിഞെരിഞ്ഞു മരിച്ചിട്ടുള്ള എറുമ്പുകളെയും പുഴുക്കളേയും എപ്രകാരം അവഗണിക്കപ്പെട്ടുവോ അപ്രകാരമാണ് ട്രാൻസ്പോർട്ടു അപകടത്തിൽ പെട്ടു മരിച്ചവരുടേയും സാരമായ പരുക്കുകൾ പററിയവരുടേയും കാര്യം അവഗണിക്കപ്പെട്ടിട്ടുള്ളത്. കാമ്പൻസേഷൻ കൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ട് വളരെ ഉദാസീനതയാണ് കാണിച്ചുവരുന്നത്. എനിക്ക് രണ്ടു ട്രാൻസ്പോർട്ടു അപകടത്തിൽപെടുവാൻ ഇടയായി. ഒരിക്കൽ ഞാൻ കോട്ടയത്തുനിന്ന് മലയാററൂർ മലക്കു സമീപത്തുവച്ചു നടത്തിയ ഒരു

സമ്മേളനത്തിൽ പങ്കുകൊള്ളുന്നതിന് പോയപ്പോൾ യാത്രചെയ്തിരുന്ന വണ്ടി രണ്ടുമൂന്നു മൈൽ ദൂരെയുള്ള നീലമംഗലം പാലത്തിന്റെ മദ്ധ്യത്തിൽ ചെന്നപ്പോൾ ആ പാലത്തിന്റെ കൈവരിയും മുറിച്ച് വളരെ ആഴമുള്ളതും ധാരാളം വെള്ളമുണ്ടായിരുന്നതുമായ നദിയിലേയ്ക്കു കുതിച്ചുചാടുകയാണ് ചെയ്തതു്. ആ അപകടത്തിൽപ്പെട്ട് കോഴിക്കൂടോടെ വീണ കോഴിക്കുഞ്ഞുങ്ങളെ പോലെ വെള്ളത്തിൽ കിടന്നു ഞങ്ങൾ ശ്വാസം മുട്ടിയും, നെഞ്ചു പൊട്ടിയും, വെള്ളം കുടിച്ചും വളരെ കഷ്ടപ്പെട്ടു. സർ, ഒരു വിധത്തിൽ മരണത്തിന്റെ കരാളവക്ത്രത്തിൽനിന്നും ഞങ്ങൾ രക്ഷപ്പെട്ടു. എന്റെ കൂടെയുണ്ടായിരുന്ന മിസ്റ്റർ രാഘവനാചാരിയുടെ കാൽ ഒടിഞ്ഞു രണ്ടോമൂന്നോമാസം കോട്ടയം ആശുപത്രിയിൽ ആ അപകടകാരണം കൊണ്ട് കിടന്നിരുന്നു. കൂടാതെ ഒരാൾ അന്നു രാത്രിയിൽ മരിക്കുകയും ചെയ്തു. ഞാൻ തന്നെയാണ് ബസ്സ് അപകടത്തിൽപെട്ട് കാലൊടിഞ്ഞ അദ്ദേഹത്തിനു എന്തെങ്കിലും കാമ്പൻസേഷൻ കൊടുക്കണമെന്നുള്ള ഒരു പെററീഷൻ അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ജോൺ ഫിലിപ്പോസിന്റെ കയ്യിൽ കൊടുത്തിട്ടുള്ളതു്. എന്നാൽ ഇതേവരേയും ഒരു കാശു പോലും അവക്കു കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള കഷ്ടനഷ്ടങ്ങൾ പൊതുജനങ്ങൾക്കു ഉണ്ടാകുകയാണെങ്കിൽ അവക്കു കാമ്പൻസേഷനായിട്ട് ഒന്നുംതന്നെ ഈ ഗവമ്മെൻറ് കൊടുക്കുന്നില്ല. ഇത്രയും നീതിയും നെറിയും മര്യാദയും ഇല്ലാത്ത ഒരു മര്യാദകെട്ട ഭരണം ഈ ഡിപ്പാർട്ടുമെണ്ടിലെപ്പോലെ മറെറാരു ഡിപ്പാർട്ടുമെണ്ടിലും ഉണ്ടായിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. സർ, ഇത്രയും ബസ്സപകടങ്ങൾ ഉണ്ടാകുന്നതു് ഈ ഡിപ്പാർട്ടുമെണ്ടിലെ ഡ്റൈവറന്മാരുടെ റാഷ് ഡ്റൈവിങ് കൊണ്ടും, ഫിററർമാർക്കും, ഇഞ്ചിനിയർക്കും ചുമതലാബോധം ഇല്ലാത്തതുകൊണ്ടുമാണ്. സർ, എത്രയോ പ്രൈവററസർവ്വീസുകൾ ഇവിടെ നടത്തുന്നുണ്ട്. സ്വരാജ് കമ്പനി ധാരാളം ബസ്സുകൾ ഉപയോഗിച്ചു പല ലൈനിലും ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ടെങ്കിലും അവക്കു ഇതുപോലെയുള്ള അപകടങ്ങൾ ഉണ്ടാകാതെയിരിക്കുന്നതിന് അവർ എന്തു ചെയ്യുന്നുവെന്ന് ഈ ഡിപ്പാർട്ടുമെണ്ടിലെ ഇഞ്ചിനിയർമാർ, ഫോർമാൻമാർ ഒന്നു അന്വേഷിച്ചു അറിയേണ്ടതുതന്നെയാണ്. ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ കുഴപ്പങ്ങൾകൊണ്ടല്ലേ ഈ അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ ചോദിക്കുന്നു. ഡ്റൈവറന്മാരുടെയും ഫിററന്മാരുടെയും എൻജിൻനോക്കുന്ന മററു ഉദ്യോഗസ്ഥന്മാരുടെയും അശ്രദ്ധമൂലമാണ് ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ട് മേലാലെങ്കിലും ഇങ്ങനെയുള്ള അപകടങ്ങൾ ഉണ്ടാകാതെയിരിക്കുന്നതിന് ഗവമ്മെണ്ട് ഇക്കായ്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മറെറാരു കായ്യംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ഒരു ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം കായ്യക്ഷമതയോടുകൂടി മുന്നോട്ടു നീങ്ങണമെങ്കിൽ ആ ഡിപ്പാർട്ടുമെണ്ടിലെ ജോലിക്കാരും ഭരണാധികാരികളും തമ്മിൽ അന്യോന്യം സഹകരിച്ചു പ്രവത്തിക്കണം. ഈ ഡിപ്പാർട്ടുമെണ്ടിൽ തൊഴിലാളികൾക്കു വേണ്ടവണ്ണം ബോണസ്സ് കൊടുക്കുന്നില്ല. അവരെക്കൊണ്ട് ഓവർടൈം ജോലി എടുപ്പിക്കും എന്നാൽ അതിനു തക്ക പ്രതിഫലം അവക്കു കൊടുക്കുകയില്ല. ഡിപ്പാർട്ടുമെണ്ടിലുള്ള തൊഴിലാളികളുടെ കായ്യത്തെപ്പററിയൊന്നും ഗൌനിക്കാതെ തൊഴിലാളികളെക്കൊണ്ട് രാജ്യത്തേയ്ക്കു് എത്ര ആദായമുണ്ടാക്കുവാൻ സാധിക്കുമോ അത്രമാത്രം ആദായം ഉണ്ടാക്കുവാനുള്ള ഒരു ഡിപ്പാർട്ടുമെണ്ടാണ് ഇതെന്നു ഗവമ്മെണ്ട് കരുതുന്നെങ്കിൽ അതു ശരിയല്ല. ഈ ഡിപ്പാർട്ടുമെണ്ടിന്റെ ചുമതല

[Sri. P. K. Kumaran Achari]

ഇപ്പോൾ ഏററിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള ഈവക കാര്യങ്ങളിൽ ശ്രദ്ധവെച്ച് പൊതുജനങ്ങൾക്ക് സുഖമായി യാത്ര ചെയ്യത്തക്കവണ്ണം ഓവർലോഡുകൾ ഇല്ലാതാക്കി, ഓരോ ലൈനുകളിലും കൂടുതൽ ബസ്സുകൾ ഇട്ട് ഒരു വ്യവസ്ഥാപിതമായ രീതിയിൽ ഇതിന്റെ ഭരണം നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. P. S. Nataraja Pillai: Sir, the budget presented for this department anticipates a net profit of 20 lakhs of rupees. Sir, this Government has invested something like 76 lakhs of rupees in this concern and they are expecting a profit of 20 lakhs of rupees which, if calculated, will work up to something like 30 per cent. From the Annual Report of the department for 1124 it is seen that this Government have made a profit of 56 per cent. The investment for 1124 was Rs. 46 lakhs and in the course of the last two years an additional investment to the tune of 26 lakhs of rupees was made and the profit expected is somewhere near 30 per cent this year. Sir, if you compare the nationalised transport departments working in other States like U. P., you will find that with an investment of 3 crores of rupees the profit they make is only 19 lakhs and it works out to 6·6 per cent. In Hyderabad with an investment of 4½ crores of rupees the profit they get is only Rs. 15 to 20 lakhs and it comes to somewhere near 8 per cent. But the Travancore Government wants to make 30 to 50 per cent profit on their investment. I cite these figures to show the motive behind this Government to nationalise such concerns. How is this abnormal profit is secured? It is secured only by one method, the most inhuman method any capitalist can think of, that is by overloading the vehicles to the maximum extent, ignoring that the travellers are human beings, with an utter want of human sensibility on the part of the authorities concerned. They overload the buses to such an extent that the travellers are forced to suffocate and swoon. That is the system under which they earn. The other aspect is the sweated labour. Without adequate payment to the labour, without doing adequate welfare work for the labour, without providing any amenities for them, but at the same time putting every sort of hardship and trouble on the travelling public they are making this abnormal profit. I wish to ask Government in all seriousness and humility, have they got human feelings? One effect of this aspect of working should be understood. There is the Motor Vehicles Act, and the Rules for overloading. Are they observing those regulations and rules in the matter of overloading? When the law makers themselves break the law how can they expect the people to abide by law. In this case, thay are actually setting an example for law breaking. If you travel throughout India, why, even in the adjoining State of Madras private buses do not overload. I challenge any hon'ble Member to contradict this statement. If they overload they are within the clutches of law and they do it at their peril. In Madras City the standing space they allow in a bus is only for 10 persons. A bus carrying 32 passengers can take 10 more people as overload. What is the number of people we take in a Government Transport bus. In a bus which has a sitting capacity for 28 persons they pack 100 to 120 passengers. If that is going to be challenged, the Government figures reveal it. A bus with a seating capacity for 28 passengers can earn only 13 chuckrams per mile of travel according to schedule rate. What is the average earning per mile of our transport buses? It ranges between 28 to 30 chuckrams. This shows that the buses carry 2½ times the allowed number of passengers. This is overloading with a vengence. Therefore, it is not a question of the Govenment or the department being unaware of the fact. The Government abet the offence agsinst the Act and the department commits it. The Government have

asked the department to overload their vehicles to the maximum capacity. It is not due to want of knowledge or realisation of the difficulties experienced by the travelling public but it is due to utter callousness on the part of the Government that such overloading takes place in the transport buses. I think that Government will have to revise their policy as early as possible.

Sir, in 1949, at a Conference of the Ministers of all the States held in Delhi a resolution was unanimously accepted that the profits from the nationalised transport services should not exceed 4½ per cent. If that kind of limit is fixed there, I fully realise the necessity for fixing up a target percentage of profit. Suppose we also put up a percentage like that say 4½ percent. If we run the buses on that basis, this overloading will be limited. It is on account of the inordinate desire for money on the part of the Government that they allow this sort of overloading. In this connection, Sir, I should like to sound a note of warning to the Treasuary Benches. They are allocating 5 lakhs of rupees for the maintenance of bus routes under the P. W. D. and hope to charge it to working charges. I can understand why that has been done. But I do warn the Government that that kind of accounting may not help them in the least. The department may be responsible for the maintenance of bus routes. But as a matter of fact that amount cannot be charged to the Transport Department alone. The department never opens a road or uses a road exclusively it is not incumbent on that department to maintain by itself a road. The present Government perhaps may be thinking that by adjusting accounts they can tide over prospective difficulties. But this sort of adjustment will not help them. So, Sir, it is better to limit the profits in this concern and give all amenities to the travelling public. As far as possible, limit the profits to 4½ per cent or say, 6 per cent, limit overloading, run the services more efficiently and give adequate facilities to the travelling public. With these words I support the motion.

Mr. Speaker: Does Mr. Sreedhar wish to speak.

Sri. Ponnara G. Sreedhar: Yes.

സർ, എനിക്ക് സംസാരിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള സമയം എത്രയാണെന്ന് നേരത്തെ അറിഞ്ഞാൽ അതനുസരിച്ച് ക്ലിപ്തപ്പെടുത്തി സംസാരിക്കാമെന്ന് വിചാരിക്കുന്നു.

Mr. Speaker: Five minutes normally. But the member has sent in cut motions. Some more time may be allowed.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, സാധാരണയായിട്ട് അസംബ്ലികൂടുന്ന അവസരങ്ങളിലെല്ലാം പല മെമ്പറന്മാരും പല വിധത്തിലുള്ള ആരോപണങ്ങൾ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിനെപ്പററി നടത്തിയിട്ടുണ്ട്. എന്നാൽ ഈ ആരോപണങ്ങൾ പരസ്യമായി ശരിയാണെന്നു സമ്മതിച്ച് അവ പരിഹരിക്കാൻ ശ്രമിക്കുകയോ ഒന്നുമില്ലെങ്കിൽ അവയിൽ എത്രത്തോളം വാസ്തവമുണ്ടെന്ന് രഹസ്യമായി ഒന്നന്വേഷിച്ച് ഡിപ്പാർട്ടുമെൻറിലുള്ള കുററങ്ങളും കുറവുകളും ഇല്ലാതാക്കാൻ ശ്രമിക്കയോ നാളിതുവരെ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക്, ഈ ഡിപ്പാർട്ടുമെൻറിനെപ്പററിയും അതിലെ അധികൃതരെസംബന്ധിച്ചും അവരുടെ ചെയ്തികളെ പററിയും എത്രയൊക്കെ കണ്ഠക്ഷോഭം ചെയ്യുന്നതുകൊണ്ട് വല്ല ഫലവും അതിൽനിന്നും സിദ്ധിക്കുമോ എന്നുള്ളത് എനിക്ക് സംശയമാണ്. എങ്കിലും ഈ അവസരത്തിലും എൻെറ കടമ ഞാൻ നിർവഹിച്ചുകളയാം എന്നു ഞാൻ വിചാരിക്കുകയാണ്. സർ, ലോകത്തു ഒരിടത്തും നമ്മുടെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനെപ്പോലെ കൊള്ളരുതായ്മയും നെറികേടും വച്ചുപുലത്തുന്ന ഒരു ഡിപ്പാർട്ടുമെൻറുണ്ടെന്ന് തോന്നുന്നില്ല. ഗവമ്മെണ്ടിനെ സംബ

[Sri. Ponnara G. Sreedhar]

ന്ധിച്ചടത്തോളം എവിടെ നിന്നെങ്കിലും എങ്ങനെയെങ്കിലും കുറെ പണം ഉണ്ടാക്കണമെന്നല്ലാതെയാതൊരു ചിന്തയുമില്ല. പൊതുജനങ്ങളുടെ, യാത്രക്കാരുടെ സുഖസൗകര്യാദികളെപ്പററി കൂടി അന്വേഷിക്കേണ്ട ഒരു കടമയും ഗവമ്മെണ്ടിനുണ്ടെന്നു് അധികൃതർ മനസ്സിലാക്കിയിട്ടുള്ളതായി എനിക്കു വിശ്വാസം വരുന്നില്ലാ. വ്യവസായങ്ങളെല്ലാം ദേശവൽക്കരിക്കുന്നതു് നല്ലതുതന്നെ. പക്ഷെ ഒരു വ്യവസായം ദേശീയമാക്കുന്നതുകൊണ്ടു് ജനങ്ങൾക്കു് മുൻപിലത്തേതിനെക്കാൾ കൂടുതൽ സൗകര്യമുണ്ടായിരിക്കേണ്ടതാണു്. വ്യവസായങ്ങൾ സ്വകാര്യഉടമയിൽ ഇരിക്കുകയാണെങ്കിൽ നാട്ടാർക്കു് അവകൊണ്ടുള്ള പൂർണ്ണസൗകര്യങ്ങൾ ലഭിക്കുകയില്ലാ എന്ന ഏകകാരണത്താൽ മാത്രമാണു് വ്യവസായങ്ങളെ ദേശീയമാക്കണമെന്നു് നാട്ടാർ മുറവിളി കൂട്ടുന്നത്. സർ. സി. പി. രാമസ്വാമി അയ്യർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറു് നിർമ്മിച്ചതു കുറെസ്ഥലത്തുള്ള ട്രാൻസ്പോർട്ടു് ദേശീയമാക്കിയതു കൂടുതൽ പണം സമ്പാദിക്കാനായിട്ടു മാത്രമാണെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇന്നത്തെ ജനകീയ സർക്കാരിന്റെ ഉദ്ദേശം ഒരു കാലവും അതായിരിക്കാൻ പാടില്ലാ. ഇന്നത്തെ ഗവമ്മെണ്ടിനു വളരെ കൂടുതൽ ധനം ആവശ്യമുള്ളതുകൊണ്ടു്, ന്യായന്യായങ്ങളെപ്പററി യാതൊന്നും ചിന്തിക്കാതെ, ഇഷ്ടമുള്ള കുറെ ഉദ്യോഗസ്ഥന്മാരെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചു അവർ മുഖാന്തിരം അക്രമമായി കുറെ ധനം ആളുകളിൽ നിന്നു് പിടിച്ചുപറിച്ചെടുക്കാമെന്നു് വിചാരിക്കുന്നതു് പിശകാണു്. എന്നാൽ ഈ വിധമെടുക്കുന്ന പണത്തിന്റെ ഒരു വിഭാഗമെങ്കിലും, ജോലിക്കാർക്കു് അവരുടെ ജോലിക്കു് തക്ക കൂലികൊടുക്കുന്നതിനൊ, ജോലിക്കാരെക്കൊണ്ടു് കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കുന്നതിനു വല്ല അലവൻസ് കൊടുക്കുന്നതിനൊ വാഹനങ്ങൾ സൂക്ഷിക്കുന്നതിനൊ, അവ ദിവസവും പരിശോധിക്കുന്നതിനൊ, യാത്രക്കാരുടെ സൗകര്യത്തെഉദ്ദേശിച്ചുള്ള എന്തെങ്കിലും പ്രവർത്തിചെയ്യുന്നതിനൊ, വേണ്ടി ചിലവാക്കുന്നില്ലാ. ഈ മാതിരി അനാശാസ്യപ്രവർത്തികൾ നടക്കുന്നതായ മററു ഡിപ്പാർട്ടുമെൻറുകളെപ്പററിയും ഇവിടെ പ്രസ്താവിക്കുന്നതിനായി ബഡ്ജററു വേളയിൽ ധാരാളം ഖണ്ഡനോപക്ഷേപങ്ങൾ ഞാൻ അവതരിപ്പിക്കുന്ന പതിവുണ്ടു്. അവയിൽ മിക്കഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചും ഒന്നുംതന്നെ പ്രസ്താപിക്കുവാൻ എനിക്കു സമയം ലഭിക്കാറില്ല. അങ്ങനെ പല ഉപക്ഷേപങ്ങളെസംബന്ധിച്ചും സംസാരിക്കാനുള്ള അവസരം എനിക്കു് നഷ്ടപ്പെട്ടിട്ടുമുണ്ടു്. സർ, അതുകൊണ്ടു് ഇപ്പോഴെങ്കിലും എനിക്കു് ആവശ്യമുള്ളസമയം അനുവദിച്ചുതരേണ്ടതാണു്. ഈ ഡിപ്പാർട്ടുമെൻറിലെ ഡയറക്ടർ പോലീസ് ഡിപ്പാർട്ടുമെണ്ടിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെപ്പററി പോലീസ് ആഫീസർ എന്ന നിലയിൽ പൊതുവേ നല്ല ഒരഭിപ്രായമാണുള്ളതു്. എന്നാൽ ഉത്തമനും സമർത്ഥനുമായ ഈ ഉദ്യോഗസ്ഥനെ ഈ ഡിപ്പാർട്ടുമെണ്ടിലേക്കു് കൊണ്ടുവന്നതോടുകൂടി അദ്ദേഹത്തെപ്പററിയുള്ള ബഹുമാനം നാട്ടുകാർക്കു് കുറഞ്ഞുവന്നിരിക്കുന്നതായിട്ടാണു് കാണുന്നതു്. ഈ ഡിപ്പാർട്ടുമെണ്ടിലെ ഡ്രൈവറന്മാരേയും കണ്ടക്ടറന്മാരേയും ഡ്രിൽ പഠിപ്പിക്കാൻ മാത്രമായിട്ടാണെന്നു തോന്നുന്നു ഇദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്. ഇദ്ദേഹം പോലീസ് ഡിപ്പാർട്ടുമെണ്ടിലായിരുന്നപ്പോൾ ഗവമ്മെൻറിന്റെ ഇഷ്ടംപോലെ പ്രവർത്തിക്കുന്നതിൽ അദ്ദേഹം വളരെ താൽപ്പര്യം കാണിച്ചിരുന്നു. അങ്ങനെ ഗവമ്മെൻറിനുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധതയുള്ള ഒരാളായതുകൊണ്ടായിരിക്കാം ഇദ്ദേഹത്തെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽ മേധാവിയായിട്ടു് നിയമിച്ചിട്ടുള്ളതു്. അദ്ദേഹം ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെണ്ടിൽവന്നതോടുകൂടി ഗവ

മെൻറിനു ധാരാളം വരവ് ആണ്ടുതോറും ഉണ്ടാക്കികൊടുത്തുകൊണ്ടിരിക്കുന്നു എന്നതു് വാസ്തവമാണ്. സർ, ഇയ്യിടെ ഞാൻ കിളിമാനൂർ വഴി വന്നപ്പോൾ ഒരു ട്രാൻസ്പോർട്ട് ലോറി ഒരു പാലത്തിൽ തട്ടി കിടക്കുന്നതായി കണ്ടു. അവിടെയുള്ളപാലം (കിളിമാനൂർ പാലം) വളരെ വഷളായി അപകടനിലയിൽ ഇരിക്കുന്നതാണ്. പാലത്തിൻെറ രണ്ടുവശത്തുമുള്ള കമ്പികൾ ഇല്ലാതായിട്ടു, കമുകലവും ഈഞ്ചകമ്പും കൊണ്ടു് കെട്ടിവെച്ചിരിക്കുകയാണ്. ആ പാലത്തിൽ ഈ ബസ്സ് ചെന്നു് ഇടിക്കുകയും വണ്ടിക്കു മുന്നോട്ടോ പുറകോട്ടോ പോകാൻ നിവൃത്തിയില്ലാതെ അവിടെതന്നെ, പാലത്തിൻെറ നടുവിൽ കിടക്കുകയുമാണ് ചെയ്യുന്നതു്. ഈ വിധത്തിലും, ഇഞ്ചിൻ സൂക്ഷിക്കാത്തതിനാലും, പെട്രോൾ ഇല്ലാതേയും, ആക്സിഡൻറ് പിണഞ്ഞും, പല ബസ്സുകളും വഴിയിൽ കിടന്നു് യാത്രക്കാരെ നഷ്ടപ്പെടുത്തുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. അതുകൊണ്ടു് ഇദ്ദേഹത്തെ, ഇന്നത്തെ ഡയറക്ടറെ, പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്ക് പറഞ്ഞയക്കുന്നതായിരിക്കും നല്ലതു്. അല്ലെങ്കിൽ നാട്ടുകാരുടെ കൂടുതൽ നീരസത്തിനും വെറുപ്പിനും ഇടയാകുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറ് ഭരിക്കാൻ ആ മനുഷ്യനെകൊണ്ടു കൊള്ളുകയില്ലാ. ട്രാൻസ്പോർട്ട് സർവീസ് നടത്താൻ ഗവമ്മെണ്ടിനു് സാദ്ധ്യമല്ലെങ്കിൽ, മതിയാക്കുന്നതു് നന്നു്. മററാളുകൾ ശരിക്കു നടത്തികൊള്ളും. വർക്ക്ഷാപ്പിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ഓരോ സെക്ഷനിലും മന്ത്രിമാരുടെ ഓരോ ആളുകളെ ഉദ്യോഗസ്ഥന്മാരായിട്ടു കാണാം. അവരുടെ ഇഷ്ടംപോലെയാണ് അവിടം ഭരിക്കുന്നതു്. ഈ മാതിരി കൊള്ളരുതായ്മകൾ ഇതിനുമുൻപു് ഒരിക്കലും ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാകാതിരിക്കണമെന്നു് എനിക്കു് ഒരപേക്ഷയുമുണ്ടു്. വർക്ക്ഷാപ്പിലെ ഫിററന്മാരുടെ ശമ്പളം വളരെ കുറവാണെന്നുള്ളതു് ഗവമ്മെൻറിനുതന്നെ ബോദ്ധ്യം വന്നിട്ടുള്ളതാണ്, അതുപോലെതന്നെ കൺട്രാക്ടറന്മാരുടെ ശമ്പളവും. ഇവിടത്തെ ഫിററന്മാരുടെയും കൺട്രാക്ടന്മാരുടെയും ശമ്പളവും, ഹൈദരബാദ്, ബോംബെ, മുതലായ സ്ഥലങ്ങളിൽ അവരുടെ ശമ്പളവും, കാണിക്കുന്നതായ ഒരു ലിസ്ററ് എൻെറ കൈവശമുണ്ടു്. അതു് ഞാൻ വായിക്കുന്നതു് ക്ഷമിക്കുമെന്നു് വിശ്വസിക്കുന്നു.

Mr. Speaker: If it is a long list, it is better not to read it now.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ കണക്കുകൊണ്ടു് തിരുവിതാംകൂറിനെക്കാൾ കൂടുതൽ ശമ്പളം ഇത്തരം ജീവനക്കാർക്കു് മററു സ്ഥലങ്ങളിൽ കൊടുക്കുന്നുണ്ടെന്നു് കാണാം. ഇത്ര നിസ്സാരമായ ശമ്പളം വാങ്ങിച്ചുകൊണ്ടു് സേവനം അനുഷ്ഠിക്കുന്ന ഇവർക്കു് യഥാർത്ഥത്തിൽ നൈരാശ്യമുണ്ടായി കാണുന്നതിലെന്താണതിശയം. അതുകൊണ്ടാണ് കൂടെക്കൂടെ ഇവർ പണിമുടക്കം മററും നടത്തുന്നതിനു് തയ്യാറാകുന്നതു്. പൊതുജനങ്ങളിൽനിന്നും കിട്ടുന്ന പണത്തിനു് യാതൊരു അളവുമില്ലാതെയാണ് ഇരിക്കുന്നതെങ്കിലും ശമ്പളം വകയിൽ ഈ താഴ്ന്ന തരം ജീവനക്കാർക്കു് അതുകൊണ്ടു് ഒരു ഗുണവും ഉണ്ടായിട്ടില്ല. എൻെറ സ്നേഹിതൻ മി. കുമാരനാചാരി പറഞ്ഞതുപോലെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ എന്നു പറയുന്നതു് ആളുകളെ പററിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു ഡിപ്പാർട്ടുമെൻറ് മാത്രമാണ്. മറെറാരു കാര്യം പറയാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നു് ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ചാണ്. വളരെ അധികം ധനം ആ ഇനത്തിൽ ചിലവഴിക്കുന്നുണ്ടു്. എന്നാൽ വരുത്തുന്ന ബസ്സുകൾ അല്പദിവസത്തെ ഉപയോഗത്തിനുശേഷം ചീത്തയാകുകയോ അല്ലെങ്കിൽ കാണാതാകുകയോ ആണ് ചെയ്യുന്നതു്. ഉദാഹരണമായി ഒന്നുമാത്രം ഞാൻ പറയാം.

[Sri. Ponnara G. Sreedhar]

ഇൻറർ നാഷണൽ ട്രക്ക് എന്ന കുറെ ചേസിസ്സുകൾ വരുത്തി. വരുത്തി എന്നല്ലാതെ അതു് ഇപ്പോൾ എവിടെയാണെന്നുകൂടി ആർക്കും നിശ്ചയമില്ല. ഇങ്ങനെയാണ് ഡിപ്പാർട്ടുമെൻറിൽനിന്ന് വാങ്ങുന്ന ബസ്സുകളുടേയും സാമഗ്രികളുടെയും നില. ഒരിനം ചേസിസ്സ് വാങ്ങിയതിനെപ്പററി നാട്ടിൽ പൊതുവെ ഉണ്ടായിരിക്കുന്ന ആരോപണങ്ങളെപ്പററി ഒന്നുംതന്നെ ഞാൻ ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. ഏവംവിധം ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യവും വളരെ കഷ്ടത്തിലാണ്. എക്സ്പ്രസ്സ് കോച്ച് എന്ന ഒരു വാഹനമുണ്ട്. അക്രമമായിട്ടുള്ള നിരക്കാണ് വച്ചിരിക്കുന്നതു്, എന്നാൽ അതനുസരിച്ചുള്ള സുഖസൗകര്യങ്ങളില്ലതാനും. ഒരു ബസ്സ് സ്റ്റാപ്പിലും യാത്രക്കാർക്ക് വെയിൽകൊള്ളാതെ നിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുത്തിട്ടില്ല. ബസ്സുകളിലെല്ലാം ധാരാളമായി ഓവർലോഡു് കയറുന്നതുകൊണ്ടു് യാത്രക്കാർക്ക് വളരെ അസൗകര്യങ്ങൾ നേരിട്ടുകൊണ്ടാണിരിക്കുന്നതു്. ഈ അസൗകര്യങ്ങൾ ഇത്രത്തോളമുണ്ടായിരുന്നിട്ടും കൂടുതൽ ബസ്സുകൾ വരുത്തുന്ന കാര്യത്തിൽ ഗവൺമെണ്ടു് എതിരുമാണ്. ആളുകളെ ഞെക്കിപ്പിഴിഞ്ഞു് പണം സമ്പാദിക്കുന്നതിനായിട്ടാണ് ഈ ഡിപ്പാർട്ടുമെൻറ് കൈവിടാതെ വച്ചിരിക്കുന്നതു്. തിരുവിതാംകൂർ ഗവൺമെണ്ടിനെക്കുറിച്ചു് വിരോധവും വെറുപ്പും ആളുകളുടെയിടയിലുണ്ടായിരിക്കുന്നതിനു് പ്രധാന കാരണം ട്രാൻസ്പോർട്ടും, പോലീസും ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനം മൂലമാണ്. ഈ രണ്ടു ഡിപ്പാർട്ടുമെൻറും ഒന്നു ശരിയാകുമ്പോൾ രാജ്യം നന്നാകും. ഞാൻ പല അവസരങ്ങളിലും ബസ്സിനുവേണ്ടി കാത്തുനില്ക്കുകയും നൈരാശ്യപ്പെട്ടു മടങ്ങിപ്പോകുകയും ചെയ്തിട്ടുണ്ടു്. എന്നെപ്പോലെ പല ആളുകൾക്കും ഈ അനുഭവം പററിയിട്ടുണ്ടു്. ഈ കാര്യങ്ങളെപ്പററി അധികൃതരോടു് പരാതിപ്പെട്ടിട്ടുമുണ്ടു്. ഫലം ഇല്ലെന്നു കണ്ടു് ഞാൻ ഇപ്പോൾ ബസ്സിൽ കയറുന്ന ഒരു പതിവു് വേണ്ടെന്നു വച്ചിരിക്കുകയാണ്. അത്രത്തോളം ഈ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു് എനിക്കു വെറുപ്പു് തോന്നിയിട്ടുണ്ടു്. അതുകൊണ്ടാണ് ഈ ഡിപ്പാർട്ടുമെൻറാലെ ആപ്രേഷൻ ചിലവിലേക്കായി നീക്കിവച്ചിരിക്കുന്ന ൯൫,൯൭,൩൦൦ രൂപയിൽനിന്നും ഒരു രൂപ കുറക്കണമെന്നുള്ള ഖണ്ഡനോപക്ഷേപം ഇവിടെ ഹാജരാക്കിയതു്. ഈ ഉപക്ഷേപത്തോടു് സഭ അനുകൂലിക്കുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. എ. കെ. വാച്ചുപിള്ള</u>: ബഹു. മെമ്പർ ഹാജരാക്കിയ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ് ചെയ്യുന്നതു്. ഇതിനെ അനുകൂലിച്ചുകൊണ്ടു് എനിക്കു് ഒന്നുരണ്ടുകാര്യങ്ങൾ ഗവൺമെൻറു ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതുണ്ടു്. ഇതുവരെ ൧൯൫൬-ലേയും ഈ വർഷത്തേയും, ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണ റിപ്പോർട്ടു് പ്രസിദ്ധീകരിച്ചിട്ടില്ല. ഇപ്പോൾ ജനപ്രതിനിധികൾക്കു് ലഭിച്ചിരിക്കുന്ന ഏക റിപ്പോർട്ടു് ഈ ഡിപ്പാർട്ടുമെൻറിൻെറ ൧൯൫൪-ലെ ഭരണ റിപ്പോർട്ടാണ്. ഈ റിപ്പോർട്ടു് ഈ ഡിപ്പാർട്ടുമെൻറിലെ വളരെ പ്രധാനപ്പെട്ട ചില സംഗതികൾ നമുക്കു നല്കുന്നുണ്ടു്. ൧൯൫൪-ൽ ആകെ രണ്ടേകാൽ കോടി യാത്രക്കാർ സഞ്ചരിച്ചിട്ടുണ്ടു്. ആകെ ൯ മുതൽ ൧൦ വരെ കോടി മൈൽ ഡിപ്പാർട്ടുമെൻറു വാഹനങ്ങൾ സഞ്ചരിച്ചിട്ടുണ്ടു്. ഇതാണ് ഇതിൽനിന്നും കാണുന്നതു്. ൧൯൫൬-ലെ ഭരണറിപ്പോർട്ടു് പ്രസിദ്ധീകരിക്കുമ്പോൾ ഇതിനേക്കാളും കൂടുതൽ യാത്രക്കാർ സഞ്ചരിച്ചതായും ൧൯൫൪-ലേതിനേക്കാൾ വളരെ കൂടുതൽ മൈൽ ഡിപ്പാർട്ടുമെൻറു വാഹനങ്ങൾ യാത്രചെയ്തതായും വെളിവാകുന്നതുമാണ്. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി ചർച്ചചെയ്യുമ്പോൾ പല സംഗതികളും നമുക്കു് ഓർമ്മിക്കേ

[Sri. A. K. Patchu Pillai]

ണ്ടതായിട്ടാണിരിക്കുന്നതു്. ഒന്നാമതായി എത്ര കാലമായിട്ടാണു് പൊതുധനം ഡിപ്പാർട്ടുമെൻറു് ഉപയോഗിക്കുന്നതെന്നും എത്ര തൊഴിലാളികളുടെ ക്ഷേമമാണു് ഈ ഗവമ്മെണ്ടു് അന്വേഷിക്കുന്നതെന്നും ഇതിൻെറ ഗുണഭോക്താക്കളായിരിക്കുന്ന യാത്രക്കാർക്കു് കിട്ടുന്ന സഞ്ചാരസൗകര്യം എങ്ങനെയാണെന്നും മററുമുള്ള കാര്യങ്ങളെപ്പററി നാം ഒന്നു് അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിലെ ലാഭനഷ്ടക്കണക്കിനെപ്പററി നോക്കുകയാണെങ്കിൽ എല്ലാ വർഷവും ഒരു വലിയ ലാഭം ഈ ഡിപ്പാർട്ടുമെൻറിലേക്കു് ലഭിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ കഴിയുന്നതോടൊപ്പംതന്നെ—അതായതു് അങ്ങനെ സമ്പാദിക്കുന്നതോടൊപ്പംതന്നെ—ഓരോ വർഷം ചെല്ലുന്തോറും ഈ ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികൾക്കും ഡിപ്പാർട്ടുമെൻറൽ ബസ്സുകളിൽ സഞ്ചരിക്കുന്ന യാത്രക്കാർക്കും കിട്ടുന്നതായ സൗകര്യങ്ങൾ കുറഞ്ഞുവരുണ്ടെന്നും കാണാൻ കഴിയുന്നതാണു്. ഇതാണു് ഈ ഡിപ്പാർട്ടുമെൻറു് സംബന്ധിച്ചിടത്തോളം നമുക്കു കാണാൻ കഴിയുന്നതു്. ലാഭനഷ്ടക്കണക്കു് വിട്ടിട്ടു് മററു് ബഹു. മെമ്പറന്മാർ പറയാത്ത വേറെ ഒന്നുരണ്ടു് അത്യാവശ്യസംഗതികൾ മാത്രം ഞാൻ പറയാം. ഇതിലെ തൊഴിലാളികളെപ്പററി പറയുകയാണെങ്കിൽ അവരുടെ ക്ഷേമം ഗവമ്മെൻറു് വേണ്ടവിധത്തിൽ അന്വേഷിക്കുന്നില്ലെന്നുള്ള കാര്യം വളരെ വിനയപൂർവ്വം ഞാൻ ധരിപ്പിച്ചുകൊള്ളുന്നു. ഈ വിഷയത്തെ സംബന്ധിച്ചു് ഈ അസംബ്ലിയിൽ രാജപ്രമുഖൻ ചെയ്ത പ്രസംഗത്തിൻെറ പത്തൊൻപതാമത്തെ പാരയിൽ സ്റ്റാഫിൻെറ ക്ഷേമത്തെപ്പററി പറഞ്ഞിരിക്കുന്നു. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ൧൫-ാമത്തെ പാരയിൽ ഗവമ്മെണ്ടു് സർവ്വീസിൽ ഉള്ള ആളുകളുടെ സംതൃപ്തിയാണു് ഒരു ഭരണത്തിൻെറ വിജയത്തിനു് അടിസ്ഥാനമെന്നു് സൂചിപ്പിച്ചിരിക്കുന്നു. അങ്ങനെ പത്തൊൻപതാം പാരയിലും ൧൫-ാം പാരയിലും അടങ്ങിയിരിക്കുന്ന ആ തത്വം വച്ചുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെ വിമർശിക്കണം. അങ്ങനെയാണെങ്കിൽ തൊഴിലാളികൾക്കു് യാതൊരുവിധമായ സംതൃപ്തിയും സുഖസൗകര്യങ്ങളും ലഭിച്ചിട്ടില്ലെന്നാണു് നമുക്കു മനസ്സിലാകുന്നതു്. മുപ്പതുമുതൽ നാല്പത്തഞ്ചുവരെ സ്കെയിലുള്ള തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. കണ്ടക്ടേഴ്സ് ഡ്രൈവേഴ്സ് മുതലായവരാണു്. ഇവർക്കു് രണ്ടും മൂന്നും വർഷം കഴിഞ്ഞതിനുശേഷവും ഡിപ്പാർട്ടുമെൻറിലുണ്ടായ അടുത്ത വേക്കൻസികളിൽ പ്രമോഷൻ കൊടുക്കുന്നതിനുപകരം റീആർഗനൈസേഷൻെറ പേരിൽ യാതൊരാവശ്യവുമില്ലാത്ത കാലതാമസം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. അതായതു് അവർക്കു് ന്യായമായി കിട്ടേണ്ട പ്രമോഷൻ കൊടുക്കാതെ അവരെ വിഷമിപ്പിക്കുകയാണു് ചെയ്യുന്നതു്. റയിൽവേ ഭരണവും നമ്മുടെ ട്രാൻസ്പോർട്ടു ഭരണവുമായി ഈയവസരത്തിൽ ഒന്നു് താരതമ്യം ചെയ്തു നോക്കേണ്ടതാണു്. റയിൽവേയിലാണെങ്കിൽ അവർക്കാവശ്യമുള്ള സാധനസാമഗ്രികൾ മിതമായ വിലക്കു് കൊടുക്കുകയും മററും ചെയ്തിരുന്ന ഏർപ്പാടു് മുമ്പുണ്ടായിരുന്നു. അതു് ഇപ്പോൾ ഇൻഡ്യാഗവമ്മെൻറു തുടർന്നുവരികയും ചെയ്യുന്നുണ്ടു്. എന്നാൽ നമ്മുടെ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ സ്ഥിതി ഇങ്ങനെയുമാണു്. ഗവമ്മെണ്ടിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വ്യവസായ സ്ഥാപനങ്ങളിലെ സ്ഥിതി ഇതാണെങ്കിൽ മററു വ്യവസായസ്ഥാപനങ്ങളിലെ സ്ഥിതി എന്തായിരിക്കുമെന്നു് പറയാതെതന്നെ അറിയാവുന്നതാണു്. ഗവമ്മെൻറു് മാതൃകാപരമായി ഈ മാതിരി കാര്യങ്ങളിൽ പെരുമാറിയില്ലെങ്കിൽ മററു പ്രൈവററു് വ്യവസായികൾ അതുമാതിരി പെരുമാറുകയില്ല. ഇങ്ങനെ ഈ തൊഴിലാളികൾ വളരെ വൈഷമ്യങ്ങൾ അനുഭ

വിക്കുന്നു. കഴിഞ്ഞ ഫെബ്രുവരി ൨൭-ാം തീയതി കാലത്ത് എട്ടേകാൽ മണിക്കുള്ള എക്സ്പ്രസ്സ് വണ്ടിയിൽ ഞാൻ കോട്ടയത്തേക്കു പോയി. കോട്ടയത്തെത്തിയപ്പോഠം വൈകുന്നേരം മണി അഞ്ചരയായി. വഴിയിൽ മിക്കസ്ഥലത്തും ബസ്സിലുണ്ടായിരുന്ന തകരാറുനിമിത്തം ഇടക്കിടക്കു നിറുത്തിയും പിന്നെ മററു സാധാരണ ബസ്സുകളിൽ എക്സ്പ്രസ്സിലുണ്ടായിരുന്ന യാത്രക്കാരെ കയററിവിട്ടും ഇങ്ങനെ ധാരാളം ബുദ്ധിമുട്ടുകഠം അനുഭവിച്ചു. എക്സ്പ്രസ്സിനു ടിക്കററു കൊടുത്തതിനുശേഷം സാധാരണ ബസ്സുകളിൽ കയററി ഇങ്ങനെ ഇടക്കിടക്കു ബ്രേക്കു ഡൗൺ ആകുന്ന സ്ഥലത്തെല്ലാം താമസിപ്പിച്ച് റിപ്പയർ പൂർത്തിയാകുന്നതുവരെ കണ്ടക്ടരേയും ഡ്രൈവരേയും വഴിയിൽ ഇട്ടു യാത്രക്കാർ പോകുന്നു. ഇപ്രകാരം വളരെ വൈഷമ്യമുണ്ടാക്കുന്ന രീതിയിലാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. എന്നാൽ ഈ ബസ്സുകഠം അടിക്കടി ബ്രേക്ക് ഡൗൺ ആകുന്നതുനിമിത്തം അതിൻെറ തകരാറുകഠം അപ്പോഴപ്പോഠം മാററേണ്ടിവരുന്നതും എന്നാൽ അങ്ങനെ വഴിയിൽ കിടന്നു വിഷമിക്കുന്ന തൊഴിലാളികഠംക്കു ബോണസ്സോ മററലവൻസുകളോ നല്കാതെ അവരെ അസംതൃപ്തരാക്കുന്നതും ഒരിക്കലും ആശാസ്യമല്ല. അതുപോലെതന്നെയാണ് യാത്രക്കാരുടെ വൈഷമ്യങ്ങളും. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ ഉപസംഹരിക്കാം. ഈയിടെ ഹൈദരാബാദു് പ്രധാന മന്ത്രിയായിരിക്കുന്ന വെള്ളോടി അടുത്തകാലത്തു് ഹൈദരാബാദിൽ ഉള്ള സാധാരണ ബസ്സുകളിലും ട്രാം കാറുകളിലും സാധാരണക്കാർക്കു ഉണ്ടാകുന്ന ബുദ്ധിമുട്ടുകഠം നേരിട്ടുകണ്ടു് അറിയുന്നതിനുവേണ്ടി അവരുടെകൂടെ സാധാരണ ബസ്സിലും ട്രാംവണ്ടികളിലും സഞ്ചരിക്കുന്നുണ്ടു്. ബോംബെ ഗവണ്ണരായ മഹാരാജസിംഗ് മൂന്നാംക്ലാസ്സ് യാത്രക്കാരോടുകൂടി വേഷപ്രച്ഛന്നനായി യാത്രചെയ്തു് അവരുടെ ബുദ്ധിമുട്ടുകഠം നേരിട്ടു കണ്ടറിഞ്ഞു് വേണ്ട പരിഹാരം നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ നമ്മുടെ മന്ത്രിമാരാകട്ടെ സ്റ്റേററു് കാറുകളിൽ കയറി ചാരിയിരുന്നു മന്ത്രിപദവിൽ മനംമയങ്ങി സാധാരണക്കാരുടെ ബുദ്ധിമുട്ടുകളെന്തെന്നറിയാതെ കഴിയുകയാണ് ചെയ്യുന്നതു്. ഭാവനാസമ്പന്നർ മാത്രമായ നമ്മുടെ മന്ത്രിമാർ ഇങ്ങനെ സഞ്ചരിച്ചു്—അതായതു്, മി. വെള്ളോടിയും മഹാരാജസിംഹും ചെയ്തതുപോലെ നേരിട്ടു് സാധാരണക്കാരുടെ ബുദ്ധിമുട്ടുകഠം കണ്ടറിയുമെങ്കിൽ നന്നായിരിക്കുമായിരുന്നു. ഇത്രയും കാര്യങ്ങഠം മനസ്സിൽ വച്ചുകൊണ്ടു് ഡിപ്പാർട്ടുമെൻറു് പ്രവർത്തനത്തിൽ ശ്രദ്ധിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

Mr. Speaker : There are some cut motions in the supplementary list. There is one motion standing in the name of Mr. Kannara Gopala Panicker. Is he moving the cut motion?

Sri. Kannara Gopala Panicker: Yes, Sir, I move to reduce the allotment of Rs. 81,900 for Pay of Establishment by Rupee 1.

സർ, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലെ പരാതികളെക്കുറിച്ചു പലരും പറഞ്ഞുകഴിഞ്ഞു. ബസ്സർവ്വീസ് ഏററവും ഭംഗിയായി നടത്തുന്നതിനു സാധിക്കുന്ന ഒരു കാര്യത്തെക്കുറിച്ചു മാത്രമേ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നുള്ളു. ഇന്നു് ഈ ഡിപ്പാർട്ടുമെൻറു ഭരണം കാര്യക്ഷമമായി നടക്കുന്നില്ല. അതു് ഗവമ്മെൻറിനും പൊതുജനങ്ങഠംക്കും അറിയാവുന്ന ഒരു സംഗതിയാണ്. അതിനു കാരണം ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരാണെന്നുള്ളതും എല്ലാവക്കും അറിയാവുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാർ ഇപ്പോഠം പലവിധത്തിലാണിരിക്കുന്നതു്. പെൻഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥന്മാരും പെൻഷൻ ഇല്ലാത്ത ഉദ്യോഗസ്ഥന്മാരും; ബോണസ്സുള്ള ഉദ്യോഗസ്ഥന്മാരും ഇല്ലാത്ത

[Sri Kannara Gopala Panicker]

വരും. മറെറാരു ഡിപ്പാർട്ടുമെൻറിലും ബോണസ് ഉള്ളതായി കാണുന്നില്ല നാൺപെൻഷനബിൾ ഉദ്യോഗസ്ഥന്മാർ പെൻഷനബിൾ ഉദ്യോഗസ്ഥന്മാരെപ്പോലെ അത്രതന്നെ ശുഷ്കാന്തിയോടുകൂടി ജോലിചെയ്യുന്നതായി കാണാറില്ല എല്ലാ ഉദ്യോഗസ്ഥന്മാക്കും പെൻഷൻ ലഭിക്കത്തക്കവിധത്തിൽ ഏർപ്പാടുചെയ്യുകയാണെങ്കിൽ ഡിപ്പാർട്ടുമെൻറിൽ അസംതൃപ്തി ഉണ്ടാവുകയില്ല. എന്തായാലും ഒരേ തരത്തിലുള്ള ഏർപ്പാട് ഉണ്ടായിരിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറ് കൺഫേം ചെയ്യുന്നതിനുമുമ്പ് ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാക്കു പെൻഷൻ അനുവദിച്ചിട്ടുണ്ട്. അല്ലാത്തവക്കു പെൻഷൻ ഇല്ല. ഇങ്ങനെയാണ് ഏർപ്പാട്. ഇവക്കു തങ്ങളിൽ ശമ്പളത്തിനും വ്യത്യാസമുണ്ട്. ഇതു് ഒരിക്കലും ശരിയല്ല. ഹൈദരാബാദ്, ബാംബെ മുതലായ സ്ഥലങ്ങളെ അപേക്ഷിച്ചു നോക്കിയാൽ ഇതു് ശരിയല്ലെന്നു മനസ്സിലാകുന്നതാണ്. ഇപ്പോൾ ഡ്രൈവറന്മാർ, കണ്ടക്ടർമാർ മുതലായവക്കു നൽകിയിരിക്കുന്ന ശമ്പളം തീരെ അപര്യാപ്തമാണ്. അവർ സ്വന്തസ്ഥലംവിട്ടു മററു സ്ഥലങ്ങളിൽ ചെന്നു് ആഹാരം കഴിക്കേണ്ടതായിട്ടു വരുന്ന സന്ദർഭങ്ങൾ ധാരാളം ഉണ്ടാകുന്നതാണ്. അതിനാൽ അവക്കു ശമ്പളം കൂട്ടിക്കൊടുത്തില്ലെങ്കിൽ അവർ വളരെ വിഷമിക്കുന്നതാണ്. ബസ്സ് സർവീസിനെക്കുറിച്ചു പരാതിയുണ്ടാകുന്നതിനു് വേറൊരു കാരണംകൂടിയുണ്ട്. ഞാൻ പറയുന്നതു് ഈ ഡിപ്പാർട്ടുമെൻറ് വെറും ഒരു കാമേഴ്സ്യൽ മനസ്ഥിതിയോടുകൂടി നടത്താൻ പാടില്ലെന്നാണ്. ഈ ഡിപ്പാർട്ടുമെൻറിൽ ഒരു കോടി അറുപതുലക്ഷം രൂപാ മിച്ചം വരുന്നുണ്ടെന്നു് കാണുന്നു. ആ രൂപാ പൊതുജനങ്ങളുടെ യാത്രാസൗകര്യത്തിനു ഉപയോഗിക്കുകയാണെന്നുവരുകിൽ ഈ പരാതി കുറെ കുറക്കുവാൻ സാധിക്കും. ഇപ്പോൾ ടിക്കററു കൊടുക്കുന്ന സമ്പ്രദായത്തിൽ കൊല്ലം, കൊട്ടാരക്കര, തിരുവനന്തപുരം, കോട്ടയം മുതലായ സ്ഥലങ്ങളിൽ വലിയവ്യത്യാസം ഉണ്ട്. പല സിസ്റ്റമാണ് നടപ്പിലിരിക്കുന്നതു്. ഒന്നു ക്യൂ സിസ്ററവും. മറെറാന്നു് കൗപ്പൺ സിസ്റ്റവുമാണ്. ക്യൂ സിസ്റ്റമാണെങ്കിൽ ചിലപ്പോൾ നാലോ അഞ്ചോ മണിക്കൂർ നിൽക്കേണ്ടതായിട്ടാണ് വരുന്നതു്. അതിനാൽ കൊല്ലം മുതലായ സ്ഥലങ്ങളിലെപ്പോലെ കൗപ്പൺ സിസ്റ്റം ടിക്കററു വാങ്ങിക്കുന്നതിനു് സൗകര്യമായിരിക്കുന്നതാണ്. ക്യൂ സിസ്റ്റം ക്രൂരനായ ഒരദ്ധ്യാപകൻ തൻെറ ശിഷ്യനു് നൽകുന്ന ശിക്ഷയേക്കാൾ ഭയങ്കരമാണ്. തിരുവല്ലാ, ചങ്ങനാശേരി, മുതലായ സ്ഥലങ്ങളിൽ വേറൊരുവിധം സിസ്റ്റമുണ്ട്. 'ഇടി' സിസ്റ്റം. ഇതു് സാധാരണക്കാക്കൊന്നും സാദ്ധ്യമല്ല. ഒരു അരമണിക്കൂർ എങ്കിലും ഇടികൊണ്ടാലെ അവിടെ ടിക്കററു ലഭിക്കുകയുള്ളു. മന്ത്രിമാർ ഈ സ്ഥലങ്ങളിൽ ചെന്നു് ഈ സിസ്റ്റമനുസരിച്ചു ടിക്കററു വാങ്ങിക്കുകയാണെങ്കിൽ ഇതിൻെറ ഭയങ്കരത എത്രയുണ്ടെന്നു് മനസ്സിലാകുന്നതാണ്. ഇങ്ങനെ ഈ ഞെരുക്കിൽനിന്നു് ഇടികൊള്ളുന്നതു നിമിത്തം രോഗങ്ങളും ഉണ്ടാകുന്നു. അതിനാൽ ഈ സമ്പ്രദായം നിറുത്തി ടിക്കററു കൊടുക്കുന്നതിനു് സൗകര്യമായ വിധത്തിൽ നിർദ്ദേശം നൽകണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ൭൧൦ ലക്ഷം രൂപാ ലാഭം കിട്ടുന്ന ഈ ഡിപ്പാർട്ടുമെൻറു വെറും കമേഴ്സ്യൽ മനസ്ഥിതിയോടുകൂടി ഭരിക്കാതെ യാത്രക്കാരുടെ സുഖസൗകര്യങ്ങളെ അന്വേഷിച്ചു് വേണ്ടവണ്ണം നിയന്ത്രിക്കണമെന്നു അപേക്ഷിക്കുന്നു. ഈ ൭൧൦ ലക്ഷം രൂപായും പുതിയ ബസ്സുകൾ വാങ്ങിക്കാൻ ഏർപ്പാടുചെയ്യുകയാണെങ്കിൽ ഈ വിഷയത്തിലുള്ള പരാതി കുറയുമെന്നു് വിശ്വസിക്കുന്നു. പ്രൈവററ് സർവീസുകാക്കു പുതിയ ബസ്സുകൾ ലഭിക്കുന്നതിൽ വലിയ പ്രയാസമൊന്നും കാണാത്തതുകൊണ്ടു് ഗവമ്മെൻറിനു് തീരെ പ്രയാസം

കാണുകയില്ലെന്നാണ് വിചാരിക്കേണ്ടത്. ബസുകളിലെ തകരാറുകൾ തീർക്കുവാൻ നല്ല ഫിററർമാരും എഞ്ചിനീയർമാരും ലഭിക്കാത്തതുകൊണ്ടോ ബസുകൾ കുറവായതുകൊണ്ടോ ആണല്ലോ പരാതികൾ ഉണ്ടാകുന്നത്. ഇങ്ങനെ പുതിയ ബസ്സുകൾ വാങ്ങിക്കുകയും അററകുററങ്ങൾ അപ്പോഴപ്പോൾ തീർക്കുവാൻ വേണ്ട വൈദഗ്ദ്ധ്യമുള്ളവരെ ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കുകയും ചെയ്താൽ പിന്നെ പരാതി ഉണ്ടാകുമെന്നു തോന്നുന്നില്ല.

മറെറാന്ന് എക്സ്പ്രസ്സിൻെറ കാര്യമാണ്. ഇപ്പോഴത്തെ എക്സ്പ്രസ്സ് ബസ്സുകളിൽ ൯൦ ശതമാനവും പഴയ ബസ്സുകൾ ആണ്. അതിനകത്തിരുന്ന് യാത്രക്കാർ അനുഭവിക്കുന്ന വൈഷമ്യങ്ങൾ വളരെയാണ്. മുമ്പ് സിററി സർവ്വീസായിരുന്ന ബസുകൾ ഇപ്പോൾ എക്സ്പ്രസ്സ് സർവ്വീസാക്കിയിരിക്കയാണെന്നാണ് കേട്ടത്. ഇന്നലെ ഞാനും എൻെറ ഒന്നുരണ്ടു സ്നേഹിതന്മാരും ഇതുമാതിരിയുള്ള ഒരു ബസ്സിലാണ് വന്നത്.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, എക്സ്പ്രസ്സ് വണ്ടികളിൽ യാത്രചെയ്യുന്നതിനുള്ള വിഷമതകളെപ്പററിയാണ് ഞാൻ സംസാരിച്ചുകൊണ്ടിരുന്നത്. എക്സ്പ്രസ്സ് സർവ്വീസ് ഇപ്പോൾ ഉള്ളതിൽനിന്നും കുറച്ചുകൂടി വർദ്ധിപ്പിക്കണം. കോട്ടയത്തുനിന്നും തിരുവനന്തപുരത്തേക്ക് പന്ത്രണ്ടേകാൽ മണിക്ക് ഒരു വണ്ടിവിട്ടാൽ പിന്നെ മൂന്നരമണിക്കൂർ കഴിഞ്ഞതാണ് അടുത്തവണ്ടി പുറപ്പെടുന്നത്. അതുപോലെതന്നെ തിരുവനന്തപുരത്തുനിന്നും ഇതുപോലെ ഒരു ഗ്യാപ്പുവിട്ടാണ് കോട്ടയത്തേക്കു പോകുന്നത്. അതുകൊണ്ട് എക്സ്പ്രസ്സ് സർവ്വീസ് വർദ്ധിപ്പിക്കേണ്ടതാണ്.

തൊഴിലാളികളുടെ സുഖസൗകര്യങ്ങൾക്കുവേണ്ടിയാണ് ട്രെയിഡ്യൂണിയൻ സംഘടിക്കുന്നത്. അതിൽ ട്രാൻസ്പോർട്ടുദ്യോഗസ്ഥന്മാർ ഇടപെട്ടു ചില കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനു ശ്രമിച്ചുവരുന്നുണ്ട്. ഈ അടുത്തകാലത്ത് കോട്ടയത്തുള്ള യൂണിയനിൽനിന്നും ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചില പാരിതോഷികങ്ങളും മററും ചിലക്കു നൽകി അതിനെ പിൻവലിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇങ്ങിനെ ഭിന്നിപ്പുണ്ടാക്കി ഭരിക്കുന്നത് സ്വീകാര്യമല്ല.

മറെറാന്നു പറയാനുള്ളത് ഡിപ്പാർട്ടുമെൻറിൽ കണ്ടക്ടർമാരായും ഡ്രൈവറന്മാരായും വളരെയധികം ആളുകളുണ്ടെങ്കിലും അതിൽ ചിലരെ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ അവരുടെ ചെല്ലപ്പിള്ളകളായി കരുതിവരുന്നു എന്നുള്ളതാണ്. അതായത് അങ്ങനെയുള്ളവർക്കു വളരെക്കാലം സൌകര്യമുള്ള സ്ഥലങ്ങളിൽതന്നെ ജോലികൊടുത്തുവരുന്നു. മററുള്ളവർക്കു വളരെ അസൌകര്യങ്ങളുള്ള സ്ഥലങ്ങളിലാണ് ജോലികൊടുക്കുന്നത്. അങ്ങനെയുള്ള ഒരു വ്യത്യാസം നീക്കി ഒരു ഷിഫ്ററു സമ്പ്രദായമെന്ന തരത്തിലായാലും തരക്കേടില്ല, എല്ലാവർക്കും സൌകര്യമുള്ള സ്ഥലങ്ങൾ ഇടക്കിടക്കു കിട്ടത്തക്കതരത്തിൽ പ്രവർത്തിക്കുന്നത് നന്നായിരിക്കും.

ഈയിടെ ഒരു പരിഷ്കാരം ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ചെയ്തതായി അറിയുന്നു. അതിൻെറ ആവശ്യവും പ്രയോജനവും എന്താണെന്നു മനസ്സിലാകുന്നില്ല. ടൈംകീപ്പർ എന്ന പേരിൽ അറിയപ്പെടുന്ന ഉദ്യോഗസ്ഥനാണ് വണ്ടികൾ സമയത്തിന് അങ്ങോട്ടും ഇങ്ങോട്ടും അയക്കുന്നത്. ആ ഉദ്യോഗസ്ഥൻെറ പേര് ഇപ്പോൾ സ്റ്റാർട്ടർ എന്നാക്കിയതാണ് ഇപ്പോൾ വരുത്തിയിട്ടുള്ള പരിഷ്കാരം. എന്നാൽ ഈ പേരുമാററം വരുത്തിയതോടുകൂടി എന്തെങ്കിലും

[Sri. Kannara Gopala Panicker]

ശമ്പളക്കൂടുതലോ അലവൻസോ യാതൊന്നുംതന്നെ അനുവദിച്ചിട്ടുമില്ല. പിന്നെ ഇങ്ങനെ ഈ പേരിൽമാത്രം മാററംവരുത്തുന്നതു്........

ശ്രീ. കളത്തിൽ വേലായുധൻനായർ: ടൈംകീപ്പർക്കു് ടൈംകീപ്പുചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ആ പേരു്മാററിയതാണെന്നു വിചാരിക്കരുതോ?

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: അങ്ങനെയാണെങ്കിൽ ആ ഉദ്യോഗത്തിന്റെതന്നെ ആവശ്യമില്ലല്ലോ? ഇപ്പോൾ വളരെയധികം ആളുകളെ കണ്ടക്ടറായും മററം സെലക്ടു് ചെയ്തിട്ടുണ്ടു്. എന്നിട്ടും ഒരാൾ രാവിലെ ജോലിക്കു പോയി വൈകിട്ടു തിരിച്ചുവന്നാൽ വീണ്ടും അയാളെതന്നെ സ്പെഷ്യലായി നിയമിച്ചുവരുന്ന ഒരു പതിവു കാണുന്നുണ്ടു്. അങ്ങനെ സ്പെഷ്യലായി നിയമിച്ചാൽ അയാൾക്കു അലവൻസു് കൊടുക്കേണ്ടതാണു്. അലവൻസു് ഒന്നും കൊടുക്കാതെ കൂടുതൽ ജോലി ചെയ്യിക്കുന്നതു വളരെ കഷ്ടമാണു്. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലെ ജോലി വളരെ പ്രയാസമുള്ള ഒന്നാണു്. ആ സ്ഥിതിക്കു് ആ ഡിപ്പാർട്ടുമെന്റിലെഉദ്യോഗസ്ഥന്മാർക്കു അവർ അർഹിക്കുന്നത്ര ശമ്പളക്കൂടുതൽ കൊടുക്കേണ്ടതാണു്.

മറെറാരു പരിഷ്കാരം വരുത്തിയിരിക്കുന്നതു് എം. എസ്. ററി. ആർ. എന്നുള്ളതു മാററി ററി. സി. ററി എന്നും ററി. സി. ക്യു എന്നും, ററി. സി. കെ. എന്നും മററം ആക്കിയിരിക്കുന്നതാണു്; അതുകൊണ്ടു് ആരോ വണ്ടിയുടമസ്ഥനും വരുന്നത്ര നഷ്ടത്തിന്റെ തോതനുസരിച്ചുള്ള പ്രയോജനമില്ലെന്നു എല്ലാവർക്കു മറിയാം. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടിന്റേയും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിന്റേയും ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണു്.

ടൗൺ സവ്വീസിന്റെ കാര്യം പറയുകയാണെങ്കിൽ അതു് ശരിയായ തരത്തിൽ നടക്കുന്നില്ല. ഈ സഭയിലുള്ള പല മെമ്പറന്മാരും ആ ബസ്സിന്റെ കുഴപ്പംകൊണ്ടു് വളരെ താമസിച്ചാണു് വരുന്നതു്. ഒരു ഒമ്പതരമണിക്കു തിരിച്ചാൽപോലും പതിനൊന്നു മണിക്കു ഇവിടെ വന്നുചേരാൻ സാധിക്കാതെയാണിരിക്കുന്നതു്. ഉദാഹരണമായി പറയുകയാണെങ്കിൽ ഈ സഭയിലെ ഒരംഗമായ ശ്രീ. ഗോവിന്ദൻ വളരെ കണിശമായി സഭയിൽ ഹാജരാകുന്ന ഒരംഗമാണു്. അദ്ദേഹത്തിനുപോലും സമയത്തിനുവരാൻ ഇപ്പോൾ സാധിക്കുന്നില്ല. തലസ്ഥാന നഗരിയിൽപോലും സമയാസമയത്തു് വണ്ടി ഓടുന്നില്ലെങ്കിൽ പിന്നെ ഉൾനാടുകളിലെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. സമയത്തിനു ബസ്സുകൾ ഓടാത്തതുകൊണ്ടു ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടു് ചില്ലറയൊന്നുമല്ല.

കൊട്ടാരക്കരനിന്നും തിരുവനന്തപുരത്തേക്കും ചെങ്ങന്നൂരേക്കുംകൂടി എക്സ്പ്രസ്സു് സവ്വീസ് ഏർപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: സർ, ഇന്നു ഇവിടെ നടന്ന പ്രസംഗങ്ങൾ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റ് കാര്യക്ഷമതയില്ലായ്മയ്ക്കു് ഒരു മകുടോദാഹരണമാണെന്നു നമ്മെ മനസ്സിലാക്കുന്നുണ്ടു്. വാസ്തവം പറയുകയാണെങ്കിൽ ഗവമ്മെണ്ടിന്റെ ജയാപജയങ്ങൾ വെളിവാകുന്നതു് ഡിപ്പാർട്ടുമെണ്ടുകളുടെ പ്രവത്തനംമൂലമാണല്ലൊ. ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെണ്ടിന്റെ നടത്തിപ്പിൽനിന്നുമാത്രംതന്നെ ഈ രാജ്യത്തുള്ള ജനങ്ങൾ ഈ ഗവമ്മെണ്ടിന്റെ അപ്രാപ്തിയെ ഇതിനകം അളന്നു കഴിഞ്ഞിട്ടുണ്ടു്. ഈ വകുപ്പിനെപ്പററി വളരെ രൂക്ഷമായ വിമർശനങ്ങൾ ഇവിടെ നടന്നുകഴിഞ്ഞു. കഴിഞ്ഞവഷവും ഇതുപോലെതന്നെ രൂക്ഷമായ വിമർശനങ്ങൾ നടന്നതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

അതിന് മുൻകൊല്ലങ്ങളിലും നിശിതമായ വിമർശനങ്ങൾ നടന്നിട്ടുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൻെറ കാര്യത്തെ സംബന്ധിച്ചിടത്തോളം കാര്യക്ഷമതയില്ലായ്മ, ഒരു പ്ലാൻ അനുസരിച്ചെന്നതുപോലെയാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒരു നിസ്സാരസംഗതിയല്ല. യാത്രാസൌകര്യം പാവപ്പെട്ടവരുടേയും സാധാരണ ജനങ്ങളുടേയും എന്നല്ല എല്ലാതരം ആളുകളുടേയും മൌലികാവശ്യമാണ്. ബസ്സ് യാത്രക്കാർ അനുഭവിക്കുന്ന കഷ്ടതകളുടെ കാര്യമോർത്താൽ ഇനിയെങ്കിലും ഇതിനൊരു അറുതി വരുത്താതിരിക്കുന്നത് ലജ്ജാകരമാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനങ്ങളെ ജനങ്ങൾ ദിവസേന എന്നപോലെ അനുഭവിച്ചും കണ്ടും മനസ്സിലാക്കിക്കൊണ്ടിരിക്കയാണ്. മററു കാര്യങ്ങളിലെന്നപോലെ അവരെ ഇക്കാര്യത്തിൽ എന്തെങ്കിലും സമാധാനംപറഞ്ഞ് വഞ്ചിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് നമ്മുടെ മന്ത്രിമാർ ഈ വിഷയത്തിലെങ്കിലും എന്തെങ്കിലും നന്മചെയ്തു പൊതുജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാൻ യത്നിക്കേണ്ടതാണെന്നു വിചാരിച്ചിട്ടെങ്കിലും ജനങ്ങൾക്ക് ഒരാശ്വാസംനൽകാൻ ശ്രമിക്കേണ്ടതായിരുന്നു. അതിനുള്ള ഭാവനയും അവർക്കില്ലാതെയാണിരിക്കുന്നത്. ഇന്നിവിടെ പല മെമ്പറന്മാരും ഉന്നയിച്ച കാര്യങ്ങൾ ചർവ്വിതചർവ്വണം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. തിരുവനന്തപുരം നാഗർകോവിൽ സർവ്വീസിനെക്കുറിച്ച് ഒന്നു രണ്ടു വാക്ക് പറയാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു. വാസ്തവം പറഞ്ഞാൽ ഇത്ര അനാഥത്വം കളിയാടുന്ന ഒരു രംഗം വേറെയില്ല. തിരുവനന്തപുരം ഗ്യാരേജിൽപോയി അല്പസമയം നിന്നാൽ ജനങ്ങൾ എന്തുമാത്രം കഷ്ടതകളനുഭവിക്കുന്നു എന്നു ആർക്കും കാണാൻ കഴിയും. ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ പറയുകയുണ്ടായി മദ്ധ്യതിരുവിതാംകൂറിൽ ക്യൂ സിസ്റ്റവും കൂപ്പൺസിസ്റ്റവും മററുമുണ്ടെന്ന്. ഇവിടെ കൂപ്പൺ സിസ്റ്റം കണ്ടിട്ടേയില്ല. ക്യൂ സിസ്റ്റം ചിലപ്പോൾ കാണാം. ചിലപ്പോൾ കാണുകയില്ല. പിന്നെ ഒരു സിസ്റ്റം രാജ്യമൊട്ടുക്കു വ്യാപകമായിക്കാണുന്നത് ഗോപാലപണിക്കർ പറഞ്ഞ ഇടി സിസ്റ്റം മാത്രമാണ്. നാഗർകോവിലിൽ പോകാൻ വരുന്ന യാത്രക്കാർ ക്യൂ സിസ്റ്റമനുസരിച്ച് ടിക്കററ് വാങ്ങണമെന്ന് ചുമതലക്കാരായി നില്ക്കുന്നവർ ചിലപ്പോൾ പറയും. മററു ചിലപ്പോൾ വണ്ടിയിൽ കയറി ടിക്കററുവാങ്ങിച്ചാൽ മതിയെന്നും പറയും. അതനുസരിച്ചു ചിലപ്പോൾ വണ്ടിയിൽ കയറിയാൽ ടിക്കററുവാങ്ങിച്ചിട്ടില്ല എന്നുള്ള കാരണത്താൽ വണ്ടിയിൽനിന്നും ഇറങ്ങണമെന്നും പറയാറുണ്ട്. കുറെ ദിവസംമുമ്പ് എൻെറ ഒരു എം. എൽ. എ. സ്നേഹിതൻ നാഗർകോവിലിലേക്ക് പോകാനായി അദ്ദേഹത്തിൻെറ കൂട്ടുകാരോടുകൂടി തിരുവനന്തപുരം ബസ്സ് സ്റ്റാൻറിൽവന്നു. ചുമതലപ്പെട്ട ജീവനക്കാർ വണ്ടിയിൽകയറി ഇരിക്കുവാൻ പറഞ്ഞതനുസരിച്ച് വണ്ടിയിൽകയറി. അതിനുശേഷം ടിക്കററ് വാങ്ങിയില്ല എന്നുള്ള കാരണത്താൽ വണ്ടയിൽനിന്നും ഇറങ്ങാൻ പറയുന്നതു ഞാൻ കേട്ടു. ഈവക കഷ്ടതകൾ ആരറിയാനാണെന്നും ട്രാൻസ്പോർട്ട് ഇത്ര അനാഥമായല്ലോ എന്നും മററും അദ്ദേഹം എന്നോട് പറയുകയുണ്ടായി. ഇങ്ങനെ പലവിധത്തിലുള്ള അന്യായങ്ങൾക്കും കഷ്ടതകൾക്കും യാത്രക്കാർ വിധേയരായിത്തീരുന്നുണ്ട്. അതുകൊണ്ട് കൂപ്പൺ സിസ്റ്റം എന്ന മാതൃകയിൽ നേരത്തെ വരുന്നവർക്ക് ടിക്കററുവാങ്ങി അടുത്തുവരുന്ന ബസ്സിലൊ അല്ലെങ്കിൽ അതിനടുത്തുവരുന്ന ബസ്സിലൊ പോകാൻ സൌകര്യപ്പെടുത്തുന്നതു നന്നായിരിക്കും. അങ്ങനെയൊന്നും ഇവിടെ നടക്കുന്നില്ല. വല്ലവരോടും ഈ കാര്യത്തെപ്പററി പരാതി

[Sri. N. K. Krishna Pillai]

പറയാമെന്നുവച്ചാൽ അതിന് തക്ക ഉദ്യോഗസ്ഥന്മാർ ആരേയും അവിടെ കാണുകയുമില്ല. ഇതാണ് ഹെഡ്ക്വാർട്ടേർസിൽ നടക്കുന്നത്.

തിരുവനന്തപുരം–നെയ്യാററിൻകര ഷട്ടിൽ സർവ്വീസിൽ യാത്രചെയ്യുന്നതു പോലെ അത്രയധികം ജനങ്ങൾ മററ് ഒരു ഷട്ടിൽ സർവ്വീസിലും യാത്ര ചെയ്യുന്നില്ല. വണ്ടി വിടുന്നതിന് അര മണിക്കൂറിനുമുമ്പേ സ്റ്റാൻഡിൽ വരുമെങ്കിലും വണ്ടി പുറപ്പെടുന്നതിന് 5 മിനുട്ടിനുമുമ്പ് മാത്രമെ വണ്ടിയിൽ ആൾ കയറാൻ അനുവദിക്കുകയുള്ളു. അപ്പോൾ അവിടെ ഉണ്ടാകുന്ന ബഹളത്തിനിടക്ക് മാന്യന്മാരായ യാതൊരുത്തർക്കും വണ്ടിയിൽ കയറാൻ സാധിക്കുകയില്ല. ചിലപ്പോൾ പോക്കററടിയും നടക്കും. അതിനാൽ എനിക്ക് പറയുവാനുള്ളത് ഏററവും അധികം ജനങ്ങൾ യാത്രചെയ്യുന്ന തിരുവനന്തപുരം–നാഗർകോവിൽ ലൈനിലും നെയ്യാററങ്കര ഷട്ടിൽ സർവ്വീസിലും കൂടുതൽ ബസ്സുകൾ ഇടണമെന്നാണ്. കൂടാതെ ക്യൂപ്പൺ സിസ്റ്റം ഏർപ്പെടുത്തി ഒരു പരീക്ഷണം നടത്തുകയും വേണം. ചിലപ്പോൾ വണ്ടിയിൽ ആൾ നിറഞ്ഞതിനുശേഷം വണ്ടി വിടാൻ കണ്ടക്ടറന്മാർ ഇല്ലാതെവരികയും ചെയ്യുന്നുണ്ട്. ഇത്രവളരെ രൂപാ ഈ ഡിപ്പാർട്ട്മെണ്ടിന് ചിലവാക്കിയിട്ടും കണ്ടക്ടറന്മാർ സമയത്തിന് ഇല്ലാതെവരുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ വണ്ടികൾ സമയത്തിന് പോകുകയില്ല. എക്സ്പ്രസ്സ് ബസ്സുകൾപോലും ചിലപ്പോൾ ഷെഡ്യൂൾ സമയത്തിനു പോകാതിരിക്കുന്നുണ്ട്. എന്റെ അനുഭവത്തിൽതന്നെ ഒരുദിവസം ആറുമണിക്കുപോകേണ്ട എക്സ്പ്രസ്സ് വണ്ടി അരമണിക്കൂർ കഴിഞ്ഞാണ് പോയതു്. ഇതു് ജനങ്ങൾക്ക് വളരെ വിഷമമുണ്ടാക്കുന്ന ഒന്നാണ്. മന്ത്രിമാർക്കെങ്കിലും ഈവക കാര്യങ്ങൾ നേരിട്ടു് അറിയുന്നതിനുള്ള കാരുണ്യമില്ല. അവർക്കതിന് സമയവുമില്ല. അവരോട് ഈവക കാര്യങ്ങൾ ഒന്നു കണ്ടുമനസ്സിലാക്കണമെന്നു പറഞ്ഞാൽ അവർക്ക് സാധിക്കയില്ലായിരിക്കും. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. നാരായണപിള്ള ഒരു ദിവസം വൈകുന്നേരം ഏഴുമണിക്ക് അല്പസമയം സെൻട്രൽ ബസ്സ്സ്റ്റാൻറിൽ പോയി ദൂരെ മാറിനിന്നു ഒന്നു നോക്കട്ടെ; പക്ഷെ അദ്ദേഹം അവിടെ നില്ക്കുന്നതു് യാത്രക്കാർ അറിയരുതു്. ജനങ്ങൾക്ക് അത്രത്തോളം അമർഷമുണ്ട്. ചിലപ്പോൾ രാഷ്ട്രീയ ചിന്താഗതി സർവ്വീസ് അനുവദിക്കുന്ന വിഷയത്തിൽ ബാധകമായിത്തീരുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു. ഉദാഹരണമായി പറഞ്ഞാൽ പാറശ്ശാല ഒരു ഷട്ടിൽ സർവ്വീസ് ഉണ്ടായിരുന്നു. കഴിഞ്ഞ നെയ്യാററിൻകര തെരഞ്ഞെടുപ്പിനുശേഷം ആ സർവ്വീസ് നിറുത്തുകയാണുണ്ടായതു്. അതിന് കാരണമുണ്ട്. തെരഞ്ഞെടുപ്പിന് സ്വല്പംമുമ്പ് മന്ത്രിമാർ വന്നു ഒരു കോൺഗ്രസ് പ്രചരണയോഗം നടത്തി. അതിൽ ചിലർ കുശപിശകൾ ഉണ്ടാക്കി. തൽഫലമായി തെരഞ്ഞെടുപ്പു കഴിഞ്ഞ ഉടൻ പാറശ്ശാല ഷട്ടിൽ സർവ്വീസ്ചനിന്നു. അതു് സംബന്ധിച്ചു് ട്രാൻസ്പോർട്ട് ഡയറക്ടർക്ക് ഞാൻ ഒരു കത്തയച്ചിരുന്നു. പാറശ്ശാല സർവ്വീസ് നിറുത്തിയതു് വളരെ തെററായിപ്പോയി എന്നായിരുന്നു കത്തിലെ ഉള്ളടക്കം. പക്ഷെ അതിന് ഒരു മറുപടി അയക്കുന്നതിനുള്ള മര്യാദപോലും അദ്ദേഹത്തിനുണ്ടായില്ല. അദ്ദേഹം വളരെ സത്യസന്ധനായ ഉദ്യോഗസ്ഥൻതന്നെ. പക്ഷെ അതുകൊണ്ടു കാര്യമായില്ലല്ലോ. അവസാനമായി എനിക്ക് പറയാനുള്ളതു് ഈവക കാര്യങ്ങളെല്ലാം ഗവമെൻറ് പ്രത്യേകം പരിഗണിച്ചു് പൊതുജനങ്ങൾക്ക് ഇനിയെങ്കിലും അല്പം ആശ്വാസം നൽകേണ്ടതാണെന്നാണ്.

ശ്രീ. യു. കെ. വാസുദേവനാചാരി: സർ, ഇന്നു ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെണ്ടിലെ സിൽബന്തികളുടെ ഇടയിലുള്ള അനാശാസ്യ നടപടികളേയും ക്രമ

വിരുദ്ധമായ പെരുമാററത്തേയും പററി അധികൃതന്മാരെ ധരിപ്പിച്ച് അതിനൊരു പരിഹാരത്തിനായി അഭ്യർത്ഥിക്കുകയെന്നുള്ളതാണ് ഞാനുദ്ദേശിച്ചിട്ടുള്ളതു്. ഇന്നു രാജ്യത്തെവിടെ നോക്കിയാലും എന്തെന്നില്ലാത്ത ഒരസംതൃപ്തിയാണ് ദൃശ്യമാകുന്നതു്. ആ അസംതൃപ്തി വാക്കുമൂലം പ്രകടമാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്. ഏതു കാര്യത്തിനായാലും അതു് സ്റ്റേററുകോൺഗ്രസ്സ് അല്ലേ എന്നൊരവജ്ഞയാണ് ഇന്നു കേൾക്കാൻ കഴിയുന്നതു്. അതു് ഇപ്പോൾ സാധാരണ ജനങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു വാക്കാണ്. ഇന്ന് ട്രാൻസ്പോർട്ട് ബസ്സുകളിൽ സഞ്ചരിക്കുന്നവർക്ക് ഇതു് കേൾക്കാൻ കഴിയുന്ന ഒരു പരമാർത്ഥവുമാണ്. ഇവയെല്ലാം പ്രധാനമായ കാരണം ആ ഡിപ്പാർട്ടുമെണ്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടേയും മററുള്ള സിൽബന്തികളുടേയും അനാശാസ്യ നടപടികളാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ സിൽബന്തികളെ നാം തരംതിരിക്കുകയാണെങ്കിൽ കുറെ പേർ കുറെയാളുകളെ നിയന്ത്രിച്ചുകൊണ്ടുപോകുന്നതായും എന്നാൽ അവർ ശരിയായി പ്രവർത്തിക്കുന്നില്ലെന്നും നമുക്ക് കാണാൻ കഴിയുന്നതാണ്.

രണ്ടാമതായി പറയുവാനുള്ളതു് ഈ ബസ്സുകൾ നിർവിഘ്നമായി ഓടിക്കുന്നതിന് അതിൻെറ ജോലികൾ ചെയ്യാൻ ചുമതലക്കാരായിട്ടുള്ളവരുടെ അനാസ്ഥമൂലം തിരുവിതാംകൂറിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്ന സ്ഥലത്തൊരിടത്തും ശരിയായിട്ടുള്ള സമയത്തു് ചെന്നുചേരുവാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. ഇന്ന് അവരുടെ ഇടയിൽ തൃപ്തികരമായ മനോഗതിയല്ല ഉള്ളതെന്നു സാധാരണ ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്ന എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്.

എൻെറ ഒരു ബഹുമാന്യസ്നേഹിതൻ ഇവിടെ പറഞ്ഞതുപോലെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനം വളരെ അതൃപ്തികരമാണെന്നുള്ളതിൽ വലിയ കള്ളമൊന്നുമില്ല. അതിന് ശരിയായ കാരണങ്ങൾ കണ്ടുപിടിച്ചു പരിഹാരം ഉണ്ടാക്കേണ്ടതു് ഇന്നു ഭരണം നടത്തുന്ന ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻേറയും ഗവർമ്മെണ്ടിൻേറയും ചുമതലയാണ്.

ഇന്നത്തെ സ്ഥിതിവെച്ചുനോക്കുന്നപക്ഷം ഡിസ്ട്രിക്ട് ആഫീസറന്മാർ ഓപ്പറേററന്മാർ, ഇൻസ്പെക്ടറന്മാർ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ കീഴ്സിൽബന്ധികൾക്ക് വല്ല നിർദ്ദേശങ്ങളോ മറേറാ കൊടുക്കുകയാണെങ്കിൽ അവർ അതിനെ തൃണവൽഗണിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. ഉദാഹരണമായി ഒരു സംഗതി ഞാൻ പറഞ്ഞുകൊള്ളട്ടെ. കുറച്ച് ദിവസങ്ങളായി തിരുവിതാംകൂറിൽ ഒരടിയന്തിര ബഹളമാണ്. ഇതു സംബന്ധിച്ച് ആളുകൾക്കു ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു് പോകേണ്ടതു് വളരെ ആവശ്യവുമാണ്. ഇന്നു പട്ടണങ്ങളിൽകൂടി പോകണമെങ്കിൽ അതു് ട്രാൻസ്പോർട്ട് ബസ്സുകളിൽകൂടിതന്നെ പോകേണ്ടതായും ഇരിക്കുന്നു. അല്ലാതെ പ്രൈവററ് ബസ്സുകളിൽ പോകുന്നതിനും നിവൃത്തിയില്ല. ഒരു ദിവസം തിരുവനന്തപുരത്തുനിന്നും ഒരു വിവാഹം സംബന്ധിച്ച് നെടുമങ്ങാട്ടേയ്ക്കു് പോകുന്നതിനായി ബസ്സുസ്റ്റാൻറിൽ എത്തിയപ്പോൾ അവിടെ കണക്കില്ലാതെ ആളുകൾ കൂടികിടക്കുന്നതായി ഞാൻ കണ്ടു. എന്നാൽ ഞങ്ങൾക്ക് വിവാഹസമയത്തു് അവിടെ എത്തുന്നതിന് യാതൊരു നിവൃത്തിയും ഇല്ലെന്നുകണ്ടപ്പോൾ അവിടെനിന്ന ഡിസ്ട്രിക്ട് ആഫീസറെ കണ്ടു് ഞാൻതന്നെ അപേക്ഷിക്കുകയുണ്ടായി, ഒരു ബസ്സ് ഏർപ്പാട് ചെയ്യുന്നതിലേയ്ക്കു്. അദ്ദേഹം സംഗതിയുടെ ഗൗരവം മനസ്സിലാക്കി

[Sri. U. K. Vasudevan Achari]

കൊണ്ടു് പത്തു മിനിട്ടനകം ഒരു ബസ്സ് അയച്ചുകൊടുക്കണമെന്നു അദ്ദേഹത്തിന്റെ കീഴ്സിൽബന്തിയോടു് പറയുകയുണ്ടായി. എന്നാൽ ഒന്നര മണിക്കൂർ കഴിഞ്ഞതിനുശേഷവും ആ ഉദ്യോഗസ്ഥൻ തിരിച്ചുവരികയൊ ഒരു സമാധാനം പറയുകയൊ ചെയ്തില്ല. ഇതേസംബന്ധിച്ചു് ഞാൻ ഡിസ്ട്രിക്റ്റാഫീസറോടു് ചോദിച്ചതിൽ അതെല്ലാം ഇന്നത്തെ ജനകീയഗവൺമെണ്ടിന്റെ കീഴ്മലില്ലാത്ത അവസ്ഥകൊണ്ടാണെന്നു അദ്ദേഹം പറയുകയുണ്ടായി. ഇങ്ങനെ പോയാൽ ഇതു് വളരെ സങ്കടകരമായ ഒരവസ്ഥയാണു്.

സർ, ഇന്നു നോക്കുകയാണെങ്കിൽ പല റോഡുകളിലും പല ബസ്സുകളും ബ്രേക്ക്ഡൗണായി കിടക്കുന്നതു് കാണാം. അതേസംബന്ധിച്ചു് എനിക്കു ചില നിർദ്ദേശങ്ങൾ കൊടുക്കുവാനുണ്ടു്. അതായതു് ഈ ഫിറ്ററേഴ്സിനു് ശരിയായ വിധത്തിൽ പ്രോത്സാഹനം നൽകാത്തതുകൊണ്ടും ശരിയായ പരിശോധനകൾ ഇല്ലാത്തതുകൊണ്ടുമാണു് ഇങ്ങനെ ബ്രേക്കുഡൗണുകൾ ധാരാളമായി ഉണ്ടാകുന്നതു്. അവർക്കു ജീവിക്കുന്നതിനാവശ്യമായ ശമ്പളം കൊടുക്കേണ്ടതത്യാവശ്യമാണു്. അങ്ങിനെ കൊടുക്കാത്തതുകൊണ്ടു് അവർ ജോലിയിൽ കള്ളം കാണിക്കുകയും തൽഫലമായി ബസ്സുകൾ റോഡിൽ ബ്രേക്കുഡൗണായി കിടക്കുകയും ചെയ്യുന്നു. (ബെൽ)

ஸ்ரீ. ஆர். செல்லஸ்வாமி நாடார்: சர், இந்த டிரான்ஸ்போர்ட் டிப்பார்ட்மென்டைப் பற்றி எங்கு பார்த்தாலும் பராதி தான். டிரான்ஸ்போர்ட் டிப்பார்ட்மென்டை, கவர்மென்ட் ஏற்றெடுத்த நாள் முதல் இந்த பராதி கூடிக் கூடி வருகிறதேயொழிய குறைந்து வரக் காணவில்லை. எனக்கு முன் பேசிய அன்பர் கிருஷ்ணபிள்ளை அவர்கள் திருவனந்தபுரம்–நாகர்கோவில் லைன் மிகவும் மோசமானதொரு லைன் என்று சொன்னாரே யொழிய வேறொன்றும் சொல்லவில்லை. அவர் திருவனந்தபுரம் காரேஜில் நடக்கும் கஷ்டங்களைப்பற்றி சொன்னார். அதைவிட எவ்வளவோ கஷ்டங்களை பிரயாணிகள் இடைவழிகளில் அனுபவிக்கிறார்கள். அமரவிளை, களியக்காவிளை, குழித்துறை, கொடுவட்டி, இந்த இடங்களில் பிரயாணிகள் காலை முதல் சாயங்காலம் வரை பஸ்ஸுக்கு வேண்டி காத்துக் கிடந்து பஸ் கிடைக்காமல் திரும்பிப் போவதைப் பார்க்கலாம். சந்தை முறைகளிலும், ஆபீஸ் நாட்களிலும் காலை 8– மணி முதல் 11– மணி வரை மிகவும் நெருக்கமாயிருக்கும். அந்த சமயங்களில் பிரத்தியேகமாக கூடுதல் பஸ்ஸுகள் போட வேண்டியது ரொம்ப அவசியம். ஆனால் அந்த சமயத்தில் தான், மணிக்கூர் கணக்காக ஒரு பஸ்ஸும் வாராமலிருப்பதைக் காணலாம். இதற்கெல்லாம் காரணம் இந்த ஆப்பரேட்டிங் ஸ்டாப்பின் திறமை இல்லாமை தான். சமயாசமயங்களில் பஸ் விடாமலிருப்பது மெயின் லைனில் மாத்திரமல்ல. திருவனந்தபுரம் ஸிட்டியிலும் அப்படித்தான். ஒரு Junction–ல் பஸ்–க்காக நின்றால் 40, 50 நிமிஷங்கள் வரை ஒரு பஸ்ஸும் வராது. அது கழிந்தால் 5 நிமிஷத்தில் 7, 8 பஸ்கள் ஒருமித்து வரும். சாஸ்தமங்கலம், பேரூர்கடை, வட்டியூர்க்காவு என்று ஏழெட்டு பஸ்கள் ஒருமித்து சேர்ந்தாற்போல் வரும். பின் ஒரு $\frac{1}{2}$ மணிக்கூருக்கு ஒரு பஸ்ஸையும் காணமுடியாது. இது டைம் fix செய்ததின் பிசகே தவிர வேறொன்றுமல்ல. டைமை சரியாக fix செய்தால் ரொம்பவும் உத்தமமாயிருக்கும். திருவனந்தபுரம்–கேப் லைனில் எக்ஸ்பிரஸ் கோச் என்று ஒரு பஸ் ஓடுகிறது. அந்த கோச்சிற்கும் சாதாரண எக்ஸ்பிரஸ்–க்கும் தம்மில் ஒரு வித்தியாசமு

[Sri. R. Chellaswami Nadar]

மில்லை. கோச் கொஞ்சம் கூடுதல் மஞ்சள் நிறமாயிருக்கிறது. வேறொன்றுமில்லை. ஆனால் அதற்குள்ள சார்ஜ் எக்ஸ்பிரஸ்ஸை விட 50 0/0 கூடுதலாகப் போட்டிருக்கிறார்கள். Passenger capacity, போன்ற மற்ற சௌகரியங்களெல்லாம் ஒன்றுதான். ஆனால் சார்ஜ் மாத்திரம் கூடுதல். பின்னர், இங்கு ஒரு 'ஆப்பரேட்டிங் ஸ்டாப்' என்றொன்று இருக்கிறது. அந்த 'ஆப்பரேட்டிங் ஸ்டாப்'-க்கு கொடுக்கும் போனஸ் ஒரு சின்னத்தொகை. அதுவும், எல்லா வருடமும் சமயாசமயத்தில் கொடுப்பதாகத் தெரியவில்லை. கழிந்த வருட போனஸ் இது வரையிலும் கொடுக்கப்படவில்லை யென்று பாதி சொல்கிறார்கள். இன்னும் எவ்வளவு மாதங்கள் கழிந்து அதைக் கொடுக்கப் போகிறார்களென்று தெரியவில்லை. ஓவர்டைம் ஜோலி செய்யும் staff க்கு சம்பளம் கொடுக்கப்படவில்லை. கழிந்த வருடம் நவம்பர் மாதத்தில் ஓவர்டைம் ஜோலி செய்த ஆளுக்கு சம்பளம் இதுவரையிலும் கொடுக்கப்படவில்லை, என்று ஒரு கண்டக்டர் சொன்னார். இப்படி சம்பளம் கொடுக்காமலிருந்தால் இந்த 'ஸ்டாப்' பின் எப்படி வேலை செய்வார்கள். ஆக, அவர்களுக்கு discontentment வருவதில் ஆச்சரியப்படுவதற்கில்லை என்றும் சொல்லிக்கொண்டு நிறுத்திக் கொள்கிறேன்.

Sri. A. Thanu Pillai: Sir, one will be perfectly justified if one characterises the Government in respect of its activities in connection with the Transport department as far worse than any unscrupulous capitalist. Sir, the Transport services can be run properly only if Government pay attention to a number of important factors. There must be enough buses. There must be enough workers. The workers should be properly paid. The conditions of service should be reasonable. Now, is there any one of these conditions that has been satisfied and is there any genuine attempt on the part of the Government to satisfy these conditions? One has to say 'No', definitely 'No'. I can understand the times when buses would not be available. That was some time ago. A few days ago, the Minister in charge told me in answer to a question that enough buses are now available. Then, how can they justify this shortage? We have heard a good deal about the paucity of accommodation in these buses and there has been absolutely no exaggeration in what has been stated here. However much Mr. Balakrishnan Tampi may defend the Government he is not going to succeed.

As for overloading, it is not a few more persons that are admitted over and above the actual seats available, but the Government themselves have distinctly allowed by their written instructions 50 % more than the seating capacity. If it is a bus to carry twenty-eight passengers, fourteen persons more are allowed by the Government. But is it after all this extent of overloading that we find? In every bus that is intended to carry twenty-eight passengers we find over a hundred passengers. That is the real fact today. How can this barbarous arrangement be justified? How long are we going to tolerate this, is the question. He told me that a hundred more buses will be needed if we are going to do away with overloading. Then, why not get the buses? Is it paucity of funds? Is it non-availability of buses? Then, what is the justification? It is irresponsibility of the worst type Sir, the difficulties caused on account of overloading are very great. We heard a great deal about the suffering to the travelling public. Sir, from another aspect it gives a lot of trouble for the workers.

Now, a conductor in a bus with a seating capacity of twenty-eight but with a hundred passengers cannot be expected to discharge his duties satisfactorily. If he omits to issue a ticket to a passenger, he is booked without even being asked to

[Sri. A. Thanu Pillai]

explain. That is what is happening in the department. I have occasion to know at close quarters the conditions under which the workers are now working. The Minister in charge of the department recently told us in answer to a question that the present Director was put in charge of the department with a view to see that the workers, are made efficient. Sir, both the Minister and the officer concerned have failed. The present Director if at all is not just the man who should be allowed to deal with problems affecting labour.

I make this statement definitely because I have had occasion to know some details of the way in which the workers in the department are being dealt with by the present Director. If it is a question of punishment, no explanation is asked for. Somebody reports something. The man goes to the workspot in the morning and then he is told. 'No; you need not attend to your work.' He is suspended. No explanation is called for. No opportunity, either, is given to explain. There is no code, there is no set of rules regulating the work of these employees. There is absolutely no rule. Everything is done in the most arbitrary manner. That is what is now obtaining there. So, the conductors find it very difficult to work.

Then, Sir, the drivers are also in the same predicament. There have been cases of very serious accidents because of this overloading. A bus with 70 or 80 or 100 passengers cannot of course accommodate more, and the conductor has to stand on the footboard, and very often it happens that the conductor is badly hit. There was a recent case somewhere in Nedumangad taluk where a young conductor died. He lost his life because he was standing on the footboard. There was no accommodation for him inside. The bus hit against something, the man fell down and died. There have been cases like that. It may be a small thing from the point of view of the department and the Government, but these are very very serious matters if we look at them from the point of view of the workers. That is how things are managed in respect of overloading, seating capacity, purchases of buses, and so on.

In regard to the purchases of buses, we heard a good deal of condemnation. I am told that when they purchased 25 buses, a good number of them will have to be split up, broken up, so that the spare parts may be found for the other running buses. They get down buses for which spare-parts are not available. It may be the International Truck, it may be the Austin Diesel, etc, If they get 25 buses, 7 or 8 are broken up and dismantled, so that spare-parts are taken from them for the other running buses which need such parts. What is the cause of their tenderness to get these buses, the spare-parts for which are not available? That is how things are being mismanaged.

We heard a good deal about the corruption of the Ex-Minister for Transport. What have they done in regard to that? There was a serious allegation, made by a member of the ruling party who finds her seat in the ruling party benches even today? Why not make an enquiry? Of course, somebody said somewhere that it is left to the Hon'ble Minister, after he has laid down his office, to prosecute that lady. When a serious charge is made against the Government, the Government ought to institute an open impartial enquiry. They have not done so.

Since I have not got much time, I shall proceed to say something about the conditions of service of the workers. Sir, a statement was made here—more than one statement, in fact—about the remuneration given to the transport employees. It is a tale really of woe. We find, comparing the remuneration given to the employees here with the remuneration given elsewhere, that in most cases. drivers, conductors and fitters—the maximum pay that an employee here gets is far lower than the minimum pay that is paid for a similar worker in Hyderabad, Bombay and in other places. Sir, a driver's maximum pay is Rs. 75 here. In

Hyderabad, it is Rs. 70 to 112. A conductor's pay here is Rs. 20—45. In Hyderabad, it is Rs. 42—75. A fitter gets here Rs. 20—45 in different grades. In Hyderabad, it is Rs. 64—150.

Mr. Speaker: The member has exceeded his time.

Sri. A. Thanu Pillai: I shall finish soon, Sir. Over and above this, very satisfactory and liberal allowances are also paid to workers in Bombay and Hyderabad and other places. Here, the remuneration is very scanty. The conditions of service are difficult. The way in which the department deals with the workers is anything but just or kind.

Then, Sir, let us look to other conditions of work here. The normal rule is that a man works for 7 or 8 hours a day and when he has done his share of the work for two days, he gets leisure for another day. That is to say, if he works from this noon to tomorrow noon, then he must appear for work only the day after that noon. But here, Sir, practically no worker, either driver or conductor, gets any leisure at all. It may be said they are paid for their overtime work. Even then, the rates of pay for overtime work are low. But, whatever be the rates, men must have leisure. They have not got enough number of men; enough employees; neither enough drivers nor enough conductors. The result is that the workers are compelled to work continuously from today noon to tomorrow noon, then again from tomorrow noon to the next day noon and so on. (Bell). They were allowed a day's rest after six days work or a week's work. Of course a week means six days active work. Recently the Director passed an order cancelling that. I personally referred to the Minister to this aspect, and then I think it was recently cancelled. So, the point is, there should be enough workmen. They are also human beings and you find, Sir, that the driver's work and the conductor's work is really hard work, particularly in the conditions in which they have to work to-day. So, what is the meaning of not allowing them rest? I know, Sir, personally that a good number of employees of this department are suffering from tuberculosis, blood pressure and similar diseases, and it is believed by the workers that it is because of the overwork to which they are subject. Why not appoint the requisite number of workmen? Why not have enough conductors, enough drivers? Is it difficult in our State to have a sufficient number of workers for this department? No, the Government wants to make money, and to show large profits.

Again, Sir, about their profit, it is really scandalous that they are making 35 to 50 per cent on the investment as profits. When are we going to do away with this nonsense, I ask. How can any Government justify itself that by running a service of this kind they are making a profit of over, say, 56 per cent? Somebody gloats over that figure, and says, "We made a profit in the year 1124, of 56 per cent on our investments". Can there be anything nore scandalous, I ask. They must cut down their profits. Deliberately they make their profits by not running enough buses, by abominable overcrowding, by not paying the workers well. All these things must be attended to.

Then, again, Sir, the workers are submitted to all manner of harassment. I refer to one small fact. A number of day-rate workers, that is those who are paid for the day they work, even though their pay is disbursed in a week—have been transferred from Trivandrum to places like Alleppey, Nagercoil and Ernakulam. Why, I ask? A poorly paid person making a rupee or a rupee and a half a day, why should he be transferred from here to Alleppey and other distant places? What is the principle underlying that? The only principle, I have been able to gather, Sir,

[Sri. A. Thanu Pillai]

is that these persons who are thus transferred and harassed, these persons who are unkindly and unjustly dealt with, are members of the Non-pensionable Employees' Union. They are active workers of that Union, and that is being discouraged and discountenanced by the present Director. I want to give a warning to the Government. This is not the way to deal with labour that they employ. Do not try to stifle the Union. They have allowed a Union, and that Union must be allowed to function properly, and if the Union is allowed to function properly, if the workers are dealt with reasonably well, then the department need not be anxious of any trouble from that quarter. But on the other hand, if the department deals in such a way that their methods create discontent, create resentment in their minds, then the results will certainly be unhappy. The Director should take a lession from that, and the Minister too. The police methods are not the methods that are wanted. When the Government are the employers they ought to set an example to other employers. The Government ought not to take lessons from the worst capitalist, the worst employers in the land. With these words, I support the motion, moved by Sri. Gopala Panikkar.

Sri. P. Balakrishnan Tampi: On the eve of the general election, I do not want to be severe with any other person nor my party by neglecting the cause of labour. I am also of the view that as far as possible increased wages should be given to the labourers and that greater amenities should be given to the travelling public. Indeed, I would have gone to the extent of saying, but for my sense of responsibility, that the fare system also should be abolished and thus making it free travel for every noble citizen of this great State of Travancore-Cochin. But, Sir, I am coming to the point of reality I am one of those who opposed very vigorously the introduction of the transport system, when in those politically dark days every man thought it a very virtuous thing to oppose the introduction of the system. But I am glad that I have lived long enough to see that this system is followed now by every modern State—this policy of nationalising the transport system. Now that we have nationalized it, we have to see it from another point of view altogether. Every citizen must feel that every pie spent on the Transport Department goes to the State to advancing our ambitious educational programme, our road transport programme and many other great schemes that the Government have in view. I cannot understand the opposition members speaking with characteristic generosity about giving higher salaries to the workers of the department. But as responsible men, as realists, as men who believe in the republican order of things, do we honestly believe that it is a very unvirtuous thing, that it is a very scandalous thing—as Mr. Thanu Pillai said—to earn rich dividends on our outlay on transport? Another point of view has to be developed. True there are certain inconveniences. In which part of the world is there any convenience for travel in the rush hours? People who have gone to the west, to London or New York, say that during the mornings, the afternoons and evenings, all public conveyances—whether tubes, or railways or buses—are crowded in all parts of the world. Is it possible to send a transport bus by 10 o'clock for my upcountry, esteemed schoolmaster friend to go for a marriage at Nedumangad and back? (Laughter) If he wants to be there at a particular time of the day, he should go to that place the previous evening. For the simple fact that there are half a dozen "kalyan" or marriage parties coming off at a particular place, is it for the Government to release all their transport buses? In the rush hours, Government should not blush to say that it will be a little crowded, because when you reduce the overcrowding, you increase the operational charges. When you increase the operational charges, we have to increase the fares. Therefore, for the sake of the poor and the downtrodden for whom Mr. N. K. Krishna Pillai spoke with obvious hesitancy and Mr. Thanu Pillai spoke with unabashed

eloquence, I say let us have a little overcrowding which, as I said, could not be helped especially during peak hours of the day. Otherwise, the Government may be compelled to increase the fares. I do not for a moment say that there may be avoidable wrongs. The department may be asked to be a little more just. There may be avoidable delays, but when all is said against the transport services, there may be unexpected breakdowns. Now, I ask, where in the world is there a bus system without a breakdown ? Do hon'ble Members patriotically say that the buses costing Rs. 30,000 or so should be left to the casual engineering skill of a war-returned motor driver? Generally, a citizen travelling in an ordinary bus should beforehand have calculated for an expenditure five or six times the necessary expense. That is one of the incidences of travel. What is the harm? Therefore, I say, the matter should not be exaggerated. I am one of those who always travel perhaps, more frequently than many other hon'ble Members. I know the inconveniences. Sometimes, there may be unexpected breakdowns. There may be irritations on the way. After all, people are getting democratic, and the M.L.A.'s cannot be given the precedence which they might get in private buses. We will have to tolerate the little inconveniences that we are put to, because I know the service is run by the State for the eventual good of the State as a whole.

From another point of view, also from the security point of view these buses are absolutely essential. On the whole, as far as the average man is concerned, the transport bus is a very acceptable thing. I am glad that the socialist friends did not emphasise that aspect of the matter. In fact, it was the anti-socialist, democratic congressites who found fault with the department. I was also pleasantly surprised to see that a member of another socialist body—I do not know whether the Democratic Socialist or the Indian Socialist Party—stating that the State should give up this transport scheme because private capitalists would do it better.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ആരാണ് പറഞ്ഞത്?

Sri. P. Balakrishnan Tampi: I do not want to enter the lists against Mr. Sreedhar. But it was Mr. Sreedhar who said that.

Sri. A. Thanu Pillai: Sir, Mr. Tampi is misquoting.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, എനിക്കുംകൂടി അതിനെപ്പററി പറയുവാനുണ്ട്.

Sri. P. Balakrishnan Tampi: Sir, he may be given another occasion to explain.

Now that it has come up, I will translate what he said. "There are other males to conduct the transport services better and much more efficiently than the Government." I am translating it in crude English. And he said "There are many rich people".

Mr. Speaker: Has Sri. Sreedhar any explanation to make ?

Sri. P. Balakrishnan Thampi; "Which male" he asked—

Mr. Speaker: I have given Sri. Sreedhar an opportunity to explain.

ശ്രീ. പൊന്നറ ജി. ശ്രീധർ: മിസ്റ്റർ ബാലകൃഷ്ണൻതമ്പിയെ ഏതു ജോലിക്ക അവിടെ ഇരുത്തിയിരുന്നുവോ ആ ജോലി അദ്ദേഹം ചെയ്യട്ടെ എന്നു വിചാരിച്ചിട്ടാണ് ഞാൻ ഒന്നും പറയാതിരുന്നത്. ഞാൻ പറഞ്ഞത് ഇങ്ങിനെ കൊള്ളരുതാത്തവരെക്കൊണ്ടു നടത്തിക്കുന്നതിലും ഭേദം വേറെ ആണുങ്ങളെക്കൊണ്ടു നടത്തിക്കുകയാണ് നല്ലത് എന്നാണ്.

Sri. C. V. Iyyu: Sir, it is an offence to the women who can also run buses efficiently. He says only males can run buses.

Mr. Speaker: Is the member proceeding to make a speech?

Sri. C. V. Iyyu: No, Sir, I was advocating the case of the women.

Sri. P. Balakrishnan Tampi: I am only stating that these are things which you should not exaggerate. They are incidental to any transport system. And I believe thet they will be looked into by the department carefully without taxing the taxpayer very much.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനത്തെപ്പററി പല ആക്ഷേപങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ആക്ഷേപങ്ങളെ രണ്ടായി വിഭജിക്കാവുന്നതാണ്. പൊതുജനങ്ങളെ സ്പർശിക്കുന്ന ആക്ഷേപങ്ങളും ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരേയും തൊഴിലാളികളേയും സ്പർശിക്കുന്ന കാര്യത്തെപ്പററിയുള്ള ആക്ഷേപങ്ങളും ആണവ. പൊതുജനങ്ങളെ സ്പർശിക്കുന്ന കാര്യങ്ങളിൽ പ്രാധാന്യം കൊടുത്തിട്ടുള്ളതു് ഇന്നു് നിലവിലിരിക്കുന്ന ഓവർലോഡിംഗിനെ സംബന്ധിച്ചാണു്. ഓവർലോഡിങ്ങ് ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. ഓവർലോഡ്യ് കഴിയുന്നത്ര കുറയ്ക്കുന്നതിനു ഡിപ്പാർട്ടുമെണ്ടും ഗവമെണ്ടും ശ്രമിച്ചിട്ടുണ്ടു്. ൧൯൫൦–൫൧-ൽ ൧൦൦ ബസ്സുകൾ കൂടുതലായി നാഷണലൈസ്ഡ് ബേസിസിൽ പ്രവർത്തനം ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുള്ളതുതന്നെ ഈ ഓവർലോഡ് കുറയ്ക്കുന്നതിൻ വേണ്ടിയാണ്. ഇപ്പോൾ ഓവർലോഡുള്ള ലൈനുകളിൽ ഓടിക്കുന്നതിനു ൪൪ ബസ്സുകൾ ഇറക്കിയിട്ടുണ്ടു്. ൧൦ എണ്ണത്തിന്റെ ബാഡി ബിൽഡ് ചെയ്തിരിക്കുന്നുണ്ടു്. ൧൯൫൧—൫൨ ലേക്കു ൧൦൦ ബസ്സുകൾ കൂടി വിലയ്ക്കു വാങ്ങുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ആയതിലേക്കു പ്രത്യേകം സംഖ്യ ആയവ്യയ കണക്കിൽ നീക്കിവച്ചിട്ടുണ്ടു്. ൧൯൫൧— ൧൯൫൨ നകം ൧൪൪ ബസ്സുകൾ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെണ്ടിൽ കൂടുതൽ പ്രവർത്തിപ്പിക്കണമെന്നാണു് ഗവമെണ്ടു് വിചാരിച്ചിരിക്കുന്നതു്. തൽഫലമായി ഇന്നുള്ള ഓവർലോഡ് കാര്യമായി കുറയ്ക്കുവാൻ കഴിയും. ഇന്നു ൫൦ ശതമാനം ഓവർലോഡുണ്ടെങ്കിൽ അതു പതിനഞ്ചോ ഇരുപത്തഞ്ചോ ശതമാനമായി കുറയ്ക്കുന്നതിനു ഗവമെണ്ടു പരിശ്രമിക്കുന്നുണ്ടു്.

പിന്നീടു വേറെ ഒരു സംഗതി ഇവിടെ പറഞ്ഞതു് ബ്രേക്ക്ഡൌണിനെ സംബന്ധിച്ചാണ്. ചില അവസരങ്ങളിൽ ബ്രേക്ക്ഡൌൺ ഉണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ആ ബ്രേക്ക്ഡൌണിനെപ്പററി ഗവമെൻറ അന്വേഷിച്ചിട്ടുണ്ടു്. അതിനു പരിഹാരമാർഗ്ഗങ്ങളും ഗവമെൻറിൽനിന്നു നിർദ്ദേശിച്ചിട്ടുണ്ടു്. ആ പരിഹാരമാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഗവമെൻറ ശ്രമിച്ചുവരികയാണ്. ഒരു കൊല്ലത്തിനു മുമ്പു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലേക്കു, കാര്യക്ഷമമായ ഒരു വർക്ക്ഷാപ്പുതന്നെ ഉണ്ടായിരുന്നില്ല. ഒരു വർക്ക്ഷാപ്പ് സ്ഥാപിക്കേണ്ടതു് ഏതു രീതിയിലാണ് എന്നുള്ളതിനെ സംബന്ധിച്ചു് വിദഗ്ദ്ധന്മാരെ വരുത്തി അന്വേഷിച്ചു് അവരുടെ നിർദ്ദേശമനുസരിച്ചു് ഒരു സെൻട്രൽ വർക്ക്ഷാപ്പു് സമീപകാലത്തു് സംഘടിപ്പിച്ചിട്ടുണ്ടു്. ഇന്നു അതു പ്രവർത്തനം ചെയ്തുവരുന്നുണ്ടു്. അതിനും പുറമെ ൯ വർക്ക്ഷാപ്പുകൾ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുമായി പ്രവർത്തിച്ചുവരുന്നുണ്ടു്. സർവ്വീസ് കണ്ടീഷൻ വളരെ കാര്യക്ഷമമല്ലാത്തതുകൊണ്ടാണ് ബ്രേക്ക്ഡൌൺ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണ് കാളിൻസ് (Collins) റിപ്പോർട്ടിൽനിന്നു ഗവമെൻറിനു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ആ കാളിൻസ് റിപ്പോ

ട്ടിന്മേലുള്ള തീരുമാനങ്ങളാണ് ഗവമ്മെൻറ് ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്നത്. വക്ക്ഷാപ്പുകൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള മാറ്റങ്ങളും ഗവമ്മെൻറ് കണ്ടുപിടിച്ചിട്ടുണ്ട്. ഫിറേറഴ്സിന്റെ കാര്യത്തിലും അതുപോലെ ഓരോ വക്ക്ഷാപ്പുകളിലും പ്രവൃത്തിചെയ്യുന്ന ആളുകളുടെ കാര്യത്തിലും ഏററവും അഭിലഷണീയമായ രീതിയിലുള്ള പരിഷ്കാരങ്ങൾ വരുത്തണമെന്നാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നത്.

പൊതുജനങ്ങളെ സംബന്ധിച്ച് വേറെ ഒരാക്ഷേപം ഇവിടെ ഉണ്ടായത് ബസ്സിന്റെ സമയത്തെ സംബന്ധിച്ച് പല അസൌകര്യങ്ങളും ഉണ്ടായിരിക്കുന്നു എന്നാണ്. അതിനെ പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശം കാലതാമസം കൂടാതെതന്നെ ഗവമ്മെൻറ പുറപ്പെടുവിക്കുന്നതാണ്.

ശ്രീമാൻ എൻ. കെ. കൃഷ്ണപിള്ള അവർകൾ തിരുവനന്തപുരം—നാഗർകോവിൽ ലൈനിലുള്ള ബസ്സിലേക്കു ടിക്കററു വാങ്ങുന്നതിനു കൊട്ടാരക്കരയിൽ ഇപ്പോൾ നിലവിലുള്ള കൌപ്പൺ സിസ്റ്റം. നിലവിൽ വരുത്തുന്നതു നല്ലതായിരിക്കുമെന്നു പറയുകയുണ്ടായി. തീച്ചയായും ഗവമ്മെൻറ അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിക്കുന്നതാണെന്നും ഏപ്രിൽ ൧-ാംനു- മുതൽ കൊട്ടാരക്കരയിൽ നിലവിലിരിക്കുന്ന കൌപ്പൺ സിസ്റ്റം ഇവിടേയും ഏപ്പെടുത്തുന്നതാണെന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Sri. P. S. Nataraja Pillai: Is there a Waiting Station in Nagercoil ?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിററിംഗ് ഷെഡ്ഡിനെ സംബന്ധിച്ചായിരുന്നു പിന്നീടുണ്ടായ ഒരു വലിയ പരാതി. ആ പരാതിക്കു അടിസ്ഥാനമില്ലെന്നു ഞാൻ വാദിക്കുന്നില്ല. ഒരു ദ്വിവത്സര പദ്ധതിയുടെ ഫലമായി ഇന്നു പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം വെയിററിംഗ് ഷെഡ്ഡ് ഉണ്ടാക്കുവാൻ ഗവമ്മെണ്ടു തീച്ചയാക്കിട്ടുണ്ട്. പല സ്ഥലങ്ങളിലും അതിലേക്കാവശ്യമുള്ള സ്ഥലം പൊന്നുംവിലയ്ക്ക് എടുത്തു കഴിഞ്ഞിട്ടുണ്ട്. ഏതാനും സ്ഥലങ്ങൾ എടുക്കുന്നതിനുള്ള നടപടി ഗവമ്മെൻറ ഉടനെ എടുക്കുന്നതാണ്. തിരുവനന്തപുരത്ത് ഒരു വെയിററിംഗ് ഷെഡ്ഡ് ഉണ്ട്, അവിടെ സൌകര്യം പോരാ എന്നാണ് വാദമെങ്കിൽ അതു ഞാൻ സമ്മതിക്കുന്നു. വേറെ ഒരു ബഹുമാനപ്പെട്ട അംഗം പറഞ്ഞു കോട്ടയത്ത് ഒരു ഗാരേജ് ഉണ്ടാക്കിയെങ്കിലും അവിടെ വെയിററിംഗ്ഷെഡ്ഡ് ഇല്ല എന്ന്. എന്നാൽ അടുത്തകാലത്ത് വെയിററിംഗ് ഷെഡ്ഡ് ഉണ്ടാക്കുവാനുള്ള സ്ഥലം ഗവമ്മെണ്ടു എടുക്കുമെന്നും കോട്ടയത്ത് എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടിയ ഒരു വെയിററിംഗ് ഷെഡ്ഡ് ഉണ്ടാക്കുന്നതാണെന്നും ശ്രീ. കുമാരൻ ആചാരിയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടുതൽ യാത്രാസൌകര്യം ഉണ്ടാക്കുവാനുള്ള നയമാണ് ഗവമ്മെൻറ് സ്വീകരിച്ചിരിക്കുന്നത്. അടുത്ത വഷംതന്നെ തീച്ചയായും ഗവമ്മെൻറ ആ കാര്യത്തിൽ വേണ്ട ജാഗ്രതയോടുകൂടി പ്രവത്തിക്കുമെന്നാണ് എനിക്കു പറയുവാനുള്ളത്.

പിന്നീട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലുള്ള തൊഴിലാളികളെ സംബന്ധിച്ചും ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുമാണ് പരാതി ഉണ്ടായത്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടു അമിതമായ ലാഭമുണ്ടാക്കി വരുന്നുണ്ടെന്നും അങ്ങിനെ ലാഭമുണ്ടാക്കുന്നതിനു ഇടയായിട്ടുള്ളവക്കു, ആ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാക്കും കീഴ്സിൽബന്ധികൾക്കും വേണ്ടി ഒന്നും ചെയ്യുന്നില്ലെന്നും അവരുടെ ആവശ്യങ്ങൾ നിറവേററുന്നതിൽ ഗവമ്മെൻറ വൈമുഖ്യംകാണിക്കുന്നു എന്നുമാണ് പ്രധാനമായ വാദം. അതിൽ അടിസ്ഥാനമില്ലെങ്കിലും അതുതന്നെ

[Sri. T. K. N rayana Pillai]

യാണ് അടുത്തുതന്നെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൻെറ റിയോർഗനൈസേഷൻ നടപ്പിൽ വരുത്തുവാൻ ഗവമ്മെൻറ ഉദ്ദേശിക്കുന്നതു്. അവരുടെ ശമ്പളഗ്രേഡ് ഉയർത്തി ഇന്നു അവർ അനുഭവിച്ചുവരുന്ന പരാധീനതകൾക്കു പരിഹാരമാർഗ്ഗമുണ്ടാക്കാമെന്നുള്ളതു് ഗവമ്മെണ്ടിൻെറ അടിയന്തിരമായശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കയാണ്. ഈ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ൩ ഡിവിഷനുകളായി വിഭജിച്ചു് അധികാര വികേന്ദ്രീകരണം നടപ്പിൽ വരുത്തേണ്ട മാറ്റങ്ങളും ഗവമ്മെൻറ കണ്ടുപിടിച്ചുവരുന്നു. ഒരു ഡിവിഷനിൽ ജോലിയുള്ള ഉദ്യോഗസ്ഥനേയൊ, ഉദ്യോഗസ്ഥന്മാരെയൊ, മററു തൊഴിലാളികളെയൊ മറെറാരു ഡിവിഷനിലേക്കു അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ മാററാവു എന്നു നിഷ്കർഷിക്കുകയും ചെയ്യുവാനാണ് ഗവമ്മെൻറ ഉദ്ദേശിക്കുന്നതു്. ഡിസെൻട്രലൈസേഷൻ ഓഫ് ട്രാൻസ്പോർട്ട് നടപ്പിൽ വരുന്നതോടുകൂടി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനവും കാര്യക്ഷമമായി നടക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഡിവിഷൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും ഇൻസ്പെക്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും കൺഡക്ടർമാരുടേയും ഡ്രൈവർമാരുടേയും ശമ്പളം വർദ്ധിപ്പിക്കുകയും ഫിററർമാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും അവരുടെ ശമ്പളഗ്രേഡുകളിൽ ഗണ്യമായ വ്യത്യാസം വരുത്തുകയും ചെയ്യാമെന്നുള്ളതാണ് ഇപ്പോൾ ഗവമ്മെൻറിൻെറ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിരിക്കുന്ന സംഗതികൾ. ഹൈദരാബാദിലെയും ബോംബെയിലെയും ശമ്പളത്തോതും ഇവിടത്തെ ശമ്പളത്തോതും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാക്കും തൊഴിലാളികൾക്കും കിട്ടിവരുന്ന ശമ്പളവും വേതനവും തുലോം തുച്ഛമാണെന്നു പറയുകയുണ്ടായി. അതിൽ വലിയ കാര്യമില്ലെങ്കിലും ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഹൈദരാബാദിലും ബോംബെയിലും ഈ സംസ്ഥാനത്തു് കിട്ടുന്ന മാതിരിയിലുള്ള അവധി കിട്ടുന്നില്ല. കൺട്രക്ടറന്മാരും ഡ്രൈവറന്മാരും ഉൾപ്പെടെ ഇവിടെയുള്ള തൊഴിലാളികൾക്കു് ഒരാണ്ടിൽ ൨൨൦ ദിവസത്തെ അവധി കിട്ടുമ്പോൾ ഹൈദരാബാദിലും ബോംബെയിലും അതിൻെറ പത്തിലൊരംശംപോലും അവധി കിട്ടുന്നില്ല. ഇവിടെ ഫിറററന്മാക്കു് ശമ്പളം കുറവാണെന്നു പറയുകയുണ്ടായി. അവരുടെ ശമ്പളം പരിഷ്കരിക്കണമെന്നു് ഗവമ്മെണ്ടിനു് ഉദ്ദേശമുണ്ടു്. ൩൦–൪൫, ൪൫–൧൫ എന്നിങ്ങനെ രണ്ടു ഗ്രേഡുകളായി തിരിച്ചു ഓരോ ഗ്രേഡിലും എത്ര ഫിറററന്മാർ വേണമെന്നു ഗവമ്മെണ്ടു് ആലോചിച്ചുവരികയാണ് അതുപോലെതന്നെ, കൺഡക്ടറന്മാരുടെയും ഡ്രൈവറന്മാരുടേയും സംഖ്യ വളരെ കുറവാണെന്നു ഇവിടെ പറഞ്ഞു. അതിനു വലിയ അടിസ്ഥാനമില്ലെങ്കിലും അവരുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നു ഗവമ്മെണ്ടു് വിചാരിക്കുന്നുണ്ടു്. അവരുടെ ശമ്പളവും വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്. ഇപ്പോൾ കൊടുത്തുവരുന്ന ബാററാ എട്ടണയ്ക്കും പന്ത്രണ്ടണയ്ക്കും പകരം യഥാക്രമം പന്ത്രണ്ടണയും ഒരുരൂപയും ആക്കി വർദ്ധിപ്പിക്കുന്ന കാര്യവും ഗവമ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ട്രാൻസ്പോർട്ടിൻെറ എല്ലാ വിഭാഗത്തിലുംപെട്ട തൊഴിലാളികൾക്കു ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു ഗവമ്മെൻറ് സന്നദ്ധമാണ്. സമീപകാലത്തുതന്നെ അതു് നടപ്പിൽ വരുത്തണമെന്നാണ് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

തൊഴിലാളികളെ ശിക്ഷിക്കുന്ന കാര്യത്തിൽ വ്യവസ്ഥാപിതമായ മാറ്റങ്ങളല്ല സ്വീകരിച്ചു വരുന്നതെന്നു ഇവിടെ പറഞ്ഞു. ട്രാൻസ്പോർട്ട് ഡയറക്ടരുടേയും മററു ഉദ്യോഗസ്ഥന്മാരുടേയും ആവശ്യം അനുസരിച്ചും ഹിതമനുസരിച്ചും

ആണ് അവരെ ശിക്ഷിച്ചുവരുന്നതെന്നു എന്റെ ബഹുമാനപ്പെട്ട സ്നേഹിതനായ ശ്രീ. പട്ടം താണുപിള്ള പറയുകയുണ്ടായി. അങ്ങനെ ചില കേസുകൾ ഉണ്ടായിട്ടില്ലെന്നു ഞാൻ വാദിക്കുന്നില്ല. എന്നാൽ ഒരു എസ്റ്റാബ്ലിഷ്മെന്റ് കോഡ് ഇപ്പോൾ തയ്യാറാക്കിവരുന്നുണ്ട്. അതു് പൂർത്തിയായിട്ടും ഉണ്ട്. അച്ചടിച്ചുവരികയാണ്. ആരുടെയെങ്കിലും പേരിൽ കേസ് ഉണ്ടെങ്കിൽ ഇന്നയിന്ന വിധത്തിലാണ് ശിക്ഷണനടപടികൾ നടത്തേണ്ടതെന്നു അതിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗവമെണ്ടിൽനിന്നും ഇതിനകം കൊടുത്തിട്ടുള്ള നിർദ്ദേശമനുസരിച്ചു തന്നെ ആരെങ്കിലും കുറ്റക്കാരാണെന്നു കണ്ടാൽ അവരുടെ പേരിലുള്ള കുറ്റം ഇന്നതാണെന്നു സ്പഷ്ടമായി അവരെ അറിയിക്കുകയും അവരുടെ സമാധാനം വാങ്ങുകയും ചെയ്തതിനു ശേഷം മാത്രമെ നടപടികൾ എടുക്കാവൂ എന്നു ഖണ്ഡിതമായി ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെ സ്ഥിരീകരിക്കാനാണ് ഒരു എസ്റ്റാബ്ലിഷ്മെന്റ് കോഡുതന്നെ ഏർപ്പെടുത്തി അതിലെ വ്യവസ്ഥകൾ അനുസരിച്ചു മാത്രമെ ശിക്ഷണനടപടികൾ നടത്താവൂ എന്നു ഗവമെന്റ് ഉദ്ദേശിക്കുന്നതു്.

ശ്രീ. എസ്സ്. കുട്ടൻ: ആ നിർദ്ദേശങ്ങൾ വകവെയ്ക്കാതെയും കുറ്റക്കാരുടെ യാതൊരു സമാധാനവും വാങ്ങാതെയും ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുമാത്രം വച്ചുകൊണ്ടു് ഡയറക്ടർ ശിക്ഷിക്കുന്നുണ്ടെന്നു ഗവമെണ്ടിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള കേസുകൾ ഗവമെന്റിനെ അറിയിച്ചാൽ അതേപ്പറ്റി പരിശോധിക്കുവാൻ ഗവമെന്റ് സന്നദ്ധമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പരിശോധയുടെ ഫലമായി ഡയറക്ടർ അപ്രകാരം ശിക്ഷിച്ചിട്ടുണ്ടെന്നു തെളിഞ്ഞാൽ അദ്ദേഹത്തെ ഉടനെ പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്കു് അയക്കുമോ?

Mr. Speakar: No lengthy discussion is allowed.

ശ്രീ. ടി. കെ. നാരായണപിള്ള: ഡയറക്ടരെ സംബന്ധിച്ചു് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസമാണ് ഞാൻ കണ്ടതു്. അദ്ദേഹത്തെ പോലീസു ഡിപ്പാർട്ടുമെണ്ടിലേക്കു തിരിയെ അയക്കണമെന്നു മി. ശ്രീധർ പറയുമ്പോൾ എന്റെ ബഹുമാനപ്പെട്ട സോഷ്യലിസ്റ്റ് സ്നേഹിതനായ മി. എൻ. കെ. കൃഷ്ണപിള്ള പറയുന്നതു് അദ്ദേഹം കാര്യക്ഷമതയുള്ളവനും ഏററവും സത്യസന്ധനുമായ ഒരുദ്യോഗസ്ഥനാണെന്നാണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: എന്നു ഞാൻ പറഞ്ഞില്ല. സർ, അതിനെപ്പററി എനിക്കു് ഒരു വാക്കു് പറയുവാനുണ്ടു്.

മിസ്റ്റർ സ്പീക്കർ: അതിനു പിന്നീടു് സമയം അനുവദിക്കുന്നതാണ്.

ശ്രീ. പൊന്നറ ശ്രീധർ: ഞാൻ അദ്ദേഹം സത്യസന്ധനല്ലെന്നു് പറഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന കേട്ടാൽ തോന്നും അങ്ങനെ ഒരു തെററിദ്ധാരണ എനിക്കുണ്ടെന്നു്. അദ്ദേഹം നല്ല ഒരു ഉദ്യോഗസ്ഥനാണ്. പക്ഷെ ഈ ഡിപ്പാർട്ടുമെണ്ടിലേക്കു പററിയ ആളല്ല; ഗവമെണ്ടിൽനിന്നും ലഭിക്കുന്ന ഉത്തരവുകൾ അതേപടി അനുസരിക്കുന്ന ആളല്ല എന്നാണ് ഞാൻ പറഞ്ഞതു്.

മിസ്റ്റർ സ്പീക്കർ: ഒരു ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷനെപ്പററി, അദ്ദേഹം ഈ സഭയിൽ ഹാജരായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, വ്യക്തിപരമായി ദോഷാരോപണങ്ങൾ പുറപ്പെടുവിക്കുന്നതു് ഈ സന്ദർഭത്തിൽ സംഗതമാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റു ഭരണം നല്ലതല്ല, ഭരണദൂഷ്യങ്ങളുണ്ടു്, ക്രമക്കേടുകളുണ്ടു് ഇതെല്ലാം പ്രസ്താവിക്കയും ചൂണ്ടികാണിക്കയും ചെയ്യാവുന്നതാണു്

ശ്രീ. ടി. കെ. നാരായണപിള്ള: പിന്നീടു് പറഞ്ഞതു് എന്തെങ്കിലും ആക്സിഡന്റു് ഉണ്ടായാൽ അതിലേക്കു കൊടുക്കുന്ന കോമ്പൻസേഷനെ സംബന്ധിച്ചാണു്. ഇതിലേക്കു ഗവമ്മെന്റു് ഒരു പ്രത്യേക ഫണ്ടുതന്നെ ഡിപ്പാർട്ടുമെണ്ടിൽ ഏർപ്പെടുത്തിയിട്ടുണ്ടു്. ഇൻഷ്വറൻസ് ഡിപ്പാർട്ടുമെണ്ടിൽ നിന്നുമാണു് ആക്സിഡന്റുമൂലം അവശത അനുഭവിക്കുന്നവർക്കു് പ്രതിഫലം കൊടുക്കുന്നതു്. നഷ്ടോത്തരവാദം ചെയ്യത്തക്ക ഇൻഷ്വറൻസ് കേസുകൾക്കു് ഏതുവിധത്തിലാണോ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും പണം കൊടുക്കുന്നതു്, അതേ നിലയിലാണു് ഇതിനും പ്രതിഫലം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്. അടുത്ത കാലത്തുതന്നെ മൂന്നാലപേക്ഷ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ഒരു പക്ഷെ കാലതാമസം വന്നിരിക്കാം. കഴിയുന്നിടത്തോളം അതു് പരിഹരിക്കുവാൻ ശ്രമിക്കുന്നതാണു്.

ഇന്നു നാഷനലൈസ് ചെയ്തിട്ടുള്ള റൂട്ടുകളിൽ പ്രവർത്തനം നടത്തുന്ന വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു അവിടെ സഞ്ചാരം ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കു് ഇന്നുണ്ടാകുന്ന അസൗകര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും ഗവമ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുന്നതാണു്. കൂടുതൽ ബസ്സുകൾ ഇടുക, കൂടുതൽ വെയിററിംഗ്ഷെഡ്ഡുകൾ സ്ഥാപിക്കുക, ഏററവും നല്ല ബസ്സുകൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുക, ഇവയെല്ലാംതന്നെ കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നതാണു്. അടുത്ത വർഷം തന്നെ ഇതു് നടപ്പിൽ വരുത്താൻ കഴിയുമെന്നാണു് ഗവമ്മെന്റു് പ്രത്യാശിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ: മി. എൻ. കെ. കൃഷ്ണപിള്ളയ്ക്കു് എന്താണു് പറയുവാനുള്ളതു്?

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ശ്രീ. ടി. കെ. നാരായണപിള്ള ഇപ്പോൾ പറഞ്ഞു, ട്രാൻസ്പോർട്ട് ഡയറക്ടരെ സംബന്ധിച്ചു ഞാൻ നല്ല അഭിപ്രായമാണു പറഞ്ഞതെന്നു്. അദ്ദേഹം സത്യസന്ധനാണെന്നു ഞാൻ പറഞ്ഞു. എന്നാൽ അതേസമയം അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റു് ഭരണം അത്ര കാര്യക്ഷമമായിട്ടല്ല നടക്കുന്നതെന്നു പറഞ്ഞുകൊണ്ടുവരവെയാണു് ഞാൻ ഈ അഭിപ്രായം പറഞ്ഞതു്.

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു ചോദ്യം.

മി. സ്പീക്കർ: ചോദ്യം ചോദിക്കാനുള്ള സമയമല്ല ഇതു്.

ശ്രീ. സി. സി. പ്രസാദ്: അത്യാവശ്യമുള്ള ഒരു ചോദ്യമാണു്.

The cut motions moved by Sri. P. K. Kumaran Asari and by Sri. Kannara Gopala Panicker were put and lost.

The question that Government be granted a sum of Rs. 1,31,78,200 under Demand XXXIII Transport Schemes was put and carried, and the grant was made.

Demand No. XXVII—Civil Works

Chief Minister **(Sri. C. Kesavan):** Sir, I move for a grant of Rs. 2,01,89,200 under Demand No. XXVII—Civil Works.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** second it.

Sri. Eapen Arackal: Sir, I move:

"To reduce the allotment of Rs. 30,09,800 for Original Works-Buildings by Rs. 5."

Sir, in answer to a question put to the hon'ble Minister sometime back it was stated that an amount of Rs. 3,000 is being spent on payment of rent to buildings hired by Government for housing Government offices. From that I am inclined to think that this amount of Rs. 3,000 that is being disbursed for the payment of rent could be saved if only proper accommodation is available for housing Government offices. So, I wish to draw the attention of Government that while such large amounts are being spent for paying rent for housing Government offices, it should be the policy of Government to construct as many Government buildings as possible to accommodate these offices so that this unnecessary expenditure may be avoided. If I remember correct at Alleppey an amount of several thousands Rupees is being spent on the payment of rent. I do not know the total amount spent on this account for the whole State. But the amount purse be a large one. In that case it is really necessary that the Government should have a scheme before them for this purpose. Even now there are very many offices housed in private buildings.

Sir, now I wish to draw the attention of the House to another motion sent in by me, *viz*,. Motion No. 12, in the list, which refers to the provision for communications. There is now a general cry for providing more and more means of communication from all parts of the State. But I am particularly interested in the taluks, *viz*., Ambalapuzha and Shertallai. It does not require any special emphasis that more roads are necessary in these taluks as the whole region is a sandy one. The existing means of communications are very meagre and scanty. Of late there has been very substantial improvement in the condition of the roads there. I remember the hon'ble Minister once telling me that so far as the roads in Ambalapuzha and Shertallai are concerned that there has been substantial increase in the length of mileage in recent years. But I should say that even with all these additions of new roads it does not satisfy the need. And, I should also bring to the attention of Government that many of these new roads are unfit for vehicular traffic because of the absence of bridges and culverts. What is the use of laying disconnected roads? Wherever there is need for a bridge or a culvert the road stops. These bridges and culverts are yet to be constructed. In this connection I may point out that one road, that is, Shertallai-Thanneermukkam road needs a bridge at Kattachirai. The present bridge is unfit for traffic. What is the use of saying that so many miles of road have been built, so long as there is this bridge remaining unbuilt. To quote another instance, in Shertallai, there is a coastal road from Aruthunkal to Mararikulam. This road was laid in 1122. In spite of repeated representations of people it was not constructed but when the communist disturbance arose in 1122, to safeguard the interests of the people this road was built. But without bridges there is no use with these roads. Three bridges have to be built on this Arathunkal—Mararikulam road.

[Sri. Eapen Arackel].

Sir, another matter which I want to bring to the attention of the Government is that though there was an assurance given by Government that the roads in the Alleppey town would be tarred, nothing has been done so far, and I do not know the total length of the road that is going to be tarred there. It appears that some preliminary work has been started. Unlike other towns in the State Alleppey bears its importance as a commercial centre. But if we look at other towns, say, Kottayam or Quilon, not to speak of Trivandrum, these towns are provided with more tarred roads than what Alleppey has. I need not impress upon the Government the importance of the tarred roads.

Now, Sir, there is another point also. People are willing to surrender their lands for building new roads. We require small roads, by-roads and cross roads. Representations after representations were submitted to this House and Government for the construction of these roads, and they invariably fall on flat ears and nothing is being done in the matter. Sir, it would be argued that it is not possible all on a sudden to provide roads everywhere. But when a demand for a road is backed by public opinion, recommended by the hon'ble Members of this House and the Roads Committee, let us have the satisfaction of seeing the Government taking up the matter and doing the needful for including the same in the budget. This is rather deplorable, Sir. I think that the Government will give their earnest attention and consideration to these popular demands as early as possible.

Sri. A. K. Patchu Pillai : Sir, I move to reduce the allotment of Rs. 43,40,300 for Communications by Rupee 1.

സർ, സിവിൽവർക്കിനെ സംബന്ധിച്ചിടത്തോളം ഏട്ടാം നമ്പരും ൧൫-ാം നമ്പരും ഖണ്ഡനോപക്ഷേപങ്ങൾ എടുത്തു ഒന്നായിട്ട് ചർച്ചചെയ്യുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിൽ ൯-ാം നമ്പരിൽ ഉൾപ്പെടുന്ന റോഡുകളുടെ സംഗതിയെപ്പററി പറയുകയാണെങ്കിൽ കൊച്ചി-തിരുവിതാംകൂർ സംസ്ഥാനത്തിന്റെ അങ്ങേഅററംമുതൽ ഇങ്ങേഅററംവരെയുള്ള പ്രധാനപ്പെട്ട റോഡുകൾക്ക് ചിലപ്പോൾ സംരക്ഷണം നൽകാറുണ്ടെങ്കിലും ഗ്രാമപ്രദേശങ്ങളിലെ റോഡുകളേയും ഉപറോഡുകളേയും സംബന്ധിച്ചിടത്തോളം വളരെ ഉപേക്ഷയോടുകൂടിയ ഒരു നയമാണ് ഗവമ്മെൻറ് സ്വീകരിച്ചുവരുന്നത്. പ്രധാനപ്പെട്ട റോഡുകളിലേക്ക് വാഹനങ്ങളും സാമാനങ്ങളും മററും എത്തിക്കുന്നതിന് സൗകര്യമുണ്ടായിരിക്കണമെങ്കിൽ അപ്രധാനമായ മററു റോഡുകളും ഗ്രാമറോഡുകളും ഏകദേശമെങ്കിലും സഞ്ചാരസൗകര്യം ഉള്ളതാക്കിത്തീക്കണം. രാജവീഥികൾ ഹൃദയത്തിന്റെ ജോലി നിവ്വഹിക്കുമ്പോൾ ഉപറോഡുകളും ഗ്രാമറോഡുകളും രക്തധമനികളുടെ പങ്കുവഹിച്ച് ഹൃദയത്തിൽനിന്നും ഹൃദയത്തിലേക്കും രക്തം കൊണ്ടുപോകുന്നു. ൧൯൩൯-ൽ യുദ്ധം തുടങ്ങിയതിനുശേഷം നാളതുവരെ യാതൊരു സംരക്ഷണവും നൽകാതെ അനേകം റോഡുകളും ഉപറോഡുകളും കുററകരമായ ഉപേക്ഷയോടുകൂടിതന്നെ ഇട്ടിരിക്കുന്ന ഒരു നയമാണ് ഗവമ്മെൻറിനുള്ളത്. അതിന്റെ ഫലമായി നാട്ടിൻപുറങ്ങളിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ മന്ത്രിമാർ നേരിൽകണ്ട് മനസ്സിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചില ബുദ്ധിശാലികളായ സ്ഥലവാസികൾ ഒരു വായനശാലയൊ അല്ലെങ്കിൽ ഒരു പൊതുസ്ഥാപനമൊ ഉൽഘാടനം ചെയ്യുന്നതിലേക്കായി പ്രധാനമന്ത്രിയേയൊ അല്ലെങ്കിൽ മററു മന്ത്രിമാരേയൊ ക്ഷണിച്ചുവരുത്തി വിരുന്നുകൊടുക്കുന്നു. ഈ വരവിൽ കുറെ റോഡുകളെങ്കിലും നന്നാകാൻ ഇടയുണ്ട്. അങ്ങനെ പല സ്ഥലങ്ങളിലും റോഡുകൾ നന്നാക്കിയിട്ടുമുണ്ട്. ഇനിയും അനവധി റോഡുകൾ മോചനം ലഭിക്കാതെ മന്ത്രിമാരുടെ സന്ദർശനത്തെ പ്രതീക്ഷിച്ചു കിടക്കുകയാണ്. ഗതാഗതങ്ങൾക്ക് ഒട്ടും സൗകര്യമില്ലാത്ത ഈ റോഡുകളിൽക്കൂടി കൃഷിക്കും മററും

സാധനസാമഗ്രികൾ കൊണ്ടുപോകാൻ വളരെ ക്ലേശിക്കുന്നുണ്ട്. ഇതുപോലെയുള്ള പല സ്ഥലങ്ങളും നാട്ടിന്റെ നാനാഭാഗങ്ങളിൽ ചെന്നുനോക്കുന്നപക്ഷം കാണാവുന്നതാണ്. സർ, ചങ്ങനാശേരിയിൽനിന്നും മുണ്ടക്കയത്തേക്കുപോകുന്ന റോഡിന്റെ ഏതാനും ഭാഗം അടുത്തകാലത്തു നന്നാക്കിയെങ്കിലും അധികം ഭാഗവും ഇനിയും ശരിപ്പെടുത്തേണ്ടതായിട്ടാണുള്ളതു്. ഉൾനാടുകളിൽ ചെന്നുനോക്കുന്നതായാൽ ഒട്ടും സഞ്ചാരസൗകര്യമില്ലാത്തവിധത്തിൽ പല ചെറിയ റോഡുകളും ഉള്ളതായി കാണാം. ഈ റോഡുകൾ ഈ സ്ഥിതിയിൽ വച്ചുകൊണ്ടിരിക്കുന്നതു് ഒരു പരിഷ്കൃതരാജ്യത്തിനു പററിയതാണോയെന്ന് ചിന്തിക്കേണ്ടതാണ്. അതുപോലെതന്നെ ഡിപ്പാർട്ടുമെന്റൽ സ്ഥാപനങ്ങൾക്കുവേണ്ടി പല പുതിയ കെട്ടിടങ്ങളും പണിതീർന്ന് പി. ഡബ്ലിയുക്കാരുടെ കൈവശം വച്ചുകൊണ്ടാണിരിക്കുന്നതു്. ആവക ജോലികൾ നടത്തിയാൽ കൺട്രാക്ടറന്മാർക്ക് പണം മുഴുവനും കൊടുക്കാതെ വളരെ അലസതയോടുകൂടി ഈ കാര്യത്തിൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നതു്. താലൂക്കുകച്ചേരിയുടെ കാര്യമാണെങ്കിലും ശരി കോടതികൾ മുതലായ മററു പബ്ലിക്ക് ആഫീസ് കെട്ടിടങ്ങളുടെ കാര്യമായാലും ശരി അവയുടെ ജോലികൾ പൂർത്തിയായതിനുശേഷവും ബില്ലുകൾ പാസാക്കി കൺട്രാക്ടറന്മാർക്ക് പണം കൊടുപ്പിക്കുകയോ കെട്ടിടം അതാതു ആവശ്യമനുസരിച്ച് വിട്ടുകൊടുക്കുകയോ ചെയ്യാതെ ഒന്നും രണ്ടും വർഷം വച്ചുതാമസിപ്പിക്കുന്നു. ഈ പ്രവർത്തികൊണ്ട് പൊതുവെ പറയുകയാണെങ്കിൽ പബ്ലിക്ക് ഡ്യൂട്ടിക്കുതന്നെ വളരെ തടസ്സമാണുണ്ടാകുന്നതു്. അതുപോലെ ഉൾനാടുകളിൽ പല കലുങ്കുകളും പാലങ്ങളുമുണ്ട്. ഈ സ്ഥലങ്ങളിൽ ഗവമെന്റ് യാതൊരു ശ്രദ്ധയും പതിപ്പിക്കുന്നില്ല. പബ്ലിക്ക് റോഡുകളാണെങ്കിൽ ഗവമെന്റ് ട്രാൻസ്പോർട്ട് ബസ്സുകൾ സഞ്ചരിക്കുന്ന റോഡുകളിൽ മിക്കതും നന്നാക്കിയിട്ടുണ്ടെങ്കിലും പ്രൈവററ് ബസ്സുകൾ സഞ്ചരിക്കുന്ന റോഡുകൾ വളരെയധികം ഉപയോഗയോഗ്യമല്ലാതായികിടക്കുകയാണ്. ഇപ്പോൾതന്നെ ബസ്സ്സർവ്വീസുമൂലം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്സിഡന്റ്സ് ഈമാതിരിയുള്ള റോഡുകളുടെ ശോച്യാവസ്ഥനിമിത്തം ഉണ്ടാകുന്നതാണ്. സമതലമല്ലാത്ത റോഡുകൾ ധാരാളം ഉണ്ട്. സന്ധ്യാസമയം കണ്ണാടികളിൽകൂടി പ്രതിഫലിക്കുന്ന വെളിച്ചത്തിൽകൂടി നോക്കിയാൽ പൊക്കത്താഴ്ചയും ഗട്ടറുകളും ശരിയായി കാണാം. ഈമാതിരി റോഡുകൾ വിശാലമാക്കി നിരപ്പാക്കി വൃത്തിയാക്കുകയാണെങ്കിൽ ഈമാതിരി ആക്സിഡന്റ്സ് ഇല്ലാതാകുന്നതാണ്. ഈവക കാര്യങ്ങളിൽ വേണ്ടപോലെ ശ്രദ്ധചെലുത്തിക്കൊണ്ട് ഒരു സമൂലമായ പരിവർത്തനം നടത്തി ഡിപ്പാർട്ടുമെന്റ് ഭരണത്തിൽ ശ്രദ്ധിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഡിപ്പാർട്ടുമെന്റ് സിൽബന്ധികളുടെ ഇടയിൽ കണ്ടുവരുന്ന കറപ്ഷനെപ്പററി അധികമൊന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. ധാരാളം പണം ചെലവുള്ള ഒരു ഡിപ്പാർട്ടുമെന്റിൽ അതിനനുസരിച്ച് ധാരാളം കൈക്കൂലിയും അക്രമങ്ങളും കണ്ടുവരുന്നതു് ഈ നാട്ടിനെ സംബന്ധിച്ചിടത്തോളം അതിശയിക്കാനുള്ളതല്ല. എന്നാൽ ആവശ്യമുള്ള യാതൊരു കാര്യത്തിനും പണം ചെലവാക്കാതെയും അനാവശ്യമായ കാര്യങ്ങൾക്കു പണം ചെലവാക്കി എന്നു വരുത്തുകയും ചെയ്യുന്നതു് ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയാണ്. ആണ്ടവസാനത്തിൽ കണക്കു പരിശോധിക്കുമ്പോൾ അറിയാം എത്ര അത്യാവശ്യമായ ജോലികൾക്കു് പണം ചെലവാക്കാതെ മിച്ചം വച്ചിട്ടുണ്ടെന്നും എത്ര അനാവശ്യമായ ജോലികൾക്കു്

[Sri. Ponnara G. Sreedhar]

പണം ചെലവാക്കിയിട്ടുണ്ടെന്നും. പാലം കലുങ്കു് മുതലായവക്കു പണം നീക്കിവച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നു ഒരുപ്രാവശ്യം മറുപടി പറയും. അടുത്ത പ്രാവശ്യമാകുമ്പോൾ ബഡ്ജററിൽ കുറെ തുക ഈ ആവശ്യത്തിനായി കാണും. അതിനടുത്തയാണ്ടു് ഈ തുക ഒന്നും ചെലവാക്കാതെ ലാപ്സായി തിരികെ വരികയും ചെയ്യും. ഇങ്ങനെയാണു് ഈ വിഷയത്തിൽ ഗവമ്മെൻറു് ചെയ്യുവരുന്നതു്. അഥവാ വല്ലപ്പോഴും ഒന്നോ രണ്ടോ കലുങ്കുകൾ നന്നാക്കിയാൽതന്നേയും അതു ശരിയായി നന്നാക്കിയിട്ടില്ലായിരിക്കുമെന്നതു് തീച്ചയാണു്. ഇതാണു് ഞാനും ഈ വിഷയത്തെക്കുറിച്ചു് ഒരു ഖണ്ഡനോപക്ഷേപം അയക്കുന്നതിനുള്ള പ്രധാന കാരണം. ഒന്നാമതായി തിരുവനന്തപുരം കൊട്ടാരക്കര റോഡിൽ പത്തൊൻപതാമത്തെ മൈൽക്കുററിയിൽനിന്നും ഒരു തടം കിഴക്കോട്ടു നെല്ലനാട്ടു് ഏലായിലേക്കു പോകുന്നുണ്ടു്, ആ തടത്തെക്കുറിച്ചാണു് പറയുവാനുള്ളതു്. ഇതു് റവന്യൂ ഡിപ്പാർട്ടുമെൻറുവക പുറമ്പോക്കു തടമാണു്. അതു നന്നാക്കണമെന്നു നാട്ടുകാർ പലപ്രാവശ്യവും ഗവമ്മെൻറിനോടു് അപേക്ഷിച്ചു. അതിനെതിരായി പടിഞ്ഞാറു് കോട്ടുക്കുന്നത്തേക്കുപോകുന്ന വേറൊരു തടവും ഉണ്ടു്. ഇതും നന്നാക്കേണ്ട ആവശ്യമുണ്ടെന്നു ഗവമ്മെൻറിനോടു് പലപ്രാവശ്യവും ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. മുൻമന്ത്രിസഭയിൽ ഈ ഡിപ്പാർട്ടുമെൻറു് ചാർജ്ജുവഹിച്ചിരുന്ന മി. ഫിലിപ്പോസു് അവർകൾ മലയും കാടുമെല്ലാം കേറിയിറങ്ങി ഈ തടം വന്നുനോക്കിയിട്ടുണ്ടു്. ഇങ്ങനെ അദ്ദേഹം നേരിട്ടുവന്നു് ഇതു് നോക്കിയെങ്കിലും അദ്ദേഹം ആ തടം നന്നാക്കുവാൻ ഒന്നുംതന്നെ ചെയ്തില്ല. അദ്ദേഹം വന്നതു് എലക്ഷനു് വോട്ടു സമ്പാദിക്കുവാനാണു്. കാൺഗ്രസ്സു് സ്ഥാനാത്ഥി തോററുപോയി. അതായിരിക്കും തടം നന്നാക്കാത്തതു്.

സാധാരണ ആ പ്രദേശങ്ങളിലെ സ്ത്രീകളിൽ പ്രസവിക്കുന്നതിനു ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നവരെല്ലാംതന്നെ മരണമടയുകയാണു്. വല്ല സ്ഥലത്തുനിന്നും ഡാക്ടർമാരെ കൊണ്ടുവന്നു ശുശ്രൂഷിക്കുകയെന്നതു് അസാദ്ധ്യമാണു്. മററു രോഗികളുടെ കാര്യവും അതുപോലെതന്നെയാണു്. ഞാൻ പ്രസ്താവിച്ചതായ പ്രസ്തുത രണ്ടു തടങ്ങളും ശരിയാക്കിയിടാത്തതിനാൽ നാട്ടുകാർ അനുഭവിക്കുന്ന സങ്കടം ഈ വിധത്തിലൊക്കെയാണു്. ഇനി അതിപ്രധാനമായ വേറൊരു തടത്തെപ്പററി പറയാനുണ്ടു്. തിരുവനന്തപുരത്തു് കൊടപ്പനക്കുന്നിൽനിന്നും ഒരു റവന്യൂതടം കരക്കുളം പകുതിയുടെ മദ്ധ്യത്തുക്കൂടി നെടുമങ്ങാടു്—വട്ടപ്പാറ റോഡു് മുറിച്ചു് നെടുമങ്ങാടു്—വെമ്പായം റോഡിൽ ചേരുന്നുണ്ടു്. അതു പഴയ രാജപാതയാണു്. അതിപ്പോൾ മനുഷ്യർക്കു് യാത്രചെയ്യാൻകൂടി നിവൃത്തിയില്ലാത്തരീതിയിൽ കിടക്കുകയാണു്. ആ തടം റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ കയ്യിലാണു്. മൂന്നുവർഷത്തിനുമുമ്പു് അതു നന്നാക്കണമെന്നാവശ്യപ്പെട്ടു. അപ്പോൾ ഇതിന്റെ ചാർജ്ജുവഹിച്ചിരുന്ന മന്ത്രി സ്ഥലം സന്ദർശിക്കുകയും നന്നാക്കിത്തരാമെന്നു പറയുകയും ചെയ്തു. ഇതുവരെ അതും നന്നാക്കിയിട്ടില്ല. നാട്ടുകാർ നന്നാക്കിക്കൊള്ളാം, പക്ഷെ ഗവമ്മെൻറിൽനിന്നു ഒന്നളന്നു തിരിച്ചുതരണം, എന്നു ഞങ്ങൾ പലതവണ അപേക്ഷിച്ചു. അതുപോലും ചെയ്തിട്ടില്ല. വേറൊരു തടത്തിന്റെ കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിക്കാം. പാർവ്വതിറാണി ഭരിച്ചിരുന്നകാലത്തു് രണ്ടു സായ്പന്മാർ ഈ രാജ്യം സർവ്വേചെയ്തു. അവരുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള ഒരു വഴിയാണു് അതു്. ഞാൻ ആ തടവും നേരിട്ടുകണ്ടിട്ടുണ്ടു്. അതു ആര്യനാട്ടുനിന്നും ആരംഭിച്ചു് എട്ടുമൈലുള്ള ആ വഴിയിൽക്കൂടി പോയാൽ, പാപനാശത്തുചെല്ലാം. ഇപ്പോൾ പത്തുനാലു മൈൽ ചുററിപോകേണ്ട അമ്പാസമുദ്രം താലൂക്കിൽപ്പെട്ട പാപനാശം എന്ന സ്ഥലത്തു് പോകുന്നതിനു് ആര്യനാട്ടുനിന്നും ഈ തടത്തിൽക്കൂടി എട്ടുമൈൽ

മാത്രമെ ദൂരമുള്ളൂ. തിരുവനന്തപുരത്തുനിന്നും പാപനാശത്തുചെല്ലാൻ, ആ വഴിയിൽകൂടി ആകപ്പാടെ ൧൮ മൈൽ മാത്രമെ ദൂരമുള്ളൂ. ഇത്ര എളുപ്പത്തിൽ പാപനാശത്തു എത്താവുന്ന മററൊരുവഴി വേറെ ഒരു സ്ഥലത്തും കാണുകയില്ല. ഞാൻ ഇതു നേരിട്ടു കണ്ടറിഞ്ഞിട്ടുള്ളതാണ്. അവിടെ എനിക്കു ഒരു വസ്തു ഉണ്ടായിരുന്നു. അവിടെ പോകുമ്പോൾ ഞാൻ ഇതു കണ്ടിട്ടുള്ളതാണ്. ഈ വഴി നന്നാക്കുകയാണെങ്കിൽ അതു നെടുമങ്ങാട്ടുകാർക്ക് വലിയ ഉപകാരമായിരിക്കും. ആ റിപ്പോർട്ടിൽ ഈ വഴിക്കു പറയുന്ന പേര് കീരവാടാതടം എന്നാണ്. അതായതു് കാലത്ത് അമ്പാസമുദ്രത്തിലുള്ള പാപനാശത്തുനിന്നും കീരയുംകൊണ്ടു് തിരിച്ചാൽ അതു വാടുന്നതിനുമുമ്പ് അതായതു് വൈകുന്നതിനുമുമ്പ് ഇവിടെ വന്നുചേരാവുന്നതാണ്. ഭക്ഷണക്ഷാമവും മററും ധാരാളമുള്ള ഇക്കാലത്ത് ഈ തടം നന്നാക്കിയാൽ വളരെ ഉപകാരപ്രദമായിരുന്നേനെ. ഇങ്ങനെ ഒരു തടം ഉണ്ടെന്നുപോലും റവന്യൂ ഡിപ്പാർട്ട്മെൻറുകാർക്കോ എഞ്ചിനീയർ ഡിപ്പാർട്ട്മെൻറുകാർക്കോ അറിയാമെന്നു തോന്നുന്നില്ല. അവർ ശമ്പളം വാങ്ങിക്കുന്നു, കുറെ ജോലിചെയ്യുന്നു, എന്നല്ലാതെ നാടുനന്നാക്കണമെന്നോ രാജ്യത്തിലെ ആവശ്യങ്ങൾ നിറവേററണമെന്നോ അവർക്കു യാതൊരു വിചാരവുമില്ല. ഈ തടങ്ങളെല്ലാം വേണമെങ്കിൽ നാട്ടുകാർ പണം പിരിച്ചു് നന്നാക്കിക്കൊള്ളും. അതു അളന്നുതിരിച്ചു് അനുവാദം നൽകിയാലും മതി. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നെ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

<u>ശ്രീ. എൻ. കെ. കൃഷ്ണപിള്ള</u>: ഞാനും ഈ വിഷയത്തെ സംബന്ധിച്ചു് രണ്ടു് ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുണ്ടു്. ഒന്നുരണ്ടു് സംഗതികൾ പ്രതിപാദിക്കാനാണ് ഞാൻ ഈ ഉപക്ഷേപങ്ങൾകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിൽ ചില സംഗതികൾ മി. ശ്രീധർ പറഞ്ഞു എങ്കിലും എന്തുകൊണ്ടാണെന്നറിഞ്ഞില്ല ഒരു സംഗതി അദ്ദേഹം വിട്ടുകളഞ്ഞിരിക്കുന്നു. ഒരുപക്ഷെ അദ്ദേഹത്തിനു വിട്ടുപോയതായിരിക്കണം. സാധാരണയായി പ്രാദേശികാവശ്യങ്ങളെപ്പററി പറയുന്നതിൽ എനിക്കു് വളരെ മടിയുണ്ടു് എങ്കിലും ചില ഉദാഹരണങ്ങൾ എടുത്തുപറയാതെ കമ്മ്യൂണിക്കേഷൻസിനെപററി എന്തു പറയാനാണ്? അതിനാൽ നിവൃത്തിയില്ലാതെ ഒന്നുരണ്ടു് പ്രാദേശിക കാര്യങ്ങളെക്കുറിച്ചു പറയുകയാണ്. നെയ്യാററിൻകര താലൂക്കിൽ ഒററശേഖരമംഗലത്തു് മണ്ഡപത്തുംകടവിൽ ഒരു പാലം വേണമെന്ന് ൩൦ വർഷം മുമ്പ് മുതൽ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ ഒരു പാലം അത്യാവശ്യമാണെന്നുള്ളതു് ഗവണ്മെൻറിനും അറിയാവുന്നതാണ്. ജനപ്രതിനിധിസഭ ഉണ്ടായതുമുതൽ ജനപ്രതിനിധികൾ തുടരെ ഈ സംഗതി ഗവണ്മെണ്ടിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഞാനും ഈ ആവശ്യത്തെപ്പററി നിയമസഭയിൽ ശക്തിയായി പല പ്രാവശ്യം വാദിച്ചിട്ടുണ്ടു്. പഴയ ശ്രീമൂലം പ്രജാസഭയിലും ലെജിസ്ലേററീവ് കൗൺസിലിലും ഇതിനെപ്പററി ഡിബേററു ചെയ്തിട്ടുണ്ടായിരുന്നു. ജനകീയ ഗവണ്മെൻറ് വന്നതിനുശേഷമെങ്കിലും ഈ ആവശ്യം സാധിക്കുമെന്ന് ഞങ്ങൾ വിചാരിച്ചിരുന്നു. ഒന്നാമത്തെ മന്ത്രിസഭ വന്നപ്പോൾ ഇതു് നടപ്പിലാക്കുന്നതിനു് വേണ്ട നടപടികൾ നടന്നിരുന്നതായി എനിക്കറിയാം. പക്ഷെ ഇതുവരെ ഇക്കാര്യത്തിൽ പറയത്തക്ക പുരോഗതി ഉണ്ടായിട്ടില്ല. ഗവണ്മെൻറ് ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

നെയ്യാററിൻകര താലൂക്കിൽ വളപ്പിൽ പകുതിയിൽ പേയാട് എന്ന സ്ഥലത്തുനിന്നും വെള്ളനാട്ടേക്കു് ഒരു റോഡുണ്ടു്. ഇവിടെയുള്ള പല ബാഹ്മ

[Sri N. K. Krishna Pillai]

നപ്പെട്ട മെമ്പറന്മാക്കും വിശേഷിച്ചും ശ്രീ. പട്ടം താണുപിള്ള മുതലായവക്കു ഇതിനെപ്പററി പ്രത്യേകിച്ചു് അറിയാം. ആ റോഡു് വളരെ അനാഥ സ്ഥിതിയിൽ കിടക്കുകയാണു്. ഏകപ്പാടെ മൂന്നുനാലുമൈലേ നീളവുമുള്ളു. ഈ റോഡിൽക്കൂടി ഈയിടെ ഒരിക്കൽ ഒരു രോഗിയെ വണ്ടിയിൽ കയററി കൊണ്ടുപോയപ്പോഠം വണ്ടി മറിഞ്ഞു തൽഫലമായി ഒടുവിൽ ആ രോഗിയെ മുമ്പുണ്ടായിരുന്ന രോഗത്തിനും പിന്നെ വണ്ടി മറിഞ്ഞതുകൊണ്ടുണ്ടായ പരുക്കുകഠംക്കും ചികിത്സിക്കേണ്ടിവന്നു. അത്ര അപകടസ്ഥിതിയിലാണു് റോഡു കിടക്കുന്നതു്. ചീഫ് എഞ്ചിനീയക്കു് ഈ വിവരം അറിഞ്ഞുകൂടായിരിക്കാം. ഞാൻ ഈ വിവരം എക്സിക്യൂട്ടീവു് എഞ്ചിനീയരോടു് ഉടൻ തന്നെ പറഞ്ഞിട്ടുണ്ടു്. ഈ റോഡിന്റെ കാര്യത്തിൽ ഇതുവരേയും ആരും ഗൗനിച്ചതായി തോന്നുന്നില്ല.. വേറൊന്നു പറയുവാനുള്ളതു് കുന്നത്തുകാൽപകുതിയെ സംബന്ധിച്ചാണു്.

അവിടെ കുന്നത്തുകാൽ പകുതികച്ചേരിയിൽനിന്നും ഒന്നര മൈൽ ദൂരെ അരുവിഴയോടു് എന്ന ഒരു സ്ഥലം ഉണ്ടു്. ഒരു വെള്ളച്ചാൽ കാരണം റോഡിൽ ആ ഭാഗം വലിയ ഡിപ്രഷൻ ആയി കിടക്കുകയാണു്. വലിയ പണച്ചിലവുള്ള കാര്യമല്ല. ഒരു double vent culvertനു് എസ്റ്റിമേററു തയ്യാറായിട്ടു കാലം കുറെ ആയി എങ്കിലും ഒന്നും നടന്നിട്ടില്ല. ഉടൻ ഈ സ്ഥലവും നന്നാക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. വില്ലേജ് കമ്മ്യൂണിക്കേഷൻസിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ മി. ശ്രീധറിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ஸ்ரீ. எலியாஸ் மேரி அன்டனி: சர், எனது வெட்டுப் பிரேரணையின் நோக்கம் இந்த நாட்டின் கிராமாந்திர ரோடுகளின் பரிதாபகரமான நிலைமையை சர்க்காருக்கு எடுத்துக்காட்டி அவைகளுக்கு நிவிர்த்தி தேடிக்கொள்ள வேண்டும் என்பதே.

நமது இந்து தேசமானது கிராமங்களால் அமையப்பெற்றது என்பது ஒரு உண்மை. இந்த கிராமங்கள் மக்களின் உயிர்நாடிகளாக விளங்குகின்றன. ஆகையால் கிராமங்களின் முன்னேற்றத்திற்கான எந்த விஷயத்தையும் முக்கியமாக கவனிக்கவேண்டியது நம்மைச் சார்ந்த கடமையாகும். இந்த ஜனநாயக காலத்தில் மக்களின் தொடர்பின் வசதிக்காக முதன் முதலாக விளங்குவது ரோடுகள். கிராமங்களின் பரிபாலனத்திற்கும் அவைகளின் முன்னேற்றத்திற்கும் சரியான ரோடுகள் இன்றியமையாதவை என்பதை நம் மனதில் கொள்ளாவிட்டால் கிராமங்களைப் பற்றிய நமது உயரிய நோக்கங்களும் உன்னத பேச்சுகளும் வீண் என்றே நான் கூறுவேன்.

சர், இந்த நாட்டில் திருவனந்தபுரத்தின் வட பாகம் எவ்விதமாக அமையப்பெற்றது என்று எனக்கு நன்றாக தெரிய வராது. தென் பாகத்தை பொறுத்த அளவில் அது தனிக்கிராமங்களால் அமையப்பெற்றது. சில வருஷங்களுக்கு முன்பு டாக்டர் பட்டாபி சீதாராமையா இந்த நாட்டிற்கு விஜயம் செய்தபோது தென் திருவிதாங்கூருக்கு வர நேரிட்டது. அப்போது திருவிதாங்கூரில் தென்பாகத்தில் மாத்திரமே—கிராமங்களை பார்க்க முடிகிறது என்று அவர்கள் சொன்னார். ஆனால் சர், அந்த பிரதேசத்தின் ரோடுகளின் நிலைமை என்ன? மிகவும் நிர்ப்பாக்கியமும், பரிதாபமும் என்று சொன்னால் போதாது.

சர், வட திருவிதாங்கூரில் காணப்படும் Waterways, Railways, Airways, Roadways ஆகிய நான்குவித மார்க்கங்களிலும் தென் திருவிதாங்கூருக்கு ஒரு

மார்க்கமே உள்ளது. இருபதாம் நூற்றாண்டின் கடைக்காலமாகிய இந்த 1951-ம் வருஷத்தில் தென் திருவிதாங்கூர் மக்களுக்கு ரோடு மார்க்கம் மாத்திரமே உள்ளது. இந்த நாட்டின் ரோடுகளை சீர்திருத்தம் செய்யும் விஷயத்தில் தென் திருவிதாங்கூரின் ரோடுகளின் நிலைமையை இந்த சர்க்கார் ஆழமாக மனதில் வைத்து சிந்தனை செய்ய வேண்டுமென்று நான் கூறுவேன்.

புழுதியற்ற ரோடுகளை சிருஷ்டிக்கும் ஒரு முறையை இந்த சர்க்கார் கையாண்டு வருவதாக காணப்படுகிறது. இது விஷயமாக Kalkulam Taluk works committee அழகியமண்டபத்திலிருந்து Monday Market வழியாக பரசேரி செல்லும் ரோடை புழுதியற்ற ரோடாக்கும் பொருட்டு தீர்மானம் செய்து Central Works Committee க்கு தீர்மானத்தை அனுப்பியது. இந்த கமிற்றி இக்காரியத்தை யாதொரு சிந்தனையும் செய்யாது தீர்மானத்தை நிராகரித்த செய்தியை நான் அறிய நேரிட்டது. இந்த ரோடின் சில முக்கியமான விஷயங்களை நான் குறிப்பிட ஆசைப்படுகிறேன். இந்த ரோடின் நீளம் 8 மைல் மாத்திரம். இந்த ரோடானது திருவிதாங்கோடு, மைலோடு, ஆலங்கோடு, நெய்யூர், திங்கள்கிழமைச்சந்தை, இரணியல், கண்டன்விளை, நுள்ளிவிளை, பரசேரி என்ற பல முக்கிய கிராமங்களின் மத்தியில் கூடி செல்கிறது. ஒன்று அல்லது இரண்டு பர்லாங்கு தூரம் தவிர்த்து இந்த ரோட்டின் இரு பக்கங்களிலும் இடையில்லாது வீடுகளும், கடைகளும் நெருக்கமாக இருக்கின்றன. பல இடங்களில் வீட்டுச் சுவர்களே ரோட்டின் எல்லையாக இருக்கின்றன. பெரும் புகழ் பெற்ற நெய்யூர் ஆஸ்பத்திரியும் இந்த ரோட்டின் ஓரத்திலேயே இருக்கிறது. தென் இந்தியாவின் பல பாகங்களிலிருந்தும் இந்த ஆஸ்பத்திரிக்கு நூற்றுக்கணக்கான ரோகிகள் வந்து சிகிச்சை பெற்று போவது எவரும் அறிந்த உண்மை. இந்த ரோகிகள் ஏற்கனவே, தங்களுக்குண்டான ரோகத்தால் அனுபவிக்கும் வேதனையோடு ரோடில் எழும்பும் புழுதியால் படும் கஷ்டத்தை நாம் கண்ணால் கண்டால் மாத்திரமே சரியாக அறிய முடியும்.

சர், சில வேளைகளில் சில வேலையாட்கள் இந்த ரோடில் தோன்றுகிறார்கள். இவர்கள் ரோடின் இருபக்கங்களிலுமிருந்து மண்ணை வெட்டி ரோட்டில் போட்டு விட்டு மாய்ந்து விடுகிறார்கள். இந்த மண்ணானது கணக்கற்ற மோட்டார் வண்டிகளின் நிமித்தமாக ஒன்று இரண்டு மணி நேரத்தில் புழுதியாக மாறிவிடுகிறது.. இந்த புழுதி இரவு பகலாக ஓடும் மோட்டார் வண்டிகளாலும் இடைவிடாது அடிக்கும் காற்றாலும் எழுப்பப்பட்டு அருகிலிருக்கும் வீடுகளினுள்ளும், கடைகளுள்ளும் மற்றும் சகல கட்டடங்களுள்ளும் வாயுவேகமாக ஊடுருவி செல்லுவதை நாம் எப்பொழுதும் காணமுடியும். இந்த நிமித்தம் ஜனங்கள் இந்த புழுதி நிறைந்த காற்றையே இரவிலும் பகலிலும், ஊணிலும் உறக்கத்திலும் உட்கொண்டு அதனால் உண்டாகும் கொடிய க்ஷயத்திற்கும் அதுபோன்ற பல நோய்களுக்கும் ஆளாக வேண்டியிருக்கிறது. உண்மை இவ்வாறிருக்க இது விஷயமாக Taluk Committee சிபார்சு செய்த போதிலும் Central Committee சிறிதளவும் சிந்தியாது நிராகரித்திருக்கிறது.

ஆனால் சர், எனது கையில் இருக்கும் Appendices to the detailed Budget Estimates for 1951—52-ன் 38-வது பக்கத்தை திருப்பி பார்த்தால் புழுதியற்ற ரோடுகளாக இந்த வருஷத்தில் மாற்றப்படப்போகும் ரோடுகளின்

[Sri. Elias Mary Antony]

ஒரு ஜாபிதா காணலாம். இதில் முதல் ஸ்தானம் வகித்திருப்பது மியூஸியத்தின் மேற்கு வாசலிலிருந்து நந்தன்கோட்டு ஜங்ஷனுக்கு போகும் ரோடு. இந்த ரோட்டிற்கு Tar போட்டாலும் cement போட்டாலும் எனக்கு கவலை இல்லை. அழகியமண்டபம்—பரசேரி ரோட்டை நிராகரித்து இந்த ரோடுக்கு முக்யத்வம் கொடுப்பதற்கு காரணம் என்னவென்று மாத்திரம் தான் நான் கேட்கிறேன். இந்த ரோட்டின் அருகில் பத்து வீடுகளாவது உண்டா? இல்லை, ஐந்து வீட்களாவது உண்டா என்று கேட்கிறேன். இதுவிஷயமாக கனம் பிரதான மந்திரி அவர்கள் அழகிய மண்டபம்—பரசேரி ரோட்டை வந்து பார்த்து நந்தன்கோட்டு ரோடுடன் ஒப்பிட்டு நிதானித்து ஓர் தீர்மானம் செய்யுமாறு கேட்டுக்கொள்கிறேன்.

Sri. K. A. Mathew, Sir, I move to reduce the allotment of Rs. 2,98,400 for Original Works, Miscellaneous by Re. 1.

സർ, നമ്മുടെ സ്റ്റേററിൽ ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിട്ട് പല പദ്ധതികൾ രൂപീകരിക്കുകയും അവയ്ക്ക് ഇൻഡ്യാഗവമ്മെൻറിൽനിന്ന് ധനസഹായം ലഭിക്കുകയും ചെയ്യുന്നു. അവ പ്രയോഗത്തിൽ വരുത്തുന്നതിനായിട്ടാണ് താലൂക്ക് കമ്മിററികളും, ഡിസ്ട്രിക്ട് കമ്മിററികളും, സെൻട്രൽ ഫുഡ് പ്രൊഡക്ഷൻ ബോർഡും രൂപീകരിച്ചിട്ടുള്ളത്. ഈ കമ്മിററികൾ ധാരാളം പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയിൽ ഭൂരിപക്ഷവും ഇന്നും നടപ്പിൽ വരാതെ പേപ്പർ പദ്ധതികളായി മാത്രം കിടക്കുന്നു. അനഭിലഷണീയമായ ഈ അവസ്ഥയ്ക്ക് പ്രധാന ഉത്തരവാദികൾ പി ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരാണെന്നു പറയുന്നതിന് എനിക്ക് മടിയില്ല: ദൃഷ്ടാന്തമായി ഞാൻ പ്രതിനിധീകരിക്കുന്ന തിരുവല്ലാ താലൂക്കിൽനിന്നും അയച്ചുകൊടുത്തതും ഫുഡ് പ്രൊഡക്ഷൻ ബോർഡ് പാസ്സാക്കിയതുമായ അനവധി സ്കീമുകൾ ഇന്നും കടലാസിൽ ശേഷിക്കുന്നതേയുള്ളു. തിരുവല്ലാ, ചങ്ങനാശ്ശേരി എന്നീ താലൂക്കുകളിലെ ഏകദേശം നാലായിരം പറ നിലങ്ങളിലെ കൃഷിക്ക് ഉപയോഗപ്രദമായ കുററപ്പുഴതോട്, ഏകദേശം ൧൦൦ വർഷങ്ങൾക്ക് മുമ്പ് വെട്ടിയിട്ടുള്ളതാണ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ അത് ഉപയോഗശൂന്യമായിപ്പോയി. തിരുവിതാംകൂറിലെ പ്രജാസഭയുടെ കാലം മുതൽ ഈ തോട് പുനരുദ്ധരിക്കുന്നതിന് മുറവിളികൂട്ടികൊണ്ടിരിക്കുകയാണ്. പത്തു പതിനഞ്ചു വർഷം മുൻപു തിരുവിതാംകൂർ ഗവമ്മെൻറിൽ നിന്നും അതു് നന്നാക്കുന്നതിലേയ്ക്കു കുറേ പണം അനുവദിക്കുകയും കുറച്ചു പണി നടത്തുകയും ചെയ്തു. കുറേറാട്ടു ഒരു ചീപ്പു പണിയുന്നതിലേയ്ക്ക് അവിടത്തെ പാലം പൊളിച്ചു പണിതു. ചീപ്പു ഇന്നേവരെ ഇട്ടിട്ടില്ല. തോടിൻെറ പണി ഇന്നും പൂർത്തിയായിട്ടില്ല. ആ തോടിനെ നന്നാക്കിയെടുത്താൽ അനേകായിരം പറ നിലങ്ങൾ ഇരുപ്പൂവ് ആക്കാം. ഏതാനും ദിവസങ്ങൾക്കു മുൻപു ഇക്കാര്യത്തെപ്പററി പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയരെ വീണ്ടും അനുസ്മരിച്ചപ്പോൾ അതിലേയ്ക്ക് ൩ ലക്ഷം രൂപയുടെ ഒരു എസ്റ്റിമേററ് ഉണ്ടാക്കി ഗവമ്മെൻറിലേയ്ക്കു അയച്ചിട്ടുള്ളതായി എന്നോടു പറയുകയുണ്ടായി. പി. ഡബ്ലിയു. ഡി. സെക്രട്ടറിയോടും ഫുഡ് പ്രൊഡക്ഷൻ ബോർഡു സെക്രട്ടറിയോടും അന്വേഷിച്ചതിൽ ആ സ്കീം എവിടെയാണെന്ന് അറിയാൻ കഴിഞ്ഞില്ല. ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാനും അന്വേഷണം നടത്തി. അതു് സെക്രട്ടറിയേററിൻെറ ഉള്ളറകളിൽ എവിടെയെങ്കിലും തള്ളപ്പെട്ടുപോയോ, എന്നറിഞ്ഞുകൂടാ. താലൂക്ക് കമ്മിററിയും ഡിസ്ട്രിക്ട് കമ്മിററിയും സെൻട്രൽ ഫുഡ് പ്രൊഡക്ഷൻ ബോർഡും അംഗീകരിച്ചിട്ടുള്ള ഈ സ്കീമിൻെറ എസ്റ്റിമേററ് ഇതുവരെ ഗവമ്മെൻറിൽനിന്നും സാങ്ക്ഷൻ ചെയ്തിട്ടില്ല.

ഇങ്ങനെ ഗവമ്മെൻറ് ഈ കാര്യങ്ങളിൽ അലസത കാണിച്ചാൽ എങ്ങനെയാണ് ഭക്ഷ്യോല്പാദനം വദ്ധിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതിന് ആവശ്യമുള്ള പണം ജി. എം. എഫിൽ ഉണ്ടുതാനും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കുററപ്പുഴ തോടിന് ആകെയുള്ള എസ്റ്റിമേററുതുക എന്താണെന്ന് പറയാമോ?

ശ്രീ. കെ. എ. മാത്യു: അതു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ഇങ്ങനെ പല പദ്ധതികളും കടലാസിൽ മാത്രമാണ് കിടക്കുന്നതു്. തിരുവല്ലാ താലൂക്ക് ഫുഡ്പ്രൊഡക്ഷൻ കമ്മിററിയിൽനിന്നും പാസ്സാക്കി അയച്ച പല മൈനർ ഇറിഗേഷൻ പദ്ധതികളും കടലാസിൽ മാത്രം ഇന്നും കിടക്കുന്നതേയുള്ളു. ഇതു് ആക്ഷേപാർഹമാണ്.

ശ്രീ. എ. താണുപിള്ള: തിരുവല്ലാ താലൂക്കിലേക്ക് എല്ലാംകൂടി എത്ര രൂപക്കുള്ള സ്കീം അവിടത്തെ കമ്മിററി തയാറാക്കി അയച്ചിട്ടുണ്ട്?

ശ്രീ. കെ. എ. മാത്യു: കമ്മിററിയെ വിളിച്ചുകൂട്ടിയില്ല. ഇങ്ങനെ കൃഷിക്ക് അത്യാവശ്യമായിട്ടുള്ള പദ്ധതികൾ വേഗം തീക്കുന്നതിനായിട്ട് ഗവമ്മെൻറ് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ പ്രത്യേകം ചട്ടംകെട്ടുകയും അതിലേയ്ക്കു് ഊജ്ജിതവും താല്പര്യവുമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്താൽ കൊള്ളാമെന്ന് എനിക്ക് അപേക്ഷയുണ്ട്.

സർ, തിരുവല്ലാ ടൗണിൽ ഒരു മൈൽ റോഡു് ടാർ ചെയ്യുന്നതിന് ഒരു സ്കീം ഗവമ്മെൻറ് അംഗീകരിച്ചിട്ടുണ്ട്. മുൻസിപ്പാലിററി അതിലേക്ക് പതിനായിരം രൂപാ ഗവമ്മെൻറിനെ ഏല്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പണം ഗവമ്മെൻറ് ചെലവിടാമെന്നാണ് വ്യവസ്ഥ. പണി നടത്തേണ്ടസമയം ഇപ്പോഴാണ്. എന്നാൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ജനങ്ങൾക്ക് ആവശ്യമായ പല സ്കീമുകളും ഇങ്ങനെ വിസ്മൃതിയിൽ പെട്ടുപോകുന്നുണ്ട്. അപ്രകാരം വരാതിരിക്കാൻ പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാക്ക് കശനമായ ഉത്തരവു കൊടുക്കുകയും അതനുസരിച്ചു പ്രവത്തിക്കാത്തവരെ നിർദ്ദാക്ഷിണ്യം ശിക്ഷിക്കുകയും ചെയ്യേണ്ടതാണ്.

സർ, ഓരോ താലൂക്കിലും താലൂക്ക് വർക്സ് രൂപീകരിച്ചിട്ടുണ്ട്. ബഡ്ജററിൽ കൊള്ളിക്കുന്ന ഇനങ്ങൾ പ്രസ്തുത കമ്മിററിയുടെ ശുപാശകളെ അടിസ്ഥാനമാക്കിയതാണ്. ചില താലൂക്കുകളിൽ കഴിഞ്ഞവഷം വർക്സ് കമ്മിററിയെ വിളിച്ചുകൂട്ടുകയോ, പ്രവത്തനം നടത്തുകയോ ഉണ്ടായിട്ടില്ല.

സർ, തിരുവല്ലാ താലൂക്കിലെ വർക്സ് കമ്മിററിയെ കഴിഞ്ഞവഷം അതിൻെറ കൺവീനറായ സബ് ഡിവിഷൻ ഓഫീസർ വിളിച്ചുകൂട്ടിയില്ല. യാഥാത്ഥ്യം അങ്ങിനെ ഇരിക്കവെ, ഞാൻ ഈ സഭയിൽ ഏതാനും ദിവസങ്ങൾക്ക് മുൻപു് അയച്ചിരുന്ന ചോദ്യത്തിന് മറുപടിയായി ഗവമ്മെൻറ് പക്ഷത്തുനിന്നും പ്രസ്താവിച്ചതു് രണ്ടു് പ്രാവശ്യം കമ്മിററികൂടി എന്നാണ്. തിരുവല്ലാ സബ്ഡിവിഷൻ ആഫീസിൽനിന്നും ഗവമ്മെൻറിലേയ്ക്കു് അയച്ച ഒരു വ്യാജറിപ്പോർട്ടാണ് അതു് എന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. പ്രസ്തുത കമ്മിററിയോടു് ആലോചിക്കാതെ ഇയ്യാണ്ടത്തെ ബഡ്ജററിൽ കൊള്ളിക്കുന്നതിന് വക്കുകളുടെ ലിസ്റ്റ് അയച്ചതിനെപററി ഞങ്ങൾ പ്രതിഷേധിച്ചു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. തിരുവല്ലാ സബ്ഡിവിഷൻ ആഫീസിൽനിന്നും ഇപ്രകാരം ഒരു കള്ള റിപ്പോർട്ട് അയയ്ക്കാൻ കാരണമെന്താണെന്നു അന്വേഷിക്കണമെന്ന് ഞാൻ ഗവമ്മെണ്ടിനോടു് ആവശ്യപ്പെടുന്നു.

[Sri. K. A. Mathew]

സർ, എനിക്ക് പൊതുവെ പറയാനുള്ളതു് ഓരോ താലൂക്കിലേയും പൊമരാമത്തു വേലകൾ വളരെ വേഗത്തിൽ ചെയ്തു് തീർക്കുന്നതിനു് ശ്രദ്ധിക്കണമെന്നത്രെ. പല ഗ്രാമീണ റോഡുകളും ഇന്നു വളരെ അനാഥസ്ഥിതിയിൽ കിടക്കുന്നുണ്ടു്. തിരുവല്ലാ താലൂക്കിൽ ജനങ്ങൾ വെട്ടി സർക്കാരിനെ ഏല്പിച്ച അനേകറോഡുകളുടേയും സ്ഥിതി ശോചനീയമാണു്. അതെല്ലാം പ്രത്യേകമായി ഈ ഡിപ്പാർട്ടുമെന്റ ശ്രദ്ധിക്കണമെന്നു ഞാനപേക്ഷിച്ചുകൊള്ളുന്നു.

Mr. Speaker: Is Mr. Paul Thaliath moving the cut motion standing in his name?

Sri. Paul Thaliath: Yes, Sir, I move "To reduce the allotment of Rupees 2,01,700 for Direction by Rupee 1".

സർ, കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് എടുത്തു നോക്കുകയാണെങ്കിൽ വളരെ പണികൾ ചെയ്തു തിർക്കുവാനായി അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. എന്നാൽ അതിൽ എത്രയെണ്ണം ചെയ്തുതീർത്തിട്ടുണ്ടെന്നു ചോദിച്ചാൽ വളരെ നിരാശാജനകമായ ഒരു മറുപടിയാണു് നമുക്കു കിട്ടുവാൻ സാധിക്കുന്നതു്. ഇതിന്റെ കാരണങ്ങളെക്കുറിച്ചു അന്വേഷിച്ചാൽ എസ്റ്റിമേററ് തയ്യാറായിട്ടില്ലെന്നു ആദ്യമായി പറയും. പിന്നീട്ട് എസ്റ്റിമേററ് തയ്യാറാക്കി എന്നുവച്ചാൽതന്നെ മറുപടിപറയും, അതു് എക്സിക്യൂട്ടിവ് എൻജിനീയരുടെ ആഫീസിലേക്കു് അയച്ചിരിക്കുകയാണെന്നു്. അതു കഴിഞ്ഞുവന്നാൽ പിന്നെപറയും ചീഫ് എൻജിനീയരാഫീസിൽഇരിക്കുകയാണെന്നു്. അവിടെ അന്വേഷിച്ചാൽ പറയും അതു ഗവർമ്മെൻറിലേയ്ക്കു അയച്ചിരിക്കുകയാണു്, അഡ്മിനിസ്ട്രേട്ടീവ് സാങ്ഷൻ ആയിട്ടു്, എന്നു്. ഇങ്ങനെയായി പണിയൊന്നും നടപ്പില്ല. മന്ത്രിമാർപോലും സ്ഥലങ്ങൾസന്ദർശിച്ചു വളരെ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടു് അടിയന്തിരമായി പണി നടത്തണമെന്നു നിർദ്ദേശംകൊടുത്താൽതന്നെ അതു ചെയ്തുതീർക്കാതെ എത്രയെണ്ണം ഇന്നും കിടപ്പുണ്ടു്. രണ്ടും മൂന്നും കൊല്ലമായിട്ടും യാതൊന്നും ചെയ്തിട്ടില്ലാത്തവകളും ഉണ്ടു്.

ஸ்ரீ. எ. சிதம்பரநாத நாடார்: அப்படி செய்து தீர்க்காத வேலைகள் இன்னும் இருக்கின்றனவா?

ശ്രീ. പോൾ തളിയത്തു്: കുറച്ചെല്ലാം അങ്ങിനെ വന്നതാണെന്നാണു് എനിക്കു തോന്നുന്നതു്. ഇന്നു് എവിടെചെന്നു നോക്കിയാലും ഈ പണികൾ അവസാനിപ്പിക്കാതെ കിടക്കുകയാണെന്നു നമുക്കു കാണാൻ കഴിയും.

പിന്നെ താലൂക്കു വർക്ക്സ് കമ്മററികൾ ഉണ്ടാക്കീട്ടുണ്ടു്. അവർ കമ്മററികൂടി വളരെ ബുദ്ധിമുട്ടി നിർദ്ദേശങ്ങൾ തയാറാക്കി പ്രയോറിററിലിസ്റ്റുണ്ടാക്കി ചീഫ് എൻജിനീയർ ആഫീസിലേയ്ക്കു അയച്ചിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ബഡ്ജററിൽ പണികൾ ചേർത്തിരിക്കുന്നതു്. എന്റെ താലൂക്കിനെ സംബന്ധിച്ചുണ്ടെങ്കിൽ പല ആവശ്യമായ പണികളും അവിടെനിന്നും റെക്കമെൻറചെയ്തു അയച്ചിരുന്നു. എന്നാൽ അവിടെനിന്നും റക്കമെൻറചെയ്തു അയച്ച പ്രയോറിററിലിസ്റ്റ് അനുസരിച്ചു ബഡ്ജററിൽ കൊള്ളിച്ചിരിക്കുമെന്നു വിശ്വസിച്ചു. എന്നാൽ ഈ ബഡ്ജററ നോക്കിയതിൽ പ്രയോറിററിയുമില്ല, ഒന്നുമില്ല. ഇതുംപോലെ ബഡ്ജററിൽ ഒന്നുകിൽ ഇതു് ചീഫ് എൻജിനീയർ ചെയ്തതായിരിക്കണം. അല്ലെങ്കിൽ സെൻട്രൽകമ്മററി ചെയ്തതായിരിക്കണം. ഇപ്പോൾ പൊതുജനങ്ങളുടെ ഇടയിൽ ഒരു ധാരണയുണ്ടു്, സെൻട്രൽകമ്മററിയുടെ ആവശ്യമനുസരിച്ചുള്ള പണികൾ മുൻഗണനയോടുകൂടി നടത്തിവരുന്നുണ്ടെന്നു്. ഞാൻ അതു വിശ്വസിക്കുന്നില്ല. പൊതുജനങ്ങളുടെ ഇടയി

മുള്ള വിചാരം, പി. ഡബ്ലിയു. ഡി. സെൻട്രൽകമ്മററി മെമ്പർമാർ വിചാരിച്ചാലെ പ്രായോററിററി കൊടുക്കുന്നതോ മററു വിധത്തിലോ, പണികൾ ബഡ്ജററിൽ ചേർക്കാൻ സാധിക്കുകയുള്ളു എന്നും, അവരുടെ താലൂക്കുകളിലേക്കു കൂടുതൽ സംഖ്യകൾ ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ടെന്നും ആണു്. തെററായാലും ശരിയായാലും ജനങ്ങളുടെ ധാരണ അതാണെന്നും ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഇനി നാട്ടിൻപുറത്തെ റോഡുകൾ നോക്കുകയാണെങ്കിൽ അധികവും വളരെ മോശമായി കാണുന്നു. റിപ്പെയർകളും മെയിൻറനൻസും ഇല്ലാത്ത നിലയിലാണു് അവയുടെ കിടപ്പു്. എൻെറസ്ഥലത്തെ അവസ്ഥയാണെങ്കിൽ പറയാം. അവിടെ ഒരു റോഡിൻെറ ആവശ്യത്തിലേക്കു ഗവമ്മേൻറിൽനിന്നും 4000മോ 5000മോ രൂപാ തറവിലകൊടുത്തു് സ്ഥലമെടുത്തു. 8 കൊല്ലംകൊണ്ടാണു് സ്ഥലമെടുത്തതു്. ഇന്നിപ്പോൾ ബഡ്ജററെടുത്തു നോക്കിയതിൽ ആ വഴിവെട്ടാൻ ഇക്കൊല്ലവും പണം കൊള്ളിച്ചിട്ടില്ല. പറവൂർ—വരാപ്പുഴ റോഡിനോടു ബന്ധിക്കുവാൻവേണ്ടിയാണു് ഈ വഴിക്കു ഗവമ്മേണ്ടു സ്ഥലമെടുത്തതു്. എന്നാൽ ബന്ധിക്കേണ്ട സ്ഥലത്തു അരസെൻറുസ്ഥലം എടുക്കായ്കമൂലം ഇപ്പോൾ എടുത്ത സ്ഥലവും പണവും പാഴായിപ്പോയിയെന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. സ്ഥലം പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറു ഏറെറടുത്തിട്ടു എന്തുകൊണ്ടു് പണം കൊള്ളിച്ചിട്ടില്ലാ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇങ്ങിനെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ജോലിചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവും പൊതുജനങ്ങൾക്കില്ല.

ഇനി മെയിൻറോഡുകളെപ്പററി പറയുകയാണെങ്കിൽ ആലുവായിൽനിന്നും തിരുവനന്തപുരംവരെ വന്നു ചേരുമ്പോൾ നമ്മുടെ സ്ഥിതിതന്നെ ഒന്നും പറയുവാനില്ല. നട്ടെല്ലുപോലും കേടായിത്തീരും. അത്ര കഷ്ടമാണു് ബസ്സിൽ കയറി പോയാൽ നാം അനുഭവിക്കുന്നതു്. മിക്ക റോഡുകളും ഇതുപോലെതന്നെയാണു്. ഇതിൽ കൂടുതലൊന്നും ഇപ്പോൾ അതേപ്പററി പറയണമെന്നു വിചാരിക്കുന്നില്ല.

ഇനി എനിക്കു പറയുവാനുള്ളതു് ഇറിഗേഷനെ സംബന്ധിച്ചാണു്. ഈ ലിഫ്ററു ഇറിഗേഷൻ പദ്ധതി ഇപ്പോൾ ശരിയായി നടക്കുന്നുണ്ടോ എന്നാണു് അന്വേഷിക്കേണ്ടതു്. പല ലിഫ്ററു ഇറിഗേഷൻ സ്കീമും ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്. എന്നാൽ പല ഭാഗങ്ങളിലും തോടുണ്ടെങ്കിലും ഇപ്പോൾ വെള്ളംകിട്ടാതെയിരിക്കുകയാണു്. ഒന്നുകിൽ അതു് കനാലിൻെറ അല്ലെങ്കിൽ പമ്പിൻെറ ശക്തികുറവുകൊണ്ടാണു്. ശരിയായി പമ്പുചെയ്തു വെള്ളം വിടുകയാണെങ്കിൽ കനാൽബണ്ടു പൊട്ടിപ്പോകും. തൻമൂലം ശരിയായി വെള്ളമെടുക്കാൻ സാധിക്കുകയില്ല. ഇത്രവളരെ വളരെപണം വെറുതെ ചിലവുചെയ്തു. എന്നാൽ അതനുസരിച്ചു ഗവമ്മേൻറിനു വിളവുവർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. അതു ആദ്യകാലത്തു ശരിയായുള്ള പമ്പുവെച്ചും ബലമുള്ള ബണ്ടുകൾകെട്ടിയും വെള്ളംകൊടുക്കാൻ ശ്രമിക്കാതിരുന്നതുകൊണ്ടാണു്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ കൂടുതൽ കൃഷി നടത്തുവാൻ സാധിക്കുമായിരുന്നു.

<u>ശ്രീ. എ. താണുപിള്ള:</u> വെള്ളമില്ലാത്തതുകൊണ്ടോ, തോടുകൾ ചെറുതായതുകൊണ്ടോ, പമ്പുകൾ മോശമായതുകൊണ്ടോ, എന്തുകൊണ്ടാണു് വെള്ളം ശരിയായി കൊടുക്കാൻ സാധിക്കാത്തതു്?

<u>ശ്രീ. പാൾ തളിയത്തു്:</u> അതു് പമ്പുകൾക്കു് ശക്തിപോരാത്തതുകൊണ്ടും ബണ്ടുകൾക്കു് വേണ്ട ശക്തി ഇല്ലാത്തതുകൊണ്ടും ആണു് സംഭവിക്കുന്നതു്. അ

[Sri. Paul Thaliath]

ങ്ങനെ വളരെ സ്ഥലങ്ങൾ കൃഷിചെയ്യാൻ സാധിക്കാതെ ഉണങ്ങിക്കിടക്കുന്നതായി എനിക്കു അറിയാം. ഈ വക കാര്യങ്ങൾ ഈ ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ പെടാതിരിക്കുകയാണ്. ഗവമ്മേൻറിന്റെ പണം പാഴാക്കിക്കളയാതെ ജനങ്ങൾക്ക് ഏററവും ഉപകാരപ്രദമായവിധത്തിൽ ഈ ഡിപ്പാർട്ടുമെൻറ പ്രവത്തനം നടത്തുകയാണെങ്കിൽ പലപ്രകാരത്തിലും ജനങ്ങൾക്കു ഉപകാരംചെയ്യുവാൻ സാധിക്കും. എന്നാൽ അതിന്റെ പ്രവർത്തനത്തിനുള്ള ന്യൂനതകൊണ്ടോ എന്തോ സംഗതികളൊന്നും ശരിയായി നടക്കുന്നില്ല. ജനങ്ങൾക്കു ആവശ്യമായ കാര്യങ്ങളൊന്നും ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവത്തനംമൂലം നടക്കുന്നില്ല. ഇതു ചൂണ്ടിക്കാണിക്കാനാണ് ഞാനീ ഉപക്ഷേപം അവതരിപ്പിച്ചതു്.

Sahib Bahadoor Sri. A. K. Kunjumoideen: Sir I move "To reduce the allotment ofRupees 13,600 for pay of establishment, canal and backwater navigation by Rupee 1."

സർ, ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി താലൂക്കുകമ്മററി വിളിച്ചുകൂട്ടീട്ടില്ലെന്നും രണ്ടു കമ്മററികൾ കൂടിയതായി പറഞ്ഞിട്ടുള്ളതു് ശരിയല്ലെന്നും. എന്നാൽ മറെറാരു ബഹുമാനപ്പെട്ട മെമ്പർ മി. തളിയത്തു പറഞ്ഞു താലൂക്കുകമ്മററികളിൽനിന്നു അയക്കുന്ന നിർദ്ദേശങ്ങളും പ്രമേയങ്ങളും സെൻട്രൽ കമ്മററിയോ ഗവമ്മെണ്ടോ ഒന്നുംതന്നെ ഗൗനിക്കുന്നില്ല എന്നു്. ആ ഒരു പരാതിതന്നെയാണ് എനിക്കു് ഇവിടെ പ്രത്യേകം പറയാനുള്ളതു്. ഞങ്ങളുടെ താലൂക്കുകമ്മററി ഈ ബഡ്ജററിൽ കൊള്ളിക്കാൻവേണ്ടി അയച്ചിട്ടുള്ള പണികൾയാതൊന്നുംതന്നെ ഈ ബഡ്ജററിൽ കാണുന്നില്ല.

കൊടുങ്ങല്ലൂരെ കാര്യം പറയുകയാണെങ്കിൽ അതിന്റെ മൂന്നുഭാഗവും വെള്ളത്താൽ ചുററപ്പെട്ടു കിടക്കുന്ന ഒരു താലൂക്കാണു്. അവിടെ കൊടുങ്ങല്ലൂരും പുത്തൻചിറയുമായി യോജിപ്പിച്ചു് ഒരു പാലം ഉണ്ടാക്കണം എന്നു വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങിനെ അവിടെ ഗതാഗതസൗകര്യം കുറവായതുകൊണ്ടു് ആ താലൂക്കിനു പുരോഗതി ഉണ്ടാകുന്നതിനു പകരം അധോഗതിയാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. അതിനൊരു പ്രതിവിധി ഉണ്ടാക്കുന്നതിനു ജനപ്രതിനിധികൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുകയല്ലാതെ പ്രയോജനഫലം ഉണ്ടായിട്ടില്ല. കൊച്ചി ഗവമ്മെൻറിന്റെ ഭരണത്തിൽ അവിടത്തെ ബഡ്ജററിൽ കൊടുങ്ങല്ലൂരെ സംബന്ധിച്ചിടത്തോളം അവിടെ ഒരു പാലസ് ഉണ്ടായിരുന്നതുകൊണ്ടു് അതിന്റെ ആവശ്യത്തിലേക്കുള്ള തുകകൾ ചെലവാക്കുകയല്ലാതെ അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾ കാര്യമായി ഒന്നും ഗവമ്മെൻറു നടത്തിയിരുന്നില്ല. അങ്ങനെ വലുതായൊരു വിഷമാവസ്ഥ തരണം ചെയ്തുകൊണ്ടിരുന്നതിന്റെ ഇടയിലാണ് തിരുവിതാംകൂർ കൊച്ചി സംയോജനം നടന്നതു്. അതിനു ശേഷമെങ്കിലും കൊടുങ്ങല്ലൂർകാർക്കു് കുറെ ആശ്വാസം കിട്ടുമെന്നു ഞങ്ങൾ ധരിച്ചിരുന്നു. എന്നാൽ സംയോജനത്തിനുശേഷം പ്രതീക്ഷപോലെ ഒന്നുംതന്നെ കാണുന്നില്ല. ഈ കാര്യത്തിൽ ഞാൻ ഗവമ്മേണ്ടിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കൊടുങ്ങല്ലൂരിൽ മററു കരകളുമായി ബന്ധപ്പെട്ട ഗതാഗതസൗകര്യമില്ല. അതിനാണ് ഞാൻമുമ്പുപറഞ്ഞ ആ പാലം അവിടെ പണിയുന്നതിനു പുറമെ പുല്ലൂററു-കാവിൽ കടവുപാലംകൂടി ഉണ്ടാക്കിയേകഴിയൂ. അതുകൊണ്ടു പുറമെയുള്ളവർക്കും ഉപകാരമാണ്. എറണാകുളവും സ്റ്റേററിന്റെ ഇതരപ്രദേശങ്ങളും കൊടുങ്ങല്ലൂരും തമ്മിൽയോജിപ്പിക്കാൻ കഴിയുന്നതുമാണു്. ഈ പാലം

കെട്ടുന്ന കാര്യം വളരെക്കാലമായി ഗവമ്മേൻറശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതുമാണു്. ഇനിയെങ്കിലും ഈ കാര്യം ഗവമ്മേണ്ടിന്റെ അടിയന്തിരശ്രദ്ധയിൽ പെടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അതുപോലെതന്നെ പള്ളിപ്പുറം–വൈപ്പിൻ റോഡിന്റെ പണി ആരംഭിച്ചിട്ടു വളരെയേറെ കാലമായി. ഇത്ര അധികകാലമായിട്ടും ആ റോഡുപണി പൂർത്തിയാക്കുവാൻ ഗവമ്മേൻറിനു സാധിച്ചിട്ടില്ല. അതിന്റെ വടക്കെഅററം തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട മുനമ്പം പ്രദേശമാണു്. ആ റോഡ് പൂർത്തിയാക്കുന്നപക്ഷം കൊടുങ്ങല്ലൂരും തിരുവിതാംകൂറിന്റെ പലഭാഗങ്ങളുമായും ഗതാഗതസൗകര്യങ്ങൾ ഉണ്ടാകുന്നതാണു്. ഈ കാര്യങ്ങളെ ആസ്പദമാക്കിയാണു് ഞാൻ ഈ ഉപക്ഷേപവും മററുചിലതും അയച്ചിട്ടുള്ളതു്. കൊടുങ്ങല്ലൂരും കയ്പ്പമംഗലം തമ്മിൽ തൽക്കാലം ഒരു പാലംകെട്ടി ബന്ധിക്കുവാൻ നിവൃത്തിയില്ലെങ്കിൽ തൽക്കാലം ഒരു ചങ്ങാടമെങ്കിലും ഏപ്പെടുത്തിയാൽ സൗകര്യമായിരുന്നു. അങ്ങിനെയാണെങ്കിൽ വാഹനഗതാഗതത്തിനും സൗകര്യം ഉണ്ടാകുന്നതാണു്. തോട്ടപ്പള്ളിലോക്കുപോലെ ഒരു ലോക്കു് പുല്ലൂററ് കൃഷ്ണൻകോട്ട ബണ്ടിനോടു അനുബന്ധിച്ചു ഉണ്ടാകുന്നതു സൗകര്യമാണെന്നുള്ള സംഗതി ഞാൻ ഗവമ്മേൻറിനെ അറിയിച്ചുകൊള്ളുന്നു. പുത്തൻചിറയും കൊടുങ്ങല്ലൂരും തമ്മിൽ ബന്ധിക്കപ്പെടുന്നതായാൽ ഇരുപ്രദേശക്കാക്കു മാത്രമല്ല അന്യനാട്ടുകാക്കും വളരെ ഗുണകരമായിരിക്കും എന്നു ഞാൻ ഗവമ്മേൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അനേകവർഷങ്ങളായി കൊടുങ്ങല്ലൂർ ഒരു പ്രത്യേക പ്രിൻസിപ്പാലിററിയാണെന്നകാരണത്താൽ ഗവമ്മേൻറ അഗണ്യകോടിയിൽ തള്ളിയിരിക്കുന്ന കൊടുങ്ങല്ലൂരിനെ അതിന്റെ കഷ്ടാവസ്ഥകൾഓത്തു് ഒരു പ്രത്യേകപരിഗണനയോടുകൂടി ലാളിക്കണമെന്നും ആ താലൂക്കിലേയും പരിസരങ്ങളിലേയും ആവശ്യങ്ങൾ ഉടനടി നിവ്വഹിച്ചുകൊടുക്കണമെന്നും ഞാൻ അഭ്യത്ഥിക്കുന്നു. കോട്ടപ്പുറം–എറണാകുളം ബോട്ടുലയിനിന്റെ Running time മൂന്നുമണിക്കൂറിൽ കവിയാത്തനിലയിൽ ക്ലിപ്തപ്പെടുത്തണമെന്നു ഞാൻ ഗവമ്മേണ്ടിനെ ഉൽബോധിപ്പിക്കയും ചെയ്യുന്നു.

<u>ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ</u> : ഇതേ വിഷയത്തെ സംബന്ധിച്ചുതന്നെ പറയുന്നതിനു് ഞാനും ഒരു കട്മോഷൻ അയച്ചിട്ടുണ്ടു്. ആവത്തിച്ചാവത്തിച്ചു് ഈ കാര്യങ്ങൾ പറയേണ്ട ആവശ്യമുണ്ടോ എന്നു തോന്നുന്നുണ്ടു്, മാത്രമല്ല എത്രതന്നെ ആവത്തിച്ചാലും ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നത്ര ഫലം കാണുമോ എന്നുള്ള കാര്യത്തിൽ വളരെ സംശയവും ഇല്ലാതില്ല. വൈപ്പിൻകര റോഡു്, വെള്ളം, വെളിച്ചം എന്നീ മൂന്നുകാര്യങ്ങളിലും വളരെക്കാലമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണു്. ജനങ്ങൾ വളരെ തിങ്ങിപാക്കുന്ന ഒരു ഗ്രാമപ്രദേശമാണതു്. പതിനെട്ടു–ഇരുപതു നാഴിക നീളത്തിൽ കിടക്കുന്ന ഒരു ദ്വീപാണു് വൈപ്പിൻകര. കൊച്ചിനിയമസഭയിൽ അവിടെ ഒരു റോഡുണ്ടാകേണ്ട ആവശ്യത്തെക്കുറിച്ചു് ധാരാളം നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. പ്രക്ഷോപണങ്ങൾ പോലും നടത്തിയിട്ടുണ്ടു്. എന്നിട്ടും വലുതെ ഫലമൊന്നും ഉണ്ടായില്ല. സംയോജനത്തിശേഷം ഇക്കാര്യം വളരെ എളുപ്പത്തിൽ സാധിക്കുമെന്നുള്ള ഒരു പ്രതീക്ഷ പലക്കും ഉണ്ടായിരുന്നു. ആ ഭാഗത്തു നിന്നും വരുന്ന ധാരാളം നിയമസഭാസാമാജികന്മാർ ഭാഗ്യവശാൽ ഇവിടെ ഉണ്ടു്. മാത്രമല്ല, മന്ത്രിസ്ഥാനത്തിരുന്ന പ്രശസ്തന്മാരായിരിക്കുന്ന പ്രമുഖന്മാരും ആ പ്രദേശത്തുണ്ടു്. പക്ഷെ ജനങ്ങളുടെ ദൗർഭാഗ്യം കൊണ്ടോ എന്തോ, അവിടത്തെ റോഡിന്റെ സ്ഥിതി ഇന്നും പഴയപോലെതന്നെ. വെള്ളത്തിന്റെ കാ

[Sri. Sebastian Theppil]

ഴ്വം അങ്ങനെതന്നെ. ഉപ്പുവെള്ളമാണ് ആ നാട്ടിലെ ആളുകൾ ഇന്നും കുടിക്കുന്നത്. ഭരണാധികാരികൾക്ക് കുറച്ച് താല്പര്യമുണ്ടെങ്കിൽ വളരെ എളുപ്പത്തിൽ ചെയ്യാവുന്ന ഒരു കാര്യമാണ് ആ ഭാഗത്തേക്ക വെള്ളം കൊണ്ടുവരിക എന്നുള്ളത്. മറ്റൊന്ന് എനിക്ക പറയുവാനുള്ളത് മുനമ്പവുമായി യോജിപ്പിക്കുന്ന ഒരു ചെറിയ റോഡ് പള്ളിമുററത്തു നിന്നും വടക്കോട്ടു തുടരുക എന്ന അത്യാവശ്യകതയെപ്പററിയാണ്. ഒരു ചെറിയ റോഡ് അവിടെ നീട്ടുന്നപക്ഷം വടക്കെ മലബാർ മുതൽ തിരു-കൊച്ചിയുടെ തെക്കെഅററംവരെ ഗതാഗതസൌകര്യമുണ്ടാക്കാൻ സാധിക്കും. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ അനുവദിച്ചിരുന്ന തുക കുറെ ചിലവാക്കിട്ടുണ്ടെന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല; ഇത്തവണത്തെ ബഡ്ജററിലും കുറച്ച് സംഖ്യ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹു. മന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെങ്കിൽ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ഇക്കൊല്ലംതന്നെ ചിലവുചെയ്തു ആ റോഡ് വളരെവേഗം ശരിപ്പെടുത്താൻ സാധിക്കുന്നതാണ്. അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. P. S. Nataraja Pillai. Sir, I move,

"To reduce the allotment of Rs. 53,14,000 for Establishment by Re. 1".

Sir, I tabled this motion to point out the work of the Department. As far as I see, Sir, the efficiency of the Department has gone down very much recently. The standard of work that is being done by this department has fallen. Whether you take original works or communications, the same is the case. Sir, I would illustrate it by the abnormal, inordinate delay in the Perinchani Dam works and the very frequent changes of the site of the dam by the department itself. Sir, the knowledge of engineering has advanced so much, and yet, the efficiency of the department has so fallen that after beginning a dam work, they are forced to change the site itself. They may say it is done according to the advice of experts. In the case of capital works of that kind, if the department is anxious to keep up its reputation, it should be alert, when launching into a scheme of that type they should do it after having taken the very best expert advice possible. Even now, in connection with the Perinchani scheme, I may say that there are very patent, and open allegations about the way in which the work is being done. It must naturally have come to the notice of the Government and I would seriously ask whether the Government have taken any steps to enquire into the matter, whether anything has been done on those lines.

My Hon'ble friend, Mr. Thaliath, pointed out in this House that in connection with the lift irrigation scheme, the channels are so constructed that they will not take sufficient quantity of water over the area which they are intended to feed. I definitely remember to have seen in the newspapers of serious allegations against the way the construction of bunds in North Travencore for lift irrgation. Serious allegations have been made, and there is an open talk in the country that the work has not been done with sufficient care and attention. Everything was rushed through without adequate investigation. and proper supervision was not done. So, the work done is shabby.

The same is the case, Sir, as far as buildings are concerned, which I had occasion to know personally. Some two years ago, Sir, a fish curing yard was built under the University scheme at Cape Comorin. I was then staying at Cape Comorin, when after having tiled the building, the building camedown. I went to the spot and saw it. That is the efficiency with which the P.W.D. is supervising the construction of Government buildings. I know it personnlly the building fell down due to faulty construction. It was a construction under the University Extension Scheme.

Take, next, the case of roads and communications. Previously, when a portion of a road was remetalled, at least for the next two or three years, at least, for the next two years definitely, it did not require remetalling. What is the case now, Sir? If a road is remetalled now, at least within the next two months if not within the next one month, it is damaged. No water is poured on it. No care is bestowed on it. There is not the attention and the supervision which we used to have in these works by the higher officers of the department in the olden days. It is left now to the contractor. There is also a maistry who is paid for it. I am sorry to say that the work is done so shabbily that the remetalling has to be done again within a period of the next two months. This has come to my personal knowledge, and I hope it would have come to the knowledge of other members of this House also. When old roads are remetalled, it goes into repair within a short period of six to eight months. Not only that. Take the case of the concrete road to Cape. There is a portion which is not cemented. Sir, six months ago, repairs were done there. Now, you go there. The whole road is full of ruts and holes again. The repair was done so shabbily. No officer has yet had the sense of responsibility or sincerity to supervise it. After spending the money, the money is really wasted. That is my case. The efficiency of the department has fallen. Its morale must be improved. In spite of the higher advantages and greater technical knowledge that are available, better type of men, men with expert knowledge, men with better character are not recruited and the efficiency of the department has fallen very low.

Next, Sir, when the efficiency of the department has fallen so low, the overhead charges have gone up abnormally. I will illustrate it. In the budget for 1945—46, page 243, the works amounted to Rs. 73·38 lakhs, Establishment, with Direction comes to Rs. 7·52 lakhs. That is, it works something like 10 per cent on the Works. This refers only to Travancore. There the establishment charges came only to 10 per cent of the amount allotted for works. What is the case now? Under "Buildings, Works, Miscellaneous and Repairs," we have Rs. 138·39 lakhs Establishment Charges come to Rs. 53·14 lakhs. This would work up to 38·4 per cent. Sir, I have excluded "Tools, Plants, Suspense Accounts and Grant-in-Aid" in this year's budget, and I have left out "Tools, Plants and Suspense Accounts" in the 1945—46 budget.

Sri. C. Kesavan : May I correct you. Item (e) at page 194 of the present budget includes a lump sum allotment of Rs. 30 lakhs provided under "Civil Works, (*e*) Establishment; " as item (*vii*), at page 196. So, there is only a sum of Rs. 23 lakhs.

Sri. P. S. Nataraja Pillai : 30 lakhs are included for what?

Sri. C. Kesavan . Under "50. Civil works (*e*) Establishment, (*vii*) Lump sum contribution for works charged to other funds, etc." Rs. 30,47,000.

Sri. P. S. Nataraja Pillai: It may be so. But on the face of figures available on page 194 of the Budget, it is not so. At any rate that proportion must be worked by the hon'ble Member.

I would make the position clear. When you compare the amount provided under staff and establishment and for the 'works' the proportion works out to a higher figure during recent years than in previous years. Even with the deduction claimed by the Hon'ble Minister, the proportion is higher than in 1945—46. At the same time I want to make one position very clear. Efficiency of the department has fallen so low that roads even after maintenance are not fit for use. Same is the case with respect to building works. The construction of building is so shabby that it lacks supervision and control from a superior officer to the extent it ought to. I

[Sri. P. S. Nataraja Pillai]

have to repeat what I have said about the Perunchani scheme and lift irrigation schemes in that not useful work in done by the department from the point of utility to the puplic.

A word about new roads which the department takes up now and then. When any original work is taken up, that must be completed and made fit for use. I ask, what is the use of spending funds on a particular original work in sections and leaving it unuseable after some time. What I mean is this. Suppose Rs. 30,000 is spent on a particular work say in making a road. Without making culverts to it a sum to the tune of 10 thousand might have been spent. After that it is left uncared for. What I say is, unless that particular work is completed, it is no good spending amounts on it. If a work is attended to, it must be done continuously and finished. Budget provision should be made for completing it. Roads are being taken up in a haphazard manner every year, some money is spent on them and left unfinished on account of pressure being brought to bear upon the Government for not proceeding with it. I know of instances of such roads in the taluks of Nedumangad and Trivandrum where some money being spent for two or three years and then neglected. I urge on Government to make provision for completion of works characterised as new and important. If amounts are not provided to complete such works, it is all waste of public money and inconvenience to the public. That in turn reflects on the integrity and sense of duty of the department. If the department had insisted for making the necessary provision for completion of a particular work Government would have done so. Such an attitude should be taken by the department in future.

Since I am discussing the demand for establishment. I would say that the morale of the department has become poorer now-a-days. In all earnestness I would request the engineers, at least on the technical side, to be more careful and finish the work taken up by them in slow degrees. In making up estimate in particular I wish they would take more care for providing suitable provisions. If it deals with an extension of water line, provision should be made for street taps as well I ask, what is the use of spending Rs. 50t housand in an year for water pipe and wait for the next year for providing a street tap. Whom does it benefit. Without tap, water will be flowing in the pipe and nobody will derive any benefit out of that work. Whenever a work is started, it must be done with a view to benefit the public at large. On account of lapses on the department, many works are left incomplete. That is apparent now-a-days. I would say, establishment charges must be brought down. Efficiency of the department must be increased and as far as possible a sense of responsibility of the departmental subordinates must be brought to bear on the works that are entrusted to their care.

Mr. Speaker: Various cut motions have been tabled under the total Demand. Members who have not spoken may now move their motions in the order in which they appear.

Other Members who have not given cut motions may also be allowed to speak.

Sri P. Nanoo: Sir I move to reduce the total allotment of Rs. 2,01,89,200 under Demand XXVII by Rupee 1

സർ, ഞാൻ ഈ കട്ട്മോഷനെ ഇവിടെ അവതരിപ്പിക്കുന്നു. തങ്കശ്ശേരി അഞ്ചുതെങ്ങ് മുതലായ എൻക്ലേവ്സ് ഈ സംസ്ഥാനത്തോട് ചേർത്തിട്ട് വളരെ മാസങ്ങളായി. അന്നു നിയമസഭയിൽ ഫൈനാൻസുമന്ത്രി ആ സ്ഥലത്തുള്ള ജനങ്ങളെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞതു് അവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ഏറ്റവും കാരുണ്യപൂർവ്വകമായ അനുകമ്പ അവരിൽ പതിയും എന്നായിരുന്നു. എന്നാൽ അഞ്ചുതെങ്ങിനെ സംബന്ധിച്ചിട

ത്തോളം ഗവൺമെൻറിൻെറ ആ വാക്ക് പാലിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നതു്. ഒരുവശം അറബിക്കടലിനാലും, മറുവശം അഞ്ചുതെങ്ങ് കായലിനാലും അങ്ങനെ ഉപ്പുവെള്ളത്താൽ ചുററപ്പെട്ടുകിടക്കുന്ന ഒരു പ്രദേശമാണ് അഞ്ചുതെങ്ങ്. അവിടെ ശുദ്ധജലം കിട്ടുന്നില്ല. അവിടേയ്ക്കു ശുദ്ധജലം കൊടുക്കണമെന്ന് അവിടെയുള്ള ജനങ്ങൾ അപേക്ഷിച്ചിട്ട് ഇതുവരെ ശുദ്ധജലം കൊടുത്തിട്ടില്ല. അവർക്കു കുടിക്കുവാനുള്ള നല്ലവെള്ളം കൊടുക്കുവാൻ ഗവൺമെൻറിനു ഇതേവരെ സാധിച്ചിട്ടില്ല. കരവിഭാഗത്തിൽനിന്നും അഞ്ചുതെങ്ങിനെ വേർതിരിക്കുന്നതു് പത്തോ, അൻപതോ വാര വീതിയുള്ള അഞ്ചുതെങ്ങു കായലാണ്. ആ കായലിൽ ഒരുഭാഗത്തു് ഒരു പാലമിട്ടുകൊടുക്കണമെന്ന് അഞ്ചുതെങ്ങ് മദ്രാസ് ഗവൺമെൻറിൻെറ കീഴിലായിരുന്ന കാലത്തു് അവിടെയുള്ള ജനങ്ങൾ അപേക്ഷിച്ചിരുന്നു. അവർ മദ്രാസ് ഗവൺമെൻറിൽ നിവേദനം സമർപ്പിച്ചതിൻെറ ഫലമായി ൧൨, ൦൦൦ രൂപാ അവിടത്തെ ജനങ്ങൾ എടുക്കാമെങ്കിൽ അവിടെ ഒരു പാലം പണിയാമെന്നു് മദ്രാസ് ഗവൺമെൻറ് പറഞ്ഞിരുന്നു. അതനുസരിച്ചു പന്തീരായിരം രൂപാ അഞ്ചുതെങ്ങിലെ ജനങ്ങൾ മദ്രാസ് ഗവൺമെൻറിനു കൊടുത്തു. എന്നാൽ ആ സ്ഥലം ഈ ഗവൺമെൻറിൻെറ കയ്യിലേയ്ക്കു വന്നപ്പോൾ ആ പന്തീരായിരം രൂപയും ഗവൺമെൻറിൻെറ പക്കൽ വന്നിട്ടുണ്ട്. ആ പാലം കെട്ടിക്കൊടുക്കണമെന്നു് അഞ്ചുതെങ്ങു ഈ രാജ്യത്തോടു ചേർത്തതുമുതൽ അവിടെയുള്ള ജനങ്ങൾ ഗവൺമെൻറിനോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ അതു് ഇതേവരെ ഗവൺമെൻറ് അവർക്കു സാധിച്ചുകൊടുത്തിട്ടില്ല. ഈ വിധത്തിൽ ഒരു ഭൂവിഭാഗത്തോട് ഈ ഗവൺമെൻറ് എടുത്തിരിക്കുന്ന നയം, അവരെ സമാശ്വസിപ്പിച്ചുകൊണ്ട് ഫൈനാൻസ് മന്ത്രി ചെയ്തിട്ടുള്ള ഏററവും നന്മയേറിയ ആ പ്രസ്താവനയ്ക്കു അനുസ്യൂതമാണോ എന്നു് ഞാൻ ചോദിക്കുന്നു.

എൻെറ പ്രദേശത്തു പല റോഡുകളും ജനങ്ങൾ പുത്തനായി വെട്ടിച്ചുണ്ടാക്കിയിട്ടുണ്ട്. പബ്ലിക്ക് വർക്സിൽനിന്നും പല റോഡുകളും അവിടെ ഉണ്ടാക്കിയിട്ടുണ്ട്. താലൂക്ക് വർക്സ് കമ്മററിയിൽനിന്നും ആ താലൂക്കിൽ അവശ്യംവേണ്ട പണികളുടെ ഒരു ലിസ്റ്റ് ഗവൺമെൻറിലേയ്ക്കു വന്നാൽ ബഡ്ജററിൻെറ ജോലി കഴിച്ചുവരുമ്പോൾ അവർ അയച്ചിട്ടുള്ള ജോലികളുടെ ലിസ്ററും, ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ജോലികളും തമ്മിൽ യാതൊരു ബന്ധവും കാണുകയില്ല. അതിനുള്ള കാരണം എന്താണെന്നു അറിഞ്ഞുകൂടാ. ഒന്നുകിൽ പബ്ളിക്ക് വർക്സ് കമ്മററിയെ നിറുത്തലാക്കണം. അല്ലെങ്കിൽ പബ്ളിക്ക് വർക്സ് കമ്മററിയുടെ ശുപാർശകളെ മാനിക്കുവാൻ ഗവൺമെൻറു തയ്യാറാകണം. ചിറയിൻകീഴ് താലൂക്കിൽ പൊതുജനങ്ങളാൽ വെട്ടിയുണ്ടാക്കപ്പെട്ടിട്ടുള്ള ഒരു റോഡ് ഗവൺമെൻറിൽനിന്നു് ഏറെറടുക്കേണ്ടതാണെന്നു് അവിടത്തെ വർക്സ് കമ്മററി ശുപാർശചെയ്തു് അയച്ചിട്ട് ആ ജോലികളെ വിട്ടിട്ടു മററു ജോലികളാണ് ഈ ബഡ്ജററിൽ ഉൾപ്പെടുത്തിക്കാണുന്നതു്.

പൊതുമരാമത്തുവകുപ്പിൽനിന്നും വലിയൊരു സംഖ്യ ഗവൺമെൻറ് ചെലവുചെയ്യുന്നതായി കാണാവുന്നതാണ്. ഈ തുകകൾ കൊണ്ട് ഗവൺമെൻറ് ജോലി നടത്തുമ്പോൾ ആ ജോലിക്കു ചിലവുചെയ്യുവാൻ ഇടവരുന്ന സംഖ്യയുടെ നാലിൽ ഒരുഭാഗം എങ്കിലും ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ കൊള്ളയടിക്കുന്നുവെന്നാണ് എൻെറ ഏററവും വലിയപരാതി. ഏതെങ്കിലും ഒരു ജോലി തുടങ്ങിയാൽ ഒന്നുരണ്ടുമാസം കഴിയുമ്പോൾ ആ പണിതീരുന്നതിനുമുമ്പ് ഫണ്ട് കഴിയും. ഫണ്ട് കഴിയുമ്പോൾ ആ ജോലി പിന്നീടാകാം എന്നുപറഞ്ഞു മാ

[Sri. P, Nanoo]

റിവയ്ക്കും. അതേസമയത്തു പല ജോലികളും നടത്താതെ വലിയതുക ലാപ്സായിപ്പോകുകയും ചെയ്യും. ഈ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു ഓരോ ജോലികൾക്ക് കൊള്ളിച്ചിരിക്കുന്ന പണം ചോർന്നുപോകാതിരിക്കാൻ മററു മാർഗ്ഗങ്ങൾ ഇല്ലേഎന്നു ഗവമ്മെണ്ട് ഒന്നു ആലോചിക്കണം. മററു ഡിപ്പാർട്ടുമെണ്ടുകൾ പോലെയല്ലാ ഈ ഡിപ്പാർട്ടുമെണ്ട്. കൺട്രാക്ടരും ഉദ്യോഗസ്ഥനും തമ്മിൽ യോജിച്ചാൽ ചെവിക്കുചെവി അറിയാതെ വലിയ തുകകൾ കൊള്ളയടിക്കുവാൻ സാധിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടാണ് ഇതു്. ഈ ചിലവു ചെയ്യുവാൻ നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ വലിയൊരുഭാഗം തട്ടിയെടുക്കുന്ന ഏർപ്പാടാണ് ഈ ഡിപ്പാർട്ടുമെണ്ടിൽ നടക്കുന്നതു്. അതിനു ചില ഉദാഹരണങ്ങൾ ഞാൻതന്നെ ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ ഇതിനുമുമ്പ് പെടുത്തിയിട്ടുണ്ട്. പക്ഷെ ഫലമൊന്നും ഉണ്ടായിട്ടില്ല. അതിന് ഏതെങ്കിലും ഒരു മാർഗ്ഗം ഗവമ്മെണ്ട് കണ്ടുപിടിച്ചില്ലെങ്കിൽ രാജ്യത്തു കുളമോ, റോഡോ ഒന്നും ഉണ്ടാകയില്ലെങ്കിലും തരക്കേടില്ല എന്നാണ് എനിക്കു പറയുവാനുള്ളതു്.

സർ, സാമാന്യം വലിയ റോഡുകൾ ഓരോ താലൂക്കിലും ഇന്നയിന്നതാണെന്ന് ഗവമ്മെണ്ടിൽനിന്ന് തിരിച്ചുകൊടുത്തിട്ടുണ്ട്. ഓരോ സെക്ഷനായി തിരിച്ച് ജോലിചെയ്യേണ്ടതായ വർക്കുകൾ എൻെറ താലൂക്കിലുണ്ട്. ഇങ്ങനെ ഓരോസെക്ഷനായിതിരിച്ച ജോലികളുടെഏതാണ്ട് $\frac{3}{4}$ഭാഗമേ അവിടെ ചെയ്തിട്ടുള്ളു. അരുവിപ്പുറം കല്ലറ റോഡിൻെറ ൨ സെക്ഷൻ പണി ഗവമ്മെണ്ടു ചെയ്തുകഴിഞ്ഞു. മൂന്നാമത്തെ സെക്ഷൻ ജോലി ഈ ആണ്ടിൽ നടത്തേണ്ടതായിരുന്നു. എന്നാൽ ഇതേവരെ ആ ജോലി ഒന്നും ചെയ്തിട്ടില്ല എന്നുതന്നെയല്ല ഈ സെക്ഷൻ ജോലിയെ സംബന്ധിച്ച് ഒന്നും ഈ ബഡ്ജററിൽ കൊള്ളിച്ചും കാണുന്നില്ല.

ശ്രീ. ഏ. താണുപിള്ള: ചിറയിൻകീഴ്താലൂക്കിൽനിന്നു അയച്ച പ്രയോരിട്ടി ലിസ്റ്റിൽ പെടാത്ത എത്ര സംഗതികൾ ഇതിൽ ഉൾപെടുത്തിയിട്ടുണ്ട്?

ശ്രീ. പി. നാണു: പ്രയോരിട്ടി ലിസ്റ്റിൽ പെടുത്തിയതായ ജോലികളുടെ പ്രയോരിട്ടിക്കു് പ്രാധാന്യംകൊടുക്കാതെ ചില സംഗതികൾ ബജ്ജററിൽകൊള്ളിച്ചിട്ടുണ്ട്. സർ, എൻെറ നാട്ടിലേയ്ക്കു് ആവശ്യമുള്ള ജോലികളുടെ പ്രാധാന്യം അനുസരിച്ചാണ് വർക്കു് കമ്മററി ലിസ്റ്റ് തയ്യാറാക്കി ഗവമ്മെണ്ടിലേയ്ക്കു അയച്ചിട്ടുള്ളതു്. എന്നാൽ ബഡ്ജററിൽ ആ ജോലികൾക്കു പണം കൊള്ളിച്ചതായി കാണുന്നില്ല. ചില പ്രാധാന്യം ഇല്ലാത്ത ജോലിക്കു് പണം കൊള്ളിച്ചപ്പോൾ വളരെ പ്രാധാന്യം ഉള്ള ജോലികൾക്കു് ബഡ്ജററിൽ പണം കൊള്ളിച്ചിട്ടില്ലെന്നാണ് എൻെറ പരാതി. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് പബ്ലിക്‌വർക്കു് കമ്മററി ആവശ്യപ്പെട്ടിട്ടുള്ളേടത്തോളം ജോലികൾക്കു് ബഡ്ജററിൽ സംഖ്യ കൊള്ളിക്കുകയും അതു രാജ്യത്തിനു ഉപയോഗമാകത്തക്കവണ്ണം ആ പണികൾക്കു് ചിലവുചെയ്യുകയും വേണമെന്നാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: സർ, ഒന്നു രണ്ടു സംഗതികൾ ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഇക്കൊല്ലം റോഡുവർക്കിനായിട്ടു രണ്ടു കോടി രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും അതു തീരെ മതിയായിട്ടില്ല. തിരു-കൊച്ചിയിലെ റോഡുകളിൽ കഴിഞ്ഞ രണ്ടുമൂന്നുകൊല്ലമായി ട്രാഫിക്ക് വളരെ വർദ്ധിച്ചിട്ടുണ്ട്. അവിടെ ഓടുന്നതിനായി ഇരുന്നൂറുമുന്നൂറു ബസ്സുകൾക്കും ലോറികൾക്കും കൂടുതലായി പെർമിററുകൊടുത്തിട്ടുണ്ട്. ആ റോഡുകളെല്ലാം വളരെ മോശമായിട്ടു കിടക്കുകയാണ്. ഇപ്പോഴത്തെ ഗവമ്മെണ്ടിൻെറ പ്ലാൻ അനുസരിച്ച് അഞ്ചുവഷങ്ങൾകൊണ്ട്

ഈ റോഡുകൾ കാൺക്രീററ് ചെയ്താൽ പോരാ. ഈ ഒരു വർഷംകൊണ്ടുതന്നെ കാൺക്രീററു ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഈ വർഷത്തെ ബഡ്ജററിൽ തന്നെ കൊള്ളിക്കേണ്ടതായിരുന്നു. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെണ്ടിലെ ആദായം മുഴുവനും ഇക്കൊല്ലം ഇതിലേയ്ക്കു ഉപയോഗിച്ചാലും യാതൊരു തരക്കേടുമില്ല. അങ്ങനെ ചെയ്താൽ ബസ്സുകളുടെ നിലനില്പിനും യാത്രക്കാരുടെ ആരോഗ്യത്തിനും തന്നെ വളരെ ഉപകരിക്കുന്നതാണ്.

അടുത്തതായി എനിക്കു് വില്ലേജുറോഡുകളുടെ മെയിൻറനൻസിനെ പററിയാണ് പറയാനുള്ളത്. പത്തുകൊല്ലത്തിനുമുമ്പുള്ള ഡെയ്ററാ അടിസ്ഥാനപ്പെടുത്തിയുള്ള മെയിൻറനൻസ് ചെലവുതന്നെയാണ് ഇപ്പോഴും അനുവദിക്കുന്നത്. അതായത് മൈലൊന്നുക്ക് ൨൦൦ രൂപാ മാത്രം. ഇപ്പോൾ അന്നത്തേതിൻെറ നാലോ, മൂന്നോ ഇരട്ടി ചെലവു കൂടുതൽ ഉണ്ട്. അതുകൊണ്ട് മൈലൊന്നുക്ക് അഞ്ഞൂറോ, അറുനൂറോ രൂപാ അനുവദിക്കണം.

മൂന്നാമതായി എനിക്കു് പറയാനുള്ളത് പുതിയ റോഡുകൾ നിർമ്മിക്കുന്നതിൽ പുതിയ പ്രദേശങ്ങൾ തുറന്നുകിട്ടുന്നതിനു സഹായകമായ റോഡുകൾക്ക് പ്രാധാന്യം നൽകണമെന്നാണ്.

മൂവാററുപുഴ താലൂക്കിൽ ഭൂതത്താൻ കെട്ട് അണതൊട്ട് ഫാറസ്റ്റ് ഏറിയായിൽകൂടി പെരിയാറിൻെറ അങ്ങേവശത്തുനിന്നും ചാലക്കുടിയിലേക്കു പോകുന്ന ഒരു റോഡ് ഉണ്ടാക്കുന്നപക്ഷം ആ പ്രദേശം മുഴുവൻ കൃഷിചെയ്യുന്നതിനും ജനങ്ങൾക്ക് താമസിക്കുന്നതിനും സൗകര്യം ഉണ്ടാകും. അവിടെ ഇപ്പോൾ ഭൂതത്താൻ കെട്ട് അണവരെ റോഡുണ്ട്. ആ റോഡ് ഫാറസ്റ്റ് ഏരിയായിൽകൂടി ചാലക്കുടിവരെ ഇടുന്നപക്ഷം ആ റോഡുകൊണ്ട് ജനങ്ങൾക്ക് വളരെ ഉപകാരം ഉണ്ട്. മകരച്ചാൽ പുഴയുടെ സമാന്തരമായി പോകുന്നപക്ഷം ഒരു വലിയ വനപ്രദേശം കുടിപാർപ്പുസ്ഥലമായി അഭിവൃദ്ധിപ്പെടുന്നതാണ്.

രണ്ടാമതായി ഓൾഡ് മൂന്നാർ റോഡിനെപ്പററിയാണ് എനിക്കു പറയുവാനുള്ളത്. ആ റോഡ് ഇപ്പോൾ മെയിൻറനൻസ് ഒന്നും ഇല്ലാതെകിടക്കുകയാണ്. ഗവമ്മെണ്ട് ആ റോഡ് വളരെ അവഗണിച്ചിരിക്കുന്നു. തടി കൊണ്ടു പോകുന്നതിനും, ജനങ്ങൾക്കു് കൃഷിസ്ഥലങ്ങളിലേയ്ക്കു പോകുന്നതിനും ആ റോഡ് നന്നാക്കേണ്ടതു് വളരെ അത്യാവശ്യമാണ്. ഈ രണ്ടു കാര്യങ്ങളിലും ഗവമ്മെണ്ടിൻെറ ശ്രദ്ധ പ്രത്യേകം പതിയണമെന്ന് ആഗ്രഹിക്കുന്നു. ആ റോഡിൽ കഞ്ചിയാർ പാലം കുടമ്പുഴ പാലം ഇവ കേടായികിടക്കുന്നു. പൂയംകുടിയിൽ ഒരു പാലം തീർക്കേണ്ടതായുണ്ട്. ഈ ഓൾഡ് മൂന്നാർ റോഡ് നന്നാക്കുന്നപക്ഷം അതിനു രണ്ടുവശവും ജനവാസത്തിനുപയുക്തമായുള്ള സ്ഥലങ്ങളിൽ കൃഷി ഇറക്കുന്നതിനും കുടിയേറിപ്പാർക്കുന്നതിനും വലിയ സാധ്യതകളുണ്ട്: ആ വനപ്രദേശങ്ങളിൽ പണ്ട് ജനങ്ങൾ നിവസിച്ചിരുന്നതിനുള്ള തെളിവുകൾ ഇന്നു് കാണാനുണ്ട്. അതുകൊണ്ട് ആ റോഡിൻെറ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കയും ചാലക്കുടിയിലേയ്ക്കു വനത്തിൽ കൂടി ഒരു പുതിയ റോഡ് വെട്ടിത്തുറക്കുകയും ചെയ്യണമെന്ന് നിർബന്ധിക്കുന്നു.

ശ്രീ. വി. മാധവൻ: ഞാൻ വേറെചില ഉപക്ഷേപങ്ങൾ അയച്ചിട്ടുണ്ട്. അതിൻെറ ആർഡറിൽ എനിക്കു അതിനെപ്പററി സംസാരിക്കാൻ സൗകര്യം ലഭിക്കാത്തതുകൊണ്ട് ആ വിഷയങ്ങൾകൂടി ഇപ്പോൾ സംസാരിക്കാമെന്നു വിചാരിക്കുന്നു.

[Sri. V. Madhavan]

സർ, വൈക്കം—ഏററുമാനൂർ റോഡിന്റെ ശോച്യാവസ്ഥയെപററി അധികാരികളുടെ ശ്രദ്ധ പതിപ്പിക്കുന്നതിനാണു ഞാൻ പ്രധാനമായി ആഗ്രഹിക്കുന്നതു്. വൈക്കം—ഏററുമാനൂർ റോഡ്, വൈക്കം—കോട്ടയം റോഡിന്റെ ഒരു ഭാഗമാണു്. ഏററുമാനൂർ—കോട്ടയം റോഡിന്റെ നിലതന്നെ വളരെ ശോചനീയമായിരിക്കുകയാണു്. എങ്കിലും അടുത്തുകാലത്തു് കോട്ടയത്തുനിന്നു ഏററുമാനൂർവരെയുള്ള ഭാഗം അവിടവിടെയായി കോൺക്രീററു ചെയ്തുകൊണ്ടിരിക്കുകയും ഇപ്പോഴും ആ ജോലി തുടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. അതുകൊണ്ടു് ഏററുമാനൂർ മുതൽ വൈക്കം വരെയുള്ള റോഡിന്റെ കഥയാണു് എനിക്കു പറയുവാനുള്ളതു്. വൈക്കത്തുനിന്നു ഏററുമാനൂരിലേക്കു ബസ്സിൽ സഞ്ചരിക്കുകയാണെങ്കിൽ അയാളുടെ അനുഭവത്തെപററി മററുള്ളവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ പരമാത്ഥത്തിൽ വിഷമമുണ്ടു്. അത്രമാത്രം ക്ലേശവും ബുദ്ധിമുട്ടും അനുഭവിക്കേണ്ടതായി ഉണ്ടു്. ബഹു. ധനകാര്യമന്ത്രി ചിലപ്പോൾ വൈക്കത്തേക്കു്, അദ്ദേഹത്തിന്റെ സ്വദേശത്തേക്കു വരാറുണ്ടു്. അങ്ങനെ വരുന്ന സന്ദർഭത്തിൽ ഏററുമാനൂർവഴി കോട്ടയത്തുകൂടി തിരുവനന്തപുരത്തേക്കു മടങ്ങുന്നപക്ഷം അദ്ദേഹത്തിന്റെ കാർ മിക്കവാറും മൂന്നാലുപ്രാവശ്യം വക്ക്ഷാപ്പിൽ കയറേണ്ടതായിവരുമെന്നു അദ്ദേഹംതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. അത്യാവശ്യമായ കാര്യങ്ങൾക്കു് കോട്ടയത്തു സാധാരണ പോകേണ്ട ആവശ്യം എനിക്കുണ്ടെങ്കിലും ഞാൻ അതുകൊണ്ടു ചില നഷ്ടങ്ങൾ സഹിച്ചുകൊണ്ടു ആണെങ്കിൽകൂടി അവിടെ പോകാതെയിരിക്കുകയാണു ചെയ്യുന്നതു്. രണ്ടു ദിവസം അടുപ്പിച്ചു് അവിടെ യാത്രചെയ്താൽ മൂന്നാമുദിവസം വിശ്രമം എടുക്കേണ്ടതായി വരുമെന്നുള്ളതു തീർച്ചയാണു്.

<u>ശ്രീ. ഏ. താണുപിള്ള:</u> ആക്കാണു് വിശ്രമം വേണ്ടതു്. വണ്ടിക്കോ, ആളിനോ?

<u>ശ്രീ. വി. മാധവൻ:</u> ആളിനാണു്. വണ്ടിയെപററി എനിക്കു പരാതി ഇല്ല.

അത്ര ശോച്യാവസ്ഥയാണു് ആ റോഡിനുള്ളതു്. ആ വഴിയുടെ പ്രാധാന്യത്തെപററി ഞാൻ പ്രത്യേകം പറയേണ്ടതില്ല. നാല്പതുമിനിട്ടു ഇൻറർവെൽ ഇട്ടു് എസ്. എം. എസ്. സവ്വീസുകാരും ശ്രീ. ശങ്കുണ്ണിപിള്ളയുടെ സ്വരാജ് സവ്വീസുകാരും അവിടെ ബസ്സു് ഓടിച്ചുകൊണ്ടിരിക്കുകയാണു്. ഈ ഇൻറർവെൽ വന്നതുതന്നെ ബസ്സിന്റെ എണ്ണം കുറച്ചിട്ടാണു്. എക്സ്പ്രസ് സവ്വീസുകൂടി അവിടെ ഓടിച്ചുകൊണ്ടിരുന്ന കാലത്തു ഇരുപതുമിനിട്ടിന്റെ ഇൻറർവെൽ മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ രണ്ടു കമ്പനിക്കാരും ടൈം അഡ്ജസ്റ്റ്ചെയ്തു ഓടിക്കുന്നതുകൊണ്ടാണു് ഇപ്പോഴത്തെ ൪൦ മിനിട്ടിന്റെ ഇൻറർവെൽ വച്ചിരിക്കുന്നതു്. അല്ലാതെ യാത്രക്കാർ കുറഞ്ഞതുകൊണ്ടല്ല. യാത്രക്കാരുടെ കണക്കു് എടുത്താൽ പത്തുമിനിട്ടിന്റെ ഇൻറർവെൽവച്ചു് ബസ്സു ഓടിക്കത്തക്കവണ്ണം അത്രയേറെ യാത്രക്കാർ അവിടെയുണ്ടു്. ഈ റോഡിൽ അവിടവിടെയായി ഗട്ടുകൾസുണ്ടു്. കാലാകാലങ്ങളിൽ ഗട്ടറില്ലാതെ ഗവമ്മെൻറ് റിപ്പയർചെയ്തുകൊണ്ടിരുന്നാൽ മാത്രംമതി.

വൈക്കം—ഏററുമാനൂർ റോഡ് രണ്ടു താലൂക്കിലായിട്ടാണു് കിടക്കുന്നതു്. വൈക്കംമുതൽ കാണക്കാരിവരെ മാത്രമെ വൈക്കംതാലൂക്കിലുള്ളു. ഈ റോഡിന്റെ കടുത്തുരുത്തിവരെയുള്ളഭാഗം ഒരു സബ്ഡിവിഷനിലും, കടുത്തുരുത്തി മുതൽ ഏററുമാനൂർവരെയുള്ളഭാഗം മറെറാരു സബ്ഡിവിഷനിലും പെട്ടതാണു്. വൈക്കം—കടുത്തുരുത്തിവരെയുള്ള റോഡിന്റെ അവസ്ഥ കുറെഭേദമാണെന്നു

പറയാം. എന്നാൽ കടുത്തുരുത്തിമുതൽ ഏററമാനൂർവരെയുള്ള റോഡിൻെറ അവസ്ഥയാണു വളരെ ശോചനീയമായിട്ടുള്ളതു്.

ശ്രീ. സി. കേശവൻ: കടുത്തുരുത്തിമുതൽ ഏററമാനൂർവരെ എത്ര മൈൽ ദൂരംവരും?

ശ്രീ. വി. മാധവൻ: എട്ടുമൈൽവരും. അവിടെ ആരും നോക്കാനില്ല. കോട്ടയം സബ്ഡിവിഷനിൽപെട്ട ഭാഗമാണിതു്. ആ സബ്ഡിവിഷനിൽ ഇതിനെക്കാൾ പ്രാധാന്യമുള്ള മററുപല റോഡുകളും നോക്കാനുള്ളതുകൊണ്ടു ശ്രദ്ധിക്കാതെ കിടക്കുകയാണു്. ഈഭാഗംകൂടി വൈക്കം സബ്ഡിവിഷനിലേക്കു മാററുന്നപക്ഷം ഈ റോഡിൻെറനില കുറെക്കൂടി അഭിവൃദ്ധിപ്പെടുമെന്നാണു് എൻെറ വിശ്വാസം.

ശ്രീ. എ. താണുപിള്ള: ഈ രണ്ടുഭാഗത്തുള്ള റോഡുകളുടെ കേററവും ഇറക്കവും ഒരുപോലെയാണോ?

ശ്രീ. വി. മാധവൻ: അല്ല. കടുത്തുരുത്തിയിൽനിന്നും വൈക്കത്തേക്കു വരുന്നഭാഗം കുറെക്കൂടി പ്ലെയിനിലേക്കു വരുന്നഭാഗമാണു്. എതായാലും ഗവമ്മെൻറു ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. നാട്ടിലുള്ള ആളുകൾക്കും രാജ്യത്തു പൊതുവെയുള്ള ജനങ്ങൾക്കും വളരെ പരാതി ഉണ്ടാക്കികൊണ്ടിരിക്കുന്ന ഒന്നാണു് ഈ റോഡു്. ഈ റോഡു നന്നാക്കുന്നതിനുവേണ്ടി അടുത്തകാലത്തു് അല്പം ചില ശ്രമങ്ങൾ നടന്നുവെങ്കിലും അതു അനുഭവത്തിൽവന്നിട്ടില്ല. ഈ റോഡു് കോൺക്രീററുചെയ്യുന്നതിനു ഗവമ്മെൻറും ഇപ്പോൾ സർവ്വീസു നടത്തിക്കൊണ്ടിരിക്കുന്ന കമ്പനിക്കാരുംതമ്മിൽ ചില കരാറുകൾ എല്ലാം ഉണ്ടാക്കുവാൻ ശ്രമിച്ചുവെങ്കിലും അതു പൂർണ്ണമായി ഒരു തീരുമാനത്തിലെത്തുവാൻ കഴിഞ്ഞിട്ടില്ല. എൻെറ അഭിപ്രായത്തിൽ ഗവമ്മെൻറു കുറെക്കൂടി സൗജന്യപരമായി കമ്പനിക്കാരോടു പെരുമാറിയിട്ടാണെങ്കിലും അതു നടപ്പിൽവരുത്തുവാൻ ശ്രമിക്കുകയാണുവേണ്ടതു്. പൊതുജനങ്ങളുടെ അഭിപ്രായത്തിനു് ഒരുപക്ഷെ എതിരാണെങ്കിൽതന്നെയും ഗവമ്മെൻറിൻെറ തൽക്കാല സാമ്പത്തികവിഷമസ്ഥിതിയെപരിഗണിച്ചു് ഒന്നോ രണ്ടോ വർഷത്തേക്കു് ആ ലൈനിൻകൂടി ബസ് ഓടിക്കുവാനുള്ള മോണോപ്പൊളി കമ്പനിക്കാർക്കു കൊടുത്തിട്ടെങ്കിലും കമ്പനിക്കാരുടെ പണവുംകൂടി വാങ്ങിച്ചു് എത്രയുംവേഗം ആ റോഡു കോൺക്രീററുചെയ്യുവാൻ ശ്രമിക്കുകയാണുവേണ്ടതു്.

ബഡ്ജററു തയ്യാറാക്കുമ്പോൾ ചില സംഗതികൾ ഞങ്ങളുടെ താലൂക്കിനെ സംബന്ധിച്ചു് അല്പമെങ്കിലും അനുഗ്രഹമാണെന്നു തോന്നാവുന്നകാര്യങ്ങൾ അതിൽ കൊള്ളിക്കുമെന്നു് ഇരുന്നാൽ തന്നെയും അതു നടപ്പിൽ വരുത്താതെ ഇരിക്കുവാൻ വകയുണ്ടാക്കുന്ന കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടു്. അതിലൊന്നാണു് തോട്ടപ്പുഴപാലം. ഈ പാലം വൈക്കം—ഉദയംപേരൂർ റോഡിലാണു് ഉണ്ടാകേണ്ടതു്. എന്നാൽ ബഡ്ജററിൽ വൈക്കം—ഏററമാനൂർ റോഡിൽ എന്നാണു കാണിച്ചിരിക്കുന്നതു്. ഒരുപക്ഷെ ഇതു് എന്തോ തെററുകൊണ്ടു വന്നതായിരിക്കും. എതായാലും ബഡ്ജററു തിരുത്തുമ്പോൾ ഈ സംഗതികൂടി ഗവമ്മെൻറു ശ്രദ്ധിക്കേണ്ടതാണു്.

Sri. P. Balakrishnan Tampi: Sir, I am opposing all the cut motions that have been moved on the floor of this House.

Mr. Speaker: But there are cut motions yet to be moved.

Sri. P. Balakrishnan Tampi: Sir, in speaking on these motions I wish to bring to the notice of the House—

Mr. Speaker: Order. Order. The House will now adjourn and re-assemble after an interval of half an hour.

The House rose at 5 p. m. and reassembled at 5-30 p. m. with Mr. Speaker in the Chair.

Supplementary Demands *(cont.)*

Mr. Speaker: We are at Supplementary Demand No. 4 which was moved and seconded the previous day.

The question that Government be granted a sum of Rs. 100 as token grant under 18. Education—F—Special School Education—(a) Training Schools was put and carried. The Grant was made.

Minister for Education, Food and Labour (**Sri. T. K. Narayana Pillai**): Sir, I move for a supplementary grant of Rs. 13,860 under "23 B-Food Production—(J) collection of Agricultural Statistics."

Minister for Law, Finance and Revenue (**Sri. A. J. John**): I second the motion.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ തുക അഗ്രിക്കൾച്ചറൽ സ്റ്റാററിസ്റ്റിക്ക്സിനെ സംബന്ധിച്ച് ചിലവാക്കേണ്ടതാണ്. ഇവ സംബന്ധിച്ച് ൭൨,൮൦൦ രൂപ ബഡ്ജററിൽ കൊള്ളിക്കാൻ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ കൊച്ചിയിലേക്കുംകൂടി ഈ പ്രവൎത്തനം വ്യാപിപ്പിക്കുന്നതിനു് ഒരു അസിസ്റ്റണ്ടിനെക്കൂടി നിയമിക്കേണ്ട ആവശ്യം നേരിട്ടിരിക്കുകയാണ്. അതിലേക്കുവേണ്ടിവരുന്ന ചിലവ് ൧൩,൮൬൦ രൂപായാണ്. അങ്ങനെ ഈ തുകയും സ്റ്റാററിസ്റ്റിക്ക്സ് ആവശ്യം പ്രമാണിച്ച് അവയുടെ എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജ്, അലവൻസ്, മററു വക ചിലവ് ഇവയെല്ലാം കൂടെ ൮൬,൬൬൦ രൂപ ആവശ്യമുണ്ട്. അതിൽ ൭൨,൮൦൦ രൂപ ആണ് ബഡ്ജററിൽകൊള്ളിച്ചിരിക്കുന്നതു്. ബാക്കി വരുന്ന ൧൩,൮൬൦ രൂപക്കുവേണ്ടിയാണ് ഈ സപ്ലിമെൻററി ഗ്രാൻറ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ട് ഈ തുക സഭ പാസാക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ സ്കീമിൽ കൊച്ചിയെയുംകൂടി ഉൾപ്പെടുത്തി അല്ലേ ഇത്രയും തുക വേണമെന്നു പറയുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതേ. കൂടുതലായിട്ട് സിൽബന്ധികളെ നിയമിക്കേണ്ട ആവശ്യം വന്നതുകൊണ്ടാണ് ൧൩,൮൬൦ രൂപകൂടി വേണമെന്നാവശ്യപ്പെടുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: കൊച്ചിയിൽ എല്ലാ താലൂക്കുകളിലും ഈ സ്കീം വർക്കൌട്ട് ചെയ്യണമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. സി. വി. ഇയ്യു: നെല്ലെടുപ്പു സംബന്ധിച്ച് കൊച്ചിയിലെ കളക്ടരുടെ കീഴിൽ ഒരു സ്റ്റാഫ് നിയമിച്ചിട്ടുണ്ടായിരുന്നതു്. ഇപ്പോഴും ഉണ്ടോ അതോ പിരിച്ചുവിട്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്റ്റാഫ് ഇപ്പോൾ അഗ്രിക്കൾച്ചറൽ ഡയറക്ടരുടെ കീഴിൽ ജോലിചെയ്യുകയാണ്.

ശ്രീ. സി. വി. ഇയ്യു: ഫുഡ്പ്രൊഡക്ഷൻ ബോർഡിൻെറ ചെയർമാൻ രാജിവച്ചുയെന്നും മററും പത്രത്തിൽ കാണുവാനിടയായി. അങ്ങനെ രാജിവച്ചിരിക്കുകയാണെങ്കിൽ ആവക ചിലവുകൾകൂടി ഇപ്പോൾ ലാഭപ്പെടുത്താമല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹം രാജിവച്ചതായി ഗവമെൻറിനറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ സ്ഥലങ്ങളിൽനിന്നും കിട്ടുന്ന നെല്ല് എത്രയാണെന്ന് പ്രത്യേകം പ്രത്യേകം കണക്കുകൾ ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ വിവരങ്ങൾ ശേഖരിക്കുന്നതിനും മററുമാണ് ഒരു അസിസ്റ്റൻറിനെ നിയമിച്ചിട്ടുള്ളതു്. അദ്ദേഹം ഈ വക കണക്കുകൾ ശരിയായി സൂക്ഷിക്കുകയും ആവശ്യപ്പെട്ടാൽ അറിയിക്കുകയും ചെയ്യും. സർ, ഞാൻ പറഞ്ഞ കാര്യങ്ങളെ ആസ്പദമാക്കി ഈ തുക പാസാക്കണമെന്ന് അപേക്ഷിക്കുന്നു.

The question that Government be granted a sum of Rs. 13;860 under "23-B. Food Production (j) Collection of agricultural statistics" was put and carried and the grant was made.

Minister for Finance and Revenue **(Sri. A. J. John)**: Sir, I move for a grant of Rs. 1,05,00,000 under "23 A. Food Subsidy".

Minister for Education, Food and Labour **(Sri. T. K. Narayana Pillai)** I second the motion.

ശ്രീ. എ. ജെ. ജാൺ: സർ, ഫുഡ് സബ്സിഡി ഇനത്തിൽ ൨൫ ലക്ഷം രൂപ ൧൯൫൦—൧൯൫൧ ഈ വർഷത്തെ ബഡ്ജററിൽ ചേർത്തിരുന്നു. അന്ന് ഇത്രയും തുകതന്നെ ചേർക്കണമെന്ന് ഉദ്ദേശിച്ചിരുന്നതല്ല. കാരണം, പുറത്തുനിന്നും ധാരാളമായി അരി വരുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും മിക്കവാറും ഭക്ഷ്യധാന്യങ്ങൾ ഇൻഡ്യയിൽനിന്നും കിട്ടാൻ മാർഗ്ഗമുള്ളതുകൊണ്ട് വലിയ നഷ്ടം വരാൻ ഇടയില്ലെന്നുമാണ് വിചാരിച്ചിരുന്നതു്. എന്നാൽ ബഡ്ജററ തയ്യാറാക്കിയ വർഷത്തെ കണക്കനുസരിച്ച് ഈ വർഷത്തിൽ ൧൩൦ ലക്ഷം രൂപ നഷ്ടമുണ്ടാകുമെന്നാണ് കാണുന്നതു്. അതിൽ ൨൫ ലക്ഷം രൂപ കുറച്ച്, ബാക്കി ൧൦൫ ലക്ഷം രൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറ് ആണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. വെളിയിൽനിന്നും ൧—൪—൫൦ മുതൽ ൩൧—൪—൨൩ വരെ ൧,൩൭,൦൦൦ ടൺ അരി വരുത്തിയിട്ടുണ്ട്. ഇങ്ങനെ വരുത്തിയിട്ടുള്ള അരിക്ക് ഒരു മന്നിന് ൨൨ രൂപ ൧൫ അണ വിലയുണ്ട്. എന്നാൽ അതു വിൽക്കുന്ന വില ൧൩ രൂപ ൧൫ അണ ൩ പൈസ വച്ചാണ്. അങ്ങനെ വിററപ്പോൾ ഒരു മന്നിന് ൫ രൂപ ൧൫ അണ ൯ പൈ നഷ്ടം ഉണ്ടായിട്ടുണ്ട്. അതിൽ ഗവമെണ്ടിന് ഒരു മന്നിൽ ഉണ്ടാകുന്ന നഷ്ടത്തിൻെറ നാലിൽ ഒന്നായ ഒരു രൂപ ഏഴണ പതിനൊന്നു പൈസയാണ് നഷ്ടമുണ്ടാകുന്നതു്. പുറത്തുനിന്നും വരുത്തിയിട്ടുള്ള ൧,൩൭,൦൦൦ ടൺ അരിക്ക് ഈ കണക്കനുസരിച്ച് ൨൫ ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതു്. യു. പി. യിൽനിന്നും ൩൦,൦൦൦ ടൺ അരിയാണ് വരുത്തിയിട്ടുള്ളതു്. അതിൻെറ വില ഒരു മാണ്ടിന് ൨൫ രൂപ വിലയുണ്ട്.. ഇവിടെ അതു് വില്പന നടത്തുന്നതു് ഒരു മാണ്ടിന് ൧൩ രൂപ ൧൫ അണ. ൩ പൈസവച്ചാണ്. അങ്ങനെ വില്പന നടത്തിയപ്പോൾ ഒരു മാണ്ടിന് ൮ രൂപ ൯ പൈസാവീതം നഷ്ടംവന്നു. യു. പി. യിൽനിന്നും കിട്ടുന്ന അരിക്ക് സബ്സിഡി തരികയില്ലെന്ന് ഇൻഡ്യാഗവമെണ്ട് പറഞ്ഞിട്ടുമുണ്ട്. പുറത്തുനിന്നും വരുത്തുന്ന അരിക്കു മാത്രമേ സബ്സിഡി ആവശ്യപ്പെടാൻ അവകാശമുള്ളു; അങ്ങനെനോക്കുകയാണെങ്കിൽ നമുക്ക് ഈ ഇനത്തിൽ ൩൫ ലക്ഷം രൂപായാണ് നഷ്ടമുണ്ടായിട്ടുള്ളതു്. മധ്യഭാരതത്തിൽനിന്നും ൧,൦൦൦ ടൺ അരി ഒരു മാണ്ടിന് ൨൫ രൂപ ൫ അണ വീതംവച്ച് വാങ്ങിക്കുകയും അതു വില്പന നട

[Sri. A. J. John]

ത്തിയ വകയിൽ ഇവിടെ ഒരു മാണ്ടിനു ൭ രൂപ ൫ അണ ൯ പൈസ നഷ്ടമാണ്ടായിട്ടുള്ളതു്. ആ വകയിൽ അതായതു് മദ്ധ്യഭാരതത്തിൽനിന്നും വരുത്തിയിട്ടുള്ള അരിക്കുവേണ്ടി നഷ്ടപ്പെട്ടതു് ൨ ലക്ഷം രൂപയാണ് ൧൯൫൧-ൽ ആദ്യത്തെ ക്വാർട്ടറിലേക്ക് വരെ വാങ്ങിച്ച അരിയുടെ കണക്കു നോക്കുന്നപക്ഷം ഏകദേശം ൩൩ ലക്ഷം രൂപ ഈ ഗവമ്മെണ്ടിനു നഷ്ടം ഉണ്ടാകുമെന്നാണ് ഉദ്ദേശിച്ചതു്. എന്നാൽ ഈ ഇടപാടിൽ നമുക്ക് ൧൫൫ ലക്ഷം രൂപ നഷ്ടമുണ്ടാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ സ്റ്റേറ്റിൽനിന്നും വാങ്ങിയിട്ടുള്ള നെല്ലിൻെറ വില്പനയിൽ കിട്ടിയ ലാഭം ൨൫ ലക്ഷം രൂപ കുറക്കുകയും ബഡ്ജററിൽനിന്നും അതിനോടുകൂടി ൨൫ ലക്ഷം രൂപാകൂടി കുറക്കുകയും ചെയ്യുമ്പോൾ ആണ് ഈ ൧൦൫ ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുന്നതെന്നു കാണുന്നതു്. ആ വകക്കുവേണ്ടിയാണ് ഈ ൧൦൫ ലക്ഷം രൂപ ആവശ്യംവന്നതു്. നമുക്ക് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന അരി മീഡിയം വെറയിററിയാണ്. അതിൻെറ വില ൧൯൫൧ ജനവരി ൧൭-ാം തിയതി മുതൽ ഒരു മാണ്ടിന് ൨൨ രൂപ ൧൧ അണയാണ്. കഴിഞ്ഞകൊല്ലവും അതിനു മുൻപിലത്തെകൊല്ലവും ഈ ഇടത്തരം അരിതന്നെ നമുക്ക് കിട്ടിക്കൊണ്ടിരുന്നു. ഈ വഷത്തിലും ഈ അരിതന്നെ കിട്ടുമെന്നാണ് വിചാരിച്ചിരുന്നതു്. എന്നാൽ അതിനുപകരം നമുക്കു ലഭിച്ചതു് ഫൈൻ വെറയിററിയാണ്. അങ്ങനെ ജാനുവരി ൧-ാം തീയതി മുതൽ ഫെബ്രുവരി ൧-ാം തിയതിവരെ ൩,൫൩,൪൪൧ മാണ്ടു് അരി നമുക്ക് ലഭിച്ചിട്ടുണ്ട്. ഫൈൻ വെറയിററി ഒരു മാണ്ടിന് ൨൬ രൂപ ൮ അണയും, മീഡിയം വെറയിററി ഒരു മാണ്ടിന് ൨൧ രൂപ ൧൨ അണയും ആണ് വില. എന്നാൽ ഫൈൻ വെറയിററി ൨൬ രൂപ ൮ അണ കൊടുത്തു വാങ്ങിച്ചാൽ അതിൻെറ കൈകാര്യച്ചിലവിനായി ഒരു മാണ്ടിന് ൧൫ അണ വീതം ചിലവായിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഒരു ചാക്കരിയുടെ വില ൫൪ രൂപ ൧൪ അണയാകും. അത്തരം അരിയെ നാം ഇവിടെ വില്ക്കുന്നതു് ൩൩ രൂപ ഒന്നര അണയ്ക്കാണ്. ഈ കണക്കുവച്ചുനോക്കുമ്പോൾ ഈ ഇനത്തിൽ നമുക്ക് ഫെബ്രുവരി അവസാനത്തിൽ ൩൭, ൫൩,൦൮൦ (മുപ്പത്തിയേഴ് 'ഉന്ന ലക്ഷം) രൂപ വിശേഷാൽ നഷ്ടം ഉണ്ടായിട്ടുണ്ട്. ഫൈൻ വെറയിററിക്ക് ൫൫ രൂപ വില കൊടുക്കുകയും അതു് ൩൩ രൂപയ്ക്കു് വിൽക്കുകയും ചെയ്യുന്ന അവസരത്തിൽ ഒരു ചാക്കിന് ൨൨ രൂപയാണ് നമുക്കു നഷ്ടം ഉണ്ടാകുന്നതു്. സാധാരണനിലയിൽ എണ്ണായിരം ചാക്ക് അരിയോളം ആണ് ഒരുദിവസം ആവശ്യമുള്ളതു്. അപ്പോൾ ഒരു ദിവസത്തെ നഷ്ടം ഒരുലക്ഷത്തി അവുപത്തയ്യായിരം രൂപയാണ്. ഇങ്ങനെ ഏകദേശം ഒരാണ്ടിൽ ഏഴകോടി രൂപയോളം നഷ്ടം അരിവാങ്ങിച്ച് വില്ക്കുന്ന വകയിൽ ഈ സ്റ്റേററിന് വഹിക്കേണ്ടതായിവരുന്നുണ്ട്. ഇൻഡ്യാഗവമ്മേണ്ടിൽനിന്നും ഫുഡ്സബ്സിഡി ഇനത്തിൽ ഒന്നരക്കോടി രൂപാ തരാമെന്നു് ആണ് ആദ്യം തീരുമാനിച്ചിരുന്നതു്. അതുപ്രകാരം ഫൈൻ റൈസ്സ് ആണെങ്കിൽ ഏകദേശം അഞ്ചരക്കോടി രൂപയുടെ നഷ്ടം നാം സഹിക്കണം. അതു നമ്മെക്കൊണ്ട് സാദ്ധ്യമല്ലെന്നുള്ള വിവരം വളരെ ശക്തിയായി ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചതുകൊണ്ട് ഫുഡ്സബ്സിഡി സ്വല്പം കൂട്ടാമെന്ന് പറഞ്ഞിട്ടുണ്ട്. എങ്കിലും എത്ര കൂട്ടുമെന്ന് അവസാനമായി തീരുമാനിച്ചിട്ടില്ല. ഒരുവേള ഒരുകോടി രൂപാ കൂട്ടിയേക്കാം. എന്നാൽതന്നെയും നമ്മുടെ നഷ്ടം നാലരക്കോടി രൂപായോളം വരുന്നതാണ്. ഈ നാലരക്കോടി രൂപാ എന്നു പറയുന്നതു് നമ്മുടെ ഒരു കൊല്ലത്തെ വരവിൻെറ മൂന്നിലൊരു ഭാഗമാണ്. ഇതു സഹിക്കുന്നതിന് ശക്തിയില്ലെന്നു് അവരെ വ്യക്തമായി അറിയിച്ചിട്ടുണ്ട്. ഫൈൻ ക്വാളിററി ഇവിടേക്കയക്കരുതെന്നും അല്ലാത്തപക്ഷം ൭ ൫ ശത

മാനം ഫുഡ്സബ്സിഡി തരണമെന്നും അവരെ അറിയിച്ചതിന്റെ ഫലമായി ഈ സംഗതിയിൽ ഒരു ക്ലിപ്തമായ വ്യവസ്ഥ ചെയ്യുവാൻ സാദ്ധ്യമല്ലെന്നും അറികിട്ടുന്നതനുസരിച്ച് അയക്കുവാനേ നിവൃത്തിയുള്ള എന്നും അവർ പറയുന്നുണ്ട്. ഫൈൻ റൈസിനെ സംബന്ധിച്ചിടത്തോളം യാതൊരു സബ്ഡിഡിയും തരുകയില്ലെന്ന് അവർ തീർത്തു പറഞ്ഞിട്ടുണ്ട്. അപ്പോൾ ഒരു ചാക്കരിക്ക് ൫ ൫ രൂപാ വച്ച് വില്ക്കേണ്ടതായി വരും. ഇക്കണക്കിന് ഒരു ഇടങ്ങഴി അരിക്ക് ഏകദേശം ൧൫ അണയായി വില്ക്കണം.

ശ്രീ. എ. താണുപിള്ള: ഫൈൻ റൈസിന് വിലകൂട്ടി വില്ക്കണമെന്ന് നമ്മെ മാത്രമേ അറിയിച്ചിട്ടുള്ളോ?

ശ്രീ. ഏ. ജെ. ജാൺ: എല്ലാ സ്റ്റേററിനേയും അറിയിച്ചിട്ടുണ്ട്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: മറേറതെങ്കിലും സ്റ്റേററിൽ ഇടങ്ങഴി അരിക്ക് ൧൫ അണ വച്ച് വിൽക്കാനുള്ള പരിതഃസ്ഥിതി നേരിട്ടിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതിൽ വ്യത്യാസം ഉണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഭക്ഷ്യോൽപ്പാദനത്തിന്റെ കുറവ് ൧, ൨, ൫, ഈ ശതമാനത്തിലാണുള്ളത്. കൂടിയാൽ ൧൦ ശതമാനം കുറവു കണ്ടേക്കും. ബാക്കിയുള്ള ഭക്ഷ്യധാന്യങ്ങൾ അവിടത്തന്നെ ഉണ്ടാകുന്നതാണ്. ആ സ്ഥിതിക്ക് ഇറക്കുമതി കുറച്ചു മതി. അപ്പോൾ ഒരു മന്നിനു കൂടിയാൽ ൮ അണ നഷ്ടം സഹിക്കേണ്ടിവരും. എന്നാൽ നമ്മുടെ സ്ഥിതി അതല്ല. ൫൦ ശതമാനത്തിൽ കൂടുതൽ നമുക്ക് പുറത്തുനിന്നും ആവശ്യമുള്ളതുകൊണ്ട് വലുതായ വിലകൊടുത്തു വാങ്ങിക്കേണ്ടിയിരിക്കുന്നു. അപ്പോൾ നമുക്ക് താരതമ്യേന വളരെ കൂടുതൽ നഷ്ടം സഹിക്കേണ്ടിവരുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: ഭക്ഷ്യധാന്യത്തെ സംബന്ധിച്ചിടത്തോളം കൊച്ചിയെ ഒരു പ്രത്യേക യൂണിററായി കണക്കാക്കിയതുകൊണ്ടും അവിടെ പ്രൊക്യൂവർമെൻറ് കൂടുതലായതുകൊണ്ടും അവിടെ നിന്നെടുക്കുന്ന നെല്ലിന് കൂടുതൽ വിലകൊടുക്കുവാൻ എന്താണു തടസ്സം?

ശ്രീ. ഏ. ജെ. ജാൺ: അതു് ഇവിടെ ഉദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: എന്നു പറയുന്നതു് ശരിയായ കാരണമല്ല. കൊച്ചിൻ ഏരിയാ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക യൂണിററായതുകൊണ്ട് അങ്ങനെ ചെയ്യാൻ പാടില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: അതിന് തടസ്സമുണ്ട്. അങ്ങനെയാണെങ്കിൽ നാഞ്ചിനാട്ടിലും കുട്ടനാട്ടിലും എടുക്കുന്ന നെല്ലിന് കൂടുതൽ വില കൊടുക്കേണ്ടിവരും.

ശ്രീ. സി. വി. ഇയ്യു: അതെ. അവക്കും കൊടുക്കേണ്ടതാണ്.

ശ്രീ. ഏ. ജെ. ജാൺ: മാത്രമല്ല അതിന് ഇൻഡ്യാ ഗവമ്മെൻറിന്റെ അനുവാദവും വേണ്ടിവരുന്നതാണ്. അതിനാൽ, ഈ സഭ ഇതിനെപ്പററി കാര്യമായി ആലോചിക്കണം. അതായതു് ഈ നഷ്ടം സഹിക്കുന്നതിന് ഗവമ്മെൻറിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ഇൻഡ്യാഗവമ്മെൻറ് നിർബന്ധമായി ആവശ്യപ്പെടുന്നതു് അരിക്ക് വില കൂട്ടണമെന്നാണ്. അല്ലെങ്കിൽ നാം നഷ്ടം സഹിക്കണം. ഇൻറഗ്രേഷൻ എഗ്രിമെൻറ് കാലത്തു് പറഞ്ഞിരുന്നതു് ലാൻഡ് കസ്റ്റംസ് മുതലായവ സെൻട്രലിലേക്ക് വിട്ടുകൊടു

[Sri. A. J. John]

ക്കാമെങ്കിൽ ഇപ്പോൾ എ. സ്റ്റേററ്സിന് കൊടുക്കുന്ന തരത്തിലുള്ള ൧൫ ശതമാനം സബ്സിഡി നമുക്കും തന്നുകൊള്ളാമെന്നാണ്. അതു് എഗ്രിമെൻറിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഇപ്പോൾ ആണെങ്കിൽ ഓരോ എ. സ്റ്റേററിലുമുള്ള ഇൻഡസ്ട്രിയൽ സെൻേറഴ്സ് തെരഞ്ഞെടുത്തു് സബ്സിഡി കൊടുക്കണമെന്നാണ് അവർ നിശ്ചയിച്ചിരിക്കുന്നതു്. എതായാലും ഇപ്പോൾ ഈ ഇനത്തിൽ ഒരു കോടി അഞ്ചുലക്ഷം രൂപാ അത്യാവശ്യമായിതീർന്നിട്ടുണ്ട്. ഈ രൂപാ അനുവദിക്കണമെന്നാണ് എനിക്കപേക്ഷിക്കുവാനുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എഗ്രിമെൻറിലെ വകുപ്പനുസരിച്ച് കൊച്ചിൻ ഹാർബറിൽനിന്നും ഉള്ളവരവ് നമുക്ക് ലഭിക്കുന്നതിൽ പുതിയ ഫൈനാൻഷ്യൽ ഇൻറഗ്രേഷനനുസരിച്ച് വല്ല വ്യത്യാസവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: നേരത്തെയുള്ള എഗ്രിമെൻറനുസരിച്ച് ഉള്ള വരവു മുഴുവനും ഇക്കൊല്ലം ലഭിക്കുന്നതാണ്. മേലാൽ ഉള്ളതു് ഫൈനാൻഷ്യൽ ഇൻറഗ്രേഷനനുസരിച്ചാണ് ലഭിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഫൈൻ ക്വാളിററി റൈസ് എപ്പോൾ മുതൽ അയച്ചു തുടങ്ങി?

ശ്രീ. എ. ജെ ജാൺ: ജാനുവരി ഒന്നാംതിയ്യതി മുതൽ ൨൮-ാംതിയ്യതി വരെ ആ ഇനത്തിൽ ൩൧ ലക്ഷം രൂപാ നഷ്ടം ഉണ്ടെന്നു് നേരത്തെ ഞാൻ പറഞ്ഞു. ഈ റൈസ് നമ്മുടെ കയ്യിൽ ഇപ്പോൾ നല്ല സ്റ്റാക്കുണ്ട്. ചെലവാക്കിയിട്ടില്ല. എപ്രിൽ മാസത്തോടുകൂടി മാത്രമേ അതു് വിൽക്കേണ്ട ആവശ്യം വരികയുള്ളു.

ശ്രീ. എ. താണുപിള്ള: ഈ കാര്യത്തിൽ ഇൻഡ്യാ ഗവമ്മെൻറ് നമ്മോടു് ന്യായമായി പെരുമാറിയിട്ടുണ്ടെന്നു വിശ്വസിക്കാൻ തരമില്ല. വെളിയിൽനിന്നുള്ള അരിക്ക് ൧൫ ശതമാനം സബ്സിഡി തന്നിട്ടുണ്ട്. എന്നാൽ വെളിയിൽനിന്നുള്ള അരിയെക്കാൾ കൂടുതൽ വിലക്ക് മദ്ധ്യഭാരതം മുതലായ സ്ഥലങ്ങളിൽനിന്നും വരുത്തിയാൽ അതിന് യാതൊന്നും തരികയില്ല. ഇതു് കാര്യത്തിൻെറ ഗൗരവം കൊണ്ടല്ലെങ്കിൽ ഇതു കുട്ടിക്കളിയാണെന്നേ വിചാരിക്കാൻ തരമുള്ളു. എവിടെനിന്നു തരുന്നു എന്നുള്ള അടിസ്ഥാനത്തിലല്ല ഫുഡ് സബ് സിഡി തരേണ്ടതു്. എന്നാൽ നമുക്ക് ആ വിധത്തിൽ നഷ്ടമുണ്ടോ എന്നാണ് നോക്കേണ്ടിയിരുന്നതു്. ഇൻഡ്യാ ഗവമ്മെൻറുമായിട്ടുള്ള നമ്മുടെ ബന്ധത്തിൻെറ നിലക്ക് ഈ വിധത്തിലുള്ള അവരുടെ നയം ന്യായമാണെന്ന് തോന്നുന്നില്ല. അമേരിക്കയിൽ വിളഞ്ഞ അരിയായതുകൊണ്ട് സബ് സിഡി തരാമെന്നോ ഇവിടെ വിളഞ്ഞതായതുകൊണ്ട് സബ് സിഡി തരികയില്ലെന്നോ പറയുന്നതു് കുട്ടികൾക്ക് യോജിച്ചതാണെന്നല്ലാതെ പ്രായപൂർത്തിയായവർക്ക് യോജിച്ചതാണെന്നു എനിക്കഭിപ്രായമില്ല. അവർ അങ്ങനെ പറഞ്ഞിട്ടുള്ളതു് ശരിയാണെങ്കിൽ—എന്താണ് പറഞ്ഞതെന്നു് നമുക്കറിഞ്ഞുകൂടാ—എതായാലും അതു ശരിയാണെങ്കിൽ നാം അതു് എത്രത്തോളം സ്വീകരിക്കണമെന്നുള്ളതു് ആലോചിക്കേണ്ടതാണ്. പക്ഷെ നമുക്ക് നിവൃത്തിയില്ലാത്തനിലയാണ്. രാഷ്ട്രീയമായ ഒരു ഞെരുക്കം എന്നു മാത്രമേ അതിനെക്കുറിച്ചു പറയുവാനുള്ളു. നാം കാര്യങ്ങൾ അവരോടു തുറന്നു പറയണം. ഇത്രയും തുകതന്നെ ബഡ്ജററിൽ ചേർത്തു്, ഫൈനാൻസുമന്ത്രി മററു് ആവശ്യങ്ങൾക്ക് പണം ചെലവാക്കാതെ ഈ ആവശ്യത്തിലുള്ള നഷ്ടം നികത്താനാണ്. ഈ കാര്യത്തിൽ നമുക്ക് ഈ നഷ്ടം സഹിച്ചുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ല. ഇപ്പോൾ വരുന്ന ഏഴുകോടി രൂപയോളമുള്ള നഷ്ടത്തിൽ ഒന്നരകോടി രൂപാ തരാമെന്നു പറ

ഞതിട്ടുണ്ട്. വളരെ ശക്തിയായി നിവേദനം നടത്തിയതിൻെറ ഫലമായി കുറേക്കൂടി ലഭിച്ചേക്കും എന്നു പറയുന്നുണ്ട്. അതായതു് ഒരുകോടി രൂപാകൂടെ കിട്ടിയേക്കുമെന്നു പറയുന്നു. പക്ഷെ അതു് ഫൈനാൻസു മന്ത്രിയുടെ ആശ മാത്രമാണു്. കിട്ടുമോ ഇല്ലയോ എന്നു് കണ്ടതന്നെ അറിയേണ്ടതാണു്. ആ നിലക്കു് ഇതിനെപ്പററി ഈ നിയമസഭ കാര്യമായി ആലോചിക്കണം. നമ്മുടെ വിലപിടിച്ച മൊണാപ്പളി സാമാനങ്ങൾക്കു് അതായതു് കുരുമുളകു് റബ്ബർ, കയർ സാമാനങ്ങൾ ഇവക്കു് വലിയ ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ സെൻട്രൽ ഗവമ്മെൻറിനാണു കിട്ടുന്നതു്. നമ്മുടെ നാട്ടിലാണെങ്കിൽ ഭൂമിയുടെ ഒരു വലിയ ഭാഗം ഈ മാതിരി ക്യാഷ് ക്രാപ്പിനായി ഉപയോഗിക്കുകയും അതേ സമയം ഭക്ഷണകാര്യത്തിൽ അധഃപതിക്കുകയുമാണു് ചെയ്യുന്നതു്. ഒന്നുകിൽ നമുക്കത്യാവശ്യമായ ഭക്ഷണസാധനങ്ങൾ കൃഷിചെയ്യണം. അല്ലെങ്കിൽ നമ്മുടെ ക്യാഷ് ക്രാപ്പ് വാങ്ങിച്ചുകൊണ്ട് അവർ നമുക്കു് ആവശ്യമുള്ള ആഹാരസാധനങ്ങൾ തരണം. ഇവിടെ പകുതിയിലധികവും തീററി സാധനം വെളിയിൽ നിന്നുവരണം. ഈ വസ്തുതകളൊക്കെ ഇൻഡ്യാ ഗവമ്മെൻറിനെ നാം ബോധ്യപ്പെടുത്തണം. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ചു് ഒരു ഡിബേററ നടത്തുന്നതിനു് ഒരു ദിവസം നിശ്ചയിക്കണം. അങ്ങനെ കാര്യങ്ങളെല്ലാം നല്ലവണ്ണം ഡിസ്കസ് ചെയ്തു് നമ്മുടെ പ്രൊസീഡിംഗ്സ് ഇൻഡ്യാ ഗവമ്മെൻറിനു് അയച്ചുകൊടുക്കണം. ഭാരതത്തിൻെറ ഭാവിനോക്കുമ്പോൾ അവർ ന്യായമായി പെരുമാറുമെന്നു നമുക്കു വിശ്വസിക്കാം.

ശ്രീ. എ. ജെ. ജാൺ: സംഗതിയുടെ ഗൗരവം ആലോചിച്ചാൽ ഒരു ദിവസമോ അതിൽ കൂടുതലോ ഇതിലേക്കു വക്കുന്നതു് ഗവമ്മെൻറിനു സമ്മതമാണു്. സൗകര്യമുള്ള ഒരു ദിവസം അതിലേക്കു നിശ്ചയിക്കുന്നതിൽ ആക്ഷേപമില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, ഇതുപോലെയുള്ള ഗൗരവമേറിയ വിഷയത്തെക്കുറിച്ചു് പ്രതിപാദിക്കുന്നതിനു ശ്രീ. താണുപിള്ള പറഞ്ഞതുപോലെ ഒരു ദിവസമല്ല രണ്ടു ദിവസം ചെലവാക്കിയാലും നല്ലതാണെന്നാണു് എൻെറ അഭിപ്രായം. ഒരു സപ്ലിമെൻററി ഗ്രാൻറായി ഒരു കോടിയിൽ ചില്വാനം രൂപ നഷ്ടപ്പെടാനുള്ള ഒരു ഡിമാൻറാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിനെ ഈ സഭ ഗൗരവമായി ചിന്തിക്കേണ്ടതാണു്. കഴിഞ്ഞ ബഡ്ജററ കാലത്തു് ഫുഡ് സബ്സിഡി ഇനത്തിൽ ൨൦ ലക്ഷം രൂപാ മതിയാകുമെന്നു ധനകാര്യമന്ത്രി പറയുകയുണ്ടായി. അന്നു യു. പി. യിൽനിന്നും, സി. പി. യിൽനിന്നും വരുന്ന അരിക്കു വിലക്കുടുതലാണെന്നും അതിനു വേണ്ട സബ്സിഡി ഇൻഡ്യാ ഗവമ്മെൻറിൽനിന്നും വാങ്ങണമെന്നുമുള്ള കാര്യത്തെപ്പററി വാദപ്രതിവാദം ചെയ്യുകയും അന്നത്തെ ഫുഡ് മിനിസ്റ്റർ ഇൻഡ്യാ ഗവമ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും അതിനു് അടുത്തുതന്നെ ഒരു തീരുമാനം ഉണ്ടാകുമെന്നും പറയുകയുണ്ടായി. അങ്ങനെയിരിക്കുമ്പോഴാണു് ഒരു കോടിയിൽ ചില്വാനം രൂപാ സപ്ലിമെൻററി ഗ്രാൻറായി അനുവദിക്കണമെന്നു ധനകാര്യമന്ത്രി പറയുന്നതു്. ഇതിൻെറ ഗൗരവത്തെപ്പററി ഈ സഭയും ഈ രാജ്യത്തെ ജനങ്ങളും വേണ്ടവണ്ണം മനസ്സിലാക്കുമോ എന്നു് എനിക്കു സംശയമാണു്. ഫുഡ് സബ്സിഡി ഇനത്തിൽ ഇങ്ങനെ പണം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്നാൽ രാജ്യത്തിനുവേണ്ടി പിന്നെ എന്തു ചെയ്യാൻ സാധിക്കുമെന്നു നാം ആലോചിക്കേണ്ടതാണു്. ഇവിടെ ഫൈനാൻഷ്യൽ ഇൻറഗ്രേഷൻ കാലത്തു് ഒരു എഗ്രിമെൻറ് ഉണ്ടായിരുന്നു. ശക്തനും അശക്തനുമാ

[Sahib Bahadur K. A. Muhammad]

യി ഒരു എഗ്രിമെൻറുണ്ടായാൽ ശക്തന് അതു പാലിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നതിനുള്ള കാരണം എന്താണെന്നു കണിശമായി ആലോചിക്കുന്നതിനുള്ള അവകാശം നമുക്കുണ്ട്. ൧൫ ശതമാനം ഫുഡ് സബ്സിഡി നൽകാമെന്നു് ഒരു എഗ്രിമെൻറ് എഴുതി ഒപ്പിട്ടുകഴിഞ്ഞതിനുശേഷം ഇപ്പോൾ അങ്ങനെ കൊടുക്കാൻ സാധിക്കുകയില്ലെന്നും ഒരു ലക്ഷം തരുന്നതുകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളണമെന്നും പറഞ്ഞാൽ അതു് ഈ ഗവമ്മെൻറ സ്വീകരിക്കേണ്ട ആവശ്യമില്ല.

ഇൻഡ്യാ ഗവമ്മെൻറിൻെറ ഫുഡ് പാളസി എന്താണെന്നു സ്വല്പം ഈയവസരത്തിൽ ചിന്തിക്കുന്നതു നന്നായിരിക്കും. ഇൻഡ്യക്കു് ആവശ്യമുള്ള സകല ആഹാരസാധനങ്ങളും ഇവിടെതന്നെ ഉൽപ്പാദിപ്പിക്കണമെന്നു വളരെ പ്രചരണങ്ങൾ നടത്തുന്നതിനിടക്കു് ഈ ആഹാരസാധനങ്ങൾ വിളയേണ്ട സ്ഥലങ്ങളിൽ ജൂട്ടും കോട്ടണും കൃഷി ചെയ്യുന്നതിന് വളരെ സ്കീമുകൾ ഉണ്ടാക്കിയിരിക്കുന്നതായി നമുക്കറിയാം. ഇൻഡ്യയിൽ വേണ്ടത്ര ആവശ്യമില്ലാത്ത അവസരത്തിൽ ഇവ എന്തിനു് ഉപയോഗിക്കുന്നു എന്നു നാം കാര്യമായി ആലോചിക്കേണ്ടതാണ്. വെളിയിൽ അയച്ചു ഡാളർ ക്രെഡിററും സ്റ്റെർലിംഗും സമ്പാദിക്കുന്നതിനാണ് അതുപയോഗിക്കുന്നതു്. ആ തത്വത്തിന്മേലാണ് ഇൻഡ്യയിൽ ഭക്ഷ്യക്ഷാമം കൂടുതലായിരിക്കുന്ന ഈ അവസരത്തിൽ ജൂട്ടും കോട്ടണും കൃഷിചെയ്യുന്നതിനു കൂടുതൽ സ്ഥലം ഉപയോഗിക്കുന്നതു്. ആ തത്വത്തെ നാം സൂക്ഷിച്ചു പരിശോധിക്കുന്നപക്ഷം അതുതന്നെയാണ് ഇവിടെയും നടക്കുന്നതെന്നു കാണാം. ഇവിടെ ആഹാരസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സ്ഥലം പരിമിതമാണ്. എങ്കിലും, റബ്ബർ, ടീ, ഏലം മുതലായ സാധനങ്ങൾ നാം ഉൽപ്പാദിപ്പിച്ചു് വേണ്ടത്ര ഡോളറും സ്റ്റെർലിംഗും ഇൻഡ്യക്കു സമ്പാദിച്ചുകൊടുക്കുന്നുണ്ട്. അതുകൊണ്ടു് ഈ പ്രശ്നങ്ങളുടെയെല്ലാം ഗൗരവം ഇൻഡ്യാഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തി നമ്മുടെ പ്രതിഷേധം അവരെ അറിയിക്കുന്നതിന് ഒരു പൂർണ്ണദിവസംതന്നെ വിനിയോഗിക്കണമെന്നാണ് എൻെറ അപേക്ഷ. ഈ ആണ്ടത്തെ ബഡ്ജററിൽതന്നെ ഫുഡ് സബ്സിഡിക്കു് അഞ്ചാറുകോടി രൂപാ വേണ്ടിവരുമെന്നു പറയുന്നു. അതിൽ ഒന്നരക്കോടി രൂപാ ഇൻഡ്യാഗവമ്മെൻറ് തരാമെന്നു പറഞ്ഞിട്ടുണ്ട്. കുറച്ചുകൂടി തരുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആണ്ടവസാനത്തിൽ ശക്തിയുള്ള ഒരു ഗവമ്മെൻറ കൂടുതലായി ഒന്നും തരുന്നില്ലെന്നു പറഞ്ഞാൽ നമ്മുടെ പ്രതീക്ഷക്കു വല്ല അടിസ്ഥാനവുമുണ്ടോ?. അടുത്ത വർഷവും ഒരു രണ്ടു മൂന്നു കോടി രൂപായുടെ ഗ്രാൻറുമായി ഈ മന്ത്രിമാർ അല്ലെങ്കിൽ മററു മന്ത്രിമാർ വരികയില്ലെന്നു് ആർക്കറിയാം. ഈ പ്രശ്നങ്ങൾ ഈ സഭയും ഇവിടത്തെ സാമാന്യജനങ്ങളും മനസ്സിലാക്കി വേണ്ടത്ര പ്രെഷർ സെൻട്രൽ ഗവമ്മെൻറിൽ ചെലുത്തുന്നതിനു വേണ്ട പര്യാലോചനക്കായി ഒരു പൂർണ്ണദിവസംതന്നെ നീക്കിവെക്കേണ്ടതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഭക്ഷ്യകാര്യത്തിൽ വളരെ ഗൗരവമേറിയ ഒരു നിലയാണ് നമുക്കുള്ളതു്. ഇൻഡ്യാഗവമ്മെണ്ടു് തികച്ചും ഉത്തരവാദരഹിതമായ ഒരു നിലയിലാണ് നമ്മോടു് പെരുമാറുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതു്. ഇൻഡ്യാഗവമ്മെണ്ടിന് എത്രയോകോടി ഡോളർ ഉണ്ടാക്കിക്കൊടുക്കുന്ന ഒരു രാജ്യമാണ് തിരുവിതാംകൂർ–കൊച്ചി. നമ്മുടെ റബ്ബർ, തേയില, ഏലക്കാ മുതലായി ലോകവിപണികളിൽ കുത്തകയുള്ള ഉല്പാദനങ്ങൾ മുഖേന ഇൻഡ്യാഗവമ്മെണ്ടു് എത്രയോ കോടി ഡോളർ സമ്പാദിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഇൻഡ്യാഗവണ്മെൻറ് ഈ ഗവണ്മെണ്ടിനോട് എടുത്തിട്ടുള്ള നടപടികൾ തീരെ നീതീകരിക്കത്തക്കതല്ലെന്നു് ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. നമ്മുടെ ഉല്പാദനങ്ങൾ പുറത്തേക്കു് അയയ്ക്കുന്നതുകൊണ്ടുള്ള ആനുകൂല്യം സെൻട്രൽ ഗവണ്മെണ്ടിനു് കിട്ടിയിട്ടും ഫുഡ്സബ്സിഡി കാര്യത്തിൽ വേണ്ട വിധം പ്രവർത്തിക്കുന്നില്ലെന്നുള്ളതും പ്രസ്താവിച്ചുകഴിഞ്ഞു. ആ സംഗതികളെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു് ഒരുദിവസം ഉപയോഗപ്പെടുത്തണമെന്നു് ഇവിടെ അഭിപ്രായം പുറപ്പെടുവിച്ചിരിക്കുകയാണു്. അതിനാൽ ഇനി ഡിമാൻറ് അനുവദിക്കത്തക്കതാണോ അല്ലയോ എന്നുള്ളതല്ലാതെ പറഞ്ഞുകഴിഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിക്കണമെന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇൻഡ്യാഗവണ്മെണ്ടു് നമ്മുടെ ആഭ്യന്തര കാര്യങ്ങളിൽ ദൈനംദിനം ഇടപെടുന്നുണ്ടു്. വി. പി. മേനോനും........

മിസ്റ്റർ സ്പീക്കർ: നമ്മോടുള്ള പെരുമാററം വ്യത്യാസപ്പെടുത്തണമെന്നും ഇപ്പോഴത്തെ നില ശരിയല്ലെന്നും പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതാണു്. ആ സംഗതികളിലേക്കു് ഇനി പ്രവേശിക്കുന്നില്ല. ഈ ഡിമാൻറിനെപ്പററി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരു ദിവസം ഈവക കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി നീക്കിവക്കണമെന്നുള്ള ശ്രീ. താണുപിള്ളയുടെ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു.

സാഹിബ്ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഇതിനെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു് ഒരു ദിവസം മാററിവക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ എതിർക്കുന്നു. ഈ സംഗതി ഒരു കൈപ്പിശകുമൂലമോ മറേറാ സംഭവിച്ചുപോയതല്ല. വളരെ ആലോചനയോടുകൂടി ഇന്നു ഇൻഡ്യാരാജ്യം ഭരിക്കുന്ന ആളുകൾ കൊണ്ടുവന്നതായ ഒരു സമ്പ്രദായമാണു്. ഒരു ദിവസമല്ല ഒരു നൂറുദിവസം വാദപ്രതിവാദം ചെയ്താൽപോലും ഇതിനൊരു പരിഹാരമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ പരിഹാരമുണ്ടാകുമെന്നു വിശ്വസിക്കാത്ത ഒരു കാര്യത്തെപ്പററി ജനങ്ങൾക്കു് ആശ കൊടുക്കത്തക്ക തരത്തിൽ എന്തിനു് ഒരു വാദപ്രതിവാദം നടത്തണം. അങ്ങനെ ഒരു വാദപ്രതിവാദം നടത്തുന്നതുകൊണ്ടു് ഒരു പ്രയോജനമുണ്ടാവുകയില്ലെന്നുള്ളതു് വളരെ പരമാർത്ഥമായ ഒരു കാര്യമാണു്. ഇന്നു നമ്മുടെ രാജ്യത്തുതന്നേയും വലിയ ജന്മിമാരുടെ നെല്ലു് അളന്നുകൊണ്ടു് ഗവണ്മെൻറുകൊടുക്കുന്ന വില മതിയാകുന്നില്ലെന്നു അവർ പരാതിപ്പെടുന്നതായി നമുക്കറിയാം. ചില ജന്മിമാർ ബ്ലാക്കുമാർക്കററിൽ നെല്ലുവില്ക്കാതെ മുതലാകുകയില്ലെന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു്. അതുപോലെയുള്ള ജന്മിമാരുടെ സഹായത്തിലും, കൂട്ടുകെട്ടിലും നടക്കുന്ന ഗവണ്മെണ്ടുകൾ നെല്ലിൻേറയും അരിയുടേയും വില വർദ്ധിപ്പിക്കുന്നതിനു് ചെയ്യുന്ന ഏടാകൂടങ്ങളാണിതെല്ലാം. രാജ്യം നശിച്ചാലും തരക്കേടില്ല അവരുടെ അരിക്കും നെല്ലിനും വിലകൂട്ടണമെന്നുള്ളതാണു് ഉദ്ദേശം. അങ്ങനെയിരിക്കെ ഒരു ദിവസം നഷ്ടപ്പെടുത്തിയതുകൊണ്ടു് യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. അതിലേക്കു് ഒരു പ്രത്യേക ദിവസംവെച്ചു് അതിനുകൂടി എം. എൽ. എ. മാർക്കു് അലവൻസ് കൊടുക്കുന്നതു് രാജ്യത്തിനു് ഗുണകരമല്ലെന്നാണു് ഞാൻ കരുതുന്നതു്. അതിനാൽ പ്രത്യേകം വാദപ്രതിവാദം നടത്തണമെന്നുള്ള അഭിപ്രായത്തോടു് യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. സി. വി ഇയ്യു: എന്റെ സ്നേഹിതൻ മി. മൈതീൻകുഞ്ഞിന്റെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഉത്തരപ്രദേശവും മദ്ധ്യഭാരതവുമാണ് ഇൻഡ്യ ഭരിക്കുന്നത്. അവിടത്തെ കൃഷകരേയും

മിസ്റ്റർ സ്പീക്കർ: ഈ സംഗതിയുടെ ഗൗരവത്തെ അടിസ്ഥാനമാക്കി ഒരു ദിവസം ഇതേപ്പററി വാദം നടത്തേണ്ടതാണെന്നു ശ്രീ. താണുപിള്ളയും മററു ചില ബഹു. മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അതു് ഈ സഭയുടെ ശ്രദ്ധയിൽ ഇപ്പോൾ വന്നിരിക്കുന്ന വിഷയമല്ല. ഈ ഡിമാണ്ടിനെപ്പററി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

ശ്രീ. സി. വി. ഇയ്യു: ഡിമാൻഡ് അനുവദിക്കണം. പക്ഷെ വാദപ്രതിവാദം ചെയ്യുന്നതിന് പ്രത്യേകം ഒരു ദിവസം നീക്കിവക്കേണ്ടതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ഈ ഗവമ്മെണ്ട് വിചാരിച്ചാൽ യാതൊന്നും നടക്കുകയില്ല. ഭരണീയരാണ് നമ്മൾ. അവർ ഭരിക്കുന്നവരുമാണ്. ഗവമ്മെണ്ടുകൾ തമ്മിൽ വാക്കുപറയാറുണ്ട്. അതു് പാലിക്കുകയില്ലെന്നുള്ളതാണ് ഫലം. കൊച്ചിരാജ്യം തിരുവിതാംകൂറുമായി ചേർന്നപ്പോൾ അവിടെയുള്ള നാലു മന്ത്രിമാരേയും മന്ത്രിയായി തുടരാമെന്നു ഒരു വാക്കാൽകരാർ ഉണ്ടായിരുന്നു. ഇപ്പോൾ ഒരു മന്ത്രിപോലുമില്ല. ഇതുപോലെ പലപ്പോഴും വാക്കുകരാർ ഉണ്ടായിരിക്കും. എന്നാൽ അതു് പാലിച്ചില്ലെങ്കിൽ ആരോടും പരിഭവിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നതു്. ഇതെല്ലാം നേരത്തെ നോക്കേണ്ടതായിരുന്നു. അതോടുകൂടിതന്നെ എനിക്ക് പറയാനുള്ളതു്, ഈ പ്രൊക്യൂവർമെൻറും, സപ്ലൈസും, വസ്ത്രത്തിന്റെ കാര്യവും ഇൻഡ്യാഗവമ്മെണ്ട് നേരിട്ട് നടത്തമെന്നാണ്. അവർ നമ്മുടെ ആദായനികുതി എടുത്തു, കപ്പൽചുങ്കം എടുത്തു, റെയിൽവെ എടുത്തു. ഇങ്ങനെ ആദായമുള്ള കാര്യങ്ങളെല്ലാം കവർന്നുകൊണ്ടുപോയി ഗവമ്മെണ്ടിനെ plunder ചെയ്തിരിക്കുകയാണ്. അതുപോലെ ഭക്ഷ്യധാന്യങ്ങളും ഉടുക്കാൻ വസ്ത്രവും സംബന്ധിച്ചുള്ള കാര്യങ്ങളും അവർ നേരിട്ടു എടുത്തു ഭരണം നടത്തട്ടെ. ഇന്നാണെങ്കിൽ ഇവിടെനിന്നും അവർക്ക് നികുതി പരിച്ചുകൊടുക്കുന്നു. കൊടുക്കാത്തവരുടെ പേരിൽ റവന്യൂക്കാരെക്കൊണ്ടും പോലീസിനെക്കൊണ്ടും നടപടി നടത്തി പിരിച്ചുകൊടുക്കുന്നു. മേലാൽ അങ്ങനെ ഗവമ്മെണ്ട് റവന്യൂക്കാരെക്കൊണ്ടും പോലീസുകാരെക്കൊണ്ടും നടപടി നടത്തിക്കരുതു്. അവർതന്നെ നടത്തി പിരിച്ചെടുത്തുകൊള്ളട്ടെ. ഈ കാര്യങ്ങൾ ഗവമ്മെണ്ട് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഗവമ്മെണ്ടിന്റെ കൈകൾ ശക്തിപ്പെടുത്തുന്നതിന് ഞങ്ങൾ ഉണ്ട്.

മിസ്റ്റർ സ്പീക്കർ: അതുകൊണ്ടു് ഈ ഡിമാൻറ് അനുവദിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

ശ്രീ. സി. വി. ഇയ്യു: അതേ, അനുവദിക്കണമെന്നാണ്.

The question that Government be granted a sum of Rs, 1,05,00,000 under 23 A-Food subsidy was put and carried and the grant was made.

Minister for Education, Food, and Labour **(Sri. T. K. Narayana Pillai):** Sir, I move for a supplementary grant of Rs. 35,000 under 25-Fisheries.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ൩൫,൦൦൦ രൂപായിൽ ൩൩,൪൦൦ രൂപാ ഇപ്പോൾ പണിതീർത്തുവരുന്നതായ ഫിഷ്ക്യൂവറിംഗ് യാർഡിലേയ്ക്കാവശ്യമായ ചെലവിലേക്കായിട്ടാണ്. ആയിരം തെങ്ങിലുള്ള ഫിഷ്ഫാമിന്റെ വാടക കുടിശ്ശികയിൽ കൊടുത്തുതീർക്കേണ്ടതായ ൧൦൦ രൂപാ കൊടുക്കേണ്ടതായിട്ടുണ്ട്. ആയിരം തെങ്ങിലുള്ള ഫാമിന്റെ മററു ചെലവുകൾക്കായി ആയിരം

രൂപയും ചേർത്താണ് ൩൫,൦൦൦ രൂപ ഫിഷ് ക്യുവറിംഗ് യാർഡിന്റെ പണിക്കായി ൧,൦൪,൨൦൦ രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതു്. അതിൽ ൭൭,൨൧൩ രൂപാ ൧൯൫൦ ജൂൺ ൭-ാം൹-വരെ ചെലവാക്കീട്ടുണ്ടു്. ഇനിയും ൩൩,൪൦൦ രൂപായുടെ ബിൽ മാർച്ച് ൩൧-ാം൹-ക്കു മുമ്പ് കൊടുത്തുതീർക്കേണ്ടതായിട്ടുണ്ടു്. കേപ്പ്കാമറിനിൽ ഉള്ള ഫിഷ്ക്യുവറിങ്ങ്യാർഡിനുവേണ്ടിയാണ് ഈ ൩൩,൪൦൦ രൂപാ ചെലവാക്കേണ്ടിയിരിക്കുന്നതു്.

ബാക്കി സംഖ്യ ആയിരം തെങ്ങിലുള്ള ഫിഷ്ഫാമിന്റെ ചെലവിലേക്കായിട്ടാണ്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന ൧,൯൩,൪൦൦ രൂപാകൊണ്ടു് മുഴുവൻ തുക കൊടുത്തുതീർക്കാൻ സാധിക്കാതിരുന്നിട്ടുള്ളതുകൊണ്ടാണ് ഇപ്രകാരം കൂടുതലായി അഭ്യർത്ഥിക്കുവാൻ ഇടയായിട്ടുള്ളതു്. അതുകൊണ്ടു് സഭ ഈ ഡിമാൻഡ് പാസാക്കിത്തരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ആയിരം തെങ്ങിൽ ഫിഷ്ഫാമിനു് ൩൦൦ രൂപാ വാടക കൊടുക്കണമെന്നു പറഞ്ഞതെന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെയുള്ള സ്ഥലത്തിനു് കുറച്ചു വാടക കുടിശ്ശിഖ വന്നുപോയി. അതു് പെട്ടെന്നു കൊടുത്തുതീർക്കേണ്ടതായിവന്നു.

The question that Government be granted a sum of Rs. 35,000 under 25 Fisheries was put and carried and the grant was made

Minister for Education Food and Labour **Sri. T. K. Narayana Pillai:** Sir, I move for a supplementary grant of Rs. 1,30,000 under "29—Industries."

Minister for Finance and Revenue **Sri. A. J. John:** I second the motion.

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് മോണോസൈറ്റ് ഫാക്ടറി ആലുവായിൽ സ്ഥാപിക്കുന്നതിനാവശ്യമുള്ള സ്ഥലം ഗവമ്മെണ്ടിൽനിന്നും എടുത്തുകൊടുക്കാമെന്നു് ഇൻഡ്യാഗവമ്മെണ്ടുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ചു സ്ഥലം വാങ്ങിച്ചുകൊടുക്കുന്നതിലേക്കായിട്ടാണ്. ബോംബെയിൽ മോണോസൈറ്റ് ഫാക്ടറി സ്ഥാപിക്കാമെന്നായിരുന്നു അവരുടെ ഉദ്ദേശം. ബോംബേ ഗവമ്മെണ്ടു് അതിലേക്കു സൗജന്യമായി സ്ഥലം കൊടുക്കാമെന്നും മറ്റെല്ലാവിധ സൗജന്യങ്ങളും ചെയ്യാമെന്നും വാഗ്ദത്തം ചെയ്തിരുന്നു, എന്നാൽ ഇവിടെ ആലുവായിൽ സ്ഥാപിക്കുന്നതു് എല്ലാവിധത്തിലും നമുക്കു കൂടുതൽ സഹായകരമായിരിക്കുമെന്നു വിചാരിച്ചു അവക്കു സ്ഥലം സൗജന്യമായി കൊടുത്തുകൊള്ളാമെന്നും ഫാക്ടറിക്കാവശ്യമായ കാസ്റ്റിക്കുസോഡാ ഇവിടെതന്നെ ഉണ്ടാക്കി അവരുടെ ആവശ്യത്തിനു കൊടുക്കാമെന്നും വ്യവസ്ഥ ചെയ്തതനുസരിച്ചു അവർ ഇരുകക്ഷികളും തമ്മിൽ യോജിച്ചുള്ള ഒരു കരാറിന്മേൽ ബോംബേയിൽനിന്നു മോണോസൈറ്റ് ഫാക്ടറി ആലുവായിൽ മാററി സ്ഥാപിക്കുവാൻ ഇൻഡ്യാഗവമ്മെണ്ടു സമ്മതിക്കുവാൻ ഇടയായിട്ടുള്ളതു്. അതിൽ എഫ്. എ. സി. റ്റി.യുടെ ആവശ്യത്തിലേക്കു നാം പൊന്നുംവിലക്കു വാങ്ങിയിരുന്ന കുറെ സ്ഥലം ഈ ഫാക്ടറിയുടെ ആവശ്യത്തിനായി വിട്ടു കൊടുത്തിട്ടുണ്ടു്. ആകെ ഈ മോണോസൈറ്റ ഫാക്ടറിക്കു് ൨൫ ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളതു്. അതിൽ പതിനാറ ഏക്കർ സ്ഥലം എഫ്. എ. സി. റ്റിയുടെ ആവശ്യത്തിലേയ്ക്കു് ഗവമ്മെണ്ടു പൊന്നുംവിലയ്ക്കു ഇതിനുമുമ്പേ എടുത്തിരുന്നു. ആ സ്ഥലം ഇപ്പോൾ മോണോസൈറ്റ് ഫാക്ടറി അധികൃതന്മാരെ ഏൽപ്പിച്ചു കഴിഞ്ഞു. അവർ ആ ഫാക്ടറിയുടെ പണി ആരംഭിച്ചിരിക്കയാണ്. ബാക്കി ൯ ഏക്കർ സ്ഥലം അവക്കു ഉടനെതന്നെ പൊന്നുംവിലയ്ക്കു എടുത്തുകൊടുക്കേണ്ടിയിരിക്കുന്നു. അവിടെ ഫാക്ടറിയുടെ പണി ആരംഭിച്ചുകഴിഞ്ഞു. പൊന്നുംവിലയ്ക്കു സ്ഥലം എടുക്കു

[Sri. T. K. Narayana Pillai]

ന്നതിനുവേണ്ടിയാണ് ഈ വക പണം. അതിലേയ്ക്കു ഇപ്പോഴത്തെ കണക്കനുസരിച്ചുള്ള ൧,൩൦,൦൦൦ രൂപയാണ്. ഇതു് ഈ കൊല്ലംതന്നെ കൊടുത്തുതീർക്കേണ്ടതായി വരുമെന്നു വിചാരിക്കുവാൻ കാരണമില്ലാതിരുന്നതുകൊണ്ടാണ് ബഡ്ജററിൽ കൊള്ളിക്കാതിരിക്കുവാൻ ഇടയായിട്ടുള്ളതു്. മാർച്ച് ൩൧-ാംതീയതിക്കുമുമ്പ് ഈ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് മോണോസൈററ് ഫാക്ടറി അധികൃതന്മാരെ ഏല്പിക്കേണ്ടതത്യാവശ്യമായിത്തീർന്നിട്ടുണ്ട്. അതുകൊണ്ടു ബഹുമാനപ്പെട്ട ഈ സഭ ഈ ഒരു ലക്ഷത്തിമുപ്പതിനായിരം രൂപാ അനുവദിച്ചുതരണമെന്നാണെനിക്കപേക്ഷിക്കുവാനുള്ളതു്.

ശ്രീ. എ. താണുപിള്ള: ഈ കമ്പനിയിൽ നമ്മുടെ ഗവൺമെൻറ് എടുത്തിട്ടുള്ള ഷെയർ എത്രയാണ്. ഇൻഡ്യാ ഗവൺമെൻറ് എടുത്തിട്ടുള്ള ഷെയർ എത്രയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: നമ്മുടെ ഗവൺമെൻറ് എടുത്തിട്ടുള്ളതു് ൪൫ ശതമാനവും ഇൻഡ്യാഗവൺമെൻറ് ൫൫ ശതമാനവുമാണ്.

ശ്രീ. പോൾ തളിയത്തു്: ആകെ ൨൫ ഏക്കർസ്ഥലമാണ് അവർക്കു കൊടുക്കേണ്ടതു്. അതിൽ ൧൬ ഏക്കർ സ്ഥലം വിട്ടുകൊടുത്തു എന്നു പറഞ്ഞു. അതിനും പുറമേയാണോ ഇനിയും ൨൫ ഏക്കർ സ്ഥലം എടുത്തുകൊടുക്കണമെന്നു പറയുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയല്ല, ആകെ ൨൫ ഏക്കർ സ്ഥലമാണ് അവർക്കു കൊടുക്കേണ്ടതു്. അതിൽ ൧൬ ഏക്കർ വിട്ടുകൊടുത്തു. ബാക്കി ൯ ഏക്കർ കൂടി വാങ്ങിച്ചു അവരെ ഏൽപ്പിക്കണം.

ശ്രീ. പോൾ തളിയത്തു്: ഈ ഒൻപതു ഏക്കർ സ്ഥലത്തിനാണോ ഈ സംഖ്യ ആവശ്യപ്പെട്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ പതിനാറേക്കർ സ്ഥലം എത്ര രൂപയായിട്ടാണ് വിലക്കെടുത്തതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ കണക്കു ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ സ്ഥലം വെറും ഭൂമിയാണോ അതോ അതിൽ കെട്ടിടങ്ങളും വൃക്ഷങ്ങളും മററും ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പൊന്നും വിലയ്ക്കെടുത്തിരിക്കുന്ന സ്ഥലത്തു് കെട്ടിടങ്ങളും വൃക്ഷങ്ങളും ഉണ്ടെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ഫാക്ടറിയുടെ മൂലധനം എത്രയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ ആകെ മൂലധനം ഒരു കോടി രൂപയാണ്.

ശ്രീ. എ. താണുപിള്ള: ഈ ൪൫ ലക്ഷം രൂപാ ഈ സ്ഥലത്തിൻെറ വിലയ്ക്കു പുറമേയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ. ആദ്യമുള്ള എഗ്രിമെൻറിലെ വ്യവസ്ഥയനുസരിച്ചു ഈ സ്ഥലം പൊന്നുംവിലക്കെടുത്തു കൊടുത്തുകൊള്ളാമെന്നു ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ട്. അവർക്കു കൊടുക്കുന്നതു് പാട്ടത്തിനാണ്.

ശ്രീ. എ. താണുപിള്ള: അവർക്കു കൊടുക്കുന്ന സ്ഥലത്തിൻെറ വില എന്താണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. എഫ്. എ. സി. റ്റി. യുടെ കൈവശത്തുനിന്നും എടുത്തു കൊടുത്ത സ്ഥലത്തിന്റെ വില അവർക്കും കൊടുക്കണം.

ശ്രീ. പോൾ തളിയത്തു്: എഫ്. എ. സി. റ്റി. ക്കു് പാട്ടത്തിനു കൊടുത്തിട്ടുള്ള വസ്തു അവരിൽനിന്നും ഗവമ്മെണ്ടു് എടുത്തു മോണോസൈററു് ഫാക്ടറിക്കു കൊടുക്കുന്ന സ്ഥിതിക്കു് അവർക്കു വില കൊടുക്കുന്നതെന്തിനാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു കൊടുത്തിരിക്കുന്നതു പാട്ടത്തിനാണെന്നതു തെററാണു്. ൧൬ ഏക്കർ സ്ഥലം പൊന്നുംവിലക്കു് എടുത്താണു് കൊടുത്തിരിക്കുന്നതു്.

ശ്രീ. പോൾ തളിയത്തു്: നാലുകൊല്ലംമുമ്പു് എഫ്. എ. സി. റ്റി.ക്കു കൊടുത്തിരുന്ന സ്ഥലത്തിനു് ഇതുവരെവില കൊടുത്തിട്ടില്ലെന്നാണോ പറയുന്നതു്?

Mr. Speaker: The hon'ble Members want to know whether the sum of 1,30,000 rupees represents the cost of fresh acquisitions or whether it includes the cost of sixteen acres previously acquired.

ശ്രീ. ടി. കെ. നാരായണപിള്ള: ൯ ഏക്കറിനാണു് ഇപ്പോൾ വില ഉൾപ്പെടുത്തിയിട്ടുള്ളതു്. അതു ഞാൻ ഒന്നുകൂടി നോക്കിയിട്ടു പറയാം.

Mr. Speaker: That Demand will be taken up later after further information is made available to the House. In the meanwhile we will proceed to the next Demand.

Minister for Finance and Revenue **(Sri. A. J. John):** Sir, I move for a token grant of Rupees 100 under "Demand 38—Pension and Gratuity G.—Contribution to the Contingent Employees Provident Fund".

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second the motion.

ശ്രീ. എ. ജെ. ജോൺ: ൧൯൫൪ ജൂലൈ ൨൫-ാംതീയതി മുതൽ സ്ഥിരം ജോലിക്കാരല്ലാത്തതായ കണ്ടിൻജൻസി ജോലിക്കാക്കു് ഒരു പ്രോവിഡൻറു് ഫണ്ടു് ഏർപ്പെടുത്തുവാൻ ഈ ഗവമ്മെണ്ടു് തീരുമാനിച്ചു. അതു് ൧൧൨൮ കുംഭം ഒന്നാംതീയതി നടപ്പിൽവരുത്താമെന്നാണു തീരുമാനിച്ചതു്. അങ്ങിനെ ഒരു പ്രോവിഡൻറു് ഫണ്ടുണ്ടാക്കുവാൻ തീരുമാനിച്ചതിന്റെ ഉദ്ദേശം പെൻഷനും മററു യാതൊന്നും ഇല്ലാതെ ജോലിയിൽനിന്നും പിരിഞ്ഞുപോകുന്നവർക്കു് ഒരു സഹായമായിത്തീരട്ടെ എന്നൊരു ഉദ്ദേശത്തോടുകൂടിയാണു്.

അതിൽ ഈ കണ്ടിൻജൻസി എംപ്ലോയിസ് ഇതിലേയ്ക്കു് ഒരു രൂപായ്ക്കു് ഒരു ചക്രമെന്ന കണക്കിൽ അവർ കൊടുക്കണമെന്നുണ്ടു്. ആണ്ടു് അവസാനത്തിൽ അക്കൗണ്ടു് ക്ലോസു് ചെയ്യുന്ന അവസരത്തിൽ ഈ എംപ്ലോയിസു് എത്ര തുക കൊടുത്തിട്ടുണ്ടോ അത്രയും തുക ഗവമ്മെണ്ടുംകൂടി കൊടുക്കണമെന്നാണു് അതിന്റെ വ്യവസ്ഥ. അതനുസരിച്ചു ൧൧൨൮-ൽ ൨,൨൭൨ രൂപാ ൧ ചക്രം ൪ കാശു് ഗവമ്മെണ്ടു് കൊടുക്കേണ്ടതായി ഉണ്ടായിരുന്നു. ആ തുക ൧൧൨൮-ലെ ബഡ്ജററിൽ ചേർത്തിട്ടില്ല. ൧൧൨൯-ലെ ഏഴരമാസത്തേക്കു് ൩,൦൦൦ രൂപാ ഈ ആവശ്യത്തിലേക്കു് കൊടുക്കേണ്ടതായി ഉണ്ടായിരുന്നു. അതും ബഡ്ജററിൽ ചേർത്തിരുന്നില്ല. ൧൯൫൦—൫൧ ഈ വർഷത്തേയ്ക്കു് ൫,൦൦൦ രൂപയാണു്. ഇതും ബഡ്ജററിൽ ചേർത്തിരുന്നില്ല. അങ്ങിനെ മൂന്നു തുകകളും ചേർത്താണു് ഈ ൧൦,൨൭൨ രൂപാ ഈ ഇനത്തിൽ ഗവമ്മെണ്ടു് ഭാഗത്തുനിന്നും കൊടുക്കേണ്ടതായിട്ടുള്ളതു്.

[Sri. A. J. John]

ഈ തുക മുഴുവൻ ഒരു സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെടാത്തതു കഴിഞ്ഞവർഷത്തെ ബഡ്ജററിൽ 'പെൻഷൻ ആൻറ് ഗ്രാററിവിററി—കമ്യൂട്ടഡ് പെൻഷൻ' എന്ന ഇനത്തിൽ ൨൫,൦൦൦ രൂപ ചേർത്തിട്ടുള്ളതുകൊണ്ടാണ്. ആ തുക ചിലവായിട്ടില്ല. അതിൽനിന്നും ൧൬,൦൦൦ രൂപ ഈ ആവശ്യത്തിലേക്കായി എടുത്തു ചിലവാക്കാമെന്ന് ഉദ്ദേശിക്കുന്നതുകൊണ്ടാണ് ൧൦൦ രൂപയുടെ ഒരു ടോക്കൺ ഡിമാൻറായി ഇതു് അവതരിപ്പിക്കുന്നതു്.

<u>ശ്രീ. എ. കെ. പാച്ചുപിള്ള</u>: കണ്ടിൻജൻറ് ഉദ്യോഗസ്ഥന്മാർ എന്നു പറഞ്ഞാൽ ആരെല്ലാം ഉൾപ്പെടും ?

<u>ശ്രീ. എ. ജെ. ജോൺ</u>: സ്ഥിരം ജോലിക്കാരല്ലാത്ത കണ്ടിൻജൻറ് ഉദ്യോഗസ്ഥന്മാരെല്ലാം അതിൽ ഉൾപ്പെടും.

<u>ശ്രീ. എ. താണുപിള്ള</u>: ൨൫,൦൦൦ രൂപ ബഡ്ജററിൽ കൊള്ളിച്ചിരുന്നു എന്നു പറഞ്ഞതു ഏതുവകക്കാണ് ?

<u>ശ്രീ. എ. ജെ. ജോൺ</u>: അതു ഞാൻ നേരത്തെപറഞ്ഞു. 'പെൻഷൻ ആൻറ് ഗ്രാററിവിററി—കമ്യൂട്ടഡ് പെൻഷൻ' എന്ന ഇനത്തിലേക്കായിട്ടാണ് ൨൫,൦൦൦ രൂപ കൊള്ളിച്ചിരുന്നതു്. എന്നാൽ ഇതിൽനിന്നും യാതൊരു തുകയും അങ്ങിനെ കമ്യൂട്ടുചെയ്തുകൊടുക്കേണ്ടിവന്നിട്ടില്ല. അതുകൊണ്ടു് അതിൽനിന്നും ൧൬,൦൦൦ രൂപ എടുത്തു ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.

<u>ശ്രീ. എ. കെ. പാച്ചുപിള്ള</u>: ൧൯൫൦–൫൧-ലേക്കു് ഈ ഇനത്തിൽ എത്ര സംഖ്യ കൊടുക്കേണ്ടതുണ്ടെന്നു പറയാമോ ?

<u>ശ്രീ. എ. ജെ. ജോൺ</u>: ഇതു ഉടനെ കൊടുക്കാനുള്ള തുകയല്ല. ഈ കണ്ടിൻജൻറ് ജീവനക്കാർ നിക്ഷേപിക്കുന്ന തുകക്കു തുല്യമായ ഒരു സംഖ്യ ഗവമ്മെണ്ടിൽനിന്നും കൊടുക്കേണ്ടതുണ്ടു്. അതു ഇപ്പോൾതന്നെ ആർക്കും കൊടുക്കാനുള്ളതല്ല.. അതിലേക്കായിട്ടു മാററിവയ്ക്കുകമാത്രമാണ് ചെയ്യുന്നതു്.

<u>ശ്രീ. സി. വി. ഇയ്യു</u>: കണ്ടിൻജൻറ് ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്നു ശ്രീ. എ. കെ. പാച്ചുപിള്ള ചോദിച്ചതിനു് ശരിയായ മറുപടി കിട്ടിയില്ല. എനിക്കും ആ വിവരം അറിഞ്ഞുകൂടാ. അതിൽ ആരെല്ലാം ഉൾപ്പെടുമെന്ന് ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം.

<u>ശ്രീ. എ. ജെ. ജോൺ</u>: സ്ഥിരംജോലിക്കാരല്ലാത്ത കണ്ടിൻജൻറ് ഉദ്യോഗസ്ഥന്മാർ പല ഡിപ്പാർട്ടുമെണ്ടിലും ഉണ്ടു്. അവരെല്ലാം അതിൽ ഉൾപ്പെടും.

<u>ശ്രീ. സി. വി. ഇയ്യു</u>: മുനിസിപ്പാലിററികളിലെ തൂപ്പുകാരും മററും ഇതിൽ ഉൾപ്പെടുമോ ?

<u>ശ്രീ. എ. ജെ. ജോൺ</u>: അവരും കണ്ടിൻജൻസി ജീവനക്കാർതന്നെ. പക്ഷെ അവർക്കു വേണ്ടിയതുക കൊടുക്കുന്നതു മുനിസിപ്പാലിററികളിൽനിന്നുമാണ്. ഗവമ്മെണ്ടിൽനിന്നും കൊടുക്കുന്നില്ല.

<u>ശ്രീ. എ. കെ. പാച്ചുപിള്ള</u>: പി. ഡബ്ലിയു. ഡി. മേസ്തിരിമാർ ഇതിൽ ഉൾപ്പെടുമോ ?

<u>ശ്രീ. എ. ജെ. ജോൺ</u>: ഉൾപ്പെടുമെന്നാണ് തോന്നുന്നതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: ൧൧൨൬-ലും ൧൧൨൭-ലും ഇതിലേക്കു വേണ്ടുന്നതുക ബഡ്ജററിൽ ചേർക്കാതിരിക്കാൻ കാരണമെന്താണ് ?

<u>ശ്രീ. എ. ജെ. ജോൺ</u>: കാരണമെന്താണെന്നു അറിവില്ല. ചേർത്തിട്ടില്ല എന്നുള്ളതു പരമാർത്ഥമാണ്. അതുകൊണ്ടു് ൧൧൨൫-ലും ആ ഇനത്തിൽ യാതൊരു തുകയും നീക്കിവയ്ക്കുകയുണ്ടായില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ആവശ്യപ്പെടുന്നതാണെന്നു നേരത്തെ അറിയാമായിരുന്ന ഈ തുക ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽ അതിൽ ഉൾപ്പെടുത്താതിരിക്കാൻ വല്ല കാരണവുമുണ്ടായെന്നു് ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ പ്രത്യേകം കാരണം വല്ലതുമുണ്ടോ എന്നന്വേഷിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങിനെ ചേക്കാതിരിക്കാൻ ഉത്തരവാദികളായിട്ടുള്ളവർ ആരാണെന്നു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: അതും അന്വേഷിച്ചിട്ടില്ല. ബഡ്ജററിൽ ചേത്തിട്ടില്ലെന്നു അറിയാം.

The question that a token grant of Rs. 100 be made under "38. Pension and Gratuity. G. Contribution to the Contingent Employees Provident Fund" was put and carried and the grant was made.

Minister for Finance and Revenue **(Sri. A. J. John):** Sir, I move for a supplementary grant for Rs. 7,21,000 under "38 (a). Superannuation and retired allowances".

കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ പെൻഷൻ ഇനത്തിൽ ൩,൫൧,൦൦൦ രൂപ ചേത്തിരുന്നു. എന്നാൽ പെൻഷൻ വയസ്സ് ൬൦-ൽനിന്നും ൫൫ ആയി കുറച്ചതുകൊണ്ടു് വളരെയധികം ആളുകൾ പെൻഷൻപററി പിരിയുകയും ബഡ്ജററ് തയ്യാറാക്കിയകാലത്തു ഉദ്ദേശിച്ചിരുന്നതിൽ വളരെ കൂടുതലായ ഒരു തുക പെൻഷനായി കൊടുക്കേണ്ടിവരികയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് കുടിശ്ശികയെല്ലാംചേത്തു പെൻഷൻ മുഴവൻ കൊടുത്തുതീക്കുന്നതിനു ൧,൫൯,൦൦൦ രൂപകൂടി വേണ്ടിവരും. അതിലേക്കായിട്ടാണു് ഈ ഡിമാൻറു് അവതരിപ്പിച്ചിരിക്കുന്നതു്. അതു് അനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ ഈ ഡിമാൻറിനെ എതിക്കുന്നു. ബഡ്ജററിൽ ചേക്കേണ്ടതായ യാതൊരു കായ്യവും ചേക്കാതെ വെറും അലസമായ ഒരുമട്ടിലാണു് ഇവിടെ ബഡ്ജററ് തയ്യാറാക്കുന്നതു്. ബഡ്ജററ് തയ്യാറാക്കുന്ന അവസരത്തിൽ ഓക്കേണ്ട കായ്യങ്ങളൊന്നും ഓക്കുകയില്ല. എന്നിട്ടു് ഓമ്മിക്കുന്ന ദിവസം ഒരു സപ്ലിമെൻററി ഡിമാൻറുമായിട്ടു വന്നേക്കുക. ഇതാണു് ഇപ്പോൾ ഇവിടത്തെ പതിവു്. നേരത്തെ ഒരു ഡിമാൻറു് കൊണ്ടുവന്നു. ആ ഇനത്തിൽ ൧൯൫൬-ലും ൧൯൫൭-ലും ൧൯൫൮-ലും തുകകൾ ആവശ്യപ്പെടുമെന്നു നേരത്തെ അറിയാമായിരുന്നിട്ടും യാതൊരു തുകയും ചേത്തില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതും കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് തയ്യാറാക്കിയ അവസരത്തിൽതന്നെ അറിയാമായിരുന്ന ഒരു ചിലവിനമാണു്. ഇങ്ങനെയുള്ള വിട്ടുപോകലുകൾവരുന്നതു ഫിനാൻസ് ഡിപ്പാട്ടുമെണ്ടിൻെറ അക്ഷന്തവ്യമായ ശ്രദ്ധക്കുറവുകൊണ്ടാണു്. ബഡ്ജററ് തയ്യാറാക്കുന്ന അവസരത്തിൽ അറിയുവാൻ നിവൃത്തിയില്ലാത്ത ഏതെങ്കിലും ചിലവിനങ്ങൾ അപ്രതീക്ഷിതമായി ഉണ്ടാവുകയാണെങ്കിൽ അതിലേക്കുവേണ്ടിയാണു് സപ്ലിമെൻററി ഡിമാൻറു് കൊണ്ടുവരുന്നതു്. എന്നാൽ ഇവിടെ ഇപ്പോൾ കണ്ടുവരുന്നതു് അങ്ങിനെയല്ല. ശ്രദ്ധക്കുറവുകൊണ്ടും സൂക്ഷ്മക്കുറവുകൊണ്ടും ബഡ്ജററിൽ ചേക്കാത്ത സംഖ്യകൾ സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരുന്നതു ശരിയല്ല. അതു ക്ഷന്തവ്യമല്ല, അനുവദിക്കത്തക്കതുമല്ല. അതുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, ഞാനും ഈ ഡിമാൻറിനെ എതിക്കുന്നു. യാതൊരു നിയമവും വ്യവസ്ഥയുമില്ലാതെ അനേകം ഉദ്യോഗസ്ഥന്മാരെ പെൻഷൻകൊടുത്തു പിരിച്ചയച്ചിട്ടുണ്ടു്. അതുനിമിത്തം പല ഉദ്യോഗസ്ഥന്മാക്കും

[Sri. C. V. Iyyu]
വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. യാതൊരു കാരണവുമില്ലാതെയാണ് പലരേയും പിരിച്ചയച്ചിട്ടുള്ളതു്. അഴിമതികുറ്റംകൊണ്ടല്ലാതെ പിരിച്ചുവിടപ്പെട്ടിട്ടുള്ള സകല ഉദ്യോഗസ്ഥന്മാരേയും തിരിച്ചെടുക്കുകയൊ നഷ്ടപരിഹാരം കൊടുക്കുകയൊ ചെയ്യേണ്ടതാണെന്നും അതിലേക്ക് ഒരു ട്രിബ്യൂണലിനെതന്നെ പ്രത്യേകം വയ്ക്കേണ്ടതു് ആവശ്യമാണെന്നും ഞാൻ എന്റെ ബഡ്ജററ് വിമർശന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെണ്ടിന്റെ കുററംകൊണ്ടാണ് ഈ ഇനത്തിൽ ചിലവ് അധികം വർദ്ധിച്ചിട്ടുള്ളതു്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

The question that Government be granted a sum of Rs. 7,21,000 under "38 (a) Superannuation and retired ollowance" was put and carried and the grant was made.

Minister for Finance and Revenue **(Sri. A. J. John):** Sir, I move for a supplementary grant of Rs. 91,000 under "39 Palace".

കൊട്ടാരത്തിലെ അംഗങ്ങൾക്കുള്ള അലവൻസായി ബഡ്ജററിൽ ൧൭,൩൧,൨൦൦ രൂപ വെച്ചിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് ൨,൯൮,൦൦൦ രൂപയാണ് അലവൻസായി വച്ചിരുന്നതു്. അതിനെസംബന്ധിച്ച് ഇൻഡ്യാഗവൺമെണ്ടിൽ നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി ആ സംഖ്യ കൂടാതെ ൯൧,൦൦൦ രൂപ കൂടി കൂടുതൽ കൊടുക്കണമെന്ന് ൧൯൫൦ ഒക്ടോബർ ൧൦-ാംതീയതി തീരുമാനിച്ചിട്ടുണ്ട്. ആ ചിലവിലേക്കുവേണ്ടിയാണ് ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്നതു്. ഇൻഡ്യാഗവൺമെണ്ട് ഈ തീരുമാനം എടുത്തതിനുശേഷമുള്ള തുക മാത്രം കൊടുക്കുകയാണെങ്കിൽ ൩൧,൩൦൦ രൂപ വരുന്നതാണ്. അതുകൊണ്ട് അത്രയും സംഖ്യ മാത്രമേ കൊടുക്കേണ്ടിവരികയുള്ളു എന്നാണ് ഉദ്ദേശിക്കുന്നതു്. ഒരുപക്ഷേ ഒരു കൊല്ലത്തേയ്ക്കു മുഴുവനും കൊടുക്കേണ്ടിവന്നെങ്കിലോ എന്നു കരുതിയാണ് ൯൧,൦൦൦ രൂപ ആവശ്യപ്പെടുന്നതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: കുറഞ്ഞ ഒരു തുകയെ കൊടുക്കാൻ ന്യായമുള്ളു എന്നും അത്രയും മാത്രം കൊടുത്താൽ മതിയാകുമെന്നും ബഹു. ധനകാര്യമന്ത്രി അറിഞ്ഞിരിക്കുന്ന സ്ഥിതിക്ക് കൂടുതൽ തുക പക്ഷെ ആവശ്യപ്പെടാം എന്നർത്ഥംവരുന്നമട്ടിൽ ബഹു. മന്ത്രിതന്നെ ഇതിനൊരു വ്യാഖ്യാനം കൊടുക്കുന്നതു് ശരിയാണോ ?

<u>ശ്രീ. എ. ജെ. ജോൺ</u>: കൂടുതൽ തുക ആവശ്യപ്പെട്ടാലും കുറഞ്ഞ ഒരു തുകയേ കൊടുക്കേണ്ടിവരികയുള്ളു എന്നാണ് വിശ്വസിക്കുന്നതു്

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: അങ്ങിനെയാണെങ്കിൽ അത്രയും തുക മാത്രം ബഡ്ജററിൽ കൊള്ളിച്ചാൽ മതിയല്ലോ ?

<u>ശ്രീ. എ. ജെ. ജോൺ</u>: പക്ഷേ കൂടുതൽ കൊടുക്കേണ്ടിവന്നെങ്കിലൊ എന്നു കരുതിയാണ് ഒരു കൊല്ലത്തേക്ക് വേണ്ടിവരുന്ന ൯൧,൦൦൦ രൂപ ആവശ്യപ്പെട്ടിരിക്കുന്നതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: കൊടുക്കേണ്ട തുകക്കാണ് ബഡ്ജററുണ്ടാക്കുന്നതു്. ൩൧,൩൦൦ രൂപ കൊടുത്താൽ മതിയാകുമെങ്കിൽ എന്തിനാണ് കൂടുതൽതുക ബഡ്ജററിൽ കൊള്ളിക്കുന്നതു്? ബഡ്ജററിൽ തുക കൊള്ളിച്ചാൽ സാധാരണയായി അതു കൊടുക്കുകയാണ് ന്യായം.

<u>ശ്രീ. എ. ജെ. ജോൺ</u>: അങ്ങിനെ കൊടുക്കുകയില്ല. ബഡ്ജററിൽ എത്രതുക കൊള്ളിച്ചിരുന്നാലും കൊടുക്കേണ്ട തുക മാത്രമേ കൊടുക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള: എത്രതുക കൊടുക്കണമെന്ന് അവസാനമായിട്ടു തീരുമാനിക്കുന്നതു് ആരാണ്?

ശ്രീ. എ. ജെ. ജോൺ: ഇത്രയും കൊടുത്താൽ മതിയെന്നു ഗവൺമെണ്ടിൽനിന്നും തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: അതല്ല ഞാൻ ചോദിച്ചതു്. ഇത്രതുക കൊടുക്കണമെന്ന് അവസാനമായി തീരുമാനിക്കുന്നതിനുള്ള അധികാരം ആർക്കാണെന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു് ഈ ഗവൺമെണ്ടുതന്നെയാണ് തീരുമാനിക്കുന്നതു്. ൩൭,൬൦൦ രൂപ കൊടുത്താൽ മതിയാകും എന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: അതാണ് നിലയെങ്കിൽ ആ ൩൭,൬൦൦ രൂപ മാത്രം അനുവദിച്ചാൽ മതിയാകുമല്ലോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെയാണ് സഭയുടെ അഭിപ്രായമെങ്കിൽ അത്രയും തുക മാത്രം അനുവദിച്ചാൽ മതി.

Mr. Speaker: Does the Minister accept the proposal that only the actual amount of Rs. 37,600 need be granted by the House.

Sri. A. J. John: The demand is revised accordingly, only an amount of Rs. 37,600, need be granted.

The question that a revised demand for a supplementary grant of Rs. 37,600 be made under "39. Palace" was put and carried and the grant was made.

Minister for Finance and Revenue **(Sri. A. J. John:)** Sir, I move for a supplementary grant of Rs. 52,000 under "45. Miscellaneous (j) Unforeseen charges."

അഞ്ചൽ ഡിപ്പാർട്ടുമെണ്ടു് ൧൯൫൦ ഏപ്രിൽ ൧-ാംനു ഇൻഡ്യാഗവൺമെണ്ടു് ഏറെറടുക്കുകയുണ്ടായി. അതിനുശേഷം നാം ഒരു ഏജൻസി അടിസ്ഥാനത്തിൽ അതു് നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങിനെ ൧൯൫൦ ഏപ്രിൽ ൧-ാംനു അഞ്ചൽ ഡിപ്പാർട്ടുമെണ്ടു് ഇൻഡ്യാഗവൺമെണ്ടു് ഏറെറടുത്തപ്പോൾ തിരുവിതാംകൂറിലെ എല്ലാ ആഫീസുകളിലുമായി ൫൨,൦൦൦ രൂപയുടെ സർവീസ് സ്റ്റാമ്പുകൾ ഉണ്ടായിരുന്നു. ആ തുക ഇൻഡ്യാ ഗവൺമെണ്ടിനു് കിട്ടേണ്ടതാണ്. ആ ആവശ്യത്തിലേക്കുവേണ്ടിയാണ് ഈ ഡിമാൻഡ് അവതരിപ്പിക്കുന്നതു്. സർവീസ് സ്റ്റാമ്പ് ഉപയോഗിക്കുന്നവകുക്ക് ഫിനാൻഷ്യൽ എഗ്രിമെൻറനുസരിച്ചു് രണ്ടരലക്ഷം രൂപ ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും നമുക്ക് കിട്ടുന്നതാണ്. ഈ ഡിമാണ്ടു് അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ൧൯൫൦ ഏപ്രിൽ ൧-ാംനു മുതൽക്കുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഏതു് ഗവൺമെണ്ടിൽനിന്നുമാണ് കൊടുത്തുകൊണ്ടിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു് ഇൻഡ്യാഗവൺമെണ്ടിൽനിന്നുതന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നതു്, ഈ ഗവൺമെണ്ടിൽനിന്നും ആ ഇനത്തിൽ യാതൊരു സംഖ്യയും ചിലവാക്കിയിട്ടില്ല.

The question that a sum of Rs. 52,000 be granted under "45. (Miscellaneous)i Unforeseen charges" was put and carried and the grant was made.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Sir, I move for a supplementary grant of Rs. 3,62,450 under "State Transport Scheme (Working expenses shown as deduction from gross receipts under Major Head 'XXX. State Transport.")

Minister for Finance and Revenue **(Sri. A. J. John:)** I second it.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ തുകയിൽ ൨ ലക്ഷം രൂപയോളം സ്റ്റേററ ട്രാൻസ്പോർട്ടിൽനിന്നു വെഹിക്കിൾസ് ടാക്സായിട്ടു ഇൻഡ്യാ ഗവമെന്റിനു് കൊടുക്കുവാനുള്ളതാണു്. ബാക്കിയുള്ള തുക ട്രാവലിംഗ് അലവൻസും ബോണസും വകയിൽ ബഡ്ജററിൽ ചേർത്തിട്ടുള്ളതിൽ കൂടുതൽ ചിലവാക്കേണ്ടിവരുന്ന തുകയാണു്. അതുകൊണ്ടു് ഈ തുക സഭ അനുവദിച്ചുതരണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ക്വാർട്ടറിലെ വെഹിക്കിൾസ് ടാക്സു കൊടുക്കുവാനുള്ളോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു ക്വാർട്ടറിലെ ടാക്സു ഇനി കൊടുക്കുവാനുള്ളു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഡ്ജററിൽ എന്താണു് ഇതിലേയ്ക്കു ചേർത്തിരുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൧ ലക്ഷത്തോളം രൂപാ ചേർത്തിരുന്നു. ഇതു് പുതിയതായി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലേയ്ക്കു വാങ്ങിയ ബസ്സുകൾക്കുള്ള ടാക്സാണു്,

ശ്രീ. എ. കെ. പാച്ചുപിള്ള: പുതിയ വെഹിക്കിൾസ് ടാക്സിന്റെ ബേസിസിൽ കണക്കു കൂട്ടിയിട്ടു കിട്ടുന്ന തുകയാണോ ഇതു്?

ശ്രീ ടി. കെ. നാരായണപിള്ള: അതേ.

The question that Government be granted a sum of Rs. 3,62,45 under "State Transport Scheme (Working expenses shown as deduction from gross receipts under Major Head "XXX State Transport)" was put ana carried and thc grant was made.

Sri. T. K. Narayana Pillai: I am not moving Demand No. 14 in the list.

Mr. Speaker: Now we will resume consideration of Demand "29 Industries" from where we have left.

Sri. T. K. Narayana Pillai: Sir, I wish to make a statement regarding Demand "29 Industries" which was under discussion.

സർ, മോണോസൈററ ഫാക്ടറിയ്ക്കുവേണ്ടി ൯ ഏക്കർ സ്ഥലം പൊന്നുംവിലയ്ക്കു് എടുത്തിട്ടുണ്ടു്. ആ സ്ഥലത്തിന്റേയും അതിലെ വൃക്ഷങ്ങളുടേയും വില ൬൧,൭ ൦൦ രൂപ, അതിലെ കെട്ടിടങ്ങളുടെ വില ൬൮,൫ ൦൦ രൂപ ഇങ്ങനെ ൧,൩൦,൦ ൦൦ രൂപ അതിലേയ്ക്കു വേണ്ടിവരുന്നതാണു്. ആ സ്ഥലം സ്ഥിതി ചെയ്യുന്നതു് ഈ ഫാക്ടറിയുടെ തൊട്ടു അടുത്താണു്. അതുകൊണ്ടാണു് ഇത്രയും സംഖ്യ കൊടുക്കേണ്ടിവന്നിട്ടുള്ളതു്. ഇതിന്റെ എല്ലാ വിവരങ്ങളും എന്റെ കൈവശം ഉണ്ടു്. അതിലെ ഓരോ സർവ്വേ നമ്പരിനും കൊടുക്കേണ്ടതായ വില എന്താണു്, അതിലെ വൃക്ഷങ്ങളുടെ വിലയെന്താണു് എന്നുള്ളതിന്റെ എല്ലാ വിവരങ്ങളും എന്റെ കൈവശം ഉണ്ടു്. അതിവിടെ വായിക്കണമെന്നുണ്ടെങ്കിൽ വായിക്കാം.

ശ്രീ. എ. താണുപിള്ള: അതിലെ കെട്ടിടം ഒരു പ്രൈവററ ഹൗസാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ സ്ഥലവും കെട്ടിടവും എല്ലാം ഒരു വ്യക്തിയുടെതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നിൽ കൂടുതൽ ആളുകളുടേതാണ്.

The question that Government be granted a sum of Rs. 1.30,000 under "Demand 9 Industries" was put and carried and the grant was made.

The Assembly adjourned at 7-00 p.m. to meet again at 11 a.m. on Tuesday the 27th March 1951

V. KRISHNA MOORTHI AIYAR,
Secretary to the Legislative Assembly.

APPENDIX

Question Posted for answer on 23rd February 1951

† QUESTIONS AND ANSWERS LAID ON THE TABLE

(The numbers within brackets indicate the serial numbers in the lists o admitted questions for the respective dates to which the questions were posted).

പാലിയം കുടിയാൻ അവശതാന്വേഷണം

* വ്യ ൧ ൪. (൪ ൧) സാഹിബ്ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാലിയം കുടിയാൻ അവശതാന്വേഷണക്കമ്മിററി റിപ്പോർട്ട് ഗവമ്മെണ്ടിനു കിട്ടിയിട്ടു കാലമെത്രയായി;

(ബി) അതിന്മേൽ ഗവമ്മെണ്ടുത്തരവുകൾ പാസാക്കുവാൻ താമസത്തിനു കാരണം എന്തു്?

(സി) എപ്പോൾ ഉത്തരവുകൾ പാസാക്കും;

(ഡി) കമ്മിററിയുടെ ശുപാശ്കൾ എന്തൊക്കെയാണ്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) മൂന്നരമാസത്തോളമായിട്ടുണ്ട്.

(ബി) കൂടുതൽ ആലോചനകൾ ആവശ്യമായതുകൊണ്ടു്.

(സി) കഴിയുന്നതും വേഗത്തിൽ.

(ഡി) ഇപ്പോൾ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

സ്കൂളിനു സ്ഥലം

*വ്യ ൧ ൫. (൪ ൪) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

---

† The answers herein published are in respect of questions which were included in the lists for previous days of the session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് തലപ്പിള്ളി താലൂക്ക് ചെറുതുരുത്തി ക്കടുത്ത പൈങ്കുളം വില്ലേജിൽ മലയാളം സ്കൂളിനു സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി എന്നാണാരംഭിച്ചത്;

(ബി) ആയതിനു് ഏതെങ്കിലും കൊല്ലത്തിൽ ബഡ്ജററിൽ ൫൦൦ ക. അനുവദിച്ചിരുന്നുവോ;

(സി) അതുപ്രകാരം ആ സംഖ്യ കൊടുത്ത് അക്വിസിഷൻ നടന്നുവോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു:?

നിയമവും; ധനകാര്യവും, റവന്യൂവും, വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ൧൧൨൫ നവമ്പർ മാസത്തിൽ

(ബി) ൧൧൨൫-ലെ ബഡ്ജററിൽ ആയതിലേക്ക് ൫൦൦ രൂപ കൊള്ളിച്ചിരുന്നു.

(സി) ഇല്ല.

(ഡി) അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ.

പോലീസ് സ്റ്റേഷന്റെ ആവശ്യം

*൫൧൬: (൪൬) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൫ നവമ്പർ ൧൫-ാംനു കൂടിയ നിയമസഭയിൽ ഇൻസ്പെക്ടർ ജനറൽ ഒല്ലൂരിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ട ആവശ്യം കാണിച്ച് ബഹുമാനപ്പെട്ട ഗവമ്മെണ്ടിലേക്ക് ശുപാശ്ചെയ്തിട്ടുണ്ടെന്നും ഒല്ലൂരിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ഗവമ്മെണ്ട് അവസാനമായി തീരുമാനിക്കുന്ന പക്ഷം അത് എത്രയും വേഗത്തിൽ നടപ്പിൽ വരുത്തുന്നതിന് വേണ്ട സത്വരനടപടികൾ ഗവമ്മെൻറു കൈക്കൊള്ളുന്നതാണെന്നും ചീഫ് മിനിസ്റ്റർ ഒരു ചോദ്യത്തിനു മറുപടി പറയുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ തീരുമാനം എന്തായി എന്ന് ദയവായി പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ട്.

(ബി) പോലീസ് ഡിപ്പാർട്ട്മെൻറിൽ ഉണ്ടായ പരിഷ്കരണം പ്രമാണിച്ച് ഈ കാര്യം തൽക്കാലം നിർത്തിവെച്ചു.

FOOD SUBSIDY

*517. [57] **Sri. A. K. George:** Will The Hon'ble Chief Minister be pleased to state :
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) തിരുവിതാംകൂർ

ൻ ൫,ൻ വ്യ,ന ൻ ഫ—പറ.

കൊച്ചി

ണ്ട ര്,വ ണ്ട,ന ഝ വ്യ—പറ.

(ബി) തിരുവിതാംകൂർ

൧ വ ,ൻ ൦ ,ണ്ടഫ വ—പറ.

കൊച്ചി

൫ ൻ,ണ്ട ന,ൻവ ര്—പറ.

(സി) വ്യ ൫ണ്ട ഏക്കറോളം ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്.

ARUMUGAPURAM WELL

114. [4] **Sri. Sree V. Das**: Will the Hon'ble Minister for Local Self Government be pleased to state.—

(*a*) how many years is it since Government began the sinking of a well for he drinking purposes of the Villagers of Arumugapuram, Agasteeswaram Pakuthy;

(*b*) why has the work not yet been completed; when was it taken up;

(*c*) why has the Protector of Backward Communities not taken much interest in the matter?

Chief Minister **(Sri. C. Kesavan):**

(*a*) Three years.

(*b*) Estimate for the work was sanctioned by the end of March (Meenam 1123) that year by that time monsoon set in and the sinking work was not able to be done. When the season became favourable the financial year closed. To continue the work during the next year revised sanction was necessary. After that no new well construction work was taken up in the Travancore area. The work was started in the year 1123.

(*c*) There is no lack of interest on the part of the Commissioner.

Questions posted for answer on 15th March 1951

കരിഞ്ചന്തക്കേസുകൾ

൧൧൫ (൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൯൫൦ ഏപ്രിൽമുതൽ ൧൯൫൦ ഡിസംബർവരെ എത്ര കരിഞ്ചന്തകേസുകൾ ഗവമ്മെണ്ടു് എടുത്തിട്ടുണ്ടു്?

(ബി) അതിൽ എത്രയെണ്ണം തെളിഞ്ഞു?

(സി) ഇപ്പോൾ എത്ര കേസുകൾ നിലവിലിരിക്കുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ൨൬൮.

(ബി) ൨൪൨.

(സി) ൨൦൦.

ബാക്കി ആറുകേസുകളുടെ കാര്യം തെററിദ്ധരിക്കലാണെന്നു (mistake of fact) റിപ്പോർട്ടുചെയ്യപ്പെട്ടു.

ഭവനനിമ്മാണം

൧൧൬ (൭) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവമ്മെണ്ടിൽനിന്നും ആരംഭിച്ചിട്ടുള്ള ഭവനനിമ്മാണപദ്ധതി അനുസരിച്ചു എതെല്ലാം സ്ഥലങ്ങളിൽ എത്രവീടുകൾവീതം പണിതീർത്തിട്ടുണ്ടു്?

(ബി) അങ്ങനെ ഓരോസ്ഥലത്തും തീർന്നിട്ടുള്ളവയിൽ എത്രയെണ്ണത്തിൽ ആൾ താമസമുണ്ടായിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) താഴെ പറയുന്നപ്രകാരം ൧൬൯ വീടുകൾ പണി തീർത്തിട്ടുണ്ടു്.

൧.	കന്യാകുമാരി	൧൭
൨.	തിരുവനന്തപുരം	൧൮
൩.	കൊല്ലം	൧൦
൪.	പുനലൂർ	൧൮
൫.	കുമരകം	൧൩
൬.	ആലപ്പുഴ	൨൪
൭.	ആലുവാ	൨൪

൭.	തേവര	൨൮
൮.	ഇരിഞ്ഞാലക്കുട	൨൮
	ആകെ	൨൬൮

(ബി) കന്യാകുമാരി, കൊല്ലം, കുമരകം, ആലുവാ, തേവര, ഇരിഞ്ഞാലക്കുട, പുനലൂർ ഈ സ്ഥലങ്ങളിലുള്ള ൨൫൭ വീടുകളിൽ ആരംപാർപ്പുതുടങ്ങി.

Question posted for answer on 16th March 1951

KANAGAPURAM—KARIMADAM ROAD

117. [6] **Sri. Sree V. Das:** Will the Hon'ble Minister for Public Works be pleased to state:

(a) How long, since the Kanagapuram—Karimadam road has been opened; What is its length;

(b) what portion of the said road was metalled during the year 1124; what is the portion that remains to be metalled;

(c) have the inhabitants of the locality in question, ever requested Government for metalling this remaining portion of the above road;

(d) what steps have been taken on the matter?

Chief Minister **(Sri. C. Kesavan):**

(a) It is about 10 years since the road was opened. 1·06 miles.

(b) 4 furlongs. $4\frac{1}{2}$ furlongs.

(c) Yes.

(d) Necessary action will be taken after consulting the Taluk Works Committee.

Question posted for answer on 17th March 1951

TRANSPORT BUSES

118. [8] **Sri. V. K. Varghese:** Will the Hon'ble Minister for Transport be pleased to say.—

(a) how many Transport Buses, both ordinary and express, have porters in them while on service;

(b) why some buses are not supplied with porters?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(a) 76 ordinary and 34 Express buses have porters in them.

(b) Porters are being posted only in Express buses and main line buses plying on long routes, since passengers carrying luggage are generally few in other buses *viz.*, City and Shuttle Service buses.

Questions posted for answer on 19th March 1951

NARAKKAL FISH POND

*119. [4] **Sri. M. I. Paul:** Will the Hon'ble Chief Minister be pleased to state whether the Government have any idea to extend or develope the Narakkal Fish Pond, if so when?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Yes, the matter is under consideration.

KUDIYIRUPPU

120. [8] **Sri. Ambrose:** Will the Hon'ble the Chief Minister be pleased to answer the following questions.—

(a) did the fishing labourers residing at Kanyakumari, Vavathurai submit a petition on 26th September 1950 to the Hon'ble Minister stating that they are not having enough land for Kudiyiruppu?

(b) does the Hon'ble Minister remember visiting the above places and seeing their condition on 6—12—1950? Do they propose to make the above places convenient for Kudiyiruppu?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(a) Yes.

(b) On 6—12—1950, the place was inspected by the then Hon'ble Minister (Works and Communications). The petition is under consideration.

Question posted for answer on 20th March 1951

HIGH SCHOOLS

121. [7] **Sri. A. P. Udayabhanu:** Will the Hon'ble Minister for Education be pleased to state.—

(a) the number of new High Schools and Middle Schools for which sanctions are granted for the next academic year;

(b) the number and places where new high schools and middle schools are granted in Karunagapally and Karthikapally Taluks; and

(c) the number of Departmental and non-departmental Schools among them?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(a) No new High or Middle School has yet been sanctioned for the next academic year.

(b) & (c) Do not arise in view of answer to part (a).

PROCEEDINGS OF
THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 27th March 1951*

Vol. III] OFFICIAL REPORT [No. 14

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 27th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions for the day.)

Oral Answers

വനംപതിവ്

൧൧൦൯. (൧) ശ്രീ. സി. സി. പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൫-ൽ വനങ്ങളിൽനിന്നും കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആൎക്കെങ്കിലും ആറുവക്കാട്ടുനിന്നും ഭൂമി നൽകുവാൻ ഗവൎമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വീണ്ടും അപ്രകാരം ഭൂമി കൊടുക്കുന്നതിന്റെ മാനദണ്ഡം എന്ത് ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ഈ ചോദ്യം ഇങ്ങനെയാണ്. "൧൧൨൫-ൽ വനങ്ങളിൽനിന്നും കൃഷിക്കു വിതരണംചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആൎക്കെങ്കിലും ആറുവക്കാട്ടുനിന്നും ഭൂമി നൽകുവാൻ ഗവൎമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ ?" ഈ ചോദ്യം മനസ്സിലാകുന്നില്ല. അതുകൊണ്ടു ഉത്തരം തയാറാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ചോദ്യം വായിച്ചാൽ മനസ്സിലാകുന്നതാണ്.

ശ്രീ. സി. കേശവൻ: ചോദ്യത്തിലെ വാചകം ശരിയാകാത്തതുകൊണ്ടു മനസ്സിലാകാതിരുന്നതാണ്.

മി. സ്പീക്കർ: 'കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും നിയമസഭയിൽ അംഗങ്ങളായിരിക്കുന്നവരും' ആയ ആൎക്കെങ്കിലും ഭൂമി നൽകിയിട്ടുണ്ടോ എന്നാണോ മെമ്പർ ഉദ്ദേശിച്ചത് ?

ശ്രീ. സി. സി. പ്രസാദ്: അതെ.

ശ്രീ. സി. കേശവൻ: അതാണുദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതിനുള്ള വിവരങ്ങൾ ശേഖരിച്ചു അറിയിക്കാവുന്നതാണു്.

ശ്രീ. സി. വി. ഇട്ടൂപ്പ്: സർ, അയാളുടെ ചോദ്യം വായിച്ചാൽ ഈ നിയമസഭയിലെ എല്ലാ മെമ്പറന്മാർക്കും വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുണ്ടെന്നുതോന്നും. ഓഹരികിട്ടാത്ത ആളുകളാണു് ഇവിടെ അധികവും ഉള്ളതു്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുള്ള വിവരംവച്ചുകൊണ്ടു ഇതിനു മറുപടി പറയുന്നതു നന്നായിരിക്കും.

ശ്രീ. സി. കേശവൻ: ഇതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനു നിവൃത്തിയില്ലാതെപോയി. അതിനാൽ ഉത്തരം വരുത്തിയിട്ടില്ല. ഇപ്പോൾ ചോദ്യം മനസ്സിലായ സ്ഥിതിക്കു് ഉത്തരം വരുത്തിതരുന്നതിനു വിരോധമില്ല. രണ്ടുദിവസത്തിനകം തരാവുന്നതാണു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ശ്രീ. സി. വി. ഇട്ടൂപ്പ് പലപ്പോഴും 'അയാളുടെ' എന്നു പ്രയോഗിക്കുന്നു. അതു ശ്രീ. സി. സി. പ്രസാദ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗമായതുകൊണ്ടാണോ?

മി. സ്പീക്കർ: 'ആ ആൾ' എന്നു ചൂണ്ടിക്കാണിച്ചു പറഞ്ഞതേയുള്ളു എന്നു വരാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: 'അയാൾ' എന്നു പറയുന്നതു പാർലമെൻററിയാണോ?

മി. സ്പീക്കർ: മുൻപു ഇങ്ങനെ ഒരു പദപ്രയോഗം ഉണ്ടായിട്ടില്ല. 'ആ ആൾ' എന്ന അർത്ഥത്തിൽ 'അയാൾ' എന്നു പ്രയോഗിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ വേണ്ടത്ര ബഹുമാനസൂചകമായി അയാൾ എന്ന പദപ്രയോഗം എല്ലാ സ്ഥലങ്ങളിലും സാധാരണ കരുതാറില്ല. ഏതായാലും 'അയാൾ' എന്നോ, 'ആ ആൾ' എന്നോ പറയാതെ 'ബഹുമാനപ്പെട്ട മെമ്പർ' എന്നു പറയുന്നതു നന്നായിരിക്കും.

ശ്രീ. മന്ദത്തു പത്മനാഭപിള്ള: 'അയാൾ' എന്നതിനു പകരം അദ്ദേഹം എന്നാണു വകതിരിവുള്ള ആളുകൾ പറയുന്നതു്.

മി. സ്പീക്കർ: 'ബഹുമാനപ്പെട്ട മെമ്പർ' എന്നാണു പറയേണ്ടതു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറു് ഓഫ് ഇൻഫർമേഷൻ. ഇന്നലത്തെ ൭-ം, ൧൩-ം നമ്പർ ചോദ്യങ്ങളും, ഇന്നത്തെ ൧-ാം നമ്പർ ചോദ്യവും ഈ നിയമസഭ അവസാനിക്കുന്നതിനുമുമ്പു് ഉത്തരം പറയുന്നതിനായി മാററിവച്ചിരിക്കുകയാണല്ലോ. ഇവയുടെ ഉത്തരം എന്നത്തേക്കു തരാമെന്നു അറിഞ്ഞാൽകൊള്ളാം.

ശ്രീ. സി. കേശവൻ: സർ, ഇന്നലത്തെ ൭-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം മേശപ്പുറത്തുവച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: സർ, ഉത്തരം മേശപ്പുറത്തുവയ്ക്കുവാനല്ല ഞാൻ ചോദിച്ചതു്. അതേപ്പററി ഈ സഭയിൽ വാദപ്രതിവാദം ചെയ്യുവാനാണു്.

മി. സ്പീക്കർ: അതാതു ദിവസങ്ങൾ കഴിഞ്ഞുവരുന്ന ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നതിനേ നിവൃത്തിയുള്ളു.

HANDICRAFT ASSISTANTS

*1110. [2] **Sri. T. P. Sitaraman :** Will the Hon'ble Minister for Education be pleased to state.—

(*a*) how many handicraft assistants are there in the State before and after the integration;

(*b*) what was their grade prior to the pay revision on 1122 and after the revision;

(*c*) before the revision, was the maximum pay of all the handicrafts assistants equal;

(*d*) what was the necessity for differentiating one from the other;

(*e*) was there any representation to the Government received from these officers; and

(*f*) if so, what is the reply and what are the steps taken to redress their grievances?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല. തിരുവിതാംകൂറിൽ ഹാൻഡിക്രാഫ്റ്റ് അസിസ്റ്റന്റ് എന്നു പറയുന്ന ഒരു ഉദ്യോഗസ്ഥൻ ഇല്ല. കൊച്ചിയിൽ മൂന്നു ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെ വിവരങ്ങൾ മുഴുവൻ ശേഖരിച്ചിട്ടില്ല.

GO-DOWN CLERKS

*1111. [4] **Sri. A. P. Udayabhanu :** Will the Hon'ble Minister for Food be pleased to state.—

(*a*) whether go-down clerks have been suspended from the Alleppey go-down;

(*b*) if so how many and when; and

(c) what the charges against them are?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Six clerks. They were suspended from 7th September 1950.

(c) They are responsible for disproportionately heavy shortages of food stocks which were entrusted to their care at the Alleppey Depot.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സസ്പെന്റ് ചെയ്തതുകൂടാതെ വേറെ ക്ലാർക്കന്മാരെ പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓർമ്മയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവരുടെ ഡേമണി സംഖ്യ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിട്ടിട്ടുള്ളതുതന്നെ ഓർമ്മയില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്രമാത്രം ധാന്യമാണ് കാണാതെ പോയതെന്നു പറയാമോ?

Sri. T. K. Narayana Pillai : The shortages are:

Ordinary rice	..	7,56,205	lbs
Wheat	..	52,416	„
Gram flour	..	24	„
Salvaged rice	..	710	„
Reconditioned			
Waste matter	..	183	„

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനു ഏതാഫീസറാണു ഉത്തരവാദി ആകേണ്ടതു്? ചാർജു് വഹിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമെ ഉള്ളോ?

ശ്രീ. ടി. കെ നാരായണപിള്ള: അതേപ്പററി അന്വേഷിച്ചതിൽ ന്നു ക്ലാർക്കുമാരെയാണു് ഉത്തരവാദികളായി കണ്ടുപിടിച്ചതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എന്നാണു് അതു കണ്ടുപിടിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതും സസ്പെൻഡു ചെയ്തതും ഏതാണ്ടു ഒരേകാലത്താണു്. ൧൧൨൫-ൽ ൭-ാം ലാണു് അവരെ സസ്പെൻഡു ചെയ്തതു്.

Sri. P. S. Nataraja Pillai: May I know the names of the persons responsible for the shortage and the money lost on account of the shortage referred to?

Sri. T. K. Narayana Pillai:

	Rs.	*A.*	*P.*
G. Madhavan Unnithan	2,080	4	0
V. Krishna Aiyar	5,917	3	2
E. G. Parameswaran Unnithan	5,130	4	3
K. Sivarama Pillai	6,647	3	2
P. Parthan	10,026	10	7
P. Gopalan Nair	14,871	1	7

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇതു് കൺട്രോൾ പ്രൈസ് അനുസരിച്ചു കണക്കാക്കിയതാണോ? അതോ ബ്ലാക്ക്മാർക്കറ്റ് പ്രൈസാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൺട്രോൾ പ്രൈസാണു്.

Sri. P. Balakrishnan Tampi: Sir, may I ask, will not such kind of questions prejudice a fair enquiry into the matter?

Sri. T. K. Narayana Pillai: The Information given is in pursuance of the question before the House.

ശ്രീ. എ. താണുപിള്ള: ഇതിൽ ഓരോ ക്ലാർക്കുമാരുടേയും ചുമതലപ്പെട്ട തുക ഇത്രയെന്നു എങ്ങനെയാണു കണ്ടുപിടിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ ക്ലാർക്കുമാരും അവിടെയിരുന്ന ടൈം അനുസരിച്ചാണു്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാർക്കുമാരിൽനിന്നും ഇത്രയിത്ര നഷ്ടം വന്നു എന്നു പറഞ്ഞല്ലൊ. അതെല്ലാം കണ്ടുപിടിച്ചതു എല്ലാംകൂടി ഒരുമിച്ചാണോ, അതോ പലകാലങ്ങളിലായിട്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതു ഒരുമിച്ചാണു്. ഓരോ ക്ലാർക്കുമാരുടേയും പീരിഡു തിട്ടപ്പെടുത്തിയതു പിന്നീടാണു്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാർക്കുമാരും ഇത്രയിത്ര ഉത്തരവാദിത്വപ്പെടുന്നുണ്ടു് എന്നു കണ്ടുപിടിച്ചതു് എങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സ്റ്റാക്ക രജിസ്റ്റർ നോക്കി കണ്ടുപിടിച്ചതാണു്. ഓരോ ക്ലാർക്കുമാരും ഇരുന്ന പീരിഡു് നോക്കി ഓരോരുത്തരുടേയും ചുമതല കണ്ടുപിടിച്ചതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു കണ്ടുപിടിച്ചതിനുശേഷം മററു എതെങ്കിലും ഡിപ്പോകൾ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരിശോധന നടന്നുവരികയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ വല്ല അപഹരണവും കണ്ടുപിടിച്ചുവോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓർമ്മയില്ല.

ശ്രീ. ഇട്ടിരാ അന്മക്കൻ: ആലപ്പുഴ ഗോഡൗണിലെ അഴിമതി കണ്ടുപിടിച്ച ഉദ്യോഗസ്ഥൻ ആരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഓർമ്മയില്ല.

വരന്തരപ്പിള്ളി പഞ്ചായത്ത്

*൧൧൯൨. (൫) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) വരന്തരപ്പിള്ളി പഞ്ചായത്ത് അംഗങ്ങൾ എല്ലാവരും രാജിവെച്ചതിനെ തുടൎന്ന ഗവൺമെൻറ എന്തു നടപടി എടുത്തിരിക്കുന്നു;

(ബി) എന്തു കാരണത്തിന്മേലാണ് ഈ രാജി;

(സി) രാജിവെച്ചിരിക്കുന്നതു് ആരെല്ലാം?

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ: (എ) കരയാംപാടം പഞ്ചായത്തു റോഡിനുവേണ്ടിയുള്ള ഭൂമി എടുപ്പു നടപടികൾ പഞ്ചായത്തിൻെറ ആഗ്രഹത്തിനു വിരുദ്ധമായി ഉപേക്ഷിച്ചതുകൊണ്ടാണ് പഞ്ചായത്തു അംഗങ്ങൾ രാജിവെച്ചതു്. രാജിയെ തുടൎന്ന പ്രസ്തുത റോഡുകാര്യത്തിൽ വീണ്ടും റവന്യൂ ബോർഡിൻെറ അഭിപ്രായം ആരായുകയും അതു ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയുമാണ്.

(ബി) മുകളിൽ എ യുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ൧. ശ്രീ. സി. ആർ. മാണിക്കൻ (പ്രസിഡൻറ്)
൨. ,, വി. ആർ. കൃഷ്ണൻകുട്ടി മേനോൻ (മെമ്പർ)
൩. ,, കെ. എ. നാരായണൻ നമ്പൂതിരി ,,
൪. ,, എം. വി. നാരായണൻ നമ്പൂതിരി ,,
൫. ,, സി. എം. രാമൻ ,,
൬. ,, കെ. വി. കൊച്ചുഗോവിന്ദൻ നായർ ,,

ശ്രീ. ടി. പി. സീതാരാമൻ: എന്നാണ് രാജിവെച്ചതു്?

ശ്രീ. സി. കേശവൻ: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: രാജിവെച്ചവരുടെ കൂട്ടത്തിൽ പഞ്ചായത്തു പ്രസിഡൻറ ഉൾപ്പെടുന്നില്ലെ?

ശ്രീ. സി. കേശവൻ: ഉണ്ട്.

വൈദ്യുതവിപുലീകരണപദ്ധതി

*൧൧൯൩. (൬) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പബ്ളിക്ക് വർക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വരന്തരപ്പിള്ളി, ആമ്പല്ലൂർ എന്നീ വില്ലേജുകളിലേക്കുള്ള വൈദ്യുതവിപുലീകരണപദ്ധതി ഇപ്പോൾ ഏതു സ്ഥിതിയിലായിരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): വൈദ്യുതവിപുലീകരണപദ്ധതി പ്രകാരം ഈ സ്ഥലങ്ങളിൽ ജോലി തുടങ്ങേണമെന്ന് ആലോചിച്ചിരിക്കുകയാണ്.

INCREASE OF PRICE ON ARRACK

*1114. [7] **Sri. M. I. Paul:** Will the Hon'ble Minister for Excise be plesed to state.—

(*a*) whether there is any proposal to increase the price on arrack during the current period of the contract;

(*b*) if so, what is the immediate necessity for the same; and

(*c*) if the price is increased will it not be against the principle so far followed by the Government in the matter of auctions?

Chief Minister **(Sri. C. Kesavan):** (*a*) There is a proposal to raise the existing rates of excise duty on country arrack by 12½ per cent. This may result in an increase in price.

(*b*) As a revenue measure.

(*c*) No.

ശ്രീ. എം. ഐ. പോൾ: ചാരായത്തിന്റെ വില വർദ്ധിപ്പിക്കുന്നതു് ഈ വർഷത്തിലാണോ അതോ അടുത്ത ബഡ്ജറ്റുവർഷത്തിലാണോ?

ശ്രീ. സി. കേശവൻ: അടുത്ത ബഡ്ജറ്റുവർഷത്തിലാണു്.

കുടിയിറക്കുകൾ

*൧൧൧൫. (വ്യ) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടകുടിനിരോധനനിയമം നടപ്പിലായതിനുശേഷം എത്ര കുടിയിറക്കുകൾ നടന്നിട്ടുണ്ടു്;

(ബി) ഹരിജനങ്ങളിൽനിന്നും എത്രപേരെ കുടിയിറക്കിയിട്ടുണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ-യും ബി-യും) അടകുടിനിരോധനനിയമം നടപ്പിലായതിനുശേഷം സിവിൽക്കോടതിക്കാണു് കുടിയിറക്കിനെപ്പററിയുള്ള അധികാരമുള്ളതു്. അതുസംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കുടിയിറക്കിനെപ്പററി പല പരാതികളും ഗവൺമെണ്ടിനു കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ. പരാതികൾ കിട്ടിയിട്ടുണ്ടു്. എങ്കിലും പരാതികൾ എല്ലാം നിയമത്തെ ലംഘിച്ചിട്ടുള്ളവയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം നിയമത്തെ ലംഘിച്ചു എന്ന കാരണത്തിനു നടപടി നടത്താനായിട്ടു് പോലീസുകാരെ അധികാരപ്പെടുത്തിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെ അതു് നിയമവിരുദ്ധമായിട്ടു് പ്രവർത്തിച്ചിട്ടുള്ളവരെ കുടിയിറക്കുന്നതിനാണു്.

Sri. P. Balakrishnan Tampi: I rise to a point of order. Government, by giving gratuitous legal advice, is acting prejudicial to the interests of the profession to which I have to honour to belong. No other profession is affected by this practice.

Mr. Speaker: Government should see that no profession is prejudiced.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സിവിൽകോട്ട് മുഖാന്തിരമല്ലാതെ പോലീസുകാരുടെ സ്വാധികാരം പ്രയോഗിച്ച് സാധുക്കളെ കുടിയിറക്കിവിട്ടതായിട്ട് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പോലീസുകാരുടെ പ്രത്യേക അധികാരം ഉപയോഗിച്ച് കുടിയിറക്കിവിട്ടതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുടിയിറക്കുകേസിൽ പോലീസുകാക്ക് സവ്വ അധികാരങ്ങളും ഗവമ്മെണ്ടിൽനിന്നും കൊടുത്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു; അധികാരം കൊടുത്തിരിക്കുന്നതു സിവിൽകോടതിക്കാണെന്നു്.

ശ്രീ. കെ. കരുണാകരൻ: കുടിയിറക്കു നിരോധനനിയമം പാസായതിനുശേഷം ജന്മിമാരിൽനിന്നും സാധുക്കൾക്ക് ധാരാളം ഉപദ്രവം നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതിനെപ്പററി ഗവമ്മെണ്ടിനു പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ചില പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. സി. സി. പ്രസാദ്: കിട്ടിയിട്ടുള്ള പരാതികൾ അനുസരിച്ച് ഗവമ്മെണ്ട് അതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: സിവിൽകോടതി മുഖാന്തിരം കുടിയിറക്കിയതിനെപ്പററി പരാതി വന്നാൽതന്നെയും ഗവമ്മെണ്ടിനു് ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

കാളറ

* ൧൧൭൩. (ൻ) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ അടുത്തകാലത്തുണ്ടായ കാളറാ പിടിപെട്ട് എത്രപേർ മരിച്ചിട്ടുണ്ട്;

(ബി) അതിൽ ഹരിജനങ്ങൾ എത്ര?

(സി) കുട്ടനാടൻ പ്രദേശങ്ങളിൽ എത്രപേർ മരിച്ചു;

(ഡി) കാളറാമൂലം മരണമടയുന്നതു് കൂടുതലും ഹരിജനങ്ങളാണെന്നു ഗവമ്മെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി
(ശ്രീ. എ. ജെ. ജോൺ): (എ) ൩൯൭ പേർ.

(ബി) കാളറ മുതലായ രോഗങ്ങൾമൂലമുണ്ടായ മരണത്തിനു ജാതി തിരിച്ചുള്ള പട്ടിക എടുത്തിട്ടില്ല.

(സി) അമ്പലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം ഈ സ്ഥലങ്ങളിൽ ൫൨ പേർ മരിച്ചിട്ടുണ്ട്.

(ഡി) കാളറ മൂലം മരണം സംഭവിക്കുന്നതു് മിക്കവാറും വൃത്തിഹീനരായ ആളുകൾക്കാണ്. ഈ രോഗം മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽനിന്നുമാണ് ഇങ്ങോട്ടു പകരുന്നതു്. കാളറ ഉണ്ടാകുന്നതും സാധാരണയായിട്ട് വൃത്തിഹീനമായ പ്രദേശങ്ങളിലാണ്.

ശ്രീ. സി. സി. പ്രസാദ്: പട്ടിണിമൂലം കാളറ ഉണ്ടാകുന്നതായിട്ട് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ,

ശ്രീ. എ. താണുപിള്ള: നൂറു പേർ മരിച്ചു എന്നു പറഞ്ഞു. അതു് എന്നുമുതൽ എന്നുവരെയാണു് എന്നു് കണക്കുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കാളറ ഉത്ഭവിക്കുന്നതിനു പല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കുടിക്കുന്നതിനു് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ദൂഷ്യംകൊണ്ടു് ചിലപ്പോൾ കാളറയുണ്ടാകും. ചിലപ്പോൾ മററു ചില കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഉണ്ടാകാറുണ്ടു്.

ശ്രീ. ഇ. പി. പൗലോസു്: കടലോരങ്ങളിൽ താമസിക്കുന്നവർക്കു് കാളറയുണ്ടാകുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജോൺ: ഒരുകിൽ വെള്ളത്തിന്റെ ദൂഷ്യംകൊണ്ടായിരിക്കും. അല്ലെങ്കിൽ വൃത്തിഹീനതകൊണ്ടായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ രോഗം സംക്രമിക്കുന്നതു് എവിടെനിന്നുമാണു്?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: വൃത്തിഹീനമായ മധുര, തിരുനൽവേലി എന്നു പറഞ്ഞാൽ തമിഴ്നാട്ടുകാർക്കു് ആക്ഷേപമല്ലേ?

ശ്രീ. എ. ജെ. ജോൺ: മധുര, തിരുനൽവേലി ഈ സ്ഥലങ്ങൾ മുഴുവനും വൃത്തിഹീനമായ സ്ഥലങ്ങളാണെന്നു് ഉള്ള അർത്ഥത്തിൽ അല്ലാ ഞാൻ പറഞ്ഞതു്. ആ സ്ഥലങ്ങളിലെ വൃത്തിഹീനമായ പ്രദേശങ്ങളിൽനിന്നുമാണു് കാളറ മുതലായ രോഗങ്ങൾ ഇങ്ങോട്ടു പകരുന്നതു് എന്നാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ജാതിതിരിച്ചുള്ള പട്ടിക കാളറമൂലം മരിക്കുന്നവരെപ്പററി ദുക്ഷിച്ചിട്ടില്ലാ എന്നു പറഞ്ഞു. ഇവർ ജനിച്ചപ്പോൾ അവരുടെ ജാതിതിരിച്ചുള്ള പട്ടിക ജനനമരണ രജിസ്ട്രാരുടെ ആഫീസ്സിൽ കൊടുക്കണമെന്നു് നിർദ്ദേശമില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയുണ്ടായിരിക്കാം.

ശ്രീ. കെ. അയ്യപ്പൻ: ജനനമരണ രജിസ്ട്രാരെ ഈ വിവരം അറിയിക്കണമെന്നു് നിർബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിർബ്ബന്ധമുണ്ടു്, ചിലപ്പോൾ അറിയിക്കാതിരിക്കയും ചെയ്യും.

Sri. Elias Mary Antony: Am I to understand that Cholera never starts in Travancore-Cochin.

Mr. Speaker: That question does not arise.

Sri. Elias Mary Antony: There is an insinuation implied.

Mr. Speaker: No insinuation is implied.

CHIEF SECRETARY

*1117. [10] **Sri. D. Gnanasigamony**: Will the Hon'ble Minister for Services and Appointments be pleased to state.—

(a) whether the Chief Secretary to this Government has applied to be relieved of his services here; and

(b) if so, whether there are any special reasons that led to this step?

Chief Minister **(Sri. C. Kesavan)**:

(a) Yes.

(b) For personal reasons.

Sri. D. Gnanasigamony: May I know whether the present Chief Secretary was appointed for any definite period?

Sri. C. Kesavan: He was appointed for a term of one year in the first instance and the term was extended by two years.

Sri. D. Gnanasigamony: Is there a possibility of his continuing for a further period?

Sri. C. Kesavan: He has applied for leave.

Sri. D. Gnanasigamony: Would the Government be prepared to place the letter requesting Government to relieve him before this House?

Sri. C. Kesavan: I do not think there is any necessity for that. For personal reasons, he wants it to be private.

Sri. A. K. Patchu Pillai: Is there any connection between his request for leave and the ministry muddle here?

Mr. Speaker: That is an assumption. The question is disallowed.

Sri. A. Thanu Pillai: Did he apply for leave or for being relieved from this Government service?

Sri. C. Kesavan: Only for leave for a period of three months.

ശ്രീ. എം. ഐ. പോാം: ചീഫ് സെക്രട്ടറി ഇവിടെനിന്നും ജോലി വിട്ടുപോകാൻ അപേക്ഷിച്ചിട്ടുള്ളതു് ക്യാബിനററിലെ ചില അംഗങ്ങളുമായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾകൊണ്ടാണെന്നു് ജനങ്ങളുടെ ഇടയിൽ ഒരു ധാരണ പരന്നിരിക്കുന്നു. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ മറുപടി നൽകാൻ നിവൃത്തിയില്ല.

ജനസംഖ്യ

*൧൧൧൭. (൧൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബന്ധപ്പെട്ട സെൻസസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൧-ലെ സെൻസസ്സ് അനുസരിച്ചു് തിരുവിതാംകൂർ-കൊച്ചിയിൽ ൧൯൪൧-നുശേഷം എത്ര ശതമാനം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടു്;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ ഏതു വിഭാഗത്തിലാണു് കൂടുതൽ ജനസംഖ്യ ശതമാനം വർദ്ധിച്ചിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ശതമാനം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതിനെപ്പററി സെൻസസ്സ് പൂർത്തിയായിട്ടില്ല.

(ബി) എ. യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെണ്ടിനു് ഇതുവരെ ഇവയെപ്പററി യാതൊരു റിപ്പോർട്ടും കിട്ടിയിട്ടില്ലേ?

ശ്രീ. സി. കേശവൻ: റിപ്പോർട്ടുകളൊന്നും കിട്ടിയിട്ടില്ല.

അഞ്ചൽ ഡിപ്പാർട്ടുമെൻറ്

* ൧൧൩൯. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമനം നടത്തുന്നതിന് ഇൻഡ്യാഗവമെണ്ടിൻെറ അനുമതിയോ ആലോചനയോ ആവശ്യമുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ചില സംഗതികളിൽ (നിയമനത്തെ സംബന്ധിച്ചിടത്തോളം) ഇൻഡ്യാഗവമെണ്ടിൻെറ അനുമതി ആവശ്യമുണ്ട്. അഞ്ചൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു ഏജൻസി ബേസിസിൽ ആണ് തിരുവിതാംകൂർ ഗവമെണ്ട് നടത്തിവരുന്നത്. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവു ചിലവുകളും മററും കൈകാര്യം ചെയ്യുന്നത് ഇൻഡ്യാഗവമെണ്ടാണ്. ഒരു ഏജൻസി എന്ന നിലയിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത് ഈ ഏപ്രിൽമാസം ൧-ാം തിയതി മുതൽ ഇൻഡ്യാഗവമെണ്ടിൻെറ അധീനതയിൽ ആകുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏപ്രിൽ ഒന്നാംതിയതിമുതൽ ഇൻഡ്യാഗവമെണ്ടിൻെറ മേൽനോട്ടത്തിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടക്കുമ്പോൾ ഒരണ വിലയുള്ള കവർ രണ്ടണ വിലയാകുകയില്ലേ?

ശ്രീ. സി. കേശവൻ: പെട്ടെന്ന് അങ്ങനെ വില കൂട്ടുമെന്ന് തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കാർഡ്, കവറ് മുതലായവയുടെ വില കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഇപ്പോൾ ഏതു ഗവമെണ്ടിനാണുള്ളത്.

ശ്രീ. സി. കേശവൻ: ഇപ്പോൾ അധികാരം ഉള്ളത് ഈ ഗവമെണ്ടിനാണെങ്കിലും ഇവയെപ്പററി ഇൻഡ്യാഗവമെണ്ടുമായി ആലോചിക്കാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഏപ്രിൽ ൧-ാം തീയതിക്കുശേഷം കാർഡിൻെറയും കവറിൻെറയും ഇപ്പോഴത്തെ വിലയിൽനിന്നും വ്യത്യാസം വരുത്താൻ (വില കൂട്ടാൻ) പാടില്ലെന്ന് ഇൻഡ്യാഗവമെണ്ടിനെ അറിയിക്കുകയും അവർ സമ്മതിക്കയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: സേവിംഗ്സ് അക്കൗണ്ടുകൾ മുഴുവനും കൈകാര്യം ചെയ്യുന്നത് ഈ ഗവമെണ്ടാണോ അതോ ഇൻഡ്യാഗവമെണ്ടാണോ?

ശ്രീ. സി. കേശവൻ: അവ സംബന്ധിച്ചുള്ള ആലോചന ഇതുവരെ പൂർത്തിയായിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം മുഴുവനും മദ്രാസ് പോസ്റ്റ്മാസ്റ്റർ ജനറലിൻെറ കീഴിൽ ആക്കുന്നുയെന്ന് കേട്ടു. അതു് ശരിയാണോ?

ശ്രീ. സി. കേശവൻ: അങ്ങനെ വരാം.

ശ്രീമതി ദേവകി ഗോപിദാസ്: അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളം കൂട്ടണമെങ്കിൽ കാർഡിനും കവറിനും മററും വില വർദ്ധിപ്പിക്കാതെ തരമില്ലെന്നും അതുകൊണ്ട് അവകൾ ഈ കാരണത്താൽ വില വർദ്ധിപ്പിക്കാൻ പോകുന്നുയെന്നും കേൾക്കുന്നത് ശരിയാണോ?

ശ്രീ. സി. കേശവൻ: ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇവയുടെ വില കൂട്ടണമെന്ന് ഒരു നിർദ്ദേശവുമില്ല. വില കൂട്ടാതെതന്നെ ഈ കാര്യം നിർവ്വഹിക്കാമെന്നാണ് അവർ സമ്മതിച്ചിട്ടുള്ളതു്.

അഞ്ചൽ കാർഡുവില

* ൧൧൨൦. (൧൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എത്ര സംഖ്യയാണ് കൂട്ടണമെന്ന് വിചാരിക്കുന്നതു്;

(സി) എന്നുമുതൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടരുതെന്ന് ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ അതിന്മേൽ അവസാനമായി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

വിദേശ മദ്യം

* ൧൧൨൧. (൧൫) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ പരിപൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കിയാൽ ഗവമ്മെണ്ടിനു് ആണ്ടിൽ എത്ര നഷ്ടം വരുമെന്നു പറയാമോ;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ൧൯൫൦-ൽ എത്ര രൂപയുടെ വിദേശമദ്യം ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉദ്ദേശം മൂന്നു കോടി രൂപാ.

(ബി) വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

ശ്രീമതി ദേവകി ഗോപിദാസ്: ഈ നഷ്ടം പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്?

ശ്രീ. സി. കേശവൻ: അതിനുംകൂടെ വക കണ്ടിരുന്നു.

ലേഡി ഡാക്ടറന്മാർ

* ൧൧൨൨. (൧൬) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികൾ ഉണ്ടോ;

(ബി) ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളിലെ സ്ത്രീ രോഗികൾ വളരെ ബുദ്ധിമുട്ടും വിഷമവും അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഈ ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

(എ) ഉണ്ടു്.

(ബി) അങ്ങനെ ഒരു പരാതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ശിവരാമനാശാരി: ചെങ്കോട്ടയിലെ ലേഡി ഡാക്ടറെപ്പററി പരാതിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഒരു പരാതി ഉണ്ടായിരുന്നു. അതു് അന്വേഷിക്കുവാൻ സർജൻ ജനറലിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പുരുഷ ഡാക്ടർമാർ സ്ത്രീ രോഗികളെ ചികിത്സിക്കുന്നതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല. ചില ആശുപത്രികളിൽ ലേഡി ഡാക്ടറന്മാർ ആവശ്യമുണ്ടെന്നുകാണിച്ചു് അപേക്ഷ കിട്ടിയിട്ടുണ്ടു്

നഗരബത്ത

* ൧൧൨൩. (൧൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ തിരുവിതാംകൂർ വിഭാഗത്തെ ഉദ്യോഗസ്ഥന്മാർക്കു നഗരബത്ത എന്നപേരിൽ അലവൻസു കൊടുക്കുന്നുണ്ടോ;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഏതെങ്കിലും സ്ഥലത്തു നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുത്തു എന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ൬൩൩-ാം നമ്പർ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്. ബഹു. മെമ്പർ തന്നെ ചോദിച്ചിട്ടുള്ളതാണു്.

സർവ്വീസ് സംയോജനം

* ൧൧൨൪. (൧൮) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സർവ്വീസ് സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) സർവ്വീസിലുള്ള വിഷമതകൾ നിമിത്തം.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: ഈ സർവ്വീസ് സംയോജനം പൂർത്തിയാക്കാത്തതുകൊണ്ടു് സർവ്വീസിൽ അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ. തീർക്കാത്തതു് അവർക്കു് ഇഷ്ടമായ ഒരു സംഗതി അല്ലെന്നറിയാം.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: സർവ്വീസ് സംയോജനം പൂർത്തിയാക്കാൻ പുതിയ പദ്ധതി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ സംഗതിയിൽ ശരിയായ ഒരു അവസാന തീരുമാനം ചെയ്യുന്നതിന് വ്യവസ്ഥകൾ ചെയ്യുന്നുണ്ട്. ആ വിവരം ഈ സെഷനിൽതന്നെ പറഞ്ഞിട്ടുണ്ട്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണ്. തിരുവിതാംകൂർ-കൊച്ചിയിൽ പ്രത്യേക താല്പര്യമില്ലാത്തവരും ശരിയായ ഇൻടഗ്രിററി ഉണ്ടെന്ന് സമ്മതിക്കപ്പെട്ടിട്ടുള്ളവരും ആയ ഏതെങ്കിലും ഒരാളിന്റെ മേൽനോട്ടത്തിൽ ഈ പ്രശ്നം വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: അങ്ങനെയുള്ള ആളിനെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: പ്രസ്താവന കഴിഞ്ഞിട്ട് ഒരു മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമിക്കാത്തതു് എന്തുകൊണ്ടാണ്?

Mr. Speaker: No discussion is allowed.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ ആവശ്യത്തിലേക്ക് മി. സുന്ദരത്തിനെ നിയമിച്ചു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. സി. കേശവൻ: മി. സുന്ദരം ഇന്ത്യാഗവമെണ്ട് സെക്രട്ടറിയേററിലെ ഒരുദ്യോഗസ്ഥനാണ്. അദ്ദേഹത്തെ ഇന്ത്യാഗവമെണ്ട് ചില കാര്യങ്ങൾ അന്വേഷിക്കാനായിട്ട് അയച്ചിരിക്കുകയാണ്. ആ കൂട്ടത്തിൽ അദ്ദേഹം ഇതും നോക്കി എന്നേയുള്ളു. അല്ലാതെ അദ്ദേഹത്തെ നിയമിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കൺഫർമേഷൻ സംബന്ധിച്ചാണോ ഗ്രേഡേഷൻ സംബന്ധിച്ചാണോ വിഷമതകളുള്ളതു്?

ശ്രീ. സി. കേശവൻ: രണ്ടിനെസംബന്ധിച്ചുമുണ്ട്.

ശ്രീ. എ. താണുപിള്ള: മി. സുന്ദരത്തെ നിയമിച്ചതാരാണ്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവമെണ്ട് അയച്ചതാണ്. മററു സംഗതികളുടെ കൂട്ടത്തിൽ ഈ സംഗതിയും നോക്കാനായി അയച്ചിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: അദ്ദേഹത്തിന് ഈ ഗവമെണ്ടിൽനിന്നും വല്ല ശമ്പളവും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. S. Nataraja Pillai: Is it a fact that the State Department of the Government of India is going to do the integration for this State?

Sri. C. Kesavan: No.

ആയിരം രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ

*൧൧൨൫ (൧൩) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ആയിരം രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കാമോ?

ചീഫ്മിനിസ്റ്റർ (സി. കേശവൻ):

(എ) വ്വ.

(ബി) ആംഗ്ലിക്കൻ ൧, നായർ ൩, ബ്രാഹ്മണൻ ൩, ഈഴവൻ ൧

ഭക്ഷ്യധാന്യനിയന്ത്രണം

*൧൧൩൩ (൨൦) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഭക്ഷ്യധാന്യനിയന്ത്രണം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ കേന്ദ്ര കോൺഗ്രസ്സ്പാർട്ടി പണ്ഡിററ്താക്കൂർദാസ് ഭാർഗവായുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മിററിയുടെ റിപ്പോർട്ട് ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ഇരുമ്പു നിയന്ത്രണം

*൧൧൨൭ (൨൧) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെർമിററിൽ കവിഞ്ഞ വലിയ തോതിൽ ഇരുമ്പു ശേഖരിച്ചു വച്ചിരുന്ന കച്ചവടക്കാരുടെ മേൽ ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും നടപടി നടത്തിയോ;

(ബി) 'എ'ക്കുത്തരം നടപടി നടത്തി എന്നാണെങ്കിൽ അതു് എന്നായിരുന്നു;

(സി) എത്ര കുററക്കാർ ഉണ്ടായിരുന്നുവെന്നും അതിൽ എത്രപേരെ പ്രാസിക്യൂട്ട് ചെയ്തുവെന്നും പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) നാലുമാസത്തിനു മുമ്പ്.

(സി) നാലുപേർ. ചിലരെ നിയമമനുസരിച്ച് ഡിറെറയിൻ ചെയ്യുകയും ചിലരെ പ്രാസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇത്ര വലിയ തോതിൽ ഇരുമ്പ് അവരുടെ കയ്യിൽ വന്നുചേർന്നതെങ്ങിനെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ഇട്ട്യേര അയ്യൂക്കൻ: സ്റ്റോക്ക് ചെയ്തിട്ടുള്ളതെല്ലാം ഗവമ്മെണ്ട് നൽകിയിട്ടുള്ള പെർമിററനുസരിച്ചു് വാങ്ങിയിട്ടുള്ളതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ലെന്നാണറിവ്. വ്യക്തികളിൽനിന്നോ വ്യക്തിസമൂഹങ്ങളിൽനിന്നോ വാങ്ങിച്ചതാണ്.

ശ്രീ. ഇട്ട്യേര അയ്യൂക്കൻ: ബോംബെയിലെ ഒരു കമ്പനിയിൽനിന്നും കൂടുതൽ വിലകൊടുത്തു് വാങ്ങിയിട്ട് അതു് അതിനനുസരിച്ച് കൂടുതൽ വിലക്ക് വില്ക്കുന്നതു് ബ്ലാക്കമാക്കററ് പരിധിയിൽ പെടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ബ്ലാക്കമാക്കററിന്റെ ഡെഫനിഷൻ പോലെയിരിക്കും.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: അങ്ങനെയുള്ള വ്യാപാരം നിലച്ചുപോയതുകൊണ്ടു് കച്ചവടത്തിനു് മാന്ദ്യം സംഭവിച്ചതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരഭിപ്രായം മാത്രമാണു്.

സാഹിബ്ബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: അറസ്ററുചെയ്തവരെ എന്തുചെയ്തു?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനാവശ്യമുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. ഐ. പോൾ: പെർമിററു് അനുസരിച്ചു് ധാരാളം കൊടുക്കാത്തതുകൊണ്ടു് അതായതു് വളരെ കുറച്ചുമാത്രം ക്വാണ്ടിററിക്കു് പെർമിററു് നൽകുന്നതുകൊണ്ടു് മിച്ചം ധാരാളം വരുന്നതായും അതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിലേക്കു് എടുത്തുവരുന്നതായും അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഗവമ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള. ചില ഏജൻറന്മാർ ഈ പെർമിററുകൾ കൈമാററം ചെയ്തുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു് കൂടുതൽ കിട്ടുന്നതിനു് ശ്രമിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് ശ്രമിച്ചുവരുന്നുണ്ടു്.

അദ്ധ്യാപക പണിമുടക്കു്

*൧൧൨൨. (൨൨) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രൈവററു് സെക്കൻഡറി സ്കൂൾ മാനേജരന്മാരെക്കൊണ്ടു് ൱ ശതമാനം ഫീസുപിരിവു് കെട്ടിവെപ്പിക്കാൻ അദ്ധ്യാപകർ നടത്തിയ പണിമുടക്കിനു് ഗവമ്മെണ്ടു് പ്രോത്സാഹനം നല്കുയിട്ടുണ്ടോ;

(ബി) എ. ടി. എസ്സ്. എ. പണിമുടക്ക പിൻവലിച്ചതിനുശേഷം തഴവാ (കരുനാഗപ്പള്ളി താലൂക്കു്)യിലുള്ള ഒരു മിഡിൽസ്കൂളിലെ അദ്ധ്യാപകന്മാർ അവർ വേറൊരു മാനേജ്മെണ്ടിൽ ഒരു പുതിയ സ്കൂൾ അനുവദിക്കുന്നതുവരെ പണിമുടക്ക തുടരുകയുണ്ടായോ;

(സി) പുതിയ സ്കൂൾ അനുവദിക്കുന്നതായിരിക്കും എന്ന നിലവിലുണ്ടായിരുന്ന സ്കൂളിന്റെ മാനേജർക്കു് നോട്ടീസ് കൊടുത്തതെന്നാണു്;

(ഡി) പുതിയ സ്കൂൾ അനുവദിച്ച ഉത്തരവിന്റെ തീയതി എന്നാണു്;

(ഇ) ഈ സ്റ്റേററിൽ ആകെ എത്ര സ്കൂളുകൾ മേൽപറഞ്ഞതരം അദ്ധ്യാപക പണിമുടക്കിന്റെ പേരിൽ നിറുത്തലാക്കിയിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) എ. ടി. എസ്സ്. എ. പണിമുടക്ക് പിൻവലിച്ചതിനുശേഷം കരുനാഗപ്പള്ളി താലൂക്കിൽ തഴവായിലുള്ള ഒരു മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാർ പണിമുടക്ക് തുടർന്നുകൊണ്ടിരുന്നു.

(സി) സ്കൂളിൽ അദ്ധ്യയനം തുടർന്നുകൊണ്ടുപോകുന്നതിനും സ്കൂൾ കുട്ടികളുടെ താല്പര്യത്തെ പരിഗണിച്ചും നിശ്ചിതകാലാവധിക്കുള്ളിൽ അതായതു് ൧൯൫൦ ഡിസംബർ ൧൮-ാം തീയതിക്കു മുമ്പ് പണിമുടക്ക് പിൻവലിച്ചില്ലെങ്കിൽ അതിനടുത്തുതന്നെ മറ്റൊരു സ്കൂൾ സ്ഥാപിക്കുന്നതാണെന്നു കാണിച്ചു മാനേജർക്ക് നോട്ടീസ്സ് കൊടുത്തിരുന്നു.

(ഡി) ൧൯൫൦ ഡിസംബർ ൧൨-ാംനു-യിൽ.

(ഇ) ൫ സ്കൂളുകളിൽ അദ്ധ്യയനം നിലച്ചുപോയി.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: സ്കൂൾ നിറുത്തുന്നതിന് നോട്ടീസ്സ് കൊടുത്ത തീയതിയും പിന്നെ സ്കൂളുകൾ തുടങ്ങുന്നതിന് ഉത്തരവുകൊടുത്ത തീയതിയും ഒന്നാണെന്ന് പറയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ മനസ്സിലായിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മറു നടപടികൾ നടത്തുന്നതാണ് എന്നുള്ളതിൽ ഇന്ന നടപടി എടുക്കുന്നതാണ് എന്നു ഡെഫനിറ്റായിട്ട് പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പറയേണ്ട ആവശ്യമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ഇങ്ങനെ നിറുത്തിയ സ്കൂളിലെ അദ്ധ്യാപകരെ തന്നെ വീണ്ടും തുടങ്ങിയ സ്കൂളുകളിൽ നിയമിച്ചതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമിച്ചിരിക്കാം.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: പണിമുടക്കിന് ഗവമ്മെണ്ടു് പ്രോത്സാഹനം നല്കിയിട്ടുണ്ടോ എന്ന് ചോദിച്ചതിനു ഇല്ലെന്നു മറുപടി പറഞ്ഞു. എന്നാൽ മന്ത്രിമാരുടെ പ്രസംഗങ്ങൾ മൂലം അദ്ധ്യാപക പണിമുടക്ക വഷളായിട്ടുണ്ടോ എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് മെമ്പർതന്നെ നിശ്ചയിക്കേണ്ടതാണു്.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അതു് ഒരു പ്രോത്സാഹനമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: സ്ട്രൈക്ക് നിറുത്തുന്നതു് ഗവമ്മെണ്ടിന്റെ ആവശ്യമായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. സ്ട്രൈക്ക് ഉണ്ടാകാതിരിക്കാനായിട്ടാണ് പുതിയ പദ്ധതി നടപ്പിലാക്കിയതു്.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: അപ്പോൾ സ്ട്രൈക്ക് നിറുത്തേണ്ടതു് ഗവമ്മെണ്ടിന്റെ ആവശ്യമല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇഷ്ടംപോലെ മനസ്സിലാക്കാം.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഈ അഞ്ചു സ്കൂളുകൾക്കു പകരം എത്ര സ്കൂളുകൾ സ്ഥാപിച്ചു?

ശ്രീ ടി. കെ. നാരായണപിള്ള: ൬ സ്കൂളുകൾ.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: മുമ്പുണ്ടായിരുന്ന വാദ്ധ്യാന്മാരെത്തന്നെയാണോ നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അതിനെക്കുറിച്ചന്വേഷിക്കാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അന്വേഷിക്കാം.

Mr. Speaker: Questions are over. We will now proceed to the next business

UNSTARRED QUESTION

PLANTATION LABOURERS AND STAFF

122. [1] **Sri. T. P. Sitaraman:** Will the Hon'ble Minister for Labour be. pleased to state.—

(*a*) what are the steps taken by the Government to improve the lot of the plantation labourers and staff;

(*b*) will the Government place on the table the copies of the memorandum submitted by the Palappilli Branch of the ESASI as well as the Rubber Estate Workers Congress?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The Government have appointed Welfare Staff in the Plantation areas in the State to attend to the Welfare of Plantation Labour. The Conciliation Officers of the Department of Labour are mediating in industrial disputes concerning the workers in Plantations. The Workmen's Compensation Act is applicable to Plantations employing more than 25 workers. The Commissioner for Workmen's Compensation is disbursing compensation to those entitled to it under the Act. The payment of Wages Act is extended to the Plantations in this State. The Assistant Labour Commissioners and the Labour Officers are notified as Inspectors under the Payment of Wages Act. Government of India are contemplating to enact a comprehensive legislation regulating the hours of work and conditions of labour in Plantations.

(*b*) A copy of the memorandum submitted by the Rubber Estate Workers' Congress, Palappilli is given below. We have not received any memorandum submitted by the Palappilli branch of the ESASI.

Copy of the Memorandum submitted by the Palappilly Rubber Estate Workers' Congress to the Superintendents and Managers of Estates owned by Messrs. Malayalam Plantations Ltd., Cochin Malabar Estates Ltd., and Kerala Calicut Estates Ltd., in Palappilli

Sir,

The Palappilli Rubber Estate Workers' Congress request you to kindly consider the following and to be good enough to grant the just and reasonable demands made hereunder.

The rate of wages obtained here is too low and we hope nowhere in India it is so low as it is here. The rate in 1950 is still that of 1940. It is a known fact that the cost of living now has gone up several times than that of 1940. In spite of this the wages of the labour remains the same here and neither are they given a better Basic Wage nor a sufficient Dearness Allowance.

The Tappers working here are not natives of this District. They come from Malabar and Travancore; per each pound of Rubber they bring, they are paid only

one anna three pies and one anna six pies at the maximum. Inclusive of the Dearness allowance (7¼ annas) a tapper is earning only an average of Fourteen annas daily. And it is quite clear that this is not at all sufficient for the labour to live upon apart the family he has to support.

The Estates employ for General Works the native labour of whom man get a rate of 12½ annas and woman 10 annas. They are living about six to ten miles away from the Estate. They have to start from their homes very early for work and they can reach back only late in the evening. At times some of them have to go without work after they come to the Estates. This native labour are not given any of the benefits which other industrial labour are getting.

The Type of lines built for the Resident labour are not at all satisfactory. There is no proper ventilation. Walls are not plastered and white washed in some places and hence are infested with flies, bugs and ants, etc.

The wells are not nearer to the lines. There is not sufficient water in them at times. Neither the water is clear and drinkable nor the wells well kept.

When the Managers and some staff get clear pipe water supply, the labour is forced to drink the unfiltered and unclean water from the worst type of wells.

Owing to the inability for affording good and nourishing food and for the lack of good drinking water and sufficient and proper medical aid, the labourer's standard of health is very poor in the Estates.

For name's sake there are dispensaries in the Estates. When the Labour fall ill they are not properly cared or given sufficient or good and proper medicines. There is no practice of supplying food from the Dispensaries to the inpatients. The patients must themselves provide for their food. They are not even getting good mattresses to lie down.

When accidents occur, labour are not compensated and when compensated are not sufficient at all.

They are not getting any privilege leave, sick leave or religious holidays.

They are not getting any actual Bonus and whatever is paid in the name of Bonus is very meagre. There is every possibility of each labour getting about Rs 100 each a year if proper Bonus is paid.

The local and Resident labour suffer from all these hardships.

It is the labour contractors who are benefitted. They get from 12 to 16 per cent commission on the total earnings of the labour. The labour Contractors as well as the management are totally against the labour. The labour who actually works and promotes the prosperity of the Plantations are ignored. The labour Contractors enjoy at the cost of the poor labour. Not even is there freedom to represent the grievances of the labour. If at all any of the grievances are brought forward, the Contractors will start to trouble and worry the labour by all possible means.

There are instances where the labour are not getting the rationed articles to which they are entitled. The Ration cards are not with the labour. Thank God, they are getting their ration of rice regularly.

When Mooply & Kundai Estates issue 8 ozs. of Kerosene Oil per card, Pudukad Estate issue 4 ozs. and Chimoney Estate nothing. Even what is issued is far below what a card holder is entitled to receive.

When the labour of Pudukad and Chemoney Estates get their Ration of Sugar, those in Kundai and Mooply get nothing.

Whenever the labour request for the cards for buying sugar from outside, not only they are not given the cards but they are even threatened.

Generally the labour is not intimated about his wages and earnings. They have to be satisfied with what they get and the estate accounts cannot be questioned. So far this is what is happening here.

However, experienced be the labour and whatever be his service in the estate there is no security of permanency to his work. His lot is entirely left with the contractor. He can be sent off at any time at the sweet will of the employer and contractor. Labour who are victims to this sort of treatment are rotting here as they are penniless at least to reach their villages and homes.

Such are the countless hardships of the labour. They were keeping quiet because they too wish peace in the plantations. But they cannot wait any longer. Therefore the Palappilly Rubber Estate Workers' Congress request the estate managements to sympathetically consider and fulfill the following demands:—

1. That the factory labour, Tappers and Watchmen be paid Re. 1 as. 8 Basic Wage daily.

2. That the men labour who do all general works be paid a basic wage of Re. 1 as. 4 and women Re. 1 daily.

3. That all assistant maistries be given a Basic Wage of Re. 1 as. 12 daily.

4. That all head maistries be paid Rs. 2 daily and all other allowances enjoyed by the staff in estates.

5. That all the above four class of labour be given three annas for every point of rise in the living index.

6. That the labour should get 75 per cent of the wages (basic) whenever they are not given work for no fault of theirs.

7. That the system of recruiting labour through the Contractors must cease and that they be employed directly by the managements.

8. That the labour who have been working continuously for three months be taken as permanent.

9. That bonus be paid for the years of 1947-48 and

10. That all labour be granted 7 days sick leave 10 days' Privilege leave and six days religious holidays every year.

11. That this labour Union known as "Palappilly Rubber Estate Workers' Congress" be recognised.

12. That gratuity be paid to those who retire from work because of old age or disability.

13. That Educational facilities be provided for the children of the labour.

14. That the labour and their Dependents be given sufficient free medical aid.

15. That maternity allowances and such other benefits be granted.

16. That the labour are given neat, strong and sufficient accommodations.

17. That the labour, are given good pipe water.

18. That the labour, according to their religious faiths be given separate prayer halls.

19. That those who have taken maternity leave are also eligible for privilege leave.

20. That the advance paid to the labour in the beginning of the year be recovered only in instalments within the end of the year.

21. That the estates should provide canteens so that labour can get good and cheap food conveniently.

22. That those who have been dismissed from service since 1949 be reinstated.

23. That the labour be given only 8 hours work.

24. That all watchmen are given rugs, Raincoats and lanterns.

25. That all the labour are given a weekly holiday.

26. And that the labour is individually paid by the managers direct.

On behalf of the Palapilly Rubber Workers' Congress, I request you to view the demands sympathetically and to fulfil the demands made.

Your's faithfully,
Sd.
President Secretary.

ADJOURNMENT MOTION RE-UNDER-TRIAL PRISONERS

Sri. E. Gopalakrishna Menon: Sir, I understand that the Government are prepared with the information regarding the Adjournment Motion which was given notice of yesterday in respect of the treatment meted out to under-trial prisoners. I would request that the information may be made available to the House.

Chief Minister **(Sri. C. Kesavan)**: I have collected the information. Sir, shall I give that information?

Mr. Speaker: Yes.

ശ്രീ. സി. കേശവൻ: ൧൯൫൧ മാച്ച് ൧൯-ാം-യിൽ ലാക്കപ്പിൽ ഉണ്ടായിരുന്ന ൪ തടവുകാരും ആലപ്പുഴ സബ്ജയിലിൽ പാപ്പിച്ചിരുന്ന പത്തു തടവുകാരും ഹങ്കർ സ്ട്രൈക്ക് തുടങ്ങിയിട്ടുണ്ട്. അതു് അവരുടെ ആഹാര രീതി മാററിക്കിട്ടുന്നതിനും ആവശ്യമുള്ളിടത്തോളം വസ്ത്രങ്ങൾ ലഭിക്കുന്നതിനും മുറുക്കാൻ പുകവലി ഇവക്കുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ന്യൂസ് പേപ്പർ കിട്ടാനും അവരുടെ കേസ്സുകൾ നടത്തി അവസാനിപ്പിക്കുന്നതിനും പ്രതികളായിരിക്കുന്ന അണ്ടർട്രയൽ പ്രിസനേഴ്സിനെ ജാമ്യത്തിൽ വിടുന്നതിനും എല്ലാവരേയും ഒരുമിച്ചു താമസിപ്പിക്കുന്നതിനും ആണ് അവരുടെ സത്യാഗ്രഹം തുടങ്ങിയതു്. കുമാരപ്പണിക്കർ, വർഗീസ് വൈദ്യൻ, പുതുപ്പള്ളി രാഘവൻ പിള്ള, ഡാക്ടർ രാമകൃഷ്ണൻ തമ്പി, ഇവർ ഇതിലെ നായകന്മാരാണ്.

൨൨-ാം തീയതി പത്തു ആളുകൾകൂടി ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ടു. ഈ ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ട എസ്സ്. കുമാരൻ എന്ന ആളെ സെഷൻകോടതിയിൽനിന്നും ജാമ്യം അനുവദിച്ചതനുസരിച്ചു വിടുതൽ ചെയ്തു. ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ട എല്ലാവരുംതന്നെ പുന്നപ്ര വയലാർ കേസ്സുകളിലെ പ്രതികളാണ്. എന്നാൽ ഡാക്ടർ രാമകൃഷ്ണൻതമ്പി ആ കേസ്സിലെ പ്രതിയല്ല. ഡാക്ടർ തമ്പിയെ ഒരു സെക്യൂറിററി കേസ്സിൽ ശിക്ഷിച്ചിട്ടുണ്ട്. കൊലപാതകത്തിന് പ്രേരിപ്പിച്ചു എന്നൊരു കേസിൽ പ്രതിയുമാണ്. ൨൪-ാം തീയതി കാലത്തു് ഹങ്കർ സ്ട്രൈക്കേഴ്സ് ആയ രാഘവൻപിള്ള, കുമാരപ്പണിക്കർ, കോശി, സുകുമാരൻ എന്നീ നാലു പേരെ ആശുപത്രിയിൽ കൊണ്ടുപോയി. അവരുടെ ഉദ്ദേശം പുറത്തുപോയി ബന്ധം പുലത്തി അവരുടെ സംഘടനാപരമായ പ്രവത്തനങ്ങൾക്ക് സൗകര്യം ഉണ്ടാക്കുകയെന്നുള്ളതാണെന്നു വിചാരിക്കപ്പെടുന്നു. ഡാക്ടരോടു് ചോദിച്ചതിൽ കോശി ഒഴിച്ചുള്ളവരുടെ ശരീരസ്ഥിതി ആപൽക്കരമല്ലെന്നു കണ്ടതിനാൽ അവരെ ൨൫-ാം തീയതി രാവിലെ സബ്ജയിലിലേക്ക് തിരിച്ചുകൊണ്ടുവന്നു. ഇതുസംബന്ധിച്ച് ഇന്നു രാവിലെ ഹങ്കർ സ്ട്രൈക്കേഴ്സിൻെറ താല്പര്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു എൻെറ അടുക്കൽ ഒരു നിവേദനം തന്നിട്ടുണ്ട്. ആ നിവേദനത്തിൽ അവർ പറഞ്ഞിരിക്കുന്നതും കൂടി ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിലേക്കായി ഞാൻ വച്ചുകൊള്ളുന്നു.

(൧) ലാക്കപ്പിൽനിന്നും സബ്ജയിലിലേക്ക് മാററുക.

(൨) നിരോധിക്കാത്ത പത്രങ്ങളും പുസ്തകങ്ങളും വായിക്കാൻ അനുവദിക്കുകയും, അതു് ഗവമെൻറു് ചിലവിൽ വാങ്ങിതരികയും ചെയ്ക.

(൩) ആഹാരം ജയലിൽതന്നെ പാചകം ചെയ്യിച്ചുതരുന്നതിന് ഏർപ്പാടു ചെയ്യുക.

(൪) ആഴ്ചയിൽ ഒരു പ്രാവശ്യം ഷേവിങ്ങിന് അനുവദിക്കുക.

(൫) ജയിലിൽ നടന്നിട്ടുള്ള മർദ്ദനത്തെക്കുറിച്ച് പരസ്യാന്വേഷണം നടത്തി കുററവാളികളെ ശിക്ഷിക്കുക. പ്രസ്തുത മർദ്ദനത്തിനു വിധേയരായി അനാരോഗ്യരായവൎക്ക് വൈദ്യസഹായവും പ്രത്യേക ആഹാരവും അനുവദിക്കുക.

(൬) നാലരവൎഷക്കാലമായിട്ടും വിചാരണപോലും നടത്താതെ ജാമ്യം കിട്ടാതെ കാരാഗൃഹത്തിൽ കഴിയുന്ന എല്ലാ തടവുകാരേയും ഉടനെ ജാമ്യത്തിൽ മോചിപ്പിക്കുകയും കേസുകളുടെ വിചാരണ ഉടനെ തുടങ്ങുകയും ചെയ്യുക.

(൭) ലാക്കപ്പിനകത്തു മൂത്രമൊഴിക്കുന്നതിന് ഇന്ന് കുടമാണ് ഉപയോഗിക്കുന്നത്. അതു് നിറുത്തി പ്രത്യേക സൗകൎയ്യം തടവുകാരുടെ ആരോഗ്യത്തിനനുസരണമായി ചെയ്യുക.

(൮) ജയലിൽ പകൽ സമയം ലാക്കപ്പു ചെയ്യാതിരിക്കുക.

(൯) പുകവലിക്കുവാൻ അനുവദിക്കുക.

(൧൦) മുണ്ടും തോൎത്തും, കിടക്കുവാൻ പായും തലയണയും അനുവദിക്കുക.

(൧൧) രാഷ്ട്രീയമായുള്ള എല്ലാ കേസുകളും വാറണ്ടുകളും പിൻവലിക്കുക.

ഇത്രയും കാൎയ്യങ്ങളാണ് എൻെറ മുമ്പാകെ നിവേദനം ചെയ്തിട്ടുള്ളതു്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാൎയ്യങ്ങളും സാധിക്കുന്നതല്ലെന്ന് അവർ തന്നെ സമ്മതിച്ചിട്ടുണ്ട്. സാധിക്കാവുന്നതു് എതെല്ലാമാണെന്ന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് ഇന്ന് വൈകുന്നേരം അറിയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനാൽ ഈ സംഗതികളെപ്പററി ഒരു വാദപ്രതിവാദം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആറാമതായി പറഞ്ഞിരിക്കുന്ന 'നാലരവൎഷക്കാലമായിട്ടും വിചാരണപോലും നടത്താതെ' എന്നുള്ളതു് ഒരു വ്യാജപ്രസ്താവനയാണ്. നാലുകൊല്ലത്തിനുമുമ്പ് ഭയങ്കരമായ അക്രമവും വിപ്ലവവും നടത്തി അന്നുമുതൽതന്നെ ഒളിവിൽ നടന്നിട്ട് ഈ അടുത്തകാലത്തു് ജയിലിൽ വന്നവരാണ് ഈ നാലരവൎഷമെന്നു പറയുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൂടുതൽ എത്രകാലമായവർ ഇപ്പോൾ കിടക്കുന്നുണ്ട്?

ശ്രീ. സി. കേശവൻ: നാലരവൎഷക്കാലമായവർ ഇല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ഇവർ കൊലക്കുററം ചെയ്തു എന്ന് തീരുമാനിച്ചുകഴിഞ്ഞോ?

ശ്രീ. സി. കേശവൻ: അതു് കോടതിയാണ് തീരുമാനിക്കേണ്ടതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ലാക്കപ്പിൽനിന്നും സബ്ജയിലിലേക്ക് മാററുന്നതിന് എന്താണു നടപടി നടത്തുന്നതു്?

ശ്രീ. സി. കേശവൻ: സാധിക്കാവുന്നിടത്തോളം കാൎയ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനു നിവേദനകൎത്താക്കളോടൊപ്പംതന്നെ എനിക്കും താല്പൎയ്യമുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവരുടെ ആരോഗ്യസ്ഥിതി......

Mr: Speaker: No further questions can be allowed. If the member is in possession of any additional information he can give it, so that it may help the speedy disposal of the adjournment motion.

Sri. Ittiera Ambookan: Can I give any additional information on the matter?

Mr. Speaker: No. The Chief Minister has got all the information necessary.

Sri. A. Nesamony: May I know whether the police has made any charge against these people?

Sri. C. Kesavan: Charges have not been made on all of them. They are under-trials.

Sri. A. Nesamony: May I know why this inordinate delay on the matter?

Sri. C. Kesavan: A Magistrate who was about to retire was in charge of the cases. On his retirement substitute was not appointed in time. Now steps are being taken to hurry up the disposal.

Sri. A. Nesamony: Why not the Government order day to-day trial?

Sri. C. Kesavan: Yes, Government will do so.

Sri. E. Gopalakrishna Menon: The condition of the under-trials is very serious. Some of them have been removed to the hospital.

Mr. Speaker: Order, order. Government have undertaken to do what is necessary.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള. ഒന്നര വർഷമായിട്ടു ഒരു സാക്ഷിയെ പോലും വിസ്തരിക്കാത്ത കേസുകളുണ്ടെന്നുള്ളതു് എനിക്കറിയാവുന്ന കാര്യമാണു്.

Sri. C. Kesavan: Yes. Government will enquire into the matter.

ശ്രീ. എം. ഐ. പോൾ: ഇതിൽ പറയുന്ന കുമാരപ്പണിക്കരുടെ അമ്മ ഒരു ഹർജി ചീഫ് മിനിസ്റ്റർക്കു് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ; കുമാരപ്പണിക്കരുടെ അമ്മയുടെ ഒരു എഴുത്തു് എനിക്കു് കിട്ടിയിട്ടുണ്ടു്. ഞാൻ അവരോടു സഹതാപമുള്ളവനായിരുന്നുവെന്നും, ഇപ്പോൾ അധികാരത്തിൽ വന്നതുകൊണ്ടു് വേണ്ടതു ചെയ്തുകൊടുക്കണമെന്നുമാണു് പറയുന്നതു്. അവർ പറഞ്ഞിട്ടുള്ളതിൽ പലതും തെററാണു്. ഞാൻ ജയിലിൽ കിടക്കുമ്പോൾ ഇവരെ ഇറക്കാൻ സത്യാഗ്രഹം നടത്തിയെന്നു് ഒരു വ്യാജപ്രസ്താവനയുണ്ടായിരുന്നു. അതു് ഞാൻ തിരുത്താൻ പോയില്ല. ആ തെററിദ്ധാരണയുടെ പേരിലാണു് ആ കത്തു് അവർ എഴുതിയിരിക്കുന്നതു്. മുമ്പു് ഒരവസരത്തിൽ ഞാനുൾപ്പെടെയുള്ള ഏതാനും തടവുകാർ ജയിലിൽ കൂടുതൽ സൗകര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് ഒരു അൾട്ടിമേററം കൊടുത്തതിനെ തുടർന്നു എന്നെ ജയിലിൽനിന്നും മോചിപ്പിച്ചു. എന്നാൽ മററുള്ളവർക്കു് കൂടുതൽ സൗകര്യം നൽകുന്ന ലക്ഷണം കണ്ടില്ല. അതിനെ പ്രതിഷേധിച്ചാണു് ഞാൻ, സത്യാഗ്രഹം നടത്തുമെന്നു് പറഞ്ഞതു്. ഗവമ്മെണ്ടു് പിന്നെ എല്ലാവരേയും വിട്ടു. അല്ലാതെ ഞാൻ തടവുകാരെ വിടുവിക്കാൻ സത്യാഗ്രഹം നടത്തിയില്ല. എത്രത്തോളം അനുഭാവം അവരോടു കാണിക്കാമോ അതു കാണിക്കാം, പക്ഷെ നിയമസമാധാനങ്ങൾ പുലർത്തുന്നതിനുള്ള ചുമതല ഗവമ്മെണ്ടിനുണ്ടു്. അതനുസരിച്ചു ചെയ്യാവുന്നതു ചെയ്യാം.

മിസ്റ്റർ സ്പീക്കർ: ഇന്നലെ ഹാജരാക്കിയ അടിയന്തിരപ്രമേയത്തെപ്പററി ഒരു തീരുമാനം എടുക്കുന്നതിനുമുമ്പു് അതിന്റെ വിവരങ്ങളന്വേഷിച്ചു ഈ സഭമുമ്പാകെ വക്കേണ്ടതാണെന്നു ഇന്നലെ ഒരു നിർദ്ദേശം ഗവമ്മെണ്ടു് മെമ്പർക്കു് കൊടുത്തതനുസരിച്ചു ഇന്നു് ആ വിവരങ്ങൾ ഇവിടെ നൽകിക്കഴിഞ്ഞു. ഇപ്പോൾ അവരെ പ്രതിനിധീകരിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. ആ നിവേദനത്തിൽ പറഞ്ഞിട്ടുള്ള പലതും അടിയന്തിരപ്രമേയത്തിൽ ഉൾപ്പെട്ട കാര്യമല്ല. അടിയന്തിരപ്രമേയത്തിലുൾപ്പെട്ട കാര്യങ്ങൾ മാത്രമേ ഇവിടെ പരിഗണിക്കേണ്ട ആവശ്യമുള്ളു. ജാമ്യത്തിൽ വിടുന്നതു ഗവമ്മെണ്ടിന്റെ ചുമതലയല്ല. അതു കോടതി ചെയ്യേണ്ടതാണു്. വിസ്താരം ത്വരിതപ്പെടുത്തേണ്ട കാര്യത്തിലും കോടതിമൂലം പരിഹാരം നേടേണ്ടതാണു്. ഭക്ഷണം, വസ്ത്രം മുതലായ ആനുകൂല്യം ആവശ്യപ്പെട്ടിരി

ക്കുന്നതു് നിലവിലുള്ള വ്യവസ്ഥകൾക്കും റൂളുകൾക്കും വിധേയമായിട്ടു ചെയ്യേണ്ടതാണു്. ഇന്നതെല്ലാം അനുവദിക്കാമെന്നും ഇന്നതെല്ലാം അനുവദിക്കാൻ പാടില്ലെന്നും എന്തെല്ലാം സൗകര്യങ്ങളാണു് കൊടുക്കേണ്ടതെന്നും ഉള്ളതിലേക്കു് വ്യക്തമായ റൂളുകളും വ്യവസ്ഥകളും ഉണ്ടു്. ആ റൂളുകൾ അനുസരിച്ചായിരിക്കും പ്രവർത്തിക്കുന്നതു്. ആ റൂളുകൾക്കു് വിപരീതമായി ഗവമ്മെണ്ടു് പ്രവർത്തിച്ചുവെന്നു ഒരു പ്രസ്താവനയും കാണുന്നില്ല. ഗവമ്മെണ്ടിന്റെ ചുമതലയിൽ പെട്ട കാര്യങ്ങൾ ചെയ്തില്ലെന്നുള്ളതിനെ വിഷയമാക്കി ഒരു വാദപ്രതിവാദം ചെയ്യാവുന്നതാണു്. അങ്ങനെ ഒരു പരാതി ഇല്ലാത്ത സ്ഥിതിക്കു് ഒരടിയന്തിരപ്രമേയമായി ഇതു് വാദപ്രതിവാദം ചെയ്യുന്നതിനു് അനുവദിക്കാവുന്നതല്ല.

ശ്രീ. പി. എം. വറഗീസ്: ചോദ്യോത്തരങ്ങൾക്കുള്ള സമയം നേരത്തെ തീന്നുകൊണ്ടു് രണ്ടുമൂന്നു അൺസ്റ്റാർഡു് ചോദ്യങ്ങൾക്കു് ഉത്തരം പറയാമെന്നു സ്പീക്കർ അവർകൾ പറഞ്ഞതായി ഞാൻ കേട്ടു.

മിസ്റ്റർ സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല. അൺസ്റ്റാർഡു് ചോദ്യത്തിന്റെ കാര്യം തന്നെ ഇവിടെ ആരും പ്രസ്താവിച്ചില്ല. റൂളനുസരിച്ചു അങ്ങിനെയുള്ള ചോദ്യങ്ങൾക്കു് ഉത്തരം ഇവിടെ പറയാവുന്നതുമല്ല. ചോദ്യങ്ങൾ തീന്നുകൊണ്ടു് അടുത്ത കാര്യത്തിലേക്കു് പ്രവേശിക്കാമെന്നാണു് ഞാൻ പറഞ്ഞതു്.

VOTING OF DEMANDS FOR GRANTS

Demand No XXVII—Civil Works—*(cont.)*

Mr. Speaker: Yesterday Mr. Balakrishnan Tampi was on his legs when the House adjourned. Now the member can continue.

Sri. P. Balakrishnan Tampi: In opposing the cut motion I wish to bring to the notice of Government certain suggestions regarding the Civil Works Department. I was listening yesterday to the speeches of member after member who tried to ventilate local grievances and who wanted to speak about local roads etc. I was feeling Sir, that I was transported to an earlier age—some 20 or 30 years ago—to another venue, the Sri Mulam Assembly, where an over-loyal Madras Provincial serviceman sat patronisingly hearing the local needs of country members regarding the widening of roads and lanes. A healthy convention there was in that old Assembly when members used to speak about local public works. The question is whether this House has the patience to hear every one speaking about his particular road or lane or tank. In this connection, Sir, I also wish to point out that Government did a not-very-wise thing in constituting what they call Taluk Public Works Committees. I then pointed out to the Hon'ble Minister that it would be very embarrassing because what the Government want and what this House wants is an organic conception of the needs of the whole State. Now the impression has gone round that every particular revenue division has some particular right for some particular things. Government have made it clear that in the matter of public works it is the whole State of Travancore-Cochin that counts, that there is something like individual partition for every revenue division or revenue taluk. It is true that individual member will be able to point out certain local needs. But just before the Budget is presented it is unseemly for local members of particular taluks to sit together in sending grandiose proposals. Could any Government take up all those needs? Now, I suggest that all these committees should be scrapped. I mean local committees, and Government may by election by this House or by nomination

[Sri. P. Balakrishnan Tampi]

or by both have a Central Committee which might look at the needs from a comprehensive point of view, which might be expected to have an organic conception of the needs of the State and then make recommendations instead of each member trying to please his own constituency.

Now, see the very important functionaries. Many of my Hon'ble colleagues are embarrassing the local officers. The Section Officer and Sub-Division Officer are never free from the attacks of these important folks, It is a point to be noted that the members of Legislature are asked to direct or dominate departmental working. I would have certainly pleaded for it under an earlier regime. But now we are under a democratic form of Government. It is better that Hon'ble members are not troubled in the matter of being asked to associate themselves with local officials. In saying this, perhaps I am making a proposal which would affect my own importance in my locality.

One of the things which I wish to bring to the a tention of the House is about the avenue trees. Sir, our State was one of the earliest of the two States now merged. One swallow does not make a summer nor does one Iyyu represent Travancore-Cochin State. Now, Sir, I want to give a suggestion about avenue trees. I am proud that in all schemes that we Travancore-Cochin anticipated all modern States in the matter of planting shade trees. The boulevard of Nice, Paris or Monte Carlo are famous for their trees. We have also to plant more trees and it would be very advantageous to plant shade trees wherever possible where the roads are wide enough. In Travancore-Cochin the Problem is that in many places the trees that are planted heve become a source of menance to the pedestrians. Some of them are too old. My suggestion is that in the cases of trees which are overgrown in the sense that they have passed the age of being useful, they might be ordered to be cut down. Some revenue might be made in that way. The amount thus realised might be considerable and that amount would be earmarked for the improvement of those roads or for the improvement of auxiliary roads. I would also suggest that in places where trees are cut down Government may take steps to plant new trees, new varieties of trees which would yield shade but at the same time would not affect the durability of road surfacing by their spreading root system. I am told they have found out certain varieties which would yield shade and the roots of which go down deep into the soil without spoiling the surface of roads. By so doing we will be increasing the revenue of the State and at the same time we will be ensuring more durable and safer roads. It will also to a certain extent reduce the expenditure this Government have to spend for road surfacing.

One other point which I wish to refer to is about the complaint regarding the roads getting spoilt. Now as the poet says 'the good is oft interred with their bones'. Hon'ble members are aware that we never speak about the scores of miles of roads in good condition. We ride comfortably over good surfaces. But we must understand that the mileage rates have to be increased. The cost of maintenance has increased twelve times since the pre-war times and roads were made at a time when they did not in the least dream of automobiles going along these roads. Now in every countryside and through every hill road these motor vehicles are plying. We cannot complain about the working of the Public Works Department. We have not yet evolved a system of road surfacing suitable to the tropical climate. Therefore, there is nothing particularly bad about the working of the Public Works Department in the Travancore-Cochin Seat.

With these words, I resume my seat.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: എന്റെ മാന്യസ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻ തമ്പി അവർകൾ ഇവിടെ പറയുകയുണ്ടായി പ്രാദേശിക കാര്യങ്ങളെപ്പററി പറയുന്നതു് ശരിയല്ലെന്നു്. എന്നാൽ പ്രാദേശിക കാര്യങ്ങളിൽ പലതും രാജ്യവ്യാപകമായ താല്പര്യമുള്ളതായും കാണാൻ കഴിയും. ആ നിലയിൽ പ്രാദേശിക കാര്യങ്ങളെപ്പററി പറയാതിരിക്കുവാൻ കഴിയുകയില്ല. കൊല്ലത്തെ പ്രാദേശിക കാര്യങ്ങളെപ്പററി ആദ്യമായി ഞാൻ പറയണമെന്നു വിചാരിക്കുന്നു. അവിടത്തെ ഒരു അയേൺ ബ്രിഡ്ജ് വളരെ കാലമായി പഴക്കംചെന്നു് പൊളിഞ്ഞുപോകത്തക്ക നിലയിലായിരിക്കുന്നു എന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണു്. അതേപ്പററി അനേകം സംവത്സരങ്ങളായി ഗവമ്മെണ്ടിനെ അറിയിച്ചുകൊണ്ടിരിക്കയാണു്. പൊതുജന പ്രതിനിധികളും മുനിസിപ്പാലിററിയും ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. രണ്ടുമൂന്നു നിവേദനങ്ങളും നടത്തിയിട്ടുണ്ടു്. എന്നാണു് അവിടെ അപകടം ഉണ്ടാകുന്നതെന്നറിഞ്ഞുകൂടാ. അതിൽക്കൂടി ഹെവിവെഹിക്കിൾസും പോകുന്നുണ്ടു്. മുനിസിപ്പാലിററിയിൽനിന്നും അതേപ്പററി അടിയന്തിരമായി ശ്രദ്ധിക്കണമെന്നു കാണിച്ചു് എഴുതിയിട്ടുണ്ടായിരുന്നു. അതുകൊണ്ടു് കഴിയുന്നതും വേഗം അതിലേയ്ക്കു് വേണ്ടതു ചെയ്യണമെന്നു് ഞാൻ ആദ്യമായി ആവശ്യപ്പെടുന്നു.

രണ്ടാമതായി കൊല്ലത്തു് മലയാളം സ്കൂൾ ജംഗ്ഷനെ സംബന്ധിച്ചാണു് എനിക്കു പറയാനുള്ളതു്. അവിടെ ഇംഗ്ലീഷ് ഹൈസ്കൂളുണ്ടു്, മലയാളം സ്കൂളുണ്ടു്, കോടതികൾ ഉണ്ടു്. അവിടം ചെറിയതും വളരെ ഇടുങ്ങിയതുമായ ഒരു ജംഗ്ഷനാണു്. അവിടെ വളരെ അപകടങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. ഈ അടുത്ത കാലത്തു് അവിടെ ഒരു കാറ് മറെറാരു കാറുമായി കൂട്ടിമുട്ടി അപകടം ഉണ്ടായി. അവിടം വീതി കൂട്ടണമെന്നു് പൊതുജനപ്രതിനിധികളും മുനിസിപ്പാലിററിയും ഗവമ്മെണ്ടിനോടു് വളരെ കാലമായി ആവശ്യപ്പെടുകയുണ്ടായി, നിവേദനങ്ങൾ നടത്തുകയും ഉണ്ടായി. ഒരിക്കൽ അതിനു മന്ത്രി അവർകൾ മറുപടി പറഞ്ഞു എസ്റ്റിമെററ് തയ്യാറാക്കുന്നു എന്നു്. പിന്നീടു് അതേപ്പററി അന്വേഷിച്ചതിൽ അതു മുനിസിപ്പാലിററിയിൽനിന്നും വഹിക്കേണ്ട കാര്യമാണെന്നും പറയുകയുണ്ടായി. പിന്നെയൊരവസരത്തിൽ പറഞ്ഞു മുനിസിപ്പാലിററിയോടു് ഈ കാര്യത്തെപ്പററി എഴുതിചോദിച്ചിട്ടുണ്ടെന്നു്. അവരോടു് അന്വേഷിച്ചതിൽ അറിയുവാനിടയായതു്, എഴുതി അയച്ചതു് ശരിയാണെന്നും പക്ഷെ തങ്ങളെക്കൊണ്ടു് അതു നടത്തുവാൻ നിവൃത്തിയില്ലെന്നുമാണു്. ഇങ്ങനെ പ്രധാനപ്പെട്ട ഒരു കാര്യം അവതാളത്തിൽ ഇടുന്നതെന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. വളരെ സ്വാധീന ശക്തിയുള്ള സമീപസ്ഥരായ ആളുകളുടെ സ്വാധീനശക്തികൊണ്ടും അവരുടെ വസ്തുക്കൾ പോകേണ്ടിവരുമെന്നുള്ളതുകൊണ്ടും മാത്രമാണു് ഇക്കാര്യം ഇങ്ങനെ നീണ്ടുനീണ്ടുപോകുന്നതു്. ഉടനെതന്നെ ആ ജംഗ്ഷനു് വീതി കൂട്ടേണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണു്.

മൂന്നാമതായിട്ടു് എനിക്കു പറയുവാനുള്ളതു് പറവൂർ പൊഴിയിൽ ഒരു ചീപ്പിടുന്ന കാര്യത്തെപ്പററിയാണു്. വളരെക്കാലമായിട്ടു് ഇക്കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. അതിലേക്കായി ഒരു സ്പെഷലാഫീസറെ നിയമിച്ചിട്ടുമുണ്ടു്. ആ സ്പെഷലാഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അവിടെയുള്ള നിലങ്ങൾ വെള്ളപ്പൊക്കം മൂലവും മററും എപ്പോഴും നശിച്ചുപോവുകയാണു് പതിവു്. സ്പെഷലാഫീസറുടെ റിപ്പോർട്ടു വന്നിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചു് അവിടെ പ്രായോഗികമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ അതുടനെ ചെയ്തു് ഇതിന്നൊരു പരിഹാരമുണ്ടാക്കണമെന്നു് അപേക്ഷിക്കുന്നു.

(Sri. P. Kunjukrishnan)

അടുത്തതായി എനിക്കു പറയുവാനുള്ളതു് പെരിനാടും കൊല്ലവുമായി ബന്ധിപ്പിച്ചു് ഒരു പാലം പണിയേണ്ട അത്യാവശ്യകതയെപ്പററിയാണു്. ആശ്രമവും പെരിനാടുമായി ബന്ധിപ്പിക്കുന്ന തരത്തിൽ ഒരുപാലം പണിയുകയാണെങ്കിൽ വളരെ ചിലവുണ്ടാകുകയില്ല. കായലോരം വളരെ നികന്നു കിടക്കുകയാണു്. ഇക്കാര്യവും ഗവാർമ്മെണ്ടിൻെറ പ്രത്യേകശ്രദ്ധയിൽപ്പെടണമെന്നു് അപേക്ഷിക്കുന്നു.

വെളിനെല്ലൂരു്, കൊല്ലം, കൊട്ടാരക്കര, ചിറയിൻകീഴ് ഈ മൂന്നു താലൂക്കുകളേയും ബന്ധിക്കുന്നതായ ഒരു റയട്ടു്റോഡു് വെട്ടിയിട്ടുണ്ടു്. ആ റോഡു് ഏറെറടുക്കേണ്ട കാര്യത്തെക്കുറിച്ചു് ജനങ്ങൾ ഗവൺമെണ്ടിലേക്കു് നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. വളരെ പണിപ്പെട്ടുണ്ടാക്കിയിട്ടുള്ള ഒരു റോഡാണിതു്. അവിടെ പണിനടക്കുന്ന കാലത്തു് ഞാൻപോയി നോക്കിയിട്ടുണ്ടു്. ഒരു ദിവസം ൩൦൦ ആളുകളോളം നിന്നുജോലിചെയ്താണു് ആ റോഡു് വെട്ടിയിട്ടുള്ളതു്. ഈ റോഡിൻെറ കാര്യം ഗവമ്മെണ്ടു് ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

പൊതുവായി പറയുകയാണെങ്കിൽ രണ്ടുമൂന്നു കാരണങ്ങൾ കൊണ്ടാണു് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങൾ ഉണ്ടാകുന്നതു്. ഒന്നാമതു് തുകകൾ ലാപ്സായിപ്പോവുക എന്നുള്ളതു്. അതിനെക്കുറിച്ചു് കൂടുതലായി പറയേണ്ട ആവശ്യമില്ല. പിന്നൊന്നു് അനുവദിക്കുന്ന പണം പോലും ചിലവാക്കുന്നതു് പ്രയോജനമില്ലാതെ പോകുന്നു എന്നുള്ളതാണു്. ഒരു ഉദാഹരണം പറയാം. ഇത്തിക്കര ആയൂർ റോഡു് നന്നാക്കുന്നതിനു് പണം അനുവദിച്ചു. ഒരു മൈൽ മെററൽ ചെയ്യുന്നതിനു് ൪,൦൦൦ രൂപവരെ അനുവദിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്. എന്നാൽ അവിടെ മെററൽ ചെയ്യുന്നതു് ഏതു വിധത്തിലാണെന്നു് ചീഫ് ഇഞ്ചിനീയർതന്നെ ഉടനെ ഒന്നുപോയി നോക്കുന്നതു് വളരെ നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു. കുറെ ചരലും, മണ്ണും, ചവറും, മെററലും എല്ലാംകൂടെ കലർത്തി നാശമാക്കിയിട്ടിരിക്കയാണു് ചെയ്യുന്നതു്. കണ്ട്റാക്ടറന്മാര ചെയ്യുന്ന ഒരു കുഴപ്പമാണിതു്. ഇങ്ങനെ നാട്ടുകാരുടെ പണം വെറുതെ കളയുന്ന പരിതാപകരമായ അവസ്ഥ ചീഫ് ഇഞ്ചിനീയർതന്നെ ഒന്നുപോയി നേരിട്ടുകാണുവാൻ ഞാൻ താല്പര്യപ്പെടുന്നു. ഇതു് അവിടെ മാത്രം നടക്കുന്ന ഒരു കാര്യമല്ല, ഈ രാജ്യത്തു് പൊതുവെ പലയിടത്തും ഇങ്ങനെ നടക്കുന്നുണ്ടു്.

ഡിപ്പാർട്ടുമെണ്ടിനെപ്പററി പറയാവുള്ള മറെറാരാക്ഷേപം ഡിപ്പാർട്ടുമെണ്ടിലെ കീഴ്ദ്യോഗസ്ഥന്മാരും കണ്ട്റാക്ടറന്മാരുംകൂടി യോജിച്ചുകൊണ്ടു നടത്തുന്ന കൊള്ളയെ സംബന്ധിച്ചാണു്. ഡിപ്പാർട്ടുമെൻറിലെ കീഴ്ദ്യോഗസ്ഥന്മാർ അവരുടെ ശമ്പളത്തിനു് അതീതമായി വസ്തുക്കൾ സമ്പാദിക്കുന്നതും സ്വത്തുണ്ടാക്കുന്നതും സുഖജീവിതം നയിക്കുന്നതും എങ്ങനെയാണെന്നു് അന്വേഷിക്കേണ്ടതാണു്. പൊതുജനോപയോഗപ്രദമായ കാര്യങ്ങൾക്കു് നീക്കിവെക്കുന്ന തുകകൾ അക്കാര്യങ്ങൾക്കു വേണ്ടിത്തന്നെ പ്രയോജനപ്പെടുന്നുണ്ടോ എന്നു മനസ്സിലാക്കുന്നതിനു് ഇങ്ങനെ ഒരന്വേഷണം നടത്തുന്നതു് വളരെ സഹായകമായിരിക്കും. തുകകൾ കീഴ്ദ്യോഗസ്ഥന്മാരും കണ്ട്റാക്ടറന്മാരുംകൂടി യോജിച്ചുകൊണ്ടു് കൊള്ളയടിക്കുന്ന രീതിയെ തടയുന്നതിനു് കർശനമായ നടപടികൾ എടുക്കേണ്ടതാണു്. ഇതു് ഇപ്പോഴത്തെ ചീഫ് ഇഞ്ചിനീയർ വന്നതിനുശേഷംമാത്രം ഉണ്ടായിട്ടുള്ള ഒരു കാര്യമല്ല. വളരെക്കാലമായി ഈ ഏർപ്പാടു് ഇവിടെ നടന്നുകൊണ്ടിരിക്കയാണു്. ഇക്കാര്യങ്ങളിലെല്ലാം ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എം. വറുഗീസ്: സർ, ഈ രാജ്യത്തുള്ള റോഡുകൾ സാധാരണ വേണ്ടവിധത്തിലല്ല സംരക്ഷിക്കപ്പെടുന്നതെന്നും നമുക്ക് വേണ്ടിടത്തോളം റോഡുകൾ ഇവിടെ ഇല്ല എന്നുമുള്ള കാര്യത്തെപ്പററി എനിക്കു മുമ്പായി ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരുംതന്നെ പറഞ്ഞുകഴിഞ്ഞു. അത്യാവശ്യമായ കാര്യങ്ങൾ അതിൻെറ അടിയന്തിരാവസ്ഥ മനസിലാക്കി ഗവമ്മെണ്ട് ചെയ്യുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യാഗവമ്മെണ്ടിൽനിന്നും ഒരുകോടിയിൽ ചില്വാനം രൂപ ഭക്ഷ്യോല്പാദന വദ്ധനവിനുള്ള പദ്ധതികൾക്കായി ഈ ഗവമ്മെണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആ സംഖ്യയിൽ നല്ലൊരുഭാഗം ചെലവുചെയ്യാതെ ഇന്നും ബാക്കി കിടപ്പുണ്ടെന്നാണ് അറിയുന്നത്. സർ, ഭക്ഷ്യകാര്യത്തിൽ ഈ രാജ്യം ഇന്നു വളരെ നിസ്സഹായാവസ്ഥയിൽ കിടക്കുകയാണെന്ന് ഈ സഭയിലെ പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രസംഗിച്ചു കേട്ടിട്ടുണ്ട്. കാര്യം പരമാത്ഥവുമാണ്. ഈ അടിയന്തിരാവസ്ഥയെ നേരിടുന്നതിന് അടിയന്തിരമായ നടപടികൾ ഗവമ്മെണ്ട് സ്വീകരിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. കേന്ദ്രത്തിൽനിന്നും നമുക്ക് ലഭിച്ച സംഖ്യ ചിലവാക്കുന്നതിനു പുറമെ നമ്മുടെ ഗവമ്മെണ്ടിനും കഴിവുള്ള ഒരു തുക ഇതിലേക്ക് ചിലവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കാമായിരുന്നു. എന്നാൽ അതൊന്നും ചെയ്തിട്ടില്ല. ഭക്ഷ്യോല്പാദന വദ്ധനവിനായി സ്വീകരിച്ചിട്ടുള്ള പല പദ്ധതികളും വളരെ സാവധാനത്തിൽ ഉദാസീനമായ മട്ടിൽ നടന്നുപോരുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാതെ കിടക്കുകയാണ്. അടിയന്തിരമായ കാര്യങ്ങൾ അടിയന്തിര നടപടികൾ സ്വീകരിച്ചുതന്നെ എളുപ്പത്തിൽചെയ്യുന്ന ഒരു നയം ഗവമ്മെണ്ട് സ്വീകരിക്കാതെ നിവൃത്തിയില്ല. ജമ്മു—പത്താൻകോട്ട റോഡ് മൂന്നുകോടി രൂപ ചിലവാക്കി മൂന്നുമാസംകൊണ്ടാണ് ഇന്ത്യാഗവമ്മെണ്ട് തീർത്തിട്ടുള്ളത്. കഴിഞ്ഞ യുദ്ധകാലത്ത് ഇരുമ്പിന് ക്ഷാമമുണ്ടായപ്പോൾ ബക്കിങ്ങ്ഹാം കൊട്ടാരത്തിന് ചുററുമുള്ള ഇരുമ്പുവേലികൾ പൊളിച്ചെടുത്താണ് ബ്രിട്ടീഷ് ഗവമ്മെണ്ട് ആ ആവശ്യം നിവ്വഹിച്ചത്. ഭക്ഷണകാര്യത്തിൽ അങ്ങിനെ ഒരു അടിയന്തിരാവസ്ഥ ഇവിടെ ഇല്ലേ എന്നു ഞാൻ ചോദിക്കുന്നു. കേന്ദ്രത്തിൽനിന്നും നമുക്ക് അനുവദിച്ചുതന്ന തുകക്ക് പുറമെ ആവശ്യമുള്ള തുക നമ്മുടെ രാജ്യത്തുനിന്നുകൂടി എടുത്ത് എന്തുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കിയില്ല.

റോഡുകളെപ്പററിയും ഞാൻ അല്പം പറഞ്ഞുകൊള്ളട്ടെ. ഈ രാജ്യത്തെ റോഡുകളുടെസ്ഥിതി മനസിലാക്കണമെങ്കിൽ മററു രാജ്യങ്ങളിലെ സ്ഥിതി എന്താണെന്നുകൂടി നാം നോക്കണം. അമേരിക്കയിൽ ഒരു ലക്ഷം ആളുകൾക്ക് രണ്ടായിരത്തി അഞ്ഞൂറു മൈൽ റോഡുണ്ട്. ഫ്രാൻസിൽ തൊള്ളായിരത്തി മുപ്പത്തിനാലു മൈൽ റോഡും ഇംഗ്ലണ്ടിൽ ൩൪൨ മൈൽ റോഡും, ജമ്മനിയിൽ ൨൦൦ മൈൽ റോഡും, ഇന്ത്യയിൽ ൮൯ മൈൽ റോഡുമാണുള്ളത്. ഇൻഡ്യയിൽതന്നെ ശരാശരി ഒരു ലക്ഷം ആളുകൾക്ക് ൮൯ മൈൽ റോഡുള്ളപ്പോൾ തിരു-കൊച്ചിയിൽ വെറും ൧൮ മൈൽ റോഡുമാത്രമാണുള്ളത്. തിരു-കൊച്ചിയെ മാത്രമെടുത്താൻതന്നെ ദക്ഷിണ തിരുവിതാംകൂറിൽ ഉള്ളതിനെ അപേക്ഷിച്ച് വളരെ കുറച്ചു റോഡുകളേ ഉത്തര തിരുവിതാംകൂറിലുള്ളു. ഉള്ള റോഡുകളെല്ലാം വളരെ ശോച്യമായ നിലയിലുമാണ്. ഈ റോഡുകളെ സംബന്ധിച്ചിടത്തോളം പൊതുവേ നാം എന്തു നയമാണ് സ്വീകരിക്കേണ്ടതു് എന്ന് തീച്ചയായും ആലോചിക്കേണ്ടതാണ്. ഗവമ്മെണ്ടിൽനിന്നും ഓരോ താലൂക്കിലും വക്ക്സ് കമ്മററികൾ രൂപീകരിച്ചിട്ടുണ്ട്. ഈ വക്ക്സ് കമ്മററിയുടെ

[Sri. P. M. Verghese]

നിർദ്ദേശങ്ങൾ എത്രമാത്രം സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നും അവ സ്വീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും ഉള്ളതിനെപ്പററി ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പ്രസ്താവിച്ചുകേട്ടു. സർ, പ്രാദേശികമായ കാര്യങ്ങളെപ്പററി ഇവിടെ യാതൊന്നും പറയാൻ പാടില്ലെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ഈ രാജ്യത്തുനിന്നും കയററി അയക്കുന്ന കൊപ്രാ, ചുക്ക്, കുരുമുളക് മുതലായ സാധനങ്ങൾ നിമിത്തം ഇന്ത്യാഗവമ്മെണ്ടിന് നല്ല ആദായമുണ്ടെന്നും ധാരാളം ഡാളർ സമ്പാദിക്കാൻ കഴിയുന്നുണ്ടെന്നും അതുകൊണ്ട് ഈ രാജ്യത്തിന് കേന്ദ്രത്തിൽനിന്നും പ്രത്യേകമായ ആനുകൂല്യങ്ങൾ ലഭിക്കണമെന്നും വാദിക്കുന്നുണ്ട്. അതേസമയത്ത് ഞാൻ ഒരു വാദം ഉന്നയിക്കുന്നു. തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുകളിലാണ് കുരുമുളക്, ചുക്ക്, റബ്ബർ, ഏലം തുടങ്ങിയുള്ള ഉൽപ്പന്നങ്ങളും മററു മലഞ്ചരക്കുകളും ധാരാളമായുള്ളത്. ആ താലൂക്കുകളിൽത്തന്നെയാണ് തീരെ ഗതാഗതസൌകര്യം ഇല്ലാതെ കിടക്കുന്നതും. അതിനെപ്പററി പ്രത്യേകമായി ഞാൻ എടുത്തു പറയുകയാണെങ്കിൽ എൻെറ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ അതു പ്രാദേശികമായ ഒരു വാദമായിരുപ്പാകും. ഈ രാജ്യത്തുനിന്നും ധാരാളം ലാഭം കേന്ദ്രത്തിന് കിട്ടുന്നുണ്ട് എന്നുള്ള അടിസ്ഥാനത്തിൽ ഈ രാജ്യത്തേക്ക് പ്രത്യേക ആനുകൂല്യങ്ങൾ വേണമെന്ന് നാം ഇന്ത്യാഗവമ്മെണ്ടിനോട് വാദിക്കുന്നത് ഒരു പ്രാദേശിക വാദമല്ലെങ്കിൽ ഈ ഉല്പന്നങ്ങൾ ധാരാളമുണ്ടാകുന്ന തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുകൾക്ക് പ്രത്യേകമായിട്ടല്ലെങ്കിലും മററു താലൂക്കുകളോടു കാണിക്കുന്ന പോലുള്ള ആനുകൂല്യങ്ങളെങ്കിലും നൽകണമെന്ന് വാദിക്കുന്നത് എങ്ങിനെയാണ് പ്രാദേശികവാദം ആകുന്നതെന്ന് എനിക്കു മനസിലാകുന്നില്ല. എതായാലും സമയം അധികമില്ലാത്തതുകൊണ്ട് ആ ഭാഗങ്ങളുടെ കാര്യം ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. എം. വർഗ്ഗീസിൻെറ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. പ്രാദേശികമായിട്ട്, അതാതുസ്ഥലങ്ങളിലുള്ള വരവിനനുസരണമായിട്ട് ആ ഭാഗങ്ങളിൽ ചെലവുചെയ്യണമെന്നുള്ള ആശയം സ്വീകരിക്കത്തക്കതല്ല. ചില പ്രദേശങ്ങളിൽ വരവു വളരെ കുറവായിരിക്കും. ആ കാരണം കൊണ്ട് ആ പ്രദേശത്തെ പാടെ അവഗണിച്ചു പ്രവർത്തിക്കുക എന്നു പറയുന്നത് ഒട്ടും ശരിയല്ല. പൊതുവായി രാജ്യത്തിൻെറ താല്പര്യങ്ങളേയും ജനക്ഷേമത്തേയും ലക്ഷ്യമാക്കിയാണ് ഗവമ്മെണ്ട് പണം വ്യയം ചെയ്യേണ്ടത്. ഒരു ഭാഗത്തു കൂടുതൽ മുതലെടുപ്പുണ്ടെന്നു കരുതി ആ ഭാഗത്തെ സുഖസൌകര്യങ്ങൾ മാത്രം വർദ്ധിപ്പിക്കാമെന്നു വിചാരിക്കുകയാണെങ്കിൽ അതിനേക്കാൾ അപകടകരമായി മറെറാന്നില്ല. എല്ലാ ജനവിഭാഗങ്ങളേയും സമഭാവനയോടെ വീക്ഷിച്ചുകൊണ്ടും രാജ്യത്തെ എല്ലാജനങ്ങളുടേയും സുഖസൌകര്യങ്ങളെ മുൻനിർത്തിക്കൊണ്ടും പ്രവർത്തിക്കുന്ന ഒരു നയമാണ് ഗവമ്മെണ്ടിനുണ്ടായിരിക്കേണ്ടതു്. അല്ലെങ്കിൽ രാജ്യരക്ഷയും ജനക്ഷേമവും അപകടത്തിലാകുന്നതാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: കേന്ദ്രഗവമ്മെണ്ടിനോടുള്ള നമ്മുടെ വാദം ശരിയാണോ?

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: നാം തെരഞ്ഞെടുത്തയച്ചിട്ടുള്ള ഏഴ് മെമ്പറന്മാർ അവിടെ ഉണ്ടല്ലോ. നമ്മുടെ മന്ത്രിമാരുടെ പിൻതുണയോടുകൂടി

അവർ നമ്മുടെ ആവശ്യങ്ങൾ അവിടെ ഉന്നയിച്ചു വാദിക്കുമ്പോൾ അതെല്ലാം സാധിച്ചുകിട്ടാതിരിക്കയില്ല എന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. എം. വർഗ്ഗീസ്: അങ്ങിനെ വാദിക്കുന്നതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ശരിയാണോ, തെറ്റാണോ എന്നാണ് ഞാൻ ചോദിക്കുന്നതു് ?

ശ്രീ. തയ്യുതുകുഞ്ഞിതൊമ്മൻ: എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞതു്.

അതുകൊണ്ടു് രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഉള്ള റോഡുകൾ നന്നാക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടിന്റെ സമഭാവനയോടുകൂടിയ ദൃഷ്ടി പതിയണം. ചില ഭാഗങ്ങളെ അവഗണിക്കുന്നു എന്നുള്ള ആക്ഷേപത്തിനു ഒരിക്കലും ഇടയാകരുതു്. ഇപ്പോൾ ഗതാഗതസൌകര്യം ധാരാളമുള്ള സമുദ്ര തീരപ്രദേശത്തുകൂടി റയിൽവേ കൊണ്ടുപോകുന്നതായി അറിയുന്നു. യാത്രാസൌകര്യം ഉള്ള സ്ഥലത്തു് റയിൽവേയും, നാഷ്ണൽ ഹൈവേയും മററും കൊണ്ടുവന്നു് കൂടുതൽ സൗകര്യങ്ങൾ നൽകുന്നു. എന്നാൽ മലംപ്രദേശങ്ങളിൽ യാതൊരു യാത്രാസൗകര്യങ്ങളും ചെയ്യുവാൻ ഗവമ്മെണ്ടു് ഉത്സാഹിക്കുന്നില്ല. അവിടെയുള്ള റോഡുകളിൽ വർഷകാലത്തു് വെള്ളം നിറഞ്ഞുകിടക്കുന്നു. വേനൽക്കാലത്തു് ആ വെള്ളം മുഴുവൻ വററിപ്പോകുന്നു. ഇപ്പോൾ പ്രധാനമായ റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുകയാണ്. കുണ്ടും കുഴിയുമായി കിടക്കുന്ന ഈ റോഡുകളിൽകൂടി ബസ്സുകൾ ഓടുമ്പോൾ റോഡുകൾ നിലവിളിക്കുന്നതുപോലെ കിടുകിട എന്ന ശബ്ദം കേൾക്കാവുന്നതാണ്. യാത്രക്കാർക്കു ഈ ശബ്ദഘോഷങ്ങൾ കൊണ്ടു് വളരെ ഭീതിയുണ്ടാകുന്നുണ്ടെന്നു് എനിക്കു തോന്നുന്നു. നമ്മുടെ ജനകീയഭരണത്തെ ജനങ്ങൾ ആക്ഷേപിക്കുന്നതിനുവേണ്ടിയാണോ ഈ റോഡുകളെ ഇങ്ങനെ ഇട്ടിരിക്കുന്നതു് എന്നു് ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് പുതുതായി റോഡുകൾ ഉണ്ടാക്കിയില്ലെങ്കിലും ഉള്ള റോഡുകൾ എല്ലാം കുണ്ടും കുഴിയും ഇല്ലാത്തതാക്കിത്തീർത്തു് ഈ അപകടങ്ങളെ തടയുവാൻ ഗവമ്മെണ്ടു് ഉടനെ ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. റോഡുകളെല്ലാം നന്നാക്കി ധാരാളം വണ്ടികൾ ഇട്ടു് യാത്രാസൌകര്യം വർദ്ധിപ്പിക്കണം. ധാരാളം ബസ്സുകൾ ഇടാൻ ഗവമ്മെണ്ടിനു സാദ്ധ്യമല്ലെങ്കിൽ പ്രൈവററു് ഏജൻസിക്കു് ലൈസൻസ് കൊടുത്തു് അവരെ കൊണ്ടു് ബസ്സുകൾ ധാരാളം ഇടുവിക്കണം. അങ്ങനെ ധാരാളം ബസ്സുകൾ ഇട്ടു് ഓവർലോഡ് നമ്മുടെ രാജ്യത്തുനിന്നു ദൂരീകരിക്കണം. എന്നാൽ മാത്രമേ ഈ രാജ്യത്തിനുതന്നെ രക്ഷയുള്ളു. പ്രൈവററു് ഏജൻസികൾക്കു് ലൈസൻസു് കൊടുത്തു് ബസ്സുകൾ ഓടിക്കുന്നതായാൽ യാതൊരു അപകടവും ഇവിടെ ഉണ്ടാകുവാൻ പോകുന്നില്ല. അതുകൊണ്ടു് ഇന്നുള്ള യാത്രാക്ലേശങ്ങളെ ദൂരീകരിക്കുന്നതിനായി റോഡുകൾ എല്ലാം നന്നാക്കണമെന്നും വാഹനങ്ങൾ ധാരാളമായി ആ റോഡുകളിൽ എല്ലാം ഓടിക്കുന്നതിനു് ഗവമ്മെണ്ടിനു് സാദ്ധ്യമല്ലെങ്കിൽ അതിനു പ്രൈവററു ഏജൻസികൾക്കു് ലൈസൻസുകൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഇതു ഗവമ്മെണ്ടു ചെയ്യാത്തപക്ഷം അതു് ജനകീയഭരണത്തിനു ഒരു കളങ്കമായിത്തീരുന്നതാണ്. ഓരോ പ്രദേശത്തേയും കാര്യങ്ങൾ ദേശീയകാര്യങ്ങളായി ഉൾപ്പെടുത്താവുന്നതാണു്. ഓരോ പ്രദേശങ്ങളും കൂടിയതാണ് ദേശം എന്നുള്ളതു്. അതുകൊണ്ടു് നാട്ടിൽ എവിടെയൊക്കെ റോഡുകൾ മോശമായിക്കിടക്കുന്നുവോ ആ റോഡുകൾ എല്ലാം നന്നാക്കേണ്ടതു് ഒരു ദേശീയകാര്യമാണ്. ഒരു പ്രദേശത്തു ഒരു റോഡുണ്ടെങ്കിൽ, യാത്രാസൌകര്യം ഉണ്ടെങ്കിൽ, അതു് അനുഭവിക്കുന്നതു് ആ സ്ഥലത്തുള്ള ആളുകൾ മാത്രമല്ലാ രാജ്യത്തുള്ള മററാളുകളും അതിന്റെ ഗുണം അനുഭവിക്കുന്നുണ്ടു്. പട്ടണത്തിൽ

[Sir. Thariath Kunji Thomman]

നല്ല റോഡുകൾ ഉണ്ടെങ്കിൽ അതിന്റെ ഗുണം പട്ടണത്തിൽ ഉള്ളവർ മാത്രമല്ല പട്ടണത്തിനു പുറത്തുള്ള ആളുകളും അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു ഞാൻ പറയുന്നതു് രാജ്യത്തെ പ്രധാനപ്പെട്ട റോഡുകൾ എല്ലാം നന്നാക്കണമാണ്. ഈ രാജ്യത്തിന്റെ വടക്കെ അററത്തുനിന്നു് ഭാരതപ്പുഴമുതൽ തെക്കോട്ടു് കന്യാകുമാരിവരെയുള്ള റോഡുകൾ എല്ലാം ഉടനെ നന്നാക്കിച്ചു് രാജ്യത്തു് സഞ്ചാരസൌകര്യം വർദ്ധിപ്പിക്കണമെന്നു് പൊതുജനങ്ങളുടെ നാമത്തിൽ ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: சர், இந்த பட்ஜெற்றில் சிவில் ஒர்க்ஸ்-க்கு இரண்டு கோடி ரூபாய் ஒதுக்கியிருப்பதாகக் காணப்படுகிறது. இந்த இரண்டுகோடி ரூபாய் எதற்காக ஒதுக்கப்பட்டிருக்கிறது என்று தெரியவில்லை. இந்த இலாகாவை தற்போது தலைமை வகிக்கும் சீப் எஞ்சினியர் இருக்கும் வரையில் இந்த நாட்டிற்கு யாதொரு பிரயோசனமும் ஏற்படாது. நந்தன்போகும் இடமெல்லாம் நந்தி குறுக்கிடுவதுபோல் இந்த சீப் எஞ்சினியர் குறுக்கிடுகிறார். எங்களுக்கு வடக்கே இருந்து கிழக்கு வரையில் ரோடுகள் வேண்டுமென்று சொல்லவில்லை. நாங்கள் கிருஷிகர்கள். எங்களுக்கு ஐம்பது (Ryots Roads) கிருஷிக்கு ஆவசியமான ரோடுகள் வேண்டுமென்று தான் சொல்கிறேன். இந்த ரோடுகளை நீங்கள் தந்தால் ஒவ்வொரு வருஷமும் ஆயிரக்கணக்கான ரூபாய் லாபம் இந்த நாட்டிற்குக் கிடைக்கும். சர், Appendices to the Detailed Budget Estimates 1951—52-ல் Works in page 11-ல் item 164—Opening of a road from 1/5 Neyyoor Hospital to Athi Vila என்றிருக்கிறது. சர், கல்குளம் தாலூகா ஒர்க்ஸ் கம்மிற்றி சிபார்சு செய்யாத இந்த ஐட்டம் இந்த பட்ஜெற்றில் சேர்க்கப்பட்டிருக்கிறது. இது ஜனங்கள் கண்களில் மண்ணை வாரிப் போடுகிறது போலிருக்கிறது. சர், காரணம் தக்கலையில் சங்கரன் தம்பி என்ற ஒரு செக்ஷன் ஆபீசர் இருக்கிறார். அவர் எந்தவிதமான தகருருகள் உண்டாக்கினாலும், அவைகளை இந்த சீப் எஞ்சினியரிடம் சொல்லியும் அவைகளை இவர் கேட்கத்தயாரில்லை. செக்ஷன் ஆபீசர் எஸ்டிமேட்டுகளை எப்படி சிபார்சு செய்கிறாரோ அதேபோல் சீப் எஞ்சினியரும், சர்க்காரும் சாங்ஷன் செய்கிறது. இவர் ஸ்ரீ. எலங்கத் அவர்களுக்கும், இந்த சீப் எஞ்சினியருக்கும் ஒரு உறவினர் என்று தோன்றுகிறது. இவர் ஒரு Anti-Nadar. சர், திருவிதாங்கூரில் பிறந்த தமிழர்களாகிய நாடார்களுக்கு உத்தியோகமோ, அல்லது ரோடுகளோ வேண்டுமென்று கேட்டால் அவர்களைக் கொன்றுவிட வேண்டுமென்று சொல்கிறார்கள்.

சர், நான் கேட்கிறேன், அட்டைக்குளத்தை இந்த டிப்பார்ட்மென்றிலிருந்து ஏதாவது ஒரு ஆபீசர் பார்த்திருக்கிறாரா என்று. இல்லை. சர், இந்த அட்டக்குளத்திட்டத்தை ஆரம்பித்து முடித்துத் தந்தால் சுமார் 500 ஏக்கரில் நெற்கிருஷி செய்யலாமென்று சொல்லியும் இதுவரையில் ஒன்றும் செய்ததாகக் காணவில்லை. இந்த ஜனநாயகத்தில் மந்திரியாயிருக்கிறவர்களாவது இதை வந்து பார்க்கிறார்களா? அவர்களும் போய் பார்க்கவில்லை. உதகியோகஸ்தர்களிடம் கேட்டால் அவர்கள் பார்க்காமலே it is not feasible என்று சொல்கிறார்கள். கள்ளத்தனமாக சீப் எஞ்சினியர் எங்களது முன்னேற்றத்தை தடைபடுத்துகிறார்.

Mr. Speaker: That language is objectionable. Does the member use it with reference to the officer mentioned, or generally? Does it refer to the whole of mankind? (Laughter).

Sri. A. Chidambaranatha Nadar: Yes. *(Renewed Laughter).* சர், நான் ஒருவரையும் குறிப்பிட்டுக் கூறவில்லை. கழிந்த 7½ மாத பட்ஜெற்றில் Improvements to Roads என்ற ஐட்டத்தில் சேர்க்கப்பட்டவைகளெல்லாம் ஏட்டுச்சுரக்காய் கறிக்கு உதவாது என்றது போல் ஆய்விட்டன. Appendices to the Detailed Budget Estimates, 1951—52—Page 30-ல் new works ல் 147-ம் ஐட்டம் Improvements to the Road from Ethumboly Police Station to Rajakamangalam to 8/3 Rajakamangalam-Eraniel Road என்றிருக்கின்றன. சர், இந்த ஈத்தாமொழி—ராஜக்கமங்கலம் ரோட்டைப்பற்றி பல தடவைகள் பல அதிகாரிகளிடமும் சொல்லியும் யாதொரு பிரயோசனமும் உண்டாகவில்லை. இந்த கோடூல் ஒரு பாலம் கட்டப்பட்டிருந்தது. அது தற்போது உடைந்து, தகர்ந்திருக்கிறது. அந்தப் பாலத்தை மீண்டும் கட்டித்தரவோ, அல்லது சரியாக ரிப்பேர் செய்யவோ இந்த சீப் எஞ்சினியரிடம் எவ்வளவோ சொல்லியும் அவருக்கு மனம் வரவில்லை. இந்தமாதிரி எல்லா அதிகாரிகளுமிருப்பார்களானால் இந்த மந்திரிசபை நெடுநாள் நிற்காது என்று சொல்லிக்கொள்கிறேன். நேற்று நண்பர் ஜி. ஸ்ரீதர் கடுவை வாட ரோட்டைப் பற்றி சொன்னார். அதை நாங்களே வெட்டித்தருகிறோம் என்றும் சொன்னார்கள். சர், இந்த ரோட்டை வெட்டித்தந்தால் திருநெல்வேலிக்கும் திருவிதாங்கூருக்கும் ஒரு நல்ல ரோடு பாதை ஏற்படும் என்று சொல்லிக் கொள்கிறேன்.

ശ്രീ. എൻ. വി. ചാക്കോ: സർ, കുറെ നാളുകളായിട്ട് തിരുവിതാംകൂറിലെ റോഡുകൾക്കും പാലങ്ങൾക്കുമെല്ലാം സാധാരണയിൽ കവിഞ്ഞ കേടുവന്നുകൊണ്ടിരിക്കുകയാണ്. പാലങ്ങൾക്കും, റോഡുകൾക്കും, കലുങ്കുകൾക്കും മററും സാധാരണമായി കേടു സംഭവിക്കുന്നതിനുള്ള കാരണം എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. അത് കണ്ടുപിടിക്കുന്നതിനു ഞാൻ ചില ചോദ്യങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിനു ഇതേവരെ ഉത്തരം കിട്ടുകയുണ്ടായിട്ടില്ല. പതിവായി കേടുപാടുകൾ പോക്കിക്കൊണ്ടിരിക്കാത്തതുകൊണ്ടാണോ അതോ ആ വക ജോലികൾ ശരിക്കു ചെയ്യാത്തതുകൊണ്ടാണോ ഇങ്ങനെ വരുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. പതിവിൽ കവിഞ്ഞ കേടുവരുന്നത് ശരിക്കു ഗവണ്മെണ്ട് അവ നന്നാക്കാത്തതുകൊണ്ടല്ലെങ്കിൽ വാഹനഗതാഗതം വളരെ കൂടുതലായി വർദ്ധിച്ചതുകൊണ്ടുമായിരിക്കാം. ആലുവായിൽനിന്നു വേങ്ങോല മൂവാററുപുഴയ്ക്കുള്ള റോഡു എക്സിക്യൂട്ടീവ് എൻജിനീയരാപ്പീസ്സിന്റെ കൺമുമ്പിൽ കൂടിയുള്ളതാണ്. എറണാകുളത്തുനിന്ന് കിഴക്കമ്പലം വഴി മൂവാററുപുഴയ്ക്കും റോഡുണ്ട്. ഇവരണ്ടും വളരെ പ്രധാന റോഡുകളാണെങ്കിലും വളരെ നാളായി വളരെ മോശമായി കിടക്കുന്നു. അങ്ങനെയുള്ള റോഡുകളിൽ ഓവർലോഡ് എത്രയും കുറവായിരിക്കുകയാണ് നല്ലത്. ഓവർലോഡ് ഇല്ലെങ്കിൽ വല്ലാതെ കുഴങ്ങുകയും, ആളുകൾക്കും വണ്ടികൾക്കും കേടുപാററുകയും ചെയ്യും. അതുകൊണ്ട് ചീത്ത റോഡുകളെ സംബന്ധിച്ചിടത്തോളം ഓവർലോഡ് കഴിയുന്നതും കുറയ്ക്കുകയല്ല കൂട്ടുകയാണ് വേണ്ടത്. മൂവാററുപുഴനിന്ന് പെരുമ്പാവൂർ വഴി ആലുവായ്ക്കും പുത്തൻകുരിശുവഴി എറണാകുളത്തേയ്ക്കുമുള്ള റോഡുകൾ ദേശീയമാക്കിയതുകൊണ്ട് പ്രൈവററുബസ്സു സർവ്വീസ്സുകാർക്ക് സങ്കടം ഉണ്ടായിരുന്നോ അ

[Sri .N. V.Chacko]

ല്ലെങ്കിൽ അതിനു പരിഹാരം ഉണ്ടായിക്കഴിഞ്ഞിട്ടില്ലേയെന്നു എനിക്കു് അറിഞ്ഞുകൂടാ. ഏതായാലും മേല്പറഞ്ഞ രണ്ടു ലൈനുകളിൽ കൂടി പ്രൈവററ ബസ്സ് സർവ്വീസ് അനുവദിച്ചിട്ടുള്ളതു് ജനങ്ങൾക്കു് വളരെ അനുഗ്രഹപ്രദമാണു്. ഈ രണ്ടു റോഡുകളും വളരെ മോശമായിട്ടുള്ള നിലയിലാണു് കിടക്കുന്നതു്. ആലുവായിൽ എക്സിക്യൂട്ടീവ് ഇൻജനീയർ ആഫീസ് ഉണ്ടായിരുന്നകാലത്തു് അവരുടെ മൂക്കിനുതാഴെക്കൂടിയായിരുന്ന ഒരുറോഡുപോയിരുന്നതു്. എന്നാൽ ആ റോഡുനന്നാക്കുന്നതിനു് അവർ അശേഷം ശ്രദ്ധപതിച്ചിരുന്നില്ല. റോഡ് മുതലായവ ഉണ്ടാക്കുന്നതിനൊ, നന്നാക്കുന്നതിനോ ഗവമ്മെണ്ടിനൊ, ചീഫ് ഇൻജനീയർക്കോ വല്ല നിവേദനങ്ങളോ മററോ കൊടുത്തുപോയാൽ എന്തിനു് ആ കാര്യത്തിനു് മുകളിലേയ്ക്കുപോയി എന്നു താഴെയുള്ളവർ പരിഭവിക്കും. താഴെ നിന്നു നടപടി തുടങ്ങിക്കുന്നതു് ജനങ്ങൾക്കു കൂടുതൽ പ്രയാസമായിട്ടുള്ളതാണു്. വല്ല കൺട്രാക്കുറന്മാരുടെ ഉത്സാഹം മൂലമോ മററോ നടപടികൾ താഴെനിന്നെടുത്തു മുകളിലേയ്ക്കു പോകുകയാണെങ്കിൽ അവ അനുവദിച്ചുകിട്ടുന്നതിനു വളരെ കാലതാമസമുണ്ടായിയെന്നുവരാം.

മൂവാററുപുഴ ആറിൽനിന്നു അയ്യൂരനാട്ടു് പൂത്തൃക്ക മുതലായ സ്ഥലങ്ങളിലേയ്ക്കു് ഗവമ്മെണ്ടു് ഒരു ലിഫ്ററു് ഇറിഗേഷൻ പദ്ധതി പ്ലാൻ ചെയ്തിട്ടുള്ളതായി അറിയുന്നു. എന്നാൽ തോടും മററും എതാനും വെട്ടിയതിനുശേഷം ആദ്യത്തെ പ്ലാൻ അനുസരിച്ചു മുഴവൻ പണിയും നടത്തുന്നില്ലെന്നു കേൾക്കുന്നു. അതു വല്ല കൺട്രാക്കർമാരുടെ അഭിപ്രായമോ അസൌകര്യങ്ങളോ അനുസരിച്ചാണെങ്കിൽ വളരെ പരിതാപകരമാണു്. ആദ്യപ്ലാൻ അനുസരിച്ചു് മുഴവൻ ജോലിയും തുടർച്ചയായി നടത്തേണ്ടതാണു്. കോട്ടയത്തുനിന്നും എറണാകുളത്തേയ്ക്കു് പിറവം കൂടി പോകുന്ന റോഡിൽ കമ്പപ്പിള്ളിപാലം പണിയാൻ തുടങ്ങിയിരിക്കുന്നതിൽ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു. ആ പാലം മൺ ഇവ-നു് മുമ്പു് പണിതു തീർക്കുമെന്നു ആശിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ റോഡുകളും മററും വളരെ കുറവാണു്. ഉള്ള റോഡുകൾതന്നെ നല്ലനിലയിലല്ല കിടക്കുന്നതു്. ഗവമ്മെണ്ടു സഹായത്തോടുകൂടി ജനങ്ങൾ പണിയിച്ചു ഗവമ്മെണ്ടിലേയ്ക്കു വിട്ടുകൊടുത്ത കെട്ടിടങ്ങൾക്കും മററും ഗവമ്മെണ്ടിന്റെ വീതം പണം നിഷ്പ്രയാസം കൊടുക്കുന്നതിനു ദയവുണ്ടാകണം. അടുത്തയിടയായി റോഡുകൾക്കും പാലങ്ങൾക്കും, കലുങ്കുകൾക്കും മററു ഗതാഗതസൌകര്യങ്ങൾക്കും വേണ്ടി ഗവമ്മെണ്ടു് കഴിയുന്നിടത്തോളം പണം ചെലവാക്കുകയും ഉത്സാഹമായി പണി നടത്തുകയും ചെയ്തുവരുന്നുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. റോഡിന്റെയും മററും നില മുമ്പിലത്തേക്കാൾ അഭിവൃദ്ധിപ്പെട്ടുവന്നുകൊണ്ടിരിക്കുന്നു എന്നു് സംസ്ഥാനത്തു സഞ്ചരിക്കുന്നവക്കെല്ലാം അറിയാവുന്ന കാര്യമാണു്. മാത്രമല്ല, ഗവമ്മെണ്ടിന്റെ ഉദ്ദേശവും ലക്ഷ്യവും അതാണെന്നുള്ളതു് ബഡ്ജററിൽനിന്നും നമുക്കു് മനസ്സിലാക്കാവുന്നതാണു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, കുന്നംകുളം മുൻസിപ്പാലിററിയിലുള്ള റോഡുകൾ നന്നാക്കുന്നതിനെപ്പററി സംസാരിക്കുവാനാണു് ഞാനും ഉപക്ഷേപം അയച്ചതു്. കുന്നംകുളം മുനിസിപ്പാലിററിയിലെ റോഡുകൾ ഒഴിച്ചു് മററ എല്ലാ മുനിസിപ്പാലിററികളിലും ഉള്ള ഏതാനും റോഡുകൾ എങ്കിലും Concrete ഇട്ടു നന്നാക്കുന്നതിനുള്ള പ്രൊവിഷൻ ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. തൃശ്ശൂർ മുനിസിപ്പാലിററിയിലും ചിററൂർ മുനിസിപ്പാലിററിയിലും ഉള്ള എല്ലാ റോഡുകളും കാൺക്രീററ ചെയ്തില്ലെങ്കിലുംകുറെ റോഡുകൾ കാൺക്രീ

ററ ചെയ്തിട്ടുണ്ട്. അതുകൊണ്ട് കുന്നംകുളം മുനിസിപ്പാലിററി അതൃത്തിയിലുള്ള ഗുരുവായൂർ ഷൊർണ്ണൂർ റോഡ് എങ്കിലും കാൺക്രീററചെയ്യേണ്ടതാണ്. ഈ കാര്യത്തിൽ ഗവൺമെണ്ടിൻെറ ശ്രദ്ധയെ ക്ഷണിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, എൻെറ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ചില റോഡുകളുടെയും പാലങ്ങളുടെയും കാര്യം പറയാമെന്നു വിചാരിക്കുന്നു. ഒന്നാമതായി എനിക്കു പറയുവാനുള്ളത് അമ്പലപ്പുഴ തിരുവല്ലാ റോഡിനെപ്പററിയാണ്. അത് ഇപ്പോൾ ഇടത്വായിൽനിന്നു തകഴിവരെ നികത്തി റോഡിൻെറ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതു തീർന്നാൽ കോഴഞ്ചേരി, പത്തനംതിട്ട, റാന്നി, കോന്നി, മുതലായ സ്ഥലങ്ങളിലേക്കും സമുദ്രതീരത്തുനിന്നും പോകുന്നതിനു സൗകര്യം ഉണ്ടാകുന്നതാണ്. ഇപ്പോൾ തിരുവല്ലാ, ചങ്ങനാശേരി മുതലായ പ്രദേശങ്ങളിൽനിന്നും അമ്പലപ്പുഴയ്ക്കും ആലപ്പുഴയ്ക്കും മററും പോകണമെങ്കിൽ മാവേലിക്കര, ഹരിപ്പാട്, തോട്ടപ്പള്ളി മുതലായ പ്രദേശങ്ങൾ ചുററി നാല്പത്തഞ്ചു മൈൽ കൂടുതൽ സഞ്ചരിച്ചാൽ മാത്രമെ സാധിക്കുകയുള്ളു. ഞാൻ ഈ പറയുന്നതു് പ്രാദേശികമായ കാര്യമൊന്നുമല്ല. രാജ്യത്തിൻെറ ഗതാഗതത്തിനുതന്നെ ഏററവും പ്രാധാന്യമുള്ള ഒരു റോഡാണു ഇതു്. ഗവൺമെണ്ടു ഈ റോഡിൻെറ നിർമ്മാണത്തെപ്പററി കൂടക്കൂടെ പറയാറുള്ളതു് സാമ്പത്തിക വിഷമത്തെപ്പററിയാണ്. ഇങ്ങനെയുള്ള റോഡുകൾ ഗവൺമെണ്ടുതന്നെ ചിലവിട്ടു നിർമ്മിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. എന്നാലും ഞാൻ പറയുന്നു, ഈ റോഡിനെ സംബന്ധിച്ചു ഗവൺമെണ്ടിനു പണം ഇല്ലെന്നു പറഞ്ഞാൽ ഉള്ളിടത്തോളം പണം തരിക, ബാക്കിയുള്ള പണം ഞങ്ങൾ ഉണ്ടാക്കാമെന്നു. ഏതായാലും പണമില്ലെന്നുംപറഞ്ഞു മാററിവയ്ക്കാവുന്ന ഒരു കാര്യമല്ല ഇതു്.

മറെറാന്നു്, കോഴഞ്ചേരി തുമ്പമൺ റോഡാണ്. ഈ റോഡു ഇപ്പോഴും ഉണ്ടു്. എന്നാൽ രാമൻചിറയിൽ ഈ റോഡിനു ഒരു കുഴിയും ഒരു വളവും ഉണ്ടു്. അതു് തീർക്കുവാനായി പൊന്നുംവിലക്കു സ്ഥലമെടുത്തുകഴിഞ്ഞിട്ടു നാൾ കുറെ അധികമായി എങ്കിലും ഇതുവരെ ഈ റോഡിൻെറ വളവു തീർത്തു് ശരിപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വളരെ പ്രാധാന്യമുള്ള ഒരു റോഡാണിതു്. ഈ കാര്യത്തിൽ ഗവൺമെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗവൺമെൻറിനു കഴിവുള്ള പണം ഇതിലേക്കു ചിലവുചെയ്താൽ മതി. ബാക്കിയുള്ളതു് ജനങ്ങൾ ചിലവാക്കുന്നതാണ്.

മൂന്നാമത്തേതു് കിടങ്ങന്നൂർ–മെഴുവേലി റോഡിനെപ്പററിയാണ്. ഈ റോഡിനായി ഈയാണ്ടിൽ ൫,൦൧൦ രൂപാ അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ആണ്ടോടാണ്ടു ഗവൺമെണ്ടു അനുവദിക്കുന്ന പണം ലാപ്സാക്കി കളയുന്നതായിട്ടാണു കണ്ടുവരുന്നതു്. ഈ നയം ഏററവും അനാശാസ്യമാണെന്നു പറയാതെ തരമില്ല. അനുവദിക്കുന്ന തുക മുഴുവൻ ചെലവാക്കി പണികൾ നടത്തുവാനുള്ള പ്രാപ്തി ഇല്ലാത്ത ഉദ്യോഗസ്ഥന്മാരെ ഡിപ്പാർട്ടുമെണ്ടിൽനിന്നും മാറേറണ്ടതാണ്. ഈയാണ്ടിൽ ഈ റോഡിനു അനുവദിച്ച പണമെങ്കിലും ലാപ്സാക്കി കളയാതെ ഇരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

Sri. Kalathil Velayudhan Nayar : Sir, the hon'ble member is bringing to the notice of the Hon'ble Minister very important and urgent proposals for being carried out. I doubt whether attention is paid by the Hon'ble Minister concerned to what is said here.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കേട്ടിട്ടില്ലെന്നാണ് എനിക്കും തോന്നുന്നതു്.

Sri. Kalathil Velayudhan Nayar: Two or three concrete suggestions were referred to by the hon'ble Member and I have strong doubts whether the Minister concerned heard them.

Sri. C. Kesavan: I have noted what the hon'ble Member said just now. I will reply to that during the course of my remarks.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്തതായി ആറൻമുള–പന്തളം റോഡിനെ പററിയാണ് എനിക്കു പറയുവാനുള്ളതു്. ഈ റോഡിൽ കുറെ സ്ഥലം ഒട്ടുംതന്നെ സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ കിടക്കുകയാണ്. ഏററവും നിസ്സാരമായ ഒരു തുക ചെലവാക്കാമെങ്കിൽ ഈ റോഡ് വളരെ എളുപ്പം സഞ്ചാരയോഗ്യമാക്കി തീർക്കാം.

സർ, ഈ സംസ്ഥാനത്തു് പല സ്ഥലങ്ങളിലും ചങ്ങാടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. കഴിവുള്ളിടത്തോളം അവിടെയെല്ലാം പാലം കെട്ടി കൊടുക്കേണ്ടതു് അത്യാവശ്യമാണ്. അതിലേക്കു സുനിശ്ചിതമായ ഒരു പദ്ധതി ഗവമ്മെണ്ടിനു ഉണ്ടെന്നു തോന്നുന്നില്ല. ഉള്ള ചങ്ങാടങ്ങൾതന്നെ ശരിയായ നിലയിലല്ല നടത്തുന്നതു്. ചങ്ങാടങ്ങളിൽ പലതിലും കമ്പി ഇട്ടിട്ടില്ല. അങ്ങനെ കമ്പി ഇല്ലാത്തതുകൊണ്ടു ബസ്സുകളും ലോറികളും കാറുകളും പലപ്പോഴും വെള്ളത്തിൽ പോകുന്നുണ്ടു്.

ശ്രീ. മന്ദത്തു പത്മനാഭപിള്ള: ഒരു ദൃഷ്ടാന്തം പറയാമോ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്ത ഒരു ദിവസം എനിക്കുതന്നെ ആ അനുഭവം ഉണ്ടായി. ചങ്ങാടത്തിൽ കമ്പി ഇല്ലാതിരുന്നതുകൊണ്ടു് കാർ വെള്ളത്തിൽപോയി. ഇതുപോലെ പല സ്ഥലങ്ങളിലുമുള്ള ചങ്ങാടത്തിൽ കമ്പിയില്ല. അതുകൊണ്ടു പല അപകടങ്ങളും ഉണ്ടാകുന്നുണ്ടു്. ഇക്കാര്യത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇനി എനിക്കു് ചില പാലങ്ങളെപ്പററിയാണു പറയുവാനുള്ളതു്. ആദ്യമായി കൊല്ലക്കടവിലെ പാലത്തെപ്പററി തന്നെ പറയാം. പാലത്തിൻെറ പണി തുടങ്ങിയിട്ടു് നാലഞ്ചുകൊല്ലമായി. ഇക്കൊല്ലം രണ്ടു കാലുകൾകൂടി നീട്ടിയിട്ടുണ്ടു്. വേണമെങ്കിൽ ഈയാണ്ടിൽതന്നെ ആ പാലത്തിൻെറ പണി തീർക്കാവുന്നതാണ്. അതുപോലെ പാലക്കുഴ, മാന്നാർ, ഈരേററുപുരം എന്നീ സ്ഥലങ്ങളിൽ പാലങ്ങൾക്കായി കുറെ തുക ചെലവാക്കി കഴിഞ്ഞു. ഇവിടെ പാലങ്ങളില്ലാത്തതുകൊണ്ടു പലവിധ ക്ലേശങ്ങൾ ജനങ്ങൾ അനുഭവിച്ചുവരുന്നു. ധാരാളം ആളുകൾ വള്ളംമുങ്ങി മരിക്കുന്നതിനുപോലും ഇടവരുന്നുണ്ടു്. അതുകൊണ്ടു് ഈ പാലം പണികളുടെ കാര്യത്തിൽ കാലതാമസം ഒട്ടുംതന്നെ വരാതെയിരുന്നാൽ കൊള്ളാം.

ഗവമ്മെണ്ടു ഇപ്പോൾ വർക്സ് കമ്മിററി എന്നു പറയുന്ന കമ്മിററികളെ ഉടനെ പിരിച്ചുവിടേണ്ടതാണ്. ആ കമ്മിററികളെ ഇനിയും വച്ചുകൊണ്ടിരിക്കുന്നതു് ഗവമ്മെണ്ടിനു ആക്ഷേപകരമാണ്. ഓരോ സ്ഥലത്തേക്കും അത്യാവശ്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നു് അറിഞ്ഞു ഗവമ്മെണ്ടിലേക്കു ശുപാർശ ചെയ്യുവാൻ വേണ്ടിയാണ് ഈ കമ്മിററികൾ ഏർപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ ഏററവും ആക്ഷേപകരമായ ഒരു നിലയാണ് ഇപ്പോൾ ഈ കമ്മിററി കാണിക്കുന്നതു്. ആളുകളുടെ അഭിപ്രായം ആരായാതെ അവർക്കു തോന്നിയപോലെ ഗവമ്മെണ്ടിലേക്കു ശുപാർശചെയ്യുന്ന ഒരു നടപടിയാണ് ഇപ്പോൾ

സ്വീകരിച്ചു കാണുന്നതു്. അതുകൊണ്ടു എത്രയും വേഗത്തിൽ ഈ കമ്മിററിയെ പിരിച്ചുവിടണമെന്നാണു് എന്റെ അഭിപ്രായം. അല്ലാത്തപക്ഷം ഓരോ സ്ഥലത്തേയും ആവശ്യങ്ങൾ മനസ്സിലാക്കി അതിലേക്കു് കാലാനുസൃതമായ പദ്ധതികൾ രൂപീകരിച്ചു ഗവമ്മെൻറിനെക്കൊണ്ടു് പ്രവർത്തിപ്പിക്കത്തക്ക പ്രവർത്തന പരിപാടികൾ ഈ കമ്മിററി തുടങ്ങേണ്ടതാണു്.

ഒന്നുരണ്ടു സംഗതികൾകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. മുളക്കുഴ—ഇടവന്നൂർ, റോഡു് മൂന്നു മൈൽ ദൂരമേ ഉള്ളൂ. മെയിൻറനൻസ് ഒന്നും നടത്താതെ ഇപ്പോൾ ആ റോഡു് ഉപയോഗശൂന്യമായി കിടക്കുകയാണു്. ഗവമ്മെണ്ടിനെക്കൊണ്ടു് കഴിയുന്ന സംഖ്യ തരുന്നപക്ഷം ബാക്കിയുള്ള സംഖ്യ സ്ഥലവാസികൾതന്നെ ഉണ്ടാക്കി ഈ പണി നടത്തുന്നതാണു്.

സർ, ശ്രീ. പി. എം. വറുഗീസ് പറഞ്ഞതുപോലെ തിരുവല്ലാ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഒന്നോ രണ്ടോ റോഡുകളൊഴിച്ചു ബാക്കിയുള്ള എല്ലാ റോഡുകളും മിക്കവാറും അവിടത്തെ ജനങ്ങൾതന്നെ പണം ചെലവുചെയ്തു ഉണ്ടാക്കിയിട്ടുള്ളതാണെന്നു് ഗവമ്മെണ്ടുകൂടി സ്മരിക്കേണ്ടതാണു്.

ஸ்ரீ. கேபரியல் நாடார்: சர், ஆண்டோடாண்டு திருவிதாங்கூர்-கொச்சி சர்க்காருக்கு உணவுபொருளுக்காக ஏழுகோடி ரூபாய் நஷ்டம் வந்துகொண்டிருக்கிறதென்று நேற்று நடந்த வாதபிரதிவாத வேளையில் வெளியானதே, இது மிகவும் வருத்தத்தோடு இந்த சர்க்கார் நேரிடவேண்டிய ஒரு காரியமாகும். மேலும் நமது நாட்டில் உண்டாக்கிவரும் உணவுபொருட்கள் இந்நாட்டின் அவசியத்தின் 50 % க்கு போதுமானதல்ல என்றறிவது மிகவும் கவனிக்கவேண்டிய விஷயமே. இநதக் காரியத்தில் முன்கையெடுத்து சரியான முயற்சி செய்ய வேண்டியது பி. டபிளியு. இலாகாவின் கடமையாகும். இந்த இலாகாவிற்கு மாத்திரந்தான் இதற்கு சரியான உதவி செய்ய முடியும். உணவுபொருள் உற்பத்தி அதிகரித்தல் இந்த இலாகாவின் முக்கிய நோக்கமாக இருக்கவேண்டும்.

தென் திருவிதாங்கூரில் நாஞ்சிநாடும் அதோடுதொட்ட தாலுகாக்களும் நெல்பயிருக்கும், உற்பத்திக்கும் மிகவும் ஏற்ற இடங்களாகும் என்பதற்கு எதிரபிப்பிராயமேயில்லை. இந்த இடங்களுக்கு போதுமான தண்ணீர் இருந்தபோதிலும் அவைகளை சரியாக பயன்படுத்தி பயிர் கரிந்து போகாமல் பாதுகாக்கவேண்டுமென்று நீர் பாசன திட்டங்கள் போன்ற போதுமான ஆதரவு சர்க்கார் அளிக்கக் காணவில்லை.

The House adjourned at 1 p.m. and re-assembled at 2 p.m. with Mr. Deputy Speaker in the Chair.

ஸ்ரீ. கேபரியல் நாடார்: சர், கோதையார் பிராஜக்ட் எக்ஸ்டன்ஷனில் திற்பரப்பு ஆர். பி. சானல் நீட்டுவதில் சில தகராறுகள் நடந்துகொண்டு வருகிறது. அதன் காரணமாக கழிந்த ஆறுமாத காலங்களாக சொல்லத்தக்க யாதொருஜோலியும் திற்பரப்பு ஆர். பி. சானலில் நடக்கவில்லை. அதன் காரணம் யாதென்று இலாகா தலைவரவர்கள் வெகு ஜாக்கிரதையாக ஆராய்ந்தறிந்து உடனடி பரிகரிக்க வேண்டுகிறேன்.

கழிந்த மார்ச் மாதம் முதல் தியதியன்று முன்பிருந்த முக்கிய மந்திரி கனம் டி. கெ. நாராயணபிள்ளை அவர்கள் குழித்துறை றெஸ்ட் ஹௌஸில் விஜயம் செய்தனர். அப்போது அவ்வூர் ஜனங்களும், நாங்களும் ஒரு டெப்புட்டேஷனாகச்சென்று தண்ணீர் கஷ்டத்தினால் வந்த பெரும் து

[Sri. Gaberial Nadar]

யரத்தையும் நஷ்டத்தையும் எடுத்துரைத்து, மெமோறியல் சமர்பித்தோம். திற்பரப்பு கால் நீட்டுதல், குலசேகரம் பட்டணம்—குறும்பனைகால் வெட்டுதல், லிப்டு இறிகேஷன் ஏற்படுத்துதல் முதலிய காரியங்களை விரிவாக கூறினோம். அதற்கு அவர்கள் திற்பரப்பு சானலில் 2 மைல் நீட்டுவதற்கு உத்தரவளிக்கலாமென்றும், குலசேகரம்—பட்டணம்—குறும்பனைக்கால் திட்டம் உடன் அமுலுக்கு கொண்டுவர முயற்சி செய்யலாமென்றும் வாக்களித்தார்கள். இன்று வருடம் ஒன்று கழிந்திருக்கின்றது.

பட்டணம் கால் திட்டமானது பேச்சிப்பாறை எல். பி. சானலில் குலசேகரத்திலிருந்து துவக்கி குறைந்த நீளத்திலும் மிகுந்த உயரத்திலும் விளவங்கோடு, கல்குளம் தாலுகாக்களின் வறண்ட பிரதேசங்களோடே பட்டணம், குறும்பனை முதலான கடலோரதேசங்களில் சென்று அப்பிரதேசங்களில் தண்ணீர் வசதியளித்து நெல் உற்பத்தி அதிகரிக்க மிகுந்த பலன் அளிக்கக்கூடியது. இதனால் விளவங்கோடு கல்குளம் தாலுகாக்களில் ஆக உத்தேசம் இருபத்தையாயிரம் ஏக்கர் ஸ்தலத்திற்கு தண்ணீர் வசதி அளித்து இருப்பூ நெல்கிருஷி செய்ய முடியும். இதில் ஆண்டோடாண்டு பூ தோறும் கரிந்து நஷ்டப்படும் 7000 ஏக்கர் பழ நிலங்களும், பதினெண்ணாயிரம் ஏக்கர் பூமியை புதிய நிலங்களாகத்திருத்தி, நெல் பயிர் செய்தலும் உட்படுகிறது.

இந்தத் திட்டம் விளவங்கோடு தாலுகா உணவு உற்பத்திக் கம்மற்றி ஒப்புக்கொண்டு, பி. டபிளியு. டிப்பார்ட்மெண்டினால் ஆரம்பரிப்போர்டு கொடுக்கப்பட்டு, அவர்களால் தானே இன்வஸ்டிகேஷன் பூர்த்தியாக்கப்பட்டு, முடிந்து, ஏறக்குறைய இரண்டு மாதங்கள் கழிந்தன. இதுபரியந்தம் றிப்போர்ட் சர்க்காரிடம் கொடுக்கப்படவில்லை என்றறிகிறேன். உடனடி வேண்டிய காரியங்கள் நடத்தி, சானலை வெகு சீக்கிரத்தில் வெட்டித்தரும்படி கேட்டுக்கொள்கிறேன்.

இந்த திட்டத்தோடு இணைக்கப்பட்ட ஒரு திட்டமான விள்த்தறை லிப்ட் இறிகேஷனுக்காக அடியந்திரமான ஜோலிகள் நடத்தப்படவில்லை என்றிருக்க இந்த பட்ஜெட்டில் எழுபத்திஐயாயிரம் ரூபாய் ஒதுக்கி வைத்திருப்பதை துடர்ந்து முழு துகைக்கும் அனுமதிகொடுத்து கூடிய முயற்சியுடன் உடன் நடை முறையில் கொண்டுவரக் கேட்டுக்கொள்கிறேன்.

அடுத்தாக குளங்கள் விருத்தி செய்வதையிட்டு இரண்டு வார்த்தை கூறிக்கொள்கிறேன். இப்போது ஒரு definite programme இல்லாமல் மனம் போனவாறு குளங்களை ஆங்காங்கு விருத்திசெய்து அடுத்த மழையில் ஸில்டினால் நிரத்தப்பட்டு நஷ்டப்பட்டு போகின்றது. அவைகள் ஒரு நிச்சித Programme படி சீர்திருத்தி கிருஷிகரிடம் சுமதலைப்படுத்தி ஸில்டினால் நிரந்துபோகாதபடி பாதுகாப்பதற்கு ஏற்பாடுகள் செய்யப்படவேண்டுமென்று கேட்டுக் கொள்கிறேன்.

முடிவாக ரோடு காரியங்களில் தென் திருவிதாங்கூரில் சரியான கவனம் செலுத்தப்படவில்லை. அவைகள் கவனிக்கப்படவேண்டும். பி. டபிளியு. இலாகா முன் மந்திரி கனம் இலங்கத் அவர்கள் இந்தயிடத்தை வந்து பார்த்து புதுக்கடை—கொல்லங்கோடு ரோடும், குழிவிளை— நம்பாளி ரோடும் கூடிய சீக்கிரம் விருத்திசெய்து பூர்த்தியாக்கலாமென்று சொன்னார்கள்.

இரண்டோ மூன்றோ கலுங்குகள் மாத்திரம் இதுபரியந்தம் இந்த ரோடுகளில் செய்யப்பட்டிருக்கின்றது. இவைகளில் மிகுந்த கவனம் செலுத்தி முன் கூறியுள்ள பல்லா ஜோலிகளையும் கூடிய சீக்கிரம் பூர்த்தி செய்யவேண்டுமென்று கேட்டுக்கொண்டு எனது சிற்றுரையை முடித்துக்கொள்கிறேன்.

ஸ்ரீ. டி. பொன்னையா: சர், இங்கே பல அங்கத்தினர்களும் ரோடுகளைப் பற்றி பேசினார்கள். சுசீந்திரம் என்பது தென் திருவிதாங்கூரில் ஒரு முக்கியமான ஸ்தலம். இவ்வூர் பாலத்திலிருந்து போகிற இரண்டரை பர்லாங்கு நீளமுள்ள ஒரு ரோடு இருக்கிறது. இந்த ரோடை பழுது பார்க்க வருஷா வருஷம் 160 ரூபாய் அனுவதிக்கப்படுகிறது. இத்தொகையை அங்குள்ள டிப்பார்ட்மென்டார் எப்படிச் செலவு செய்கிறார்களென்றால், பழுது பார்ப்பதற்காக கல்லடித்து, கற்குவியலை அளவு எடுத்த பிறகு அந்தக் கற்குவியல் மாயமாக மறைந்து விடுகிறது. ரோடும் சரியான முறையில் பழுதுபார்க்கப்படுவதுமில்லை. அங்குள்ள அதிகாரிகள், அந்த ரோடின் பக்கத்திலுள்ள மண்ணைத் தோண்டிப்போட்டுவிட்டு போகிறார்கள். ஆற்றில் வெள்ளப்பெருக்கின்போது, தண்ணீர் கரையை உடைத்து ரோடில் பாய்கிறது. மேலும் இந்த ரோடின் கீழுள்ள மண்ணை ஜனங்கள் தங்களது உபயோகத்துக்காக எடுத்துக்கொண்டு போகிறார்கள். டிப்பார்மென்டார் இதைப் பார்த்துக் கொண்டிருந்தும் ஒன்றும் செய்ய வில்லை. இனிமேல் ஆற்றில் ஒரு வெள்ளப்பெருக்கு ஏற்படுமானால், இந்த ரோடையே எடுத்துக்கொண்டு போய்விடும். இந்த ரோடானது அந்தப் பக்கத்திலுள்ள கிருஷிக்கு ஒரு அணைக்கட்டுபோல் இருக்கிறது. இதை செய்து முடித்துக்கொடுக்க அகஸ்தீஸ்வரம் தாலுகா ஒர்க்க் கம்மிற்றியும் சிபார்சு செய்திருந்தது. இந்த ரோடின் இரண்டாவது பர்லாங்கின் அற்றத்தைப் பார்த்தால் சமீபத்தில் ஏற்பட்ட வெள்ளப்பெருக்கினால் அந்த பாகத்தையே எடுத்துக்கொண்டு போகப்பட்டிருக்கிறது. இதனால் உறம் கொண்டு போவதற்கும், நெல் கொண்டுவருவதற்கும் வசதியில்லாமலிருக்கிறது. மழைத் தண்ணீர் கரையை எடுத்துக்கொண்டு போயிற்று. அதைப் பழுது பார்க்க வேறு எங்கேயிருந்து தொகை அனுமதிக்கப் போகிறீர்கள்? டிப்பார்ட்மென்டார் வருஷா வருஷம் கொஞ்சம் களி மண்ணை போட்டுவிட்டுப் போகிறார்கள்.

சர், ரெவினியூ டிப்பார்ட்மென்டிலிருந்து பாவங்களுக்கு வீடுகள்கட்டி கொடுத்தும் பிரயோசனமில்லை. மேலும் இந்தப்பணம் நியாயமான முறையில் செலவு செய்யப்பட்டிருக்கிறதா என்பதைப் பார்க்க பிரதான மந்திரியிடம் முறையிடுகிறேன். கறையான்குழி என்ற யிடத்தில் ஏழைகளுக்கு வீடு கட்ட பன்னீரெண்டாயிரம் ரூபாய் அனுமதித்திருக்கிறது. இந்தப் பணம் சரியானமுறையில் செலவுசெய்யப்படவில்லை. ஸ்ரீ. குஞ்சுராமன் மந்திரியாயிருக்கும்போது, அவரை வரச்சொல்லி, நான் இந்த இடத்திற்குக் கூட்டிக்கொண்டு போனேன். ஆனால் அவர் இதை சரியான முறையில் பார்வையிடவில்லை. அவர் வருவதற்குப் பயந்தார். அதனால் கனம் முதல் மந்திரியவர்கள் கனியாகுமாரிக்குப் போகும்போது சௌகரியமாயிருக்குமானால் அந்த யிடத்திற்குப் போய் விசாரணை செய்தால் தெரியவரும். சமுதாயத்தலைவர்கள் என்று சொல்லிக்கொள்ளும் சில சுயநலமிகளுக்கு அனுசரணையாக காரியங்கள் நடந்து வருகிறது. ஆல்வாய்

[Sri. D. Ponniah]

மொழியில் 22 வீடுகள் கட்டப்பட்டிருக்கின்றன. அந்த வீடுகள் பணக்காரர்களுக்கு கட்டிக்கொடுக்கப்பட்டிருக்கின்றனவே யொழிய ஏழைகளுக்கல்ல. இதைப்பற்றி நான் எத்தனையோ தடவை அரசாங்கத்தின் கவனத்திற்குக் கொண்டுவந்திருக்கிறேன். என்னைப் போலுள்ளவர்களுக்கு வெளியில் தலைதூக்கி நடக்கமுடியவில்லை. ஏதோ சிலர் சமுதாயத் தலைவர்கள் என்று சொல்லி சர்க்காரை ஏய்த்து வருகிறார்கள். அவர்கள் சொல்வது போல் காரியங்கள் நடந்திருக்கின்றன. நாங்கள் ஏதோ ஒரு இயக்கக் கூட்டத்தைச் சார்ந்தவர்களென்றும், இச்சுய நலமிகள் பிரசாரம் செய்கிறார்கள். நாங்கள் ஒரு இயக்கத்தையும் சேர்ந்தவர்களல்ல.

சர், தோவாளை தாலூகாவிலுள்ள ஆரல்வாய்மொழி காலனியைப் பற்றி விசாரணைசெய்து, அதிலுள்ள குற்றங்குறைகளைத் தீர்த்துத்தரக் கேட்டுக்கொள்கிறேன்.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ: നിശ്ചിതമായ ഒരു പ്ലാൻ ഇല്ലാത്തതുകൊണ്ടു് പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന പല ഡിപ്പാൎട്ടുമെന്റുകളെപ്പോലെയുള്ള ഒരു ഡിപ്പാൎട്ടുമെന്റാണ് ഈ മരാമത്തു ഡിപ്പാർട്ടുമെന്റ്. ജനകീയ ഗവമ്മെന്റ് അധികാരത്തിൽ വന്നിട്ട് ഏകദേശം ൩ കൊല്ലത്തോളമായിട്ടുണ്ടു്. നിശ്ചിതമായ ഒരു പരിപാടി ഉണ്ടായിരുന്നുവെങ്കിൽ ഒന്നുരണ്ടു ദിവസമായി ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ ഗവമ്മെന്റിനു കേൾക്കാതിരിക്കാൻ കഴിയുമായിരുന്നു. എന്റെ പല മാന്യ സ്നേഹിതന്മാരും ഗ്രാമീണ റോഡുകളെപ്പററി പല ആരോപണങ്ങളും ഉന്നയിക്കയുണ്ടായി. ഈ റോഡുകളെ സംബന്ധിച്ചു് അതാതു സ്ഥലങ്ങളിലെ പൊതുജനങ്ങൾ സ്വന്തം പ്രയത്നത്താൽ ചിലതൊക്കെ ചെയ്തിട്ടുണ്ടു്. എന്നാൽ അവയെ ഏറെറടുക്കുന്നതിനും സംരക്ഷിക്കുന്നതിനും ഗവമ്മെന്റിനു യാതൊരു പദ്ധതിയുമില്ല. അതുകൊണ്ടു് മേലാലെങ്കിലും ഈവിധ ആരോപണങ്ങൾക്കു് ഇടകൊടുക്കാതെ നിശ്ചിതമായ ഒരു പ്ലാനോടുകൂടി പ്രവൎത്തിക്കണമെന്നു് എനിക്കൊരപേക്ഷയുണ്ടു്. എന്റെ മാന്യ സ്നേഹിതൻ മി. തമ്പിയോടു് തികഞ്ഞ ബഹുമാനത്തോടുകൂടിയാണു് ഞാൻ പറയുന്നതു, ഗവമ്മെന്റിൽനിന്നും ചില വലിയ മരാമത്തു ജോലികൾ തുടങ്ങുകയും അതു് ഇടക്കുവെച്ചു് നിറുത്തുന്ന ഒരു സമ്പ്രദായം ഗവമ്മെണ്ടു് അംഗീകരിച്ചു വരുന്നതായി കാണുകയും ചെയ്യുന്നുവെന്നു്. ആലപ്പുഴ, ചേൎത്തല തോടു് വെട്ടുന്നതിനായിട്ടു് ഗവമ്മെന്റ് ഒരന്വേഷണക്കമ്മിററിയെ നിയമിക്കയും ആ കമ്മിററിയുടെ ശുപാൎശയനുസരിച്ചു് പെട്ടെന്നു് ഉത്തരവു പാസ്സാക്കി തോടിന്റെ കുറെ ജോലി ആരംഭിക്കുകയും പെട്ടെന്നു് അതു് അവിടെവെച്ചു് നിറുത്തുകയുംചെയ്തു. ജോലി തുടൎന്നുകൊണ്ടു പോകാത്തതിനെപ്പററി കഴിഞ്ഞ നിയമസഭയിലും അതിനു മുൻപിലത്തെ നിയമസഭയിലും ഞാനും എന്റെ മൂന്നുനാലു സ്നേഹിതന്മാരും ചോദ്യങ്ങൾ ചോദിക്കയും മററുംചെയ്തു. അതിന്റെ ഫലമായി ഏകദേശം ൧൫ മൈൽ നീളമുള്ള ഈ തോട്ടിന്റെ ഇരുവശങ്ങളിലുമുള്ള വൃക്ഷങ്ങൾ മുഴവനും നശിപ്പിക്കയും തൻമൂലം അവിടങ്ങളിൽ കൃഷിചെയ്യാൻകൂടി നിവൃത്തിയില്ലാത്തവിധം ആക്കിത്തീൎക്കുകയും ചെയ്തതല്ലാതെ ഗവമ്മെന്റ് മറെറാന്നും ചെയ്തില്ല. ഗവമ്മെന്റ് വാഗ്ദാനം ചെയ്യുന്ന എല്ലാ കാൎയ്യവും ചെയ്യാൻ സാധിക്കയില്ലെങ്കിലും ചെയ്യുന്ന കാൎയ്യം എത്രയുംവേഗം പൂൎത്തിയാക്കുന്നതിനു് ശ്രദ്ധിക്കേണ്ടതാണു്.

ഭക്ഷ്യവികസനപദ്ധതിയെ സംബന്ധിച്ചും ഇവിടെ ചില വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു വലിയ തുകയാണ് ഈ ആവശ്യത്തിലേക്ക് ചിലവാക്കുന്നതെന്ന് ഭക്ഷ്യമന്ത്രി പ്രസ്താവിച്ചു. പക്ഷെ അതു മുഴുവൻ ചിലവായിട്ടില്ലെന്നും വലിയ ഒരു സംഖ്യ ഇനിയും ചെലവാക്കാനുണ്ടെന്നും ഇദ്ദേഹം പ്രസ്താവിച്ചു. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം അനേകായിരംപറ നിലങ്ങൾ ഈ പ്രാവശ്യം മട വീണുപോയിട്ടുള്ളതായി കാണാവുന്നതാണ്. അതിനുള്ള പ്രധാന കാരണം വരമ്പ് ശരിയായി കെട്ടുന്നതിന് കൃഷിക്കാർക്ക് സാധിക്കാത്തതുകൊണ്ടാണ്. എല്ലാവർഷവും കൃഷിക്കാർ വലിയ വരമ്പുകൾ കെട്ടേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ദുർബലമായ വരമ്പുകൾ കെട്ടുന്നതുകൊണ്ടാണ് ഇങ്ങനെ കൂടക്കൂടെ മടവീണുകൊണ്ടിരിക്കുന്നതു്. ഗ്രോമോർഫുഡ് ഇനത്തിൽ വലിയ തുക ശേഖരിച്ചിരിക്കുന്നതു് ഫലപ്രദമായി വരത്തക്കവിധത്തിൽ നാം പരിശ്രമം നടത്തേണ്ടതാണ്. ഇന്ന് കുട്ടനാട്ടിലുള്ള സാധാരണക്കാരും, കർഷകരും, തൊഴിലാളികളും പരിശ്രമിച്ചതിന്റെ ഫലമായി നെല്ലുവിളവ് വർദ്ധിപ്പിക്കാനുള്ള പല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. തീരപ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായി ഉല്പാദനം ഉണ്ടാകത്തക്കവിധത്തിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കുറച്ചു സ്ഥലങ്ങൾ ഇനിയും ഡ്രെഡ്ജർ ഉപയോഗിച്ച് ചിറകെട്ടേണ്ടതായിട്ടുണ്ട്. ഗവമ്മെന്റിന്റെ സഹായമുണ്ടെങ്കിൽ ഉപയോഗശൂന്യമായി, അതായതു് ഈയാവശ്യത്തിനുപയോഗിക്കാതെ എവിടെയോ കൊണ്ടിട്ടിരിക്കുന്ന ഏഴെട്ട് ഡ്രെഡ്ജറുകൾ അവിടെ കൊണ്ടുവന്ന് ചിറകെട്ടുന്നതിന് സഹായിക്കുകയാണെങ്കിൽ മേലാൽ മട വീഴാതിരിക്കുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള: ഡ്രെഡ്ജറുകൾ എവിടെ കൊണ്ടിട്ടിരിക്കയാണ്?

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഏതായാലും കുട്ടനാട്ടിലെ കൃഷിയാവശ്യത്തിന് ലഭിച്ചിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്.

ശ്രീ. ജോസഫ് മാത്തൻ: പി. ഡബ്ലിയു. ഡി. യെപ്പറ്റി സംസാരിക്കുമ്പോൾ ഒരു ഗ്രന്ഥരൂപത്തിൽതന്നെ പറയുവാനുള്ള കാര്യങ്ങൾ ഇന്നത്തെ പ്രവർത്തനരീതിയിൽ അടങ്ങിയിട്ടുണ്ട് എന്നാണു ഞാൻ വിശ്വസിക്കുന്നതു്. അല്ലാതെ അഞ്ചോ പത്തോ മിനിട്ടുകൊണ്ട് ഈ കാര്യങ്ങൾ ഗവമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുവെച്ചാൽ അതു് സാദ്ധ്യമല്ല. കൂടാതെ പ്രാദേശികമായിട്ടുള്ള കാര്യങ്ങൾ സംസാരിക്കുന്നതുതന്നെ അധഃപതിക്കുവാനുള്ള ഒരു ലക്ഷണമാണെന്നാണ് മി. ബാലകൃഷ്ണൻ തമ്പിയും അദ്ദേഹത്തെപ്പോലുള്ളവരും അഭിപ്രായപ്പെടുന്നതു്. മന്ത്രിമന്ദിരങ്ങളും മണിമേടകളും എല്ലാം കേറിയിറങ്ങി അദ്ദേഹത്തിന്റെ മനസ്സ് കുളത്തിരിക്കുമ്പോൾ ഗ്രാമങ്ങളെപ്പറ്റി സംസാരിക്കുന്നതിനെ ഒരു പുച്ഛസ്വരത്തിൽ അദ്ദേഹം വീക്ഷിക്കുന്നതിൽ ഞാൻ അതിശയിക്കുന്നില്ല. എന്നാൽ 'അപ്കൺട്രി' റോഡെന്നും, അപ്കൺട്രി ടീച്ചറെന്നും മററും പറയുന്നതു് തീർച്ചയായും അധികാരം വികേന്ദ്രീകരിക്കണമെന്ന് ഏകലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഈ രാജ്യത്തിലെ ജനങ്ങൾക്കു പററിയതല്ല. അതദ്ദേഹത്തിനൊരു ഭൂഷണവുമല്ല. ഞാൻ അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിരുദ്ധമായിത്തന്നെ എന്റെ നിയോജകമണ്ഡലത്തിലെ ചില പ്രത്യേക ആവശ്യങ്ങളെപ്പററി ബഹു. ഗവമ്മെന്റിന്റെ മുമ്പാകെ ചിലതു് പറയുകയാണ്.

Sri. P. Balakrishnan Tampi: I want to make a personal explanation regarding the member's reference to me.

Mr. Deputy Speaker: Yes, you can, but not now.

ശ്രീ. ജോസഫ് മാത്തൻ: ശ്രീ രാമകൃഷ്ണപിള്ള ഇവിടെ പറഞ്ഞതുപോലെതന്നെ ചേർത്തല ആലപ്പുഴ തോട് പരിതാപകരമായ സ്ഥിതിയിൽ കിടക്കുകയാണ്. ഇന്ന് ഇതിന്റെ ഇരുവശങ്ങളിലും കാണുന്ന നിലവും പുരയിടങ്ങളും മററുമെല്ലാം നല്ലവണ്ണം കൃഷി ചെയ്ത് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഞ്ചാരസൗകര്യവും കൂടി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ഈ തോട് കുറെ നാളായി പകുതിയാക്കിയിട്ടിരിക്കയാണ്. ഈ തോട് വെട്ടിത്തീർക്കാൻ നിവൃത്തിയില്ലെങ്കിൽതന്നെ ഇന്നത്തെ ദുരിതനിവാരണത്തിനു വേണ്ടിയെങ്കിലും ഈ തോട് നികത്തിതരണമെന്ന് ഞാൻ ഗവമെന്റിനോട് അപേക്ഷിച്ചുകൊള്ളുന്നു.

നാലുവർഷം മുമ്പ് ചില രാഷ്ട്രീയ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചില പുതിയ റോഡുകൾ ചേർത്തല മുതലായ സ്ഥലങ്ങളിൽ വെട്ടിയിട്ടുണ്ടെങ്കിലും ആ റോഡുകളിൽ ആവശ്യമുള്ള കലുങ്കുകളും പാലങ്ങളും ഇല്ലാത്തതുകാരണം യാത്രയ്ക്കു് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഈ റോഡുകളിലുള്ള പാലങ്ങളുടേയും കലുങ്കുകളുടേയും പണി എളുപ്പത്തിൽ പൂർത്തിയാക്കിയില്ലെങ്കിൽ കലുങ്കുകളുടേയും പാലങ്ങളുടേയും പണി തുടങ്ങുന്ന സമയത്ത് ഒരുപക്ഷെ റോഡുകൾ കാണാതെ ആയേക്കാം. ചേർത്തല തീരപ്രദേശങ്ങളിൽ ആളുകൾ ഉപ്പുവെള്ളം കുടിച്ച് കഴിച്ചു കൂട്ടുകയാണ്. ചെല്ലാനംവരെ വന്നുചേർന്നിട്ടുള്ള പൈപ്പുലൈൻ പള്ളിത്തോട്ടിലേക്ക് നീട്ടുന്നതിന് കഴിഞ്ഞപ്രാവശ്യത്തെ ബഡ്ജററിൽ പണം കൊള്ളിച്ചിരുന്നു എങ്കിലും ആ പണി ഇതേവരെ ഏറെറടുത്തിട്ടില്ലെന്ന് കാണുന്നതിൽ ഖേദിക്കാതെ തരമില്ല. അർത്തുങ്കൽ—മാരാരിക്കുളം റോഡിന്റെ കാര്യവും ഇതുപോലെ തന്നെയാണ്. ഈ റോഡ് പൂർത്തിയാക്കുന്നതിന് മൂന്നു പാലങ്ങൾ കെട്ടണം. ഇതു പൂർത്തിയാക്കിയാൽ കൊച്ചിയിൽനിന്നും ആലപ്പുഴവരെ കടൽതീരത്തുകൂടിയുള്ള ഒരു റോഡു നിർമ്മിക്കാൻ സാധിക്കും. കൂടാതെ ചെല്ലാനം പാണ്ടിക്കുടി റോഡിന്റെ പണി നടക്കുമ്പോൾതന്നെ പള്ളിത്തോട് തുറവൂർ റോഡും പണി ചെയ്യേണ്ടതാണ്. ഈ റോഡ് പള്ളിത്തോട്ടിൽ നിന്നും തുറവൂർ വന്നു പഠിക്കുന്ന ഏകദേശം മുന്നൂറിൽപരം വിദ്യാർത്ഥികൾക്ക് വലിയ സൗകര്യമായിരിക്കും. സഞ്ചാരസൗകര്യമില്ലാതെ ഈ വിദ്യാർത്ഥികൾ ഇന്ന് ഏകദേശം രണ്ടു മൈൽ ചെളി കുത്തിയിട്ട വരമ്പിൽകൂടി നടന്നുപോയി പഠിക്കുകയാണ്. അവിടെ ഒരു പള്ളിക്കൂടംപോലും ഇല്ലെന്നു മനസ്സിലാക്കുന്ന ഗവമെന്റ് ഈ റോഡ് കഴിയുന്നതും വേഗത്തിൽ വെട്ടിത്തരണം. അതു പൂർത്തിയാക്കിയാൽ അരൂർ പാലം പണി ചെയ്യുന്നതിന് മുമ്പ് ഉദ്ദേശം അൻപതിനായിരം രൂപാ ചിലവാക്കി കൊച്ചിയേയും തിരുവിതാംകൂറിനേയും തമ്മിൽ കരമാർഗ്ഗമായി ബന്ധിപ്പിക്കാവുന്നതാണ്. ചേർത്തല താലൂക്കിൽ ഇറിഗേഷന് ഇനിയും കൂടുതൽ പണം ചിലവാക്കിയാലെ എന്തെങ്കിലും പ്രയോജനം ഉണ്ടാവുകയുള്ളു. അവിടെ ഈയാണ്ടിൽ പുതിയ പ്രവർത്തനം ഒന്നും നടന്നിട്ടില്ല. ഇറിഗേഷന് പ്രത്യേകം ഒരു സൂപ്പർവൈസറെ നിയമിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ അതു് തല്ക്കാലം പി. ഡബ്ലിയു. ഡി. യിൽ ചേർത്തിരിക്കുകയാണ്. ഒരു സ്പെഷ്യൽ ഇറിഗേഷൻ സൂപ്പർവൈസറുടെ ആവശ്യം ചേർത്തലയ്ക്കുണ്ടെന്ന് ഡിവിഷൻ കമ്മിററിയും ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നിയമനം ഇനിയും നടത്തിട്ടില്ല. ഈ കാര്യത്തിൽ ഗവമെന്റിന്റെ ശ്രദ്ധപതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: സർ, ഞാൻ ഇംഗ്ലീഷ് സംസാരിച്ചതുകൊണ്ട് തെററിദ്ധരിച്ചതാണെന്നാണ് എനിക്കു തോന്നുന്നതു്. നാട്ടിൻപുറം

എന്നുള്ള അർത്ഥത്തിൽ മാത്രമാണ് ഞാൻ അപ്ക്ണ്ടറി എന്ന വാക്ക് ഉപയോഗിച്ചതു്. പ്രാദേശിക ആവശ്യങ്ങൾ പറയാൻ പാടില്ലെന്നല്ല; എന്നാൽ പ്രാദേശികാവശ്യങ്ങൾ പറയുന്നതിനെക്കാൾ രാജ്യത്തിലെ പൊതുവായ കാര്യങ്ങൾ പറയുന്നതു് കുറെക്കൂടി നന്നായിരിക്കുമെന്നാണ് ഞാൻ പറഞ്ഞതു്. മണിമേടകളിലും മന്ത്രി മന്ദിരങ്ങളിലും കയറി ഇറങ്ങിയതുകൊണ്ടുതന്നെയാണ് ഇന്നിവിടെ വന്നു് അതായതു് മന്ത്രി മന്ദിരത്തെപ്പോലെയുള്ള ഈ വിശാലമായ ഹാളിൽ വന്നു് സംസാരിക്കാൻ ഇടയാകുന്നതു്. എതായാലും ഞാൻ പറഞ്ഞതു് പൊതുതാൽപ്പര്യങ്ങളെ കുറിച്ചു് പറയുന്നതു് കുറേക്കൂടി നന്നായിരിക്കുമെന്നു മാത്രമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഒരു മറുപടി പറവാൻവേണ്ടിമാത്രം അതായതു് രണ്ടുതവണ പ്രസംഗിക്കാൻ വേണ്ടി മാത്രം ഇങ്ങനെ തമ്മിൽ നേരത്തെ സംസാരിച്ചുകൊണ്ടു് ഇവിടെ വന്നു് ഇങ്ങനെ സഭയുടെ സമയം എടുക്കാമോ എന്നു് റൂളിംഗു് തന്നാൽ കൊള്ളാം. അതായതു് മി. തമ്പിയും മി. മാത്തനും വലിയ സ്നേഹിതന്മാരാണ്. അവർ നേരത്തെ തമ്മിൽ സംസാരിച്ചുകൊണ്ടു് ഇങ്ങനെ രണ്ടാമതും സംസാരിക്കാൻ ഒരു സന്ദർഭം ഉണ്ടാക്കുന്നതിനാണ് മി. തമ്പി മി. മാത്തനെക്കൊണ്ടു ഇങ്ങനെയൊക്കെ പറയിച്ചതു് എന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഇതിനു റൂളിംഗിന്റെ ആവശ്യമില്ല.

ശ്രീ. എ. പി. ഉദയഭാനു: ചില പ്രധാന നിർദ്ദേശങ്ങൾ സഭയുടെ മുമ്പിൽ സമർപ്പിക്കണമെന്നുദ്ദേശിച്ചാണ് ഞാൻ സംസാരിക്കുന്നതു്. ഗവണ്മെന്റിന്റെ മുമ്പിൽ നടത്തുന്ന നിവേദനങ്ങളും പരാതികളും പരിശോധിച്ചാൽ റോഡുകളുടെ കാര്യത്തിൽ ജനങ്ങൾക്കുള്ള തിഷ്ണത വളരെ വ്യക്തമാകും. പല രാഷ്ട്രനിർമ്മാണ പദ്ധതികളും നമ്മുടെ മുൻപിൽ ഉണ്ടെങ്കിൽ ജനങ്ങളുടെ മുൻപിൽ വളരെ പ്രാധാന്യമർഹിച്ചു നിൽക്കുന്ന നിർമ്മാണപദ്ധതികൾ പാലങ്ങളുടേയും കലുങ്കുകളുടേയും റോഡുകളും തോടുകളുടേതുമാണ്.

പാലങ്ങളുടെ കാര്യമാണെങ്കിൽ ഇന്നു വലിയ പാലങ്ങൾ പലതും തീരേണ്ടതായിട്ടുണ്ടു്. പഴയ കണക്കുകൾ നോക്കിയാൽ ഇങ്ങിനെയുള്ള പാലങ്ങൾ പത്തും ഇരുപതും വർഷങ്ങളുടെ കാല അളവിലാണ് തീർത്തിട്ടുള്ളതെന്നു കാണാം. ആ കണക്കിനുപോയാൽ ഏതാനും ശതാബ്ദങ്ങൾ വേണ്ടിവരും. നമുക്കു ഇന്നു ആവശ്യമുള്ള പാലങ്ങൾ തീർന്നു വരുന്നതിനും ഈ പാലങ്ങൾ തീരുന്നതിനു വളരെ അധികം പണം ആവശ്യമാണ്. രാഷ്ട്രനിർമ്മാണത്തിനു നമുക്കു് ഇന്നു് ലബ്ധമായിട്ടുള്ള പണം വളരെ കുറവാണ്. ഭക്ഷണത്തിനുള്ള സബ്സിഡിയിൽ സാരമായ സഹായം ഇൻഡ്യാഗവമ്മെൻറിൽനിന്നു കിട്ടിയില്ലെങ്കിൽ രാഷ്ട്രനിർമ്മാണത്തിനു ഒട്ടും പണം ഇല്ലാതെവരുകയും ചെയ്യും. അതുകൊണ്ടു പ്രധാനപാലങ്ങൾ നിർമ്മിക്കുന്നതിനു പണം കടം വാങ്ങി എടുത്തു പാലം പണി കഴിച്ചാൽ പാലത്തിനു് "ടോൾ" ഏർപ്പെടുത്തി അതിൽനിന്നു കിട്ടുന്ന പണം കൊണ്ടു ആ കടം വീട്ടാൻ കഴിയുന്നതാണ്. ചങ്ങാടത്തിനു കൊടുക്കുന്ന കൂലിയും ചങ്ങാടം കാത്തുകിടന്നു നഷ്ടപ്പെടുന്ന സമയവും കണക്കാക്കിയാൽ ഈ 'ടോൾ' ആരും അരോചകമായി കരുതുകയില്ല.

ഇനിയും എനിക്കു വീഴല്ലുള്ള റോഡുകളെപ്പററിയാണ് പറയാനുള്ളതു്— വളരെ അധികം വീല്ലേജു റോഡുകൾ ഇന്നു നാടിന്റെ നാനാഭാഗത്തും ഉണ്ടാ

[Sri. A. P. Udayabhanu]

യിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്—അതൊന്നും ഒരു പ്ലാനും വ്യവസ്ഥയുമനുസരിച്ചല്ല. പ്രാമാണ്യവും സ്വാധീനവുമുള്ള ചില വ്യക്തികൾക്കു റോഡു വേണമെന്നു തോന്നും—അവരുടെ വീടുകളുടെ മുൻപിൽകൂടെ 'പറയിട്ടുപോകുന്ന' ഒരു റോഡും ഉണ്ടാകും—പലപ്പോഴും കിഴക്കോട്ടു പോകുന്നതിനുള്ള റോഡ് അധികവും തെക്കുവടക്കുകിടക്കുന്നതുകാണാം. ചിലപ്പോൾ ഒരു ഫർലാങ്ങും അര ഫർലാങ്ങും അകലത്തിൽ റോഡുകൾ കാണാം, വളരെ ദൂരെ റോഡുകൾ ഇല്ലാതെയും ഇരിക്കും. ഈ ഓരോ റോഡും കല്ലിടുന്നതിന് പത്തും ഇരുപതും ആയിരം രൂപാ മൈൽ ഒന്നിനു ചിലവിടേണ്ടിവരും—അതു നോക്കുമ്പോൾ ഈ റോഡുകൾ എല്ലാം എടുക്കുക എന്നുള്ളത് നമ്മുടെ സാമ്പത്തികമായ കഴിവിന്റെ പരിധിക്ക് അപ്പുറമാണ്. നമുക്കു ചെയ്യാവുന്നത് അത്യാവശ്യമുള്ള റോഡുകൾ തെരഞ്ഞെടുത്തു ക്ലിപ്തകാലാവധികളിൽ കല്ലിട്ടു തീർക്കുക എന്നുള്ളതാണ്. ജനങ്ങളുടെ യത്നവും സ്ഥലവും വ്യർത്ഥമായിപ്പോകാതെ ഇരിക്കണമെങ്കിൽ ഇന്ന ഇന്ന റോഡുകൾ എടുക്കണമെന്നു ജനങ്ങളെ മനസ്സിലാക്കി അങ്ങിനെയുള്ള റോഡുകൾമാത്രം വെട്ടുവാൻ അനുവദിക്കണം—ഒരു സ്ഥലത്തു റോഡു വേണമെന്നു നിവേദനം ഉണ്ടായാൽ അതിനുള്ള alignment നോക്കി അതു വെട്ടുവാൻ അനുവദിക്കണം—അങ്ങിനെ വെട്ടുന്ന റോഡുകൾ മാത്രം ഏറ്റെടുക്കണം—റോഡുവെട്ടുന്നതിനു കിട്ടുന്ന നിവേദനം സത്വരമായിത്തന്നെ കൈകാര്യം ചെയ്യണം. വച്ചുതാമസിപ്പിച്ചു ജനങ്ങളുടെ ഔൽസുക്യം നശിപ്പിക്കരുത്—നമുക്കു ഇപ്പോൾ തന്നെ Ryot Rules ഉണ്ട്. അതു ആവശ്യമായ രീതിയിൽ ഭേദഗതി ചെയ്ത് പ്രയോഗക്ഷമമാക്കിത്തീർക്കണം.

ഇന്നു റോഡുകൾക്കുപോലും ജാതിയുണ്ടെന്നാണ് കാണുന്നത്. നായർറോഡുണ്ട്. ഈഴവറോഡുണ്ട്, ക്രിസ്ത്യൻറോഡുണ്ട്. ഒരു റോഡെടുത്താൽ അതു നായർറോഡ് ആയതുകൊണ്ടാണ് എടുത്തത്, അല്ലെങ്കിൽ ക്രിസ്ത്യൻ റോഡായതുകൊണ്ടാണ് എടുത്തത് എന്നിങ്ങനെ വളരെയധികം പരാതികൾ ഉണ്ടാകുന്നുണ്ട്. പ്രാദേശികമായി ഒരു റോഡ് ആവശ്യമാണെന്നു കണ്ടാൽ അതു് എങ്ങിനെയാണ് തീർക്കേണ്ടതു് എന്നു തീരുമാനിച്ചു അതിനുള്ള alignment നിശ്ചയിച്ചു കൊടുക്കണം. അതു ഏറ്റെടുക്കാൻ ഡിപ്പാർട്ടുമെൻറു സന്നദ്ധമാകുകയും വേണം. അങ്ങനെയായാൽ അനാരോഗ്യകരമായ പല മത്സരങ്ങളും നിവാരണം ചെയ്യാൻ സാധിക്കും. ചില സ്ഥലത്തു് റോഡുകൾ പുത്തനായി ഉണ്ടായലുടൻ ആ സ്ഥലത്തെ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുണ്ടെന്നു കാണാം. അങ്ങനെ വില വർദ്ധിക്കുന്ന സ്ഥലത്തെ വസ്തുക്കളുടെ മേൽ ഒരു betterment ലെവി ചുമത്തുകയാണെങ്കിൽ അതു് ഒരു ധനാഗമമാർഗ്ഗമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഒരു റോഡു തുറക്കുന്നതുകൊണ്ടു് വസ്തുവിന്റെ വില കൂടുമ്പോൾ വസ്തു ഉടമസ്ഥന്മാർ ആ റോഡുണ്ടാക്കുന്നതിനുവേണ്ടി ഒരു തുക കൊടുക്കണമെന്നു പറയുന്നതു് വളരെ യുക്തിയുക്തം മാത്രമാണ്. ഈ വിഷയത്തിലേക്കും ഗവണ്മെണ്ടിന്റെ ശ്രദ്ധ ക്ഷണിക്കാൻ എനിക്കു താല്പര്യമുണ്ട്.

മറ്റൊരു സംഗതി റോഡുകളുടെ മെയിൻറനൻസ് സമയാസമയത്തിനു ചെയ്യാത്തതുകൊണ്ടാണ് പലപ്പോഴും വളരെയധികം പണം ആ കാര്യത്തിലേക്കു ചിലവാക്കേണ്ടിവരുന്നതു് എന്നുള്ളതാണ്. സൂചികൊണ്ടു എടുക്കേണ്ടതു് തൂമ്പാകൊണ്ടു എടുക്കേണ്ടിവരും. റോഡുകളുടെ മെയിൻറനൻസ് നടത്തുന്നതു സംബന്ധിച്ചു് ശരിയായ ഒരു വ്യവസ്ഥ ആവശ്യമാണ്. അററകുററങ്ങൾ പെട്ടെന്നുതന്നെ ചെയ്തുതീർക്കേണ്ടതാണ്.

പി. ഡബ്ലിയു.ഡിയും, ലാൻഡ് റവന്യൂവും, ഫാറസ്റ്റും ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ ഒരു co-ordination ആവശ്യമാണ്. ഈ ഡിപ്പാർട്ടുമെൻറുകളെല്ലാം കോഓർഡിനേററു ചെയ്യുന്നതിനു വ്യവസ്ഥ ഉണ്ടാക്കണം. പുതുതായി റോഡുകൾ ഉണ്ടാക്കുന്നതിലേക്കു സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ സഹകരണം ആവശ്യമാണ്. അതുപോലെതന്നെ വനം പ്രദേശത്തു റോഡുകൾ നിർമ്മിക്കുന്നതിന് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന് P.W.D.യുടെ സഹകരണം ആവശ്യമാണ്. വനംപ്രദേശങ്ങളിൽ പുതുതായി റോഡു തുറക്കുകയാണെങ്കിൽ വനങ്ങളിൽനിന്നു നശിച്ചുപോകുന്ന വളരെ വൃക്ഷങ്ങൾ നല്ല വിലക്കു വില്ക്കുന്നതിനും മനുഷ്യർക്കു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനും കഴിയും. വനവിഭവങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനും ഫാറസ്റ്റ്റോഡ്സ് വളരെ അത്യാവശ്യമായിട്ടുള്ളതാണ്.

പി. ഡബ്ലിയു. ഡി.യുടെ കീഴിലാണ് ജലവിതരണവും വന്നിരിക്കുന്നതു്. ട്യൂബ് വെൽസ് ഉണ്ടാക്കി അതിൽനിന്നും വെള്ളം സംഭരിച്ചു ടാങ്കിനുള്ളിലാക്കി തീരപ്രദേശങ്ങളിൽ കൊണ്ടുപോയി കൊടുക്കാൻ കഴിയും. ഇന്നുണ്ടാക്കിയിട്ടുള്ള ട്യൂബ്‌വെൽസിൽനിന്നു ഉപയോഗശൂന്യമായി പോകുന്ന വെള്ളം വള്ളത്തിൽ ടാങ്കുകളിലാക്കി കൊണ്ടുപോയി ആളുകൾക്കു് ഉപയോഗിക്കുന്നതിന് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

എനിക്കും ചില "സ്ഥലപുരാണ"ങ്ങളൊക്കെ പറയാനുണ്ടു്. സമയം വളരെയധികം ഇല്ലാത്തതുകൊണ്ടു് എൻെറ കാൺസ്റ്റിററ്യൂവെൻസിയിലെ 'സ്ഥലപുരാണ'ങ്ങളിലെ ചില വസ്തുതകൾ പറയാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ആയിരം തെങ്ങിൽ നിന്നും താമരക്കുളത്തേക്കുള്ള ഒരു റോഡ് എത്രയാണ്ടു് പൂർത്തിയാക്കിയിരിക്കുകയാണ്. മുഴുവൻ പൂർത്തിയാക്കിയാൽ മാത്രമേ അതുകൊണ്ടു ഫലമുള്ളു. ഒരു റോഡ് എടുത്തുകഴിഞ്ഞാൽ ആ റോഡ് പൂർത്തിയാക്കണം. ഇന്നത്തെ നിലയിൽ ഒരു റോഡ് പൂർത്തിയാക്കുകയാണെങ്കിൽ ആ റോഡിലേക്ക് ബസ് സർവ്വീസ് നടത്തുന്നതിനുള്ള ഡിമാൻഡ് ധാരാളമുണ്ടാകും. അങ്ങനെ വരികയാണെങ്കിൽ വെഹിക്കിൾ ടാക്സ് ഇനത്തിൽ ഒരു നല്ല തുക കിട്ടും. അതായതു് ആ റോഡിൻെറ മെയിൻറനൻസ് ചെയ്യുന്നതിനുള്ള ചെലവു് ആ റോഡിൽ ഓടുന്ന വണ്ടികളുടെ വെഹിക്കിൾ ടാക്സ് ഇനത്തിൽ നിന്നും ഈടാക്കാൻ കഴിയും. അതിനാൽ പുതിയ റോഡുകൾ ഓപ്പൺ ചെയ്യുന്നതു നഷ്ടമായി കരുതേണ്ടതില്ല. എന്നാൽ റോഡുകളിൽ കല്ലും, കലുങ്കും തൊട്ടും പൂരട്ടിയും പോകുന്ന ഏർപ്പാടു നഷ്ടമായിരിക്കും. അങ്ങനെയുള്ള റോഡുകൾ ഒരു മഴകഴിയുമ്പോൾ മുഴുവൻ നഷ്ടപ്പെട്ടുപോകും. അതുകൊണ്ടു് എടുക്കുന്ന റോഡുകൾ പൂർത്തിയാക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. റോഡരികിൽ നിൽക്കുന്ന പ്രായമായ വൃക്ഷങ്ങൾ ഉപയോഗശൂന്യമായിത്തീരുന്നതിനുമുമ്പ് വെട്ടിവിററാൽ അതു് റോഡുകൾ തുറക്കുന്നതിനുള്ള ഒരു പ്രത്യേകഫണ്ടിലേക്കു നീക്കിവെക്കാവുന്നതും അതുകൊണ്ടു് പുതിയ പുതിയ റോഡുകൾ നിർമ്മിക്കാവുന്നതുമാണ്. ജോലികൾക്കു നീക്കിവെക്കുന്ന തുകകൾ സമയത്തിനു ചെലവഴിക്കാത്തതുകൊണ്ടു് ജോലികൾ തീരാതെ ഇരിക്കുന്നു എന്നു മാത്രമല്ല പല ജോലികളും തീർന്നുവരുമ്പോൾ ആവശ്യമില്ലാതായിത്തീരുന്നു എന്നുള്ളതു് ഗവർമ്മെണ്ടു് ശ്രദ്ധിക്കണം.

Sri. T. Kochukrishna Pillai: At the outset I may speak about the serious allegation levelled against the Works Committee. It is alleged that the Works Committee has not done well in budgeting works. What I have to say on the

[Sri. T. Kochukrishna Pillai]

matter is that the main factor that stood in the way of proper budgeting of works is the failure of many taluk committees to submit their recommendations in time, to the Central Works Committee.

The second thing I want to impress on the treasury benches is regarding civil works. It is better they keep in mind the proverb "A stitch in time saves nine." Three cross bars along a road have been washed away long long ago. Representations were submitted to the P. W. D. The authorities have done nothing so far. With the result a by-road constructed by a Village Union is completely ruined.

The third thing I want to bring to the notice of this House is about "Attakulam" kal. It belongs or takes its source from a chain of tanks. To our most disaggreeable surprise an order has been issued that the proposal is impracticable and therefore the matter dropped. The local agriculturists have constructed a kal from the lowest of these tanks and thereby have converted hundreds of acres of dry land into wet paddy fields. I request the Chief Minister to make arrangements with the Chief Engineer to revise his judgment. If the kal is constructed from the other place it can easily water about 500 acres of dry lands, for it has been practically demonstrated by the local agriculturists.

Another matter which I am very anxious to bring to notice is a matter which was referred to by Mr. Chidambaranatha Nadar in his overwhelmingly carping speech.

He referred to the Section Officer, Thucklay. He is one of the few officers who are very sincere. We are proud of him. And I sincerely feel that the Chief Engineer has done well in posting him to that Section and in charge of the Teakode Channel. He is very able hence has to be encouraged by government.

One more point I wish to mention, That is as regards the allotting of inadequate funds for improving tanks. For the improvement of a tank about one thousand five hundred rupees were sanctioned. Sanction was accorded for providing one bathing ghat also. A very serious situation arose. Only one bathing ghat was provided for a tank over eight acres in extent. We have made representations to the Chief Engineer, for providing more bathing ghats. In this connection I may request Government to concentrate more attention to the Chambakulam Scheme in Agasteeswaram also. With these observations I close.

Sri. A: K. George: Yesterday and to-day I was listening to the speech of honourable Members with great interest. Most of them have been finding fault with the Central Works Committee. I was a little surprised that of all persons, Mr. Thaliath has come out with this attack on the working of the Central Works Committee. Hailing as he does from Parur, I must most candidly say that his taluk, Parur got the biggest quota of new works in spite of the vigilance and care exercised by the members of the Central Works Committee. If all the recommendations of various Taluk Works Committees are to be included in the Budget, we require not less than 10 crores of rupees. Again I wish to repudiate the charge of interference by the Central Committee of the items recommended by Taluks. Not even one is unduly interfered with by us. So far about Committees.

Secondly, in the various speeches made on the floor of this House, many honourable Members mentioned about the lapsing of money budgetted for various items of public works. The main fault is not with the Sub-Division Officer, but with the Department. We will realise that the Department, like many other Departments, is highly centralised. So long as the Department is centralised, whatever may be the diligence and care taken by the Sub-Division Officer or the Chief Engineer, at the close of the financial year a certain amount, will be found lapsed.

Therefore steps may be taken to avoid that. If the getting of administrative sanction is given up most of the works will be implemented as early as possible and at the close of the financial year no amount will lapse. So decentralise the Department and let the Chief Engineer be asked to share his powers as an old father with his sons—the divisional Engineers.

Now a word about the Grow More Food Campaign. Even in the field of Grow More Food Campaign, lots of money seems to have been lapsed. Mr. K. A. Mathew has explained the whole thing. Thiruvalla is no exception. So far as the Trichur and Mukundapuram Taluks are also concerned, ever so many proposals are lying idle. It is never the fault ot the Sub-Division Officer. There also you will find that even the proposals under the Grow More Food Campaign are being taken up by the ordinary P. W. D. Most of the major or all the minor irrigation works are being taken up by the P. W. D. Government must appoint several Engineers, specially and exclusively to look into the Grow More Food Campaign for the hands of P. W. D. are full with other ordinary works.

Now another word about the budgeting system of works. This House knows that unfortunately the practice of the budgetting of works in Travancore area is a little different from the practice in Cochin. That is, in Cochin as far as possible full and major allotments will be budgeted for all works included in the Budget. If you look into the Travancore Budget before integration you can find very meagre allotments are made for certain very costly works. For example for a bridge or for a road costing Rs. 50,000 a glorious allotment of Rs. 1,000 or even less costing two crores of Rupees here the practice was to put Rs. 5,000. Thus at the end of the year certain amounts will have to be necessarily lapsed and then it will be diverted to some other work. On the one side lapse of money and on another side diversion of funds. But if you look into this year's budget you will find that full amounts are allotted for works and thus Cochin practice is being introduced here.

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ഈ ഗ്രാമീണജീവിതത്തെയും പട്ടണജീവിതത്തെയും ഒരുപോലെ ബാധിക്കുന്ന ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയായതുകൊണ്ടാണ് ഈ സിവിൾവർക്സിനെ സംബന്ധിച്ച് ഇത്ര വളരെ ആവേശഭരിതമായ നിവേദനങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരിൽനിന്നും ഉണ്ടായതെന്നു ഞാൻ വിചാരിക്കുന്നു. കൃഷിക്കാരായ ചില്ലറക്കാക്കും വലിയ വ്യവസായികൾക്കും വ്യാപാരികൾക്കും കച്ചവടക്കാക്കും അവരുടെ പ്രവർത്തനങ്ങൾ സൗകര്യപ്രദമായ വിധത്തിൽ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. മാത്രമല്ല, ധനവാന്മാരെന്നോ, ദരിദ്രന്മാരെന്നോ നോക്കാതെ എല്ലാവക്കും ആവശ്യം വേണ്ടതായ കാര്യങ്ങളായതുകൊണ്ട് ഈ സഭയിൽ പ്രാധിനിധ്യപരമായി ഓരോ സ്ഥലത്തേയും ആവശ്യങ്ങളെ സംബന്ധിച്ചും പ്രത്യേകിച്ചു ഡിപ്പാർട്ട്മെണ്ടിനെ സംബന്ധിച്ചും ചെയ്തിട്ടുള്ള നിരൂപണങ്ങൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ഡിപ്പാർട്ട്മെൻറിൻെറ പ്രവർത്തനം സംബന്ധിച്ചു ഗവമ്മെൻറിൽനിന്നും ഇതിലേക്കനുവദിക്കാവുന്ന തുകകൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനു ലാഘവമുണ്ടാകണമെന്നു കരുതിയും പ്രാദേശികമായ ആവശ്യങ്ങൾ മുഴവൻ കഴിവുള്ളിടത്തോളം നിറവേററണമെന്നും ഉദ്ദേശം ഉണ്ടായിരുന്നതുകൊണ്ടുമാണ് എല്ലാ സ്ഥലത്തും താലൂക്ക പ്രതിനിധികൾ അടങ്ങിയ വർക്സ്കമ്മററികൾ രൂപീകരിച്ചത്. അതാതുസ്ഥലത്തെ സകല ആവശ്യങ്ങളേയും നോക്കി അവിടെ പ്രാധാന്യം

[Sri. C. Kesavan]

കൊടുക്കേണ്ടതായ പണികൾ ഏതാണെന്നു നോക്കി പ്രാധാന്യം കൊടുത്തു അതിന്റെ മുറപ്രകാരം റിപ്പോർട്ട് ചെയ്താൽ അവ സെൻട്രൽ കമ്മററിയിൽവച്ച് അതിന്റെ പ്രാധാന്യമനുസരിച്ചു മററു കാര്യങ്ങളേയും പരിഗണിച്ചു മൊത്തത്തിൽ ഒരു ലിസ്ററുണ്ടാക്കി അനുവദിക്കാൻ ഇടയുള്ളിടത്തോളം തുക ഉപയോഗിച്ച് പ്രവർത്തനം നടത്താൻ മാത്രമേ സാധിക്കയുള്ളു. അങ്ങിനെ വർക്സ് കമ്മററിയുടെ ശുപാർശയനുസരിച്ചു ജോലി നടത്തിക്കൊണ്ടിരിക്കയുമാണ്. കഴിഞ്ഞ കൊല്ലത്തിലും അങ്ങിനെ വർക്സ് കമ്മററിയുടെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. രണ്ടോ മൂന്നോ താലൂക്കുകളിൽ നിന്നും നിർദ്ദേശം അയച്ചിട്ടില്ലാ എന്നും അറിയുവാനിടയായി. എങ്കിലും ഇതുവരെ മിക്ക താലൂക്കുകളിൽനിന്നും വന്നിട്ടുള്ള വർക്സ് കമ്മററികളുടെ നിർദ്ദേശങ്ങളാണു സെൻട്രൽ കമ്മററിക്കു കിട്ടീട്ടുള്ളതു്. സെൻട്രൽ കമ്മററി ഇതിനെ എല്ലാം കൂടി സംയോജിപ്പിച്ച് പ്രധാനമായി എടുക്കാവുന്നവക്ക് പ്രാധാന്യം കൊടുത്തും കുറെയെല്ലാം വിട്ടും കുറേയെല്ലാം സ്വീകരിച്ചും ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനായി അയക്കുന്ന ഒരു പതിവാണ് നടന്നുവരുന്നതെന്നു വിശ്വസിക്കുന്നു. ഈ എല്ലാ താലൂക്കുകളിൽ നിന്നും വന്നിട്ടുള്ളതായ ശുപാർശകൾ മുഴുവൻ അംഗീകരിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ അനേകം കോടി ഉറുപ്പിക ഈ കാര്യത്തിനുതന്നെ ഈ ബഡ്ജററിൽ കൊള്ളിക്കേണ്ടതായ ആവശ്യം വരും.

ഇനി ഈ റോഡുകളെ സംബന്ധിച്ചിടത്തോളം അവയെ പ്രധാനപ്പെട്ട റോഡൊന്നും ഗ്രാമീണരുടെ ആവശ്യത്തിലേയ്ക്കുള്ള റയട്ട് റോഡുകൾ എന്നും രണ്ടായി കരുതാവുന്നതാണ്. റയട്ട് റോഡിനെ സംബന്ധിച്ചിടത്തോളം ഇതിനകം ഗവമ്മെണ്ട് ഒരു പരിപാടി ഉണ്ടാക്കീട്ടുണ്ട്. അതിലേയ്ക്ക് ഒരു സ്പെഷ്യൽ ഡിവിഷനെതന്നെ നിയമിച്ചിട്ടുണ്ട്. ഈ ഡിവിഷന്റെ നേതൃത്വത്തിൽ വില്ലേജുകളുടെ ആവശ്യത്തിനു വില്ലേജുകളിലെ റയട്ട്സ് തന്നെ സ്ഥലം എടുത്തു റോഡു വെട്ടി ഗവമ്മെൻറിലേക്ക് കൊടുത്തിട്ടുള്ളതിനേയും അല്ലാതുള്ള വില്ലേജുറോഡുകളേയും ഗവമ്മെൻറ് ഏറെറടുക്കുന്നതിനെ സംബന്ധിച്ചും എല്ലാംകൂടി കണക്കെടുത്തു അതിൽ അത്യാവശ്യമുള്ളതു് ആദ്യമെ പരിഗണനയ്ക്കെടുക്കുന്നതിനും മററുമായി ഒരു സ്കീംതന്നെ തയാറാക്കിവരികയാണ്. അതിന്റെ പ്രവർത്തനം കഴിഞ്ഞ മൂന്നുമാസംമുമ്പുതന്നെ ആരംഭിച്ചതാണ്. ഇതിനു മുമ്പുണ്ടായിരുന്ന അസംബ്ലിയിൽ നാലു ലക്ഷം രൂപാ അതിലേയ്ക്കനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാലുലക്ഷം രൂപാകൊണ്ട് ഒരു പ്ലാൻ തയാറാക്കി ഈ ജോലികൾ ആരംഭിക്കാൻ കുറെ സമയം എടുത്തു. ഇതുവരെ ഇതിലേക്ക് ഏകദേശം ഒരു ലക്ഷത്തിനുമേൽ രൂപാ ചെലവാക്കീട്ടുണ്ട്. കുറെ രൂപാ കൂടി മാർച്ച് ൩൧-ാം തീയതിക്കകം ചെലവാകും. ബാക്കി സംഖ്യ ഒരു ഫണ്ടിംഗ് അക്കൗണ്ട് ആയത്തു കൊണ്ട് വില്ലേജ് റോഡുകളുടെ ഉപയോഗത്തിനായി ചെലവാക്കുന്നതാണ്. അടുത്ത കൊല്ലത്തേയ്ക്ക് പത്തുലക്ഷം രൂപാ കൂടി കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ പത്തുലക്ഷമോ ധനസ്ഥിതി അനുസരിച്ചോ അല്ലെങ്കിൽ അഞ്ചുകൊല്ലംകൊണ്ടോ പരമാവധി പത്തുകൊല്ലംകൊണ്ടോ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ റയട്ട്സ് റോഡുകൾ മുഴുവൻതന്നെ പരിപൂർണ്ണമാകുമെന്നാശിക്കാവുന്ന വിധത്തിൽതന്നെ വിജയകരമായി ചെയ്തുതീർക്കാൻ കഴിയുമെന്നാണ് ഗവമ്മെണ്ടിന്റെ ബലമായ വിശ്വാസം. ഇതാണ് ഈ ഡിപ്പാർട്ടുമെണ്ടു പ്രവർത്തനങ്ങളെപ്പററി എനിക്കു പറയാനുള്ളതു്.

ഇനി ഒരു സംഗതി അധികാരം സെൻട്രലൈസ് ചെയ്തിരിക്കുന്നതിനെക്കുറിച്ചാണ്. ഇന്ന് അധികാരം സെൻട്രലൈസ് ചെയ്തിരിക്കുന്നതുകൊണ്ട് പ്രവർത്തനങ്ങൾക്ക് കുറെ വൈഷമ്യങ്ങൾ ഉണ്ടെന്നുമറിയാം. ഏതുകാര്യത്തിനും സെൻട്രലിൽനിന്നും നിർദ്ദേശം വരണമെന്നു പറയുന്നതു് ഒരു തടസ്സമാണ്. എന്നാൽ അങ്ങിനെയുള്ള തടസ്സങ്ങൾ ഇപ്പോൾ ഗവമ്മെണ്ട് മനസ്സിലാക്കിയതിന്റെ ഫലമായി രണ്ടു സൂപ്രണ്ടിംഗ് എൻജനീയറന്മാരെ തിരുവിതാംകൂർ കൊച്ചിൻ ഏരിയായ്ക്ക് മുഴുവനുമായി നിയമിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ രണ്ടു സൂപ്രണ്ടിംഗ് എൻജനീയറന്മാരുടേയും ആഫീസ് തിരുവനന്തപുരത്തുതന്നെയാണോ ഇട്ടിരിക്കുന്നതു്?

Sri. C. Kesavan: I am going to say that.

ഇപ്പോൾ അവർ രണ്ടുപേരും തിരുവനന്തപുരത്തുതന്നെ താമസിച്ചു ജോലി ചെയ്തുവരികയാണ്. അവർ ചെയ്യേണ്ടതായ ജോലി മുഴുവൻ ക്രോഡീകരിച്ചതിനുശേഷം അവരെ ഉടനെതന്നെ ആലുവായിലും തിരുവനന്തപുരത്തും കൂടുതൽ അധികാരങ്ങളോടും അതായതു്, ഒരു ലക്ഷം രൂപാവരെ അനുവദിക്കുന്നതിനുള്ള അധികാരം അവരുടെ ചുമതലയിലാക്കാനും പോവുകയാണ്. അവർ പോയി എന്നല്ല ഞാൻ പറഞ്ഞതു്, അതുകൊണ്ടു് ഡീസെൻട്രലൈസേഷൻ ഉള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. അവർക്ക് വളരെ കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതുകൂടാതെ പണം വിനിയോഗിക്കുന്നതിനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. ഇതിനു മുമ്പ് പതിനായിരം രൂപാവരെയുള്ള സംഖ്യ ചെലവു ചെയ്യുന്നതിനുള്ള അധികാരം മാത്രമാണ് ഉണ്ടായിരുന്നതു്. അതിനു മുകളിലുള്ള തുകകൾക്ക് ചീഫ് എൻജനീയരുടെ അനുവാദം ആവശ്യമാണ്. അതു പോരെന്നു വിചാരിച്ചാണ് ഇപ്പോൾ സൂപ്രണ്ടിംഗ് എൻജനീയറന്മാരെ നിയമിച്ച് അവർക്ക് ഓരോരുത്തർക്കും ഒരുലക്ഷം രൂപാവരെ മുൻ അനുവാദം കൂടാതെ ഉപയോഗിക്കുന്നതിനുള്ള അധികാരം ഇപ്പോൾ കൊടുത്തിട്ടുള്ളതു്. ഇങ്ങനെ ഡീസെൻട്രലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ഗവമ്മെണ്ട് തുടങ്ങിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. എ. മാത്യു: എസ്റ്റിമേറ്റ് തയാറാക്കാൻ അവർക്ക് അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: അവർക്ക് അധികാരം ഉണ്ട്.

ശ്രീ. കെ. എ. മാത്യു: സാധാരണയായി എസ്റ്റിമേറ്റ് തയാറാക്കുന്നതിലേയ്ക്ക് ചീഫ് എൻജനീയറാഫീസിലേയ്ക്ക് അയക്കുന്നതു് ഒരു പതിവായിത്തീർന്നിട്ടുണ്ട്. അതു കൂടാതെ വർക്സ് ഉടനടി തുടങ്ങിയാൽ സൗകര്യമായിരിക്കും.

ശ്രീ. സി. കേശവൻ: അതു നിങ്ങൾ പറയുന്നതു്, കാളയെ വണ്ടിയുടെ പുറകിൽ കെട്ടിയതുപോലെയാണ്. അവർക്കുതന്നെ എസ്റ്റിമേറ്റ് തയാറാക്കുന്നതിനും പണം ചെലവാക്കുന്നതിനും അധികാരം ഉണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. അതു മനസ്സിലാക്കിയില്ല. അതിലേയ്ക്ക് ഒരു പരിപാടി രൂപീകരിച്ചുകഴിഞ്ഞു. അതിനാളുകളെ നിയമിച്ചുകഴിഞ്ഞു. ആകെപ്പാടെ ചീഫ് എൻജനീയരുടെ ജോലി ലഘൂകരിക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടിയാണ് ഒരുലക്ഷം രൂപാവരെയുള്ള പണികൾക്ക് എസ്റ്റിമേറ്റ് തയാറാക്കുന്നതിനും സംഖ്യ ചെലവാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിംഗ് എൻജനീയറന്മാർക്ക് കൊടുത്തിരിക്കുന്നതു്. അതിൽ കൂടുതലായിട്ടുള്ള തുകകൾക്ക് ചീഫ് എൻജനീയരുടെ സാങ്ഷൻ വരേണ്ടതായിട്ടുണ്ട്.

[Sri C. Kesavan]

പണം അത്രയും പഴയ തിരുവിതാംകൂർ വിഭാഗത്തേക്ക് ചിലവാക്കികളയുന്നു എന്നും കൊച്ചി വിഭാഗത്തെ പുറംതള്ളിയിരിക്കുന്നു എന്നുമാണ് ശ്രീ. ഇയ്യുവിനെപ്പോലെയുള്ള ആളുകളുടെ പരാതി.

ശ്രീ. സി. വി. ഇയ്യു: ഫെഡറൽ ഫിനാൻഷ്യൽ ഇന്റഗ്രേഷൻ കഴിഞ്ഞതിനുശേഷം കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽനിന്നും പിരിക്കുന്നതായ നികുതികൾ താരതമ്യപ്പെടുത്തിനോക്കിയാൽ കൊച്ചിയിൽനിന്നും കിട്ടുന്നതിന്റെ ഇരട്ടി മാത്രമേ തിരുവിതാംകൂറിൽനിന്നും കിട്ടുന്നുള്ളു എന്നു കാണാൻ കഴിയും. അതുകൊണ്ട് അഞ്ചിൽ ഒന്നോ, നാലിൽ ഒന്നോ, ചിലവാക്കിയാൽ പോരാ, കുറഞ്ഞതു മൂന്നിലൊന്നെങ്കിലും പഴയ കൊച്ചി വിഭാഗത്തിനുവേണ്ടി ചിലവിടണമെന്നാണ് ഞാൻ പറയുന്നത്. ഞങ്ങളുടെ റവന്യുവിൽനിന്നും പലതിനും അനാവശ്യമായി പണം ചിലവാക്കുന്നുണ്ട്. ദേവസ്വംബോർഡിന് ൫൧ ലക്ഷം രൂപ കൊടുക്കണം. അതിൽ ൧൨ ലക്ഷം ഞങ്ങളാണ് കൊടുക്കേണ്ടിയിരിക്കുന്നത്. ഞങ്ങളുടെ പൂർവ്വികന്മാരാരും ചെയ്ത കാര്യത്തിനുവേണ്ടിയല്ല ഈ ൧൨ ലക്ഷം ഞങ്ങൾ കൊടുക്കുന്നത്. അതിനൊന്നും ഞങ്ങളല്ല ഉത്തരവാദികൾ.

ശ്രീ. സി. കേശവൻ: ഏതായാലും എന്റെ സ്നേഹിതന് വളരെ തെററു പററിയിരിക്കുകയാണെന്നാണ് എനിക്ക് പറയുവാനുള്ളത്. മൂന്നിലൊന്നുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ തൃപ്തിപ്പെടുമെങ്കിൽ തരക്കേടില്ലായിരുന്നു. പി. ഡബ്ലിയു. ഡി. യെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എല്ലായിനങ്ങളിലുമായി ൪൨൧ ലക്ഷം രൂപ ചിലവാക്കുന്നതിൽ—

ശ്രീ. സി. വി. ഇയ്യു: ഞാൻ പറഞ്ഞതു് അതിനെപ്പററിയല്ല. കൊച്ചിയിലെ റവന്യൂ—

Mr. Deputy Speaker: Another question is pending.

Sri. C. Kesavan: Sir, I am not yielding.

എല്ലാ ഇനങ്ങളിലുമായി ആകെ ൪,൨൧,൦൦,൦൦൦ രൂപ ചിലവാക്കുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായും മററും പോകുന്നതു കഴിച്ചാൽ ഉണ്ടാകുന്ന തുകയിൽ മൂന്നിലൊന്നു മാത്രമല്ല, ഏകദേശം ൪൦ ശതമാനത്തോളംതന്നെ കൊച്ചി വിഭാഗത്തിനുവേണ്ടി വിനിയോഗിക്കുന്നുണ്ട്. അതാണ് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമുള്ള പരമാർത്ഥം. മററു ഡിപ്പാർട്ടുമെണ്ടുകൾ ഇപ്പോൾ ഇവിടെ വ്യവഹാരവിഷയമല്ല.

ശ്രീ. സബാസ്റ്റ്യൻതോപ്പിൽ: പഴയ കൊച്ചിവിഭാഗത്തെപ്പററി മാത്രം പറയുകയാണോ? പുതിയ തൃശ്ശൂർ സിസ്റ്റിക്കിനെ ഒന്നാകെ ചേർത്തു പറയുകയാണോ?

ശ്രീ. സി. കേശവൻ: യാതൊരടിസ്ഥാനവുമില്ലാത്ത ഒരു പരാതിയാണിതെന്നും വെറുതെ ഒരു ഭ്രാതാവേശംകൊണ്ടുമാത്രം ഇങ്ങനെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണെന്നും മാത്രമേ എനിക്ക് ഇതിനു മറുപടിയായി പറയുവാനുള്ളു.

തുകകൾ ലാപ്സായിപ്പോകുന്നു എന്നൊരു പരാതിയുണ്ട്. മുൻ കാലങ്ങളിൽ ഇതു വളരെ കൂടുതലായി നടന്നുകൊണ്ടിരുന്ന ഒരു സംഗതിയാണെങ്കിലും, കഴിഞ്ഞകൊല്ലം ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജു വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രിയും ചീഫ് ഇഞ്ചിനീയരും നേരിട്ടുതന്നെ പണികൾ നടക്കുന്ന എല്ലാ

സ്ഥലങ്ങളിലുംപോയി പരിശോധനകൾനടത്തി പ്രവർത്തനം ധ്രുതഗതിയിൽ നടത്തുന്നതിനു പ്രത്യേകം ശ്രദ്ധിച്ചിരുന്നതുകൊണ്ട് മാർച്ച് 31-ാംനു-ക്കകം തന്നെ അനുവദിച്ചിട്ടുള്ള തുകകൾ മിക്കവാറും ചിലവാക്കാൻ കഴിയുമെന്നും, അവയെല്ലാം പണികൾ നടന്നിട്ടുണ്ടെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളത്. അതുകൊണ്ട് ലാപ്സായിപ്പോകുന്നു എന്നുള്ള പരാതിക്ക് ഇപ്പോൾ വലിയ അടിസ്ഥാനമില്ല.

പിന്നെ ഡിപ്പാർട്ടുമെൻറിലെ അഴിമതികളെപ്പററിയുള്ള പരാതികളാണ്. അഴിമതി എല്ലാ ഡിപ്പാർട്ടുമെൻറിലും ഉണ്ട്. പി. ഡബ്ലിയു. സി. യിൽ പ്രത്യേകിച്ചും അതിനു സൌകര്യമുള്ളതുകൊണ്ട് വളരെ കൂടുതൽ അഴിമതിയുണ്ട് എന്നെല്ലാവരും പറയുന്നുണ്ട്. കുറെ ഒക്കെ ശരിയുമായിരിക്കാം. അതിനെ തടയാൻ ശ്രമിക്കുക എന്നല്ലാതെ മറെറന്തെങ്കിലും പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. ബോദ്ധ്യമുള്ള കാര്യങ്ങളിൽ സംഗതിയുടെ ശരിയായ വിവരം അന്യാപദേശരൂപത്തിലൊന്നും പറയാതെ ആണുങ്ങളെപ്പോലെ നേരെ അറിയിക്കുകയാണെങ്കിൽ........

ശ്രീ. സി. വി. ഇട്ടി: ആണുങ്ങളെപ്പോലെ എന്നു പറഞ്ഞാൽ അതു പെണ്ണുങ്ങൾക്ക് ആക്ഷേപകരമാണ്.

ശ്രീ. സി. കേശവൻ: എന്നാൽ ആ വാക്ക് ഞാൻ പിൻവലിച്ചേക്കാം. പൗരുഷത്തോടുകൂടി ശരിയായ വിവരങ്ങൾ തരികയാണെങ്കിൽ കുററക്കാർക്ക് പരമാവധി ശിക്ഷകൊടുത്ത് ഡിപ്പാർട്ടുമെൻറിലെ അഴിമതിയെ തടയാൻ സാധിക്കുമോ എന്ന് ഗവമെണ്ട് ഒന്നു ശ്രമിച്ചുനോക്കാം. ഇതിൽ കൂടുതലായി എനിക്കു അതിനെപ്പററി ഒന്നും പറയാനില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശരിയായ വിവരം അറിയിക്കുക എന്നു പറഞ്ഞാൽ അതെപ്പോഴും സാദ്ധ്യമല്ല. കൈക്കൂലി വാങ്ങുന്നവർ അത്ര മണ്ടന്മാരൊന്നുമല്ല. ചില പരിതസ്ഥിതികളിൽ ചിലർ കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു ബലമായ സംശയം ഉണ്ടായാൽ പരാതിപ്പെടാമെന്നല്ലാതെ ആക്ഷേപം പോയി തെളിവെടുക്കത്തക്കവണ്ണം അത്ര ബുദ്ധിയില്ലാത്തവരല്ല കൈക്കൂലി വാങ്ങുന്നതു്. അങ്ങിനെ ബലമായി സംശയമുണ്ടായ ചില കേസുകളിൽ ആണുങ്ങളെപ്പോലെതന്നെ ഞാൻ പരാതി എഴുതി കൊടുത്തിട്ടുണ്ട്. എന്നിട്ടെന്തുചെയ്തു എന്നു ഞാൻ ചോദിക്കുന്നു. ഒടുവിൽ എഴുതികൊടുത്തവൻ മണ്ടനാകുക എന്നുള്ളതാണ് ഇവിടത്തെ ഏർപ്പാട്.

ശ്രീ. സി. കേശവൻ: എഴുതികൊടുത്തു എന്നുള്ളതുകൊണ്ട് മാത്രം ആരെയെങ്കിലും ശിക്ഷിക്കണമെന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശിക്ഷിക്കണമെന്നില്ലെങ്കിലും അതിനെപ്പററി അന്വേഷിച്ചിട്ട് ഫലം എന്തായി എന്നെങ്കിലും അറിയിക്കേണ്ടതു ഒരു മര്യാദയാണ്.

Sri. C. Kesavan: I am not going to answer his question.

റോഡുകളുടെ ഉപരിതലം ശരിയായി വൃത്തിയാക്കിയിട്ടില്ലെന്നുള്ളതിനെപ്പററി ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ട്. തിരു-കൊച്ചിയിലെ സകല റോഡുകളും ഒരു കൊല്ലംകൊണ്ടോ രണ്ടുകൊല്ലംകൊണ്ടോ ടാർചെയ്യോ, കാൺക്രീററിട്ടോ പൊടിയില്ലാതാക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ അനേകകോടി രൂപ പെട്ടെന്നു അതിലേക്കു ചിലവാക്കേണ്ടിവരും. അതു ഉടൻതന്നെ സാധി

[Sri. C. Kesavan]

ക്കാത്ത ഒരു കാര്യമായതുകൊണ്ട് അതിലേക്ക് ഒരു പദ്ധതി അനുസരിച്ച് ഒരു തുക പ്രത്യേക ഫണ്ടെന്ന നിലയിൽ നീക്കിവെച്ച് പണി നടത്തണമെന്നാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നത്. ൧൮ ലക്ഷം രൂപ അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഇതിനുവേണ്ടി കൊള്ളിച്ചിട്ടുണ്ട്. ചെങ്ങന്നൂർ—ഏററുമാനൂർ റോഡിൽ ഇപ്പോഠംതന്നെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ചെങ്ങന്നൂർ മുതൽ ആലുവാവരെയുള്ള റോഡിലും ഉടനെ പണി ആരംഭിക്കണമെന്ന് ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. കടലോരറോഡുകളെപ്പററി പറയുകയാണെങ്കിൽ. അതു ഹൈവേസിലുഠപ്പെടുത്തി മെയിൻറനൻസുപോലും ഇൻഡ്യാഗവമ്മെൻറ് ഏറെറടുത്തിരിക്കുന്ന സ്ഥിതിക്ക് നമ്മുടെ റവന്യൂ ഉപയോഗിച്ച് അതു നന്നാക്കുന്നതിനോ കാൺക്രീററ ചെയ്യുന്നതിനോ സാദ്ധ്യമല്ല. ജനങ്ങഠം തിങ്ങിപ്പാക്കുന്ന പട്ടണങ്ങഠംപോലെയുള്ള സ്ഥലങ്ങളിൽ മാത്രം പൊടിശല്യം ഇല്ലാതാക്കുന്നതിനു് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ അതു ചെയ്യാൻ നോക്കാമെന്നല്ലാതെ മററു യാതൊരു പണികളും അവിടെ ചെയ്യുവാൻ നമുക്ക് സാദ്ധ്യമല്ല. ഇൻഡ്യാ ഗവമ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള മൈലിനു ൫,൦൦൦ ഉറുപ്പീക എന്ന കണക്കിനുള്ള തുകകൊണ്ടും മുനിസിപ്പാലിററികളെക്കൊണ്ട് എന്തെങ്കിലും ചിലവഴിക്കുവാൻ സാധിക്കുമെങ്കിൽ അങ്ങിനെ കിട്ടുന്ന തുകകൊണ്ടും നിവൃത്തിയുള്ളിടത്തോളം ഈ റോഡുകഠം ശരിപ്പെടുത്താൻ നോക്കാമെന്നല്ലാതെ മറെറാന്നും സാദ്ധ്യമല്ല. മുനിസിപ്പാലിററികളിൽനിന്നും ഭാഗികമായി പണം ചിലവാക്കി റോഡുകഠം നന്നാക്കുന്ന ഒരു പദ്ധതി ഇപ്പോഠംതന്നെ നിലവിലുണ്ട്.

ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞ സംഗതികളുടെയെല്ലാം ഒരു പട്ടിക തയ്യാറാക്കി ഒന്നൊന്നായി മറുപടിപറയുവാൻ സാദ്ധ്യമല്ലെങ്കിലും പൊതുവിൽ ചിലകായ്യങ്ങഠംക്ക് മറുപടി പറയുവാൻ ശ്രമിക്കുകയാണ് ഞാൻ ചെയ്യുന്നത്. ഇനി പ്രാദേശികമായ ആവശ്യങ്ങളെ സംബന്ധിച്ച് ചില കായ്യങ്ങഠംകൂടി ബഹുമാനപ്പെട്ട സഭയുടെ അറിവിനായി പ്രസ്താവിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ചേത്തല—അമ്പലപ്പുഴ റോഡ് പൂത്തിയാക്കുന്നതിനു് യാതൊന്നും ചെയ്യുന്നില്ലെന്നാണ് ശ്രീ. ഈപ്പൻ അറയ്ക്കലിൻെറ പരാതി. അറുങ്കൽ—മാരാരിക്കുളം റോഡിൽ ഒരു പാലത്തിൻെറ ആവശ്യം വന്നതുകൊണ്ടാണ് ആ റോഡിൻെറ പണി പൂത്തിയാകാതെ കിടക്കുന്നത്. അതിനു അടുത്ത കൊല്ലത്തിൽതന്നെ അനുവദിക്കാവുന്നിടത്തോളം തുക അനുവദിച്ചു പണിതീക്കാൻ ശ്രമിക്കണമെന്നാണ് ഗവമ്മെൻറിൻെറ ആഗ്രഹം. ആലപ്പുഴ യാതൊരു റോഡും ടാർചെയ്തിട്ടില്ലെന്നും, റോഡുകളെ സംബന്ധിച്ചിടത്തോളം പൊതുവായി ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നുമാണ് മറെറാരുപരാതി.

Sri. A. Thanu Pillai: Sir, the allotted time is over.

Mr. Deputy Speaker: Five minutes more.

Sri. C. Kesavan: I wanted to go into details, but there is no time.

ആലപ്പുഴെ അഞ്ചുമൈലോളം ഇതിനകം ടാർ ചെയ്തിട്ടുണ്ട്. പൊടിശല്യമില്ലാത്ത റോഡുകഠം ഉണ്ടാക്കുന്നതിനായി ൪൦,൦൦൦ രൂപ ബഡ്ജററിൽ നീക്കിവച്ചിട്ടുമുണ്ട്.

ചേത്തല തോടിനെ സംബന്ധിച്ചും പരാതികളുണ്ട്. ഇന്നുതന്നെ എനിക്കു ഒരു നിവേദനം കിട്ടിയിട്ടുണ്ട്. ആ തോട് കഴിയുന്നത്ര വേഗത്തിൽ നിവൃത്തിയുണ്ടെങ്കിൽ മററു സ്ഥലങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നോ രണ്ടോ ഡ്രഡ്ജറുകഠം ആ ജോലികഠം നിറുത്തിവച്ചിട്ട് ഇവിടത്തേക്കു കൊണ്ടുവന്നു പണി

നടത്തുവാൻ ഏർപ്പാട് ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ വൈഷമ്യങ്ങൾക്കു വിധേയമായി ചെയ്യാവുന്നിടത്തോളമുള്ള പണി എത്രയും വേഗത്തിൽ നടത്താൻതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്നത്.

റോഡരുകിലുള്ള ചോലമരങ്ങളെപ്പററി എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പിയുടെ പ്രസംഗത്തിൽ ഒരു നിർദ്ദേശംകണ്ടു. ചോലമരങ്ങൾ പലതും ഇന്ന് ദ്രവിച്ചുതുടങ്ങിയ ഒരവസ്ഥയിൽ എത്തിയിട്ടുണ്ട്. പ്ലാവ്, മാവ്, മരുത്, തേമ്പാവ് ഇങ്ങനെയുള്ള ചോലമരങ്ങൾ പല സ്ഥലങ്ങളിലും വളരെ കാലപ്പഴക്കംകൊണ്ട് ദ്രവിച്ചുതുടങ്ങിയിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. അതു ലേലം ചെയ്തുകൊടുത്താൽ നല്ലവില കിട്ടുന്നതുമാണ്. അങ്ങിനെയുള്ള വൃക്ഷങ്ങൾ ലേലംചെയ്തുകൊടുത്തു് റോഡിന്റെ ആവശ്യത്തിനായി ഉപയോഗിക്കാമോയെന്നുള്ള കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതിനെസംബന്ധിച്ച് യാതൊരു പ്രതിജ്ഞയും ഇപ്പോൾ ചെയ്യാൻ സാദ്ധ്യമല്ലെങ്കിലും അതു് ആലോചനാവിഷയമാക്കാവുന്നതാണ്.

മണ്ഡപത്തുംകടവു പാലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. കെ. കൃഷ്ണപിള്ള വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി. അതുകൊണ്ട് അതിനെ സംബന്ധിച്ചുകൂടി ഒരുവാക്കു് പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ആ സ്ഥലത്തു നെയ്യാററിൽ ഒരു അണകെട്ടുന്നതിനുള്ള പദ്ധതി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ അണയുടെ ഒരംശമെന്നനിലയിൽ ഈ പാലവും പണിയിക്കുന്നതാണെന്നുള്ള വിവരം അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ஸ்ரீ. ஸ்ரீ. ஷி. தாஸ்: அட்டக்குளம் சாலைப்பற்றி மந்திரி அவர்கள் என்ன சொல்கிறீர்கள்?

ശ്രീ. സി. കേശവൻ: അതുമാത്രമല്ല, മററപലതും പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് പ്രത്യേകം പ്രത്യേകം പറയുവാൻ നിവൃത്തിയില്ല. ഇതെല്ലാം ഗവൺമെന്റ് ശ്രദ്ധിച്ചുകൊള്ളാമെന്ന് പൊതുവെ പറയുകമാത്രമേ നിവൃത്തിയുള്ളു. ഈ ഡിമാൻറ് അനുവദിച്ചുതരണമെന്ന് ഞാൻ ഒരിക്കൽകൂടി അപേക്ഷിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: കൊച്ചിവിഭാഗം എന്നുപറഞ്ഞാൽ ചാലക്കുടിപ്പുഴയുടെ ഇക്കരെമുഴുവൻ തിരുവിതാംകൂർ വിഭാഗമായതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റിൽനിന്നും വരുന്ന മുഴുവൻ തുകയും—

Mr. Deputy Speaker: Now, I put the cut motions to vote.

Cut motion No. 1 Moved by Sri. Eapen Arakkal—"To reduce the allotment of Rs. 30,09,800 for original works—Buildings by—Rs. 5—to point out the need of constructing buildings and housing Government Offices in them thereby to save the large amounts given as rent by the Government.

Sri. Eapen Arakkal: I do not press it.

The motion was, by leave of the House, withdrawn.

Cut motion No. 8 Moved by Sri. A. K. Patchu Pillai—"To reduce the allotment of Rs. 43,40,300 for communications by Rs. 5" was put to vote and lost.

Sri. Kalathil Velayudhan Nayar: I demand a poll.

A poll was taken when the House divided as follows:

Ayes 36.

1. Sri. A. Atchuthan.
2. „ P. C. Adichan.
3. „ K. Balakrishna Menon
4. „ Chellaswami Nadar
5. „ A. Chidambaranatha Nadar
6. „ N. Daniel Jose
7. „ Sree V. Das
8. „ A. Easwara Pillai
9. „ Elias (Mary Antony).
10. „ Gabriel Nadar
11. „ P. C. George
12. „ D. Gnanasigamoni
13. „ E. Gopalakrishna Menon
14. „ Kannara Gopala Panicker
15. „ M. Govindan
16. „ K. K. Kannan
17. „ T. Kochukrishna Pillai
18. „ Krishna Das
19. „ P. K. Krishnan Sastri
20. Sri. N. K. Krishna Pillai
21. „ P. K. Kumaran Asari
22. Sahib Bahadur T. A. Moideen Kunju
23. Sri. A. P. Nambiar
24. „ P. S, Nataraja Pillai
25. „ N. Neelakantaru Pandarathil
26. „ Mannathu Padmanabha Pillai
27. „ C. C. Prasad
28. „ A. K. Patchu Pillai
29. „ D. Ponniah
30. „ K. Ramakrishnan Achari
31. „ Sadasivan
32. „ R. Sankar
33. „ K. N. Sankunni Pillai
34. „ Ponnara G. Sreedhar
35. „ A. Thanu Pillai
36. „ Kalathil Velayudhan Nayar

Noes 56

1 Sahib Bahadur Abdul Majeed
2 Sri. R. Atchuthan
3 „ T. S. Bandu
4 „ N. V. Chacko
5 „ G. Chandrasekhara Pillai
6 „ Cheriyan J. Kappan
7 Dr. M. O. Cheriyan
8 Mrs. Devaki Gopidas
9 Sri. Ambat Eachara Menon
10 „ Eapen Arakkal
11 „ Gasper D'Silva
12 „ A. K. George
13 „ P. Gopalan
14 Hon'ble Sri. Panampilli Govinda Menon
15 Sri. A. L. Jacob
16 Hon'ble Sri. A. J. John
17 Sri. Joseph Mathen
18 „ Joseph (Thumbasseri)
19 „ V. K. Joseph
20 Hon'ble Sri. C. Kesavan
21 Sri. K. K. Kesavan
22 „ T. T. Kesavan Sastri
23 „ N, S. Kochukunju
24 „ P. Kunjukrishnan
25 „ Hon'ble Sri. N. Kunjuraman
26 Sri. Mankuzhi M. Madhavan
27 „ V. Madhavan
28 Sahib Bahadur P. K. Makkaru Pillai
29 Sri. K. A. Mathew
30 Sahib Bahadur K. C. Mayankutty Mether
31 Sahib Bahadur K. A. Muhammed
32 Sri. P. Nanoo
33 Hon'ble Sri. Parur T. K. Narayana Pillai
34 Sri. G. P. Nilakanta Pillai
35 „ M. I. Paul
36 „ P. K. Paul
37 „ Paul Thaliat
38 „ Paulose Pylee
39 „ Philipose Muthalaly
40 „ K. Ramakrishna Pillai
41 „ P. K. Raman
42 „ M. Raman Pillai
43 „ Pandavathu Sankara Pillai
44 „ A. K. Sankunni
45 „ T. M. Sannalan
46 „ K. Sarangadharan
47 „ Sebastian Thoppil
48 „ K. Sekhara Panicker
49 „ S. Sivaraman Asari
50 „ A. P. Sivaramakrishnan
51 „ A. M. Thomas
52 „ A. P. Udayabhanu
53 „ P. M. Varghese
54 „ N. P. Varghese
55 „ M. Varkey
56 „ K. I. Velayudhan

Netural

Sri. C. V. Iyyu

The motion was lost

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்ன்மெண்ட் பாகத்திலிருந்து வோட் செய்த மெம்பர்களில் கொச்சிக்காரர்கள் எத்தனைபேர்கள்? (*Laughter.*)

Mr. Deputy Speaker: Order, order. I am putting the cut-motions to vote.

Motion No. 16 moved by Sri. K. A. Mathew to reduce the allotment of Rs. 2,98,400 for Original Works, Miscellaneous, by Re. 1, was, by leave, withdrawn.

Motion No. 21 moved by Sri. Paul Thaliath to reduce the allotment of Rs. 2,01,700 for Direction by Re. 1, was by leave, withdrawn.

Motion No. 29 moved by Sri. A. K. Kunjumohideen to reduce the allotment of Rs. 13,600 for pay of establishment, Canal and backwater navigation, Cochin, by Re. 1 was put and lost.

Motion No. 37 moved by Sri. P. S. Nataraja Pillai to reduce the allotment of Rs. 53,14,000 for Establishment by Re. 1 was, by leave, withdrawn.

Motion No. 40 moved by Sri. P. Nanoo to reduce the total allotment of Rs. 2,01,89,200 under Demand XXVII by Re. 1 was, by leave, withdrawn.

The question that Government be granted a sum of Rs. 2,01,89,200 under Demand XXVII—Civil Works—was put and carried.

The demand was passed and the grant was made.

Demand XL—Capital Outlay on Government Trading Schemes

Minister for Education, Food and Labour **(Sri. T. K. NarayanaP illai):**

Sir, I move for a grant of Rs. 2,92,98,400 under Demand XL—Capital Outlay on Government Trading Schemes. A token demand for Rs. 100 is alone moved so that there may be a discussion on the matter.

Chief Minister **(Sri. C. Kesavan):** I second it.

ശ്രീ. കെ. എ. മഹമ്മദ്: സർ, കട്ട്മോഷൻ മൂവ് ചെയ്യുന്നതിനുമുമ്പായി എന്തുകൊണ്ടാണ് ഈ ടോക്കൺ ഗ്രാൻറ മൂവ് ചെയ്തത് എന്ന് പറഞ്ഞാൽ കൊള്ളാം.

Sri. P. S. Nataraja Pillai: On a point of order, Sir. Before we proceed further, I would like to have a matter clarified. In the demand paper printed and circulated, it is a token demand for Rs. 100. We gave notice on the basis of the figures presented under each head under the Demand in the Budget. For example, take the cut-motion: "To reduce the allotment of Rs. 2,100 for Pay of Assistant Commissioner of Civil Supplies.. ......by Rs. 5". Now, what the Hon'ble Minister has moved is only a token motion for the grant of Rs. 100. Then how can this motion to reduce Rs. 2,100 come in? I don't exactly understand. Is it, in the circumstances, in order to move, after the presentation of the budget, for a token grant? The demand ought to have been included in budget as a token amount and later on, some financial procedure must be adopted to regularise the actual expenditure.

[Sri. P. S. Nataraja Pillai.]

Apart from this, the budget under this head is worked out on some definite basis. "To reduce the allotment of Rs. 6,51,000 for establishment charges by Re. 1". That is another motion. To reduce the allotment of Rs. 25 crores for purchase price and transport charges, that is the next motion. The motions were accepted and printed. The budget did not contain any intimation that the demand was going to be discussed on the basis of a token motion. Now, the Honourable Minister has, all of a sudden, moved for a token grant of Rs. 100. It would have been all right if in the budget, the amount had been included as a token demand. The amount could be found by some financial adjustment. For expenditure for example, the Contingency Fund may be drawn upon or a vote under Debt Head may be made. Some such procedure could be adopted. I want a definite ruling from the chair whether this is in order?

Mr. Deputy Speaker: What does the Hon'ble Finance Minister say?

ശ്രീ. എ. ജെ. ജോൺ. സർ, ബഡ്ജററ് പേജ് ൨൮൩-ൽ ആണ് ഈ ഡിമാൻറിൻെറ വിവരങ്ങൾ എല്ലാം പറഞ്ഞിരിക്കുന്നതു്. എസ്റ്റാബ്ളിഷ്മെൻറ് ചാർജ്ജിനു് ൬,൫൧,൬൦൦ ക.യും വർക്ക്സ് ആൻറ് മെയിൻറിനൻസിനു് ൫൦,൦൦൦ ക.യും ആണ് പറഞ്ഞിരിക്കുന്നതു്. രണ്ടാമതു് (—) ൨൬,൧൫,൦൦,൦൦൦ ക. എന്നു പറഞ്ഞിരിക്കുന്നതു് അരിയും മററും വിററു കിട്ടുന്ന സംഖ്യയാണു്. അതിൽനിന്നു് അരിയും മററും വാങ്ങുന്നതിനു് ചിലവാകുന്ന ൨൫ കോടി രൂപാ കഴിച്ചാൽ ൧,൬൧,൭൮,൪൦൦ ക. ആണ് ആ ഇനത്തിൽ ബാക്കിയുള്ളതു്. ഓർഡിനറി റവന്യൂവിൽനിന്നു് ഫൈനാൻസ് ചെയ്തിട്ടുള്ള സംഖ്യ ഒരുകോടി ഇരുപത്തിഅഞ്ചു് ലക്ഷം ഉറുപ്പികയാണു്. അവസാനം ഈ രണ്ടിനത്തിലുംകൂടി ഗ്രാൻറ് ടോട്ടൽവരുന്നതു് (—) ൨,൭൨,൭൮,൪൦൦ ക. ആണു്. മൈനസിനുവേണ്ടി ബഡ്ജററ് കൊണ്ടുവരുവാൻ സാധിക്കാത്തതുകൊണ്ടാണു് ടോക്കൺമോഷനായി കൊണ്ടുവരുന്നതു്.

Sri. P. S. Nataraja Pillai: On a point of information. On the Establishment side, the establishment charges come to Rs. 6 lakhs odd. Is it not a permanent expenditure? Is it not a charge on the Administration? Can it not be moved? Why should a token grant be moved for?

ശ്രീ. എ. ജെ. ജോൺ: എസ്റ്റാബ്ളിഷ്മെൻറ് ചാർജ്ജസ് പ്രത്യേകമല്ലേ? അതിനു് കട്ട്മോഷൻ മൂവ് ചെയ്യാം. എന്നാൽ ഈ സംഖ്യയ്ക്കു അതായതു് (—) ൨,൭൨,൭൮,൪൦൦ ക.യ്ക്കു് കട്ട്മോഷൻ കൊണ്ടുവരാൻ പാടില്ല. അതുകൊണ്ടാണു് ഒരു ടോക്കൺമോഷൻ കൊണ്ടുവന്നിരിക്കുന്നതു്.

Sri. P. S. Nataraja Pillai: I would like to have a ruling. When a demand of Rs. 6 lakhs odd is charged on the Consolidated Fund and is transferred, can it be done under a token demand for Rs. 100? The permanent establishment charges, which are going to be charged on the Consolidated Fund, is Rs. 6,51,600 vide page 283 and 284 of the budget. Now, can that substantial amount be voted by a motion for a token grant? I want a ruling on it.

ശ്രീ. എ. താണുപിള്ള: അതിനെപ്പററി എനിക്കു് ഒരുവാക്കു് പറയുവാനുണ്ടു്. ഇപ്പോൾ ൧൦൦ ക.യ്ക്കു് ടോക്കൺമോഷൻ കൊണ്ടുവന്നിരിക്കുന്നതു് നമ്മുടെ ഉദ്ദേശത്തിനു തീരെ പററിയതല്ല. എസ്റ്റാബ്ളിഷ്മെൻറിനു് മാത്രം ൬,൫൧,൬൦൦ ക. ഇപ്പോൾ ആവശ്യപ്പെടുന്നു. ബഡ്ജററിൻെറ ൨൮൪-ാം പേജിൽ അതിനെ സംബന്ധിച്ചുള്ള വിവരങ്ങളും കൊടുത്തിട്ടുണ്ടു്. അതിൽ അസിസ്റ്റൻറ് കമ്മീഷണർ ആഫ് സപ്ലൈസ്—സ്റ്റോറേജ് ആൻറ് മൂവുമെൻറ്.

എന്ന ഒരു ഉദ്യോഗസ്ഥന് ൧,൫൦൦ ക. കൊള്ളിച്ചിട്ടുണ്ട്. ഒരു മെമ്പർക്ക് ആ ഉദ്യോഗസ്ഥൻ ആവശ്യമില്ലെന്നു പറഞ്ഞുകൊണ്ട് ൧,൫൦൦ ക. അതിൽ നിന്നു കുറയ്ക്കണമെന്ന് ഒരു കട്ട്മോഷൻ കൊണ്ടുവരുവാനും ആ കട്ട്മോഷൻ പാസ്സാകുകയാണെങ്കിൽ സഭയ്ക്ക് അതു് കുറയ്ക്കുവാനും അവകാശമുണ്ട്. അതായതു് ൩,൭൫,൦൦൦ ക.യിൽ ഏതെങ്കിലും ഒരു തുക കുറയ്ക്കണമെന്ന് നിയമസഭയ്ക്ക് തീരുമാനിക്കുവാൻ അധികാരമുണ്ട്. ൫൦൦ ഉറപ്പിക്കയ്ക്ക് ഒരു ടോക്കൺ ഗ്രാൻറ് ആയാൽ അതു് എങ്ങിനെ ചെയ്യും? അതുകൊണ്ട് ഈ മാതിരിയുള്ള ഒരു ടോക്കൺമോഷൻ കൊണ്ടുവരുന്നതു് ശരിയല്ല.

ശ്രീ എ. ജെ. ജോൺ: അതു് ൫൦൦ ഉറപ്പിയുടെ ഒരു ഡിമാൻറല്ല. ൩,൭൫,൦൦൦ ക.യെ സംബന്ധിച്ചിടത്തോളം കട്ട്മോഷൻ കൊണ്ടുവരാം.

ശ്രീ. എ. താണുപിള്ള: സഭ അനുവദിക്കേണ്ടതായ സംഖ്യ എന്താണ്?

ശ്രീ. എ. ജെ. ജോൺ: ൧,൯൧,൯൮,൪൦൦ ക.യുടെ കണക്കുകളാണ് സഭ സ്വീകരിക്കേണ്ടതു്. മദ്രാസ് ഗവമ്മെണ്ടും ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന വഴിയും ഇതാണ്. മദ്രാസ് ഗവമ്മെണ്ടും സ്വീകരിച്ചിരിക്കുന്ന ബഡ്ജററ് ഹെഡ്ഡ് ഇതുതന്നെയാണ്. കേന്ദ്രഗവമ്മെൻറിൻെറ ബഡ്ജററ് ഹെഡ്ഡ് അനുസരിച്ചാണ് ഈ ഗവമ്മെൻറും ബഡ്ജററ് ഉണ്ടാക്കിയിരിക്കുന്നതു്. അതുകൊണ്ട് ൫൦൦ ക.യുടെ ഡിമാൻറല്ലാ ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇതിനെപ്പററിയുള്ള എല്ലാ കട്ട്മോഷൻസും ഇവിടെ മൂവ് ചെയ്യാവുന്നതും ചർച്ചകൾ നടത്താവുന്നതുമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ടോക്കൺ ഡിമാൻറായി ൫൦൦ ക. അവതരിപ്പിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഡിമാൻറ് അതല്ലാത്തതുകൊണ്ട് കട്ട്മോഷൻസ് എല്ലാം ഇവിടെ അവതരിപ്പിക്കാവുന്നതും വാദപ്രതിവാദം ചെയ്യാവുന്നതുമാണ്

ശ്രീ. എ. താണുപിള്ള: ൫൦൦ ക.യുടെ ഡിമാൻറ് അവതരിപ്പിക്കുന്നതിൻെറ ആവശ്യം എന്താണ്?

Sri. P. S. Nataraja Pillai: I would like to know what will be the appropriation—what will be the amount appropriated in the Appropriation Bill from the Consolidated Fund.

ശ്രീ. എ. ജെ. ജോൺ: എസ്റ്റാബ്ളിഷ്മെൻറിനുള്ള ൩,൭൫,൦൦൦ ക. സഭ അനുവദിക്കുന്നില്ലെങ്കിൽ ൧,൯൧,൯൮,൪൦൦ ക.യിൽനിന്നു അതു് കുറയ്ക്കേണ്ടിവരും. അതു കുറച്ചാൽ ആ സംഖ്യ ഏതാണ്ട് ൧ കോടി ൮൩ ലക്ഷത്തിൽ ചില്വാനം വരും.

Mr. Deputy Speaker: A ruling has already been given on the point. No further question arises.

Sri. D. Gnanasigamoni: Sir, I move—

"To reduce the allotment of Rs. 6,51,600 for establishment charges by Re 1".

My object in tabling a motion of this kind is to discuss the procurement policy of Government. We are now at what is called the levy system of procurement and in my humble opinion this system is hardly distinguishable from the excess basis procurement scheme which has been given the go-by. If I understand aright, in a levy system of procurement, the cultivator must definitely know how much he must surrender to Government. Otherwise he has to depend on the whims and

[Sri. D. Gnanasigamoni]

fancies of the procurement officer as is happening at the present day. The excess basis system has been given up on account of the large volume of complaints that have arisen and the illegal manner in which procurement has been resorted to. There are very many cases where that kind of procurement has been done to the urtter dismay of the agriculturists. Though no doubt, this is a matter in which many cases have been brought to the notice of Government yet there has been very few cases where actual redress has been rendered, I just want to place before the House a case which arose few months ago and in respect of which an application was moved before the Hon'ble High Court. In respect of the particular procurement which happened somewhere near Alleppey, the application was moved before the High Court as O. P. 39/1950 to quash the order of Government directing the procurement of a particular quantity of paddy. Notice was issued on the Advocate-General the very same day and notice was served on the G. P. Tahsildar of Alleppey at 9 p.m. that day. Immediately after that it has now become clear that the Tahsildar and other procuring authorities had been in communication over the phone with this Government. As per orders of this Government that quantity of paddy which was the subject matter of proceedings before the Hon'ble High Court was procured and distributed the very next day. On this matter, the Hon'ble High Court while discussing it has said as follows: I am reading from 1950 Kerala Law Times at page 649. "We cannot help remarking that notice having been served upon the Advocate-General as also on the Tahsildar on the day on which the application for injunction was filed and notice ordered, the acquisition and distribution of paddy the next day when the matter stood posted for hearing in this court two days later, would lead to a strong suspicion that there was an attempt to circumvent the proceedings in court".

Their Lordships finally conclude by saying,

"We shall content ourselves with observing that the Government should not countenance dubious tactics being pursued by their departments or servants".

That is the verdict of the highest judiciary in the land on the manner of procurement adopted by this Government. Sir, these are proceedings not easily available to the ordinary man. The labour and trouble involved in these proceedings are considerable and therefore, whenever complaints arise, Government must exert their utmost to examine the cases dispassionately and in their proper perspective with a view to do justice by the parties. I can give many other instances but I do not now wish to proceed to recount the cataloge of Choas. I started by saying that the levy system is not distinguishable from the excess basis system which we have now given up. Now the present system of levy has also in it the very same danger. It is based on estimates of yield of comparatively better lands. I shall place before the House an actual case of procurement adopted by the G. P. Tahsildar at the present day, That gives serious hardship to the middle class agriculturists who own from one acre of land to 5 acres. The levy is not based on the actual yield but on the estimated yield of comparative better land. That is the basis adopted by the G. P. Tahsildar. In the estimate made on the basis of yield from a comparative better land, a fanciful idea is also thrown along with it namely that if a sheaf could produce 25 grains, the yield is considered as 25 fold irrespective of whether other sheafs produce the same quantity. That is the basis on which the present day G. P. Tahsildar proceeds with procurement scheme. In Nanjinad especially this system is detrimental to the interests of the land-holder or cultivator. The sowing capacity of one acre is taken arbitrarily as 11 paras per acre when in Central and North Travancore the sowing capacity is taken as 7 1/4 paras. That way the yield on one acre is estimated to be 115 paras in Nanjinad and 75 in North and Central

Travancore. What I want to place before the House is, these are fanciful foundations which have no practical basis on the actual yield of land. If an estimate could be arrived at from the actual yield, we can appreciate that.

Again, this Government has proclaimed from house top, that owners of land possessing one acre and less will be exempted from the procurement scheme. Actually we find otherwise. Such owners of land are required to surrender paddy to Government. Government in their press note has made the fact clear that owners of land possessing one acre and less are exempted from the procurement scheme. In very unambiguous terms that has been made clear and still the G. P. Tahsildars have collected paddy from such persons. That proclaimed policy has not been given effect to. Again the Government have stated that cultivators of paddy land will be given for domestic consumption a certain rate, a certain quantity for seed and certain other quantity for labour charges etc. Actually, this has not been observed at all. This is never taken into account in the calculation of the levy. When 132 paras is considered as yield from one acre, 52 paras have to be surrendered to Government. This is a concrete instance of the manner in which G. P. Tahsildars function now-a-days. Only 80 paras is left to the cultivator, which in most cases proves to be quite insufficient for his purpose. Even according to the ration card in his possession this quantity is quite insufficient. That is the actual state of affairs. It has become evident that cultivators are not able to find out what exactly is the principle that is followed in the matter of procurement. One has to concede that there is very great difficulty in the matter of procurement of paddy. One principle that the Government ought to consider in this context is that they must raise the price of paddy. Though this Government in their communique have referred to that, it is still under the consideration of Government. They do not appear to have taken any step to implement that statement. As a matter of fact, if the price of paddy is raised to Rs. 3 a para, there will be no difficulty for people to surrender paddy, because normally you will find that no man will ordinarily keep paddy for more than 6 months. All the available paddy will have to come into the market, and such paddy is always available in the market. The present price of Rs. 1—13—6 is too uneconomic for the cultivator to produce and that is the reason why there is no incentive to production as also the reluctance to surrender. No doubt in a crisis just like the one before us people ought to come to the aid of Government. But Government also have a duty to discharge. They should understand the position of the cultivator and help him as far as possible so that he may be enabled to produce as much quantity as he can. With these words I move my motion for consideration of the House.

ശ്രീ. ഏ. പി. ഉദയഭാനു: ഈ ഡിമാൻറിനെ പരാമർശിക്കുന്ന ഏതാനും വസ്തുതകൾ സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അസാധാരണമായ പരിതസ്ഥിതിയിലാണു ഗവമെണ്ടിൽനിന്നും നെല്ലു സംഭരണം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും തീരുമാനിച്ചതു്. അതിൻെറ ഏററവും പ്രധാനമായ ഉദ്ദേശം ഇന്നത്തെ പരിതസ്ഥിതിയിൽ ഗവമെണ്ടിൽനിന്നും ആഹാരസാധനങ്ങൾ സംഭരിച്ചു വിതരണം ചെയ്യാത്തപക്ഷം ഈ രാജ്യത്തെ ഒരു വലിയ ജനവിഭാഗത്തിനു ഓപ്പൺ മാക്കററിൽ നെല്ലു വാങ്ങിച്ചു ജീവസന്ധാരണം ചെയ്യുവാൻ സാദ്ധ്യമല്ലാതെ വരുമെന്നുള്ളതുകൊണ്ടാണു്. ഇങ്ങനെ സംഭരണ വിതരണത്തെ സംബന്ധിച്ചിടത്തോളം പല പരീക്ഷണങ്ങൾ നടത്തി ഇപ്പോൾ ലെവി സിസ്റ്റം ഏർപ്പെടുത്തിയിരിക്കുകയാണു്. അതിനെ സംബന്ധിച്ചു് ചില വിമർശനങ്ങൾ എൻെറ മാന്യ സ്നേഹിതൻ ഇവിടെ നടത്തുകയുണ്ടായി. ഏതായാലും ഇതിൽ രണ്ടുമൂന്നു സംഗതികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. രാജ്യത്തെ സംബ

[Sri. A. P. Udyabhanu]

ന്ധിച്ചിടത്തോളം നമ്മുടെ ഏററവും പരമമായ ലക്ഷ്യം ഭക്ഷണകാര്യത്തിൽ ആവു
ന്നത്ര സ്വയം പര്യാപ്ത ഉണ്ടാക്കുക എന്നുള്ളതാണ്. അതായതു് കൂടുതൽ നെല്ലു
വിളയിക്കുക എന്നുള്ളതാണ്. അരിയും നെല്ലും ഇറക്കുമതി ചെയ്യുന്ന അവസ്ഥ
ഉണ്ടാകരുതു്. അതിന് ഏററവും പ്രധാനമായിട്ടുള്ളതു് കൂടുതൽ നെല്ലു് വിള
യിക്കുന്നതിനുള്ള ഉത്സാഹവും, പ്രേരണയും, പ്രചോദനവും, കർഷകർക്ക് ഉണ്ടാ
യിരിക്കണം. അവ ഉണ്ടാകണമെന്നുണ്ടെങ്കിൽ അവരുടെ വികാരങ്ങളെത്തന്നെ
സ്പർശിക്കണം. കൂടുതൽ നെല്ലു് വിളയിക്കണമെന്നുള്ളതു് രാജ്യത്തിന്റെ ഒരാവ
ശ്യമാണ്. വിളയിക്കുന്ന നെല്ലിൽ കഴിയുന്നതും കൂടുതൽ ഭാഗം ഗവമെൻറിനെ
ഏല്പിക്കുന്നതു് രാജ്യസ്നേഹമുള്ള ഓരോ കർഷകന്റെയും ചുമതലയാണെന്നുള്ള ഒരു
ബോധം കർഷകർക്ക് ഉണ്ടാകണം. ഇന്നു ഗവമെൻറു് കർഷകരെ സമീപിക്കു
ന്നതു് ഏതാണ്ടു് ഭീഷിണിയുടെ മറവിൽക്കൂടി അല്ലയോ എന്നു സംശയമുണ്ടു്.
നിലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നെല്ലെടുപ്പിനു് ഒരു ക്ലിപ്തത ഉണ്ടാ
യിരിക്കണം. ഓരോ കൃഷിക്കാരനിൽനിന്നും എത്ര നെല്ലുവീതമാണ് എടുക്കേ
ണ്ടതെന്നു് നിശ്ചിതമായ ഒരു കണക്കുണ്ടെങ്കിൽ പ്രവൃത്തികാരന്മാരുടെ പൂർവ്വതോ
വമുള്ള പീഡനത്തിൽനിന്നും കർഷകനു് മുക്തി കിട്ടും. അങ്ങനെയാണെങ്കിൽ
അതായതു് അവരെ ഒരു തരത്തിലും ഉപദ്രവിച്ചില്ലെങ്കിൽ ആത്മാർത്ഥമായി സക
ല ക്ലേശങ്ങളും സഹിച്ചു് അവർ കൂടുതൽ നെല്ലു് വിളയിക്കാൻ നോക്കും. ഓരോ
പൂതോറും ഇത്ര പറ നെല്ലുവീതം ഓരോ കൃഷിക്കാരനിൽനിന്നും എടുക്കേണ്ടതാ
ണ് എന്നുള്ള ഒരു കണക്കു് ഉണ്ടാക്കുകയും ആ വിവരം കൃഷിക്കാരെ ധരിപ്പിക്കുക
യും വേണം. കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയാണ് ലെവി
സിസ്റ്റം ഏർപ്പെടുത്തിയതു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഏതായാലും
കർഷകരെ സംബന്ധിച്ചിടത്തോളം രാജ്യസ്നേഹമായ അവന്റെ വികാരത്തെ
തട്ടിയുണർത്തണം. കരിഞ്ചന്ത പാടില്ലെന്നു് പ്രസംഗിക്കയും ഉള്ള നെല്ലു് മുഴുവൻ
കരിഞ്ചന്തയിൽ വിൽക്കുകയും ചെയ്യുന്ന യോഗ്യന്മാരായ കുറെ ആളുകൾ നമ്മു
ടെ സംസ്ഥാനത്തുണ്ടു്. അവരിൽനിന്നും കർശനമായി നെല്ലെടുക്കേണ്ടതായിട്ടു
മുണ്ടു്. സർ, ഓരോ കർഷകനിൽനിന്നും എടുക്കുന്ന നെല്ലിനെപ്പററി ഒരു പര
സ്യം എല്ലാ പകുതികച്ചേരികളിലും താലൂക്കുകച്ചേരികളിലും പ്രസിദ്ധപ്പെടു
ത്തേണ്ടതാണ്. ഈ ദുർഘട സന്ധിയെ തരണം ചെയ്യുന്നതിനായി ഗവമെണ്ടി
നെ ആത്മാർത്ഥമായി സഹായിച്ചതു് ആരെല്ലാമാണെന്നും എത്രത്തോളം സഹാ
യമാണ് അവരിൽനിന്നും കിട്ടിയിട്ടുള്ളതെന്നും മററും ഈ പരസ്യംമൂലം പൊതു
ജനങ്ങൾ അറിയാനിടയാകും. ഒരുമണിനെല്ലുപോലും കൊടുക്കാത്ത യോഗ്യ
ന്മാരും ധാരാളമുണ്ടു്. നെല്ലു് പരമാവധി കൊടുക്കുന്നവരുമുണ്ടു്. എന്നാൽ
ഇങ്ങനെ കൊടുത്തിട്ടുള്ളവരും ജനദൃഷ്ടിയിൽ സംശയിക്കപ്പെട്ടവരാണ്. അതു
കൊണ്ടു് ഈവിധത്തിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തുന്നതായാൽ നെല്ലെടു
പ്പിനെപ്പററിയുള്ള സകല സംഗതികളും അറിയാനിടയാകും.

ശ്രീ. കളത്തിൽ വേലായുധൻനായർ: കള്ളന്മാരെ തിരിച്ചറിയാൻ ഈ
പരസ്യംകൊണ്ടല്ലാതെ സാധിക്കയില്ലേ?

ശ്രീ. എ. പി. ഉദയഭാനു: ചിലപ്പോൾ സാധിച്ചില്ലെന്നും വരാം.

സർ, ഒരു പറ നെല്ലിനു് ൧ രൂപവച്ചു് കരിഞ്ചന്തയിൽ അനവധി നെല്ലു്
വിൽക്കുകയും ഇങ്ങനെ കിട്ടുന്ന പണംകൊണ്ടു് വൻതരം കെട്ടിടങ്ങളും മററും
കെട്ടിക്കയും ചെയ്തിട്ടു് കരിഞ്ചന്തയെപ്പററി പ്രസംഗിച്ച വിപ്ലവകാരികളെ എ
നിക്കു നേരിൽ അറിയാം. എന്റെ ചില സ്നേഹിതന്മാർ എന്നോടു് പറഞ്ഞിട്ടു

മുണ്ട്. അതുകൊണ്ട് എന്റെ ഈ അഭിപ്രായം ഗവൺമെന്റ് സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. അതുകൂടാതെ നെല്ലിന്റെ സ്റ്റോറേജിലും മററു പല തകരാറുകളും ഉണ്ടാകുന്നുണ്ട്. അവയൊന്നും ഞാൻ ഇവിടെ വിമർശിക്കാൻ ഒരുങ്ങുന്നില്ല. എന്നാൽ ഗവൺമെണ്ട് ഈ കാര്യത്തിൽ ശ്രദ്ധ പതിക്കുമെന്ന് വിശ്വസിക്കുന്നു.

Sri. A. Thanu Pillai : I beg to move that the allotment of Rs. 6,51,600 be reduced by One Rupee. Sir, there are many—

Mr. Deputy Speaker : The member need not move motion No. 7. There is already the motion No. 4, and the member may forthwith begin his speech.

Sri. A. Thanu Pillai : But then, Sir, there is one difficulty. The motion No. 4 may be withdrawn but I want to press my motion. So I think it is better that I move motion No. 7.

Mr. Deputy Speaker : That may be done.

Sri. A. Thanu Pillai : Sir, this grain supply question has been subjected to a lot of adverse criticism from time to time. There are many aspects of the matter that deserve consideration. The quantity supplied, the continuity of the supply, the quality of the grains, the price of the grains—all these have to be taken into account, and it is only if all these conditions are satisfactory that we can say that the grain supply system is working well. Of course, along with that there is the further question of procurement. Now, Sir, with regard to these aspects, the scheme is a failure. Early this year we had practically a breakdown in the food supply. In many parts of the State, in almost all parts of the State, for weeks practically nothing was available. Various explanations were, as usual, given by the Government, but it was practically a collapse. The reason given was that the Government of India did not give us adequate supplies.

One thing which I would like to bring to the notice of this House, in this connection, is that even this shortage should be shared equally. But what we actually find is just the reverse. There are parts of the State where the supply is almost continuous, while there are other parts where people are suffering due to lack of foodgrains. That is because of the defective arrangements of the Government. Whatever we get must be distributed in an equitable manner through out the State. There is no point in saying that in one part more paddy was available, and that in another part there was better distribution because it was near the port of arrival of the grains, etc. So in this matter Government have clearly failed.

Now, Sir, in regard to procurement of paddy, Government have been shifting their ground and adopting what they call new policies, though they are in fact, experiments. When there is so much shortage in the country it is higly undesirable that Government should thus go on changing their methods. The most recent change that they have made is the adoption of what is called the levy system. The system has not yet been fully evolved, and so nobody knows what it really is. There are complaints about it from everwhere. Of course, the best system of procurement is to take over all the paddy produced in the State and distribute it equitably to all, giving, to the cultivator something which he needs for his domestic purposes and seed purposes so that he may be encouraged. In assessing his domestic purposes, we should have also reference to the general needs of the State.

But the difficulty is not one of principle, but one of agency. Now, what is the agency we have here ? This morning, in answer to a question, we were told that there was a shortage of grains in the Alleppey Go-down, and that six clerks were suspended. I do not understand on what basis this was done. Grains

[Sri. A. Thanu Pillai]

to the value of Rs. 50,000 were lost and it is said that six clerks are responsible. I ask how can this explain the situation? Were these clerks in sole charge of the depot? What about the officer? Was he sleeping all the while? When did he find out this? Surely the leakage must have been continuing for a period of time. There are a number of big officers in this department. And that was an important store. But this is only one instance. Therefore, Sir, unless the agency is pure, no scheme can be successful. So far as the present administration is concerned, it has come to such a stage, that no pure service can be expected. If this statement holds good in respect of all services in the State, it will apply with greater force to the department for the supply of foodgrains. This is the sad fact.

In regard to price, we must get our foodgrains for reasonable prices. Of course, the Government of India is involved in this matter. We heard something about it yesterday evening. There is no use in our crying hoarse here, because in Delhi our voices will not be heard. There they are managing things in their own way. Therefore we must insist that adequate quantities of foodgrains must be supplied to us and that at reasonable prices. We must induce the Government of India to do it.

While on the point of prices, I want to refer to a particular aspect of the matter. Practically for the last year or two, all the rice that comes here from outside by sea has been landing at Cochin. I should like to know why the landing should be solely in Cochin and why the port of Alleppey has been practically given up for this purpose. Formerly when our own Trivandrum pier was in good condition, we used to get all our rice landed here. But probably that is not possible now because the pier is not in existence. It has been damaged and has to be replaced. But as far as Alleppey port is concerned, why no paddy is landed there, requires explanation.

From the figures that I have been able to collect it is seen that there would be substantial gains say, from Rs. 6 to Rs. 7 per ton of rice if it is landed at Alleppey instead of at Cochin. Now, Sir, the practice is that rice is landed at Cochin and then it is taken by vallams to Alleppey at a distance of about 40 miles. The conveyance charge would itself cost Rs. 35 and the loading and unloading charges Rs. 45 for 100 bags. On the other hand if rice is landed at Alleppey there would be a gain of Rs. 6 to Rs. 7 per ton. That is the figure that I have been able to arrive at. I do not know why the Alleppey Port could not be used for this purpose. If it is landed at Alleppey, there would be substantial gain. Out of 3 lakhs and 20 thousand tons of rice that is landed roughly 50 per cent. is spent in areas south and east of Alleppey. Sir, I hope at least some satisfactory explanation would be forthcoming why they don't think of Alleppey for landing riee. With these words I move my motion.

Sri. Eapen Arakkal: Sir, it requires no degree of emphasis to be laid on this matter considering its importance. In view of the fact that this is a Department the working of which is closely associated with the welfare of the people the question involved needs urgent and earnest consideration. Sir, this matter has come up for discussion even during the last session. That amount of attention which this should receive has not been bestowed by the Government. Sir, I need not here reiterate the fact that scarcity of food grains is causing immense trouble to all the people of the State. The circumstances and causes that contribute to this scarcity need not be described here. We have to face realities and look for means and measures for removing this long standing evil which affects all the people in the State. Sir, one efficient measure by which we propose to remedy this evil is by

procuring rice from among ourselves. It has been declared by the Government of India that no food grains will be imported during the period 1950—51. That is the policy adopted by the Central Government and we could only conform ourselves to that policy. So unless producton is accelerated, unless we are in a position to procure more rice in the State we are not going to fare well as no food grains will be imported into our State.

How to accelerate production is the question. This can best be done by giving proper encouragement to those people who are engaged in the production of paddy. It has been already expressed here that if we want production to be accelerated or enhanced we should give more and more encouragement to the cultivator. It is not given to all people alike to produce paddy. It depends upon local and agricultural conveniences and conditions for a man to be a paddy cultivator. Kuttanad and Nanjinad are the main agricultural regions of the State. I ask whether any proper encouragement in the form of financial aid-that is by enhancing the price of paddy produced—is being rendered to the cultivator. No, Sir, it is not being done. That has been the regular complaint of the agriculturist in the country. They are not given that degree of encouragement that they deserve. They feel that they are the back bone of the country. They have got the capacity to produce as much paddy as possible. The Government and a certain section of the people think that giving more money to the agriculturists would be making rich people more rich and encouraging blackmarket. But I say, Sir, that if we do not give sufficient encouragement to the cultivator we are not going to get the best out of them. It appears from statistics that the cost of cultivation in Kuttanad and Nanjinad does not in any way compare favourably with the money that is being given to the agriculturists by Government as price of paddy procured. It is a matter of gratification, Sir, that of late there was a move to increase the price of paddy in the State. I don't know how far the proposal has been brought into effect. I want to request the Government to consider this question as a serious matter. In enhancing the price of paddy we will be doing more service to the State in so far as the cultivator will be able to produce more paddy. In saying this I am not unaware of the financial commitments and difficulties that the Government have to face. Government is even now incurring a loss involving a huge amount on account of food Supply Section. Realising this I would suggest that if we really stand to lose a huge amount by way of buying rice it would not be too much for Government to pay the cultivator at least the minimum charges for cultivation demanded by them. If this is done Government would be able to procure more paddy as there would be more production.

I wish to add one word more, regarding the storing and distribution of imported rice. Well, Sir, I find that there is gross negligence of duty on the part of the people entrusted with the purchase of foreign rice, and the rice that is being imported into our State is handled most carelessly affecting the quality and the quantity of the foodstuffs. The depot officers and the other officers engaged in this work think that the supply of food to the people is matter of playful concern only. They do not take as much care as they ought to have taken in the matter of purchasing and storing rice or paddy. They are all indifferent in the discharge of their duties. In transit, due to the carelessness of the officers concerned considerable quantity of food stuffs is being pilfered. This has become a regular feature when food grains are sent by vallams both from Cochin and Alleppey. When we are experiencing acute shortage of food I was astounded to see how these people engaged in the transport of food stuffs from one place to another show no scruples to neglect their duty and pilfer this precious commodity. That ought to be checked at the earliest possible moment.

[Sri. Eapen Arakkal]

Now, coming to the Depots, there are cases to my knowledge that these food grains are stacked in open spaces open to rain and sun-shine alike. This affects to a considerable extent the quality and quantity of the stuff. The misconduct of some of these officers entrusted with the management of a Depot is so gross and serious that they must be adequately dealt with. We heard in an answer to a question that a certain depot officer was charged with defalcation and misappropriation. Well, Sir, I should think that these offences are going on not only in the particular depot to which reference was made this morning but it has become an universal feature in all these depots. These people are in charge of such precious food stuffs—to be considered more precious in these times than the 'Koh-i-noor' itself—that I would request Government to take stern and immediate measures to prevent pilfering and neglect of duty of officers that is usually going on in all these depots.

ஸ்ரீ. ஆர். செல்வஸ்வாமி நாடார்: சர், நமது ராஜ்யத்தில் நெல்லெடுப்புத் திட்டம் வருடந்தோறும் ஒவ்வொருவிதமாக மாறிமாறிக்கொண்டு வருகிறது. முதலில் "செட்டில்மென்ட் பாட்டம்" என்றதொரு முறையை வைத்திருந்தீர்கள். அதற்குப் பிறகு "எக்ஸஸ் பேலிஸ்' என்று வைத்தீர்கள். இப்பொழுது "லெவி ஸிஸ்டம்" என்றதொரு ஸிஸ்டத்தை கொண்டுவந்திருக்கிறீர்கள். இதனால், கிருஷிக்காரர்களுக்கிடையில் ஒரு வித்தியாசம் ஏற்படக் காணவில்லை. இந்த லெவி ஸிஸ்டம் மூலம் ஒரு ஏக்கருக்கு மேல் உள்ளவர்களிடமிருந்து நெல் எடுத்தால் போதும் என்று காணப்படுகிறது. ஆனால் நாட்டுப்புறங்களில், ஒரு ஏக்கருக்கு கீழுள்ள ஆட்களிடமிருந்தும் நெல் எடுக்கிறார்கள். இரண்டாவதாக, நான் சொல்ல விரும்புவது என்னவென்றால், ஒவ்வொரு கிருஷிக்காரர்களும் எவ்வளவு நெல் கொடுக்கவேண்டும் என்று நோட்டீஸ் கொடுக்கவோ, அப்படி ஒன்றும் கிடையாது நோட்டீஸ் ஏன் கொடுக்கவில்லை என்று கேட்டால், நோட்டீஸ் கொடுக்கவேண்டியதற்கு அவசியமில்லை. பார்வத்திக்காரர்களுக்கு ஒவ்வொருவரிடமிருந்தும் எவ்வளவு நெல் எடுக்க வேண்டுமென்று தெரியும். அவ்விதம் அவர்கள் எடுத்துக்கொள்வார்கள் என்று அதிகாரிகள் சொல்கிறார்கள். சர்க்காரிலிருந்து அவர்களுக்கு அப்படி ஏதாவது இரகசிய டைரக்ஷன்ஸ் கொடுக்கப்பட்டிருக்கிறதா என்று தெரியாது. சர்க்காரின் நோக்கம், கூடுதல் நெல் எடுக்கவேண்டுமென்பதுதான். ஆனால் கிருஷிக்காரர்களிடமிருந்து எடுக்கும் நெல்லுக்கு சரியான விலை கொடுக்க இச்சர்க்காருக்கு மனம் வரவில்லை. நேற்று தனகாரிய மந்திரியவர்கள் சொன்னார்கள், உத்தரப்பிரதேசத்திலிருந்து முதல்தரமான நெல் கிடைத்திருக்கிறது. அதை சப்ஸிடி இல்லாமல் விற்கவேண்டுமென்றால் இடங்கழி ஒன்றுக்கு 15½ அணா வீதம் விற்கவேண்டுமென்று சொன்னார்கள். அப்படி விற்கப்படுமானால் ஒரு பறை நெல்லுக்கு 5 ரூபாய் வருகிறது. அப்படி, உத்தரப்பிரதேசத்திலுள்ள கிருஷிக்காரர்களுக்கு, ஒரு பறை நெல்லுக்கு 5 ரூபாய் கொடுக்க முடியுமானால் நம் சகோதரர்களாகிய, நம் நாட்டு கிருஷிக்காரர்கள் தரும் நெல்லிற்கு, பறை ஒன்றுக்கு 3 ரூபாய் வீதம் ஏன் கொடுக்கக்கூடாது என்று கேட்கிறேன். 3 ரூபாய் வைத்து கொடுத்தால் இந்த ஸிஸ்டங்கள் ஒன்றுமே இல்லாமல் நமக்கு நெல் தாராளமாகக் கிடைக்கும். அப்படி ஒரு பறை நெல்லுக்கு 3 ரூபாய் வீதம்

நாம் கொடுத்தால் ஒரு குழப்பமும் இல்லாமல் சர்க்காருக்குப் போதுமான நெல் கிடைக்கும் என்று நான் உறுதிகூறுகிறேன். அடுத்ததாக நான் குறிப்பிட விரும்புவது என்னவென்றால், நமது ராஜ்யத்தில் விதரணம் செய்யும் ஏஜென்ஸியைப் பற்றித்தான். கொச்சியில் டிப்போக்கள் முகாந்தரம் விதரணம் செய்கிறார்கள். ஆனால் திருவிதாங்கூரில் wholesale dealers, Retail Dealers என்று இருக்கிறார்கள். நெல்லை வாங்கி Wholesale Dealers, Retail வியாபாரிக்கு விதரணம் செய்கிறார்கள். ஆகவே இங்கும் அம்மாதிரி டிப்போக்களை உடனடி "ஓப்பன்" செய்து, Wholesale Agency களை நிறுத்தவேண்டுமென்று இந்த சர்க்காரிடம் கேட்டுக்கொண்டு, எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: സർ, എന്റെ ഉപക്ഷേപം ഇതാണ്.

To reduce the allotmet of Rs. 25,00,00,000 for purchase price and transport charges by Re. 1.

ഇന്നു നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഏററവും ഗൗരവമേറിയ ഒരു പ്രശ്നമാണ് ഭക്ഷ്യപ്രശ്നമെന്നുള്ളതു് അധികം ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഈ വിഷയത്തിൽ നമുക്കു സെൻട്രൽ ഗവർമ്മെണ്ടിന്റെ കാരുണ്യത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല. നമ്മുടെ ആവശ്യത്തിനുള്ള സാധനങ്ങൾ ഏറെക്കുറെ സെൻട്രൽ ഗവർമ്മെണ്ടിന്റെ സഹായത്തോടുകൂടി അന്യസ്ഥലത്തുനിന്നും വരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. അതിൽ എത്രത്തോളം നമ്മുടെ ഗവർമ്മെണ്ടു വിജയിച്ചിട്ടുണ്ടെന്നുള്ള കാര്യമാണ് നാം നോക്കേണ്ടതു്. ഇന്നലെ സപ്ലിമെൻററി ഡിമാൻഡിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭമുമ്പാകെ നൽകിയ ചില വസ്തുതകളുടെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ ഈ സംഗതിയിൽ നമ്മുടെ നില ഏററവും സംഭ്രമജനകമായ ഒന്നാണെന്നു മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്തിനുതന്നെയും ദീർഘകാലം നിലനിൽക്കാൻ സാധിക്കുമോ എന്നു സംശയിക്കത്തക്ക ഒരസാധാരണമായ സാമ്പത്തിക അപകടഘട്ടത്തിലാണ് രാജ്യം ചെന്നു ചാടിയിരിക്കുന്നതെന്നുള്ള ഒരു പ്രതീതിയാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഉണ്ടായതു്. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചു, നമുക്കും സ്വാതന്ത്ര്യംലഭിച്ചു. നമുക്കു ദേശീയഗവർമ്മെണ്ടു് ഉണ്ടെന്നും ദേശീയമന്ത്രിമാരാണ് നമ്മെ ഭരിക്കുന്നതെന്നും പറഞ്ഞുകൊണ്ടു നടക്കാമെന്നല്ലാതെ നമുക്കു സാമ്പത്തികമായി എന്തു സ്വാതന്ത്ര്യമാണു ലഭിച്ചിട്ടുള്ളതു്. യാതൊന്നും ലഭിച്ചിട്ടില്ലെന്നു ഇന്നലത്തെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നു മനസ്സിലാകും. ബ്രിട്ടീഷ്കാരുടെ ഭരണകാലത്തു് നാം അടിമകളായിരുന്നുവെങ്കിൽ ഇന്നു നാം അടിമകളിൽവച്ചു അടിമകളാണ്. ഏതായാലും കേന്ദ്രഗവർമ്മെണ്ടിന്റെ ആനുകൂല്യംകൊണ്ടല്ലാതെ നമുക്കു ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ വരുത്താൻ നിവൃത്തിയില്ല. നമ്മുടെ ആവശ്യങ്ങളെപ്പററി ശക്തിയായും ധൈര്യമായും സെൻട്രൽ ഗവർമ്മെണ്ടിന്റെമുമ്പാകെ നല്ലെനിവത്തി വാദിച്ചാലെ നമ്മുടെ അവകാശം പിടിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

അതിൽ പരിപൂർണ്ണ പരാജയമാണ് നമ്മുടെ ഗവർമ്മെണ്ടു് അടഞ്ഞിട്ടുള്ളതു്. അതിന്റെ ഫലമായിട്ടാണ് ഇന്നത്തെ ഈ വൈഷമ്യങ്ങൾക്കു നാം വിധേയരായിരിക്കുന്നതു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ ഫുഡ് ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് വഹിച്ചിരുന്നകാലത്തു അദ്ദേഹം പ്രസംഗിച്ചതായി ഓർക്കുന്നു, വളരെ ശക്തിയായഭാഷയിൽ സെൻട്രൽ ഗവർമ്മെണ്ടി

[Sri. N. K. Krishna Pillai]

നോട് നിവേദനം ചെയ്തിട്ടുണ്ടെന്നും അതിന്റെ ഫലമായിട്ട് ധാരാളം ധാന്യങ്ങൾ വന്നുചേരുമെന്നും. എന്നാൽ അങ്ങനെയൊന്നും വന്നുചേർന്നതായി കണ്ടില്ല. ഇന്നത്തെ ധനകാര്യമന്ത്രി ഇന്ത്യാഗവമ്മേണ്ടുമായി നെഗോഷിയേഷൻസ് നടത്തിവരുന്നുവെന്നും അതുകൊണ്ട് പല സഹായവും ഉണ്ടാകുമെന്നും ഒരു ഒതുങ്ങിയ രീതിയിൽ പറഞ്ഞിട്ടേയുള്ളു. അനുഭവത്തിൽ കാണുന്നതു ൧൯൫൦–൫൧ വർഷത്തിൽ ൧൦൫ ലക്ഷം രൂപാ നമുക്കു ഈ ഇനത്തിൽ നഷ്ടമായിരിക്കുന്നുവെന്നാണ്. അതു നികത്തുന്നതിനുതന്നെ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ൭൫ ശതമാനം സബ്സിഡി തരാമെന്നു പറഞ്ഞിരുന്നതു് ഇപ്പോൾ തരികയില്ലെന്നു പറയുന്നു. ഇതൊക്കെ ഒരു ഗവമ്മേണ്ടിനും നിരക്കാത്ത അന്യായമാണ്. അപ്രകാരം സബ്സിഡി അനുവദിക്കാതെ ഞങ്ങൾക്കു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു ഞാൻ മുമ്പു പറഞ്ഞതുപോലെ ധൈര്യമായി തുല്യനിലയിൽ വാദിച്ചു നമ്മുടെ ആവശ്യങ്ങൾ നിവ്വഹിക്കാനുള്ള ശക്തിയില്ലെങ്കിൽ ഒരു ഗവമ്മേണ്ടു എന്തിനാണ് ഒരു ഗവേമ്മണ്ടായി കഴിഞ്ഞുകൂടുന്നതു്. ഇന്നത്തെ വൈഷമ്യങ്ങൾ ഗവമ്മേണ്ടിനെ നയിക്കുന്നവരുടെ അപ്രാപ്തിയും പിടിപ്പില്ലായ്മയുംകൊണ്ടാണ് വന്നതെന്നു പറയുന്നതിനോടു ഈ സഭ യോജിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ധാന്യവിലയും ട്രാൻസ്പോർട്ടും ഉൾപ്പെടെ ഇപ്പോൾ ൨൫ കോടി രൂപ ബഡ്ജററിൽ ച്ചേർത്തിരിക്കുന്നു. എന്തെല്ലാം പ്രതീക്ഷകളുടെ അടിസ്ഥാനത്തിലാണ് ഈ തുക ചേർത്തിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഏതായലും ആ വിശദവിവരങ്ങൾ അറിയുന്നതിനും ഈ സംഗതിയിൽ ജനങ്ങൾക്കു വലുതായ അതൃപ്തിയുണ്ടെന്നുള്ളകാര്യം രേഖപ്പെടുത്തുന്നതിനുമാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതെന്നു അറിയിച്ചുകൊള്ളുന്നു.

ശ്രീ. കളത്തിൽ കെ. വേലായുധൻനായർ: സർ, ഞാൻ അവതരിപ്പിക്കുന്ന ഖണ്ഡനോപക്ഷേപം ഇതാണ്.

To reduce the total allotmet of Rs. 100 under Demand XL by Re. 1.

ഭക്ഷ്യധാന്യങ്ങൾ വിതരണംചെയ്യുന്നതിനുള്ള ഏജൻസിയെ സംബന്ധിച്ചിടത്തോളം ഗവമ്മേണ്ടിന്റെ ഇപ്പോഴത്തെ നയം എന്താണെന്നു മനസ്സിലാകുന്നില്ല. ഏതാനും പ്രദേശങ്ങളിൽ പ്രൈവററ് ഹോൾസെയിൽസ് ഡിപ്പോ ഉണ്ടായിരുന്നതു നിറുത്തുകയും ഗവമ്മേണ്ടു നേരിട്ടു വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ മററു താലൂക്കുകളിലേക്കു അതു് വ്യാപിപ്പിച്ചതായി കാണുന്നില്ല. ഏതാനും താലൂക്കുകളിൽമാത്രം ഇതു പരീക്ഷിച്ചുനോക്കിയതിൽ പരാജയമാണെന്നുകണ്ടു് പഴയതുപോലെ പ്രൈവററുഡിപ്പോകൾ തുടങ്ങാൻ പോവുകയാണോ എന്നു ചോദിച്ചതിൽ അങ്ങനെയല്ലെന്നാണ് പറഞ്ഞതു്. എന്നാൽ വിജയപ്രദമായ ഈ പരീക്ഷണം മററു താലൂക്കുകളിലേക്കു വ്യാപിക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. അതിനെസംബന്ധിച്ചു നാട്ടിലുള്ള പ്രസ്താവമാണെങ്കിൽ മററു താലൂക്കുകളിലുള്ള ഹോൾസെയിൽ വ്യാപാരികളുടെ സമ്മർദവും സ്വാധീനവുംകൊണ്ടു് അങ്ങോട്ടു ഈ ഏപ്പാടു് വ്യാപിക്കാതിരിക്കുന്നുവെന്നാണ്. ഈ സംസാരത്തിനു അടിസ്ഥാനമുണ്ടെന്നു തോന്നാനുള്ള കാരണം മററു താലൂക്കുകളിലേക്കു ഈ ഏപ്പാടു വ്യാപിപ്പിക്കാതിരിക്കുന്നു എന്നുള്ളതുതന്നെയാണ്. ഏതായാലും ഇതുസംബന്ധിച്ചു ഗവമ്മേണ്ടിനു ഒരു വ്യക്തമായ നയവും അതു നടപ്പിലാക്കാനുള്ള ശേഷിയും ഉണ്ടായിരിക്കേണ്ടതാണ്.

ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനായി കുറെ പർച്ചേസിംഗ് തഹശീൽദാരന്മാരെ നിയമിച്ചിട്ടുള്ളതായി കാണുന്നു. ഒരു ഉദാഹരണംകൊണ്ടു് ഈ ഉദ്യോഗത്തിന്റെ ആവശ്യമില്ലായ്മയെ ചൂണ്ടിക്കാണിക്കാൻ കഴിയും. പീരുമേട്ടിൽ ഒരു പർച്ചേസിംഗ്തഹശീൽദാരെ നിയമിച്ചിട്ടുണ്ടു്. അവിടത്തെ നെല്ലു സംഭ

ഷിക്കുന്നതിനാണെങ്കിൽ കഷ്ടിച്ചൊരു ൧൫ ദിവസം മാത്രം മതിയാകും. ഇപ്പോൾ നിയമിച്ചിട്ടുള്ളതെല്ലാം ഒരു കൊല്ലക്കാലത്തേക്കാണ്. ഒരു വർഷത്തിൽ ഒരവസരത്തിൽമാത്രം ൧൫ ദിവസംമാത്രം ചെയ്യേണ്ട ജോലിചെയ്യുന്നതിലേക്കാണ് പീരുമേട്ടിൽ ഒരു തഹശീൽദാരെ നിയമിച്ചിരിക്കുന്നതു്. ഇങ്ങനെ ആവശ്യമില്ലാതെ അധികം ഉദ്യോഗങ്ങൾ ഉണ്ടാക്കുന്നതു് ഡിപ്പാർട്ടുമെൻറിൻെറ മുകളിൽമുതലുള്ള തെററാണ്. മുകളിലുള്ള ആളുകൾതമ്മിൽ പദ്ധതികൾ നടപ്പിൽവരുത്തുന്നതിനുള്ള അഭിപ്രായവ്യത്യാസമാണ് ഇതിനെല്ലാം കാരണമാവുന്നതു്. ഫുഡ് സെക്രട്ടറിയും, സിവിൽ സപ്ലൈസ് കമ്മീഷണറും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടു്. അതിൽനിന്നും കുറെ ഉദ്യോഗങ്ങൾ കൂടുതലായി ഉണ്ടായി എന്നുവരും. ഓരോന്നിനും ഓരോ അസിസ്റ്റൻറ കമ്മീഷണറന്മാരെ നിയമിക്കും. അങ്ങിനെ അസിസ്റ്റൻറ കമ്മീഷണറന്മാരെ നിയമിച്ചുകഴിയുമ്പോൾ അവരുടെതാഴെ ഓരോ താലൂക്കിലും ഉദ്യോഗസ്ഥന്മാർ വേണം. ഇവർക്കെല്ലാവർക്കും ജോലിയും ഇല്ല. ഇതൊന്നും ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയല്ല.

ശ്രീ. സി. കേശവൻ: ഗ്രെയിൻസ് പർച്ചേസ് മാത്രമല്ല ഈ തഹശീൽദാരന്മാരുടെ ജോലിയെന്നു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഓരോതാലൂക്കിലും തഹശീൽദാർ ഉള്ള സ്ഥിതിക്ക് ഒരു പർച്ചേസ് തഹശീൽദാരെക്കൂടി നിയമിച്ചിരിക്കുന്നതു പർച്ചേസിംഗിനുവേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ആണ്ടിൽ രണ്ടുംമൂന്നും കൃഷിയുള്ള താലൂക്കുകളിൽ മിക്കവാറും ദിവസങ്ങളിൽ പർച്ചേസ് നടത്തേണ്ട ആവശ്യം വരും. നെൽകൃഷി വളരെ കുറച്ചുള്ള സ്ഥലങ്ങളിൽ ഈ ഉദ്യോഗസ്ഥന്മാർ സ്ഥിരമായി ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. തിരുവിതാംകൂർ കൊച്ചിയിൽ ൩൪ റവന്യൂ ഡിവിഷനുണ്ടു്. അതുകൊണ്ടു ൩൪ പർച്ചേസ് തഹശീൽദാരന്മാർ വേണമെന്നുവിചാരിച്ചു നിയമനം നടത്തി. അല്ലാതെ ഓരോ സ്ഥലത്തേയും ആവശ്യം നോക്കിയല്ല നിയമനം നടത്തിയിട്ടുള്ളതു്. അതുപോലെതന്നെ റേഷനിംഗ് സംബന്ധിച്ചു ഓരോ താലൂക്കിലും ഒന്നിലധികം അസിസ്റ്റൻറന്മാരെ നിയമിച്ചുവരുന്നതായി കാണുന്നു. തഹശീൽദാരന്മാരുടെ താഴെ ഫീൽഡ് ആഫീസറന്മാർ എന്നപേരിൽ ഓരോ താലൂക്കിലും മൂന്നുംനാലും പേരെ നിയമിച്ചിട്ടുണ്ടു്. യുദ്ധകാലംമുതൽ ഇങ്ങോട്ടു് ഒരു ഉദ്യോഗസ്ഥനെ വച്ചുകൊണ്ടു ഭക്ഷ്യധാന്യവിതരണം സാമാന്യം ഭംഗിയായി നടത്തിക്കൊണ്ടിരുന്നുവെങ്കിൽ ഇപ്പോൾ ഓരോ താലൂക്കിലും മൂന്നും നാലും ഫീൽഡ് ആഫീസറന്മാരെ നിയമിക്കേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഇവരുടെ നിയമനത്തെപ്പററി അടുത്തകാലത്തു എനിക്കു ചില അറിവുകൾ കിട്ടി. പബ്ളിക് സർവ്വീസ് കമ്മീഷനോടു ആലോചിക്കാതെ നിയമനം നടത്തുന്നുവെന്നു ഞാൻ പൊതുവിമർശനവേളയിൽ സൂചിപ്പിക്കുകയും അതിനെ ബഹുമാനപ്പെട്ട ഒരു മന്ത്രി വെല്ലുവിളിക്കുകയും ചെയ്യുകയുണ്ടായി. ഫുഡ് ഡിപ്പാർട്ടുമെൻറിൽ ഏതാനും പർച്ചേസ് തഹശീൽദാരന്മാരെ പബ്ളിക് സർവ്വീസ് കമ്മീഷൻെറ അനുവാദംകൂടാതെ നിയമിക്കുകയും അതു റാററിഫിക്കേഷനുമായി അയച്ചതിൽ പബ്ളിക് സർവ്വീസുകമ്മീഷൻ ൧൧ പേരുടെ കാര്യത്തിൽമാത്രമേ റാററിഫിക്കേഷൻ നൽകിയുള്ളുവെന്നും അറിയുന്നു. റാററിഫിക്കേഷൻ ചെയ്യാതിരുന്നതു അനീതിപരമായ നിയമനം ആയിരുന്നുവെന്നുള്ളതിനാൽ ആണല്ലൊ. ആവശ്യമില്ലാതെ ഉദ്യോഗം വർദ്ധിപ്പിക്കുന്നതുകൊണ്ടു വിതരണത്തി

[Sri Kalathil Velayudhan Nair]

ന്നതന്നെയും തരക്കേടുവരുന്നുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ കൂടുതലും അരിവരുന്നതിലുള്ള കുറവുമാണ് ഇപ്പോഠം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉദ്യോഗസ്ഥന്മാരെ വർദ്ധിപ്പിച്ചതുകൊണ്ടു വിതരണം വളരെ ഭംഗിയായി നടക്കുന്നുവെന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല.

ഉദ്യോഗസ്ഥന്മാർ കൂടുതലുണ്ടെങ്കിലും ഉള്ള റേഷൻ തക്കസമയത്തു എത്തിക്കേണ്ട സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നില്ല എന്നു പല പരാതികളും ഉണ്ടായിട്ടുണ്ടു്. ചങ്ങനാശ്ശേരിയാൽതന്നെ ഒരാഴ്ചക്കാലത്തു മുഴവൻ റേഷൻവിതരണമുണ്ടായിരുന്നില്ല. ഇതേപ്പററി അന്വേഷിച്ചപ്പോഠം കൊച്ചിയിൽ ഭക്ഷ്യധാന്യങ്ങഠം ഉണ്ടെന്നും കൊച്ചിയിൽ പോയി കൊണ്ടുവരുന്നതിനു ഉദ്യോഗസ്ഥന്മാർ അനാസ്ഥകാണിച്ചതിനാലാണെന്നും മനസ്സിലായി. ഇതെന്തുകൊണ്ടാണു്? അരി സ്റ്റാക്കചെയ്യുന്ന സ്ഥലങ്ങളിൽ വിതരണത്തിനായിഎത്തിച്ചുകൊടുക്കേണ്ട ചുമതല ഉദ്യോഗസ്ഥന്മാക്കില്ല. അപ്പോഠം അതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ശേഷിക്കുറവു തന്നെയായിരിക്കണം ഇതിനു കാരണം, ഈ കാര്യങ്ങഠം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടു് ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

<u>ശ്രീ. ഈ. പി. പൗലോസ്</u>: സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് ഒന്നുരണ്ടു സംഗതികഠം ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നെല്ലു് സംഭരണത്തെ സംബന്ധിച്ചിടത്തോളവും ഇക്കഴിഞ്ഞ അഞ്ചാറുകൊല്ലമായി ഗവമ്മെണ്ടു് പല പദ്ധതികളും സ്വീകരിക്കുകയും അവ ഉപേക്ഷിക്കുകയും പിന്നീടു് മററു പദ്ധതികഠം സ്വീകരിച്ചു പരീക്ഷിച്ചതിനുശേഷം അതും സ്വീകാര്യമല്ലെന്നു പറഞ്ഞു തള്ളിക്കളയുകയും ചെയ്തിട്ടുണ്ടു്. ഒടുവിൽ അധികവ്യവസ്ഥയിൽ നെല്ലെടുക്കണമെന്നവസാനമായി ഒരു പദ്ധതി സ്വീകരിക്കുക ഉണ്ടായി. അതു പരീക്ഷിച്ചു നോക്കുകയും ചെയ്തു. അധികവ്യവസ്ഥയിൽ നെല്ലെടുക്കുന്നതു് കൃഷിക്കാക്ക് വളരെ വളരെ ക്ലേശകരമായിത്തീന്നിട്ടുണ്ടെന്നു് വളരെ പരാതികഠം ഉണ്ടായി. ഏതെങ്കിലും തരത്തിൽ ഒരു ക്ലിപ്തവ്യവസ്ഥയിൽ നെല്ലെടുക്കണമെന്നു മുറവിളി ഉണ്ടാക്കുകയും ചെയ്തു. അതിൻെറ ഫലമായിട്ടാണു് ലെവി പദ്ധതി അനുസരിച്ചു നെല്ലെടുപ്പു തുടങ്ങിയതു്.

സർ, ചില അഭിപ്രായവ്യത്യാസങ്ങഠം അതു സംബന്ധിച്ചു ഉണ്ടായിരുന്നു എങ്കിലും ഈ പുതിയ പദ്ധതി ഒടുവിൽ സ്വാഗതം ചെയ്യുകയാണു് ചെയ്തിട്ടുള്ളതു്. പല പത്രങ്ങളിൽനിന്നും ചില മുഖപ്രസംഗങ്ങളിൽനിന്നും ഈ പദ്ധതി പൊതുജനങ്ങഠം സ്വാഗതം ചെയ്തു എന്നു വിചാരിക്കുന്നതിൽ തെററുണ്ടായിരിക്കുകയില്ല.

ഇതനുസരിച്ചു ആവശ്യമായ നിയമം ഉണ്ടാക്കിയപ്പോഴാണു് ഇതേപ്പററിയുള്ള പരാതികഠം വീണ്ടും ആവിർഭവിക്കുന്നതു്. ഇപ്പോഠം നിലവിൽ ഇരിക്കുന്ന പദ്ധതി അനുസരിച്ചു ഒരു ഏക്കർ ഭൂമിയുള്ളവരെ ഒഴിവാക്കിയിട്ടുണ്ടു്. ഒന്നു മുതൽ അഞ്ചുവരെ ഏക്കർ ഭൂമിയുള്ളവക്കു് ഇത്ര, ൫ മുതൽ പത്തുവരെ വേറെ ഒരു നിരക്കു്, ഇങ്ങനെ ഒരു സ്ലൈഡിംഗു് സ്കെയിൽ അനുസരിച്ചാണു് എടുത്തുവരുന്നതു്. ഈ നിയമം ചില വ്യക്തികളെ എങ്ങിനെ ബാധിക്കുമെന്നുള്ളതാണു് നോക്കേണ്ടതു്. ഇതുമൂലം ക്ലേശിക്കുന്നവരുടെ പരാതികഠം കേഠക്കുന്നതിനു എനിക്കിടയായിട്ടുള്ളതുകൊണ്ടു് ഞാൻ പറയുകയാണു്. ഇന്നത്തെ നിയമം അനുസരിച്ചാണെങ്കിൽ അവരിൽ ചിലർ ഒരാണ്ടിൽ അഞ്ചിരട്ടിമുതൽ ഏഴിരട്ടിവരെ കൂടുതലായി നെല്ലു കൊടുക്കേണ്ടിവരും. അതായതു് ഏക്കറേജിൻെറ അടിസ്ഥാനത്തിൽ ആദ്യമേ അഞ്ചേക്കറിൽ താഴെവരെ കൃഷിയുള്ള ഒരു

കൃഷിക്കാരന് അധികവ്യവസ്ഥയിൽ കൊടുത്തു വന്നിരുന്നതിൽ വളരെ കൂടുതലായി കൊടുക്കേണ്ടിവരുന്നവർക്ക് ആശ്വാസത്തിനായി ചില ഉപാധികളുംകൂടി ഈ നിയമത്തിൽ കൊള്ളിച്ചിട്ടുണ്ട്.

സർ, ഈ പുനഃപരിശോധന ചെയ്യുന്നതിനു പല മാനദണ്ഡങ്ങൾ നോക്കേണ്ടതായുണ്ട്. ഏതെങ്കിലും ഒരു വ്യക്തിക്ക് ഇതു വളരെ ക്ലേശകരമാണെന്നു വരുന്ന അവസരത്തിൽ കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലത്തിൽ സർക്കാരിലേക്ക് എടുത്ത നെല്ലിന്റെ ശരാശരി കണക്കാക്കി അതിൽ അഞ്ചോ പത്തോ ശതമാനം കൂടി കൊടുക്കാൻ അനുവദിക്കാത്തവിധം ഈ ലെവി പദ്ധതി സ്വീകരിക്കണമെന്നാണെന്റെ നിർദ്ദേശം. അതിനു സമ്മതമല്ലാത്ത ആളുകൾ—

ശ്രീ. കളത്തിൽ കെ. വേലായുധൻനായർ: അതായത്, ഈ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളിൽ കൊടുത്തിട്ടുള്ള എക്സ്സസ് ബേസിസിൽ അഞ്ചോ പത്തോ ശതമാനം കൂടുതൽ കൊടുക്കാൻ അനുവദിക്കണമെന്നാണോ?

ശ്രീ. ഇ. പി. പൗലോസ്: സ്നേഹിതന്റെ ഉദ്ദേശം എനിക്കു മനസ്സിലായി. ഇതാരേയും പ്രീതിപ്പെടുത്തുവാൻ വേണ്ടി ചെയ്യണമെന്നു പറഞ്ഞതല്ല. അതു് ഈ സഭയിലുള്ളവർക്ക് അറിയാം. ഇപ്രകാരം നെല്ലെടുക്കുന്നതുകൊണ്ട് നങ്ങൾക്കു വളരെ ക്ലേശത്തിനു കാരണമാകുന്നുണ്ട്. അതുകൊണ്ട് ഈ നിയമം പുനഃപരിശോധന ചെയ്തു അതിനു വേണ്ട തീരുമാനം ഉണ്ടാക്കണമെന്നാണ് എനിക്കു നിർദ്ദേശിക്കുവാനുള്ളതു്. മുമ്പെടുത്തിരുന്നതിൽനിന്നും അഞ്ചോ പത്തോ ശതമാനം കൂടുതൽ കൊടുക്കുന്നതിനു സമ്മതമുള്ള അനേകം ആളുകളെ എനിക്കു കാണാൻ സാധിച്ചിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽനിന്നും ഒന്നരകോടിയോ ഒന്നേമുക്കാൽ കോടിയോ പറ നെല്ലു കൊടുക്കണമെന്ന് ക്ലിപ്തമായി നിശ്ചയിച്ചാൽ അതു കർഷകർക്ക് വളരെ സഹായകരമായിരിക്കും. അതുപോലെതന്നെ ഒരു മൂന്നു കൊല്ലത്തേയ്ക്കെങ്കിലും സ്ഥിരമായിരിക്കത്തക്കവിധത്തിലുള്ള റൂളുകൾ ഉണ്ടാകേണ്ടതുമാണ്.

ഒരു കാര്യംകൂടി പറയാനുള്ളതു് ഗവമെണ്ടുവക നെല്ലു അറകളിൽ കിടക്കുമ്പോൾ നെല്ലുവന്നിട്ടില്ല, കിട്ടിയിട്ടില്ല എന്നു പറഞ്ഞു റേഷൻ കൊടുക്കാതിരിക്കുന്ന ഒരു പതിവു് നടപ്പുണ്ട്. അവിടങ്ങളിൽ ആവശ്യമുള്ള അവസരങ്ങളിൽ അതാതു സ്ഥലത്തെ അറകളിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തെ നെല്ലു് എടുത്തുകൊടുക്കേണ്ടതാണ്. അതിനുപകരം വളരെ ദൂരെ സ്ഥലങ്ങളിലേയ്ക്കു് കച്ചവടക്കാർക്ക് അതോറിററി എഴുതിക്കൊടുക്കുന്നു. അങ്ങിനെ ദൂരസ്ഥലങ്ങളിലേക്ക് അതോറിററി കൊടുക്കുന്നതുകൊണ്ട് കച്ചവടക്കാർക്ക് ഈ നെല്ലു് കച്ചവടം ചെയ്യുന്നതിനു് വളരെ സൌകര്യമുണ്ട്. അതല്ലെങ്കിൽ ബ്ലാക്കമാർക്കററ് നടത്താൻ സൌകര്യം കൊടുക്കുന്നതിനോ, അതുമല്ലെങ്കിൽ അതോറിററി കൊടുക്കുന്നവരെ ശരിയായി കച്ചവടക്കാർ പ്രീണിപ്പിക്കാത്തതുകൊണ്ടോ ആണ്. ഇതിനുവേണ്ടി അല്ലെങ്കിൽ ഓരോ കച്ചവടക്കാരനും അതാതു സ്ഥലങ്ങളിൽ ഗവമെണ്ട് സംഭരിച്ചിട്ടുള്ള നെല്ലു കൊടുക്കുന്നതിനു് നിർദ്ദേശം കൊടുക്കേണ്ടതാണ്. ഇതുകൊണ്ട് ട്രാൻസ്പോർട്ട് ചെലവുതന്നെ കുറയ്ക്കുവാൻ സാധിക്കും. ഈവക കാര്യങ്ങൾ ഗവമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സംഗതിയെപ്പററി മിക്കവാറും എല്ലാ ഭാഗത്തും ഉള്ള ബഹുമാനപ്പെട്ട മെമ്പറന്മാരും പറഞ്ഞുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ചെറിയ ഒന്നുരണ്ടു കാര്യങ്ങളെപ്പററി സ്പർശിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങൾക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കുന്നതിലേക്ക് പ്രൈവററ് ഹോൾ സെയിൽ ഡിപ്പോകൾ ഉണ്ടായിരുന്നിടത്തു് ഗവമെണ്ട് ഡിപ്പോകൾ

[Sri A. K. Patchu Pillai]

നാട്ടിന്റെ എല്ലാ ഭാഗത്തും തുറന്നിട്ടുണ്ട്. ഗവണ്മെണ്ട് ഡിപ്പോകൾ തുറന്നിട്ടുണ്ടെങ്കിലും കച്ചവടക്കാർ അവക്ക് ഉള്ള അതോറിററി വാങ്ങിക്കുന്നതിനായി വളരെ ദൂരം പോകേണ്ടിയിരിക്കുന്നു. അങ്ങിനെ പോയി അതോറിററി വാങ്ങിയാൽ പിന്നെ ഗവണ്മെണ്ട് ഡിപ്പോകളിൽ കൊണ്ടുപോയി അതോറിററി കാണിക്കണം. അങ്ങിനെ കാണിക്കുകയാണെങ്കിൽതന്നെ പത്തിനു മൂന്നോ നാലോ ഭാഗംമാത്രം കണക്കാക്കി തരുന്നതിനെ ആ ഡിപ്പോകളിൽ നിവൃത്തിയുള്ളൂ. ഉള്ളതു നിങ്ങൾ കൊണ്ടുപോകണം, ബാക്കി അടുത്തുതന്നെ വന്നുചേർന്നാൽ തന്നുകൊള്ളാം, എന്നൊക്കെ പറഞ്ഞ് ഈ കച്ചവടക്കാരെ മടക്കി അയക്കുന്നതു്, മിക്കവാറും എല്ലാ ഡിപ്പോകളിലും നടന്നുവരുന്ന പതിവാണ്. ഇപ്പോൾ ആളു തോറും റേഷൻ ശരിക്കു കിട്ടാതെ പല സ്ഥലങ്ങൾ ഉണ്ടെന്നാണറിയുന്നതു്. ചില സ്ഥലങ്ങളിൽ ചില ആളുകളിൽ പത്തിനു രണ്ടും മൂന്നും എന്നു കണക്കിനാണ് യൂണിററു കൊടുത്തുവരുന്നതു്. ഇതു് ആളുകൾക്കു് വളരെ വിഷമമുണ്ടാക്കുന്ന സംപ്രദായമാണ്. ഇങ്ങിനെയുള്ള സംപ്രദായം നടപ്പിലിരിക്കുന്നതുകൊണ്ട് ആളുകൾക്ക് അരി കിട്ടുന്നതിനു വളരെ വിഷമം വരുത്തിവെച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്. അതായതു് സർക്കാരിൽനിന്നും—

ശ്രീ. പാണ്ടവത്തു് ശങ്കരപ്പിള്ള: സാധുക്കൾക്കു ദിവസവും റേഷൻ കിട്ടണമെന്നു പറഞ്ഞിട്ടുള്ളതായി ഒരു പ്രക്ഷോഭണം അറിയാമോ?

ശ്രീ. എ. കെ. പാച്ചുപിള്ള: അതു ഇവിടെ വളരെ അസാദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു് അതേ സംബന്ധിച്ചു ഞാൻ സ്പർശിക്കുന്നില്ല. ഓരോ ദിവസവും വിതരണം നടത്തുന്നതു് വളരെ ഉത്തമമായിട്ടുള്ള ഒരു കാര്യമാണ്. എന്നാൽ അതു് അപ്രായോഗികമായിരിക്കുന്നതുകൊണ്ട് ഈ ആഴ്ചതോറുമുള്ള റേഷനെങ്കിലും ഭാഗികമായി കൊടുക്കാതെ അതുമൂലം ജനങ്ങളെ അസൌകര്യപ്പെടുത്താതിരിക്കുന്നതിനു ഈ സമ്പ്രദായം നിറുത്തണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു്. ഇതിലേക്കു് എനിക്കു കൊടുക്കുവാനുള്ള നിർദ്ദേശം, അതാതു താലൂക്കുകളിലെ ഓരോ ആഴ്ചത്തെ റേഷൻ ഇന്നു ദിവസം ഇന്നു സ്ഥലത്തുവച്ച് ഇത്ര ശതമാനം യൂണിററ് വിതരണം നടത്തുന്നതാണെന്നു മുൻകൂട്ടി ഗസററിലോ വർത്തമാനപ്പത്രങ്ങളിലോ മററു പ്രധാന സ്ഥലത്തോ പരസ്യപ്പെടുത്തി അതനുസരിച്ചു കൊടുക്കുന്നതിനേർപ്പാടു് ചെയ്യുകയാണെങ്കിൽ വളരെ അസൗകര്യം ആളുകൾക്ക് കുറഞ്ഞിരിക്കുമെന്നുള്ളതാണ്. അങ്ങിനെ ഇപ്പോൾ നടന്നുവരുന്നില്ല. ചില താലൂക്കുകളിലേ ഇങ്ങനെ നടക്കുന്നുള്ളു.

പിന്നെ ഏതെങ്കിലും ഒരു കച്ചവടക്കാരൻ ഒരു ഡിപ്പോയിൽനിന്നും റേഷൻ കൊടുക്കുന്നതിനായി വാഹനങ്ങളുമായി വന്നതിനുശേഷം അയാളുടെ അതോറിററി അനുസരിച്ചുള്ളതു മുഴുവൻ ലഭിക്കുന്നില്ലെങ്കിൽ അയാൾ മടങ്ങി വന്നു വീണ്ടും ബാക്കി കിട്ടാനുള്ളതു് വാങ്ങുന്നതിനായി പോകുന്നതുകൊണ്ട് ഈ സാധനങ്ങളുടെ ട്രാൻസ്പോർട്ട് ചാർജ്ജ് ഇരട്ടി ആയി എന്നു വന്നേക്കാം. അതു കച്ചവടക്കാരൻ നഷ്ടപ്പെടുകയില്ല. അതുപയോഗിക്കുന്ന ആളുകളുടെ കയ്യിൽനിന്നും ഈടാക്കാതിരിക്കാൻ സാധിക്കുന്നതുമല്ല. ഇതൊക്കെ നാട്ടിൻപുറങ്ങളിൽ തുടർച്ചയായി നടക്കുന്ന സംഗതികളാണ്. ഇതു കണക്കുകളിൽനിന്നും കാണുവാൻ സാധിക്കുകയില്ല.

അതുപോലെ ഈ ധാന്യങ്ങൾ ശേഖരിച്ചുവരുന്ന മിക്ക ഫുഡ് ഗ്രെയിൻ ഡിപ്പോകളെ സംബന്ധിച്ചിടത്തോളം ഇന്നു ശരിയായ വിധത്തിൽ കണക്കുകൾ സൂക്ഷിക്കുന്നില്ല. അവിടെ കണക്കുകളിൽ കാണുന്നതുപോലുള്ള സ്റ്റാക്ക് പരിശോധിച്ചാൽ കാണുകയില്ല. അതുപോലെതന്നെ ഈ സ്റ്റേററിന്റെ നാനാ

ഭാഗങ്ങളിലും ഉള്ള ഡിപ്പോകളിലും വിശേഷിച്ചു പാർവ്വത്യകാരന്മാർ സംഭരിച്ചു വെച്ചിരിക്കുന്ന മുറികളും ഡിപ്പോകളും പരിശോധിക്കുന്നപക്ഷം വലിയവലിയ കുറവുകൾ പലയിടത്തും കാണുന്നതിനിടയാകും.

അനേക സ്ഥലങ്ങളിൽ കടലാസിൽമാത്രം കണക്കുവച്ചിട്ട് ധാന്യങ്ങൾ അപ്പോഴപ്പോഴുള്ള ബ്ലാക്കുമാർക്കററ് റേററനുസരിച്ച് വിററുവരുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ഇതിനെ സംബന്ധിച്ച് ശരിയായ ഒരു ആഡിററ് ഇതേവരെ നടത്തിയിട്ടില്ല. ഓരോ വർഷവും ഫുഡ് ഡിപ്പോകൾ പരിശോധിച്ച് കണക്കുകൾ തിട്ടപ്പെടുത്തി ഓഡിററ് നടത്തുന്ന സമ്പ്രദായം റേഷൻ നടപ്പാക്കിയതിൽപിന്നെ ഇവിടെ ഇതുവരെ സ്വീകരിച്ചിട്ടില്ല. ചില താലൂക്കുകളിൽ വലിയവലിയ തകരാറുകൾ നടക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് പരാതികളും ഉണ്ട്. പക്ഷെ, അവയെ ശരിയായി പരിഹരിക്കുന്നതിനുള്ള ഒരു സിസ്റ്റം ഇവിടെ നടപ്പിലില്ല. കണക്കുകൾ പൊതുവേ താറുമാറായി കിടക്കുകയാണ്. ഇങ്ങിനെ സ്റ്റേററിന്റെ ഒരു വലിയ സ്വത്തു കണക്കുവയ്ക്കാതെ മറഞ്ഞു കിടപ്പുണ്ടെന്നുള്ള കാര്യം മനസ്സിലാക്കി അതിന്റെ നിവാരണത്തിനു വേണ്ടതു ഗവമ്മെണ്ടു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മലമ്പ്രദേശങ്ങളിൽനിന്നും പാർവ്വത്യക്കാരന്മാരോ നെല്ലെടുപ്പുദ്യോഗസ്ഥന്മാരോ ധാന്യങ്ങൾ എടുത്തുകഴിഞ്ഞാൽ ഇത്ര ധാന്യം എടുത്തു എന്നുള്ളതിനു രസീതുകൾ കൊടുക്കുന്നുണ്ട്. ആ രസീതുകളുംകൊണ്ട് ദീർഘകാലം നടന്നതിനു ശേഷമേ മിക്കവാറും അവർക്കു ധാന്യത്തിന്റെ വില കിട്ടുന്നുള്ളു. കഴിഞ്ഞ കൊയ്ത്തുകാലത്തും സാധുക്കളായ കൃഷിക്കാരിൽനിന്നും ഇതിനെ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ കൊയ്ത്തു കഴിഞ്ഞു വളരെ കാലം കഴിഞ്ഞിട്ടാണ് നെല്ലെടുപ്പുദ്യോഗസ്ഥന്മാർ ചെന്നു നെല്ലെടുക്കുന്നത്. ചിലപ്പോൾ വളരെ ദൂരസ്ഥലത്തുകൊണ്ടുപോയി കൊടുക്കേണ്ടി വരും. വളരെപണം കയ്യിൽനിന്നും ചെലവുചെയ്തു അവിടെപോയി താമസിച്ച് നെല്ലളപ്പിക്കേണ്ടതായുംവരുന്നുണ്ട്. ഇങ്ങനെ ബുദ്ധിമുട്ടി നെല്ലുകൊടുത്തു കഴിഞ്ഞാൽ പണംകിട്ടുന്നതിനു അതിലേറെ താമസമുണ്ട്. ഈവക കാര്യങ്ങൾക്കുകൂടി ഗവമ്മെൻറ് നിവാരണമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

സബ്സിഡിയെ സംബന്ധിച്ച് പറയുന്നതിന് മറെറാരവസരം വരുന്നതുകൊണ്ട് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.

Sri. P. S. Nataraja Pillai: I would like to draw the attention of the House to two facts. The Central Depot for the food grains imported is at Cochin, if I understand correctly. I am at a disability on this matter, since there is no administration report about this. Nor are the facts known to the public. I believe there is a Central Depot at Cochin and we have, according to the Budget, some twelve other Depots in the State. I would like district-war major depots being instituted so that all the stocks may not be concentrated or accumulated at the Central Depot. At a time of emergency, Transport difficulties may come into existence and a steady and regular rationing cannot be maintained because of the difficulty of transporting the stock, even if it is available at Cochin, to other parts. Therefore, the principle must be to maintain adequate stocks in all the districts by maintaining district depots. That will obviate a breakdown in the distribution. I say that in the face of the experience in the past which was referred to by other hon'ble Members here.

[Sri. P. S. Nataraja Pillai]

Then, another difficulty is the matter pointed out by Mr. Velayudhan Nayar whether Government has abolished the wholesale depots or not. There was a definite announcement that the wholesale distributors are to be abolished and the whole business would be done by Government. It was done in some parts and in other areas I understand the other system is in vogue still. Government must have a uniform policy in this matter. Either abolish the wholesale depots altogether or have depots everywhere. These are two important things that have to be looked into.

Now, when you go through the Budget, there is a reduction in the provision for staff. I do not know on what basis that is being done now. In 1950-51, we had 275 people employed. In 1951-52 the provision is only for 213 persons. I do not understand how that reduction has occurred. Is it on account of abolition of depots? We are not in a position to understand. At any rate, the most important thing which I would urge upon the Treasury Bench is that they should immediately take steps to constitute district depots where adequate stock and reserve stock could be built up. The best thing will be, at this time when we are getting foreign food grains imported as well as local paddy procured, to build up reserve stock in each district so that at the time of scarcity and difficulty, rationing can be maintained without any breakdown throughout the State.

There is another matter that I would like to mention here. Mr. Thanu Pillai referred to the necessity of making some provision or arrangement to have some ships diverted to Alleppey Port. The fact I was able to understand is that the unloading charges at Cochin plus the transport charges from Cochin to Alleppey by water will be higher than the unloading charges at Alleppey by abou tRs. 5 per ton. The transport charges from Cochin to Alleppey by water, if I understand correctly, is two annas per ton per mile. That will be somewhere near five rupees per ton and for hundred bags, it will be thirty-five rupees. If that thirty-five rupees is added to the Alleppey rate for unloading, it will be lesser than the Cochin quotation for unloading. That aspect may be gone into by the Department. The diversion of some ships to Alleppey will be useful in as much as it will provide labour and relieve unemployment.

Sir, then another matter that I would like to bring to the notice of the Government is about the provision of Rs. 50,00,000 for manure. I find if I understand the figures correctly, Government propose to sell the manure at fifty precent of the cost price and incur a loss of twenty-five lakhs. Fifty lakhs is put down as the purchase price and the credit is only for twenty-five lakhs. There is another item of credit by means of Government of India subsidy. Thus, the actual loss will be 12½ lakhs while on this matter of supply of manure at subsidised rates, I would say that the distribution was not satisfactory. I know it personally that as far as manure supply is concerned, especially groundnut cake and chemical fertilizers, there was not adequate supply in South Travancore. The South Travancore people were clamouring for months and years together that there was no adequate supply. In these circumstances, I would say that if Government are still going to have the supply effected, they must make adequate provision for the southern taluks of the State. I for one, Sir, will prefer the method of increasing the price of paddy and selling the manure at the cost price without incurring any loss. That will practically help the agriculturists. Now the subsidy on manures goes into the hands of the big capitalists and they are making a big profit. The manure sold at subsidised rate is taken possession of by the capitalists and they resell it with great profit. But it will help the cultivator if the actual price of the paddy is raised and the price of manure is fixed at the actual cost price itself. With these words, I move the motion.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, ഭക്ഷ്യകാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ ചില പരമാർത്ഥങ്ങൾ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. റേഷൻ സമ്പ്രദായവും അതിലുള്ള പല അഴിമതികളും ഈ രാജ്യത്തു ഉണ്ടാകേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കോൺഗ്രസ് ഗവമ്മെണ്ട് അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദത്തങ്ങളനുസരിച്ച് അവരുടെ പരിപാടികൾ ഇവിടെ നടപ്പിൽ വരുത്തുന്നതിന് നാം സമ്മതിച്ചിരുന്നുവെങ്കിൽ റേഷൻ സമ്പ്രദായവും അതിനെ തുടർന്നുള്ള മററു വൈഷമ്യങ്ങളും ഇവിടെ ഉണ്ടാകുമായിരുന്നില്ല. ൧൯൫൧-ൽ ഈ രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിന് കോൺഗ്രസ് ശ്രമിക്കുന്നതാണെന്നു വാഗ്ദത്തം ചെയ്യുകയുണ്ടായി. അതനുസരിച്ച് ൧൯൫൧-ൽതന്നെ, ഒരുപക്ഷെ അതിനുമുമ്പുതന്നെയോ ഈ രാജ്യം സ്വയംപര്യാപ്തമാകത്തക്ക വിധത്തിൽ കോൺഗ്രസ് ഗവമ്മെണ്ട് ആത്മാർത്ഥമായി ശ്രമിച്ചു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങിനെയുള്ള ശ്രമങ്ങളിൽ എതിരാളികൾ കോൺഗ്രസിനോടു വേണ്ടവിധത്തിൽ സഹകരിച്ച് സഹായിക്കുന്നതിനുപകരം ആവശ്യമില്ലാത്ത സന്ദർഭങ്ങളിലും, സ്ഥാനങ്ങളിലും രൂക്ഷമായി വിമർശിച്ച്, അവരുടെ പരിപാടികളെ പരാജയപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഇന്നു സ്വയംപര്യാപ്തത കൈവരുത്തുവാൻ സാധിക്കാതെ പോയിട്ടുള്ളത്. ഇവിടെയുള്ള ഭക്ഷ്യധാന്യങ്ങൾ കുറവായതുകൊണ്ട് അതു വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ട് ശ്രമിക്കുകയുണ്ടായി. വിദഗ്ദ്ധന്മാർ എന്തുതന്നെ പറഞ്ഞാലും കാടുവെട്ടിത്തെളിച്ച് കൃഷിയിറക്കുന്നതിനായി രാജ്യം ഒട്ടാകെ ആളുകൾക്കു പതിച്ചുകൊടുത്തു. ആയിരകണക്കിന് ഏക്കർ വനഭൂമി ആളുകൾക്കു പതിച്ചുകൊടുത്തിട്ടും കണക്കുകളനുസരിച്ച് ഒരിടങ്ങഴി നെല്ലുപോലും കൂടുതൽ വിളയിക്കുവാൻ സാധിച്ചിട്ടില്ലെന്നുകണ്ട് ആ പരിപാടി മാററിവച്ചിട്ട്, ജനസംഖ്യക്കനുസരിച്ച് ഭക്ഷ്യധാന്യം കൂടുതൽ വർദ്ധിപ്പിക്കുവാൻ സാധിക്കാതെവന്നിരിക്കുന്ന സ്ഥിതിക്ക് ഭക്ഷ്യധാന്യങ്ങൾ ഉള്ളതിനനുസരിച്ച് ജനസംഖ്യയിൽ കുറവുവരുത്തുകയാണ് ചെയ്യേണ്ടതു എന്നുള്ള ഉദ്ദേശത്തോടുകൂടി അതിനുവേണ്ട ഒരു പരിപാടി സ്വീകരിച്ച് പ്രവർത്തനം ആരംഭിക്കയുണ്ടായി. ഭക്ഷ്യധാന്യങ്ങളുടെ ദുർഭിക്ഷം ജനസംഖ്യക്കൂടുതൽ കൊണ്ടാണല്ലോ ഉണ്ടാകുന്നതു്. ജനങ്ങളുടെ ആവശ്യത്തിനു ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടു എന്നു കണ്ടപ്പോൾ ഭക്ഷ്യധാന്യത്തിന്റെ അളവനുസരിച്ച് ജനങ്ങളുടെ എണ്ണം കുറക്കുവാൻ ഗവമ്മെണ്ട് ശ്രമിച്ചു. ആത്മാർത്ഥമായി ശ്രമിച്ചു എന്നുതന്നെ പറയാം. എന്നാൽ ഗവമ്മെണ്ടിനെ എതിർത്തു ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാൻവേണ്ടി ഗവമ്മെണ്ടിന്റെ എതിരാളികൾ ആ പദ്ധതിയെ വിമർശിച്ച് പരാജയപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഈ രാജ്യത്തു സ്വയംപര്യാപ്തത കൈവരുത്താൻ സാധിക്കാതെ പോയിട്ടുള്ളതു്. ഇവിടത്തെ ഉല്പാദനത്തിന്റെ തോതനുസരിച്ച് ജനസംഖ്യ കുറക്കുക എന്നുള്ളതു വളരെ ശരിയായ ഒരു പദ്ധതിയാണ്. അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് ഗവമ്മെണ്ട് ചെയ്ത ശ്രമമാണ് പേട്ടരിലും മററു സ്ഥലങ്ങളിലും നാം കണ്ടതു്. അതാണ് ഈ പുതിയ പദ്ധതിയുടെ സ്വഭാവം. പക്ഷെ ആ പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ എതിർപക്ഷക്കാർ മനുഷ്യത്വത്തിന്റെപേരിലും ജീവകാരുണ്യത്തിന്റെപേരിലും അതിനെ എതിർത്തു പരാജയപ്പെടുത്തുകയാണ് ചെയ്തതു്. അങ്ങിനെ കക്ഷത്തിലിരിക്കുന്നതു വീഴാതെ ഉത്തരത്തിലിരിക്കുന്നതു എടുക്കാൻ സാധ്യമല്ല. സ്വയം പര്യാപ്തതക്ക് ഗവമ്മെണ്ട് എന്നും തയ്യാറാണ്. പക്ഷെ അതു കൈവരുത്തുന്നതിനു ജനങ്ങളാണ് ഇപ്പോൾ സമ്മതിക്കാതിരിക്കുന്നതു്. സ്വയം പര്യാപ്തതക്കുവേണ്ടി ശ്രമിക്കുന്ന ആളുകളെ സ്ഥലം മാററുകയും മററും ചെയ്യുന്ന ഒരു ഗവ

മെൻ്റുംകൂടെയാണ് ഇപ്പോൾ വന്നിരിക്കുന്നതു്. അതുകൊണ്ടു് ഇങ്ങനെയുള്ള പരിപാടികൾ എന്തെങ്കിലും നടപ്പിലാക്കി ഇവിടെ സ്വയംപര്യാപ്തത കൈവരുത്തുന്നതിനുള്ള ഗവമ്മെണ്ടിൻെറ ശ്രമത്തെ എല്ലാവരും അനുകൂലിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

The House adjourned at 5 p.m. and re-assembled at 5-30 p.m with Mr. Speaker in the Chair

LEGISLATIVE BUSINESS

The Travancore-Cochin Appropriation Bill (No. 1) 1151

Minister for Finance and Revenue **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Appropriation Bill (No. 1) of 1951.

Minister for Education, Labour and Civil Supplies **(Sri. T. K. Narayana Pillai):** I second it.

Mr. Speaker : The Bill is introduced.

ശ്രീ. എ. ജെ. ജാൺ : സർ, ൧൧൨൬-ലെ ൧-ാം നമ്പർ അപ്രോപ്രിയേഷൻ ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ മാസം ൨൧-ാം തീയതിയും ൨൩-ാം തീയതിയും ഇവിടെ അവതരിപ്പിച്ചു് പാസാക്കിയിട്ടുള്ളതായ സപ്ലിമെൻററി ഗ്രാൻറുകളെല്ലാംകൂടി ചേർത്താണ് ഈ അപ്രോപ്രിയേഷൻ ബിൽ തയാറാക്കിയിരിക്കുന്നതു്. ആകെയുള്ള സപ്ലിമെൻററി ഗ്രാൻറു് ൧,൩൦,൪൭,൧൨൦ ക. ആണ്. ആ സപ്ലിമെൻററി ഗ്രാൻറ് ഇവിടെ അവതരിപ്പിച്ച സമയത്തു് അതിനെ ഓരോന്നായി എടുത്തു് അതിനെപ്പററി ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതിൽ കൂടുതലായി ഈ ബില്ലിനെപ്പററി ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്.

Sri A: Thanu Pillai: Is this Bill to be called No. I or No. 2? We have already passed an Appropriation Bill. That is No. 1. When we bring another Bill should we not number it as 2 ?

Sri. A. J. John: This is for 1951. The Bill he refers to was for 1950.

ഓരോ കൊല്ലത്തിലും ഒന്നിൽ കൂടുതലായി അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിക്കേണ്ടതായി വരും. അതുകൊണ്ടാണ് ഇതിനു് ൧൧൨൬-ലെ ൧-ാം നമ്പർ അപ്രോപ്രിയേഷൻ ബിൽ എന്നു പറഞ്ഞിരിക്കുന്നതു്. കഴിഞ്ഞകൊല്ലം ഇവിടെ പാസാക്കിയതു് ൧൧൨൫-ലെ അപ്രോപ്രിയേഷൻ ബില്ലാണ്.

Sri. P. S. Nataraja Pillai: Sir, this Bill takes credit for a supplementary grant of nearly 1/12th of the ordinary expenditure for 1950—51. The expenditure for 1950—51 is somewhere near 14 crores of rupees, and the Treasury Bench has thought it fit to come with a supplementary demand for Rs. 1,25,00,000. This additional expenditure comes very near 1/12th of the original grant. That reveals the efficiency and the care with which the budget was prepared. At any rate, a supplementary demand has been placed before the House at the very end of the financial year. For my part, Sir, in the conditions existing now and on a careful scrutiny of the items as they existed then, and a careful analysis of the conditions in which the demands were brought,—there was not sufficient time as well—I thought, that the Government having made this demand, that demand may be accepted by the House, and I voted for the supplementary grants. At the same time, I feel it is my duty to bring to the notice of the Treasury Benches that as far as financial matters are concerned, it is better to follow the rules strictly, and as a matter of fact,

the supplementary demands that came before the House are not very regular. Whether those expenses should be incurred is one thing. That the supplementary grant should be made only for meeting any unexpected contingency or an expenditure incurred for unexpected reasons, is another. As a matter of fact, as was pointed out by one of my friends, most of the things for which these demands are made, were within the knowledge of the Treasury Benches and the Finance Department at the time of the budget and it was purely on account of their want of care and dereliction of duty that these things were not anticipated and included in the budget.

I would like to point out one more fact. Under "XXV—Industries," we have granted Rs. 1,30,000. As was explained by the Minister in charge yesterday, it is for compensation for nine acres of land at Alwaye. Sir, the Minister was not in a position to tell us yesterday whether the acquisition was from various individuals or whether it was acquired from one individual alone. At any rate, he was kind enough to give the information that something like Rs. 68,000 was due as compensation for building and the rest for the land, that is, Rs. 62,000 for nine acres. This compensation, according to me, is inordinately high and excessive for building and land in that locality. Whether the buildings and land are worth so much or not is a matter for careful scrutiny. Now that the amount has been granted, it is for the Government to scrutinize the matter, and if they find that the award made by the Collector is excessive, they should refer the matter to a judicial tribunal and get a remedy, and should not disburse the amount before an actual verification and a reconsideration of the valuation is made. I hope the Treasury Benches will take note of this view of the matter. As matters stand at present in Travancore-Chchin State there is a widespread feeling that State funds are being utilized, or allowed to be utilized for private and personal gain. In the circumstances, I once more urge on the Government to scrutinize the valuation list and the valuation award, before any payment is made, though, of course, this House has sanctioned the amount.

With these, words, Sir, I resum my seat.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: സർ, ആ സ്ഥലം കമ്പനിക്ക് വിട്ടുകൊടുത്തോ?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനിയ്ക്കു് വിട്ടുകൊടുക്കുവാൻ പോകുകയാണ്. അതു് ഈ മാസത്തിൽതന്നെ വിട്ടുകൊടുക്കും.

ശ്രീ. എ. ജെ. ജാൺ: മി. നടരാജപിള്ള ഇവിടെ ഉന്നയിച്ചതു് വളരെ ശരിയാണ്. അതായതു് ആകെയുള്ള തുകയുടെ ൮൨ ശതമാനമാണ് സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെട്ടിട്ടുള്ളതു്. ഒരു സംഗതി അദ്ദേഹത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. സപ്ലിമെൻററി ഗ്രാൻറിൽ ഒരുനൂററിഅഞ്ചു ലക്ഷം രൂപാ ഫുഡ്സബ്സിഡി ഇനത്തിലേക്കുള്ളതാണ്. അതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഞാൻ ഇവിടെ ഹാജരാക്കിയിട്ടുണ്ട്. സാധാരണയായി ഓരോ സെഷനിലും സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിക്കുക പതിവാണ്. എന്നാൽ ഈ കൊല്ലത്തിൽ ഇതേവരെ യാതൊരു സപ്ലിമെൻററി ഗ്രാൻറും സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടില്ലെന്നുള്ളതു് ബഹു. മെംബറന്മാർക്കു അറിയാവുന്ന ഒരു സംഗതിയാണ്. പിന്നെ ൩൭ ലക്ഷത്തിൽ ചില്വാനം ഉറുപ്പിക ആവശ്യപ്പെട്ടിരിക്കുന്നതു് പബ്ലിക്ക് ഡെററ് തീർക്കുന്നതിനുവേണ്ടിയാണ്. ഇതു് രണ്ടും കഴിച്ചാൽ വാസ്തവത്തിൽ വളരെ നിസ്സാരമായ തുക മാത്രമേ സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെട്ടിട്ടുള്ളു എന്നു് കാണാവുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫുഡ്പ്രൊഡക്ഷൻ ഇനത്തിൽ ൫൩,൦൦൦ ക. യുടെ സപ്ലിമെൻററി ഗ്രാൻറ ഇവിടെ അവതരിപ്പിക്കുന്നില്ലെന്ന് ഇന്നലെ പറഞ്ഞുവല്ലോ.

ശ്രീ. ടി. കെ. നാരായണപിള്ള: മാനുവറിന്റെ ഇനത്തിലുള്ള ൫൮ ലക്ഷം രൂപായാണ് ഇന്നലെ വേണ്ടെന്നു വച്ചതു്.

ശ്രീ. എ. ജെ. ജോൺ: പിന്നെ ആലുവായിൽ ഗവൺമെണ്ടിൽനിന്നും എടുത്തിട്ടുള്ള സ്ഥലത്തിന്റെ പൊന്നുവില നിശ്ചയിച്ചിട്ടുള്ളതു് വളരെ കൂടുതലാണെന്ന് തോന്നുന്നുവെന്നും അതിനെപ്പററി ഗവൺമെണ്ടു ഒന്നുകൂടി പര്യാലോചിച്ചതിനുശേഷമേ ആ തുക കൊടുക്കാവൂ എന്നും ഇവിടെ മി. നടരാജപിള്ള പറയുകയുണ്ടായി അദ്ദേഹം പറഞ്ഞതുപോലെ അതിനെപ്പററിയുള്ള എല്ലാ റിക്കാർഡുകളും ഗവൺമെണ്ടു ശരിക്കു നോക്കിയതിനുശേഷമേ ആ സംഖ്യ കൊടുക്കുവാൻ പോകുന്നുള്ളു.

Sri. D. Gnanasigamony: Are we to understand that final orders have not been passed on the land acquisition cases?

ശ്രീ. എ. ജെ. ജോൺ: അതിന്റെ റിപ്പോർട്ട് വന്നിട്ടുള്ളു. ഫൈനൽ ഓർഡർ ആയിട്ടില്ല.

Sri. D. Gnanasigamony: Then, we are told that the land has already been handed over.

ശ്രീ. എ. ജെ. ജോൺ: അതിനെ സംബന്ധിച്ച് ഫൈനൽ ഡിസിഷൻ ആയിട്ടില്ല. ഫൈനൽ ആക്കിയിട്ടേ സംഖ്യ കൊടുക്കുകയുള്ളു. ലാൻറ അർജൻസി ക്ലാസ്സ് അനുസരിച്ച് എടുത്തിട്ടുള്ളതാണ്. Sir, I move that the Bill be taken into consideration at once.

Sri. T. K. Narayana Pillai: I second it.

The question that the Bill be taken into consideration was put and carried.

Sri. A. Thanu Pillai: Which is this Public Debt—35 lakhs?

ശ്രീ. എ. ജെ. ജോൺ: ൩൦ ലക്ഷം രൂപാ പാലസ്സിലേയ്ക്കു് കൊടുക്കുവാനുണ്ടായിരുന്നു. അതു് തിരിച്ചുകൊടുക്കുകയാണ് ചെയ്യുന്നതു്. സെൻട്രൽ ബാങ്കിൽ പഴയ കൊച്ചി ഗവൺമെണ്ടു ൫ ലക്ഷം ഉറുപ്പികയുടെ ഒരു ഓവർ ഡ്രാഫ്റ്റ് എമൌണ്ട് കൊടുക്കുവാനുണ്ടായിരുന്നു. അതു് കൊടുത്തു തീർക്കുന്നതിനാണ് ബാക്കിയുള്ള ൫ ലക്ഷം ഉറുപ്പിക.

ശ്രീ. എ. താണുപിള്ള: സർ, പാലസ്സിൽനിന്ന് കടം വാങ്ങിയതു് ഏതു കാലത്താണ്?

ശ്രീ. എ. ജെ. ജോൺ: പഴയകാലത്തു് വാങ്ങിയതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രത്യേകം ഏതു് അയിററത്തിനുവേണ്ടി പണം ആവശ്യം വന്നപ്പോൾ വാങ്ങിയതാണ്?

ശ്രീ. എ. ജെ. ജോൺ: ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി വാങ്ങിയതാണ്.

ശ്രീ. സി. വി. ഇയ്യു: സർ, ആ സംഖ്യ ഇൻറഗ്രേഷനുമുമ്പ് വാങ്ങിയതോ ഇൻറഗ്രേഷനു ശേഷം വാങ്ങിയതോ?

ശ്രീ. എ. ജെ. ജോൺ. ഇൻറഗ്രേഷനു മുമ്പ് വാങ്ങിയതാണ്.

ശ്രീ. സി. വി. ഇയ്യു: ഇൻറഗ്രേഷനു മുമ്പ് തിരുവിതാംകൂർ ഗവൺമെൻറിന് ഉണ്ടായിരുന്ന കടം ഞങ്ങളുംകൂടി കൊടുത്തു തീർക്കണമെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജോൺ: കൊച്ചി ഗവൺമെൻറിൻെറ പല കടങ്ങളും ഈ ഗവൺമെൻറ് കൊടുത്തു തീർത്തിട്ടുണ്ട്. കൊച്ചി ഗവൺമെൻറ് കൊടുക്കുവാനുണ്ടായിരുന്ന ഓവർഡ്രാഫ്റ്റ് എമൗണ്ട് എത്രയായിരുന്നുവെന്നു നോക്കുകയാണെങ്കിൽ ബഹു. മെംബർ ഈ അഭിപ്രായം പറയുകയില്ലായിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: പാലസ്സിൽനിന്നു വാങ്ങിയ സംഖ്യയ്ക്ക് പലിശയോ കാലാവധിയോ ഉണ്ടായിരുന്നുവോ?

ശ്രീ. എ. ജെ. ജോൺ: പലിശ ൩ ശതമാനം ഉണ്ടായിരുന്നു. മൂന്നുകൊല്ലം കാലാവധിയും ഉണ്ടായിരുന്നു.

The question that Clauses 2 and 3 stand part of the Bill was put and carried.
The clauses were added to the Bill.
The question that the Schedule stands part of the Bill was put and carried.
The Schedule was added to the Bill.
The question that Clause 1 and the Title and Preamble stand part of the Bill was put and carried.
Clause 1 and the Title and Preamble were added to the Bill.

Sri. A. J. John: Sir, I move that the Bill be passed. In this connection I have to submit one word. Rule 51 (2) which reads as follows has to be suspended:

"Subject to the provisions of the Constitution, the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the Speaker may consider necessary.

At any time after the introduction in the Assembly of an Appropriation Bill, the Speaker may allot a day or days for the completion of all or any of the stages involved in the passage of the Bill by the Assembly, and when such allotment has been made the Speaker shall at 5 O'clock on the allotted day or, as the case may be, the last of the allotted days, forthwith put every question necessary to dispose of all the outstanding matters in connection with the stage or stages for which the day or days have been allotted".

Hence the Rule has to be suspended.

Sri. T. K. Narayana Pillai: I second it.

Mr. Speaker: Rule 51 lays down that all or any of the stages involved in the passage of the Appropriation Bill by the Assembly has to be covered before 5 O' clock on the allotted day. Consideration of this Bill was begun after 5-30 p.m. today as a special case. In the nature of the circumstances the provisions of the Standing Orders were not complied with. In other words it was not possible for us to finish all the stages of the Bill at 5 O' clock as is referred to in the Section. Therefore for proper execution of the work that rule stands suspended, I hope the House agrees to the suspension of that Rule.

This was agreed to and Rule 51 was suspended.
The motion that the Travancore-Cochin Appropriation Bill, (No. 1) 1951 be passed was put and carried.
The Travancore-Cochin Appropriation Bill, (No. 1) 1951 was passed.

The Travancore-Cochin Forest Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Committee on the Travancore-Cochin Forest Bill be extended up to Saturday, the 30th June 1951.

Sri. T. K. Narayana Pillai: I second it.

The motion was put and carried.

The Travancore-Cochin Police Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Commitiee on the Travancore-Cochin Police Bill be extended up to Saturday, the 30th June 1951,

Sri. T. K. Narayana Pillai: I second it.

Sri. P. S. Nataraja Pillai: May I know, whether it is necessary to have a Police Bill for this Government when the Central Government have made their law applicable throughout India?

Sri. A. J. John: That applies only for the Central Police.

The motion was put and carried.

The Travancore-Cochin Land Conservancy Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Committee on the Travancore-Cochin Land Conservancy Bill be extended up to Saturday, the 30th June 1951.

Sri. T. K. Narayana Pillai: I second it.

The motion was put and carried.

The House adjourned at 5-55 p.m. to meet again at 11 a.m. on Wednesday, the 28th March 1951.

V. KRISHNAMOORTHI AIYAR

Secretary, Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Wednesday, *the 28th March 1951*

Vol. III] **OFFICIAL REPORT** **[No. 15**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 28th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

Oral Answers

COCHIN FOREST EXECUTIVE STAFF ASSOCIATION

***1129.** [1] **Sri. T. P. Sitaraman:** Will the Hon'ble Minister for Forests be pleased to state.—

(*a*) has the Government received any representation from the Cochin Forest Executive Staff Association;

(*b*) what are their grievances; and

(*c*) what steps the Government have taken to remedy them?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) That the orders passed on the reorganisation of the Forest Department are unsatisfactory and that the scales of pay are inadequate, etc.

(*c*) It is under the consideration of Government.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിൽ ൪൦ മുതൽ ൯൦ വരെ രൂപ ശമ്പളസ്കെയിലിൽ ഇരുന്ന ഫാറസ്റ്റർമാരുടെ ശമ്പളം ഇപ്പോൾ ൨൫-൪൦ ആയി കുറച്ച വിവരം അറിയാമോ?

ശ്രീ. സി. കേശവൻ: അതിനെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ. സംയോജനത്തിനുമുമ്പായി ഫാറസ്റ്റർമാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളം ഇന്ന് അവർക്ക് കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. ടി പി. സീതാരാമൻ: സംയോജനകാര്യത്തിൽ അവർ പ്രതികൂലകക്ഷികളാണെന്ന് ഗവമ്മെൻറിന് ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. സി: കേശവൻ: സംയോജന കാര്യത്തിൽ അവർ പ്രതികൂലികളാണെന്ന് ബോദ്ധ്യമായിട്ടില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: റെപ്രസൻറേഷൻ കിട്ടിയതനുസരിച്ച് ഗവമ്മെൻറ് വേണ്ട നടപടി കൈക്കൊള്ളുമോ?

ശ്രീ. സി. കേശവൻ: ആ കാര്യം ആലോചനയിലിരിക്കുകയാണ്.

റേഞ്ചർ പരിശീലനം

* ൧൧൩൦. (൩) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ൧൯൫൦-ൽ കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽ നിന്നും റേഞ്ചേഴ്സ് കോഴ്സിന് എത്രപേരെ കോയമ്പത്തൂർക്ക് അയച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) പാസായിട്ടുള്ളവക്ക് എപ്പോൾ, ആർക്കെല്ലാം ജോലി കൊടുത്തിട്ടുണ്ട്;

(സി) ഇവർ ഓരോരുത്തരിൽനിന്നും എത്രസംഖ്യ ഗവമ്മെൻറിൽ അടച്ചിട്ടുണ്ട്;

(ഡി) എന്തുസംഖ്യ ഇവക്ക് മടക്കി കൊടുത്തിട്ടുണ്ട്?

(ഇ) ഇവക്ക് സക്കാർ ജോലി കൊടുപ്പാൻ ഗവമ്മെൻറ് കടമപ്പെട്ടിട്ടുണ്ടോ;

(എഫ്) ജോലിയിൽ പ്രവേശിപ്പിക്കുവാനുള്ള താമസത്തിനുള്ള കാരണമെന്ത്?

ചീഫ്മിനിസ്റ്റർ ശ്രീ (സി. കേശവൻ): (എ) ൧൯൫൦-ൽ റെയിഞ്ചേഴ്സ് കോഴ്സിന് കൊച്ചിയിൽനിന്നും കർത്തൻ അക്കര, വി. കെ. രാമചന്ദ്രൻ ടി. കൃഷ്ണൻകുട്ടിമേനോൻ എന്നിമൂന്നുപേരേയും, തിരുവിതാംകൂറിൽ നിന്ന് പി. എസ്. നാഗൂർ മീരാൻ റാവുത്തർ, പി. എം. എബ്രഹാം, വി. ആർ. കൃഷ്ണൻനായർ, കെ. ധമ്മപാലൻ എന്നി നാലുപേരേയുംകൂടി ആകെ ഏഴുപേരെ കോയമ്പത്തൂർക്ക് അയച്ചിട്ടുണ്ട്.

(ബി) എല്ലാവരും പാസായിട്ടുണ്ട്. എല്ലാവരേയും ൫൦ രൂപാ നിശ്ചിത ശമ്പളത്തിൽ പ്രൊബേഷണറി റെയിഞ്ചറന്മാരായി ൨൧-൧൨-൧൯൫൦-ലെ ൨൫൫-ാം നമ്പർ സർവീസ് ആർഡർപ്രകാരം നിയമിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂറിൽനിന്ന് അയച്ച നാലുപേക്ക് ഗവമ്മെൻറ് ചിലവാണ്. ആകെ. രൂപ ൨൪,൩൨൬ അണ ൯ പൈസ ൧൦ ചിലവായിട്ടുണ്ട്. കൊച്ചിയിൽ നിന്നുമുള്ള മൂന്നുപേർ സ്വന്തം ചിലവിലാണ് പോയിട്ടുള്ളത്. അവർ ആകെ രൂപ ൧൯൬൨ ൦-൦-൦ അടച്ചിട്ടുണ്ട്. അതിൽ ആകെ ചിലവ് ൧൫,൯൬ ൪-൧-൪ ആണ്.

(ഡി) ബാക്കി ൬൫൦ രൂപ ൧൪ അണ ൫ പൈസ അവക്ക് മടക്കി കൊടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഒഴിവുകൾ ഇല്ലാതിരുന്നതുകൊണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഇവിടെ ഒഴിവില്ലാത്തതുകൊണ്ട് പുറത്തുപോയി ജോലിചെയ്യാൻ അനുവാദം വേണമെന്നപേക്ഷിച്ചതിൽ ആക്കെങ്കിലും അനുവാദം കൊടുക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അത് ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണൂറ ഗോപാലപ്പണിക്കർ: റെയിഞ്ചർ കോഴ്സിന് തിരുവിതാംകൂറിൽനിന്നും ആളുകൾ സ്വന്തം പണം ചിലവാക്കി പോകാൻ തയ്യാറുണ്ടെന്ന് അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഗവമെൻറ് അവരെ അയച്ചില്ല?

ശ്രീ. സി. കേശവൻ: അതിൻെറ ആവശ്യമുണ്ടെന്ന തോന്നാത്തതുകൊണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: റെയിഞ്ചർ കോഴ്സിനു് അയക്കപ്പെടുന്നവർക്ക് എന്തെല്ലാം പരീക്ഷായോഗ്യതകൾ ഉണ്ടായിരിക്കണമെന്നു് വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. സി. കേശവൻ: എന്തെല്ലാം പരീക്ഷായോഗ്യതകൾ ആണ് ആവശ്യമുള്ളതെന്ന് ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

വനംപതിപ്പ്

* ൧൩൨൧. (൩) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ൧൧൨൮ മുതൽ ആകെ എത്ര ഏക്കർ വനം കൃഷിക്ക് പതിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അതിൽ പിന്നോക്ക സമുദായങ്ങൾക്ക് എത്ര ഏക്കർ നൽകിയിട്ടുണ്ട്;

(സി) അതിന്മേൽ വല്ല പരാതിയും ഗവമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിൻെറ ഉത്തരം പറയാൻ തക്കവണ്ണമുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: തങ്ങൾകുഞ്ഞു മുസലിയാർക്ക് വനത്തിൽനിന്നും ൫൦൦ ഏക്കർസ്ഥലം പതിച്ചുകൊടുത്തതായിട്ട് കുമാരി മസ്ക്രീൻെറ ഒരു പത്രപ്രസ്താവന വായിക്കാനിടയായി. അതു വാസ്തവമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു വാസ്തവമാണെന്നു് തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, പത്രത്തിൽ കണ്ട പ്രസ്താവന വാസ്തവമായിരിക്കുമെന്നാണ് എൻെറ ധാരണ. അതു് അവാസ്തവമാണെങ്കിൽ ആ വ്യാജപ്രസ്താവനയുടെ പേരിൽ ഗവമെൻറ് നടപടി എടുക്കേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: അവാസ്തവ പ്രസ്താവനകളെല്ലാം നടപടിക്കു വിധേയമാകേണ്ട വ്യാജപ്രസ്താവനയായിരിക്കണമെന്നു് ഇല്ല. പത്രങ്ങളിൽ ശരിയായും തെററായും ചില പ്രസ്താവനകൾ കണ്ടേക്കാം. എന്നാൽ ഈ പ്രസ്താവന വ്യാജമായ ഒരു പ്രസ്താവനയാണെന്നു് ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമുണ്ടെങ്കിൽ നടപടി എടുക്കാൻ ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഗവമെൻറിൽനിന്നും ഉത്തരവാദത്തോടുകൂടിയാണ് മറുപടി പറയുന്നതു് എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ആ സ്ഥിതിക്ക് ശ്രീമതി മസ്ക്രീൻെറ പ്രസ്താവന തെററാണ്. അതായതു് അതു് ഒരു വ്യാജപ്രസ്താവനയാണ്.

മിസ്റ്റർ സ്പീക്കർ: തെററെന്നും വ്യാജമെന്നും പറയുന്നതു് രണ്ടാണെന്നു മെമ്പർ ധരിക്കണം. പത്രത്തിൽ കണ്ട തെററായ പ്രസ്താവനകളെല്ലാം വ്യാജമാണെന്നു് വിചാരിച്ചു് നടപടിനടത്താൻ സാധിക്കയില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ; പത്രത്തിൽ കണ്ടതിനെയാണ് ഞാൻ പറഞ്ഞതു്.

കുടിപാർപ്പ്

*൧൧൩൨ (൪) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ മുട്ടാർ മുതൽ കുമരംകരി വരെ അടുത്തകാലത്ത് വെട്ടിത്തീർത്ത തോടിന്റെ ഇരുവശവുമുള്ള വരമ്പുചിറകളിൽ കുടിപാർക്കുന്നതിന് സ്ഥലവാസികളായ ൨൧൨ പിന്നോക്കസമുദായാംഗങ്ങൾ ൨൩ കർഷകപ്രമാണികളുടെ സമ്മതത്തോടുകൂടി കൈയ്യൊപ്പിട്ടയച്ച ഒരു മെമ്മോറാണ്ടം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി
(ശ്രീ. എ. ജെ. ജാൺ)

(എ) ചോദ്യത്തിൽ വിവരിക്കുന്നപോലെ ഒരു മെമ്മോറാണ്ടം ഗവണ്മെന്റിന് കിട്ടിയിട്ടില്ല.

(ബി) അതനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സ്ഥലങ്ങൾ കുടിപാർപ്പിനു കിട്ടണമെന്നു കാണിച്ച് പിന്നോക്കസമുദായക്കാരിൽ ആരുടെയെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അത് ഞാൻ മുമ്പ് പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള അപേക്ഷകളോ മെമ്മോറാണ്ടങ്ങളോ വന്നിട്ടുണ്ടോയെന്ന് പല സെക്ഷനിലും അന്വേഷിച്ചതിന്റെ ഫലമായിട്ടാണ് ഇല്ലായെന്ന് ഉത്തരം പറഞ്ഞത്.

ശ്രീ. ടി. വി. ദേവൻ: ആ സ്ഥലത്ത് പിന്നോക്കസമുദായക്കാരുടെ ൨൦൦ കുടുംബങ്ങൾവരെ താമസമുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കാണുമായിരിക്കാം.

ശ്രീ. ടി. വി. ദേവൻ: അവരെ ഒരുതരത്തിലും ഉപദ്രവിക്കാതിരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: പുറമ്പോക്കു സ്ഥലങ്ങളിലാണ് അവർ താമസിക്കുന്നതെങ്കിൽ അവരെ ഒഴിപ്പിക്കാതിരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

PRICE OF PADDY

***1133** [5] **Sri. D. Gnanasigamoni:** Will the Hon'ble Minister for Food and Civil Supplies be pleased to state:

(*a*) whether Government have considered any proposal to increase the price of paddy; and

(*b*) if so, to what extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**: Attention is invited to the Press Note dated 7th March 1951.

Sri. D. Gnanasigamoni: Do the Government still think that the present price of paddy at the rate of Rs. 1/13/6 per para is economical from the point of view of the cultivator?

Mr. Speaker: That is a matter of opinion.

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറ് പ്രസ്സ് നോട്ടിൽ യഥാർത്ഥ കൃഷിക്കാരന് ഒരു പറ നെല്ലിനു 4 അണാവീതം സബ്സിഡി കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ കൊടുക്കുന്നതു് കർഷകൻെറ ആശ്വാസത്തിനും കൃഷിയുടെ പ്രോത്സാഹനത്തിനും വേണ്ടിയാണ്.

Sri. D. Gnanasigamoni: May I know whether in the Government Press Note regarding the levy system Government have made a statement that they are considering a proposal to raise the price of paddy ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സംഗതിയെപ്പറ്റി ആലോചിച്ചപ്പോൾ നെല്ലിൻെറ വില കൂട്ടേണ്ട ആവശ്യമില്ലെന്നും അതിനു പകരം മന്ത്രിമാർ ഇനത്തിൽ പറ ഒന്നിനു 4 അണവീതം സബ്സിഡി കൊടുത്താൽ മതിയെന്നും അവസാനമായി തീരുമാനിച്ചു.

Sri. D. Gnanasigamoni: So am I to understand that the Government have finally taken a decision not to increase the price of paddy?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെയാണ് ഉദ്ദേശിച്ചിരിക്കുന്നതു്.

Sri. P. S. Nataraja Pillai: May I know on what basis this Rs.1/13/6 was fixed ?

ശ്രീ. ടി. കെ. നാരായണപിള്ള: കർഷകൻെറ ആശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ റേററ് നിശ്ചയിച്ചതു്.

ശ്രീ. ടി. പി. സീതാരാമൻ: എന്നുമുതൽക്കാണ് ഈ സബ്സിഡി നടപ്പിൽ വരുന്നതെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിൽ വരുന്നതു് ഈ നെല്ലെടുപ്പ് സീസൺ മുതൽക്കാണ്.

ശ്രീ. ടി. പി. സീതാരാമൻ: കർഷകന് ഈ സമ്പ്രദായമനുസരിച്ച് വളം സൌജന്യനിരക്കിൽ കിട്ടുമെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സബ്സിഡിയായി കൊടുക്കുന്നതുകൊണ്ട് വളം കൊടുക്കുമെന്നല്ലാ അർത്ഥമാക്കേണ്ടതു്. ഒരു പറ നെല്ലിന് 4 അണവീതം സബ്സിഡിയുള്ളതു് വളത്തിൽ കുറവുചെയ്യുകയല്ലാ, അതു് കൈയിൽ കൊടുക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങനെ സബ്സിഡി കൊടുക്കുന്നതു് ഏതു മാസം മുതല്ക്കാണെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതിന് ഉത്തരം പറഞ്ഞുകഴിഞ്ഞു.

Sri. Elias Mary Antony: Had the Government in view the cost of production when they fixed the price ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. ഉൽപ്പാദനച്ചിലവുകൂടി അടിസ്ഥാനമാക്കിയാണ് ഈ 4 അണ സബ്സിഡിയായി വച്ചിരിക്കുന്നതു്.

Sri. Elias Mary Antoni: Do the Government think that the cost of production in all the areas is the same ?

Sri T. K. Narayana Pillai: It will vary from place to place.

Sri. Elias Mary Antony: Would the Government be pleased to make alterations in the rates of prices then ?

Sri. T. K. Narayana Pillai: I have already answered that.

ശ്രീ. ഇട്ടീര അമ്പൂക്കൻ: 4 അണ സബ്സിഡി വച്ചിരിക്കുന്നതു് കൃഷിക്കാരനും ഉടമസ്ഥനും കിട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ കൃഷിക്കാരനും ചിലപ്പോൾ ഉടമസ്ഥനും കിട്ടും. അതായതു് നെല്ലു് കൊടുക്കുന്ന ആൾക്കു് അതിനുള്ള അവകാശമുണ്ടെങ്കിൽ കിട്ടുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സബ്സിഡി ഇനത്തിൽ ആകെ എത്ര ചിലവുണ്ടാകുമെന്നു് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൨ ൦ ലക്ഷം രൂപായിൽ കൂടുതൽ ചിലവു് വരും.

അഞ്ചൽ കാർഡിന്റെ വില

* ൧ ൧ ൩ ൪ (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ കാർഡിന്റെ വില കൂട്ടുന്നതുകൊണ്ടു് പ്രതിവർഷം എത്ര ആദായം കൂടുതൽ കിട്ടുമെന്നാണു് ഗവമ്മെൻറിന്റെ പ്രതീക്ഷ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഈ ചോദ്യം സംബന്ധിച്ചു് പറയാനുള്ള സംഗതികൾ മുഴുവനും മറ്റൊരു ചോദ്യത്തിനുത്തരമായി കഴിഞ്ഞ ദിവസം അസംബ്ലിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതിൽ കൂടുതലായി ഇപ്പോൾ ഒന്നും ഈ ചോദ്യത്തിനെപ്പററി പറയാനില്ല. കൂടുതൽ വിവരങ്ങൾ പറയാൻ തക്കവണ്ണം ലഭ്യമായിട്ടുമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പൊതുജനങ്ങളുടെ അഭിപ്രായം കാർഡിനു് വിലകൂട്ടാൻ പാടില്ലെന്നാണു്. ആ വിവരം ഇന്ത്യാഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു സംബന്ധമായി രേഖാമൂലമായ വല്ല ഉത്തരവും ഗവമ്മെൻറിനു് കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കാര്യത്തെപ്പററി ഇന്ത്യാഗവമ്മെൻറു് ഏതെങ്കിലും പ്രസ്സ്നോട്ടു് ഇറക്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പ്രസ്സ്നോട്ടു് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നു് ഈ ഗവമ്മെൻറിനു് ഇന്നുവരെ അറിയാൻ സാധിച്ചിട്ടില്ല.

അഞ്ചലും തപാലും ആഫീസുകൾ

* ൧ ൧ ൩ ൫. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ. താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ടുമെൻറുകൾ സംയോജിപ്പിക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിസ്റ്റേററിൽ എത്ര അഞ്ചൽ ആഫീസുകളും എത്ര പോസ്ററാഫീസുകളും നിറുത്തൽ ചെയ്യേണ്ടതായിവരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിനു് ഞാൻ ഇന്നലെത്തന്നെ മറുപടി പറഞ്ഞതാണു് കേന്ദ്രഗവമ്മെണ്ടിൽനിന്നും വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.

പിരിച്ചുവിടപ്പെടുന്നവർ

*൧൧൯൩. (വ) ശ്രീ. കണ്ണൂറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ടുമെണ്ടുകൾ യോജിപ്പിക്കുന്നതു നിമിത്തം എത്ര ആളുകൾക്കു ഉദ്യോഗം ഇല്ലാതാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിൻേറയും വിശദവിവരങ്ങൾ കേന്ദ്രഗവമ്മെൻറിൽനിന്നും ലഭിച്ചിട്ടില്ല.

ശ്രീ. മാന്നാർഗോപാലൻ നായർ: സംയോജനം വരുമ്പോൾ നാൺഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ എന്തുചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതു്?

ശ്രീ. സി. കേശവൻ: അതും ഇൻഡ്യാഗവമ്മെൻറ് തീരുമാനിക്കേണ്ട ഒരു കാര്യമാണു്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: വിശദവിവരങ്ങൾ ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. എന്നാൽ എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കിട്ടിയ വിവരങ്ങളെല്ലാം ഇന്നലെത്തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. അതിൽപിന്നെ ഒരു വിവരവും ലഭിച്ചിട്ടില്ല. ഇപ്പോൾ ഏജൻസി ബേസിസിലാണു് നാം നടത്തിക്കൊണ്ടിരിക്കുന്നതു്. വരുന്ന ഏപ്രിൽമുതൽ അതു് ഇൻഡ്യാഗവമ്മെൻറ് ഏറെറടുക്കുന്നു. അത്രമാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളു. ഏതായാലും കഴിവുള്ളിടത്തോളം ഇപ്പോഴുള്ള അഞ്ചലാഫീസുകളെല്ലാം തുടർന്നുകൊണ്ടുപോകണമെന്നു് ഇൻഡ്യാഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: സംയോജനം മൂലം നാൺഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകളിലെ മാസ്റ്റർമാർക്കു് ശമ്പളം കുറച്ചതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സംയോജനം കാരണം ഇവിടെയുള്ള അഞ്ചലാഫീസുകളിലുള്ളവർക്കു് വെളിയിൽപോയി ജോലിചെയ്യേണ്ടി വന്നേക്കുമോ?

ശ്രീ. സി. കേശവൻ: പക്ഷെ വന്നേക്കാം. എന്നാൽ കഴിയുന്നതും അവരെ വെളിയിലയക്കാതിരിക്കാൻ നോക്കാമെന്നു് അവർ ഏററിട്ടുണ്ടു്. ചിലപ്പോൾ അവർക്കു് ഉദ്യോഗംവേണമെങ്കിൽ വെളിയിൽ പോകേണ്ടിയും വരും.

ഭൂനയകമ്മിററി

*൧൧൯൪. (ന) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭൂനയകമ്മിററിക്കുവേണ്ടി ആകെ എന്തു സംഖ്യ ചെലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഭൂനയകമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് ഗവമ്മെൻറിൽ നിന്നും എന്തെങ്കിലും നടപടികൈക്കൊള്ളുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഇതിനു് രണ്ടു പ്രാവശ്യം ഉത്തരംപറഞ്ഞിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ്: (ബി) പാർട്ടിനു് ഉത്തരം പറഞ്ഞിഞ്ഞിട്ടില്ല.

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവമ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. എം. ഐ. പാഠം: ഭൂനയക്കമ്മററിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ താമസിക്കുന്നതു് നൂറം, ഇരുനൂറം, മുന്നൂറം ഏക്കർ ഭൂമി കൈവശമുള്ള വ്യക്തികളുടെ കയ്യിൽനിന്നും അതെടുക്കാൻ മനസ്സില്ലാത്തതുകൊണ്ടും, അതുപോലെതന്നെ ൨൦൦-൦, ൩൦൦-൦ ഏക്കർ ഭൂമി വ്യക്തികൾക്കു് പതിച്ചുകൊടുക്കുവാൻ സാധിക്കാതെവരുമെന്നു കരുതിയിട്ടുമല്ലേ?

മിസ്റ്റർ സ്പീക്കർ: അതു് ഊഹങ്ങൾ അടിസ്ഥാനമാക്കി ചോദ്യരൂപത്തിലുള്ള ഒരു പ്രസ്താവനയാണു്, ചോദ്യമല്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കഴിഞ്ഞ തവണയിൽനിന്നും ഇപ്പോൾ ഉള്ള മാററത്തെ പരിഗണിച്ചു് എന്തെങ്കിലും പുതിയ നടപടി കൈക്കൊള്ളുവാൻ ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

Sri. D. Gnanasigamoni: May I know whether it is the intention of Govern ment to bring in a comprehensive legislation relating to this matter?

ശ്രീ. എ. ജെ. ജാൺ: അതാണു് ഗവമ്മെൻറിൻെറ ഉദ്ദേശം.

ശ്രീ. കണ്ണാറഗോപലപ്പണിക്കർ: ഇതിലേക്കു് ഇൻഡ്യാഗവമ്മെൻറിനോടു് ചോദിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ലജിസേ്ലഷനെ സംബന്ധിച്ചാണെങ്കിൽ ആവശ്യമുണ്ടു്. അല്ലെങ്കിൽ ആവശ്യമില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അങ്ങനെ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബില്ല തയാറാക്കിയില്ല. തയാറാക്കിയിട്ടു് ആവശ്യപ്പെട്ടാൽ മതിയാകും.

ശ്രീ. ഇ. ഗോപാല കൃഷ്ണമേനോൻ: ഇപ്പോഴത്തെ രാഷ്ട്രീയ പരിതഃസ്ഥിതികളെ പരിഗണിച്ചു് ഭൂനയക്കമ്മിററിയുടെ റിപ്പോർട്ടുപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാമോ?

Mr. Speaker: That is not a question.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ബില്ലു് വേണമെന്നാണോ വേണ്ടെന്നാണോ ഗവമ്മെൻറിൻെറ അഭിപ്രായം?

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവമ്മെൻറു് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇട്ടിര അമ്പൂക്കൻ: ഇനി ഇവിടെ വരാൻ പോകുന്നതു് സോഷ്യലിസ്ററു ഗവമ്മെൻറാണെന്നു് മി. പട്ടം താണുപിള്ള മുതലായവർ പറയുന്ന സ്ഥിതിക്കു് ഇപ്പോഴത്തെ ഭൂനയക്കമ്മിററിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാൻ ശ്രമിക്കുമോ?

Mr. Speaker: The question is disallowed.

Sri. D. Gnanasigamoni: Am I to understand that this Government is going back upon the assurance given to this House to bring in a Bill at an early date?

Sri. A. J. John: It is the itention of the Government to introduce a Bill as early a possible.

കാരാപ്പുഴ സർക്കാർ മിഡിൽസ്കൂൾ

*൧൧൩൪. (൧൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയംമറുപടിപറയുമോ.—

(എ) കോട്ടയം കാരാപ്പുഴ സർക്കാർ മിഡിൽസ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നു പറയുമോ;

(ബി) ആ സ്കൂളിൽ എത്ര കുട്ടികൾക്ക് സ്ഥലസൗകര്യമുണ്ടെന്നു പറയാമോ;

(സി) ടി സ്കൂളിൽ കുട്ടികൾക്കു ഇരിക്കുന്നതിനു ബഞ്ചു് മുതലായവ ഒട്ടും തന്നെ മതിയാകുന്നില്ലെന്നു കാണിച്ച് ഗവമ്മെൻറിലേക്കു അപേക്ഷ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ടു എത്രനാളായി;

(ഡി) അതിന്മേൽ എന്തു നടപടി നടത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭൭൯.

(ബി) ൪൩൩.

(സി) ഇല്ല.

(ഡി) ഈ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ സ്കൂളുകളിലേയ്ക്കു് ആവശ്യമുള്ള ബഞ്ചുകൾ മുതലായ ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനു് വേണ്ട നടപടി എടുത്തുകഴിഞ്ഞിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ്: അപേക്ഷ കിട്ടിയിട്ടില്ലെന്നു് ശരിയായി നോക്കിയിട്ടുതന്നെയാണോ പറയുന്നതു്? മി. കോശി ഡയറക്ടറായിരിക്കുമ്പോൾ കൊടുത്ത അപേക്ഷയാണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഏതായാലും ഈ ആവശ്യത്തിലേയ്ക്കു് വേണ്ടനടപടി എടുത്തു കഴിഞ്ഞിട്ടുണ്ടു്. അടുത്ത സ്കൂൾവഷാരംഭത്തിനു മുമ്പു് ഈ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആവശ്യത്തിലേക്കു് വിനിയോഗിക്കാനായി രണ്ടുലക്ഷം രൂപാ അനുവദിച്ചുകഴിഞ്ഞിട്ടുണ്ടു്.

Sri. D. Gnanasigamoni: Is it a new school started under the new Secondary Education Scheme?

ശ്രീ. ടി. കെ. നാരായണപിള്ള: പഴയസ്കൂളാണു്.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ സ്ഥലസൗകര്യം ഉണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലസൗകര്യമില്ലെങ്കിൽ പരിഹാരം ഉണ്ടാക്കാം.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ ഇതുവരെ പുരപോലും കെട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുംവേണ്ട ഏർപ്പാടു ചെയ്യുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: വിദ്യാർത്ഥികളുടെ ബഞ്ചൊടിക്കൽ പ്രസ്ഥാനത്തെ തടയുന്നതിനു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് പൊതുജനനേതാക്കന്മാരും പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. സി. വി. ഇട്ടി: ഇരുമ്പു ബെഞ്ചു് ഉണ്ടാക്കാൻ ആലോചിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇരുമ്പു ബെഞ്ചും ചിലപ്പോൾ ഒടിച്ചു എന്നുവരും.

ശ്രീ. സി. വി. ഇട്ടി: കോൺക്രീററു് ബെഞ്ചു് ഉണ്ടാക്കണം.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാം.

RESERVATION FOR TECHNICAL COURSES

***1139. (11) Sry. Devaki Gopi Das:** Will the Hon ble Minister for Education be pleased to state.—

(*a*) whether they have accepted the principle of reservation for technical courses in the Travancore University;

(*b*) if so, what are the courses of study and what is the percentage of seats so reserved?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise in view of answer to part (a). എന്നാൽ ഇതിനെ സംബന്ധിച്ചു് എൻജിനീയറിംഗ് കാളേജിൽ പട്ടിക ജാതിക്കാർക്കു് പ്രത്യേകം പരിഗണന നൽകാൻ യൂണിവേഴ്സിററിക്കു് നിർദ്ദേശം നൽകുകയും യൂണിവേഴ്സിററി ആ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് പട്ടിക ജാതിക്കാരിൽനിന്നു് ൧൪൫-ൽ ൩ പേരെയും ൧൬൦-ൽ ൫ പേരെയും ഷെഡ്യൂൾ കാസ്റ്റിൽനിന്നു് തിരഞ്ഞെടുത്തു് പ്രവേശനം നൽകിയിട്ടുണ്ടു്.

ശ്രീമതി ദേവകീഗോപിദാസ്: മററു് ടെക്ക്നിക്കൽ കോഴ്സുകളെ സംബന്ധിച്ചു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററിയും ആലോചിക്കാവുന്നതാണു്.

ജലവിതരണം

*൧൧൪൦. (൧൨) സാഹിബ് ബഹദൂർ മുഹമ്മദു് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സമയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ജലവിതരണം നടത്തുവാൻ ഒരു പദ്ധതി ഗവമെന്റു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദു്: ഇതിനു് ഒരു പ്രാരംഭാന്വേഷണം നടത്താമോ?

ശ്രീ. സി. കേശവൻ: പ്രാരംഭാന്വേഷണം നടത്തി. എന്നാൽ ഒരു കോടി ൨൭ ലക്ഷം രൂപയുടെ കണക്കാണു് തന്നിട്ടുള്ളതു്. അതു് മുനിസിപ്പാലിററിക്കു് വഹിക്കുവാൻ കഴിവില്ലാത്തതുകൊണ്ടു് ആ പ്രശ്നം തൽക്കാലം അന്തർദ്ധാനം ചെയ്തിരിക്കുകയാണു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പ്രാരംഭാന്വേഷണം നടത്തിയതെന്നാണ്?

ശ്രീ. സി. കേശവൻ: ഫർദ്വ-ൽ.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്തതാരാണ്?

ശ്രീ. സി. കേശവൻ: അതിന് യോഗ്യതയുള്ളവരായിരിക്കണമല്ലോ!

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, ഒരു ടൗണിൽ ജലവിതരണത്തിന് ഒരു കോടി ഫ വ്വ ലക്ഷം രൂപയുടെ ചെലവ് വേണ്ടിവരുമെന്ന് തോന്നാത്തതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്.

Mr. Speaker: The answer was already given.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: കൊല്ലം ടൗണിൽ നല്ല വെള്ളം കിട്ടുന്നില്ലെന്ന വിവരം അറിയാമോ?

ശ്രീ. സി. കേശവൻ: ചില സ്ഥലത്തു് കിട്ടുന്നില്ലെന്നറിയാം.

ശ്രീ. വി. ഗംഗാധരൻ നായർ: വേനൽക്കാലത്തു് കിണറുകളെല്ലാം വററിപ്പോകുന്നതായിട്ടറിയാമോ?

ശ്രീ. സി. കേശവൻ: ചില കിണറുകൾ വററിപ്പോകുമായിരിക്കാം.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: കൊല്ലം ടൗണിൽ വാട്ടർ സപ്ലൈ തുടങ്ങാൻ ആലോചനയുണ്ടോ?

ശ്രീ. സി. കേശവൻ: അതു് ആലോചിക്കേണ്ട ഒരു വിഷയമാണ്.

ശ്രീമതി ദേവകീഗോപിദാസ്: കോട്ടയം മുതലായ പ്രധാനപ്പെട്ട പട്ടണങ്ങളിൽ എങ്കിലും വാട്ടർസപ്ലൈയുടെ ആവശ്യമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: എല്ലാവരും നല്ല വെള്ളം കുടിക്കണമെന്ന് ഗവമ്മെൻറിന് ആഗ്രഹം ഉണ്ട്.

കൊല്ലം–എറണാകുളം റയിൽവെ

*ഫർഫ. (ഫന) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം–എറണാകുളം റെയിൽവെ സംബന്ധിച്ച പ്രാരംഭ സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(ബി) എതെല്ലാം സ്ഥലങ്ങളിൽക്കൂടിയാണ് ലൈൻ പോകുന്നതെന്ന് പ്രസ്താവിക്കാമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ-യും, ബി-യും) സർവ്വെ പൂർത്തിയായിട്ടില്ല. അതിനുശേഷംമാത്രമേ എതെല്ലാം ലൈനിൽക്കൂടി പോകുന്നതെന്ന് പ്രസ്താവിക്കാൻ നിവൃത്തിയുള്ളു.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസ്സീസ്: എതെല്ലാം സ്ഥലങ്ങളിൽ സർവ്വെ നടത്തി?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവമ്മെൻറാണ് സർവ്വെ നടത്തിയതു്. എതെല്ലാം സ്ഥലങ്ങളിൽ നടത്തിയെന്ന് ഈ ഗവമ്മെൻറിന് അറിവില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർവ്വെ നടത്തുന്നതിന് ഈ ഗവമ്മെൻറിൻെറ സഹായം ആവശ്യമല്ലേ?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവൺമെൻറിൻെറ സ്റ്റാഫാണ് സർവ്വെ നടത്തിയതു്. അവർക്ക് താമസസൗകര്യങ്ങളും മററും ഉണ്ടാക്കിക്കൊടുക്കുക മാത്രമേ ഈ ഗവൺമെൻറ് ചെയ്തു കൊടുത്തുള്ളു. അല്ലാതെ സർവ്വെ കാര്യത്തിൽ ഗവൺമെൻറിനു് കാര്യമില്ല.

ശ്രീ. ഈപ്പൻ അറക്കൽ: സ്റ്റാഫിൽ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: ഏതു ഭാഗത്താണ് സർവ്വെ നടത്തിയതു്?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. ഇ. പി. പൗലോസ്: ഇന്ന ലൈനിൽകൂടി പോകണമെന്നു് വല്ല നിർദ്ദേശവും ഈ ഗവൺമെൻറ് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ ഗവൺമെൻറിനു് ആ വിഷയത്തിൽ ഒരഭിപ്രായമില്ല.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: ഈ മാതിരി വിഷയങ്ങളിൽ ഈ ഗവൺമെൻറിൻെറ അഭിപ്രായം ചോദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനുമുമ്പ് എപ്പോഴെങ്കിലും സർവ്വെ നടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: ആ റിപ്പോർട്ടു് ഇപ്പോൾ ഗവൺമെൻറിൻെറ കയ്യിലുണ്ടോ?

ശ്രീ. സി. കേശവൻ. ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ വിവരം ഇൻഡ്യാ ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ; ഉണ്ടു്.

ചിന്നക്കട പഴയ റോഡു്

*൧൧൪൨. (൧൪) സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ചിന്നക്കട പഴയറോഡ് തുറക്കുന്നതിനു പൊതുജനങ്ങൾ ഗവൺമെൻറിൽ പണം കെട്ടിവച്ചിട്ട എത്ര കൊല്ലമായി;

(ബി) റോഡു് തുറക്കുന്നകാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഗവൺമെൻറിനു പണം കിട്ടിയിട്ടില്ല. ൧൧൨൦-ൽ മുനിസിപ്പാലിററിയിൽ ൩, ൦൦൦ രൂപാ കെട്ടിവച്ചിട്ടുണ്ടു്.

(ബി) ൧൭,൩൪൫ രൂപയുടെ എസ്റ്റിമേററു് അനുവദിച്ചിട്ടുണ്ടു ൧൩,൬൮൬ രൂപയുടെ ജോലി തെൻ ഇൻഡ്യാ റെയിൽവേ നടത്തണം. അതു് കമ്പനിയെ ഏല്പിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതു് ആരു് ഏല്പിച്ചു?

ശ്രീ. സി. കേശവൻ: പി. ഡബ്ലിയു. ഡി. ആണ് കമ്പനിയെ ഏല്പിച്ചതു്. അതു് മുനിസിപ്പാലിററിയിൽനിന്നും പണം വാങ്ങിച്ചായിരിക്കണം.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറന്മാർ

*൧൧൪൩. (൧൬) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻസസ്സ് മേലധികാരിയുടെ കീഴിൽ ഓരോ താലൂക്കിലേയ്ക്കും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറന്മാരെ നിയമിക്കുകയുണ്ടായോ;

(ബി) ആകെ എത്രപേരെ നിയമിച്ചു;

(സി) എന്നാണ് അവരെ നിയമിച്ചതു്;

(ഡി) എന്നുമുതൽ അവരുടെ ജോലി ആരംഭിച്ചു;

(ഇ) കഴിഞ്ഞ നവമ്പർ മാസാവസാനത്തിനുമുമ്പു അവരിൽ ഓരോരുത്തരും ചെയ്തുതീർത്ത ജോലിയുടെ അളവും രൂപവും എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി, സി, ഡി, ഇ) എ. യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്യൂമറേറ്ററന്മാർ സെൻസസ് എടുത്തതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനു പരാതി കിട്ടിയിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡിപ്പാർട്ടുമെൻറിന് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സെൻസസ് കമ്മീഷണർക്ക് കിട്ടിയ ഒരു പരാതി അന്വേഷണം നടത്തിയതിൽ വ്യാജമാണെന്നു കണ്ടിട്ടുണ്ടു്.

നൂൽവിതരണം

*൧൧൪൪. (൧൭) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സ്റ്റേറ്റിൽ കൈത്തറി നെയ്ത്തുകാർക്കും വല കെട്ടുന്നവർക്കും ഓരോ മാസത്തിലും ആവശ്യമുള്ള നൂലിൻെറ അനുപാതം കണക്കാക്കിയിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച അനുപാതം അനുസരിച്ചാണൊ ഓരോ മാസത്തിലും നൂൽ വിതരണം ചെയ്യുന്നതു്;

(സി) നൂൽ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തിയതിനുശേഷം ഒരിക്കൽ പോലും നൂൽവിതരണം നടത്തപ്പെട്ടിട്ടില്ലാത്ത എത്ര മത്സ്യവ്യവസായകേന്ദ്രങ്ങൾ ഉണ്ടു്;

(ഡി) നൂൽക്ഷാമംമൂലം പഴകിപ്പോയ വലകൾക്കു പകരം വലയുണ്ടാക്കാൻ സാധിക്കുന്നില്ല എന്നു കാണിച്ചു എത്ര പരാതികൾ കിട്ടിയിട്ടുണ്ടു്;

(ഇ) വലകളുടെ കുറവുമൂലം മത്സ്യോല്പാദനം എത്രമാത്രം കുറയുമെന്നാണ് ഗവമ്മെൻറ് വിചാരിക്കുന്നതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അനുപാതം കണക്കാക്കിവരികയാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) നൂൽനിയന്ത്രണം ഏർപ്പെടുത്തിയശേഷം കോയിവിള മത്സ്യവ്യവസായ കേന്ദ്രത്തിൽമാത്രം നൂൽവിതരണം നടത്തിയിട്ടില്ല.

(ഡി) എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

(ഇ) വലകളുടെ ക്ഷാമംമൂലം മത്സ്യോല്പാദനം എത്രമാത്രം കുറയുമെന്നു കണക്കാക്കിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ചങ്ങനാശ്ശേരി താലൂക്കിൽ നൂൽ കിട്ടിയിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലഭിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: നൂൽ വിതരണം ചെയ്യുന്നതിനു ആരെയാണ് ഏല്പിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷർമെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയാണ് ഏല്പിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: എന്തടിസ്ഥാനത്തിലാണ് നൂൽ വിതരണം ചെയ്യുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആകപ്പാടെ വരുന്ന ക്വോട്ടയുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അപ്പോഴപ്പോൾ കിട്ടുന്ന നൂല് ഫിഷറി സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ചാണൊ വിതരണം നടത്തുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെതന്നെയാണ് വിതരണം നടത്തുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഗ്രോമോർ ഫുഡ് സ്കീമിന്റെ കീഴിൽ പ്രത്യേകമായി ഒരു ക്വോട്ടാ തരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അറിവില്ല.

Sri. P. S. Nataraja Pillai: May I know whether the Indian Textile Commissioner at Bombay had ear-marked 150 bales of yarn for fishing purposes during 1947—1948?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അനുണ്ടായിരുന്നതായി എനിക്കറിയാം.

ശ്രീ. പി. കെ. ഡീവർ: പുതുതായി എത്ര വലകളുടെ ആവശ്യമുണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷറി സൂപ്രണ്ട് കണക്കെടുത്തുവരികയാണ്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: സഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലത്തു് നൂൽ വിതരണം ചെയ്യുന്നതിനു് ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹകരണസംഘങ്ങൾ ഇല്ലാത്തിടത്തു് ഡിപ്പാർട്ടുമെണ്ട് നേരിട്ടു വിതരണം നടത്തുന്നുണ്ട്.

ശ്രീ. പി. കെ. ഡീവർ: പഴകിപ്പോയ വലകളുടെ സ്ഥാനത്തു പുതിയ വലകൾ ഉണ്ടാക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂൽ സൗജന്യനിരക്കിൽ കൊടുക്കാനൊ അല്ലെങ്കിൽ എന്തെങ്കിലും സബ്സിഡി കൊടുക്കാനൊ ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതുവരെ ആലോചിച്ചിട്ടില്ല. മേൽ അങ്ങനെ ആലോചിക്കുന്നതിൽ വിരോധമില്ല.

MEMORANDUM TO THE CENTRAL GOVERNMENT

***1145.** [17] **Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government have received from the Secretary to the Cochin Cocoanut Growers' Association a copy of the memorandum dated the 2nd February 1951 submitted to the Central Government:

(*b*) if so, what are the requests made in that memorandum and what action this Government have taken on those requests as far as this Government are concerned?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) The requests made in that memorandum are the following.—

(1) A uniform rate of land tax may be introduced throughout the State with retrospective effect from the date of integration;

(2) The amount of land revenue realised from the people of the Cochin area from the date of integration in excess of the rate of basic tax prevalent in the Travancore area may be repaid to them; and

(3) The people may be relieved from double taxation *viz.*, land tax and agricultural income tax.

As regards the first request, this Government have already announced their decision to extend the scheme of basic tax to the Cochin area also. No retrospective effect can be given to this decision. The other requests are considered not feasible.

ശ്രീ. എം. ഐ. പോൾ: ആ മെമ്മോറാണ്ടത്തിൽ കൊച്ചിവിഭാഗത്തു കടലോരപ്രദേശങ്ങളുടെ അടുത്തും കായലോരങ്ങളിലും ധാരാളം ഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നും അതിൽ ഈ ഗവൺമെണ്ട് അനാസ്ഥ കാണിക്കുന്നു എന്നുമുള്ള കാര്യംകൂടി കാണിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. എം. ഐ. പോൾ: ഉണ്ടെങ്കിൽ നമ്മുടെ ഗവൺമെൻറ് ഇതുവരെ എന്തുകൊണ്ടാണ് മൗനം ദീക്ഷിച്ചതു്.

ശ്രീ. എ. ജെ. ജോൺ: മുൻ കൊച്ചി ഗവൺമെൻറ് അങ്ങനെ മൗനം ദീക്ഷിച്ചു. ഇപ്പോഴത്തെ ഗവൺമെൻറ് അതിലേയ്ക്കു് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. എം. ഐ. പോൾ: ഇൻറഗ്രേഷൻ കഴിഞ്ഞതിനുശേഷം ഞാൻ ഈ സംഗതി ഗവൺമെണ്ടിൻെറ മുമ്പാകെ കൊണ്ടുവന്നിട്ട് അന്വേഷണം നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പററി ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിൽ ബേസിക്ക് ടാക്സ് പ്രകാരം കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുമെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറഞ്ഞുവരുകയുള്ളു.

ശ്രീ. പി. കെ. ഡിവർ: പയററുപാട്ടമുള്ള പറമ്പുടമസ്ഥന്മാർ ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുകയില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ സംഭവിക്കുമെന്നു നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ടു്. കൊച്ചിഭാഗത്തുള്ള മെമ്പറന്മാർ തിരുവിതാംകൂറിലുള്ളതുപോലെ കൊച്ചിയിലും ആക്കണമെന്നു് പറഞ്ഞതനുസരിച്ചാണു് ഇപ്പോൾ ഈ പരിഷ്കാരം വരുത്തിയിട്ടുള്ളതു്.

ശ്രീ. സി. വി. ഇയ്യു: ഞാൻ പരിപൂർണ്ണമായി അതിനെ എതിർത്തിരുന്നു.

ശ്രീ. എ. ജെ. ജോൺ: ഒരാൾ എതിർത്തുവെങ്കിലും ഭൂരിപക്ഷവും അനുകൂലിക്കുകയാണു് ചെയ്തതു്.

ശ്രീ. സി. വി. ഇയ്യു: ചാലക്കുടി മുതലായ കുന്നുംപ്രദേശങ്ങളിൽ ഏക്കറിനു് രണ്ടണവരെ നികുതിയുള്ള സ്ഥലമുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ചില പ്രദേശങ്ങളുണ്ടെന്നറിയാം.

ശ്രീ. സി. വി. ഇയ്യു: ആ സ്ഥലങ്ങളിലാണു് സാധുജനങ്ങൾ കുടിയിരിക്കുന്നതെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

SHUTTLE SERVICES

***1146.** [19] **Sri. N. V. Chacko:** Will the Hon'ble Minister for Communications be pleased to state.—

whether representations have been made to the authorities for starting shuttle services by the State Transport between (1) Muvattupuzha and Puthenkurisu and (2) Puthenkurisu and Ernakulam?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

Yes; arrangements are already made for the introduction of the shuttles.

ശ്രീ. എൻ. വി. ചാക്കൊ: അതു് എന്നത്തേയ്ക്കു് നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ താമസമുണ്ടാകുമെന്നു തോന്നുന്നില്ല.

MANURE AGENCY

***1147.** [20] **Sri. N. V. Chacko:** Will the Hon'ble Minister for Co-operative Societies be pleased to state.—

(*a*) whether the co-operative society started under the auspices of the Poothoikka Village Uplift Centre in the Aikkaranad pakuthi in the Kunnathunad taluk have applied for manure agency;

(*b*) when the application was made; and

(c) whether there is any reason for not granting the application till now?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The application was made on 8th January 1951.

(c) The Society has been asked to forward its application for the agency depot through the Registrar of Co-operative Societies who has to transmit the same to the Agricultural Department after fixing the maximum credit to be allowed to the Society. The question of granting the agency will be considered after receipt of the application through the Registrar of Co-operative Societies.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഏതു അടിസ്ഥാനത്തിലാണു് ഈ ക്രെഡിറ്റു നിശ്ചയിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക നിലയേയും പ്രവർത്തന രീതിയേയും ആശ്രയിച്ചിരിക്കും.

Unstarred Question and Answer

SUB-DIVISION OFFICER

123. [1] **Sri. A. Ramasubramonia Karayalar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government have received complaints against the local Sub-Division Officer Mr. Ahamad Kannu;

(*b*) whether the Government have made enquiries about the said officer?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

POINT OF ORDER REGARDING SHORT NOTICE QUESTION

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രാധാന്യമേറിയ ഒരു കാര്യത്തെപ്പററി ഒരു ഷാർട്ട് നോട്ടീസ് ചോദ്യം അയച്ചിരുന്നതിനെ ഒരു അൺസ്റ്റാർഡ് ചോദ്യമായി പരിഗണിച്ചു ഉത്തരം മേശപ്പുറത്തുവച്ചിരിക്കുകയാണ്. അതിനെക്കുറിച്ചു ഒരു റൂളിംഗ് വേണം.

മിസ്റ്റർ സ്പീക്കർ: അൺസ്റ്റാർഡായി അയച്ചിട്ടുള്ള ചോദ്യത്തിനു ആ രീതിയിലുള്ള ഉത്തരമേ നൽകാൻ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ അൺസ്റ്റാർഡ് ചെയ്തിട്ടാണ് ചോദ്യമയച്ചിരുന്നതു്.

ശ്രീ. സി. സി. പ്രസാദ്: ഷാർട്ട് നോട്ടീസ് ചോദ്യത്തിന് സ്റ്റാർചെയ്യണമെന്നു സർക്കുലറിൽ പറഞ്ഞിട്ടുള്ളതായി കാണുന്നില്ല.

മിസ്റ്റർ സ്പീക്കർ: അങ്ങനെ ഷാർട്ടുനോട്ടീസ് ചോദ്യത്തിന്റെ കാര്യം പ്രത്യേകം പറയണമെന്നില്ല.

QUESTION OF PRIVILEGE REGARDING AN ARTICLE IN THE MALAYALI

Sri D. Gnanasigamoni: Sir, I am raising a question of privilege. In today's 'Malayali', under the caption "എക്സിക്യൂട്ടീവിൽ നിന്നും ഇരുവരുടെ രാജികൾ" "While referring to the resignation of Messers Abdul Aziz, T. A. Abdulla and K. R. Elenkath from the Congress Executive as also the proposed visit of Mr. C. Kesavan to Kottayam in connection with the President's visit, it points out that this House cannot go on and transact business without the leader and that there is the possibility of the Deputy Leader being absent. The article again points out that this House cannot transact any business in the absence of the Leader or Deputy Leader and that is what according to 'Malayali' democratic convention has established. Then comes the very objectionable passage.

"ഡാക്ടർ രാജേന്ദ്രപ്രസാദിന്റെ കോട്ടയം സന്ദർശനം പ്രമാണിച്ചു മുഖ്യമന്ത്രി ശ്രീ. സി. കേശവൻ നാളെ കോട്ടയത്തേക്കു പോകുമെന്നു് അറിയുന്നു."

Mr. Speaker: Order, order. Newspapers may contain very valuable information. But all that information cannot be made the subject of discussion in the House. If the hon'ble Member considers any portion objectionable and has to be taken notice of by the House that may be pointed out.

Sri. D. Gnanasigamoni: That is a very serious reflection on the conduct and character of the Speaker. That is the sentence which I wish to place before this House. The following is the objectionable passage which I am referring to.

"മിസ്റ്റർ സി. കേശവൻ നാളത്തെ യാത്ര മാററിവയ്ക്കുകയോ കക്ഷിരഹിതൻ വല്ല മുട്ടന്യായങ്ങളും തപ്പിപ്പിടിക്കുകയോ ചെയ്യില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാൻ ഇടയുണ്ട്."

It appears to me that it is a very serious reflection cast on the Speaker of this House. Suitable steps ought to be taken to punish those responsible for this grave breach of privilege in order to uphold the dignity and prestige of this House. It is a very serious matter.

Sri. P. S. Nataraja Pillai: One question please. Who is "കക്ഷിരഹിതൻ"? The word is only "കക്ഷിരഹിതൻ".

Sri. D. Gnanasigamoni: It can be easily seen from various newspapers that this "കക്ഷിരഹിതൻ" is none other than the Speaker. All local papers refer to him only thus. That can easily be proved and that is what the public of the State understand. In the peculiar context in which that offending passage occurs, no other conclusion is possible also. That is how I understand it and how many hon'ble Members of this house understand it.

In this connection I would like to refer to Page 234, May's Parlimentary Practice and there it is stated as follows.—

"Reflections upon the character or actions of the Speaker may be punished as breaches of privilege".

In this connection I want to bring to the notice of the House that on page 124 of May's Parliamentary Practice a series of cases have been given showing that these statements are really breaches of privileges of this House and ought to be dealt with seriously. Page 124 gives examples of speeches and writings which have been held to constitute breaches of privilege, reflections on the character of the Speaker and accusations of partiality in the discharge of his duty are said to constitute such breaches of privilege. This passage is a serious reflection on the character of the Speaker and accuses the Speaker of partiality in the discharge of his duty.

Sri. Ponnara G. Sreedhar: Is it a reflection on the character of the Speaker. കക്ഷിരഹിതൻ എന്നു പറയുന്നതു് ശ്രീ. ജ്ജുവിനെയാണു്.

Sri. D. Gnanasigamoni: I want to keep the prestige and dignity of the House. There is no meaning in referring to the Speaker as "കക്ഷിരഹിതൻ വല്ല മുട്ടു ന്യായങ്ങളും തപ്പിപ്പിടിക്കുകയോ ചെയ്യില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാൻ ഇടയുണ്ടു്", and then say that it is no reflection on the Speaker. These are not the words to be indulged in regarding the Speaker. It is a very serious matter to be taken note of. This matter may be placed before the Committee of Privileges and suitable action may be taken.

<u>മിസ്റ്റർ സ്പീക്കർ:</u> ഇതു് പെട്ടെന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ഒരു സംഗതിയാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും അതു വായിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നുതന്നെ നിശ്ചയമില്ല. ഇതു് റൂൾസ് അനുസരിച്ചു ഒരു മോഷനായിട്ടു കൊണ്ടുവരാവുന്നതാണു്. അതിനുശേഷം കുറച്ചുകൂടി ഗാഢമായി ഇതിനെപ്പററി ചിന്തിച്ചു ഒരു പ്രിവിലേജ് ക്വസ്റ്റ്യനായി എടുക്കേണ്ടതാണോ എന്നു തീരുമാനിക്കുന്നതാണു്. സഭയ്ക്കു അങ്ങിനെ അഭിപ്രായമുള്ള പക്ഷം എന്താണു് വേണ്ടതെന്നു തീരുമാനിക്കാവുന്നതാണു്. ഇവിടെ മി. ശ്രീധരം മി. പി. എസ്സ്. നടരാജപിള്ളയും പറയുകയുണ്ടായി, 'കക്ഷിരഹിതൻ' എന്നു പറയുന്നതു് ആരാണെന്നു നിശ്ചയമില്ല എന്നു്. കക്ഷിരഹിതൻ എന്നു പറഞ്ഞാൽ ഒരു കക്ഷിയിലും ഇല്ലാത്ത ആളെന്നു വരാം. വേറെ ഒരു തരത്തിൽ വ്യാഖ്യാനിക്കുന്ന പക്ഷം തന്റെ കക്ഷിയിൽ ഒരുത്തരും ഇല്ലാത്തതുകൊണ്ടു് ആരും ആശ്രയമില്ലാത്ത ആൾ എന്നും വിചാരിക്കാം. വിവാദപ്രസ്താവന സ്പീക്കറെ ഉദ്ദേശിച്ചാണെന്നുതന്നെ വിചാരിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. സ്പീക്ക

റുടെ നടപടി തെററാണ്, നടപടിയിൽ പിശകുണ്ട്, വേറെ വിധത്തിൽ നടത്താമായിരുന്നു എന്നും മററും വിമർശനരൂപത്തിലുള്ള പ്രസ്താവനകൾ പത്രങ്ങൾ ചെയ്യുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. അത് ഈ സഭയുടെ അവകാശത്തിനു ഹാനി സംഭവിക്കുന്ന പ്രവൃത്തിയായി ഗണിക്കാവുന്നതല്ല. എന്നാൽ സ്പീക്കറുടെ നിഷ്പക്ഷ മനഃസ്ഥിതിയെപ്പററി ചോദ്യം ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന ചെയ്യുന്നപക്ഷം അതു സഭയുടെ അവകാശത്തെ ക്ഷതപ്പെടുത്തുന്ന പ്രസ്താവനയാണ്. ഹൗസ് ഓഫ് കാമൺസിലും മററു സഭകളിലും ഈ സംഗതി ഇങ്ങനെ തീരുമാനിച്ചിട്ടുണ്ട്. ഈ മോഷൻ മി. ജ്ഞാനശിഖാമണിക്ക് ഇവിടെ അവതരിപ്പിക്കാവുന്നതാണ്. ഈ സഭയുടെ അന്തസ്സിനും അവകാശത്തിനും ഹാനികരമായ പ്രസ്താവനയാണോ ഇതെന്നാലോചിക്കുവാൻ സഭയ്ക്കവകാശമുണ്ട്. അടുത്തദിവസം ഇതു ചർച്ചക്കു കൊണ്ടുവരാവുന്നതാണ്.

ANNOUNCEMENT REGARDING THE ELECTION OF MEMBERS TO THE ESTIMATES COMMITTEE, THE PUBLIC ACCOUNTS COMMITTEE AND THE STANDING FINANCE COMMITTEE

മി. സ്പീക്കർ: നിയമസഭാചട്ടങ്ങളിലെ ൧൬-ാം ചട്ടമനുസരിച്ചു ഒരു എസ്റ്റിമേററ്സ് കമ്മിററിയും, ൧൮-ാം ചട്ടമനുസരിച്ച് ഒരു പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയും, ഇവയ്ക്കുപുറമെ ഒരു സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു ഗവൺമെൻറിൽനിന്നും അറിയിച്ചിട്ടുണ്ട്. ഈ മൂന്നു കമ്മററികളുടേയും അദ്ധ്യക്ഷൻ ബഹു. ധനകാര്യമന്ത്രിയാണ്. ഓരോ കമ്മിററിയിലും അദ്ധ്യക്ഷനെക്കൂടാതെ ഈ സഭയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ആറംഗങ്ങളും ഉണ്ടായിരിക്കും. ഇവയ്ക്കുള്ള തെരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററവോട്ടുമൂലം നടത്തുന്നതാണ്. ഇവയ്ക്കുള്ള നാമനിർദ്ദേശങ്ങൾ മാർച്ച് ൧൦-ാം തിയ്യതി രണ്ടുമണിക്കുമുമ്പ് നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാകുന്നു. നാമനിർദ്ദേശങ്ങളുടെ പരിശോധന സ്പീക്കറുടെ ചേംബറിൽവച്ച് മാർച്ച് ൧൦-ാം തിയ്യതി സഭ പിരിഞ്ഞശേഷം നടത്തുന്നതും തെരഞ്ഞെടുപ്പ് ആവശ്യമാണെന്നു കാണുന്നപക്ഷം മാർച്ച് ൧൧-ാം തിയ്യതി സഭാ നടപടിക്കുശേഷം ഇവിടെവച്ചു നടത്തുന്നതുമാകുന്നു.

Sri. Kalathil Velayudhan Nair: I have given notice of an adjournment motion. I do not know what happened to that.

Mr. Speaker: The Hon'ble Member can get the necessary information from the office.

VOTING OF DEMANDS FOR GRANTS

Demand No. XL—Capital Outlay on Government Trading Schemes—(*contd.*)

Mr. Speaker: The Hon'ble Minister may now reply to the cut motions moved.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സർ, പുതിയ നെല്ലെടുപ്പുപദ്ധതിയിലുള്ള ദൂഷ്യങ്ങളെപ്പററിയും നെല്ല്, അരി മുതലായവ സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതിലുള്ള ക്രമക്കേടുകളെപ്പററിയും ഫുഡ് ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററിയുമായിരുന്നു ഇവിടെ പ്രധാനമായി ഉണ്ടായ ആക്ഷേപങ്ങൾ. പുതിയ നെല്ലെടുപ്പുപദ്ധതി ഫെബ്രുവരി ഒന്നാം

[Sri. T. K. Narayana Pillai]

തിരുത്തിയാണ് നടപ്പിലാക്കിയതു്. അതിലേയ്ക്കുള്ള നിർദ്ദേശങ്ങളും ഗവമ്മെൻറിന് പ്രഖ്യാപിക്കാൻ സാധിച്ചിട്ടുള്ള ഒന്നാണ്. ഒരു കർഷകനോ വസ്തു ഉടമസ്ഥനൊ ഗവമ്മെൻറിലേക്ക് അളക്കേണ്ടതായ നെല്ലിൻെറ അളവുസംബന്ധിച്ച് ഒരു സ്ഥിരത വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പുതിയ നെല്ലെടുപ്പു പദ്ധതി നടപ്പിലാക്കാൻ ഇടയായിട്ടുള്ളതു്. അതു മാത്രമല്ല, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ട പ്രേരണ കർഷകർക്ക് കൊടുക്കണമെന്നുള്ള ഉദ്ദേശവും ഈ പുതിയ നെല്ലെടുപ്പുപദ്ധതി നടപ്പാക്കിയ സമയത്തു് ഗവമ്മെൻറിനുണ്ടായിരുന്നു.

ഇവിടെ ശ്രീമാൻ ജ്ഞാനശിഖാമണി പറയുകയുണ്ടായി എക്സസ്സ് ബേസിസ്സിൽ ഉള്ളതായ നെല്ലെടുപ്പും മോണോപ്പളി സിസ്റ്റത്തിലുള്ള നെല്ലെടുപ്പും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല എന്നു്. അതു് അത്ര ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. പുതിയ പദ്ധതിയനുസരിച്ചു ഒരു കർഷകനോ വസ്തു ഉടമസ്ഥനൊ ഗവമ്മെൻറിലേക്കു് കൊടുക്കേണ്ട നെല്ലിനു് ഒരു കോട്ടാ നിശ്ചയിക്കും. അങ്ങിനെ കോട്ടാ നിശ്ചയിക്കുന്നതു് മൂന്നു കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. അതായതു്, പ്രൊഡക്റ്റിവിററി, സ്ഥലത്തിൻെറ വിസ്തീർണ്ണത, അയാളുടെ ഡൊമസ്റ്റിക് ചെലവുകൾക്കാവശ്യമുള്ള നെല്ലിൻെറ അളവു് ഇവ കണക്കാക്കിയാണ് കോട്ടാ നിശ്ചയിക്കുന്നതു്. അങ്ങനെ ഈ കൊല്ലം കോട്ടാ നിശ്ചയിച്ചതിൽ വല്ല ക്രമക്കേടുകളും വന്നിരിക്കാമെന്നു ഞാനും സമ്മതിക്കുന്നുണ്ടു്. ഈ കോട്ടാ മിക്കവാറും സ്ഥിരമായിരിക്കുകയാണെങ്കിൽ അതു കർഷകർക്ക് കൂടുതൽ ഗുണപ്രദമായിരിക്കുമെന്നാണ് ഗവമ്മെൻറു് വിശ്വസിക്കുന്നതു്. അതു സംബന്ധിച്ചു നിശ്ചിതങ്ങളായ നിർദ്ദേശങ്ങൾ ജി. പി. തഹസീൽദാരന്മാർക്കും മററുദ്യോഗസ്ഥന്മാർക്കും കൊടുത്തിട്ടുണ്ടു്.

അദ്ദേഹത്തിൻെറ വേറൊരാക്ഷേപം ഒരേക്കറും അതിൽ കുറവുമുള്ള വസ്തു ഉടമസ്ഥന്മാരിൽനിന്നു് പ്രൊക്യൂവർ ചെയ്തുവരുന്നു എന്നാണ്. അങ്ങിനെ അനധികൃതമായി എന്തെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ എനിക്കദ്ദേഹത്തിനോടു് പറയുവാനുള്ളതു് ആ വിവരങ്ങൾ എന്നെയോ മററ അധികാരികളേയോ അറിയിക്കുകയാണെങ്കിൽ കർശനമായ നടപടി നടത്തുമെന്നാണ്. അങ്ങനെ ഒരേക്കറിനു താഴെ ഉടമസ്ഥാവകാശമുള്ള ആളുകളുടെ നെല്ല യാതൊരു കാരണവശാലും എടുക്കരുതെന്നു കാണിച്ചു് വളരെ ക്ലിപ്തമായ നിർദ്ദേശങ്ങളാണ് ഈ ജി. പി. താസിൽദാരന്മാർക്ക് കൊടുത്തിട്ടുള്ളതു്. അതു വകവയ്ക്കാതെ ആരെങ്കിലും എടുക്കുന്നെങ്കിൽ അതു നിയമവിരുദ്ധവുമാണ്. അവരുടെ പേരിൽ നടപടി എടുക്കുന്നതിനും ഗവമ്മെൻറ് സന്നദ്ധമായിരിക്കുന്നതാണ്. അദ്ദേഹം ഈ നെല്ലുവില കൂട്ടേണ്ട ആവശ്യത്തെപ്പററിയും പറയുകയുണ്ടായി. അതേപ്പററി എനിക്കു പറയാനുള്ളതു്, ഈ അസംബ്ലിയിൽ ചോദ്യോത്തരവേളയിൽ ഈ നെല്ലുവില കൂട്ടിക്കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഇപ്പോൾ ഒരു പ്രസ്സ്നോട്ടുമുഖാന്തിരം യഥാർത്ഥ കർഷകർക്ക് മന്യുവർ സബ്സിഡി എന്ന പേരിൽ പറ ഒന്നിനു നാലണ വീതം സബ്സിഡി കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു്.

ഇവിടത്തെ സംഭരണവിതരണസമ്പ്രദായങ്ങളിലുള്ള ദൂഷ്യങ്ങളും ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. അവയെ പരിഹരിക്കുന്നതിനായി ഗവമ്മെൻറ് ശ്രമം ചെയ്തുവരികയാണ്. അരി സാധാരണയായി ഇറക്കുമതി ചെയ്യുന്നതു് മട്ടാഞ്ചേരിയിലാണ്. അവിടെനിന്നും ആഫ്ടേക്കിനു ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ ഓരോ കേന്ദ്രങ്ങളിലേയ്ക്കും ഇപ്പോൾ അയച്ചുവരികയാണ്. കൊച്ചിയിൽ കപ്പൽവന്നു് അവിടെ അരി ഇറക്കുന്നതുകൊണ്ടു് മട്ടാഞ്ചേരിയിൽ പ്രധ്

നമായി ഒരു കേന്ദ്രം സ്ഥാപിക്കുവാൻ ഇടയായിട്ടുണ്ടെന്നല്ലാതെ വേറെ യാതൊരുദ്ദേശവുമില്ല. അങ്ങിനെയൊരു ഗോഡൌൺ ഉണ്ടെങ്കിൽതന്നെയും ബാക്കിയുള്ള തുറമുഖങ്ങളിലും അരി ഇറക്കുമതി ചെയ്തു വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

പിന്നിട്ട് ശ്രീ. താണുപിള്ള അവർകൾ ഒരാക്ഷേപം ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ഭക്ഷ്യധാന്യങ്ങൾ ഒരുപോലെ ഈ സ്റ്റേററിൻെറ എല്ലാ ഭാഗത്തും വിതരണം ചെയ്യേണ്ടതാവശ്യമാണെന്നും, ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ച് ദൌർലഭ്യം ഉണ്ടെങ്കിൽ അതു സ്റ്റേററിൻെറ എല്ലാ ഭാഗങ്ങളേയും ബാധിക്കേണ്ടതാണെന്നും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ വാദം വളരെ ന്യായമായ ഒന്നാണ്. ഈ സ്റ്റേററ് ഒരു എൻറിററി ആയിരിക്കുന്ന സ്ഥിതിക്ക് ഇവിടെ ഭക്ഷ്യദൌർലഭ്യം ഉണ്ടാകുന്നപക്ഷം ഈ സ്റ്റേററിലെ എല്ലാ വിധത്തിലുള്ള ആളുകൾക്കും എല്ലാ പ്രദേശങ്ങൾക്കും അതു് ഒരുപോലെ ബാധകമാകത്തക്കവണ്ണം അതിലേക്കു ഗവൺമെൻറ് പ്രത്യേകം നിഷ്കർഷിക്കുന്നതാണ്.

പിന്നെ അദ്ദേഹം പറഞ്ഞതു് ആലപ്പുഴയും കുറെ കപ്പലുകൾ അടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നപക്ഷം എല്ലാ വിധത്തിലും അതു ഗുണപ്രദമായിരിക്കുമെന്നാണ്. അതു ഗവൺമെൻറിനും സമ്മതമുള്ള ഒരു സംഗതിയാണ്. അതിലേയ്ക്കു് വേണ്ട നിവേദനങ്ങൾ ഗവൺമെൻറ് ഇൻഡ്യാ ഗവൺമെൻറുമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ൧൯൬൦ന്റെ അവസാനത്തിൽ ഒന്നോ രണ്ടോ കപ്പലുകൾ ആലപ്പുഴ തുറമുഖത്തടുക്കുകയുമുണ്ടായി: ൧൯൬൧—൬൨ ആകുംപോഴേയ്ക്കും ആലപ്പുഴയും കൊല്ലത്തും കപ്പലുകൾ അടുക്കുന്നതിനു വ്യവസ്ഥകൾ ചെയ്യാമെന്നാണ് ഇൻഡ്യാ ഗവൺമെൻറ് ഈ ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളതു്. ആലപ്പുഴ തുറമുഖത്താണെങ്കിൽ ശരിയായി കപ്പലുകൾ അടുക്കാത്തതുനിമിത്തം അവിടത്തെ തൊഴിലാളികൾക്ക് ശരിയായി ജോലി കിട്ടുന്നില്ല. തൽഫലമായി അവർ പട്ടിണിക്ക് വിധേയരായിരിക്കുന്നു എന്നും നിവേദനങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. അതു മാത്രമല്ല, അവിടെ കപ്പലുകൾ അടുക്കുന്നപക്ഷം അരിയുടെ വിലയ്ക്കു് സ്വല്പം വ്യത്യാസം വരുമെന്ന് കണക്കുകൾകൊണ്ടു് കാണുന്നുണ്ട്. ഈ കാര്യത്തിൽ ഗവൺമെൻറ് മുൻകൈ എടുത്തു് പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴയും കൊല്ലത്തും ൧൯൬൧—൬൨-ൽ കപ്പലുകൾ അടുക്കുമെന്നുമാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നതു്.

പിന്നെ ഇവിടെ പറഞ്ഞതു് ഹോൾസെയിൽസ് ഡിപ്പോകളെ പററിയാണ്. ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ അഞ്ചു കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഹോൾ സെയിൽസ് ഡിപ്പോകൾ സ്ഥാപിച്ചിട്ടുള്ളതു്. ഹോൾ സെയിൽസ് കച്ചവടക്കാരെ പാടെ വേണ്ടെന്നുവച്ചിട്ട് ഗവൺമെൻറുതന്നെ ഈവക കാര്യങ്ങൾ ഏറെറടുത്തു നടത്തണമെന്നുള്ളതാണ് ഗവൺമെൻറിൻെറ പ്രഖ്യാപിത നയം. എന്നാൽ എല്ലാ ദിക്കിലും ഒരേ സമയത്തു ഇങ്ങനെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൽക്കാലം നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അതിനു പ്രായോഗികമായിട്ടുള്ള രണ്ടു വൈഷമ്യങ്ങൾ ഉണ്ടു്. എല്ലാ കേന്ദ്രങ്ങളിലും വേണ്ടത്ര ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ ഗോഡൌണുകൾ ഉടനെ ഉണ്ടാക്കുന്നതിനു പ്രായോഗികമായി പല വൈഷമ്യങ്ങളുമുണ്ടു്. രണ്ടാമതു ഡിപ്പോ ആഫീസറന്മാരായിരിക്കുന്നതിനു പ്രായോഗികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ആളുകളെ കിട്ടുന്നതിനും ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടു്. ഈ രണ്ടു കാരണങ്ങളാലാണ് ഇതിനകം അതു വ്യാപിപ്പിക്കാതിരിക്കാൻ ഇടയായിട്ടുള്ളതു്. ൧൯൬൧—൬൨-ൽ കൂടുതൽ കേന്ദ്രങ്ങളും ഗോഡൌണുകളും സ്ഥാപിച്ച്

[Sri. T. K. Narayana Pillai]

സംഭരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നുതന്നെയാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്. ഒരു ദിക്കിൽ ഇങ്ങനെ ഒരു പ്രധാന ഡിപ്പോ സ്ഥാപിക്കുന്നതോടു കൂടിത്തന്നെ ആ താലൂക്കിൻെറ പല ഭാഗങ്ങളിലും സബ്ഡിപ്പോകൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്. തിരുവനന്തപുരത്തു ഇപ്പോൾ ഒരു പ്രധാന ഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്. ആ ഡിപ്പോയിൽനിന്നുതന്നെ എല്ലാ ചില്ലറ വ്യാപാരികളും ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കൊള്ളണമെന്നു നിർബന്ധിക്കുന്നപക്ഷം വ്യാപാരികൾക്കു കൂടുതൽ ചിലവുണ്ടാകുമെന്നു മാത്രമല്ല, വേണ്ട സമയത്തു് അരി കിട്ടുന്നതിനു പ്രയാസമുണ്ടായി എന്നും വരും. അതുകൊണ്ടു് ഏതെങ്കിലും താലൂക്കിൽ ഒരു ഹോൾസെയിൽ ഡിപ്പോ സ്ഥാപിക്കുകയാണെങ്കിൽ അതിനോടനുബന്ധിച്ചു് കുറെ സബ്ഡിപ്പോകൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്. അതുകൊണ്ടാണ് കഴക്കൂട്ടത്തു അടുത്തുതന്നെ ഒരു സബ്ഡിപ്പോ തുറന്നിട്ടുള്ളതു്. പ്രായോഗികവശങ്ങളെ പരിഗണിച്ചു് എൻ.ഇ.എ.-ഇ.വ.-ൽ എത്രമാത്രം ഡിപ്പോകൾ കൂടുതൽ സ്ഥാപിക്കുവാൻ സാധിക്കുമോ അത്രയും ഡിപ്പോകൾ സ്ഥാപിക്കണമെന്നുതന്നെയാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യങ്ങൾ ട്രാൻസ്പോർട്ട് നടത്തിക്കൊണ്ടിരിക്കുന്ന സമയത്തു് അതിലുണ്ടാകുന്ന ചോർച്ചയെപ്പറ്റിയാണ് മറ്റൊരാക്ഷേപം ഇവിടെ ഉന്നയിച്ചതു്. അങ്ങിനെ കുറച്ചു് ചോർച്ചയുണ്ടായിട്ടുണ്ടെന്നു ഗവണ്മെൻറും സമ്മതിക്കുന്നു. എന്നാൽ ഇന്നു് നിലവിലിരിക്കുന്ന റൂളുകളനുസരിച്ചു് ഇതിൻെറ പരിഹാരത്തിനായി ട്രാൻസ്പോർട്ടിംഗ് കൺട്രാക്ടരന്മാരുമായിട്ടുള്ള കരാറുകളിൽ ചില പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. സാധാരണ കേസുകളിൽ ०.ഒ ശതമാനം ഷോർട്ടേജ് അനുവദിക്കുന്നുണ്ട്. അതിൽ കൂടുതൽ ഷോർട്ടേജ് ഉണ്ടാകുകയാണെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലെ വ്യവസ്ഥയനുസരിച്ചു് ഷോർട്ടേജ് എത്രയുണ്ടോ അതിൻെറ മൂന്നിരട്ടിവില കൺട്രാക്ടരന്മാർ കെട്ടിവെയ്ക്കണമെന്നുണ്ട്. കൊച്ചിയിലാണെങ്കിൽ ഷോർട്ടേജ് വരുന്ന തുകമാത്രം അതിൻെറ അന്നന്നുള്ള മാർക്കറ്റുവിലയനുസരിച്ചുള്ള തുക കെട്ടിവെച്ചാൽ മതിയെന്നാണ് വ്യവസ്ഥ. പക്ഷെ തിരുവിതാംകൂറിൽ മൂന്നിരട്ടി കെട്ടിവെയ്ക്കാൻ കൺട്രാക്ടരന്മാർ ബാദ്ധ്യസ്ഥരാണ്. അങ്ങിനെ പലരിൽനിന്നും ഈടാക്കിയിട്ടുമുണ്ട്. ഇങ്ങനെ ഒരു പീനൽക്ലാസ് വെയ്ക്കുകയും അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് ഗവണ്മെൻറ് ശ്രമിക്കയും ചെയ്തതിൻെറ ഫലമായി ചോർച്ച സാമാന്യേന ഇല്ലാതായിട്ടുണ്ടെന്നുതന്നെ പറയാം.

ശ്രീ. പി. എസ്സ്. നടരാജപിള്ള അവർകൾ വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം തരികയുണ്ടായി. ഭക്ഷ്യകാര്യത്തിൽ താരതമ്യേന ഇപ്പോൾ ഒരു നല്ലകാലമായതുകൊണ്ടു് ഇവിടെയുള്ള എല്ലാ ഡിപ്പോകളിലും ഒരുപോലെ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനു് സൗകര്യമുണ്ടെന്നും അതുകൊണ്ടു് ഏതെങ്കിലും കേന്ദ്രത്തിൽ കൂടുതൽ സംഭരിക്കുന്നതു അനാശാസ്യമായിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഹോൾ സെയിൽ ഡിപ്പോകളിലുള്ള സ്റ്റോക്കിൻെറ വിവരം ഓരോ ദിവസവും ഗവണ്മെൻറിനെ അറിയിക്കണമെന്നു കാണിച്ചു് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഏതെങ്കിലും ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ താരതമ്യേന കുറവാണെന്നു് ബോദ്ധ്യമാകുന്നപക്ഷം അതു പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരിക്കയാണ്. അതുകൊണ്ടു് ആ വിഷയത്തിൽ യാതൊരു ന്യൂനതയും മേലാൽ ഉണ്ടാകയില്ലെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു്.

ജി. പി. തഹശീൽദാരന്മാർ ഇത്രയും ആവശ്യമില്ലെന്നു ശ്രീ. കളത്തിൽ വേലായുധൻനായർ പറയുകയുണ്ടായി. കുറച്ചുമാസങ്ങൾ കഴിഞ്ഞാൽ ജി. പി. തഹശീൽദാരന്മാർ ഇന്നിരിക്കുന്ന രീതിയിലും വലിപ്പത്തിലും ഒരുപക്ഷേ വേണ്ടെന്നുവന്നേക്കാനും ഇടയുണ്ട്. പുതിയ നെല്ലെടുപ്പുപദ്ധതി അതിന്റെ പൂർണ്ണമായ രൂപത്തിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ ജി. പി. തഹശീൽദാരന്മാരുടെ എണ്ണം കുറക്കത്തക്കതാണോ അല്ലയോ എന്നതിനെപ്പററി അവസാനമായ ഒരു തീരുമാനം എടുക്കാൻ സാധിക്കയുള്ളു. ദേവികുളം, പീരുമേട് എന്നീ സ്ഥലങ്ങളെയാണ് അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിച്ചതു്. എല്ലാ ദിക്കിലുംതന്നെ ജി. പി. തഹശീൽദാരന്മാർക്ക വേറെയും ജോലികൾ ഉണ്ട്. റേഷനിംഗ് സംബന്ധിച്ച എല്ലാ അധികാരങ്ങളും അവരിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. റേഷൻകടകൾ ശരിയായി പ്രവർത്തനം നടത്തുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതും ആരെങ്കിലും കൊള്ളകൾ നടത്തുന്നുണ്ടോ എന്നും മററും പരിശോധിച്ച് റിപ്പോർട്ടുചെയ്യേണ്ടതും അവരുടെ ചുമതലയാണ്. ഭക്ഷ്യോൽപ്പാദനവർദ്ധനവിനുള്ള പദ്ധതികളെപ്പററി അന്വേഷണം നടത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ജി. പി. തഹശീൽദാരന്മാർക്ക അധികാരമുണ്ട്. ദേവികുളത്തിനേയും പീരുമേട്ടിനേയുംപററി പ്രത്യേകം പറയുകയാണെങ്കിൽ, അവ രണ്ടും റേഷനിംഗിന്റെ ആവശ്യം വളരെ കൂടുതലായിട്ടുള്ള സ്ഥലങ്ങളാണ്. അതുകൊണ്ട് റേഷനിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു സൂക്ഷ്മമായി പരിശോധിക്കേണ്ട ചുമതലയും അവിടത്തെ ജി. പി. തഹശീൽദാരന്മാർക്കുണ്ട്. അതിനാൽ അവിടെയുള്ള ജി. പി. തഹശീൽദാരന്മാരെ ജോലിയിൽനിന്നും വിടുത്തുവാൻ സാദ്ധ്യമാണോ എന്നു ഞാൻ സംശയിക്കുന്നു.

ജി. പി. തഹശീൽദാരന്മാരുടെ നിയമനകാര്യത്തെ സംബന്ധിച്ചും അദ്ദേഹം ചിലതു പറയുകയുണ്ടായി. എന്നാൽ യഥാർത്ഥവിവരങ്ങൾ ഇതാണ്. താല്ക്കാലികമായി പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി ചില നിയമനങ്ങൾ നടത്തുകയാണുണ്ടായതു്. നെല്ലുസംഭരണത്തിനുള്ള സമയം ആരംഭിച്ചിരുന്നതുകൊണ്ടും ഉടനെതന്നെ അതിനുവേണ്ട ഉദ്യോഗസ്ഥന്മാർ ജോലിയിൽ ഏർപ്പെടേണ്ടതു അത്യാവശ്യമായിരുന്നതുകൊണ്ടും പെട്ടെന്നു താല്ക്കാലികമായി പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി നടത്തിയ ചില നിയമനങ്ങളായിരുന്നു അവ. അതിനെ സംബന്ധിച്ച് പബ്ളിക്ക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും അതിന്റെ ഫലമായി ആദ്യം നിയമിക്കപ്പെട്ടവരിൽ ഇന്നയിന്ന ആളുകളെ ജോലിയിൽ തുടർന്നുപോകുവാൻ അനുവദിക്കുന്നതിനു സാദ്ധ്യമല്ലെന്നുള്ള വിവരം പബ്ളിക്ക് സർവ്വീസ് കമ്മീഷൻ ഗവണ്മെൻറിനെ അറിയിക്കയുമാണ് ചെയ്തിട്ടുള്ളതു്. അതിനെ തുടർന്നാണ് അവരിൽ പത്തോ പതിനൊന്നോ പേർക്ക് ജി. പി. തഹശീൽദാരന്മാരായി തുടരുവാൻ സാധിക്കാതെ വന്നതു്. പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ ആ നിർദ്ദേശം ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. അതിൽ യാതൊരു ക്രമക്കേടുകളും ഉണ്ടായിട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ബഡ്ജററിൽ സ്റ്റാഫ് കുറച്ചിട്ടുള്ളതായി കാണുന്നു എന്നു് ശ്രീ. പി. എസ്സ്. നടരാജപിള്ള പറയുകയുണ്ടായി. അതു ശരിയാണ്. സെൻട്രൽ ഡിപ്പോയിലുള്ള ഏതാനും സ്റ്റാഫ് കുറവു ചെയ്തിട്ടുണ്ട്. അതു ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്. സെൻട്രൽ ഡിപ്പോയിലെ ഉദ്യോഗസ്ഥന്മാർ നിർവ്വഹിക്കേണ്ട

[Sri. T. K. Narayana Pillai]

തായ കാര്യങ്ങൾ പരിമിതപ്പെടുത്തുന്നതിന് ഇടയുള്ളതുകൊണ്ട് ഇന്ന് അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ എല്ലാം മേലിലും വെച്ചുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളതു്.

വളം നൽകുന്നതിൽ സൗജന്യം അനുവദിക്കേണ്ട ആവശ്യത്തെപ്പറ്റിയും അദ്ദേഹം പറയുകയുണ്ടായി. കൃഷിക്കാരനു അളപ്പിക്കുന്ന നെല്ലിന് പറ ഒന്നിന് ൪ അണവീതം മന്യുവറിംഗ് സബ്സിഡി കൊടുക്കണമെന്ന് ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ട്. ആ നിശ്ചയം നടപ്പിൽ വന്നിട്ടുമുണ്ട്. അതിൽ കൂടുതലായി എന്തെങ്കിലും സൗജന്യം അനുവദിക്കണമെന്ന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഇങ്ങനെ മന്യുവറിംഗ് സബ്സിഡിയായി ഒരു പറ നെല്ലിന് ൪ അണ വീതം യഥാർത്ഥകൃഷിക്കാരന് ൧൧൨൯ ധനുമാസംമുതൽ കിട്ടാനിടയുള്ളതു കൊണ്ട് കൂടുതലായി എന്തെങ്കിലും സൗജന്യം അനുവദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ദക്ഷിണതിരുവിതാംകൂറിൽ കൃഷിക്കാർക്ക് നിലക്കടലപ്പിണ്ണാക്ക് കിട്ടുന്നില്ലെന്നുള്ള ഒരു പരാതിയുണ്ട്. അതിനെപ്പറ്റി അന്വേഷിക്കാം. നിലക്കടലപ്പിണ്ണാക്ക് കൂടുതൽ കിട്ടുന്നതിനുള്ള ആലോചനകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കയാണ്. കൂടുതൽ കിട്ടികഴിഞ്ഞാൽ മിക്കവാറും ഒരു ഭാഗത്തും ക്ഷാമമുണ്ടാകാതെ വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്. കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

ശ്രീ. വി. ഗംഗാധരൻനായർ: ചില്ലറ വ്യാപാരികൾ ചാർജ്ജ് വക വെച്ചുകിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതിനെപ്പറ്റി എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്. അവസാനതീരുമാനം ആയിട്ടില്ല.

The Cut motions moved by Sri. D. Gnanasigamoni, Sri. A. Thanu Pillai, Sri. N. K. Krishna Pillai and Sri. K. Velayudhan Nair were *put and lost*.

The question that the Government be granted a sum of Rs. (—)2,92,98,400 under Demand No. XL—Capital Outlay on Government Trading Schemes was put and carried.

The grant was made.

DEMAND No. XXVI—Labour and Miscellaneous

Minister for Education, Food and Labour (**Sri. T. K. Narayana Pillai**): Sir, I move for a grant of Rs. 18,98,200 under Demand No. XXVI—Labour and Miscellaneous.

Minister for Law, Finance and Revenue (**Sri. A. J. John**): I second the motion.

Sir A. K. Patchu Pillai: Sir, I move "To reduce the allotment of Rs. 9,000 for pay of Labour Commissioner by Re 1"

സർ, ഈ വിഷയത്തെസംബന്ധിച്ചു ഞാൻ മൂന്നുപക്ഷേപങ്ങളാണ് അയച്ചിട്ടുള്ളതു്. ലേബർകമ്മീഷണരുടെ ശമ്പളമായ ൯,൦൦൦ ക. യിൽനിന്നു ൧ ക. കുറയ്ക്കണം എന്ന ഒന്നാമത്തെ ഉപക്ഷേപവും അസിസ്റ്റൻറ് കമ്മീഷണരുടെ ശമ്പളമായ ൧൦,൪൮൦ ക. യിൽനിന്നു ൧൮൦ ക. കുറയ്ക്കണം എന്ന നാലാമത്തെ ഉപക്ഷേപവും ആകത്തുകയായ ൧൮,൯൮,൨൦൦ ക. യിൽനിന്നു ൧൦൦ ഉറുപ്പിക കുറക്കണമെന്നുള്ള ൨൪-ാമത്തെ ഉപക്ഷേപവും ആണവ.

ആദ്യത്തെ ഉപക്ഷേപത്തെ സ്പർശിച്ചു പ്രസംഗിക്കുന്ന കൂട്ടത്തിൽ മററു ഉപക്ഷേപങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെപ്പററിയും പ്രതിപാദിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. സർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ തൊഴിലാളികളെ നാലായിട്ടു തരംതിരിക്കാവുന്നതാണ്. ഫാക്ടറി തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മററു വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇങ്ങിനെ ഇവിടെയുള്ള തൊഴിലാളികളെ നാലായിട്ടു തരം തിരിക്കാവുന്നതാണ്. അതിൽ ഫാക്ടറി തൊഴിലാളികളാണെങ്കിൽ അവർ ഏകദേശം സംഘടിച്ചുതന്നെയാണ് നിൽക്കുന്നതു്. അവക്കു ഒന്നായിനിന്നു അവരുടെ അവശതകൾ പരിഹരിക്കുന്നതിനു, മുതലാളികളോടു വിലപേശിനിന്നു അവരുടെ കാര്യങ്ങൾ നടത്തുന്നതിനു, അവരുടെ അവശതകൾ പരിഹരിക്കുന്നതിനു, അവർക്കു അവസരം കിട്ടിയിട്ടുണ്ടു്. തോട്ടംതൊഴിലാളികളും മററു തൊഴിലാളികളും വളരെ അസംഘടിതരായിട്ടാണ് ഇവിടെ നിൽക്കുന്നതു്. അനേകം തോട്ടങ്ങളും തോട്ടം തൊഴിലാളികളുമുള്ള പല കേന്ദ്രങ്ങളും ഈ സംസ്ഥാനത്തുണ്ടു്. ശരിയായവിധത്തിൽ സംഘടിച്ചു നിൽക്കുന്നതിനുള്ള സൗകര്യങ്ങൾ അവക്കില്ല. പ്രകൃതിദത്തമായ അസൗകര്യങ്ങൾകൊണ്ടും മുതലാളികളുടെ അല്ലെങ്കിൽ തോട്ടം ഉടമസ്ഥന്മാരുടെ സാമ്പത്തികമായ വളരെവലിയ ഉന്നത നിലകൊണ്ടും അവർ—മുതലാളികൾ—തമ്മിലുള്ള സംഘടനാശക്തികൊണ്ടുമാണ് തോട്ടം തൊഴിലാളികൾക്കു ശരിയായി സംഘടിച്ചു നിന്നു അവരുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നേടുന്നതിനു പ്രയാസമായിരിക്കുന്നതു്. അതുപോലെതന്നെ കർഷകതൊഴിലാളികളാണെങ്കിൽ ഈ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി അവർ ചിന്നിച്ചിതറി കിടക്കുന്നു. അവരിൽ അധികം ആളുകളും സ്വന്തമായി താമസിക്കുന്നതിനു സ്ഥലമില്ലാത്തവരാണ്. വസ്തു ഉടമസ്ഥന്മാരുടെ ദയകൊണ്ടു അവരുടെ വസ്തുവിൽ താമസിച്ചുപോരുന്നവരാണ് അവരധികവും. അവരുടെ ജോലിക്കു ഒരു സ്ഥിരതയില്ല. ഇവിടെ കുടിയിറക്കുനിരോധന നിയമമുണ്ടെങ്കിലും കർഷകതൊഴിലാളികളുടെ അവശതകളെ പരിഹരിക്കുന്നതിനു അവ പര്യാപ്തമല്ല. ആ നിയമം പാസായതിനുശേഷം അനേകം കർഷകതൊഴിലാളികൾ കിടക്കുന്നതിനു സ്ഥലമില്ലാതെ കഷ്ടപ്പെട്ടു വസ്തു ഉടമസ്ഥന്മാരുടെ അടുത്തുചെന്ന് താമസിക്കുവാനൊരു സ്ഥലംതരണമെന്നു ആവശ്യപ്പെടുമ്പോൾ ഞങ്ങൾ നിങ്ങളെ ഞങ്ങളുടെസ്ഥലത്തു താമസിക്കുവാൻ അനുവദിക്കുന്നില്ല എന്ന മറുപടിയാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. കൂടാതെ വസ്തു ഉടമസ്ഥർ ഇന്നത്തെ വ്യവസ്ഥിതിയിൽ പോലിസുമായി വളരെ അടുത്ത സമ്പർക്കത്തിലിരിക്കുന്നതുകൊണ്ടു ആവർ വിചാരിക്കുന്ന സമയത്തു അവരുടെ വസ്തുക്കളിൽ താമസിക്കുന്ന കർഷകതൊഴിലാളികളെ നിഷ്പ്രയാസം ആ സ്ഥലത്തുനിന്നു ഇറക്കിവിടുന്നതിനു സാധിക്കുകയും ചെയ്യും. കുടിയിറക്കുനിരോധന നിയമത്തിനു വിപരീതമായി പല വസ്തു ഉടമസ്ഥന്മാരും അവരുടെ സ്ഥലത്തു താമസിക്കുന്ന ആളുകളെ ഇറക്കിവിട്ടിട്ടുണ്ടെങ്കിലും അവർക്കു ആ സ്ഥലമുടമസ്ഥന്മാരുടെപേരിൽ കേസുകൊടുക്കുന്നതിനു നിവൃത്തിയില്ലാതെയും താമസിക്കുന്നതിനു വേറെ സ്ഥലം കിട്ടാതെയും വളരെ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്.

ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെന്റുണ്ടു്. ഒരു ലേബർ കമ്മീഷണരും ഉണ്ടു്. ലേബർകമ്മീഷണരുടെ കീഴിൽ അസിസ്റ്റന്റ കമ്മീഷണറന്മാരും ഇൻസ്പെക്ടർമാരും വെൽഫെയർ ആഫീസറന്മാരും അസിസ്റ്റന്റ വെൽഫെയർ ആഫീ

[Sri. A. K. Patchu Pillai]

സറന്മാരും ഉണ്ട്. അവർ എല്ലാവരും, വേണ്ടവിധത്തിൽ സംഘടിക്കപ്പെടാതെ കിടക്കുന്ന തൊഴിലാളികളുടെ ക്ഷേമങ്ങൾ അന്വേഷിച്ചു അവർ അനുഭവിക്കുന്ന അവശതകളെക്കുറിച്ചു അന്വേഷിച്ചു അതിനുവേണ്ട നിവാരണമാർഗങ്ങൾ ഉണ്ടാക്കി അവർക്കുള്ള അവശതകളെ പരിഹരിക്കുന്നതിനു യാതൊരു നടപടിയും ശരിയായി നടത്തിക്കാണുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. ലേബർ ഇൻസ്പെക്ഷനെപ്പറ്റി അടുത്തകാലത്തു യു. എൻ. ഒ. യുടെ കീഴിൽ പ്രവർത്തനം നടത്തുന്നതായ ഏഷ്യൻ റീജിയണൽ കാൺഫറൻസിൽ ചില നിശ്ചയങ്ങൾ പാസാക്കുകയും അതനുസരിച്ചു ഘടകരാജ്യങ്ങൾ പ്രവർത്തിക്കണമെന്നു അനുശാസിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു ലേബർ ഇൻസ്പെക്ഷൻസ് എതെല്ലാം വിധത്തിലാണ് നടത്തേണ്ടതെന്നു ശരിയായ ചില നിയമങ്ങൾതന്നെ അവർ ഉണ്ടാക്കിയിട്ടുണ്ട്. ലേബർ കമ്മീഷണരും ലേബർ ഇൻസ്പെക്ടർമാരും കൂടക്കൂടെ തൊഴിലാളികളുടെ സങ്കേതങ്ങളിൽ യാത്രചെയ്യുകയും കൂടുതൽ അവശത അനുഭവിക്കുന്ന സ്ഥാനങ്ങളിൽചെന്നു അവരെ സന്ദർശിച്ചു അവരുടെ സങ്കടങ്ങളെ കേട്ടു അവരുമായി സമ്പർക്കത്തിലേർപ്പെട്ടു കഴിയുന്നത്ര അവരുടെ അവശതകൾ പരിഹരിച്ചുകൊടുക്കണമെന്നാണ് അവർ നിശ്ചയം ചെയ്തിട്ടുള്ളതു്. ഇന്നാണെങ്കിൽ ഇവിടെ വളരെ വലിയ വിഷമങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ അല്ലെങ്കിൽ സ്ട്രൈക്കുകൾ ഉണ്ടാകുന്ന അവസരത്തിൽ പോലീസുകാരും മറ്റും ഇടപെട്ടു് സമാധാനഭംഗം ഉണ്ടാകുന്ന അവസരത്തിൽ ചിലപ്പോൾ ഈ ഉദ്യോഗസ്ഥന്മാർ ആ സ്ഥലത്തു സഞ്ചരിക്കാറുണ്ട്. പതിവായി അവരുടെ സങ്കടങ്ങൾകേട്ടു് അതിനു വേണ്ട നിവാരണമാർഗങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി മാസത്തിൽ ഒരിക്കലോ ആണ്ടിൽ രണ്ടോ മൂന്നോ പ്രാവശ്യമോ നേരിട്ടു തൊഴിലാളികളുമായി സമ്പർക്കത്തിലേർപ്പെട്ടു അവർ അനുഭവിക്കുന്ന അവശതകൾക്കു് ആവശ്യമായ പരിഹാരം ഉണ്ടാക്കുന്നതിനു പകരം ഇങ്ങനെയുള്ള ആപത്തുള്ള സന്ദർഭങ്ങളിൽ മാത്രമാണ് അവർ അവരുടെ ഇടയിൽ സഞ്ചരിക്കുന്നതു്. അതു ഇന്റർ നാഷണൽ ലേബർ അസോസിയേഷന്റെ ശാസനയ്ക്കു വിപരീതമായ ഒരു പ്രവർത്തിയാണ്. ലേബർ ഇൻസ്പെക്ടർമാരും ലേബർകമ്മീഷണർ തന്നെയും പീരുമേട്, മുണ്ടക്കയം, പത്തനാപുരം, ദേവികുളം, നെടുമങ്ങാട് മുതലായ സ്ഥലങ്ങളിലെ തോട്ടങ്ങളിൽ അസംഘടിതരായി തോട്ടംതൊഴിലാളികളുടെ ഇടയിൽ സഞ്ചരിച്ചു അവരുടെ ദയനീയസ്ഥിതിയെപ്പറ്റിയും കഷ്ടതകളെപ്പറ്റിയും വേണ്ട അന്വേഷണംനടത്തി ആ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കണമെന്ന ഒരു ശാസനംതന്നെ ഗവൺമെന്റിൽനിന്നും അവർക്കു കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു ഇംഗ്ലണ്ട് ഭരിച്ചുകൊണ്ടിരിക്കുന്നതു ട്രേയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട ഒരു പൊളിറ്റിക്കൽ ബോഡിയാണ്. ലോകത്തിൽ ഇന്നു ഏറ്റവും വലിയ ശക്തികളായിരിക്കുന്ന റഷ്യയും ചൈനയും ട്രേയിഡ് യൂണിയന്റെ അടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട പാർട്ടിയുടെ സഹായംകൊണ്ടു അധ്വാനിക്കുന്നവർഗ്ഗങ്ങളുടെ ഏകാധിപത്യം സ്ഥാപിച്ചിട്ട് ഇന്ന് അവർ ആ രാജ്യങ്ങൾ ഭരിച്ചുവരുന്നു. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലാണെങ്കിൽ സംഘടനകൾ ഉണ്ടാക്കുന്നതിനും സംഘടിച്ചു നില്ക്കുന്നതിനും പ്രത്യേകം സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. യു. എൻ. ഒ. യുടെ കാൺഫറൻസിൽപോലും ഏതുവിധം സംഘടിക്കുന്നതിനും തൊഴിലാളികൾക്കു പരിപൂർണ്ണ സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നുവെന്നു മാത്രമല്ല ട്രെയിഡുയൂണിയൻ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ സകല അവകാശങ്ങളും സംരക്ഷിച്ചുകൊടുക്കുന്നതാണെന്നും പ്രഖ്യാപനംചെയ്തിരിക്കുന്നു. അങ്ങനെയുള്ള പശ്ചാത്തലത്തിലാണ് നാം ഇന്നു ജീവിക്കുന്നതു്. എന്നാൽ നമ്മുടെ ഈ നാട്ടിലെ തൊഴി

ലാളികളെ സംബന്ധിച്ചിടത്തോളവും തൊഴിൽതർക്കങ്ങളെ സംബന്ധിച്ചിടത്തോളവും നോക്കുകയാണെങ്കിൽ തോട്ടങ്ങളിൽ ഇന്നുംതന്നെ തൊഴിലാളികൾ ശരിയായി സംഘടിക്കുന്നതിനു അനുവദിച്ചിട്ടില്ല. ഏതെങ്കിലും കുറെ തൊഴിലാളികൾ അവരെ സംഘടിപ്പിച്ചു അവരുടെ ഇടയിൽ പ്രവർത്തനം നടത്തുന്നപക്ഷം തോട്ടമുടമസ്ഥന്മാർ അവരുടെ ഇടയിൽ യോജിപ്പില്ലാതെയാക്കിത്തീർത്തു വളരെ വൈഷമ്യങ്ങൾ ഉണ്ടാക്കിത്തീർത്തു് മിക്കവാറും അവിടെ ട്രെയിഡ്യൂണിയൻ പ്രവർത്തനംതന്നെ അസാദ്ധ്യമാക്കിത്തീർക്കുന്നുവെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഇന്നു ഗവണ്മെന്റിന്റെ അധീനതയിൽ ഇരിക്കുന്ന ഫാക്ടറികളിൽപോലും അല്ലെങ്കിൽ വ്യവസായശാലകളിൽപോലും ആ വ്യവസായത്തിൽ പ്രവർത്തിക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ അവിടെയുള്ള തൊഴിലാളികൾ ട്രെയിഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതായാൽ അവരെ പലവിധത്തിൽ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ഒരു ദയനീയമായ സ്ഥിതിയാണു് നാം കണ്ടുവരുന്നതു്. (ബെൽ) സർ, മൂന്നു ഉപക്ഷേപങ്ങൾ എന്റെ പേരിൽ ഉണ്ടെങ്കിലും ഒരെണ്ണം മാത്രമേ ഞാൻ ഇവിടെ അവതരിപ്പിക്കുന്നുള്ളു. മററു ഉപക്ഷേപങ്ങളിൽ അടങ്ങിയിട്ടുള്ള സംഗതികളെക്കൂടി സ്പർശിച്ചു പറയാനുള്ളതുകൊണ്ടു രണ്ടുമിനിട്ടുകൂടി തന്നാൽ കൊള്ളാം. ൧൯൫൦-ൽ നാലാമത്തെ ഇന്റർനാഷണൽ ലേബർ കോൺഫറൻസിന്റെ മുപ്പത്തിമൂന്നാംസെഷനിൽ "കോവാപ്പറേഷൻ ഇൻ നാഷണലൈസ്ഡ് ഇൻഡസ്ട്രീസി"നെക്കുറിച്ചു ജനീവയിൽവെച്ചു പാസാക്കിട്ടുള്ള ഈ വിഷയത്തിലേക്കു ഞാൻ ഗവണ്മെന്റിന്റെശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

"Where certain branches of economy have been nationalised or established as public services all appropriate action to be taken to ensure close and permanent co-operation between the authorities responsible for the administration of the nationalised industries and the workers' organisations concerned". (See Co-operation in Nationalised Industries Report IV International Relations 33rd Sessions Geneva 1950.)

ഈ തത്വം മനസ്സിൽവച്ചു് നോക്കുകയാണെങ്കിൽ ഗവണ്മെന്റിന്റെ അധീനത്തിൽ ഉള്ളതും ഗവണ്മെന്റിനു ഓഹരിയുള്ളതുമായ വ്യവസായ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി അല്ലെങ്കിൽ ആ വ്യവസായ സ്ഥാപനമുടമസ്ഥന്മാർ തൊഴിലാളികളുടെ നേരെ എടുക്കുന്ന നയം ഏററവും അപലപനീയമായിട്ടാണു് ഇരിക്കുന്നതു്. അവർ തൊഴിലാളികളുടെ മേന്മകൾക്കുവേണ്ടി പ്രവർത്തിക്കാതെ അതിനു വിഘാതമുണ്ടാക്കി പല സ്ഥലങ്ങളിലും ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ തൊഴിലാളികളോടു് വളരെ കഷ്ടതരമായിട്ടാണു് പെരുമാറിക്കൊണ്ടിരിക്കുന്നതു്. അതിനു ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചു് ഞങ്ങൾ ആവശ്യപ്പെടുന്നതു് അവർക്കാവശ്യമായ ജീവിത സുഖസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും അവർക്കു് ശരിയായ വേതനം കൊടുക്കണമെന്നും ട്രെയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചു നില്ക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നും സർവ്വോപരി ജോലിസ്ഥിരത നൽകണമെന്നുമാണു്. തൊഴിലാളികൾക്കു മാത്രമല്ല മനുഷ്യവംശത്തിനു മുഴവൻതന്നെ അതുണ്ടായിരിക്കണം എന്ന അടിസ്ഥാനത്തിലാണു് ഇന്നു് ലോകം പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് തൊഴിലാളികൾക്കു് ആവശ്യമായ സുഖസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു വേണ്ടിയും അവരുടെ ക്ഷേമങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു വേണ്ടിയും നമ്മുടെ

[Sri. A. K. Patchu Pillai]
ലേബർ ഡിപ്പാർട്ട്മെന്റ് മുന്നോട്ടുനീങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. തൊഴിലാളിയുടെ ആവശ്യവും ആവേശവും അനുസരിച്ചു ഡിപ്പാർട്ട്മെന്റ് നീങ്ങുന്നില്ല. വളരെ പുരോഗമനമായ ഒരു നയമാണ് ഗവർമ്മെന്റ് ഈ കാര്യത്തിൽ സ്വീകരിക്കേണ്ടതു്. കഴിഞ്ഞ അവസരത്തിൽ ഇവിടെയുള്ള തൊഴിലാളികളുടെ കഷ്ടാവസ്ഥകളെ ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ അന്നു് ഈ ഡിപ്പാർട്ട്മെന്റിന്റെ ചാർജ്ജു വഹിച്ചിരുന്നമന്ത്രി പറഞ്ഞതു് ഇൻഡ്യാ ഗവർമ്മെന്റ് തൊഴിലാളികളെ സംബന്ധിച്ചുള്ള ചില നിയമങ്ങൾ ഉണ്ടാക്കുവാൻ പോകുന്നുണ്ടു്, ആ നിയമം നടപ്പിൽ വരുമ്പോൾ നമ്മുടെ നിയമം മാററിയിട്ടു് അതനുസരിച്ചു പ്രവൃത്തിക്കാമെന്നാണ്. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിൽ ലേബർകാര്യം കൺകറന്റ ലിസ്റ്റിൽ പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു അവിടെയുണ്ടാക്കുന്നതായ നിയമങ്ങളെല്ലാം ഇവിടെയും നടപ്പാക്കേണ്ടതായിവരും. ഇൻഡ്യാ ഗവർമ്മെന്റ് ഈ ലേബർ നിയമങ്ങൾ ഉണ്ടാക്കുന്നതിനു കാലതാമസം വരുത്തുകയാണെങ്കിൽ നാം നമുക്കാവശ്യമായിട്ടുള്ള വിധത്തിൽ നിയമനിർമ്മാണം ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുമ്പോൾ ഇൻഡ്യാ ഗവർമ്മെന്റിന്റെ നിയമവും ഇവിടത്തെ നിയമവും തമ്മിൽ സംഘട്ടനമോ, വൈരുദ്ധ്യമോ ഉണ്ടാകാതെ നോക്കിയാൽ മതി. അതുകൊണ്ടു് ഇൻഡ്യാ ഒട്ടുക്കുള്ള ഒരു നിയമത്തിനു കാത്തിരിക്കാതെ ഇവിടെയുള്ള തൊഴിലാളികളുടെ അവശതകൾക്കു പരിഹാരം ഉണ്ടാക്കുന്നതിനു ആവശ്യമായ നിയമം ഇവിടെ ഉടനെ ഉണ്ടാക്കണം എന്നപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. A. Thanu Pillai:

I support Mr. Patchu Pillai's motion. Sir, it is true that we cannot have full freedom in regard to labour legislation because the Central laws will bind us also. But I wish to place before this House certain matters in respect of which our Government and the department as well show a lack of appreciation of the facts of the situation. Sir, even the existing laws are not sought to be enforced properly. We passed here, about a year ago, an Act to regulate the work in shops and similar establishments. Though a long time has elapsed since the passing of that Act, no steps have been taken to enforce it. I find, Sir, in the coming year's budget on page 186, a lump sum provision for entertaining the "staff required for the enforce ments of the Shops and Establishments Act." What does that mean? Not only that the necessary staff has not been entertained till now, even when they come forward with a demand in the budget they are not able to tell us what they are going to do with the budget provision. The Government merely ask for a lump sum provision of Rs. 25 thousand. Sir, I am really at a loss to know why there should be this delay in making the appointments. I know for a fact that in some places, the owners themselves agreed to certain conditons of work. For instance, in Nagercoil Pioneer Works there was practically an agreement between the employers and the workers. But the Government were remiss. The law was not put into force; the necessary agency has not been brought into being till now. I now hear that the cordial relationship that existed between employers and workers become strained. My point is when the law itself recognises certain rights for the workers, certainly Government could try to get the benefits of those rights to the workers. Here there is an instance where the law gives the rights but there is no agency to enforce them. What is the Labour department doing? I ask, what is the Government doing? Why did not Government pass rules in time to bring the law into force? Why were not the necessary agencies created to give effect to the provisions of law? These are very vital questions which Government must answer. Now they ask for a lump sum provision. This House has a right to know how this

Rs. 25 thousand is to be spent. I ask, why not details be given for the expenditure? I ask, are they going to do anything in the coming year? All this manner of doing shows the utter callousness on the part of the authorities concerned to deal with labour fairly and well.

With regard to the appointment in the department, generally I am told that appointments are not made by the Service Commission. I speak from information and so I am subject to correction.

Sri. T. K. Narayana Pillai: Appointments have been made by the Service Commission recently.

Sri. A. Thanu Pillai: Now that the Minister says that the appointments have since been made by the Public Service Commission, that shows Government till now had no definite idea in the matter. We do not know how the appointments have been made, who all have been appointed, in what grade, in what pay and so on. The Government could have said these very clearly. Now we are told that Government have done it. I ask, could they not have told the House about it. Could they not have come to a decision in time and intimated us of that? Just a few weeks before the budget all this could have been done in the budget itself. In so far as that has not been done, that shows the indifference not only to labour interests, but also to this House and to the public. I am sorry things here are done in a peculiar way, which is peculiar to this Government alone. No other Goevrnment could think of getting things done in this manner. Months have elapsed, rather it is well over a year. The Government are slowly moving in the matter. Now we are told that the Service Commission have made the appointments. We do not know whether the appointments were subject to the approval by the Commission and the Service Commission approved them. It is well known, Sir, that when the Government make appointments and then refer the matter to the Service Commission, one main consideration for the Commission would be the fact that Government have made the appointments. This is a wrong line to take. Unless there is something radically wrong with the appointments, the Service Commission in such cases will not interfere. Therefore Government should never make the appointments and then refer to the Service Commission. I referred to that because there was a reference about this aspect this morning. I was told this department was making the appointments. That arrangement should cease from now at least.

I now turn to another thing, Even the ordinary provisions in our labour laws are not given full effect to by Government. For instance, in the Transport Department I am told there is a provision for leave with pay for certain number of working days in the case of daily wages workers. That principle has not been accepted till now. All this shows that after all the care and attention a Government ought to bestow on labour matters is not forthcoming.

A good deal has been stated in the annual report of this department regarding the welfare arrangements. Sir, I wish to refer to one specific matter. Recently I had occasion to visit a tea estate near Punaloor. Of course I was thoroughly disgusted with the arrangement for accommodating the workers. In a room 8 feet square two families were living. That is what I found. As for education there is a paragraph in this report which I read this morning. It says that adquate educational facilities should be given to the estate workers. The school I visited is in Pathanapuram which is a compulsory education area. The wonderful thing I found there was this: There is a Primary school with about 150 to 200 pupils and classes from I to V. Two languages are taught, Tamil and Malayalam. The labour there comes partly from Tamil areas and partly from Malayalam areas and so pupils have to be taught in two batches and that in five classes. The students number 200 or so. The minimum number of teachers in that school must be at least 10. To my surprise I was told that the number of teachers in that educational institution, in

[Sri. A. Thanu Pillai]

the compulsory education area, is only one. This is the kind of compulsory education we are having particularly in areas occupied by poor people. Such things should go. When we speak of welfare, things must be bettered.

Sri. D. Gnanasigamoni: Is it a Malayalam school ?

Sri. A. Thanu Pillai : It is a Malayalam cum Tamil school. There are five classes from I to V and two languages being taught. This is the kind of welfare we find existing in those villages. Further, it is in sheds that instruction is being given. I agree with all that has been said by Mr. Patchu Pillai in respect of accommodation. I will just refer to areas like Kuttanad where very often floods wash away dwelling houses of the poor and that completely. We find that Government propose to build houses for the poor. I understand that all that cannot be done all at once. Some houses built a few months ago were found to be very shabby, and would not last for more than a year. Huts built by poor ordinary labourers are more substantial than these houses put up by Government. Government huts are found to be very flimsy. Such types should be changed. With these words, I support the motion moved by Sri Patchu Pillai.

Sri. Ponnara G. Sreedhar : Sir, I move "to reduce the allotment of Rs. 1,73,700 for welfare work by rupee 1."

സർ, ഞാൻ രണ്ടുമൂന്നു ഉപക്ഷേപങ്ങൾ അയച്ചിട്ടുണ്ടു്. എല്ലാററിനേയും പററി ഇപ്പോൾ പറയാമോ എന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : The hon'ble Member is allowed to refer to those points during the course of his remarks on the cut motion, which he has moved.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ അവസരത്തിൽ എനിക്കു് പല കാര്യങ്ങളെ പററിയും സംസാരിക്കാനുണ്ടെങ്കിലും അവയിൽ മിക്കവാറും എല്ലാററിനേയുംപററി മററു സ്നേഹിതന്മാർ സംസാരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അവകളെ സംബന്ധിച്ചു് കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. പ്രധാനമായ ഒന്നുരണ്ടു സംഗതികളെ സംബന്ധിച്ചു് ചില കാര്യങ്ങൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു മാത്രമേ ഞാൻ ഇപ്പോൾ വിചാരിക്കുന്നുള്ളു. ഒന്നാമതായി ഹിൽ ട്രൈബ്സിനെപ്പററി ആണു എനിക്കു പറയുവാനുള്ളതു്. ഇക്കൊല്ലം അവരുടെയിടയിൽ വെൽഫയർ പ്രവർത്തനം നടത്തുന്നതിലേക്കായി ൫൦,൦൦൦ രൂപയാണു അനുവദിച്ചിരിക്കുന്നതു്. മലയിൽ താമസിക്കുന്ന ഈ മലവർഗ്ഗക്കാരുടെ ജനസംഖ്യ ഒന്നുരണ്ടു ലക്ഷത്തിനു മുകളിൽ വരുകയില്ലാ. അവരുടെ വെൽഫയറിനായി ൫൦,൦൦൦ രൂപാമാത്രം നീക്കിവച്ചിരിക്കുന്നതിൽനിന്നു് അവക്കുവേണ്ടി ഒന്നുംതന്നെ ചെയ്യുവാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നില്ലാ എന്നു് തെളിയുന്നുണ്ടു്. ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിൽ ഇരിക്കുന്ന യോഗ്യന്മാരെ ഗുണപ്പെടുത്തുവാൻവേണ്ടിമാത്രം ഈ തുക നീക്കിവച്ചിരിക്കുകയാണു്. ലേബർ ഡിപ്പാർട്ടുമെൻറിലും പിന്നോക്ക സമുദായ സംരക്ഷകൻെറ ഡിപ്പാർട്ടുമെൻറിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് അധികാരികളുടെ ഹിതംപോലെ ആണു്. ഇത്ര ഫേവറിററിസവും ഡിപ്ലോട്ടിസവും കാണിക്കുന്ന മററു ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകളുണ്ടോയെന്നു സംശയമാണു്. മററു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പബ്ലിക്കു് സർവ്വീസു കമ്മീഷനാണു് നിയമനങ്ങൾ നടത്തുന്നതു്. എന്നാൽ ലേബർ ഡിപ്പാർട്ടുമെൻറിലും പിന്നോക്ക സമുദായ സംരക്ഷക ഡിപ്പാർട്ടുമെൻറിലും നിയമനങ്ങൾ നടത്തുന്നതു് പബ്ലിക്കു് സർവ്വീസു കമ്മീഷനല്ല. അതു ഒരുപക്ഷെ ചില കാര്യങ്ങളിൽ വൈദഗ്ധ്യം ഉള്ള ആളുകൾ, സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ ആ ഡിപ്പാർട്ടുമെൻറുകളിൽ ആവശ്യമുള്ളതുകൊണ്ടാണു അങ്ങിനെ ചെയ്യുന്നതെന്നു് ഗവൺമെൻറു് പക്ഷെ പറ

യുമായിരിക്കാം. എന്നാൽ ആ ഡിപ്പാർട്ടുമെൻറുകളിൽ നടന്നിട്ടുള്ള നിയമനങ്ങളെ
പരിശോധിച്ചാൽ ആവിധ യാതൊരു പരിഗണനയും വൈദഗ്ദ്ധ്യവും വച്ചുകൊണ്ടല്ലാ
നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നു കാണുവാൻ സാധിക്കും. പിന്നോക്കസമുദായ
സംരക്ഷകൻെറ ആഫീസിൽ ഒരു അക്കൗണ്ടൻറുണ്ട്. വൈക്കം സത്യാഗ്രഹത്തിൽ
പങ്കുകൊണ്ടു എന്നുള്ളതാണു അദ്ദേഹത്തിൻെറ ഏക ക്വാളിഫിക്കേഷൻ. ആ
വ്യക്തി ഒരു മഹാബ്രാഹ്മണനാണ്. അല്ലാതെ അക്കൗണ്ടൻസിയെപ്പററി യാ
തൊരു പരിജ്ഞാനവും അദ്ദേഹത്തിനു ഇല്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കു
കൊണ്ടതിനു വല്ല പെൻഷനോ മററോ കൊടുത്തു അദ്ദേഹത്തെ പറഞ്ഞയക്കുക
യാണു, അല്ലാതെ ഇല്ലാത്ത ഒരു വേക്കൻസി ഉണ്ടാക്കി കൊടുക്കുകയല്ലാ വേണ്ട
തു്. പിന്നെ ഈ ഡിപ്പാർട്ടുമെൻറിൽ ലേഡിവെൽഫെയർ ആഫീസർമാരുണ്ടു്.
ടൈപ്പുചെയ്യുക, മററു ക്ലാർക്കന്മാരുടെ ജോലികൾ വഹിക്കുക എന്നിവയാണു അ
വരുടെ ജോലി. അല്ലാതെ ഒരു വെൽഫെയർ വർക്കും അവർ ചെയ്യുന്നില്ല. ഡി
പ്പാർട്ടുമെൻറു വെൽഫെയർ വർക്കു നടത്തിനടത്തി മലവർഗ്ഗക്കാരുടെ ജനസംഖ്യ
ആണ്ടോടാണ്ടു കുറഞ്ഞുകുറഞ്ഞു വരികയാണ്. എല്ലാ വർഗ്ഗക്കാരുടെയും ജനസം
ഖ്യ ഓരോ സെൻസസിനും കൂടിക്കൂടി വരുമ്പോൾ ഇവരുടെ ജനസംഖ്യമാത്രം
കുറഞ്ഞുവരത്തക്കവണ്ണമുള്ള വെൽഫെയർ വർക്കാണു ഡിപ്പാർട്ടുമെൻറു ഇപ്പോൾ
നടത്തിക്കൊണ്ടിരിക്കുന്നതു്. സർ, ഞാൻ പലതവണ ആ വർഗ്ഗക്കാരുടെയിട
യിൽ പോയിട്ടുണ്ടു്. അവരുടെ അവശതകൾ എന്തെല്ലാമാണെന്നു് എനിക്കു
നല്ലപോലെ അറിയാം. അവരുടെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനാ
യി സ്കൂളുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നാണു് പറയുന്നതു്. പയിൽ സ്കൂളുകൾ
എന്നാണു ആ പള്ളിക്കൂടങ്ങളെ പറയുന്നതു്. അവിടെ അത്തരം സ്കൂളുകളിൽ
വിദ്യാഭ്യാസവും ഇല്ല കെട്ടിടങ്ങളും ഇല്ല. നെടുമങ്ങാടു താലൂക്കു് കമ്പൽസറി
എഡ്യുക്കേഷൻ ഏരിയായിൽ ഉൾപ്പെടുന്ന ഒരു സ്ഥലമാണ്. അവിടെയും കു
റെ പയിൽ സ്കൂളുകൾ ഉണ്ടെന്നാണു് പറയുന്നതു്. എത്ര പയിൽ സ്കൂളു
ണ്ടു്, എത്ര കുട്ടികൾ അവിടെ പഠിക്കുന്നുണ്ടു് എന്നെല്ലാം ഗവമെൻറു് അന്വേ
ഷിക്കുന്നതു് നന്നായിരിക്കും. വാസ്തവത്തിൽ ഒരു കുട്ടിപോലും ആ പയിൽ
സ്കൂളുകളിൽ പഠിക്കുന്നില്ല. മലവർഗ്ഗക്കാർക്കു് വൈദ്യസഹായം ലഭിക്കുന്നില്ല.
താമസിക്കുവാനുള്ള സൗകര്യവും ഇല്ല. അവർ ഏതെങ്കിലും ഒരു സ്ഥലത്തു താമ
സിച്ചു ആ സ്ഥലം ഒരുവിധം നന്നാക്കി കെട്ടിടങ്ങളുമെല്ലാംവച്ചു് ദേഹണ്ഡങ്ങളു
മെല്ലാം ചെയ്തു തുടങ്ങുമ്പോൾ ആ സ്ഥലം, ഇപ്പോഴത്തെ ഗ്രോമോർഫുഡിൻെറ
പേരിൽ, അവരറിയാതെതന്നെ യാതനക്കാരാണെന്നു പറയുന്ന ചിലർക്കു് കുത്തക
പാട്ടത്തിനു കൊടുക്കുകയാണു് ചെയ്തുവരുന്നതു്. സ്വാധീനശക്തിയുള്ള ആ യാത
നാവീരന്മാർ സാധുക്കളായ മലവർഗ്ഗക്കാരെ ദേഹണ്ഡസ്ഥലത്തുനിന്നു് ഇറക്കു
ന്നു. മലവർഗ്ഗക്കാരായ കാണിക്കാർക്കു് തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സു
കൊണ്ടു് കരം ഒഴിവായിട്ടു് വസ്തുക്കൾ വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. അതിനു്
ധാരാളം റിക്കാർഡുകളും ഉണ്ടു്. ഏലം, ഗ്രാമ്പു്, തെന, നെല്ലു് ഇവയെല്ലാം
കൃഷിചെയ്യുന്നതിനും, അവയും, കൃഷിചെയ്യാതെ വിളയുന്ന കുന്തിരിക്കം മുതലാ
യവ എടുത്തും ആവശ്യക്കാർക്കു് യാതൊരു തടസ്സവുംകൂടാതെ വില്ക്കുന്നതിനും,
അവർക്കു് അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു. ഇവയ്ക്കു് യാതൊരുവക കരവും
കൊടുക്കേണ്ടാവശ്യമില്ലായിരുന്നു. മലമ്പനികൊണ്ടു് സാധാരണക്കാർക്കു് ജീ
വിക്കാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലാണു് ഇവർ കുടിപാർക്കുന്നതു്. ഭയ
ങ്കരമായ മലമ്പനിയുമായി യുദ്ധംചെയ്യുന്ന ഇവർ ആഹാരത്തിനുവേണ്ടി നെല്ലോ
മററോ കൃഷിചെയ്യുകയാണെങ്കിൽ അതിനെ പിടിച്ചുപറിച്ചെടുക്കാനായി പ്രവ

[Sri. Ponnara G. Sreedhar]

ത്തികാരന്മാരെ ഇപ്പോൾ അധികാരിവർഗ്ഗം അയച്ചുതുടങ്ങിയിട്ടുണ്ടു്. അവൎക്കു് ജീവിക്കാനുള്ള സൗകര്യം എല്ലാതരത്തിലും ഇല്ലാതാക്കുകയാണു് ഗവമ്മെൻറു് ഇന്നു ചെയ്തുവരുന്നതു്. ൩൦,൦൦൦ രൂപ ഇവൎക്കുവേണ്ടി നീക്കിവച്ചിരിക്കുന്നു എന്നു് ഗവമ്മെണ്ടു പറയുന്നു. ഞാൻ പറയുന്നതു്, ഓരോ രൂപാവീതം അവരെ വിളിച്ചു് അവരുടെ കൈയ്യിൽ കൊടുക്കുന്നതാണു് ഇങ്ങനെ നീക്കിവച്ചിരിക്കുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളതു്. അവൎക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഈ സംഖ്യയിൽ ഒരു ചെറിയ ശതമാനമെങ്കിലും യഥാൎത്ഥത്തിൽ അവൎക്കുവേണ്ടി ചിലവിടുമോ എന്നു് എനിക്കു സംശയമുണ്ടു് യഥാൎത്ഥത്തിൽ ഈ സാധുക്കൾക്കു് വല്ല ഗുണവും ചെയ്യണമെന്നു് ഗവമ്മെൻറിനു വിചാരമുണ്ടെങ്കിൽ നിലവിലിരിക്കുന്ന റൂൾസ് തന്നെ ഒന്നു പാടെ മാറേറണ്ടതാണു്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ മലവർഗ്ഗക്കാരെ ഭരിക്കുന്നതിലേക്കു, അവരെ ഗുണപ്പെടുത്തുന്നതിനായിട്ടു്, കുറെ റൂൾസെല്ലാം എഴുതിവച്ചിട്ടുണ്ടു്. അവ മുഴവനും കാണിക്കാൎക്കു് ഗുണത്തിനു പകരം ദൂഷ്യമായിട്ടാണു് ഭവിച്ചിരിക്കുന്നതു്. ഏതായിരുന്നാലും ഈ അസംബ്ലിയൊക്കെ അവസാനിക്കേണ്ട കാലം അടുത്തിരിക്കുന്നു. അതിനകം കാണിക്കാരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിൽ ഒരു നന്മചെയ്തു കൊടുത്തില്ലെങ്കിൽ അവരുടെ ശാപത്തിനു കൂടി ഇന്നത്തെ കാൺഗ്രസ്സുകാർ പാത്രവാന്മാരാവുന്നതാണു്. കാണിക്കാരായ ഇവൎക്കു് ദീർഘകാല ജീവിതമില്ലാതെയാണു് കണ്ടുവരുന്നതു്. ഏകദേശം ൩൦–൩൫ വയസ്സിൽ സാധാരണയായിട്ടു് മരിച്ചുപോകുകയാണു് ചെയ്യുന്നതു്. മലംപനി രോഗം പിടിപെട്ടു് അനവധിയെണ്ണം മരണം അടയുന്നുണ്ടു്. ചെറുപ്പത്തിൽതന്നെ അദ്ധ്വാനത്തിൻെറ ഫലം അനുഭവിക്കാൻ സാധിക്കാതെ അവർ മരിക്കുകയാണു് ചെയ്യുന്നതു്. ഇതു് ഗവമ്മെൻറിൻെറ അലസമായ മനോഭാവംകൊണ്ടാണു് ഉണ്ടാകുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. മേലാലെങ്കിലും അവരുടെ കാൎയ്യത്തിൽ ദൃഷ്ടിപതിപ്പിക്കുമെന്നു് വിചാരിക്കുന്നു. അടുത്തതായി മററു പിന്നോക്കസമുദായക്കാരെപ്പററിയാണു് എനിക്കു് അല്പം പറയാനുള്ളതു്. പിന്നോക്കസമുദായക്കാൎക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക യഥാൎത്ഥത്തിൽ വളരെ കുറവാണു്. കഴിഞ്ഞ വർഷത്തേക്കാൾ കുറെക്കൂടി കൂടുതലാണെന്നു് പറയുമായിരിക്കാം. എന്നാൽ ഈ തുകകൊണ്ടും അവരുടെ ഉന്നമനത്തിനു മതിയാകുമോ എന്നു് സംശയമാണു്. അതുകൊണ്ടു് അതിലേക്കു് കുറച്ചുകൂടി തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതുണ്ടു്. അടുത്തതായി തൊഴിലാളികളുടെ കാൎയ്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാമെന്നു് വിചാരിക്കുന്നു. സർ, ഏതെങ്കിലും ഒരു തൊഴിൽതക്ക കേസ് ഉണ്ടായെന്നിരിക്കട്ടെ. ആ കേസ് ട്രിബ്യൂണലിൻെറ മുൻപിൽ പോകുകയാണെങ്കിൽ അവസാന തീരുമാനത്തിനു വളരെ കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നു. ഈ കാലവിളംബം നിമിത്തം തൊഴിലാളി മുതലാളിമാൎക്കു് തമ്മിൽ ഒരു ഒത്തുതീർപ്പിലെത്തുന്നതിനൊ വ്യാവസായിക സമാധാനത്തിനൊ സൗകര്യമായ ഒരു അന്തരീക്ഷം ഉണ്ടാകുന്നില്ലാ എന്നു മാത്രവുമല്ല തൊഴിലില്ലായ്മ വൎദ്ധിക്കയും വിപ്ലവകരമായ ഒരന്തരീക്ഷം സംജാതമാകുകയും ചെയ്യുന്നു. വ്യാവസായികമായി വളരെ അധികം പുരോഗമിച്ചിട്ടുള്ള അമേരിക്കയിലും യൂറോപ്പിലും വ്യാവസായിക തൎക്കങ്ങൾ തീൎക്കുന്നതിനും വ്യാവസായിക സമാധാനം പുലൎത്തുന്നതിനും, തൊഴിലാളികളുടെ ക്ഷേമത്തിനെ ഉദ്ദേശിച്ചും പലവിധ നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. ആ നിയമങ്ങൾ അനുസരിച്ചു് അവിടെ കാൎയ്യങ്ങൾ നടത്തുന്നതിനാൽ അവിടത്തെ തൊഴിലാളി മുതലാളിമാർ സൗഹാർദ്ദമായി പ്രവൎത്തിച്ചുവരുന്നു. ഇവിടെയും കടലാസ്സിൽ ചില നിയമങ്ങൾ ഉണ്ടെങ്കിലും, അവ ശരിയായി പരിപാലിക്കാത്ത

തിനാൽ ഉദ്ദേശം സഫലമാകുന്നില്ല. ഈ വസ്തുത പല പ്രാവശ്യവും അസംബ്ലി കൂടുമ്പോൾ ചൂണ്ടിക്കാണിച്ച് പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഗവണ്മെൻറ് പല സമാധാനങ്ങളും പറഞ്ഞ് തൃപ്തിപ്പെടുകയാണ് ചെയ്യുന്നത്. തൊഴിലാളി നന്മക്കുവേണ്ടി ഗവണ്മെൻറ് പലതും ചെയ്തുകഴിഞ്ഞിരിക്കുകയാണെന്നും കൂടുതൽ ചെയ്യാൻ സന്നദ്ധമാണെന്നും മററുമാണ് ഗവണ്മെൻറ ഭാഗത്തുനിന്നുൽഘോഷിക്കുന്നത്. ഉള്ളതായ തൊഴിലാളി നിയമങ്ങളിൽ പലതും പ്രവൃത്തിരഹിതമായി കിടക്കുകയാണ്. ഒരു തൊഴിലാളി ഒരു ഫാക്ടറിയിൽ ൨൦ ദിവസം തുടർച്ചയായി ജോലിചെയ്താൽ അയാൾക്ക് ഒരു ദിവസത്തെ അവധി കൊടുക്കണമെന്ന് ഒരു നിയമമുണ്ട്. എന്നാൽ ഗവണ്മെൻറ് അതു നടപ്പിൽ വരുത്തുന്നില്ല. എന്നുമാത്രവുമല്ല ഗവണ്മെൻറ ഉണ്ടാക്കിയ ആ നിയമത്തെ അവർതന്നെ ലംഘിക്കുകയുമാണ് ചെയ്യുന്നത്. ട്രാൻസ്പോർട്ട തൊഴിലാളികളുടെ കാര്യത്തിൽ ഗവണ്മെൻറുണ്ടാക്കിയ നിയമം ഗവണ്മെൻറുതന്നെ ലംഘിച്ചിരിക്കുന്നു. ഈ വിധത്തിൽ നിയമലംഘനം ഗവണ്മെൻറുതന്നെ നടത്തുകയാണെങ്കിൽ ഒരുപക്ഷെ നാട്ടിലുള്ള മുതലാളികൾ നിയമം പാലിക്കാത്തതിൽ അതിശയപ്പെടാനില്ലല്ലൊ.

Sri. E. Gopalakrishna Menon: Sir, I move:—

"To reduce the allotment of Rs, 38,500 for Industrial Tribunal by Re. 1."

സർ, കോൺഗ്രസ് ഗവണ്മെൻറിൻെറ തൊഴിലാളി നയത്തിൻെറ ചരിത്രം സംസ്ഥാനത്തെ തൊഴിലാളി വർഗ്ഗത്തിൻെറ താൽപ്പര്യങ്ങളെ ചവുട്ടിമെതിച്ചതിൻെറ ചരിത്രമാണ്. നാട്ടിലാകമാനം തൊഴിലാളികളുടെ ഇടയിൽ ഇത്ര അധികം തൊഴിലില്ലായ്മയും കഷ്ടപ്പാടും ഇതിനുമുൻപു ഒരിക്കലും ഉണ്ടായിട്ടില്ല. തൊഴിലുള്ളവരെതന്നെ മുതലാളിമാർ തങ്ങളുടെ ഇഷ്ടംപോലെ കൂലികുറച്ചും യാതൊരു കാരണവുമില്ലാതെ പിരിച്ചുവിട്ടും കഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അകാരണമായി പിരിച്ചുവിടുന്ന തൊഴിലാളികൾ സംഘടിതമായി തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചാൽ ഉടനെ ഗവണ്മെൻറ് മുതലാളിമാർക്കുവേണ്ടി അതിലിടപെടുകയായി. ഗവണ്മെൻറ് ഇങ്ങനെ ഇടപെടുന്നതുകൊണ്ട് മുതലാളിമാർക്ക് കൂടുതൽ അനീതിചെയ്യാൻ ധൈര്യമുണ്ടാകുന്നു. അകാരണമായി പിരിച്ചുവിടുന്ന തൊഴിലാളികൾ ഗവണ്മെൻറിനെ സമീപിക്കുകയാണെങ്കിൽ ഉടനെ ഗവണ്മെൻറ് അവരെ ട്രിബ്യൂണലിൻെറ മുൻപിലേക്ക് തള്ളിവിടുന്നു. ഇങ്ങനെ ആർബിട്രേഷൻ, കൺസിലിയേഷൻ, അഡ്ജൂഡിക്കേഷൻ മുതലായ ചില ഉപാധികൾകൊണ്ട് തൊഴിലാളികളെ ഇഞ്ചിഞ്ചായി തേജോവധംചെയ്തു തകർക്കുകയാണ് ഗവണ്മെൻറിൻെറ പ്ലാൻ. ഇതിനകം അനവധി കേസുകൾ ട്രിബ്യൂണലിൻെറമുൻപാകെ വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ട്. ഒരു സുപ്രഭാതത്തിൽ തെരുവിലിറക്കിവിടപ്പെടുന്ന തൊഴിലാളി ഒരു അവസാന തീരുമാനത്തിനുവേണ്ടി എത്രയോ ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും മൂകനായി കാത്തിരിക്കേണ്ടിവരുന്നു. മാത്രവുമല്ല തൊഴിലാളികളുടെ അവകാശത്തെ ശരിയായവിധത്തിൽ ട്രിബ്യൂണലിൻെറ മുൻപിൽ ബോധിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവുംകൂടി ഗവണ്മെൻറ് നിഷേധിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ തൊഴിലാളിവർഗ്ഗത്തിൻെറ ശരിയായ പ്രാതിനിധ്യമുള്ള അപൂപതോളം ട്രേഡ് യൂണിയനുകൾ നിരോധിച്ചിരിക്കയാണ്. ഇതുമൂലം തൊഴിലാളികൾക്കു അവരുടെ ഭാഗം ശരിയായി വാദിക്കാൻ കഴിയാതെവരുന്നു. അതിൻെറ ഫലമായി ഒരു അവാർഡ് ഉണ്ടാകുന്നപക്ഷം അതിൻെറ ൻൻ ശ

[Sri. E. Gopalakrishna Menon]

തമാനവും തൊഴിലാളികൾക്ക് വിരുദ്ധമായിട്ടുള്ളതായിരിക്കും. അഥവാ അരശതമാനമോ ഒരു ശതമാനമോ തൊഴിലാളികൾക്ക് ഗുണമുണ്ടായിരുന്നാൽ തന്നെയും മുതലാളിമാർ അതു് പരസ്യമായി നിഷേധിക്കയും ചെയ്യും. ഈ വിധത്തിൽ കഷ്ടപ്പെടുന്ന തൊഴിലാളികളെ ഏതെങ്കിലും വിധത്തിൽ ഉദ്ധരിക്കാൻ യാതൊരു പ്ലാനും ഈ ഗവമ്മെൻറിനില്ല. സർ, കൊച്ചിയിൽ അഴകപ്പാ ടെക്സ്റ്റൈൽസ് കഴിഞ്ഞകൊല്ലത്തിൽ അഡ്ജൂഡിക്കേഷൻ അവാർഡിനെ ലംഘിച്ചുകൊണ്ടു മൂന്നുമാസത്തിൽ അധികം കാലം മുതലാളി പൂട്ടിയിടുകയുണ്ടായി. അതുമൂലം ൨,൦൦൦ത്തിൽപരം തൊഴിലാളികൾ കൊടുംപട്ടിണിയിലേക്കു വലിച്ചെറിയപ്പെട്ടു. ഇത്തരം അനീതിയും അക്രമവും ചെയ്ത മുതലാളിയുടെ പേരിൽ ഗവമ്മെൻറ് യാതൊരു നടപടിയും എടുത്തില്ല. മാത്രമല്ല ഈ അനീതിക്ക് ആ മുതലാളിക്ക് ഈ ഗവമ്മെൻറ് ൫൦ ലക്ഷംരൂപ കടം കൊടുത്തു് കുറെക്കൂടി ശക്തിപ്പെടുത്തുകയാണ് ചെയ്തതു്. പക്ഷെ തൊഴിലാളിയോടു ചെയ്തതോ? അവരുടെ യൂണിയൻ നിരോധിച്ചു. യൂണിയൻ പ്രവത്തകരെ അറസ്റ്റ്ചെയ്തു. മാത്രമല്ല ലാക്കപ്പിൽ ഇട്ടു് മർദ്ദിച്ചു. അങ്ങനെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാതെയും നേതാക്കന്മാരെ ജയിലിൽ അടച്ചും ദിവസങ്ങളല്ല മാസങ്ങൾ കഴിച്ചുകൂട്ടി. അങ്ങിനെ മർദ്ദനംമൂലം ഭീകരമായ ഒരന്തരീക്ഷം സൃഷ്ടിച്ചതിനുശേഷം ഫാക്ടറി തുറന്നു. ഫാക്ടറി തുറന്നപ്പോൾ പഴയ ആളുകളിൽ മിക്കവരെയും പുറംതള്ളിയിട്ടു് മുതലാളിക്ക് ഇഷ്ടമുള്ള കുറെ പുതിയ ആളുകളെ എടുക്കാൻ തുടങ്ങി. അങ്ങനെ ൨,൦൦൦ തൊഴിലാളികൾ ഉണ്ടായിരുന്ന ഫാക്ടറിയിൽ അഞ്ഞൂറോ അറുനൂറോ പേക്കാണ് ജോലി കൊടുത്തതു്. ഇത്രയും ഭയങ്കരമായ ഒരനീതി പ്രവത്തിച്ച ഫാക്ടറി ഉടമസ്ഥൻെറ പേരിൽ യാതൊരു നടപടിയും ഗവർമ്മെൻറ് എടുത്തിട്ടില്ല. ഇതു തന്നെയാണ് സീതാറാം മില്ലിലെയും കഥ. തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിട്ടു. തൊഴിലാളികൾക്കവേണ്ടി വാദിച്ച പ്രവർത്തകന്മാരെ പോലീസ് അറസ്റ്റ് ചെയ്തു. പയനിയർ ട്രാൻസ്പോർട്ടിലെ തൊഴിലാളികളെ പിരിച്ചുവിട്ടതു ഈയിടെ മാത്രമാണ്. അതു് അഡ്ജൂഡിക്കേഷനവേണ്ടി അയച്ചിട്ട് ഏകദേശം ആറുമാസക്കാലമായി. യാതൊരു തീർപ്പുമുണ്ടായിട്ടില്ല. ഈ പയനീയർ മുതലാളി തൊഴിലാളികളോട് അന്യായമായി പെരുമാറുന്നു എന്നുള്ളതിലേക്ക് ധാരാളം തെളിവുകളുണ്ടു്. ചാലക്കുടി ജയലക്ഷ്മി തീപ്പെട്ടി കമ്പനി അഡ്ജൂഡിക്കേഷൻ അവാർഡിനു വിരുദ്ധമായി ലാക്കൌട്ട് ചെയ്തിട്ട് ഇപ്പോൾ മൂന്നുമാസത്തിലധികമായി. തെരുവിലിറക്കിവിടപ്പെട്ട തൊഴിലാളികൾ ഒരു ജാഥയായി ഈ തലസ്ഥാനനഗരിയിലേക്കു പുറപ്പെട്ടിരിക്കയാണ്. ഇങ്ങിനെ എവിടെ നോക്കിയാലും ഇന്നു തൊഴിലാളികളുടെ മേൽ മുതലാളിമാർ കതിരുകയറുന്നതിൻെറ ചരിത്രമാണ് കാണാൻ കഴിയുന്നതു്. ഗവർമ്മെൻറ് അതിനെല്ലാം ഒററുനില്ക്കുകയും ചെയ്യുന്നു.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തൊഴിലാളികൾക്ക് ഒരു വിധത്തിലും തെല്ലെങ്കിലും സമാധാനമായി ജീവിക്കാൻ നിവൃത്തിയില്ലാത്ത നിലയായിരിക്കുന്നു. ന്യായമായ കാര്യങ്ങൾക്കവേണ്ടി തൊഴിലാളികൾ വാദിക്കുമ്പോൾ ഗവമ്മെൻറ് ക്രമസമാധാനത്തിൻെറ പേരിൽ അവരുടെമേൽ നടപടി നടത്തുകയാണ് ചെയ്യുന്നതു്. എന്നാൽ അങ്ങനെ തൊഴിലാളികളുടെ മേൽ നിസ്സാരകാര്യങ്ങൾക്കപോലും നടപടി നടത്തുന്ന ഈ ഗവമ്മെൻറ് വലിയ മുത

ലാളികൾ എന്തക്രമം ചെയ്താലും കണ്ണടച്ചുകളയുകയാണ് ചെയ്യുന്നത്. അഴകപ്പാ ടെക്സ്റ്റയിൽസിന്റെ ഉടമസ്ഥനായ അഴകപ്പചെട്ടിയാരുടെ പേരിലൊ സീതാറാം മിൽസ് ഉടമസ്ഥന്റെ പേരിലോ അതുപോലെതന്നെ വലിയ വ്യവസായിയായ പയനിയർ കമാരസ്വാമിയുടെ പേരിലൊ അവർ നടപടി നടത്തുവാൻ തയ്യാറില്ല. ഈ രാജ്യത്തു അക്രമത്തിനും നിയമലംഘനത്തിനും ആരെയെങ്കിലും പ്രോസിക്യൂട്ട് ചെയ്യേണ്ടതുണ്ടെങ്കിൽ അതു ഈ വൻകിട മുതലാളിമാരെയും അവക്ക് കൂട്ടുനില്ക്കുന്ന ഈ മന്ത്രിസഭയെയുമാണെന്നാണ് ഞാൻ പറയുക. സർ, ഈ രാജ്യത്തിലെ ജനങ്ങൾ ഇതുവരെയും ഈ ഗവമെന്റിനാൽ വഞ്ചിതരായി കഴിഞ്ഞുകൂടുകയായിരുന്നു. എന്നാൽ ഇനി അങ്ങനെ പൊതുജനങ്ങളെ വഞ്ചിക്കാൻ സാധിക്കമെന്ന് ഗവമെന്റ വിചാരിക്കേണ്ട. എല്ലാ കാലത്തും കുറെ ആളുകളെ വഞ്ചിക്കാൻ കഴിഞ്ഞേക്കാം. കുറേക്കാലത്തേക്ക് എല്ലാവരേയും വഞ്ചിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ എല്ലാക്കാലത്തും എല്ലാവരേയും വഞ്ചിക്കാൻ കഴിയുകയില്ല. നാട്ടിലെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ഈ ഗവമെന്റിനെക്കൊണ്ട് കഴിയുകയില്ലെന്ന് ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. സർ, ഞാൻ തൊഴിലാളികളുടെ പ്രശ്നങ്ങളെ ഗവമെന്റിന്റെ മുമ്പിൽവച്ചുകഴിഞ്ഞു. ഈ പ്രശ്നങ്ങളെ ഗവർമെന്റ് എങ്ങനെ നേരിടുന്നു എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്.

ശ്രീ. കെ. കെ. കണ്ണൻ: സർ, എന്റെ മോഷൻ അഞ്ചാറെണ്ണം ഈ ലിസ്റ്റിൽ ഉണ്ട്. അതിൽ ൯-ം ൧൧-ം ഒഴിച്ച് ബാക്കിയുള്ളതെല്ലാം ഒരുമിച്ച് മൂവ് ചെയ്യാൻ അനുവദിക്കണം.

മിസ്റ്റർ സ്പീക്കർ: ഒരു മോഷൻ മാത്രം മൂവ് ചെയ്താൽ മതിയാകും. അതോടുകൂടിതന്നെ അതിനോട് ബന്ധപ്പെട്ട സംഗതികളെപ്പറ്റിയും പറയാവുന്നതാണ്. പത്തുമിനിട്ട് സംസാരിക്കാൻ മെമ്പർക്ക് അവകാശമുണ്ട്.

Sri. K. K. Kannan: Sir, I move:

"To reduce the allotment of Rs. 12,60,800 for Advancement of Backward Communities by Re. 1"

സർ, ഈ ഡിപ്പാർട്ട്മെന്റിന്റെ ബഡ്ജററ സംബന്ധിച്ച് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് പ്രത്യേകിച്ചും പിന്നോക്കസമുദായങ്ങളുടെ കാര്യമാണ്. ആ പ്രശ്നം ഓരോന്നായി ഗവർമെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതു് ഇന്നത്തെ ഒരത്യാവശ്യമായതുകൊണ്ടാണ് ഞാൻ ഇത്രയും കട്ട്മോഷൻസ് അയച്ചിട്ടുള്ളതു്. ഇന്നു് സാധാരണയായി കോൺഗ്രസ്സ് ഗവർമെന്റ് പിന്നോക്കസമുദായത്തെ സംബന്ധിച്ചിടത്തോളം ഉള്ള പ്രശ്നങ്ങളിൽ ഒരു ചിററമ്മനയം സ്വീകരിച്ചിട്ടുണ്ട് എന്നു പറയാതിരിക്കാൻ തരമില്ല. ഈ രാജ്യത്തു് പിന്നോക്കസമുദായക്കാർ അധിവസിക്കുന്ന പല കാളനികളും ഉണ്ട്. ഈ കാളനികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ ഭരണം നോക്കിയാൽ അതു് കാൺഗ്രസ് ഭരണത്തിന്റെ കറുത്തിരുണ്ട ചിത്രത്തിന്റെ കരിനിഴലാണെന്നു് കാണാൻ കഴിയും. ഇക്കഴിഞ്ഞ, ഒല്ലൂർ വടക്കാഞ്ചേരി മുതലായ സ്ഥലങ്ങളിലെ തെരഞ്ഞെടുപ്പുകാലത്തു് ആ നിയോജകമണ്ഡലങ്ങളുടെ നാനാഭാഗങ്ങളിലും ചുററിസഞ്ചരിക്കുവാൻ ഇടയായതുകൊണ്ടു് എനിക്ക് ഈ സംഗതി നേരിട്ടു് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. മിക്ക കാളനികളിലും കുടിക്കുന്നതിനു് ശുദ്ധജലംപോലുമില്ലാതെ കാളനിയിൽ അധിവസിക്കുന്നവർ വളരെയധികം വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഒരു പരമാർത്ഥം മാത്രമാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുഴിക്കള്ളി, വടക്കാഞ്ചേരിയിലെ കരുമത്തൂർ മുതലായ സ്ഥലങ്ങളിൽ പോക

[Sri. K. K. Kannan]

വാൻ ഇടയായി. അവിടെയെല്ലാം ഒരു കിണറോ, കുളമോ പോലുമില്ല, കുളമോ കിണറോ ഉണ്ടെങ്കിൽതന്നെ അതെല്ലാം ഉണങ്ങി വരണ്ടു് കിടക്കുകയാണു്. കഴിഞ്ഞകൊല്ലംതന്നെ പതിനേഴായിരത്തി എണ്ണൂറ രൂപയോളം ജലവിതരണത്തിനുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിരുന്നു. അതു് എവിടെയെല്ലാം ചെലവുചെയ്തു എന്നും ഓരോ സ്ഥലത്തും എതെല്ലാം വിധത്തിൽ പണി നടത്തി എന്നും ഇപ്പോൾ പറയേണ്ട ആവശ്യമില്ല. അങ്ങനെ കൊല്ലംതോറും ജലവിതരണത്തിനുവേണ്ടി ധാരാളം പണം ബഡ്ജററിൽ കൊള്ളിക്കാറുണ്ടെങ്കിലും അതൊന്നും ശരിയായരൂപത്തിൽ ചെലവുചെയ്യുന്നില്ലെന്നു് കാണാവുന്നതാണു്. ആവശ്യമുള്ള സ്ഥലങ്ങളിൽ യാതൊന്നും ചെയ്യാതിരിക്കുകയും ആവശ്യമില്ലാത്തചില സ്ഥലങ്ങളിൽ കിണറും കുളവും കുഴിച്ചു എന്നു വരുത്തുകയും മററുമാണു് അവിടെ ചെയ്തിട്ടുള്ളതു്. ഇങ്ങനെയാണു് ഇതിനെ സംബന്ധിച്ചു് ഗവർമ്മെൻറു് സ്വീകരിച്ചിട്ടുള്ള നിലയെങ്കിൽ തീർച്ചയായും ഇതു് പരിഹരിക്കേണ്ടതാണെന്നു് പറയാതിരിക്കാൻ നിർവാഹമില്ല.

ഇനി ഹോസ്റ്റലുകളെ സംബന്ധിച്ചിടത്തോളം ചില സംഗതികൾ പറയുവാൻ ആഗ്രഹിക്കുന്നു. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്കു് ഇന്നു കൊടുത്തുവരുന്നതു് ൯ ൩ രൂപാ ൮ ണ.യാണു്. അതു തന്നെയും പോരെന്നുള്ളതിനു് യാതൊരു സംശയവുമില്ല. നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വദ്ധിച്ചിരിക്കുന്ന ഈയവസരത്തിൽ ഈ ൯ ൩ രൂപാ ൮ ണ. കൊണ്ടു് ഒരു കുട്ടിക്കു് എങ്ങനെ ചെലവു കഴിച്ചുകൂട്ടുവാൻ സാധിക്കുമെന്നുള്ളതു് ആലോചിക്കേണ്ടതാണു്. മററു ഹോസ്റ്റലുകളിൽ ഓരോ കുട്ടിക്കു് ഓരോ മാസവും ൨൦-ം ൩൦-ം രൂപ ചെലവായിക്കൊണ്ടിരിക്കേ ഈ ൯ ൩ രൂപാ ൮ ണ കൊണ്ടു് ഒരു ഹരിജൻ വിദ്യാർത്ഥിക്കു് എങ്ങനെ കഴിച്ചുകൂട്ടുവാൻ സാധിക്കും? വിദ്യാഭ്യാസമാണു് അധഃകൃതോദ്ധാരണത്തിൽ അല്ലെങ്കിൽ ഹരിജനോദ്ധാരണത്തിൽ എററവും പ്രധാനമായ ഒരു സംഗതി എന്നുള്ളതിനു് യാതൊരു സംശയവുമില്ല. എന്നാൽ ഹരിജനഹോസ്റ്റലുകളെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികൾ വളരെ ശോചനീയമായ ഒരു അവസ്ഥയിലാണു് കഴിഞ്ഞുകൂടുന്നതു് എന്നു പറയാതിരിക്കുവാൻ തരമില്ല. അവക്കു് താമസിക്കുന്നതിനുള്ള സൗകര്യം പോലും വളരെ കുറവാണു്. ഇരുന്നു് വായിക്കുന്നതിനുള്ള ബഞ്ചോ കസേരയോ അവക്കില്ല. ഒരു മുറിയിൽ പത്തോ പന്ത്രണ്ടോ കുട്ടികളെവീതം അടച്ചാണു് ഹോസ്റ്റൽ അധികൃതന്മാർ ഹോസ്റ്റൽ നടത്തിപോകുന്നതു്. വേണ്ടുവോളം വായിച്ചു് വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള ലൈബ്രറികളില്ല. വായിക്കുന്നതിനു് പത്രങ്ങളോ മാസികകളോ സപ്ലൈ ചെയ്യുന്നില്ല. ഇതര ഹോസ്റ്റലുകളിലെല്ലാം തന്നെ ഈ മാതിരി ആവശ്യങ്ങളൊക്കെ നിറവേററിക്കൊണ്ടിരിക്കേ ഇവിടെമാത്രം അങ്ങിനെ ചെയ്യാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. ഹരിജനഹോസ്റ്റലുകൾക്കു് പുറത്തു താമസിക്കുന്ന വിദ്യാർത്ഥികളുടെ നിലകൂടി ഈ സഭയുടെ ദൃഷ്ടിയിൽ പെടേണ്ട ആവശ്യമുണ്ടു്. ഹോസ്റ്റലിനു് പുറത്തുതാമസിക്കുന്ന ഒരു വിദ്യാർത്ഥിക്കു് പ്രതിമാസം ൪൫ രൂപയാണു് കൊടുക്കുന്നതു്. അതായതു കാളേജ് ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കാര്യമാണു് ഞാൻ പറയുന്നതു്. കഴിഞ്ഞ കൊല്ലംവരെ സംസ്ഥാനത്തു് നടത്തിക്കൊണ്ടിരുന്നതായ പല ഹോസ്റ്റലുകളും ഇന്നു് സർക്കാർ നിറുത്തൽ ചെയ്തുയുണ്ടായി. വിദ്യാഭ്യാസമാണു് ഹരിജനോദ്ധാരണത്തിനു് വളരെ പ്രധാനമായി ആവശ്യമുള്ളതെന്നു് സമ്മതിച്ചിരിക്കുന്ന കോൺഗ്രസ് ഗവർമ്മെൻറ് അധികാരത്തിൽ വന്ന ഉടൻതന്നെ ഈ സംസ്ഥാനത്തെ ഹരിജന ഹോസ്റ്റലുകൾ എല്ലാം നിറുത്തൽ ചെയ്തു. എന്നിട്ടു് അവരിൽ പലക്കും ഹോസ്റ്റലിനു പുറത്തുതാമസിക്കുന്നതിനുള്ള സൗ

കൾക്കും കൊടുത്തിട്ടുണ്ടെന്നു പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ഹോസ്റ്റൽ നിർത്തൽ ചെയ്യുതോടുകൂടിത്തന്നെ അനവധി കുട്ടികളുടെ പഠിപ്പു മുടക്കേണ്ടി വന്നിട്ടുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഹോസ്റ്റലിനു പുറത്തു ചുരുക്കം വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നു പറയുകയുണ്ടായി. അവർക്ക് നാല്പത്തിയഞ്ചു രൂപയാണു കൊടുക്കുന്നതു്. പത്തോ പതിനഞ്ചോ രൂപാ വാടക കൊടുത്തു് ഒരു മുറി എടുത്തു് ഒരു കുട്ടി താമസിക്കുകയാണെങ്കിൽ ബാക്കി മുപ്പതോ മുപ്പത്തഞ്ചോ രൂപാമാത്രമേ കാണുകയുള്ളു. ഈ തുകകൊണ്ടു് ആ കുട്ടിയുടെ മററു കാര്യങ്ങൾ എങ്ങനെയാണു സാധിക്കുന്നതു്? അതുപോലെതന്നെ ഹൈസ്കൂളിൽ പഠിക്കുന്ന ഹോസ്റ്റലിനു പുറത്തു താമസിക്കുന്ന കുട്ടികൾക്ക് ൩൫ രൂപയാണു കൊടുക്കുന്നതെന്നാണ് അറിവ്. മിഡിൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ൨൫ രൂപയാണുകൊടുക്കുന്നതു്. ഇതാണ് വസ്തുതയെങ്കിൽ അതു തികച്ചും അപര്യാപ്തമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഹൈസ്കൂളിൽ പഠിക്കുന്ന ഹോസ്റ്റലിനു പുറത്തു താമസിക്കുന്ന ഒരു കുട്ടിക്ക് ൩൦ രൂപാ കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു കൊല്ലത്തേയ്ക്കാണ് ഈ ൩൦ രൂപാ കൊടുക്കുന്നതു്. ഇതുകൊണ്ടു് എന്തു നടത്താൻ സാധിക്കുമെന്നു് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. കുട്ടികളുടെ ഭക്ഷണച്ചിലവും മററാവശ്യങ്ങളും ആലോചിച്ചുനോക്കുമ്പോൾ ഈ തുക എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാക്കാൻ വളരെ വിഷമമായിട്ടാണിരിക്കുന്നതു്. ഈ വിഷയത്തിൽ കുട്ടികൾക്ക് ഇന്നു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള വിഷമങ്ങൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി ഒരു നിവേദനം കഴിഞ്ഞകൊല്ലം ഹരിജന വിദ്യാർത്ഥികൾ ഗവൺമെൻറിലേക്കു സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിനു ഗവൺമെൻറിൽനിന്നും അനുകൂലമായ ഒരു മറുപടിപോലും ഇതുവരെ കൊടുത്തിട്ടില്ലെന്നാണ് എനിക്കു അറിയാൻ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ പ്രത്യേകം പ്രത്യേകം എടുത്തുപറയേണ്ട പല കാര്യങ്ങളുമുണ്ടെങ്കിലും സമയച്ചുരുക്കത്താൽ വിശദവിവരങ്ങളിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. സാധാരണയായി കൊല്ലംതോറും വലിയ വലിയ തുകകൾ പിന്നോക്ക സമുദായോദ്ധാരണത്തിനു വേണ്ടി ഗവൺമെൻറ് നീക്കിവയ്ക്കാറുണ്ടെങ്കിലും ആ തുകകളിൽ വലിയ ഒരു ശതമാനം ബാക്കിവയ്ക്കുന്നതിനുവേണ്ടി ഗവൺമെൻറും അവരുടെ കീഴുദ്യോഗസ്ഥന്മാരും ശ്രമിക്കുകയാണു ചെയ്യുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനു ദാഹരണമായി പറയുകയാണെങ്കിൽ ൧൯൭൦—൭൧-ലെ ബഡ്ജററ് എസ്റ്റിമേററ് പ്രകാരം ഒരുലക്ഷത്തി നാല്പതിനായിരം രൂപാ ഹരിജന ഹോസ്റ്റലിനായി നീക്കിവച്ചിരുന്നതു് പുതുക്കിയ എസ്റ്റിമേററിൻപ്രകാരം നാല്പതിനായിരം രൂപ മാത്രമായി കുറഞ്ഞു. ആ ഒരിനത്തിൽതന്നെ ഒരുലക്ഷം കുറഞ്ഞുപോയി. സ്റ്റൈപ്പൻറിനു നീക്കിവച്ചിരുന്ന തുക പുതുക്കിയ എസ്റ്റിമേററ് വന്നപ്പോൾ ൨൬,൦൦൦ രൂപായായി തീർന്നു. ൨൧,൦൦൦ രൂപായാണു ആ ഇനത്തിൽ കുറഞ്ഞതു്. മററിനങ്ങൾ എന്നുള്ളതിൽ ൬൦൦൦ രൂപാ എസ്റ്റിമേററ്പ്രകാരം വച്ചിരുന്നതു് വെറും ൩൦൦൦ രൂപയായി കുറഞ്ഞു. കാളേജ് വിദ്യാഭ്യാസത്തിനു് ൧൧,൬൦൦ രൂപാ എസ്റ്റിമേററ് ചെയ്തിരുന്നതു് പുതുക്കിയ എസ്റ്റിമേററിൻപ്രകാരം ൬,൬൦൦ രൂപയായി കുറഞ്ഞു. ഇങ്ങനെ ഓരോന്നോരോന്നായി പ്രത്യേകം എടുത്തുപറയുകയാണെങ്കിൽ ഗവൺമെൻറ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി മാത്രമാണ് അധഃകൃതോദ്ധാരണത്തിനെന്നു പറഞ്ഞു് വലിയ വലിയ സംഖ്യകൾ നീക്കിവെക്കുന്നതെന്നുകാണാം. പുതുക്കിയ എസ്റ്റിമേററും ആക്ച്വൽസും എല്ലാം നോക്കുമ്പോൾ വളരെയധികം സംഖ്യ ചില

[Sri K. K. Kannan]

വാക്കാതെ മിച്ചം വയ്ക്കുകയാണെന്നു കാണാൻ കഴിയും. കാൺഗ്രസ്സ് ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ഹരിജനോദ്ധാരണത്തിനുവേണ്ടി അവർ വളരെയെല്ലാം ചെയ്യുന്നു എന്നു വരുത്തിത്തീർക്കാൻ മാത്രമാണ് ഇപ്രകാരം വലിയ തുകകളെല്ലാം ആദ്യമായി ബഡ്ജററ ചെയ്യുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞകൊല്ലം എത്ര രൂപ ഇതിലേയ്ക്കു ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. കെ. കണ്ണൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ൧൯൫൦—൫൧ ലേക്കുള്ള കണക്ക് വ്യക്തമായി ഈ സഭയ്ക്കു കിട്ടിയിട്ടുണ്ട്.

സർ, പൊതുവേ പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെന്റ്മേലധികാരികൾ കാര്യമായി ഒന്നുംതന്നെ ഹരിജനോദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. (ബെൽ)

Mr. Speaker: Mr. Jose, are you moving your cut motion?

Sri. N. D. Jose: Yes Sir, I move: "To reduce the total allotment of Rs. 18,98,200 under Demand XXVI by rupee 1". I want to suggest a few words regarding labour. Under the item for welfare work, a sum of one lakh seventy-three thousand and one hundred rupees has been allotted. On the examination of figures we find that amount for the actual welfare work. If you deduct the working expenses from this allotment you will get only a small amount for the actual welfare work. I wish to point out that this is insufficient for this item. In this connection I want to point out the report by the international Labour Organisation. "The employees should be vested with the responsibility of starting welfare organisations and then later on these should be handed over to Municipal organisations or Government control". This is a suggestion that I would like to present to Government for consideration.

Another point I would like to bring to the notice of this House is this: A great number of our working classes are comprised of agricultural labourers. Most of our people are agricultural employees. I want to point out that it is high time that a statistics of agricultural labour in this State is collected. We are all aware that the Indian Government has taken up the work. I would like to point out that this should not mean that this Government should shirk responsibility as far as this important item is concerned. I want to make it clear that as early as possible minimum wages should be fixed for agricultural labour in this State.

Another thing I would like to bring to the notice of this House is this: In many factories labour classes are subject to great hardships. When a Trade Union is started the employers are very anxious that it is suppressed. They hinder all their legitimate activities. In foreign countries there prevails a system by which these people are afforded protection by law. I suggest that there should be some necessary enactment through which these labour organisations should be protected.

I would also mention the case of certain Trade Unions whose registration has been cancelled. The simple reason is that they have not sent in their reports and accounts. It is very easy for the Government to say that since these organisations have not sent in their reports and accounts their registration has been cancelled. There is another thing worth mentioning here. When the important workers of a Trade Union are locked up the organisation ceases to function. It is my information that not less than 60 labour organisations come under this category. All of them have ceased to function. If there is to be a healthy spirit among the labour

there should be proper Trade Unions functioning in the State. I suggest that all genuine Trade Union Workers who have been placed under arrest should be set free and they should be allowed to carry on normal Trade Union work.

Next thing is about adjudication. It has been time and again pointed out on the floor of this House that there is inexcusable delay in the matter of the adjudication of labour disputes. I am prepared to agree that a certain amount of delay in adjudication is inevitable. Therefore, Sir, adjudication should not be made compulsory on labour and mangement. There are many occasions when labour is allowed the option to strike work. After a series of struggles in this country the Trade Union has won for itself certain basic rights. Therefore I want to point out in this connection that adjudication should not be made compulsory. Wherever necessary and wherever labour and management want to be adjudicated they should be allowed the facility for that. Wherever the labour could win their right through the method of peaceful strike they should be given the liberty to do so.

Sir, finally I must point out that labour in this state should be given a new deal. We are aware of the fact that as far as these industries and capital concerns are concerned, there is a good deal of mismanagement and a good deal of swindling. I want to suggest that no capital organisation in this country, no capitalistic enterprise should be allowed to have more than a particular percentage as dividend. The rest of the profit, I want to be divided among the labourers. Therefore the labour policy of Government should be reorganised. We are all aware of the fact that whatever this Government might do in this connection, if labour wants all its demands to be satisfied labour must have its own Government. We are all believers in the fact that if the labour problems in the country are to be solved satisfactorily, labour should have a Government which will distribute all surplus value to labour. We are sure it will come to labour easily. That would be in a system where the means of production and distribution would be owned by the state as such, would be owned by the labour as such. There are some of the points that would arise in this connection.

<u>ശ്രീ. വി. ഗംഗാധരൻനായർ:</u> സർ, മി. ജോസിന്റെ കട്ട്മോഷനെ അനുകൂലിച്ചുകൊണ്ടു ചില കാര്യങ്ങൾ പ്രസ്താവിക്കുവാനാണ് ഞാൻ ഒരുങ്ങുന്നത്. ഇന്നും ഒരു മൈനർ ഡിപ്പാർട്ടുമെന്റായിട്ടുതന്നെ ലേബർ ഡിപ്പാർട്ടുമെന്റ് പ്രവർത്തനം നടത്തിവരുന്നതിനെപ്പററി ഞാൻ എന്റെ ബഡ്ജററ് പ്രസംഗത്തിൽ ചിലതൊക്കെ സൂചിപ്പിച്ചിരുന്നു. സർ, ഈ ഗവമ്മെൻറിന്റെ മുതലാളിത്ത പക്ഷപാതിത്വം വളരെ വ്യക്തമായി ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നതു് അവരുടെ തൊഴിലാളികളോടുള്ള നയം പരിശോധിക്കുമ്പോഴാണ്.

സർ, ഇതിനു മുമ്പു ലേബർമന്ത്രിയായിരുന്ന പുരോഗമനവാദിയെന്നു അഭിമാനിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ അടുത്തകാലത്തൊരുദിവസം കൊല്ലത്തു ഒരു തൊഴിലാളിയോഗത്തിൽ ഒരു ഫെയർവേജസ് ക്ലാസ്സ് ഗവമ്മെൻറ് കാൺട്രാക്ടുകൾ നൽകുമ്പോൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നതാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. ആ പ്രഖ്യാപനത്തെ വളരെ പ്രതീക്ഷകളോടുകൂടി തൊഴിലാളികൾ സ്വീകരിക്കുകയുമുണ്ടായി. സർ, ഈ ഗവമ്മെൻറ് വമ്പിച്ച ഒരു തുകയാണ് P. W. D. വകുപ്പിലേക്ക് ചെലവാക്കുന്നതു്. ഇന്നു ഇവിടത്തെ തൊഴിലാളികളുടെ ജീവിതത്തോതു് ഉയർത്താൻ തക്ക നിലയിൽ പി. ഡബ്ലിയു. ഡി. വകുപ്പിൽ കൂടി ഫെയർവേജസ് ക്ലാസ്സ് ഏർപ്പെടുത്താൻ കഴിഞ്ഞാൽ നിശ്ചയമായും അതല്പം പുരോഗമനപരമായ നടപടിയായിരിക്കുമെന്നുള്ളതിനു സംശ

[Sri. V. Gangadharan Nair]

യമില്ല. പക്ഷെ ഈ ഗവൺമെൻറ് അതിനൊരുക്കമുണ്ടോ എന്ന് എനിക്കു സംശയമുണ്ട്. മുഖ്യമന്ത്രിയും ഈ കാര്യങ്ങളിൽ അനുഭാവത്തോടുകൂടി ശ്രദ്ധിക്കുന്നതാണെന്നുള്ള ഒരു മറുപടി ഈ അസംബ്ലിയിൽവച്ചുതന്നെ പറഞ്ഞിട്ടുള്ളതായി ഞാൻ ഓക്കുന്നു. ഏതായാലും ഈ ഫെയർവേജസ് ക്ലാസ് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ പ്രധാനമായും മററു പല വകുപ്പുകളിലും കഴിയുന്നിടത്തോളവും വരുത്തുന്നതിനു ഊർജ്ജിതമായ നടപടി എടുക്കണമെന്നു ഞാൻ വളരെ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സർ, ഇവിടെ കുറച്ചു ലേബർ നിയമങ്ങൾ എല്ലാം ഉണ്ട്. പക്ഷെ ആ നിയമങ്ങൾ ലംഘിക്കുന്നതിൽ മുതലാളിമാക്ക് നേതൃത്വം നൽകുന്നത് ഇവിടത്തെ ഗവമ്മെൻറാണ്. ഇവിടത്തെ ഗവമ്മെൻറ് മുതലാളിയുടെ ഭാവത്തിൽ പല വ്യവസായങ്ങളും ഇന്നു നടത്തുന്നുണ്ട്. ഈ വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടത്തെ തൊഴിലാളി നിയമങ്ങൾ പാലിക്കുന്നില്ലെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഉദാഹരണങ്ങൾ എടുത്തു പറയുവാൻ അങ്ങ് സമയം അനുവദിക്കുന്നില്ലെന്നുള്ള പരാതിയുണ്ട്. ഇന്നു ട്രാൻസ്പോർട്ടു ഗ്യാരേജിലും പ്ലൈവുഡ് ഇൻഡസ്ട്രീസിലും മിനറൽ കമ്പനികളിലും എന്നുവേണ്ട ഗവമ്മെൻറ് നടത്തുന്ന പല വ്യവസായങ്ങളിലും ഗവമ്മെൻറ് ഉണ്ടാക്കിയിരിക്കുന്ന പല ലേബർ നിയമങ്ങളും നടപ്പിലാക്കുന്നില്ലെന്നു പല ആക്ഷേപങ്ങളുമുണ്ട്.

സർ, ഈ നിയമങ്ങൾ എല്ലാം ഉണ്ടാക്കിവച്ച് നിയമത്തിനകത്തു നിന്നു പോലും പ്രവർത്തിക്കുന്നതിനു തൊഴിലാളികളെ അനുവദിക്കാതെ മുതലാളിമാക്ക് എന്തുമാകാം എന്നുള്ള മട്ടിൽ അധികാരികളുമായിചേർന്നുനിന്നു അവർ നടത്തുന്ന മർദ്ദനങ്ങളെ പററിയാണ് എനിക്കു പറയുവാനുള്ളത്.

സർ, വ്യവസായകേന്ദ്രമായ കൊല്ലത്തു ചില കശുവണ്ടി രാജാക്കന്മാരുണ്ട്. അവരെല്ലാം സ്വന്തം ഗുണ്ടാകളെ സംഘടിപ്പിച്ച് തൊഴിലാളികളെ മർദ്ദിപ്പിക്കുന്ന ഒരേർപ്പാട് ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ട്. അവിടെയെല്ലാം ഈ മുതലാളിമാക്ക് ഈ ഗവമ്മെൻറിൻെറ പോലീസ് കൂട്ടുനിൽക്കുന്നും ഉണ്ട്. എല്ലാ തൊഴിൽ തക്കങ്ങളും സാധാരണയായി പറഞ്ഞുതീക്കുന്നത് ഒന്നുകിൽ ലേബർ മന്ത്രിയോ അല്ലെങ്കിൽ ലേബർ ഡിപ്പാർട്ടുമെൻേറാ ഇടപെട്ടാണ്. എന്നാൽ ഇപ്പോൾ അവരുടെ തലയ്ക്കുമീതെ ലാ ആൻറ് ആർഡർ വകുപ്പ് ഇടപെട്ടു പോരുന്നുണ്ടെന്നും, പോലീസ് മുതലാളിമാരുമായി ചേർന്നുനിന്നു തൊഴിലാളികളെ മർദ്ദിക്കുന്നതായ സംഭവങ്ങളും നടന്നിട്ടുണ്ടെന്നും ഇതിനകം തെളിഞ്ഞിട്ടുണ്ട്.

സർ, ഇതിനെല്ലാം പുറമെ കൊല്ലം പട്ടണത്തിൽ ആയിരത്തി അഞ്ഞൂറ് തൊഴിലാളികളോളം എ. ഡി. കാട്ടൺമില്ലിൽ തുടർച്ചയായി ജോലിചെയ്തുകൊണ്ടിരിക്കവേ അവിടെ വലിയ കുഴപ്പങ്ങൾ ഉണ്ടായി. അതിന്മേൽ ഒരു അവാർഡുണ്ടാക്കുകയും അതനുസരിച്ച് വൃ വൃ ® പേക്ക് ജോലി നോക്കുന്നതിനു നിർദ്ദേശം ഉണ്ടാകുകയും ചെയ്തു. എന്നാൽ അതനുസരിച്ചു സ്ഥിരമായി ജോലിനോക്കിയിട്ടുള്ളവക്ക് ജോലി കൊടുക്കാതെ എവാർഡ് നടപ്പിലാക്കുന്നതിനു തയാറാകാതെ വീണ്ടും തൊഴിലാളികൾ കുഴപ്പമുണ്ടാക്കുന്നു എന്നുള്ള വ്യാജേന മിൽ ഇവിടെനിന്നും സൗരാഷ്ട്രത്തിലേയ്ക്കോ മറെറവിടത്തേയ്ക്കോ മാററുന്നതിനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ എ. ഡി. കാട്ടൺമിൽ മുതലാളിമാർ ഏർപ്പെട്ടിരിക്കുന്നത്. വസ്ത്രക്ഷാമം വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെ മുതലാളി മില്ലിലെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ എത്തിച്ചിരിക്കുന്നത് മുതലാളിയുടെ കൊള്ളരുതായ്മകൊണ്ടാണ്. ഇങ്ങനെയുള്ള കുഴപ്പങ്ങളെപ്പററി അന്വേഷി

ക്കാതിരിക്കുന്നതും അവിടത്തെ തൊഴിൽ സ്തംഭനത്തെപ്പററി ആവശ്യമായ നടപടികൾ എടുക്കാതിരിക്കുകയും ചെയ്യുന്നതു് അപകടകരമാണെന്നുള്ള ഒരു മുൻഅറിയിപ്പു നൽകുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു.

സർ, എന്തുകൊണ്ടു് ആ മിൽ ഗവൺമെൻറിൽനിന്നും ഏറെറടുത്തുകൂടാ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, ഇന്നത്തെ പരിതഃസ്ഥിതി വച്ചുകൊണ്ടു നോക്കുന്നതായാൽ ഷോലാപ്പൂർ മുതലായ സ്ഥലങ്ങളിൽ മിൽ കുഴപ്പങ്ങൾ ഉണ്ടായ അവസരത്തിൽ ബോംബെ ഗവൺമെൻറ് ആ മില്ലെല്ലാം ശരിയായി പ്രവത്തനം നടത്തത്തക്കവണ്ണം ആ മിൽ പ്രവത്തനങ്ങളിൽ ഇടപെടുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഈ എ. ഡി. കാട്ടൺമിൽ മാനേജുമെൻറുമൂലം ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കു് പരിഹാരം ഉണ്ടാക്കുന്നതിനായി ഈ മിൽ ഗവൺമെൻറിൽനിന്നും ഏറെറടുത്തു നടത്തുന്നപക്ഷം കാര്യക്ഷമമായ പ്രവത്തനത്തിനും ഉല്പാദനവർദ്ധനവിനും സൗകര്യമുണ്ടു് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

സർ, സെറാമിക് ഫാക്ടറിയെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അവിടെ ഇന്നു റിട്രെഞ്ച്മെൻറു നടത്തിക്കൊണ്ടിരിക്കുകയാണു്. വളരെ പണം കൊടുത്തു വാങ്ങിച്ചിട്ടുള്ള പല യന്ത്രങ്ങളും ക്ലേ എടുക്കുന്നതിനായും മററും കെട്ടിയിട്ടുള്ള വിപുലമായ ടാങ്കുകളും അവിടെയുണ്ടു്. അവയെല്ലാം ഉപയോഗിക്കാതെ തുരുമ്പുപിടിച്ചുകൊണ്ടിരിക്കുന്നു. അതേയവസരത്തിൽ ക്ലേയ്ക്കു് ധാരാളം ഓർഡറും കിട്ടിക്കൊണ്ടിരിക്കുന്നു. അപ്പോൾ അതിൽ ഏപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടു അവിടെ തൊഴിൽസ്തംഭനം ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സർ, ഈ ഗവൺമെൻറിൻെറ കുഴപ്പംപിടിച്ച തൊഴിലാളിനയം ഉപേക്ഷിക്കുകയും ഇന്നത്തെ അസമത്വങ്ങൾ അവസാനിപ്പിക്കാൻ പര്യാപ്തമായ പുരോഗമനപരവും ജനകീയ ജനാധിപത്യരാജ്യത്തിനു അനുയോജ്യവുമായ ഒരു തൊഴിലാളിനയം സ്വീകരിക്കുകയും ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. കെ. നാരായണപിള്ള</u>: സർ, തൊഴിലാളികളോടുള്ള ഗവൺമെൻറിൻെറ നയത്തെ ആസ്പദമാക്കിയും പിന്നോക്കസമുദായക്കാരെന്നു പറയുന്നവരോടു ഗവൺമെൻറു അനുവത്തിച്ചുവരുന്ന നയത്തെപ്പററിയും ആയിരുന്നു പ്രധാനമായി ഉണ്ടായ ആക്ഷേപങ്ങൾ. ശ്രീ. പാച്ചുപിള്ള അവർകൾ പ്ലാൻേറഷൻ വക്കേഴ്സിൻെറ ദുരിതാവസ്ഥകളെപ്പററി പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്ലാൻേറഷൻസിൽ ജോലിചെയ്തുവരുന്ന തൊഴിലാളികൾ അനുഭവിച്ചുവരുന്ന പരാധീനതയെസംബന്ധിച്ചും അവരോടു് എസ്റ്റേററുടമസ്ഥന്മാർ അനുവത്തിച്ചുവരുന്ന നയത്തേയുംപററി ആണു് അദ്ദേഹത്തിൻെറ പ്രധാനമായ വാദങ്ങൾ. ഇവിടെയുള്ള എസ്റ്റേററുകളിൽ പ്രവത്തിച്ചുവരുന്നതായ തൊഴിലാളികളുടെ നില എല്ലാവിധത്തിലും ആശാസ്യമാണെന്നു ഞാനും സമ്മതിക്കുന്നില്ല. എന്നാൽ താരതമ്യേന നാം പുരോഗമിച്ചുകൊണ്ടുതന്നെയിരിക്കുകയാണെന്നുള്ളതു് ആക്കും നിഷേധിക്കുവാൻ സാധിക്കുന്നതല്ല. സമീപകാലത്തു കോട്ടയത്തുവച്ചുനടന്ന ഒരു പ്ലാൻേറഴ്സ് കാൺഫ്രൻസിൽ വച്ചു ചെയ്തതായ ഒരു തീരുമാനം അനുസരിച്ചു റജിസ്റ്റേഡ് യൂണിയൻ വക്കേഴ്സ് ആരായിരുന്നാലും എസ്റ്റേററ് ഉടമകളുടെ മുൻ അനുവാദംകൂടാതെ എസ്റ്റേററുകളിൽ പ്രവേശിച്ചു തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും തൊഴിലാളികൾക്കാവശ്യമായ പ്രവത്തനങ്ങൾ നടത്തുന്നതിനും അധികാരമുണ്ടു്. ഇന്നു് ഇൻഡ്യയിലുള്ള ഏതു തൊഴിലാളികളുടെ നിലയും ഇവിടത്തെ എസ്റ്റേററു തൊഴിലാളികളുടെ നിലയും

[Sri. T. K. Narayana Pillai]

തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ സ്റ്റേറ്റിലാണു ഈമാതിരി ഒരു സൗകര്യം അനുവദിച്ചിട്ടുള്ളതെന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നതാണു്.

ഇന്നു് അവക്കു് ബേസിക്‌വേജസ്സ് സംബന്ധിച്ചും ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കീട്ടുണ്ടു്. ഇന്നു നിലവിലിരിക്കുന്ന രീതി അടിസ്ഥാനമാക്കി ബേസിക് വേജസ്സ് ഒരു രൂപാ നാലണ മുതൽ ഒരു രൂപാ ആറണാവരെ എസ്റ്റേറ്റിൽ പ്രവർത്തനം ചെയ്യുവരുന്ന തൊഴിലാളികൾക്കു് കിട്ടുന്നുണ്ടു്. അവക്കു് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതിലേക്കാവശ്യമായിട്ടുള്ള കാര്യപരിപാടിയും അവർ എടുത്തിട്ടുണ്ടു്. എനിക്കുതന്നെ അറിയാം പല തോട്ടങ്ങളിലും ലേബർ ഡിപ്പാർട്ടുമെണ്ടിൽനിന്നും നേരിട്ടു പ്രവർത്തിച്ചതിൻെറ ഫലമായി പല തക്കങ്ങളും അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നു്. പുനലൂരും നെടുമങ്ങാട്ടുമുള്ള എസ്റ്റേറ്റുകളിൽ തൊഴിലാളികളും മാനേജുമെൻറും തമ്മിൽ ഉണ്ടായിരുന്ന തക്കങ്ങളെല്ലാം ലേബർ ഡിപ്പാർട്ടുമെൻറിലെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ഇടപെട്ടും മാനേജുമെൻറും തൊഴിലാളിപ്രതിനിധികളുമായി കൂടിയാലോചനകൾനടത്തിയും രമ്യമായി ഒത്തുതീർപ്പിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ടു്. എവിടെയെല്ലാം ഉത്തരവാദിത്വബോധത്തോടുകൂടി സമാധാനപരിപാലനം ലക്ഷ്യമാക്കിവെച്ചുകൊണ്ടു് ഇടപെടുന്നതിനു സാധിക്കുമോ ആ രംഗങ്ങളിലെല്ലാം തന്നെ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പ്രവേശിച്ചിട്ടുണ്ടു് എന്നു് എനിക്കു സൂക്ഷ്മമായി പറയാൻ സാധിക്കും.

എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. താണുപിള്ള അവർകൾ പ്രധാനമായി പറഞ്ഞതു് രണ്ടു് കാര്യങ്ങളാണു്. ഒന്നാമത്തു് ഷാപ്പു് ആൻറ് എസ്റ്റാബ്ലിഷുമെൻറ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനാവശ്യമുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമന വിഷയത്തിൽ ഗവമ്മെൻറ് കാലതാമസത്തിനിടയാക്കി എന്നുള്ളതാണു് അദ്ദേഹത്തിൻെറ ചാർജ്ജു്. അതു് തീരെ അടിസ്ഥാനമില്ലാത്തതാണെന്നു് ഞാനും വാദിക്കുന്നില്ല. എന്നാൽ ആ കുററം ഇതിനകം പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നും ൨൨ ലേബർ ഉദ്യോഗസ്ഥന്മാരെ ആ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു മുന്നിട്ടു ഇറങ്ങി പ്രവർത്തിക്കുന്നതിനുള്ള അധികാരത്തോടുകൂടി നിയമിച്ചിട്ടുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. പബ്ലിക്കു് സവ്വീസ് കമ്മീഷനിൽനിന്നും ൧൦ ലേബർ ആഫീസറന്മാരെ സമീപകാലത്തു നിയമിച്ചിട്ടുണ്ടു്. ലേബർ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്ന ൧൨ ആഫീസറന്മാരേയും കൂടി ചേർത്തു് ൨൨ ഉദ്യോഗസ്ഥന്മാരെ ഈ ആക്ടനുസരിച്ചുള്ള പ്രവർത്തനത്തിലേക്കായി നിയോഗിച്ചു കഴിഞ്ഞിട്ടുണ്ടു്. ഉടൻതന്നെ അവർ പ്രവർത്തനം ആരംഭിക്കുന്നതുമാണു്. പബ്ലിക്കു് സവ്വീസ് കമ്മീഷൻ ഈ നിയമനങ്ങളുടെ കാര്യത്തിൽ കാണിച്ചിട്ടുള്ള സ്വല്പം താമസംകൊണ്ടാണു് എല്ലാ പട്ടണങ്ങളിലും ഒരേ സമയത്തു ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൻ വരുത്തുന്നതിനു ഇടയാകാതിരുന്നിട്ടുള്ളതു്.

രണ്ടാമത്തു് പത്തനാപുരം പ്രൈമറി സ്കൂളിനെപ്പററി അദ്ദേഹം ചില കാര്യങ്ങൾ പറയുകയുണ്ടായി. അതു ഒരു പക്ഷെ ശരിയായിരിക്കാം. ആ സംഗതിയെ സംബന്ധിച്ചു് ഗവമ്മെൻറ് നേരിട്ടന്വേഷണം നടത്തി മാനേജുമെണ്ടിനെകൊണ്ടു് ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിപ്പിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കുമെന്നാണു് എനിക്കു് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാനുള്ളതു്.

ശ്രീ. പൊന്നറ ശ്രീധർ മലവാസികളുടെ ദയനീയാവസ്ഥയെപ്പററി മുമ്പ് പല അവസരങ്ങളിലും പറയാറുള്ളതുപോലെതന്നെ ഇപ്പോഴും പറയുകയുണ്ടായി. ഈ വർഷത്തെ ബഡ്ജററിൽ മലവാസികളുടെ ഉദ്ധാരണത്തിനായി ൩൦,൦൦൦ രൂപ നീക്കിവെച്ചിട്ടുണ്ട്. അവരുടെ സാമ്പത്തികവും, സാമുദായികവും, വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടിയാണ് ഈ തുക നീക്കിവച്ചിരിക്കുന്നത്. ചില അഴിമതികളും ചൂഷണങ്ങളും നടക്കുന്നുണ്ടായിരിക്കാം. അതു ഗവണ്മെൻറിൻെറ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. ആ ചൂഷണങ്ങളേയും അഴിമതികളേയും നിർമ്മാർജ്ജനം ചെയ്യുന്നതിനു് ഗവണ്മെൻറ് തീർച്ചയായും സത്വരമായ നടപടികൾ നടത്തുന്നതാണ്. ഇന്ന് കാണിക്കാരുടെ പേരുപറഞ്ഞ് സവർണ്ണഹിന്ദുക്കളെന്നു അഭിമാനിക്കുന്ന ഏതാനും ആളുകൾ നിലങ്ങളും പുരയിടങ്ങളും തട്ടിയെടുക്കുന്നുണ്ടെന്നും അതിലുള്ളവിളവു മുഴവൻ ആ സമുദായക്കാരുടെ പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്നുമുള്ള വസ്തുത എൻെറ സ്നേഹിതൻ ശ്രീ. ശ്രീധരും അറിവുള്ളതാണ്. ആ മാതിരിയുള്ള ചൂഷണങ്ങളെ നിയമംകൊണ്ട് തടുക്കുവാൻ സാദ്ധ്യമല്ലെന്നും അതിനു പ്രായോഗികമായ ചില കാര്യപരിപാടികൾ നടപ്പിൽ വരുത്തിയാലേ പരിഹാരം ഉണ്ടാകുകയുള്ളു എന്നും ഞാൻ വിചാരിക്കുന്നു.

എൻെറ യുവസ്നേഹിതൻ ശ്രീ. ഗോപാലകൃഷ്ണമേനോൻ റഷ്യൻ പ്രവർത്തനസമ്പ്രദായങ്ങളും കാര്യപരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുവാനുള്ള വെമ്പലോടുകൂടി വളരെ ആവേശഭരിതമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ൧൯൩൭-ൽ ഒരു ഗ്രേററ് പർജ്ജ് നടത്തിയതായ റഷ്യയാണ് ഇന്ന് ഭാരതത്തിൽ സംഘടനാസ്വാതന്ത്ര്യവും, പ്രവർത്തനസ്വാതന്ത്ര്യവും, പ്രസംഗസ്വാതന്ത്ര്യവും ഇല്ലെന്നു വാദിക്കുന്നത്. അദ്ദേഹത്തിൻെറ വാദംകേട്ടപ്പോൾ എനിക്ക് ഒരു മന്ദസ്മിതമാണ് ഉണ്ടായത്. ഇവിടെയുള്ള ആളുകൾ അഭിപ്രായസ്വാതന്ത്ര്യം പരിപാലിക്കാത്തതുകൊണ്ട് അവരെ ഹനിച്ചിട്ടില്ലെന്നുള്ളത് ഒരു കുററമാണെങ്കിൽ ആ കുററം ഈ ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. ലെനിനിൻെറ അഭിപ്രായത്തോട് വിയോജിച്ചവരെ ചുവരോട് ചേർത്തുനിർത്തി വെടിയുണ്ടയ്ക്ക് ഇരയാക്കുന്നതാണ് സ്റ്റേററിൻെറ പാളിസിയെന്നു എൻെറ യുവസ്നേഹിതൻ പറയുകയാണെങ്കിൽ അതിനു് ഈ സ്റ്റേററ് തയ്യാറില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. വിവരങ്ങൾ ശരിയായി അന്വേഷിക്കാതെ അദ്ദേഹം ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ രാജ്യത്തു പ്രാസിക്യൂഷൻ അർഹിക്കുന്നവരായ ആരെങ്കിലുമുണ്ടെങ്കിൽ അതു അഴകപ്പച്ചെട്ടിയാരും, കുമാരസ്വാമിയും, ഇന്നത്തെ മന്ത്രിസഭയും മററുമാണെന്നു അദ്ദേഹം പറയുകയുണ്ടായി. അതിൽ ഒടുവിലത്തെ ഭാഗത്തിനു ഞാൻ മറുപടി പറയുന്നില്ല. മന്ത്രിസഭ പ്രാസിക്യൂഷനു് അർഹിക്കുന്നുണ്ടെങ്കിൽ അതു ചെയ്യുവാൻ എൻെറ യുവസ്നേഹിതനു് തീർച്ചയായും അവകാശമുണ്ട്. ആ സ്വാതന്ത്ര്യം പരിപൂർണ്ണമായി ഞാൻ അദ്ദേഹത്തിനു വിട്ടുകൊടുക്കുന്നു. അഴകപ്പാച്ചെട്ടിയാരെപ്പോലെയുള്ള വൻകിട മുതലാളിമാർ നിയമത്തേയോ, ഗവണ്മെൻറുത്തരവുകളേയോ ലംഘിച്ചിട്ടുണ്ടെങ്കിൽ അവർ ഇതിനകംതന്നെ ശിക്ഷയ്ക്കു് വിധേയമായിട്ടുണ്ട്. കുമാരസ്വാമിയുടെ പേരിൽ ഒരു പ്രാസിക്യൂഷൻ നിലവിലുണ്ട്. കാർത്തികേയാ തിയേററർ ഉടമസ്ഥൻെറ പേരിലും ഇന്നു പ്രാസിക്യൂഷൻ ഉണ്ട്. ൫ പ്രാസിക്യൂഷനുകളാണ് ഇതിനകം ഈ ഗവണ്മെൻറിൽനിന്നും ആരംഭിച്ചിട്ടുള്ളത്. അങ്ങിനെ പ്രാസിക്യൂഷൻ നടപടികളാരംഭിച്ചതിനുശേഷം അവാർഡിലെ വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കയും അതനുസരിച്ച് പ്രവർത്തിക്കുകയും

[Sri. T. K. Narayana Pillai]

ചെയ്തതിന്റെ ഫലമായി രണ്ടു പ്രാസിക്യൂഷനുകൾ പിൻവലിച്ചിട്ടുണ്ടു്. ബാക്കി മൂന്നു പ്രാസിക്യൂഷനുകൾ ഇന്നും നിലവിലിരിപ്പുണ്ടു്.

അഴകപ്പാചെട്ടിയാർ അവിടത്തെ തൊഴിലാളിവർഗ്ഗത്തോടു് കാണിച്ചുവരുന്ന അനീതിയേയും അധർമ്മത്തേയും പററി അദ്ദേഹം പറയുകയുണ്ടായി. ഒരു കാലത്തു കമ്യൂണിസ്ററുകാരുടെ നേതൃത്വം സ്വീകരിച്ചുകൊണ്ടു്, കമ്യൂണിസ്ററുകാരുടെ ആജ്ഞകളെ ശിരസാവഹിച്ചുകൊണ്ടു് പ്രവർത്തിച്ചുവന്നിരുന്ന തൊഴിലാളിസംഘം ഏതോ കാരണവശാൽ ആ നേതൃത്വത്തെ തട്ടിമാററിക്കൊണ്ടു് വേറെ നേതൃത്വം സ്വീകരിച്ചതു് മാനേജുമെൻറിന്റെ കുററംകൊണ്ടല്ലെന്നും വഴിപിഴച്ച നേതൃത്വത്തിന്റെ കുററംകൊണ്ടാണെന്നും എന്റെ യുവസ്നേഹിതനു അറിയാവുന്നതാണു്. അഴകപ്പാചെട്ടിയാർ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടു്, അവിടത്തെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു മതിയായ എല്ലാ സാഹചര്യങ്ങളും സൃഷ്ടിച്ചിട്ടുണ്ടു്, ബോണസ്സും വർദ്ധിപ്പിച്ചിട്ടുണ്ടു്. അതുപോലെതന്നെ സീതാറാം മില്ലിനെ പററിയും അദ്ദേഹം ചിലതു പറയുകയുണ്ടായി. സീതാറാം മില്ലിലെ അവാർഡിലെ വ്യവസ്ഥകൾ മുറപ്രകാരം പരിപാലിക്കുന്നതിനുവേണ്ട എല്ലാ നടപടികളും ഗവമ്മെൻറു എടുത്തു കഴിഞ്ഞിട്ടുണ്ടു്. സമീപകാലത്താണു് ബോണസ് വകയിൽ മാനേജ്മെൻറ് കൊടുക്കാനുണ്ടായിരുന്ന ൨൩,൦൦൦ രൂപ കൊടുക്കേണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഗവമ്മെൻറിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ജയലക്ഷ്മി കമ്പനിക്കാർ അവാർഡിലെ വ്യവസ്ഥകളനുസരിച്ചു് ബോണസ് കൊടുക്കാത്തതുകൊണ്ടു് റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകളനുസരിച്ചു് ആ കുടിശ്ശിക മുഴുവൻ ഈടാക്കി തൊഴിലാളികൾക്കു് വിതരണം ചെയ്യുന്നതിനാവശ്യമായ ആജ്ഞകളും ഗവമ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടു്. ഏതു് ട്രിബ്യൂണലിന്റെ ഏതു് അവാർഡാണു് ഗവമ്മെൻറ് അംഗീകരിക്കാതിരുന്നിട്ടുള്ളതു്, നടപ്പിൽ വരുത്താതിരുന്നിട്ടുള്ളതു് എന്നു് തെളിയിക്കുവാൻ ഞാൻ എന്റെ യുവസ്നേഹിതനെ വെല്ലുവിളിക്കുന്നു. ഏതെങ്കിലും ഒരു ഉദാഹരണം കാണിച്ചുതരാമെങ്കിൽ അതിനുവേണ്ട പരിഹാരമുണ്ടാക്കുവാൻ തീച്ചയായും ഈ ഗവമ്മെൻറ് സന്നദ്ധമാണു്.

ശ്രീ. സി. സി. പ്രസാദ്: ആനമല ടിമ്പർ എസ്റ്റേററിലെ മാനേജ്മെണ്ടു് അവാർഡു് ലംഘിച്ചതിനു് ഗവമ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിവരങ്ങൾ മനസ്സിലാക്കിക്കൊണ്ടു് ചോദ്യം ചോദിച്ചാലേ മറുപടി പറയാൻ സാദ്ധ്യമുള്ളൂ. അവാർഡു് എന്തായിരുന്നു, അവാർഡിലെ വ്യവസ്ഥകൾ എന്തായിരുന്നു, അതിൽ ഏതെല്ലാം വ്യവസ്ഥകളാണു് ലംഘിച്ചതു് എന്നു് എന്റെ സ്നേഹിതൻ വ്യക്തമാക്കുന്ന പക്ഷം അതിനെ സംബന്ധിച്ചു് കർശനമായ നടപടികൾ സ്വീകരിക്കാൻ ഗവമ്മെൻറ് സന്നദ്ധമാണു്. എഴുതി അറിയിക്കണമെന്നു നിർബന്ധമില്ല, വാക്കാൽ പറഞ്ഞാലും മതി.

ശ്രീ. എ. പി. നമ്പ്യാർ: ജയലക്ഷ്മി കമ്പനിയിൽനിന്നും ബോണസ് കൊടുക്കാനുള്ള ആജ്ഞ പുറപ്പെടുവിച്ചതു് എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: റവന്യൂ റിക്കവറി ആക്ടനുസരിച്ചു് നടപടികൾനടത്തി ആ സംഖ്യ ഈടാക്കുവാനാണു് ആജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതു്. അതിന്റെ തിയതി ഇപ്പോൾ ഓമ്മയില്ല.

അധഃകൃതസമുദായോദ്ധാരണത്തിനുവേണ്ടി ഗവമ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ തീരെ അപര്യാപ്തങ്ങളാണെന്നാണു് ശ്രീ. കണ്ണൻ പറഞ്ഞതു്.

ഒന്നു രണ്ടു കാര്യങ്ങളെ ആശ്രയിച്ചുകൊണ്ടാണ് അദ്ദേഹം ആ വാദം ഉന്നയിച്ചത്. ഹരിജൻ ഹോസ്റ്റലുകൾ നിറുത്തിക്കളഞ്ഞു എന്നും കിണറുകളും കുളങ്ങളും കുഴിപ്പിക്കുന്നകാര്യത്തിൽ അമാന്തം കാണിക്കുന്നു എന്നുമാണ് അദ്ദേഹത്തിന്റെ ആക്ഷേപം. ഹരിജൻ ഹോസ്റ്റലുകൾക്ക് മുമ്പ് ഗവമ്മെന്റ് ചിലവാക്കിക്കൊണ്ടിരുന്നത് ഒരുലക്ഷം രൂപ മാത്രമാണ്. എന്നാൽ അധഃകൃതോദ്ധാരണത്തിനു വേണ്ടി പുതുതായി സ്വീകരിച്ചിട്ടുള്ള സമ്പ്രദായം അനുസരിച്ച്, അതായത്, വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സംഖ്യ സഹായധനമായി കൊടുക്കണമെന്നുള്ള പുതിയ പദ്ധതി അനുസരിച്ച് ആ ഇനത്തിലേക്കു മാത്രമായി ഗവമ്മെന്റ് ചിലവാക്കുന്നതു മൂന്നു ലക്ഷം രൂപയാണ്. ൨൦൦൦ വിദ്യാർത്ഥികളാണ് മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലുമായി ഗവമ്മെണ്ടിന്റെ വേതനം പറ്റിക്കൊണ്ട് ഇന്നു പഠിക്കുന്നത്. അതുപോലെ മുന്നൂറോളം വിദ്യാർത്ഥികൾ ഗവമ്മെന്റുവേതനം പറ്റിക്കൊണ്ട് കാളേജുകളിൽ അഭ്യസനം നടത്തുന്നുണ്ട്. ഇങ്ങനെ ആകെ ൨൩൦൦ വിദ്യാർത്ഥികൾക്ക് ഗവമ്മെന്റിൽനിന്നും ഇപ്പോൾ പണം കൊടുത്തുവരുന്നുണ്ട്. എറണാകുളത്തും തിരുവനന്തപുരത്തും ഇന്ന് രണ്ട് ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്. കാളേജ് വിദ്യാർത്ഥികൾക്ക് ൪൫ രൂപ വീതമാണ് വേതനം കൊടുത്തുവരുന്നത്. അത് അവരുടെ മെസ് ചാർജ്ജിനെ മാത്രം ഉദ്ദേശിച്ചാണ്. അവരുടെ വസ്ത്രധാരണത്തിനും പുസ്തകങ്ങൾക്കും ആവശ്യമുള്ള പണം കാളേജുകൾ ആരംഭിക്കുന്ന സമയത്തു അവർക്കു പ്രത്യേകമായി കൊടുത്തുവരുന്നുണ്ട്. ഈവിധമുള്ള നടപടികൾ ഗവമ്മെന്റ് ഏറ്റെടുത്തു നടത്തിവരുന്നതു ഹരിജനസമുദായത്തിൽപ്പെട്ട എല്ലാവർക്കും ഒരുപോലെ ശരിയായ വിദ്യാഭ്യാസ സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നുള്ള ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടിയാണ്. കിണറിന്റേയും, കുളത്തിന്റേയും കാര്യം പറയുകയാണെങ്കിൽ അതെല്ലാം ചെയ്തുതീർത്തുകഴിഞ്ഞു എന്ന് ഞാൻ വാദിക്കുന്നില്ല. ഇനി പലതും ചെയ്യേണ്ടതായിട്ടുണ്ട്. ഡിപാർട്ടുമെന്റിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഒരു പക്ഷെ ചില ക്രമക്കേടുകൾ കാണിച്ചിരിക്കാം. ആ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്നപക്ഷം അവയെ പരിഹരിക്കുന്നതിനു ഗവമ്മെന്റ് സന്നദ്ധമാണ്. നിവൃത്തിയുള്ള സ്ഥലങ്ങളിലെല്ലാം കുഴൽകിണറുകൾ സ്ഥാപിക്കണമെന്ന് ഗവമ്മെണ്ട ഉദ്ദേശിക്കുന്നുണ്ട്. അതിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ഗവമ്മെന്റ് ശേഖരിച്ചു വരികയാണ്.

ട്രേഡ്യൂണിയനുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതു വളരെ അനാശാസ്യമായ ഒരു നടപടിയാണെന്നു എന്റെ സ്നേഹിതൻ ശ്രീ. ജോസ് പറയുകയുണ്ടായി. കാരണം കൂടാതെ റജിസ്ട്രേഷൻ റദ്ദ്ചെയ്യുന്നതു അനാശാസ്യമാണെന്ന് ഞാനും സമ്മതിക്കുന്നു. ട്രേഡ്യൂണിയനുകളായാലും നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കേണ്ടതു് ആവശ്യമാണെന്ന് എന്റെ സ്നേഹിതനും സമ്മതിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ട്രേഡ്യൂണിയനുകൾ കണക്കുകൾ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. വിവരങ്ങൾ അധികാരികളെ അറിയിക്കേണ്ടതായിട്ടുണ്ട്, അധികാരികളിൽനിന്നു സർട്ടിഫിക്കറ്റുകൾ വാങ്ങേണ്ടതായിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകളെ അനുസ്യൂതമായി ഏതെങ്കിലും ട്രേഡ്യൂണിയനുകൾ ലംഘിക്കുന്നപക്ഷം അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതു നിയമപരിപാലനത്തിനുതന്നെ ആവശ്യമായിട്ടുള്ളതല്ലേ എന്ന് ഞാൻ എന്റെ സ്നേഹിതനോട് ചോദിക്കുന്നു. ന്യായമായ ട്രെയിഡ് യൂണിയൻപ്രവർത്തനങ്ങളെ ഒരുകാലത്തും ഗവമ്മെന്റ് നിരുത്സാഹപ്പെടുത്തുകയില്ല. അക്രമത്തിൽ വിശ്വസിച്ച് അക്രമത്തിനു ആളുകളെ പ്രേരിപ്പി

[Sri. T. K. Narayana Pillai]

ച്ച് അക്രമപ്രസക്തമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചില ട്രേഡ് യൂണിയനുകളുടെ ആദർശമെങ്കിൽ ആ ട്രേഡ്‌യൂണിയനുകളെ നിരുത്സാഹപ്പെടുത്തുക മാത്രമല്ല അവയെ നിയമം മൂലം നിർമ്മാർജ്ജനം ചെയ്യണമെന്നുകൂടിയാണ് ഈ ഗവണ്മെൻറിൻെറനയം. ഇടപ്പള്ളി സംഭവങ്ങൾ, ശൂരനാട്ട സംഭവങ്ങൾ പോലെയുള്ള അക്രമപ്രവർത്തികൾ ഇനി മേലിലെങ്കിലും ഈ നാട്ടിൽ ആവർത്തിക്കാതിരിക്കത്തക്കവണ്ണം സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതു് ഈ ഗവണ്മെൻറിൻെറ മാത്രമല്ല നിയമസമാധാനപരിപാലനത്തിൽ വിശ്വസിക്കുന്ന എല്ലാ ഗവണ്മെൻറുകളുടെയും കർത്തവ്യമാണ്.

Sri. N. D. Jose. Which trade unions were responsible for the Edapalli and Alwaye incidents ?

<u>ശ്രീ. ടി. കെ. നാരായണപിള്ള.</u> കമ്മ്യൂണിസ്റ്റ് ആദർശത്തിൽ വിശ്വസിച്ച് കമ്മ്യൂണിസ്റ്റ് കാര്യപരിപാടി നടപ്പിൽ വരുത്തുന്നതിനു പ്രവർത്തിക്കുന്ന ട്രെയിഡ് യൂണിയനുകൾ ഈ രാജ്യത്തുണ്ടായിരുന്നു. 'ധീരദേശാഭിമാനികളായ" ഏതാനും യുവാക്കന്മാർ ഇടപ്പള്ളി സ്റ്റേഷനെ ആക്രമിച്ച് സ്റ്റേഷനിൽ ഉണ്ടായിരുന്നവരുടെ കഴുത്തുവെട്ടി അവരുടെ ചോര കുടിക്കുന്നതിനുപോലും മടിച്ചിരുന്നില്ല. ഈ വിധത്തിലുള്ള പ്രവർത്തികളേയും അങ്ങിനെയുള്ള ട്രെയിഡ് യൂണിയനുകളേയും നിയമം മൂലം നാട്ടിൽനിന്നു നിർമ്മാർജ്ജനം ചെയ്യുന്നതാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീമാൻ ജോസ് അവർകൾ ഫോഴ്സഡ് അഡ്ജൂഡിക്കേഷൻ പാടില്ലെന്നു പറയുകയുണ്ടായി. ഫോഴ്സ്ഡ് അഡ്ജൂഡിക്കേഷൻ രണ്ടെണ്ണത്തിൽ അധികമില്ല. അതു എല്ലാ കക്ഷികളുടേയും സമ്മതി അനുസരിച്ചാണ്. ഇംഗ്ലണ്ടിലും കമ്പൽസറി അഡ്ജൂഡിക്കേഷൻ ഉണ്ടായിട്ടുണ്ട്. അവിടെ നാഷണൽ ആർബിട്രേഷൻ സ്ഥാപിച്ച് എല്ലാ അവസ്ഥകളിലും ആവശ്യമുള്ളപക്ഷം കമ്പൽസറി അഡ്ജൂഡിക്കേഷനു വയ്ക്കാനുള്ള വ്യവസ്ഥയുണ്ട്.

ശ്രീ. ഗംഗാധരൻനായർ അവർകൾ പ്രൈവറ്റ് ഫാക്ടറിയെപ്പററി പറയുകയുണ്ടായി. അതു് ഫാക്ടറി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനമാണ്. കൊല്ലത്തു് ഏതാനും മുതലാളികൾ ഉണ്ടെന്നും അവർ സ്വന്തം പണം ചെലവുചെയ്തു് യൂണിയനുണ്ടാക്കി തൊഴിലാളികളെ തോല്പിക്കുവാൻ ശ്രമിച്ചുവരുന്നു എന്നും അദ്ദേഹം പറഞ്ഞു. അതിൻെറ വസ്തുതകൾ അറിയുന്നതിനോ, യഥാർത്ഥവിവരങ്ങൾ അറിയുന്നതിനോ എനിക്കു സാധിച്ചിട്ടില്ല. തീർച്ചയായും അങ്ങനെയുള്ള സംരംഭങ്ങൾ നിയമവിരുദ്ധവും അതു തടയേണ്ടതും ആണ്.

പിന്നെ എ. ഡി. കാട്ടൻമില്ലിലെ കാര്യം ഇവിടെ പറയുകയുണ്ടായി. എ. ഡി. കാട്ടൺ മില്ലിൽ ഇരുകക്ഷികളുടെയും ആവശ്യം അനുസരിച്ച് ഒരു അവാർഡ് ഉണ്ടായി. ആ അവാർഡിൽ ഒരു വ്യവസ്ഥയെപ്പററിയുള്ള വ്യാഖ്യാനത്തിൽ അവർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ആ വ്യവസ്ഥ ഒരു വിധത്തിലാണെന്നു് മാനേജ്മെൻറും വേറെ ഒരു വിധത്തിലാണെന്നു് തൊഴിലാളികളും വാദിക്കുന്നു. അതിനെ സംബന്ധിച്ച് രണ്ടുകൂട്ടരും അപ്പീൽ കൊടുത്തിട്ടുണ്ട്. അതിൻെറ വ്യാഖ്യാനം എന്താണെന്നു് അപ്പലേററ ട്രിബ്യൂണലിൻെറ തീരുമാനം ഉണ്ടാകുന്നതുവരെ ഗവണ്മെണ്ടിനു് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. സമീപകാലത്തു് ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ യൂണിയൻേറയും, മാനേജ്മെൻറിൻേറയും ഒരു കോൺഫറൻസു് വിളിച്ചുകൂട്ടുന്നുണ്ട്. അതിൽവെച്ച് അവിടത്തെ തർക്കത്തെപ്പററിയും ലാക്കൌട്ടിനെപ്പററിയും ഒരു തീരുമാനം ചെയ്യുന്നതാണ്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അവാർഡിനെ സംബന്ധിച്ച് അപ്പീൽ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആ നിലയ്ക്കു ലോക്കൗട്ട് ചെയ്യുന്നതും, സ്ട്രൈക്ക ചെയ്യുന്നതും നിയമവിരുദ്ധമാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ട്രൈക്കിനെ തുടർന്നാണ് ലോക്കൗട്ട ഉണ്ടായതെന്നാണ് അറിയുന്നതു്.

ശ്രീ. വി. ഗംഗാധരൻനായർ: നാലുപേർ മില്ലിൽ വന്നു് ജോലി വേണ്ടെന്നു വെച്ചുപോയതുകൊണ്ടു് മില്ലുകാർ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. അതാണ് വാസ്തവമെന്നു് പറഞ്ഞാൽ വിശ്വസിക്കാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ജോലി വിട്ടുപോകുന്നതും സ്ട്രൈക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: കഴിഞ്ഞ വർഷം ആകപ്പാടെ എത്ര ജോലിക്കാർ അവിടെ ജോലിനടത്തിയിട്ടുണ്ടെന്നു് ഗവർമ്മെൻറിനു് അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞകൊല്ലത്തിലും അതിനു മുമ്പിലത്തെ കൊല്ലത്തിലും ശരിയായ പ്രവർത്തനങ്ങൾ അവിടെ നടത്തിയിരുന്നില്ലെന്നു് ഗവർമ്മെൻറിനറിയാം. അതിലേയ്ക്കു കൂടിയാലോചനനടത്തി ആ മിൽ ശരിക്കു നടത്താമോ എന്നു് നോക്കുന്നതിനു് ഗവർമ്മെൻറ പരിശ്രമിച്ചുവരികയാണ്.

ഇനി സിറാമിക്ക് ഫാക്ടറിയിലെ റിട്രഞ്ച്മെൻറിനെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. സിറാമിക്ക് ഫാക്ടറിയിലെ റിട്രഞ്ച്മെൻറ് എന്നു പറഞ്ഞാൽ വേറെ തൊഴിലില്ലാത്തവിധം അവരെ പറഞ്ഞയയ്ക്കുവാനല്ല ഗവർമ്മെൻറ് നിശ്ചയിച്ചിട്ടുള്ളതു്. അവിടത്തെ വികസനപദ്ധതി ഒരു കൊല്ലത്തിനകം പൂർത്തിയാക്കാമെന്നാണ് ഗവർമ്മെൻറ് പ്രതീക്ഷിക്കുന്നതു്. അങ്ങനെ വികസനം പൂർത്തിയാകുന്നതോടുകൂടി അവിടെനിന്നു ഇപ്പോൾ റിട്രഞ്ച് ചെയ്യേണ്ടതായ ൨൯൭ പേരെയും തിരിയെ ജോലിക്കെടുക്കുന്നതിനു് സാധിക്കുന്നതാണ്. ഇടക്കാലത്തേയ്ക്കു് റിട്രഞ്ച് ചെയ്യുന്നവർക്കു് ആൾട്ടർനേററീവ് എംപ്ലോയിമെൻറ് കൊടുക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആൾട്ടർനേററീവ് എംപ്ലോയിമെൻറ പോരാ ആ ഫാക്ടറിയിൽതന്നെ ജോലിവേണമെന്നു് പറഞ്ഞതുകൊണ്ടാണ് അവിടെ റിട്രഞ്ച്മെൻറ നടത്തുവാൻ ഗവർമ്മെൻറ് നിർബന്ധിതരായിട്ടുള്ളതു്.

ഫെയർവേജസിനെപ്പററിയുള്ള തൊഴിൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്താമെന്നും ഫെയർവേജ്സ് ക്ലാസ്സ് കാൺട്രാക്ടിൽ ചേർക്കാമെന്നും മുൻമന്ത്രി വാക്കുപറഞ്ഞിട്ടുണ്ടെങ്കിൽ ആ വാക്കിനെ അക്ഷരംപ്രതി ഈ ഗവർമ്മെൻറ് പാലിക്കുന്നതാണ്. ആലപ്പുഴയെ സംബന്ധിച്ചു അതു് ഉഭയകക്ഷികളും സമ്മതിച്ചുകഴിഞ്ഞു. തൃശ്ശൂരും സമ്മതിച്ചിട്ടുണ്ടെന്നാണ് എനിക്കു് അറിയുവാൻ കഴിഞ്ഞിട്ടുള്ളതു്. ഏതായാലും ഫെയർവേജസ് ക്ലാസ്സ കാൺട്രാക്ടിൽ ചേർക്കാമെന്നു് മുൻമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ അതു നടപ്പിൽ വരുത്തുകയും ചെയ്യും. ഇതാണ് എനിക്കു സമാധാനമായി പറയുവാനുള്ളതു്.

The cut motions moved by Sri. A. K. Patchu Pillai, Sri. Ponnara G. Sreedhar, Sri. E. Gopalakrishna Menon, Sri. K. K. Kannan and Sri. N. Daniel Jose were put and lost.

The question that Government be granted a sum of Rs. 18,98,200 under Demand No. XXVI—Labour and Miscellaneous—was put and carried.

The grant was made.

Demand XXXII—Extraordinary Charges

Minister for Law, Finance and Revenue **(Sri. A. J. John):** Sir, I move for a grant of Rs. 1,58,30,800 under Demand XXXII—Extraordinary Charges.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

Sri. Paul Thaliath: I may be permitted to speak on the second motion, also, while I speak on the first motion.

Mr. Speaker: Yes; but the time allowed is only ten minutes.

Sri. Paul Thaliath: Yes, Sir.

I move: To reduce the allotment of Rs. 43,000 for Pay of Officers by Re. 1.

സർ, ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു് ചില സംഗതികൾ ഗവമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ധനകാര്യമന്ത്രി പല അവസരത്തിലും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു് ഭക്ഷ്യധാന്യങ്ങൾ അന്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്നതുമൂലം ഒരു വലിയ നഷ്ടം സഹിക്കേണ്ടിവരുന്നുവെന്നും അതു തുടർന്നുപോകുന്നപക്ഷം ഈ ഗവമെണ്ടിന്റെ സാധാരണ കാര്യങ്ങൾ, സാധാരണ ജനങ്ങൾക്കു ഉപകാരപ്രദമായ മററു കാര്യങ്ങൾ, നടത്തുന്നതിനു പ്രയാസംവരുമെന്നും. ഈ സ്ഥിതിഗതികൾവച്ചു നോക്കിയാൽ ഭക്ഷ്യധാന്യങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കണമെന്നുള്ളതു് ഏററവും ആവശ്യമാണു്. ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനു് പല സ്കീമുകളും ഈ ഗവമെണ്ടിനുണ്ടു്. അതുസംബന്ധമായ ഗവമെണ്ടിന്റെ ദീർഘകാലപദ്ധതികൾ പ്രവർത്തനത്തിൽവരുത്തി അതിന്റെ ഫലം കിട്ടുന്നതുവരെ ഈ കാര്യത്തിനു കാത്തിരിക്കുന്നതു് ശരിയാണോ എന്നു എനിക്കു സംശയമുണ്ടു്. അതിനു വേറെ ഒരു പോംവഴി ഗവമെണ്ടിനുള്ളതു് കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായി കൊടുക്കുക എന്നുള്ളതാണു്. അതനുസരിച്ചു് വനങ്ങളിൽനിന്നു് ധാരാളം സ്ഥലം കൃഷി ആവശ്യത്തിനു് കൊടുത്തുപോരുന്നുണ്ടെന്നു് എനിക്കറിയാം. പക്ഷെ അങ്ങനെ കൊടുക്കുന്നതുകൊണ്ടും നമ്മുടെ ഈ പ്രശ്നത്തിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഗവമെണ്ടിന്റെ പ്രവർത്തനഫലമായി ഏതാണ്ടു് ൫൦,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമെ കൂടുതൽ ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ളു എന്നു് ഗവമെണ്ടിൽനിന്നു പല അവസരത്തിലും പറഞ്ഞുകേട്ടിട്ടുണ്ടു്. നമുക്കു് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളിൽ ഇവിടെ ഉണ്ടാകുന്നതുകഴിച്ചു ബാക്കി പോരാതെവരുന്നതു് ഏകദേശം മൂന്നര ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളാണു്. രണ്ടു മൂന്നു കൊല്ലത്തെ ശ്രമംകൊണ്ടു് ൫൦,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമെ കൂടുതൽ ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ളു എങ്കിൽ എത്ര കൊല്ലംകൊണ്ടാണു് നമുക്കു് ഈ പോരായ്ക നികത്തുവാൻ സാധിക്കുക എന്നുള്ളതു് കാര്യമായി നാം ആലോചിക്കണം. ഗവമെണ്ടിൽനിന്നു് കൂടുതൽ സ്ഥലം കൃഷിക്കുവേണ്ടി കൊടുക്കുന്നുവെന്നു പറഞ്ഞു. അതു കൊടുക്കുന്നതുകൊണ്ടു് നാം വിചാരിക്കുന്ന തരത്തിലുള്ള ഗുണം കിട്ടുന്നുണ്ടോ എന്നു പ്രത്യേകം നോക്കണം. ദേവികുളത്തും പീരുമേട്ടിലും കൃഷിയുടെ ആവശ്യത്തിനു സ്ഥലം കൊടുക്കുന്നതിനെ സംബന്ധിച്ചു് ഈ നിയമസഭയിൽതന്നെ പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. അതുസംബന്ധിച്ചു് നാം പല പരാതികളും കേട്ടുകൊണ്ടിരിക്കുകയാണു്. അതിനെപ്പററി പല ആക്ഷേപങ്ങളും ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മെമ്പർമാർതന്നെ കൊണ്ടുവന്നിട്ടുണ്ടു്. ഇങ്ങനെ സ്ഥലം പതിച്ചുകൊടുത്തിട്ടും അതുകൊണ്ടു് നാം വിചാരിച്ച ഗുണമൊന്നും ഉണ്ടായിട്ടില്ല. ഇതുകൊണ്ടു് ചില വ്യക്തികൾക്കു് കുറെ കൂടുതൽ സ്ഥലം കൈവശംവെയ്ക്കാമെന്ന ഗുണം ഉണ്ടാകാമെന്നല്ലാതെ വലിയ പ്രയോജനമില്ല. അതുകൊണ്ടു് ഗവമെണ്ടിനു് അവസാനമായി ഭക്ഷ്യോല്പ

ദനം വർദ്ധിപ്പിക്കുവാൻ ചെയ്യാവുന്നതു് കട്ടംകൃഷി നടപ്പിൽ വരുത്തുകയെന്നതാണു്. ഇക്കാര്യത്തിൽ ഗവൺമെന്റ് കാര്യമായി ശ്രദ്ധിച്ചിട്ടുണ്ടോയെന്നു സംശയമാണു്. ഫുഡ്പ്രൊഡക്ഷൻബോർഡു് ചെയർമാൻ ഓടിനടന്നു ചിലതെല്ലാം ഈ കാര്യത്തിൽ ചെയ്യുന്നുണ്ടെന്നു ഗവൺമെന്റ് പറയുമായിരിക്കാം. അതുകൊണ്ടൊന്നും കാര്യമായില്ല. കട്ടംകൃഷിയെപ്പററി ഫുഡ്പ്രൊഡക്ഷൻബോർഡു് ചെയർമാനു് വേണ്ടത്ര പരിജ്ഞാനം ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ സർക്കീട്ടുകൊണ്ടു് അദ്ദേഹത്തിനു ഗുണം ഉണ്ടെന്നല്ലാതെ പറയത്തക്ക പ്രയോജനം ഒന്നും ഉല്പാദനകാര്യത്തിൽ ഉണ്ടാകാൻ പോകുന്നില്ല. അതിനാൽ ഗവൺമെന്റിനോടു് എനിക്കു പറയുവാനുള്ളതു് കട്ടംകൃഷിയെപ്പററി നല്ല പരിചയവും പരിജ്ഞാനവുമുള്ള ഒരാളെ പുറത്തുനിന്നു വരുത്തിയാലും വേണ്ടുകില്ല, ശരിയായ നിലയിൽ ഇവിടെ കട്ടംകൃഷി നടപ്പിൽ വരുത്തുവാനാണു് ശ്രമിക്കേണ്ടതെന്നാണു്. കട്ടംകൃഷിക്കു ഏററവും ആവശ്യമായിട്ടുള്ളതു് നല്ലതരം വിത്തും ആവശ്യമുള്ളിടത്തോളം വളവുമാണു്. ഇവ രണ്ടും ഇപ്പോൾ ഗവൺമെന്റ് കുറെയെല്ലാം നൽകിവരുന്നുണ്ടെങ്കിലും അവയുടെ വിതരണം ഒട്ടും ആശാസ്യമായിട്ടല്ല നടക്കുന്നതു്. നല്ലതരം വിത്തുകൾ ആവശ്യത്തിനു മതിയാകുംവണ്ണം എല്ലാ വില്ലേജുകളിലും സൗകര്യംപോലെ കിട്ടാൻ ഏർപ്പാടു ചെയ്യണം. അതുപോലെ എല്ലാ വില്ലേജിലും വളം ഡിപ്പോ തുറന്നു ആവശ്യമുള്ളവർക്കെല്ലാം വളം കിട്ടത്തക്കവിധം വ്യവസ്ഥയും ചെയ്യണം. ഇപ്പോൾ കൊടുക്കുന്ന വളംതന്നെ വില്ലേജാപ്പീസറന്മാരുടെ സർട്ടിഫിക്കററുള്ളവർക്കുമാത്രമെ ലഭിക്കുന്നുള്ളു. നെല്ലുവിററാൽ അതിലേക്കു ഗവൺമെന്റിൽനിന്നും ഒരു രസീതു കൊടുക്കുമല്ലോ. ആ രസീതു കാണിച്ചാൽ വളം കിട്ടുന്നതിനു ഏർപ്പാടുചെയ്താൽ ജനങ്ങൾക്കു് കൂടുതൽ സൗകര്യമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള : നെല്ലു് വില്ക്കുന്നതു പലപ്പോഴും ജന്മിമാരും നിലമുടമസ്ഥന്മാരും ആയിരിക്കുമല്ലോ. ആ നിലയ്ക്കു് യഥാർത്ഥ കർഷകർക്കു് വളം എങ്ങനെ കിട്ടും ?

ശ്രീ. ഫോറം തളിയത്തു് : അതു ഗവൺമെന്റ് നോക്കേണ്ട കാര്യമാണു്. യഥാർത്ഥകർഷകനെ നോക്കിക്കൊടുത്താൽമതി. പക്ഷെ വില്ലേജുദ്യോഗസ്ഥന്റെ സർട്ടിഫിക്കററിന്റെ കാര്യത്തിലും എന്റെ മാന്യസ്നേഹിതൻ ചൂണ്ടിക്കാണിച്ച ന്യൂനത ഉണ്ടാകാവുന്നതാണു്. രണ്ടാമത്തു്, വസ്ത്രത്തെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. മല്ലാകട്ടെ, ജഗന്നാഥനാകട്ടെ, ഒരു മുഴംപോലും മാർക്കററിൽ കിട്ടുന്നില്ല. വളരെ താമസിയാതെ കൂടുതൽ ചരക്കുകൾ ഇവിടെ വരുമെന്നും അപ്പോൾ എല്ലാം ശരിപ്പെടുമെന്നും ഗവൺമെന്റ് പറഞ്ഞതുകൊണ്ടു ഫലമൊന്നും ഇല്ല. ഇവിടെ ഇപ്പോൾ ഉള്ള വസ്ത്രം ശരിയായി എല്ലാവർക്കും കിട്ടത്തക്കവിധത്തിൽ വിതരണം ചെയ്യുകയാണു പ്രധാനമായി വേണ്ടതു്. മുൻപു് തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻകാർഡനുസരിച്ചു വിതരണം ചെയ്തിരുന്ന സിസ്റ്റമായിരുന്നു ഉണ്ടായിരുന്നതു്. അതേസിസ്റ്റം ഉടനെ നടപ്പിൽവരുത്തുവാൻ ഗവൺമെന്റ് ശ്രമിക്കേണ്ടതാണു്.

മററു കൺട്രോൾ സാധനങ്ങളിൽ പ്രാധാന്യമർഹിക്കുന്നതു് ഇരുമ്പും, ഉരുക്കും സാമാനങ്ങളാണു്. ഇവയുടെ വിതരണത്തെപ്പററിയും വലിയ ആക്ഷേപങ്ങളുണ്ടു്. അതിലേക്കുള്ള അപേക്ഷകളെല്ലാം ഇവിടെവന്നുകിടക്കുകയല്ലാതെ ന്യായമായ വിധത്തിൽ വിതരണം നടത്തുന്നില്ല. കൺട്രോളർ ആപ്പീസിലെ ചില ക്ലാർക്കന്മാർ വിചാരിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുന്നുള്ളു

[Sri. Paul Thaliath]

എന്ന പരാതിയുണ്ട്. ആവശ്യവും പ്രയാറിററിയും പരിഗണിച്ചു ഈ സാധനങ്ങൾ ന്യായമായി വിതരണം ചെയ്യുവാൻ വേണ്ട ഏർപ്പാട് ഉടൻ ചെയ്യേണ്ടതാണ്.

Sri. A. Thanu Pillai: Sir, Control comes in when there is scarcity of articles. Here the articles controlled have to come partly from inside the State and probably to a much larger extent from outside. So we have to be careful about more than one aspect of the whole matter, namely of imports, distribution and procurement of what is available within the State. Of course the question of procurement comes in relation to food and in a way in relation to yarn and clothing. Yarn and clothing are met partly from the State. Then there are other articles as was referred to by Mr. Paul Thaliath such as iron and steel and articles of that kind which have to be imported from outside. The one thing that strikes anybody who looks into the problem is that this department has failed, very badly failed I should say, in respect of that aspect of the problem. In regard to production with respect to food, as was pointed out by Mr. Thaliath, a lot of money is being spent; a lot is talked about production, but then the net result is practically nil. There is a Food Production Board about which much criticism has already been advanced here, not only this time but in previous years also. We find, in spite of all this, Government say about cultivation on the hills, intensive cultivation, distribution of manure at cheap rates and so on. In spite of all that increase of production is very very little. No figures are available. At times Government would say, a good lot is produced. I think the latest figure is somewhere about 50 thousand tons of "food material" not exactly food grains. That is very very little considering the shortage here.

Then with regard to import, we have heard a good deal about that from outside. Import of yarn is also too little. But distribution is more faulty. In respect of clothing also there is inadequacy. Distribution is also very faulty. In regard to other materials also the same observation can well be made. Yesterday we were told in answer to a question that there has been considerable complaint with regard to import of cloth. Cloth permit was given to a few importers in Cochin far in excess of the normal requirements in that area. Considering the total imports into this State, the quantity allowed to be imported here is comparatively small. Now, Sir, I should insist on this aspect. In the first place we should try to get as much as possible. I am sure the Government is at fault. They say they have been writing to the Government of India. But what can people here do? They cannot approach the Government of India for everything. If anything has to be got done in respect of imports, it is through the local Government. Government cannot say; "We approached the Government of India. But they do not listen." Is that an answer, I ask. It has become very very difficult to get even a yard of cloth. What are we to do in that circumstance? I should think, Government should be more vigilant. They should act in time. They should know beforehand what will be the position at a particular time, a month hence or two months hence. It may be in respect of food, yarn or clothing materials or even iron materials. When we are faced with acute shortage, there is no use saying, "we addressed the Government of India, but no satisfactory answer." All that I would say is, Government should act in time. I doubt very much whether they do so. They must see beforehand a few months in advance what the position would be. I am afraid that they have not been doing. In regard to imports, I have to submit one thing. Government should be very equitable and fair in dealing with people. I ask, why should all our cloth go to Cochin. That has been said here many a time. Some importer in Cochin alone has been favoured unduly. Why, I ask. Why is that particular importer favoured? Is it in the interests of the State, or is it because of

private interests that this Government acts in that way? Yesterday the Minister gave us the answer to the effect that there is some complaint and that it is being looked into. I ask, why did the Ministry give room for that kind of complaint. Is it enough to say, "yes, there has come a complaint about it." Is it because the Minister who was in charge of the matter on the previous occasion has left the Ministry this kind of answer is given? I again ask, is it for the new Ministry to say, "yes ; there is a complaint and we are looking into it." My pointed question is, why did the former Ministry allow that? These are very vital questions to be properly answered. We are faced with an acute shortage. All maximum fairness must be shown by any Government acting under such conditions. Then only a Government can function satisfactorily in the face of difficulty. Complete fairness itself will go a great way in satisfying the people. When one Lonappan at Cochin is allowed to import half the quantity allotted for the State, when half a dozen other importers together from Cape Comorin to Ernakulam are allowed to import the other half or even less in the face of shortage, when we cannot get a yard of cloth, I ask the Government, how can the people be satisfied? Suppose this Government are in a position to say "We have done everything in the best manner possible. We have tried to distribute on an equitable basis. Yet, the situation has come to this. We are helpless. We have approached the Government of India but we have not been favoured with a satisfactory reply". And then the people will listen and sympathise with the Government. On the other hand, what have we here ? Unfairness, inequity, injustice, I would even say, corruption. For when a Government acts unfairly, there must be corruption behind. A good father should be equally favourable to all his children. When unfairness is seen in the working of the Government, there must be some corruption. Why go in for all this trouble ?

In regard to iron goods also there is complaint. I have personal experience in this matter. I applied for some iron material and I was told that I could get it at Quilon. What I wanted was a small piece, not even of the weight of a hundredweight. But if I want that I should go to Quilon. Why is that ? Why not distribute what is available in all the centres, so that it may be available to everyone who wants ? A person might want some iron material, it may be a small thing that he wants, but even then he must go to Quilon for it. At times people have to go to Ernakulam even. All these are troublesome to the consumers. Government have to keep in mind all these things when they distribute these things among the different centres. All this is the cause of great discontent and harrassment.

We may say generally that this department is not working properly. I find from the budget, that there is a Civil Supplies Commissioner and that he is in charge of food, cloth, iron materials and other things. He is assisted by a number of subordinate officials. Altogether the salary and establishment charges come to about Rs. 15 lakhs. In a small state like this, if the control agency is to cost so much, there must be a corresponding benefit to the State. But that benefit is not forthcoming. Therefore the whole agency has to be condemned out-right, the ultimate responsibi'ity being on the Government.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഖണ്ഡനോപക്ഷേപം ഇതാണ്.

To reduce the allotment of Rs. 9,58,400 for Rationing and Procurement by Re. 1.

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസ്താവനയിൽ, ഈ രാജ്യത്തേക്ക് ആവശ്യമായിട്ടുള്ള ഭക്ഷണധാന്യങ്ങൾ ഇറക്കുമതി ചെയ്യുകയും അവ

[Sri. K. K. Kannan]

ഇന്നത്തെ റെയിററ് അനുസരിച്ച് വില്പന നടത്തുകയുമാണെങ്കിൽ സ്റ്റേയിററിന് ൫ കോടി രൂപയുടെ നഷ്ടം ൧൯൫൧-ൽ സഹിക്കേണ്ടിവരുമെന്നു പറയുകയുണ്ടായി. ഈ നഷ്ടത്തിൽ ഒന്നരകോടി രൂപ ഇൻഡ്യാ ഗവമ്മെൻറ് സബ്സിഡിയായി കൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായും ഇവിടെ പ്രസ്താവിച്ചു. ഭക്ഷണപ്രശ്നത്തെപ്പററി രാജപ്രമുഖൻ തിരുമനസ്സിലെ പ്രസ്താവനയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്ന് വിചാരിക്കുന്നു. ഈ നാട്ടിലെ ഭക്ഷ്യനില ഗുരുതരമായ വിധത്തിൽ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും ഭക്ഷണസാധനങ്ങളുടെ കുറവു പരിഹരിക്കുന്നതിനുവേണ്ടി കഴിവുള്ളതെല്ലാം ഈ ഗവമ്മെൻറ് പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാലും അതിൻെറ ഫലം കമ്മിയാണെങ്കിൽ അതു് അനിവാര്യമാണെന്നും മററും ആ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. ഈ നാട്ടിൽ വർദ്ധിച്ചുവരുന്ന ഭക്ഷണക്ഷാമത്തെ പരിഹരിക്കാനായി ഗവമ്മെൻറ് എന്തെല്ലാം പദ്ധതികളും എന്തെല്ലാം പരിപാടികളും എടുത്താലും അതുകൊണ്ടു് പ്രയോജനമില്ലെങ്കിൽ അതു് അനിവാര്യമാണെന്ന് പറഞ്ഞു സമാധാനിക്കുന്നതു് ഈ ഗവമ്മെൻറിൻെറ ഒരു പ്രഖ്യാപിതനയമായിട്ടാണ് കരുതേണ്ടതു്. എന്തെല്ലാം ദുരിതങ്ങളും കഷ്ടപ്പാടുകളും ജനങ്ങൾ അനുഭവിക്കേണ്ടിവന്നാലും അവയെല്ലാം അനിവാര്യമാണെന്നു പറയുന്ന ഒരു നയമാണ് ഗവമ്മെൻറിനുള്ളതെങ്കിൽ ആ ഗവമ്മെൻറ് ഇവിടെ ആവശ്യമുണ്ടോ എന്നുകൂടി ചിന്തിക്കേണ്ടതായിട്ടുണ്ട്. സർ, അനിവാര്യമാണ് എന്നു പറയാനുള്ള ഉത്തരവാദിത്വമേ അവക്കുള്ളുവെങ്കിൽ അതു വെറും നിസ്സാരമായ ഒരു കാര്യത്തെ സംബന്ധിച്ചല്ല. ഏററവും ഗുരുതരമായ ഒരു പ്രശ്നമാണ് ആഹാരകാര്യം. ആ കാര്യത്തിന് ഗവമ്മെൻറിന് വാസ്തവത്തിൽ കാര്യമായ ഒരു പദ്ധതിയില്ലെങ്കിൽ ഈ ഗവമ്മെൻറ് എന്തിന് നിലനില്ക്കുന്നു? ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു വാസ്തവമാണെങ്കിൽ ഒന്നരക്കോടി രൂപ ഇൻഡ്യാ ഗവമ്മെൻറ് കൊടുക്കുന്നതും കഴിച്ച് മൂന്നരക്കോടി രൂപയുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ന്യായമായ എന്തു് മാർഗ്ഗമാണ് ചൂണ്ടിക്കാണിക്കുന്നതു്? ഒന്നുംതന്നെയില്ല. പിന്നയൊ, ഈ നഷ്ടം പരിഹരിക്കുന്നതിനു ആഹാരസാധനങ്ങളുടെ വിലകൂട്ടണമെന്നു ഇൻഡ്യ ഗവമ്മെൻറ് നിർദ്ദേശിച്ചിരിക്കുന്നു എന്നും അതനുസരിച്ച് ഈ ഗവമ്മെൻറ് അരിയുടെ വില കൂട്ടാൻ പോകുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. അതായതു് ഒരു മന്നിനു ൧൭½ രൂപ വിലയുള്ള അരി മന്നിന് ൨൦ രൂപയായി വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ് പറഞ്ഞതു്. അദ്ദേഹത്തിൻെറ പ്രസംഗം മുൻപിൽ വച്ചുകൊണ്ടുതന്നെയാണ് ഞാൻ സംസാരിക്കുന്നതു്. ഗവമ്മെൻറ് ഈ വിധത്തിൽ വില വർദ്ധിപ്പിക്കാൻ തുടങ്ങുകയാണെങ്കിൽ ഇവിടത്തെ സാധാരണക്കാരുടെ അവസ്ഥ എന്തായിരിക്കുമെന്ന് ഒന്നു ചിന്തിച്ചുനോക്കേണ്ടതാണ്. ഇന്നത്തെ നിലയിൽത്തന്നെ റേഷൻ വാങ്ങിക്കാൻ ആളുകൾ പണമില്ലാതെ വിഷമിക്കുന്നു. നാട്ടിൽ തൊഴിലില്ല, ഉള്ള തൊഴിലിനു ശരിയായ കൂലിയുമില്ല. തൻനിമിത്തം രാജ്യം ദൈനംദിനം പട്ടിണിയിലേക്കും ക്ഷാമത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ അരിയുടെ വിലകൂടി കൂട്ടുകയാണെങ്കിൽ അതെത്ര ഭയങ്കരമായ അനീതിയായിരിക്കും, ചിന്തിച്ചുനോക്കുക. അരിയുടെ വില കൂട്ടുകയാണെങ്കിൽ ഇന്നത്തെക്കാൾ വളരെ ഗുരുതരമായ ഒരു അവസ്ഥയെ ഗവമ്മെൻറിന് അഭിമുഖീകരിക്കേണ്ടതായിവരുമെന്നു മുന്നറിയിപ്പുകൊടുക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു. ഭക്ഷണക്ഷാമം പരിഹരിക്കുന്നതിന് ഗവമ്മെൻറ് കൈക്കൊണ്ടിട്ടുള്ള നില തികച്ചും അപ്രായോഗ്യമാണെന്നു ഇതിനകം ഗവമ്മെൻറുതന്നെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇവിടെ ഭക്ഷ്യോല്പാദനത്തിനുവേണ്ടി ഭൂമി

പതിച്ചുകൊടുക്കുന്നു. പക്ഷെ അതു് സാധാരണക്കാരായ കൃഷിക്കാർക്കല്ല. നേരെ മറിച്ചു വൻകിട മുതലാളിമാർക്കും ധാരാളം ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ജന്മിമാർക്കുമാണു്. ഈ സംഗതി മിക്ക മെമ്പറന്മാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പണിയെടുക്കാൻ ശേഷിയുള്ള ആളുകൾ ധാരാളം നമ്മുടെ നാട്ടിലുണ്ടു്. അവർ എത്ര വേണമെങ്കിലും പണിയെടുക്കയും ചെയ്യും. എന്നാൽ ജോലി ചെയ്യുന്നതിനുള്ള ഭൂമി അവർക്കു കൊടുക്കണം. അതാണു് ഗവൺമെൻറു് കൈക്കൊള്ളേണ്ട നയം. അതല്ലെങ്കിൽ ഭക്ഷ്യോല്പാദനപദ്ധതി തീർച്ചയായും ഇവിടെ വിജയിക്കാൻ പോകുന്നില്ല. മാത്രമല്ല ഈ നിലയിൽ നിന്നുകൊണ്ടു ഒരിഞ്ചു മുന്നോട്ടു പോകാൻ സാദ്ധ്യമല്ലെന്നും സ്ഥിതിഗതികൾ വളരെ കലങ്ങിമറിയുമെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

At this stage Mr. Speaker vacated the Chair which was then occupied by the Deputy Speaker.

Sri. P. S. Nataraja Pillai: Sir, I would like to speak on this motion. I have no motion in my name for I was late in sending my motion. So I may be permitted to speak on this motion.

Deputy Speaker: Yes.

Sri. P. S. Nataraja Pillai: Sir, as far as food production is concerned, I have only to request the Government to turn their attention to intensive cultivation rather than to extensive cultivation. Extensive cultivation in Travancore has resulted in a colossal failure. So the alternative is intensive cultivation and I want only to request Government to pay more attention to that aspect of the matter and to see that the people produce as much grain as possible. Our productive capacity is limited, but within that limited sphere, let us do whatever is possible.

Then I want to speak about the textile control. After having taken some time to study the position as it exists here today, I am forced to come to the conclusion that the cloth famine which we are experiencing in this State is man-made completely. Sir, cloth was a controlled article as an essential commodity from 1945 onwards. Till 1948, *i.e.*, till two years ago, there was absolutely no difficulty, so far as erstwhile Travancore was concerned, about cloth. There was some scarcity, but there was no acute scarcity. People were able to get cloth and control orders passed were then enforced by Government. Even now they say control still exists. But the system of control has changed, and not certainly for the better. Why for the worst, I can say. According to the old practice, the total allotted quota for Travancore was equally distributed among the importers nominated by Government. That was under the direct control of the Textile Commissioner. After the importers get the cloth imported, the whole allotment was equally distributed among the wholesale merchants who were licenced by Government, some, 40 or 50 of them. Then the Textile Commissioner used to allot particular quantities to each taluk and to each retail merchants on the basis of the population of the taluk. So, Sir, from the stage of import, to the stage of distribution to the actual consumer, control was exercised. The distribution to the consumers was also on a very equitable basis, on the basis of their rice ration cards. Thus each man was entitled to his share of the cloth and he got it. Is that what we now find? What is happening now? A certain quantity is allotted to the State by the Bombay Textile Commissioner. What quantity is to be imported is left to the importing merchant; he imports according to his financial capacity. It was clearly admitted by the Treasury Benches yesterday that the total allotment is not equally distributed among the importers. So each importer imports according to his own financial resources and his interest.

[Sri. P. S. Nataraja Pillai]

Then there are wholesale merchants, very often the importers themselves get the right to act as wholesale dealers. This fact came out in answer to one of my questions. He is certainly a licensed dealer but the purchase and sale is done under free trade conditions. The importer, who is very often the wholesale merchant purchases a certain quantity and sells that quantity according to his own wishes or his capacity. Then too there is no control in distribution. Sometimes, the wholesale merchant is also the retailer. It results in the wholesaler cornering the whole stock sometimes. I am saying all these from a knowledge of the conditions prevailing now. All this leads to blackmarketing and as a matter of fact there is a lot of blackmarketing done today. Some cloth is even being exported outside Travancore. Some people are looking aghast, but this is a fact which has come to my knowledge. How does that occur? Does the Department seriously think of this? Are the authorities earnest about this? Are the controlling authorities feeling this responsibility? Absolutely not. The whole thing is left to the merchants. How do they deal? They simply corner the whole stock and make profit.

Another thing which I want to speak about is the part the Travancore mills play in this business. The mills in the State are allotted a certain quota. The mills are allowed to sell their products directly. And here they make a large profit. They put up the price of the cloth and by retail sale they make a ten per cent profit above the ex-Mill rate. These profits go to the capitalists. Why is that? Because this is a capitalist Government. If my assumption is wrong, I may be controverted by the official benches. Why is the millowner allowed to sell directly to the consumer? Up to 1948, the Chitra mill was selling only at ex-mill price to the retailers. Now they are getting ten per cent over and above this. Why is that? I know that that question will not be answered. Therefore we have here a control system in name, but one which is, in essence, a free sales system. A commodity which is scarce in the country is being cornered and it is being blackmarketed and an official-made famine condition is produced in the country.

Exactly the same position holds in the case of yarn. The poor weaver is not able to get yarn which he requires. By that, not only that the handloom industry is being killed, but the price of handloom cloth is going prohibitively high. So today we are passing through, what may be called an official-made famine in textiles. If the Government and the controlling authorities will enforce the control orders and revive the old system, this scarcity can be tided over. I am speaking thus at length, Sir, so that the Government may go back to the old system. If the old system was not good, let them evolve some other system by which cloth will be distributed equitably, and directly by Government agency. But, on the other hand, if you allow goods to be cornered by a few people in particular centres, it will only benefit the richer people. As a matter of fact, up to 1948, distribution of cloth was based upon ration cards in Travancore. Every month the quantity that could be purchased by each cardholder was fixed in advance by the Taxtile Commissioner. I ask the Government benches whether there is any such system now? So a radical change of policy has taken place during the last two years, and as Mr. Thanu Pillai said, there must be something behind all that. I do not want to go into it. The earlier things are remedied, better for everybody. Or it will be a standing disgrace to the Congress that it created an unwarranted cloth famine in the country.

Sri. A. K. Patchu Pillai: Sir, I move "To reduce the total allotment of Rs. 1,58,30,800 under Demand XXXII by Rs. 100"

ഒന്നരക്കോടി രൂപയിൽ കൂടുതലാണ് ഈ ആവശ്യത്തിലേക്ക് നീക്കിവച്ചിരിക്കുന്നതെന്നു കാണുന്നു. അതുപോലെ ഏററവും പ്രധാനമായിട്ടു ക്ഷേത്രാ

ല്പാദനത്തിന് ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഭൂമി പതിച്ചുകൊടുത്തിട്ട് അവിടെനിന്നും ഉല്പാദിപ്പിക്കുന്ന ഭക്ഷ്യസാധനംകൊണ്ടു ഈ നാട്ടിലെ ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനാണ് ഈ സംഖ്യ നീക്കിവച്ചിരിക്കുന്നത് എന്നു കാണുന്നു. ഇതിനകം ഗവമ്മെന്റ് തന്നിട്ടുള്ള കണക്കു വച്ചു നോക്കുകയാണെങ്കിൽ മുപ്പതിനായിരം മുതൽ അൻപതിനായിരം വരെ ഏക്കർ സ്ഥലം ഈ ആവശ്യത്തിന് കഴിഞ്ഞ രണ്ടുമൂന്നു വഷത്തിനകം വിതരണം ചെയ്തിട്ടുള്ളതായി കാണാം. അൻപതിനായിരം ഏക്കർ സ്ഥലം ഈ കാര്യത്തിലേക്ക് പ്രത്യേകം നീക്കിവച്ചു ഓരോ കൊല്ലവും ഈ ആവശ്യത്തിലേക്ക് വലിയ തുകകൾ ചെലവാക്കിയിട്ട് അവിടെനിന്നു ഇതുവരെ കിട്ടിയിട്ടുള്ള ഭക്ഷ്യസാധനങ്ങളുടെ തോതു അല്ലെങ്കിൽ കണക്കനുസരിച്ചു നോക്കുകയാണെങ്കിൽ അത്ര ഭീമമായ ഒരു ദേശീയ നഷ്ടമാണ് ഗവമ്മെന്റ് വരുത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. അങ്ങനെ വരുന്നതിനു കാരണം എന്തെന്നുള്ളതിനെ സംബന്ധിച്ചു ഒന്നു ചിന്തിക്കേണ്ടതു് അത്യാവശ്യമാണ്. ഇതിൽ ഏററവും പ്രധാനമായ കാരണം, ഇങ്ങനെ ഇത്രയധികം ഭൂമി വിതരണം ചെയ്യുന്ന ഈ അവസരത്തിൽ എങ്ങനെയെങ്കിലും കുറെ ഭൂമി കൈവശപ്പെടുത്തി പിന്നെ ആ ഭൂമി ഏക്കറിന് എഴുനൂറും എണ്ണൂറും രൂപ വില വാങ്ങിച്ചുകൊണ്ടു് കൈമാററം ചെയ്തുകൊണ്ടിരിക്കുന്നു എന്നും കാണാവുന്നതാണ്. അങ്ങനെ ഉള്ള പല ഉദാഹരണങ്ങളും എനിക്ക് കാണിക്കുവാൻ കഴിയും. ആദ്യമായി ആരാണ് സ്ഥലം വാങ്ങിയതെന്നും ഇപ്പോൾ ആരുടെ കൈയിലാണിരിക്കുന്നതെന്നും ഒന്നന്വേഷിച്ചാൽ ഇക്കാര്യം മനസ്സിലാകുന്നതാണ്. ഭൂമി ആദ്യമായി ഗവമ്മെന്റിൽനിന്നും വിതരണം ചെയ്തിട്ടുള്ള ആളുകളുടെ കയ്യിലല്ല, ഇപ്പോൾ ഭൂമി ഇരിക്കുന്നതെന്നും പിന്നീടു അതിൽ പല ക്രമക്കേടുകളും നടന്നിട്ടുണ്ടെന്നും കാണാൻ കഴിയുന്നതാണ്. ഭക്ഷ്യോല്പാദനത്തിനുവേണ്ടി നെല്ല്, കപ്പ മുതലായ ആഹാരസാധനങ്ങൾ കൃഷി ചെയ്യാതെ പതിച്ചുകിട്ടിയതും കൈമാററം വാങ്ങിയതും കയ്യേറിയിരിക്കുന്നതുമായ നിലങ്ങളിൽ നല്ലമുളക്, റബ്ബർ, തെങ്ങ് മുതലായ സാധനങ്ങൾ കൃഷി ചെയ്തു അവരുടെ കുഞ്ഞുങ്ങൾക്ക് ഭാവിയിൽ അതൊരു സമ്പാദ്യമായിത്തീരാനുള്ള പ്രയത്നമാണ് ഇപ്പോൾ ആ സ്ഥലങ്ങളിൽ നടന്നുവരുന്നതെന്നു കാണാൻ യാതൊരു പ്രയാസവുമില്ല. ഈ സമ്പ്രദായം വഷംതോറും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു രീതിയാണ് ഗവമ്മെന്റിന്റെ ഇപ്പോഴത്തെ നയമെന്നു നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഇത്ര അധികം സ്ഥലവും രാജ്യത്തിലെ വരവിന്റെ ഒരു വലിയ ഭാഗവും നീക്കിവച്ചിരിക്കുന്നതു് ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ചു അങ്ങനെ രാജ്യത്തിന് നേരിട്ടിരിക്കുന്ന ഭക്ഷണക്ഷാമത്തെ പരിഹരിക്കണമെന്ന ഉദ്ദേശത്തോടുകൂടി നടപടി നടത്തുന്നതിനാണ്.

അങ്ങനെ ചെയ്യാതെ ഇഷ്ടാനുസരണം അതിൽനിന്നു മുതലുണ്ടാക്കുന്നതിനു് അനുവദിക്കുന്നതു് ഏററവും കുററകരമായ ഒരു നയമാണ്. അതിനു വേണ്ട നടപടി ഗവമ്മെന്റ് നടത്തേണ്ടിയിരിക്കുന്നു. കൂടാതെ കൃഷിചെയ്ത് ഭക്ഷ്യസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിന് കഴിവുള്ള പല ആളുകളും സ്ഥലം കിട്ടാതെ നിരാശരായി തീന്നിരിക്കുന്നു എന്നു കാണുന്നു. അവക്ക് സ്വന്തം പ്രയത്നംകൊണ്ടു് കൃഷിചെയ്യുന്നതിനുള്ള പരിമിതമായ സ്ഥലസൌകര്യവും അങ്ങനെ വെച്ചുകൊണ്ടിരിക്കാവുന്ന ഓരോ ഏക്കർ സ്ഥലത്തിനും ഇത്ര രൂപാവീതം ധനസഹായം കൊടുക്കാമെന്നും പറയുകയാണെങ്കിൽ ഇന്നു ഉണ്ടായിട്ടുള്ളതിൽ കൂടുതൽ ഉൽപ്പാദനം വർദ്ധിക്കുന്നതാണ്. ഇതുസംബന്ധിച്ച് സൃഷ്ടിപരമായ ഒരു നിർദ്ദേശം എനിക്ക് തരാനുണ്ടു്. ദേവികുളം പീരുമേട് മുതലായ സ്ഥലങ്ങളിൽ കഴിഞ്ഞ രണ്ടുമൂന്നു വഷങ്ങളായി ഏതാനും സാധുക്കളും ഇടത്തരക്കാരുമായ

[Sri. A. K. Patchu Pillai]

ആളുകൾ മൂന്നും നാലും ഏക്കർ ഭൂമി കൈവശപ്പെടുത്തി കൃഷിചെയ്തുവരുന്നുണ്ട്. നിയമപ്രകാരം നോക്കുകയാണെങ്കിൽ ഗവമ്മെൻറ് ഭൂമി അനുവാദം കൂടാതെ കൈവശപ്പെടുത്തുന്നതു് തീർച്ചയായും തെററായിരിക്കും. സാധുക്കളായ ആളുകൾ അവരുടെ കൈവശമുണ്ടായിരുന്ന സകല മുതലുകളും ചിലവാക്കി കപ്പ, വാഴ, നെല്ല്, മുതലായ ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുന്നതിനു് വളരെ കഷ്ടപ്പെട്ടിരിക്കുമ്പോൾ നിയമത്തിൻെറ സാങ്കേതികവശത്തിൽ കൂടി അവരെ ഇറക്കിവിട്ടു് ആ സ്ഥലം ലേലം ചെയ്തുകൊടുക്കുകയാണെങ്കിൽ അവർ ആ സ്ഥലം ഉപേക്ഷിക്കുന്നതിനു് നിർബ്ബന്ധിതരായിത്തീരും. ഇപ്രകാരമുള്ള ചില്ലറ കൃഷി ചെയ്യുന്നതിനല്ലാതെ ഗവമ്മെൻറിൻെറ പബ്ലിക്കാവശ്യങ്ങൾക്കു് ഉതകുന്ന ഭൂമി അവിടെയില്ല. അതുകൊണ്ടു് അവരെ അവിടെനിന്നും ഇറക്കിവിടാതെ ഏതാനും വഷത്തേക്കെങ്കിലും കുത്തകപ്പാട്ടമായോ മററു വ്യവസ്ഥയിലോ അവക്കുതന്നെ കൊടുത്തു് ധനവാന്മാരുടെ കയ്യിലേക്കു് ഈ ഭൂമി കടന്നുപോകാതിരിക്കാൻ വേണ്ട മുൻകരുതൽ ചെയ്യുന്നതു് ഭക്ഷ്യോൽപ്പാദനവിഷയത്തെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും. സാധുക്കളും ഇടത്തരക്കാരുമായ ആളുകൾക്കു് കിട്ടത്തക്കതരത്തിൽ റഗുലറൈസു് ചെയ്യുന്നതു് ഈ ഉദ്യമത്തിനെ വളരെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കുമെന്നു് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഒരാൾക്കു് പരമാവധിവച്ചുകൊണ്ടിരിക്കാവുന്ന സ്ഥലത്തിനു ഒരു പരിമിതി ഏർപ്പെടുത്തിയാൽ മതിയാകും.

<u>മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ</u>: കട്ടു്മോഷൻ അയച്ചിട്ടുള്ള മെമ്പറന്മാരാരും സംസാരിക്കാനില്ലാത്തതുകൊണ്ടു് മററു് ബഹുമാനപ്പെട്ട ഏതെങ്കിലും മെമ്പറന്മാക്കു് സംസാരിക്കാം.

<u>ശ്രീ. കെ. കെ. കണ്ണൻ</u>: ഞാൻ ഒരു മോഷനവതരിപ്പിച്ചു് സംസാരിച്ചേയുള്ളു. അതുകൊണ്ടു് ഇപ്പോൾ സംസാരിക്കുന്നതിനു് എന്നെ അനുവദിച്ചാൽ കൊള്ളാം.

<u>മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ</u>: എല്ലാ മോഷനേയും റഫർ ചെയ്താണു് ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പു് സംസാരിച്ചതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>. സർ, ഈ ടെക്സ്റ്റൈൽ കൺട്രോളിനെ സംബന്ധിച്ചിടത്തോളം ധാരാളം ഉദ്യോഗസ്ഥന്മാരുടെ വിവരം ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഇപ്പോൾ ടെക്സ്റ്റൈൽ കൺട്രോൾ ഇല്ലെന്നും ഇംപോർട്ടു് നിയന്ത്രണം മാത്രമേയുള്ളുവെന്നും ഗവമ്മെൻറിൽ നിന്നും പറയുകയുണ്ടായി. വിതരണം സംബന്ധിച്ചു് യാതൊരു നിയന്ത്രണവുമില്ലാതിരിക്കുന്ന അവസരത്തിൽ ഇത്രയും ഇൻസ്പെക്ടറന്മാരുടെ ആവശ്യം എന്താണെന്നു് മനസ്സിലാകുന്നില്ല. ഇവിടെ വസ്ത്രക്ഷാമം തുടങ്ങിയിട്ടു് അധികം മാസങ്ങളായി. എന്നിട്ടും വസ്ത്രം വിതരണം ചെയ്യുന്നതു് സംബന്ധിച്ചു് നിയന്ത്രണം ഏർപ്പെടുത്തുന്നതിനു് ഗവമ്മെൻറിനു് ഇതുവരെ കഴിഞ്ഞിട്ടില്ല. എൻെറ സ്നേഹിതൻ ശ്രീ. നടരാജപിള്ള സൂചിപ്പിച്ച ഈ രാജ്യത്തു് വന്നുചേരുന്ന തുണികൾ തന്നെയും രാജ്യത്തിനു് പുറത്തു് പോകുന്നുവെന്നു്. എനിക്കു് അതു് ശരിയാണെന്നു തോന്നാൻ പ്രത്യേകമായി ഒരു കാരണമുണ്ടു്. ഈ രാജ്യത്തു് വരുത്തുന്ന തുണിയുടെ ൯൦ ശതമാനം കൊച്ചി ഡിവിഷനിലുള്ള ഏതോ ഒരു വലിയ കച്ചവടക്കാരനാണു് വരുത്തുന്നതെന്നു പറഞ്ഞു. വസ്ത്രക്ഷാമം തിരുവിതാംകൂർ വിഭാഗത്തേക്കാളും കുറവല്ല കൊച്ചി വിഭാഗത്തിലും. ൯൦ ശതമാനം കൊച്ചിയിൽ വരുത്തുന്നുണ്ടെങ്കിലും അവിടെയും വിതരണത്തിനു് ലഭിക്കുന്നില്ലെന്നുള്ളതു് ഒരു പരമാത്ഥമാണു്. ഇത്ര

യധികം തുണി വന്നിട്ടും ഈ ക്ഷാമം കാണുന്ന സ്ഥിതിക്കു് തുണി രാജ്യത്തിനു പുറത്തു പോകുകയോ ഇംപോർട്ടു് ചെയ്യാനുള്ളതു് ഇംപോർട്ടു് ചെയ്യാതെ വെളിയിൽ ബ്ലാക്കുമാർക്കററു് നടത്തുകയോ ചെയ്യുന്നതുകൊണ്ടായിരിക്കുമെന്നുള്ളതു് തീർച്ചയാണു്. ഒരു പത്രത്തിൽ ഒരു ന്യൂസ് ഉണ്ടായിരുന്നു. എറണാകുളത്തുള്ള ഒരു വസ്ത്രവ്യാപാരി ബില്ലുകൊടുത്തുതന്നെ കൺട്രോൾ തുണികൾ കൂടിയ വിലക്കു് ഒരു റീട്ടയിൽ വ്യാപാരിക്കു് വിററുവെന്നു്. അതു് ബില്ലോടുകൂടി കണ്ടുപിടിച്ചുവെന്നും ആ കേസിനെ ഒതുക്കി തീർക്കുന്നതിനു് ചിലർ ഓടി നടക്കുന്നുവെന്നും പത്രത്തിൽ കാണുകയുണ്ടായി. ആ കേസ് ഒതുക്കി തീർക്കുന്നതിനു് ആളുകൾ ഓടി നടക്കുന്നോ ഇല്ലയോ എന്നതു് എങ്ങനെയിരുന്നാലും കൺട്രോൾ വിലയെക്കാൾ കൂടിയ വിലക്കു് തുണി വിററു എന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഈ കാലത്തു് ഇങ്ങനെ ഏതെങ്കിലും ഒരു പരാതിയുണ്ടായാൽ അതിനെ സംബന്ധിച്ചുള്ള അന്വേഷണത്തിനു് അഞ്ചും ആറും മാസം എടുത്താൽ അതുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാകുകയില്ല. കുററം ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്നതോടുകൂടി മററുള്ളവർ ഈമാതിരി കുററം ചെയ്യാതിരിക്കുന്നതിനുള്ള ഒരു പ്രേരണകൂടി പെട്ടെന്നു് കേസ് തീരുമാനിക്കുന്നതിൽ നിന്നും ഉണ്ടാകും. മുകളിൽ പറഞ്ഞ മാതിരിയുള്ള റിപ്പോർട്ടുകൾ കിട്ടി അന്വേഷണത്തിൽ കാലതാമസം വന്നാൽ കുററം ആവർത്തിക്കുന്നതിനെ തടയാൻ സാധിക്കുന്നതല്ല. അതിനാൽ ഈമാതിരി കാര്യങ്ങളിൽ ഗവൺമെൻറു് ഊർജ്ജിതനടപടികൾ കൈക്കൊള്ളേണ്ടതാണു്. പ്രത്യേകിച്ചും ഇത്ര വളരെ ക്ഷാമമുള്ള അവസരത്തിൽ അഴിമതി നടക്കുന്നതിനെ ഗവൺമെൻറു് പെട്ടെന്നുതന്നെ തടയേണ്ടതാണു്.

അയേൺ കൺട്രോളിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു അനുഭവസ്ഥൻകൂടിയായതുകൊണ്ടു് അതു് സംബന്ധിച്ചു് ഒരു കാര്യം ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു. ഈ രാജ്യത്തു് വരുന്ന ഇരുമ്പു സാധനങ്ങളിൽ ഒരു നിശ്ചിത അളവു് ഗവൺമെൻറിലേക്കു് നീക്കിവയ്ക്കുന്ന ഒരേർപ്പാടുണ്ടു്. ഗവൺമെൻറിനു് ആവശ്യമില്ലാഞ്ഞിട്ടോ എന്തോ പലപ്പോഴും ഈ സാധനങ്ങൾ കച്ചവടക്കാരിൽനിന്നും വാങ്ങാതെ ഒരു കൊല്ലത്തോളം അവരുടെ കയ്യിൽതന്നെ ഇരിക്കാൻ ഇടയാകുന്നുണ്ടു്. അതുപോലെതന്നെ കൃഷികാര്യത്തിലേക്കു് രണ്ടു കൊല്ലമായി നീക്കിവച്ചിട്ടുള്ള ഇരുമ്പുസാധനങ്ങൾ ആ വകുപ്പുകാർ ഉപയോഗിക്കാതെ ഈ രാജ്യത്തു കിടക്കുന്നുണ്ടു്. പി. ഡബ്ലിയു. ഡി. വർക്കു്ഷാപ്പിലെ സ്ഥിതിയാണെങ്കിൽ ഈ രാജ്യത്തെ ചീഫ് എൻജിനീയർക്കുപോലും അവിടെയുള്ള ഇരുമ്പുസാധനങ്ങളെപ്പററി ഒരു നിശ്ചയവുമില്ല. കാലിഞ്ചും, അരയിഞ്ചും കമ്പികൾ അവരുടെ കണക്കിൽ ഇല്ലെന്നു കാണുന്ന അവസരത്തിൽ വെയിലും മഴയുംകൊണ്ടു് ധാരാളം കമ്പികൾ ആ വർക്കു്ഷാപ്പിൽ കിടക്കുന്നതായി കാണാം. കമ്പികൾ ഉപയോഗിക്കാതെ ധാരാളമായി വർക്കു്ഷാപ്പിൽ ഇരുമ്പു പിടിച്ചുകിടക്കുന്നതും നമുക്കു് കാണാൻ സാധിക്കും. ശരിയായ വിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള കഴിവുകേടുകൊണ്ടാണു് ഇത്രത്തോളം കുഴപ്പമുണ്ടാകുന്നതെന്നാണു് എനിക്കു് തോന്നുന്നതു്. ആവശ്യമുള്ള ഘട്ടങ്ങളിൽ മാത്രം ഗവൺമെൻറിലേക്കു് ഇരുമ്പുസാധനങ്ങൾ നീക്കിവെക്കുകയും അല്ലാത്ത അവസരങ്ങളിൽ പൊതുജനങ്ങൾക്കു് ഉപയോഗിക്കുന്നതിനു് നൽകുകയും ചെയ്യേണ്ടതാണു്. ഇതിനു് കൺട്രോൾ ഡിപ്പാർട്ടുമെൻറു് മാത്രം വിചാരിച്ചാൽ ഒരു പരിഹാരം ഉണ്ടാകുന്നതല്ല. ഗവൺമെൻറിലേക്കു് ഒരു ഭാഗം നീക്കിവെച്ചതിനു ശേഷം മാത്രമേ അവർക്കു് വിതരണം ചെയ്യാൻ അധികാര

[Sri. Kalathil Velayudhan Nair]

മുള്ളു. അതുകൊണ്ടു് ഗവമ്മെൻറും കൂടി ഈ കാര്യത്തിൽ ശ്രദ്ധിച്ചാലെ സാധിക്കുകയുള്ളു. മറെറാരു കാര്യം കൂടി ഈയവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഈ രാജ്യത്തു് ധാരാളം പൊതുസ്ഥാപനങ്ങളുണ്ടു്. ആ പൊതുസ്ഥാപനങ്ങളേയും കൺട്രോളിങ്ങ് ആഫീസറന്മാർ വ്യക്തികളെപ്പോലെയാണു് കണക്കാക്കാറുള്ളതു്. വിദ്യാലയങ്ങൾ, കാളേജ് മുതലായവ കെട്ടിക്കൊണ്ടിരിക്കുന്ന ആളുകൾക്കു് വ്യക്തികളെന്ന പരിഗണനവെച്ചു ഇരുമ്പുസാധനങ്ങൾ വിതരണം ചെയ്യുന്നതു് തെററാണു്. ഏതു പരിഗണനവെച്ചാണോ ഗവമ്മെൻറിനു് ഒരു പ്രത്യേകത കൊടുക്കുന്നതു് അതുപോലെ രണ്ടാം സ്ഥാനമായി ഈ പൊതുസ്ഥാപനങ്ങൾക്കും ഒരു പ്രത്യേക പരിഗണന കൊടുക്കുന്നതിനുള്ള നിർദ്ദേശം കൺട്രോൾ ഡിപ്പാർട്ടുമെൻറിനു് കൊടുക്കേണ്ടതാണു്.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദു്: പൊതുസ്ഥാപനങ്ങൾക്കു് പ്രത്യേക പരിഗണന നൽകാറില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ചില വ്യക്തികൾക്കു് കൂടുതൽ പരിഗണന കിട്ടുന്നതുപോലെ ചില സ്ഥാപനങ്ങൾക്കു് കൂടുതൽ പരിഗണന കിട്ടിയെന്നുവരാം. പൊതുവായി അങ്ങനെ കിട്ടാറില്ല.

ഫുഡ്പ്രൊഡക്ഷൻ ബോർഡിനെ സംബന്ധിച്ചിടത്തോളം എൻെറ അഭിപ്രായം ആ ബോർഡു് നിശ്ശേഷം നിറുത്തൽ ചെയ്യണമെന്നാണു്. ഫുഡ്പ്രൊഡക്ഷൻബോർഡു് വന്നതിനുശേഷം എത്രയോ ലക്ഷം രൂപാ ആ ബോർഡു് മുഖേന നാം ചിലവഴിച്ചു. അതിൽ ഏതെങ്കിലും ഒരംശം ഈ രാജ്യത്തിനു് പ്രയോജനപ്പെട്ടിട്ടുണ്ടോ എന്നു നോക്കിയാൽ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നു മനസ്സിലാക്കാൻ കഴിയും. എൻെറ സ്നേഹിതൻ ശ്രീ. അയ്യൂക്കൻ ഈ സഭയിലുണ്ടായിരുന്നെങ്കിൽ ഇന്നും അദ്ദേഹം വൈശ്ലേരിക്കണ്ടത്തിൻെറ കാര്യം പറയുമായിരുന്നു. അദ്ദേഹം ധാരാളം പ്രാവശ്യം ഈ കാര്യത്തെപ്പററി പറഞ്ഞുകേട്ടതുകൊണ്ടു് ഞാൻ അതിനെപ്പററി ഒരു അന്വേഷണം നടത്തി. പഴയ പ്രജാമണ്ഡലം കക്ഷിയോടുള്ള വിരോധംകൊണ്ടാണു് ശ്രീ. അയ്യൂക്കൻ ഇങ്ങനെ പറയുന്നതെന്നു് ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അന്വേഷണത്തിൽ ഫുഡ്പ്രൊഡക്ഷൻ ബോർഡിൽ നിന്നും അവിടെ ചിലവാക്കിയിട്ടുള്ള പണം മുഴുവനും വ്യർത്ഥമാണെന്നു കാണുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഫുഡ്പ്രൊഡക്ഷൻ ബോർഡിൽനിന്നും ചിലവാക്കിയിട്ടുള്ളതല്ല. ബോർഡു വരുന്നതിനു മുമ്പു് ചിലവാക്കിയിട്ടുള്ളതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ധനം ദുർവിനിയോഗം ചെയ്ത ആളുകളെതന്നെയാണു് ഇപ്പോഴും ഫുഡ്പ്രൊഡക്ഷൻ ബോർഡു് ഏൽപ്പിച്ചിരിക്കുന്നതു്. യാതൊരു പ്ലാനുമില്ലാതെയാണു് ബോർഡു് പ്രവർത്തിക്കുന്നതു്. ഫുഡ്പ്രൊഡക്ഷൻ ബോർഡു് ചെയർമാൻ ഒരു നല്ല ആളാണെന്നാണു് പറയുന്നതു്. ഒരു ലക്ഷം രൂപാ ചിലവാക്കി ഇന്ന സ്ഥലത്തു് ഒരു വരമ്പിട്ടാൽ രണ്ടു ലക്ഷപ്പറ നെല്ലു് കിട്ടുമെന്നു ആരെങ്കിലും പറഞ്ഞാൽ ഉടൻ അദ്ദേഹം അതിലേക്കു് തയ്യാറാകും. അങ്ങനെ ചെയ്താൽ രണ്ടുലക്ഷപ്പറ നെല്ലു് കിട്ടുമോ എന്നാലോചിക്കുകയോ വിദഗ്ദ്ധാഭിപ്രായമാരായുകയോ ചെയ്യുകയില്ല. അങ്ങനെ ചെയ്യുന്നതു് ഒരു ദുർവ്യയമായിരിക്കുമെന്നു് വിശ്വസിക്കുന്നതിനും അദ്ദേഹം തയ്യാറില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ ബോർഡിൻെറ പ്രവർത്തനംകൊണ്ടു് രാജ്യത്തിനു് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. ഇവിടെ ഒരു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറു് ഉണ്ടു്. എല്ലാ കാര്യങ്ങൾക്കും ഫുഡ്പ്രൊഡക്ഷൻ ബോർ

ഡിനെ ചുമതലപ്പെടുത്തിയാൽ പിന്നെ ഈ ഡിപ്പാർട്ട്മെണ്ടിന്റെ ജോലി എന്താണെന്നു മനസ്സിലാകുന്നില്ല. എന്തുകൊണ്ടാണ് അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെണ്ടിനെ കൃഷിവികസന പദ്ധതി ഏൽപ്പിച്ചുകൂടാത്തതു്? ഇന്നാണെങ്കിൽ ആ ഡിപ്പാർട്ടുമെന്റ് പ്രയോജനകരമായ യാതൊരു ജോലിയും ചെയ്യുന്നില്ല. അല്ലമെങ്കിലും സാങ്കേതികമായ പരിശീലനം സിദ്ധിച്ച ഡെമോൺസ്ട്രേറ്റർമാർ ആ ഡിപ്പാർട്ട്മെന്റിലുണ്ട്. അതുപോലെ മററ ഉദ്യോഗസ്ഥന്മാരും ഉണ്ട്. അവരെ എന്തുകൊണ്ട് ഇതിലേക്ക് ചുമതലപ്പെടുത്തിക്കൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു പ്രയോജനവുമില്ലാത്ത ഒരു ബോർഡ് ഇനിയും എന്തിനാണ് വച്ചുകൊണ്ടിരിക്കുന്നതു്? ഈ ഫുഡ് പ്രൊഡക്ഷൻ ബോർഡ് ഒരു കാലത്തുണ്ടാക്കി. അന്ന് ഈ കാര്യമൊന്നും ആലോചിച്ചില്ല എന്ന് ഞാൻ സമ്മതിക്കാം. എല്ലാ മന്ത്രിസഭകൾക്കും ഗവമ്മെണ്ടിനും ആവശ്യമായിവരുന്ന ഒരു പരിശാനന വച്ചുകൊണ്ടാണ് അപ്രകാരം ചെയ്തിട്ടുള്ളതെന്ന് സമ്മതിക്കാം. അന്ന് അങ്ങിനെ മന്ത്രിസഭ ഉണ്ടാക്കിയപ്പോൾ ഒരു ചെയർമാനും ഒരു ബോർഡും എല്ലാം ഉണ്ടാക്കേണ്ടതായി വന്നു. ഇപ്പോൾ അതാവശ്യമില്ലാതെയും വന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് അതങ്ങുപിരിച്ചുവിട്ടുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നതു്. എന്റെ സ്നേഹിതനായ ചീഫ്മന്ത്രി അവർകൾ പറയുന്ന ആവശ്യം കഴിഞ്ഞില്ല എന്നു്. ഈ സ്ഥിതിയിൽ ഇരിക്കുകയാണെങ്കിൽ ഈ ഫുഡ് പ്രൊഡക്ഷൻ ബോർഡുകൊണ്ടു് യാതൊരു പ്രയോജനവും സിദ്ധിക്കുമെന്നു് വിചാരിക്കേണ്ടതില്ല.

പിന്നീട് എനിക്കൊരു സംഗതിപറയാനുള്ളതു് റെൻറകൺട്രോളിനെ സംബന്ധിച്ചാണ്. എറണാകുളത്തു് പ്രത്യേകമായി നിയമിച്ചിരുന്ന റെൻറ കൺട്രോളർ ഉദ്യോഗം നിറുത്തൽ ചെയ്തിരിക്കുന്നതായും ആ ജോലികൂടി അവിടത്തെ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിനെ ഏല്പിച്ചതായും ഗസററിൽനിന്നും നാം അറിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഒരു റെൻറ കൺട്രോളർ എറണാകുളത്തുണ്ട്. അദ്ദേഹം കഴിഞ്ഞ ആഴ്ചയിലും റെൻറ കൺട്രോൾ സംബന്ധമായിട്ടുള്ള ഹർജി വാങ്ങിച്ച് ആർഡർ കൊടുത്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. വസ്തുക്കൾ ഒഴിപ്പിക്കുന്നതിനുള്ള ഉത്തരവുകൾ അദ്ദേഹം കൊടുത്തിട്ടുണ്ട്. ഈ ആളുകളുടെ ഉദ്യോഗം നിറുത്തൽ ചെയ്തതായും നാം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. അങ്ങിനെ ഇപ്പോൾ എറണാകുളത്തു് രണ്ടു റെൻറ കൺട്രോളറന്മാരുണ്ട്.

Sri. C. Kesavan: He has not left charge. He is appointed as the Magistrate, Alleppey. He continues as the Rent Control Officer.

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നാൽ അദ്ദേഹത്തിന് രണ്ടാഴ്ച അവധി കൊടുത്തിട്ടുണ്ടെന്ന് പറയുന്നുണ്ട്. ഗസററ നോട്ടിഫിക്കേഷൻകൊണ്ട് അധികാരം കൊടുത്തുപോയി എന്നു മനസ്സിലാക്കിയതാണ്. ഇങ്ങനെയുള്ള ആർഡറുകളും നിയമനങ്ങളുംകൊണ്ടു് ആളുകൾക്ക് വളരെ വൈഷമ്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ കാര്യങ്ങൾ ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. വി. ഗംഗാധരൻനായർ: സർ, ഫുഡ് പ്രൊഡക്ഷൻ സ്കീമിന്റെ ആവശ്യത്തിലേക്ക് ഒന്നരകോടി രൂപയാണ് ഈ കൊല്ലം നീക്കിവച്ചിരിക്കുന്നതു്. അതേപ്പററി മാത്രം ഒരു വാക്കു പറയാനാണ് ഞാനൊരുങ്ങുന്നതു്.

സർ, ഈ ഒന്നരകോടി രൂപായിൽ മൈനർ ഇറിഗേഷൻ ജോലികൾക്കായി മുപ്പത്തിഎട്ടുലക്ഷം രൂപയാണ് വക കൊള്ളിച്ചിരിക്കുന്നതു്. ലോങ്ടേം സ്കീംസ് വളരെ ആവശ്യമാണ്. അതിനുവേണ്ടി എത്ര ധനം ചിലവാക്കിയാ

[Sri. V. Gangadharan Nair]

ലും അതിൽ വളരെ കുററം പറയാത്ത ഒരാളാണ് ഞാൻ. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ മൈനർ ഇറിഗേഷൻ ജോലികൾക്ക് കഴിയുമെങ്കിൽ ഒരു കോടി രൂപാതന്നെ ഈ വർഷത്തിലും ചിലവിടണം. അടുത്ത വർഷത്തിലും അതിനടുത്ത വർഷത്തിലും ഓരോകോടി രൂപ മൈനർ ഇറിഗേഷൻ ജോലികൾക്കായി നീക്കിവയ്ക്കേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ഫുഡ് പ്രൊഡക്ഷൻ പദ്ധതികളിൽ പ്രധാനമായിട്ടുള്ളതു് മൈനർ ഇറിഗേഷൻ ജോലികളാണ്. ആ ജോലികൾ ശരിയായി നടത്തുന്നപക്ഷം ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുവാൻ സഹായിക്കുന്നതാണ്. ഇതുസംബന്ധിച്ചുള്ള പ്രവൎത്തനങ്ങൾ പ്രസംഗങ്ങൾ വഴിയായും പ്രസ്താവനകൾ വഴിയായും പലതും നടത്തിയിട്ടുണ്ടെങ്കിലും കാര്യമായി ഒന്നുംതന്നെ നടക്കുന്നില്ല. ഇതിലേയ്ക്കു് ഏതാനും കമ്മിററികളെ എല്ലാം രൂപീകരിച്ചിട്ടുണ്ടെങ്കിലും ആറുമാസമോ എട്ടുമാസമോ ഒരു വൎഷമോ രണ്ടുവൎഷമോ എത്രകാലം താമസിച്ചാലും യാതൊരു ഫലവും ഈ ബോർഡുകൊണ്ടുണ്ടാകാൻ പോകുന്നില്ലെന്നാണ് കാണുന്നതു്. ഇതിനുത്തരവാദി ഫുഡ് പ്രൊഡക്ഷൻ ബോർഡായാലുംശരി, ഗവൺമെൻറായാലുംശരി ഇനിയും കാലതാമസം നേരിടാതിരിക്കത്തക്കവണ്ണം ഇതുസംബന്ധിച്ചുള്ള ജോലികൾ കഴിയുന്നത്ര ശുഷ്കാന്തിയോടുകൂടി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ നാട്ടിൽ ആഹാരം ഉണ്ടാവുകയുള്ളു. കഴിയുന്നത്ര മൈനർ ഇറിഗേഷൻ ജോലികൾ നടത്തണം. അതും ശുഷ്കാന്തിയോടുകൂടി നടത്തണം. വിശേഷിച്ചും വേനൽക്കാലത്തു് ഈ ജോലികൾ നടത്തണം. മൈനർ ഇറിഗേഷനിലേക്കു് ഗവൺമെൻറ് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നു് പ്രസ്താവിക്കുവാനാണ് ഞാൻ ഇത്രയും പറയുവാൻ ഒരുങ്ങിയതു്.

ശ്രീ. തര്യത്തു കുഞ്ഞിത്തൊമ്മൻ: ഫുഡ് പ്രൊഡക്ഷനെ സംബന്ധിച്ചു് രണ്ടുവാക്കു പറയുവാനാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു്. ഭക്ഷ്യസാധനങ്ങൾ വൎദ്ധിപ്പിക്കുകയെന്നുള്ളതു് എല്ലാവരും ആഗ്രഹിക്കുന്നതായ ഒരു കാൎയ്യമാണ്. എന്നാൽ ഇപ്പോഴത്തെ പദ്ധതികൾ അനുസരിച്ചു് ഭക്ഷ്യധാന്യങ്ങൾ വർദ്ധിക്കുകയില്ലെന്നു മാത്രമല്ല, കുറഞ്ഞുപോകുന്നതുമാണ്. ഇപ്പോൾ പട്ടിണിയിൽനിന്നും രാജ്യത്തെ രക്ഷിച്ചുകൊണ്ടിരിക്കുന്നതു് കപ്പയാണ്. എന്നാൽ ഇപ്പോൾ കപ്പ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ കുത്തിനിരത്തി ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കാനാണെന്നു പറഞ്ഞു നെൽകൃഷി ചെയ്യുന്നതിനും, ഒരുപ്പുനിലങ്ങളെല്ലാം ഇരുപ്പൂവാക്കുന്നതിനും മററും ശ്രമിക്കുന്നു. സാധാരണയായി ഒരുപ്പൂനിലങ്ങളും മ്യാൽ നിലങ്ങളും കൊയ്ത്തു കഴിഞ്ഞാൽ കപ്പകൃഷി നടത്താറുണ്ടു്. എന്നാൽ ഇപ്പോൾ അതു് ഇരുപ്പൂവും മുപ്പൂവും മററുമാക്കുന്നതുകൊണ്ടു ഒരു കൃഷിയും ഉണ്ടാകുന്നില്ല. ഇവിടെ ഭക്ഷ്യവർദ്ധനവിനായി ഇൻഡ്യാഗവൺമെൻറിൽനിന്നും തരുന്ന പണം മററു മാൎഗ്ഗങ്ങളിൽകൂടി ഉപയോഗിക്കുകയാണു വേണ്ടതു്. അതായതു് നമ്മുടെ റിസർവ്വ് വനങ്ങളിൽനിന്നും ഏതാനും ഏക്കർ സ്ഥലം സാധുക്കളും ഭൂമിയില്ലാത്തവരുമായ ആളുകൾക്കു് വീതിച്ചുകൊടുത്തിട്ടു് അവൎക്കു് കൃഷി ചെയ്യുന്നതിനും മററുമായി മുന്നൂറോ നാന്നൂറോ രൂപാവീതം കൊടുത്താൽ അവർ അവിടെ കൃഷിചെയ്തു് ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കും. അതുമൂലം ഭക്ഷ്യവർദ്ധനവു് ഉണ്ടാകുകയും ചെയ്യും. ഈ ഒരു മാൎഗ്ഗമല്ലാതെ ഭക്ഷ്യവർദ്ധനവിനു് മററു മാൎഗ്ഗങ്ങൾ ഇല്ല. ഇവിടെ ഭൂമി വളരെ പരിമിതമാണ്. അങ്ങിനെയിരിക്കുമ്പോൾ ഉള്ള കൃഷിസ്ഥലത്തുനിന്നു് ഏററവും കൂടുതൽ ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനാണ് നാം നോക്കേണ്ടതു്. കടുംകൃഷി ചെയ്യാനുള്ള സ്ഥലങ്ങളിൽ നെല്ലുമാത്രം കൃഷിചെയ്തു് ഭക്ഷ്യക്ഷാമം പരിഹരിക്കാമെന്നു വിചാരിച്ചു് അതിലേയ്ക്കു് ഒരുമ്പെട്ടാൽ ഈ രാജ്യത്തു് ജനങ്ങൾ പട്ടിണി

കൊണ്ടു് മരിക്കുകതന്നെ ചെയ്യും. ഈ കാലത്തു ഓരോ കാര്യങ്ങൾക്കുവേണ്ടി നാം പണം ചിലവാക്കുമ്പോൾ അതേക്കുറിച്ചുള്ള സകല സംഗതികളും ആലോചിച്ചു് അതിന്റെ ഫലമെന്തായിരിക്കുമെന്നു് കണക്കുകൾകൊണ്ടു് നിർണ്ണയിച്ചു വേണം തുടങ്ങുവാൻ. എന്നാൽ ഇപ്പോൾ അതൊന്നും നോക്കാതെ ഭക്ഷ്യം വർദ്ധിപ്പിക്കുന്നതിനെന്നപേരിൽ വെറുതെ പണം ചിലവു ചെയ്യുകയാണു്. ഈ വിധത്തിലുള്ള നടപടികൾ തുടരരുതു്. ഈ കമ്മിററികൾ ഒക്കെ കൊള്ളാം. ഇന്നു് ഒരുപ്പുനിലങ്ങൾ ഇരുപ്പൂവാക്കുകയാണു്. എന്നാൽ അവിടെനിന്നും കിട്ടുന്ന നെല്ലിനേക്കാൾ കൂടുതൽ ആദായം കപ്പകൃഷിചെയ്യുന്നപക്ഷം കിട്ടുന്നതാണു്. ഒരുപ്പുനിലങ്ങളിൽ കപ്പ, മ്യാൽകപ്പ, മുതലായവ കപ്പ കൃഷി ചെയ്താണു് ഞാൻ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതു്. അതെല്ലാം നിഷ്പ്രയോജനമാക്കാൻ നിർബന്ധിക്കുന്നതു് രാജ്യക്ഷേമത്തിനു് ആപൽക്കരമായിരിക്കും. തന്മൂലം ധനവ്യയവും ഉണ്ടാകുന്നതാണു്. ഒന്നാംതരമായി കൃഷി ചെയ്യുകയാണെങ്കിൽ ഈ മലംപ്രദേശങ്ങളിൽ മൂന്നുലക്ഷം ഏക്കർ സ്ഥലത്തുനിന്നു് ഒൻപതു ലക്ഷം ടൺ കപ്പ കിട്ടും. ഈ വക കാര്യങ്ങൾ ഗവമ്മെന്റാലോചിക്കാതെ പ്രവർത്തിക്കുന്നതു് ഒരു ജനകീയ ഗവമ്മെന്റിനു് ഒരിക്കലും പററിയതല്ല. ഒരാൾക്കു് കുറെ സ്ഥലവും പത്തോ നൂറോ രൂപായുംവീതം കൊടുത്തു് പ്രോത്സാഹിപ്പിക്കണം. അതോടുകൂടിതന്നെ ധനവാന്മാർ അവനിൽനിന്നും ചൂഷണം ചെയ്യാതേയും നോക്കേണ്ടതാണു്. ദേവികുളം താലൂക്കിൽ ഭൂമി കൊടുത്തതു സംബന്ധിച്ചു് പല പരാതികൾ ഉണ്ടായതായി അറിയാൻ കഴിഞ്ഞു. അപ്രകാരം ഉണ്ടാകാൻ ഇടവരരുതു്. അനീതി എവിടെ കണ്ടാലും അതിനെ തടയണം. അങ്ങിനെ ഒരു ബോധ്യം ജനസമുദായത്തിന്റെ ഇടയിൽ ഉണ്ടാകണം. അതു് നമ്മുടെ ജനകീയഭരണത്തിന്റെ ഒരു പ്രത്യേകതയായിരിക്കണം. (ബെൽ)

ശ്രീ. സി. സി. പ്രസാദു്: സർ, ഈ ഗവമ്മെൻറു്, ഫുഡ് പ്രൊഡക്ഷൻ സംബന്ധിച്ചു് അങ്ങേഅററം പരാജയപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. ഇന്നു കന്യാകുമാരി മുതൽ ചെറുതുരുത്തി വരെ നോക്കിയാൽ കാണാം നിരവധി ഭൂമികൾ വെറുതെ യാതൊരുപയോഗവുമില്ലാതെ, കേൾപ്പോരും കേൾവിയുമില്ലാതെ, ആരും ഒന്നെത്തിനോക്കുവാൻ പോലും ഇല്ലാതെ കിടക്കുന്നതു്. ഇങ്ങനെ കിടക്കുന്നതെന്തുകൊണ്ടെന്നാൽ ഗവമ്മെൻറിന്റെ ശേഷിക്കുറവുനിമിത്തമാണു്. ഒരൊററ ഇഞ്ചുഭൂമിപോലും വെറുതെ ഇട്ടിരിക്കുന്ന മുതലാളിമാരേയും ജന്മിമാരേയും, അങ്ങിനെ ഇടുന്നതായാൽ കർശന നടപടികൾ എടുക്കുന്നതാണെന്നും കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമിക്കു് പ്രത്യേകകരം ചുമത്തുന്നതാണെന്നും, അതല്ലെങ്കിൽ മററുള്ളവർക്കു് കൃഷി ചെയ്യുന്നതിനായി കൊടുക്കുമെന്നും, നിഷ്കർഷിക്കുന്നപക്ഷം അങ്ങിനെ ഭൂമികൾ ഇടുകയില്ല. ഈ നിലയിൽ പോകുന്നതായാൽ ഇവിടെ ഭക്ഷ്യോൽപ്പാദനം പുരോഗമിക്കുമെന്നെനിക്കുതോന്നുന്നില്ല. എന്നാൽ ഈമാതിരി നടപടികളൊന്നും എടുക്കാൻ ഗവമ്മെൻറു തയ്യാറില്ല. ഭക്ഷ്യോൽപാദനമെന്നു പറഞ്ഞു കടലാസുപദ്ധതികളുമായി പുറത്തു ബോർഡും വച്ചു് ഭൂമിക്കപേക്ഷിക്കുന്ന പാവപ്പെട്ടവരുടെ അപേക്ഷകൾ ദഹിപ്പിക്കുന്നതിനുള്ള അഗ്നികുണ്ഡവുമായി കാര്യങ്ങൾ നടത്തിപ്പോരുകയാണു്. പാവപ്പെട്ടവരെ കഷ്ടപ്പെടുത്തുന്നതിനായി ഗവമ്മെൻറഗസററിൽ ഭൂമികൾ പതിച്ചു കൊടുക്കുന്നതാണെന്നു പരസ്യപ്പെടുത്തുകയുണ്ടായെങ്കിലും ഒരിഞ്ചുഭൂമി അർഹിക്കുന്നവർക്കു കൊടുക്കാൻ Food Production Board-നു് സാധിച്ചിട്ടില്ല. അങ്ങിനെ കൊടുക്കുന്നതിനു ഈ ബോർഡിനു് യാതൊരു കഴിവും ഇല്ല. അതുകൊണ്ടു് ഈ ബോർഡു് പിരിച്ചുവിടുകതന്നെ

[Sri. C. C. Prasad]

വേണം. ഇതിലേയ്ക്കു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും പറയാൻ ഞാൻ തയ്യാറാണു്. ഇപ്രകാരം ഒരു ഫുഡ്ഡ് പ്രൊഡക്ഷൻ ബോർഡിനെ വച്ചുകൊണ്ടു് ഒരു പ്രകാരത്തിലും മുമ്പോട്ടു കൊണ്ടുപോകുവാൻ നിവൃത്തിയില്ലെന്നു ഗവണ്മെൻറിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇവിടെ ഫുഡ്ഡ്പ്രൊഡക്ഷൻ വർദ്ധിപ്പിക്കണമെങ്കിൽ ഇന്നു വെറുതെ കിടക്കുന്ന ഭൂമികൾ കൃഷിക്കാർക്കായി ഗവണ്മെൻറനുവദിച്ചുകൊടുക്കണം. ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവർ കൃഷിചെയ്യാതെ തരിശിടരുതെന്നു കർശനമായ ഒരു ഉത്തരവു ഗവണ്മെൻറിൽനിന്നും പുറപ്പെടുവിക്കണം. ഭൂമി വെറുതെ യിടുന്ന ഭൂവുടമസ്ഥനെ ശിക്ഷിക്കണം. അങ്ങിനെ എന്തെങ്കിലും കർശനമായ നടപടികൾ സ്വീകരിക്കാതെ ഇവിടത്തെ ഭക്ഷ്യോൽപ്പാദനം വർദ്ധിക്കുകയില്ല.

<u>ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ:</u> കന്നുകാലിമേച്ചിലിനിട്ടിരിക്കുന്ന സ്ഥലങ്ങളൊഴിച്ചാൽ എവിടെയെങ്കിലും പത്തേക്കറിൽ കൂടുതൽസ്ഥലം തരിശായികിടക്കുന്നതു ബഹുമാനപ്പെട്ട മെമ്പർക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ?

<u>ശ്രീ. സി. സി. പ്രസാദ്:</u> ധാരാളം സാധിക്കും. വടക്കൻ തിരുവിതാംകൂറിൽതന്നെ കോതമംഗലത്തേക്കുപോകുന്നവഴിയിൽ മുത്തേടത്തുമനവകയായും മററു പല ഇല്ലങ്ങളുടെ വകയായും ഭൂമി ധാരാളം തരിശു കിടപ്പുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ഒരു ദിവസം എൻെറകൂടെ വരികയാണെങ്കിൽ അങ്ങിനെയുള്ള എത്ര ഭൂമിവേണമെങ്കിലും കാണിച്ചുതരാൻ സാധിക്കും.

<u>ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ:</u> പത്തേക്കറിൽ കൂടുതൽ ഉള്ളതു കാണിച്ചുതരാമോ എന്നാണു് ഞാൻ ചോദിച്ചതു്.

<u>ശ്രീ. സി. സി. പ്രസാദ്:</u> അതുതന്നെയാണു് കാണിച്ചുതരാമെന്നു ഞാനും പറഞ്ഞതു്. ഇങ്ങനെയുള്ള പദ്ധതികൾ ഗവണ്മെൻറു് സ്വീകരിച്ചില്ലെങ്കിൽ ഈ രാജ്യത്തു ഭക്ഷ്യോൽപ്പാദനം ഒട്ടും വർദ്ധിക്കുവാൻപോകുന്നില്ലെന്നു ഞാൻ ആവർത്തിച്ചുപറയുന്നു. ഗവണ്മെൻറു ആരംഭിച്ചിട്ടുള്ള ഇറിഗേഷൻപദ്ധതികൾകൊണ്ടു് കൃഷിക്കാർക്കു് എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. പലസ്ഥലങ്ങളിലും തോടുകീറുകയോ മററുപണികൾ ആരംഭിക്കുകയോ ചെയ്തതെല്ലാം പൂർത്തിയാക്കാതെ അങ്ങിനെതന്നെ ഇട്ടിരിക്കുകയാണു്. യാതൊരുപണിയും പൂർത്തിയാക്കിയതായി അറിവില്ല.

ഈ അവസരത്തിൽ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തു ഒരടി മണ്ണുപോലുമില്ലാത്ത പാവപ്പെട്ടവർക്കു അല്പം ഭൂമിവേണമെന്നു് ആവശ്യപ്പെട്ടു് ഒരപേക്ഷ അയച്ചാൽ ഹരിജനോദ്ധാരണം "മാസ്റ്റർപീസായി" കൊണ്ടുനടക്കുന്ന ഇന്നത്തെ ഗവണ്മെൻറു പ്രത്യേകസൗജന്യം ഒന്നും കാണിച്ചില്ലെങ്കിലും (പന്ത്രണ്ടരശതമാനത്തിൽ കൂടുതലും മററം കൊടുത്തേതീരൂ എന്നില്ല) ഭൂമി ധാരാളമുള്ള മുതലാളിമാർക്കു് കൊടുക്കുന്നകൂട്ടത്തിൽ അല്പമെങ്കിലും കൊടുത്താൽ വലിയദോഷമൊന്നും ഉണ്ടാകുകയില്ലെന്നാണു് എനിക്കു് ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുവാനുള്ളതു്. ഫുഡ്ഡിപ്പാർട്ടുമെൻറും ഫാറസ്ററു ഡിപ്പാർട്ടുമെൻറും മററും ഇതിനു താല്പര്യപ്പെടുമെന്നു എനിക്കു് തോന്നുന്നില്ല. ആരെങ്കിലും അപേക്ഷിച്ചാൽ അതു മുതലാളിമാരുടെ കൂട്ടുപിടിച്ചുകൊണ്ടു് അവർക്കു തട്ടിയെടുക്കുന്നതിനുവേണ്ടി കള്ളമായി കൊണ്ടുവന്നിരിക്കുന്ന അപേക്ഷയാണെന്നുപറഞ്ഞു നിരസിക്കുവാനാണിടയുള്ളതു്. എന്നാൽ അതേസമയത്തു കൃത്രിമമായി ഭൂമി തട്ടിയെടുക്കണമെ

നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി ഏതെങ്കിലും മുതലാളി ഹരിജനോദ്ധാരക നാണെന്നു ഭാവിച്ചുകൊണ്ടു് ഗവൺമെന്റിനെ സമീപിക്കുകയാണെങ്കിൽ അയാൾക്കു നിശ്ചയമായും ഗവൺമെന്റ് ഭൂമി കൊടുക്കാതിരിക്കുകയില്ല. അയാൾ ഒരു കാൺഗ്രസ്സ്കാരൻകൂടിയാണെന്നു് പറഞ്ഞെങ്കിൽ യാതൊരു സംശയവുമില്ല. കാൺഗ്രസ്സ്കാരനല്ലെങ്കിൽ ഇവിടെ യാതൊരു രക്ഷയുമില്ലെന്ന നിലയാണു് വന്നിരിക്കുന്നതു്. ആ നയംമാററി ഇവിടത്തെ പാവപ്പെട്ടവർക്കുകൂടി ഭൂമിയുടെ ഒരംശംകൊടുക്കുവാൻ ദയവുണ്ടാകണമെന്നു് അപേക്ഷിക്കുന്നു. അതല്ലെങ്കിൽ നിങ്ങൾതന്നെ അറിഞ്ഞുകൊള്ളും.

Mr. Deputy Speaker: Order, Order. We will now proceed to the next item in the agenda—Discussion under rule 26.

Discussion under Rule 26—regarding Paddy Cultivation

Sri. M. I. Paul: Sir, I raise a discussion on a matter of public importance arising out of the answers to starred question No. 30 of the 15th March 1951 regarding paddy cultivation in Elankunnapuzha Village.

എളങ്കുന്നപ്പുഴവില്ലേജിലെ ൩൦൦ ഏക്കർ സ്ഥലം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണു്. അക്കാര്യം ഞാൻ രണ്ടുകൊല്ലത്തിനുമുമ്പുതന്നെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തുകയുണ്ടായി. അതിൽ ൨൦൦ ഏക്കറോളം ഭൂമി ഉപ്പുണ്ടാക്കുന്നതിനായി ഒരു വ്യക്തിക്കു് കൊടുത്തിട്ടുണ്ടു്. ആദ്യം ഒരു ഇരുപതേക്കർസ്ഥലം ആ വ്യക്തിക്കു വിട്ടുകൊടുക്കുകയും ഗവൺമെന്റിന്റെ മേൽനോട്ടത്തിൽതന്നെ അവിടെ ഉപ്പുണ്ടാക്കാൻ സാധിക്കുമോഎന്നു പരിശോധിക്കുന്നതിനു് ഗവൺമെന്റിൽനിന്നും ധാരാളംപണം ചിലവുചെയ്യുകയുംചെയ്തു. ഒടുവിൽ അതു വിജയപ്രദമല്ലെന്നുകണ്ടു് ഗവൺമെന്റു ഉപേക്ഷിക്കുകയാണു് ചെയ്തതു്. എന്നാൽ ആ വ്യക്തി അവിടെ ഉപ്പുണ്ടാക്കാൻ സാധിക്കുമെന്നു ഗവൺമെന്റിനെ ധരിപ്പിച്ചു് ആദ്യം ൨൦ ഏക്കറും പിന്നീടു ൫൦ ഏക്കറും അങ്ങിനെ ൭൦ ഏക്കർ കരസ്ഥമാക്കിയിരിക്കുകയാണു്. ഗവൺമെന്റും ആ വ്യക്തിയുമായിട്ടുള്ള കരാറനുസരിച്ചു് നോക്കുന്നപക്ഷം അതിലെ പല വ്യവസ്ഥകളും അയാൾ ലംഘിച്ചിട്ടുണ്ടു്. ഈ ൭൦ ഏക്കർകൂടാതെ ൧൩൦ ഏക്കർകൂടി അയാൾ കൈവശംവച്ചു് മത്സ്യംപിടിച്ചു് ആദായമുണ്ടാക്കിവരികയാണെന്നുള്ളതു ഗവൺമെന്റിനും അറിയാം. പക്ഷെ എന്തുകൊണ്ടാണാവോ ആ വിവരം ഞാൻ ഇവിടെ ചോദിച്ചപ്പോൾ ഗവൺമെന്റിനു അറിവില്ലെന്നാണു് മറുപടി പറഞ്ഞതു്. അവിടെനിന്നും അയാൾ മത്സ്യം പിടിക്കുന്നതു ഞാൻ നേരിട്ടു പോയി കണ്ടിട്ടുണ്ടു്. റവന്യൂബോർഡു മെമ്പർമാർക്കും അതറിയാം. അവർ അതിനു ചില നടപടികൾ എടുക്കുന്നുണ്ടെന്നുമാണു് എന്റെ അറിവു്. ശ്രീ. ടി. കെ. നാരായണപിള്ള ചീഫ് മിനിസ്റ്റരായിരുന്നപ്പോൾ അദ്ദേഹം ഈ സ്ഥലം സന്ദർശിച്ചു് വിവരങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. ഉപ്പുണ്ടാക്കുന്നതിനു പതിച്ചുവാങ്ങിയ സ്ഥലത്തു അയാൾ തെങ്ങുവയ്ക്കുകയും ഗവൺമെന്റ് അതറിഞ്ഞു നിരോധിച്ചതിന്റെ ഫലമായി ആ തെങ്ങുകൾ പറിച്ചുമാററുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള കരാറുലംഘനങ്ങൾക്കു യാതൊരു പരിഹാരമാർഗ്ഗവും എടുക്കാതെതന്നെ സ്ഥലം ഉടനെ തിരിച്ചെടുക്കുന്നതിനുള്ള അധികാരം കരാറനുസരിച്ചു ഗവൺമെന്റിനുള്ളതാണു്. കൃഷിവർദ്ധനവു വളരെ അത്യാവശ്യമായിരിക്കുന്ന ഇക്കാലത്തു ഇങ്ങനെ വളരെ വിസ്തീർണ്ണമുള്ള ഒരു സ്ഥലം വെറുതെകിടക്കുന്നു എന്നുള്ളവസ്തുത ഗവൺമെന്റിനെ ധരിപ്പിക്കുവാനാണു് ഈ പ്രശ്നം ഞാനിപ്പോൾ ഇവിടെ ഉന്നയിക്കുന്നതു്.

ശ്രീ. സി. സി. പ്രസാദ്: ആ വ്യക്തി ആരാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

Mr. Deputy Speaker: No question is allowed at this stage.

ശ്രീ. എം. ഐ. പാൾ: ഭൂമി കൃഷിക്കു പററിയതാണോ അല്ലയോ എന്നന്വേഷിക്കുന്നതിന് ഗവമെൻറിൽ ഒരു എൻക്വയറി സെക്ഷൻ ഉണ്ടെന്നു പറഞ്ഞു. അവർ "It is unfit for paddy cultivation" എന്നാണു പറഞ്ഞിട്ടുള്ളതു്. അതു വളരെ തെററായ ഒരു അഭിപ്രായമാണു്. ആ സ്ഥലത്തിന്റെ ആറുവാര അപ്പുറത്തായി ഒരു നൂറ ഏക്കർസ്ഥലം അവിടത്തെ സഹകരണ സംഘം ശരിയായി കൃഷിചെയ്തുവരുന്നുണ്ടു്. അതുപോലെ ഈ സ്ഥലവും ആദായകരമായി കൃഷിചെയ്യാവുന്നതാണു്. ഈ ഭൂമിയും കൃഷിക്കു പതിച്ചുകൊടുക്കണമെന്നു് ആ സഹകരണസംഘം ഗവമെൻറിനോടു് അപേക്ഷിച്ചിട്ടുണ്ടു്. അവിടെ കൃഷിയിറക്കുന്നതിനുവേണ്ടി അമ്പതിനായിരം രൂപവരെ ചിലവുചെയ്യാൻ അവർ തയ്യാറാണെന്നും ഗവമെൻറിനെ അറിയിച്ചിട്ടുണ്ടു്. ഒരു നീണ്ടകാലാവധിക്കു പാട്ടത്തിനു കൊടുക്കണമെന്നും ഡ്രെയിനേജുസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുമാണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു്. അവർക്കുതന്നെ അതു കൊടുക്കണമെന്നു് ഞാൻ വാദിക്കുന്നില്ല. ഗവമെൻറു് നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി സ്ഥലം ഏറെറടുത്തു കൃഷിചെയ്യാൻ തയ്യാറുള്ള ആൾക്കു കൊടുക്കുന്നതിനും എനിക്കു വിരോധമില്ല. കൃഷിക്കു ഉപയുക്തമായ ഈ ഭൂമി തരിശായി ഇടരുതെന്നുമാത്രമെ എനിക്കു നിർബന്ധമുള്ളു.

എന്റെ സ്നേഹിതൻ ശ്രീ. കണ്ണൻ പറയുകയുണ്ടായി ഇവിടെ ഭക്ഷ്യോൽപ്പാദനം വർദ്ധിക്കാൻ പോകുന്നില്ലെന്നു്. എന്നാൽ അതോടൊപ്പം അതിന്റെ പരിഹാരത്തിനായി ഏതെങ്കിലും സൃഷ്ടിപരമായ നിർദ്ദേശംകൂടി തന്നിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. ഞാൻ സൃഷ്ടിപരമായ ഒരു നിർദ്ദേശമാണു് ഗവമെൻറിന്റെ മുമ്പിൽ വയ്ക്കുന്നതു്. ഈ സ്ഥലം കൃഷിക്കു വളരെ പററിയതാണു്. ഫുഡ്പ്രൊഡക്ഷൻ കമ്മിററി ആ സ്ഥലം സന്ദർശിക്കുകയും അതു കൃഷിക്കുപയുക്തമായ സ്ഥലമാണെന്നു റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുണ്ടു്. ഭക്ഷ്യക്ഷാമം വളരെ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു ഭക്ഷ്യോൽപ്പാദനവർദ്ധനവു് നമ്മുടെ ഏററവും അടിയന്തിരാവശ്യമായിരിക്കുന്ന ഇക്കാലത്തു് ഈസ്ഥലം വെറുതെ ഉപയോഗശൂന്യമായികിടക്കുവാൻ അനുവദിക്കരുതെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സ്ഥലം കൃഷിയാവശ്യത്തിനായി പാട്ടത്തിനു് കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പഴയ കൊച്ചിരാജ്യം നിലവിലിരുന്നു പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ ഒരപേക്ഷ ബോധിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു അന്നു കൊച്ചിയിലെ പ്രൈംമിനിസ്റ്ററായിരുന്ന ശ്രീ. ഇക്കണ്ടവാര്യർ അവർകൾ സ്ഥലത്തുപോയി പരിശോധിക്കുകയും അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുന്നതിനു് അവിടത്തെ തഹശീൽദാരേയും, എക്സിക്യൂട്ടീവ് എഞ്ചിനീയരേയും നിയോഗിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ടു് കൊവാപ്പറേററീവു് സൊസൈററിക്കു് അനുകൂലമായിരുന്നില്ലെന്നുമാത്രമല്ല, ആ സ്ഥലം ആ ഗഡുവിൽ കൃഷിക്കു് ഉപയുക്തമാക്കുന്നതു് അസാദ്ധ്യമായിരിക്കുമെന്നുമാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. അതിനെ തുടർന്നാണു് എന്റെ സ്നേഹിതൻ ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചു ഉത്തരവയച്ചിട്ടുള്ളതു്. ആ സ്ഥലത്തു ഞാനും എന്റെ സ്നേഹിതൻ ശ്രീ. പാളും ഒരുമിച്ചു പോയി നോക്കിയിട്ടുണ്ടു്. നൂറ്റി

ഏക്കർ വിസ്തീർണ്ണമാണ് ആ സ്ഥലത്തിനുള്ളത്. അതിൽ ൧൦ ഏക്കറാണ് ഉപ്പുണ്ടാക്കാൻ വിട്ടുകൊടുത്തിട്ടുള്ളത്. അവിടെ ഉപ്പുണ്ടാക്കാൻ സാദ്ധ്യമാണെന്നു ഗവൺമെന്റിനു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഈ ൧൦ ഏക്കർ സ്ഥലത്തുനിന്നും പരമാവധി ൫൦ ചാക്ക് ഉപ്പുമാത്രമേ ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് അറിയുന്നത്. ബാക്കിയുള്ള സ്ഥലത്തിന്റെ ഏതാനും ഭാഗം ഒരു ഫിഷ്പോണ്ടായി ഉപയോഗിക്കാമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. അവിടെ ഇപ്പോൾ ഏതോ ഒരാൾ മത്സ്യം പിടിച്ചുവരുന്നുണ്ടെന്ന് ശ്രീ. പാൾ പറഞ്ഞതിനാൽ അതു വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പാൾ: ഉപ്പുണ്ടാക്കുന്നതിനു സ്ഥലമെടുത്തിരിക്കുന്ന വ്യക്തിതന്നെയാണ് മത്സ്യം പിടിക്കുന്നത്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുണ്ടെങ്കിൽ അതു നിരോധിക്കുന്നതാണെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചുകൊള്ളുന്നു. ഈ ൩൬ ഏക്കറിൽ ഏതെങ്കിലും ഭാഗം ആക്രമിച്ചെടുത്തിട്ടുണ്ടെങ്കിൽ ആ ഭാഗം അയാളിൽനിന്നും വിട്ടൊഴിപ്പിച്ചെടുത്തു ഗവൺമെന്റ് കൈവശപ്പെടുത്തുന്നതാണ്. അവിടെ ഒരു ബണ്ടുണ്ടായിരുന്നു. ആ ബണ്ടിൽ തെങ്ങു നട്ടുപിടിപ്പിച്ചിരുന്നു എന്നാണ് ശ്രീ. പാൾ പറയുന്നത്. ഗവൺമെന്റ് ഭൂമിയിൽ തെങ്ങു വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു വിലകൊടുക്കേണ്ടിവരുമോ എന്നുള്ളതു സംശയമാണ്. ഏതായാലും ആ സ്ഥലം ഒഴിപ്പിച്ചെടുത്തു ഗവൺമെന്റിന്റെ കീഴിലാക്കുന്നതിനു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണസംഘത്തിന്റെ അപേക്ഷയിൽ പറയുന്നതു ൨൧൦-ൽ ചില്വാനം ഏക്കർ ഭൂമി കൃഷിക്കു ഉപയുക്തമാക്കുവാൻ സാധിക്കുമെന്നാണ്. കൃഷിക്കു ഉപയോഗപ്പെടുന്നതാണെങ്കിൽ തീർച്ചയായും ആ സ്ഥലം കൃഷിക്ക് ഉപയോഗിക്കുന്നതാണ്. അതിനെ സംബന്ധിച്ചു വീണ്ടും അന്വേഷണം നടത്തിവരികയാണ്. ആ അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല. ൨൧൫൦ അടി നീളമുള്ള ഒരു ബണ്ട് അതിലേയ്ക്കു ആവശ്യമാണ്. ഡ്രെയിനേജുവകയ്ക്കു രണ്ടു തോടുകൾ ഉണ്ടാക്കേണ്ടതും ആവശ്യമാണ്. സഹകരണസംഘത്തിന്റെ അപേക്ഷയിൽ പറയുന്നതു ബണ്ടിടുന്നതിനും പുതിയ തോടുകൾ വെട്ടുന്നതിനുമായി ഉദ്ദേശം ൫൦,൦൦൦ രൂപാ ചിലവു വരുമെന്നും ൨൫ കൊല്ലത്തേയ്ക്കു പാട്ടത്തിനു കൊടുക്കുന്ന പക്ഷം ഇതു് ഏറ്റെടുത്തു കൃഷി നടത്തുവാൻ അവർ സന്നദ്ധമാണെന്നുമാണ്. സഹകരണസംഘത്തിന്റെ അഭിപ്രായം ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധാഭിപ്രായമായി സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ആകെ മൊത്തം എന്തു ചിലവു വരുമെന്ന് അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരിക്കുകയാണ്. കൃഷിയ്ക്കു ചിലവാകുന്ന സംഖ്യയും ഈ ൨൧൦ ഏക്കർ സ്ഥലത്തുനിന്നും ആകെ മൊത്തം കിട്ടാവുന്ന ഭക്ഷ്യധാന്യങ്ങളുടെ വിലയും തമ്മിൽ തുലനം ചെയ്തു നോക്കുമ്പോൾ അവിടെ കൃഷിയിറക്കുന്നതു് ആദായകരമായിരിക്കുമോ എന്നു നോക്കേണ്ടതായിട്ടുണ്ട്. ൫൦,൦൦൦ രൂപാ ചിലവാക്കിയതിനുശേഷം വെറും നൂറോ, നൂറ്റൻപതോ പറ നെല്ലുമാത്രമെ കിട്ടുകയുള്ളുവെങ്കിൽ അതു് ആദായകരമല്ല. ആ സ്ഥലം അധികവും ചെളിയുള്ള പ്രദേശമാണ്. അവിടെയുള്ള ചെളി കൃഷിക്കു ഉപയോഗപ്രദമാക്കുന്നതിന് അനുയോജ്യമാണോ എന്ന് അന്വേഷിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഫിഷ്പോണ്ടിന്റെ കാര്യം എന്തായി എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷ്പോണ്ട് അനുവദിച്ചിട്ടുണ്ട്. അതു പ്രവർത്തനം തുടങ്ങിയിട്ടില്ല.

പണം ചിലവാക്കിയാൽ കൂടുതൽ ആദായം ആ സ്ഥലത്തുനിന്നും കിട്ടുമെന്ന് ഗവൺമെന്റിനു ബോദ്ധ്യമാകുന്നപക്ഷം പണം ചിലവാക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. സഹകരണസംഘത്തിനു കൊടുത്തുകൂടെന്നു ഗവൺമെന്റിനു അഭിപ്രായമില്ല. ആ സഹകരണസംഘം സാധാരണക്കാരുടേതാണെന്നും ൨൩൯ അംഗങ്ങളാണ് അതിൽ ഉള്ളതെന്നും അക്കൂട്ടത്തിൽ പണക്കാരാരും ഇല്ലെന്നും ഈ സ്ഥലം കൊടുക്കുന്നപക്ഷം കളക്റ്റീവ് ഫാമിങ്ങ് സമ്പ്രദായത്തിൽ കൃഷി നടത്താൻ സാധിക്കുന്നതാണെന്നും മററും അവരുടെ അപേക്ഷയിൽ പറഞ്ഞിട്ടുണ്ട്. ഏതായാലും എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ റിപ്പോർട്ടുവന്നതിനുശേഷം ഇതിനെ സംബന്ധിച്ചു വേണ്ട നടപടികൾ ജാഗ്രതയായി നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

Sri. M. I. Paul. One question.

Mr. Deputy Speaker. The mover can only make a short statement. No questions are allowed.

The House adjourned at 4-46 P. M. to meet again at 11. A. M. on Thursday the 29th March 1951.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Thursday, *the 29th March 1951*

VOL. III] OFFICIAL REPORT [No. 16

The Assembly met at 11 O'clock on Thursday, the 29th March, 1951 in the Legislative Chamber, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(N.B.—The numbers in brackets indicate numbers in the list of admitted Questions for the day.)

Oral Answers

TANADAR IN THE FOREST DEPARTMENT

*1148. [1] **Sri. T. P. Sitaraman**: Will the Hon'ble Minister for Forest be pleased to state.—

(*a*) what is the minimum qualifications for tanadar in the Forest Department in erstwhile Cochin and Travancore; and

(*b*) is it a fact that some tanadars and watchers in Cochin Forest Department were not duly confirmed for want of particular height?

Chief Minister **(Sri. C. Kesavan):**

(*a*) No qualifications are prescribed for tanadars in the erstwhile Cochin Forest Department. There is no post by the name of tanadar in the erstwhile Travancore Government.

(*b*) Twelve watchers and one tanadar, who were confirmed and whose services were dispensed with subsequently for want of minimum girth and height, have been dispensed with.

Sri. T. P. Sitaraman: Were they subsequently reinstated?

Sri. C. Kesavan: It was at first considered that the rules regarding height and girth for guards and officers of the Forest Department were also to be observed in the case of tanadars, but later on it was on the advice of the Public Service Commission that it was decided that no such rules should be observed, and therefore they were reinstated.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ ടാണാദാഴ്സിന്റെ നിയമനം നടത്തുന്നതു് ആരാണു്?

ശ്രീ. സി. കേശവൻ: ഗവണ്മെൻറാണു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ അതോ ഗവണ്മെൻറാണോ ടാണാദാഴ്സിന്റെ നിയമനം നടത്തുന്നതു്?

ശ്രീ. സി. കേശവൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ.

ശ്രീ. എ. കെ. പാച്ചുപിള്ള: ടാണാദാരുടെ ജോലിയെന്താണു്?

ശ്രീ. സി. കേശവൻ: ഫാറസ്റ്റിലുള്ള ചില ചില്ലറ ജോലികളാണു്. ഗാർഡുമാരുടെ കീഴിലുള്ള ചില ജോലികളാണു് അവക്കുള്ളതു്. തിരുവിതാംകൂർ സർവ്വീസിൽ ടാണാദാരന്മാർ ഇല്ല. കൊച്ചിൻ സർവ്വീസിൽ ആണു് ഇതുള്ളതു്. സർവ്വീസ് ഇൻറിഗ്രേഷൻ കഴിയുമ്പോൾ രണ്ടു സ്ഥലത്തും ഒരേവിധത്തിൽ ആവുന്നതാണു്.

APPOINTMENT OF TEACHERS

*1149. [2] **Sri. D. Gnanasigamoni :** Will the Hon'ble Minister for Education be pleased to state.—

(*a*) the number of managers of Secondary Schools who have applied to Government for appointment of teachers under the new scheme; and

(*b*) whether such appointments are made?

Minister for Food, Education and Labour **(Sri. T. K. Narayana Pillai) :**

(*a*) None, so far. Managers are not expected to apply to Government for the appointment of teachers.

(*b*) In view of the answer to part (*a*), this question does not arise.

കമ്മ്യൂണിസ്റ്റ് തടവുകാർ

*൧൧൫൦. †(൩) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ നവംബർ ൧൯-നുശേഷം കമ്മ്യൂണിസ്റ്റ് തടവുകാരിൽ ആരെയെങ്കിലും ജയിലിൽനിന്നും മോചിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെല്ലാം; എന്തു വ്യവസ്ഥയിന്മേൽ ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഈ ചോദ്യം സംബന്ധിച്ച വിവരങ്ങൾ ചോദിച്ചിട്ട് പോലീസ് കമ്മീഷണർ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് കിട്ടിയിട്ടില്ല. കമ്മീഷണർ ഇൻഡ്യൻ പ്രസിഡണ്ടിനോടുകൂടെ പോയിരിക്കുകയാണ്. അതുകൊണ്ടാണ് മുഴുവൻ വിവരങ്ങളും കിട്ടാഞ്ഞതു്. കിട്ടിയിടത്തോളം വിവരംവച്ച് മറുപടി പറയുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ടു മുഴുവൻ വിവരവും കിട്ടിയശേഷം മറുപടി പറയുകയായിരിക്കും ഉത്തമം എന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള : ജയിലിനെക്കുറിച്ചുള്ളതാണ് ചോദ്യം. ജയിലിൽനിന്നു് ആരെയെല്ലാം മോചിപ്പിച്ചു എന്ന വിവരം അറിയുന്നതിനു പോലീസ് കമ്മീഷണർ വേണ്ടല്ലോ ?

Sri. C. Kesavan : Instructions were given to the Inspector-General of Police to report to Government giving the information. His report has not yet been received. That is the real state of affairs. The member can put any interpretation on it.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*൧൧൫൧. †(൪) ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧൯൫൦ നവംബർ ൧൯-നുശേഷം കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; ആരെയെല്ലാം ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഇതും അതുപോലെ വിവരങ്ങൾ കിട്ടുവാനുള്ളതാണ്. അസംബിളി തീരുന്നതിനുമുമ്പ് കിട്ടുകയാണെങ്കിൽ അതിവിടെ സമർപ്പിക്കുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ ഇടപെട്ടിട്ടുള്ള എത്രപേരുടെ പേരിൽ കേസെടുത്തിട്ടുണ്ടു് ?

ശ്രീ. സി. കേശവൻ : വിവരങ്ങൾ കിട്ടിയിട്ടില്ല എന്നു ഞാൻ പറഞ്ഞുവല്ലോ. അതു് കിട്ടിയിരുന്നുവെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ

†Answers to question Nos. (3) and (4) were subsequently laid on the Table on 3rd April 1951.

പ്രവർത്തിച്ചിരുന്നുവെന്നും, അല്ലെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ വേണ്ട ഉപദേശം കൊടുത്തിരുന്നുവെന്നും കാണാമായിരുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ പേരിൽ അറസ്റ്റ് ചെയ്തു തടങ്കലിൽ വച്ചിരുന്നവരെ മദ്രാസ്, കല്ക്കട്ടാ മുതലായ ഹൈക്കോടതികൾ വിട്ടയച്ചിട്ടുള്ളതായി ഗവർമ്മെന്റിനറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*൧൧൫൨. (൫) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

കമ്മ്യൂണിസ്റ്റ് പ്രവർത്തകരിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ കേസ്സെടുത്തു വിചാരണനടത്താതെ വെറും തടങ്കൽപുള്ളികളായി ഇരിക്കുന്നവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ട്. അവരുടെ പേർ അനുബന്ധമായി ചേർത്തിട്ടുണ്ട്. അതു് മേശപ്പുറത്തുവച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇത്രയും ആളുകളുടെ പേരിൽ കേസ്സെടുക്കാതെ തടങ്കലിൽവച്ചുകൊണ്ടിരിക്കുവാൻ നിയമമുണ്ടോ?

ശ്രീ. സി. കേശവൻ: രാജ്യത്തിലെ സമാധാനപാലനത്തിനുവേണ്ടിയാണ് അവരെ തടങ്കലിൽ വച്ചിരിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: കേന്ദ്രഗവർമ്മെന്റിൽനിന്ന് വല്ല നിർദ്ദേശവും കിട്ടിയിട്ടുള്ളതനുസരിച്ചാണോ അവരെ തടങ്കൽ പുള്ളികളായി വച്ചുകൊണ്ടിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: അല്ല.

LIST PLACED ON THE TABLE IN ANSWER TO QUESTION 1152 (5)

Names of the communists now in detention

1. R. Sugathan
2. T. V. Thomas
3. V. A. Simon
4. P. G. Padmanabhan
5. V. L. Thomas
6. C. P. Elango
7. C. K. Velayudhan
8. V. K. Sreedharan (Kattachakonam)
9. C. G. Sadasivan
10. K. T. Jacob
11. K. R. Gouri
12. Sadanandan (Kattachakonam)
13. Balakrishnan Nayar
14. C. S. Ramakrishnan
15. K. Dass
16. N. Sivan Pillai
17. C. K. Kumaran
18. K. K. Kunjan
19. P. Fakeerkhan
20. P. Bhaskaran Nayar
21. Issae Stewart

ഗവർമ്മെണ്ടുവക തെങ്ങിൻതോപ്പ്.

*൧൧൫൩. †(വ) ശ്രീമതി ദേവകി ഗോപിദാസ്; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ ഗവർമ്മെണ്ടുവകയായി ഒരു തെങ്ങിൻതോപ്പുണ്ടോ;

(ബി) അതിപ്പോൾ ആരുടെ കൈവശമാണ്;

†The question was put by Sri M. I. Paul with the permission of the chair.

(സി) അതിൽനിന്നു ഒരാണ്ടിൽ എന്താദായം കിട്ടുന്നു; അതിന്റെ ഒരാണ്ടത്തെ സംരക്ഷണ ചിലവു് എന്താണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.
(ബി) അവശസമുദായോന്നമന വകുപ്പിന്റെ കീഴിൽ.
(സി) എന്തു് ആദായം കിട്ടുമെന്നുള്ളതിനെക്കുറിച്ചു സൂക്ഷ്മവിവരങ്ങൾ കിട്ടീയിട്ടില്ല. സംരക്ഷണത്തിനു ഒന്നും ചിലവാകുന്നില്ല.

ശ്രീ. എം. ഐ. പാറം: നല്ലതങ്ക എന്ന സിനിമാപിക്ച്ചറിൽ ഈ തെങ്ങിൻതോപ്പിന്റെ നശിച്ച ഒരു ഭാഗം പ്രദർശിപ്പിച്ചിട്ടുണ്ടു്. ആ സിനിമായിൽ കൂടിയെങ്കിലും അതിനെപ്പറ്റി അറിയുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

Mr. Speaker: That quesion is disallowed.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് ആക്കെങ്കിലും പാട്ടത്തിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിൽനിന്നു ഗവമ്മെണ്ടിനു വല്ല ആദായവും കിട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആദായത്തിന്റെ പൂണ്ണ വിവരങ്ങളെക്കുറിച്ചു ഇപ്പോൾ അറിയുവാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ വീടുകൾ കെട്ടിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ വീടുകൾ കെട്ടുന്നതിനു ശ്രമം നടക്കുന്നുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ

*൧൧൭൪ (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ —

(എ) ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ എപ്പോഴെങ്കിലും ആവശ്യത്തിലധികമായിപ്പോകുന്നുണ്ടോ എന്നു് പരിശോധിക്കാറുണ്ടോ;

(ബി) അവർ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തണമെന്നു നിഷ്കഷയുണ്ടോ;

(സി) ഫിഷറീസ് സൂപ്രണ്ടു് ൧൧–൨–൧൧൨൬ കൊണ്ടവസാനിച്ച ഒരു വർഷത്തിൽ എത്രദിവസം തൃശ്ശൂർ ഡിസ്ട്രിക്റ്റിലും എത്രദിവസംവീതം മററു മൂന്നു ഡിസ്ട്രിക്ടുകളിലും സഞ്ചരിച്ചിട്ടുണ്ടു്;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ ഒരു വർഷത്തിൽ എത്ര ദിവസം ആഫീസിൽ ഹാജരായിട്ടുണ്ടു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) ഉണ്ടു്.
(ബി) ഇല്ല.
(സി) വടക്കൻ ഡിസ്ട്രിക്ടിൽ ൧൦൧ ദിവസവും മററു മൂന്നു ഡിസ്ട്രിക്ടുകളിലുംകൂടി ൭൨ ദിവസവും സഞ്ചരിച്ചിട്ടുണ്ടു്.
(ഡി) ൧൩൧ ദിവസം ആപ്പീസിൽ ഹാജരായിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മാസത്തിൽ ഇത്രദിവസം സഞ്ചരിക്കണമെന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങനെയുള്ളതായി അറിയുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സഞ്ചാരം ആവശ്യത്തിലധികമായിപ്പോയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതെങ്ങിനെയാണ്?

ശ്രീ. സി. കേശവൻ: ടൂർപ്രോഗ്രാം ഗവമ്മെൻറിലേയ്ക്കു അയക്കും. അതു ഗവർമ്മെൻറ് അപ്രൂവ് ചെയ്യണമെന്നുണ്ട്. ടൂർകഴിഞ്ഞാൽ അതിൻെറ റിപ്പോർട്ട് ഗവർമ്മെൻറിലേയ്ക്കു വരും. അപ്പോൾ പരിശോധിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപരിപാടികൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണോ ഗവർമ്മെൻറിൻെറ വിചാരം?

ശ്രീ. സി. കേശവൻ: ആവശ്യം ഇല്ലെന്നു പറഞ്ഞില്ല. അതു് നിർബ്ബന്ധമല്ല എന്നാണു് പറഞ്ഞതു്.

മത്സ്യവ്യവസായികൾക്കു് സൌജന്യം

*൧൧൫൫ (൧൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെകാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) നമ്മുടെ സ്റ്റേറ്റിലുള്ള മത്സ്യവ്യവസായികൾക്ക നൂൽവിലയിൽ ൨൫ ശതമാനം കുറവുചെയ്തു കൊടുക്കുന്നതിനു ഗവർമ്മെൻറു ആലോചിക്കുന്നുണ്ടോ;

(ബി) നമ്മുടെ സ്റ്റേറ്റിലുള്ള മത്സ്യവ്യവസായികൾക്ക ഇത്തരം സൗജന്യം ആവശ്യമാണോ എന്നു ഗവർമ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നൂൽ വിലയിൽ കുറവുചെയ്തുകൊടുക്കുന്നതിനെപ്പററി ഇപ്പോൾ ആലോചനയില്ല.

(ബി) നൂൽവിലയിൽ സൗജന്യം ചെയ്തുകൊടുക്കുന്നതു മത്സ്യവ്യവസായികൾക്ക ഉപകാരപ്രദമായിരിക്കും. ഇപ്പോൾ ആവശ്യമുള്ള നൂൽതന്നെ കിട്ടുവാൻ പ്രയാസമായിരിക്കുന്നതിനാൽ വില കുറയ്ക്കുന്നകാര്യം ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. മദ്രാസിൽ മത്സ്യവ്യവസായികൾക്ക നൂൽ വിലകുറച്ചു കൊടുക്കുന്നതായി ഗവമ്മെൻറിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ചൂണ്ട ഉപയോഗിച്ചു മത്സ്യം പിടിക്കുന്നവരെ മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അവരേയും മത്സ്യവ്യവസായികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി അവക്കും നൂൽ സൗജന്യവിലയ്ക്കു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സംഘടിപ്പിച്ചിട്ടുള്ള ഒരു വ്യവസായം ഉള്ളതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നെയ്യാററിൻകരയിൽ ചില സ്ഥലങ്ങളിൽ വളരെ അധികം ആളുകൾ സംഘടിച്ചുനിന്നു് ആ വ്യവസായം നടത്തിവരുന്നതായി ഗവമ്മെൻറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിൽനിന്നു അങ്ങനെയുള്ള വ്യവസായികൾ ഉണ്ടെന്നുള്ളകാര്യം ഗവമ്മെൻറു ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

LETTER FROM THE SECRETARY TO THE COCHIN COCONUT GROWERS' ASSOCIATION.

***1156. (13) Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the Government have received from the Secretary to the Cochin Coconut Growers' Association a letter dated the 10th March 1951;

(*b*) if so, what are the suggestions made by him in that letter and what action the Government have taken on those suggestions?

Minister for Food, Education and Labour **(Sri. T. K. Narayana Pillai):**

(*a*) and (*b*) Yes; a letter was received only on 27—3—1951. Hence, further information is not available at present.

തുണി

*൧൧൫൭. (൧൪) ശ്രീ. എസ്സ്. ശിവരാമനാശാരി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിൾസപ്ലൈസ്സുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കൊല്ലത്തും മററു ചില സ്ഥലങ്ങളിലും ജനങ്ങൾക്കു് ധരിക്കുന്നതിനുള്ള ഒററ വസ്ത്രംപോലും മൂന്നും നാലും മാസക്കാലമായി കിട്ടുന്നില്ല എന്നുള്ള പരാതി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): മൽ, കോറ മുതലായ തുണികൾ കിട്ടുവാൻ ഇപ്പോൾ വിഷമമുണ്ടെന്നു് ഗവമ്മെൻറിനറിയാം.

ശ്രീ. എസ്സ്. ശിവരാമനാശാരി: എപ്പോൾ ഈ ക്ഷാമം തീൎന്നു് തുണി കിട്ടും?

ശ്രീ. ടി. കെ. നാരായണപിള്ള: ഏപ്രിൽമാസത്തോടുകൂടി ഈ ക്ഷാമത്തിനു് പരിഹാരമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഒരു വസ്ത്രവും ഇല്ലെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയല്ല.

ശ്രീ. പി. കെ. ഡീവർ: ഉള്ള തുണികൾ എങ്കിലും ശരിയ്ക്കു് ആളുകൾക്കു് വിതരണം ചെയ്യുന്നതിനു് ഗവമ്മെൻറു് എന്തെങ്കിലും ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെക്കുറിച്ചു് ഗവമ്മെൻറു് വളരെ ഗൗരവമായി ആലോചിച്ചു വരികയാണു്.

ശ്രീ സി. സി. പ്രസാദ്: സർ, ഞാൻ ഒരു പായിൻറു് ആഫ് ആർഡർ ഉന്നയിക്കുന്നു. ഞാൻ ഒരു ഷാർട്ടു് നോട്ടീസ്സു് ക്വസ്റ്റ്യൻ അയച്ചിരുന്നു. ആ ക്വസ്റ്റ്യൻ ഇന്നലെ അൺസ്റ്റാർഡ്ഡ് ക്വസ്റ്റ്യൻ ആയി ഗവമ്മെൻറു് അംഗീകരിച്ചിരുന്നു. എന്നാൽ ഇന്നലെ അതിൻെറ മറുപടി മേശപ്പുറത്തു് അന്വേഷിച്ചതിൽ കണ്ടില്ല. അതിൻെറ ഉത്തരം ഇതേവരെ കിട്ടിയിട്ടില്ല. ഇന്നലെ

അതിന്റെ ഉത്തരം കിട്ടുന്നതാണെന്നു് പറഞ്ഞിരുക്കുന്ന സ്ഥിതിക്കു് ആ ഉത്തരം മേശപ്പുറത്തു് വയ്ക്കാതിരുന്നതു് ശരിയാണോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യത്തിന്റെ ഉത്തരം തയാറാകുമ്പോൾ ഇവിടെ കൊണ്ടുവരുന്നതായിരിക്കും.

ശ്രീ. സി. സി. പ്രസാദ്: ഉത്തരം തയാറായി വരുന്നതിനു് എത്ര ദിവസം കാത്തിരിക്കണം?

മിസ്റ്റർ സ്പീക്കർ: ഉത്തരം തയാറാകുന്നതുവരെ കാത്തിരിക്കണം.

ശ്രീ. സി. സി. പ്രസാദ്: ഈ സെഷനിൽതന്നെ അതിനു ഉത്തരം തയാറായി കിട്ടുമോ?

മിസ്റ്റർ സ്പീക്കർ: ഈ സെഷൻ തീരുന്നതിനുമുമ്പു് അതിന്റെ ഉത്തരം തയാറായി വരികയാണെങ്കിൽ കിട്ടുന്നതായിരിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ: ചോദ്യം അനുവദിച്ചു കഴിഞ്ഞു് ഇന്നദിവസം ഉത്തരം പറയുമെന്നു പറഞ്ഞാൽ ആ ദിവസംതന്നെ അതു് മേശപ്പുറത്തു വയ്ക്കേണ്ട ചുമതല മന്ത്രിമാർക്കു ഇല്ലയോ? എല്ലാ ദിവസവും മേശപ്പുറത്തു ഉത്തരം ഉണ്ടോയെന്നു അന്വേഷിക്കാൻ കഴിയുമോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം ഈ സന്ദർഭത്തിൽ ഉദിക്കുന്നില്ല. ഇവിടെ പ്രസ്താവിച്ചതു് അൺസ്റ്റാർഡ് ക്വസ്റ്റ്യനെപ്പറ്റിയാണു്.

ശ്രീ. സി. വി. ഇയ്യു: സർ, കഴിഞ്ഞ ദിവസം ഇതുപോലെയുള്ള ഒരു സംഗതി സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയുണ്ടായി. ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ഇന്നദിവസം ആൻസർചെയ്യണമെന്നു പറഞ്ഞിരുന്നുവെങ്കിലും അന്നേ ദിവസം അതിന്റെ ഉത്തരം മേശപ്പുറത്തു വച്ചിരുന്നില്ല.

മിസ്റ്റർ സ്പീക്കർ: അൺസ്റ്റാർഡ് ക്വസ്റ്റ്യൻസും സ്റ്റാർഡ് ക്വസ്റ്റ്യൻസും അജണ്ടായിൽ കൊള്ളിച്ചിട്ടുള്ള ദിവസം ഉത്തരം തയ്യാറായിട്ടില്ലെങ്കിൽ ഉത്തരം സഭയിൽ തരുന്നതിനൊ മേശപ്പുറത്തു വയ്ക്കുന്നതിനൊ സാധിക്കുന്നതല്ല. ഉത്തരം തയാറാകുന്ന മുറയ്ക്കു മേശപ്പുറത്തു വയ്ക്കുന്നതാണു്. എന്നാൽ ഷാർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ഏതുദിവസം ലിസ്റ്റിൽ കൊള്ളിച്ചിരിക്കുന്നുവൊ അന്നേദിവസം തന്നെ അതിലേക്കു ഉത്തരം തരുന്നതാണു്.

ശ്രീ. എം. ഐ. പാഠം: ഇന്നത്തെ അജണ്ടായിൽ എതാനും ചോദ്യങ്ങൾ മാത്രമെ ഉത്തരത്തിനായി വച്ചിട്ടുള്ളു. അതു് മെമ്പർമാർ ചോദ്യങ്ങൾ അയക്കാഞ്ഞിട്ടാണോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം ഇപ്പോൾ സംഗതമല്ല.

ശ്രീ. സി. സി. പ്രസാദ്: സർ, ഞാൻ ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു് എനിക്കു വളരെ ഹൃദയവേദനയുള്ള ഒരു കാര്യമായതുകൊണ്ടാണു്. പിന്നോക്ക സമുദായക്കാർക്കുവേണ്ടി ഏകദേശം പതിനായിരം രൂപയോളം...........

Mr. Speaker: No more discussion about that. Has the Minister concerned to say anything on this?.

Sri. C. Kesavan: Yesterday there was a question on this subject. As the answer has not been furnished till now, I shall make arrangements for placing the answer on the table today.

Mr. Speaker: Answer to that question will be placed on the table today. ഉത്തരം കഴിഞ്ഞ ദിവസംതന്നെ വയ്ക്കാനുള്ളതായിരുന്നു. എന്നാൽ വച്ചതായി

കാണുന്നില്ല. ഉത്തരം ഇന്നുതന്നെ മേശപ്പുറത്തു വയ്ക്കുവാൻ ഏർപ്പാടു ചെയ്യുന്നുണ്ട്. അങ്ങനെ വച്ചില്ലെങ്കിൽ വിവരം സഭയെ അറിയിക്കാവുന്നതാണ്.

UNSTARRED QUESTION AND ANSWER

Answer to the following unstarred question No. 2 of the 28th March is laid on the table on the 29th March

ENQUIRY COMMITEE

124 [2] **Sri. C. C. Prasad:** Will the Hon'ble Minister for Backward Communities be pleased to state,—

(*a*) whether an enquiry committee was constituted by the Government to enquire and report the progress work of the grant-in-aid institutions that are working for the uplift of the Backward Communities (Scheduled Castes) of the State;

(*b*) what are the terms of reference of the committee ,

(*c*) when was it constituted;

(*d*) is there any time limit for the submission of the report;

(*e*) has the report been submitted;

(*f*) how much amount was spent so far;

(*g*) when will the committee cease to function;

(*h*) what is the rate of allowance and mileage sanctioned to the committee;

(*i*) who are the members of the committee;

(*j*) were the scheduled caste M.L.As. consulted before constituting the committee?

Chief Minister **(Sri. C. Kesavan)**—(*a*) Yes.

(*b*) The terms of reference to the committee are given in the appendix:

(*c*) 21—7—1950.

(*d*) Yes.

(*e*) No.

(*f*) Rs. 6651—6—0 up to 21—3—1951.

(*g*) The period of the committee has already expired on 31—1—1951. But its report has not yet been received by the Government.

(*h*) The T.A. and D.A. admissible to the members of the Assembly.

(*i*) The members of the committee are.—

Sri E. Bhaskaran, M.L.A.
„ N. S. Kochukunju, M.L.A.
„ K. Kuttappan, M.L.A.
„ T. T. Kesavan Sastri, M.L.A.
„ R. Achuthan, M.L.A.

(*j*) The committee was constituted on the recommendation of the Advisory Committee for the uplift of Backward Communities.

Appendix

The terms of reference to the committee shall be the following :—

(1) What all spheres of activities of private institutions in the cause of Harijan uplift should, in the opinion of the committee, receive financial and other assistance from the Government;

(2) Do the institutions and organisations, which at present receive grants, deserve, help from the department;

(3) If they deserve, what should be the nature and extent of help to be rendered to them, and the time-limit;

(4) Should new institutions and organisations be awarded financial assistance;

(5) Should communal organisations be given help and if so, in what manner; and

(6) What should be the nature and extent of the control of the Department for the Advancement of Backward Communities over the institutions and organisations receiving help ?

BREACH OF PRIVILEGE REGARDING ARTICLE IN THE MALAYALI

മിസ്റ്റർ സ്പീക്കർ: ഇന്നലെ question of privileges നെപ്പററി സഭയിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. അതു സംബന്ധിച്ച് ഇന്ന് ഒരു നോട്ടീസ് വന്നിട്ടുണ്ട്.

It reads:

This is to give you notice under rule 58 of the Travancore-Cochin Legislative Assembly Rules that I intend raising a matter of privilege in regard to a passage in "The Malayali" dated 28—3—1951 under the caption 'എക്സിക്യൂട്ടീവിൽ നിന്ന് തുരുതുരെ രാജികൾ' extracted and given hereunder accusing the Speaker of partiality and otherwise reflecting on the character, conduct and action of the Speaker in the discharge of his duty as Speaker of this Assembly.

"പ്രധാനമന്ത്രി നാളത്തെ യാത്രമാററി വയ്ക്കുകയോ, കക്ഷിരഹിതൻ വല്ല മുട്ടന്യായങ്ങളും തപ്പിപിടിക്കുകയോ, ചെയ്യില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാനിടയുണ്ട്."

That is the passage extracted.

Sri C. V. Iyyu. May I know whether my position as Member has been usurped by anybody?

Mr. Speaker : No fear.

Sri C. V. Iyyu: I am afraid I belong to no party. Hence the question.

Mr. Speaker : The member need not have any anxiety on that account.

The rules relevant to the points raised are.—

"57. Subject to the provisions of these rules, a member may, with the consent of the Speaker, raise a question involving a breach of privilege either of a member, or of the House or of a Committee thereof.

58. A member wishing to raise a question of privilege shall give notice in writing to the Secretary before the commencement of the sitting on the day the question is proposed to be raised.

59. The right to raise a question of privilege shall be governed by the following conditions.—

(*i*) not more than one question shall be raised at the same sitting ;

(*ii*) the question shall be restricted to a specific matter of recent occurrence.

60. The Speaker, if he gives consent under Rule 57 and holds that the matter proposed to be discussed is in order, shall, after the questions and before the list of business is entered upon, call the member concerned, who shall rise in his place and, while asking for leave to raise the question of privilege, make a short statement relevant thereto :

Provided that where the speaker has refused his consent under Rule 57 or is of opinion that the matter proposed to be discussed is not in order, he may, if he thinks it necessary, read the notice of question of privilege and state that he refuses consent or holds that the notice of question of privilege, is not in order;

Provided further that the Speaker may, if he is satisfied about the urgency of the matter, allow a question of privilege to be raised at any time during the course of a sitting after the disposal of questions.

61. If leave under Rule 60 is granted, the question shall be referred to a Committee of Privileges on a motion made by the Leader of the House or any other member to whom he may delegate his function under this sub-rule."

So the discretion seems to be left to the Leader of the House.

Again Rule 72 reads

"Notwithstanding anything contained in these rules, the Speaker may refer any question of privilege to the Committee of Privileges for examination, investigation or report."

In regard to this matter it appears the only question before the House is whether the passage in question can be interpreted as casting a reflection on the Speaker, or so as to make it appear that the Speaker in his dealings, in his attitude and in his disposal of the business of the House is showing or has shown any partiality.

ഇതു വായിച്ചുനോക്കിയതിൽ "സി. കേശവൻ നാളത്തെയാത്ര മാററിവെയ്ക്കുകയോ, കക്ഷിരഹിതൻ വല്ലമുട്ടു ന്യായവും തപ്പിപ്പിടിക്കുകയോ," എന്നു പറയുന്നതിൽനിന്നും സ്പീക്കർ പക്ഷപാതം കാണിച്ചുവെന്നു് വെളിവാകുന്നില്ല. കക്ഷിരഹിതൻ വല്ല മുട്ടുന്യായവും തപ്പിപ്പിടിച്ചാൽ എന്നു പറയുമ്പോൾ അങ്ങനെ സാധാരണ തപ്പിപിടിക്കുന്ന ഒരു പതിവ് ഉണ്ടെന്നു് അർത്ഥമില്ല. നേരെമറിച്ചു് തപ്പിപിടിച്ചാൽ എന്ന പദപ്രയോഗം കൊണ്ടു് ആ പതിവില്ലെന്നും അതു സ്പീക്കർ സഹായത്തമാക്കിട്ടുള്ള ഒരു പ്രയോഗമല്ലെന്നും അർത്ഥമാക്കിട്ടുള്ളതായി വ്യാഖ്യാനിക്കേണ്ടതാണു്. 'കക്ഷിരഹിതൻ' എന്നു പറയുന്നതു് സ്പീക്കറെ ഉദ്ദേശിച്ചു് ആണെന്നുതന്നെ വിചാരിച്ചാൽ തന്നെയും പ്രസ്താവനയിൽ ആക്ഷേപസൂചകമായി ഒന്നും കാണുന്നില്ല.

Sri. P. Balakrishnan Tampi; Why should the Hon'ble Member Mr. Iyyu be perturbed over this? There are other people as well.

Mr. Speaker. The Member has no particular reason to feel vexed or aggrieved.

Sri C. V. Iyyu. Why should the Hon'ble Member presume that the passage referred to refers to the Speaker?

Mr. Speaker: If the reference in question applies to the member he may appropriate it.

സാഹിബ്ബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു്: സർ, ഇതു സംബന്ധിച്ചു് എനിക്കു് വേറൊരു കാര്യം പറയാനുണ്ടു്. സ്പീക്കർ ലീഡർ സ്ഥാനത്തിനു് ഒരു സ്ഥാനാർത്ഥിയായിരുന്നുവെന്നുള്ളതിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദം ഉണ്ടായപ്പോൾ സ്പീക്കർതന്നെപറഞ്ഞു, സ്പീക്കർ ഒരു കക്ഷിയായിരിക്കുന്നതിൽ വിരോധമില്ലെന്നാണു് സ്പീക്കേഴ്സ് കോൺഫറൻസിൽ തീരുമാനിച്ചതെന്നു്. ആ നിലക്കു് 'കക്ഷിരഹിതൻ' എന്ന പ്രയോഗം സ്പീക്കറെ സംബന്ധിക്കുമോ, എന്നാണു് എന്റെ സംശയം.

മിസ്റ്റർ സ്പീക്കർ: ഞാൻ മുമ്പുപറഞ്ഞതുപോലെ കക്ഷിരഹിതൻ എന്നു പറഞ്ഞിരിക്കുന്നതു് സ്പീക്കറെ ഉദ്ദേശിച്ചായിരിക്കുമെന്നു് വിചാരിക്കാവുന്നതുകൊണ്ടു് ആ നിലയിൽ റൂളിങ്ങ് കൊടുത്തിട്ടുള്ളതാണു്. ഞാൻ സ്പീക്കേഴ്സ് കോൺഫറൻസിൽവെച്ചു് സ്പീക്കർ ഏതെങ്കിലും ഒരു കക്ഷിയിൽ പെടുന്നതിനു് വിരോധമില്ലെന്നു് തീരുമാനിച്ചതായി പറഞ്ഞില്ല. ഞാൻ പറഞ്ഞതു്, കാൺട്രോവെഴ്സ്യൽ പാളിററിക്സിൽ സ്പീക്കർ ഇടപെടുന്നതു് ശരിയല്ലെന്നു് കാൺഫറൻസ് തീരുമാനിച്ചുവെന്നാണു്.

ശ്രീ. സി. വി. ഇയ്യു: സർ, കക്ഷിരഹിതൻ എന്നുപറഞ്ഞാൽ ഒരു പാർട്ടിയിലും അംഗമല്ലാത്ത ആൾ എന്നല്ലയോ അർത്ഥം?

മിസ്റ്റർ സ്പീക്കർ: ആ പദത്തെപ്പറ്റി കൂടുതലായി വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല.

Sri. D. Gnanasigamoni: The passage says that the Speaker is trying to find out 'മുട്ടന്യായം'. Evidently it is not 'ന്യായം' that he tries to find out. So it is an allegation of partiality on the Speaker.

മിസ്റ്റർ സ്പീക്കർ: 'മുട്ടന്യായം കണ്ടുപിടിക്കുക' എന്നുള്ളതു് സ്പീക്കറുടെ പതിവായ ഒരു പ്രത്യേകസ്വഭാവമാണെന്നു് അർത്ഥം വരത്തക്കരീതിയിൽ പ്രത്യക്ഷമായൊ പരോക്ഷമായൊ ഒന്നുംതന്നെ ഈ പ്രസ്താവനയിൽ ഉണ്ടെന്നു് വിചാരിക്കാൻ ന്യായമില്ല. മാത്രമല്ല മുട്ടന്യായങ്ങൾ കണ്ടുപിടിക്കുക എന്നുള്ളതു് സ്പീക്കർക്കു് സാധാരണവുമല്ല. ഉത്തരവാദിത്വം ഉള്ള പത്രങ്ങൾ ഈ സഭയുടേയും സ്പീക്കറുടേയും അന്തസ്സിനു് വിപരീതമായി വല്ല പ്രസ്താവനയും പുറപ്പെടുവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് പ്രവർത്തിച്ചതെന്നു തോന്നുന്നുമില്ല. മാത്രവുമല്ല, ഇതൊരു വാദപ്രതിവാദ വിഷയമാക്കി പ്രിവിലേജ് കമ്മററിക്കു് അയക്കത്തക്കവണ്ണം ഉള്ള പ്രാധാന്യവും ഇതിലില്ല. അതുകൊണ്ടു് ഈ മോഷൻ വാദപ്രതിവാദം ചെയ്യുന്നതു് ശരിയായിരിക്കുമെന്നു് തോന്നുന്നില്ല. എന്നാൽ ഈ നിയമസഭയിൽ നടക്കുന്ന പരിപാടികളെക്കുറിച്ചു് ശരിയായ വിധത്തിൽ പ്രസിദ്ധപ്പെടുത്താതെ തെററായ അർത്ഥത്തിൽ ചില പത്രങ്ങൾ പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു് പൊതുജനങ്ങളെ തെററിധരിപ്പിക്കാൻ ഇടവരുത്തുന്നുണ്ടു്. ഈവിധ പ്രവൃത്തികൾ തുടർന്നുകൊണ്ടു പോകാതിരിക്കാൻ പത്രങ്ങൾ ശ്രദ്ധിക്കേണ്ടതാണു്. അതിനായി പ്രത്യേകം ഒരു പത്രത്തിനെ എടുത്തു പറയുകയോ അല്ലെങ്കിൽ ഉപദേശിക്കയൊ ചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല.

Sri. K. S. Joseph: Sir, sometime ago I raised a question of privilege regarding a statement made in the "Deshbandhu." I wish to know what has happened to that question.

Mr. Speaker: The matter has been referred to the Committee of Privileges.

Sri. K. S. Joseph: May I know what has taken place?

Mr. Speaker: That is not a matter for discussion now.

Sri. K. S. Joseph: Has not this House a right to know what has happened about it?

Mr. Speaker: This House has every right to know that, but at the proper time.

Sri. K. S. Joseph: I raise this now because at the time when the matter was raised in this House, it was stated that the decision of the Committee would be made known to the House immediately.

Mr. Speaker: The question has been referred to the Committee. If the member wants any information about the matter he may obtain the same from the office or from me in my chamber.

ശ്രീ. എം. ഐ. പാൾ: സർ, ബഹുമാനപ്പെട്ട മെമ്പർ മി. ജൂവിനെ ഊരുമ്പാറക്കയക്കണമെന്നു ഒരു പത്രത്തിൽ കണ്ട വാർത്തയെപ്പററി ഗവമ്മെൻറിൽ നിന്നും വല്ല നടപടികളും ആ പത്ര ഉടമസ്ഥനോടു് എടുക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

Mr. Speaker: My answer to the previous question as to the occasion for asking for the information and the method of obtaining it applies to this question also.

VOTING OF DEMANDS FOR GRANTS

Demand XXXII—Extraordinary charges—*(cont.)*

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചു് ഗവമ്മെണ്ടിൻെറ നയം, കൺട്രോൾ നിയന്ത്രണമുള്ള സാമാ

[Sri. T. K. Narayana Pillai]

നങ്ങളുടെ, പ്രത്യേകിച്ചു ഇരുമ്പ്, വസ്ത്രം മുതലായവയുടെ വിതരണത്തിലും സംഭരണത്തിലും ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ ഇവയെ ഉന്നയിച്ചുകൊണ്ടു് ചില ഖണ്ഡനോപക്ഷേപങ്ങൾ ബഹു. ഏതാനും അംഗങ്ങൾ ഈ സഭയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കയുണ്ടായി. ഗവൺമെന്റിന്റെ നയം ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ എത്രമാത്രം കേന്ദ്രീകരിച്ചിട്ടുണ്ടെന്നു് ഇതിനകംതന്നേ വ്യക്തമാക്കിയിട്ടുണ്ടു്. ആഹാരസാധനങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കു് ഏററവും ചുരുങ്ങിയ കാലത്തിനുള്ളിൽ സ്വയം പര്യാപ്തത കൈവരുത്താൻ സാധിക്കുമോയെന്നും അങ്ങനെ സാധിക്കണമെങ്കിൽ അതിലേക്കുവേണ്ടി എന്തു നടപടികളാണു് സ്വീകരിക്കേണ്ടതു് എന്നുമുള്ളതിനെപ്പററി നല്ലതുപോലെ ചിന്തിച്ചതിന്റെ ഫലമായിട്ടു് പ്രധാനമായി മൂന്നു സംഗതികളാണു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതു്. നെടുംകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു് ആവശ്യമായിട്ടുള്ള പരിപാടി ഗവൺമെണ്ടു് എടുത്തുകഴിഞ്ഞിട്ടുണ്ടെന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ദേവികുളം, പീരുമേടു് മുതലായ സ്ഥലങ്ങളിൽ ഈ വക കൃഷികൾക്കു് വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കൃഷിസംബന്ധമായി പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായിട്ടില്ലെന്നു് പ്രസ്താവിച്ചതിൽ വലിയ പരമാർത്ഥമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. കാരണം ആ സ്ഥലങ്ങളിൽനിന്നും മൂന്നു ലക്ഷം മുതൽ ൪ ലക്ഷംപറ നെല്ലുവരെ വിളയിക്കാൻ സാധിച്ചിട്ടുണ്ടു്. അങ്ങനെ വിളയിച്ച നെല്ലിൽനിന്നും ഗവൺമെണ്ടു് ൭൫,൦൦൦ പറ നെല്ലു എടുത്തിട്ടും ഉണ്ടു്. അതുപോലെതന്നെ നെടുംകൃഷിക്കായി പത്തനാപുരം താലൂക്കിൽ വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും ഗവൺമെൻറു് ഗണ്യമായ തോതിൽ നെല്ലു എടുത്തിട്ടുണ്ടു്. ഈ കാരണങ്ങൾ വച്ചുനോക്കിയാൽ നെടുംകൃഷി സമ്പ്രദായം വിജയപ്രദമായി പ്രവർത്തനം നടക്കുന്നുവെന്നു് കാണാൻ കഴിയും. പൊതുവെ കൃഷിക്കു വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പററി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയെപ്പററി ഗവൺമെൻറു് വേണ്ട അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു്. വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഭൂമികൾ ആരുടെയെല്ലാം കൈവശത്തിലിരിക്കുന്നുവോ അവരെയെല്ലാം ഒരു സഹകരണസംഘം മുഖേന സംഘടിപ്പിച്ചു് കൃഷിചെയ്യണമെന്നാണു ഗവൺമെൻറു് ഉദ്ദേശിക്കുന്നതു്. അതിലേക്കു് ഒരു സെക്രട്ടറിയെ നിയമിച്ചു് ആ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഈ വക സഹകരണസംഘം കൃഷി പ്രവർത്തനം നടത്തണമെന്നുമാണു് ഗവൺമെൻറു് വിചാരിക്കുന്നതു്, ഈ വിധത്തിൽ ആഹാരകാര്യത്തെ സംബന്ധിച്ചിടത്തോളം സംഘടിതമായി ഐക്യമനോഭാവത്തോടുകൂടി കൃഷി ചെയ്യുന്നതായാൽ ഭൂമിവിതരണം സംബന്ധിച്ച ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾ ഇല്ലാതാകുന്നതിനു് വളരെ ഉപകരിക്കുമെന്നു് വിചാരിക്കുന്നു. രണ്ടാമതായി എനിക്കു പറയാനുള്ളതു് കട്ടുംകൃഷിയെപ്പററിയാണു്. ഈ കൃഷിയുടെ പ്രോത്സാഹനത്തിനും വികസനത്തിനും ആയി കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും പല ഭാഗങ്ങളിലും ലിഫ്ററ ഇറിഗേഷൻ സ്കീം ത്വരിതമായി പ്രവർത്തനം നടത്തിവരികയാണു്. ചില പ്രത്യേക സ്ഥലങ്ങളിൽ വളം വിതരണത്തിനുവേണ്ടി നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ പുതിയ തരം വിത്തുകൾ സഹായവിലക്കു് നൾകുന്നതിനും ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഏകദേശം ഒന്നരലക്ഷം ഏക്കർ സ്ഥലത്തു് കട്ടുംകൃഷിചെയ്യണമെന്നു് നിശ്ചയിച്ചതിന്റെ ഫലമായി ഈവക സഹായസൗകര്യങ്ങൾക്കും പുറമെ ചില ഉദ്യോഗസ്ഥന്മാരെ ഈ കൃഷിയുടെ നടത്തിപ്പിനുവേണ്ടിയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും നിയമിച്ചിട്ടുണ്ടു്. കൃഷിയിൽ താല്പര്യം പ്രക

ടിപ്പിക്കയും നല്ലതുപോലെ നിലം വിളയിക്കയും ചെയ്യുന്ന കർഷകന് പ്രത്യേക പാരിതോഷികം കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നതനുസരിച്ചു ആ വക സമ്മാനങ്ങളും കൊടുത്തിട്ടുണ്ട്. ഇങ്ങനെ കൃഷിയെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കുവേണ്ടി ഗവണ്മെന്റ് ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് അഭിമാനിക്കാൻ ധാരാളം തെളിവുകളുണ്ട്. ലിഫ്ററ ഇറിഗേഷൻ നടപ്പിൽ വരുത്തിയതിന്റെ ഫലമായി പല സ്ഥലങ്ങളിലും വിളവു ഇരട്ടിയായും, മൂന്നിരട്ടിയായും വർദ്ധിച്ചിട്ടുണ്ട്.

അടുത്തതായി പറയാനുള്ളതു് ജി. എം. എഫ്. സംബന്ധിച്ചാണ്. ഇവ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ മുഴവനും ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും ഈ സ്കീം പ്രവർത്തിച്ചതിന്റെ ഫലമായി അതായതു് വളം പുതിയ തരം വിത്തുകൾ ഇവ നൾകിയതിന്റെ ഫലമായി ഗണ്യമായ തോതിൽ ആഹാരസാധനങ്ങൾ വിളയിക്കാൻ സാധിച്ചിട്ടുണ്ടെന്ന് നിശ്ചയമായി പറയാൻ കഴിയും. പുന്നപ്ര, ആലപ്പുഴ, അമ്പലപ്പുഴ, വയലാർ, മുട്ടാർ ഈ സ്ഥലങ്ങളിൽ വളരെ വിപുലമായ തോതിൽ കൃഷി വർദ്ധിപ്പിച്ചിട്ടുള്ളതിനും പുറമെ കൃഷിചെയ്തിട്ടുള്ള സ്ഥലങ്ങളിൽനിന്ന പ്രതീക്ഷിച്ചതിൽ കൂടുതൽ വിളവെടുക്കാൻ സാധിച്ചിട്ടുമുണ്ട്. ഉദാഹരണമായി പുളിംകുന്നിൽ ഇതിനു മുൻപു ൫൫൦ മേനിയാണ് വിളവു എടുത്തിരുന്നതെങ്കിൽ ഈ ഗ്രോമോർ ഫുഡ് സ്കീം അനുസരിച്ച് ൧൦൦ മേനിവരെ വിളവെടുക്കാൻ സാധിച്ചിട്ടുണ്ട്. അത്തരത്തിൽ കടുംകൃഷിയെ സംബന്ധിച്ച് ഗവണ്മെന്റിന് സാരമായ നേട്ടം ഉണ്ടായിട്ടുണ്ടെന്ന് പറയാൻ സാധിക്കും. പിന്നീട് ഗവണ്മെന്റ് പ്രധാനമായി പ്രവർത്തിച്ചുവരുന്നതു് കരിവുള്ള സ്ഥലങ്ങളിലെല്ലാം കരിവ് നിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നടപ്പിൽ വരുത്തുന്നതിനും പെസ്റ്റിൽനിന്നുള്ള ഉപദ്രവം ഇല്ലാതാക്കി വിളവിനെ രക്ഷിക്കുന്നതിന് ആവശ്യമുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിലും ആണ്. കരിവ് ഒഴിവാക്കാൻ ഗവണ്മെന്റ് പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷൻ വർക്സ് എന്നുള്ള ഇനത്തിൽ ൧൯൫൦–൫൧ ൽ ൯,൪൩൧ മൈനർ ഇറിഗേഷൻ വർക്ക് ഗവണ്മെന്റ് സാംക്ഷൻ ചെയ്തിട്ടുണ്ട്. ഇതിൽ ൨,൪൧൮ വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ൧,൦൯൮ വർക്കിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഭക്ഷ്യോല്പാദനവിഷയത്തിൽ തീർച്ചയായും ഗവണ്മെന്റ് കാര്യമായി ചിലതെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്ന് നിഷ്പക്ഷബുദ്ധികൾ സമ്മതിക്കുമെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. പിന്നീട് ഇവിടെ പറഞ്ഞതു് ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ അംഗങ്ങൾ ഇവിടത്തെ ഡിപ്പാർട്ടുമെന്റ് മേലധികാരികളാണ്. ഒരു ചെയർമാനുപുറമെ ഗവണ്മെന്റ് ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ, കോവാപ്പറേററീവ് രജിസ്ട്രാർ, ചീഫ് എഞ്ചിനീയർ മുതലായ പ്രധാനപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും മേലദ്ധ്യക്ഷന്മാരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഫുഡ്പ്രൊഡക്ഷൻ ബോർഡ് സംഘടിപ്പിച്ചിട്ടുള്ളതു്. അങ്ങിനെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് ഡംഘടിപ്പിച്ചിട്ടുള്ളതു് ഫുഡ്പ്രൊഡക്ഷന് ആവശ്യമായ തീരുമാനങ്ങൾ എളുപ്പത്തിൽ എടുക്കുന്നതിനും അങ്ങനെ എടുത്തിട്ടുള്ള തീരുമാനങ്ങൾ എളുപ്പത്തിൽ നടപ്പിൽ വരുത്തുന്നതിനുമാണ്. ഫുഡ്പ്രൊഡക്ഷൻ ബോർഡിന്റെ രൂപീകരണത്തിന് മുമ്പാണെങ്കിൽ ഇതിനെ സംബന്ധിച്ചുള്ള ഏതെങ്കിലും ഐറററം വർക്കിന് എന്തെങ്കിലും തീരുമാനം എടുക്കണമെങ്കിൽ അതിനെ

[Sri. T. K. Narayana Pillai]
സംബന്ധിച്ചുള്ള കടലാസ്സുകൾ മിക്കവാറും ഈ ഡിപ്പാർട്ടുമെൻറുകളിലെല്ലാം പോകേണ്ടതു് അത്യാവശ്യമാണു്. ചില കാര്യങ്ങളിൽ ചീഫ് എഞ്ചിനീയരുടെ അനുമതിവേണം. ചില കാര്യങ്ങളിൽ കോവാപ്പറേറ്റീവ് റജിസ്ട്രാരുടെ സമ്മതംവേണം. അതായതു് കോവാപ്പറേറ്റീവ് സൊസൈററി ആണു് പ്രവർത്തനം ഏറെറടുക്കുന്നതെങ്കിലും രജിസ്ട്രാരുടെ സമ്മതം ആവശ്യമാണു്. അങ്ങനെ പല ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരുടെ അടുക്കൽ ഈ കടലാസ്സുകൾ പോയി പിന്നീടു് സെക്രട്ടറിയേററിൽ വരുമ്പോൾ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണു് ഇത്തരത്തിലുള്ള ഒരു ബോർഡു് സംഘടിപ്പിക്കുന്നതിനു് ഇടയായിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഫുഡ്പ്രൊഡക്ഷൻ ബോർഡു് സംഘടിപ്പിച്ചതിനുശേഷം പേപ്പറുകൾ ഒന്നും ഡിപ്പാർട്ടുമെൻറുകളിലേക്കു് അയക്കാറില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫുഡ്പ്രൊഡക്ഷൻ ബോർഡിനുതന്നെ ഇതിനെ സംബന്ധിച്ചു് അവസാന തീരുമാനം എടുക്കുന്നതിനു് അധികാരമുണ്ടു്. അതു് നടപ്പിൽ വരുത്തുന്നതിനു് അഗ്രിക്കൾച്ചറൽ, പി. ഡബ്ലിയു. ഡി. മുതലായ ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷന്മാർ ചുമതലപ്പെട്ടവരാണു്. ഈ വർക്കുകൾ സാംക്ഷൻ ചെയ്യുന്നതിനു് ഫുഡ്പ്രൊഡക്ഷൻ ബോർഡിനുതന്നെ അധികാരമുള്ളതുകൊണ്ടു് അവ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കു പോകേണ്ട ആവശ്യമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബോർഡിനു് സാംക്ഷൻ ചെയ്യുന്നതിനു് അധികാരമുണ്ടു്. ശരിതന്നെ, എന്നാൽ ഡിപ്പാർട്ടുമെൻറുകളിലേക്കു് അയച്ചു് റിപ്പോർട്ടുകൾ വരുത്തേണ്ട ആവശ്യമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: റിപ്പോർട്ടുകൾ വരുത്തിയതിനുശേഷമാണു് ബോർഡുതന്നെ മീററു ചെയ്യുന്നതു്. ഇങ്ങനെ കാലതാമസത്തിനു് ഇടയാകാത്തവിധത്തിൽ അടിയന്തിരകാര്യങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതു് ആവശ്യമായതുകൊണ്ടാണു് ഇങ്ങനെ ഒരു ബോർഡു് സംഘടിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്. എല്ലാ സ്ഥലങ്ങളിലും ഫുഡ് കമ്മീഷണർ ഉണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. ഫുഡ്പ്രൊഡക്ഷനെ സംബന്ധിച്ചു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലേയും പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഗ്രോമോർഫുഡ് സംബന്ധിച്ചുള്ള പ്രവർത്തനം കോവാർഡിനേററു് ചെയ്യുന്നതിനും ബോർഡിനെപ്പോലെയുള്ള ഒരു സെൻട്രൽ ഏജൻസി ആവശ്യമുള്ളതുകൊണ്ടാണു്, അതു് സഹായകം ആയിരിക്കുമെന്നുള്ളതുകൊണ്ടാണു്, ഗവമ്മെൻറു് ഇങ്ങനെ ഒരു ബോർഡു് സംഘടിപ്പിച്ചിരിക്കുന്നതു്. ബോർഡിന്റെ പ്രവർത്തനത്തിൽ കുറവുകളും കുററങ്ങളും ഉണ്ടെങ്കിൽ അതു് പരിഹരിക്കാവുന്നതും ഗവമ്മെൻറു് അതിനു് എപ്പോഴും സന്നദ്ധമായിരിക്കുന്നതുമാണു്. എന്നാൽ ഇങ്ങനെയുള്ള ഒരു ബോർഡു് കൂടുതൽ കാര്യക്ഷമമായ വിധത്തിൽ പ്രവർത്തനം നടത്തുമെന്നാണു് ഗവമ്മെൻറിന്റെ വിശ്വാസം.

ശ്രീ. സി. സി. പ്രസാദു്: യാതൊരു ജോലിയുമില്ലാതിരിക്കുന്ന റവന്യൂ ബോർഡിനു് ഇതിനെ സംബന്ധിച്ചുള്ള അധികാരങ്ങൾ കൊടുക്കുന്നതു നന്നായിരിക്കയില്ലേ?

Mr. Speaker: That question is disallowed.

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമുള്ള സാധനങ്ങൾ സംഭരിക്കുന്നതിലും അവ വിതരണം ചെയ്യുന്നതിലും പല ക്രമക്കേടുകളും ഉണ്ടെന്നു് ഇവിടെ

ടെ പറഞ്ഞ ചില ആക്ഷേപങ്ങൾക്കു് അടിസ്ഥാനമുണ്ടെന്നു് ഞാനും സമ്മതിക്കുന്നു. ഇരുമ്പ് മുതലായ സാധനങ്ങൾക്കു് പെർമിററു കൊടുക്കുന്നതിലും മററും വലിയ ആക്ഷേപങ്ങൾ ഉണ്ടെന്നു് ശ്രീമാൻ പാച്ചുപിള്ള അവർകൾ പറയുകയുണ്ടായി. ഇരുമ്പു മുതലായ സാധനങ്ങൾ ശേഖരിച്ചിട്ടുള്ളതിനെയും അവ വിതരണംചെയ്യു സമ്പ്രദായത്തേയും പററിയും ഉള്ള സ്ഥിതിവിവരക്കണക്കുകൾ ഞാൻ വായിക്കാം.

൧൯൫൭-ൽ നമുക്കു് അലോട്ടുചെയ്തിട്ടുള്ള ഇരുമ്പ് രണ്ടായിരം ടൺ ആണ്. പക്ഷെ കിട്ടിയതു് ൬൭൦ ടൺ മാത്രമാണ്. അതിൽ ൬൨൫ ടൺ വിതരണം ചെയ്തുകഴിഞ്ഞു. ൪൫ ടൺ ആണ് ഇനി ബാക്കി ശേഷിച്ചിട്ടുള്ളതു്. തിരുവനന്തപുരത്തു് ഇരുമ്പ് ആവശ്യപ്പെട്ടുകൊണ്ടു് തിരുവനന്തപുരം ടൗണിൽ ൧൩൯൯ അപേക്ഷകൾ കിട്ടി. അതിൽ ൧൩൨൨ അപേക്ഷകൾ അനുവദിച്ചു. ൭൭ അപേക്ഷകളെ സംബന്ധിച്ചു് ഉത്തരവു പാസാക്കിയിട്ടില്ല. കൊല്ലത്തു് ഇരുമ്പ് ആവശ്യപ്പെട്ടുകൊണ്ടു് ൪൪൫ അപേക്ഷകൾ കിട്ടി. അതിൽ ൪൨൧ അപേക്ഷകൾക്കു് ഉത്തരവിട്ടു. ൨൪ അപേക്ഷകളിൽ ഉത്തരവു പാസാക്കിയിട്ടില്ല. കോട്ടയത്തു് ഇരുമ്പിനായി ൩൮൧ അപേക്ഷകൾ ലഭിച്ചു. അതിൽ ൩൬൭ അപേക്ഷകൾക്കു് ഉത്തരവിട്ടു. ൧൪ അപേക്ഷകൾക്കു് ഉത്തരവിട്ടില്ല. തൃശ്ശിവപേരൂരിൽ ൧൧൮൯ അപേക്ഷകൾ ലഭിച്ചു. ൧൧൬൬ അപേക്ഷകൾക്കു് ഉത്തരവിട്ടു. ൨൩ അപേക്ഷകൾക്കു് ഉത്തരവു പാസാക്കിയിട്ടില്ല.

ഇനി പൈപ്പിനെ സംബന്ധിച്ചാണെങ്കിൽ അവയെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വായിക്കാം. ൧൯൫൭-ൽ നാൺ അഗ്രിക്കൾച്ചറൽ കോട്ടാ വകയിൽ അലോട്ടുചെയ്തിരുന്നതു് രണ്ടുലക്ഷത്തി ഇരുപത്തിരായിരം ഫീററ് ആണ്. നമുക്കു് കിട്ടിയതു് ഒരുലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂററി ഇരുപത്തിനാലു ഫീററാണ്. അനുവദിച്ചു കൊടുത്തതു് ഒരുലക്ഷത്തി നാല്പത്തിനാലായിരത്തി അഞ്ഞൂററി ഇരുപത്തി ആറു ഫീററ് ആണ്. ബാക്കി അവശേഷിക്കുന്നതു് മുപ്പത്തി ഒൻപതിനായിരത്തി എഴുനൂററി തൊണ്ണൂററി എട്ടു് ഫീററാണ്. അതിലേക്കുള്ള അപേക്ഷകളെ സംബന്ധിച്ചും ഉടനെ ഉത്തരവു പാസാക്കുന്നതാണ്. അതിനാൽ ഇരുമ്പു മുതലായ സാധനങ്ങളുടെ വിഷയത്തിൽ പല ക്രമക്കേടുകളും ഉണ്ടെന്നു് ഗവമ്മെൻറിനു് ബോദ്ധ്യമായിട്ടില്ല.

Sri. D. Gnanasigamoni: You said that 2,000 tons were allotted to the state and only 677 and odd tons were received. What about the rest? Are we likely to get the remainder?

ശ്രീ. ടി. കെ. നാരായണപിള്ള: അതും അയച്ചുതരേണ്ടതാണെന്നു് ഇൻഡ്യാഗവമ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവമ്മെൻറിൽനിന്നും നമുക്കു കിട്ടാത്തതു്, അവക്കു് കിട്ടാത്തതുകൊണ്ടാണോ അല്ല അവക്കു കിട്ടിയിട്ടു് നമുക്കു തരാത്തതുകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാഗവമ്മെൻറിനു് സ്റ്റോക്കു കിട്ടാത്തതുകൊണ്ടാണെന്നാണു് നമ്മെ അറിയിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ക്വോട്ട അലോട്ടുചെയ്യുന്നതു് ഒരു മാസത്തേക്കോ ഒരു വർഷത്തേക്കോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഒരു വർഷം പൂർത്തിയാകുമ്പോഴാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ൧൯൫൦-ൽ അലോട്ടുചെയ്തതു് ആ വർഷം പൂർത്തിയാകുന്നതുവരെ കിട്ടിയില്ലെങ്കിൽ ൧൯൫൧-ൽ അതിനാവശ്യമുള്ള നടപടി എടുക്കുകയോ അവരെ അറിയിക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. ബാക്കിയും തരണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇരുമ്പു് ഏതെങ്കിലും അവശസമുദായക്കാർ കൃഷി ആവശ്യത്തിലേക്കു് അതായതു് അവശസമുദായത്തിലുള്ള കൃഷിവേലക്കാർ കൃഷി ആവശ്യത്തിലേക്കു് പകുതി വിലക്കു് തരണമെന്നു് അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അപേക്ഷിച്ചിട്ടുണ്ടു്. ചില അപേക്ഷകൾ ആവശ്യമനുസരിച്ചു് അനുവദിച്ചിട്ടുമുണ്ടു്.

തുണി സംഭരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ചില ക്രമക്കേടുകളുണ്ടെന്നു് ആക്ഷേപമുണ്ടായിരുന്നു. ശ്രീമാൻ നടരാജപിള്ള അവർകൾ വസ്ത്രക്ഷാമം ഉണ്ടായതുതന്നെ ഗവൺമെന്റിന്റെ, അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥകൊണ്ടാണു്, അജാഗ്രതകൊണ്ടാണു് എന്നു സ്ഥാപിക്കുവാൻ ശ്രമിച്ചു. അജാഗ്രതയും അനാസ്ഥയും ഉണ്ടായിരിക്കാം എങ്കിലും വസ്ത്രക്ഷാമത്തിനുള്ള പ്രധാന കാരണം അതല്ലെന്നു് മി. നടരാജപിള്ളക്കും അറിയാവുന്നതാണു്. ഇവിടെ നാം ആവശ്യപ്പെട്ട രീതിയിലും തോതിലും വസ്ത്രങ്ങളും തുണിത്തരങ്ങളും കിട്ടാത്തതിനു് നിവൃത്തിയില്ലാതായതുകൊണ്ടാണു് വസ്ത്രക്ഷാമത്തിനു് ഇടയായിട്ടുള്ളതു്. ശ്രീ. നടരാജപിള്ള അവർകൾക്കുതന്നെ അറിയാം എത്രകോടി ബെയിൽസു് ആണു് ൧൯൪൯-ലും ൫൦-ലും കയററുമതി ചെയ്യാൻ അനുവദിച്ചിട്ടുള്ളതെന്നു്. വെളിയിലുള്ള ചില കാൺട്രാക്‌റ്റുകളെ ബഹുമാനിക്കുന്നതാണെന്നു് ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള സംഗതി ശ്രീ. നടരാജപിള്ളക്കും അറിയാവുന്നതാണു്.

Sri. P. S. Nataraja Pillai: May I know from the hon'ble Minister the actual number of bales that fell short of the quantity that was allotted for 1948-49? That is, I want to know the difference between the number of bales allotted for 1948-49 and 1949-50?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല. കണക്കുകൾ നോക്കിയതിനുശേഷമാണു് ഞാൻ ഇതു പറയുന്നതു്. ഇങ്ങനെ വസ്ത്രക്ഷാമം രാജ്യവ്യാപകമായ തോതിലാണു് ഇന്നു് നിലവിലിരിക്കുന്നതു്. പക്ഷെ അതു് തിരു-കൊച്ചിയെമാത്രം ബാധിക്കുന്ന ഒന്നല്ല. എല്ലാ പ്രാവിൻസുകളേയും എല്ലാ സ്റ്റേറ്റുകളേയും ഒരുപോലെ അഭിമുഖീകരിച്ചുവരികയാണു്. അതിനാൽ ഇൻഡ്യാഗവൺമെന്റിനു് ഈ കാര്യത്തിൽ ഉത്തരവാദിത്വം ഉണ്ടെന്നു് ഞാനും സമ്മതിക്കുന്നു. ഇൻഡ്യാഗവൺമെന്റിന്റെ കയററുമതിനയത്തിൽ ചില വ്യതിയാനങ്ങൾ വരുത്താതിരിക്കുന്നിടത്തോളം കാലം ഈ ക്ഷാമം തുടരുന്നതിനാണു് ഇടയുള്ളതു്. എന്നാൽ സമീപകാലത്തു് ഇൻഡ്യാ ഗവർമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷനനുസരിച്ചു് ഇൻഡ്യയിലുണ്ടാകുന്ന തുണിത്തരങ്ങളുടെ ൯൦ ശതമാനവും ഭാരതത്തിൽതന്നെ വിനിയോഗിക്കാൻ നിശ്ചയിച്ചിരിക്കുന്നതാണെന്നു് മനസ്സിലാകുന്നുണ്ടു്. അതായതു് ഈ വരുന്ന ഏപ്രിൽ മാസം മുതൽ അത്തരത്തിലുള്ള സ്ഥിതിഗതികളായിരിക്കും ഇവിടെ നിലവിലിരിക്കുന്നതു് എന്നാണു് നോട്ടിഫിക്കേഷനിൽ പറയുന്നതു്. നോട്ടിഫിക്കേഷൻ ഇതാണു്.

"No cotton textile mill in the Indian Union can, during the months of April, May and June, 1951, pack more than 10 per cent of its total packing for purposes of export out of India. A notification in the Gazette of India Extraordinary has been issued to this effect and the mills in the Indian Union have been instructed by the Textile Commissioner on these lines. The effect of this would be that 90 per cent of the total packings of mills during the coming three moths will be available to meet the needs of Indian consumers."

ഇതു് മാർച്ച് 26-ാം തീയതിയിലെ നോട്ടിഫിക്കേഷനാണു്. ഏപ്രിൽ മാസം മുതൽ നമുക്കു് കൂടുതൽ സുലഭമായി തുണിത്തരങ്ങൾ കിട്ടാമെന്നാണു് പ്രതീക്ഷിക്കുന്നതു്. അതു കിട്ടിയാൽ ഉടൻതന്നെ വിതരണം ക്രമീകരിക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ടു്. പക്ഷെ കപാട്ടാ സിദ്ധിച്ചില്ലെങ്കിൽ അപകടകരമാണെന്നു് ഞാനും സമ്മതിക്കുന്നു. ശ്രീ. നടരാജപിള്ള അവർകൾ ഇന്നലെ പുറപ്പെടുവിച്ച നിർദ്ദേശങ്ങളനുസരിച്ചു് ഇതിനു മുൻപുതന്നെ ഗവർമ്മെൻറു് ആലോചിച്ചുവരികയാണു്. മിക്കവാറും രണ്ടാഴ്ചക്കകം തുണിയുടെ വിതരണത്തിൽ മൗലികമായ വ്യത്യാസം നടപ്പിൽ വരുത്തണമെന്നു് ഗവർമ്മെൻറു് നിശ്ചയിച്ചു് കഴിഞ്ഞിട്ടുണ്ടു്. അതു് നടപ്പിൽ വരുത്തുകതന്നെ ചെയ്യും. അങ്ങനെയുള്ള വ്യത്യാസങ്ങൾ വരുത്തുന്നതോടുകൂടി എല്ലാ പൗരന്മാർക്കും ഒരു പോലെ അവരുടെ ആവശ്യം അനുസരിച്ചു് അല്ലെങ്കിൽ സപ്ലൈ പൊസിഷൻ അനുസരിച്ചു് തുണിത്തരങ്ങൾ കിട്ടുന്നതിനു് സാധിക്കുമെന്നാണു് ഗവർമ്മെൻറു് പ്രതീക്ഷിക്കുന്നതു്. ഹോൾസെയിലേഴ്സിനു ലഭിക്കുന്ന തുണിത്തരങ്ങളിലും അവർ റീട്ടെയിൽ വ്യാപാരികൾക്കു് നൽകുന്ന തുണിത്തരങ്ങളിലും കൺട്രോൾ ഏർപ്പെടുത്തണമെന്നും മററും ശ്രീ. നടരാജപിള്ള അവർകൾ പറഞ്ഞ അഭിപ്രായം ആദരണീയമാണു്. ഈ അടിസ്ഥാനത്തിൽതന്നെയാണു് ഗവർമ്മെൻറു് ചില ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. സമീപകാലത്തുതന്നെ അതായതു് മിക്കവാറും ഏപ്രിൽമാസംതന്നെ ആവക ഉത്തരവുകൾ നടപ്പിൽവരുത്തുന്നതിനും ഏസ്ഥിനെ സംബന്ധിച്ചുള്ള റേഷൻ കാർഡുകൾ അനുസരിച്ചു് തുണിത്തരങ്ങൾ വിതരണം ചെയ്യുന്നതിനും ഗവർമ്മെൻറു് തീർച്ചയാക്കിക്കഴിഞ്ഞിട്ടുണ്ടു്. പിന്നീടു് നൂലിനെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. അതിനെ സംബന്ധിച്ചു് ഇതിനു മുമ്പു തന്നെ പറഞ്ഞിട്ടുണ്ടു്. അതിനെ സംബന്ധിച്ചും ചില പുതിയ പദ്ധതികൾ നടപ്പിൽ വരുത്തണമെന്നാണു് ഗവർമ്മെൻറു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിന്റെ സപ്ലൈ പൊസിഷനും സമീപകാലത്തു് നന്നാകുമെന്നാണു് ഗവർമ്മെൻറുദ്ദേശിക്കുന്നതു്. ഈവക വിഷയങ്ങളിൽ അതായതു് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന വിഷയത്തിലും തുണിത്തരങ്ങളുടെ സംഭരണം വിതരണം എന്നീ കാര്യങ്ങളിലും കാര്യക്ഷമമായി രാജ്യത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ഈ സാധനങ്ങൾ ആവശ്യാനുസരണം ലഭിക്കത്തക്ക നിലയിലുള്ള ഒരു പദ്ധതി സ്വീകരിച്ചു് അതു് നടപ്പിൽ വരുത്തണമെന്നാണു് ഗവർമ്മെൻറു് ഉദ്ദേശിക്കുന്നതു്. ഇതാണു് എനിക്കു് മൊത്തത്തിൽ പറയുവാനുള്ളതു്.

Sri. Paul Thaliath : Sir, I may be permitted to withdraw the cut motion moved by me.

The cut motion was by leave withdrawn.

The cut motions moved by Sri. K. K. Kannan and A. K. Patchu Pillai were put and lost.

The question that Government be granted a sum of Rs. 1,58,30,800 under Demand No. XXXII—Extraordinary charges was put and carried.

The grant was made

DEMAND No. XXV—INDUSTRIES (Rs. 38,66,000)

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Sir, move for a grant of Rs. 38,66,000 under Demand XXV—Industries.

Minister for Finance, Law and Revenue **(Sri. A. J. John):** I second it.

ശ്രീ. എം. ഐ. പോൾ: ഞാൻ ഒരടിയന്തിരപ്രമേയത്തിനു നോട്ടീസ് അയച്ചിരുന്നു. അതു് ഏതുനിലയിലിരിക്കുന്നുവെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അതു് കൺസിഡർ ചെയ്തുകഴിഞ്ഞു.

ശ്രീ. എം. ഐ. പോൾ: അതു് അലൌ ചെയ്തോ ഇല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അതിനെപ്പററി എന്തെങ്കിലും ഇപ്പോൾ പറഞ്ഞ് ഒരു വാദപ്രതിവാദം നടത്തണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, ചാത്തന്നൂരെ വഞ്ചി ക്ലേമൈൻസിനേയും പൊതുവിൽ വ്യവസായങ്ങളേയുംപററി രണ്ടുവാക്ക് പറയണമെന്നാണ് ഉദ്ദേശിക്കുന്നതു്. വഞ്ചിക്ലേമൈൻസ് ൧൧൨൪ മുതൽ ഗവർമ്മെൻറ് ഏറെറടുത്ത് ജോലി നടക്കാതെ കിടക്കുകയാണെന്നു ഈ സഭക്ക് ഇതിനകം തന്നെ അറിവുള്ളതാണല്ലോ. രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ഇതിനായി മുടക്കിയിട്ടുണ്ട്. വളരെയേക്കർ സ്ഥലവും കെട്ടിടങ്ങളും ഇപ്പോൾ വൃഥാ കിടക്കുകയാണ്. അവിടെയാണെങ്കിൽ അസംസ്കൃതസാധനങ്ങൾ ധാരാളമുണ്ട്. തൊഴിലാളികളും ധാരാളമായുണ്ട്. യാത്രസൌകര്യങ്ങളും ഒട്ടും കുറവല്ല. എല്ലാത്തരത്തിലും ഈ വ്യവസായത്തിനു് പററിയ ഒരു സ്ഥലമാണതു്. അതിനെ വീണ്ടും നടത്തിക്കൊണ്ടുപോകുന്നതിനു ഗവർമ്മെൻറ് ആലോചിച്ചതിൽ കുണ്ടറയുള്ള സിറാമിക്ക് വിദഗ്ദ്ധൻ അവിടെ അതു് നടത്തിക്കൊണ്ടു പോകുന്നതിന് അസൗകര്യമുണ്ടെന്നു പറയുകയും അതനുസരിച്ച് നടത്താതിരിക്കുകയുമാണ് ചെയ്യുന്നതു്. എനിക്കു കിട്ടിയ അറിവ് വച്ചുകൊണ്ട് പറയുകയാണെങ്കിൽ കുണ്ടറയിലെ സിറാമിക്ക് വിദഗ്ദ്ധന് ചാത്തന്നൂരു്. വഞ്ചിക്ലേമൈൻസ് നടത്തുന്നതിനു താല്പര്യമില്ലെന്നു മാത്രമല്ല എന്തോ വിപരീതാഭിപ്രായം ഉണ്ടോ എന്നാണ് കാണുന്നതു്. അതുകൊണ്ട് അദ്ദേഹത്തിൻെറ ഉപദേശത്തെ ആദരിക്കാതെ വേറെ എന്തെങ്കിലും നിഷ്പക്ഷനും സമർത്ഥനുമായ ഒരു സിറാമിക്ക് വിദഗ്ദ്ധൻെറ നിർദ്ദേശത്തിൽ ആ വ്യവസായം എടുത്തു നടത്തുകയാണെങ്കിൽ നമുക്കും നമ്മുടെ രാജ്യത്തിനും വളരെ ഉപയോഗപ്രദമായിരിക്കും എന്നാണ് എനിക്കു പറയാനുള്ളതു്. ഗവർമ്മെൻറിനു് വലിയ ഒരാദായം അതിൽ നിന്നു് ഉണ്ടാകുകയും ചെയ്യും. റിഫൈൻഡ് ക്ലേയുടെ ആവശ്യം എത്രമാത്രമാണെന്നു പറയേണ്ടതില്ല. അതിനാൽ ഗവർമ്മെൻറ് ഇതിലേക്ക് ഉടൻതന്നെ വേണ്ടതു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ വകുപ്പിൻെറ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി അവർകളെ ഒരു ഡെപ്യൂട്ടേഷനായി കണ്ടു് ഇതിനെപ്പററി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹം അനുഭാവപൂർവ്വം വേണ്ടതു ആലോചിച്ചു ചെയ്യാമെന്നും പറഞ്ഞിരുന്നു. ഇനിയെങ്കിലും അതിലേക്കു വേണ്ടതു് ചെയ്യണമെന്നു അപേക്ഷിക്കുന്നു.

സർ, വ്യവസായങ്ങളെപ്പററി പറയുകയാണെങ്കിൽ വൻകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ഈ രാജ്യത്ത് അഭിവൃദ്ധിപ്പെടുത്തേണ്ടതു് വളരെ ആവശ്യമാണു്. ഇവിടെ കൃഷികൊണ്ടുമാത്രം ജീവിക്കാൻ സാദ്ധ്യമല്ല. കൃഷി ചെയ്തു എത്ര സാധനമുൽപ്പാദിപ്പിച്ചാലും നമ്മുടെ ആവശ്യം നിവൃത്തിക്കാൻ സാധിക്കുകയില്ല. വ്യവസായംകൊണ്ടു മാത്രമേ നമുക്കു് വികസിക്കാൻ സാധിക്കുകയുള്ളു. അതിനു ജപ്പാനേയോ മററു പാശ്ചാത്യരാജ്യങ്ങളേയോ മാതൃകയായി സ്വീകരിച്ചു പ്രവർത്തിക്കണമെന്നാണു് എനിക്കു് ഈ അവസരത്തിൽ അറിയിക്കുവാനുള്ളതു്. അനന്തമായ അസംസ്കൃതസാധനങ്ങളും മററു സൌകര്യങ്ങളും നമുക്കുണ്ടു്. വനവിഭവങ്ങൾ ധാരാളമുണ്ടു്. പടിഞ്ഞാറു സമുദ്രം. നമ്മെപ്പോലെ വലിയ ഒരു കടലോര രാജ്യം ഭാരതത്തിൽ ഇല്ലെന്നുതന്നെ പറയാം. കടലിലുള്ള വിഭവങ്ങൾ അനന്തമാണു്. അതുപോലെതന്നെ നമ്മുടെ മിനറൽസിൻെറയും റബ്ബർ മുതലായ മററുസാധനങ്ങളുടേയും സ്ഥിതിനോക്കിയാൽ ഒരു വ്യവസായ രാജ്യമായി ഉയർന്നുവരാൻ നമുക്കു കഴിയുമെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇവിടെ ഒരു കുടിൽ വ്യവസായക്കമ്മററി ഈ ഗവമ്മെൻറിൽ നിന്നും ഏർപ്പെടുത്തുകയും അവർ ഒരു ടെൻററററീവ് റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അവരുടെ ഫൈനൽ റിപ്പോർട്ടു കിട്ടിയതിനുശേഷം ഈ വിഷയത്തിൽ എന്തെങ്കിലും ആലോചിച്ചു ചെയ്യേണ്ടതാണു്. അതുപോലെതന്നെ ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ഒരു പ്ലാനിങ്ങ് കമ്മീഷനെ ഏർപ്പെടുത്തിയിട്ടുണ്ടു്. നമ്മുടെ രാജ്യത്തിൻെറ പരിതസ്ഥിതിക്കനുസരിച്ചു് ഏതെല്ലാംതരത്തിൽ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താൻകഴിയുമോ അതെല്ലാം ആ പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശമനുസരിച്ചു് ചെയ്യുന്നതിനു് ശ്രമിക്കേണ്ടതാണു്. കുടിൽ വ്യവസായങ്ങൾകൊണ്ടു് നമ്മുടെ സാമ്പത്തിക ക്ലേശങ്ങളെ അകററുന്നതിനും ജനസമുദായത്തിനു മുഴവൻ ക്ഷേമം കൈവരുത്തുന്നതിനും കഴിയും. വലിയ വ്യവസായങ്ങൾ പലതും നാം ഈ രാജ്യത്തു തുടങ്ങിട്ടുണ്ടു്. ഗവമ്മെൻറിൻെറ മേൽ നോട്ടത്തിലും ചിലതെല്ലാം തുടങ്ങിയിട്ടുണ്ടു്. പലതും വിജയകരമായി നടക്കുന്നുമുണ്ടു്. എങ്കിലും വേണ്ടിടത്തോളം ശ്രദ്ധ പലതിലും ചെലുത്തിയിട്ടില്ല. കൂടുതൽ ശ്രദ്ധ അക്കാര്യങ്ങളിൽ പതിപ്പിക്കേണ്ടിയിരിക്കുന്നു. കടലിലെ വിഭവങ്ങൾ വളരെയാണെന്നു നമുക്കറിയാം. മത്സ്യം വളരെ ആവശ്യമുള്ള ഒരു സാധനമാണു്. വെസ്റ്റുകോസ്റ്റ് ഫിഷറീസിൽ ഗവമ്മെൻറ് ഷെയർ എടുത്തു് മത്സ്യം വർദ്ധിപ്പിക്കുന്നതിനും ഷാർക്കലിവർ ഓയിൽ ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചിരുന്നു. എന്നാൽ ഈ അടുത്ത കാലത്തു് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതു് ഗവർമ്മെൻറിൻെറ ആഭിമുഖ്യത്തിൽ തന്നെ ഒരു കമ്പനി ഷാർക്കലിവർ ഓയിൽ ഉൽപ്പാദിപ്പിക്കുന്നതിനു തുടങ്ങിയിരിക്കുന്നുവെന്നാണു്. വെസ്റ്റ് കോസ്റ്റ് ഫിഷറീസിൽ വളരെ പണം മുടക്കിട്ടു് ഗവർമ്മെൻറു് എന്തുകൊണ്ടാണു് അതിനെ കാര്യക്ഷമമായി നടത്താൻ നോക്കാത്തതു്. അതിലേക്കു് ഗവർമ്മെൻറു് എന്തു ചെയ്തു എന്നറിയുന്നില്ല. വൻകിട വ്യവസായങ്ങൾ തുടങ്ങേണ്ടതാവശ്യംതന്നെ. എന്നാൽ അതിനു പണം മുടക്കിയാൽ അതു പ്രയോജനകരമാക്കിത്തീർക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ആഹാരപ്രശ്നത്തെ വളരെ സഹായിക്കുന്ന ഒന്നാണു മത്സ്യം. വളരെ മത്സ്യങ്ങൾ നമുക്കു് കൂടുതലായി ഉണ്ടാക്കാൻ കഴിയും. കടലിൽനിന്നു കിട്ടുന്ന മത്സ്യം കൂടാതെ കായലിലും മത്സ്യം വളർത്തി കൂടുതലുണ്ടാക്കാൻ കഴിയും.

നെയ്ത്തു തൊഴിൽ രാജ്യത്തെ രണ്ടാമത്തെ കുടിൽ വ്യവസായമാണു്. അതിലേക്കു വേണ്ടതു ഗവർമ്മെൻറ് അടിയന്തിരമായി ചെയ്യുന്നുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുന്നു.

[Sri. P. Kunjikrishnan

നിസ്സാരമായ ഒരു കാര്യമാണെന്നു തോന്നുമെങ്കിലും കോഴിവളർത്തൽ ഒരു നല്ല വ്യവസായമാണ്. മുട്ട എല്ലാവർക്കും ആവശ്യമുള്ളതും രാജ്യത്തിനു പുറത്ത് നല്ല മാർക്കറ്റുള്ളതുമാണ്. അതിൽ ഗവർമ്മെന്റു മുൻകയ്യെടുത്തു പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ആഹാരപ്രശ്നം പരിഹരിക്കുന്നതിനുമാത്രമല്ല വളരെ പണം ഈ രാജ്യത്തു വരുത്താനും കഴിയും. കൊത്തുപണി, കടലാസിൽ ഉണ്ടാക്കുന്ന പലതരം കൗതുകപ്പണി മുതലായി ഇങ്ങനെ പലതരത്തിലുള്ള ചെറുപണികൾ ഇവിടെ ചെയ്യുവാൻ കഴിയും. അതുപോലെതന്നെ പനയിൽനിന്നു കിട്ടുന്ന സാധനങ്ങൾ ഉപയോഗിച്ച് പല കുടിൽ വ്യവസായങ്ങളും ഇവിടെ നടത്താൻ കഴിയും. ഇതിലേക്ക് ജപ്പാനിൽ നിന്നു ഒരു വിദഗ്ദ്ധനെ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നൊരു ചോദ്യം ഞാൻ കണ്ടു. വേണ്ടിവന്നാൽ അങ്ങനെ ഒരു വിദഗ്ദ്ധനെ വരുത്തുകതന്നെവേണം. ജപ്പാനിൽ നിന്നല്ലെങ്കിൽ ഡൻമാർക്കിൽ നിന്നു ഒരു വിദഗ്ദ്ധനെ വരുത്തിയാലും മതി. ഏതുവിധത്തിലായാലും കുടിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകതന്നെ വേണം. അതുകൊണ്ടുമാത്രമേ ഈ രാജ്യത്തു ജനങ്ങൾക്ക് ജീവിക്കുവാൻ സാധിക്കുകയുള്ളൂ. അതിലേക്ക് ഗവർമ്മെന്റ് വളരെ ഊർജ്ജിതമായും കാര്യമായും പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ പ്രവർത്തിച്ചാൽ മാത്രമേ ഈ ഗവർമ്മെന്റിന് രാജ്യത്തിനു അഭിവൃദ്ധിയുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതിലേക്കു വേണ്ടതു പ്രവർത്തിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു തൽക്കാലം ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. P S. Nataraja Pillai: Sir, the net result of the working of the Ceramic Factory is not very encouraging. Though in 1949-50 for 7½ months the Government were able to realise nearly 80 thousand rupees, for the next year, in spite of an additional investment of seven lakhs of rupees the receipt came down to 48 thousand rupees. Why such a fall is a matter which has not been explained to this House.

There is a general feeling in the public that it is due to the labour problems in that factory and that labour trouble is due to the want of tactful management. Since the labour is not being properly handled there was labour trouble and the production fell consequently and the receipts also fell. Sir, the one peculiar feature which I want to point out is that for the installation of a tunnel kiln in the Ceramic Factory there was a provision of 15 lakhs of rupees in the last year's Budget and in the revised estimate it comes to 7 lakhs of rupees. That is the kind of estimate for work in the factory the departmental head is preparing. If he is an expert in that plant and if he knows the working of that kind of installation the estimate would have approximated with the actual expenditure. I speak subject to correction. Even now as far as this House is concerned we are not sure whether the kiln has been constructed or not. If it has not been constructed this year's Budget should have contained provision for that. As a matter of fact, in this year's Budget there is no provision for the construction of the kiln. Under no head is it provided except under the head "Maintenance and repairs of Factory, Machinery" and so on. Therefore Sir, it is evident that an estimate for 15 lakhs of rupees was prepared and submitted and when it was constructed it came to 7 lakhs of rupees. In spite of the additional equipment planted in that factory, production fell and consequently the receipts also fell from 80 thousand to 48 thousand rupees and that is the efficiency as it stands. I am told Sir, that the kiln now constructed is not very necessary too.

In this connection I would like to point out one other aspect also. Government have invested nearly, 2·13 lakhs of rupees in the Vanchi Clay Mines and this

year for working expenses 60,000 rupees has been provided for. It was admitted by the Treasury Benches in an answer to some interpellation that the Government were forced to take the Vanchi Clay Mines because the money advanced was not repaid and the only method of realising that amount advanced was by acquiring the company. In these matters I would like to be definitely enlightened whether this Government is consulting the Finance Committee before these commitments are made. Moneys are being advanced under various concerns, under various industries. Advances are made; it becomes impossible to get adequate returns; then the concern is acquired by Government as Government concern; and then further investments are made. Ultimately the whole thing ends in collossal failure and loss to this Government. After all in view of the past experience of this Ceramic Factory it is time to constitute a committee or to appoint an expert to examine thoroughly the working of the equipment and get a report and place it before this House. The Government may consider the future working on the basis of the discussion that may arise out of it. It is high time to do that. There is no meaning in making further investments of Government money in such concerns. The report should be published so that it may be available to the public and to this House so that the progress of these concerns may be made known to the public.

With these observations I resume my seat.

Mr. Speaker: We will go to 43—Industries and Supplies.

Sri. P. S. Nataraja Pillai: Sir, I move: "to reduce the allotment of Rs. 78,400 for Direction by rupee one."

The Industries Department is expected to control and advise Government on the industrial enterprises. Government have a general control over the industrial enterprises as a whole. Sir, on the advice of the Industries Department there are a number of industries owned and financed by this Government of which I had occasion to refer to the Ceramic Industry. Then comes the Rubber factory and the Plywood factory and the Minerals factory. Sir, the Budget provision here is also not uniform. You find the working expenses of the Plywood factory, the Ceramic factory and the Rubber factory in the Budget while that of the Mining industry is not included in this Budget. They claim only a lump sum for that. Why they did it, I am not in a position to understand. Sir, when they can give the working details of the Ceramic factory, the Plywood factory and the Rubber factory, why not they provide the same details for the Mining industry also.

One other aspect which I wish to place before this House is about the proposal to grant a loan of Rs. 33 lakhs to the industrial concerns. Out of this amount a sum of 9 lakhs is earmarked for the Rayons, and for the rest 24 lakhs; no details are given in the Budget. Sir, I think the procedure to grant by vote 24 lakhs of rupees, to the executive a lump sum to be given as they like, is very wrong. That ought not to be; because that will lead to so much of undesirable consequences. Sir, we had occasion to see these troubles in the case of the loan that was granted to the Alagappa Textiles. An amount of 9 lakhs of rupees is provided for the Rayons industry under the head 'loans'. The hon. Minister in his Budget speech did not make any specific reference to this matter. There is only a small paragraph in the speech which says that the Rayons factory, Cement factory, and Fertilizers are progressing. The investments that we have made during the years 1949-50 and 50-51 have not been specifically stated. The proposals to further finance these concerns are also not given. The policy of granting loans to private capital enterprises is not very wholesome. I can understand the Government giving encouragement to industries. But at the same time Government should consider

[Sri. P. S. Nataraja Pillai]

whether the country as a whole is benefited by such financing. As I am aware the Government is not exercising any control over the management of these private companies, the benefit derived is meagre. They have their nominated directors in these concerns. We hear so much of mismanagement in these factories and these directors are parties to it. As a matter of fact, in the working of the FACT there is the general complaint that the over-head-charges are very high and that the purchases and expenses are made at the discretion of the managing agents. If efficient management is carried on and good control is exercised by Government such irregularities can be avoided. When we are advancing money to industrial concerns, Government ought to have a legitimate control over the concerns. Unfortunately, that does not exist to-day. There is also the other scandal that in the present condition of demoralisation that exists in this country, these advances are not always made on an equitable or just or honest basis. Personalities come in the way or other influences are brought to bear and the results are undesirable and I don't want to go further than that. Even in the question of acquiring the mineral factories Government have done considerable injustice in a certain way. There were two factories working, one at Chavara and the other at Manavalakurichi. They closed down the Manavalakurichi factory. Only the factory at Chavara is now working. The prevailing talk in the country is that contracts are being issued for the supply of mineral sands in the Chavara factory and those contracts are given to patronize some people of rank in the ruling party and since the working of the factory at Manavalakurichi could not be subjected to that kind of benefit, that factory has been shut up. Thousands of people in that area are thrown out of employment. The State actively encourages some industry to help some individuals and at the same time actively discourages some industry at some other place. Sir, that kind of attitude on the part of the Government is too unjust and unjustifiable.

I once more emphasize Sir, that when industrial loans are to be granted to private companies, Government ought to do so only after taking a positive vote of this House by bringing a motion before this House for that specific purpose. The executive authorities should not be given the right to give loans as private bankers do. This House is entitled to know how the money is being spent. Therefore without a specific vote of this House no amount should be advanced to any concern. Even in the control of industries as a whole some definite policy must be adhered to before further investments are made.

Now the time has come to examine the working of all the state-owned and partially owned industrial concerns by an expert so that we may know to what extent we have progressed and what will be the prospects of these industries in the near future. I would once more request Government to get the report of an expert on the working of these concerns and place it before this House before any further advance of money is made.

Sri. N. D. Jose: I move "to reduce the total allotment of Rs. 38,66,000, under demand XXV by Re. 1".

Sir, time and again, it has been referred to both in the press and the platform that the food problem in the state is of primary concern. It has also been pointed out repeatedly that our population is growing at a tremendous rate and that there is not sufficient food for all the people. It has also been said and agreed to by many that, as far as this problem is concerned, there is not much available land left in the state to be cultivated. Therefore, Sir, it stands to reason that we should look elsewhere for our requirements. Fortunately, this is a maritime state, and it stands to reason that we should make use of marine fisheries for increasing the food

requirements of the people in this state. In speaking about this I want to accuse Government of callous indifference regarding this Department. I would go to the extent of saying that the Government have been criminally negligent about marine fisheries. Last year, H. H. the Rajpramukh made mention of fisheries in his speech and pointed out several improvements that were proposed to be made in the State. A sum of about Rs. 50,000 was also allocated in last year's budget for providing fishermen with salt for curing purposes, yarn for nets and timber for catamaran building. I want to point out that none of these schemes was properly dealt with last year. There was a proposal for cold storage plant. In Travancore there are nearly 100 fishing centres but there are only 20 fish curing yards for these 100 centers. It was also stated that the Government of India have promised to render sufficient help in this connection offering nearly fifty per cent for developing schemes. I do not know whether this offer has been made use of by this Government.

Sir, it is a long time since the fishing vessel *Chandrika* was floated. I am informed that the fishing season is from December to April. I do not know whether anything substantial has been done as far as developing of deep-sea fishing is concerned. There was a proposal from the fishermen that if Government is not able to make full use of this vessel, it may be given to the fishermen on rent or on loan basis so that they may be able to use this vessel for increasing the supply of fish. The vessel is now neither helping Government nor the fishermen.

Again, Sir, there was a proposal to construct a fish-curing yard at Cape Comorin. The Government of India offered help in this connection. We wish to know what has happened to this.

It is not necessary for me to dwell at length about the necessity for developing fisheries in the state. A Fisheries Committee was appointed. I understand, Sir, that certain recommenda ions were made by the Fisheries Committee for developing fisheries. I do not know whether any of those proposals have been implemented by the Government. Moreover, in this year's Budget and also in H. H. the Rajpramukh's speech particularly, no mention has been made about the developing of fisheries. I should also point out that sufficient attention has not been given to the development of this important department in the Budget. In this connection, I would like to point out that our fishing is carried on along age-old methods. It may be argued shat it is not practicable to modernise completely the fishing methods. But it may be possible to develop it along sufficiently seientific lines. Another recommendation of the Committee was to set up for this purpose a marine survey so that the fishing grounds may be located. Nothing has been done so far about this. As I pointed out earlier this is one of the most important conditions to the food-supply and offering to the poorer classes a balanced diet, tapioca plus fish, which is their diet, especially that of the labouring classes. Therefore, I request the Government to see to the development of marine fisheries.

Another point I would like to refer to is about the policy of the Government to take 50 per cent of the shares or to give industrial loans and thus promote industries. Government have been pursuing a policy whereby private capitalists and vested interests have been promoted. It may be admitted, Sir, that this Government has a certain impetus to develop the industry. Looking at the problem from another angle, I must point out that this has also given rise to the development of capitalism and retarding of certain other progressive tendencies in the economic field in this country. I want to point out, that either the Government must start the industry by themselves, that is, nationalise the industries like the

[Sri. N. D. Jose]

Transport Department,—which has not after all been such a failure as it is often represented to be—or the Government should take a major pro portion of the shares in such concerns and let the public take the other shares, that is, on a limited basis. One person or a few handfuls of persons should not be allowed to control industries in the State.

Another point I want to bring before this Government is the stoppage of work in certain factories in South Travancore. The Manavalakurichi monasite factory was offering employment to thousands of employees. That was also a source of development of ports around that country. Now, it is a long time since such a factory processing such an important items as monasite has been closed down, and the centre of industry has been shifted to North Travancore. Also, similarly, the Thuckalai Sugar Factory has been closed down. There is a proposal to shift the distillery from Nagercoil. I want to point out that such acts give rise (Bell) to a large amount of unemployment in South Travancore.

One more point I would like to mention, Sir, and that is about cottage industries. A preliminary report has been submitted. Sir, I want to point out that the main principle accepted by the Cottage Industries Committee is that of co-operation. It is to develop cottage industries on a cooperative basis. There was an opinion in that Committee that cottage industries in the State should be developed on co-operative lines. This is a matter which should merit the earnest consideration of this Government—whether cottage industries should be developed along capitalist lines, or whether they should be developed along co-opertive lines.

Sir, finally, I would like to say this. It is very difficult for us to pin the faults in any of these instances, either in fisheries; or in industries or in any other particular field, on anybody, because every time we come to the Assembly session, we find a set of new Ministers occupying the benches. So, unless you believe that the Government continues on a stable basis, you cannot depend upon any particular Minister (Second bell)— In conclusion, I would say that since we have been having a number of political fishermen, there is a good deal of absence of development in fiisheries and other spheres in this country.

Sri. P. Balakrishnan Tampi: Sir, I wish to invite the attention of the House to a matter which had already been referred to by Mr. Nataraja Pillai. Sir, I am also of the view that these commercial conerns, in the interests of the state, could not be well served if they are just normally supervised by a modern state Government. We have sunk millions of rupees in commercial concerns. By no stretch of imagination could we say that any Gevernment is competent to supervise effectively or guide or advise an industry. Therefore, one important arrangement should have goine with any democratic form of Government should have been by an ēconomic bōard,—a financial corporation with statutory powers. I mean that Government should constitute a financial advisory board or corporation, whatever it might be called, which should function independently of the fortunes of a political party or the fortunes of a Government. In a matter like fertilisers or ceramic industry, it is highly essential that one body, an expert body, consisting of men of experience, of technical knowledge and above all, of high integrity, should be watching the industry, and they should be enabled to work on the directorate, and if it is done, things will then be done more effectively. Our rupee, our investments, could be more zealously guarded than by the normal secretariat routine. For a moment, I do not wish to insinuate or suggest that Secretariat routine is harmful in the normal administrative matters, because the wit of man has not devised any other system for administrative efficiency; but industries, commercial concerns, are altogether of another category. The training that a Secretary

has or the secretariat may have, is not going to be of great assistance in the day-to-day administration of industries or commercial concerns. I think there was some proposal in the Centre also, and I believe in the United Kongdom also there is some concern which advises the Government. The butcher and the baker might come in and adorn the Treasury Benches; that is democracy. They may be men of highest character; they may command the largest number of votes, but that does not mean that they will be authorities in metallurgy, or engineering or ceramics. That is why they have wisely gone in for the provision of a statutory body which would advise them, which would direct them, Of course, certain Governments mightbe averse to do that, but about this Government I am confident,—you do not wish to extend any patronage or make it appear that they are dominating the whole show—that this Goverment would welcome the suggestion made by Mr. Nataraja Pillai, and which I also commend to the Government.

I am in general agreement with what Mr. Nataraja Pillai said, but I differ as to the degree of emphasis. Mr. Nataraja Pillai was suggesting that the executive should not have the control over making loans. Then, who else should have the control? Is it the Legislature or would it be left to His Lordship Kunjuraman and his colleagues in the Judiciary to make loans? Loans are always made by the Executive. and is it right that the Finance Committee should be the ultimate arbiters in that matter? Are members of the Finance Committee competent fiinancial advisers? I, Sir, have served on the Finance Committee for about a dozen years. I do not claim to be a financier. The members of the Finance Committee are competent enough to advise the Government in normal administrative matters, where finances have to be spent, divided or appropriated for normal administrative business. But not one of them would claim that a member of the Finance Committee is a financier. We want financial advisers, financial experts, to advise them, and I am sure that Government, even as it is now, should have taken the proper financial advice, proper legal advice, before advancing loans to these concerns.

Mr. Nataraja Pillai was complaining that loans are given to capitalists. To whom else could loans be given? Is it to the poor man in the street that any Government or any private body will be inclined to give loans? Government, in making loans, want to keep going the existing industries, and to encourage people to start new industries. On the whole, the industrial record of Travancore-Cochin State is something of which we can really be proud. During the last ten yea s, Alwaye has been turned into some sort of a new Birmingham or Manchester, and thanks to the wise policy pursued by this Government—this Government has been following the policy of the erstwhile Travancore State, and making Alwaye a real centre of industry. I am sure in the not distant future, in the next decade, next to Bombay on the west coast, Alwaye is going to be an important industrial centre. About industries, I think I am sure we have been successful; and especially after the disclosures in the Central Legislature regarding the Sindhri factory, the complaints and the grumblings I have had in my mind regarding the one at Alwaye have vanished. We have been comparatively very successful. We have started production a d whatever mistakes we may have made in the past, it was a new ground. It was a matter of trial and error. We must have made mistakes, but after all we have succeeded in producing the one material which more than any other is wanted for the regeneration of India. In the same way, ceramics also are improving. Do not think of this lean year. The record of output and the progress made during the war years were fine. When wares were not available, during the war, our products were in great demand throughout India, and even today, I think we have not been able to make enough to cater to the growing demands of the

[Sri. P. Balakrishnan Tampi]

people. But you cannot, in an industrial sphere, take a particular month or year and say that that has been bad or that it has not been as good as it should be. We have to take a long range view of things and pass criticisms on them. As the Speaker has rightly advised this House not to hurl vituperative epithets against officers, nor to indulge in fulsome eulogies, I do not wish to say anything about the management of the ceramic factory except that it is being managed by a man who has been particularly trained both in our country and abroad for handling the work which he has done efficiently.

About labour troubles, Sir, to which Mr. Nataraja Pillai referred, I wish men of the status and eminence and integrity of Mr. Nataraja Pillai had exercised their moral control, moral influence over labours. I am yet to hear in the whole of India one labour leader saying that labour also should behave well, that it is the national duty of every labourer to work to the utmost, and give the utmost satisfaction before he presses his claim. Now, if it had been any person, other than Mr. Nataraja Pillai, I would have certainly said that it is only a piece of passing advice at the fag-end peroration of the socialist leader. In the case of Mr. Nataraja Pillai, I would certainly think that it is very sincerely and positively said, and he was right also, that but for the labour troubles in the factory, production would have been better. Where is leadership now available? Instead of saying that "സുവർണ്ണകാലം", "ഭാസുരകാലം" and all these things which I get from those bodies about the new social order, "പുതിയ വ്യവസ്ഥിതി", etc., where is the leadership, courageous leadership that will turn back and say, "You produce, behave well, you add to the production and then we will press your claims". Instead of that, we have got unfortunately in our country labour leaders who are following the labourers and not leading them. I think the new socialist ideology will be developed in this country under the leadarship of such an esteemed gentleman, of great renown and of great respectability like Mr. Thanu Pillai who will have the courage to face them. It is no credit to hurl epithets against the Government. It is real courage to turn back to labour and say, "You behave well and then I will advocate your cause". I do not wish to be lecturing. With these words, I oppose all the cut motions moved.

സാഹിബ് ബഹദൂർ കെ. എ മുഹമ്മദ്: സർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിന്റെ ഭാവി ഇവിടത്തെ വ്യവസായത്തിന്റെ അഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് തക്കവണ്ണം ഇവിടെ കൃഷി ചെയ്യാവുന്ന ഭൂമി വർദ്ധിപ്പിക്കാമെന്നുവെച്ചാൽ അതു സാദ്ധ്യമല്ലെന്നും അതുപോലെ ഇവിടെ വിദ്യാഭ്യാസമുള്ള ആളുകൾ—

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Deputy Speaker in the Chair

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, രാജ്യത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി ഇവിടത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നാണ് ഞാൻ പറഞ്ഞുവന്നത്. അതായിരിക്കണം നമ്മുടെ ഗവൺമെന്റിന്റെ ലക്ഷ്യം. എന്നാൽ ഇന്ന് എന്താണ് നടക്കുന്നത്? എല്ലാ വ്യവസായങ്ങളേയും സ്തംഭിപ്പിക്കത്തക്കവണ്ണമുള്ള ഒരു നിലയാണ്. ഇന്ന് തിരുവിതാംകൂർ കൊച്ചി ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. സർ, ഇവിടെ ഒരു വ്യവസായ ഡിപ്പാർട്ടുമെന്റുണ്ട്. ഇവിടത്തെ വ്യവസായാഭിവൃദ്ധിയ്ക്കു ആ ഡിപ്പാ

ർട്ടുമെൻറ് എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നു നമ്മുടെ വ്യവസായമന്ത്രിയോടുതന്നെ ഞാൻ ചോദിക്കുന്നു. ഇവിടെ ഒരു സ്കൂൾ ആഫ് ആർട്ട്സ്, ഒന്നുരണ്ട് കമേഴ്സ്യൽ സ്കൂളുകൾ, ഇങ്ങനെ ഏതാനും സ്കൂളുകൾ നടത്തുക എന്നുള്ളതിൽ കവിഞ്ഞ് വ്യവസായാഭിവൃദ്ധിക്കുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ യാതൊന്നും തന്നെ പ്രവൎത്തിക്കുന്നില്ല. പിന്നെ ഇവിടെ ആരാണ് ഇതിനെപ്പററി അന്വേഷിക്കാനും ഉത്തരവാദിത്വം വഹിക്കുവാനും ഉള്ളത്? ഇതിലേയ്ക്കു ഉത്തരവാദപ്പെട്ടവരായി ഇവിടെ ആരുംതന്നെ ഇല്ല. നമ്മുടെ സെക്രട്ടറിയേററിൽ ഒരു ഡെവലപ്പ്മെണ്ട് സെക്രട്ടറിയുണ്ട്. അദ്ദേഹത്തിനു മററു പല ജോലിതിരക്കുകളും ഉണ്ട്. തിരുവിതാംകൂർ ഗവമ്മെൻറ് നേരത്തെതന്നെ ഏറെറടുത്തു നടത്തുന്നതും പണം മുടക്കിയിട്ടുള്ളതുമായ എല്ലാ വ്യവസായങ്ങളേയും വേണ്ടപോലെ അന്വേഷിക്കുന്നതിനും വേണ്ടപോലെ സൂക്ഷിക്കുന്നതിനും ഇവിടത്തെ ഉദ്യോഗസ്ഥന്മാൎക്കും അധികാരികൾക്കും സമയമില്ല. മുമ്പ് ഇവിടെ ഒരു ഇൻഡസ്ട്രിയൽ ലയിസൺ ആഫീസർ ഉണ്ടായിരുന്നു. അദ്ദേഹം വളൎന്നുവരുന്ന വ്യവസായങ്ങളെപ്പററി വേണ്ടപോലെ പഠിക്കുകയും അവയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും അതിലേയ്ക്കു ആവശ്യമായ മററു പ്രവൎത്തികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു അങ്ങനെയൊരു ഉദ്യോഗസ്ഥനില്ല.

സർ, ഈ ആണ്ടത്തെ ബഡ്ജററുതന്നെ നമുക്കൊന്നു പരിശോധിക്കാം. ഗവമ്മെൻറ് ഏറെറടുത്തു നടത്തുന്ന റബ്ബർ ഫാക്ടറിയിൽനിന്നും നാലര ലക്ഷം രൂപാ ആദായം പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ആ ഫാക്ടറിയിലേയ്ക്കു ആഫീസറന്മാരുടേയും, എസ്റ്റാബ്ളിഷ്മെൻറിൻേറയും ശമ്പളം ഇനത്തിൽ ൪൦,൦൦൦ രൂപയാണ് കൊള്ളിച്ചിരിക്കുന്നത്. ആ റബ്ബർ ഫാക്ടറിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി വല്ല എക്സ്പർട്ടുകളും ഉണ്ടോ? മററു പ്രത്യേക ഉദ്യോഗസ്ഥന്മാർ വല്ലവരും ഉണ്ടോ എന്നുള്ള കാൎയ്യം സംശയമാണ്. അതുപോലെ ആഫീസറന്മാരുടേയും, എസ്റ്റാബ്ളിഷ്മെൻറിൻേറയും ശമ്പളത്തിനായി പ്ലൈവുഡ് ഫാക്ടറിയിൽ ൨൫,൯൦൦ രൂപയാണ് ചിലവാക്കാൻ ഉദ്ദേശിക്കുന്നത് എന്നു ബഡ്ജററുകൊണ്ടു കാണാം. അവിടെയും വിദഗ്ദ്ധോപദേശം നല്കുവാൻ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നറിവില്ല. മുമ്പൊരിക്കൽ ഒരു ചോദ്യത്തിനുത്തരമായി ഒരു ടിംബർ എക്സ്പർട്ടും വേറെ ഒരാളും കൂടിയാണ് ഈ ഫാക്ടറിയുടെ ഭരണം നടത്തുന്നതെന്ന് ഗവമ്മെൻറുഭാഗത്തുനിന്നും പറയുകയുണ്ടായി. അവർതന്നെയാണോ ഇപ്പോഴും ഭരണം നടത്തുന്നതെന്നു നിശ്ചയമില്ല. ഞാൻ ആരേയും കുററപ്പെടുത്തി പറയുകയല്ല. ഇവിടത്തെ വ്യവസായാഭിവൃദ്ധിയെപ്പററിവേണ്ടത്ര ഉത്സാഹവും വേണ്ടത്ര ഗൌരവവും നാം പ്രദൎശിപ്പിക്കുന്നില്ലായെന്നു പറയുകയാണു, ചെയ്യുന്നത്.

പഴയ തിരുവിതാംകൂർ ഗവമ്മെൻറ് ആദ്യം ഏറെറടുത്തു നടത്തിയ വ്യവസായം പുനലൂർ പേപ്പർമില്ലാണ്. അതിൻെറ ഇപ്പോഴത്തെ നില എങ്ങിനെ ഇരിക്കുന്നുവെന്ന് നിശ്ചയമില്ല. അടുത്തതു കുണ്ടറയിലെ പോഴ്സെലയിൻ ഫാക്ടറിയാണ്. വലിയ പ്രത്യാശകളോടും പ്രതീക്ഷകളോടും വാഗ്ദാനങ്ങളോടും കൂടിയാണ് ആ വ്യവസായം ആരംഭിച്ചതു്. ലോകത്തിലേയ്ക്കു ഏററവും നല്ല കളിമണ്ണ് അവിടെനിന്നും കിട്ടുമെന്നും അവിടെ വാഷ് ചെയ്ത കളിമണ്ണു മാത്രം കയററി അയച്ചാൽ വലിയൊരു ലാഭം അതുകൊണ്ടുമാത്രം ഉണ്ടാകുമെന്നും അന്നത്തെ ഫിനാൻഷ്യൽ സെക്രട്ടറിയും ദിവാൻജിയും പറയുകയുണ്ടായി. രണ്ടുമൂന്നു ലക്ഷം രൂപ ചെലവാക്കി കളിമണ്ണ് വാഷ് ചെയ്യുന്നതിലേയ്ക്കാവശ്യമുള്ള ഷെഡ്ഡുകളും പണിതു. പക്ഷേ ആ കെട്ടിടങ്ങൾ ഇപ്പോഴും ഉപയോഗശൂന്യമായി

[Sahib Bahadur K. A. Muhamed]

കിടക്കുകയാണ് ചെയ്യുന്നത്. യുദ്ധകാലത്തു വലിയ ഒരു ലാഭം ഉണ്ടാക്കാൻ കഴിയുമായിരുന്ന ആ വ്യവസായം നമ്മുടെ പ്രതീക്ഷപോലെ യാതൊരു ലാഭവുമില്ലാതെ വരികയാണുണ്ടായത്. അതിനുത്തരവാദി അന്നത്തെ ക്ലേ എക്സ്പർട്ട് ആയിരുന്ന മി. യോഗർസിങ്ങ് ആണ്. അദ്ദേഹവും ഗവൺമെന്റുമായി കുറെ കാലത്തേയ്ക്കു എന്തോ കൺട്രാക്ട് ഉണ്ടായിരുന്നുവെന്നും ആ കാലാവധി കഴിഞ്ഞാൽ പിന്നെ ഉണ്ടാകുന്ന ലാഭം മുഴുവനും ഗവൺമെന്റിനു ലഭിക്കുന്നതാണെന്നും അന്നു പറഞ്ഞിരുന്നു. പക്ഷേ കാലാവധി കഴിഞ്ഞിട്ടും പറയത്തക്ക ലാഭമൊന്നും അവിടെനിന്നും ഉണ്ടായിട്ടില്ലായെന്ന് കാണാവുന്നതാണ്. ഇവിടത്തെ വ്യവസായ ഡിപ്പാർട്ടുമെന്റ് ശരിയായ നിലയിൽ പ്രവർത്തിക്കുന്നപക്ഷം മററു രാജ്യങ്ങളിലെപ്പോലെ വളരെ ലാഭകരമായ നിലയിൽ കളിമൺ പാത്രങ്ങൾ ഈ ഫാക്ടറിയിൽ നിർമ്മിക്കുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇപ്പോഴാകട്ടെ ൫൰ ൭ പേരെ അവിടെനിന്നും ഉടനെ പിരിച്ചുവിടേണ്ടിവരുമെന്നു ഇന്നലെ ലേബർ സംബന്ധിച്ചുള്ള വാദപ്രതിവാദവേളയിൽ നമ്മുടെ വ്യവസായമന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ അവർക്ക് വേറെ ജോലി കൊടുക്കാമെന്നും പറഞ്ഞു. ഇവരെ പിരിച്ചുവിടാതെതന്നെയാണോ, ഇവർക്കു ജോലികൊടുക്കുവാൻ പോകുന്നതെന്നു അറിയുന്നില്ല. അതല്ലാ, പിരിച്ചുവിട്ടു കഴിഞ്ഞിട്ട് പിന്നെ എന്തെങ്കിലും ജോലി കൊടുക്കുവാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നും അറിഞ്ഞുകൂടാ.

സർ, കോൺഗ്രസ്സ് ഗവൺമെന്റ് ആദ്യമായി സംഘടിപ്പിച്ച അവസരത്തിൽ തന്നെ ആ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ള ഒരു കാര്യമാണ് ചാത്തന്നൂർ വഞ്ചിക്ലേമയിൻസ്. സർ. സി. പി. യുടെ കാലത്ത് ഏതോ ഒരു സ്വകാര്യവ്യക്തി ഈ ഫാക്ടറി ആരംഭിക്കുകയും ഗവൺമെണ്ടിലേയ്ക്കു ചെല്ലാനുള്ള സംഖ്യക്കുവേണ്ടി പിന്നീട് അതു ഗവൺമെന്റിലേയ്ക്കു എടുക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ എടുത്തുകഴിഞ്ഞിട്ട് ഇപ്പോൾ നാലഞ്ചുവർഷമായിരിക്കുന്നു. ഇവിടെനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ക്ലേ കുണ്ടറയിൽ കൊണ്ടുപോയി അവിടെ പാത്രങ്ങളുണ്ടാക്കാൻ സാധിക്കുമെന്നു അന്നു ഗവൺമെന്റ് പ്രസ്താവിക്കുകയുണ്ടായി. എന്നാൽ വഞ്ചിക്ലേമയിൻസ് അവിടെ ഇപ്പോഴും പ്രവൃത്തിശൂന്യമായി കിടക്കുന്നതേയുള്ളു. അതിന്റെ പ്രവർത്തനത്തിനായി ഈ ആണ്ടത്തെ ബഡ്ജററിൽ അറുപതിനായിരം രൂപാ കൊള്ളിച്ചിട്ടുണ്ട്. എന്തു ഉദ്ദേശത്തോടുകൂടിയാണു ഗവൺമെന്റ് ആ തുക കൊള്ളിച്ചിരിക്കുന്നതെന്ന് അറിഞ്ഞുകൂടാ.

സർ, ഈയവസരത്തിൽ ഗവൺമെന്റിനോടു ഒരു കാര്യം വിനീതമായി എനിക്കു പറയുവാനുണ്ട്. ഒരു കച്ചവടമനോഭാവത്തോടുകൂടി ഈ വക സ്ഥാപനത്തിൽ ഗവൺമെന്റിനു പ്രവർത്തിക്കാൻ സാധിക്കുകയില്ലെങ്കിൽ വേറെ ആരെങ്കിലും ഇവ ഏറെറടുത്തു പ്രവർത്തിക്കുവാൻ പ്രാപ്തിയും, കഴിവും ഉള്ളവരായി ഉണ്ടോ എന്നു ഗവൺമെന്റ് വേണ്ട പരസ്യം ചെയ്തു അന്വേഷിക്കുകയും അവരെ ഈ സ്ഥാപനങ്ങൾ ഏല്പിക്കുകയും ചെയ്യേണ്ടതാണ്. ഗവൺമെന്റ് എതെങ്കിലും ഒരു സ്ഥാപനം ഏറെറടുത്താൽ അതു മുന്നോട്ടുകൊണ്ടുപോകുമോ, അതില്ല. എന്നാൽ അതേപ്പററി ഒരു തീരുമാനം ഉണ്ടാക്കുമോ, അതുമില്ല. ഇങ്ങനെ അനിശ്ചിതമായ ഒരു നിലയിലാണ് ഗവൺമെന്റുവകയായുള്ള വ്യവസായസ്ഥാപനങ്ങളുടെ ഇന്നത്തെനിലയെന്നു ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

൫൰ ൪൰ ഏപ്രിൽ ഒന്നാംതിയ്യതിയാണ് ചവറയിലെ അസോഷ്യേററഡ് മിനറത്സ് കമ്പനിയിലെ ജോലി നിർത്തിവെച്ചത്. ആ ഫാക്ടറിയിലെ മെഷ്യനറികൾ പരിശോധിച്ചു കൂടുതൽ ഉല്പാദനത്തിനുവേണ്ടി കാര്യക്ഷമമായ

നടത്തിപ്പിനായിട്ടാണ് അങ്ങനെ പ്രവർത്തനം നിർത്തിവെച്ചിരുന്നതെന്നാണ് എന്റെ അറിവ്. എന്നാൽ അതിനെ തുടർന്ന് ഗവൺമെന്റ് ഫാക്ടറി എടുക്കാൻ പോകുന്നു എന്നും അതുകൊണ്ട് മാനേജ്മെന്റിനു ജോലി ചെയ്യിക്കുവാൻ നിവർത്തിയില്ലെന്നും പറയുകയുണ്ടായി. സർ, ആ കമ്പനിയിൽ ഇന്നലെയോ, മിനിഞ്ഞാന്നോ ജോലി തുടങ്ങിയെങ്കിലേ ഉള്ളു. അതുവരെ ജോലി തുടങ്ങിയിട്ടില്ല. ധാരാളം ഡാളർ നമുക്കു സമ്പാദിക്കുവാൻ കഴിയുന്ന ഈ വ്യവസായത്തെ, ഗവൺമെന്റും മാനേജ്മെന്റും തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും എഴുത്തുകുത്തുകൾ നടത്തി ഇതുവരെ മന്ദീഭവിപ്പിച്ചതു് ഒരിക്കലും ശരിയായില്ല. ഏകദേശം ൧൦൦ ആളുകൾക്കു ഇതു നിമിത്തം ജോലിയില്ലാതെയായിത്തീർന്നിട്ടുണ്ട്.

സർ, അപ്പോഴപ്പോൾ വരുന്ന പ്രശ്നങ്ങളെ ഏതെങ്കിലും വിധത്തിൽ അഭിമുഖീകരിക്കണമെന്നുള്ള നയം മാററി ഒരു പൂർണ്ണമായ ലക്ഷ്യത്തെ മുൻനിറുത്തി ഓരോ കാര്യവും കൈകാര്യം ചെയ്യുകയാണു വേണ്ടതു്. തിരുവിതാംകൂറിലെ ഒരു മഹാസമ്പത്താണു ഇവിടത്തെ ലോഹമണ്ണ്. ഇവിടത്തെ മണൽക്കമ്പനികളിൽ ഒരെണ്ണം ഗവൺമെന്റ് ഏറെറടുത്തുകഴിഞ്ഞു. മറെറാരെണ്ണം ഏറെറടുക്കുന്നതിനു ഗവൺമെന്റ് ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. അതേ അവസരത്തിൽ വേറൊരു ഫാക്ടറി ഇന്ത്യാഗവൺമെന്റ് ഏറെറടുക്കുന്നതിനും ആലോചിച്ചുവരുന്നതായി അറിയുന്നു. ഒന്നുരണ്ടു കമ്പനികൾ നാം എടുക്കുകയും അതേ അവസരത്തിൽ മറെറാരു കമ്പനി ഇന്ത്യാഗവൺമെന്റ് എടുക്കുകയും ചെയ്യുന്നതു എന്തിനാണ്? നാം ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണിതു്. ബീഹാറിലെ കൽക്കരിഖനി സംബന്ധിച്ചുള്ള കമ്പനികൾ അവിടത്തെ ഗവൺമെന്റുകൾക്കും സ്വകാര്യവ്യക്തികൾക്കും നടത്താമെങ്കിൽ ഈ ലോഹമണൽക്കമ്പനികൾ എന്തുകൊണ്ടു നമുക്കു നടത്തിക്കൂടാ. ഒരിയ്ക്കൽ ഏതെങ്കിലും ഒരു കമ്പനി ഇന്ത്യാഗവൺമെന്റു ഏറെറടുത്തു നടത്തിത്തുടങ്ങിയാൽ കുറെ കാലം കഴിയുമ്പോൾ ഇതു് ഒരു സെൻട്രൽ ബഡ്ജററാണെന്നു പറഞ്ഞു മററു കമ്പനികൾ കൂടി ഇന്ത്യാഗവൺമെന്റ് ആവശ്യപ്പെട്ടേക്കും. ഗത്യന്തരമില്ലാതെ ഗവൺമെണ്ടിനു ബാക്കി കമ്പനികൾകൂടി വിട്ടുകൊടുക്കേണ്ടതായും വരും. എത്ര ഭീമമായ തുകയാണ് അങ്ങനെ വരുന്നപക്ഷം നമ്മുടെ സ്റ്റേററിനുണ്ടാകുന്നതെന്നു് ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ഇങ്ങനെ ഒരു പ്രപ്പോസൽ ഇന്ത്യാഗവൺമെന്റിൽനിന്നും ഉണ്ടായകാലത്തുതന്നെ അതിനെ നിരുത്സാഹപ്പെടുത്തുന്ന നടപടികളായിരുന്നു ഗവൺമെന്റു കൈക്കൊള്ളേണ്ടിയിരുന്നതു്. ഗവൺമെന്റ് ഈ വക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, നമ്മുടെ ഗവൺമെന്റ് നടത്തുന്നതും മൂലധനം മുടക്കിയിട്ടുള്ളതുമായ വ്യവസായസ്ഥാപനങ്ങൾ ആശാവഹമായി പുരോഗമിക്കുന്നുവെന്നു, സാധാരണയായി അസത്യവും അതിശയോക്തിയും പറയാൻ ആഗ്രഹിക്കാത്ത ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു ഏതായാലും സന്തോഷകരമാണു്. അദ്ദേഹം പറഞ്ഞിരിക്കുന്ന ആ പ്രസ്താവന ഈ ബഡ്ജററിനെ അടിസ്ഥാനപ്പെടുത്തി ആയിരുന്നുവെങ്കിൽ വളരെ കൂടുതൽ സന്തോഷകരമായിരിക്കുമായിരുന്നു. ഇവിടെ ശ്രീ. നടരാജപിള്ള അഭിപ്രായപ്പെട്ടതുപോലെ നമ്മുടെ സിറാമിക്ക് ഫാക്ടറിയുടെ പുരോഗതി എന്താണെന്നു നോക്കിയാൽ നമുക്കു കാണാൻ കഴിയുന്നതു്, കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി അതിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആദായം കുറഞ്ഞുകുറഞ്ഞു വരുന്നുവെന്നുള്ളതാണ്. അതിനുള്ള കാരണം ശ്രീ. നടരാജപിള്ള പറഞ്ഞതു് ലേബർ സ്ട്രൈക്ക് ഉണ്ടായതുകൊണ്ടാണെന്നാണ്. എന്നാൽ അതിൽനിന്നും അടുത്ത കൊല്ലത്തിൽ പ്രതീക്ഷിച്ചിരുന്ന ആദായമായി കാണി

[Sri. Kaiathil Velayudhan Nair]

ച്ചിരിക്കുന്ന തുക, ഇക്കൊല്ലം റിവൈസ്ഡ് എസ്റ്റിമേററിൽ കാണിച്ചിരിക്കുന്ന തുകയേക്കാൾ കുറഞ്ഞിരിക്കുന്നതു ആലോചിക്കുമ്പോൾ അടുത്തകൊല്ലവും ലേബർ സ്ട്രൈക്കുണ്ടാകുമെന്നു ഗവൺമെൻറ് പ്രതീക്ഷിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ. ഇങ്ങനെ തുടർച്ചയായി ആദായക്കുറവു കാണുന്നതുകൊണ്ട് മൗലികമായ എന്തോ തകരാറ് ഈ സിറാമിക്ക് ഫാക്ടറിക്കുണ്ടെന്നുള്ളതു് അവിതർക്കിതമാണ്. അതിനെപ്പററി അന്വേഷണം നടത്തണമെന്നു എല്ലാ നിയമസഭായോഗങ്ങളിലും പറയാറുണ്ടെങ്കിലും അക്കാര്യത്തിൽ എന്താണു ഗവൺമെണ്ടു ചെയ്യുന്നതെന്നു ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുജനങ്ങൾക്കും ഈ നിയമസഭാമെമ്പറന്മാക്കും അതിൻെറ പ്രവൎത്തനത്തെപ്പററി അറിയാൻകഴിയുന്ന ഏക റിക്കാർഡു് ബഡ്ജററാണ്. ബഡ്ജററ് നോക്കിയാൽ ഇതിനെസംബന്ധിച്ചു കാണുന്ന പുരോഗതി ഈ ഫാക്ടറിയിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ മാത്രമാണെന്നുള്ളതു് പ്രസ്താവ്യമാണ്. ഇങ്ങനെ ശമ്പളത്തിൽ പുരോഗതിയും ഫാക്ടറിയുടെ പ്രവൎത്തനത്തിൽ അധോഗതിയും കാണുന്നതിനുള്ള കാരണം ആരായേണ്ടതാണ്. അതിനുത്തരവാദിയായ മന്ത്രി അടുത്തകൊല്ലമെങ്കിലും ഫാക്ടറിയുടെ പുരോഗതിക്കു വേണ്ട ഉറപ്പുതരുമെന്നു ഞാനാശിക്കുന്നു.

ബഡ്ജററുകൊണ്ടുനോക്കിയാൽ പുരോഗതികാണുന്ന മറെറാരു സ്ഥാപനം പ്ലൈവുഡ് ഫാക്ടറിയാണ്. ഈയവസരത്തിൽ ഒരു സംഗതി എൻെറ ഓൎമ്മയിൽവരുന്നു. കഴിഞ്ഞകൊല്ലം ഈ ഫാക്ടറിയിൽനിന്നും വളരെ ലാഭം പ്രതീക്ഷിച്ചു. ക്യാബിനററ് മേക്കിങ്ങ് എന്ന ഒരു പ്രസ്ഥാനം ഉണ്ടെന്നും അതിൽനിന്നും നാലുലക്ഷത്തിൽപരം രൂപാ ലാഭം ഉണ്ടാക്കാമെന്നും അന്നു ഗവൺമെൻറ് പ്രസ്താവിച്ചു. അതിലേയ്ക്കു് ഒരു മി. ഇട്ടിച്ചെറിയയെയാണു ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഒരു ചോദ്യത്തിനുത്തരമായി അന്നുപറഞ്ഞു. അപ്പോൾതന്നെ ഇതിൻെറ നടത്തിപ്പിനെപ്പററി ഞങ്ങളിൽ ചിലക്ക് സംശയം ഉണ്ടാകാതെയിരുന്നില്ല. എങ്കിലും ക്യാബിനററ് മേക്കിങ്ങ് ബിസിനസ്സിൽ ഗവൺമെൻറിനു നഷ്ടം ഉണ്ടാകുകയില്ലെന്നും വളരെ ലാഭം ഉണ്ടാകുമെന്നും അന്നു പറയുകയുണ്ടായി. ഇത്തവണത്തെ ബഡ്ജററിൽ കഴിഞ്ഞതാണ്ടത്തെ കണക്കു കാണിച്ചിരിക്കുന്ന ഭാഗം നോക്കുകയാണെങ്കിൽ ക്യാബിനററ് മേക്കിങ്ങ് എന്ന ഇനത്തിൽനിന്നുമാത്രം എന്താദായം കിട്ടിയെന്നു മനസ്സിലാക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിലാണ് അവിടെ കണക്കു കാണിച്ചിരിക്കുന്നതു്. പ്ലൈവുഡ് ഫാക്ടറി ആൻറ് ക്യാബിനററ് മേക്കിങ്ങ് എന്ന ഇനത്തിലാണു കണക്കു കൊള്ളിച്ചിരിക്കുന്നതു്. അതിൽനിന്നും മനസ്സിലാക്കേണ്ടതു് ക്യാബിനററ് മേക്കിങ്ങിൽനിന്നും ഇവിടെ ലാഭം ഉണ്ടായില്ലായെന്നും അതിനുപകരം നഷ്ടമാണുണ്ടായിട്ടുള്ളതെന്നുമാണ്. അങ്ങനെ നഷ്ടമാണുണ്ടായിട്ടുള്ളതെങ്കിൽ അതിനു് ആരാണ് ഉത്തരവാദി? മി. ഇട്ടിച്ചെറിയാ ആണു ഉത്തരവാദിയെന്നുവേണം മനസ്സിലാക്കാൻ. ഇപ്പോൾ ഈ മി. ഇട്ടിച്ചെറിയായെ പുതിയ ഒരു കൺട്രാക്ടരായിട്ടാണ് ഇത്തവണത്തെ ബഡ്ജററിൽ പ്രവേശിപ്പിച്ചിരിക്കുന്നതു്. ഇത്തവണ അദ്ദേഹത്തിനു കൊടുത്തിരിക്കുന്ന ജോലി ട്രാൻസ്പോർട്ട് ബോഡിമേക്കിങ്ങാണ്. അദ്ദേഹത്തെ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചതായി അറിവില്ല. മറെറന്തെങ്കിലും ഉദ്യോഗം കൊടുത്തതായും അറിയുന്നില്ല. പിന്നെ ഏതുനിലയിൽ അദ്ദേഹത്തെ നിയമിച്ചു? കഴിഞ്ഞകൊല്ലത്തെ അദ്ദേഹത്തിൻെറ പ്രവൎത്തനം പരാജയപ്പെട്ടതു എന്തുകൊണ്ട്? ഗവൺമെൻറ് ഇതിനെപ്പററിയും സമാധാനം പറയേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ ഈ ഇട്ടിച്ചെറിയായിൽനിന്നും ഏകദേശം

൧൨,൦൦൦ രൂപയോളം ഗവൺമെൻറിന് ഈടാകാനുമുണ്ട്. അതേയവസരത്തിൽ അദ്ദേഹത്തിനു സാങ്കേതികോപദേശംവകയിൽ ഗവൺമെൻറിൽനിന്നും വലിയ ഒരു തുക കൊടുക്കുന്നുമുണ്ട്. ഗവൺമെൻറിനെ ക്യാബിനററ് മേക്കിങ്ങിൽ മനഃപൂർവ്വമായി നഷ്ടംവരുത്തി പരാജയപ്പെടുത്തിയതിനു ഗവൺമെൻറിൽനിന്നും അങ്ങോട്ടു പുതിയപുതിയ ജോലികൾകൊടുത്തു സഹായിക്കുകയാണ് ചെയ്യുന്നത്. ക്യാബിനററ് മേക്കിങ്ങിനുവേണ്ടി എത്ര മൂലധനമാണു ഗവൺമെൻറ് മുടക്കിയിട്ടുള്ളതെന്നും അതിൻെറ ആണ്ടോടാണ്ടുള്ള ആദായം എന്താണെന്നും ഉള്ളതിലേക്കു യാതൊരു സ്ഥിതിവിവരക്കണക്കുകളും ഈ സഭയിലെ മെമ്പറന്മാർക്ക് കിട്ടുന്നില്ല.

മറെറാരു സംഗതി എനിക്കു പറയാനുള്ളത് എൻെറ സ്നേഹിതൻ മി. നടരാജപിള്ള പറഞ്ഞതുപോലെ പല വൻതരം വ്യവസായങ്ങൾക്കും ഗവൺമെൻറിൽനിന്നും പണം കടംകൊടുക്കുന്നതിനും മററു ചില വ്യവസായങ്ങളിൽ ഓഹരിയെടുക്കുന്നതിനുമായി ഒരു വലിയ തുക ബഡ്ജററിൽ കൊള്ളിച്ചുകാണുന്നു. ഇങ്ങനെ കൊടുക്കുന്നത് ഏതു വ്യവസായങ്ങൾക്കാണെന്നോ, ആ വ്യവസായങ്ങൾ എത്രത്തോളം രാജ്യക്ഷേമത്തിനു ഉതകുന്നതാണെന്നോ അതിൽ ഗവൺമെൻറിനു മുതൽമുടക്കുന്നതുകൊണ്ട് ലാഭമാണൊ അല്ലെങ്കിൽ നഷ്ടമാണൊ വരുന്നതെന്നോ യാതൊന്നും ചിന്തിക്കാതെ, ആരോടും ആലോചിക്കാതെ ചെയ്യുന്ന ഒരു പ്രവൃത്തിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെതന്നെ പണം കടം കൊടുക്കുന്നത് പൊളിഞ്ഞ കമ്പനിക്കോ അതോ പൊളിയാൻപോകുന്ന കമ്പനിക്കോ എന്നൊന്നും വിശദമാക്കുന്നുമില്ല. അതുപോലെതന്നെ ഇവിടെ ഒരു മീററർ ഫാക്ടറി തുടങ്ങാൻപോകുന്നുയെന്ന് പ്രസ്താവിക്കയുണ്ടായി. ഈ ഫാക്ടറി തുടങ്ങുന്നത് രാജ്യക്ഷേമത്തെ ലാക്കാക്കിയാണോ, അതോ ഏതാനും വ്യക്തികളെ സഹായിക്കാൻ വേണ്ടിയാണോ എന്നു എനിക്ക് സംശയമാണ്. ഞാൻ അറിയുന്നത് ഇവിടെ മന്ത്രിയായിരുന്ന ഒരു മാന്യൻെറ പ്രേരണയാൽ അദ്ദേഹത്തിൻെറ അടുത്ത ബന്ധുക്കൾക്കുവേണ്ടി തുടങ്ങാൻപോകുന്ന ഒരു കമ്പനിയാണെന്നാണ്. ഈ കമ്പനിക്കുവേണ്ടി ഗവൺമെൻറ് മൂലധനം മുടക്കുന്ന അവസരത്തിൽ മററു വല്ലവരിൽനിന്നും മൂലധനം പിരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര തുകയാണെന്നും മററും നല്ലതുപോലെ അന്വേഷിച്ചിട്ടുവേണം ഗവൺമെൻറിൽനിന്നും ഓഹരിയെടുക്കേണ്ടതെന്ന് ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ഏതായാലും ഈ മീററർ ഫാക്ടറിയുടെ ഉത്ഭവത്തിൽതന്നെ പല ആരോപണങ്ങളും ഉണ്ടായതുകൊണ്ട് ഈക്കാര്യം നല്ലതുപോലെ ഗവൺമെൻറ് അന്വേഷിക്കേണ്ടതാണ്. ഗവൺമെൻറിൽനിന്നും ധനസഹായം ആവശ്യപ്പെടുന്ന കമ്പനിക്കാർ പണം മുഴവനും വാങ്ങിച്ച് തോന്നിയാസമായി ചിലവാക്കിക്കളയുന്ന ഒരു പതിവാണുള്ളത്. ഈ പണത്തിനു ഉത്തരവാദി കമ്പനിക്കാരാണോ അല്ലെങ്കിൽ ഗവൺമെൻറാണോ എന്ന് ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ തിരുവിതാംകൂർ റേയൺസ് കമ്പനിക്ക് ൻ ലക്ഷം രൂപ ഇനിയും കടം കൊടുക്കാൻ പോകുന്നുയെന്നു കാണുന്നു. ആദ്യമെ പണമില്ലാതെ തുടങ്ങിയ ഈ കമ്പനിയുടെ പ്രവർത്തനം അധഃപതനത്തിൽവന്നപ്പോൾ ഗവൺമെൻറിനെ സമീപിക്കയും ഗവൺമെണ്ട് ധനസഹായംചെയ്കയും പിന്നെയും അധഃപതിച്ചപ്പോൾ ഗവൺമെൻറ് പിന്നേയും സഹായിക്കയുമാണ് ചെയ്തുവരുന്നത്. ഈ തരത്തിൽ പലതരം വ്യവസായങ്ങൾക്കായി അനേകം കോടിരൂപ ഗവൺമെൻറ് മുതൽമുടക്കിയിരിക്കുന്നു. ഗവൺമെൻറിനാകട്ടെ കമ്പനിക്കാർക്കാകട്ടെ പണത്തിനെപ്പററി യാതൊരു ലക്ഷ്യവുമില്ല. സർ, ഞാൻ ചോദിക്കുന്നു ഇതിനൊക്കെ ഉത്തരവാദി ഏതു ഉദ്യോഗസ്ഥനാണെന്ന്. ഇവിടെ വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ മേധാവി

[Sri. Kalathil Velayudhan Nair]

യായിട്ട് ഒരു ഡയറക്ടരെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിനു വ്യവസായവുമായി യാതൊരു സാങ്കേതിക പരിജ്ഞാനവും ഇല്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. മാത്രമല്ല ഈ കമ്പനികളുടെ അതായത് ഓഹരി എടുത്തിട്ടുള്ള കമ്പനികളുടെ ഡയറക്ടറന്മാരിൽ ഇവിടത്തെ കുറെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂറിൽനിന്നും ചീഫ്സെക്രട്ടറിയും ഫിനാൻഷ്യൽ സെക്രട്ടറിയും ഈ ഗവമ്മെൻറിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങളാണ്. അനേകം കോടി രൂപ മുതൽമുടക്കിയിട്ടുള്ള ഈ കമ്പനികളിൽ പ്രതിനിധിയെന്ന നിലയിൽ ഈ ഉദ്യോഗസ്ഥന്മാക്ക് എന്തു വൈദഗ്ദ്ധ്യമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. കമ്പനികളുടെ നടത്തിപ്പിനെ പരിശോധിക്കുന്നതിനും അവയിലെ ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിനും പ്രവത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തുകൊണ്ടു് ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുന്നില്ലായെന്നു് ഞാൻ ചോദിക്കുന്നു. ഈ സംഗതി, വളരെ വലിയൊരു തുക ഗവമ്മെൻറിൽനിന്നും വലിച്ചെറിഞ്ഞിട്ട് തിരിഞ്ഞുനോക്കാത്തമട്ടിൽ മൗനം ആരംഭിച്ചിരിക്കുന്നതുകണ്ടിട്ട് ഞാൻതന്നെ പല അവസരങ്ങളിലും ഈ കാര്യം ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നിട്ടും ഗവമ്മെൻറ് അലസതയാണ് കാണിക്കുന്നതു്. ഏതെങ്കിലും വ്യവസായങ്ങൾക്ക് ഗവമ്മെൻറിൽനിന്നും പണം കടം കൊടുക്കുന്നതിനുമുമ്പായി വിവരം നിയമസഭയെ ധരിപ്പിക്കണമെന്നു് എന്റെ സ്നേഹിതൻ മി. നടരാജപിള്ള അഭിപ്രായപ്പെട്ടപ്പോൾ മി. ബാലകൃഷ്ണൻതമ്പി ആ അഭിപ്രായത്തെ എതിക്കുകയാണ് ചെയ്തതു്. മി. തമ്പിയുടെ അഭിപ്രായത്തിൽ നിയമസഭയോടു് ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനുപകരം ഇവിടത്തെ എക്സിക്യൂട്ടീവിനോടു് ആലോചിച്ചാൽമതിയെന്നും വിദഗ്ദ്ധോപദേശം ചെയ്യേണ്ടതു് ഇവിടത്തെ എക്സിക്യൂട്ടീവുമാണെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എനിക്ക് അദ്ദേഹത്തോടു പറയാനുള്ള മറുപടി രാഷ്ട്രീയമായ എന്തു കാര്യങ്ങളും ചച്ചചെയ്യുന്നതു് നിയമസഭയിലായിരിക്കണമെന്നും നിയമസഭയുടെ തീരുമാനം അവസാനതീരുമാനമായി കരുതേണ്ടതാണെന്നുമാണ്. ഒരു ഫാക്ടറിക്ക് പണം കടം കൊടുത്തുവരുന്ന നയം ആ ഫാക്ടറിയുടെ ആവശ്യത്തിനെപ്പററിയോ പ്രവത്തനത്തെപ്പററിയോ ആലോചിച്ചല്ല. പിന്നേയൊ ശുപാശയനുസരിച്ചാണ്. ഇപ്രകാരം മുതലുമുടക്കിയ സംഖ്യക്ക് ശരിയായ പലിശതന്നേയും കിട്ടാതെയാണിരിക്കുന്നതു്. ഈ കമ്പനികളുടെ മുതൽമുടക്കിനെപ്പററി ഗവമ്മെൻറിനു് യാതൊരു ശുഷ്കാന്തിയും ഇല്ലെന്നുള്ളതു് പൊതുജനങ്ങൾക്കു മനസ്സിലായതിന്റെ ഫലമായിട്ടാണ് പല ആരോപണങ്ങളും ഇതിന്മേൽ ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു് പൊതുജനങ്ങളെ വിശ്വസിപ്പിക്കത്തക്കവണ്ണം ഈ പ്രവത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുകയും മേലാൽ ഈവക ആരോപണങ്ങൾക്ക് ഇടനൽകാതെ സൂക്ഷിക്കയും ചെയ്യണമെന്നു് പറഞ്ഞുകൊണ്ടു് ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കുമാരനാചാരി: സർ, ബാംബെയിലെ മഹാരാഷ്ട്രഗ്രാമമായ നാസിക്കിൽ കൂടിയ ഇൻഡ്യൻ നാഷനൽ കാൺഗ്രസ് സമ്മേളനത്തിൽവച്ചു പണ്ഡിററ് നെഹ്റു പ്രസ്താവിച്ചതു് ഇങ്ങനെയാണ്. "ഇവിടെ കത്തിക്കുന്ന ഈ സ്വാതന്ത്ര്യദീപം ഇൻഡ്യയിലുള്ള എല്ലാ ഗ്രാമപ്രദേശങ്ങളിലും കുടിലുകളിലും കത്തി പ്രകാശിക്കട്ടെ" എന്നു്. സർ, അവിടെ കത്തിച്ച സ്വാതന്ത്ര്യദീപത്തിന്റെ ഒരു കിരണംപോലും നമ്മുടെ നാട്ടിൽ പ്രകാശിച്ചിട്ടില്ലായെന്നു് എനിക്ക് പറയാൻ കഴിയും. സാമ്പത്തിക സ്വാതന്ത്ര്യം കൈവരുത്തുന്നതിനു വ്യവസായാഭിവൃദ്ധിക്കുവേണ്ടതു ചെയ്യണം. വ്യവസായങ്ങളെ സംബന്ധിച്ചു് വിശേഷിച്ചും

നാട്ടിൻപുറങ്ങളിലുള്ള കുടിൽ വ്യവസായങ്ങളെ സംബന്ധിച്ച് പറയത്തക്ക യാതൊരു പ്രോത്സാഹനവും ഈ ഗവമെൻറ നൽകുന്നില്ല. തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി യാതൊരു പദ്ധതിയും നടപ്പിൽ വരുന്നതായിട്ട് ഞാൻ കാണുന്നില്ല. അധികാരത്തിലിരിക്കുന്ന കക്ഷി ഇവിടത്തെ ഭരണചക്രം തിരിക്കുന്ന കാര്യത്തിൽ യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല. കുടിൽ വ്യവസായങ്ങളെ സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനു പകരം വൻകിട വ്യവസായങ്ങളെയാണ് സംരക്ഷിക്കുന്നത്. ഇത്തരം വൻകിട വ്യവസായങ്ങൾ പ്രവത്തനം നടത്തിവരുമ്പോൾ നഷ്ടത്തിൽ കലാശിക്കുന്നതായാൽ ഉടൻതന്നെ ഗവമെൻറ് ഇടപെട്ട് ദേശീകരണത്തിൻെറ പേരിൽ ഏറെറടുക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല വലിയ മൂലധനം മുടക്കി ചില വൻതരം വ്യവസായങ്ങളെ സഹായിക്കുന്ന മദനാഭാവവും ഗവമെൻറിനുണ്ട്. ഇവിടെയുള്ള യാന്ത്രിക സംഘടിതവ്യവസായങ്ങളെ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുതെന്നല്ലാ ഞാൻ പറയുന്നത്. രാജ്യത്തുള്ള വ്യവസായങ്ങൾ വിപുലപ്പെടുത്തുന്നതും ദേശീകരിക്കുന്നതും നല്ലതുതന്നെ. അതിൽ എനിക്കും അഭിപ്രായവ്യത്യാസമില്ല. എങ്കിലും വൻകിടവ്യവസായങ്ങളെ സഹായിക്കുന്നതോടൊപ്പം ചെറുതരം വ്യവസായങ്ങളേയും, കുടിൽ വ്യവസായങ്ങളേയും പരിപോഷിപ്പിക്കേണ്ടതും രാജ്യക്ഷേമത്തിനു അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. മറെറാരു സംഗതി എനിക്കു പറയാനുള്ളത് സാർവത്രികമായ ഒരു സാങ്കേതികവിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്നുള്ളതാണ്. സാങ്കേതികമായ പരിജ്ഞാനം നടപ്പിൽ വരുത്തുന്നതുകൊണ്ട് തൊഴിൽപരമായ പല പുരോഗമനങ്ങളും ഉണ്ടാകാനിടയുണ്ട്. അതിനായി വ്യവസായങ്ങളെല്ലാം പുനഃസംഘടിപ്പിക്കേണ്ടതാണ്. വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് പറയുമ്പോൾ ഒരുകാര്യം എൻെറ ഓമ്മയിൽ വരുന്നു. ചെറുതരം വ്യവസായങ്ങളെപ്പററി, അവയുടെ പ്രോത്സാഹനത്തെയും പുരോഗമനത്തെയുംപററി ചിന്തിക്കുമ്പോൾ നാം സ്വിററ്സർലണ്ട്, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളിലുള്ള കുടിൽ വ്യവസായങ്ങളെപ്പററി ചിന്തിക്കേണ്ടതാണ്. ജപ്പാനിലെ കഥ പറയുകയാണെങ്കിൽ അവിടെയുള്ള വൻകിട വ്യവസായികൾ, ഇടത്തരം വ്യവസായികൾ, ചെറുതരം വ്യവസായികൾ ഇവർ സംഘടിച്ചുവരുന്നുണ്ട്. ചെറുതരം വ്യവസായികളുടെ പ്രവത്തനങ്ങളിൽ വൻകിട വ്യവസായികൾ ഒരിക്കലും വിഘാതമായി നിന്നിട്ടില്ല. ചെറുതരം വ്യവസായികളുടെ പ്രവത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ വൻകിട വ്യവസായികളിൽനിന്നും മാന്യുഫാക്ച്ചർ ചെയ്യിച്ചുവരുന്നുണ്ട്. ഇത് മനസ്സിൽവച്ചുകൊണ്ട്, നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നും നമ്മുടെ രാജ്യത്ത് ഉണ്ടാകുന്ന കാർഷികോല്പന്നങ്ങൾ ചെറുതരം വ്യവസായികളുടെ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണെന്നും—എന്നുവച്ചാൽ കുടിൽ വ്യവസായത്തിന് നമ്മുടെ കാർഷികോല്പന്നങ്ങൾ ഉപയോഗപ്രദമാണെന്നും മനസ്സിലാക്കി, കുടിൽ വ്യവസയങ്ങളുടെ പുരോഗതിയെ ആശ്രയിച്ചാണ് നമ്മുടെ രാജ്യത്തിൽ തൊഴിലാളികളുടെ അഭിവൃദ്ധി സ്ഥിതിചെയ്യുന്നതെന്നും ഉള്ള കാര്യങ്ങൾ ഓമ്മിച്ചുകൊണ്ട്, ഇവിടെയുള്ള വൻകിട വ്യവസായികളെക്കൊണ്ട് അത്തരം ചെറുതരം വ്യവസായികൾക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികൾ ഉണ്ടാക്കുന്നതിന് വേണ്ട ഏർപ്പാടു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. വലിയ വ്യവസായങ്ങൾക്ക് മൂലധനം മുടക്കുന്നതോടുകൂടിത്തന്നെ ആ വ്യവസായങ്ങൾ ഇത്തരം ചെറുതരം വ്യവസായങ്ങളുടെ കാര്യക്ഷമമായ പ്രവത്തനത്തിന് സഹായകമായ വിധത്തിലുള്ള യന്ത്രസാമഗ്രികൾ നിമ്മിക്കുന്നതിനു തക്കവണ്ണം ഗവമെൻറ് വേണ്ട നിർദ്ദേശം നൽകണം. അങ്ങനെ കുടിൽ വ്യ

[Sri. P. K. Kumaran Achari]
വസായത്തിനെ പരിപോഷിപ്പിക്കത്തക്കവിധത്തിലുള്ള നടപടികൾ ഗവമ്മെൻറ് ഏറെറടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഇനി എനിക്കൊന്നു പറയുവാനുള്ളതു് ഈ ചെറുതരം വ്യവസായങ്ങളെ സഹായിക്കത്തക്കവിധത്തിൽ വൻകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നതോടുകൂടി ഇവിടെയുള്ള യുവാക്കന്മാരുടെ മനഃസ്ഥിതി ഒന്നു് ഭേദപ്പെടുത്താനും ശ്രമിക്കേണ്ടതാണു്. അങ്ങനെ ഞാൻ പറയുന്നതു് സാങ്കേതികമായ ഒരു മനോഭാവം യുവാക്കന്മാക്കു് ഉണ്ടാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണു്. അതായതു് ഈ രാജ്യത്തു് വളരെ കൂടുതൽ ആർട്ട്സും, സയൻസും, കാളേജുകൾ ആരംഭിക്കുന്നതിനു് എല്ലാ സമുദായക്കാരും പരിശ്രമിച്ചുവരുന്നുണ്ടു്. ഇപ്പോൾതന്നെ ഈ മാതിരി കാളേജുകൾ കൂടുതലായിരിക്കുകയാണു്. എന്നാൽ ആ മാതിരി ഉള്ള വിദ്യാഭ്യാസത്തിൽ ശ്രദ്ധപതിപ്പിക്കാതെ സാങ്കേതികമായ വിജ്ഞാനം ഉണ്ടാകുന്നതിനുള്ള പാളിടെക്നിക്കൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനു് ഗവമ്മെൻറും നാട്ടുകാരും കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. അങ്ങനെ പാളിടെക്നിക്കൽ ആയിട്ടുള്ള സ്കൂളുകൾ നമ്മുടെ രാജ്യത്തു സ്ഥാപിച്ചു പ്രവൎത്തനം നടത്തുന്നതിൽ ആരും ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നുള്ളതു് പരമാത്ഥമാണു്. ഈ രാജ്യത്തുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസംകൊണ്ടു് ഡിഗ്രി എടുത്തുവരുന്ന പല വിദ്യാത്ഥികളും പേനകൊണ്ടുമാത്രം ജീവിക്കുന്നതിനുവേണ്ടി ഗവമ്മെൻറിനേയും പബ്ലിക്ക് സവ്വീസു് കമ്മീഷനേയും ആശ്രയിച്ചു വരികയാണു ചെയ്യുന്നതു്. പത്തോ നാല്പതോ രൂപാ വാങ്ങിച്ചുകൊണ്ടു് ജീവിതം നയിക്കാനുള്ള അവരുടെ ആഗ്രഹത്തെ അമത്തിയിട്ടു്, ഇങ്ങനെയുള്ള പരീക്ഷായോഗ്യതയോടുകൂടി വെളിയിൽവരുമ്പോൾ സാങ്കേതികമായി പ്രവൎത്തിച്ചു് തൊഴിൽ ചെയ്യുന്നതിനുള്ള ജ്ഞാനവും വൈദഗ്ദ്ധ്യവും അവക്കു് ലഭിക്കുന്നതിനു് തക്ക വിദ്യാഭ്യാസം നൽകേണ്ടതു് അത്യാവശ്യമാണു്. ഈ കാര്യത്തിൽ ഗവമ്മെൻറ് മുൻകയ്യെടുത്തില്ലെങ്കിൽ നമ്മുടെ രാജ്യത്തെ ചെറുപ്പക്കാരുടെ മനോഭാവം ഈവിധത്തിൽ ഭേദപ്പെടുവാൻ വഴിയില്ല. പാളിടെക്നിക്കൽ സ്കൂളുകളിൽ പഠിച്ചു പുറത്തുവന്നു കഴിഞ്ഞാൽ തൻെറ ചുരുങ്ങിയ സാമ്പത്തിക കഴിവു വച്ചുകൊണ്ടു് ചെറിയചെറിയ വ്യവസായങ്ങൾ നടത്താനുള്ള ആസക്തി അവക്കു് ഉണ്ടാകും. അതിനാൽ ഞാൻ പറയുന്നതു് രാജ്യത്തിൻെറ നാനാഭാഗങ്ങളിലും അതായതു് കുറഞ്ഞതു് ഓരോ ഡിസ്ട്രിക്റ്റിൽ ഓരോന്നുവീതമെങ്കിലും പാളിടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപിക്കുകയും അങ്ങനെ ആ സ്കൂളുകളിൽ പഠിച്ചു പുറത്തുവരുന്ന വിദ്യാത്ഥികൾക്കു് ഗവമ്മെൻറ് വേണ്ടുന്ന പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണു്. ഈ രണ്ടു കാര്യങ്ങളിലും ഗവമ്മെണ്ടു് വേണ്ടവിധം ശ്രദ്ധിക്കണമെന്നു് പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ അല്ലെങ്കിൽ ഉടമസ്ഥതയിൽ നടത്തുന്ന ചില വ്യവസായങ്ങളെ സംബന്ധിച്ചും ഗവമ്മെൻറ് പണംകൊണ്ടു് സഹായിച്ചിട്ടുള്ള മററു ചില വ്യവസായങ്ങളെ സംബന്ധിച്ചും ആയിരുന്നു ഇവിടെ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു്. ഗവമ്മെൻറ് എറെറടുത്തു നടത്തുന്ന വ്യവസായങ്ങൾ നാലെണ്ണം ആണു്. റബ്ബർ ഫാക്ടറി, പ്ലൈവുഡ് ഫാക്ടറി, സിറാമിക്ക് ഫാക്ടറി, ഈയിടെ ഗവമ്മെൻറ് എറെറടുത്തിട്ടുള്ള ചവറ മിനറൽസ് കമ്പനി ഇങ്ങനെ നാലു വ്യവസായങ്ങളാണു് ഇപ്പറഞ്ഞവ. ഗവമ്മെൻറിൻെറ പരിപൂണ്ണമായ ഉത്തരവാദിത്വത്തിലും ഉടമസ്ഥതയിലും ആണു് ഈ വ്യവസായങ്ങൾ നടത്തപ്പെടുന്നതു്. ഇതിൽ പ്രധാനമായ

ആക്ഷേപം ഉണ്ടായതു് സിറാമിക്ക് ഫാക്ടറിയെ സംബന്ധിച്ചാണു്. സിറാമിക്ക് ഫാക്ടറിയെ സംബന്ധിച്ചു് അതിന്റെ ആദായം കുറഞ്ഞുവരുന്നു. ൧൯൬൫-ലെക്കാൾ ൧൯൬൪-ലും ൧൯൬൪-ലെക്കാൾ ൧൯൬൨-ലും കുറഞ്ഞിട്ടുണ്ടു്. ൧൯൬൩-ലും ഇക്കണക്കിനു് ആദായം കുറഞ്ഞേക്കാൻ ഇടയുണ്ടു്. ഇതൊക്കെയാണു് ഇതിനെ സംബന്ധിച്ചു് പ്രധാനമായി ഉണ്ടായ ആക്ഷേപം. ആദായം ഈ ഫാക്ടറിയിൽ കുറഞ്ഞുവരുന്നു എന്നുള്ളതു് പരമാർത്ഥമാണു്. എന്നാൽ അതിനു് ചില കാരണങ്ങൾ ഉണ്ടു്. ആ കാരണങ്ങളെ സംബന്ധിച്ചാണു് ഞാൻ ഇപ്പോൾ പറയാനുദ്ദേശിക്കുന്നതു്. ചില സ്ഥിതിവിവരക്കണക്കുകൾ ബഹു. അംഗങ്ങളുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. ൧൯൬൫-ൽ [illegible],൬൫,൦൦൦ രൂപയായിരുന്നു ഇതിന്റെ ആദായം. ൧൯൬൪-ൽ ൧൧,൩൦൦ രൂപയായി കുറഞ്ഞിട്ടുണ്ടു്. അതോടുകൂടി തന്നെ ൧൯൬൫-ൽ തൊഴിലാളികൾക്കു് വേതനമായി കൊടുത്ത സംഖ്യ ൧,൮൬,൦൦൦ രൂപയായിരുന്നു. ൧൯൬൪-ൽ ഇതു് ൬,൩൬,൦൦൦ ആയി വർദ്ധിക്കുന്നതിനിടയായി. സിറാമിക്ക് ഫാക്ടറിയിൽ കൂടക്കൂടെ തൊഴിൽത്തർക്കങ്ങൾ ഉണ്ടാകുന്നുണ്ടു്. അങ്ങനെ ഉണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾ അവസാനിപ്പിക്കുന്നതിനു് അപ്പോഴപ്പോൾ കൂലിനിരക്കു് വർദ്ധിപ്പിക്കുന്നതിനു് ഇടയായിട്ടുള്ളതിന്റെ ഫലമാണു് ൬,൩൬,൦൦൦ രൂപാ കൊടുക്കാനിടയായിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു് ഞാൻതന്നെ മുമ്പു പ്രസ്താവിച്ചതുപോലെ തൊഴിലാളികളുടേയും ഗവൺമെന്റിന്റേയും ആവശ്യമനുസരിച്ചു് ഒരു എൻക്വയറി നടത്തിയിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് ൧൯൧ തൊഴിലാളികളെ പിരിച്ചുവിടേണ്ടതു് ആവശ്യമാണെന്നു് അവർക്കു് അതായതു് ഇങ്ങനെയുള്ള ൧൯൧ ജോലിക്കാർക്കു് പ്രത്യേകമായ ജോലിയൊന്നും ഇല്ലെന്നും അഭിപ്രായമുണ്ടാകാൻ ഇടയായിട്ടുള്ളതു്. അവരെ പിരിച്ചുവിടുന്നതു് വേറെ ജോലി കൊടുക്കാമെന്നു് ഉദ്ദേശിച്ചുകൊണ്ടാണോ എന്നു് ഒരു ബഹുമാന്യ സ്നേഹിതൻ ചോദിച്ചു. അതിനു് വേണ്ട വ്യവസ്ഥകളും ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഏകദേശം ൧൮ മാസത്തിനകമോ ഏറെ വന്നാൽ ൨൪ മാസത്തിനകമോ അവിടെ ഒരു കിലിൻ സ്ഥാപിക്കാൻ ഗവൺമെന്റു വിചാരിക്കുന്നുണ്ടു്. അതോടുകൂടി ഇങ്ങനെ പിരിച്ചുവിടപ്പെട്ട ൧൯൧ തൊഴിലാളികൾക്കു മാത്രമല്ല കുറെ കൂടുതൽ തൊഴിലാളികളെ അവിടെ പ്രവേശിപ്പിച്ചു് ജോലി നടത്തുന്നതിനു് സാധിക്കുന്നതാണു്. അതുകൊണ്ടു് കിലിൻ കൺസ്ട്രക്ഷൻ വർക്ക് തുടങ്ങുമ്പോൾ ഇങ്ങനെ പിരിച്ചുവിടപ്പെട്ട ൧൯൧ ജോലിക്കാരേയും എടുക്കണമെന്നു കാണിച്ചു് ഉടമ്പടിയും ഉണ്ടാക്കിയിട്ടുണ്ടു്. അങ്ങനെ ഉടമ്പടി ഉണ്ടാക്കിയിട്ടുള്ളതു് ഈ ജോലിക്കാർ ജോലിയില്ലാതെ അലഞ്ഞു നടക്കരുതു് എന്നുള്ള വിചാരത്തിലാണു്. ഈ സിറാമിക്ക് ഫാക്ടറി പല വിഷയത്തിലും പരിഷ്കരിക്കേണ്ടതായിട്ടുണ്ടെന്നു് ഗവൺമെന്റും സമ്മതിക്കുന്നുണ്ടു്. അതിനെ സംബന്ധിച്ചും ഗവൺമെന്റ് അവഗാഢമായി ആലോചിക്കുകയാണു്. ഇന്നു് അവിടെ ഒരു എക്സ്പെർട്ടുണ്ടെങ്കിൽ അദ്ദേഹംതന്നെയാണു് അവിടെ ഉല്പാദനവിഷയത്തിലും സാധനങ്ങളുടെ വില്പനവിഷയത്തിലും പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതു്. ഒരു അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ നിയമിച്ചു് അവിടത്തെ വില്പന കാര്യക്ഷമമായി നടത്തേണ്ടതു് അത്യാവശ്യം ആണു്. ഇരുപതഞ്ചോ, ഇരുപത്താറോ ലക്ഷം രൂപാ ചെലവാക്കി കിലിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിരിക്കുകയാണു്. അവിടെ ഉണ്ടാക്കുന്ന സാമാനങ്ങൾ ഇൻഡ്യയുടെ പല ഭാഗങ്ങളിലും വിറ്റഴിക്കുന്നതിനു് ഏജൻസികളെ നിയമിക്കണം. ആവക കാര്യങ്ങൾ പ്രത്യേകം മനസ്സിൽ വച്ചുകൊണ്ടു അതിനു് ഒരു ആഫീസറെ

[Sri. T. K. Narayana Pillai]

നിയമിക്കണം. സമീപകാലത്തു് തിരുവിതാംകൂർ—കൊച്ചി സ്റ്റേററിലുള്ള എല്ലാ വ്യവസായശാലകളും സന്ദർശിച്ചു അവിടെയുള്ള പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധനെ ഗവൺമെൻറു് നിയമിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ൧൨ ദിവസത്തോളം ഇവിടെ താമസിച്ചു് തിരു–കൊച്ചിയിലുള്ള എല്ലാ വ്യവസായ ശാലകളും സന്ദർശിച്ചു് മനസ്സിലാക്കിയിട്ടുണ്ടു്. താമസം കൂടാതെ തന്നെ ഒരു റിപ്പോർട്ടു് സമർപ്പിക്കുന്നതാണെന്നു് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ടു്. അങ്ങനെ ഇവിടെ സഞ്ചരിച്ചു് വിവരങ്ങൾ ശേഖരിച്ചു് ആവശ്യമുള്ള നിർദ്ദേശങ്ങൾ തരാമെന്നു് സമ്മതിച്ചിട്ടുള്ളതു് ഇൻഡ്യയിലെ വ്യവസായ പ്രമുഖന്മാരിൽ ഒന്നാമനാണെന്നു് പ്രശസ്തിനേടിയിട്ടുള്ള കസ്തൂർബാ ലാൽബായ് ആണു്. അദ്ദേഹം സിറാമിക്ക് ഫാക്ടറി പുനഃസംഘടിപ്പിക്കേണ്ടതു് ആവശ്യമാണെന്നും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതു് ആവശ്യമാണെന്നും അഭിമുഖസംഭാഷണമദ്ധ്യേ അറിയിച്ചിട്ടുണ്ടു്. അതിനാവശ്യമുള്ള നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ടു് ഓരോ വ്യവസായങ്ങളെ സംബന്ധിച്ചും ഒരാഴ്ചക്കകം അയച്ചുതരാമെന്നു പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിച്ചു് സിറാമിക്ക് ഫാക്ടറി മാത്രമല്ല മററു വ്യവസായങ്ങളും പുനഃസംഘടിപ്പിക്കുകയും പരിഷ്ക്കരിപ്പിക്കുകയും ചെയ്യണമെന്നാണു് ഗവൺമെൻറുദ്ദേശിച്ചിട്ടുള്ളതു്. ഈ ഫാക്ടറി കൂടുതൽ കാര്യക്ഷമമായ രീതിയിൽ, പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനു ആവശ്യമായ എല്ലാ സംഗതികളും ൧൧൨൬—൨൭-ൽ തന്നെ തുടങ്ങുന്നതാണെന്നു് ഉറപ്പു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: അഡ്മിനിസ്ട്രേററീവ് ആഫീസറെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതു് എപ്പോഴാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കസ്തൂർബാ ലാൽബായുടെ നിർദ്ദേശമനുസരിച്ചു് ആവശ്യമാണെന്നു കാണുന്നപക്ഷം അഡ്മിനിസ്ട്രേററീവ് ആഫീസറെ ഈ വർഷത്തിൽതന്നെ നിയമിക്കുവാൻ ഇടയുണ്ടു്. അതല്ലാ വേറെ വിധത്തിലാണു് പരിഷ്കരിക്കേണ്ടതെന്നു് നിർദ്ദേശിക്കുന്നതെങ്കിൽ ആ പദ്ധതി നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെൻറു് വിചാരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ സ്കീമിൻ ഈ വർഷത്തിൽതന്നെ ആരംഭിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൭൨ ലക്ഷം രൂപാ ചെലവാക്കണമെന്നു് ഗവൺമെൻറു് നിശ്ചയിച്ചുകഴിഞ്ഞു. ൭ ലക്ഷം രൂപാ ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. സ്കീമിനു് ആവശ്യമുള്ളതു് വലിയൊരു സംഖ്യയാണു്. ഈ സിറാമിക്ക് ഫാക്ടറി ഇന്നത്തെ നിലയിൽതന്നെ പുനഃസംഘടിപ്പിക്കുന്നതിനു് സാദ്ധ്യമാണെന്നാണു് കസ്തൂർബാ ലാൽബായുടെ അഭിപ്രായം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ഫാക്ടറിയുടെ പ്രവർത്തനത്തിനു് ഇപ്പോഴത്തെ എക്സ്പെർട്ടിനു് അഭിപ്രായമൊന്നുമില്ലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ എക്സ്പെർട്ടിനു് അഭിപ്രായങ്ങളുണ്ടു്. ആ അഭിപ്രായങ്ങളേയും തീർച്ചയായും ആദരിക്കുന്നതാണു്. എന്നാൽ ഈ മാതിരി വ്യവസായങ്ങളെ സംബന്ധിച്ചു് അഭിപ്രായം പറയുന്നതിനു് ശ്രീ. ലാൽബായിക്കു് അവകാശമുണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുന്നതല്ല. അദ്ദേഹത്തിന്റെ ഉടമസ്ഥാവകാശത്തിൽ ഉള്ളതും അല്ലാത്തതുമായ എകദേശം അറുപതൊ, എഴുപതൊ ഫാക്ടറികൾക്കു് അദ്ദേഹം വിദഗ്ദ്ധോപദേശം

നൽകിവരുന്നുണ്ട്. അങ്ങനെയുള്ള ഒരാളാണ് ഇവിടെവന്ന് ഈ വ്യവസായത്തെ പരിശോധിച്ചതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇത്രയുംനാൾ ഈ ഫാക്ടറി നഷ്ടത്തിൽ പ്രവർത്തിച്ചതു് മാനേജ്മെൻറിൻെറ തരക്കേടുകൊണ്ടാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തിൻെറ റിപ്പോർട്ടു് കിട്ടിയിട്ടില്ല. അദ്ദേഹവുമായി സംഭാഷണം നടത്തിയവേളയിൽ അദ്ദേഹം പറഞ്ഞ ചില അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിച്ചുവെന്നേയുള്ളു. അദ്ദേഹത്തിൻെറ റിപ്പോർട്ട് സമീപകാലത്തു് കിട്ടുന്നതാണ്. ആവശ്യമുള്ളപക്ഷം ആ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുന്നതിനും ഗവമ്മെൻറിനു് മടിയുണ്ടാകുന്നതല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രീ. ലാൽബായി ഈ ഗവമ്മെൻറിൻെറ ആവശ്യപ്രകാരമാണോ ഫാക്ടറി സന്ദർശിച്ചതു?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഗവമ്മെൻറ് കേന്ദ്രഗവമ്മെൻറിനോട് കഴിഞ്ഞ ഒരുകൊല്ലത്തോളമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതിൻെറ ഫലമായിട്ടാണ് അദ്ദേഹത്തെ ഇങ്ങോട്ടയക്കാനിടയായതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: വഞ്ചിക്ലേമൈൻസിനെപ്പററി എന്താണ് തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ സിറാമിക്ക് ഫാക്ടറിയെപ്പററിയാണ് പറയുന്നതു്. അതിനെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞതിനുശേഷം അടുത്തതിലേക്ക് കടക്കാം. മൈസൂർ, ഹൈദരബാദ് മുതലായ സ്ഥലങ്ങളിലെ ഈ വ്യവസായ കേന്ദ്രങ്ങൾ സന്ദർശിച്ച് ആ ഗവമ്മെൻറുകൾക്ക് വേണ്ട ഉപദേശങ്ങൾ കൊടുത്തുവന്നിരുന്നതും ശ്രീ. ലാൽബായിതന്നെയായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിൻെറ റിപ്പോർട്ടിനെ ആസ്പദമാക്കി ഗവമ്മെൻറിൻെറ ഉടമസ്ഥതയിൽ നടത്തിവരുന്ന എല്ലാ വ്യവസായങ്ങളേയും പുനഃസംഘടിപ്പിക്കണമെന്നാണ് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

വഞ്ചിക്ലേമൈൻസിനെ സംബന്ധിച്ചു പറയുന്നതായാൽ ഇപ്പോൾ അതു നടത്തുന്നതിനു വലിയ പ്രയാസങ്ങളുണ്ടെന്നു തുറന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കുണ്ടറ സിറാമിക്ക് ഫാക്ടറി വികസിപ്പിക്കുന്നതോടുകൂടി വഞ്ചിക്ലേമൈൻസ് പുനഃസംഘടിപ്പിക്കുന്നതിനു് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ഏതായാലും ൩൦,൦൦൦ രൂപാ ഈ ഇനത്തിനായി ആയവ്യയ കണക്കിൽ കൊള്ളിച്ചിട്ടുണ്ട്. ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടതുപോലെ ഈ വക കാര്യങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനു് അർഹതയുള്ള വിദഗ്ദ്ധന്മാരെ വരുത്തി പരിശോധിപ്പിച്ച് ഇതു വീണ്ടും പ്രവർത്തനമാരംഭിക്കുന്നതിനു് സാധിക്കുമോ എന്നു പരീക്ഷിക്കണമെന്നാണ് ഗവമ്മെൻറ വിചാരിക്കുന്നതു്. അതിൽ ഏകദേശം ൨.൪ ലക്ഷം രൂപാ ഗവമ്മെൻറ മുടക്കിയിട്ടുണ്ട്. അതിൽനിന്നും ആദായം കിട്ടാതിരിക്കുന്നതു് തീച്ചയായും നഷ്ടമാണെന്നുള്ളതു് ഒരു പരമാത്ഥമാണ്. അതുകൊണ്ടു് അതിനെ പുനരുജ്ജീവിപ്പിച്ച് വേണ്ടവിധം പ്രവർത്തിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും എടുക്കണമെന്നുതന്നെയാണു ഗവമ്മെൻറുദ്ദേശിക്കുന്നതു്.

റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം ഇപ്പോൾ വളരെ ആശാസ്യമായ രീതിയിലാണു നടന്നുകൊണ്ടിരിക്കുന്നതു്. വളരെ ഉത്തരവാദിത്വമുള്ള ഒരു ശ്രീ. ഉണ്ണിത്താനവർകളാണു് ആ ഫാക്ടറിയിൽ എക്സ്പെർട്ടായി പ്രവർത്തിച്ചുവരുന്നതു്.

<u>ശ്രീ. എ. കെ. പാച്ചുപിള്ള:</u> അദ്ദേഹം എത്ര കാലമായി ആ ഫാക്ടറിയിൽ എക്സ്പർട്ടായി പ്രവർത്തിക്കുന്നു?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങിയിട്ട് വളരെക്കൊല്ലങ്ങളായി. ൧൯൪൯ മുതൽ വലിയ ലാഭം ഗവൺമെൻറിനു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ൧൯൪൯-നു മുമ്പു മുതൽ തന്നെ അവിടത്തെ എക്സ്പർട്ട് ശ്രീ. ഉണ്ണിത്താൻതന്നെയായിരുന്നു.

<u>ശ്രീ. എൻ. കെ. കൃഷ്ണപിള്ള:</u> കഴിഞ്ഞകൊല്ലം ആ ഫാക്ടറിയിൽനിന്നും പ്രതീക്ഷിച്ചിരുന്ന ലാഭം കുറയാൻ കാരണമെന്താണ്?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> പല കാരണങ്ങളുമുണ്ടായിരിക്കാം. ഞാൻ പറഞ്ഞുവരുന്നതു് റബ്ബർ ഫാക്ടറിയുടെ പ്രവർത്തനത്തെപ്പററിയാണ്. എൻെറ ഒരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി റബ്ബർ ഫാക്ടറി ശരിയായ വിധത്തിൽ നടത്തുന്നതിനു് ഒരു എക്സ്പർട്ടുണ്ടോ എന്നു്. അതിനു ഞാൻ സമാധാനം പറയുകയാണു് ചെയ്യുന്നതു്. ശ്രീ. ഉണ്ണിത്താനവർകൾക്കു് ഈ മാതിരിയുള്ള വ്യവസായങ്ങൾ നടത്തുന്നതിനു തക്ക കെൽപ്പും പരിജ്ഞാനവും ഉണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ആ ഫാക്ടറിയുടെ ഭരണസംബന്ധമായ നിയന്ത്രണം ഗവൺമെൻറിൽതന്നെയാണു സ്ഥിതിചെയ്യുന്നതു്. റബ്ബർ ഫാക്ടറിക്കു് വലിയ സാദ്ധ്യതകൾ ഉണ്ടെന്നുതന്നെ ഗവൺമെൻറ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ൧൯൫൧ ഏപ്രിലിൽ അവസാനിക്കുന്ന വർഷത്തിൽതന്നെ ൪൦,൦൦൦ രൂപയോളം ലാഭം ഗവൺമെൻറിനു കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നതു്. ആ സ്ഥിതിക്കു് റബ്ബർ ഫാക്ടറിയെ സംബന്ധിച്ചു് ആശങ്കക്കു വകയുണ്ടെന്നു ഞാൻ സംശയിക്കുന്നില്ല.

പ്ലൈവുഡ് ഫാക്ടറിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിൻെറ സ്ഥിതിഗതികൾ അത്ര ശരിയാണെന്നു ഞാനും പറയുന്നില്ല. അതിനെ സംബന്ധിച്ചു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി ആ വ്യവസായത്തിൽ പ്രായോഗിക പരിജ്ഞാനമുള്ള രണ്ടു വിദഗ്ദ്ധന്മാരെ വരുത്തി അന്വേഷണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഒരു ജർമ്മൻ വിദഗ്ദ്ധനായ മി. മില്ലറും മറെറാരു മി. കാരർകുട്ടിയുമായിരുന്നു. അവർ പ്ലൈവുഡ് ഫാക്ടറി സന്ദർശിച്ചു ആ ഫാക്ടറി എങ്ങനെയാണു് പുനഃസംഘടിപ്പിക്കേണ്ടതു് എന്നു കാണിച്ചു് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിനെ ആസ്പദമാക്കി അതിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ഇന്നു അതിൻെറമാനേജരായിരിക്കുന്ന ആളിനെപ്പററി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അതിൻെറ പ്രവർത്തനത്തെ സുഗമമാക്കുന്നതിനു് ആവശ്യമുള്ള എല്ലാ നിയന്ത്രണങ്ങളും ആവശ്യമെന്നു തോന്നുന്ന പക്ഷം പുതിയ നിയമനങ്ങളും നടത്തേണമെന്നുതന്നെയാണു് ഗവൺമെൻറ് വിചാരിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇപ്പോഴത്തെ മാനേജരുടെ പേരെന്താണെന്നു പറയാമോ?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> വെങ്കിട്ടരാമയ്യർ എന്നാണ്. പ്ലൈവുഡ് ഫാക്ടറിയെപ്പററിയുള്ള പരാതികൾ ൧൯൫൧, ൫൨ വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ പരിഹരിക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീമാൻ ഇട്ടിച്ചെറിയായെസംബന്ധിച്ചു് എൻെറ ഒരു സ്നേഹിതൻ ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതായതു് ൧൦,൦൦൦ രൂപായോളം ഗവൺമെൻറിനു തരാനുണ്ടെന്നും ആ രൂപാ തരുന്നതിനുപോലും നിവൃത്തിയില്ലാത്ത

ഒരാളെയാണ് ബസ്സിന്റെ ബാഡിപണിയിൽ ഗവൺമെന്റ് ഏല്പിച്ചിരിക്കുന്നതെന്നും. ഞാൻ ഇതിപ്പോഴാണ് കേൾക്കുന്നത്. അതിനെപ്പററി അന്വേഷിച്ച് പണം തരാനുണ്ടെങ്കിൽ അതിലേക്ക് വേണ്ട ഏർപ്പാടുചെയ്യാം. ഇത്ര മാത്രം വിശ്വസിക്കാൻ പാടില്ലാത്ത ഒരാളാണ് അദ്ദേഹമെന്ന് ഗവൺമെന്റിനു ബോദ്ധ്യമാകുന്നപക്ഷം തീർച്ചയായും ആ ആളുമായി ഇനി ഗവൺമെന്റ് ഒരിടപാടിലും ഉൾപ്പെടുകയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ക്യാബിനററ് മേക്കിങ്ങ് സംബന്ധിച്ച് എന്താണ് നടന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെനിന്നും അയച്ചുകൊടുത്ത ചില സാമ്പിളുകൾ അതാവശ്യപ്പെട്ടിരുന്ന ആളുകളെ സന്തോഷിപ്പിച്ചില്ലെന്നു തന്നെയല്ല അവർ ആവശ്യപ്പെട്ട രീതിയിലുള്ളതല്ലായിരുന്നു എന്നുമാണ് പറയുന്നത്. ചില സാങ്കേതികമായ വിഷമങ്ങൾ അതിലുണ്ടായിരുന്നു എന്നും ആ കമ്പനിക്കാർ വാദിക്കുന്നുണ്ട്. അതുകൊണ്ടാണ് ആ കൺട്രാക്ട് പരിപൂർണ്ണമായ രീതിയിൽ നിറവേററുന്നതിന് ഇടവരാതിരുന്നത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ കൺട്രാക്ട് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. P. Balakrishnan Tampi: What about the bus body that he made?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നോ രണ്ടോ ബസ്സുകൾ മാതൃകയായി ഉണ്ടാക്കിത്തന്നു എന്നല്ലാതെ ഒരു കൺട്രാക്ട് കൊടുത്തിട്ടുണ്ടെന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിനെപ്പററി തീർച്ചയായും അന്വേഷിക്കാം.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറച്ച് ക്യാബിനററ് ഉണ്ടാക്കിയിട്ടുള്ളത് എന്തു ചെയ്തു?

ശ്രീ. ടി. കെ. നാരായണപിള്ള: അത് ആ കമ്പനിക്കാരെത്തന്നെ ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ പണം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. ഉണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണം വന്നിട്ടുണ്ടെങ്കിൽ ബഡ്ജററിൽ കൊള്ളിക്കാതിരിക്കുന്നതിനു കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പണം തന്നുകഴിഞ്ഞിട്ടുണ്ടോ എന്നറിയാൻ പാടില്ല.

അടുത്തതായി എനിക്കു ചവറ മിനറൽസിന്റെ പ്രവർത്തനത്തെപ്പററിയാണ് പറയാനുള്ളത്. മണവാളക്കുറിച്ചി ഫാക്ടറി അടച്ചിട്ടതു് വളരെ തെററായിപ്പോയി എന്നൊരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു ശരിയാണ്. പക്ഷെ ആ ഫാക്ടറി ടി. എം. സിക്കാരും ഹാപ്കിൻസ് ആൻഡ് വില്യംസ് കമ്പനിക്കാരും നടത്തിവന്നിരുന്നകാലത്തുതന്നെ അതു അടച്ചിട്ടിരുന്നുവെന്നു ആ സ്നേഹിതനും അറിയാമായിരുന്നു. ഈ കമ്പനി ഗവൺമെന്റ് വിലക്കുവാങ്ങിയതു 1950 അവസാനത്തിലായിരുന്നു. അതിനു മുമ്പുതന്നെ അടച്ചിട്ടിരിക്കയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് സമീപകാലത്തു് അതിന്റെ പ്രവർത്തനം ആരംഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടപടികൾ എടുത്തുവരുന്നുണ്ട്. ആലുവായിൽ മോണോ സൈററ ഫാക്ടറി വരുന്ന സമയത്തു അ

[Sri. T. K. Narayana Pillai]

വിടത്തേക്കു് മോണോസൈററു് സപ്ലൈ ചെയ്യുന്നുണ്ടു്. ആ നിലയിലുള്ളതിന്റെ പ്രവൎത്തനം ആവശ്യമായി തീൎന്നിരിക്കുകയാണു്. എന്റെ ഒരു സ്നേഹിതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി ചവറയിലുള്ള എല്ലാ മണൽക്കമ്പനികളും ഗവൺമെണ്ടിൽനിന്നും വിലയ്ക്കുവാങ്ങി നടത്തേണ്ടതാണെന്നു്. ആ അഭിപ്രായത്തോടു് ഞാനും പരിപൂൎണ്ണമായി യോജിക്കുന്നു. അതിൽ എഫ്. എക്സ്. പെരേരയുടെ കമ്പനി എടുക്കുന്നതിനുള്ള എല്ലാ നടപടികളും നടത്തിക്കഴിഞ്ഞു. അതിന്റെ വിലയും തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. ഹോപ്കിൻസ് ആൻഡ് വില്യംസ് കമ്പനിയാണു് ചവറയിൽ ഉള്ള ഏററവും വലിയ കമ്പനി. ആ കമ്പനി വിലയ്ക്കുവാങ്ങുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. ഞാൻ മുമ്പു് പറഞ്ഞതുപോലെ എല്ലാ മണൽകമ്പനികളും ഗവൺമെന്റു് വിലയ്ക്കുവാങ്ങിയാൽ ഒരവസരത്തിൽ ഇൻഡ്യാ ഗവൺമെന്റു് ഈ കമ്പനികളെല്ലാം ഏറെറടുത്തു നടത്തുന്നതിനു് നിശ്ചയിക്കുന്നപക്ഷം അതിൽ ചില കുഴപ്പങ്ങൾക്കു ഇടയാകുമെന്നു് ഒരു നിൎദ്ദേശം ഇൻഡ്യാ ഗവൺമെന്റിൽനിന്നും വരികയുണ്ടായി. അതിനു് ഈ ഗവൺമെന്റു് ശക്തിയായ മറുപടിയും അയച്ചിട്ടുണ്ടു്. ചവറയിലുള്ള എല്ലാ കമ്പനികളും വിലയ്ക്കുവാങ്ങി നടത്തുന്നതിനു ഞങ്ങളെ അനുവദിക്കണമെന്നു സമീപകാലത്തുപോലും ഇൻഡ്യാ ഗവൺമെന്റിനോടു് അപേക്ഷിച്ചിട്ടുണ്ടു്. ഞങ്ങൾക്കു് അതിനുള്ള അവകാശത്തെ നിഷേധിക്കരുതെന്നും ഞങ്ങൾ വാദിച്ചിട്ടുണ്ടു്. മിക്കവാറും ഞങ്ങളുടെ നില ഇൻഡ്യാഗവൺമെന്റു് സ്വീകരിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. ചവറയിലുള്ള നാലു മിനറൽസ് കമ്പനികളിൽ രണ്ടെണ്ണം ഗവൺമെന്റിന്റെ അധീനതയിലാണു്. മററു രണ്ടു കമ്പനികളുംകൂടി വിലയ്ക്കുവാങ്ങി ഗവൺമെന്റിൽനിന്നും നടത്തണമെന്നാണുദ്ദേശിക്കുന്നതു്. അതിലേക്കു് ഈ ബഡ്ജററിൽ തന്നെ പ്രത്യേകം ഒരു തുക നീക്കിവെച്ചിട്ടുമുണ്ടു് വേറെയും ചില സംഗതികളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. പക്ഷെ അതിനെല്ലാം മറുപടിപറയുന്നതിനുള്ള സമയമില്ലാതെ വന്നതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: ബഡ്ജററിൽ വ. നം ൭-ാം വകുപ്പു 'ഇൻവെസ്ററുമെന്റു് ആന്റു് ഗവൺമെന്റു് കമേഴ്സ്യൽ അണ്ടർ ടേക്കിംഗ്സ്' എന്ന ഹെഡിംഗിൽ മുപ്പത്തിഒന്നരലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടു്. അതെന്തിനാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള; ഇരുപത്തിരണ്ടരലക്ഷം രൂപാ മോണോസൈററു് ഫാക്ടറിക്കുവേണ്ടിയാണു്. മുപ്പത്തി ഒന്നരലക്ഷം രൂപാ എന്നു് എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതിൽ ഇരുപത്തിരണ്ടര ലക്ഷം രൂപാ ഒരു മിനറൽ കമ്പനിക്കുവേണ്ടിയും ഒൻപതുലക്ഷം രൂപാ റയൺസ് കമ്പനിക്കു കടം കൊടുക്കുന്നതിനുമാണു്.

ശ്രീ. ഏ. താണുപിള്ള: ഈ ഒൻപതുലക്ഷം രൂപാ അവൎക്കു് കടമായി കൊടുക്കാനല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയാണുദ്ദേശിക്കുന്നതു്.

Sri. D. Gnanasigamoni : What is the nature of the objection raised by Government of India regarding the purchase of the Mineral Company?

Sri. T. K. Narayana Pillai : I think the Government of India have an idea of purchasing these companies and ultimately if they have decided upon purchasing these companies that may lead to some complications.

The cut motion moved by Sri. P. Kunjukrishnan was by leave withdrawn.

The cut motions moved by Sri. P. S. Nataraja Pillai and Sri. N. Daniel Jose were put and lost.

The question that Government be granted a sum of Rs. 38,66,000 under 'Demand No. XXV—Industries' was put and carried.

The grant was made.

Demand No. V—Forests

Chief Minister **(Sri. C. Kesavan) :** I move for a grant of Rs. 68,09,700 under Demand No. V—Forests.

Minister for Law, Finance and Revenue **(Sri. A. J. John):** I second the motion

Sri. P. K. Krishnan Sastri : I move, to reduce the allotment of Rs. 11,800 for pay of officers of the Chief Conservator's Office by Re. one.

സർ, ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതോടൊപ്പം ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. മററുള്ള ഡിപ്പാർട്ട്മെൻറുകളിലെ ഭരണംപോലെതന്നെ അതൃപ്തികരമാണ് ഈ ഫാറസ്റ്റ ഡിപ്പാർട്ട്മെൻറിലെ ഭരണവും എന്നുള്ളതു് നമുക്കു അറിവുള്ളതാണ്. ഗവൺമെണ്ടിന്റെ ഒരു ഗണ്യമായ വരുമാനമുള്ള ഒരു ഡിപ്പാർട്ട്മെണ്ടാണ് ഫാറസ്റ്റ ഡിപ്പാർട്ട്മെൻറ്. എന്നാൽ ഈ അടുത്ത കാലങ്ങളിൽ ആ വരുമാനം പല വിധത്തിലും കുറഞ്ഞുപോയിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ രാജ്യം പാശ്ചാത്യ രാജ്യങ്ങളെ ആകർഷിക്കുന്നു എന്നുള്ളതു് ചരിത്രപ്രസിദ്ധമായ ഒരു വാസ്തവമാണ്. ഇപ്രകാരം അവരെ ആകർഷിച്ചിരുന്നതു് നമ്മുടെ വനവിഭവങ്ങളാണ്. കേരളക്കരയിലെ വനവിഭവങ്ങൾ ഇഞ്ചി, കുരുമുളക്, ഏലം മുതലായവ വളരെ സുലഭങ്ങളാണ്. ഇന്നു ഈ വനങ്ങളേയും വനവിഭവങ്ങളേയും സംബന്ധിച്ചിടത്തോളം ഗവൺമെൻറ് അനാസ്ഥ പ്രദർശിപ്പിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

സർ, ഇന്നു മുഖ്യമായ സംഗതി ഭക്ഷ്യസാധനം വർദ്ധിപ്പിക്കാനെന്നും പറഞ്ഞു വനങ്ങളിൽനിന്നും അനേകം സ്ഥലങ്ങൾ കൃഷിക്കായി കൊടുത്തുവരുന്നു എന്നുള്ളതാണ്. ഇതു ഭക്ഷ്യസാധനങ്ങളെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊടുക്കുന്നതാണ്. ൧൧൨൨ മുതൽക്കാണ് വനം കൃഷിക്കുവേണ്ടി കൊടുക്കുവാൻ ആരംഭിച്ചതു. ഇതിനകം അൻപതിനായിരം ഏക്കർ ഭൂമി കൊടുത്തിട്ടുണ്ടെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ഈ കൃഷിക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും സ്ഥലത്തിനനുസരണമായി കൃഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു ഒന്നു പരിശോധിക്കേണ്ടതാണ്. ഇതുവരെ അതിൽനിന്നും വലിയ വരുമാനമൊന്നും ഉണ്ടായിട്ടില്ലെന്നുള്ളതിനുപുറമെ വലിയ കൃഷിവർദ്ധനവും ഈ രാജ്യത്തുണ്ടായിട്ടില്ല. ഈ കൃഷിക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ചു ഏതെങ്കിലും ഒരു വ്യവസ്ഥ ഗവൺമെൻറ് അംഗീകരിച്ചു് അതു് നടപ്പിൽ വരുത്താൻ ശ്രമിച്ചിരുന്നു എങ്കിൽ അതു് ഗവൺമെൻറിനും സാധാരണ ജനങ്ങൾക്കും വളരെ സഹായകമായിരുന്നേനേ എന്നാണ് എനിക്കു പറയാനുള്ളതു്. ഭൂമി ഇല്ലാത്തവർക്കു കൃഷി ചെയ്യുന്നതിനുള്ള ഭൂമി വീതിച്ചുകൊടുക്കുന്നതിനാണെന്നുള്ള ഒരു വ്യവസ്ഥ നടപ്പിലാക്കുന്നതിനും അങ്ങിനെ കൊടുക്കുന്ന ഭൂമിയിൽ കൃഷിചെയ്യുന്നതിനും വനങ്ങൾ വെട്ടിത്തെളിച്ചു താമസയോഗ്യമാക്കുന്നതിനും ഒരുങ്ങിയിരുന്നുവെങ്കിൽ കേറിക്കിടക്കുവാൻ സ്ഥലമില്ലാത്ത സാധുക്കൾക്കു അതു് ഉപകാരപ്രദമായിരുന്നേനേ. അതിനു ശരിയായ ഒരു പരിപാടി ഗവൺമെൻറിന്റെ മുമ്പിൽ ഇല്ലെന്നാണ് പറയേണ്ടിയിരിക്കുന്നതു്.

[Sri. P. K. Krishnan Sastri]

കൂടാതെ കൃഷിക്കായി കൊടുത്തിട്ടുള്ള സ്ഥലങ്ങൾ സാധുക്കൾക്കല്ല കിട്ടിയിരിക്കുന്നതു്. കഴിഞ്ഞ നിയമസഭയിൽ ഇതേപ്പററി പല സമാധാനങ്ങളും ഗവമ്മെൻറു ഭാഗത്തുനിന്നും പറയുകയുണ്ടായി. അങ്ങിനെ പറഞ്ഞിട്ടുള്ള ഉത്തരങ്ങളിൽനിന്നും വ്യക്തമാകുന്നതു്, ഇവിടത്തെ വലിയ മുതലാളിമാക്കു്, അവരെ പ്രീണിപ്പിക്കുന്നതിനു് കൃഷിചെയ്യാൻ എന്നുള്ള പേരിൽ സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു് കൊടുത്തിട്ടുള്ളതായും അവിടെ ഉണ്ടായിരുന്ന വൻമരങ്ങൾ മുറിച്ചു തടികൾ വില്ക്കുന്നതിനും അവക്കു് ആദായമുണ്ടാക്കുന്നതിനും വേണ്ടിയാണെന്നും ആണു്. വടക്കൻ താലൂക്കുകളിൽ അതായതു് പീരുമേടു്, ദേവികുളം മുതലായ സ്ഥങ്ങളിൽ അനേകം ഏക്കർ സ്ഥലം ഇങ്ങനെ വലിയ ജന്മികൾക്കുമായി കൊടുക്കുകയും, അവർ ഗവമ്മെൻറിനെ സ്വാധീനംചെയ്തു അവിടെ ഉണ്ടായിരുന്ന തടികൾ വെട്ടിവിററു ആദായം എടുത്തുകൊണ്ടിരിക്കുകയും ചെയ്തതിനെപ്പററി ഈ സഭയിൽ ചോദിച്ചപ്പോൾ ആ സ്ഥലങ്ങളിൽ തടികൾ ഇല്ലെന്നു ആദ്യമേ ഉത്തരം പറയുകയും അതിനുശേഷം അവിടെയുള്ള തടികൾ മാക്കു് ചെയ്യുന്നതിനൊരുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെന്നും കേൾക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇതെല്ലാം ചിലരെ പ്രീണിപ്പിക്കുവാൻ വേണ്ടി ചെയ്തിട്ടുള്ളതാണു്. ഇങ്ങനെ ഗവമ്മെൻറിൻെറ ആദായം നഷ്ടപ്പെടുന്നതും, കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ ദുരുപയോഗപ്പെടുത്തുന്നതും ഇവിടത്തെ ഗവമ്മെൻറിൻെറ ഉദാസീന മനോഭാവംകൊണ്ടാണെന്നു പറയുന്നതിൽ യാതൊരു തെററുമില്ല. സർ, ഈ ഭൂമി കൃഷിക്കു കൊടുത്തതിനെ സംബന്ധിച്ചു് തിരുവിതാംകൂർ കൊച്ചിയിൽ പ്രത്യേകമായി ചില കമ്മിററികളും രൂപീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഓരോ ഡിവിഷനിലും കമ്മിററികൾ രൂപീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഓരോ ഡിവിഷനിലും ചില കമ്മിററികളിൽ അപേക്ഷകൾ പര്യാലോചിച്ചതിനും അപേക്ഷകന്മാരുമായി അഭിമുഖസംഭാഷണം ചെയ്തതിനും ശേഷമാണു് കൃഷിക്കു വേണ്ടി ഭൂമികൾ പതിച്ചുകൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. എന്നാൽ ഈ കമ്മിററികളുടെ മുമ്പിൽ വരാതെതന്നെ അനേകായിരം ഏക്കർ ഭൂമി കൊടുത്തിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ടു്. ഈ അടുത്തകാലത്തുതന്നെ നെയ്യാററിൻകര മാറാശേഖരമംഗലത്തു ഇങ്ങനെ ഒരു അയ്യായിരം ഏക്കർ സ്ഥലം കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതായി പത്രങ്ങളിൽ കാണാൻ ഇടയായി. ഈ ഭൂമി കൊടുക്കുവാൻ എന്തു വ്യവസ്ഥയാണു് ഗവമ്മെൻറു് അംഗീകരിച്ചിട്ടുള്ളതെന്നു ഇതുവരെ അറിയാൻ സാധിച്ചിട്ടില്ല. നെയ്യാററിൻകര മാറാശേഖരമംഗലം പകുതിയിൽ സർവ്വേ ചെയ്തു തിട്ടപ്പെടുത്തിയ സ്ഥലം മുഴുവനും ചില തല്പരകക്ഷികൾ സ്വാധീനംചെയ്തു താമസിച്ചുവരുന്നതായിട്ടാണു് ഇന്നുള്ള അറിവു്. ഈയിടെ പ്രസ്തുത സ്ഥലത്തു ഏതാനും സാധുക്കൾക്കു് കുടിയേറിപ്പാക്കുന്നതിനു സ്ഥലം കൊടുക്കണമെന്നു അപേക്ഷിച്ച അവസരത്തിൽ അവിടത്തെ താസീൽദാർ പറയുകയുണ്ടായി അവിടെ ഒരിഞ്ചു ഭൂമി പോലും കൊടുക്കത്തക്കതില്ലെന്നു്. അവിടെ വിദേശിയരായ ആളുകൾ താമസമായി എന്നു് അദ്ദേഹവുമായി നേരിട്ടു സംസാരിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു, അതിനുശേഷം സ്ഥലം വീതിച്ചുകൊടുക്കുവാൻ വേണ്ടി ഒരു കമ്മിററി ഗവമ്മെൻറിൽനിന്നും നിയമിച്ചതായും അറിയാൻ കഴിഞ്ഞു. എന്നാൽ ഈ കമ്മിററിക്കാർ സാധുക്കളായ ഭൂമിയില്ലാത്തവക്കു് ഒരു സെൻറു ഭൂമിപോലും കൊടുത്തിട്ടില്ലെന്നെനിക്കു അറിയാൻ കഴിഞ്ഞു. ഇതു പരമാത്ഥമാണെങ്കിൽ ഈ ഭൂമിയെല്ലാം ആരാണു് ഏതു നാട്ടുകാരാണു് കൈവശം വച്ചുകൊണ്ടിരിക്കുന്നതെന്നു് അറിയേണ്ടതുണ്ടു്. നെയ്യാ

ററിൻകര അവശസമുദായക്കാരായ അനേകമാളുകൾ ഇന്നപേക്ഷകരായുണ്ട്. ഇവക്ക് പാത്താ പതിനഞ്ചോ സെൻറ വീതം, ഭൂമിയില്ലാത്തവക്കായി മാത്രമെങ്കിലും വിതരണം ചെയ്യണമെന്നപേക്ഷിച്ചപ്പോൾ അവിടത്തെ തഹസീൽദാർ അവർകൾ പറഞ്ഞതു് അതവിടത്തെ താമസക്കാക്ക് മാത്രമെ കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളു എന്നാണ്. തഹശീൽദാക്ക് അവിടത്തെ താമസക്കാരുമായി വല്ല ബന്ധവുമുണ്ടോ എന്ന് ഗവമ്മെൻറന്വേഷിക്കുന്നതു് നന്നായിരിക്കും. ഒററശേഖരമംഗലത്തെ സ്ഥലം കൊടുക്കാൻ നിയുക്തമായ കമ്മിററിക്കാരും സ്ഥലവിതരണവും തമ്മിൽ എങ്ങിനെ പൊരുത്തപ്പെട്ടിരിക്കുന്നു എന്നും അന്വേഷിക്കുന്നതു നന്നായിരിക്കും. നെയ്യാററിൻകരയിലെ സാധുക്കൾക്ക് ഒരു സെൻറ ഭൂമിപോലും കിട്ടീട്ടില്ല. ഗവമ്മെൻറ് സവ്വീസിൽ ഉള്ള ഒരു ഉദ്യോഗസ്ഥൻതന്നെ അവിടെ കുറെ സ്ഥലം കൃഷി ചെയ്തിരുന്നു. അതുപോലും ഒഴിപ്പിച്ചെടുത്തു. ഇതെല്ലാം ചില പ്രേരണകൾക്ക് വിധേയമായിട്ടാണ് ചെയ്തിട്ടുള്ളതു്.

സർ, മറെറാന്നെനിക്ക പറയാനുള്ളതു്, തിരുവനന്തപുരത്തുള്ള ഫാറസ്ററ് കമ്മിററികളുടെ തീരുമാനങ്ങളേയും അവരുടെ തീരുമാനങ്ങളേയും പററിയാണ്. ചില ആളുകൾക്ക വീതിച്ചുകൊടുക്കാൻവേണ്ടി കമ്മിററിയുടെ പയ്യാലോചനക്ക വന്ന സ്ഥലങ്ങൾ യാതനയുടെ പേരിൽ കമ്മിററിയുടെ തീരുമാനങ്ങളെ അവഗണിച്ചു വളരെ സ്ഥലങ്ങളും ഗവമ്മെൻറ് യാതനക്കാക്കും അവരുടെ സിൽബന്ധികൾക്കുമായി കൊടുത്തിട്ടുണ്ട്. ഇതേപററി തിരുവനന്തപുരം കമ്മിററി അവഗാഢമായാലോചിക്കയും ഗവമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു തീരുമാനിക്കുകയും ചെയ്തിരുന്നു.

മറെറാരു കാര്യം പറയുവാനുള്ളതു്, വനത്തിൽ താമസിക്കുന്ന കാണിക്കാരെപ്പററിയാണ്. അതായതു് അവക്ക് ഫാറസ്ററ ഉദ്യോഗസ്ഥന്മാരിൽനിന്നും വളരെ ഉപദ്രവങ്ങൾ നേരിടുന്നു എന്നുള്ളതാണ്. എങ്ങിനെയെന്നുവച്ചാൽ വനപ്രദേശത്തു വന്യമൃഗങ്ങളുടെ ശല്യത്തെ ഇല്ലായ്മചെയ്തു നെല്ലു, വാഴ മുതലായവ കൃഷിചെയ്തു വരുന്നതിനെ അവിടത്തെ ഫാറസ്ററുദ്യോഗസ്ഥന്മാക്ക് കൊടുക്കണം. വാസ്തവത്തിൽ ഇന്നു ഫാറസ്റ്റിൽ ഉദ്യോഗം വഹിക്കുന്ന ആളുകളുടെ ഉപജീവനമാഗ്ഗംതന്നെ ഈ കാണിക്കാരെക്കൊണ്ടാണ്. ഈ മാതിരിയുള്ള പല പല കഷ്ടാവസ്ഥകളാണ് ഫാറസ്റ്റിൽ താമസിച്ചുവരുന്ന കാണിക്കാർ അനുഭവിച്ചുവരുന്നതു് എന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഫാറസ്റ്റിൽ നിന്നും കൊടുക്കുന്ന ഭൂമി സാധുക്കൾക്കും കൂടി ലഭിക്കത്തക്കവിധത്തിൽ വ്യവസ്ഥചെയ്യേണ്ടതാവശ്യമാണെന്നും ഈ വക കാര്യങ്ങളിൽ ഗവമ്മെൻറ് ശ്രദ്ധിക്കണമെന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. സി. സി. പ്രസാദ്</u>: സർ, എൻെറ രണ്ടും നാലും ഇരുപത്തിമൂന്നും കട്ട്മോഷനുകൾ ഒരുമിച്ചു് മൂവ്ചെയ്തുകൊണ്ടു് ൨൩–ാമത്തെ മോഷനെപ്പററി പ്രധാനമായി സംസാരിക്കാമെന്നാണ് വിചാരിക്കുന്നതു്.

<u>മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ</u>: എല്ലാ മോഷനെപ്പററിയും ഒരുമിച്ചു് സംസാരിക്കാവുന്നതാണ്. പ്രത്യേകം പ്രത്യേകം സംസാരിക്കുവാൻ സൗകര്യമുണ്ടായി എന്നുവരുന്നതല്ല.

<u>ശ്രീ. സി. സി. പ്രസാദ്</u>: സർ, പൊതുവിൽ റിസർവ്വ് ഫാറസ്ററുകളെ സംബന്ധിച്ചു് ധാരാളം ആക്ഷേപങ്ങൾ സാധാരണക്കാരുടെയിടയിലുള്ളതു് എല്ലാവക്കും അറിയാവുന്നതുപോലെ എനിക്കും അറിയാവുന്നതാണ്. വനം അല്ലാത്ത ധാരാളം ഭൂമി റിസർവ്വ് ഫാറസ്ററുകൾ എന്ന പേരിൽ ഇന്നു ഫാറസ്റ്റ്

[Sri C. C. Prasad]

ഡിപ്പാർട്ടുമെൻറു് കയ്യടക്കിവച്ചിട്ടുണ്ടു്. ഗവന്മെൻറ് എഴുതിച്ചോദിച്ചാൽ ഫാറസ്റ്റിൽ കൃഷിക്കുകൊടുക്കുന്നതിനു സ്ഥലമില്ല, ഉള്ളതെല്ലാം വനങ്ങളാണു് എന്നു ഫാറസ്റ്റധികാരികൾ മറുപടി പറയും. എന്നുതന്നെയുമല്ല, പാവപ്പെട്ടവർ ആരെങ്കിലും കൺസർവേറററെ സമീപിച്ചാൽ വനത്തിൽ മന്ത്രിമാർക്കുമാത്രമേ അധികാരമുള്ളു, തനിക്കു് ഗവന്മെൻറിൽനിന്നും വനമുണ്ടോ എന്നു ചോദിച്ചാൽ ഇന്നയിടത്തെല്ലാം വനമുണ്ടു് എന്നു പറയാൻ മാത്രമേ അധികാരം ഉള്ളു എന്നാണു് മറുപടി പറയുന്നതു്. പാവപ്പെട്ടവരാരെങ്കിലും ഫാറസ്റ്റുആധികാരികളെ സമീപിച്ചാൽ പൂച്ച കണ്ണടയ്ക്കുന്നതുപോലെ ചില സൂത്രപ്പണികൾ അവർ പ്രയോഗിച്ചുവരുന്നതായി എനിക്കറിയാം. പാവപ്പെട്ടവൻ ഒരപേക്ഷ കൊടുത്താൽ അതു കീഴു് ഉദ്യോഗസ്ഥൻെറ റിമാർക്കോടുകൂടി മേലുദ്യോഗസ്ഥൻെറ അടുത്തു പോയാൽ അപേക്ഷ കാണുകയില്ല, റിമാർക്സു മാത്രം കാണും. ഇങ്ങനെയുള്ള പല മായാവിദ്യകളും ഇവിടെ നടക്കുന്നുണ്ടു്. ഹജ്ജൂരിലും ഫാറസ്റ്റ് സെക്ഷൻ ഒരു ഫയലുവിഴുങ്ങി സെക്ഷനാണെന്നു കേൾക്കുന്നുണ്ടു്. അതിനു ചില ഉദാഹരണങ്ങളും എനിക്കു പറയാൻ സാധിക്കും. എവിടെനിന്നെങ്കിലും ഒരപേക്ഷ അയച്ചാൽ ഹജ്ജൂരിൽ ഫാറസ്റ്റ്സെക്ഷനിൽ അന്വേഷിക്കുമ്പോൾ ഒന്നുകിൽ അതു ഗവന്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണു്, അല്ലെങ്കിൽ കൺസർവേറററുടെ റിപ്പോർട്ടിനു് അയച്ചിരിക്കയാണു് എന്നെന്തെങ്കിലും ഒന്നു പറഞ്ഞു ഫയൽ ക്ലോസുചെയ്തിരിക്കുന്നതായി അറിയാൻ കഴിയും. ഇങ്ങനെയുള്ള ചില തിരിമറിയലുകളും മായാവിദ്യകളും ഇവിടെ നടക്കുന്നുണ്ടു്. ചില പ്രത്യേക ആളുകൾക്കുമാത്രം—ബഹു. മന്ത്രിമാർ പറയുന്നതുപോലെ പൊതുജനതാല്പര്യത്തിൻെറപേരിൽ ആ ആളുകൾ ആരെല്ലാമാണെന്നു ഞാൻ പ്രത്യേകം പ്രത്യേകം എടുത്തു പറയുന്നില്ല—ചില കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയാണു് ഈ തിരിമറിയലുകൾ എല്ലാം നടക്കുന്നതെന്നു് എനിക്കറിയാം. ഇങ്ങനെയുള്ള അട്ടിമറിപ്പൻ പ്രസ്ഥാനങ്ങളും ടാപ്പിഡോ ചെയ്യലുകളുമെല്ലാം ഇവിടെ നടക്കുന്നതു ഈ അസംബ്ലിയിലെ അംഗങ്ങളായ ചിലരുടെ പ്രവൎത്തനംകൊണ്ടുകൂടിയാണെന്നും എനിക്കറിയാം. അതുകൊണ്ടു് ഞാൻ അതിനെപ്പററി പ്രത്യേകം പറയുന്നില്ല. ഏതായാലും ഈ മുതലാളിത്ത മനസ്ഥിതിയോടുകൂടിയ പ്രവൎത്തനങ്ങളിൽ മുതലാളിത്തതാല്പര്യക്കാരെല്ലാം കൂട്ടുചേൎന്നു പ്രവൎത്തിക്കുന്നതായിട്ടാണു് കാണുന്നതു്. പാവപ്പെട്ടവൎക്കു് ഇവിടെ യാതൊരു രക്ഷയുമില്ല. കാൺഗ്രസ്സു് എന്നുപറഞ്ഞു നടക്കുന്നവൎക്കോ അവരുടെ ബന്ധുക്കൾക്കും പാൎച്ചക്കാൎക്കുമോ മാത്രമേ ഇവിടെ ഭൂമി കിട്ടാൻ നിവൃത്തിയുള്ളു. ഇങ്ങനെയായാൽ ഈ ഗവന്മെൻറിനു ഒരു ജനാധിപത്യ ഗവന്മെൻറന്നു അഭിമാനിക്കാൻ അവകാശമുണ്ടോ? ഈ ഗവന്മെൻറു ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നുവെങ്കിൽ ഇവിടത്തെ ജനങ്ങളോടു അവൎക്കു വലുതായ ഒരു ഒരു കടപ്പാടുണ്ടെന്നും എല്ലാ ജനങ്ങൾക്കും ഗവന്മെൻറിൻെറ തണൽ ലഭിക്കുന്നതിനു മനസ്സിരുത്തി പ്രവൎത്തിക്കേണ്ടതാണെന്നും ഞാൻ ഗവന്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു. ഞാൻ ഇപ്പോൾ ഇതെല്ലാം പറയുന്നതു നമ്മുടെ ഇപ്പോഴത്തെ ചീഫ്മിനിസ്റ്റർ ഒരു പുതിയ ആളായതുകൊണ്ടാണു്. അദ്ദേഹം ഒരുപക്ഷെ വളരെ ഭീതിയോടുകൂടിയായിരിക്കാം അവിടെ ഇരിക്കുന്നതു്. എന്നാൽ അതിനെപ്പററി ഞങ്ങൾക്കു യാതൊരു കയ്യുമില്ല. അതെല്ലാം കാൺഗ്രസ്സിലുള്ള ചരടുവലികൾകൊണ്ടുണ്ടാകുന്നതാണു്. അതെങ്ങിനെയിരുന്നാലും ഇപ്പോഴത്തെ പുതിയ മന്ത്രിസഭ എല്ലാ ജനവിഭാഗങ്ങളോടും ഉത്തരവാദിത്വമുള്ളതാണെന്നു സ്വയം തെളിയിക്കുമെന്നു ഞാൻ വളരെയധികം പ്രത്യാശിക്കുന്നു.

ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലെ താഴ്ന്നജോലിക്കാർക്ക് എന്തെങ്കിലും കൈക്കൂലി കൊടുത്തില്ലെങ്കിൽ കിടന്നു പൊറുക്കാൻ നിവൃത്തിയില്ലെന്നാണ് വന്നിരിക്കുന്നതു്. അതിനെക്കുറിച്ചു് പ്രത്യേകം പറയുന്നതിനു വേണ്ടിയാണ് ൨൩-ാം നമ്പർ കട്ട്മോഷൻ ഞാൻ അയച്ചിട്ടുള്ളതു്. പരമേശ്വരൻപിള്ള എന്ന ഒരു ഫാറസ്റ്റ്ഗാർഡ് എവിടെയോ ഉത്സവത്തിനു (ശിവരാത്രിക്ക് എന്നറിയുന്നു) പോകുന്നവഴിക്ക് കംപ്ലീകുടിക്കാൻ പണം കൊടുത്തില്ലെന്നുള്ള കാരണത്താൽ മന്നാംകണ്ടം പുലയമഹാസഭാ സെക്രട്ടറി ശ്രീ. കെ. ടി. അച്ചുതൻെറ വീട്ടിൽ കയറി അദ്ദേഹത്തേയും അവിടെ ഉണ്ടായിരുന്ന മററാളുകളേയും ഉപദ്രവിച്ചതായി ഒരു ഫോണോഗ്രാം എനിക്ക് കിട്ടിയിട്ടുണ്ട്. ആ ഫോണോഗ്രാം ഞാൻ ചീഫ്മിനിസ്റ്ററെ ഏൽപ്പിക്കുകയുണ്ടായി. അദ്ദേഹം അതിന്മേൽ വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ കയ്യേററം ഒരുവഴിക്ക്, ഹജ്ജൂരിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കയ്യേററം മറെറാരുവഴിക്ക്, വയസ്സായി കഴിഞ്ഞുതിരിക്കാൻ വയ്യെങ്കിലും ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ്മേധാവിയുടെ തിരുമറി മറെറാരുവഴിക്ക്, ഇങ്ങനെ പാവപ്പെട്ടവർക്കു കിടന്നു പൊറുക്കാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നതു്.

ശ്രീ. സി. കേശവൻ: ഉദ്യോഗസ്ഥന്മാരുടെ കയ്യേററം മാത്രമേ ഉള്ളോ, അതോ ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ കയ്യേററവുമുണ്ടോ?

ശ്രീ. സി. സി. പ്രസാദ്: ഉദ്യോഗസ്ഥന്മാരല്ലാത്തവരുടെ പ്രേരണ പക്ഷേ ഉണ്ടായിരിക്കാം. ഉദ്യോഗസ്ഥന്മാരല്ലാത്തവരെ കൂട്ടുപിടിച്ചുകൊണ്ട് അവർ കയ്യേററം നടത്തുന്നു എന്നാണ് എൻെറ അറിവ്.

സർ, ഇങ്ങനെയുള്ള ജനാധിപത്യമല്ല ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതു്. ഇങ്ങനെയുള്ള ഒരു ജനാധിപത്യത്തിനുവേണ്ടിയല്ല ഞങ്ങൾ നിലകൊള്ളുന്നതു്. നാം ജനാധിപത്യത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ ഈ നാട്ടിലെ സാധാരണക്കാരനും ജന്മിക്കും മുതലാളിക്കും അഥവാ ഉള്ളവനും ഇല്ലാത്തവനും സമ്പൽക്കം പുലർത്തി മുമ്പോട്ടു പോകുന്നതിന് എല്ലാവർക്കും ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ ഒരുപോലെ പരിഗണന ലഭിക്കുന്ന ഒരു നയം ഉണ്ടാകുകയാണ് വേണ്ടതു്. അങ്ങിനെ ഒരു നയം നമ്മുടെ ഗവമ്മെൻറിനു ഉണ്ടാകണമെന്നാണ് ഞങ്ങൾ ആശിക്കുന്നതു്. ആ കാരണംകൊണ്ടാണ് ഞങ്ങൾ സോഷ്യലിസത്തെ സ്വാഗതംചെയ്യുന്നതും, ആ വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നതും.

Sri. Eapen Arackal: As one living in the plains, my knowledge of forest is rather limited. I only want to place certain aspects connected with forest cultivation or deforestation and cultivation of the forest areas for purposes of cultivation of paddy and other food products. Sir, one main way in which forest has become important to the ordinary man is the circumstance that of late forest areas are being leased out for the purpose of growing foodstuffs. I do not want to enter upon the disputed opinion existing among experts of the desirability or otherwise of leasing out forest areas. That is a matter which has to be settled among experts holding different opinions. But as things stand, Government have definitely pursued the policy of leasing out forest areas for the purpose of cultivation of paddy and other foodstuffs. Sir, one aspect which I would like to bring to the notice of Government is that there appears to exist a great deal of complaint against the system and method of leasing out forest areas. Sir, it has often been stated that the forest areas are being leased out to authorities, to persons in position, persons in affluent circumstances, persons who can bring to bear upon the Government some influence or other. Sir, such an opinion was voiced by an hon'ble Member who spoke prior to

[Sri. Eapen Arackal]

me but I do not know how far these allegations are true. But it is highly necessary that the Government should see that as far as possible these complaints are minimised. I do fully realise that it is not always convenient for poor men to get forest areas and convert those forest areas into smiling gardens where we can grow paddy and foodgrains. It is only rich men who can command money and resources that can take on lease forest areas and raise valuable crops on them. All the same, my suggestion would be that on that consideration alone these forest areas shall not be given to rich men as a rule. I think the Government should expedite the policy of leasing out at least on a small scale forest areas to poor persons also. If what I understand is correct, Government also is giving small subsidies to help these people to cultivate these lands. I would therefore suggest that in order to keep a balance and in order to avoid the feeling in general among masses that the lands are leased out to rich men or groups of rich men, such complaints should be nipped in the bud.

Another point I would like to draw the attention of Government to is this: large areas of land are leased out to rich men or groups of rich men. It is the duty of Government to verify that these lands are used for the purpose for which they leased out.

If what I am told is correct, Sir, very large tracts of forest areas are leased out to certain individuals or groups of individuals and a small portion of these areas are alone cultivated while others are allowed to remain uncultivated and people make capital of it by felling valuable timber and selling them. (Bell) That policy also should be checked and nipped in the bud.

Another aspect is that forest areas are large tracts of land covering about 1,500 to 2,000 sq. miles. Unless we have got access to these forests, unless there is a possibility of getting into them, we are not in a position to see and check and verify whether large portions of forest areas containing valuable timber are well preserved and whether they have not become a prey to the wear and tear. If what I understand from the Department is true, it appears that valuable timber, teak and mahogany, are all being felled here and there and that a large amount of good income is being lost.

Sri. C. Kesavan: May I know from the hon'ble Member whether mahogany is forest timber in Travancore-Co[illegible]

Sri. Eapen Arackal: [illegible]ant blackwood. What I suggest is that roads must be laid, crossroads must be laid in order to make these regions accessible for the staff of the Department, to go and inspect these areas. In my view, a section of the engineering department must be attached and placed at the disposal of the Conservator of Forests in order to enable him to see these places frequently.

I should like to touch another aspect. There are certain soft woods and other kinds of wood such as elavu and cheeni, etc., and kinds of timber which are not fetching large prices. Formerly, if what I am told is correct, these used to be sold to poor fishermen for scooping their boats for no price or at a nominal price. Of late, I am told that the price of elavu and cheeni and other similar types of timber out of which boats for the fishing classes are scooped, is fixed at 12 annas per cubic foot. (Second bell). Sir, I might remind the Government that formerly these used to be sold at 2 annas or at the most at 5 annas. Of late, there has been a substantial enhancement in the price. In order to help the fishermen who also contribute a large share in the production of foodstuffs in the State, it is highly necessary—and it is very respectfully suggested—that the enhancement, so far as this kind of timber and wood is concerned, is not called for and that it be reduced to a nominal value. I request that Government do pay attention to the points I have stressed.

Sri. M. I. Paul: Sir, I want to speak.

Mr. Deputy Speaker: I will allow you to speak, but not now.

Sri. P. S. Nataraja Pillai: Sir, I move:

"To reduce the allotment of Rs. 1,78,400 for General Direction by Re. 1".

Sir, in recent years, forest has become one of the important revenue-giving Departments of the State—a major department which contributes a substantial portion of the revenues of the State. That means that the exploitation of the forests is at its maximum, as far as I am able to understand, from the way in which receipts have been secured under this head. In the revised estimate for 1950—51, the figures have exceeded the original estimate and the receipt from exploitation of timber and firewood is substantially greater. At the same time, Sir, when revenue is derived from forests, there is an equal responsibility cast upon the Government to preserve the forests for future generations as well. The regeneration aspect or the conservation of forests by that department is equally important if not more important from my point of view. I am one of those who believe, Sir, that forest has a substantial part to play in the economy of any country. As such, indiscriminate exploitation will unsettle the economic condition of the country and the proper preservation of the forests is essential for the life of the community.

As I said, I was sorry to note that as far as conservation works are concerned the attention which it deserves was not bestowed upon it. For communications and other works, what was provided in the budget estimate was not spent during the year 1950—51. There is a substantial lapse of money nearing Rs. 72,000. This is found at page ,38 of the budget—Subsidiary Statement,—"Communication and Buildings—2,12,100". The actual revised estimate is only Rs. 1,50,000 which means Rs. 72 thousand was not spent by the department. That, I feel Sir, is to a certain extent due to the dereliction of duty on the part of the department. The department ought to have taken more care to utilize whatever scanty allotments had been made. I maintain that the allotment made by Government and by this House for "Communication and Buildings," is very scanty; yet what scanty provision is made in the budget ought to have been fully utilized by the department if the department is earnest about its duty. That, I cannot but say.

Therefore, this exploitation must be consistent with preservation of forests. As far as I am able to understand, Sir, there is a direct and an indirect exploitation of our forests now. I mean by direct exploitation, [illegible] working down of timber and fuel as part of their normal duty and by indirect exp[illegible]tion I mean, the granting of forest areas under the grow more food scheme for cultivation. It has been very often said in this House and a section has complaint about indiscriminate leasing out of forest areas, and some of my other friends were saying that the primary necessity of man is food, therefore, even at the cost of forests, food must be produced, and the forest areas must be leased out. Yet, I say the ultimate result is the same. At any rate, there is a direct exploitation of the forests by the department for making revenue for the State and an indirect exploitation of the forests by leasing out the land and destroying tree growth on the forest area. Several allegations were made in this House about indiscriminate destruction of tree growth in the Devicolam division. I have no reason to doubt those statements made in this House. Moreover, I am fortified in my position, Sir, that one of my respected friends who visited that area saw large trees cut down and burnt away indiscriminately there. I think that fact stands unchallenged to this day. Therefore I feel I am right in saying that the Travancore forests are today subject to two kinds of exploitation—the direct exploitation by the department to make money and the indirect exploitation by way of destruction of the forests under the grow more food scheme. Sir, this is a dangerous policy. From my personal reminiscence—some 30 or 35 years ago—

[Sri. P. S. Nataraja Pillai]

I think it was during Mr. Krishnan Nayar's Dewanship—a two-hundred-acre plot under the puduval rules was assigned to a particular man, and the tree growth was assessed by the Revenue department at Rs. 7,000. Then one Division Forest Officer who later on happened to be the Conservator of Forests wrote to the Government that there was a need for revision of tree value in that area and that a revaluation must be made. Then the Government immediately cancelled the registration proceedings and asked for a revaluation and the revaluation resulted in a sum of Rs. 35,000, which was realized from the man before the land was assigned. I know him. He was a friend of mine and the whole transaction was within my knowledge. Sir, that was the way in which we were preserving the forests and Government interests. My friends might have visited that area, and I think the Treasury Benches might also have visited that estate. (Bell). It is somewhere near Konni. That is the way in which forest growth was preserved in this country. One of my hon'ble friends was saying that forest lands are leased out for growing paddy. We all know, Sir, in the hilly region how much of paddy can be cultivated. For one season, paddy may be grown in an area after destroying the trees altogether. Later on, in the second season, the whole thing turns out into other cultivation. If the policy of the Government is to increase the commercial crop of the country, let them openly and firmly say so and disafforest certain areas and grant them away to colonisation and settlement. But, Sir, then the question of rich man and the poor man comes in. The land problem in Travancore is so acute and critical in these days that ownership must be limited to co-operative ownership, and private ownership should not be increased in any way by handing over land to private holders. That is a very serious thing.

Then, Sir, if land is to be disafforested and if money economy alone is to be given preference and if money crops alone are to be produced, let it be openly avowed and let then land be set apart for that purpose. But this land must then be handed over only to co-operative cultivation, so that we may not create more troubles for the future generation to solve.

There is another point which I would like to point out to this House, and that is the development of forest resources. Sir, the budget estimate provided for Rs. 9,000 and added it on to the department to work on the development of forest resources. One of the most important and critical problems that faces India as a whole today is that of the scarcity of newsprint. Newsprint is a scarcity all over the world, and even today, it is one of the critical problems that faces India. Why not the Forest Department engage their attention on this matter? We have got an industrial research branch. We have got a university research institute. (Second Bell). The way in which money is allotted—it is inadequate—I consider Rs. 9,000 is too inadequate a sum for that purpose, but yet, that amount was not utilized in full. I think that is a regrettable condition and the Government should pay more attention to develop the forest resources to a better extent by utilizing minor produce and allied products. With these words, I move this motion.

ശ്രീ. ഇ. പി. പൗലോസ്: സർ, ഫോറസ്റ്റിനെ സംബന്ധിക്കുന്ന ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എനിക്കു പറയുവാനുള്ളതു് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അതിനെ സംബന്ധിച്ചു് നടന്ന ചർച്ചകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾതന്നെയാണ്. അതു് ആവർത്തിക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ൧൧൨൦ മുതൽ അതായതു് വനത്തിൽനിന്നു് ഭൂമി കൃഷ്യാവശ്യത്തിനു കൊടുക്കുവാൻ നിശ്ചയിച്ച കാലംമുതൽ അതിനെ സംബന്ധിച്ചു് ഈ നിയമസഭയിലും നിയമസഭയ്ക്കുപുറത്തും ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതാണ്.

വളരെ വാദമുള്ള ഒരു വിഷയമായി ഗവമെന്റ് അതിനെ ഗണിച്ചിട്ടും ഉണ്ട്. അതേസംബന്ധിച്ച് നടന്ന വാദപ്രതിവാദങ്ങൾക്ക് ശേഷം ഗവമെന്റ് ഭക്ഷ്യോല്പാദനത്തിന് വനത്തിൽനിന്നും ഭൂമി കൊടുക്കുകയും ചെയ്തു. എന്നാൽ ഇങ്ങനെ കൊടുത്തുവരുന്ന ഭൂമിയിൽ എത്രമാത്രം സ്ഥിരമായി നെൽകൃഷിക്ക് ഉപകരിക്കുന്നുണ്ട്, അങ്ങനെയുള്ള സ്ഥലം ഫാറസ്റ്റിൽ ഉണ്ടോ, അതിൽ എതെങ്കിലും ഭാഗം കൃഷിക്കുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ടോ എന്നുള്ളതിനെപ്പററി ഗവമെന്റ അന്വേഷിച്ചിട്ടില്ല. ഇപ്പോൾ കൃഷിക്കു കൊടുത്തിരിക്കുന്ന ഭൂമികളിൽ മിക്കതും കരഭൂമികളാണ്. ഒന്നോ രണ്ടോ കൊല്ലം മാത്രമേ അവിടെ നെൽകൃഷി ചെയ്യുവാൻ സാധിക്കുകയുള്ളു. ചിലസ്ഥലങ്ങളിൽ യാതൊരു വിധത്തിലും കൃഷിക്കു കൊള്ളാത്ത സ്ഥലങ്ങളാണ് ഭക്ഷ്യോല്പാദനത്തിന് കൊടുത്തിട്ടുള്ളത്. എന്നാൽ പെരിയാററിന്റെ തീരത്ത് പതിവു ഭൂമിയോടു വളരെ അടുത്ത് മൂവ്വാററുപുഴ, കുന്നത്തുനാട് എന്നീസ്ഥലങ്ങളിൽ കൃഷിക്കു കൊള്ളാവുന്ന ധാരാളം ഭൂമികൾ ഉണ്ട്. ആ സ്ഥലമൊന്നും സർവ്വെ ചെയ്ത് കൊടുക്കുന്നില്ല. അതിന് ഗവമെന്റിന് വിരോധമില്ലെങ്കിലും ഡിപ്പാർട്ടുമെണ്ട് അതിനു തടസ്സമായി നില്ക്കുന്നുണ്ട്.

കൃഷിക്ക് എന്തെങ്കിലും കൂടുതൽ ഗുണം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടു കൂടി ഗവമെന്റ് സമാരംഭിക്കുന്ന ഈ ഉദ്ദേശപ്രവർത്തനങ്ങളെ ഡിപ്പാർട്ടുമെണ്ട് തന്നെ മനപൂർവ്വം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ൧൧൨൫-ൽ പതിച്ചു കൊടുത്ത സ്ഥലങ്ങളിൽ ഇക്കൊല്ലം പ്രവേശിച്ചുതുടങ്ങിയതേയുള്ളു. ഇക്കൊല്ലം കൃഷിനടത്തിയ സ്ഥലങ്ങളിൽ അടുത്തകൊല്ലം വീണ്ടും കൃഷി നടത്തുവാനുള്ള സൗകര്യം കൊടുക്കുവാൻ പലപ്പോഴും ഡിപ്പാർട്ടുമെണ്ട വിമുഖത കാണിക്കുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ വനത്തിൽനിന്നും നെൽകൃഷിചെയ്യുവാൻ സൗകര്യമുള്ള ഭൂമികൾ മാത്രമെ പതിച്ചുകൊടുക്കാവൂ എന്നാണ്. വേണമെങ്കിൽ കന്നുകാലി മേച്ചിലിനും മററും ആവശ്യമുള്ള കരസ്ഥലങ്ങളും പതിച്ചുകൊടുക്കാം. പതിച്ചുകൊടുക്കുന്ന സ്ഥലത്ത് തുടർച്ചയായി നെൽകൃഷി നടത്തുവാനുള്ള സൗകര്യം കൊടുക്കുകയും ഡിപ്പാർട്ടുമെണ്ടുകാർ അതിലേയ്ക്ക് പ്രതിബന്ധമായി നില്ക്കാതിരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ യോഗ്യമായ സ്ഥലങ്ങൾ എതാണെന്നു കണ്ടുപിടിക്കുവാൻ നാട്ടിൻപുറത്തുള്ള കൃഷിക്കാരുടെ സഹകരണവും വാങ്ങേണ്ടതാണ്.

ഇനി പതിച്ചുകൊടുത്തിട്ടുള്ള ഭൂമിതന്നെ അയാൾക്കു തിരിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. അതിർത്തി നിർണയിച്ച് വസ്തു തിരിച്ചുകൊടുക്കുന്ന ചുമതല ഓരോകൊല്ലവും ഡിപ്പാർട്ടുമെന്റിനാണുള്ളത്. പത്തേക്കർ അനുവദിച്ചു കൊടുത്തിട്ടുള്ള ഒരാളിന്റെ കൈവശം ൨൦ ഏക്കറും, ൨൦ ഏക്കർ അനുവദിച്ചുകൊടുത്തയാളിന്റെ കൈവശം ൫൦ ഏക്കറും സ്ഥലം കാണുന്ന ദൃഷ്ടാന്തങ്ങളുണ്ട്. ഇക്കൊല്ലം പത്തേക്കർ കൈവശംവെച്ചു കൃഷിനടത്തുന്ന ഒരാളിന് അടുത്തകൊല്ലം ൭ ഏക്കറെ കിട്ടിയെന്നുംവരാം. വസ്തു അതിർത്തിനിർണ്ണയിച്ചു തിരിച്ചുകൊടുക്കുന്ന ചുമതല ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ കീഴ് സിൽബന്ധികൾക്ക് ആയിരിക്കുന്നതുകൊണ്ടാണ് ഈ കുഴപ്പം ഉണ്ടാകുന്നതു്. അവർക്കിഷ്ടമുള്ള ഭൂമി ഇഷ്ടമുള്ള ആളുകൾക്കു കൊടുക്കുകയാണ് ചെയ്യുന്നത്.

മറെറാരു സംഗതി ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. മൂവാററുപുഴ കുട്ടമംഗലം പകുതിയിൽ ൩൦൦ ഏക്കർ സ്ഥലം കന്നുകാലി മേ

[Sri. E. P. Poulose]

ച്ചിൽസ്ഥലമായി തരണമെന്നു അവിടത്തെ ജനങ്ങൾ ഗവൺമെന്റിനോടു ആവശ്യപ്പെട്ടു. അങ്ങിനെ ആവശ്യപ്പെട്ടിട്ടു ഏകദേശം ൨ കൊല്ലത്തിനുമേലായി. സ്ഥലം കൊടുക്കേണ്ടതാണെന്നു ഡിപ്പാർട്ടുമെണ്ടുകാർ അഭിപ്രായപ്പെട്ടു. എന്നാൽ ഗവൺമെൻറു ഇതുവരെ യാതൊരു തീരുമാനവും ചെയ്തിട്ടില്ല. കൊടുക്കാവുന്നതാണെങ്കിൽ കൊടുക്കുകയോ അല്ലെങ്കിൽ കൊടുക്കാൻ നിവർത്തിയില്ലെന്നു തീരുമാനിക്കയോ ചെയ്യണം.

അധഃകൃത കാളിനിയെപ്പററി ശ്രീ. സി. സി. പ്രസാദ് പറഞ്ഞു. മന്നാംകണ്ടത്തിൽ ഒരു അധഃകൃത കാളിനിയുണ്ടു്. അവർ അവിടെ ചെറിയ കെട്ടിടങ്ങളും കെട്ടി താമസിക്കുകയാണു്. എന്നാലൊ ഒരു കച്ചവട മനോഭാവത്തോടുകൂടി ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അവരെ അവിടെ താമസിപ്പിക്കുന്നതായിട്ടാണു കാണുന്നതു്. ഈ ഉദ്യോഗസ്ഥന്മാർക്കു ഇഷ്ടമുണ്ടെങ്കിൽ അവർക്കു് അവിടെ താമസിക്കാം. ഇഷ്ടമില്ലെങ്കിൽ അവിടെനിന്നും അവർക്കു പോകേണ്ടതായിവരും. ഈ നില മാററി അവർക്കു സ്ഥിരമായി ഉദ്യോഗസ്ഥന്മാരുടെ ഭീഷണികൂടാതെ അവിടെ താമസിക്കത്തക്ക ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതാണു്.

Sri. P. S. Nataraja Pillai: Sir, I move "to omit the allotment of Rs. 21,400 for Grow More Food staff by Re. one." In the Budget there is a provision for the Grow More Food staff under Forest Department. I am trying to establish that such a staff is unnecessary. According to the Grow More Food Scheme formulated, a policy of allotting land from reserve forest area was commenced two years ago. During the last two years forest lands have been leased out to the Grow More Food. My friend Mr. Poulose was saying that the method of leasing lands in the northern areas has been the subject of criticism there. I had occasion to hear about the way in which people went over to the Ayyappankovil reserve. I have not gone there myself. I am told that people went and squatted and put up houses without sanction and there are no boundaries for the land occupied. A lot of people from low countries migrated to the high lands and marked out particular areas for their possession and cultivation. Then they effected improvements as well. Later on in the wake of their occupation the survey staff of Government go there. I think it is the staff either of the Forest Department or Revenue Department, I am not sure which that went and surveyed. About measurements even now it is reported that each individual holding has not exact demarcations. That is the way in which survey work has been done during the last two years. Having done that, when the Forest Department has its own surveyors under their permanent establishment, why should we provide for another branch of surveyors under the Grow More Food campaign. The Forest Department must be aware of this occupation if they are doing their duties properly. Lands that may be available for dis-afforestation must be within the knowledge of the department, as they are in possession of working plans for Forest areas surveyed. Further they have even now working plan officers in that department. If working plan system had been properly understood and worked out, the area that could be set apart for production of more food could be known. When nothing of this kind has been made use where is the necessity to an impression to the public that something is being done whereby land will be available in the forest areas for the mere asking. That should not be the state of affairs. Sufficient care must be taken not to allot indiscriminately lands in forest areas. The reserves should not be de-reserved without sufficient ground. No reserve forest area should be allowed to go into the possession of any private individual. Without any statutory provision for dis-afforestation, no area should be de-reserved. That I fear is not the practice of this

Government for the last two years. Sir, the Forest Act provides that before any disafforestation is done, Government ought to specify the area to be taken out of the reserve. That area has to be marked out by definite boundaries. A notification to that effect has to be published in the Government Gazette. Only after all this process, the question of marking out the area for allotment to individuals arises. Then another point. Offence coming under the forest act is a criminal offence and certain proceedings can be instituted under the Criminal Procedure Code. Even for trespass in a forest area, proceedings can be launched. Where is that law now when people enter into reserve forests and begin cultivation straight-away. When the Government allows a law to be violated can it be justified I ask! In an emergency there might have been a necessity. But has not experience proved in this country that any widespread production of paddy under the Grow More Food campaign is impossible. Are we still under the illusion that our country will be self-sufficient as far as food grains are concerned. I lay emphasis on the word grains.

Sir, if you go to Shencotta by the Nedumangad road, you will find vast area disafforestated from the reserve and turned into smiling gardens. I welome that to a certain extent. This is no colonisation scheme. If it is under a co-operative ownership there is nothing wrong about it. Already there is the heavy pressure of population in this country whether it be in low lands or high lands. In these circumstances let there not be any indiscriminate exploitation of forest areas. I ask, why should people be allowed to migrate now, like the African migration of the Europeans in quest of gold. They go there for a short period and after making some money in the present economic conditions when food stuffs are selling at high prices, they return home. Perhaps it may be within the knowledge of even our Ministers that extensive acres where coffee cultivation was done some few decades ago are now a waste. How long can the present state of affairs continue? Where is the certainty that tapioca will fetch the very high price as is existing now in times to come. There must be a planned settlement.

Unless a scheme for permanent occupation and a planned colonisation of the area is undertaken by Government, it is foolish on the part of Government to allow such indiscriminate occupation of the reserve areas. So I object this provision on this ground that it will give an incentive to the people to get into the reserve areas illegitimately. That must be stopped. I therefore say that this House should not accept the demand or grant this amount.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിനെപ്പററി കട്ടുമോഷൻ അയച്ചിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് സമയം അനുവദിച്ചതിനുശേഷം മററു മെമ്പറന്മാർക്കു് സമയമുണ്ടെങ്കിൽ സംസാരിക്കാൻ അനുവദിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഞാൻ ഈ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചു് കട്ടുമോഷൻ അയച്ചിരുന്നു. അതു സ്വീകരിച്ചതായി കാണുന്നില്ല.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ കട്ടുമോഷൻ അയച്ചതു താമസിച്ചായിരിക്കാം. അതുകൊണ്ടാണു് ലിസ്റ്റിൽ ചേർക്കാനിടയാകാത്തതു്. നേരത്തെ അയക്കേണ്ടതായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, ഞാൻ അയച്ചിട്ടുള്ള കട്ടുമോഷൻ അതായതു് ൪൯-ം ൫൦-ം ചേർത്തു് സംസാരിക്കാൻ അനുവാദം ഉണ്ടാകണമെന്നു് അപേക്ഷിക്കുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ൪൯-ാമത്തു് കട്ടുമോഷൻ മൂവു് ചെയ്തുകൊണ്ടു് മറേറതിനെപ്പററിയും സംസാരിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലേക്കു നീക്കിവച്ചിരിക്കുന്ന ൩൨൭, ൦൬, ൯൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറക്കണമെന്നുള്ള എന്റെ ൪൬-ാം നമ്പർ കട്ട്മോഷൻ ഇവിടെ അവതരിപ്പിച്ചുകൊണ്ടു് ഈ ഡിപ്പാർട്ടുമെണ്ടിനെപ്പററിയുള്ള പൊതുപ്രവൎത്തനത്തെ സംബന്ധിച്ച ചില സംഗതികൾ ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ആഗ്രഹിക്കുന്നു. സർ, ആദ്യമായിട്ടു് എനിക്കു പറയാനുള്ളതു്, മഹാഭാഗ്യവാന്മാരായ കാരണവന്മാർ സമ്പാദിച്ചുവച്ചിട്ടുള്ള സ്വത്തുക്കളുടെ അനുഭവം എടുത്തു് ആദായം കാണിക്കാനുള്ള അനന്തരവന്മാർ ആ സ്വത്തുക്കളെ വിററു് ആദായം കാണിക്കുന്നതുപോലെയാണു് ഇവിടത്തെ ശാശ്വതസമ്പത്തായ വനസ്വത്തുക്കളെ വിററഴിച്ചു ആദായം കാണിക്കാൻ തുടങ്ങിയിരിക്കുന്നതു്. ഇതു് എത്രകാലത്തേക്കാണെന്നു് ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ആണ്ടുതോറും ലക്ഷക്കണക്കിനു് വനത്തിൽനിന്നും തടിമുറിച്ചു് വിററുവരുന്നു. അതിന്റെ ഏതാണ്ടൊരു കണക്കു് എന്റെ കൈയിലുള്ളതു് ഇങ്ങനെയാണു്. സർ, ൧൧൨൧-ൽ ൩൨ ലക്ഷം രൂപയുടെ തടി വിററു. ൧൧൨൨-ൽ ൯൨ ലക്ഷം രൂപക്കും, ൧൧൨൩-ൽ ൭൦ ലക്ഷം രൂപക്കും, ൧൧൨൪-ൽ ൬൪ ലക്ഷം രൂപക്കും തടി വിററിട്ടുണ്ടു്. അതിനും പുറമെ ഈ അടുത്തകാലത്തേക്കു് അതായതു് അടുത്ത കൊല്ലത്തിൽ ൨൯ ലക്ഷം രൂപയുടെ തടിയാണു് വില്ക്കാൻപോകുന്നതു്. കൃഷിയുടെ പേരിൽ അനവധി ലക്ഷം തടികൾ ഫോറസ്റ്റിൽനിന്നും വെട്ടിമുറിച്ചു് മാററുന്നു. ഇങ്ങനെ തടികൾ വെട്ടിമുറിച്ചു് ഫോറസ്റ്റിനെ മരുഭൂമിയാക്കുന്നതായാൽ മഴയില്ലാതെ നാട്ടിൽ ക്ഷാമം പെരുകുമെന്നുള്ളതു് എന്റെ മാത്രമല്ല വിദഗ്ദ്ധന്മാരുടെ അഭിപ്രായം കൂടിയാണു്. വെട്ടിമുറിച്ചെടുക്കുന്ന തടികൾക്കു പകരം വച്ചുപിടിപ്പിച്ചില്ലെങ്കിൽ കൃഷിക്കുവേണ്ടി ചെയ്യുന്ന ഈ പ്രവൃത്തി കൃഷിചെയ്യാൻ സൗകൎയ്യമില്ലാത്ത ഒരവസ്ഥ ഉണ്ടാക്കിത്തീക്കുന്നതാണു്. ഗ്രോമോർ ഫുഡ്ഡ് അനുസരിച്ചും ധാരാളം തടികളും പാഴ്‌വൃക്ഷങ്ങളും വെട്ടിനശിപ്പിച്ചിട്ടുണ്ടു്. വൻവൃക്ഷങ്ങളില്ലാത്ത സ്ഥലങ്ങൾ നോക്കി കൃഷിക്കു കൊടുത്തിരുന്നുവെങ്കിൽ നന്നായിരിക്കുമായിരുന്നു.

ശ്രീ. സി. കേശവൻ: തടികളുള്ള സ്ഥലം ആയിരുന്നാലും തരക്കേടില്ല, നിവൃത്തിയുണ്ടെങ്കിൽ നൂറേക്കാട്ടു് കുറെ സ്ഥലങ്ങൾ കൃഷിയാവശ്യത്തിനു കൊടുക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ശരിയാണു്. എന്നാലും പൊതുവെ പറയുന്നപക്ഷം തടി വെട്ടിമുറിച്ചുകളഞ്ഞു് കൃഷി ചെയ്യുന്നതിനുപകരം തടികളില്ലാത്ത സ്ഥലംനോക്കി കൃഷിക്കു കൊടുക്കുന്നതായിരിക്കും ഉത്തമമെന്നാണു് എന്റെ അഭിപ്രായം. നൂറേക്കാട്ടു് കൊടുക്കുന്ന സ്ഥലങ്ങൾ കഴിവതും വൃക്ഷങ്ങൾ കുറവുള്ള സ്ഥലങ്ങൾനോക്കികൊടുത്താൽ മതിയെന്നും എനിക്കഭിപ്രായമുണ്ടു്. കാരണം കൃഷിക്കാവശ്യമുള്ള ഉരങ്ങളും പച്ചിലവളങ്ങളും മററും ലഭിക്കുന്നതിനു് വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുന്നതുകൊണ്ടു് സാദ്ധ്യമല്ലെന്നു എല്ലാവൎക്കും അറിയാം. അതുകൊണ്ടു് നിവൃത്തിയുള്ളിടത്തോളം വൃക്ഷങ്ങളില്ലാത്ത ഭൂമിനോക്കി പതിച്ചുകൊടുക്കേണ്ടതാണു്. അതല്ലാതെ വിദേശത്തുനിന്നും കൂടുതൽ പണം കിട്ടുമെന്നുള്ള കാംക്ഷയോടുകൂടി തടികൾ നശിപ്പിക്കുന്നതു് ഒരിക്കലും ശരിയല്ല. ഇങ്ങനെ വനത്തിൽനിന്നും വെട്ടിമുറിച്ച തടികൾ കൂടുതൽ വിലക്കായി രാജ്യത്തിനു വെളിയിൽ കൊടുക്കുന്നതിനുപകരം വീടില്ലാത്ത സാധുക്കൾക്കു് വീടു പണിയാനായി സഹായവിലക്കു് കൊടുത്തിരുന്നുവെങ്കിൽ കൂടുതൽ ഉപകാരപ്രദമായിരിക്കുമായിരുന്നു.

ശ്രീ. സി. കേശവൻ: തടികൾ രാജ്യത്തിനു വെളിയിലുള്ളവർക്ക് വില്ക്കാൻ പാടില്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ അഭിപ്രായമില്ല. വീടില്ലാത്ത സാധുക്കൾ മഴയും വെയിലുമേററ് വിഷമിക്കുമ്പോൾ ഈമാതിരി സഹായം ചെയ്യുന്നതു് സാധുക്കളോടുള്ള ഔദാര്യത്തിന്റെപേരിൽ അതൊരു പുണ്യമാണ്. അല്ലാതെ ബാംബെ, കല്ക്കട്ട മുതലായ സ്ഥലങ്ങളിലെ പണക്കാർക്ക് കൊടുക്കുന്നതുകൊണ്ട് പണം കൂടുതൽ കിട്ടുമെന്നല്ലാതെ മററു വിശേഷമില്ല.

സർ, അതുപോലെതന്നെ മുൻകൊല്ലങ്ങളിൽ ധാരാളം തടികൾ വെട്ടിനശിപ്പിച്ചിട്ടുണ്ട്. ഫാറസ്റ്റ് ഇൻഡസ്റ്ററിക്കാർക്ക് കുറെ അധികം സ്ഥലം പാട്ടവ്യവസ്ഥയിൽ കൊടുക്കയും അവർ അതിനകത്തുനിൽപ്പുള്ള തടികൾ അശേഷം മുറിച്ചുവരുകയുമാണ് ചെയ്തുവരുന്നതു്. ഈ ഏർപ്പാടുണ്ടായതു് സ്വേച്ഛാധികാരിയായ ഒരു ഭരണകർത്താവിന്റെ കാലത്തായിരുന്നു. വനത്തിൽനിന്നും ഈ വകയിൽ ഒരു നല്ല ആദായം കിട്ടുമെന്നുള്ള ഉദ്ദേശംകൊണ്ടായിരിക്കണം അങ്ങനെ ചെയ്തിട്ടുള്ളതു്. പക്ഷെ അതൊരു പാരമ്പര്യമായി തുടർന്നുകൊണ്ടുപോകുന്നതു് ഒരു പരിഷ്കൃത ഗവമ്മെൻറിന് യോജിച്ചതല്ല.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു് കുട്ടിവനങ്ങൾ പതിച്ചുകൊടുക്കുന്നതിനെപ്പററിയാണ്. തിരുവിതാംകൂറിൽ ധാരാളം കുട്ടിവനങ്ങളുണ്ട്. ഇവയെല്ലാം കൃഷിയുടെ പേരിൽ വിട്ടുകൊടുക്കപ്പെട്ടാൽ കന്നുകാലികളുടെ സ്ഥിതി വളരെ കഷ്ടത്തിലാകും. കുട്ടിവനങ്ങൾ മിക്കവാറും കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങളായിട്ടാണ് ഉപയോഗിച്ചുവന്നിരുന്നതു്. ഈ മേച്ചിൽ സ്ഥലങ്ങൾ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്നപ്പോൾ കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായിവന്നിരിക്കയാണ്. രാജ്യക്ഷേമത്തിനു അത്യന്താപേക്ഷിതമായ കന്നുകാലിസംരക്ഷണം ദിവസം കഴിയുന്തോറും അരക്ഷിതാവസ്ഥയിൽ വന്നുകൊണ്ടിരിക്കയാണ്. കൃഷിവികസനംകൊണ്ട് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കാമെന്നും തൻമൂലം തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാകുമെന്നും മററും പറയുന്നതു ശരിയാണ്. എങ്കിലും കന്നുകാലികൾക്കുവേണ്ടി മേച്ചിൽസ്ഥലങ്ങൾ പ്രത്യേകം ഒഴിച്ചിട്ടില്ലെങ്കിൽ കൃഷിയാവശ്യങ്ങൾക്കുള്ള വളങ്ങൾ കിട്ടുന്നതിനും മററും അസൗകര്യമായിരിക്കുമെന്നു ഓർക്കേണ്ടതാണ്. ഇങ്ങനെ നോക്കിയാൽ വൃക്ഷങ്ങൾ അധികമില്ലാത്തതും മേച്ചിൽസ്ഥലങ്ങൾക്കു കൊള്ളരുതാത്തതുമായ സ്ഥലങ്ങൾ വേണം കൃഷിക്കു കൊടുക്കുന്നതിന്. അതുപോലെതന്നെ കൊടുക്കുന്ന സ്ഥലങ്ങൾ രണ്ടും മൂന്നും ഏക്കർവീതം കൊടുക്കുന്നതുകൊണ്ടും ഫലമില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ഹൈറേഞ്ചിൽ ഏകദേശം ൩൨,൦൦൦ ഏക്കർ സ്ഥലം കൃഷിക്കായി കൊടുക്കപ്പെട്ടു. ഇങ്ങനെ കൊടുക്കപ്പെട്ട സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് സൗകര്യമില്ലാത്ത പാവങ്ങൾ മറെറാരു വ്യക്തിക്ക് വില്ക്കുകയാണ് ചെയ്യുന്നതു്. കാരണം സ്ഥലം കൊടുത്തുവെങ്കിലും കൃഷിക്കാവശ്യമുള്ള ഒരു ചെറിയ തുകകൂടി സഹായധനമായി കൊടുത്തിരുന്നുവെങ്കിൽ ഈവിധത്തിൽ ഒരുത്തനു കിട്ടിയ സ്ഥലത്തെ മറെറാരുത്തനു വില്ക്കുകയില്ലായിരുന്നു. അതുകൊണ്ട് ഭൂമിയില്ലാത്തവന് ഭൂമി കൊടുക്കയും കൃഷിയുടെ വികസനത്തേയും പ്രോത്സാഹനത്തേയും ഉദ്ദേശിച്ച് അവനെ സഹായിക്കുന്നതിനായി വേണ്ടിവന്നാൽ ഒരു ചെറിയ തുകയുംകൂടി ഗവമ്മെണ്ടിൽനിന്നും കൊടുക്കേണ്ടതാണ്.

ശ്രീ. കെ. കെ. കണ്ണൻ: ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെപ്പററി ഒന്നുരണ്ടു പ്രധാനകാര്യങ്ങൾ പ്രസ്താവിക്കണമെന്ന് വിചാരിക്കുന്നു. സർ, മണിമല ററിസർവിൽനിന്നും കുറെ സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിന് പിന്നോക്കസമുദായക്കാർക്ക് കൊടുക്കുകയും ഇപ്പോൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ അവരെ കുടിയിറക്കിവിടുന്നതിന് നടപടി നടത്തുകയും ചെയ്യുന്നതിന് നിറുത്തിവയ്ക്കാൻ ഗവമ്മെൻറിൽനിന്നും ഉത്തരവുണ്ടാകണമെന്നാണ് എനിക്കു ആദ്യമായി പറയാനുള്ളതു്. ഈ സംഗതി സംബന്ധിച്ച് മുൻപു ഒരിക്കൽ ഈ നിയമസഭയിൽതന്നെ സംസാരിച്ചിട്ടുണ്ടു്. അതനുസരിച്ച് ഗവമ്മെൻറ് എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്നു ഇതുവരെ എനിക്കു മനസ്സിലായിട്ടില്ല. സാധാരണയായി കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന സ്ഥലങ്ങൾ കൃഷിക്കും കുടിപാർപ്പിനുമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നതു്. എതായാലും ഈ സ്ഥലങ്ങൾ കാലാവധി കഴിയാറാകുമ്പോൾ സാധുക്കളായ പിന്നോക്കസമുദായക്കാരെ അവിടെനിന്നും ഇറക്കിവിടുന്നതു് നീതിക്കോ ന്യായത്തിനോ യോജിച്ചതല്ല. കാരണം ഭക്ഷണക്ഷാമം ഇന്ന് കൊടുംപിരികൊണ്ടിരിക്കയാണ്. ഈ പരിതസ്ഥിതി, ദുർഘടസന്ധി തരണംചെയ്യുന്നതിന് ഈ നാട്ടിലുള്ളവരുടെ സകലരുടെയും കഴിവുകൾ അങ്ങേയററം ഉപയോഗിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ഈ നിലവച്ചുനോക്കുമ്പോൾ ഈ കുടിയിറക്ക് ഒരുതരത്തിലും ന്യായീകരിക്കത്തക്കതല്ല. ഈ കാര്യത്തെപ്പററി ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെ സമീപിച്ചു് ചില പിന്നോക്കസമുദായക്കാർ നിവേദനം നടത്തിട്ടുള്ളതായും എനിക്കറിയാം. എന്നാൽ കുടിയിറക്ക് സംബന്ധിച്ച് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോയെന്ന് എനിക്ക് നിശ്ചയമില്ല. എങ്കിലും സാധുക്കളായ പിന്നോക്കസമുദായക്കാരെ കൃഷിയുടെ പേരിലായാലും ശരി സാധുത്വത്തിന്റെ പേരിലായാലുംശരി ഇറക്കിവിടുന്നതു് ഒരിക്കലും ആശാസ്യമല്ലെന്ന് അറിയിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

സാഹിബ് ബഹദൂർ പി. കെ. മക്കാർപിള്ള: മലയാററൂർ ഡിവിഷൻ ഫാറസ്റ്റ് ആഫീസ് അവിടെനിന്നും മൂവാററുപുഴക്കു മാററിസ്ഥാപിച്ചിട്ടുള്ളതും കഴിഞ്ഞകൊല്ലം അതു യാതൊരു മുന്നറിവുംകൂടാതെ മലയാററൂർക്കുതന്നെ മാററുകയുംചെയ്തിട്ടുള്ളതാണ്. അതേപ്പററി പലരും പരാതിപ്പെട്ടിട്ടുള്ളതാണെങ്കിലും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാട് ഈ താലൂക്കുകളുടെ മദ്ധ്യഭാഗമായ മൂവാററുപുഴതന്നെ ഡിവിഷൻ ഫാറസ്റ്റ് ആഫീസ് സ്ഥിതിചെയ്യുന്നതാണ്, പൊതുജനങ്ങൾക്കും ഗവമ്മെൻറ് അധികാരികൾക്കും സൗകര്യപ്രദം.

കൂടാതെ ദേവികുളം പീരുമേട് ഈ താലൂക്കുകളിൽ കൃഷിക്കു വിട്ടുകൊടുത്തിട്ടുള്ള ഭൂമികൾ കൃഷിക്കാർ കൈമാററം ചെയ്തുകൊണ്ടിരിക്കുന്നതും അതു് ഒരു കച്ചവടമായി തീർന്നിരിക്കുന്നതുമാണ്. ഈ വിവരങ്ങൾ എനിക്കു സൂക്ഷ്മമായി അറിയാവുന്നതാകയാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംഗതികൾ പല മെമ്പർമാരും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുമാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், இந்த வனவகை டிப்பார்ட்மென்டைப் பற்றி பேசும்போது, ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்களுடைய Motion யையும், ஸ்ரீமான் கோபாலப் பணிக்கர் அவர்களுடைய Motion யையும் எதிர்த்து ஒன்றிரண்டு வார்த்தைகள் பேசலாமென்று நினைக்கிறேன். இந்த திருவிதாங்கூர்-கொச்சி ராஜ்யத்திற்கு ஏற்றவும் கூடுதல்

வருமானம் வரக்கூடிய ஒரு இலாகா இந்த வனவகை இலாகாவாகும். இந்த இலாகாவிலிருந்து கூடுதல் வருமானம் தேடுவதற்கு வகையில்லாமலோ அல்லது இதைப்பற்றி யாதொன்றும் சிந்திக்காமலோ, உணவுப்பெருக்குத் திட்டம் என்ற பெயரால், காடுகளை வெட்டி அங்கு கிருஷி செய்யுமாறு, திருவிதாங்கூர்–கொச்சியிலுள்ள சில பெரிய ஆட்களுக்கு, அதிலும் விசேஷமாக சில பெரிய பணக்காரர்களுக்கு அவ்விடங்களை விட்டுக் கொடுத்திருக்கிறார்கள். இந்த உணவுப்பெருக்குத் திட்டம் என்ற திட்டத்தின் பெயரால் இந்த வனவகையிலிருந்து எத்தனையோ ஆயிரக்கணக்கான ஏக்கர் பூமிகளை அப்பெரியார்களுக்கு கொடுத்திருந்தும், ஏற்கெனவே இந்நாட்டிலிருந்து கிடைக்கும் நெல்லிலிருந்து ஒரு மணி நெல்லாவது இப்பொழுது இந்த சர்க்காருக்கு கூடுதலாக கிடைக்கிறதா என்று நான் கேட்கிறேன். சர், இன்று தென் திருவிதாங்கூரில் மழை அடியோடு இல்லாமல் போவதற்கு, ஒரு முழு முதல் காரணம், இவ்வனங்களை வெட்டி அழிப்பதுதான். சர், இதற்கு முன் வனவகை இலாகா மந்திரியாய் இருந்து சில ஆட்களின் துர்போதனையால் அவர்களுடைய ஆட்களை பெரிய பணக்காரர்களாக ஆக்கவேண்டும் என்ற நோக்கத்துடன் வனங்களை அவர்களுக்கு பாட்டம் அளித்து, ஏற்கெனவே கிருஷிக்கென கொடுக்கப்பட்டிருக்கும் அவ்வனங்களில் அவர்கள் கிருஷி செய்யாமல், அவ்வனங்களிலுள்ள மரங்களை மாத்திரம் வெட்டிக்கொண்டு போகிறார்களே ஒழிய இச்சர்க்காரின் உணவுப்பெருக்குத் திட்டம் அங்கே நடக்கிறதா என்று இந்த இலாகா அதிகாரிகளோ அல்லது இவ்வரசாங்கமோ சற்றேனும் சிந்தித்துப் பார்த்ததாகத் தெரியவில்லை. இன்னொரு அநியாயம் என்னவென்று கேட்டால் தென் திருவிதாங்கூரிலுள்ள பேச்சிப்பாறைக்கு அருகிலிருக்கும் மைலாணிசந்தையில், காணிக்காரர்கள் அவர்களுக்குக் கிடைக்கும் ஏத்தங்குலைகள், மரச்சீனி, தேன் முதலிய சாமான்களைக்கொண்டு விற்கவரும் இடத்தில், இந்த பாரஸ்ட் டிப்பார்ட்மென்ட் அதிகாரிகள் அப்பாவப்பட்ட காணிக்காரர்களை ஏமாற்றி, அச்சாமான்களை பத்து ரூபாய்க்கு விற்று அவர்களுக்கு ஒரு ரூபாய் கொடுத்துவிட்டு பாக்கி ஒன்பது ரூபாயையும் அவர்கள் தங்கள் பாக்கட்டில் இட்டுக்கொண்டு போகிறார்கள். சர், இந்த சபையில் எத்தனையோ சந்தர்ப்பங்களில், வனவகையிலிருந்து கிருஷி உபயோகத்திற்காக பச்சை குழைகளை வெட்டிக்கொண்டு போவதற்கும் கிருஷிக்காரர்களுக்கு கலப்பை செய்வதற்கு வேண்டிய மரங்களை வெட்டி எடுத்துக்கொண்டு போவதற்கும் இந்த சர்க்கார் வேண்டிய ஏற்பாடுகள் செய்யவேண்டுமென்று சொன்னதற்கு, செய்யலாம் செய்யலாம் என்று சொன்னார்களே ஒழிய கிருஷிக்காரர்களுக்கு யாதொரு உதவியும் செய்ததாகக் காணவில்லை. சர், இங்கு சொற்பொழிவாற்றிய சில அங்கத்தினர்கள் வனங்களை வெட்டி அழிக்கவேண்டுமென்றும், அவ்விடங்களை கிருஷிக்கு கொடுக்கவேண்டுமென்றும் சொன்னார்கள். எனக்கு அதில் ஒரு எதிர்ப்பு உண்டு. மந்தைகளை மேய்பதற்காக வனங்களில் ஒரு சில பாகங்களை ஒதுக்கிவைத்தால் என்ன என்று சிலர் சொல்வதைப் பார்த்தால் அங்குள்ள கன்றுகாலிகளை மேய்க்க இடம் இல்லாமலிருக்கிறதா? என்று கேட்கிறேன். கழிந்த மந்திரிகளின் குற்றங்களால் இவ்வனவகை டிப்பார்ட்மென்ட் அழிக்கப்பட்டிருந்தாலும் இனி மேலாலாவது வனங்களை அழிக்காமல் இவ்வனவகையை நல்ல முறையில் நடத்தவேண்டும் என்று

கேட்டுக்கொள்கிறேன். தென் திருவிதாங்கூரில் இருக்கும் எங்களுக்கு, நீங்கள் ஒரு வேளை மத்திய திருவிதாங்கூரில் உள்ள வனங்களை வெட்டி அழித்தால், அதைப்பற்றி எங்களுக்கு கவலையில்லை. ஆனால் தென் திருவிதாங்கூரிலுள்ள வனங்களை வெட்டி அழித்தால், எங்களுக்கு பேச்சிப்பாறை அணையில் தண்ணீர் கட்டி நிற்க முடியாது, தண்ணீர் இல்லாமல் வரும் காரணத்தால். ஏனெனில் மரங்களை வெட்டி முறித்தால், மழை பெய்யாது, மழை பெய்யாவிட்டால் கிருஷி கரிந்து போய்விடும். ஆதலால் எனது வேண்டுகோள் என்னவென்று கேட்டால், கூடிய மட்டிலும் உணவுப்பெருக்குத் திட்டம் என்ற பொய் பெயரால், எங்கள் நாட்டிலுள்ள வனங்களை யாருக்கும் ஒதுக்கிக் கொடுக்கக்கூடாது. கொடுத்தால் அது எதிர்க்கப்படும் என்ற முடிவையும் உங்களிடம் தெரிவிக்கிறேன்.

<u>ശ്രീ. എ. കെ. പാച്ചുപിള്ള:</u> ഞാൻ എട്ടാംനമ്പർ ഉപക്ഷേപമാണ് അയച്ചിരുന്നതു്. എന്നാൽ ഇതിനുമുമ്പ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ സപ്പോർട്ടുചെയ്യുവാൻ ആഗ്രഹിക്കുന്നു. തിരു.-കൊച്ചി സംസ്ഥാനത്തിലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ൧൧൨൮-ലെ ഭരണറിപ്പോർട്ടുകൊണ്ടു് ഈ നാട്ടിൽ മൂവായിരത്തിചില്വാനം ചതുരശ്രമൈൽ റിസർവുഭൂമി നമ്മുടെ വനങ്ങളിൽ ഉണ്ടെന്നു് കാണാവുന്നതാണ്. അതിൽ ൨൪൦൭ ചതുരശ്രമൈൽ തിരുവിതാംകൂറിലും ൭൫൨ ചതുരശ്രമൈൽ കൊച്ചിയിലുമാണ്. ഈ കണക്കിനെ ആധാരമാക്കിക്കൊണ്ടു് കഴിഞ്ഞ നിയമസഭയിൽ ഇവിടെ ചില ബഹു. അംഗങ്ങൾ വാദിക്കുകയുണ്ടായി, മററു സംസ്ഥാനങ്ങളിലെ റിസർവു വനങ്ങളുടെ കണക്കനുസരിച്ചു് നോക്കുകയാണെങ്കിൽ തിരു.-കൊച്ചി രാജ്യത്തു് ആവശ്യത്തിൽ കൂടുതൽ റിസർവു വനം ഉണ്ടെന്നും അതുകൊണ്ടു് കൂടുതൽ കൂടുതൽ വനങ്ങൾ കൃഷിക്കു് അനുവദിച്ചു വിട്ടുകിട്ടണമെന്നു്. എന്നാൽ ഇതിൽ സാരമായ ചില തെററുകളുണ്ടു്. കാരണം ഇൻഡ്യയിലുള്ള ആകെ കൃഷിചെയ്യാവുന്ന വനഭൂമികളുൾപ്പെടെ ഒരാൾക്കു് ഒരേക്കർ സ്ഥലമാണ് കൃഷിചെയ്യാനായിട്ടു് ഉള്ളതു്. അതായതു് ആകെ ൩൬ കോടി ഏക്കർ സ്ഥലമാണ് ഇൻഡ്യയിൽ ആകെ കരഭൂമിയായിട്ടുള്ളതു്. തിരുവിതാംകൂറിലെ കണക്കനുസരിച്ചു് നോക്കുകയാണെങ്കിൽ ഇവിടെ ആകെ കൃഷിചെയ്യാൻ ഉപയോഗിക്കാവുന്ന സ്ഥലം ഒരാൾക്കു് വെറും ൩൦ സെൻറ് മാത്രമാണ്. ഇങ്ങനെ ൩൦ സെൻറ സ്ഥലം തന്നെ ശരിയായി കൃഷിചെയ്യണമെങ്കിൽ അതിനു് വളം മുതലായ സാധനങ്ങൾ അടുത്തുള്ള റിസർവു വനങ്ങളിൽനിന്നുമാണ് ലഭിക്കേണ്ടതു്. ആ വനങ്ങളിൽനിന്നും കൃഷിക്കു് ആവശ്യമുള്ള പച്ചിലവളം സ്വീകരിച്ചുവേണം നമ്മുടെ മിതമായ ഭൂമിയിൽ കൃഷിചെയ്തുകൊണ്ടു പോകേണ്ടതു്. പരീക്ഷണാർത്ഥം ഇവിടെ ഇതിനുമുമ്പ് ചെയ്തതുപോലെ രണ്ടുമൂന്നു വർഷങ്ങൾ കൊണ്ടു് തുടർച്ചയായി വനം വിട്ടുകൊടുത്തു് കൃഷിചെയ്തിട്ടും നെല്ലുമാത്രമല്ല കപ്പയും മററു ധാന്യങ്ങളുമുൾപ്പെടെ ഉള്ള ആഹാരസാധനങ്ങൾ വെറും അൻപതിനായിരം ടൺ മാത്രമാണ് ഇവിടെ കൂടുതലായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളതു്. ഈ കണക്കുവച്ചുകൊണ്ടു നോക്കുകയാണെങ്കിൽ തീർച്ചയായും കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾ ഗവർമെൻറ് തുടർന്നുകൊണ്ടിരുന്നതായ വനം വിട്ടുകൊടുക്കൽനയം മേലാൽ തുടരണമോ അതോ ബുദ്ധിപൂർവ്വകമായ ഒരു തിരിഞ്ഞുനോട്ടത്തിനു് കാലം അടുത്തിട്ടില്ലയോ എന്നു നോക്കേണ്ടതു് അത്യാവശ്യമാണ്. അങ്ങനെ നാം തിരിഞ്ഞുനോക്കുന്ന പക്ഷം ഇവിടത്തെ വനഭൂമികൾക്കു് ശാശ്വതമായ നാശം വനം വിടുതൽ നയം കൊണ്ടു് കാണുന്നപക്ഷം തീർച്ചയായും ഇതുവരെ തുടർന്നുകൊണ്ടിരുന്ന നയത്തിനു്

ഒരു പൂർണ്ണവിരാമം, രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളെ പരിഗണിച്ച് നമ്മുടെ ഭാവി സന്താനങ്ങളുടെ നന്മയെ മുൻനിറുത്തി, ഇടേണ്ട സന്ദർഭം അടുത്തിട്ടില്ലേ എന്ന് കാണാൻ കഴിയുന്നതാണ്. രാജ്യസ്നേഹത്തോടുകൂടി, സ്വദേശ സ്നേഹത്തോടുകൂടി ശരിയായ ഒരു വീക്ഷണഗതിയിൽ ഈ സംഗതിയെ നേരിടേണ്ട കാലം അടുത്തിരിക്കുന്നു എന്ന് ഗവൺമെൻറിനെ ശക്തിയായി ഉൽബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, അടുത്തകാലത്ത് നമ്മുടെ വനസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ ശരിയായ ഒരു സംരക്ഷണനയം തുടർന്നു പോകുന്നില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. നമ്മുടെ അതിർത്തിദേശങ്ങളിൽ അതായത് ഇൻഡ്യൻ പ്രദേശങ്ങളോട് തൊട്ടുകിടക്കുന്നതായ വനഭൂമികളുടെ അതിർത്തിയിൽ ഫാറസ്റ്റധികാരികൾ ആവശ്യമുള്ളത്ര ശ്രദ്ധ ഇതിനുമുമ്പ് പതിപ്പിച്ചിരുന്നതുപോലെ പതിപ്പിക്കുന്നില്ലെന്നും വനങ്ങളിൽനിന്നും തടികൾ മുതലായ വനവിഭവങ്ങൾ അന്യസ്ഥലത്തുള്ളവർ കടത്തിക്കൊണ്ടുപോകുന്നു എന്നുള്ളതും ഒരു പരമാർത്ഥം മാത്രമാണ്. ഇത് കുറേക്കാലമായി നടന്നുവരികയാണ്. ഇതിന് ഇതുവരെ ഒരു വിരാമമിട്ടിട്ടില്ല. ഇതിൽ ആവശ്യമുള്ളത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നു കാണാൻ കഴിയുന്നതാണ്. കൂടാതെ അനേകവർഷങ്ങളായി രാജ്യത്തിന്റെ ഓമനസന്താനങ്ങളായിട്ട് നാം സംരക്ഷിച്ചുകൊണ്ടിരുന്ന മലവർഗ്ഗക്കാരുടെ സംഖ്യ ഈയിടെയായി വളരെ കുറഞ്ഞുവരികയാണെന്നുള്ള സംഗതി ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രസ്താവിച്ചിട്ടുള്ളതാണ്. ലോകംതന്നെ ഒരുത്തനേയും നിർബന്ധിച്ച് ദേഹാധ്വാനം ചെയ്യിക്കുവാൻ പാടില്ലെന്നും എല്ലാവർക്കും മനുഷ്യരായി അഭിമാനത്തോടെ ജീവിക്കുന്നതിനുള്ള പരിതസ്ഥിതി അനുവദിക്കണമെന്നും മററുമുള്ള വിചാരഗതിയിലേക്ക് മനുഷ്യവർഗ്ഗം ത്വരിതഗമനം ചെയ്യുമ്പോൾ ഇവിടത്തെ ഫാറസ്റ്റധികാരികൾ ഈ പാവപ്പെട്ട മലവർഗ്ഗക്കാരെക്കൊണ്ട് നിർബന്ധിച്ച് ജോലി ചെയ്യിക്കുന്നതായും അവരുടെ സ്വന്തജോലിക്കുകൂടി അവരെ അധികാരമുപയോഗിച്ച് നിയോഗിക്കുന്നതായും പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇതു് വളരെ പരമാർത്ഥമാണെന്ന് എനിക്ക് നേരിട്ടറിയാം. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. നാരായണപിള്ള അവർകൾ ഇവിടത്തെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഒന്നുരണ്ടു നിവേദനങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ സമർപ്പിച്ച് മലവർഗ്ഗക്കാർക്ക് ഫാറസ്റ്റധികാരികളിൽനിന്നും സഹിക്കേണ്ടിവന്നിരിക്കുന്ന ഉപദ്രവങ്ങളും ഫാറസ്റ്റധികാരികളുടെ മലവർഗ്ഗക്കാരോടുള്ള പെരുമാററവും മററും എങ്ങനെയാണെന്നുള്ള വിവരവും അറിയിച്ചിട്ടുണ്ട് എന്ന് എനിക്ക് അറിയാം. പല സ്ഥലങ്ങളിലും ഇതു് നിർബ്ബയം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഈവക കാര്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധിച്ച് അതിനുവേണ്ട പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

ഇനി വേറൊരുകാര്യം പറയാനുണ്ട്. അടുത്തകാലത്ത് ചില കൈയ്യേററക്കാർ ഈ വനങ്ങളിൽ പ്രവേശിച്ച് വനങ്ങൾക്കകത്തുള്ള തടികളും വന്യമൃഗങ്ങളിൽ നിന്നുമുള്ള വരവും അപഹരിച്ചിരിക്കുന്നതിനാൽ ആ ഇനത്തിലുള്ള വരവും കുറഞ്ഞിരിക്കുന്നതായി കാണാവുന്നതാണ്. ഫാറസ്റ്റുദ്യോഗസ്ഥന്മാർ അവരുടെ ശ്രദ്ധ ഈ വിഷയത്തിൽ കേന്ദ്രീകരിക്കുന്നപക്ഷം ഈ മാതിരി സംഭവങ്ങളുണ്ടാകുന്നതല്ല.

ഇനിയും എനിക്കു പറയുവാനുണ്ടതു് നമ്മുടെ ഭാവി തലമുറയുടെ ഭാവിയെ സംബന്ധിച്ചുള്ളതാണ്. ഈ രാജ്യത്തെ അഭിമുഖീകരിക്കുന്ന രണ്ടു പ്രശ്നങ്ങളാണ് വിറകിനും പുല്ലിനുമുള്ള ക്ഷാമം. വനങ്ങളിൽ ഇപ്പോൾ ഭക്ഷണകാര്യത്തി

[Sri. A. K. Pachu Pillai]
നെന്നും മററും പറഞ്ഞു് കാടുവെട്ടിത്തെളിക്കുന്ന ഒരു സമ്പ്രദായം കണ്ടുവരുന്നുണ്ടു്. ഇങ്ങനെയാണെങ്കിൽ അവിടെ പുല്ലു് മുതലായ സാധനങ്ങൾ വളരുവാൻ സാധിക്കുന്നതല്ല. അതിനു വേണ്ടവിധത്തിലുള്ള സംരക്ഷണം മുൻകരുതലോടുകൂടി നാം തുടൻകൊണ്ടു പോകാത്തപക്ഷം അതു ടൗൺവാസികളായ ആളുകളെ വളരെ വിഷമിപ്പിക്കുന്ന ഏററവും വലിയ രണ്ടു പ്രശ്നങ്ങളായിത്തീരും. നമ്മുടെ കുഞ്ഞുങ്ങൾക്കു വേണ്ടത്ര പോഷകാംശം ലഭിക്കുന്നതിനു് പശുക്കൾക്കുംമററും തീററി കൊടുക്കുന്നതിനു് പുല്ലുവച്ചുപിടിപ്പിക്കുന്ന ഒരു നയം രൂപീകരിക്കണമെന്നും ഭാവിയിലേക്കുള്ള വിറകു ലഭിക്കുന്നതിനു പാഴ്മരങ്ങൾ സംരക്ഷിക്കുന്നതിനും അതിലേക്കുവേണ്ട ശാസനകൾ ഉടനടി നൽകണമെന്നും ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Sri. M I. Paul: Sir, the Deputy Speaker told me that I will be given time.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: കട്ട്മോഷൻ തന്നിട്ടുള്ള ആളുകൾ ഇനിയുമുണ്ടു്. അവർക്കുപോലും സംസാരിക്കുന്നതിനുള്ള സമയമില്ല.

ശ്രീ. എം. ഐ. പോൾ: മിസ്റ്റർ സ്പീക്കർ പറഞ്ഞതു് ഞാൻ വിശ്വസിച്ചിരിക്കുകയായിരുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്കു് മറുപടി പറയാൻ മാത്രമേ ഇനി സമയമുള്ളു.

ശ്രീ. സി. കേശവൻ: സർ, ഫാറസ്ററ ഭരണകാര്യത്തിലും ഫാറസ്ററ കൺസർവ്വ ചെയ്യുന്ന വിഷയത്തിലും പല സ്നേഹിതന്മാരും നൽകിയ നിർദ്ദേശങ്ങൾക്കു നന്ദി പറഞ്ഞുകൊള്ളുന്നു. പലരും നിർദ്ദേശങ്ങൾ തരുമ്പോൾ യാഥാർത്ഥ്യങ്ങളുടേയും സത്യാവസ്ഥകളുടേയും കണക്കുകൾ കൂടി അറിഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി നന്നായിരുന്നേനേ. അങ്ങനെ ചെയ്യാതെ ഗവമ്മെൻറിനെ കുററം പറയുകയാണു ചെയ്തിട്ടുള്ളതു്. പിന്നോക്ക സമുദായക്കാക്കു് ഒരു ഇഞ്ചു സ്ഥലം പോലും കൊടുക്കുന്നില്ലെന്നുംമററും സമഷ്ടിയായി പറയുന്നതു സത്യവിരുദ്ധമാണു്. ഗവമ്മെൻറിൽനിന്നും പരസ്യംചെയ്യുന്ന ചില കണക്കുകൾ ഉണ്ടു്—അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു മുതലായവ. പിന്നോക്കസമുദായക്കാക്കു് സ്ഥലം കൊടുത്തിട്ടില്ലെന്നുപറയുന്നതു തെററാണെന്നുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഫാറസ്ററ ഭൂമികൾ കുത്തകപ്പാട്ടത്തിനുകൊടുക്കുന്ന രീതിയേയും അതിൽനിന്നുൽഭൂതമാകുന്ന സംഗതികളുമാണു് നിരൂപണത്തിനു വിഷയമായിട്ടുള്ള ഏററവും പ്രധാന കാര്യങ്ങൾ. ആ സംഗതിയെപ്പററിയുള്ള വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ മുമ്പിൽവച്ചതിനുശേഷം മററുകാര്യങ്ങളിൽ പ്രവേശിക്കാമെന്നാണു ഞാൻ വിചാരിക്കുന്നതു്. കൃഷിക്കുവേണ്ടി വനഭൂമി കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ജനകീയമന്ത്രിസഭ വരുന്നതിനു മുമ്പുണ്ടാക്കിയിട്ടുള്ളതാണു്. അതനുസരിച്ചു് അന്നു ആദ്യമായി ലേലം ചെയ്തും മററും കുത്തകപ്പാട്ടത്തിനു സ്ഥലംകൊടുത്തിട്ടുണ്ടു്. ലേലം ചെയ്തുപോകുന്ന ഭൂമി കുത്തകപ്പാട്ടമായി പാവങ്ങൾക്കു ചെല്ലുകയില്ലെന്നുള്ളതു തീർച്ചയാണു്. അതു് ധനവാന്മാക്കു് മാത്രമേ കിട്ടുകയുള്ളു. അങ്ങനെ മുൻകൊല്ലങ്ങളിൽ അതായതു ജനകീയം വരുന്നതിനുമുമ്പുണ്ടായിട്ടുള്ള സംഗതികളെപ്പോലും ജനകീയ ഗവമ്മെൻറിൻെറ തലയിൽ ഏൽപ്പിക്കുന്നതു് കുററംപറയാനായിട്ടു മാത്രമാണെന്നു വിചാരിക്കുന്നതിൽ തെററില്ല. പക്ഷെ ജനകീയ ഗവമ്മെൻറു് വന്നതിൽപിന്നീടു ഒരു വ്യക്തിയേയും ഉദ്ദേശിച്ചു് അഞ്ചോ പത്തോ ഏക്കറിൽ കൂടുതൽ ഭൂമി കൊടുത്തിട്ടുള്ളതായി അറിയാൻ കഴിയുന്നില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു ചോദ്യം.

ശ്രീ. സി. കേശവൻ: ഞാൻ യീൽഡ് ചെയ്യുന്നില്ല.

ശ്രീ. സി. വി. ഇയ്യു: സാധുക്കളായ അധഃകൃതർക്ക് ഗവൺമെൻറിൽ നിന്നും പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ അധഃകൃതനേതാക്കന്മാർതന്നെ തട്ടിയെടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഭൂമികൾ ഒഴിപ്പിച്ചുകൊടുക്കാൻ ഗവൺമെൻറിനു സാധിക്കുമോ?

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഒരു മെമ്പർ ചോദ്യം ചോദിക്കുമ്പോൾ യീൽഡ് ചെയ്യുകയും മറെറാരു മെമ്പർ ചോദ്യം ചോദിക്കുമ്പോൾ യീൽഡ് ചെയ്യാതിരിക്കുകയും ചെയ്യുന്നതു ന്യായമാണോ?

Mr. Deputy Speaker: It is entirely left to the Hon'ble Minister.

ശ്രീ. സി. കേശവൻ: കുത്തകപ്പാട്ടത്തിനു ഭൂമി സാധുക്കൾക്കു കൊടുത്താൽ അതിൽ കൃഷി ചെയ്യുന്നതിന് ആവശ്യമുള്ള പണം കൂടി കൊടുക്കാത്തപക്ഷം ഏതെങ്കിലും പണക്കാരനെ ആശ്രയിക്കേണ്ടിവരും. പാവങ്ങളുടെ കയ്യിൽ കിട്ടിയിട്ടുള്ള സ്ഥലങ്ങൾ പണക്കാരുടെ സഹായത്തോടുകൂടിയാണു കൃഷി ചെയ്യുന്നതു്. അതിനൊരു നിവാരണമാർഗ്ഗം ഉണ്ടാക്കുന്നതിനു ഇപ്പോൾ വ്യവസ്ഥയില്ല. അതിലേക്ക് പ്രവർത്തനം ഇപ്പോൾ നടത്തുന്നുണ്ട്. അതായതു് കോളനൈസേഷൻ എന്ന നിലയിൽ ഒരു സ്കീമുണ്ടാക്കി കോവാപ്പറേറ്റീവു ബ്ലോക്കുകൾ എന്ന രീതിയിൽ തിരിച്ച് യഥാർത്ഥ പുതുവൽകാരെ ആർഗനൈസ് ചെയ്യാൻ തുടങ്ങുകയാണ്. അങ്ങനെ തുടങ്ങുമ്പോൾ ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. ഭൂമി കുത്തകപ്പാട്ടത്തിനുകൊടുക്കുന്നതു് കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ചാണ്. ആ വ്യവസ്ഥയനുസരിച്ച് ഭൂമി കൈമാററം ചെയ്യുന്നതിന് അവകാശമില്ല. അവകാശം ഇല്ലാതെ കൈമാററം ചെയ്തു വല്ലവരും കൊണ്ടുപോയി എന്നു പറയുന്നതു് അസാദ്ധ്യമാണ്. അങ്ങനെ ആരെങ്കിലും ഭൂമി കൈമാററം ചെയ്തുവാങ്ങിയിട്ടുണ്ടെങ്കിൽ ഈ കോളനൈസേഷൻ വരുമ്പോൾ ആ രംഗത്തുനിന്നും അവരെ പുറത്താക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ച് കൊടുക്കുന്ന വസ്തുക്കൾ അന്യ ആളുകൾക്ക് കൊടുത്തതായി അറിഞ്ഞാൽ ഗവൺമെൻറ് ഉടനെ തിരിച്ചെടുക്കുകയാണെങ്കിൽ മേലാൽ അങ്ങനെ ആരും ചെയ്യാതിരിക്കുകയില്ലേ?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമികൾ പിന്നോക്കസമുദായക്കാർ കൈമാററം ചെയ്തിട്ടുണ്ടെന്നു പറയുന്നതു് ഒരാരോപണം ആണെന്നു ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ലേ?

ശ്രീ. സി. കേശവൻ: അതു് ആരോപണമല്ല. ശരിയാണ്.

ശ്രീ. എം. ഐ. പോൾ: കുത്തകപ്പാട്ടത്തിനുകൊടുത്ത സ്ഥലങ്ങളിലെ ൩൦ ഇഞ്ചിനു താഴെ വണ്ണമുള്ള തടികൾ വെട്ടിയെടുത്തിട്ടുള്ളതായി ഗവൺമെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ: അതല്ല ഞാൻ സംസാരിച്ച വിഷയം. കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമികളെ കൺസോളിഡേററ ചെയ്യു അവകാശമില്ലാ

[Sri. C. Kesavan]
ത്ത ആളുകളെ അതിൽനിന്നുമിറക്കി ന്യായമായ അവകാശികൾക്കു കൊടുത്തു് കൂടുതൽ ഭൂമികൂടി ഉൾപ്പെടുത്തി നിത്യദാരിദ്ര്യമനുഭവിക്കുന്ന ആളുകളെ കുറച്ചെങ്കിലും മലം പ്രദേശത്തുകൊണ്ടുപോയി താമസിപ്പിക്കുന്നതിനു് സാദ്ധ്യമാക്കുന്നതിനാണു ഗവമ്മെൻറു് ഒരു കാര്യപരിപാടി ഉണ്ടാക്കിയിട്ടുള്ളതു്. അതനുസരിച്ചാണു ഇനിമേൽ നടക്കാൻ പോകുന്നതു്. അതുസംബന്ധിച്ചു് ഗവമ്മെൻറിൽനിന്നും വ്യവസ്ഥചെയ്യുന്ന ഒരു പ്രസ്നോട്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിലേക്കു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു, ൧൯൪൬ ഡിസംബർ ൧൬-ാംനു-ലാണു് അതു പ്രസിദ്ധം ചെയ്തിട്ടുള്ളതു്. ആ വ്യവസ്ഥകളിന്മേലാണു കുത്തകപ്പാട്ടത്തിനു ഭൂമി കൊടുക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നതു്.

ശ്രീ. ടി. വി. ദേവൻ: അങ്ങു പറഞ്ഞപ്രകാരം മാത്രമല്ല. കൈമാററം കൊടുക്കുന്ന പലതും ഒഴിഞ്ഞുകൊടുക്കുന്നില്ല. ആരെയെങ്കിലും പണക്കാരെ സ്വാധീനപ്പെടുത്തി അവർ കൃഷിക്കാരാണെന്നു പറഞ്ഞു കൃഷിചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. കേശവൻ: അതുതന്നെയാണു ഞാനും പറഞ്ഞതു്. ആ വിധത്തിലുള്ള അധമന്മാർ അധഃപ്പതിക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രസ്നോട്ടിലെ വ്യവസ്ഥയനുസരിച്ചു മൂന്നുകൊല്ലം കഴിഞ്ഞതിൻെറ ശേഷം ഗവമ്മെൻറിനു യുക്തമെന്നുതോന്നുന്നപക്ഷം നീട്ടിക്കൊടുക്കാമെന്നു വ്യവസ്ഥയുണ്ടല്ലോ?

ശ്രീ. സി. കേശവൻ: അവസാനിപ്പിക്കാമെന്നും വ്യവസ്ഥയുണ്ടു്.

ശ്രീ എ. കെ. പാച്ചുപിള്ള: അതുസംബന്ധിച്ചു് ഇന്നത്തെ ഗവമ്മെൻറിൻെറ നയമെന്താണു്?

ശ്രീ. സി. കേശവൻ: അതു് ഓരോ സ്ഥലത്തിൻെറയും സ്ഥിതിയനുസരിച്ചിരിക്കും. തക്കതായ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ആ ഉദ്യോഗസ്ഥൻെറ നേതൃത്വത്തിൽ അതു നടത്തണമെന്നാണു വിചാരിക്കുന്നതു്. ഭൂമിവിതരണത്തെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടുള്ള പരാജയങ്ങൾ കുറെയെങ്കിലും പരിഹരിച്ചു് പാവപ്പെട്ട ആളുകൾക്കു് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കണമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. സി. സി. പ്രസാദ്: പിന്നോക്ക സമുദായക്കാർക്കുകൊടുക്കുന്ന ഭൂമി കൈമാററം ചെയ്യാൻ പാടില്ലാത്തരീതിയിൽ കൊടുക്കാൻ പാടില്ലേ?

ശ്രീ. സി. കേശവൻ: കുത്തകപ്പാട്ടത്തിനു വാങ്ങിയിട്ടുള്ള ഭൂമി ആർക്കും കൈമാററം ചെയ്യാൻ പാടില്ല. എത്രകൊല്ലത്തേക്കു കിട്ടുന്നോ അതിനുള്ള പണം വാങ്ങിക്കൊണ്ടു് ഭൂമി കൊടുക്കുകയാണു് അവർ ചെയ്യുന്നതു്.

ശ്രീ. എം. ഐ. പോൾ: ഒരു ചോദ്യം.

ശ്രീ. സി. കേശവൻ: ഞാൻ യീൽഡ് ചെയ്യുന്നില്ല. ശ്രീ. കണ്ണൻെറയും പ്രസാദിൻേറയും അറിവിലേക്കാണു ഞാൻ അതു പറയുന്നതു്. റാന്നി റിസർവിൽനിന്നും ഒഴിച്ചിട്ടിട്ടുള്ള സ്ഥലം ൧൯൦-ൽ ശിഷ്ടം വീട്ടുകാർക്കു കൊടുക്കാൻ തീരുമാനിച്ചു് ഉത്തരവു് കൊടുത്തിട്ടുണ്ടു്; അവിടെ ബാക്കിയുള്ള സ്ഥലം പട്ടാളത്തിൽനിന്നു പിരിച്ചുവിട്ട ജോലിയില്ലാതെ നിൽക്കുന്ന ആളുകൾക്കു് ഇൻഡ്യാഗവമ്മെൻറിൻെറ സഹായത്തോടുകൂടി ഒരു കാളനി ഉണ്ടാക്കുന്നതിനായി

വച്ചിട്ടുണ്ട്. എന്തെങ്കിലും തൊഴിലോ ജോലിയോ ഇല്ലാത്തവർക്ക് ഭൂമി കൊടുക്കുന്നതിന് ഗവൺമെൻറിന് ഉദ്ദേശമുണ്ടെന്നു ഇതിൽനിന്നും തെളിയുന്നുണ്ടല്ലോ.

ശ്രീ. എം. ഐ. പോൾ: മിസ്. അക്കമ്മ ചെറിയാൻ ചില........

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. കെ. കണ്ണൻ: റാന്നി റിസർവിൽനിന്നും ഇതിനകം എത്രപേർക്കു ഭൂമി കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ആർക്കും കൊടുത്തിട്ടില്ല. അനവധി പേർ കയ്യേറി ഇരിക്കുന്നതായി അറിയാം. അധഃകൃതരായാലും ഉയർന്നജാതിക്കാരായാലും കയ്യേററം ചെയ്തിരിക്കുന്നതിനെ ഒരുപോലെ പരിഗണിക്കാനേ തരമുള്ളു. അനധികൃതമായി പ്രവേശിച്ചിട്ടുള്ള ആളുകളെ ഒഴിപ്പിച്ചു സാധുക്കൾക്ക് വിശേഷിച്ചും അധഃകൃതവർഗക്കാർക്ക് കഴിയുന്നത്ര കൂടുതൽ സ്ഥലം കൊടുക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കണ്ണൻ: അവിടെ മൂന്നുകൊല്ലമായി കൃഷികൾ ചെയ്തുവരുന്നവരുണ്ട്.

ശ്രീ. സി. കേശവൻ: മൂന്നുകൊല്ലമല്ല എത്രകൊല്ലം കൃഷിചെയ്തുവരായാലും അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ ഇറക്കുന്നതു് ഗവൺമെൻറിൻെറ നയമാണു്.

ശ്രീ. എം. ഐ. പോൾ: അനധികൃതമായി പ്രവേശിച്ചിട്ടുള്ള സാധുക്കളെ—

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: സഭയിലെ സാമാന്യ മര്യാദയനുസരിച്ച് ചോദ്യം ചോദിക്കാനുണ്ടെന്നു ആദ്യമായി പറഞ്ഞതിനുശേഷമേ ചോദ്യം ചോദിക്കാൻ പാടുള്ളു.

ശ്രീ. സി. കേശവൻ: ഈ പുതിയ ലാൻറ് അസ്സൈൻമെൻറ് റൂളുകൾ പ്രകാരം ൻ൯ൻ൨ ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്. ൩൦൦൦ ഏക്കറോളം സ്ഥലം അതിൽ പിന്നീട് ആദ്യം കൊടുത്തതുകൂടാതെ കൊടുത്തിട്ടുണ്ട്. ഇങ്ങനെ ൧൨൯൨ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്കും ഷെഡ്യൂൾഡ് കാസ്റ്റിനും വീതിച്ചു കൊടുത്തിട്ടുണ്ട്. അതുകൊണ്ടു് ഭൂമി പതിവുകാര്യത്തിൽ ഗവൺമെൻറ് ഒരു നിശ്ചിത പരിപാടി അനുസരിച്ചാണു് നടത്തുന്നതെന്നും അതു് കഴിയുന്നത്ര പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണെന്നും ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

Sri. M. I. Paul: As a protest against the partiality shown by the Chief Minister I make a walk out Sir.

(Sri. M. I. Paul walked out of the Hall.)

ശ്രീ. സി. കേശവൻ: ഈ ഫാറസ്റ്റിൻെറ ഭരണപരമായ കാര്യങ്ങളിൽ ഈ ഒരു ഡിപ്പാർട്ടുമെണ്ടിനെ രണ്ടു് ഡിവിഷനുകളാക്കിയിരിക്കുകയാണു്. അതായതു് തിരുവിതാംകൂർ—കൊച്ചിയെ തിരുവനന്തപുരം സെൻറർ ആക്കിക്കൊണ്ടു് ഒരു ഡിവിഷനും വടക്കൻ താലൂക്കുകളിൽ കൊച്ചിൻ ഏരിയായും ഉൾപ്പെടുത്തി ഒരു ഡിവിഷനും ആണു്. ഈ ഡിവിഷനുകൾ രണ്ടു് കൺസർവേറററന്മാരുടെ കീഴിലാക്കി ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ ഒരു പുനരുദ്ധാരണ പരിപാടി അനു

[Sri. C. Kesavan]

സരിച്ച് പ്രവൎത്തനം നടത്തുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ കൊല്ലത്തുള്ള കൺസർവേററർ ഓഫ് ഫാറസ്റ്റിനു വടക്കുള്ള ഭാഗത്തേയ്ക്കും ചീഫ് കൺസർവേററർ മറെറാരു ഭാഗത്തേയ്ക്കുമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതു്. യഥാകാലം രണ്ടുദ്യോഗസ്ഥന്മാരുടെ കീഴിലും രണ്ടിന്റേയും സൂപ്പർവിഷനു് ഒരു ഭരണമേധാവിയായി ചീഫ് കൺസർവേററുടെ കീഴിലും ആക്കി ഭരണം നടത്തണമെന്നുമാണ് തീരുമാനിച്ചിരിക്കുന്നതു്.

Sri. K. Velayudhan Nair: You have provided for only one Conservator of Forests. രണ്ടുദ്യോഗസ്ഥന്മാരുണ്ടെന്നു പറഞ്ഞു. എന്നാൽ ബഡ്ജററിൽ ഒരാൾക്കുള്ള തുകയല്ലേ കൊള്ളിച്ചിട്ടുള്ളു.

ശ്രീ. സി. കേശവൻ: രണ്ടുദ്യോഗസ്ഥന്മാരെത്തന്നെ നിയമിക്കുന്നതാണ്. അതിനുള്ള പണം തികയാതെവരുന്ന പക്ഷം അഭ്യൎത്ഥനയുമായി ഈ സഭയുടെ മുമ്പിൽ വരികയും ചെയ്യും.

ശ്രീ. എ. താണുപിള്ള: ഒരു കൺസർവേററക്ക് ഒരു ഡിവിഷന്റെ ചാൎജ്ജ് മാത്രമേയുള്ളോ അതോ രണ്ടു് ഡിവിഷനുംകൂടി ഒരാഫീസറേ ഉള്ളോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ഒരു കൺസർവേററക്ക് ഒരു ഡിവിഷന്റെ ചാൎജ്ജ് മാത്രവും ചീഫ് കൺസർവേററക്ക് മറെറാരു ഡിവിഷന്റെ ചാൎജ്ജുമാണ് കൊടുത്തിരിക്കുന്നതു് അങ്ങിനെയാണ് ഇപ്പോൾ ബഡ്ജററിൽ പണം കൊള്ളിച്ചിരിക്കുന്നതു്.

ഇനി ഒരു വലിയ പരാതി ഉള്ളതു്—മി. ഈശ്വരമേനോൻ കൂടി—പറഞ്ഞിട്ടുള്ളതു് ഈ വിറകിന്റെ കാൎയ്യത്തിലാണ്. തിരുവിതാംകൂറിലാണെങ്കിൽ ഗവൎമ്മെൻറിന്റെ ചുമതലയിൽ ഒരു സ്പെസിഫൈഡ് നിരക്കിനു് പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും വിറക് വില്ക്കുന്ന പതിവില്ല. ഇവിടെ സ്ഥലങ്ങൾ ക്ലിപ്തമായിട്ട് വിറക് വെട്ടിയെടുക്കുന്നതിനുള്ള സ്ഥലങ്ങൾ വീതിച്ചു കൊടുക്കുകയാണ്. അവിടെനിന്നു വെട്ടിയെടുക്കുന്ന വിറക് അവർ മത്സരിച്ചുള്ള വിലയ്ക്കു് വില്പന നടത്തുകയുമാണ്. എന്നാൽ കൊച്ചിയിൽ അങ്ങിനെയല്ലായിരുന്നു. ഈ സംയോജനത്തിനു ശേഷം തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള റൂളുകൾ ഒന്നാക്കിയിട്ട് കൊച്ചിയിലെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും വിറക് കൺട്രാക്ട് കൊടുത്തു് വെട്ടിച്ച് കൺട്രാക്ടറന്മാരുടെ ചുമതലയിൽ മത്സരിച്ച് വില്പന നടത്തുന്നതിനുള്ള സൌകൎയ്യമാണ് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നതു്. അന്നു് ൨൦ രൂപായ്ക്കു് കിട്ടിക്കൊണ്ടിരുന്ന വിറകിനു് ഇന്നു് ൨൪ രൂപാ കൊടുക്കേണ്ടിവരുമെന്നു തോന്നുന്നു. എന്നാലും വിറക് കിട്ടാതെ വരുമെന്നു് തോന്നുന്നില്ല.

ചിററൂരിനെ സംബന്ധിച്ചാണെങ്കിൽ ഒരു കാൎയ്യംകൂടി ഞാൻ ഓൎമ്മപ്പെടുത്താം. അവിടെ കുട്ടിവനങ്ങളായിരുന്നു ധാരാളമായി ഉണ്ടായിരുന്നതു്. അവയെല്ലാം ധാരാളമായി വെട്ടി നശിപ്പിക്കപ്പെട്ടു. ഒരു ൪൦ കൊല്ലത്തിനു മുമ്പ് ആ താലൂക്കിനെ സംബന്ധിച്ചിടത്തോളം വിറകിനുള്ള മരങ്ങൾ ധാരാളം ഉണ്ടായിരുന്നു. എന്നാൽ ഈ ഫാറസ്ററുകൾ ഒരു നീതിയുമില്ലാതെ കണ്ടമാനം വെട്ടി ഒഴിച്ചതിന്റെ ഫലമായി ചിററൂർ താലൂക്കിൽ വിറകിനു് ക്ഷാമം നേരിട്ടു. അതുമാത്രമല്ല വിറകിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള സ്ഥലങ്ങളും കുറവായി. വിറകു മററാവശ്യസാധനങ്ങളുടെ കൂട്ടത്തിലൊന്നാണ്. ഇന്നു് അവിടെയുള്ള സ്ഥലങ്ങൾ മിക്കവാറും ആളുകൾ താമസിക്കുന്നതിനും കൃഷിക്കുമായി ഉപയോഗിച്ചുവരുന്നതുകൊണ്ടു് അവിടെ വിറകിനു് ക്ഷാമം നേരിട്ടു. അതിൽനിന്നും നമുക്കൊരു വലിയ പാഠം മനസ്സിലാക്കാവുന്നതാണ്. തൃശ്ശൂരും മററും

വിറകിനു് ക്ഷാമമുള്ളതുകൊണ്ടു് ഇപ്പോഴത്തെ വ്യവസ്ഥയിൽ കൺട്രാക്ടു് കൊടുത്തു് വിറകുവെട്ടിച്ചു് അവരുടെ ചുമതലയിൽ മത്സരിച്ചു വില്പന നടത്തുന്ന പക്ഷം ഒരു ലഘുവായ വിലയ്ക്കു് വിറകു് ലഭിക്കുന്നതിനുള്ള സൌകര്യമുണ്ടാകും.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த அசெம்பளிக்குள்ளே, கொச்சி—திருவிதாங்கூர் என்ற குழப்பம் நடந்துகொண்டிருக்கிறது. அப்படியிருந்தும் திருவிதாங்கூரிலிருந்து விறகைவெட்டி கொச்சிக்கு கொடுப்பானேன்?

ശ്രീ. സി. കേശവൻ: അതു് കൊച്ചിയിലും കൊണ്ടുപോയി കൊടുക്കും. അതിനു് വ്യത്യാസമില്ല. കൊച്ചിയിൽ വേറൊരു സിസ്റ്റം നടപ്പിലിരുന്നു. ഇപ്പോൾ രണ്ടിടത്തും ഒരേ സിസ്റ്റം ആക്കിയതുകൊണ്ടാണു് വിറകിനു് ചില വിഷമങ്ങൾ എറണാകുളം, തൃശൂർ മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്നതു്.

ശ്രീ. എ. കെ. ജോർജ്ജു്: അതെന്താണു് ആ ഏകീകരിച്ച വ്യവസ്ഥകൾ?

ശ്രീ. സി. കേശവൻ: മുമ്പു് സക്കാരിൽനിന്നും തടികൾ വെട്ടിച്ചു് സർക്കാർ ലോറികളിൽ കയററി അവിടെ നിന്നും സക്കാരിന്റെ ചുമതലയിൽ എറണാകുളം തൃശൂർ മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോയി വിററുവന്നിരുന്നു. ഇതിനെല്ലാം ഗവമ്മെൻറുദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ഇതു് കൂടാതെയും വലിയ നഷ്ടങ്ങൾ സഹിച്ചുകൊണ്ടിരുന്നു. ഇപ്പോഴാണെങ്കിൽ കൺട്രാക്ടു് കൊടുത്തു് സ്ഥലത്തുനിന്നും കൺട്രാക്ടറന്മാർ ക്ലിയർ ചെയ്തു് തടി തരം തിരിച്ചു് വിറകിനുള്ള തടികൾ വിറകാക്കി അവരുടെ ചുമതലയിൽ വില്പന നടത്തിവരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങിനെ ഒന്നോ രണ്ടോ കൺട്രാക്ടറന്മാർ മാത്രമേ കൊടുത്തിട്ടുള്ളു എന്നറിയാമോ?

ശ്രീ. സി. കേശവൻ: കൂടുതൽ കൺട്രാക്ടറന്മാക്കു് കൊടുക്കാം.

ശ്രീ. എ. താണുപിള്ള: ഇതിൽ സൌകര്യമെന്നു് തോന്നുന്നതേതാണു്?

ശ്രീ. സി. കേശവൻ: അതു് ഇപ്പോഴത്തെ സിസ്റ്റം തന്നെയാണു്. കണക്കുകൾകൊണ്ടും അതു് കാണാൻ കഴിയും.

Sri. P. Balakrishnan Tampi: Will you be able to enlighten the House regarding that Chinese tree?

ശ്രീ. സി. കേശവൻ: മി. പി. എസ്സ്. നടരാജപിള്ള ഉന്നയിച്ച ഒരു സംഗതി കൂടി പറയണമെന്നു വിചാരിക്കുന്നു. ഈ സ്ഥലത്തെന്നല്ല ഇന്ത്യ മുഴുവൻ ന്യൂസ് പ്രിൻറിനും മററുതരം കടലാസുകൾക്കും വളരെ വിഷമമായിരിക്കുന്നു. എന്നാൽ ഇവിടെ ന്യൂസ് പ്രിൻറു് ധാരാളമായി ലഭിക്കുന്നതിനു് സൌകര്യമാകത്തക്കവണ്ണം അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കൺസർവേറററുടെ പരിശ്രമത്തിന്റെ ഫലമായി 'പേപ്പർമൾബറി' എന്നൊരു ചെടി സമൃദ്ധിയായി ഈ വനങ്ങളിൽ ഉണ്ടാകത്തക്കവണ്ണം പരീക്ഷണങ്ങൾ നടത്തിവരുന്നു. നമ്മുടെ വനങ്ങൾ അതിനു് വളരെ പററിയതാണു്. അതിന്റെ തടി വെട്ടിയെടുത്താൽ പേപ്പർ പൾപ്പുണ്ടാക്കുന്നതിനു് സൌകര്യമുണ്ടു്. അതിന്റെ പൾപ്പു് പരിശോധിച്ചു, തടി പരിശോധിച്ചു, മാത്രമല്ല, ഇവിടത്തെ പേപ്പർ മില്ലു് പരിശോധന നടത്തി, അതിൽനിന്നും ഉണ്ടാക്കിയ കടലാസും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. അതിനുശേഷം ഡെറാഡൂണിൽ വലിയ എക്സ്പെർട്ട്സിനെ വച്ചു് പരിശോധന നടത്തിയതിൽ അതു് വളരെ ഫലപ്രദമാണെന്നു് സട്ടിഫൈ ചെയ്തിട്ടും ഉണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതുവരെ എത്ര ഏക്കർ സ്ഥലത്തു ഈ ചെടി നട്ടുവളർത്തിയിട്ടുണ്ടു്?

ശ്രീ. സി. കേശവൻ: മുക്കാൽ ഏക്കർ സ്ഥലത്തു് നട്ടു് പരീക്ഷണം നടത്തുന്നുണ്ടു്. ഇപ്പോൾ ൨൦൦ മരങ്ങൾ ഉണ്ടു്.

Sri. P. S. Nataraja Pillai: May I know whether that pulp is utilisable for rayon?

Sri. C. Kesavan: That is under investigation.

ശ്രീ. സി. കേശവൻ: റയൺസിനും കൊള്ളാമെന്നാണു് പറയുന്നതു്. തീപ്പെട്ടികൊള്ളിക്കും, തീപ്പെട്ടിക്കൂടിനും വളരെ കൊള്ളാം. അവ എന്റെ കൈവശമുണ്ടു്. എന്തായാലും ഈ തടി ഇവിടെ ഉപയോഗത്തിനു് കൊള്ളാം.

Sri. P. Balakrishnan Tampi: Is it a native of India?

Sri. C. Kesavan: It has been got down from somewhere else.

ശ്രീ. വേലായുധൻനായർ: ഇപ്പോൾ എവിടെയാണു് ഈ ചെടികൾ കൃഷി ചെയ്തിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: കോന്നിയിലാണു്.

Sri. A. K. Patchu Pillai: How much time is required to attain maturity?

ശ്രീ. സി. കേശവൻ: മൂന്നു കൊല്ലം കഴിഞ്ഞാൽ തടിക്കു് ഒൻപതോ പത്തോ ഇഞ്ചു് ഗർത്തുവരും. ഇതിന്റെ വേരും തടിയും ധാരാളമായി വളർന്നു കൊണ്ടിരിക്കും. എളുപ്പത്തിൽ ഒരു തിക്കു് ഫാറസ്റ്റായിത്തീരുകയും ചെയ്യും. അതിലേക്കു് സൌകര്യമായ സ്ഥലത്തു് പൾപ്പു് എടുക്കുന്നതിലേയ്ക്കു് ഒരു സ്ഥാപനം ഉണ്ടാക്കാനും കഴിയും. അതിന്റെ പൾപ്പുകൊണ്ടു് പേപ്പർ ഉണ്ടാക്കി നോക്കി.

ശ്രീ. എ. താണുപിള്ള: അതു് എവിടെനിന്നു കൊണ്ടുവന്നിട്ടുള്ള ചെടിയാണു്?

ശ്രീ. സി. കേശവൻ: അതു് ചൈനയിൽ നിന്നും വന്നിട്ടുള്ളതാണു്. അതിന്റെ ജന്മദേശം ചൈനയാണു്. ഇതു് ഡെറാഡൂണിൽ പരിശോധിച്ചു നോക്കിയിട്ടുള്ള ചെടിയാണു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു ചോദ്യം—

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്ററുടെ നയത്തിൽ പ്രതിഷേധിച്ചു് പുറത്തിറങ്ങിപ്പോയിരിക്കുന്ന സമിതിക്കു് മെമ്പറെ ഇന്നു ചോദ്യം ചോദിക്കാൻ അനുവദിക്കുന്നതല്ല.

The cut motions moved by Sri. P. K. Krishnan Sastri, Sri. P. S. Nataraja Pillai and Sri. Kannara Gopala Panicker were put and lost.

The question that Government be granted a sum of Rs. 68,09,700 under Demand No. V—Forests was put and carried.

The grant was made.

The House adjourned at 5 p. m. to meet again at 11 a. m. on Friday, the 30th March 1951.

V. KRISHNAMOORTHI AIYAR.
Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION

Friday, *the 30th March 1951*

VOL. III	OFFICIAL REPORT	NO. 17

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 30th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate the numbers in the list of admitted questions for the day].

Oral Answers

ചെങ്ങന്നൂർ മജിസ്ട്രേട്ടുകോടതി

*൧൧൭൮. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്ങന്നൂർ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചിട്ട ഇപ്പോൾ എത്ര കൊല്ലമായി;

(ബി) ടി കോടതി സ്ഥാപിച്ച കാലംമുതൽ അടുത്തകാലത്ത് പത്തനംതിട്ട ഒരു താല്ക്കാലിക (temporary first class) കോടതി കൊടുക്കുന്നതുവരെയും ചെങ്ങന്നൂർ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അധികാരത്തിരത്തിയിൽപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമായിരുന്നു;

(സി) ഇപ്പോൾ ചെങ്ങന്നൂർ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അധികാരാതൃത്തിയിൽപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൮ കൊല്ലമായി. (൧൦൯൮-ൽ സ്ഥാപിച്ചു.)

(ബി) പത്തനംതിട്ട താലൂക്കിലെ എല്ലാ പകുതികളും, കുന്നത്തൂർ താലൂക്കിലെ എല്ലാ പകുതികളും, തിരുവല്ലാ താലൂക്കിലെ എല്ലാ പകുതികളും, മാവേലിക്കര താലൂക്കിലെ പന്തളം വടക്കേക്കര പകുതിയും, തോന്നല്ലൂർ പകുതിയും.

(സി) തിരുവല്ലാ താലൂക്കിലെ ആറന്മുള, തോട്ടപ്പുഴശ്ശേരി, എഴുമല്ലൂർ, അയിരൂർ, പന്തളം വടക്കേക്കര പകുതി ഒഴിച്ചു ബാക്കി പകുതികൾ, കുന്നത്തൂർ താലൂക്കിലെ ശൂരനാട്, അടൂർ, പള്ളിക്കൽ, കുന്നത്തൂർ എന്നീ പകുതികൾ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആറന്മുള പകുതിയുടെ പടിഞ്ഞാറെ അററത്തുനിന്നും ചെങ്ങന്നൂർ കോടതിയുടെ അതൃത്തിയിലേയ്ക്കു് എത്ര ദൂരം വരുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു രണ്ടു മൈൽ ദൂരം കാണും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ പകുതി ഇപ്പോൾ പത്തനംതിട്ട കോടതിയുടെ അധികാരാതൃത്തിയിൽ ചേർത്തിരിക്കയാണെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ പകുതി ചെങ്ങന്നൂർ മജിസ്ട്രേട്ടു കോടതിയുടെ അതൃത്തിയിൽ ആക്കണമെന്നു കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. എന്നാൽ ഇതു് തീരുമാനിച്ചിട്ടുള്ളതു് ൧൧൨൨ മീനമാസം ൧൪-ാംനു- കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചെങ്ങന്നൂരിൽവെച്ചു് ഈ നാലു താലൂക്കുകളിലെ തഹശീൽദാരന്മാരേയും ചെങ്ങന്നൂർ എ. എസ്സ്. പി. യേയും വിളിച്ചുവരുത്തി ഒരു കോൺഫറൻസ് നടത്തിയശേഷമാണ്. ആ കോൺഫറൻസിൽവെച്ചാണ് ഈ അതൃത്തികളെല്ലാം നിർണ്ണയിച്ചിട്ടുള്ളതു്. സ്ഥലവാസികൾക്ക് ഇനിയും അതേപ്പററി സങ്കടമുണ്ടെങ്കിൽ കൂടുതൽ സൗകര്യമായി അതൃത്തികൾ തിരിക്കാമോ എന്നുള്ളകാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫറൻസിൽ പൊതുജന പ്രതിനിധികളായിട്ട ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: പൊതുജനങ്ങളുടെ എല്ലാ നിവേദനങ്ങളും പരിഗണിച്ചിട്ടാണ് ആ കോൺഫറൻസ് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. ചാച്ചപ്പിള്ള: ഈ കാര്യത്തെസംബന്ധിച്ചു് ചെങ്ങന്നൂർ ബാർ അസോസിയേഷന്റെ അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതും പരിഗണിച്ചിട്ടുണ്ടായിരിക്കണം.

ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫറൻസിലെ തീരുമാനത്തിനുശേഷം വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. ശ്രീ. കണ്ണാറ ഗോപാലപണിക്കർ മുഖാന്തിരംതന്നെ ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

Sri. P. Balakrishnan Tampi: May I know whether the inconvenience adverted to by my friend Mr. Kannara Gopala Panickar can be removed by shifting the First Class Magistrate's Court from Chengannur to Mavelikara?

Sri. A. J. John: Government will consider that aspect also.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഒരു കോടതി സ്ഥാപിക്കുന്നതു് ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചാണോ, അസൗകര്യത്തെ ഉദ്ദേശിച്ചാണോ? (No answer)

കോടതി അതൃത്തി

* ൧൧൭൯. (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്ങന്നൂരിനു് രണ്ടു മൈലിനടുത്തുള്ള ആറന്മുള പകുതിയും, നലു മൈൽ അകലമുള്ള പന്തളം വടക്കേക്കര പകുതിയും ഏതു് ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതിയുടെ അതൃത്തിയാണ്?

(ബി) അങ്ങിനെ ഏർപ്പെടുത്തിയിരിക്കുന്നതു് കക്ഷികൾക്ക വളരെ അസൗകര്യമാണെന്നുള്ള വസ്തുത ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) തിരുവല്ലാ താലൂക്കിൽപ്പെട്ട ഏതു പകുതികൾ പത്തനംതിട്ട ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അതൃത്തിയിൽ ചേർത്തിട്ടുണ്ട്?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പത്തനംതിട്ട ഒന്നാംക്ലാസ് സ്റ്റേഷനറി മജിസ്ട്രേട്ടുകോടതിയുടെ അതൃത്തിയിൽ.

(ബി) അറിവില്ല.

(സി) അഞ്ചു പകതികൾ.

(൧) ആറന്മുള, (൨) പന്തളം വടക്കേക്കര, (൩) തോട്ടപ്പുഴശ്ശേരി, (൪) അയിരൂർ, (൫) എഴുമല്ലൂർ.

വിത്തുകാളകൾ

*൧൧൯൦. (൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഗവമ്മെണ്ടുവക വിത്തുകാളകൾക്ക് ഒരു ദിവസത്തേയ്ക്കു തീററിച്ചിലവിനത്തിൽ എന്തു തുകയാണ് അനുവദിച്ചിട്ടുള്ളതു്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

ഒരു രൂപ എട്ടണ.

ശ്രീ. ദേവകി ഗോപിദാസ്: ഈ തുക തീരെ അപര്യാപ്തമാണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണഗതിയിൽ ഇതു് മതിയാകുമെന്നാണ് ഗവമ്മെൻറ് മനസ്സിലാക്കുന്നതു്.

ശ്രീ. ദേവകി ഗോപിദാസ്: സാധനങ്ങളുടെ വിലക്കൂടുതൽകൊണ്ടു് ഈ തുക ഇപ്പോൾ തീരെ മതിയാകാത്തതാണെന്നു ഗവമ്മെൻറിനു് മനസ്സിലായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ തുക മതിയാകുമെന്നാണു് ഗവമ്മെൻറിനെ ധരിപ്പിച്ചിരിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെൻറുവകയായി ആകെ എത്ര വിത്തുകാളകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംസ്ഥാനത്തു വിത്തുകാളകൾ ധാരാളമുണ്ടെന്നറിയാം. ഗവമ്മെൻറുവകയായി എത്രയെണ്ണമുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വിത്തുകാളകളെ ഇനിയും ഇറക്കുമതിചെയ്യാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നല്ല ഇനം കാളകളെ പുറത്തുനിന്നും വരുത്തുന്നതിനു് ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஒரு வித்துக்காளையிலிருந்து சராசரி என்ன வருமானம் கிடைக்கும்?

ஸ்ரீ. டி. கெ. நாராயண பிள்ளை: எவ்வளவு என்று இப்பொழுது சொல்ல முடியாது.

തൊഴിലാളിസ്ത്രീകൾ

*൧൧൯൧. (൫) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

തൊഴിലാളി സ്ത്രീകൾ പകൽസമയം ജോലിക്കുപോകുമ്പോൾ അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു വല്ല പദ്ധതിയും ഏർപ്പെടുത്തുന്നതിനു ഗവൺമെൻറിനു ആലോചനയുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ നാരായണപിള്ള)

അൻപതോ അതിൽ കൂടുതലോ സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന വ്യവസായശാലകളിൽ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനു ക്രഷെകൾ സ്ഥാപിക്കണമെന്നു ഫാക്ടറി ആക്ടിൽ വ്യവസ്ഥയുണ്ട്. കശുവണ്ടി ഫാക്ടറികൾ, കടലാസു നിർമ്മാണശാലകൾ തുണിനെയ്ത്തുശാലകൾ, തീപ്പെട്ടി വ്യവസായശാലകൾ എന്നിവടങ്ങളിൽ ഈ നിയമം ഇപ്പോൾ ഊർജ്ജിതത്തിൽ വരുത്തിയിട്ടുണ്ട്. കയർവ്യവസായശാലകളിലും ഈ നിയമം ഉർജ്ജിതത്തിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. ഇതുകൂടാതെ പല പ്ലാൻറിംഗ് എസ്റ്റേറ്റുകളിലും ശിശുക്കളുടെ പരിചരണത്തിനു ക്രഷെകൾ ഉണ്ട്. ഈ സംസ്ഥാനത്തിൽ മിക്കവാറും എല്ലാ കശുവണ്ടി വ്യവസായശാലകളിലും മററു തൊണ്ണൂറു വ്യവസായസ്ഥാപനങ്ങളിലും ശിശുപരിചരണസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்ன்மெண்ட் ஆபீஸ்களில் வேலை பார்க்கக்கூடிய பெண்மணிகளின் குழந்தைகளை சம்ரட்ஷிணை செய்ய யாதாவது உண்டா?

ஸ்ரீ. டி. கெ. நாராயண பிள்ளை: அக்குழந்தைகளுக்கு தந்தைகள் இருக்கிறார்கள்.

ശ്രീമതി ദേവകി ഗോപിദാസ്: ഈ പദ്ധതി ഇപ്പോൾ ഊർജ്ജിതമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ നാരായണപിള്ള: ഉണ്ട്.

ശ്രീ. ഗാസ്പർ ഡിസിൽവാ: ചില സ്ഥലങ്ങളിൽ ശിശുപരിചരണശാലകൾ ഇല്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ശിശുപരിചരണശാലകൾ സ്ഥാപിക്കണമെന്നുള്ള വ്യവസ്ഥ നടപ്പിൽ വരുത്താത്ത ആളുകളുടെമേൽ എന്തു നടപടി നടത്താനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലായിടത്തും നടപ്പിൽ വരുത്തുന്നതിനു വേണ്ട നടപടികൾ ഗവൺമെൻറ് എടുത്തുകൊണ്ടിരിക്കയാണ്.

പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

* ൭൭൩൨. (൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളപരിഷ്കാരം എല്ലാ പ്രൈവററസ്കൂൾ മാനേജരന്മാരും ഐകകണ്ഠ്യേന അംഗീകരിച്ചതല്ലേ?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി
(ശ്രീ.ടി.കെ. നാരായണപിള്ള): പ്രൈവററ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം ആവശ്യമാണെന്നു സ്കൂൾ മാനേജരന്മാരുടെ പ്രതിനിധികൾ ഉൾപ്പെട്ടിരുന്ന ഒരു സമ്മേളനം അംഗീകരിച്ചതാണ്.

ശ്രീമതി ദേവകി ഗോപിദാസ്: അങ്ങനെ മാനേജരന്മാർകൂടി അംഗീകരിച്ചിട്ടുള്ള ഒരു കാര്യത്തിൽനിന്നും പിന്നീട് അവർ പിന്മാറിക്കളയുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. ടി.കെ. നാരായണപിള്ള: ശമ്പളപരിഷ്കാരകാര്യത്തിൽനിന്നും അവർ പിന്മാറിയിട്ടില്ല.

ഉദ്യോഗസ്ഥന്മാരുടെ എണ്ണം

*൧൬൩൫ (൭) സാഹിബ് ബഹദൂർ എം. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ ൫൦ രൂപായിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്രയെന്നു പ്രസ്താവിക്കുമോ;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൩൨.

(ബി) പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഭരണഘടന നടപ്പിൽ വന്നതിനുശേഷവും ജാതിതിരിച്ചുള്ള പട്ടികകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ ഗവമെൻറ പരിഗണിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വാസ്തവത്തിൽ അത്തരം ചോദ്യങ്ങൾക്ക ഉത്തരം പറയാൻ പാടില്ലാത്തതാണ്. പക്ഷെ നിയമസഭയിൽ ചോദ്യത്തിനു ഉത്തരം പറഞ്ഞില്ലെന്നു പരാതി ഉണ്ടായെങ്കിലോ എന്നു ഭയന്നു പറയുകയാണ്.

ശ്രീ. എ. താണുപിള്ള: ഭരണഘടനയനുസരിച്ചുള്ള വ്യവസ്ഥകൾ പബ്ലിക്ക് സർവ്വീസിൽ പരിപൂർണ്ണമായി എപ്പോൾ നടപ്പിൽ വരുത്തുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. അതുസംബന്ധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു പബ്ലിക്ക്സർവ്വീസ് കമ്മീഷനോടു ആവശ്യപ്പെട്ടിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻെറ റിപ്പോർട്ടു ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഭരണഘടന നടപ്പിൽ വന്നിട്ട് ഒരു കൊല്ലം കഴിഞ്ഞതിനുശേഷവും ഇതിനെ സംബന്ധിച്ച് അവസാനതീരുമാനങ്ങൾ എടുക്കാതെ ഉദാസീനത കാണിക്കുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷനെ മാററുന്നതിന് ഗവമെൻറിനു വല്ല ആലോചനയുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷനെ മാററണമെങ്കിൽ അതു ഈ നിയമസഭതന്നെ ചെയ്യേണ്ടതാണ്. ഗവമെണ്ടിനു അതു മാററാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ജാതി തിരിച്ചുള്ള നിയമനങ്ങൾ നടക്കുന്നതുകൊണ്ടല്ലേ ജാതി തിരിച്ചുള്ള പട്ടികകൾ ചോദിക്കാൻ ഇടയാകുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരിക്കാം.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ പബ്ലിക്ക സർവ്വീസ് കമ്മീഷനെ നിയമിച്ചിട്ടുള്ളതും ജാതിതിരിച്ചുള്ള പ്രാതിനിദ്ധ്യം നോക്കിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

Sri. P. S. Nataraja Pillai: Is communal representation in Service accepted by the Government?

Sri. T. K. Narayana Pillai: Not accepted; but it was adopted by the Travancore-Cochin Government.

Sri. P. S. Nataraja Pillai: Is it being adopted today?

Sri. T. K. Narayana Pillai: To some extent it is adopted. The rules regarding this have not yet come into force.

Sri. P. S. Nataraja Pillai: May I know whether it is legal to adopt communal representation?

Sri. T. K. Narayana Pillai: That is a matter of dispute.

Sri. A. Thanu Pillai: Will the Government inform the Public Service Commission of the recent decisions of the High court in regard to this matter?

Sri T. K. Narayana Pillai: They are expected to know them.

ശ്രീ. വി. ഗംഗാധരൻ നായർ: വർഗ്ഗീയപ്രാതിനിധ്യം സംബന്ധിച്ച ഗവൺമെന്റിന്റെ നയം എന്താണെന്ന് പറയാമോ?

Mr. Speaker: It is a question which involves a long discussion on questions of policy.

Sri. P. Balakrishnan Tampi Is the Government aware of the saying "*Delhi Dur hai*"—that is, Delhi is far distant?

Mr. Speaker: That is the supplying information and not a request for information.

Sri. D.Gnanasigamoni: Is there any occasions where the Government differed with the decisions of the Public Service Commission?

Mr: Speaker: That is a different question, not coming within the scope of the question put on the answers given.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വർഗ്ഗീയപ്രാതിനിധ്യതത്വം അംഗീകരിച്ചിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞ ഒരു കാര്യമാണ്.

Statement referred to in the answer to part (b)

Castewar Statement of the Staff of the Panchyat Department who are getting Rs. 50 (Without Allowance) and above

	Malayala Brahmin	Tamil Brahmin	Nayar	Eazhava	Kammala	Other Hindu	Syrian Catholic	Latin Catholic	Jacobite	Other Christians	Muslim
1. Director of Panchayats ..	..	..	..	..	..	..	1	..	..	..	
2. Asst. Director of Panchayats ..	..	..	1	..	1	..	..	..	..	.	
3. Asst. Engineer ..	..	..	1	..	..	..	1	..	..	.	
4. Staff of the Office of Director of Panchyats ..	1	5	6	2	..	3	1	..	1	1	
5. District offices ..	1	..	1	2	..	1	..	..	..	..	
6. Organisers (Co-operative Public Health & Public Works & Field Officers) ..	..	5	9	3	..	..	3	..	..	..	
7. Office of Asst. Engineer ..	..	1	..	1	..	..	..	..	..	..	
8. Panchayat Inspector's office ..	..	3	5	1	..	2	2	2	..	..	
9. Radio Supervisor	..	..	..	..	..	..	1	..	..	..	
Total ..	2	14	23	9	1	6	9	2	1	1	None

വില്പന നികുതി

* ൧൧൩൮ (വ്യ) സാഹിബ് ബഹദൂർ എം.എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടിൽവ്യവസായാടിസ്ഥാനത്തിൽ ചെയ്യപ്പെടുന്ന സാധനങ്ങൾ വില്പനനികുതിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവൺമെൻറ എന്തു തീരുമാനംചെയ്തു?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി:
(ശ്രീ. എ. ജെ. ജോൺ): (എ) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ചില അപേക്ഷകൾ തിരസ്കരിച്ചിട്ടുണ്ട്. ചിലതു ഗവൺമെൻറിന്റെ ശ്രദ്ധയിലിരിക്കുന്നു.

ഡിസ്പെൻസറി

*൧൧൩൯. (൯) സംഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനാപുരത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി
(ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ടു്.

(ബി) ആലോചനയിൽ ഇരിക്കുന്നു.

കോൾഡ് സ്റ്റോറേജ്

*൧൧൩൩. (൧൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കേന്ദ്രഗവമെന്റിന്റെ സഹായത്തോടുകൂടി നമ്മുടെ സ്റ്റേറ്റിൽ മൂന്നു കോൾഡു് സ്റ്റോറേജ് സ്ഥാപനങ്ങൾ സഹകരണസംഘങ്ങൾ വഴി നടത്തുന്നതിനെ സംബന്ധിച്ചു് ഗവമെന്റിനു് ഒരു ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ആ ശുപാർശയിന്മേൽ ഗവമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കോവാപ്പറേറ്റീവ് റജിസ്ട്രാരുടെ ഒരു ശുപാർശ ഗവമെന്റിനു കിട്ടിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യത്തിൽ പറയുന്നതു് "കേന്ദ്രഗവമെന്റിന്റെ സഹായത്തോടുകൂടി നമ്മുടെ സ്റ്റേറ്റിൽ മൂന്നു കോൾഡു സ്റ്റോറേജ് സ്ഥാപനങ്ങൾ സഹകരണസംഘങ്ങൾ വഴി നടത്തുന്നതിനെ" സംബന്ധിച്ചാണു്. അതിനു് ഇല്ലെന്നാണു് ഉത്തരം പറഞ്ഞതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇവിടെ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് സഹകരണസംഘം റജിസ്ട്രാരിൽനിന്നും യാതൊരു ശുപാർശയും ലഭിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള. കോൾഡ്സ്റ്റോറേജു സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് കോവാപ്പറേറ്റീവ് റജിസ്ട്രാരുടെ ശുപാർശ കിട്ടിയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: ആ റിപ്പോർട്ടിന്മേൽ ഗവമെന്റ എന്തുനടപടി എടുത്തു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്. പൂർത്തിയായിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ ഒക്കെ ആയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: കുറെ ആയിട്ടുള്ളതു് എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ റിപ്പോർട്ട് സെക്രട്ടറിയേററിൽ കിട്ടിയിട്ടുണ്ടു്. സെക്രട്ടറിയേററിൽ ക്രമപ്രകാരമുള്ള നടപടികൾ പൂർത്തിയായാൽ അതിനെസംബന്ധിച്ചു് അവസാനതീരുമാനം ചെയ്യുന്നതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെൻറുവകയായി ഒരു കോൾഡ് സ്റ്റോറേജുണ്ടോ?

ശ്രീ. ടി. കെ. നാരാരായണപിള്ള: ഒരെണ്ണം ഉണ്ടെന്നു തോന്നുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതിപ്പോൾ പ്രവത്തനം നടത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രവത്തനം നടത്തുന്നില്ലെന്നാണു് തോന്നുന്നതു്. ഞാൻ ഓർമ്മയിൽനിന്നും പറയുകയാണു്; ശരിയാണോ എന്നു നിശ്ചയമില്ല.

സാഹിബ്ബഹദൂർ കെ. എം. മുഹമ്മദ്: ഈ സംസ്ഥാനത്തെ ഫിഷറീസ് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ കോൾഡ്സ്റ്റോറേജ് സ്ഥാപിക്കുന്നതും ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. വെസ്ററുകോസ്ററ ഫിഷറീസിൻെറ വകയായി ഒരു കോൾഡ്സ്റ്റോറേജുസ്ഥാപനം ഉണ്ടു്. അതിപ്പോൾ പ്രവത്തിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: കോൾഡ്സ്റ്റോറേജ് ഇല്ലാത്തതുകൊണ്ടു് നമുക്കു് എത്രമത്സ്യം നഷ്ടപ്പെടുന്നുണ്ടെന്നു് വല്ല കണക്കുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു കണക്കുകളില്ല. എങ്കിലും കോൾഡ്സ്റ്റോറേജുണ്ടെങ്കിൽ മത്സ്യവ്യവസായം കൂടുതൽ ഫലവത്തായി നടത്താൻ സാധിക്കുമെന്നാണു് അറിയുന്നതു്.

സാഹിബ്ബഹദൂർ കെ. എം. മുഹമ്മദ്: തിരുവനന്തപുരം കോർപ്പറേഷനും മററു മുനിസിപ്പാലിററികളും കോൾഡ്സ്റ്റോറേജ് ഉണ്ടാക്കിക്കൊടുക്കണമെന്നു് ഗവമ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഇവിടെ ഒരു കോൾഡ്സ്റ്റോറേജുള്ളതു പ്രവത്തിക്കാത്തതിൻെറ കാരണം എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല. അന്വേഷിച്ചുപറയാം.

അദ്ധ്യാപക പ്രോവിഡൻറ് ഫണ്ടു്

*൧൧൩. (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു അദ്ധ്യാപകൻ ജോലിയിൽനിന്നു വിരമിച്ചുകഴിഞ്ഞാൽ എന്തു സമയത്തിനുള്ളിൽ അയാളുടെ പേരിലുള്ള പ്രോവിഡൻറു ഫണ്ടുതുക അയാൾക്കു കിട്ടും.

(ബി) അപേക്ഷ കൊടുത്തു ഏഴും എട്ടും മാസങ്ങൾ കഴിഞ്ഞിട്ടും തീർത്തി ട്ടില്ലാത്ത പ്രോവിഡൻറ ഫണ്ട കണക്കുകൾ ഉണ്ടെന്നു പറയുന്നതു് വാസ്തവമാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അതിലേക്കു് ആവശ്യമായ പ്രമാണങ്ങൾ ഹാജരാക്കിയാൽ താമസംകൂടാതെ തുക കൊടുക്കുന്നതാണു്.

(ബി) പ്രമാണങ്ങൾ ഹാജരാക്കാനുള്ള താമസംകൊണ്ടു് ചിലരുടെ പ്രോവിഡൻറഫണ്ടു് കണക്കുതീർക്കാൻ താമസമുണ്ടു്.

(സി) അതേ.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രമാണങ്ങൾ ഹാജരാക്കണമെന്നു പറയുന്നതു എന്തെല്ലാം പ്രമാണങ്ങളാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോൺലയബിലിററി സർട്ടിഫിക്കററ മുതലായ ചില പ്രമാണങ്ങളെല്ലാം ഹാജരാക്കേണ്ടതുണ്ടു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രൈവററസ്കൂളിലെ അദ്ധ്യാപകന്മാക്കും നോൺലയബിലിററി സർട്ടിഫിക്കററ ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമാണു്, അവർ ജോലിയിലിരുന്ന സ്കൂളിൽ യാതൊരു ലയബിലിററിയുമില്ലെന്നു മാനേജരുടെ സർട്ടിഫിക്കററ ഹാജരാക്കേണ്ടതു ആവശ്യമാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അതു കിട്ടുന്നതിനു പലപ്പോഴും ആറേഴുമാസം താമസമുണ്ടാകുന്നുണ്ടെന്നറിയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരന്മാർ അങ്ങിനെ കാലതാമസപ്പെടുത്തുന്നുണ്ടെങ്കിൽ അതിൻെറ ഉത്തരവാദിത്വം ഗവമ്മെൻറിനല്ല. ഹാജരാക്കേണ്ട പ്രമാണങ്ങൾ ഹാജരാക്കിയാൽ കണക്ക തിട്ടപ്പെടുത്തി പണംകൊടുക്കുന്ന ചുമതലമാത്രമേ ഗവമ്മെൻറിനുള്ളു.

ശ്രീ റാഫേൽ ജെ. റൊഡ്രിഗ്സ്: വിവരങ്ങൾ ആവശ്യപ്പെടുന്നതുതന്നെ ഒരുമിച്ചു് ചെയ്യാതെ കാലതാമസം ഉണ്ടാകത്തക്കവിധത്തിൽ കുറേശ്ശകുറേശ്ശയായി ചെയ്തുവരുന്ന ഒരു പതിവുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഉദ്യോഗത്തിൽനിന്നും പിരിയുന്ന ഉദ്യോഗന്മാരോടു ഉടനെതന്നെ നോൺലയബിലിററി സർട്ടിഫിക്കററ ഹാജരാക്കണമെന്നു് ആവശ്യപ്പെടാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. എന്നുമാത്രമല്ല അതിനു് സ്റ്റാൻറിംഗ് ആർഡറിൽതന്നെ പ്രത്യേകം വ്യവസ്ഥയും ഉണ്ടു്.

ഗൃഹനിർമ്മാണം

* ൧൧൩൮. (൧൯) ശ്രീ. റാഫേൽ ജെ. റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗൃഹനിർമ്മാണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-൫൧-ലെ ബഡ്ജററ വ്യവസ്ഥയനുസരിച്ചു എത്ര വീടുകൾ പാവപ്പെട്ടവക്കു് പണിചെയ്യിച്ചുകഴിഞ്ഞു;

(ബി) അവ എവിടെയെല്ലാം; എത്രവീതം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
ശ്രീ. ടി. കെ. നാരായണപിള്ള):

൪൧൦-ാം നമ്പർ ചോദ്യത്തിനു ഉത്തരമായി ഈ ചോദ്യത്തിന്റെ ഉത്തരം മേശപ്പുറത്തു വച്ചിരുന്നു. ഞാൻ ഒന്നുകൂടി വായിക്കാം.

(എ)–(ബി) ൧൯൫൬–൫൭-ലെ ബഡ്ജററവ്യവസ്ഥയനുസരിച്ചുള്ള വീടുകളുടെപണി ഒരു സെൻററിലും പൂർത്തിയായില്ല. തേവര (൧൨), തൃശ്ശൂർ (൨൦), എറണാകുളം (൩൦), വിഴിഞ്ഞം (൨൬) എന്നീ സെൻററുകളിലായി ആകെ ൮൮ വീടുകളുടെ പണി തുടങ്ങിക്കഴിഞ്ഞു. കൂടാതെ ൧൩ സെൻററുകളിലായി ൧൯൪ വീടുകൾ പണിയുന്നതിനു അനുവാദവും നൽകിയിട്ടുണ്ട്. പണിതുടങ്ങുന്നിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. വി. തേവൻ: ഇതിൽ കർഷക തൊഴിലാളികൾക്കുള്ള വീടുകൾ പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കർഷകതൊഴിലാളികൾക്കാണ് അധികവും.

ശ്രീ പൊന്നറ ജി. ശ്രീധർ: തൃശ്ശൂരിൽ വീടുകൾ പണിയുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: തൃശ്ശൂരിൽ എത്ര പാവങ്ങൾക്ക വേണ്ടിയാണ് വീടുകൾ പണിയുന്നതെന്നു പറയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള എത്രയാളുകൾക്ക വേണ്ടിയാണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഒരു കോവാപ്പറേററിവ് സൊസൈററി മുഖാന്തിരമാണ് അവിടെ വീടുകൾ പണിയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ൧൩ സെൻററുകളിലായി ൧൯൪ വീടുകൾ പണിയുന്നതിൽ തൃശ്ശൂരിൽ എത്ര വീടുകൾ പണിയുന്നുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: തൃശ്ശൂരിൽ വീടുപണി തുടങ്ങിയിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: തൃശ്ശൂരിൽ വീടുകൾ പണിയുന്നതിനു ഏൽപിച്ചിട്ടുള്ള കോവാപ്പറേററിവ് സൊസൈററി ടി. ശിവൻപിള്ള, എം. പി. യും അദ്ദേഹത്തിന്റെ വീട്ടുകാരുംകൂടി സ്ഥാപിച്ചിട്ടുള്ള സൊസൈററിയാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂട.

Sri. P. S. Nataraja Pillai: How many houses are being built there?

Sri. T. K. Narayana Pillai: 20.

Sri. P. S. Nataraja Pillai: Is it allotted in the name of each individual or each family?

Sri. T. K. Narayana Pillai: Each family, one house. The whole building scheme is entrusted to the co-operative society

Sri. P. S. Nataraja Pillai: Has the Government gone into the details whether it has been allotted to members of one family?

Sri. T. K. Narayana Pillai: Buildings have not been allotted at all. The buildings are still under construction.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലത്തു് വീടുകൾ പണിയുവാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊല്ലത്തു് വീടുകൾ പണിയുന്നതിന് ഇതുവരെ സ്ഥലം അവിടെ കിട്ടിയിട്ടില്ല. സ്ഥലം ഏതാണെന്ന് തീരുമാനിച്ചതിനുശേഷം അടുത്ത കൊല്ലം അവിടെ പണിയുവാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഗവൺമെന്റിന്റെവക സ്ഥലം അവിടെയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്ഥലത്തെ സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. റൈഫിൾമൈതാനം വീടുകൾ പണിയുന്നതിനു കൊടുക്കത്തക്കതല്ലെന്ന് ഐ. ജി. യുടേയും മററധികാരികളുടേയും റിപ്പോർട്ട് ഉണ്ടായിരുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ സ്ഥലത്ത് ഇപ്പോൾ ആളുകൾ താമസിക്കുന്നുണ്ടല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ആളുകൾ താമസിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചു പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ രാജ്യത്ത് എത്ര ഭവനരഹിതർ ഉണ്ടെന്ന് ഗവൺമെന്റ് വല്ല കണക്കും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കെടുക്കുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഭവനരഹിതർക്കാണ് വീടുകൾ പണിതു കൊടുക്കുന്നതെന്നും ആ വീടുകളിൽ താമസിക്കുന്നവർ ഭവനരഹിതർ ആണെന്നും അറിയുന്നത് എങ്ങനെയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഭവനരഹിതരായിട്ടുള്ളവർക്കാണ് വീടുകൾ കൊടുക്കുന്നത്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഉദ്ദേശം എത്ര കൊല്ലംകൊണ്ട് ഈ രാജ്യത്തുള്ള ഭവനരഹിതർക്ക് എല്ലാവർക്കും വീടുകൾ ഉണ്ടാക്കിക്കൊടുക്കുവാൻ കഴിയുമെന്ന് ഗവൺമെന്റിന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അത് ഓരോ കൊല്ലവും പണിയുന്ന വീടുകളുടെ എണ്ണം അനുസരിച്ചിരിക്കും.

Sri. D. Gnanasigamoni: Before allotting the houses in Therur, will the Government be pleased to see that the houses do not go to one family?

Sri. T.K. Narayana Pillai: Certainly, the Government will see to that.

Sri. C. V. Iyyu: On a point of information Sir, പേരൂരിൽ..........

ശ്രീ. ടി. കെ. നാരായണപിള്ള: പേരൂരല്ല. തേരൂരാണ്.

MINISTERS

***1169. (13) Sri. M. I. Paul:** Will the Hon'ble the Chief Minister be pleased to state.—

(*a*) when the new ministry was formed and the reason why no representation was given to Cochin when the new ministry was formed; and

(*b*) is it a fact that there is a great dissatisfaction among the people of Cochin in not giving any representation to Cochin in the formation of the new ministry, if so, what is the remedy that the Government intend to make in this matter?

Minister for Education, food and Labour **(Sri. T. K. Narayana Pillai):**

(*a*) On 3rd March 1951. The Ministry has not been fully constituted, and the question of giving representation to all interests is under consideration.

(*b*) This is a matter of opinion.

ശ്രീ. എം. ഐ. പോൾ: പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതിന് മുമ്പ് ഇസ്ലീവപേരൂർ ഡി. സി. സി. പ്രസിഡന്റിന്റേയും പാർലമെന്ററി ബോർഡ് പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽവെച്ച് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോട് മന്ത്രിസഭയിൽ ചേരണമെന്ന് ലീഡർ ആവശ്യപ്പെട്ടില്ലേ?

Mr. Speaker: That question is disallowed.

ശ്രീ. എം. ഐ. പോൾ: ഇംഗ്ലണ്ടും സ്കോട്ട്ലന്റും തമ്മിൽ സംയോജിച്ചിട്ട് വൻ കൊല്ലത്തിനു മേലായി എങ്കിലും സ്കോട്ട്ലന്റിൽനിന്നും ഒരു മന്ത്രി ബ്രിട്ടീഷ് ക്യാബിനററിൽ ഉണ്ടായിരിക്കണമെന്നു അവിടെ ഒരു കൺവൻഷൻ ഉള്ളതായി ഗവർമ്മെണ്ടിനറിയാമോ?

Mr. Speaker: That is supplying information. Question is disallowed.

ശ്രീ. എം. ഐ. പോൾ: തൃശ്ശിവപേരൂർ ഡി. സി. സി.യിൽനിന്ന് ഇപ്പോഴത്തെ ചീഫ് മിനിസ്റ്ററായ, കോൺഗ്രസ്സ് പാർട്ടി ലീഡറായ മി. കേശവന്റെ പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിച്ചതിനുശേഷം ബഡ്ജററ് സെഷൻ കഴിഞ്ഞാൽ കൊച്ചിയിൽനിന്ന് ഒരു മന്ത്രിയെ എടുക്കാമെന്നു അദ്ദേഹം പറഞ്ഞതായി ഗവർമ്മെണ്ടിന് അറിയാമോ?

Mr. Speaker: These are not matters within the administrative responsibility of the Government. Question is disallowed.

Sri. A. Chidambaranatha Nadar: Is it true that the Hon'ble Sri. T. K. Narayana Pillai and his father are natives of Cochin?

Mr. Speaker: That is not relevant.

Sri. A. Chidambaranatha Nadar: Are the Government aware that the people of Cochin are against giving a place in the Ministry to Sri. Panampilli Govinda Menon?

Mr. Speaker: That is a matter of opinion.

Sri. A. Chidambaranatha Nadar: Is there any provision in May's Parliamentary Practice to give a place to Cochinites?

Mr. Speaker: The question is disallowed.

Sri. C. V. Iyyu: May I know whether "representation to all interests" will include representation to subjects of the erstwhile Cochin area as it stood before the 1st July, 1949?

Sri. T. K. Narayana Pillai: Certainly, it will include them.

ശ്രീ. എം. ഐ. പോൾ: കൊച്ചിയോട് ഇപ്പോൾ കാണിക്കുന്നതു് ചിററമ്മനയം അല്ലേ?

Mr. Speaker: That is a matter of inference drawn by the member.

Sri. A. Thanu Pillai: The Hon'ble Minister said that in the formation of the Ministry, all interests will be taken into consideration. Can the Minister give an idea as to what those interests are?

Mr. Speaker: That is a general question involving a detailed discussion.

Sri. A. Thanu Pillai: I wish to know what those interests are—whether he can give us any idea as to what those interests are. It is a matter of fact. They have got certain interests in view. I would like to know what they are.

Sri. T. K. Narayana Pillai: All the interests which will certainly be conducive to the development of the country.

ശ്രീ. സി. സി. പ്രസാദ്: സർ, ഞാൻ ഒരു പായിന്റ് ഓഫ് ആർഡർ ഉന്നയിക്കുന്നു. ഈ ൧൩-ാമത്തെ ചോദ്യത്തിന് ഉത്തരം കിട്ടുന്നതിനുവേണ്ടി പല മെമ്പറന്മാരും സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. എന്നാൽ ആ ചോദ്യങ്ങൾക്ക് ഗവർമ്മെന്റു മറുപടി പറയുന്നതിനു പകരം ബഹു. സ്പീക്കർ എന്തോ പ്രത്യേക താല്പര്യം വച്ചുകൊണ്ടെന്നപോലെ ആ ചോദ്യങ്ങൾക്ക് എല്ലാം മറുപടി പറയുന്നതു് ശരിയാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: എന്തു മറുപടിയാണ് പറഞ്ഞതു്?

ശ്രീ. സി. സി. പ്രസാദ്: എല്ലാം "ഡിസ് അലൗഡ്" (disallowed) എന്നു പറഞ്ഞു. ചില ചോദ്യങ്ങൾക്ക് ഹൈപ്പോത്തററിക്കൽ (Hypothetical) എന്നും പറഞ്ഞു.

മിസ്റ്റർ സ്പീക്കർ: "ഡിസ്സ് അലൗഡ്" എന്നു പറഞ്ഞാൽ അനുവദിക്കുന്നില്ല എന്നാണ്. അതു് ചോദ്യത്തിനു് ഉള്ള മറുപടിയല്ല.

Sri. P. Balakrishnan Tampi: Sir, on a point of order. The hon'ble Member was insinuating against the Chair. He must be asked to withdraw that statement, considering the dignity of this House.

മിസ്റ്റർ സ്പീക്കർ: ബഹു. മെമ്പർ, ഗവൺമെണ്ടിൽനിന്നു് ഉത്തരം പറയുന്നതിനു പകരം എന്തോ പ്രത്യേക താല്പര്യം കൊണ്ടെന്നപോലെ ബഹു. സ്പീക്കർ ചോദ്യങ്ങൾക്കു മറുപടി പറയുന്നു എന്നു് മെമ്പർ പറഞ്ഞതു് തെററാണ്. ഡിസ് അലൗഡ് (disallowed) എന്നു് പറയുന്നതു് ചോദ്യത്തിനുള്ള ഉത്തരമല്ല. സ്പീക്കർ "എന്തോ ഒരു പ്രത്യേക പക്ഷംപിടിച്ചു് പ്രത്യേക താല്പര്യം സംരക്ഷിക്കുന്നതിനെന്നപോലെ" എന്നു പറഞ്ഞതു് തെററാണ്. യഥാർത്ഥത്തിൽ അതു സഭയുടെ അന്തസ്സിനു് ഹാനികരമായ പ്രസ്താവനയാണ്. അതുകൊണ്ടു് ബഹു. മെമ്പർ പറഞ്ഞതു ക്ഷമാപണത്തോടുകൂടി പിൻവലിക്കേണ്ടതാണ്.

ശ്രീ. സി. സി. പ്രസാദ്: ഞാൻ അതു് അങ്ങനെയുള്ള ഉദ്ദേശംവച്ചുകൊണ്ടു പറഞ്ഞതല്ല.

മിസ്റ്റർ സ്പീക്കർ: ഉദ്ദേശം എന്തായിരുന്നാലും ബഹു. മെമ്പർ പറഞ്ഞതു സഭയുടെ അന്തസ്സിനു് ചേർന്നതല്ല. അതുകൊണ്ടു് ക്ഷമാപണത്തോടുകൂടി അതു പിൻവലിക്കേണ്ടതാണ്. ബഹു. മെമ്പർ അതു പിൻവലിക്കുന്നുണ്ടോ?

ശ്രീ. സി. സി. പ്രസാദ്: ഞാൻ അതു് പിൻവലിക്കുന്നു.

ശ്രീ. ടി. വി. തേവൻ: നിലവിലിരിക്കുന്ന സ്പീക്കർ അവർകളെ തെരഞ്ഞെടുക്കുന്നതിനായി ആലപ്പുഴവച്ചു കൂടിയ പാർട്ടി മീററിംഗിൽവച്ചു് ഒരു ഹരിജൻ മന്ത്രിയെക്കൂടി എടുക്കാമെന്നു് പറഞ്ഞതു് ഇപ്പോഴും ആക്കം വേണ്ടാത്ത സമയത്തെങ്കിലും അതു് ചെയ്യുവാൻ ദയവുണ്ടാകുമോ? (ചിരി)

മിസ്റ്റർ സ്പീക്കർ: പാർട്ടി മീററിംഗിൽ അഭിപ്രായപ്പെട്ടതിനെക്കുറിച്ചാണു് ചോദ്യം. കൂടാതെയും ഗവൺമെണ്ടിൻെറ ഉത്തരവാദിത്വത്തിൻെറ പരിധിയിൽപെടുന്ന ഒരു സംഗതിയല്ല അതു്. ലീഡർ ആ അധികാരം ഉപയോഗിച്ചാണു് മററ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതു്. ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഗവൺമെൻറിൻെറ ഉത്തരം കിട്ടുന്നതിനു ഒരിക്കൽ ചോദ്യം അനുവദിക്കുകയും പിന്നീടു അതിൻെറ ഉപചോദ്യങ്ങൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്നതു് ശരിയാണോ?

മിസ്റ്റർ സ്പീക്കർ: ഈ ചോദ്യംതന്നെ അനുവദിക്കത്തക്കതല്ലായിരുന്നു. പക്ഷെ ചോദ്യം അനുവദിക്കത്തക്കതായാലും ഉപചോദ്യം അനുവദിക്കത്തക്കതല്ലെന്നുവരാം.

ശ്രീ. സി. വി. ഇട്ടു: കൊച്ചിക്കാര്യങ്ങൾക്കുമാത്രം ഒരു മന്ത്രിയെ നിയമിക്കുവാൻ ദയവുണ്ടാകുമോ? "Secretary of State for Scotland" പോലെ.

Mr. Speaker: That is a suggestion for action.

കോളേജുകൾ

†* ൧൧൯൦. (൧൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി വിഭാഗത്തിൽ ആകെ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടു്; അവ ഏതെല്ലാം;

† The question was put by Sri. Eapen Arakkal, the questioner being absent.

(ബി) ഇവയിൽ ഏതെല്ലാം കോളേജുകൾ തിരുവിതാംകൂർ സർവ്വകലാശാലയുമായി സംഘടിപ്പിച്ചിട്ടുണ്ടെന്നു പറയുമോ;

(സി) ഇനി ചില കോളേജുകൾ തിരുവിതാംകൂർ സർവ്വകലാശാലയുമായി സംഘടിപ്പിക്കാത്തതിനു കാരണമെന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൯.

൧. മഹാരാജാസ് കോളേജ്, എറണാകുളം.
൨. ലാ കോളേജ്, എറണാകുളം.
൩. ഗവർമ്മെണ്ടു കോളേജ്, ചിററൂർ.
൪. സെൻറ് ആൽബർട്ട് കൊളേജ്, എറണാകുളം
൫. സെൻറ് തെരീസാസ് കോളേജ്, എറണാകുളം.
൬. സേക്രഡ് ഹാർട്ട് കോളേജ്, തേവര.
൭. കേരളവർമ്മ കോളേജ്, തൃശ്ശിവപേരൂർ,
൮. സെൻറ് മേരീസ് കോളേജ്, തൃശ്ശിവപേരൂർ
൯. സെൻറ് തോമസ് കോളേജ്, തൃശ്ശിവപേരൂർ.

(ബി) ആദ്യത്തെ മൂന്നു കോളേജുകൾ തിരുവിതാംകൂർ സർവ്വകലാശാലയുമായി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) പ്രൈവററ് കോളേജ് അധികാരികൾ, തിരുവിതാംകൂർ സർവ്വകലാശാല ആക്റ്റിൽ ചില ഭേദഗതികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഭേദഗതികൾ വരുത്താത്ത കാരണമായിരിക്കാം പ്രൈവററ് കോളേജുകൾ തിരുവിതാംകൂർ സർവ്വകലാശാലയിൽ സംഘടിക്കാത്തതു്.

ശ്രീ. ഈച്ചരൻ അറയ്ക്കൽ: കൊച്ചിരാജ്യം ഈ രാജ്യത്തോടു സംയോജിപ്പിച്ചതുമുതൽ അവിടെയുള്ള കോളേജുകൾക്ക് തിരുവിതാംകൂർ സർവ്വകലാശാലയോടു ചേരാതെ സ്വതന്ത്രമായി നില്ക്കുവാൻ അവകാശമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവക്കവകാശമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തിരുവിതാംകൂർ സർവ്വകലാശാലയോടു സംഘടിക്കാതെ നില്ക്കുന്ന കോളേജുകൾക്ക സർവ്വകലാശാലയിൽനിന്നും വല്ല സഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വല്ല സഹായവും ചെയ്യുന്നുണ്ടോയെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഈ സർവ്വകലാശാലയോടു സംഘടിക്കാതെ സ്വതന്ത്രമായി നില്ക്കുന്ന കോളേജുകൾക്ക് ഗവമ്മെണ്ടിൽനിന്നു വല്ല സഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചുള്ള വിവരങ്ങൾ എൻെറ കയ്യിൽ ഇപ്പോൾ ഇല്ല. അതുകൊണ്ട് സഹായം ചെയ്യുന്നുണ്ടോയെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: ഈ സർവ്വകലാശാലയോടു സംഘടിക്കാതെ നില്ക്കുന്ന തൃശ്ശിവപേരൂരെ ഒരു കോളേജിനു ഒരു വസ്തു ഗവമ്മെൻറിൽനിന്നു ഒഴിച്ചു കൊടുത്തതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെൻറവക സ്ഥലം ചില വ്യവസ്ഥകളോടുകൂടി അവരുടെ ഉപയോഗത്തിനു കൊടുത്തിട്ടുണ്ട്.

Sri. A. Chidambaranatha Nadar: Do the Government intend to start a Training College at Ernakulam?

ശ്രീ. ടി. കെ. നാരായണപിള്ള: അതു എറണാകുളത്തു് അല്ല. തൃശ്ശിവപേരൂർ തന്നെയാണു്.

Sri. D. Gnanasigamoni: Do the Government propose to take steps to get those colleges affiliated to this University?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു് ചില കൂടിയാലോചനകൾ നടന്നിട്ടുണ്ടു്. യൂണിവേഴ്സിററി ആക്ടു് അമൻഡുചെയ്യുന്ന വിഷയത്തിൽ യൂണിവേഴ്സിററി മുന്നോട്ടു് വരുന്നതിനു വേണ്ടിയാണു് കാലതാമസം വരുന്നതു്. യൂണിവേഴ്സിററിയെ സംബന്ധിച്ചു് പൊതുവേ ഒരു നയം വേണമെന്നു് ഗവണ്മെൻറിലേക്കു് ഒരു നിർദ്ദേശം കിട്ടിയിട്ടുണ്ടു്. ആ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ഏതു തരത്തിലാണു് യൂണിവേഴ്സിററി ആക്ടു് ഭേദഗതി ചെയ്യേണ്ടതു് എന്നുള്ളതു് ആലോചനാവിഷയമായിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററിയോടു് സംഘടിക്കാത്ത കോളേജുകൾക്കു് ഗവണ്മെണ്ടിൽനിന്നു് സഹായം ചെയ്യാതിരിക്കുന്ന ഒരു നയം ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നയത്തെപ്പററി ഇപ്പോൾ ഒന്നും പറയുവാൻ നിവൃത്തിയില്ല. അതിൻെറ കൂടലാസുകൾ ഇപ്പോൾ എൻെറ കയ്യിലില്ല.

ശ്രീ. എ. താണുപിള്ള: സംയോജനത്തിനുശേഷമാണോ തൃശ്ശിവപേരൂരെ ഒരു കോളേജിനു് സ്ഥലം കൊടുത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സംയോജനത്തിനു മുമ്പാണു്.

Sri. K. S. Joseph: Is it the policy of Government to allow more than one University within the area of Travancore-Cochin?

Sri. T. K. Narayana Pillai: I do not think there is any harm in doing that.

Sri. P. Balakrishnan Tampi: May I ask how many Universities are working within the Madras State?

Sri. T. K. Narayana Pillai: Three or four probably.

ശ്രീ. ആർ. ശങ്കർ: കൊച്ചിയിലെ പ്രൈവററ കോളേജുകൾ യൂണിവേഴ്സിററി ആക്ടിൽ എന്തെല്ലാം ഭേദഗതികൾ വരുത്തണമെന്നാണു് ആവശ്യപ്പെട്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ആ ആവശ്യങ്ങളുടെ സ്വരൂപം ഇപ്പോൾ നിശ്ചയമില്ല.

Sri. D. Gnanasigamoni: Is it one of their conditions that the name of the Travancore-Cochin University should be changed into Kerala University?

Sri. T. K. Narayana Pillai: Yes, that was one of the contentions.

ശ്രീ. മേത്തു പത്മനാഭൻ: തൃശ്ശിവപേരൂരിൽ ഒരു കോളേജിനു് വസ്തു കൊടുത്തു എന്നു പറഞ്ഞു. അതു് കത്തോലിക്കരുടെ കോളേജാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ആരുടേതാണെന്നു് ഇപ്പോൾ അറിഞ്ഞുകൂടാ.

Sri. A. Chidambaranatha Nadar: Do the Government intend to start a Law College at Trivandrum next year?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ ആലോചനാവിഷയമല്ല.

<u>ശ്രീ. ഈപ്പൻ അറയ്ക്കൽ:</u> സർവ്വകലാശാലയോട് സംഘടിക്കാതെ നില്ക്കുന്ന കോളേജുകൾക്ക് ഗവൺമെന്റിൽനിന്നും ഇപ്പോൾ വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

• <u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ചില കോളേജുകൾക്ക് ധനസഹായം ചെയ്യുന്നുണ്ട്.

Sri. P. Balakrishnan Tampi: Will this Government kindly make it clear that this State bears no hostility to Madras University?

Sri. T. K. Narayana Pillai: This State has no hostility at all.

Sri. Eapen Arakkal: May I know whether all the colleges under this University are being given financial aid?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> എല്ലാ കോളേജുകൾക്കും ധനസഹായം ചെയ്യുന്നില്ല.

<u>ശ്രീ. ഈപ്പൻ അറയ്ക്കൽ:</u> എല്ലാ കോളേജുകൾക്കും കൊടുക്കാതെ ചില കോളേജുകൾക്ക് ധനസഹായം ചെയ്തുകൊടുക്കുന്നതു ശരിയാണോ?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇവിടെ ചോദ്യം അതല്ല.

<u>ശ്രീ. ടി. തേവൻ:</u> കോളേജുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കുവാൻ ഭാവമുണ്ടാകുമോ?

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> ഇനിയും വർദ്ധിപ്പിക്കുന്നുണ്ട്.

.RECRUITMENT OF SECOND CLASS MAGISTRATES

***1171.** [16] **Sri. Eapen Arakkal:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether there has been a recent recruitment of hands already in service as Second Class Magistrates;

(*b*) when and by whom was the recruitment made;

(*c*) has priority or seniority been fixed by the Government among these hands thus recruited;

(*d*) what is the basis, if any, that has been accepted in fixing the seniority or priority for the purpose of posting such hands as Magistrates;

(*e*) the names of the first, and the last candidates with the respective qualifications, period of service, etc., in the order of the priority list;

(*f*) is there any case in which seniority or priority has been fixed by the Government arbitarily and without considering the qualifications, period of service of the candidates; and

(*g*) if answer to (*f*) is in the affirmative, will the Government be pleased to state the grounds, if any, for overlooking qualifications, length of service, etc., in the matter?

Minister for Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) The recruitment was made on the advice of the Public Service Commission in January 1951.

(*c*) The list forwarded to Government was in the order of rank fixed by the Commission after interviewing the candidates. Government accepted the ranking.

(*d*) The ranking has been fixed after interview of the candidates and is based on the marks secured by them at the interview.

(*e*) M. Raghunathan and G. Devasahayam. The ranking was done as explained in sub-division (*d*) above. It was not done either on the basis of qualification" or period of "service" alone.

(*f*) No.

(*g*) Does not arise in view of the answer to (*f*) above.

Sri. Eapen Arakkal: In the matter of priority, the Hon'ble Minister said that advice of the Public Service Commission was sought. I wou'd like to know whether service and qualifications alone were considered or other factors also, when making the recommendation?

Sri. A. J. John: Period of service, qualification and other factors were also taken into consideration.

Sri. Eapen Arakkal: May I know what are the other factors referred to?

Sri. A. J. John: It is the Service Commission that made the recommendation.

Sri. Eapen Arakkal: Do the Government know that hands with longer period of service and better qualifications have been pushed down in making this advice?

Sri. A. J. John: Government are bount to accept the advice of the Service Commission and the Government have accepted their advice,

Sri. P. Balakrishnan Tampi: Are the Government aware that the Service Commission has arbittarily made that service?

Sri. A. J. John: I am not aware of that.

Sri. Eapen Arakkal: Are the Government aware that persons who have put in 16 years of service in the department have been ignored?

Sri. A. J. John: May be.

Sri. Eapen Arakkal: May I know what is the justice involved in putting the man of the last rank as the first in rank when it is found that his seniors were of the highest rank and better qualified.

Mr. Speaker: That is leading to an argument.

ശ്രീ. സി. വി. ഇയ്യു: മജിസ്ട്രേട്ടുമാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിൽ പഴയ കൊച്ചിക്കാർ ആരും ഇല്ലെന്നു ഗവമ്മെൻറിനറിയാമോ ?

ശ്രീ. എ. ജെ. ജോൺ: ആരൊക്കെയാണ് അതിൽ ഉള്ളതെന്നു ആ ലിസ്ററ നോക്കി പഠിച്ചിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: ദയവുചെയ്ത് അതിനെക്കുറിച്ചു അന്വേഷിക്കുമോ?

ശ്രീ. എ. ജെ. ജോൺ: അന്വേഷിക്കേണ്ടആവശ്യമില്ല. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കാംപിററററീവ് ടെസ്ററ (Competitive test) വെച്ചാണ് തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു്.

Sri. P. Balakrishnan Tampi: Are the Governmet aware that ranking was very arbitrarily done and therefore will the Government be pleased to look into the matter again?

Sri. A. J. John: Government are not aware of such a thing and they are not prepared to look into the matter.

Sri. Eapen Arakkal: If it is pointed out to Government that the Service Commission has done substantial injustice in the fixing of rank, will the Government be pleased to look into the matter?

Mr. Speaker: It is a hypothetical question.

Sri. Epen Arakkal: It has been stated that the rank has been fixed after intervewing the candidates. So may I know, is it based on the marks obtained by the individual?

Sri. A. J. John: The question has already been answered.

Sri. A. Thanu Pillai: Was the principle of communal representation one of the considerations in making this recommendation?

Sri. A. J. John: I do not know.

Sri. A. Thanu Pillai: May I know, have all these officers been actually posted?

Sri. A. J. John: No.

Sri. A. Thanu Pillai: Then how many of them have been posted?

Sri. A. J. John: I think, one.

Sri. A. Thanu Pillai: May I know, how many were selected?

Sri. A. J. John: I think the number is twelve.

Sri. A. Thanu Pillai: Then may I know, when are the remaining 11 going to be appointed?

Sri. A. J. John: As and when vacancies arise.

Sri. A. Thanu Pillai: So, is it an advance selection by the Public Service Commission?

Sri. A. J. John: Yes.

Mr. Speaker: The hon'ble Member can draw his own inference from the answers that have been given.

Sri. A. Thanu Pillai: How?

Mr. Speaker: The member's question was, is it an advance selection by the Service Commission and the answer was in the affirmative. From this the Member can draw his inference.

Sri. A. Thanu Pillai: May I explain the position, not from the facts given: It could be seen from the answers that it may be an advance nomination or it may be a nomination in view of the vacancies that have already arisen. But the Government might have posted only one and others may be appointed immediately. My question was on account of this fact.

Mr. Speaker: An answer was given to the effect that as vacancies arise appointments will be made.

Sri. A. Thanu Pillai: "As and when vacancies arise"—that answer was not given. So long as I was able to hear, the only answer given was that 12 were selected and one was posted, I thought probably other vacancies are there. Hence I put the further question. Now I understand there is no vacancy.

May I know how long it will take for Government to appoint all the remaining 11 officers?

Sri. A. J. John: One or two years.

Sri. A. Thanu Pillai: Then, may I know why this Government found it necessary to direct the Service Commission to select candidates for vacancies that will rise in the course of next two years?

Mr. Speaker: The member is entering upon an argument about the propriety of the steps adopted by Government.

Sri. A. Thanu Pillai: I want to know the reason for that, it is no argument at all.

Mr. Speaker: It has been answered that when vacancies arise appointments will be made. Probably it will take time for vacancies to arise and that is why the Service Commission was asked by Government to make the seletion. The Member's question and the answers thereto will form a regular discussion.

<u>ശ്രീ. പൊന്നറ ജി. ശ്രീധർ:</u> ലിസ്റ്റിൽനിന്നു എടുക്കാതിരിക്കുന്ന ആളുകൾ ഏതു സർവ്വീസിൽ ഇരുന്നിരുന്ന ആളുകളാണ്; രണ്ടുപേരെ എടുത്തതിൽ ഏതു സർവ്വീസിൽ ഇരുന്നിരുന്ന ആൾക്കാണ് അതു് ന്യായമായി കിട്ടേണ്ടതു്?

Sri. A. J. John: The question is, the names of the first and the last candidates with the respective qualifications etc.

രണ്ടുപേരെ അല്ലാ എടുത്തിരിക്കുന്നതു്. ൧൨ പേരെ എടുത്തിട്ടുണ്ടു്. ഒന്നാമത്തെ ആളുടേയും അവസാനത്തെ ആളുടേയും കാര്യമാണ് ഇവിടെ ചോദിച്ചിരിക്കുന്നതു്. അതിനുള്ള മറുപടിയാണ് ഇവിടെ പറഞ്ഞിരിക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഈ രണ്ടുപേർ മററുള്ളവരെക്കാൾ സർവ്വീസു കുറഞ്ഞവരാണെന്നു അറിയാമോ?

Sri. A. J. John: It is the Service Commission who have made the recommendation.

ശ്രീ. കൃഷ്ണദാസ്: ൧൨ പേരെ സെലക്ടുചെയ്തതിനുശേഷം ഗവർമ്മെൻറിൽനിന്നു ആരെയെങ്കിലും മജിസ്റ്റ്രേട്ടുമാരായി നിയമിച്ചിട്ടുണ്ടോ?

Mr. Speaker: The question has been sufficiently answered.

ശ്രീ. കൃഷ്ണദാസ്: ൧൨ പേരെ സെലക്ടുചെയ്തതിനുശേഷം അവരിൽനിന്നെടുക്കാതെ വെളിയിൽനിന്നു വേറെ ആരെയെങ്കിലും മജിസ്റ്റ്രേട്ടുമാരായി നിയമിച്ചിട്ടുണ്ടോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த 12 பேர்கள் Magistrates களாக நியமித்த பிறகு, கொச்சியிலிருந்து யாரையாவது நியமித்ததுண்டா?

ശ്രീ. എ. ജെ. ജോൺ: ൧൨ പേരെ നിയമിച്ചിട്ടില്ലെന്നാണു പറഞ്ഞതു്.

LEASING OUT OF LAND

***1172.** [17] **Sri. E. P. Poulose:** Will the Hon'ble Minister for Forest be pleased to state.—

(*a*) whether Government in a communication addressed to the President of Kaliyar Karshaga Sangham promised to lease out a marginal width of one chain of land to owners of enclosures within the Thodupuzha reserve forests;

(*b*) whether this promise has been implemented; and

(*c*) if the answer to (*b*) is in the negative, why this promise has not been implemented?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**
Information is being collected.

ശ്രീ. ഇ. പി. പൗലോസ്: അസംബ്ലി തീരുന്നതിനുമുമ്പു ഈ ചോദ്യത്തിന്റെ ഉത്തരം നല്കാമെന്നു ഗവർമ്മെൻറു പ്രാമിസ് ചെയ്യുമോ?

മി: സ്പീക്കർ: അങ്ങിനെയുള്ള കരാറുകൾ ഒന്നും ആവശ്യപ്പെടുന്നതിനും തരുന്നതിനും ചോദ്യോത്തരവേളയിൽ സ്ഥാനമില്ല.

ശ്രീ. ഇ. പി. പൗലോസ്: ഇൻഫർമേഷൻ കിട്ടിയിട്ടില്ലെന്നാണു പറഞ്ഞതു്. അതു കിട്ടുകയാണെങ്കിൽ ഉത്തരം തന്നുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചുള്ള ഇൻഫർമേഷൻ കിട്ടിയിട്ടില്ല.

STATE FORCES

***1173.** [18] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state.—

(*a*) how many officers of the State Forces not absorbed in the Indian Army have been appointed to Government service in this State;

(*b*) whether this Government have made representations to the Central Government to appoint the others in the civil departments under the Central Government; and

(c) if so, with what result?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 10.

(*b*) Yes.

(*c*) The matter is still under correspondence.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സ്റ്റേററ ഫോഴ്സസ് ഇന്ത്യൻ ആർമിയിൽ ലയിപ്പിച്ചതിനുശേഷം പിരിച്ചുവിട്ട പട്ടാളക്കാരിൽ ആരെയെങ്കിലും ഗവൺമെൻറ് സർവ്വീസിൽ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതേവരെയും സർവ്വീസിൽ നിയമനം കിട്ടാത്തവരുടെ കാര്യത്തിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപടി നടത്തിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുമൂന്നുതരത്തിൽ അതിനു നടപടി എടുത്തുവരുന്നുണ്ട്:

INSPECTORS OF POLICE

***1174.** [19] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state:

(*a*) the number of vacancies in the places of First and Second Grade Inspectors of Police now kept vacant;

(*b*) when did the earliest of these vacancies occur; and

(*c*) the total number of vacancies filled since that date?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) There is no post of 'Inspector of Police';

(*b*) & (*c*) Do not arise.

I do not want to stand on formalities. For information I may say this. There are 10 vacancies in the first grade and 38 in the second grade. Of these, 8 vacancies are reserved for prosecuting sub-Inspectors to be recruited shortly.

UNSTARRED QUESTIONS

സിവിൽ സപ്ലൈസ് കമ്മീഷണർ

൧൨൫ (൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ?

(എ) സിവിൽ സപ്ലൈസ് കമ്മീഷണർ ശ്രീ. വി. കെ. ആർ. മേനോൻ ഈയിടെ ലീവ് എടുത്തപ്പോൾ ആരെയാണ് പകരം നിയമിച്ചത്?

(ബി) യഥാർത്ഥ അവകാശിയായ എറണാകുളത്തെ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കുഞ്ഞൻനായരെ പകരം നിയമിക്കണമെന്നു കമ്മീഷണരും അന്നത്തെ ഫുഡ്മിനിസ്റ്ററും ശക്തിയായി ശുപാർശചെയ്തിട്ടും ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ടതിൻെറ കാരണം എന്ത് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ആരേയും പകരം നിയമിക്കുകയുണ്ടായില്ല. തിരുവനന്തപുരം ഡെപ്യൂട്ടികമ്മീഷണർക്ക ചാർജ്ജ് കൊടുക്കുകയാണ് ഉണ്ടായത്.

(ബി) ആരേയും പകരം നിയമിക്കാഞ്ഞതുകൊണ്ട് ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ടു എന്നു പറയുവാൻ തരമില്ല.

PAY OF NURSES, ETC.

126. [2] **Sri. Eapen Arakkal:** Will the Hon'ble Minister for Medical be pleased to state:

(*a*) What are the salary grades of nurses, and laboratory assistants in the Hospitals?

Minister for Finance and Revenue **(Sri. A. J. John):**

Nurses:	I Grade	Rs. 45—5—75.
	II Grade	Rs. 30 3—45.
Laboratory Assistants:	I Grade	Rs. 45—5—75.
	II Grade	Rs. 30—3—45.

SHORT NOTICE QUESTION

EXCLUSION OF A STUDENT FROM APPEARING FOR THE UNIVERSITY EXAMINATION

*[1] **Sri. K. A. Mathew**: Will the Hon'ble Minister for Education be pleased to state:

(*a*) whether it is a fact that a student (by name Sri. C. O. Thomas) of IV year Class of St. Berchman's College, Changanacherry is excluded from appearing for the University Examination (1951) on the ground that he did not pass his Intermediate Examination;

(*b*) whether it is a fact that the College Principal admitted him into the III year class since his name was in the authorised list of successful candidates in the Intermediate Examination supplied to the College authorities by the Registrar of the Travancore University;

(*c*) why the University allowed him to continue his course of studies for two years (1949-50 and 1950-'51) without informing him that he had not passed his Intermediate Examination;

(*d*) whether the University authorities are aware that the student has lost his two years and a good amount of money for no fault of his, but owing to the failure of the University authorities in not informing him in time that he had not completed his Intermediate; and

(*e*) who is to be held responsible for the heavy loss sustained by the student because of the carelessness and negligence on the part of University administration?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) & (*c*) The Principal seems to have admitted the student on the basis of the first provisional list of register numbers of successful candidates issued by the University, and the student appears to have managed to continue in the Class in spite of the following facts:

( ) that the student knew from his marks given in the certified statement obtained by him from the University that he had not passed the whole Examination;

നെടുമങ്ങാട്ടുതാലൂക്കിൽ ടൌണിനടുത്തു രണ്ടു മൈലകലെ വേങ്കവിള എന്ന സ്ഥലത്തു ഒരു കുളം നന്നാക്കുവാൻ തുടങ്ങി. അപ്പോൾ ആ സ്ഥലത്തുള്ളവരും ഞാനും, ഉദ്യോഗസ്ഥന്മാർ നന്നാക്കുന്ന രീതിയിൽ വെട്ടുകയാണെങ്കിൽ അടുത്ത മഴക്കുതന്നെ കുളത്തിൽ മടവീണു സമീപത്തുള്ള സ്ഥലം മുഴുവൻ വെള്ളം കയറി നാശപ്പെട്ടുപോകുമെന്നു പറയുകയുണ്ടായി. ഈവിധ കാര്യങ്ങളെപ്പററി ഞങ്ങളെക്കാൾ സാങ്കേതികജ്ഞാനം കൂടുതൽ ആ ജോലി ചെയ്യിക്കുന്ന മഹാനാണുള്ളതു എന്നു അധികാരികൾ സമാധാനം പറഞ്ഞു. അതുകൊണ്ടു കുളം നന്നാക്കാൻ തന്നെ തീരുമാനിച്ചു. അവിടത്തെ താലൂക്കുവർക്കു് കമ്മററിക്കൂടി കുളം കുഴിപ്പിക്കുന്നരീതിയിൽ നന്നാക്കേണ്ടായെന്നു ഒരുപ്രമേയവും പാസ്സാക്കിഅയച്ചു. കൂടാതെ ഞാനും സ്ഥലം തഹസിൽദാരും കൂടി ചെന്നു പറഞ്ഞു. എന്നാൽ താലൂക്കു തഹസിൽദാരോ ആ നാട്ടിലെ കൊള്ളാവുന്നവരോ പറഞ്ഞാൽ കേൾക്കാനുള്ള ആളല്ല കുളം കുഴിപ്പിക്കുന്ന ആ എൻജനീയർ. കുറെ പണം അവിടെ ചെലവാക്കാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ആ കുളം വെട്ടി നന്നാക്കി പണവും വാങ്ങി. പക്ഷെ അടുത്ത മഴയത്തുതന്നെ കുളത്തിൽ വെള്ളം നിറഞ്ഞു കവിഞ്ഞു കുളം പൊട്ടി ആ പ്രദേശത്തുള്ള ഏലാ മുഴുവൻ നശിച്ചു. ഈ നഷ്ടം ആരു് തരാനാണു്. ആരുടെ അടുക്കൽസങ്കടം പറയാനാണു്. വെട്ടിച്ച എൻജനിയർസ്ഥലം മാറിപോവുകയും ചെയ്തു. ഇന്നും ആ കുളം നന്നാക്കിയിട്ടുമില്ലാ, ഏലായിൽനിന്നു മണ്ണു കോരിയിട്ടുമില്ല. ഇതിൽ അതിശയം അതൊന്നുമല്ലാ. ഒടുവിൽ അതിനെപ്പററി പരാതിപറഞ്ഞപ്പോൾ കുളം വെട്ടിച്ച എൻജനീയരുടെ കുററം കൊണ്ടല്ലെന്നും നാട്ടുകാരുടെ കുററം കൊണ്ടുമാണു് ആവിധം മടവീണതെന്നും ആണു് ആ മനുഷ്യൻെറ മേലധികാരി ഇഞ്ചിനിയർ പറഞ്ഞതു്. നാട്ടുകാരുടെ കുററവുമല്ലെങ്കിൽ മഴയുടെ കുററമാണു് എന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ കുളങ്ങളും തോടുകളും നന്നാക്കാതിരിക്കുകയാണു് നല്ലതു്. തോടുകളൊന്നും തന്നെ ശരിയായി നന്നാക്കാറില്ല. ഡിപ്പാർട്ടുമെണ്ടുകാർക്കു് പ്രത്യേകം താല്പര്യമുള്ള ചില സ്ഥാനങ്ങളിൽ പത്തുമുപ്പതു പറ നിലത്തിൻെറ ഗുണത്തിനുവേണ്ടിമാത്രം ആയിരക്കണക്കിനുള്ള രൂപാ ഒരു തോടിനു വേണ്ടിയോ, ഒരു മടയ്ക്കു വേണ്ടിയോ അവർ ചെലവാക്കുകയാണു് ചെയ്യുന്നതു്. അനാവശ്യമായി കുളങ്ങൾ പതിച്ചുകൊടുക്കുക എന്നതു ഇന്നത്തെ ഗവമ്മെണ്ടുകാണിക്കുന്ന വേറൊരു കൊള്ളരുതായ്മയാണു്. നെടുമങ്ങാട്ടു താലൂക്കിൽ നിലങ്ങളുടെ ആവശ്യത്തിനായി എല്ലാ ഏലതലയ്ക്കലും മിക്കവാറും കുളങ്ങളും കാണും. അങ്ങനെയുള്ള

[Sri Ponnara G. Sreedhar]

മിക്ക കുളങ്ങളും ഓരോരുത്തർ പതിപ്പിച്ചു കൈവശപ്പെടുത്തിയിരിക്കുകയാണ്. ചിലേടത്തു് ദീർഘകാലകുത്തകപ്പാട്ടമായി എടുത്തിരിക്കുന്നതായി നമുക്കു കാണാം. ആ നടപടി വളരെ തെററാണെന്നുള്ളതും സംശയമില്ല. ആ കുളങ്ങളെല്ലാം തിരിച്ചെടുത്തു അവിടെ നല്ല കുളങ്ങൾ കുഴിപ്പിക്കേണ്ടതാണ്. ഇതിനെ സംബന്ധിച്ചു ഗവമ്മെൻറിനോടു നിവേദനം നടത്തിയതിൻെറ ഫലമായി ഇക്കാര്യം ഗവമ്മെൻറിൻെറ പര്യാലോചനയിൽ പെടുകയും നടപടികൾ നടത്തുകയും ചെയ്തു. പക്ഷേ എഴുത്തുകുത്തുകൾ ഇപ്പോഴും അവസാനിപ്പിച്ചിട്ടില്ല. മാത്രമല്ല, ഇതുസംബന്ധിച്ചു എനിക്കു ഏററവും ഒടുവിൽ കിട്ടിയ എഴുത്തിൽ മെമ്പർ ഇതേപ്പററി പ്രത്യേകമായി ആലോചിച്ചു കുളം കുഴിപ്പിക്കേണ്ടതു അത്യാവശ്യമാണോ എന്നു അറിയിക്കാൻ എന്നോടു വീണ്ടും ആവശ്യപ്പെടുകയാണ് ചെയ്തിരിക്കുന്നതു്. അപ്പോൾ മെമ്പറുടെ അത്യാവശ്യമാണ് കുളംകുഴിപ്പിക്കണമെന്നുള്ളതു് എന്നുവരും. മെമ്പർക്കു ഇതു കുഴിപ്പിച്ചേ തീരുവോ എന്നു ചോദിച്ചാൽ അതിൻെറ അർത്ഥം എന്താണ്. ഞാൻ അതിനു മറുപടി അയയ്ക്കുവാനും പോയില്ല. ഇങ്ങനെ ഈ സംസ്ഥാനത്തിൻെറ ഒരററം മുതൽ മറെറ അററം വരെ അത്യാവശ്യമോ, അനാവശ്യമോ എന്നു നോക്കാതെ ചിലരെ പ്രത്യേകം തൃപ്തിപ്പെടുത്തുവാൻ വേണ്ടി മാത്രം ചിലതൊക്കെ കാട്ടിക്കൂട്ടുകമാത്രമാണ് ഇന്നത്തെ ഗവമ്മെൻറു ചെയ്യുന്നതു്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ നാട്ടിലെ കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി ചില എഞ്ചിനീയറിംഗ് വേലകളെല്ലാം നടത്തുന്നുണ്ടെന്നു നാം അറിയുന്നു. ആ വേലകളെല്ലാം ഉടനെ അവസാനിപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ആവശ്യമെന്നു തോന്നുന്ന ജോലികൾ മാത്രം തല്ക്കാലം ചെയ്യുക. നാട്ടിലെ കൃഷിക്കാർക്കു ഉപദ്രവം ഉണ്ടാകാത്ത ജോലികൾ ചെയ്യുക. ഗവമ്മെൻറു അത്രമാത്രം ചെയ്താൽ മതി.

Sri. A. Ramasubramonia Karayalar: Sir, I would like to draw the attention of the Food Minister as regards the Kulathupuzha River Valley Scheme. That is a very beneficial scheme. Both the Ministers Mr. Ikkanda Warrier and Mr. John Philipose visited the place and were convinced about the practicability and usefulness of that scheme. As a consequence they promised that investigation will be undertaken very shortly in respect of that. I find nothing has been done so far in the line. Now the Ministers have gone out of the Cabinet and much water has flown under the bridge. I urge the Food Minister to take up this work at least now and as a preliminary measure to investigate it. Because this scheme is a beneficial one, it can be developed as a multi-purpose scheme. The multi-purpose scheme is very very popular now-a-days in the Central Government and many other States. They are now earnest about this matter. The Kulathupuzha Valley Scheme can be surely developed as a multi-purpose scheme which will stand for the conomic development of the country as a whole. I hope the Hon'ble Minister will seriously consider this and carry on necessary investigation with the utmost attention possible.

ശ്രീ. അമ്പാട്ട ഈച്ചരമേനോൻ: സർ, ഭക്ഷ്യവർദ്ധനവിനുവേണ്ടി ഗവമ്മെൻറു അനവധി പണം ചെലവാക്കുന്നുണ്ടല്ലോ. ഇറിഗേഷൻ വേലകൾക്കു വേണ്ടിയും ധാരാളം പണം ചെലവുചെയ്യുന്നുണ്ടു്. എന്നാൽ ഇങ്ങനെ ചെലവാക്കുന്ന പക്ഷം കൂടുതൽ പ്രയോജനപ്പെടത്തക്ക നിലയിൽ തക്കസമയത്തു വേണ്ടതു വേണ്ട രൂപത്തിൽ ചെലവാക്കുന്നുണ്ടോയെന്നു സംശയമാണ്. ചിററൂരെ കാര്യം പറഞ്ഞാൽ ഏററവും കുറച്ചു പണം ചെലവാക്കിയാൽ കൂടുതൽ പ്രയോജനകരമായ ഇറിഗേഷൻ ജോലികൾ അവിടെ ചെയ്യാൻ കഴിയും: ഒരു പദ്ധതി

അനുസരിച്ചോ, അല്ലെങ്കിൽ ശരിയായ മേൽനോട്ടത്തോടും നിയന്ത്രണത്തോടും കൂടിയോ അല്ല അവിടെ ഇറിഗേഷൻ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന് ഉദ്യോഗസ്ഥന്മാരെമാത്രം കുററപ്പെടുത്തിയതുകൊണ്ടും പ്രയോജനമില്ല. ഉദ്യോഗസ്ഥന്മാരെക്കൊണ്ടുമാത്രം ഇവിടെകൃഷി ചെയ്യാൻ പ്രയാസമാണ്. കൃഷി ചെയ്യുന്ന ജനങ്ങൾക്കു വേണ്ടപ്രേരണയും പ്രചോദനവും കൂടി നൽകേണ്ടതാണ്. നാലു കൊല്ലത്തിനു മുമ്പ് ചിററൂരിൽ ലക്ഷത്തിൽ ചില്വാനം രൂപാ ചെലവാക്കി ഒരു കുളംവെട്ടി. അപ്പോൾതന്നെ ഞാൻ ചീഫ്ഇൻജനീയരോടു പറഞ്ഞു: ഈ കുളം വെട്ടുന്നതുകൊണ്ടു അവിടത്തെ ജനങ്ങൾക്കു വളരെ ഉപദ്രവം ഉണ്ടാകുമെന്ന്. ഈ കുളത്തിനു ചുററാകെ പത്തഞ്ഞൂറു ഏക്കർ ഭൂമി കിടപ്പുണ്ട്. ഈ സ്ഥലങ്ങളെല്ലാം നാശപ്പെടുമെന്ന് ഞാനും മററുള്ളവരും അധികൃതന്മാരെ അറിയിച്ചു. ചീഫ്ഇഞ്ചനീയരും, എക്സിക്യൂട്ടീവ് ഇഞ്ചനീയറന്മാരും, ഡെപ്യൂട്ടീ കളക്ടറന്മാരും എല്ലാവരും സ്ഥലത്തുവന്നു പരിശോധിച്ചു. അവിടെ പ്രത്യേകം എസ്റ്റാബ്ലീഷ്മെൻറിനെ വെച്ചു ശരിയായ മേൽനോട്ടത്തോടുകൂടി അതിൻെറ പണി നടത്തിയിരുന്നെങ്കിൽ കാര്യദോഷമില്ലാതെ വന്നേനേ. എന്നാൽ തൽക്കാലം അത്യന്തസാദ്ധ്യമാണെന്നാണ് ചീഫ്ഇഞ്ചനീയർ പറഞ്ഞത്. ൨൫,൦൦൦ രൂപാ അവിടെ എസ്റ്റാബ്ലീഷ്മെൻറിനെ വെച്ച് ജോലി ചെയ്യിക്കാതെ ഇരുന്നതുകൊണ്ട് നഷ്ടം വന്നു. ആ കുളം അടുത്തു കിടക്കുന്ന അണയുമായിക്കൂട്ടിയോജിപ്പിച്ചു വെട്ടിയിരുന്നെങ്കിൽ വളരെ പ്രയോജനപ്പെട്ടേനേ. ചിററൂരിൽ കുളങ്ങൾ ഇനിയും ആവശ്യമുണ്ട്. ആവശ്യമുള്ളിടത്തോളം കുളങ്ങളും, തോടുകളും വെട്ടി കൊടുക്കുമെങ്കിൽ ചിററൂരിൽ നിന്നുമാത്രം ധാരാളം നെല്ലു കിട്ടുവാനുള്ള സാദ്ധ്യത ഗവൺമെൻറിനുണ്ട്. ഗവൺമെൻറിൻെറ ശ്രദ്ധ അവിടെ പതിഞ്ഞാൽ മാത്രം മതി.

ശ്രീ. ഇട്ടീരാ അയ്യൂക്കൻ: സർ, കൃഷി വികസന കാര്യങ്ങളെ സംബന്ധിച്ചു പറയുമ്പോഴെല്ലാം അതു ഒരു ഡിസ്ട്രക്റ്റീവ് ക്രിട്ടിസിസം (destructive criticism) ആണെന്നു പറഞ്ഞു ഗവൺമെൻറിൽനിന്നും തള്ളാറുണ്ട്. എന്നാൽ ഇന്നു ഗവൺമെൻറു നടത്തിക്കൊണ്ടുപോരുന്ന ഇറിഗേഷനെ സംബന്ധിച്ചു കൺസ്ട്രക്റ്റീവ് ആയിട്ടു ചില നിർദ്ദേശങ്ങൾ ചെയ്യണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

സർ, ചാലക്കുടി മുതലായ സ്ഥലങ്ങളിൽ അനേകം പമ്പുകൾ വെച്ച് ലിഫ്റ്റുഇറിഗേഷൻ നടത്തി ഒരുപ്പൂകൃഷിയെ ഇരുപ്പൂകൃഷിയാക്കുന്നതിനും ഇരുപ്പുവെ മൂന്നാമത്തു വിളവെടുക്കുന്നതിനും കൂടി ശ്രമിക്കുന്നുണ്ടല്ലോ. എന്നാൽ ലിഫ്റ്റുഇറിഗേഷൻകൊണ്ടു ഗുണത്തെക്കാൾ കൂടുതൽ ദോഷമാണുണ്ടാകുന്നതെന്നു ഗവൺമെൻററിയുന്നില്ല. പുഞ്ചകൃഷിയെന്ന നല്ല വിളവുള്ള ഒരുതരം കൃഷി നമ്മുടെ നാട്ടിലുണ്ട്. അത് മിക്കവാറും പുഴകളും കടൽവെള്ളവുമായി സമ്മേളിക്കുന്ന പ്രദേശങ്ങളിലാണുള്ളത്. ലിഫ്റ്റുഇറിഗേഷൻ നടത്തുന്നതിനാൽ പുഴകളിലെ നല്ല വെള്ളമെല്ലാം എടുക്കുന്നതുകൊണ്ടു ഉപ്പുവെള്ളം മേലോട്ടുകയറി പുഞ്ചകൃഷിക്കു നാശം വരുത്തുന്നു. ഇതിനു എത്ര ഉദാഹരണം വേണമെങ്കിലും പറയാവുന്നതാണ്. കഴിഞ്ഞ കൊല്ലം ഇരുത്തിപ്പുഴ എന്നു പറയുന്ന സ്ഥലത്ത് ഇങ്ങനെ ൭൦,൦൦൦ ഏക്കർ സ്ഥലം പാടെ നശിച്ചുപോയി. നാശം സംഭവിക്കാൻ തുടങ്ങുമ്പോളെല്ലാം ഞങ്ങൾ അധികാരപ്പെട്ടവരെ അതു അറിയിക്കാറുണ്ട്. അപ്പോഴെല്ലാം ഉടനടി വേണ്ട നടപടികൾ എടുക്കുന്നതാണെന്നു മറുപടിയും കിട്ടാറുണ്ട്. പക്ഷെ ഇവിടെ പ്രൊഡക്ഷൻ ബോർഡിൻെറ കീഴിൽ ഇതിലേയ്ക്കു പ്രത്യേകം സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ഇങ്ങനെയുള്ള നടപടികൾ എടുക്കുന്നതിനു ഗവൺമെൻറിനുതന്നെ നിവർത്തിയില്ലാതെ പോകുന്നു. ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറ, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ ഇങ്ങനെ പല ഡിപ്പാ

[Sri Ittiera Ambookan]

ട്ടുമെണ്ടുകാരും വന്നല്ലാതെ അവിടെ യാതൊന്നും ചെയ്യാൻ സാധ്യമല്ല. ഒരുപത്ത ടി പൈപ്പ് ഇല്ലാത്തതുകൊണ്ട് നാല്പതിനായിരം പറ നിലം ഗവമ്മെണ്ടു നാശ പ്പെട്ടുത്തിയതായി എനിക്കറിയാം. ഉടനെ സഹായിക്കാമെന്നു പറഞ്ഞു പമ്പു ലൈൻ ഒക്കെ സംഘത്തു എത്തിച്ചു. പക്ഷെ പത്തടി പൈപ്പ് ഇല്ലാത്തതുകൊണ്ട് വെള്ളം കളയാൻ സാധിച്ചില്ല. അതു വാങ്ങിക്കുവാൻ അധികാരമുള്ളവർ അ പ്പോൾ ആരുമുണ്ടായിരുന്നില്ല. അങ്ങനെ ആ കൃഷി മുഴുവൻ നശിച്ചുപോയി. ഗവമ്മെൻറുതന്നെ വിചാരിച്ചാലും സാധിക്കാത്ത ഒരവസ്ഥയാണ് ഇന്നു നമ്മു ടെ ഭക്ഷ്യോല്പാദനബോർഡിൻെറ കീഴിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്.

ലിഫ്റ്റ് ഇറിഗേഷൻ കൊണ്ടു വേറൊരു ദോഷം കൂടി ഉണ്ടാകുന്നുണ്ട്. ഇരുപ്പുനിലങ്ങളിൽനിന്നു മൂന്നാമത്തെ വിളവു കൂടി ഉണ്ടാകുമ്പോൾ അങ്ങനെ ഉള്ള നിലങ്ങൾക്ക് വളരെ ആവശ്യമായിട്ടുള്ളതു് പച്ചിലവളമാണ്. നമ്മുടെ നാട്ടിൽ പച്ചിലവളമില്ല. വളരെ ദുർല്ലഭമായിട്ടേ ഉള്ളു. ആ നിലയ്ക്കു മൂന്നാ മതു കൃഷി ചെയ്യുമ്പോൾ ഈ മൂന്നു പൂവിൽ നിന്നും കിട്ടുന്ന നെല്ലു രണ്ടു പൂവിൽ നിന്നും കിട്ടുന്ന നെല്ലിനോടു സമമായിരിക്കുകയേ ഉള്ളു. കർഷകർ ആവേശം കൊണ്ടു മൂന്നും, നാലും പൂവു കൃഷി നടത്താൻ ശ്രമിച്ചുവെന്നു വരാം. ശരിയാ യി സായിൽ അനാലൈസ് ചെയ്യു വേണ്ടപോലെയുള്ള വിദഗ്ദ്ധോപദേശം ന ൽകാൻ നമ്മുടെ സംസ്ഥാനത്തു ആരുമില്ല. അങ്ങനെ യാതൊരു ഉപദേശവും കൂടാതെയാണ് ഇപ്പോൾ കൃഷി നടത്തുന്നതു്. ഭക്ഷ്യോല്പാദനബോർഡിൻെറ ഇ ന്നത്തെ ചെയർമാൻ അതിനു പ്രാപ്തനല്ലെങ്കിൽ വേറെ ആരെ എങ്കിലും പു റത്തുനിന്നു കൊണ്ടുവരണം. ഈ സംഗതി ഞാൻ കഴിഞ്ഞ തവണയും ഇവിടെ പറയുകയുണ്ടായി. ഈ ഗവമ്മെൻറു ചില കാര്യങ്ങളെല്ലാം നടത്തിയാൽ കൊ ള്ളാമെന്നു ചിലപ്പോൾ ആഗ്രഹിക്കുന്നതായി കാണാറുണ്ട്. ആ ആഗ്രഹം ഗ വമ്മെൻറു മുൻപോട്ടു കൊണ്ടുപോകണമെന്നു വിചാരിക്കുന്നു എങ്കിൽ എവിടെ നിന്നെങ്കിലും ഇതിനു പററിയ ഒരു വിദഗ്ദ്ധനെ വരുത്തി കാലാകാലങ്ങളി ൽ മണ്ണിനെ സംബന്ധിച്ചും കൃഷിയെ സംബന്ധിച്ചും ഉള്ള ഉപദേശങ്ങൾ കൃഷി ക്കാർക്കു നൽകേണ്ടതാണ്.

സർ, വടക്കാഞ്ചേരി, ചാലക്കുടി ഈ സ്കീമുകൾ വളരെ നല്ലതാണെന്നു് പൊതുജനങ്ങളുടെ ഇടയിൽ അഭിപ്രായമുണ്ട്. എങ്കിലും ചാലക്കുടി സ്കീമിൽ ഒരു ദൂഷ്യം ഇല്ലാതില്ല. ഇറിഗേഷൻ സിസ്റ്റപ്രകാരം അധികമുള്ള വെള്ളം മുഴു വനും അവർ വെളിയിലേക്കു് ഇറക്കി വിടുന്നു. ഇങ്ങനെ ഇറക്കിവിടുന്ന വെ ള്ളംകൊണ്ട് എഞ്ചിനീയരുടെ അഭിപ്രായത്തിൽ കൃഷിക്കു് ദോഷമില്ലെന്നാണ് അറിയുന്നതു്. എങ്കിലും പുഴയുടെ അരികിലുള്ള നിലങ്ങൾക്കു് ഈ ഏപ്പാടു കൊണ്ടു് വളരെ ദൂഷ്യമാണ് സംഭവിക്കുന്നതു്. അങ്ങനെ കുറെ സ്ഥലത്തേക്കു് ഗുണവും കുറെ സ്ഥലത്തേക്കു് ദോഷവുമാണ് ഈ ചാലക്കുടി ഇറിഗേഷൻകൊ ണ്ടു് ഉണ്ടാകുന്നതു്. എന്നാൽ രാജ്യത്താകമാനം പൊതുവെ കൃഷിക്കു് ഗുണകര മായ സ്കീമാണ് ഉണ്ടാക്കേണ്ടതു്. ഒരു സ്കീം പ്രവത്തിച്ചുതുടങ്ങിയാൽ അതി ൻെറ ഫലം ദോഷമാണെങ്കിൽ എന്തുകൊണ്ടു് ആ ദോഷമുണ്ടായിയെന്നു് ഗവ മ്മെൻറിനോടു് ചോദിച്ചാൽ ഗവമ്മെൻറിനും ഉത്തരം പറയാൻ അറിഞ്ഞുകൂടാ. അതുകൊണ്ടു് നല്ല വിദഗ്ദ്ധന്മാരുടെ ഉപദേശം ഇത്തരം കാര്യങ്ങൾക്കു് അത്യന്താ പേക്ഷിതമാണ്. അതുപോലെതന്നെ വടക്കാഞ്ചേരി സ്കീമും ഗുണകരമാണെന്നു് നാട്ടുകാരും അവിടത്തെ ബഹുമാനപ്പെട്ട മെമ്പറും സമ്മതിക്കുന്നുണ്ട്. എന്നാൽ വലിയ ആപൽക്കരമായ ഒരു ദൂഷ്യം അതിനുണ്ട്. അതായതു് അതിൻെറ എർത്തേൺ ബണ്ടുകൾ സുരക്ഷിതമല്ലെങ്കിൽ കൃഷി നശിക്കുമെന്നു് മാത്രമല്ല സമീ

പഴയുള്ള അനവധി വീടുകളുംകൂടി മണ്ണിനടിയിലേക്ക് പോകുന്നതാണ്. ഈ ബണ്ട് വളരെ ബലത്തരമായ രീതിയിൽ കെട്ടിസൂക്ഷിച്ചില്ലെങ്കിൽ വെള്ളത്തിന്റെ തള്ളൽകൊണ്ടു് ചിലപ്പോൾ പൊട്ടിപ്പോകാൻ ഇടയുണ്ട്. അങ്ങനെ വരുന്നപക്ഷം പ്രതീക്ഷിച്ചിരുന്ന ഗുണത്തെക്കാൾ അധികം ദോഷമാണ് സംഭവിക്കുന്നതു്. മറ്റൊരു സംഗതി ഇറിഗേഷൻ ജോലിക്കാർ ഈ സ്ഥലങ്ങളിൽ ബണ്ടിന്റെ അററകുററപ്പണികൾ ചെയ്യുകയാണ്. 60 കൂലിക്കാരെ ജോലിക്കുനിർത്തിയിട്ടു് 200 കൂലിക്കാരുടെ പേരുകൾ കൂടുതൽ എഴുതി പണം വാങ്ങിക്കുകയാണ്. ഇങ്ങനെ ഈ സ്കീമിനെ സംബന്ധിച്ചിടത്തോളം ധാരാളം പണം ന്യായരഹിതമായി തട്ടിയെടുക്കുന്നുവെന്ന് എനിക്കറിയാം. ഈ പരിതഃസ്ഥിതി ഉണ്ടാക്കിയതു് ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ ചെയർമാനോ അതോ അവയോടു് അനുബന്ധിച്ച മററു വല്ലവരുമോയെന്ന് അറിഞ്ഞുകൂടാ. ഇത്തരത്തിലുള്ള സ്കീം നല്ലതുതന്നെയാണെന്നാണ് എന്റെയും അഭിപ്രായം. എന്നാൽ കൂടുതൽ ദോഷം സംഭവിക്കാതിരിക്കാൻ വിദഗ്ദ്ധോപദേശം അത്യന്താപേക്ഷിതമാണ്. ആ കാര്യം ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): സർ, ഇറിഗേഷൻ ജോലി ശരിയായി നടക്കുന്നില്ലെന്നും ഗവമ്മെണ്ടിനു് ഇറിഗേഷൻ സംബന്ധിച്ചു് നിശ്ചിതമായ യാതൊരു പദ്ധതിയും ഇല്ലെന്നും ഉള്ള വാദമുഖങ്ങളാണ് ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ചിട്ടുള്ളതു്. എന്നാൽ ഗവമ്മെൻറിനു് ഇതു സംബന്ധിച്ചു് നിശ്ചിതമായ ഒരു പദ്ധതിയുണ്ട്. ആ പദ്ധതി ഗവമ്മെണ്ടിന്റെ സകല കഴിവുകളും പ്രയോഗിച്ചു് വിജയപ്രദമാക്കാൻ പോകുകയാണെന്നു ധൈര്യമായി പറയാൻ കഴിയും. ഇവ സംബന്ധിച്ചു് ഹ്രസ്വകാലപദ്ധതിയെന്നും ദീർഘകാലപദ്ധതിയെന്നും രണ്ടു വിധത്തിലുള്ള പദ്ധതികളാണുള്ളതു്. വടക്കാഞ്ചേരി, വേമ്പനാട്ട മുതലായ സ്കീമുകൾ ദീർഘകാലപദ്ധതിയിൽ ഉൾപ്പെടുന്നു. ഹ്രസ്വകാലപദ്ധതി നടപ്പിൽ വരുത്തുന്നതിനു എത്രകാലം വേണ്ടിവരുമോ അതിനേക്കാൾ കൂടുതൽ കാലം ദീർഘകാലപദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമുണ്ട്. ചാലക്കുടി, പീച്ചി, വടക്കാഞ്ചേരി എന്നീ ദീർഘകാലപദ്ധതികൾ 1126-ന്റെ അവസാനത്തിലൊ 1127-ന്റെ പ്രാരംഭത്തിലൊ പൂർത്തിയാക്കണമെന്നാണ് ഗവമ്മെൻറ് വിചാരിക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സെൻട്രൽ തിരുവിതാംകൂറിലേയ്ക്കു് ആവശ്യമുള്ള വേമ്പനാട്ട്, പമ്പ ഈ സ്കീമിനെപ്പററി, അതിന്റെ പണിതീരുന്നതു് എന്നായിരിക്കുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന വേമ്പനാട്ട് സ്കീം ഒരു പഞ്ചവത്സരപദ്ധതി വ്യവസ്ഥയിൽ പ്രവത്തനം തുടങ്ങുന്നതിനുവേണ്ടി ബഡ്ജററിൽ തുക കൊള്ളിച്ചിരിക്കയാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പമ്പാസ്കീമിനെ സംബന്ധിച്ചോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവയെപ്പററി അന്വേഷണം നടക്കുന്നതേയുള്ളു. ഇതിനെ ഒരു സ്കീമിന്റെ നിലയിൽ ഇപ്പോൾ വിചാരിക്കുവാൻ നിവൃത്തിയില്ല. അന്വേഷണങ്ങൾ പൂത്തിയായതിനുശേഷം അവയുടെ പ്രവത്തനം നടപ്പിൽ വരുത്തുന്നതിനെപ്പററി ആലോചിക്കുന്നതായിരിക്കും. വളരെ പ്രാധാന്യം അർഹിക്കുന്ന ഏതാനും ഇറിഗേഷൻ പദ്ധതികൾ നടപ്പിൽ വരുത്തുന്നതോടുകൂടി ഇവിടത്തെ ഭക്ഷ്യോൽപ്പാദനത്തിൽ ഗണ്യമായ തോതിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. ഹ്രസ്വകാലപദ്ധതിയെപ്പററി പറയുകയാണെ

[Sri. T. K. Narayana Pillai]

ങ്കിൽ ലിഫ്റ്റ് ഇറിഗേഷൻ വകുപ്പും, കുളങ്ങൾ, തോടുകൾ, കലുങ്കുകൾ മുതലായവ നന്നാക്കുകയും പുത്തനായിട്ടു ഉണ്ടാക്കുകയും ചെയ്ക എന്നീ രണ്ടു വകുപ്പുകളാണുള്ളത്. എന്നാൽ ലിഫ്റ്റ് ഇറിഗേഷൻകൊണ്ടു് പറയത്തക്ക നേട്ടങ്ങളൊന്നുമുണ്ടായിട്ടില്ലെന്നു് എന്റെ ചില മാന്യസ്നേഹിതന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇറിഗേഷൻ സ്കീം അനുസരിച്ചു കൃഷിചെയ്യാൻ സാധ്യതയുള്ള ൩ ലക്ഷം ഏക്കർ സ്ഥലം ഉണ്ടെങ്കിലും അതിൽ ൧, ൦ ൦ ൦ ഏക്കർ സ്ഥലത്തുമാത്രമേ ഇപ്പോൾ കൃഷി നടക്കുന്നുള്ളു എന്നും ബാക്കി സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നില്ലെന്നുമാണു് വാദമുഖത്തിന്റെ സാരാംശം. എന്നാൽ അങ്ങനെയല്ല. ഇപ്പോൾ പതിനയ്യായിരം ഏക്കർ സ്ഥലം നല്ലതുപോലെ കൃഷിചെയ്തു കൂടുതൽ നെല്ലു് വിളയിക്കുന്നുണ്ടു്. കുന്നത്തുനാടു്, പറവൂർ, തിരുവല്ലാ, എന്നീ താലൂക്കുകളിൽ ഇറിഗേഷൻപ്രവർത്തനംകൊണ്ടു് പ്രതീക്ഷിച്ചതിൽ കൂടുതൽ വിളവെടുക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇട്ടു: ഈ നിലത്തിൽ കൃഷിചെയ്യുമ്പോൾ ഉപ്പുവെള്ളത്തിന്റെ ശല്യം ഉണ്ടാകുന്നുവെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം. അങ്ങനെ ഉപ്പുവെള്ളത്തിന്റെ ഉപദ്രവം ഉണ്ടാകുന്നുവെങ്കിൽതന്നെ അവയെ പരിഹരിക്കുന്നതിനായി ഈ വകുപ്പിലേയ്ക്കു് ചുമതലപ്പെട്ട എൻജിനീയരെ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടു്. രണ്ടാമതായുള്ള ആരോപണം കുളവും തോടും മററും ഉണ്ടാക്കുന്ന വിഷയത്തിൽ ഗവമെന്റ് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ലെന്നാണു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ൧൯൫൦-൫൧ ഈ വർഷത്തിൽ ൩ ലക്ഷം രൂപാ ഈ വകയ്ക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ടു്. അതിൽ ഏകദേശം രണ്ടു ലക്ഷം രൂപാ വിനിയോഗിച്ചിട്ടുള്ളതു് നെയ്യാററിൻകര താലൂക്കിലേയ്ക്കാണു്. എന്നാൽ ഈ വകയ്ക്കുവേണ്ടി കൂടുതൽ പണം ചെലവാക്കാമായിരുന്നുവെന്നു് ഞാനും സമ്മതിക്കാം. മാത്രമല്ല ചെയ്തുതീർന്നിട്ടുള്ള ജോലികൾ അപൂർണ്ണമാണെങ്കിൽ അതും ഞാൻ സമ്മതിക്കുന്നു. എങ്കിലും ഗവമെന്റിന്റെ ശ്രദ്ധ ഈ വിഷയത്തിൽ പതിപ്പിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നുവെങ്കിൽ അതു കൂടുതൽ നന്നായിരിക്കുമായിരുന്നു. അതുപോലെതന്നെ ശ്രീ. നടരാജപിള്ള പെരിഞ്ചാണി സ്കീമിനെപററി പറയുകയുണ്ടായതു് അവിടെ പറയത്തക്ക പുരോഗമനം ഒന്നും ഉണ്ടാകുന്നില്ലെന്നും ഈ സ്കീംകൊണ്ടു് പ്രയോജനമുണ്ടാകുമോയെന്നു സംശയമാണെന്നുമാണു്. അതോടുകൂടി നിർഭാഗ്യവശാൽ അദ്ദേഹത്തിനു് ആ സ്ഥലം ഒന്നു സന്ദർശിക്കാനുംകൂടി സാധിച്ചിട്ടില്ലെന്നും പറയുന്നു. എനിക്കു പറയുവാനുള്ളതു് അദ്ദേഹം ആ സ്ഥലം സന്ദർശിച്ചിട്ടില്ലെങ്കിലും പെരിഞ്ചാണി സ്കീം പുരോഗമനപരമായിട്ടുള്ള ഒന്നാണെന്നാണു്. അതിനു് ഒരു നല്ല വിദഗ്ദ്ധാഭിപ്രായം വേണമെന്നാണെങ്കിൽ അതിലേയ്ക്കു് ഒരു മി. കെ. എൽ. റാവുവിനെ (ബഹുമാനപ്പെട്ട അംഗങ്ങൾ കേട്ടിരിക്കാമായിരിക്കാം) വരുത്തുകയും അദ്ദേഹം ൧൯൫൦ മേയ്മാസത്തിൽ ഈ സ്ഥലം പരിശോധിക്കുകയും അതിന്മേൽ ഒരഭിപ്രായം ഗവമെണ്ടിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. ആ അഭിപ്രായം ഞാനിവിടെ വായിക്കാം.

"Commendable and rapid progress has been made on this dam. Perhaps no other dam construction in India can boast today of having built up to its final levels within the last one year. Great credit is due to the Chief Engineer, Travancore-Cochin and his able Assistants. The workspot is humming with activity. I am firmly of opinion that the dam work can be proceeded with without any hesitation and without losing the present season."

ഇതുസംബന്ധിച്ചു് ഇതിനപ്പുറമേ ചില വിവരങ്ങൾകൂടി നൽകണമെന്നു് ഞാൻ വിചാരിക്കുന്നു. ഇവിടെ പറയുകയുണ്ടായി ഈ ജോലി നിർവ്വഹിക്കുന്നതിലേക്കു് ആവശ്യമുള്ള ഷട്ടേഴ്സ് വരുത്തിയിട്ടില്ലെന്നും അതു വരുത്തുന്നതിനുള്ള ആർഡർപോലും ഗവമ്മെൻറിൽനിന്നു് അയച്ചിട്ടില്ലെന്നുമാണു്. ആ ധാരണ അടിസ്ഥാനരഹിതമാണു്. സ്ലൂയിസ്, ഷട്ടേഴ്സ് വരുത്തുന്നതിനായി ആർഡർ കൊടുത്തിട്ടുള്ളതും ഈ ജൂലായിമാസത്തിൽ അവ ഇവിടെ കിട്ടുമെന്നുമാണു് പ്രതീക്ഷിക്കപ്പെടുന്നതു്. അതു് വന്നാലുടനെ മൂന്നുമാസംകൊണ്ടു് ഈ സ്കീമിൻെറ പണി പൂർത്തിയാക്കാമെന്നാണു് ഗവമ്മെൻറിനു് കിട്ടിയ വിദഗ്ദ്ധോപദേശം. അതുകൊണ്ടു് പെരിഞ്ചാണി അണയുടെ സ്കീമിനെ സംബന്ധിച്ചു് ഗവമ്മെൻറ് വേണ്ടതുപോലെ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു് ഞാൻ ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

Sri. P. S. Nataraja Pillai: May I know whether it will be completed within 1951-52?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായിട്ടും പണി മുഴുവനും തീർന്നേക്കും. അതുപോലെതന്നെ തിക്കണംകോട്ടു് ചാനൽ, തോവാള ചാനൽ, തൃപ്പരപ്പു് ചാനൽ മുതലായവയുടെ ജോലികൾക്കുവേണ്ടി ഒരു വലിയ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. തിക്കണംകോട്ടു് ചാനലിനു് ഏകദേശം ൨൫ ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടു്. തോവാള ചാനലിനു് സ്പെഷ്യലായിട്ടു് ഒരു എഞ്ചിനീയരെക്കൂടി നിയമിച്ചിട്ടുണ്ടു്. അതുപോലെതന്നെ തൃപ്പരപ്പിനെ സംബന്ധിച്ചും ഒരു വലിയ തുക അനുവദിച്ചിട്ടുണ്ടു്. എന്നാൽ അതിൻെറ പണി ആരംഭിച്ചിട്ടില്ലെന്നും ഉണ്ടെങ്കിൽതന്നെ അതു പുരോഗമനപരമല്ലെന്നും മററും ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. ഇതിനു് ൩ ലക്ഷത്തിൽ ചില്വാനം രൂപ അനുവദിച്ചിരിക്കുകയാണു്. ആ ചാനലിൻെറ വലതുകരയ്ക്കു് പത്തുമൈൽ നീളവും ഇടതുകരയ്ക്കു് ൧൨ മൈൽ നീളവും ഉണ്ടു്. ഒരു നിശ്ചിതകാലത്തിനുള്ളിൽ ഈ രണ്ടുകരകളുടേയും ജോലി പൂർത്തിയാക്കണമെന്നാണു് ഗവമ്മെണ്ടു് വിചാരിക്കുന്നതു്.

Sri. P. S. Nataraja Pillai: Is there a provision for that in the Budget?

Sri. T. K. Narayana Pillai: Which?

Sri. P. S. Nataraja Pillai: Thriparappu Channel.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പെരിഞ്ചാണി സ്കീമിൽതന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണു്. കുന്നംകുളം പൊന്നോളി കനാലിനെപ്പററി എൻെറ ഒരു സ്നേഹിതൻ പറയുകയുണ്ടായി. ഗവമ്മെണ്ടു് അതിനെപ്പററി അന്വേഷിച്ചിട്ടുണ്ടു്. മദ്രാസ് ഗവമ്മെണ്ടിൻെറ അനുവാദംകൂടാതെ ആ കനാൽ തുറക്കുന്നതിനു് സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള: തലപ്പിള്ളി താലൂക്കിലെ നിലങ്ങൾ ഉണങ്ങിപ്പോകുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലേക്കു് ഒരു കമ്പിസന്ദേശം കിട്ടിയിരുന്നു. മദ്രാസ് ഗവമ്മെണ്ടിൻെറ അനുവാദം കൂടാതെ വെള്ളം കൊടുക്കുന്നതിനു് ഈ ഗവമ്മെണ്ടിനു് നിവൃത്തിയില്ല. മദ്രാസ് ഗവമ്മെൻറിനെ അറിയിച്ചിട്ടു് അവർ സമ്മതിച്ചിട്ടില്ല. അതുകൊണ്ടു് ഗവമ്മെൻറിനു് ഒന്നും പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. മദ്രാസ് ഗവമ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയാണു്. അതിനു് ആവശ്യമായ ചിലവിൽ ഒരു ഭാഗം വഹിക്കാൻ മദ്രാസ് ഗവമ്മെൻറിനു് സമ്മതമില്ല. മദ്രാസ് ഗവമ്മെൻറിൻെറ വിസമ്മതംകൊണ്ടാണു് ആ പദ്ധതി നടപ്പിൽ വരുത്താൻ സാധിക്കാതിരിക്കുന്നതു്. ഇപ്പോഴും അതിനെപ്പററി എഴുത്തുകുത്തു നടക്കുന്നുണ്ടു്.

[Sri. T. K. Narayana Pillai]

ശ്രീ. നടരാജപിള്ള ബഡ്ജററിനെപ്പററി പറഞ്ഞ കാര്യങ്ങൾക്ക് ധനകാര്യ മന്ത്രി മറുപടി പറയുന്നതാണ്.

ചേർത്തല തോടിനെ സംബന്ധിച്ച് വളരെ ആവേശത്തോടുകൂടി ശ്രീ. കൃഷ്ണൻ അയ്യപ്പൻ പ്രസംഗിക്കുകയുണ്ടായി. അതിന്റെ കാര്യം ഇതിനുമുമ്പൊരവസരത്തിൽ ബഹു. ചീഫ്മിനിസ്റ്റർ പറഞ്ഞിട്ടുള്ളതാണ്. ഒരു തവണകൂടി ഒരു വാഗ്ദാനം നൽകണമെന്നു ഞാനാഗ്രഹിക്കുന്നു. ആ തോടിന്റെ പണി ഫൻ ൧ ൧ – ൧ ൨ അവസാനിക്കുന്നതിനുമുമ്പുതന്നെ പൂർത്തിയാക്കുന്നതാണ്. കഴിഞ്ഞ മൂന്നുനാലു ദിവസത്തിനു മുമ്പുതന്നെ അതിനുവേണ്ട നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. ഡ്രെഡ്ജർ ഉടൻതന്നെ ചേർത്തല എത്തി പ്രവർത്തനം ആരംഭിക്കണമെന്നു ചീഫ് എൻജിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ചേർത്തല താലൂക്കിലെ കരിനിലങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. കരിനിലം തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ട്. കാർത്തികപ്പള്ളിത്താലൂക്കിൽ പല്ലന കരിനിലമുണ്ട്, വൈക്കത്തുണ്ട്, തൃപ്പൂണിത്തുറയുമുണ്ട്. ഇതു സംബന്ധിച്ച് ഗവമ്മെൻറിനു ഒരു നിശ്ചിത പദ്ധതിയുണ്ട്. ഈ നിലങ്ങളിൽ കൂടുതൽ നെല്ലുൽപ്പാദിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു പദ്ധതി ഗവമ്മെൻറ് ഇതിനകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിലേക്ക് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. കാർത്തികപ്പള്ളിത്താലൂക്കിൽ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെയുള്ള പരീക്ഷണങ്ങളിൽ നിന്നും ആ പദ്ധതി സ്വീകാര്യമായിരിക്കുമെന്നും അതു നടപ്പിൽ വരുത്തുന്നപക്ഷം കൂടുതൽ ആദായകരമായിരിക്കുമെന്നും ഗവമ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കററപ്പുഴ തോടിനേയും, കാട്ടോടു പാലത്തിനേയും പററിയുള്ള പരാതിക്ക് ഒരു അറുതിവരുത്തണമെന്നാണ് ഗവമ്മെൻറ് നിശ്ചയിച്ചിട്ടുള്ളതു. രണ്ടുകൊല്ലത്തിനകം ഈ രണ്ടു പണികളും പൂർത്തിയാക്കാൻ കഴിയുമെന്നാണ് ചീഫ് എൻജിനീയർ അറിയിക്കുന്നതു. ഈ സംഗതിയിൽ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നാണ് ഗവമ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. ഈച്ചരമേനോൻ അമ്പാലത്തറ ഏരിയെപ്പററി പറയുകയുണ്ടായി. അവിടെ ഒരു ടാങ്കു കെട്ടിയിട്ട് കുറെക്കാലമായി. എന്നാൽ ആ ടാങ്കിൽ വെള്ളം നിറുത്തുന്നതിനു ഇതുവരെ സാധിച്ചിട്ടില്ല. അതിലേക്ക് ആവശ്യമായ തോട് ഇപ്പോൾ പണിതുകൊണ്ടിരിക്കുകയാണ്. അതിലേക്ക് രണ്ടരലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ആ രൂപ ചിലവാക്കി ഇപ്പോൾ കെട്ടിയിട്ടുള്ള കുളത്തിൽ വെള്ളം നിറച്ച് ഉപയോഗിച്ചാൽ ആ പ്രദേശങ്ങളിലുള്ള നിലങ്ങളിൽ കൂടുതൽ പ്രയോജനകരമായ രീതിയിൽ കൃഷി ചെയ്യുന്നതിനു സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. സി. വി. ഇട്ടു: കൊഴിഞ്ഞാമ്പാറ അണക്കെട്ടിന്റെ കാര്യംകൂടി അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൈവററ് അണക്കെട്ടാണ് അവിടെയുള്ളതു. അതിൽ നാലെണ്ണമാണു ഗവമ്മെൻറ് ഏറെറടുത്തിട്ടുള്ളതു. അതു ശരിയായി പരിപാലിക്കുന്നില്ലെന്നും ഗൗണ്ടന്മാർക്ക് ഒന്നും കൊടുക്കുന്നില്ലെന്നും ഒരു വാദമുഖമുള്ളതായി ഗവമ്മെൻറിനു അറിയാം. അതിലേക്ക് ചില കൂടിയാലോചനകൾ നടത്തി. ഗൗണ്ടന്മാരേയും അവരുടെ പ്രതിനിധികളേയും ക്ഷണിച്ചിരുന്നു. എത്ര തരത്തിൽ പ്രതിഫലം കൊടുക്കണം, അതിന്റെ അടിസ്ഥാനമെന്തായിരിക്കണം, തിരിച്ച് അവർക്കുതന്നെ അണ വിട്ടുകൊടുക്കുകയാണോ

നല്ലതു് എന്നെല്ലാമുള്ള കാര്യങ്ങളെപ്പററി കൂടിയാലോചനകൾ നടന്നുകൊണ്ടിരിക്കയാണു്.

ശ്രീ. സി. വി. ഇയ്യു: ഒരു പഞ്ചവത്സര പദ്ധതിയനുസരിച്ചു് എല്ലാ അണക്കെട്ടുകളും ഗവണ്മെൻറിനു് ഏറ്റെടുത്തുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. വലിയ താമസംകൂടാതെ തീരുമാനമുണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നതു്. ഇറിഗേഷൻ സംബന്ധിച്ചു് പൊതുവേ എനിക്കു പറയാനുള്ളതു്........

ശ്രീ. എൻ. വി. ചാക്കോ: ഭൂതത്താൻകെട്ടു് അണയുടെ കാര്യം എന്തായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചു് ഒരു പ്രിലിമിനറി റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്. ശ്രീ. വൈദ്യനാഥയ്യരാണു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്. അതനുസരിച്ചു് ഏകദേശം നാലു കോടി രൂപാ അതിലേക്കു് ചിലവാകും. അദ്ദേഹത്തിന്റെ കണക്കു ശരിയാണെങ്കിൽ ഏകദേശം ഒരുലക്ഷം ഏക്കർ സ്ഥലം കൃഷിഭൂമിയാക്കാൻ കഴിയുമെന്നാണു അറിയുന്നതു്.

ശ്രീ. തച്ചു കുഞ്ഞിത്തൊമ്മൻ: അദ്ദേഹം കൃഷിസംബന്ധമായ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ആളാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹം ഇറിഗേഷൻ എഞ്ചിനീയറാണു്. അദ്ദേഹത്തിനു് ഈവക സംഗതികളിൽ അഭിപ്രായം പറയുന്നതിനു് അർഹതയുണ്ടെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം. അതു സംബന്ധിച്ചു രണ്ടു വശമുണ്ടെന്നും ശ്രീ. ചാക്കോയും, ശ്രീ. കുഞ്ഞിത്തൊമ്മനും ഓരോ വശത്തുമുണ്ടെന്നും അറിയാം.

ശ്രീ. എൻ. വി. ചാക്കോ: ഞാനല്ല ഒരുവശത്തു്, മി. പി. കെ. കുര്യാക്കോസാണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ റിപ്പോർട്ടു് സ്വീകരിച്ചിട്ടില്ല. വിദഗ്ദ്ധാഭിപ്രായമറിയാതെ ആ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പോൾ തളിയത്തു്: പറവൂർ താലൂക്കിൽ വല്ലതും ചെയ്യാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകിച്ചു് അതിനെപ്പററി ആലോചിക്കാം.

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ബഡ്ജററ് ന ൫-ാം വശത്തുള്ള രണ്ടു സംഖ്യകൾ ബഡ്ജററിൽ ഉൾപ്പെടുത്താതെ വിട്ടിരിക്കുന്നുവെന്നു് ശ്രീ. നടരാജപിള്ളയും, ശ്രീ. താണുപിള്ളയും പ്രസ്താവിക്കുകയുണ്ടായി. അതായതു് "Amount recoverable from Government of India on account of Grow More Food Works is Rs. 48,27,000 and the amount debitable to Post-War Reconstruction Fund is Rs. 15,97,500".

അതു ചേർത്തില്ലെന്നുള്ളതു് ശരിയാണു്. കൺസാളിഡേറഡ് ഫണ്ടിൽ നിന്നും എടുക്കുന്നതായ തുകകൾക്കു് ഒരു ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറമെൻറ് ഈ സഭമുമ്പാകെ വയ്ക്കണമെന്നു് ആർട്ടിക്കിൾ ൨൦൨-ൽ പ്രസ്താവിച്ചിട്ടുണ്ടു്. ഗ്രോമോർ ഫുഡ് വർക്കിനു് കിട്ടുന്ന കാണ്ട്റിബ്യൂഷൻ കൺസാളിഡേറഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതല്ല. അതു് ഡെഡ്ഫെഡ് പേജ് ൫൨-ൽ പ്രത്യേകം

[Sri. A. J. John]

പറഞ്ഞിട്ടുണ്ടു്. That is, "Deposit Account of the Grants made by the Government of India for Grow More Food Scheme".

ആർട്ടിക്കിൾ ൨൦൨-ൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.--

"The Governor shall in respect of every financial year cause to be laid before the House or Houses of the Legislature of the State a statement of the estimated receipts and expenditure of the State for that year, in this Part referred to as the "annual financial statement".

(2) The estimates of the expenditure embodies in the annual financial statement shall show separately—

(*a*) the sums required to meet expenditure discribed by this Constitution as expenditure charged upon the Consolidated Fund of the State; and

(*b*) the sums required to meet other expenditure proposed to be made from the Consolidated Fund of the State;

and shall distinguish expenditure on revenue account from other expenditure".

൨൬൬-ൽ ആണു് കൺസാളിഡേററഡ് ഫണ്ടിനെപ്പററി പറഞ്ഞിരിക്കുന്നതു്. അതു് ഇങ്ങനെയാണു്.

"......all revenues received by the Goverement of a State, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loans shall form one consolidated fund to be entitled "the Consolidated Fund of the State."

ഈ കാരണങ്ങൾകൊണ്ടു് ഇതു് കൺസാളിഡേററഡു് ഫണ്ടിൽ ഉൾപ്പെടുന്നതല്ല. ഇൻഡ്യാഗവമെൻറിൽനിന്നും കിട്ടുന്ന കാണ്ട്റിബ്യൂഷൻ കൺസാളിഡേററഡു് ഫണ്ടിൽ ഉൾപ്പെടുന്നതല്ല. തന്നെയുമല്ല പല സ്കീമുകളും ഇൻഡ്യാഗവമെൻറിനു് എഴുതിഅയച്ചിട്ടുമുണ്ടു്. കുറെയെല്ലാം സാംഗ്ഷൻ ചെയ്യുകയും അതിനു് പണം അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. കൺസാളിഡേററഡ് ഫണ്ടിൽ ഈ തുകകളെല്ലാം ചേർക്കേണ്ടതാണോ അല്ലയോ എന്നുള്ളതിനെപ്പററി ഇൻഡ്യാഗവമെൻറു് തീരുമാനിച്ചിട്ടില്ല. ആഡിററർ ജനറലുമായി എഴുത്തുകുത്തു നടത്തുകയാണു്., അതിനാൽ ഇൻഡ്യാഗവമെൻറു് ബഡ്ജററുപോലെ ഇവിടേയും തയ്യാറാക്കിയതാണു്.

Sri. P. S. Nataraja Pillai. I doubt, Sir. Does this House control that Rs. 48 lakhs?

ശ്രീ. എ. ജെ. ജോൺ: ൪൮ ലക്ഷം രൂപാ ഈ രാജ്യത്തിലേക്കു് തരുന്നതിനു് പാർലിമെൻറു് അനുവദിക്കുന്ന തുകയാണു്.

ശ്രീ. എ. താണുപിള്ള: ഇവിടെ ഈ ജോലിചെയ്യുന്നതു് സംബന്ധിച്ചു് ഇൻഡ്യാഗവമെൻറിൻെറ പരിശോധനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്. അതുപോലെതന്നെ പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ ഫണ്ടും, കൺസാളിഡേററഡ് ഫണ്ടിൽ ഉൾപ്പെടുന്നതല്ല. അതു് പ്രത്യേകം ഒരു ഫണ്ടാണു്.

ശ്രീ. എ. താണുപിള്ള: ആർട്ടിക്കിൾ ൨൬൬ അനുസരിച്ചു് പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ ഫണ്ട് കൺസാളിഡേററഡ് ഫണ്ടിൽ ഉൾപ്പെടുന്നതല്ലെന്നു് പറയുന്നതിനു് ന്യായമെന്താണു്.

ശ്രീ. എ. ജെ ജോൺ: അതു് ഉൾപ്പെടുകയില്ല. പബ്ലിക്ക്മണി എന്നുള്ളതിനു് രണ്ടു ക്ലാസുണ്ടു്. പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ എല്ലാം പബ്ലിക്ക്മണിയിൽ നിന്നാണു് വരുന്നതു്. കൺസാളിഡേററഡ് ഫണ്ടിൽ നിന്നല്ല വരുന്നതു്.

Sri. P. S. Nataraja Pillai: Does it not mean deposits made from public money?

ശ്രീ. എ. ജെ. ജോൺ: കൺസോളിഡേറ്റഡ് ഫണ്ട് എന്നുപറയുന്നതു് മുഴുവനും പബ്ലിക്ക് അക്കൗണ്ടിൽവരും. പബ്ലിക്ക് അക്കൗണ്ട് എന്നു പറയുന്നതു് മുഴുവനും കൺസോളിഡേറ്റഡ് ഫണ്ടിൽ വരുകയില്ല.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: ചേത്തല തോട് താഴ്ത്തുന്ന വിഷയം സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി അവർകൾ മറുപടി പറഞ്ഞപ്പോൾ—

മിസ്റ്റർ സ്പീക്കർ: ഇപ്പോൾ ഫിനാൻസ് സംബന്ധിച്ച കാര്യങ്ങളെപ്പറ്റി ഫിനാൻസ് മിനിസ്റ്റർ മറുപടി പറയുകയാണു്. അതിനെ സംബന്ധിക്കുന്ന കാര്യമാണോ പറയുന്നതു്?

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: ഇതിനുമുമ്പു പറഞ്ഞ മറുപടി പ്രസംഗത്തിൽ എന്റെ പ്രസംഗത്തെ പരാമർശിച്ചു പറഞ്ഞപ്പോൾ—

Mr. Speaker: That can be considered later.

The cut motions moved by Sri. Chellaswami Nadar and Nataraja Pillai respectively were put and lost.

Mr. Speaker: Now, the question before the House is that a sum of Rs, 53,43,000 under Demand No. VIII—Irrigation—be granted.

The motion was put and caried.

Sri. Kalathil Velayudhan Nair: Sir, I demand Poll.

A poll was taken when the House divided as follows:—

Ayes—74

1. Sahib Bahadur T. A. Abdulla
2. Sahib Bahadur V. A. Abdul Aziz
3. Sahib Bahadur Abdul Majeed
4. Miss Accamma Cheriyan
5. Sri. R. Atchuthan
6. ,, Albert Lopez
7. ,, Alexander Parambithara
8. ,, Krishnan Ayyappan
9. ,, K. Balakrishna Marar
10. ,, P. Balakrishnan Tampi
11. ,, T. S. Bandhu
12. ,, E. Bhaskaran
13. , N. V. Chacko
14. ,, P. Chacko
15. ,, P. T. Chacko
16. ,, G. Chandrasekhara Pillai
17. ,, K. M. Chandy
18. ,, Cheladi Rowther
19. ,, K. K. Chellappan Pillai
20. ,, Cheriyan J. Kappan
21. Dr. M. O. Cheriyan
22. Mrs, Devaki Gopidas
23. Sri. T. V. Devan
24. ,, Ambat Eachara Menon
25. ,. Eapen Arakkal
26. ,, K. R. Elankath
27. ,, A. K. George
28. ,, P. Gopalan
29. ,, O. T. Inasu
30. Sri. Ittiera Ambookan
31. ,, C. V. Iyyu
32. ,, A. L. Jacob
33. Hon'ble Sri. A. J. Jon
34. Sri. A. V. Joseph
35. ,, K. S. Joseph
36. ,, Joseph Malieckal
37. ,, Joseph Mathen
38. ,, Joseph (Thumbasseri)
39. Hon'ble Sri. C. Kesavan
40. Sri. T. T. Kesavan Sastri
41. ,, N. S. Kochukunju
42. ,, K. Kochukuttan
43. ,, Thariathu Kunjithomman
44. ,, P. Kunjukrishnan
45. ,, K. Kutt ppan
46. ,, Mankuzhi M. Madhavan
47. ,, V. Madhavan
48. Sahib Bahadur P. K. Makkaru Pillai
49. Sri. V. O. Markos
50. ,, K. A. Mathew
51. ,. M. C. Mathew
52. Sahib Bahadur K. C. Mayankutty Mether
53. Sahib Bahadur K. A. Muhammed
54. Sri. P. Nanoo
55. ,, C. Narayana Pillai

56. Hon'ble Sri. T K. Narayan Pillai
57. Sri. S. Nilakanta Aiyar
58. „ G. P. Nilakanta Pillai
59. „ Paul Thaliat
60. „ Paulose Pylee
61. „ Philipose Muthalaly
62. „ K. Ramakrishna Pillai
63. „ P. K. Raman
64. „ M. Raman Pillai
65. Sri. Pandavathu Sankara Pillai
66. „ K. Sarangadharan
67. „ K. Sekhara Panicker
68. „ A. P. Sivaramakrishnan
69. „ A. M. Thomas
70. „ A. P. Udayabhanu
71. „ P. M. Varghese
72. „ N. P. Varghese
73. „ V. K. Varghese
74. „ M. Varkey

Noes—42

1. Sri. A. Atchuthan
2. „ K. A. Atchuthan
3. „ V. K. Atchutha Menon
4. „ P. C. Adichan
5. „ K. Balakrishna Menon
6. „ Chellaswami Nadar
7. „ P. K. Dewer
8. „ V. Gangadharan Nair
9. „ Gasper D'Silva
10. „ P. C. George
11. „ P. Gopalakrishna Menon
12. „ Mannar Gopalan Nair
13. „ Kannara Gopala Panicker
14. „ K. K. Kannan
15. „ Krishna Das
16. „ P. K. Krishnan Sastri
17. „ N. K. Krishna Pillai
18. „ P. K. Kumaran Asari
19. „ T. K. Kuniayyappan
20. „ P. S. Madhavan Vaidyan
21. Sahib Bahadur T. A. Moideen Kunju
22. Sri. A. P. Nambiar
23. Sri. P. S. Nataraja Pillai
24. „ N. Neelakantaru Pandarathil
25. „ Mannathu Padmanabhan
26. „ C. C. Prasad
27. „ A. K. Patchu Pillai
28. „ M. I. Paul
29. „ K. Ramakrishna Achari
30. „ A. Ramasubramonia Karayalar
31. „ R. Sankar
32. „ A. K. Sankunni
33. „ T. M. Sannalan
34. „ Ponnara G. Sreedhar
35. Sahib Bahadur K. H. Sulaiman
36. Sri. A. Thanu Pillai
37. „ P. Thanulingam Nadar
38. „ K. K. Vasu Panicker
39. „ M. R. Velappan
40. „ K. I. Velayudhan
41. „ Kalathil Velayudhan Nair
42. „ K. K. Viswanathan

Neutrals—Nil

The motion was declared carried.

The Demand was passed, and the Grant was made.

Demand XXXVI

Capital Outlay on Industrial Development

Sri. T. K. Narayana Pillai: I move for a grant of Rs. 5,67,72,500 under Demand XXXVI—Capital Outlay on Industrial Development.

Sri. A. J. John: I second it.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രധാനപ്പെട്ട പല വിഷയങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ടു്. എന്നാൽ മിക്കവാറും ഡിമാൻറുകളെല്ലാം തീർന്നിരിക്കുന്നതുകൊണ്ടും പ്രധാനപ്പെട്ട ഒന്നുരണ്ടു വിഷയങ്ങൾ സഭയുടെ വാദപ്രതിവാദത്തിനു് വരാതിരിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ടും എനിക്കു് ഒരുകാര്യം പറയാനുണ്ടു്, അതായതു് ഇതിൽ അതിപ്രധാനമായ ജയിൽ സംബന്ധിച്ചുള്ള ഡിമാൻറു് എടുക്കണമെന്നാണു്.

മിസ്റ്റർ സ്പീക്കർ: ഇപ്പോഴത്തെ ആർഡർ മാററുന്നതിനെ സംബന്ധിച്ചാണെങ്കിൽ ഇങ്ങനെ ഒരോർഡർ നിശ്ചയിച്ചിരിക്കുന്നതു് സഭയിലെ എല്ലാ പാ

ർട്ടികളുടേയും നേതാക്കന്മാരോട്ട് നേരത്തെ ആലോചിച്ചിട്ടാണ്. അതുകൊണ്ട് ഈ ആർഡർ മാററണമെന്ന് വിചാരിക്കുന്നില്ല.

ശ്രീ എ. കെ. പാച്ചുപിള്ള: സഭയ്ക്കു് അതു സമ്മതമാണെങ്കിൽ അങ്ങനെ ചെയ്യുന്നതിന് വിരോധമുണ്ടോ?

മിസ്റ്റർ സ്പീക്കർ: അതിന്റെ ആവശ്യമില്ല. അതായതു് നേരത്തെതന്നെ വേണ്ടവണ്ണം ആലോചിച്ച് തീരുമാനിച്ച സംഗതിയായതുകൊണ്ട് വീണ്ടും അതേപ്രശ്നം തന്നെ സഭയുടെ ശ്രദ്ധയിൽ പെടുത്തി സഭയുടെ സമയം വ്യയം ചെയ്യുന്നതു് ശരിയല്ല. അങ്ങിനെ ചെയ്യണമെന്ന് വിചാരിക്കുന്നില്ല.

Sri. Kalathil Velayudhan Nair: Sir, I move:

"To reduce the total allotment of Rs. 5,67,72,500 under Demand XXXVI by one Rupee."

സർ, ഈ ഡിമാൻറ് അനുവദിക്കുന്നതിന് പ്രധാനമായി എനിക്കുള്ള ആക്ഷേപം ഇതിനകത്തു എഴുതിയിരിക്കുന്ന കാര്യങ്ങൾ മനസ്സിലാകുന്നില്ല എന്നുള്ളതാണ്. ബഡ്ജററിനകത്തു് (*b*) 'Investment of Shares in Commercial Concerns'' നുവേണ്ടി ൫,൪൪,൫൦,൦൦൦ രൂപാ ചേർത്തിരിക്കുന്നു.

ഈ മാതിരിയുള്ള കാര്യങ്ങളിൽ ബഡ്ജററിനെ സംബന്ധിച്ച് ഒരു വിശദീകരണം കൊടുക്കുന്നതിന് സാധാരണയായി ബഡ്ജററ് മെമ്മോറാണ്ടം തയ്യാറാക്കി മെമ്പറന്മാർക്ക് തരുന്ന പതിവുണ്ട്. എന്നാൽ ഇപ്പോൾ കിട്ടിയിട്ടുള്ള മെമ്മോറാണ്ടം നോക്കിയാൽ ഇതിനെ സംബന്ധിച്ച് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. അഞ്ചരക്കോടിയോളം രൂപാ കമേഴ്സ്യൽ കൺസേൺസിൽ ഷെയറുകൾക്കുവേണ്ടി ഇൻവെസ്റ്റ് ചെയ്യാൻ പോകുന്നു എന്നു പറയുന്നു. ഇതു് ഏതു കമേഴ്സ്യൽ കൺസേൺസിലാണ് എന്നുള്ളതിനെ സംബന്ധിച്ച് ഫിനാൻസ് മന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിലോ ബഡ്ജററ് മെമ്മോറാണ്ടത്തിലോ അല്ലെങ്കിൽ ബഡ്ജററിൽതന്നെ ഒരു ഫുട്ട്നോട്ടോടുകൂടിയെം വിവരിച്ചിട്ടില്ല. ഏതു് കമേഴ്സ്യൽ കൺസേൺസിലാണ് ഇൻവെസ്റ്റ് ചെയ്യാൻ പോകുന്നതെന്ന് ഫിനാൻസ് മന്ത്രിക്ക് അറിഞ്ഞുകൂടാ. അതിനാൽ ഇതിനെസംബന്ധിച്ച് ഒരു വിശദീകരണം കൂടാതെ പണം അനുവദിക്കുന്നതു് സാദ്ധ്യമല്ല. ഇന്നലെ ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഒരു ബഹുമാനപ്പെട്ട മന്ത്രി ഇതിനെ സംബന്ധിച്ച് പറഞ്ഞകൂട്ടത്തിൽ മുപ്പത്തൊന്നരലക്ഷം രൂപ എലക്ട്രിക്കൽ മീറേറഴ്സ് എന്ന കമ്പനിയിൽ ഇൻവെസ്റ്റ് ചെയ്യാനാണെന്നും ബാക്കിയുള്ളതു് എന്തിനാണെന്ന് നിശ്ചയമില്ലെന്നും പറഞ്ഞു.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയല്ല പറഞ്ഞതു്. ഇരുപത്തിരണ്ടുലക്ഷം രൂപാ ഗോ. ണാമൈസററ് ഫാക്ടറി സ്ഥാപിക്കാനെന്നും പറഞ്ഞു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ന്നാൽതന്നെയും ബാക്കിയുള്ളതുകളെ സംബന്ധിച്ച് ഒന്നുമറിവില്ല.

ശ്രീ. എ. ജെ. ജോൺ: അതും ഇപ്പോൾ തന്നെ പറയേണ്ടതാകാം. ഇതു് ബഡ്ജററിൽ ൫൬-ാം വശത്തു് ഫുട്ട്നോട്ടായി കൊടുത്തിട്ടുണ്ട്. അതു് ഇപ്രകാരമാണ്.

"Rs. Five crores and thirteen lakhs is intended for adjustment of the purchase price of shares to industrial concerns now standing debited to Debt heads".

ഇതേവരെ നമുക്ക് ഈ കമ്പനിവകയായിട്ട് ൫ കോടിയിൽ ചില്വാനം രൂപാ ഷെയർ ആയിട്ടും സെക്യൂരിററീസ് ആയിട്ടും ഉണ്ട്. ഇതുവരെ അതു് ഡെററ്ഹെഡ്ഡിൽ ഡെബിറ്റ് ചെയ്തിരുന്നതു്. പുതിയ ക്ലാസിഫിക്കേഷൻ അനുസരിച്ച് പുതിയ ഹെഡ് കൊണ്ടുവന്നിട്ടുണ്ട്, അതു് അഡ്ജസ്റ്റ് ചെയ്യുന്ന

[Sri. A. J. John]

എന്നു മാത്രമേയുള്ളു. ഇതു് അഞ്ചുകോടി പതിമൂന്നുലക്ഷം രൂപയെ സംബന്ധിച്ചാണു്. മുപ്പത്തൊന്നര ലക്ഷം രൂപയെ സംബന്ധിച്ചുള്ളതു് ഇതാണു്.

"Capital outlay—Factory for the manufacture of House Service materials	3 lakhs
Monazite Factory	22·5 ,,
Cost of land acquired for Industrial concerns	5 ,,
Miscellnaneous Investment	1 ,,
Total	31·5 lakhs

ശ്രീ. കളത്തിൽ വേലായുധൻ നായർ: മിസ്‌ലേനിയസ് എന്നുവച്ചാൽ എന്താണു്?

ശ്രീ. എ. ജെ. ജോൺ: അതു് അത്യാവശ്യം വേണ്ടിവന്നാൽ വച്ചിരിക്കുകയാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൫ ലക്ഷം രൂപ വച്ചിരിക്കുന്നതു് മിനറൽസിനു് സ്ഥലം വാങ്ങിക്കുന്നതിനാണോ?

ശ്രീ. എ. ജെ. ജോൺ: അല്ല. അതു് സപ്ലിമെൻററി ഗ്രാൻറിൽ കൊള്ളിച്ചിട്ടുള്ളതാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പിന്നെ ഏതു ഫാക്ടറിക്കാണു്?

ശ്രീ. എ. ജെ. ജോൺ: സൂക്ഷ്മമായി ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ; അങ്ങനെയാണെങ്കിൽ അതൊഴിച്ചു് ബാക്കിയുള്ളതു് പാസാക്കിയാൽ മതി. സർ, ഇപ്പോൾ ഞാൻ അറിയുന്നതു് ഫിനാൻസുമന്ത്രിക്കുതന്നെ ഇതിനെക്കുറിച്ചു് അറിവില്ലെന്നാണു്. അങ്ങനെയിരിക്കെ ഈ വിവരങ്ങൾ അറിയാതെ എങ്ങനെയാണു് പണം അനുവദിക്കുക?

ശ്രീ. എ. ജെ. ജോൺ: കുറെ കുടിശ്ശിഖ വന്നിട്ടുള്ളതാണു്. പിന്നീടു അതിന്റെ സകല വിവരങ്ങളും ഇവിടെ വരുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നേക്കാൾ മോശമായിട്ടാണു്, ഇതേപ്പററി ശരിയായ വിവരങ്ങൾ അറിയിക്കേണ്ടതായ ഫൈനാൻസു് മിനിസ്റ്റർ ഈവക സംഗതികൾ ഇവിടെ ധരിപ്പിക്കുന്നതു്. ശരിയായ വിവരങ്ങൾ അദ്ദേഹത്തിനു അറിവില്ല എന്നു പറയുന്നതു് വളരെ ആക്ഷേപമാണു്. പക്ഷെ അദ്ദേഹത്തിനറിഞ്ഞുകൂടായിരിക്കാം. എന്നാൽ ഈവക കാര്യങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും ഈ കാര്യങ്ങളെപ്പററി അറിവില്ലെന്നാണു വിചാരിക്കേണ്ടതു്.

പിന്നീടിവിടെ മീററർ കമ്പനിയുടെ കാര്യം പറയുകയുണ്ടായി. ഈ കമ്പനിയെ സംബന്ധിച്ചു മാത്രമല്ല, മററു കമ്പനികളെസംബന്ധിച്ചും ഗവമ്മെൻറ ധനസഹായം ചെയ്യുന്നപക്ഷം, വിവരങ്ങൾ ഞങ്ങളെ അറിയിക്കേണ്ടയാവശ്യം ഉണ്ടു്. ഇതു കൂടാതെ ഒരു ഹൗസു്ബിൽഡിങ്ങു് കമ്പനിയുടെ കാര്യംകൂടി ഇവിടെ പറഞ്ഞു. അതെവിടെയുള്ള കമ്പനിയാണു്, മദ്രാസിലൊമററൊ ഉള്ള കമ്പനിയാണോ? അതിന്റെ ഡയറക്ടറന്മാർ ആരാണു്? ഇവിടെ ജനങ്ങളുടെ ഇടയിൽ ഒരു ധാരണയുണ്ടു്, പല കേൾവികൾ കേൾക്കുന്നുണ്ടു്, ഇത

ന്റെ പണംമുടക്കു മുഴുവൻ ഗവൺമെന്റിന്റെ പക്കൽനിന്നു ആക്കൊ വേണ്ടി നടത്തുവാൻപോകുന്നു എന്നു്. അങ്ങിനെയുള്ള കമ്പനികളും ഈ നാട്ടിൽ ധാരാളം ഉണ്ടാകും. ഇനിയും ഉണ്ടായേക്കും. മാത്രമല്ല, ധാരാളം കടലാസ്സു് കമ്പനികളും ഈ നാട്ടിലുണ്ടു്. ആരാണു് ഈ കമ്പനികളുടെ ഡയറക്ടറന്മാർ? ഈ കമ്പനികളിൽ ഡയറക്ടറന്മാർ എത്ര രൂപാ ഇതിനകം മുടക്കിയിട്ടുണ്ടു്? ഓഹരിഇനത്തിൽ എന്തു വരവുണ്ടു്? എത്ര മുടക്കിക്കഴിഞ്ഞിട്ടുണ്ടു്? എത്ര രൂപാ ഗവൺമെന്റിൽനിന്നുമല്ലാതെ പിരിഞ്ഞു കിട്ടീട്ടുണ്ടു്? ഗവൺമെന്റു് കൊടുക്കാനുദ്ദേശിക്കുന്നതിനുമുമ്പ് എത്ര രൂപാ പിരിഞ്ഞുകിട്ടി? അതനുസരിച്ചാണോ ഇത്രലക്ഷം രൂപാ കൊടുക്കാമെന്നു തീരുമാനിച്ചതു്. ഈ വക കാര്യങ്ങൾ അറിയാൻ നിവൃത്തിയില്ല. അതറിയാതെയാണോ ഈ കമ്പനിക്കു ഈ മൂന്നരലക്ഷം രൂപാ കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നതു്. ഇതു സംബന്ധിച്ചുള്ള വിവരങ്ങളും കിട്ടേണ്ടതായിട്ടാണോ ഇരിക്കുന്നതു്?.

അതുപോലെ മറ്റൊരു സംഗതി എനിക്കു പറയാനുള്ളതു്, വളരെ അധികംപ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണു്. ഈ വെസ്റ്റ കോസ്റ്റ് ഫിഷറീസ്സ് എന്ന കമ്പനിയെപ്പററി ഇതിൽ നാം എത്ര പണം മുടക്കിയിട്ടുണ്ടു് എന്നു ചോദിച്ചതിനു സമാധാനം പറഞ്ഞതു്, ഗവർമ്മെന്റു് ഇതിനു മുമ്പു എതാനും പണം മുടക്കിയെന്നും മുടക്കിയ പണം തിരിയെ കിട്ടുന്നതിലേയ്ക്കു് കുറെ പണം കൂടെ മുടക്കിയിട്ടുണ്ടെന്നും ഇപ്പോൾ കുറെക്കൂടി കൊടുക്കേണ്ടതായ പതനം വന്നിരിക്കുന്നു എന്നുമാണു്. ഈ തരത്തിലാണോ ഇപ്പോഴും ഈ തുകകൾ ഈ കമ്പനികൾക്കു് കൊടുക്കാൻപോകുന്നതു്. ആദ്യമായി പണം മുടക്കാൻപോകുന്ന അവസരത്തിൽ ഞാൻ മുമ്പു പറഞ്ഞതായ കാര്യങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ അപകടങ്ങൾ ഒടുക്കം വരാനിടയാവുകയില്ലായിരുന്നു.

പിന്നീടു് ബഡ്ജററവതരിപ്പിച്ച അവസരത്തിൽ വഞ്ചി ക്ലേ മൈൻസ്സ്, റയൺസ്സ് മുതലായ കമ്പനികൾക്കുവേണ്ടി കൂടുതൽ പണം മുടക്കാനുദ്ദേശിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ഈമാതിരി കമ്പനികളെ സംബന്ധിച്ചു് ഒരു വിശദവിവരം ബഡ്ജററു് മെമ്മോറാണ്ടത്തിൽ ഉണ്ടായിരിക്കേണ്ടതാവശ്യമായിരുന്നു. അങ്ങിനെ വിശദവിവരങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവ ചോദിച്ചു മനസ്സിലാക്കുന്നതിനു ഈ സഭയുടെ സമയം കളയാതിരിക്കുവാൻ സാധിക്കുമായിരുന്നു. ഇപ്രകാരമുള്ള വിവരങ്ങൾ നമുക്കു ലഭിക്കാത്തതുകൊണ്ടാണു് ഇത്രയും സമയം ഇവിടെ കളയേണ്ടിവരുന്നതു്.

പിന്നീടു് ഒരു സംഗതി, ഈ ഗവൺമെന്റിന്റെ വ്യവസായ നയത്തെ സംബന്ധിച്ചിടത്തോളം ഇന്നു ഗവൺമെന്റിനുള്ള വിചാരം ജനങ്ങൾക്കു് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നുള്ളതല്ല; ആർക്കെങ്കിലും ധനസഹായം ചെയ്യണമെന്നുള്ള ഉദ്ദേശത്തിലാണു്, ഈ വ്യവസായത്തിൽ ഗവൺമെന്റു് പണം മുടക്കുന്നതു് എന്ന ഒരു ധാരണ സാധാരണ ജനങ്ങളുടെ ഇടയിലുണ്ടു്, അതു മാറേണ്ടതാണു്.

പിന്നീടു് ഗവൺമെന്റു് ഷെയറെടുത്തിട്ടുള്ള ഈ കമ്പനികളുടെ പ്രവർത്തനം ആശാസ്യമായ നിലയിലല്ല നടത്തുന്നതെന്നുള്ളതാണു്. ഇപ്പോൾ എഫ്. എ. സി. ററി. യിലാണെങ്കിൽ കഴിഞ്ഞ കൊല്ലം അവിടെ ഉണ്ടായിരുന്ന കുഴപ്പം ഇതുവരെ തീർന്നിട്ടില്ല. അവിടെ മുതലാളിമാരും തൊഴിലാളികളും തമ്മിൽ യാതൊരു സൗഹാർദ്ദതയിലുമല്ല കഴിയുന്നതു്. അതുയർന്നു് ഇപ്പോൾ അവിടത്തെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ എത്തിയിട്ടുണ്ടു്. ഈ ഫാക്ടറിയുടെ പ്രവർത്തനംകൊണ്ടു് യാതൊരു പ്രയോജനവും നമുക്കുണ്ടാകാൻപോകുന്നില്ല. അവരുടെ പ്രവർത്തനം ഗവൺമെണ്ടു് വളരെ കർശനമായി വീക്ഷിക്കണമെന്നാണു ഞാൻ പറയുന്നതു്. ഈ അടുത്തകാലത്തു് ശേഷശായി പറയുകയു

[Sri. Kalathil Velayudhan Nayar]

ണ്ടായി എന്നെ വിട്ടേച്ചാൽ മതി, ഞാൻ പൊയ്ക്കൊള്ളാമെന്ന്. അങ്ങിനെ അവരെ വിട്ടുകളയാവുന്ന കാര്യമല്ല ഇതു്. അവർ അവിടെ അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ, അതിന് അവർ പോയതിൽ പിന്നീട് അവരുടെ പേരിൽ നടപടിയെടുക്കുന്നതുപോലെയുള്ള ഒരു മനോഗതിയാണിപ്പോഴുള്ളതു്. ഇതു വളരെ സൂക്ഷിക്കണം. അവിടെ വളരെ അഴിമതികൾ ഈ മാനേജുമെൻറ് ചെയ്തിട്ടുണ്ടെന്നാണറിയുന്നതു്. കഴിഞ്ഞ വർഷം ഈ സംഗതികളെക്കുറിച്ച് ഈ സഭയിൽ ചോദ്യങ്ങളുണ്ടാകയും അതേക്കുറിച്ചന്വേഷണം നടത്തുന്നതാണെന്നു പറയുകയും ചെയ്തു എങ്കിലും, അന്വേഷണം നടത്തിയിട്ടുള്ളതായി കണ്ടില്ല. ഈ വക കാര്യങ്ങളും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ട് ഈ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: Mr. Nataraja Pillai wanted to speak. Is the member speaking?

Sri. P. S. Nataraja Pillai. It was explained by the Finance Minister that 513 lakhs that stood as shares for Industrial concerns under 'Debt Head' have been transferred under this account. Sri, I think it is the duty of the Finance branch when they make any adjustment like that to put the market valuation of these shares for 513 lakhs of rupees. What is the amount of shares in each concern, what is the market valuation of shares now are matters that ought to have been explained in the memorandum but they have neglected to do so. They should give an idea to this House about the shares taken in commercial concerns and the amount of dividend received so far. But without doing that after they have invested nearly 5 crores on industrial concerns of doubtful value they are providing for another 31 lakhs to make further investment. I say of doubtful validity because the market value has not been given. I am prepared to repeat it as long as the Finance branch of Government is not prepared to give out a public statement on the market value of the shares. If the shares are increasing in value certainly credit would have been taken by the Finance branch of Government. As they have failed in that I hold the view that the 5 crores of shares in industrial concerns are of doubtful value to day and in that set up are we to provide another 31 lakhs for further waste? Now Sir, it has been explained that 22. 5 lakhs are being provided for monosite factory. That is the share capital for the concern that is to be started by Government of India in which this Government is taking a share. Along with that Sir, we find a provision of 22. 66 lakhs for the Travancore Minerals. That is for the production of monosite or for the acquisition of monosite factory that is working in the State. This is provided for additional investment in the Travancore Minerals. Even excluding that 22. 5 lakhs provided for the monosite factory which is to be started by the Government of India we find another 22 and odd lakhs provided for. From the points raised by Mr. Velayudhan Nair, unless it is refuted by Government, it is clear that they intend to take shares in the proposed company without enquiring into the merits and stability of the company by some expert agency. The Government ought to have taken shares in the company only after scrutiny and only after enquiring into its meirits by some expert agency. And the Directorate in that company should be one which cannot exert any undue influence on the existing Government. I think it will be unwise and wrong for this Government to take shares in such a company. I may draw the inference Sir, the provision for 5 lakhs made in this demand is for the land and buildings that is to be acquired for the proposed new factory. Since Government have already decided to take shares in that concern to start a factory and have acquired land and that has to be paid for by them, the immediate necessity for 5 lakhs has arisen. The land and buildings for the new factory for which 3 lakhs have been provided as share capital may now cost 5 lakhs more to Govern-

ment. But at any rate before launching into that, it will be better for the Government to make the position clear and place every available fact about the company. its financial status, etc. before this House. It is not a wise policy for Government to invest whatever surplus they have on industrial concerns as shares. After a few years the share value may be at a discount and we will not be able to realise the investment we have made. Therefore it is not advisable as far as a Government like ours is concerned, to invest money as shares in industrial concerns. We could invest such surplus moneys in reproductive works in our own country. We have very often heard members of this House protesting against the practice of the executive authority investing the tax-payers' money into industrial concerns for helping A or B. That was the charge made from ever so many platforms and even from these benches. Now when there is a popular Government it is expected or said to be responsible to the people and it is the duty of that Government to make it doubly sure that these investments are made only on the merits of the case and not on personal consideration.

ശ്രീ. പാറം തളിയത്ത്: സർ, ഗവമ്മെണ്ടിൽനിന്നും ഏതാണ്ട് ൫ കോടിയിൽ അധികം രൂപ ഷെയറുകളായിട്ടും കടമായിട്ടും പല കമ്പനികളിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. എന്നാൽ ഇങ്ങനെ ഗവമ്മെൻറിൽനിന്നും വളരെ കൂടുതൽ സംഖ്യ മുടക്കിയിട്ടുള്ള ഈ കമ്പനികളുടെമേൽ ഗവമ്മെൻറിൻെറ നിയന്ത്രണം തൃപ്തികരമായി നടക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഒരൊററ ഉദാഹരണംകൊണ്ടുതന്നെ അതു തെളിയിക്കാൻ സാധിക്കും. ഗവമ്മെൻറിൽനിന്നും ഫാറസ്റ്റ് ഇൻഡസ്ട്രീസിൽ ൫ ലക്ഷം രൂപ മുടക്കിയിട്ടുണ്ടെന്നാണ് എൻെറ അറിവ്. ആ കമ്പനിയുടെ ആകെ മൂലധനം ൨൫ ലക്ഷം രൂപയാണ്. എന്നാൽ കഴിഞ്ഞ ബാലൻസ് ഷീററും ലാഭനഷ്ടകണക്കും നോക്കിയാൽ അതിൽ ൧൨ ലക്ഷം രൂപയും നഷ്ടമായിപ്പോയിട്ടുണ്ടെന്നുള്ളവസ്തുത ഗവമ്മെൻറ് അറിയുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ആകെ മൂലധനത്തിൻെറ പകുതിയും നഷ്ടമായിപ്പോയി എന്ന് ആ കമ്പനിയുടെ ബാലൻസ്ഷീററ് നോക്കിയാൽ കാണാവുന്നതാണ്. പലപ്രാവശ്യവും ഈ കമ്പനിയുടെ ഭരണം ശരിയായി നടക്കുന്നില്ലെന്നു ഇവിടെ ചൂണ്ടിക്കാണിക്കുകയും ചോദ്യങ്ങൾ ചോദിക്കുയും ചെയ്യുപ്പോൾ ഒരു ആഡിററരെവച്ചു് ആഡിററു നടത്തിയെന്നും ചില ക്രമക്കേടുകൾ അതിൽ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും രണ്ടുകൊല്ലത്തിനു മുമ്പുതന്നെ ഗവമ്മെൻറ് പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങിനെ ക്രമക്കേടുകൾ കണ്ടുപിടിച്ചതിനുശേഷംഅതിന്മേൽ ഗവമ്മെൻറ എന്തു നടപടിയാണ് നടത്തിയതെന്നു ഞാൻ ചോദിക്കുന്നു. അതിനെസംബന്ധിച്ച് കടലാസുകൾ എല്ലാം ലീഗൽ അഡൈ്വസിന് അയച്ചിരിക്കയാണെന്നും അതു കിട്ടിയാലുടനെ നടപടി നടത്തുന്നതാണെന്നും പിന്നീടു പറയുകയുണ്ടായി. പക്ഷെ ഇതുവരെ ഒന്നും ചെയ്തതായി കാണാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ മററു പല കമ്പനികളിലും ഗവമ്മെൻറും പൊതുജനങ്ങളും മുടക്കിയിരിക്കുന്ന പണം നഷ്ടപ്പെട്ടുപോകാത്ത വിധത്തിൽ ഗവമ്മെൻറ ശരിയായ നിയന്ത്രണം ചെലുത്തുന്നില്ലെന്നു വളരെ വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് നാട്ടുകാക്കു മാത്രമല്ല ഗവമ്മെൻറിനും സാരമായ നഷ്ടങ്ങൾ നേരിട്ടുകൊണ്ടിരിക്കയാണ്. ഒരു ആഡിററരെവച്ചു് പരിശോധിപ്പിച്ചതുകൊണ്ടു് ഈ കമ്പനികളുടെ പ്രവത്തനത്തിലുള്ള കാര്യമായ ന്യൂനതകളൊന്നും കണ്ടുപിടിക്കുവാൻ പോകുന്നില്ലെന്നാണ് എനിക്കു് ഗവമ്മെൻറിനോടു വീണ്ടും പറയുവാനുള്ളതു്. വൌച്ചറുകളിലൊ കണക്കുകളിലൊ വല്ല തെററും പററിയിട്ടുണ്ടെങ്കിൽ കണ്ടുപിടിക്കുവാൻ കഴിയുമെന്നല്ലാതെ കമ്പനിയുടെ പ്രവത്തനത്തിലുള്ള സാരമായ തകരാറുകളൊന്നും ആഡിററുമൂലം കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. ഈ തക

[Sri. Paul Thaliath]

റാറുകളെല്ലാം അടുത്തകാലത്തു ഉണ്ടായിട്ടുള്ളതല്ല. ഈ കമ്പനികൾ തുടങ്ങിയപ്പോൾതന്നെ ഉണ്ടായിട്ടുള്ള തകരാറുകളാണ്. ആരംഭകാലത്തുതന്നെ അതായത് കൺസ്ട്രക്ഷൻ കാലത്തിൽ പണികൾക്കുവേണ്ടി അനാവശ്യ ചെലവുകൾ ചെയ്തും മററുവിധത്തിലും വളരെ അധികം പണം നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കഴിഞ്ഞ ഒരുകൊല്ലത്തെ പ്രവർത്തനത്തിൽ മാത്രമാണ് തകരാറുകൾ ഉള്ളതെന്ന് ഞാൻ പറയുന്നില്ല. എഫ്. എ. സി. ടി. യിലായാലും ഫാറസ്റ്റ് ഇൻഡസ്ട്രീസിലായാലും നഷ്ടം സംഭവിച്ചിട്ടുള്ളതെല്ലാം ആരംഭകാലത്താണ്. അതുകൊണ്ട് എനിക്ക് ഗവമ്മെൻറിനോട് വീണ്ടും പറയുവാനുള്ളത് ഏതെങ്കിലും കമ്പനിയിൽ നഷ്ടം കൂടുതലാണെന്നു കാണുകയോ പ്രവർത്തനം ശരിയായി നടക്കുന്നില്ലെന്നു കാണുകയോ ചെയ്താൽ ഒരു വിദഗ്ദ്ധനെക്കൊണ്ട് അതു പരിശോധിപ്പിക്കണമെന്നാണ്. അല്ലാതെ ഓഡിററരെക്കൊണ്ടു പരിശോധിപ്പിച്ചതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. എന്നാൽ എനിക്ക് ഒന്നുകൂടി പറയുവാനുണ്ട്. ഓഡിററരെവച്ച് പരിശോധിച്ചപ്പോൾ കണ്ടുപിടിച്ച ക്രമക്കേടുകൾക്കുപോലും ഗവമ്മെൻറ നടപടികൾ എടുത്തിട്ടില്ലാത്തസ്ഥിതിക്ക് വിദഗ്ദ്ധനെക്കൊണ്ടു പരിശോധിപ്പിച്ചാലും പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ട് പരിശോധനകൾ നടത്തിയാൽ മാത്രം പോരാ, ക്രമക്കേടുകൾ കണ്ടുപിടിച്ചാൽ അതിൻെറ പരിഹാരത്തിനുള്ള നടപടികൾകൂടി ഗവമ്മെൻറ സത്വരമായി എടുക്കേണ്ടതാണ്. ഈ കമ്പനികളെ സംബന്ധിച്ചിടത്തോളം ഗവമ്മെൻറിൻെറ ഫലപ്രദമായ നിയന്ത്രണം ഉണ്ടായിരിക്കേണ്ടതുവളരെ ആവശ്യമാണ്. ഗവമ്മെൻറിൽനിന്നും നോമിനേററുചെയ്തിട്ടുള്ള രണ്ടംഗങ്ങൾ ഈ കമ്പനികളിലെ ഡയറക്ടറന്മാരായിട്ടുണ്ട്. ഈ ഡയറക്ടറന്മാർ എന്തു ചെയ്യുന്നു എന്നന്വേഷിക്കേണ്ടതു വളരെ അത്യാവശ്യമായിത്തീർന്നിട്ടുണ്ട്. ഫാറസ്റ്റ് ഇൻഡസ്ട്രീസിൽ അതിൻെറ മൂലധനത്തിൻെറ പകുതിയിലധികവും നഷ്ടപ്പെടുന്നതുവരെ മിണ്ടാതിരുന്ന ഡയറക്ടർ എന്തിനാണ് ഡയറക്ടറായി തുടർന്നുകൊണ്ടുപോകുന്നതെന്ന് ചോദിക്കാതെ നിവൃത്തിയില്ല. ഗവമ്മെൻറിൻെറ പ്രതിനിധികളായിട്ടുള്ള ഡയറക്ടറന്മാർ അതിനെസംബന്ധിച്ച് ഗവമ്മെൻറിലേക്ക് റിപ്പോർട്ടുപോലും ചെയ്തിട്ടില്ലെന്ന് ഇവിടെ ചോദിച്ച ചില ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചിട്ടുണ്ട്. അവർ അവക്ക് അനുവദിച്ചിട്ടുള്ള പടിവാങ്ങുന്നതിനായി അവിടെ പോകുന്നുണ്ടെന്നല്ലാതെ അവരുടെ ചുമതലകൾ ശരിയായി നിർവ്വഹിച്ചിട്ടില്ല. ഗവർമ്മെൻറിൻെറ ആളുകൾ എന്ന പേരിൽ അവിടെ പോയിരുന്നു പടി പററിയതുകൊണ്ടുമാത്രം യാതൊരു വിശേഷവുമില്ല. അതുകൊണ്ട് ഗവർമ്മെണ്ടിൻെറ പ്രതിനിധികളായിട്ടുള്ള ഡയറക്ടറന്മാരെക്കൊണ്ട് മാനേജുമെൻറും കമ്പനിയും ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നും വേണ്ടവിധത്തിൽ അന്വേഷണം നടത്തുന്നതിനും ഗവർമ്മെൻറിൻെറ ഊർജ്ജിതമായ നിയന്ത്രണം ഈ കമ്പനികളുടെമേൽ ചെലുത്തുന്നതിനും പ്രത്യേകം ഏപ്പാടു ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. A. Thanu Pillai: Sir, I wish to say a word in connection with this. Of the 5,44,50,000 Rupees for invesment of shares in Commercial Concerns, the foot-note on page 267 of the Budget shows that 5,13,00,000 is intended for adjustment of the purchase price of shares in Industrial Concerns now standing debited to Debt heads. Sir, I refer to this particularly with a view to bring to the notice of the Finance Minister the inconsistency of the position he has taken in respect of his right to deal with the Postwar Reconstruction Fund without the sanction of this House. Now, these investments in Industrial concerns, according to him, form no part of the consolidated fund of the State. According to him—and he is right

there—vote is needed in respect of expenditure to be incurred from the Consolidated fund of the State. He tells us when I raised that point in connection with another Demand that the Postwar Reconstruction Fund is something a part from the Consolidated Fund of the State and whatever moneys are included in the Postwar Reconstruction Fund—it may be many crores—he is at liberty to spend that without the vote of this House. That astonishing position he took up in respect of—expenditure from the Postwar Reconstruction Fund. Sir, he was quite wrong there. That is my position. Now I refer to that to make my position clear. If the Postwar Reconstruction Fund does not form part of the Consolidated Fund of the State and if in respect of expenditure from that Fund the vote of the House is not required, I would say that these investments of shares in Commercial Concerns also stand on the same footing for our purpose. These moneys have been invested in Industrial concerns. They are not part of the Consolidated Fund of the State. He read Article 266 of the Constitution to the effect that "All revenues received by the Government of a State, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loans shall form one consolidated fund to be entitled 'the Consolidated Fund of the State." He wanted to meet expenditure from the Postwar Reconstruction Fund saying that it is not the Consolidated Fund, because it was a fund that was already in existence.

Mr. Speaker: Is not Sub-Section (2) of Article 266 applicable here?

Sri. A. Thanu Pillai: How does it come in? "All other public moneys received by or on behalf of the Government of India or the Government of a State shall be credited to the public account of India or the public account of the State, as the case may be." That does not help the Finance Minister. No money is received now. The Postwar Reconstruction Fund was there. These amounts are also there. So, he is right in asking the sanction of the House even for the adjustment and taking them from one Head to another Head. Now, the Consolidated Fund does not mean moneys received after the Constitution came into force. It does not limit in that way the sources or character or time when the money was received. Whatever that is received by way of loans or revenues or ways and means advances all that form the "Consolidated Fund of the State." What happened here was that some moneys received by the Government under this head as revenues and as loans were by the former Government set apart and they called that amount the Postwar Reconstruction Fund for a particular purpose to be utilised after the war or to meet the situation that might arise in consequence of the war. That is all that was meant and we cannot say that it is the same as the fund with which the Finance Minister can deal as he likes without the sanction of the House. He has taken that extraordinary situation. I mention this so that he may look into the matter and satisfy himself whether he is right. I do not know whether he is able to say that the Government of India are also following the same procedure. For anything untenable or wrong it is usual for him to say that the Government of India are following that procedure. But one thing is clear. After all, what is the basis of this Government in regard to Finance? All moneys should be sanctioned by the Legislature. Can the moneys relating to the Postwar Reconstruction Fund be spent without the vote of the Legislature? That is an astonishing position. That was not meant by the Constitution and that is not the way it ought to be interpreted.

Now, Sir, coming to this Demand in some of its other aspects also, I have to say a word in regard to what they are doing. A company was mentioned; and it is said that some Minister's relations are going to be benefited by the Electricity Metre Company. I am in a position to say that whenever we think of taking shares in a

[Sri. A. Thanu Pillai]

Company we have to be very careful of our commitments. Whenever the Government take shares they find themselves in a position wherein they will have to invest more and more money. That is what is happening today. Hereafter, when we want to invest money we must be very careful as to what our commitments are. The Government may take shares to the tune of ten lakhs thinking that other sources may contribute similar amounts. But later on, you may find that other sources are not taking shares and then Government will have to put more money to make the concern a running business. I do not know about this particular business, but there is the charge that it is done to benefit some body. I hope all the details will be forthcoming.

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): ഹൗസ്മീററർ കമ്പനിയെ സംബന്ധിച്ചാണ് ഇവിടെ പ്രധാനമായ ആക്ഷേപം ഉണ്ടായതു്. അതിനെ സംബന്ധിച്ചു് ശരിയായ വിവരങ്ങൾ അറിയാൻ സാധിക്കുന്നില്ലെന്നാണ് പ്രധാന ആക്ഷേപം. അതു് അസോസിയേററഡ് ഇഞ്ചിനീയറിംഗ് കാർപ്പറേഷൻ എന്ന ഒരു കമ്പനിയാണ്. ഇംഗ്ലണ്ടിലെ ഒരു ഡം ഇലക്ട്രിസിററി മീററർ കമ്പനിയുടെ ആധിമുഖ്യത്തിലും ഉത്തരവാദിത്വത്തിലും അവരുടെ ഏജൻറ് എന്ന നിലയ്ക്കു് ഇവിടെ പ്രവർത്തനം നടത്താൻ പോകുന്ന ഒരു കമ്പനിയാണ് ഇതു. അസോസിയേററഡ് ഇഞ്ചിനീയറിംഗ് കാർപ്പറേഷനിൽ ഗവർമ്മെൻറിൽ നിന്നും ൩ ലക്ഷം രൂപായുടെ ഷേയറി എടുക്കാമെന്നു് സമ്മതിച്ചിട്ടുണ്ടു്. ഇതിൻെറ ഇഷ്യൂഡ് ക്യാപ്പിററിൽ ൫൦ ലക്ഷം രൂപായാണ്. ആതറൈസ്ഡ് ക്യാപ്പിററൽ ൨൫ ലക്ഷം രൂപയുമാണ്. ഇഷ്യൂഡ് ക്യാപ്പിററലിൻെറ ബാക്കി സംഖ്യ പിരിഞ്ഞതിനു ശേഷമേ ഗവർമ്മെൻറിൽനിന്നും തുക കൊടുക്കുകയുള്ളു എന്നു് കരാറിൽ തന്നെ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. മി. കെ. പി. പി. മേനോൻ ഇവിടെ ലെയ്സാൺ ആഫീസറായിരുന്ന കാലത്തു് ഇംഗ്ലണ്ടിലെ ഒരു ഡം ഇലക്ട്രിസിററി മീററർ കമ്പനിയുമായി ചില എഴുത്തുകുത്തുകളും ആലോചനകളും നടത്തുകയുണ്ടായി. ഇവിടത്തെ ഇലക്ട്രിസിററി ഡിപ്പാർട്ടുമെണ്ടിൽ ധാരാളം മീററുകൾ ആവശ്യമുണ്ടു്. അതു് വലിയ വിലകൊടുത്താണ് ഇപ്പോൾ ഇംഗ്ലണ്ടിൽനിന്നും മററു രാജ്യങ്ങളിൽ നിന്നും വരുത്തിക്കൊണ്ടിരിക്കുന്നതു്. ഇങ്ങനെ ഒരു കമ്പനി ഇവിടെതന്നെ പ്രവർത്തിക്കുന്ന പക്ഷം നമുക്കു് ധാരാളം ലാഭം ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള അടിസ്ഥാനത്തിലായിരുന്നു ശ്രീ. കെ. പി. പി. മേനോൻ ഇതിലേക്കു് മുൻകൈ എടുത്തു് പ്രവർത്തിച്ചതു്. ഇപ്പോഴത്തെ ഇലക്ട്രിക്കൽ ചീഫ് ഇഞ്ചിനീയർ ശ്രീ. കെ. പി. എസ്സ്. നായരും ലണ്ടനിൽ പോയിരുന്നപ്പോൾ ഈ കമ്പനി സന്ദർശിക്കുകയും മുമ്പുണ്ടായിരുന്ന എഴുത്തുകുത്തുകളെ തുടർന്ന് ചില കൂടിയാലോചനകളിൽ ഏർപ്പെടുകയുംചെയ്തു. ഇപ്പോൾ അവർ ചില പ്രത്യേക വ്യവസ്ഥകളിൽ അവരുടെ ഏജൻസി സിസ്റ്റം അനുസരിച്ചു് ഇവിടെ ഒരു കമ്പനി സ്ഥാപിക്കുന്നതിനു് സമ്മതിച്ചിട്ടുള്ളതായി ഇലക്ട്രിക്കൽ ചീഫ് ഇഞ്ചിനീയർ റിപ്പോർട്ടു് ചെയ്തിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഗവർമ്മെൻറ് ചില നടപടികൾ എടുത്തിട്ടുള്ളതു്. ശ്രീ. കെ. പി. പി. മേനോൻെറ റിപ്പോർട്ടും ഇപ്പോഴത്തെ ഇലക്ട്രിക്കൽ ചീഫ് ഇഞ്ചിനീയരുടെ റിപ്പോർട്ടും അനുസരിച്ചു് ഈ വ്യവസായം ഇവിടെ ആരംഭിക്കുന്ന പക്ഷം ഗവർമ്മെൻറിനു് വലുതായ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതു്. അതിൻെറ കാരണവും ഞാൻ വിശദമാക്കാം. ഇപ്പോഴത്തെ വിലയിൽ പത്തു ശതമാനം കുറച്ചുള്ള വിലയ്ക്കു് മീററുകൾ തന്നുകൊള്ളാമെന്നു് ഈ കമ്പനിയുമായുള്ള ഉടമ്പടിയിൽ വ്യവസ്ഥയുണ്ടു്. അതുകൊണ്ടു് രണ്ടുലക്ഷം രൂപയുടെ മീററാണ് നാം ഇപ്പോൾ

വാങ്ങുന്നതെങ്കിൽ ഈ കമ്പനി പ്രവർത്തനം തുടങ്ങിയാൽ ൨൦ ശതമാനം കുറച്ചുള്ള വിലയ്ക്ക് അതേ അളവിലുള്ള മീറററുകൾ നമുക്ക് ലഭിക്കുന്നതാണ്. അങ്ങിനെ ഈ വ്യവസായം ഇവിടെ പ്രവർത്തനം ആരംഭിക്കുന്നതായാൽ ഗവമ്മെൻറിന് ലാഭം ഉണ്ടാകുമെന്നു മാത്രമല്ല, ഈ നാട്ടിലെ കുറെ ആളുകൾക്ക് അവിടെ ജോലി കൊടുക്കുന്നതിനും സാധിക്കും. അതുകൊണ്ടാണ് അസോസിയേറ്റഡ് ഇഞ്ചിനീയറിംഗ് കാപ്പറേഷനിൽ കുറെ ഷയറുകൾ എടുക്കാൻ ഗവമ്മെൻറ് തീരുമാനിച്ചത്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ കമ്പനിയുടെ ഡയറക്ടർമാർ ആരെല്ലാമാണെന്ന് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിൻെറ പ്രതിനിധികളായി രണ്ട് ഡയറക്ടന്മാരുണ്ട്. കൂടാതെ ആരെല്ലാമാണുള്ളതെന്ന് ഞാൻ അന്വേഷിച്ച് പറയാം. ഏകദ്ദേശം നാലോ അഞ്ചോ പേരുണ്ട്. അവരുടെ പേരു വിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇംഗ്ലണ്ടിലെ ആഡം ഇലക്ട്രിസിററി മീററർ കമ്പനിക്ക് ഈ കാപ്പറേഷനിൽ വല്ല ഇൻററസ്ററും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതറിഞ്ഞുകൂടാ. അവരുടെ സാങ്കേതികമായ ഉപദേശവും സഹായവും ഈ കാപ്പറേഷന് ഉണ്ടായിരിക്കുമെന്നും അവരുടെ ഏജൻറന്മാരെന്ന നിലയ്ക്കാണ് ഇതു് പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നതെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ നിന്നും ഏതാനും ആളുകളെ യുണൈറഡ് കിങ്ഡത്തിൽ അയച്ചു ഈ വ്യവസായത്തിൽ പരിശീലനം കൊടുപ്പിക്കാമെന്നുംകൂടി കരാറിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈമാതിരി ഒരു കമ്പനി ഇവിടെ പ്രവർത്തനം ആരംഭിക്കുന്ന പക്ഷം ഇവിടത്തെ ആളുകൾക്ക് ഈ വ്യവസായത്തിൽ പരിശീലനം ലഭിക്കും എന്നുള്ള ഒരു ഗുണം കൂടിയുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പത്തു ശതമാനം വില കുറച്ചു തരാമെന്ന് കരാറുചെയ്തിട്ടുണ്ട്; പക്ഷേ ഉൽപ്പാദനച്ചിലവ് വളരെ കൂടുതലാണെങ്കിൽ കമ്പനി പൊളിഞ്ഞുപോകാവുന്ന വിധത്തിൽ കുറഞ്ഞ വിലക്കുതന്നെ മീറററുകൾ തരണമെന്ന് ഗവമ്മെൻറ് നിർബ്ബന്ധിക്കുമോ?

Mr. Speaker: That is a hypothetical question.

ശ്രീ. കളത്തിൽ വേലായുധൻനായർ: നടപ്പിലാക്കാൻ സാധിക്കാത്ത ഒരു കരാറല്ലേ ഇതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇങ്ങനെ വില കുറച്ചു തന്നുകൊള്ളാമെന്നുള്ള ഒരു കരാറുണ്ടായിരുന്നിട്ടും ഇവിടത്തെ സിമൻറ് ഫാക്ടറിയിൽ നിന്നും ഗവമ്മെൻറിലേക്ക് സിമൻറ് തരുന്നതു് ഇന്ത്യയിലെ മറേറതു് കമ്പനിയിൽ നിന്നും കിട്ടുന്ന വിലയേക്കാൾ കൂടിയ ഒരു വിലയ്ക്കാണെന്ന് ഗവർമ്മെൻറിന് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമ്മെൻറിനു് തരുന്നതു് കൂടിയ വിലയ്ക്കല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ വില മറെറല്ലാ കമ്പനികളിൽനിന്നും കിട്ടുന്ന വിലയേക്കാൾ കൂടുതലാണെന്നു ഗവർമ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉൽപ്പാദനച്ചിലവിൽ കൂടിയ ഒരു വിലയ്ക്കല്ല ഈ കമ്പനിയിൽനിന്നും ഗവർമ്മെൻറിനു് സിമൻറു് കിട്ടുന്നതു്.

ഇക്കാര്യത്തിൽ യാതൊരു ആക്ഷേപങ്ങൾക്കും അവകാശമില്ല. ഏതോ വ്യക്തിയെ സഹായിക്കുന്നതിനു വേണ്ടിയാണു ഇങ്ങനെ കമ്പനികളിൽ ഷയറെടുക്കുന്നതെന്നു് ഇവിടെ ആക്ഷേപങ്ങളുണ്ടായിരുന്നു. എന്നാൽ അതിനു് ഏതെങ്കിലും ഒരു ഉദാഹരണം കാണിച്ചുതരാൻ ഞാൻ എൻെറ സ്നേഹിതന്മാരോടു് അപേക്ഷിക്കുന്നു. ഈ ഗവർമ്മെൻറു് അധികാരത്തിൽ വന്നതിനു ശേഷം ട്രാവൻകൂർ റെയാൺസിനു് കുറെ പണം കടം കൊടുത്തിട്ടുണ്ടു്. ഏതു് വ്യക്തിയെ സഹായിക്കുന്നതിനു വേണ്ടിയാണു് ആ പണം കടം കൊടുത്തിട്ടുള്ളതെന്നു് എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇതു് വ്യക്തികൾ നടത്തുന്ന വ്യവസായമല്ല. കാർപ്പറേഷനുകളും കമ്പനികളും നടത്തുന്ന വ്യവസായമാണു്. ഈ നാട്ടിലെ എല്ലാ ജനങ്ങൾക്കും ഗവർമ്മെൻറിനും പ്രയോജനമുണ്ടാകുമെന്നു് കരുതിയാണു് ഈ കാർപ്പറേഷനിൽ മൂന്നു ലക്ഷം രൂപയുടെ ഷെയറുകൾ എടുക്കാമെന്നു സമ്മതിച്ചിട്ടുള്ളതു്. വളരെക്കാലത്തിനു മുമ്പുമുതൽക്കേ ആരംഭിച്ച ആലോചനകളുടേയും എഴുത്തുകുത്തുകളുടേയും ഫലമായിട്ടാണു് ഈ കമ്പനി പ്രവർത്തനം ആരംഭിക്കാൻ പോകുന്നതു്. ശ്രീ. കെ. പി. പി. മേനോനാണു് ഇലക്ട്രിസിററി സംബന്ധമായ കാര്യങ്ങളിൽ ഈ ഗവർമ്മെൻറിനു് വിദഗ്ദ്ധോപദേശം തരുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ കമ്പനിയുടെ മാനേജിംഗ് ഏജൻറന്മാർ ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അസോസിയേററഡ് ഇഞ്ചിനീയറിംഗ് കാർപ്പറേഷൻ എന്ന പേരിലുള്ള ഒരു കമ്പനിയാണു്. വിശദവിവരങ്ങൾ എനിക്കു് നിശ്ചയമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ശ്രീ. ഈ. ജോൺ കുരുവിള ഈ കമ്പനിയുടെ ഒരു ഡയറക്ടരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആണോ എന്നു് അന്വേഷിച്ചു് പറയാം.

ശ്രീ. ആർ. ശങ്കർ: ഒരു ചോദ്യം കൂടി ചോദിച്ചാൽ കൊള്ളാമെന്നുണ്ടു്. ഇതു വളരെ പ്രയോജനമുള്ള ഈ കമ്പനി എത്രയും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു് മുഴുവൻ നിയന്ത്രണവും ഗവമ്മെൻറിനു് ഉണ്ടായിരിക്കത്തക്കവണ്ണം 51 ശതമാനം ഷെയറുകളും എന്തുകൊണ്ടാണു് ഗവമ്മെണ്ടു് എടുക്കാത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി പ്രവർത്തനം ആരംഭിക്കാൻ പോകുന്നതേ ഉള്ളു. ഇംഗ്ലണ്ടിലെ ആഡം ഇലക്ട്രിസിററി മീററർ കമ്പനിക്കാരും അസോസിയേററഡ് ഇഞ്ചിനീയറിംഗ് കാർപറേഷനും തമ്മിൽ ചെയ്തിട്ടുള്ള കരാറിലെ വ്യവസ്ഥകളനുസരിച്ചാണു് അതിൻെറ പ്രവർത്തനം ആരംഭിക്കാൻ പോകുന്നതു്.

ഗവർമ്മെൻറിൽനിന്നും പണം കൊടുക്കണമെങ്കിൽ ഇന്നയിന്ന വ്യവസ്ഥകൾ അനുസരിക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചാണു് പണം കൊടുക്കുന്നതു്. അല്ലാതെ യാതൊരു രഹസ്യവും ഇതിലില്ല.

എഫ്. എ. സി. ററി. യെപ്പററിയും ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഞാൻ മുമ്പു് പറഞ്ഞിട്ടുള്ളതുപോലെ അതിൻെറ പ്രവർത്തനം ശ്രീ. കസ്തൂർഭായിലാൽഭായി പരിശോധിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ റിപ്പോർട്ടു് ഉടനെ കിട്ടുമെന്നാണു് അറിയുന്നതു്. ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറെ

ചിലവ് കൂടുതൽ ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഗവർമ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കയാണ്. ആ കമ്പനി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് ഗവർമ്മെന്റ് നിശ്ചയിച്ചിട്ടുള്ളത്.

The cut motion moved by Sri. Velayudhan Nair was put and lost.

The question that Government be granted a sum of Rs. 5,67,72,500 under Demand XXXVI—Capital Outlay on Industrial Development was put and carried.

The demand was passed and the grant was made.

Demand XXXV—Capital Outlay on Agricultural Improvement

Sri. T. K. Narayana Pillai: Sir, I move for a grant of Rs. 2,68,600 under Demand XXXV—Capital Outlay on Agricultural Improvement.

Sri. A. J. John: I second the motion.

Mr. Speaker: Does Mr. Velayudhan Nayar move his cut motion ?

Sri. Kalathil Velayudhan Nayar: I am moving my motion. I am not speaking on that.

Mr. Speaker: Yes.

Sri. Kalathil Velayudhan Nayar: Sir, I move: To reduce the total allotment of Rs. 2,68,600 under Demand XXXV by Re. 1."

The motion was put and lost

Mr. Speaker: So, I shall put the demand to vote. The question is that Government be granted a sum of Rs. 2,68,600 under Demand XXXV Capital Outlay on Agricultural Improvement.

Sri. A. Thanu Pillai: I oppose the demand, particularly for this reason. Here is a budget with about 40 items. We have been able to discuss and dispose of only about a dozen. According to the spirit of the Constitution, and in fairness to this House, it should have been made possible for the House to discuss all the demands.

Sri. P. Balakrishnan Tampi: Sir, I rise to a point of order. It is now five.

Sri. A. Thanu Pillai: I know that.

Mr. Speaker: Yes.

Sri. A. Thanu Pillai: So, the requisite number of days have not been made available. The Government should have seen to it that the House had opportunities of discussing the budget at any rate much more fully than we have been able to do. This is remissness on the part of the Government. Under the Constitution, if they had no time, they could have asked for a vote on account, and then continued the discussion on the demands in greater detail. They did not avail themselves of this provision. They did not want to give the House sufficient time. I know that a time limit has been fixed. I am only opposing that. You have put the demand to the House. I oppose it, and I have a right to speak on that.

Mr. Speaker: It is 5 O' clock. I shall now put the demands, one by one, to vote. Under the Rules, I am bound to put the demands outstanding to vote.

Sri. A. Thanu Pillai: We had no time to discuss this or the succeeding demands.

Mr. Speaker: I am putting these demands to vote because the time is up. The member may vote against it, as he has a right to.

Sri. A. Thanu Pillai: You Sir, will merely put it to vote and I will oppose it. That alone is possible.

Mr. Speaker: Any member can vote for or against it but not speak on it.

The question that a sum of Rs. 2,68,600 be granted under Demand XXXV

Capital Outlay on Agricultural Improvement was put and carried.
The Demand was passed and the grant was made.

Demand XIV—Jails

The question that a sum of Rs. 6,27,500 be granted under Demand XIV—Jails was put and carried.
The Demand was passed and the grant was made.

Demand XXXIV—Capital Outlay on Irrigation

The question that a sum of Rs. 76,76,500 be granted under Demand XXXIV—Capital Outlay on Irrigation was put and carried.
The Demand was passed and the grant was made.

Demand XXXVII—Capital Outlay on Civil Works

The question that a sum of Rs. 24,92,200 be granted under Demand XXXVII—Capital Outlay on Civil Works was put and carried.
The Demond was passed and the grant was made.

Demand III—Excise

The question that a sum of Rs. 17,30,900 be granted under Demand III—Excise was put and carried.
The Demand was passed and the grant was made.

Demand IV—Stamps

The question that a sum of Rs. 2,82,600 be granted under Demand IV—Stamps was put and carried.
The Demand was passed and the grant was made.

Demand VI—Registration

The question that a sum of Rs. 11,93,700 be granted under Demand VI—Registration was put and carried.
The Demand was passed and the grant was made.

Demand VII—Motor Vehicles Acts

The question that a sum of Rs. 5,24,600 be granted under Demand VII—Motor Vehicles Acts was put and carried.
The Demand was passed and the grant was made.

Demand X—State Legislature

The question that a sum of Rs. 3,69,400 be granted under demand X—State Legislature was put to vote and carried.

Sri. Kalathil Velayudhan Nair: Sir, I demand a poll. A poll was taken when the House divided as follows.—

Ayes—71

1. Sahib Bahadur V. A. Abdul Aziz
2. „ Abdul Majeed
3. Miss. Accamma Cheriyan
4. Sri. R. Atchuthan
5. „ Alexander Parambithara
6. „ Alexander Vakayil
7. „ Krishnan Ayyappan
8. „ K. Balakrishna Marar
9. „ P. Balakrishnan Tampi
10. „ T. S. Bandhu
11. „ E. Bhaskaran
12. „ N. V. Chacko
13. „ P. Chacko
14. Sri. P. T. Chacko
15. „ K. M. Chandy
16. „ Cheladi Rowther
17. „ K. K. Chellappan Pillai
18. „ Cheriyan J. Kappan
19. Dr. M. O. Cheriyan
20. Mrs. Devaki Gopidas
21. Sri. Ambat Eachara Menon
22. „ Eapen Arakkal
23. „ K. R. Elankath
24. „ A. K. George
25. „ P. Gopalan
26. „ A. L. Jacob
27. Hon'ble Sri. A. J. John

28. Sri. A. V. Joseph
29. ,, K. S. Joseph
30. ,, Joseph Malieckal
31. ,, Joseph Mathen
32. ,, Joseph (Thumbasseri)
33. Hon'ble Sri. C. Kesavan
34. Sri. T. T. Kesavan Sastri
35. ,, N. S. Kochukunju
36. ,, K. Kochukuttan
37. ,, Thariathu Kunjithomman
38. ,, P. Kunjukrishnan
39. ,, N. Kunjuraman
40. ,, K. Kuttappan
41. ,, P. S. Madhavan Vaidyan
42. ,, Mankuzhi M. Madhavan
43. ,, V. Madhavan
44. Sahib Bahadur P. K. Makkaru Pillai
45. Sri. V. O Markos
46. ,, K. A. Mathew
47. ,, M. C. Mathew
48. Sahib Bahadur K. C. Mayankutty Mather
49. Sahib Bahadur K. A. Muhammed
50. Sri. P. Nanoo
51. ,, C. Narayana Pillai
52. Hon'ble Sri. T. K. Narayana Pillai
53. Sri. S. Nilakanta Ayyar
54. ,, G. P. Nilakanta Pillai
55. ,, Paul Thaliath
56. ,, Poulose Pylee
57. ,, Philipose Muthalaly
58. ,, K. Ramakrishna Pillai
59. ,, P. K. Raman
60. ,, M. Raman Pillai
61. ,, Pandavathu Sankara Pillai
62. ,, K. Sarangadharan
63. ,, K. Sekhara Panicker
64. ,, S. Sivaraman Asari
65. ,, A. P. Sivaramakrishnan
66. ,, A. M. Thomas
67. ,, A. P. Udayabhanu
68. ,, P. M. Varghese
69. ,, N. P. Varghese
70. ,, V. K. Varghese
71. ,, M. Varkey

Noes—45

1. Sahib Bahadur A. Abdul Razaak
2. Sri. A. Achuthan
3. ,, K. A. Achuthan
4. ,, K. T. Achuthan
5. ,, V. K. Achutha Menon
6. ,, P. C. Adichan
7. Miss Annie Joseph
8. Sri. K. Balakrishna Menon
9. ,, Chellaswami Nadar
10. ,, Sree V. Das
11. ,, V. Gangadharan Nayar
12. ,, Gasper D'Silva
13. ,, D. Gnanasigamoni
14. ,, E. Gopalakrishna Menon
15. ,, Mannar Gopalan Nayar
16. ,, Kannara Gopala Panicker
17. ,, V. K. Joseph
18. ,, K. K. Kannan
19. ,, T. Kochukrishna Pillai
20. ,, Krishna Das
21. ,, P. K. Krishnan Sastri
22. ,, N. K. Krishna Pillai
23. ,, P. K. Kumaran Asari
24. Sri. T. K. Kunjayyappan
25. Sahib Bahadur T. A. Moideen Kunju
26. Sri. A. P. Nambiar
27. ,, P. S. Nataraja Pillai
28. ,, Neelakantaru Pandarathil
29. ,, Mannathu Padmanabha Pillai
30. ,, C. C. Prasad
31. ,, A. K. Pachu Pillai
32. ,, M. I. Paul
33. ,, K. Ramakrishna Achari
34. ,, R. K. Ram
35. ,, R. Sankar
36. ,, K. N. Sankunni Pillai
37. ,, T. M. Sannalan
38. Sahib Bahadur K. H. Sulaiman
39. Sri. A. Thanu Pillai
40. ,, P. Thanulinga Nadar
41. ,, K. K. Vasu Panicker
42. ,, M. R. Velappan
43. ,, K. I. Velayudhan
44. ,, Kalathil Velayudhan Nayar
45. ,, K. K. Viswanathan

Neutrals—3

1. Sri. C. V. Iyyu
2. „ Ittiera Ambooken
3. „ O. T. Inasu

The motion was declared carried. The grant was made.

Demand XI—Elections

The question that a sum of Rs. 5,13,900 be granted under Demand XI—Elections was put and carried.

The Demand was passed and the grant was made.

Demand XII—District Administration and Miscellaneous

The question that a sum of Rs. 16,60,600 be granted under Demand XII—District Administration and Miscellaneous was put and carried.

The Demand was passed and the grant was made.

Demand XIII—Administration of Justice

The question that a sum of Rs. 36,35,500 be granted under Demand XIII—Administration of Justice was put and carried.

The Demand was passed and the grant was made.

Demand XVI—Ports

The question that a sum of Rs. 29,300 be granted under Demand XVI—Ports was put and carried.

The Demand was passed and the grant was made.

Demand XVII—Scientific Departments

The question that a sum of Rs. 3,77,000 be granted under Demand XVII—Scientific Departments was put and carried.

The Demand was passed and the grant was made.

Demand XIX—Medical

The question that a sum of Rs. 1,08,08,300 be granted under Demand XIX—Medical was put and carried.

The Demand was passed and the grant was made.

Demand XX—Public Health

The question that a sum of Rs. 23,10,600 be granted under Demand XX—Public Health was put and carried.

The Demand was passed and the grant was made.

Demand XXI—Agriculture

The question that a sum of Rs. 13,75,800 be granted under Demand XXI—Agriculture was put and carried.

The Demand was passed and the grant was made.

Demand XXII—Rural Development

The question that a sum of Rs. 45,65,900 be granted under Demand XXII—Rural Development was put and carried

The Demand was passed and the grant was made.

Demand XXIII—Veterinary

The question that a sum of Rs. 4,70,700 be granted under Demand XXIII—Veterinary was put and carried.

The Demand was passed and the grant was made.

Demand XXIV—Co-operation

The question that a sum of Rs. 4,26,800 be granted under Demand XXIV—Co-operation was put and carried.

The Demand was passed and the grant was made.

Demand XXVIII—Electricity

The question that a sum of Rs. 40,20,300 be granted under Demand XXVIII—Electricity was put and carried.

The Demand was passed and the grant was made.

Demand XXIX—Pensions

The question that a sum of Rs. 67,15,600 be granted under Demand XXIX—Pensions was put and carried.

The Demand was passed and the grant was made.

Demand XXX—Stationery and Printing

The question that a sum of Rs. 20,79,500 be granted under Demand XXX—Stationery and Printing was put and carried.

The Demand was passed and the grant was made.

Demand XXXI—Miscellaneous

The question that a sum of Rs. 23,56,900 be granted under Demand XXXI—Miscellaneous was put and carried.

The Demand was passed and the grant was made.

Demand XXXVIII—Capital Outlay on Electricity Schemes

The question that a sum of Rs. 2,48,75,900 be granted under Demand XXXVIII—Capital Outlay on Electricity Schemes was put and carried.

The Demand was passed and the grant was made.

Demand XXXIX—Capital Outlay on Transport Schemes outside the Revenue Account

The question that a sum of Rs. 18,00,000 be granted under Demand XXXIX—Capital Outlay on Transport Schemes outside the Revenue Account was put and carried.

The Demand was passed and the grant was made.

Demand XLI—Loans and Advances bearing interest

The question that a sum of Rs. 79,41,900 be granted under Demand XLI—Loans and Advances bearing interest was put and carried.

The Demand was passed and the grant was made.

Mr. Speaker: The House will now adjourn and meet again at 11 a.m. on Saturday the 31st March 1951.

The House adjourned at 5-14 p.m to meet again on Saturday the 31st March 1951.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly

PROCEEDINGS OF THE TRVAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Saturday, *the 31st March 1951*

VOL. III.] OFFICIAL REPORT [No. 18

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Saturday, the 31st March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day).

Oral Answers

CHAIRMAN OF THE FOOD PRODUCTION BOARD

***1175.** [1] **Sri. D. Gnanasigamoni:** Will the Hon'ble Minister for Services and Appointments be pleased to state.

(*a*) whether it is true that Mr. Ikkanda Warrier, has tendered his resignation of his post as Chairman of the Food Production Board; and

(*b*) if so, the reasons that led to this step?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise.

Sri. D. Gnanasigamoni: Am I to understand that the Chairman of the Food Production Board is still attending to his duties as Chairman of the Board?

Sri. T. K. Narayana Pillai:
Yes.

ഉദ്യോഗങ്ങൾ

*൧൧൭൬. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേററിൽ ൧൯൫൦-ൽ എത്ര ഉദ്യോഗങ്ങൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്?

(ബി) അവയിൽ ൧൦൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ)and(ബി) ഓരോകൊല്ലത്തെ ബഡ്ജററ എസ്റ്റിമേററിൽ അതാതുകൊല്ലത്തിലുള്ള ഓരോ വകുപ്പിലെയും ഉദ്യോഗസ്ഥന്മാരുടെ എണ്ണം ചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ആ കാര്യത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബഡ്ജററിൽ കൊള്ളിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: ഇല്ലെന്നാണ് തോന്നുന്നതു്.

ശ്രീ. എ. കെ പാച്ചുപിള്ള: കഴിഞ്ഞ ബഡ്ജററ ഹാജരാക്കിയതിനു ശേഷം അതിനിടക്ക ആരേയും നിയമിച്ചിട്ടില്ലെന്നാണോ പറയുന്നതു് ?

ശ്രീ. സി കേശവൻ: നിയമിച്ചിട്ടുണ്ടെങ്കിൽതന്നെ ബഡ്ജററിൽ പ്രൊവിഷൻകാണും.

ആശുപത്രിയിലെ രോഗികളുടെ ഭക്ഷണം

*൧൧൭. (ന) ശ്രീമതി ദേവകീ ഗോപിദാസ്: താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

തിരുവിതാംകൂർ പ്രദേശത്തു് ആശുപത്രികളിൽ ഏഴ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളും അനുവദിച്ചിരുന്നപ്പോൾ കൊച്ചി വിഭാഗത്തിൽ ൧൨ ഔൺസ് അരിയും ൪ ഔൺസ് മററു ധാന്യങ്ങളും കൊടുത്തുകൊണ്ടിരുന്നതിൻെറ കാരണമെന്താണെന്നു പറയാമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ)

തിരുവിതാംകൂറിലെ ആശുപത്രികളിൽ ൭ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളുമാണ് കൊടുത്തുകൊണ്ടിരുന്നതു് എന്നു പറയുന്നതു ശരിയല്ല. ൩ മാസത്തിനു മുൻപുതന്നെ ആശുപത്രികളിൽ ൧൦ ഔൺസ് അരിയും ൨ ഔൺസ് മററു ധാന്യങ്ങളും കൊടുക്കുന്നതിനാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്. എന്നാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം ചോദ്യത്തിൽ വിവരിക്കുന്ന അളവു് അതിനു മുൻപുതന്നെ കൊടുത്തുവന്നിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിൽ കൂടുതൽ കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ: മുൻപു ഇവിടെ ൮ ഔൺസും ൨ ഔൺസും ആക്കിയതിനു മുൻപുതന്നെ കൊച്ചിയിൽ കൂടുതലാണ് കൊടുത്തുകൊണ്ടിരുന്നതു്. ആ വ്യവസ്ഥ തുടർന്നുപോയെന്നേയുള്ളു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വ്യവസ്ഥ കൊച്ചിയിൽ നിറുത്തലാക്കാതെ പരിപാലിച്ചുകൊണ്ടുപോയതു് എന്തു ഉദ്ദേശത്തോടുകൂടിയാണ് ?

ശ്രീ. എ. ജെ. ജാൺ: ഒരു ഉദ്ദേശവുമില്ല. പക്ഷെ കൊച്ചി കൊച്ചിയും, തിരുവിതാംകൂർ തിരുവിതാംകൂറുമായിരുന്നു എന്നുള്ള വ്യത്യാസം മാത്രം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൧൨ ഔൺസ്‌വീതം കൊച്ചിയിലുള്ള എല്ലാ ആശുപത്രികളിലും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു് എന്നാണറിയുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വ്യത്യസ്ഥപ്പെട്ടനില എന്നുമുതലാണ് ആരംഭിച്ചതു് ?

ശ്രീ. എ. ജെ. ജാൺ: കൊച്ചിയിൽ വളരെകാലംമുമ്പ് മുതല്ക്കു ഈ രീതിയിലായിരുന്നു. കഴിഞ്ഞ ൪–൩ മാസങ്ങളായി തിരുവിതാംകൂറിലെ റേററ് കൂട്ടുകയാണുചെയ്തതു്.

ശ്രീ. പി. നാണു: സംയോജനം മുതൽ എത്രകാലം ഈ വ്യത്യാസം നിലനിന്നു?

ശ്രീ. എ. ജെ. ജാൺ: സംയോജനത്തിനു മുൻപു തന്നെ ഈ വ്യത്യാസം അവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് തുടന്നതു്.

ശുദ്ധജലം

* ൧൧൭൮. (൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കുട്ടനാട്ടിലെ നിവാസികൾക്ക ശുദ്ധജലം കിട്ടുന്നതിനു എന്തെങ്കിലും ചെയ്യണമെന്നു ഗവമെൻറ വിചാരിക്കുന്നുണ്ടോ;

(ബി) അതിലേക്ക വല്ല പദ്ധതിയും ഗവമെൻറിൻെറ മുമ്പാകെയുണ്ടോ;

(സി) കുട്ടനാട്ടിൽ കിണറുകൾ കുഴിപ്പിച്ചാൽ ശുദ്ധജലം കിട്ടുമോയെന്നു ഗവർമ്മെൻറ വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി) കുട്ടനാട്ടിൽ ശുദ്ധജല ദൌർലഭ്യം പരിഹരിക്കുന്നതിനു കുഴൽ കിണറുകൾ കുഴിക്കണമെന്നു ഗവർമ്മെൻറ ഉദ്ദേശിക്കുന്നു. പരീക്ഷണാർത്ഥം കുമരകം, കൈനകരി ഈ സ്ഥലങ്ങളിൽ ഓരോ കിണർ കുഴിക്കുന്നതിനു ഗവർമ്മെൻറ അനുവദിച്ചിട്ടുണ്ട്.

(സി) മങ്കൊമ്പിൽ പരീക്ഷണാർത്ഥം ഒരു കുഴൽകിണർ കുഴിച്ചുനോക്കി. അതു് ഫലപ്രദമായില്ല. കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: കൂടുതൽ പരീക്ഷണം നടത്തേണ്ടിയിരിക്കുന്നു എന്നുപറഞ്ഞതു് എന്നത്തേക്ക നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വകക്ക് രണ്ടുതരത്തിലുള്ള യന്ത്രങ്ങളുടെ ആവശ്യമുണ്ടു്. ആ യന്ത്രങ്ങൾ വരുത്തുന്നതിനായിട്ടു ൧൮,൦൦൦ ഡോളർ കൊടുത്തിട്ടുമുണ്ടു്. അതു വന്നുകഴിഞ്ഞാൽ ആ ജോലി തുടങ്ങുന്നതായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കുട്ടനാട്ടിൽ ഒരുകാലത്തും ശുദ്ധജലം കിട്ടുകയില്ലെന്നു ഗവർമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുട്ടനാട്ടിൽ പല സ്ഥലങ്ങളെസംബന്ധിച്ചും ശുദ്ധജലംകിട്ടാൻ വിഷമംതന്നെ.

ശ്രീമതി ദേവകി ഗോപിദാസ്: ശുദ്ധജലം കിട്ടാത്തതുകൊണ്ടു ആ സ്ഥലങ്ങളിൽ കാളറ, മസൂരി മുതലായ പകർച്ചവ്യാധികൾ പകരുന്നതിനു എളുപ്പമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനും പകരുന്നതിനും ഇതൊരു കാരണമായേക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: കുഴൽ കിണർ സംബന്ധിച്ച എതു വിദഗ്ദ്ധനാണ് ഗവർമ്മെൻറിനു ഉപദേശം നല്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനായിട്ടു ഒരു എൻജിനീയരെ വരുത്തിയിട്ടുണ്ടു്.

ശ്രീ. ടി. വി. ദേവൻ: കുട്ടനാട്ടിൽ മഴക്കാലങ്ങളിൽ കലക്കവെള്ളവും വേനൽക്കാലത്തു് ഉപ്പുവെള്ളവുമാണെന്നു അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും സംഭവിച്ചേക്കാം.

ശ്രീ. ഏ. പി. ഉദയഭാനു: കുട്ടനാടിനെസംബന്ധിച്ചു മാത്രമല്ല, പൊതുവെ തിരുവിതാംകൂറിൽ പല സ്ഥലത്തും ശുദ്ധജലത്തെസംബന്ധിച്ച മുറവിളി ഒരടിയന്തിരപ്രശ്നമാണെന്ന ഗവർമ്മെൻറിനറിഞ്ഞുകൂടേ ?

ശ്രീ. ടി. കെ. നാരായണപിള്ള: പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടുണമെന്നറിയാം.

ശ്രീ. ഏ. പി. ഉദയഭാനു: ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു പൊതുവെ എന്തെങ്കിലും ഒരു പദ്ധതി സ്വീകരിക്കണമെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണല്ലോ പ്രത്യേകമായി അതിലേക്കു് ഒരു എൻജിനീയരെ വരുത്തിയിട്ടുള്ളതു്.

സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവർ

*൧൧൫. (മ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ സ്വന്തമായി സ്ഥലവും ഗൃഹവും ഇല്ലാത്തവരായി എത്ര വീട്ടുകാരുണ്ടെന്നു പറയാമോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവരുന്നു.

ശ്രീമതി ദേവകി ഗോപിദാസ്: വീടില്ലാത്തവരായ എല്ലാ ആളുകളുടേയും കണക്കെടുക്കാൻ ഒരു പദ്ധതി ഗവമ്മെണ്ടു് രൂപീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

Sri. P. Balakrishnan Tampi: Is it going to succeed anytime within a millenium ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സാധിച്ചേക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടില്ലാത്തവരുടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കാനായി ഒരു പദ്ധതിയുണ്ടെന്നു പറഞ്ഞു. ആ പദ്ധതി പ്രവർത്തനം നടത്തിയിട്ടു എത്രകാലമായി.

ശ്രീ. ടി. കെ. നാരായണപിള്ള: ആ പദ്ധതിപ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതു് ഈ അടുത്തകാലംമുതല്ക്കാണു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: വീടില്ലാത്തവർക്കു് വീടുവയ്ക്കുന്നതിനായി കുറെ സ്ഥലങ്ങളും മറവും വിട്ടുതരാമെന്നു് ഏതാനും ജന്മിമാരും മുതലാളിമാരും സമ്മതിച്ചുണ്ടായിരുന്നതനുസരിച്ചു എത്ര സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ കണക്കു് പറയാൻ നിവൃത്തിയില്ലെങ്കിലും കുറെ സ്ഥലങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറയാം.

ശ്രീ. ഏ. കെ. പാച്ചുപിള്ള: അങ്ങനെ സ്ഥലം തന്നിട്ടുള്ളതു് രേഖാമൂലമായിട്ടാണോ, അതോ വാങ്മൂലമായിട്ടാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള: വാങ്മൂലമായിട്ടുള്ള വാഗ്ദാനമാണ്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: മങ്കൊമ്പിൽ കളങ്ങരമഠത്തിൽ വിഷ്ണുപ്പോററി അവർകൾ സ്ഥലം വിട്ടുതരാമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇട്ടിര അമ്പൂക്കൻ: ഗവമ്മെൻറിൻെറ അനുവാദം കൂടാതെ ആക്കെങ്കിലും സ്ഥലം കൊടുക്കാൻ പാടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സ്ഥലം സൗജന്യമായിട്ടു തരാമെന്നു പറഞ്ഞിട്ടുള്ളതു ആവശ്യപ്പെട്ടതനുസരിച്ചോ അതോ ആവശ്യപ്പെടാതെയോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുവിധത്തിലുമാണു തരാമെന്നു പറഞ്ഞിട്ടുള്ളതു.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ കാരണം പറഞ്ഞു ജന്മിമാർ പല സാധുക്കളേയും കുടിയിറക്കിവിട്ടതായി ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

COMPLAINT AGAINST VETERINARY DIRECTOR

***1180.** [6] **Sri. P. Thanulingam Nadar:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Covernment have received any complaint against the Veterinary Director in the matter of appointment of peons from one J. Maria Victor on 13th February 1951; and

(*b*) if so, what steps have been taken on it?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The petition has been recorded, as the complaint is unfounded.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഡിപ്പാർട്ടുമെണ്ടിൽ നിയമനം നടത്തുന്നതു ഡയറക്ടരാണോ അതോ പബ്ലിക്ക് സർവ്വീസ് കമ്മീഷണരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ആണു നിയമനം നടത്തുന്നതു.

നൂൽവിതരണം

*൧൧൮൧. (൭) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൫ ഒക്ടോബർ ഒന്നാംതീയതിക്കുശേഷം നൂൽവിതരണം സഹകരണസംഘങ്ങൾ മുഖേന മാത്രമെ നടത്താവു എന്നു ഗവമ്മെൻറു ഉത്തരവു ഉണ്ടോ;

(ബി) പരവൂരിലുള്ള മത്സ്യവ്യവസായികൾക്കു നൂൽവിതരണം നടത്തുന്നതിനു ൧൧൨൪-ലെ നവമ്പർ കോട്ടാ വിതരണം നടത്തിയതും അവർ അംഗങ്ങളായുള്ളതുമായ ഒരു സഹകരണസംഘം ഉണ്ടായിരുന്നിട്ടും അതിനുശേഷം അവിടത്തേക്കുള്ള നൂൽവിതരണമെല്ലാം ഒരു വ്യക്തിമുഖേന നടത്തുന്നതിനുള്ള കാരണമെന്താണു;

(സി) മേൽസൂചിപ്പിച്ച സംഘത്തിൽനിന്നും പരവൂരെ നൂൽവിതരണം എടുത്തുകളഞ്ഞപ്പോൾ ആ സംഘം ആവശ്യപ്പെടാതെതന്നെ മററു സ്ഥലങ്ങളിലെ നൂൽവിതരണം അതിനെ ഏല്പിക്കയുണ്ടായോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. എങ്കിലും സഹകരണസംഘമില്ലാത്ത സ്ഥലത്ത് നൂൽവിതരണം ചെയ്യാൻ സ്വകാര്യ ലൈസൻസിയെ അനുവദിച്ചിട്ടുണ്ട്.

(ബി) പരസ്പരസഹായസംഘം മുഖേന നൂൽവിതരണം നടത്തണമെന്ന് ഉത്തരവുണ്ടായതുമുതൽ, കൊല്ലം കോസ്റ്റൽ ഡെവലപ്പുമെണ്ട് കോ-ഓപ്പറേററീവ് സൊസൈററി മുഖേന പരവൂരിലും വിതരണം നടത്തിയിരുന്നു. എന്നാൽ ടി സംഘത്തിന്റെ ആഫീസും പ്രവർത്തനവും പരവൂരിൽനിന്നും ൧൦ മൈൽ അകലെയാണെന്നും ടി സംഘത്തിന് പരവൂരിൽ തിങ്ങിക്കൂടി താമസിക്കുന്ന മത്സ്യത്തൊഴിലാളികളായ മുസ്ലീങ്ങളുടെയിടയിൽ പറയത്തക്ക പ്രാതിനിദ്ധ്യമില്ലെന്നും വിതരണം തൃപ്തികരമല്ലെന്നും തുടർച്ചയായി ആക്ഷേപമുണ്ടായിരുന്നു. അതുകൊണ്ടും മുസ്ലീം സമുദായത്തിലെ അംഗമായ ഒരു മുൻ ലൈസൻസിയെക്കൊണ്ടു വിതരണം നടത്തിച്ചുവരികയാണ്. പരവൂരിൽ ഒരു സൊസൈററി രൂപീകരിച്ചാൽ ഉടൻ സൊസൈററി മുഖേന വിതരണം നടത്തുന്നതാണ്.

(സി) പുത്തൻതുറ എന്ന സ്ഥലത്ത് വിതരണം നടത്താനായി മേല്പറഞ്ഞ ഡെവലപ്പുമെണ്ട് സഹകരണ സൊസൈററിയെ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: മുൻപു വിതരണം നടത്തിക്കൊണ്ടിരുന്നതു് ഒരു ഫിഷറി ഇൻസ്പെക്ടർ ആയിരുന്നു എന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ഈ പരാതികളുണ്ടായതു് എന്തുകൊണ്ടാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ആ സ്ഥലത്തുള്ള ഈ പരാതിക്കാർ മുൻപറഞ്ഞ സംഘത്തിൽ അംഗങ്ങളാണെന്ന് അറിഞ്ഞുകൂടേ?

ശ്രീ. സി. കേശവൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല ഗവമ്മെൻറ് മനസ്സിലാക്കിയതു്. അവിടെയുള്ള ആളുകളിൽ ഒരു ചെറിയ ശതമാനം മാത്രമെ ഈ സംഘത്തിൽ അംഗമായിട്ടുള്ളുയെന്നാണ് ഗവമ്മെൻറ് മനസ്സിലാക്കുന്നതു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: അവിടെ താമസിക്കുന്ന ഇവക്ക് നൂൽ വിതരണം ശരിയായി നടത്തുന്നില്ലെന്നു കാണിച്ചു ഹർജികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഹർജ്ജികൾ കിട്ടിയിരിക്കാം.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ഈ സംഘത്തിന്റെ ആഫീസ് വളരെ ദൂരമായതുകൊണ്ട് അതിലെ അംഗങ്ങളായ ഇവക്ക് പല അസൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളതറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: ഈ പരാതികൾ ഉണ്ടായതിനെല്ലാം ഉത്തരവാദി ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് ആണെന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: അനധികൃതമായി ശ്രീ. റോഡ്രിഗ്സ് മുഖാന്തിരം രൂപീകരിച്ച ഒരു സംഘമാണ് ഇതെന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: സർ, ഞാൻ ചോദ്യം കേട്ടില്ല. എന്നെ സംബന്ധിച്ചായതുകൊണ്ട് അതു് ഒന്നുകൂടി ആവത്തിച്ചാൽകൊള്ളാം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: പറയാം. സഹകരണസംഘംവഴിമാത്രമെ നൂൽവിതരണം നടത്താവൂ എന്ന ഗവമ്മെൻറ് ആർഡർ പുറപ്പെടുവിച്ചതിനുശേഷം അനധികൃതമായി രൂപീകരിച്ചതല്ലേ മി. റൊഡ്രിഗ്സിൻെറ സഹകരണസംഘം എന്നാണെൻെറ ചോദ്യം.

ശ്രീ. റഫേൽ ജെ. റോഡ്രിഗസ്: സർ, ഈ അലിഗേഷൻ തെററാണ്. ൧൧൨൫ ഫെബ്രുവരിയിലാണ് ഈ സംഘം രൂപീകരിച്ചതു്. അപ്പോൾ ഫിഷറീസ് സൂപ്രണ്ട് ആ സ്ഥലത്തു സഹകരണസംഘങ്ങൾ ഒന്നുമില്ലെന്നും അവിടെ ഒരു സഹകരണസംഘം രൂപീകരിക്കണമെന്നും എന്നോടാവശ്യപ്പെട്ടതിനാൽ ഞാൻ അവിടെ ഒരു സഹകരണസംഘം രൂപീകരിച്ചു. അതിനുശേഷമാണ് ഗവമ്മെൻറ് ആർഡർ ഉണ്ടായതു്, സഹകരണസംഘങ്ങൾവഴിയായിട്ടേ നൂൽവിതരണം നടത്താൻ പാടുള്ളുയെന്നു്. സർ, ഇതു ഒരു തെററായ പ്രസ്താവനയാണ്. അതുകൊണ്ടു ഈ പ്രസ്താവന പുറപ്പെടുവിച്ച മെമ്പറോടു അതു പിൻവലിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

Mr. Speaker: The member wants the word "anadhikritham" to be withdrawn. There is nothing wrong or objectionable in the expression.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, അനധികൃതമായുണ്ടാക്കുന്ന സഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്തുകൊടുക്കാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ചില നിയമങ്ങളനുസരിച്ചു് കൊടുക്കാറുണ്ടു്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: അങ്ങനെ അനധികൃതമായി റജിസ്റ്റർ ചെയ്തുകൊടുക്കാറുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില നിയമങ്ങൾക്ക് വിധേയമായി കൊടുക്കുന്നതിൽ വിരോധമില്ലെന്നാണ് ഞാൻ പറഞ്ഞതു്.

Mr. Speaker: The member asks for information about the registration of unauthorised societies. It is open to the Government to clasify the position and say on what conditions, if at all, such registrations take place.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: സർ, അനധികൃതമായി റജിസ്റ്റർ ചെയ്തു എന്നു പറഞ്ഞു. അതായതു് ഇങ്ങനെ ആർഡർ ഉണ്ടായതിനുശേഷം അനധികൃതമായി റജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെട്ടു എന്നും അതു് റജിസ്റ്റർചെയ്തു എന്നുമാണ് സ്റ്റേറ്റമെൻറ്. സർ, അതു് ആക്ഷേപകരമാണ്.

Mr. Speaker: The statement may not be correct. All incorrect statements cannot be said to be objectionable or liable to be withdrawn.

Sri. A. Thanu Pillai: Sir, a word on the question before the House. My point is this. To say that one member did something illegal is defamatory.

Mr. Speaker: Such a statement by itself is not defamatory. The expression "anadhikritham" which means unauthrised has nothing defamatory in it.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുമാത്രമല്ല സർ, കോവാപ്പറേറീവ് സൊസൈററീസ് മുഖാന്തിരം മാത്രമെ നൂൽ വിതരണം നടത്താവൂ

എന്നു പറഞ്ഞതിനുശേഷം കരിഞ്ചന്തയിൽ പണം ഉണ്ടാക്കുന്നതിനുവേണ്ടിമാത്രമാണു് പന്നീട്ട് സംഘം റജിസ്റ്റർ ചെയ്തതു് എന്നുള്ളതിൽ മോട്ടീവ് കൂടെയുണ്ടു്. അതു് ഡെഫമേററി ആണെന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. വി. ഗംഗാധരൻ നായർ: സാധാരണ എല്ലാ എം. എൽ. എ. മാരെ അപേക്ഷിച്ചു് സ്വഭാവശുദ്ധിയുള്ള ആളാണു് ശ്രീമാൻ റൊഡ്രിഗ്സ്. കരിഞ്ചന്തയിൽ സാമാനങ്ങൾ വിററു മററും പണം ഉണ്ടാക്കുന്ന ചില എം. എൽ. എ. മാരേക്കാൾ വളരെ സ്വഭാവശുദ്ധി കൂടുതലുള്ള ഒരു ആളാണു് ശ്രീമാൻ റൊഡ്രിഗ്സ് എന്നുള്ളതു് കൊല്ലത്തു താമസിക്കുന്ന എല്ലാവർക്കും അറിയാം. അങ്ങനെയിരിക്കെ ശ്രീമാൻ റൊഡ്രിഗ്സിനെപ്പററി ഇങ്ങനെ പറഞ്ഞതു് ശരിയല്ല.

മിസ്റ്റർ സ്പീക്കർ: സാധാരണ കരിഞ്ചന്തയിലും മററും പണം സമ്പാദിക്കുന്നവരായി കുറെ മെമ്പറന്മാർ എങ്കിലും ഈ സഭയിൽ ഉണ്ടു്. അവരെ അപേക്ഷിച്ചു് സ്വഭാവശുദ്ധിയുള്ള ആളാണു് മി. റൊഡ്രിഗ്സ് എന്നു പറയുന്നതു് ഈ സഭയിലെ ചില മെമ്പറന്മാരേയും അതു് നിമിത്തം ഈ സഭയേയും സ്പർശിക്കുന്ന ആക്ഷേപകരമായ ഒരു പ്രസ്താവനമാണു്. അതു് ശരിയല്ല.

ശ്രീ. വി. ഗംഗാധരൻനായർ: സർ, എനിക്കു് അങ്ങനെ അഭിപ്രായമുണ്ടു്, അതു് മാററാനൊക്കുമോ?

മിസ്റ്റർ സ്പീക്കർ: മെമ്പർക്കു് അഭിപ്രായമുള്ളതു് ശരിയായിരിക്കാം. അല്ലെങ്കിൽ തെററായിരിക്കാം. അഭിപ്രായം രണ്ടായാലും മാററണമെന്നില്ല. പക്ഷെ, ആ അഭിപ്രായം ചില വ്യവസ്ഥകൾക്കു വിധേയമായിട്ടേ സഭയിൽ പ്രസ്താവിക്കാൻ പാടുള്ളൂ. അതിനാൽ മെമ്പർ ആ പ്രസ്താവന പിൻവലിക്കണം.

Sri. A. Thanu Pillai: Sir, what Mr. Gangadharan said was that considering the generality of members of this House he is a man of good character. I don't think there is any harm in saying that.

ശ്രീ. എം. ഐ. പോൾ: സർ, ഒരു മാന്യ മെമ്പർ ഇവിടെയുള്ള എം. എൽ. എ. മാരെപ്പററി പൊതുവേ അല്ലെങ്കിൽ ചിലരെപ്പററി പറഞ്ഞതു് ഈ സഭയുടെ മുമ്പാകെ വരികയും അതിനെക്കുറിച്ചുള്ള റൂളിംഗ് കൊടുക്കുകയും ചെയ്തിട്ടു് ആ റൂളിംഗ് നടപ്പിൽ വരുന്നതിനുമുമ്പു് മറെറാരു മെമ്പർക്കു് ഇൻറർഫിയർ ചെയ്യാമോ?

മി. സ്പീക്കർ: അനുവാദത്തോടുകൂടി മററു മെമ്പർക്കു് അതിനെപ്പററി സംസാരിക്കാം.

Sri. A. Thanu Pillai: Sir, to me it appears that the impression produced in me was that he did something illegal. That was also I think the impression produced in the House. Then another member gets up and says that here is a Member whose character was attacked. I know that he referred to the Member as one who comes from Quilon, as he himself belonged to that place and perhaps knew him better. There is nothing irregular in saying that the Member bears good character comparing other Members.

മിസ്റ്റർ സ്പീക്കർ: സാധാരണ മനുഷ്യരിൽ നടപ്പുള്ളതുപോലെ എന്നല്ലാ പറഞ്ഞതു്. ഈ സഭയിലെ ചില മെമ്പറന്മാർ കരിഞ്ചന്ത നടത്തുന്നതുപോലെ എന്നാണു് പറഞ്ഞതു്. അതും വളരെ വ്യക്തമായി പറഞ്ഞു. അതിനാൽ അതു് പിൻവലിക്കേണ്ടതാണു്.

ശ്രീ. വി. ഗംഗാധരൻ നായർ: അങ്ങയുടെ ഉപദേശത്തെ പരിഗണിച്ചു് ഞാൻ പിൻവലിക്കുന്നു.

ശ്രീ. പി. എം. വറുഗീസ്: സ്പീക്കറുടെ റൂളിങ്ങ് എത്ര നേരത്തേക്ക് സ്റ്റേ ചെയ്യാം എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് റൂളിംഗിനു് വിധേയമല്ല.

Sri. R. K. Ram: Before asking the Member to withdraw his statement is it necessary to ascertain whether there are really Members in the Assembly who are black-marketers?

Mr. Speaker: No it is not necessary. ഉപദേശം പരിഗണിക്കേണ്ട. അതു കൂടാതെതന്നെ പിൻവലിക്കണം.

ശ്രീ. വി. ഗംഗാധരൻ നായർ: ഞാൻ പിൻവലിച്ചിരിക്കുന്നു.

അദ്ധ്യാപകശമ്പളം

* ൧൧൨൩. (൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയ പദ്ധതിയനുസരിച്ചു് എത്ര പ്രൈവറ്റ് സെക്കൻററി സ്കൂളിൽ അദ്ധ്യാപകശമ്പളം കൊടുത്തിട്ടുണ്ടു്?

(ബി) ഏതു് മാസംമുതൽക്കാണു് അങ്ങനെ കൊടുത്തിട്ടുള്ളതു്?

(സി) മററു സ്കൂളുകളിൽ അതുപോലെ ശമ്പളം കൊടുക്കാത്തതെന്തു കൊണ്ടാണു്?

(ഡി) അദ്ധ്യാപകരുടെ പണിമുടക്കുകൂടാതെ എത്ര സ്കൂളുകൾ ഫീസുപിരിവിന്റെ ൨൦ ശതമാനം ഗവമ്മെൻറിനു് തന്നു?

(ഇ) ഗവമ്മെൻറിനു് ഫീസുപിരിവിന്റെ ൨൦ ശതമാനം തന്നിട്ടുള്ള സ്കൂളുകളിൽ എത്ര എണ്ണത്തിൽ അതിലേക്കു് അദ്ധ്യാപക പണിമുടക്കു നടന്നിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩൪൦ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുത്തിട്ടുണ്ടു്.

(ബി) ൧—൯—൧൯൫൦ മുതൽക്കോ, അതിനുശേഷമാണു് സ്കൂൾ പദ്ധതിയിൽ ചേർന്നതെങ്കിൽ അന്നുമുതൽക്കോ.

(സി) ശമ്പളം ക്രമീകരിക്കുന്നതിനു് ആവശ്യമായ വിവരങ്ങൾ ചില മാനേജ്മെൻറിൽനിന്നും ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണു്.

(ഡി) അദ്ധ്യാപകപണിമുടക്കും ശമ്പള ക്രമീകരണവുമായി ബന്ധമൊന്നുമില്ല.

(ഇ) വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗസ്: ൨൦ ശതമാനം ഫീസു് അടക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: അങ്ങനെ ൨൦ ശതമാനം അടക്കാതിരുന്നതു് അദ്ധ്യാപകന്മാരുടെ കുററംകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ കുററമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗസ്: ഫീസു് പിരിവു് ആരാണു് അടക്കേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരാണ് അടക്കേണ്ടതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മാനേജർ അടച്ചില്ലെങ്കിൽ അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കാതിരിക്കുന്നതു് ന്യായമാണോ?

Mr. Speaker: Order, order. The question is disallowed.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ജൂലൈമാസത്തെ ഫീസ് പിരിക്കാൻ പാടില്ലെന്നു ഓർഡർ കൊടുത്തിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കു് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. എ. താണുപിള്ള: (ഡി) ചോദ്യത്തിനുള്ള ഉത്തരമല്ല പറഞ്ഞതു്. ശമ്പള സമീകരണവും പണിമുടക്കം തമ്മിൽ ബന്ധമില്ലെന്നാണ് ഉത്തരം നൽകിയതു്. ചോദ്യം അതല്ലായിരുന്നു. ചോദ്യത്തിനുള്ള ഉത്തരം കിട്ടിയാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉത്തരംതന്നെയാണ് പറഞ്ഞതു്. പണിമുടക്കുകൊണ്ടാണ് ചില സ്കൂളുകൾ ഗവമ്മെൻറിൽ പണം അടച്ചതെന്നു ഒരു അസംപ്ഷൻ അതിലുണ്ടു്. ആ അസംപ്ഷൻ തെററാണെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: പണിമുടക്കു കൂടാതെയാണോ എല്ലാ സ്കൂളുകളും പണം അടച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. എ. താണുപിള്ള: അദ്ധ്യാപക പണിമുടക്കിന്നിടയാക്കാതെ എത്ര സ്കൂളുകൾ ൭൦ ശതമാനം പണമടച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണമടക്കാത്ത സ്കൂളുകളിലുള്ള അദ്ധ്യാപകന്മാർക്കും ഈ രീതിയിലുള്ള ശമ്പളം കൊടുക്കുന്നതിനെപ്പററി ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കേണ്ടിവരും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിച്ചുവരുന്നുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവമ്മെൻറ് നേരിട്ടു് ഈ കാര്യത്തിൽ ഇടപെട്ടു് ശമ്പളം കൊടുക്കാൻ ഉദ്ദേശിക്കുന്നോ അതോ മാനേജരെക്കൊണ്ടു് നിർബ്ബന്ധിച്ചുകൊടുപ്പിക്കാൻ ഉദ്ദേശിക്കുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള പദ്ധതികൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ൭൦ ശതമാനം അടക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കേണ്ടതുമായി ഗവമ്മെൻറിനു് ബന്ധമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളം കൊടുക്കേണ്ടതു് മാനേജരന്മാരാണ്.

ശ്രീ. എ. താണുപിള്ള: അടുത്ത സ്കൂൾവർഷം തുടങ്ങുന്നതിനു് മുമ്പെങ്കിലും ഈ സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ചുള്ള പ്രശ്നം അവസാനമായി പരിഹരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും പരിഹരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

മീൻപിടിത്ത കപ്പൽ

* ൧൨൫൬. (൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'ചന്ദ്രിക' എന്ന മീൻപിടിത്ത കപ്പലിന്റെ പ്രവർത്തനത്തിന് എന്തു പുരോഗതി ഉണ്ടായിട്ടുണ്ട്;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഏപ്രിൽമാസത്തിനു ശേഷം കപ്പൽ പ്രവർത്തനം നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ആ കപ്പലിനുവേണ്ടി ഗവർമ്മെണ്ടിൽ നിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇപ്പോൾ അതെന്താണ് ഉപയോഗിക്കാത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സീ വർത്തി ആയിട്ടില്ല എന്നാണ റിപ്പോർട്ടു് കിട്ടിയിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ വാങ്ങിയിട്ട എത്ര മാസങ്ങൾ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കുറച്ചുകാലം നടത്തിയിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ പ്രവർത്തനം നടത്തിയ കാലമാണൊ കൂടുതൽ അതോ നടത്താത്ത കാലമാണോ കൂടുതൽ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: അതിനെ സീവർത്തിയാക്കാൻ എന്തു ചെയ്യുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു തവണ റിപ്പയർചെയ്തു് പരീക്ഷിച്ചു നോക്കിയതിൽ പിന്നെയും ചില റിപ്പയർകൂടി ചെയ്യണമെന്നാണ് അറിയിച്ചിരിക്കുന്നതു്. അങ്ങിനെ റിപ്പയർ നടത്തിക്കൊണ്ടിരിക്കണമോ എന്നുള്ളതിനെപ്പററി ആലോചിക്കുന്നു.

Sri. P. Balakrishnan Tampi: Is 'Chandrika' coming back to the place from where it started?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. വേലായുധൻ നായർ മലയാളത്തിൽ ചോദിച്ച ചോദ്യംതന്നെയാണ് ഇതു്.

ശ്രീ. എ. താണുപിള്ള: റിപ്പയർ നടത്തിയതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ബ്രൗൺ ആൻഡ് കമ്പനിയാണെന്നാണ തോന്നുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു നന്നാക്കുന്നതിനു് എത്ര രൂപാ ചിലവായി.

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ രൂപാ ചിലവായി. കണക്ക കൈവശമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: റിപ്പയർ ചെയ്തിട്ടു അതു ശരിയായിട്ടില്ലെങ്കിൽ അവരിൽനിന്നു നഷ്ടമീടാക്കിക്കൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു നിയമ പ്രശ്നമാണു്.

Sri. Elias Mary Antony: Is the ship in porting condition?

(No answer)

ശ്രീ. എം. കെ. പാച്ചുപിള്ള: ഈ കപ്പൽ കരയിലിട്ടിരിക്കുകയാണോ വെള്ളത്തിലിട്ടിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണ പിള്ള: സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നന്നാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. വെള്ളത്തിലിട്ടിരിക്കുന്നുവെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. എം. മാത്യു: ആ കപ്പൽ വിൽക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കേണ്ട സമയമായിട്ടില്ലെന്നു തോന്നുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ആ കപ്പലിനു് എന്തു വിലയായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്റെ ഓർമ്മയിൽനിന്നു പറയുകയാണെങ്കിൽ മൂന്നോ നാലോ ലക്ഷമാണെന്നാണു് തോന്നുന്നതു്.

Sri. P. Balakrishnan Tampi: Sir, when a question is addressed to the Treasury Benches, he must either tell us the exact answer or must claim notice. We do not expect Ministers to reply from their memory and personal knowledge.

മിസ്റ്റർ സ്പീക്കർ: ചന്ദ്രിക എന്ന മീൻപിടിത്തക്കപ്പലിനെപ്പററിയുള്ള ചോദ്യം (എ) അതിന്റെ പ്രവർത്തനത്തിനു് എന്തു പുരോഗതി ഉണ്ടായിട്ടുണ്ടെന്നും (ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി എന്നുമാണു്. അതു എവിടെയെല്ലാം പ്രവർത്തനം നടത്തിയെന്നുള്ളതും, പ്രവർത്തനം നടത്താത്തതിലാണോ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്നുള്ളതും മിക്കവാറും ആ ചോദ്യത്തിൽ നിന്നും ന്യായമായി ഉൽഭവിക്കാവുന്ന ചോദ്യങ്ങളാണു്. അതുകൊണ്ടു് ഗവമെന്റ മെമ്പറന്മാർ പ്രധാനമായ ചോദ്യത്തിൽനിന്നും ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾക്കുകൂടി ഉത്തരം നൽകത്തക്കവിധത്തിൽ വിവരങ്ങളെല്ലാം ശേഖരിച്ചിരിക്കേണ്ടതാണു്. അതുപോലെ തന്നെ വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ ഉപചോദ്യങ്ങൾ ചോദിക്കുന്നതു് പ്രയോജനപ്രദമല്ല. ആ കപ്പലിനു് എന്തു വിലകൊടുത്തു എന്നുള്ള ചോദ്യം അതിൽനിന്നും ഉൽഭവിക്കുന്നതല്ല. വിലകൊടുത്ത കണക്കു് സാധാരണഗതിയിൽ നോട്ടീസു് കൂടാതെ പറയാൻ സാദ്ധ്യമല്ല. അ

ങ്ങനെയുള്ള സന്ദർഭങ്ങൾ വരുമ്പോൾ ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ നോട്ടീസ് ക്ലെയിം ചെയ്തു ഉത്തരം പറയാതിരിക്കാം. ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾകൂടി നിവൃത്തിയുള്ളിടത്തോളമുള്ള വിവരങ്ങൾ ശേഖരിച്ചു് ഉത്തരം പറയാൻ ഗവമ്മെൻറ് മെമ്പറന്മാർ തയാറായിരിക്കുമെന്നു വിശ്വസിക്കുന്നു.

DEVICOLAM LAND ASSIGNMENT

***1184.** [10] **Sri. M. I. Paul:** Will the Hon'ble Minister for Food be pleased to state.—

(*a*) what is the income so far received by the Government from the land assignment in Devicolam for paddy cultivation; and

(*b*) if any income has been received, has that amount been included in the present budget?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**

(*a*) Rs. 6,346—1—4.

(*b*) The lands were leased and the rent was received in 1950—1951. The budget of 1951—1952 cannot give the actual revenue receipts of 1950—51.

ശ്രീ. എം. ഐ. പോൾ: ഗവമ്മെൻറിലേക്കു് കിട്ടിയിട്ടുള്ള ആദായം സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതിൽനിന്നു് ലാൻറ് വാല്യു ആയുള്ളതോ പതിച്ചു കൊടുത്തപ്പോഴുണ്ടായിരുന്ന മുപ്പതിഞ്ചിനു കീഴോട്ടുള്ള വെട്ടി മാററിയ തടിയുടെ വിലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം ആർക്കും പതിച്ചുകൊടുത്തിട്ടി കുത്തകപ്പാട്ടത്തിനാണ് കൊടുത്തിട്ടുള്ളതു്.

ശ്രീ. എം. ഐ. പോൾ. തടിവിലയിൽ ഗവമ്മെൻറിലേക്കു് വല്ല ആദായവും വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഈ ചോദ്യത്തിൽനിന്നു് ഉൽഭവിക്കുമെന്നു വിചാരിച്ചില്ല. അതുകൊണ്ടു് ഇപ്പോൾ അതിനു് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: ഞാൻ ചോദ്യം അയച്ചപ്പോൾ തടിയുടെ വിലക്കാര്യംകൂടി ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ടു് പ്രത്യേകമായി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുന്നതു്, തടിയുടെ വിലവകയായി ഗവമ്മെൻറിലേക്കു് വരവുണ്ടോ, ഉണ്ടെങ്കിൽ എത്രയാണു്; എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: കഴിഞ്ഞ ഒക്ടോബർ സെഷനിൽ തടിവിലയിൽ എത്ര സംഖ്യ വന്നിട്ടുണ്ടെന്നു ചോദിച്ചപ്പോൾ അതിൻെറ വിവരം ശേഖരിച്ചു പൂർത്തിയായിട്ടില്ലെന്നും അടുത്ത അസംബ്ലിയിൽ പറയാമെന്നും പ്രസ്താവിക്കുകയുണ്ടായി.

മിസ്റ്റർ സ്പീക്കർ. ഇപ്പോൾ അതേസംബന്ധിച്ചു മറുപടി പറയത്തക്ക വിവരം കൈവശമില്ല. അതുകൊണ്ടു് അതേപ്പററി വാദപ്രതിവാദം നടത്താൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഈ വനംപതിവിനെ സംബന്ധിച്ചും മററും ചോദ്യങ്ങൾ വരുമ്പോൾ—

ഉദാഹരണമായി മാർച്ചുമാസം ൨൬-ാം തീയതി ഒരു ചോദ്യം ചോദിച്ചതിനു മറുപടി പറഞ്ഞതു് ഉത്തരം തയാറായിട്ടില്ല എന്നാണു്....

മിസ്റ്റർ സ്പീക്കർ: പായിൻറു് ഓഫ് ഓർഡറിൻെറ സംഗതി മാത്രം പറഞ്ഞാൽ മതി. അതേപ്പററി ഒരു പ്രസ്താവന ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഈ വനംപതിവിനെ സംബന്ധിച്ചു് ചോദ്യങ്ങൾ ചോദിക്കുമ്പോഴും അതു സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടാകുമ്പോഴും ഇതിലേക്കു് ഒരു കമ്മററിവച്ചു് അന്വേഷണം നടത്താൻ ഗവമ്മെൻറു് തയ്യാറില്ലെന്നു പറയുന്നു. കൂടാതെ ഇതു സംബന്ധിച്ചു് ഒരു അന്വേഷണം നടത്തി തെററുണ്ടെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം ഗവമ്മെൻറു് നടപടിയെടുക്കാൻ തയാറുണ്ടോ എന്നു് ഗവമ്മെൻറിനെ വെല്ലുവിളിച്ചുകൊണ്ടു് 'നീതിമാൻ' എന്ന പത്രത്തിൽ പ്രസ്താവനയുണ്ടാകുകയും, ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. പാച്ചുപിള്ളയും കൂടി ഈ കാര്യത്തെ സംബന്ധിച്ചു് അന്വേഷണം നടത്തി പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടും ഗവമ്മെണ്ടു് യാതൊരു സമാധാനവും കൊടുക്കാതിരിക്കുന്ന സ്ഥിതിക്കു് ഞാൻ ചോദിക്കുന്നു, മി. കേശവൻെറ ഭരണവും ആലിബാബാ ആൻറു് ഫോർട്ടി റോബേഴ്സിൻെറ പ്രവൎത്തനവും തമ്മിൽ താരതമ്യപ്പെടുത്തുന്നതിൽ തെററുണ്ടോ എന്നു്.

മിസ്റ്റർ സ്പീക്കർ: മി. കേശവൻെറ ഭരണം ആലിബാബാ ആൻറു് ഫോർട്ടി റോബേഴ്സിൻെറ പ്രവൎത്തനവും ആയി സാമ്യപ്പെടുത്തുന്നതിൽ തെററുണ്ടോ എന്നല്ല ചോദ്യം.

ശ്രീ. എം. ഐ. പോൾ: മി. കേശവൻ ന്യായമായി ഭരണം നടത്താത്തതുകൊണ്ടു് ആലിബാബാ ആൻറു് ഫോർട്ടിറോബേഴ്സിൻെറ പ്രവൎത്തനത്തോടു സാമ്യപ്പെടുത്തുന്നതിൽ വല്ല തെററും ഉണ്ടോ എന്നാണെൻെറ ചോദ്യം.

ശ്രീ. സി. വി. ഇട്ടി: ആലിബാബാ ആൻറു് ഫോർട്ടി റോബേഴ്സിൻെറ കഥ ഒരു ചീത്ത കഥയല്ല. ഒരു കള്ളനായിട്ടല്ല ഒരു ഹീറോ ആയിട്ടാണു് അതിൽ ആലിബാബായുടെ കഥ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് മി. കേശവൻെറ ഭരണം ആലിബാബായുടെ പ്രവൎത്തനവുമായിട്ടു സാമ്യപ്പെടുത്തുന്നതു് ചീത്തയായിട്ടല്ല. അതിൽ യാതൊരാരോപണവുമില്ല. ഒരു ഹീറോ ആയിട്ടാണു് പറഞ്ഞിട്ടുള്ളതു്. കായംകുളം കൊച്ചുണ്ണി മുതലായവരും കള്ളന്മാരല്ല. അവരേയും ഹീറോ ആയിട്ടാണു് കരുതേണ്ടതു്. അതുകൊണ്ടു് ആലിബാബാ ആൻറു് ഫോർട്ടി റോബേഴ്സിനോടുപമിക്കുന്നതു് ഒരു ചീത്തയല്ല.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇവിടെ ഉന്നയിച്ച പായിൻറു് ഓഫ് ഓർഡർ എന്താണു്?

മിസ്റ്റർ സ്പീക്കർ: ആലിബാബാ ആൻറു് ഫോർട്ടി റോബേഴ്സിൻെറ പ്രവൎത്തനങ്ങളുടെ നന്മതിന്മകളെപ്പററി പര്യാലോചിക്കേണ്ട സന്ദർഭമോ ആവശ്യമൊ ഉത്ഭവിക്കുന്നില്ല. കൂടാതെയും രണ്ടു സംഗതികൾ തമ്മിൽ താരതമ്യപ്പെടുത്തുന്നതിലൊ അവകൾ തമ്മിൽ സാമ്യം കണ്ടുപിടിക്കുന്നതിലൊ തെററുണ്ടൊ എന്നു ഒരു വിദഗ്ദ്ധാഭിപ്രായം സഭയിൽ ചോദിക്കുന്നതിനൊ സഭയിൽനിന്നും ലഭിക്കുന്നതിനൊ മെമ്പൎക്കവകാശമില്ല.

എന്നാൽ മെമ്പർ ഒരു പായിൻറു് ഓഫ് ആർഡർ റെയിസ് ചെയ്യുന്നുവെന്നുള്ള ഭാവത്തിൽ ഈ സഭയുടെ കുറെവളരെ സമയം വ്യയം ചെയ്കയും അസംഗതവും സന്ദർഭോചിതമല്ലാത്തതുമായ പ്രസ്താവനകൾ, അങ്ങിനെയുള്ള പ്രസ്താവനകൾക്കു് ഉദ്യമിക്കുന്നതു ശരിയല്ലെന്നു മെമ്പറെ ഉൽബോധിപ്പിച്ചിട്ടും,

മെമ്പർ സഭയിൽ പുറപ്പെടുവിക്കുകയും ചെയ്തു. ഈ സഭയുടെ അന്തസ്സിനു യോജിച്ച ഒരു പ്രവൃത്തിയാണെന്നു തോന്നുന്നില്ല. ഇതു് സഭയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരത്തക്കവിധത്തിൽ ഗൗരവം അർഹിക്കുന്ന ഒരു സംഗതിയായി കരുതുന്നു. സഭയുടെ അഭിപ്രായം അടിസ്ഥാനമാക്കി വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഇതു് സംബന്ധിച്ചു എനിക്കു് ഒരു കാര്യം പറയാനുള്ളതു്..........

Mr. Speaker : That matter is over. The ruling has been given The matter need not be reopened.

Sri. P. Balakrishnan Tampi : Nothing was meant by the hon'ble Member to discredit this House; and so I think that the matter may be condoned and that the Chair may be pleased to overlook the matter.

Mr. Speaker : Yes, if that is the sense of the House it may be so done.

SALT MANUFATURING

***1185** [11] **Sri. M. I. Paul:** Will the Hon'ble Minister for Industries be pleased to state.—

(*a*) is salt manufacturing a success at Malipuram; and

(*b*) whether the Government intend to develop salt manufacturing in the State; if so how?

Chief Minis'er **(Sri. C. Kesavan) :**

(*a*) Since the production is now regulated by the Central Salt Factory, this Government have no information.

(*b*) Yes; by making available more lands for the salt industry.

ശ്രീ. എം. ഐ. പാൾ: സർ, ഈ സ്ഥലം ഒരു വ്യക്തിക്കു് സാൾട്ടു് മാനുഫാക്ചറിംഗിനു് കൊടുത്തപ്പോൾ ഗവമെന്റു് വ്യവസ്ഥ അനുസരിച്ചു ഇത്ര കൊല്ലത്തിനുള്ളിൽ ഇത്ര ഉപ്പുണ്ടാക്കണമെന്നും അല്ലെങ്കിൽ സ്ഥലം ഗവമെന്റു് തിരിയെ എടുക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു എന്നുള്ള സംഗതി ഗവമെന്റിനറിയാമോ?

Sri. C. Kesavan : There is a contract between the Government and the lease-holder and the terms are being observed.

ശ്രീ. എം. ഐ. പാൾ: ഇപ്പോൾ കൊടുത്തിട്ടുള്ള വ്യവസ്ഥയനുസരിച്ചു വേണ്ടത്ര ഉപ്പുണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇത്ര ഉപ്പുണ്ടാക്കണമെന്നുള്ള വ്യവസ്ഥയിലല്ല കൊടുത്തിട്ടുള്ളതു്; വ്യവസ്ഥയനുസരിച്ചു പ്രവർത്തിച്ചില്ലെങ്കിൽ തിരിച്ചെടുക്കണമെന്നു് വ്യവസ്ഥയുണ്ടു്.

മൂത്രപ്പുരയും വിശ്രമസ്ഥലവും

†*൧൧൮൬. (൧൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പല ബസ്സുകളും കാറുകളും വരുന്നതും പുറപ്പെടുന്നതുമായ എടക്കൊച്ചിയിൽ ഒരു മൂത്രപ്പുരയും ഒരു വിശ്രമസ്ഥലവും ഏർപ്പെടുത്തണമെന്നു് നിവേദനങ്ങൾവഴിയും നിയമസഭാചോദ്യങ്ങൾവഴിയും ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

†The question was put by Sri. Sebastian Thoppil, with the permission of the Chair.

(ബി) മൗലികമായ ഈ ആവശ്യം സാധിക്കുവാൻ വല്ല നടപടിയും എടുക്കുവാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ആരോഗ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: എന്തു നടപടിയാണിപ്പോൾ എടുത്തിരിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: താല്ക്കാലികമായി ഒരു ഷെഡ്ഡ് പണിയുന്നതിനു ൨൦ സെൻറ സ്ഥലം പൊന്നുംവില കൊടുത്തു എടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടെ പെർമെനൻറായി ഒരു ഷെഡ്ഡ് പണിയുന്നതാണ്.

സഹകരണസംഘങ്ങൾ

*൧൧൮൭. (൧൩)† ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര സഹകരണസംഘങ്ങൾ സമാപ്തീകരിക്കപ്പെട്ടിട്ടുണ്ട്;

(ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പല സംഘങ്ങളും തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നുള്ള സംഗതി ഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ്. മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഒൻ.

(ബി) വളരെ കാലമായി യാതൊരു പ്രവർത്തനങ്ങളും ഇല്ലാത്തതുകൊണ്ട്.

(സി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ പ്രവർത്തനം നടത്തുന്നില്ലെന്നുള്ള സംഗതി ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിരുന്നോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ടുമെണ്ടിൻെറ ദൃഷ്ടിയിൽപെട്ടിരുന്നു. ഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടതിപ്പോഴാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ സാമ്പത്തിക വർഷത്തിൽ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു വേണം.

ARATHINKAL-MARARIKULAM ROAD

***1188.** [14] **Sri. Eapen Arakkal:** Will the Hon'ble Minister for Works and communication be pleased to state.—

(*a*) whether it has been brought to the notice of Government that the Arathinkal-Mararikulam road completed in 1122 M. E. is still unfit for through vehicle traffic on account of the absence of three bridges at Arathinkal, Chennavelli, and Chethy;

(*b*) whether repeated representations have been made for the immediate construction of these bridges;

† The question was put by Sri. Sebastian Thoppil, with the permission of the Chair.

(*c*) whether the construction of culverts and bridges along finished roads has been included in the relief works also in Shertallai taluk; and

(*d*) why is it that nothing was done in the matter?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

(*c*) No.

(*d*) That is a matter to be looked into.

Sri. Eapen Arakkal: May I know whether Government be pleased to include a token amount in the next year's budget for the construction of the culverts etc?

Sri C. Kesavan: It will be included if it is found to be necessary.

GRANTS TO SCHOOLS

***1189.** [15] **Sri. Eapen Arakkal:** Will the Hon'ble Minister for Education be pleased to state:—

(*a*) whether any representations have been received by the Government from the Anglo-Indians in Tangasseri, Quilon and from the management of the two Anglo-Indian Educational institutions praying for the immediate giving of grants to these two schools; and

(*b*) is it a fact that not even a pie has been given by this Government as grant to these two schools after the enclave was absorbed in this State?

Minister for Education Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) No; orders have already been issued for the disbursement of the amount due to these institutions as grant from 25th January 1950 to 31st March 1951.

Sri. Eapen Arakkal: What is the amount that has been ordered to be disbursed?

Sri. T. K. Narayana Pillai: I am not in a position to give the exact amount.

Sri. Eapen Arakkal: Do the Government know that only 12,000 rupees have been ordered to be disbursed?

Sri. T. K. Narayana Pillai: The amount has been sanctioned on the basis of the amount sanctioned previously by the Madras Government.

Sri. Eapen Arakkal: Whether the Government are aware that the Madras Government were giving 25 to 30 thousands by way of grants to buildings, teaching, maintenance, etc.

Sri. T. K. Narayana Pillai: I am not in a position to say. But these amount now sanctioned relates only to the grant to the institutions by way of salary.

Sri. Enpen Arakkal: May I know whether the Government are aware that the institutions were receiving grants under three heads from the Madras Government?

Sri. T. K. Narayana Pillai: Yes.

Sri. Eapen Arakkal: May I know whether this Government will be giving those grants that were being given by the Madras Government?

Sri. T. K. Narayana Pillai: That is under consideration.

The Travancore-Cochin Appropriation No. 2 Bill 1951

Mr. Speaker: Order, order. We now proceed to Legislative Business—Introduction and further stages of the Travancore-Cochin Appropriation Bill (No. 2) 1951.

Miuister for Law, Finance and Revenue **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Appropriation Bill (No. 2) 1951.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

Mr. Speaker: The Bill is introduced.

Sri. A. J. John: I beg to move that the Travancore-Cochin Appropriation Bill (No. 2) 1951 be taken up for consideration at once.

ഭരണഘടനയിലെ ൨൦൩-ാം വകുപ്പനുസരിച്ചുള്ള ധനാഭ്യർത്ഥനകളെല്ലാം പാസ്സാക്കികഴിഞ്ഞതിനുശേഷം ൨൦൪-ാം വകുപ്പനുസരിച്ച് ഒരു അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിച്ചു പാസാക്കണമെന്നുണ്ട്. അതിന്റെ ആവശ്യം ൨൬൬ (൩)-ാം വകുപ്പിൽ വിവരിച്ചിട്ടുണ്ട്. കൺസാളിഡേറ്റഡ് ഫണ്ടിൽ നിന്നും ഏതെങ്കിലും തുക എടുക്കണമെങ്കിൽ അപ്രോപ്രിയേഷൻ ബിൽ പാസാക്കണമെന്നുണ്ട്. അതനുസരിച്ചാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കൺസാളിഡേറ്റഡ് ഫണ്ട് എന്താണെന്നും ആ വകുപ്പിൽതന്നെ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ എട്ട് ദിവസങ്ങളായി ഈ അസംബ്ലി വോട്ടുചെയ്തിട്ടുള്ള ൨൨,൬൪,൬൩,൬൦൦ രൂപയും കൺസാളിഡേറ്റഡ് ഫണ്ടിൽ ചാർജ്ജ് ചെയ്തിട്ടുള്ള ൨,൩൪,൮൬,൧൦൦ രൂപയും ചേർത്തു ൨൪,൯൯,൪൯,൭൦൦ രൂപയാണ് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ബില്ല സഭ ഉടൻതന്നെ പര്യാലോചനക്കെടുത്തു പാസാക്കിത്തരണമെന്നു അപേക്ഷിക്കുന്നു

ശ്രീ. എ. താണുപിള്ള: പോസ്റ്റ്‌വാർ റീകൺസ്ട്രക്ഷൻ ഫണ്ടിൽനിന്നും ചിലവാക്കാനുദ്ദേശിക്കുന്ന തുക ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെസംബന്ധിച്ച് ഞാൻ ഇന്നലെ പറഞ്ഞ കാര്യങ്ങൾ എന്റെ സ്നേഹിതൻ ശ്രീ. താണുപിള്ളക്ക് ശരിയായി മനസിലായിട്ടുണ്ടെന്നു തോന്നുന്നില്ല. പോസ്റ്റ്‌വാർ റീകൺസ്ട്രക്ഷൻ ഫണ്ട് എന്നു പറയുന്നതു നേരത്തെതന്നെ ഈ സഭ അനുവദിച്ചിട്ടുള്ള സംഖ്യയാണ്. അങ്ങിനെ ഇതിനുമുമ്പ് അനുവദിച്ചിട്ടുള്ള സംഖ്യയിൽ ചിലവായതു കഴിച്ചു ബാക്കി മിച്ചം ഇരിപ്പുള്ള സംഖ്യയാണ് പോസ്റ്റ്‌വാർ റീകൺസ്ട്രക്ഷൻ ഫണ്ട് എന്നയിനത്തിൽ ചേർത്തിട്ടുള്ളതു. അതിൽനിന്നും ചിലവായ തുകകൾ കുറച്ചിട്ടു ബാക്കിയുള്ളതു മാത്രമാണ് ചേർത്തിരിക്കുന്നതു. ആ വിവരം ബഡ്ജററിൽ പ്രത്യേകം പറഞ്ഞിട്ടുമുണ്ട്. കമേർഷ്യൽ ട്രാൻസാക്ഷനുകളുടെ വർക്കിംഗ് എക്സ്പെൻസസ് ഇനത്തിൽ ചിലവായിട്ടുള്ളതു നീക്കി മിച്ചമുള്ള തുകയാണ് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ചേർത്തിട്ടുള്ളതു.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഇതിനെ പിന്താങ്ങുന്നു.

Sri. A. Thanu Pillai: Sir, it is difficult to support this Bill. In the first place, the various demands under which the amounts have been included in this Bill have not all been subjected to adequate discussion by this House. Out of forty-one demands, this House has been able to consider only fourteen. Very large amounts, no doubt, were granted yesterday evenening by the majority. of this House because the party in power has a majority.

Sri. P. Balakrishnan Thampi: It is obvious, Sir.

Sri. A. Thanu Pillai: I thank the hon'ble Member for the rare kind of information that he has been good enough to give me. Whatever that may be, my point is, sufficient number of days ought to have been allotted for the consideration of the budget and for the consideration of the demands. Of course, the Finance Minister my indulge in his own smile, but here we are concerned with the expenditure of public money. Sir, they wanted to introduce the budget towards the close of February and have the budget discussed here. But we all know how the meeting had to be put off. Any set of Ministers should be weeping instead of laughing when they remember that fact. After having announced the day for the introduction of the budget, they came forward and said "our Ministers are out of office for reasons that cannot be discussed here" For no reason that can stand scrutiny; for no reason that can be disclosed to the public of this land whom they say they are serving". Then the meeting had to be adjourned a fortnight. Still we are in the dark as to how the situation came about, how this was necessitated. Those Ministers, neither those who have gone out of office nor those who came in again, have yet a word to say about the reason or the circumstances or the grounds on which they asked for the adjournment of the period. When I raised that point, you told the House that one cannot compel them to make any announcement. Sir, Ministers may change; some one may go out and others come in. But the period of presentation of the budget is important. I refer to this as particularly important because we cannot get a proper time to discuss the budget. A fortnight was taken away by them. At a time when the budget could not for some reason or other be introduced sufficiently early they could have asked for the necessary money to have the administration run for a month or two, and then adequate time given to discuss the budget. Majority cannot be taken advantage of for all manner of purposes. That is one of the main reasons why I oppose this. I make mention of this that in the times to come atleast those Governments then in office will see that ample time is given to the Legislature to discuss the budget fully.

Sir, then again, this Government is not at all careful in expending public moneys. Now, lakhs and lakhs of rupees, as I mentioned, have been set apart in the budget for equalisation of pay and for integration of services and so on. Sir, what were they doing all this time? This Government is clearly unfit to deal with a simple question like the integration of services between Travancore and Cochin. How many months have elapsed since integration of the two States has taken place? What is the length of time that has elapsed since integration took place, and where do we find ourselves today? Though they have got their own officers, and though people have been brought from outside for the purpose, nothing has happened; and they now say that they are bringing outsiders again to deal with this question. Is there any more deplorable or any more scandalous admission of failure to deal with an ordinary matter like integration of services? Is any superhuman intelligence or ability needed for this purpose? Where is the justification for this delay? This is a simple matter. Sir the fact is that the Ministers shut their eyes to the fact that they are serving the public of this land. They are not able to put public interests before private interests, public considerations before private considerations. That is exactly what we find. That is the main cause of their failure. They are not able to effect the integration; they are going to bring somebody from outside. Sir, there is positive danger if somebody is going to be brought for this purpose from the Government of India or from any other source. The local Government will not be able to stand up and say to him "you are wrong here; you are wrong there." He takes a decision and throws it up before the Ministers and they

[Sri. A. Thanu Pillai]

have to accept it. We are aware now how some people are brought from the Government of India and how they lord over the Ministers. Here this question ought to be dealt with by the Ministers in a fair and just way. They could have brought the matter for discussion here and we could have evolved a set of principles on which they could have integrated the services. The services are all important. Without a contented service, we are not going to have anything done properly. They have yet to realise that. They have provided large sums of money. But nothing has happened and the services are thoroughly discontented and the country will be soon in confusion.

Now, one word about the police, in this connection. What is the position of the police today Sir. I went to Perur and saw things myself which would make any man shed tears. Sir, this is a grave matter. My own feeling is—and I make that statement with my heart full of grief—when I consider the future of the country if the police gets out of control, how are we going to rule? These are instances that go to make the police disloyal. That is my fear. Suppose in a number of instances,—the police is punished. What is the result? I think the police will become disloyal and if you allow the police to act in the way they have done at Perur, they will become disloyal. That is the danger we are being driven to today. I do not think that the Government are realising that. The Government are the body to keep the police under control. But they are fast getting out of control. Any Government should keep the police properly and under control. I would even suggest that some officers of character should be vigilantly watching the movements of the police, particularly the reserve police. The have very little work to do. They are fed and maintained and they ought to be vigilantly watched, advised and controlled. The character of the police is of the essence of the Government, particularly in the conditions of things in which we are living. That is not a small matter. Any way, the Perur officers should be very severely punished. I now find that some of the senior officers have also been placed under suspension. The police force is under nobody's control. Whoever is responsible for the administration of the police department is absolutely inefficient. It may be the officers of the department; it may be Ministers; anyway, it is a very dreadful sign that we see before us.

Then, Sir, in regard to the expenditure of public funds, some questions were put both yesterday and the day before yesterday about certain industrial concerns in which the Government are going to take shares. Yesterday the question was raised as to who were the directors, who constitute the managing agency etc. What is it that the Government are going to do? There is a lot of scandal that Government want to help some favoured persons, some relations of Ministers, and so on. The Minister in charge was not able to answer any question. He merely said that "I have not got the information with me." Is he going to take shares in companies, the directorate of which is not within his knowledge, the managing agency of which is not within his knowledge? Is there then any wonder that people say that the whole administration is corrupt? The Ministers are corrupt; some members say that the whole administrative party is corrupt. There may be difficulty in proving things, Sir, but every one of us should try to be above board or suspicion. But can these Ministers say that they are adhering to that principle? Why not give the information that is wanted, legitimately wanted, by the Members of this House? Sir, they have taken credit for very large amounts for disposal in the way the Ministers like; under every budget head we find them. How are they going to spend money? They should be very very careful in doing so, and satisfy this House.

While on the question of corruption, I hope I shall not be construed to stray from the right path when I say that there have baen many allegations of corruption

against the Ministers. A member of the Congress Party itself has made that open allegation. What have the Government done? Of course in some newspapers, I found that the Government of India gave a direction [that the Minister may take steps to prosecute the person concerned. I am not asserting things one way or the other, but then, Sir, the character of the Ministers should be above board. The character of the Ministers should be above suspicion. Has the Government taken the right step in regard to that matter? Should they not have instituted an enquiry and given the Minister an opportunity to clear his character? Have they 'done it and should they not have brought to book the Minister if he has really erred? Or, should they not have brought to book the Member who made that allegation—that very very serious allegation—if she has erred? Can we allow things to drift in this way? It was an allegation not against a private individual. It was not even an allegation against an officer of Government, in which case probably the Government would have dispensed with his services or prosecuted the person who made those allegations, as the case may be. But it was an allegation against the Government, and I am sure they have not taken the right step in that direction. Sir, there have been charges of corruption in every field of administrative work in food, supplies, controls, clothing, iron materials—in all spheres of Governmental activity, we heard a good deal about corruption. The greatest disservice the present Government have done to this State is that they have deprived the people of their confidence in democracy. Of course this Goverument will have to answer to these charges, and history will record that in Travancore-Cochin, people's faith in democracy was not only shaken but was almost destroyed by the present administration. I am not exaggerating. Anybody who reads the papers, anybody who moves about among the people, anybody who gets any knowledge of how things are being done in Travancore-Cochin today will certainly endorse this statement of mine.

Then, Sir, this Government are leaving many important matters in confusion for long periods. We heard a good deal about school masters. Even now the Government have been considering for well over a year and what has their consideration led to? It has practically led to nothing except chaos. There must be some definiteness about the Government. They must try to see that people have some faith in them, some respect for the Government. All that is being undermined. People do not care for the Government. Government do not deserve the confidence or respect of the people. They want to make a show of things—their housing problem, their industrialisation problem; their expansion of food supply problem. But, Sir, everywhere we find nothing but chaos and confusion. All this must change, and we must realise that we are in the beginning of things so far as our democracy is concerned. Sir, Government must realise that we have enacted a Constitution for a democratic Republican Government in India. that has laid down very many sound provisions and principles relating to fundamental rights, and very many other provisions as directives for the well-being of the State. Now, Sir, have they cared to read the Constitution, I ask. We have got here a Public Service Commission. We were told a few days ago that the Public Service Commission has now nominated or selected a dozen magistrates. Sir, I put a question; how many magistrates do you want now? They want only one. So, when are you going to give jobs to those eleven magistrates? They said: "in the course of the next two years". What does that show, Sir? That shows clearly—that Government are guided not by considerations of public interest but by personal considerations. Why should they select now a dozen men to become magistrates? Is this Public Service Commission to go out of existence tomorrow after having

[Sri. A. Thanu Pillai]

done this job? They will continue. And will there not be better men, more suitable men coming forward in tne course of the next two or three years to become magistrates? Evidently some persons wanted to be favoured—men of influence. And this is the way they deal with these matters.

What about this Public Service Commission itself? That is one of the most important bodies that the Constitution contemplates. The Public Service Commission is to discharge their work not in a way they have been doing it till now but in accordance with the principles laid down in the Constitution. We have asked again and again: Are you adhering to the old rules of recruitment or have you framed a new set of rules consonant with the provisions of the Constitution? They have not done the latter. They are still following the old rules, and what is this Public Service Commission doing? They have not framed the rules? How long do they want to frame the rules? Their tardiness, their inefficiency, their incapacity, is comparable only to the incapacity displayed by the Government in the matter of service integration. With such bodies as this Public Service Commission, and so on, how is the State to proceed? When is the State to progress? How are you going produce that India which was in view when the Constitution was evolved? Sir, there is absolutely nothing to justify the continuance of this Ministry. Look at the mess they have made of public life, in the Legislature, in the Ministry, in the Government, among the services, and among the non-official public men. It is all round demoralization and wholesale deterioration. That is all that is to the credit of this Government today. I oppose this Appropriation Bill.

Sri. D. Gnanasigamoni: The Hon'ble Minister in charge of the Bill began his speech by saying that eight days have been alloted for the voting on demands for grants, and, therefore, he seems to feel satisfied that he has followed the proper procedure and that this procedure is in consonance with the Constitution. To me, it appears that according to article 203 (2) of the Constitution, every demand will have to be submitted to the vote of the Legislature in the same manner followed for the voting of demands for grants, and not in any other manner. And if that is not possible, the procedure that has to be followed is the procedure contemplated under article 206 (1) (a) which says: "Notwithstanding anything in the foregoing provisions of this Chapter, the Legislative Assembly of a State shall have power:—

(*a*) to make any grant in advance in respect of the estimated expenditure for a part of any financial year pending the completion of the procedure prescribed in Article 203 for the voting of such grant and the passing of the law in accordance with the provisions of Articlc 204 in relation to that expenditure".

I am bringing this to the attention of the Hon'ble Minister to show that the procedure that is now followed will practically render nugatory the provisions of article 206 (1) (a). The wording used in article 206(1) (a) is 'pending the completion of the procedure prescribed in Article 203'. That can only mean submiting every demand for the vote of the Legislature. The two Articles will have to be read together, and then it will be found that the procedure we follow is not in keeping with the spirit of the Constitution for there is no poovision for a guillotine as we do here. I want only to place two matters as regards the procedure prevailing in the House of Commons. There, if there is no time for the vote on all the demands as contemplated by law, a vote on accounts is resorted to. We find this at page 640 of May's Parliamentary Practice. In the year 1833, it was not possible to bring all the demands to vote as required by the rules. Then they adopted this

procedure of vote on accounts. The relevant sentence is: "When in 1833, the date of the commencement of the financial year was changed from 1st January to 1st April, it was in the hope that the House of Commons would be able to vote all supply before that date and so avoid votes on account. This procedure provided ill-found and votes on account are now a recognized part of the business of the financial year". In support of that, we have got a good number of instances where when the House of Commons was unable to complete the financial demands in accordance with law, votes on accounts have been resorted to. That often occurs before the dissolution of Parliament. Page 676 of May's Parliamentary Practice says: "Grants on accounts may also be rendered necessary by the dissolution of Parliament. If the dissolution occurs in the early portion of a session, before supply is completed, it may be necessary to take a votes on accounts sufficient to carry on all the services, Navy, Army and Air as well as Civil, until the new Parliament is able to consider the grant of supply." A good lot of instances have been given therein where four months' grant, six months' grant, and even a two months' grant have been made in order to enable the new Parliament to complete the financial business in the normal way.

Now, the Hon'ble Minister concerned simply seems to be satisfied with the allotment of eight days for the financial business, but that is not the procedure according to the procedure prescribed in Article 203. If according to that article, financial business is not completed, the procedure that has to be followed is the procedure that is prescribed in Article 206(1) (a), because under the Constitution, every demand will have to be submitted to the vote of the Legislature and no other procedure is contemplated. You, Sir, exercising your rights as the Speaker of this House, have framed certain rules on votes on account, but if this is the procedure that is followed, there will be no opportunity whatever for this House to make use of these rules. These rules will ever remain a dead letter, and no purpose will be served by them. I am only pointing out that the present procedure practically renders nugatory Article 206 (1) (a). I bring to the attention of the Hon'ble Minister concerned these defects and that this ought not to be the procedure that is to be followed hereafter.

However, the procedure followed in this House now can, to some extent, be justified, because article 208(2) of the Constitution says: "Until rules are made

> under clause (1), the rules of procedure and standing orders in force immediately before the commencement of this Constitution with respect to the Legislature for the corresponding Province shall have effect in relation to the Legislature of the State subject to such modifications and adaptations as may be made therein by the Speaker of the Legislative Assembly, or the Chairman of the Legislative Council, as the case may be".

So, under this article, a temporary provision has been made. Rules may have to be framed. This is only an interim period. My submission is that rules already framed should have been framed in consonance with the principles underlying the Constitution, and not to render the provision relating to 'votes on account' nugatory.

Sri. P. Balakrishnan Tampi: Sir, it will take some time for us to acclimatise ourselves to the new constitutional procedure because inevitably both the Opposition and the members of these benches will have to give three editions however much they try, on the Rajpramukh's speech, General Budget discussion and on the Appropriation Bill. Therefore, I ask the indulgence of the House if unconsciously I repeat the sentiments which I or my colleagues on this side of the

[Sri. P. Balakrishnan Tampi]

House must have stated on previous occasions. I was watching with interest the performance of the Leader of the Opposition Mr. Thanu Pillai. In my mind I was carried back to the good old days of the Old Testament when prophet Jeremiah breathed fire, sulphur, etc. and made wild prophecies. According to the modern Jeremiah next year this time, this land will be full of confusion, this House will have dissolved and what things might happen. I have always had respect for my erst-while leader and that is the reason why I am unaccountably perturbed by the shape of things to come as prophecied by my friend Mr. Thanu Pillai. But on cooler thinking I find nothing like that is going to happen. After all, Sir, all the irregularities and the confusion pointed out by my friend if they are irregularities are irregularities which the present Government continue them in good faith. They are very regular things done while Mr. Thanu Pillai ably guided us, I mean ably functioned as the Chief Minister. He put down the number of particular days for the discussion of the budget. This House is paying the greatest complement to Mr. Thanu Pillai by adhering to the schedule.

Sri. P. S. Nataraja Pillai: Does the hon'ble Member know that there was no provision for vote on accounts?

Sri. P. Balakrishnan Tampi: We have a little more time now. Then, Sir, he was breathing hot and cold about the police. In one moment he was congratulating Government on the prompt steps taken by them against misdeeds and the next time he grew eloguent about the possible effect on the police. I can give the reassurance that nothing is going to happen. If any policeman is checked or punished it is not going to affect the morale of the police except perhaps to effect improvement somewhere. All that I say is, much cannot be expected in this line. A third allegation against this Government was, that the Ministers were not obliging enough to the House on the change of personnel of this Ministry. Well, according to the Constitution they are not bound to state it and it is not even good for the nasal protuberance of the Leader of the Opposition to poke itself in such matters where they cannot rightly be asked for. I can understand their asking for information to Government if Government withholds it in which case they were bound to give to the House. Sir, change of personnel or gossip about it, are not the sort of things which any member of the House and much less the Leader of the Opposition can ask for. What is the irregularity in their not obligingly complying with the request of the Opposition. Perhaps for more sensational rumours or gossip in the yellow press, they are questioning and it is right Government desist to answer. I should say that Government are only continuing the old policy laid down by predecessors and they are doing so more by necessity. Can any Member of the House or for that matter the Opposition point otherwise?

As regards commercial undertakings or the recruitment of a few magistrates, I think sufficient has been said on the floor of the House and I do not think that any of us should traverse the ground again. He said in an autobiographical mood that he is losing faith in democracy. There, I am inclined to share his views.

Sri. A. Thanu Pillai: I said the people are losing faith.

Sri. P. Balakrishnan Tampi: I am trying to share the view of the people as well, because I lose my faith in democracy when a former Prime Minister of the State attacks the very same policy. It was he who gave the appointment to this police Head. Was he not insinuating the appointment—I mean insinuating is a bad word—was he not stating something against the police Head? Who made that appointment, I ask? It is against convention of Parliamentary Government for the Leader of the Opposition who himself made that appointment.

Sri. A. Thanu Pillai: I ask, where was that suggestion from. I challenge my friend on that statement.

Mr. Speaker: No suggestion either direct or indirect appears to have been made regarding the appointment of the Head of the police.

Sri. K. S. Joseph: The hon'ble Leader of the Opposition attacked the Head of the police during this debate.

Sri. P. Balakrishnan Tampi: Anyhow I am only at this point. For different reasons, I say, I come to the same conclusion, when I am inclined to ask myself whether this exotic plant is going to flourish in the soil—I mean democracy. When he crosses the floor and accusingly finds a seat when he should have gone to the countryside and tested the opinion of the people there, that is not right. Instead of going that way, he has now crossed the floor. I am asking myself whether democracy is going to be a success this day. To make wild allegations against Ministers by not substantiating them all these years, I ask, is democracy going to flourish? Is hurling accusations against Cabinet Ministers going to flourish democracy? In spite of a lot of interest shown in this matter, was any hon'ble Member able to give a specific instance of corruption in the Ministry or on the part of any member of Government Benches. Is it fair to ask a Minister to go to a Court of law? Is there not a juridical presumption that every man is innocent till it is proved to the contrary? Is it not the principle of ethical conduct also that you should not hurl accusations against a man before you get an occasion, before you are really convinced that there is something behind it. Now it is all very easy to take advantage of a circumstance. I can say that a person must have stolen lot of gold from the Padmanabhaswami temple. Is it right to believe in it. If Mr. Thanu Pillai were to make such a statement I have a quarrel but I would have no quarrel if his fathers made that. I have a grievance and that is only against Mr. Pattom Thanu Pillai. If it were a blunt statement to the effect that we are rather rogues, black marketeers and so forth, I could have tolerated because that is something like fowling the nest. After all, a shoe-maker's thoughts would naturally smell ugly. I have absolutely no quarrel with the shoe-maker. But when a person like Mr. Thanu Pillai, a man of his status, responsibilities, antecedents, chooses to offend the conduct of members of Government in unrestrained language, I have a quarrel. It is in his interest I say so far if any other party comes into power tomorrow, it is the traditions that we build up today that will count. Therefore my grievance is more personal than against his followers.

Sri. A. K. Patchu Pillai: Does the hon'ble Member know that Mr. Thanu Pillai is the only one who has a worthy following unlike the followers of his own party?

Sri. P. Balakrishnan Tampi: I like to gratify my bearded friend's question of this type. I wish I have concurring opinion about himself. Though it is not relevant, I remember an instance when Mr. Patchu Pillai interrupted me in this manner. My mind goes back to a magic romance when a very worthy credulous leader like Sancho Panza lost his faith in his night errantry. He predicted that such and such would come to pass and it did come to pass. Therefore, I am also of the view that there are ample reasons which would lead any thinker, any observer to believe that democracy, perhaps that exotic plant from that bleak island, might not have that luxurious growth under the topical sun. At the same tim e I am in agreement with him in believing that Government might be more polite and kindly consider the possibility of making more time available for budget discussion. I have been in the predecessor legisla-

[Sri. P. Balakrishnan Tampi]

ture too. I know from experience that many departments have escaped looking into by this House. Year after year the first 8 or 10 departments in the demand list would come for scrutiny or comment, on the floor of the House. I wish without at least interfering with the normal working of Government more time could be spared by the hon'ble Ministers for this matter. I believe there is much in the suggestion made by Mr. Thanu Pillai that more time might hereafter be made available for this.

Sri. K. K. Chellappan Pillai. Is that possible now?

Sri. P. Balakrishnan Tampi. I am in a confusion. (Laughter). Even in my anxiety to be neighbourly to a friend on this side of the House I cannot suggest that Mr. Pattom Thanu Pillai ever suggested that more time should be allowed after this. In spite of my very old political animosity, shall I say so, Sir, I cannot attribute such a very wise suggestion to him.

With these words, I accord my approval for this Bill.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, ബഡ്ജററിലുള്ള ഓരോ ഇനത്തിലേക്കും ആവശ്യമുള്ള സംഖ്യ ഈ സഭ അനുവദിച്ചുകൊടുത്തശേഷം അതു ചെലവുചെയ്യാൻ പൊതുവെ അനുമതിയാവശ്യപ്പെടുന്ന ഈ സന്ദർഭത്തിൽ ഈ ഗവമ്മെണ്ടിന്റെ ചില ചെയ്തികളെ സംബന്ധിച്ചു പറയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ശ്രീ. പട്ടം താണുപിള്ള സവ്വീസ് ഇൻറിഗ്രേഷനെ സംബന്ധിച്ചു ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. പുറത്തുനിന്നും സവ്വീസു ഇൻറിഗ്രേഷനെ സംബന്ധിച്ചുള്ള ജോലി നിവ്വഹിക്കാൻ ഒരാളെ വരുത്തുന്ന നടപടി തെററാണെന്നാണു അദ്ദേഹം പറഞ്ഞതു്. പക്ഷെ അതിൽ ഈ രാജ്യത്തിനകത്തുള്ളവക്ക് എന്നുമാത്രമല്ല, സവ്വീസിൽ ഉള്ളവക്കു തന്നെയും എതിരഭിപ്രായമാണുള്ളതു്. ഇവിടത്തെ ക്യാബിനററും മററു നേതാക്കന്മാരും ഒരുവിധത്തിലും ഈ സവ്വീസ് ഇൻറിഗ്രേഷൻ കാര്യത്തിൽ ഇടപെടാതെ അതു നടത്തണമെന്നാണു് വാസ്തവത്തിൽ നിഷ്പക്ഷബുദ്ധികൾ ആഗ്രഹിക്കുന്നതു്. ഇതുവരെ കോൺഗ്രസു ഗവമ്മെൻറ് ഇൻറിഗ്രേഷനുശേഷം ഇക്കാലത്തിനുള്ളിൽ സവ്വീസ് ഇൻറിഗ്രേഷൻ നടത്താതിരുന്നതു് ഒരു തെററാണെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. വാസ്തവത്തിൽ അതൊരു തെററുതന്നെയാണു്. ആ അഭിപ്രായത്തോടു ഞാൻ പരിപൂണ്ണമായി യോജിക്കുന്നു.

മറെറാരുകാര്യം പേരൂരിൽവെച്ചു പോലീസുകാർ നടത്തിയിട്ടുള്ള അന്യായങ്ങളെ സംബന്ധിച്ചു ഗവമ്മെൻറു വേണ്ട നടപടികൾ എടുത്തിട്ടില്ലായെന്നുള്ളതാണു്. ആ കാര്യത്തിൽ എനിക്കു അദ്ദേഹത്തോടു് പരിപൂണ്ണമായി യോജിക്കുവാൻ നിവൃത്തിയില്ല. ശ്രീ. സി. കേശവൻ പ്രധാനമന്ത്രിയായതിനുശേഷം മുൻപുണ്ടായിരുന്ന പ്രധാനമന്ത്രിമാരുടെ കാലത്തുണ്ടായിരുന്ന പോലീസിന്റെ അഴിമതിയെ അപേക്ഷിച്ചു് അവരെക്കാൾ മെച്ചമായ തോതിൽ അദ്ദേഹം ഈ അഴിമതിയോ വിശേഷിച്ചും പേരൂർ സംഭവത്തിൽ ഉണ്ടായിട്ടുള്ള അഴിമതിയോ പ്പററി നടത്തിയിട്ടുള്ള നടപടികൾ മെച്ചമായിട്ടുള്ളതാണു്. എന്നാൽ അദ്ദേഹം ഭരണം നടത്തുന്ന പാർട്ടിയിലും ക്യാബിനററിലും ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് കാണാം. ഈ പാർട്ടിയേയും ക്യാബിനററിനേയും മറച്ചുകൊണ്ടു് കാൺഗ്രസ് ഭരണം നടത്തുന്നു എന്നാണു് അതിന്റെ സാരം. ഇത്തരം ആരോപണങ്ങൾ ഇളക്കിവിടുന്ന എതു പക്ഷത്തുള്ള പല നേതാക്കന്മാരും വാസ്തവത്തിൽ ഇന്നത്തെ ഭരണം നടത്തുന്ന പാർട്ടിയെക്കാൾ അധഃപതിച്ചവരാണെന്നു പറയാതെ തരമില്ല. ജനകീയ ഭരണസിദ്ധാന്തങ്ങളേയോ കോൺഗ്രസിന്റെ തത്വങ്ങളെയോ യഥാത്ഥത്തിൽ മറച്ചുകൊണ്ടു് ഒരു പാർട്ടിയെ മനഃപൂ

പൂർവ്വമായി ആരോപണം ചെയ്യാൻ എതിർപക്ഷത്തുനിന്നും പുറപ്പെട്ടിട്ടുള്ള എതിർപക്ഷ നേതാക്കന്മാരോട് സഹകരിക്കുന്നതിനോ സഹകരിച്ചു പ്രവർത്തിക്കുന്നതിനോ നിഷ്പക്ഷബുദ്ധികളായ ആർക്കും സാധിക്കയില്ലതന്നെ. എതിർപക്ഷത്തിന്റെ നിശിതമായ വിമർശനങ്ങളെയും എതിർപ്പുകളെയും ഞാൻ സൂക്ഷിച്ചുകൊണ്ടാണ് ഇരിക്കുന്നത്. എന്റെ പല മാന്യ സ്നേഹിതന്മാരും ഈ കാര്യം ശ്രദ്ധിച്ചുവരികയാണ്. ശ്രീ. പനമ്പിള്ളിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന നേതാക്കന്മാർക്ക് കണ്ണന്റെ കണ്ണെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ നന്നായിരിക്കുമെന്നാണ് എന്റെയും മറുപടി. എന്റെ ബഹുമാന്യ സ്നേഹിതന്മാരായ ശ്രീ. ബാലകൃഷ്ണമേനോനും ശ്രീ. കണ്ണനും കോൺഗ്രസ് പാർട്ടിയിൽനിന്ന് പിൻമാറുകയും ഐ. എസ്. പി. യിൽ മെമ്പറന്മാരായിട്ട് ചേരുകയുമാണ് ചെയ്തിട്ടുള്ളത്. ഇവിടത്തെ ട്രഷറി ബഞ്ചിലുണ്ടായിരുന്ന ചില മന്ത്രിമാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഇവർ ചെയ്തത് ആണത്തമാണ്. എന്നാൽ ഈ ആണത്തത്തിന്റെ കണികപോലും ഈ എതിർപക്ഷപാർട്ടിക്ക് ഉണ്ടായിരുന്നുവെങ്കിൽ ഇവർക്ക് നാട്ടുകാരുടെ പിൻതുണ ലഭിക്കുമായിരുന്നു. പ്രജായത്ത ഭരണസിദ്ധാന്തങ്ങളുടെ തത്വങ്ങളെ പാടെ അവഗണിച്ചുകൊണ്ട് ഒരു പാർട്ടിയിൽനിന്നു പ്രവർത്തിക്കയും അതേസമയം മറ്റൊരു പക്ഷക്കാർക്ക് വോട്ടുചെയ്യുകയുമാണ് ചെയ്യുന്നത്. പ്രജായത്ത ഭരണസിദ്ധാന്തമാകുന്ന ഭരണചക്രംതന്നെ തല്ലിച്ചതച്ച് അസമാധാനവും അസംതൃപ്തിയും പൊതുജനങ്ങളുടെയിടയിൽ ഇളക്കിവിട്ട് അതിൽനിന്നും മുതലെടുക്കാൻ നടത്തുന്ന പരിശ്രമം യഥാർത്ഥത്തിൽ ലജ്ജാകരംതന്നെ. ഇവർ പ്രതിപക്ഷത്തുനിന്നുകൊണ്ട് മറ്റൊരു പക്ഷത്തേക്ക് വോട്ടുചെയ്യുന്നതുതന്നെ ബുദ്ധിപൂർവ്വമായ ഒരു പ്രവർത്തിയാണോയെന്ന് അവർതന്നെ ചിന്തിക്കട്ടെ. സർ, അടുത്ത തെരഞ്ഞെടുപ്പിനു ഏകദേശം ഇനിയും വ്വ മാസക്കാലമേയുള്ളൂ. അതിനിടക്ക് രാജ്യം ഭരിക്കാനായിട്ട് ഒരു അഡ്മിനിസ്ട്രേറ്ററെ വയ്ക്കണമെന്ന് പറയാൻ തക്കവണ്ണമുള്ള മൗഢ്യമോ വിഡ്ഢിത്തമോ ഞങ്ങൾക്കില്ലായെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിഡ്ഢിത്തം എന്നുള്ളത് ഈ സഭയിൽ ഉപയോഗിക്കാൻ പാടുള്ള ഒരു പദമാണോ?

മിസ്റ്റർ സ്പീക്കർ: വിഡ്ഢിത്തമെന്ന പദപ്രയോഗം സഭ്യമല്ലെന്നു തോന്നുന്നില്ല. കൂടാതെയും അതു ആ മെമ്പർക്ക് ഇല്ലെന്നാണല്ലോ പറഞ്ഞത്. വേറെ ആർക്കെങ്കിലും ഉണ്ടെന്നു സൂചിപ്പിക്കുന്നതായിട്ടും മെമ്പറുടെ പ്രസ്താവനയിൽ വെളിപ്പെടുന്നില്ല.

ശ്രീ. ഇട്ടീര അയ്യൂകാൻ: സർ, സംയോജനത്തിനു പ്രതികൂലികളായ ഞങ്ങൾക്ക് എങ്ങനെയെങ്കിലും കൊച്ചിയെ തിരുവിതാംകൂറിൽനിന്നും വിയോജിപ്പിച്ചാൽ മതിയെന്നാണ് ആഗ്രഹമുള്ളത്. അതേസമയം കൊച്ചിയെ മദ്രാസിൽ ലയിപ്പിക്കണമെന്ന് പറയാനും ഞങ്ങൾ തുനിയുന്നില്ല. മാത്രമല്ല ഈ ഗവർമ്മെന്റ് ചെയ്യുന്നതെല്ലാം ശരിയാണെന്ന് കണ്ണടച്ചുകൊണ്ട് സമ്മതിച്ച് തലകുലുക്കാൻ സന്നദ്ധരാണെന്ന് ഗവർമ്മെന്റോ മന്ത്രിമാരോ ധരിക്കയും വേണ്ട. ഇന്നത്തെ ഗവർമ്മെന്റിനെപ്പറ്റി വലിയ ആരോപണങ്ങൾ എതിർപക്ഷത്തുനിന്നും നേതാക്കന്മാർ കൊണ്ടുവന്നിട്ടുണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ കുമാരി മാസ്ക്രീൻ ഈ സഭയിലും മററു പൊതു സ്ഥലങ്ങളിലും ചെയ്തിട്ടുള്ള ആരോപണ പ്രസ്താവനകൾ വളരെ ഗൗരവം അർഹിക്കുന്നവയാണ്. എന്നാൽ ആവക ആരോപണങ്ങളെപ്പറ്റി ഇന്നത്തെ മന്ത്രിസഭ ഒരു പരസ്യാന്വേഷണം നടത്തുമെന്നുള്ള അഭിപ്രായത്തോട് ഞങ്ങൾ പരിപൂർണ്ണമായി യോജിക്കുന്നു

[Sri. Ittiera Ambooken]

അതു ചെയ്യില്ലെങ്കിൽ ഈ രാജ്യത്തോട് ഇപ്പോഴത്തെ മന്ത്രിസഭ ചെയ്യുന്ന ഒരു അനീതിയായി അതു ശേഷിക്കും. എന്നാൽ ഇക്കാര്യത്തിൽ എന്റെ സ്നേഹിതൻ മി. പട്ടം താണുപിള്ളയുടെ അഭിപ്രായത്തോട് യോജിക്കാത്തവരായി ഒരു പാർട്ടിയും ഉണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹു. ശ്രീ. കേശവൻ മന്ത്രിസഭ ഈ കാര്യത്തിൽ പരസ്യാന്വേഷണത്തിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നതു്.

മറ്റൊന്ന്, ഈ ഗവൺമെന്റ് ഇതുവരെപ്രവർത്തിച്ചുവന്നിട്ടുള്ള ഭക്ഷ്യോല്പാദന കാര്യമാണ്. അതിനുവേണ്ടി ലക്ഷക്കണക്കിനു രൂപ ചിലവഴിക്കയും വാസ്തവത്തിൽ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ലാതാക്കിത്തീർക്കുകയുമാണ് ചെയ്തിരിക്കുന്നതു്. ഈ വകയ്ക്കുവേണ്ടി അനവധി പണം ഗവൺമെന്റ് നശിപ്പിച്ചുകളഞ്ഞു. എന്തുതന്നെയായാലും ശരി ഭക്ഷണകാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഉറച്ച പദ്ധതി ഗവൺമെന്റ് സ്വീകരിക്കേണ്ടതു് പുതിയ ക്യാബിനറ്റിന്റെ ചുമതലയാണ്. അതിനു മുൻകൈയെടുത്തു പ്രവർത്തിക്കണം. അങ്ങനെ ചെയ്യാതിരുന്നാൽ ഞങ്ങൾക്ക് ഇനിയും വോട്ടുതരണമെന്ന് അപേക്ഷിക്കുന്നതിനായി വിളറിയ മുഖത്തോടും വിശന്ന വയറോടുംകൂടി കഴിയുന്ന സ്ത്രീപുരുഷന്മാരെ സമീപിക്കേണ്ടിവരുമെന്ന് ഞാൻ ഒരു മുന്നറിയിപ്പു നൽകുന്നു. പൊതുജനങ്ങൾക്ക് ഈ കാര്യത്തിൽ ഒരു ഗുണവുംചെയ്യാതെ സമയം കഴിച്ചുകൂട്ടുകയും ഒടുവിൽ വോട്ടുവേണമെന്ന് പറഞ്ഞു സമീപിക്കുകയും ചെയ്താൽ അവിടെനിന്നും ആട്ടി ഓടിക്കുന്നതാണ്. ഇൻഡ്യൻ കോൺഗ്രസ് ഭരണസമിതിക്കു തന്നെയും ഭക്ഷ്യോല്പാദനം സംബന്ധിച്ച് പരസ്യങ്ങൾക്കും മറ്റുമായി ഒരു വലിയ തുക ചെലവഴിക്കാൻ കഴിഞ്ഞു എന്നല്ലാതെ യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കെച്ചി-തിരുവിതാംകൂറിനെ സംബന്ധിച്ചും ഇതുതന്നെയാണ് ചെയ്തിട്ടുള്ളതു്. കൃഷിക്കുവേണ്ടി സ്ഥലം പതിച്ചുകൊടുക്കുന്നതു് നെൽകൃഷിക്കോ അതോ കപ്പകൃഷിക്കോ എന്നു ചോദിച്ചാൽ ചിലപ്പോൾ നെൽകൃഷിക്കാണെന്നും ചിലപ്പോൾ അതല്ലാ, കപ്പകൃഷിക്കുമാണെന്നാണ് ഉത്തരം പറയുന്നതു്. ഏവം വിധത്തിൽ കൂടുതൽ ഭക്ഷണസാധനം ഉല്പാദിപ്പിക്കുന്ന വിഷയത്തിൽ ഈ ഗവൺമെന്റും പരാജയമാണ് അടഞ്ഞിട്ടുള്ളതെന്ന് തീർത്തുപറയാൻ കഴിയും. കാരണം മുൻപു അധികാരത്തിലിരുന്ന ഗവൺമെന്റും ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റും കാണിച്ചുവന്ന അനാസ്ഥയുടെ ഫലമാണ്. ദരിദ്രലക്ഷങ്ങളുടെ പട്ടിണിപോക്കുന്ന വിഷയത്തിൽ ഈവിധം അനാസ്ഥ കാണിക്കുന്നതു് പ്രജായത്ത ഭരണത്തിനു് നാശകരമാണ്. ദാരിദ്ര്യത്തിൽനിന്നും, പട്ടിണിയിൽനിന്നും ആണ് വാസ്തവത്തിൽ ഭയങ്കരമായ വിപ്ലവം ഉണ്ടാകുന്നതു്. പട്ടിണിയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിപ്ലവം ഉണ്ടാക്കി ഈ രാജ്യത്തു പിടിച്ചുപറിയും കൊലപാതകവും ഉണ്ടാക്കുന്നതാണ് ഉത്തമമെന്ന് വിചാരിക്കുന്നുവെങ്കിൽ അതു നന്നായിരിക്കും. അതല്ലാ, ഉത്തമമായ ഒരു വ്യവസ്ഥാപിത ഭരണമാണ് നമുക്കാവശ്യമെന്നു വിചാരിച്ച് ഈ മാതിരിയുള്ള അലസതകൾ കളഞ്ഞു പ്രവർത്തിക്കുന്നുവെങ്കിൽ അതും നന്നായിരിക്കും. സർ, ഇന്നത്തെ ക്യാബിനറ്റിൽ കൊച്ചിയെ പ്രതിനിധീകരിക്കാൻ ആരുമില്ല. അതു് അക്ഷന്തവ്യമായ ഒരുകാര്യമാണെന്ന് ഞാൻ പറയുന്നില്ല. കൊച്ചിക്കാരുടെ പ്രതിനിധികൾ ക്യാബിനറ്റിൽ ഉണ്ടായിരുന്നാൽതന്നെയും അവരുടെ കഷ്ടതകൾ പരിഹരിക്കപ്പെടുമെന്ന് എനിക്കു വിശ്വാസവുമില്ല. സംയോജനം നടന്നിട്ട് ഏകദേശം രണ്ടുവർഷക്കാലത്തോളമായി. ഇതിനകം കൊച്ചിക്കുവേണ്ടി ഒരു പ്രതിനിധിയെങ്കിലും ക്യാബിനറ്റിൽ ഉൾപ്പെടുത്താത്തതു് അബദ്ധംതന്നെയാണെന്ന് ചിന്തിക്കുന്ന

തിൽ തെററില്ല. ഇന്നത്തെ ഭരണംനടത്തുന്ന പാർട്ടിയോടും ക്യാബിനററിനോടും അവജ്ഞയും വെറുപ്പും കൊച്ചിക്കാർക്കു് ഉണ്ടെങ്കിൽതന്നെ അതു് ന്യായീകരിക്കാൻ വേണ്ട സാധ്യതയുണ്ട്. ഇക്കാര്യത്തെപ്പററി ഗവമ്മെൻറു് നല്ലതുപോലെ പരിചിന്തിക്കണമെന്നു് ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിക്കുന്നു.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Deputy Speaker in the chair.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, കാൺഗ്രസ് പാർട്ടിയുടെ നേതാവും ഈ സഭയുടെ നേതാവും ഇവിടത്തെ ഇപ്പോഴത്തെ ചീഫ് മിനിസ്റ്ററുമായ മി. സി. കേശവനോട് ഒരു കാര്യം തുറന്നു പറയേണ്ട ആവശ്യമുണ്ട്. അങ്ങു് പ്രധാനമന്ത്രിയായിട്ടുള്ളതു് ഒരു സമുദായനേതാവെന്നുള്ള നിലയിലല്ല. അതു് ഈ രാജ്യത്തിലെ എല്ലാവർക്കുമറിയാം. പക്ഷെ നാനാസമുദായങ്ങളും തിങ്ങിപ്പാർക്കുന്ന ഈ രാജ്യത്തു് സമുദായചിന്തയും സമുദായനീതിയും പാടില്ലെന്നു് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ അതിൽ ലവലേശം കഴമ്പില്ല. കൊച്ചിയിലും തിരുവിതാംകൂറിലും പല മന്ത്രിസഭകളും ഉണ്ടായിട്ടുണ്ട്, പല പ്രധാനമന്ത്രിമാരും ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു ദുഷിച്ച പരമ്പര ഈ രാജ്യത്തു് അതായതു് തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്ന ഒരു സവർണ്ണഹിന്ദുവിനല്ലാതെ പ്രധാനമന്ത്രിയാകാൻ സാധിക്കാത്ത ഒരു് ദുഷിച്ച നടപടിദോഷം ഈ രണ്ടുരാജ്യങ്ങളിലുമുണ്ടായിരുന്നു. അതിനെയെല്ലാം അതിക്രമിച്ചുകൊണ്ടു് ഇദംപ്രഥമമായിട്ടാണു് ഒരു സവർണ്ണഹിന്ദു അല്ലാത്ത അങ്ങു് ഇപ്പോൾ പ്രധാനമന്ത്രി ആയതു്. സർ, സമുദായപ്രാതിനിധ്യംകൊണ്ടു് പ്രജായത്തസിദ്ധാന്തങ്ങളെ അലങ്കോലപ്പെടുത്തണമെന്നോ അവഹേളിക്കണമെന്നോ ഞാൻ ഒരിക്കലും പറയുകയില്ല. പക്ഷെ ഈ രാജ്യം ഒരു സവർണ്ണഹിന്ദുവല്ലാത്ത ഒരുവനു് തന്റേടത്തോടുകൂടി ഭരിക്കുവാൻ സാധിക്കുമെന്നു് തെളിയിക്കാനുള്ള ഒരു കർത്തവ്യംകൂടി ഉണ്ടെന്നു് അങ്ങു് ആലോചിക്കേണ്ടതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഈ സഭയിലെ ഒരാൾ ചെയറിനെ അഭിസംബോധനചെയ്യാതെ മററമെംബറന്മാരോട് നേരിട്ട് ഇങ്ങനെ സംസാരിക്കാമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: "അങ്ങു്" എന്നുള്ളതു് സ്പീക്കറെ ഉദ്ദേശിച്ചു് ആയിരിക്കാം.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇന്നു കാണുന്ന പല ഒളിയമ്പുപ്രയോഗങ്ങളിലും ഈ പാരമ്പര്യം നിലനിറുത്തിക്കൊണ്ടുപോകണമെന്ന ദുരാഗ്രഹം ചിലർക്കുണ്ടെന്നു ഞങ്ങൾക്കു് സംശയം തോന്നുന്നുണ്ടു്. എന്നാൽ അതേസമയംതന്നെ മാന്യന്മാരും മര്യാദക്കാരും നിഷ്പക്ഷ ബുദ്ധികളുമായ സവർണ്ണഹിന്ദുക്കൾക്കു് ഇന്നത്തെ ജനകീയനേതാക്കന്മാരുമായി കഴിയുവാൻ ആഹ്ളാദം ഉണ്ടെന്നു് ഞങ്ങൾക്കറിയാം. അതുകൊണ്ടു് ഈ രാജ്യത്തെ ഒരു തൊണ്ണൂറു ദിവസമെങ്കിലും തികച്ചുഭരിക്കുവാൻ ഒരു ഈഴവനു് സാധിക്കുകയില്ല, അതു സാധിപ്പിക്കുകയില്ല എന്നു് നിർബന്ധംപിടിക്കുന്നതു് അസ്ഥാനത്താണെന്നു് അവരെ അറിയിക്കേണ്ടതു് ആവശ്യമാണു്. പക്ഷെ പത്തു ദിവസംപോലും പൗരുഷമായി ഭരിക്കാൻ സാധിക്കാത്ത ഇന്നത്തെ നിലയിൽ ഭരണം ഓടിച്ചുകൊണ്ടുപോകുകയാണെങ്കിൽ അതു് അങ്ങേക്കു മാത്രമല്ല അങ്ങയുടെ സമുദായത്തിനുപോലും ആക്ഷേപകരമായ ഒരു തോൽവിയാണു്. സർ, പ്രാദേശികവാദങ്ങളുടെ പേരിൽ ഏതാനും പേർ നേതാക്കന്മാരായി ചമയുവാൻ ആഗ്രഹിക്കുന്നുണ്ടു്. കൊച്ചിയുടെപേരിൽ ത്യാഗമുള്ളവർ എന്നും ത്യാഗിവര്യന്മാർ എന്നും പറഞ്ഞുകൊണ്ടു് ഇങ്ങനെ

[Sri. Ittiera Ambooken]

നേതാക്കന്മാരായി ചമയുവാൻ അവർ ബഹളം കൂട്ടുന്നുണ്ട്. പക്ഷെ മനം കലദൈവമായിരിക്കുന്ന ഈ കൊച്ചുകൊച്ചിയിലെ പ്രജായത്ത സിദ്ധാന്തങ്ങളെ ആദരിക്കുന്ന ശ്രേഷ്ഠകളിൽനിന്നും ഇങ്ങനെയുള്ളവർക്ക് അവർ ആശിക്കുന്ന പ്രകാരം വമ്പിച്ച സ്വീകരണത്തിനു പകരം തീർച്ചയായും ഭയങ്കരമായ പ്രതിഷേധസ്വരമായിരിക്കും അവർക്കെതിരായി ഉയരുന്നതെന്ന് എന്റെ ചില മാന്യസ്നേഹിതന്മാരെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. സർ, കൊച്ചിയിൽനിന്നും പാർട്ടിയില്ലാതെ ഇവിടെ വന്നിട്ടുള്ള ഞങ്ങൾ ഇന്ന് ഈ ഗവമെന്റിൽനിന്നും ചില കാര്യങ്ങൾ സാധിക്കുന്നു എന്ന് ചിലർ പറയുകയുണ്ടായി. എനിക്ക് ധൈര്യമായിട്ട് ഇന്നത്തെ ക്യാബിനററിനോടും മന്ത്രിസ്ഥാനത്തിരുന്ന് ഒഴിഞ്ഞുപോയവരോടും ഒന്ന് തുറന്നു പറയുവാനുണ്ട്. ഞാൻ അവരെ വെല്ലുവിളിക്കുന്നു. ഞങ്ങൾ ആരെങ്കിലും അന്യായമായ ശുപാർശകൊണ്ടോ സ്വാധീനശക്തി ചെലുത്തിയോ ഏതെങ്കിലും തരത്തിൽ സ്വാർത്ഥപരമായ കാര്യങ്ങൾ നേടുവാൻ ഈ സ്ഥാനം ഒഴിഞ്ഞ മന്ത്രിമാരെയോ അല്ലെങ്കിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന ആരെയെങ്കിലുമോ സമീപിച്ചിട്ടുണ്ടെങ്കിൽ അതു ഈ സഭയെ ധരിപ്പിക്കുന്നതു് നന്നായിരിക്കും. സർ ഞങ്ങൾക്ക് വ്യക്തിപരമായ യാതൊരു കാര്യങ്ങളുമില്ല. യാതൊരു താല്പര്യവുമില്ല. താൽപ്പര്യമുള്ള ഏതെങ്കിലും കാര്യത്തിൽ ഒരു മന്ത്രിയെ സമീപിച്ചാൽതന്നെയും അതിന് ന്യായമായ കാര്യങ്ങൾ ഇല്ലെങ്കിൽ അതു തള്ളിക്കളയുന്നതു് അവർക്കുതന്നെയും നന്നായിരിക്കും. അന്യായമായി ഞങ്ങളെ സഹായിക്കുന്നതിന് ഇന്നത്തെ മന്ത്രിമാർ തുനിഞ്ഞാൽതന്നെയും ഞങ്ങൾ അതും തുറന്നുപറയുവാൻമടിക്കുകയില്ല എന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു. സർ, ഞാൻ ഈ സഭയുടെസമയം കൂടുതലായി വ്യയം ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല. ഈ ഗവമെന്റ് അധികാരത്തിൽവന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളു. പല തെററുകളും കഴിഞ്ഞ മന്ത്രിസഭ ഈ സഭയോടു് ചെയ്യുകയുണ്ടായിട്ടുണ്ട്. അതിനെല്ലാം ശരിയായ പ്രതിവിധി. ഈ ക്യാബിനററിന്റെ നേതാവായ ഇപ്പോഴത്തെ പ്രധാനമന്ത്രി അവർകൾ ഉണ്ടാക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുമെങ്കിൽ ഞങ്ങൾ കൃതജ്ഞരായിരിക്കും.

ശ്രീ. മരുത്തു പത്മനാഭപിള്ള: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇവിടെ പാസാക്കിയ ബഡ്ജററിനെ അടിസ്ഥാനപ്പെടുത്തികൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണു ഇതെങ്കിലും എതിർപക്ഷ കക്ഷികൾ ഈ ബഡ്ജററിനെ എതിർത്തതിനെ അവഗണിച്ച്, ഇന്നത്തെ മന്ത്രിമാരുടെ പിന്നിൽ അവശേഷിച്ചിട്ടുള്ള കൈകളുടെ സംഖ്യാബലംകൊണ്ടു പാസാക്കിയിട്ടുള്ള ഒന്നാണ് ഈ ബഡ്ജററ്. ഈ ബഡ്ജററിന്റെ കുററങ്ങളേയും കുറവുകളെയും പററി ഇതിലെ പലഭാഗങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടു് എന്റെ ബഹു. സ്നേഹിതന്മാർ പലരും വിമർശനം ചെയ്തിട്ടുള്ളതുകൊണ്ട് ഞാൻ ആഭാഗത്തേയ്ക്ക് കടക്കുന്നില്ല. എന്നാൽ അങ്ങനെ ആ സ്നേഹിതന്മാർക്ക് സ്പർശിക്കുവാൻ സൌകര്യം കിട്ടാത്ത പുതിയ ഒന്നു രണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻവേണ്ടിയാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്. സർ, ഇവിടെ ഒരു മെഡിക്കൽ കാളേജ് ഉണ്ടാക്കാൻപോകുന്നുണ്ട്; അവിടെ പ്രൊഫസറന്മാരായി നിയമിക്കപ്പെടുവാൻ ഉള്ള യോഗ്യതകൾ സമ്പാദിക്കുന്നതിനു ഇവിടുത്തെ മെഡിക്കൽസർവീസിൽനിന്നും ഏതാനും ചിലരെ അമേരിക്കയിലേയ്ക്കു അയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. പത്തുപേരെ അങ്ങനെ അയക്കുവാൻ തീരുമാനിച്ചിട്ടുള്ളതായിട്ടാണറിയുന്നതു്. ഈ പത്തുപേരും മെഡിക്കൽ വകുപ്പിലെ മന്ത്രിയായ ശ്രീ. എ. ജെ. ജോൺ അവർകളുടെ സ്വജനങ്ങളിൽനിന്നാണെന്നും കേൾക്കുന്നു.

ഈ വിഷയത്തെപ്പററി സൂക്ഷ്മമായി അറിഞ്ഞുവേണം അവയെപ്പററി പ്രസ്താവിക്കുവാൻ എന്നു വിചാരിച്ചു ഞാൻ അതിനെപ്പററി ചില അന്വേഷണങ്ങൾ നടത്തി. എന്നാൽ മന്ത്രി ശ്രീ. ഏ. ജെ. ജോൺ അവർകളുടെ ഭരണത്തിലിരിക്കുന്ന ഡിപ്പാർട്ടുമെൻറ് ഇരിമ്പുമതിൽകൊണ്ടു് ബന്ധിച്ചതുപോലെ അതിനകത്തേയ്ക്കു് ഞങ്ങളെപ്പോലുള്ളവർക്കു് കടന്നു ഒരു വിവരം അറിയുക സാദ്ധ്യമല്ലാതെയായിട്ടാണിരിക്കുന്നതു്. ഈ ആളുകളെ തിരഞ്ഞെടുക്കാനുള്ള ശുപാർശകൾ ചെയ്യാനുള്ളതു് ഇവിടത്തെ സർജൻ ജനറലായ പ്രശസ്തനായ ജേക്കബ് തളിയത്തു് അവർകളാണു്. സെക്രട്ടറിയേററിൽ ഈ മെഡിക്കൽവകുപ്പിൻെറ സെക്രട്ടറി ഒരു സാമുവൽ ആണു്. അദ്ദേഹത്തിൻെറ അസിസ്റ്റൻറ് ഒരു തോമസ് ആണു്. താഴെയുള്ള ഉദ്യോഗസ്ഥന്മാരും മിക്കവാറും അങ്ങനെയാണെന്നാണു് തോന്നുന്നതു്. മന്ത്രി എല്ലാവർക്കും അറിയാവുന്നതുപോലെ ശ്രീ. ഏ. ജെ. ജോൺ അവർകളുമാണു്. ഞാൻ ഈ കാര്യങ്ങളെപ്പററി അറിയാൻ ആഗ്രഹിച്ചതുപോലെയുള്ള വിവരങ്ങൾ ലഭിക്കാത്തതിനാൽ സംഖ്യയിൽ വല്ല തെററും വന്നുപോകുന്നെങ്കിൽ അതു ക്ഷമിക്കണം. ഒരുപക്ഷെ പത്തുപേർ അല്ലെങ്കിൽതന്നെയും എട്ടോ കുറച്ചുകൂടി കുറച്ചോ ആളുകൾ തിരഞ്ഞെടുക്കപ്പെട്ടു എന്നാണു കേൾക്കുന്നതു്. എന്നാൽ ആ തിരഞ്ഞെടുപ്പുകാര്യം വളരെ രഹസ്യമാണു്. ഇവിടെ ജാതി ഇല്ലാത്ത ഒരു കോൺഗ്രസ്സ് ആണല്ലോ ഭരിക്കുന്നതു്. എന്നാൽ ആ കോൺഗ്രസ്സ് ഗവൺമെൻറിൻെറ ഭരണത്തിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതും ഉദ്യോഗങ്ങൾക്കു നിയമിക്കുന്നതും ഓരോ സമുദായത്തിനും അനുയോജ്യമായ സംഖ്യാബലവും മററും നോക്കിയാണു്. ഈ തിരഞ്ഞെടുപ്പും ആ ന്യായത്തിലാണെങ്കിൽ പത്തുപേരുണ്ടെങ്കിൽ രണ്ടരയോ മൂന്നോ ക്രിസ്ത്യാനികളിൽ കവിഞ്ഞു് തിരഞ്ഞെടുക്കപ്പെടുവാൻ അവകാശമില്ല. അതിൽകവിഞ്ഞു് ഏതെങ്കിലും കൂടുതലായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അതിനുത്തരം പറയേണ്ടതു് ഇവിടെ ഭരിക്കുന്ന ജാതിയില്ലാത്ത കോൺഗ്രസ്സ് ഗവൺമെൻറും ഈ വകുപ്പു ഭരിക്കുന്ന മന്ത്രിയുമാണു്. സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം ഏററവും അധിക്ഷേപാർഹമായ രീതിയിലും സർജൻജനറലിൻെറ സമുദായത്തിലുള്ള ആളുകൾ ഒഴിച്ചു് മററുള്ളവർക്കു് ദോഷകരമായ നിലയിലുമാണു് നടക്കുന്നതു് എന്നു പറയേണ്ടിവന്നതിൽ എനിക്കു വ്യസനമുണ്ടു്. നല്ല ആശുപത്രികളിൽ എല്ലാം സർജൻ ജനറലിൻെറ സമുദായത്തിൽപ്പെട്ടവർക്കാണു് ഒന്നാമത്തെ അവകാശം. അതായതു് ആദ്യം കത്തോലിക്കർ, പിന്നെ ബാക്കി ക്രിസ്ത്യാനികൾ അതിൽപിന്നീടു് ബാക്കിയുള്ളവർ ഇങ്ങനെയാണു് ആശുപത്രികളിൽ ഡാക്ടറന്മാരെ നിയമിക്കുന്ന ക്രമം. എന്നാൽ ഇങ്ങനെയുള്ള സ്വജനപക്ഷപാതിത്വം കാണിക്കുക മാത്രമല്ല മററു സമുദായങ്ങളിലെ ഡാക്ടർമാർക്കു് അവർക്കു കിട്ടേണ്ട ന്യായമായ പ്രമോഷൻപോലും കൊടുക്കാതെ, നിവൃത്തിയില്ലാതെ വരുമ്പോൾ അവർ രാജിവച്ചു് പോകാമെന്നു വച്ചാൽതന്നെയും അതിനും സമ്മതിക്കാതെ അവരെ ഓടിച്ചിട്ടുപിടിച്ചു് ശിക്ഷിക്കുന്നതും ഒരു വസ്തുതയായിതീർന്നിരിക്കുന്നു. ഇങ്ങനെയാണു് ആ ഡിപ്പാർട്ടുമെൻറു ഭരണത്തിൻെറ പോക്കു്. സർജൻജനറൽ നേരെ ഈ സ്ഥാനത്തു വന്നതല്ല. ബഹു. ടി. കെ. മന്ത്രിസഭയുടെ കാലത്തും ഈ വകുപ്പുമന്ത്രിയായിരുന്നതു് ശ്രീ. ഏ. ജെ. ജോൺതന്നെയാണു്. അന്നു് മിസ് സാമുവൽ ആയിരുന്നു സർജൻജനറൽ. മിസ് സാമുവൽ ഒരു ക്രിസ്ത്യൻസ്ത്രീ ആയിരുന്നുവെങ്കിലും അവർ പിൻബലമില്ലാത്ത ഒരു ന്യൂനപക്ഷത്തിൽപ്പെട്ടവരും ഒരു തമിഴ്നാട്ടുകാരിയും ആയിരുന്നതുകൊണ്ടു് അവരെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്തു കത്തോലിക്കാ പ്രാബല്യത്തെയും പറവൂരിനേയും ഓർത്തു് അനർഹനായ ജേക്കബ്തളിയത്തിനെ സർജൻജനറലായി പുറവാതു

[Sri. Mannath Padmanabhan pillai]

കൽക്കൂടി കടത്തിഇരുത്തുകയാണ് ചെയ്തതു്. അതുകൊണ്ടു് ഇവിടെ കോൺഗ്രസിന്റെ പേരിൽ നടക്കുന്നതു് മുഴുവനും സാമുദായികാടിസ്ഥാനത്തിലുള്ള അന്യായങ്ങളാണെന്നും മന്ത്രിയുടെ ഭരണം അതിനു മകുടം വയ്ക്കുന്നതാണെന്നും കാണാവുന്നതാണ്. ഇവിടെ ഭൂരിപക്ഷസമുദായത്തിനു യാതൊരു രക്ഷയുമില്ലാതെ ഒരു ന്യൂനപക്ഷത്തിന്റെ സ്വാധീനശക്തിയിലാണ് ഗവൺമെന്റു കാര്യങ്ങൾ നടക്കുന്നതു്. ഇപ്പോഴത്തെ സർജൻ ജനറലിനെപ്പററി ഒരു വാക്കുകൂടി പറഞ്ഞിട്ടു് ഈ കാര്യം നിറുത്തിക്കൊള്ളാം. മെഡിക്കൽ കോളേജിൽ ഈ സർജൻ ജനറൽ തന്നെ പ്രിൻസിപ്പാൾ ആകാൻ ശ്രമിക്കുന്നതായി അറിയാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി നീട്ടിക്കൊടുക്കാൻ പോകുന്നതായും കേട്ടു. അതിനുള്ള ന്യായം പറവൂർക്കാരനും കത്തോലിക്കനുമാണെന്നുള്ളതുതന്നെ ആയിരിക്കാം. ഇവിടെ ജനസമ്മതി നേടാൻ സാധിക്കാത്ത സർജൻ ജനറൽ മുതലായ ഏതാനും ഉദ്യോഗസ്ഥന്മാർക്ക് വയസ്സു തികഞ്ഞാലും നീട്ടിക്കൊടുക്കുന്നതിനു് മന്ത്രിമാർക്കു കഴിവുണ്ടു്. അങ്ങനെ പ്രിൻസിപ്പാളും ആയി എന്നുവരാം. ഇവിടെ ഒരു മെഡിക്കൽ കോളേജ് വരാൻ പാടില്ലെന്നു എതിർത്ത ഒരു കൂട്ടർ ഉണ്ടായിരുന്നു. ശ്രീ. അമ്പുക്കനെപ്പോലെയുള്ള ആളുകൾ അന്നുമുതൽ എതിരാണ്. അവരുടെ വാദം പുറമെയുള്ള മെഡിക്കൽ കോളേജുകൾ മതിയെന്നാണ്. അങ്ങനെ പറയുന്നതു് എന്തുകൊണ്ടാണെന്നു നമുക്കറിയാം. വെളിയിൽ ആയാൽ ഭൂരിപക്ഷമുള്ള ആളുകൾക്കു് പഠിക്കുന്നതിനുള്ള സൗകര്യം കുറയുമെന്നും അങ്ങനെ സമുദായ ന്യായവും മററും പറയാനുള്ള സൗകര്യം കൊടുക്കാതെ ഈ ഡിപ്പാർട്ടുമെന്റു മുഴുവനും ഒരു സമുദായക്കാരുടെ കയ്യിലാക്കാമെന്നുമുള്ള ഒരു പ്ലാൻ ആയിരുന്നു. ഏതായാലും കോളേജ് അവസാനമായി വന്നുകഴിഞ്ഞു. ഒരു വാദം അവർ കൊണ്ടുവന്നതു് മെഡിക്കൽ കോളേജ് ഉണ്ടാക്കാൻ ഈ രാജ്യത്തെ ഭണ്ഡാരത്തിനു ശക്തിയില്ലെന്നാണ്. പ്രാഥമിക വിദ്യാഭ്യാസം ദേശീയമാക്കി ഗവൺമെന്റുതന്നെ ഏറെറടുക്കണമെന്നു ഭൂരിപക്ഷം വാദിക്കുമ്പോൾ എതിർക്കുന്ന ശ്രീ. ജോൺ ഫിലിപ്പോസിനെപ്പോലെയുള്ള മന്ത്രിമാർ ഗവൺമെന്റിനെ ഭരിച്ചാൽ ഇന്നു കേൾക്കുന്ന ആക്ഷേപങ്ങൾ ശരിയാണെങ്കിൽ ഭണ്ഡാരത്തിന്റെ വാതൽ എന്നും തുറന്നുകിടക്കുകയേയുള്ളു. പണമില്ലെന്നു പറഞ്ഞു പ്രാഥമിക വിദ്യാഭ്യാസം കയ്യടക്കിവച്ചിരിക്കുന്നവർ മെഡിക്കൽ കോളേജും ഇവിടെ പാടില്ലെന്നു പറയുകയുണ്ടായി. ഒരേജൻസി മുഖേന മെഡിക്കൽ കോളേജ് നടത്തണമെന്നു പറയുന്ന കൂട്ടരുടെ നേതാവാണ് ഇപ്പോഴത്തെ സർജൻ ജനറൽ. ആ വാദവും നടന്നില്ല. ഇവിടെ ഏജൻസിയെന്നുള്ള നിലയിൽ മെഡിക്കൽ കോളേജ് നടത്താൻ ആരെങ്കിലും വരുന്നെങ്കിൽ അതു് ആരാണെന്നു് നമുക്കറിയാം. അതും പററാതെ വന്നപ്പോൾ ഇനിയെന്താണെന്നു നോക്കി ഇറങ്ങിയിറങ്ങി പ്രിൻസിപ്പാൾ ആകാമെന്നും അദ്ദേഹത്തിന്റെ അനുയായികളെ അമേരിക്കയിൽ അയച്ചുവരുത്താമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി മന്ത്രിയുൾപ്പെടെ രഹസ്യപ്രവർത്തനം നടത്തുകയാണ്. ഇവിടത്തെ രാജ്യഭരണം ഭൂരിപക്ഷത്തെ എതിർത്തു് ന്യൂനപക്ഷത്തിന്റെ കയ്യിൽ അടക്കാൻ കൌശലപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഹിന്ദുസമുദായത്തിലെ ഏതാനും കോടാലി കൈകൾ അതിനു് ആയുധമായും തീർന്നിട്ടുണ്ടു്. ഏതായാലും ഈ നിലയിലുള്ള ഭരണം മുമ്പോട്ടുപോകാൻ പോകുന്നില്ല. ശ്രീ. അമ്പുക്കൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തലോടി ഒന്നു പ്രസംഗിച്ചു. അദ്ദേഹത്തിനു ഒരാഗ്രഹമാണു കൊച്ചിയിൽനിന്നു വന്നപ്പോഴുണ്ടായിരുന്നതു്. അതു ഫലിച്ചു. അദ്ദേഹത്തിന്റെ രാജ്യത്തിലുള്ള

ഒരു മന്ത്രി പുറത്തുപോയി. അദ്ദേഹത്തിന്റെ രാജ്യത്തെ പ്രതിനിധീകരിക്കുന്നതിന് ഒരു മന്ത്രിയില്ലെങ്കിലും വേണ്ടകില്ല, അദ്ദേഹത്തിന്റെ ശത്രുവായ കൊച്ചി മന്ത്രി പോകുന്നമെന്ന വിചാരമാണ് അദ്ദേഹത്തിനുണ്ടായിരുന്നതു്. അമ്പുക്കൻ ഇവിടെ വന്നതിനുശേഷം അന്നുമുതൽ ഇന്നലെവരെ ഗവമ്മെൻറിനെ എതിർത്തിട്ട് ഇപ്പോൾ കാൺഗ്രസ് പാർട്ടിയേയും ഗവമ്മെൻറിനേയും മുക്തകണ്ഠം പ്രശംസിക്കുകയാണു ചെയ്യുന്നതു്. അദ്ദേഹത്തിന്റെ രാജ്യത്തെ ഒരു മന്ത്രി പോയതിലുള്ള ഒരാനന്ദമാണതെന്നു തോന്നുന്നു. ഒരു പെരുന്നാൾപോലെ അദ്ദേഹം അതിനെ കൊണ്ടാടുന്നു. സമുദായമൊന്നുമില്ലെന്നു പറയുന്ന ഈ അസംബ്ലിയിൽ ഹിന്ദുവെന്നും ക്രിസ്ത്യാനിയെന്നും മുസ്ലീമെന്നും പറഞ്ഞാൽതന്നെയും ശ്രീ. ടി. കെ. നാരായണപിള്ളമന്ത്രി സഹിക്കാറില്ല. അങ്ങനെയുള്ള ഒരു അസംബ്ലിയിലാണ് 'ഈഴവനായ മുഖ്യമന്ത്രി' എന്ന് അമ്പുക്കൻ എടുത്തുപറഞ്ഞു് ഉപദേശിക്കാൻ പുറപ്പെട്ടിരിക്കുന്നതു്. അതു് മറെറാരു വേലത്തരമാണ്. ഏതായാലും അസംബ്ലിക്കകത്തായാലും പുറത്തായാലും ഹിന്ദുക്കളെ ഭിന്നിപ്പിച്ചും ഹിന്ദുക്കളിൽ കോടാലിക്കൈകളായവരെ കയ്യടക്കിയുമാണ് ഈ രാജ്യത്തെ ഈ ന്യൂനപക്ഷക്കാർ ഭരിക്കുന്നതെന്നു കാണാൻ പ്രയാസമില്ല. മുഖ്യമന്ത്രി കരുതലോടുകൂടിയിരുന്നില്ലെങ്കിൽ അപകടമാണെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. ഏതായാലും ശ്രീ. അമ്പുക്കൻ ഇനിയും മന്ത്രിമാരെ താലോലിക്കാൻ പോകുന്നുണ്ട്. ഇന്നത്തെ ഭരിക്കുന്ന പാർട്ടി യാദവന്മാരെപ്പോലെ ആയിരിക്കുകയാണ്. അവർ തമ്മിൽതല്ലി മരിക്കാൻ പോകുകയാണ്. ഈ മന്ത്രിസഭയെ കുഴിയിൽ വീഴിക്കാൻ എതിർപക്ഷത്തിന് പ്രത്യേക ശ്രമമൊന്നും ആവശ്യമില്ല. ഏകനായ അമ്പുക്കൻ പേടപെടണമെന്നില്ല. കാൺഗ്രസ്തന്നെ അവരുടെ ശവക്കല്ലറ പണിഞ്ഞുകഴിഞ്ഞിരിക്കുന്നു. അടുത്ത തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനംപോലും ഈ കാൺഗ്രസ്സിനു കിട്ടാത്ത തരത്തിൽ വേണ്ടവിധം ജനങ്ങളുടെ വെറുപ്പു സമ്പാദിച്ചുകഴിഞ്ഞു.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർ കാൺഗ്രസ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇലക്ഷനിൽനിന്നു ജയിച്ചതല്ലേ?

ശ്രീ. മന്നത്തുപത്മനാഭപിള്ള: ഞാൻ കാൺഗ്രസ് ടിക്കററിൽനിന്നു ജയിച്ചു. കാൺഗ്രസിനുവേണ്ടി ജോലിചെയ്യുമ്പോൾ ഇന്നത്തെ പാർട്ടിയിൽ കൈപൊക്കി രാജ്യത്തെ തകിടംമറിക്കാനും ന്യൂനപക്ഷം ഭൂരിപക്ഷത്തെ ഭരിക്കാനും കാൺഗ്രസ് തുടങ്ങിയതായികണ്ടു് സാക്ഷാൽ ഗാന്ധിജിയുടെ ആദർശപ്രകാരമുള്ള പ്രവൃത്തികൾക്കു ഞങ്ങൾ ഒരു പാർട്ടി രൂപീകരിച്ചു.

ശ്രീ. സി. വി. ഇയ്യു: അങ്ങനെയാണെങ്കിൽ ശ്രീ. ബാലകൃഷ്ണമേനോനും, ശ്രീ. കണ്ണനും ചെയ്തതുപോലെ എന്തുകൊണ്ടാണ് മെമ്പർസ്ഥാനം രാജിവച്ചു രണ്ടാമതു തിരഞ്ഞെടുപ്പിനു നില്ക്കാഞ്ഞതു്?

ശ്രീ. മന്നത്തു പത്മനാഭപിള്ള: അവരേക്കാൾ എനിക്കു ബുദ്ധിയുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യാഞ്ഞതു്.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർക്ക് തീർച്ചയായും തോൽക്കുമെന്നറിയാം.

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഞാൻ കുന്നംകുളത്തല്ല നിൽക്കുന്നതു്. ഞാൻ നിൽക്കുമെങ്കിൽ ജയിക്കുമെന്നു ഇവിടെയുള്ളവരോടും കൊച്ചിയിൽനിന്നു വന്നവരോടും ഉറപ്പുപറയാം.

[Sri. Mannath Padmanabha Pillai]
ഭരണാധികാരികളായി ഇവിടെ നാലുപേരുണ്ടു്. ഒന്നു ബഹുമാനപ്പെട്ട സ്പീക്കറും മററു മൂന്നു ബഹുമാനപ്പെട്ട മന്ത്രിമാരും. നാലുപേർ ഭരിക്കുന്നതിൽ രണ്ടു ക്രിസ്ത്യാനികളുണ്ടു്. ഇവിടെ ജനസംഖ്യാനുപാതികമായി നോക്കിയാൽ രണ്ടു ക്രിസ്ത്യാനികൾക്കു സ്ഥാനമില്ല.

ശ്രീ. സി. വി. ഇട്ടി: സ്പീക്കർക്കു ഭരണത്തിലെന്താണു് കാര്യം?

ശ്രീ. മന്നത്തു പത്മനാഭപിള്ള: ഈ സഭയാണു രാജ്യം ഭരിക്കുന്നതു്. അപ്പോൾ സ്പീക്കർക്കുള്ള സ്ഥാനം എന്താണെന്നു പ്രത്യേകം പറയേണ്ട കാര്യമില്ല. മുമ്പു ൭ മന്ത്രിമാരും ഒരു സ്പീക്കറും ഉണ്ടായിരുന്നപ്പോൾ മൂന്നു ക്രിസ്ത്യാനികളുണ്ടായിരുന്നു. മൂന്നിലൊന്നു ജനസംഖ്യയില്ലെങ്കിലും ഈ രാജ്യത്തെ ഭരണകർത്തൃത്വം വഹിക്കുന്നതിൽ പകുതിക്കവകാശമുണ്ടെന്നു കാണിക്കുന്നതിനാണു ഈ വേലത്തരം. കൊച്ചിക്കാരിൽനിന്നു മന്ത്രിയെ എടുക്കാൻ പോകുന്നില്ലാത്തപക്ഷം ഇപ്പോൾ ജോടി തികഞ്ഞ രണ്ടു മന്ത്രിമാരെ കിട്ടിയിട്ടുള്ള സ്ഥിതിക്കു മന്ത്രിസഭ വികസിപ്പിക്കാതിരുന്നാലും തരക്കേടില്ല. വികസിപ്പിക്കാൻ ഭാവമുണ്ടെങ്കിൽ ജനസംഖ്യയും മററും കണക്കാക്കി ഹിന്ദുമന്ത്രിമാരെ നിയമിക്കണം. ബഹു. ശ്രീ. സി. കേശവനും, ബഹു. ടി. കെ. നാരായണപിള്ളയും ബഹു. എ. ജെ. ജാണിന്റെ സമുദായസ്നേഹം കണ്ടുപഠിക്കുകയോ അല്ലാത്തപക്ഷം ശ്രീ. എ. ജെ. ജാണിനെക്കൂടി ദേശീകരിക്കുകയോ ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. അങ്ങിനെ ഇന്നത്തെ ഈ കുഴപ്പങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കുന്നതിനു ഇന്നത്തെ ഈ മൂന്നു മന്ത്രിമാരും ശ്രമിക്കേണ്ടതാണു്. ഞങ്ങളുടെ ഇഷ്ടാനിഷ്ടം നോക്കേണ്ട, തോന്നിയപോലെ മാറുകയും മറിയുകയും കായംകുളം വാളുപോലെ ഇരുവശവും വെട്ടുകയും ചെയ്യുന്നവരല്ല ഞങ്ങൾ. ഈ കാര്യങ്ങൾ എല്ലാം മന്ത്രിസഭ ആലോചിച്ചു പ്രവർത്തിക്കണം. ഗവർമ്മെന്റു് ഈ രാജ്യത്തെ ഭൂരിപക്ഷസമുദായത്തെ ഹിംസിക്കുന്ന നടപടികളെ കണ്ണുതുറന്നു കണ്ടു് അതിനു ഒരു പരിഹാരമുണ്ടാക്കുന്ന ഭരണമാണു നടക്കുന്നതെങ്കിൽ ഒരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. ബഹുമാനപ്പെട്ട രണ്ടു മന്ത്രിമാരും ഹിന്ദുവെന്നുള്ള നാമത്തിലാണു അവിടെ ഇരിക്കുന്നതെന്നു ഓർത്തുകൊള്ളണം. ബഡ്ജററെല്ലാം പാസ്സായാലും ജനങ്ങൾ പിന്നിലില്ലെങ്കിൽ ഭരിക്കാൻ സാധ്യമല്ലെന്നു ഇപ്പോഴത്തെ പ്രധാനമന്ത്രിയും കൂട്ടുമന്ത്രിമാരും ഓർമ്മിക്കുന്നതു നന്നു്. സ്വാർത്ഥന്മാരായ ആളുകളുടെ കൂട്ടുകെട്ടിൽ പെടാതെ രാജ്യം ഭരിച്ചാൽ ഇവിടെ ക്ഷേമമുണ്ടാകുമെന്നാണു് എന്റെ വിശ്വാസം. അതിനു പിന്തുണ നൽകാനാണു് ഡെമോക്രാററിക്കു് കാൺഗ്രസ് പാർട്ടിക്കാരായ ഞങ്ങൾ നില്ക്കുന്നതു്.

ശ്രീമതി ആനി ജോസഫ്: അപ്രോപ്രിയേഷൻ ബിൽ വാദപ്രതിവാദത്തിലിരിക്കുന്ന ഈ സഭയിൽ ചർച്ചക്കു എടുത്തിട്ടില്ലാത്ത ഒരു പ്രത്യേക വകുപ്പിനെ സംബന്ധിച്ചു സ്വല്പം പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. എലക്ട്രിസിററി വകുപ്പിനെ സംബന്ധിക്കുന്ന ഒരു പ്രത്യേകകാര്യം മാത്രമേ എനിക്കു പറയേണ്ടതുള്ളു. ഈ കഴിഞ്ഞ ൧൧൨൬-ാംആണ്ടു ഈ സഭയിൽ ഒരു ചോദ്യം വരികയുണ്ടായി. ആ ചോദ്യത്തിൽ ചോദിച്ചിരുന്നതു് പെരിങ്ങൽകുത്തിലുള്ള ജോലിക്കാരുടെ അലവൻസുകളും മററു് ആനുകൂല്യങ്ങളും നിറുത്തലാക്കിയിട്ടുണ്ടോ എന്നായിരുന്നു. അതിനു പറഞ്ഞ മറുപടി "ഇല്ല" എന്നാണു്. അതായതു് കൊടുത്തുകൊണ്ടിരുന്ന അലവൻസുകളും ആനുകൂല്യങ്ങളും തുടർന്നു കൊടുത്തുകൊണ്ടിരിക്കുന്നുവെന്നാണു് ഗവർമ്മെന്റുഭാഗത്തുനിന്നും വ്യക്തമായി പറഞ്ഞ മറുപടി. ഇതു ശരികേടെന്നു തന്നെയല്ല സത്യവിരുദ്ധവുമാണു്. അക്ഷന്തവ്യമായ വിധത്തിൽ ആനുകൂല്യ

ങ്ങൾ കുറച്ചിട്ടുണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇതു സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യംകൂടി സഭയെ അറിയിക്കേണ്ടിയിരിക്കുന്നു. പെരിങ്ങൽകുത്തു പദ്ധതിയെ കരുതി അവിടത്തെ ജോലിക്കാർക്ക് ഇതിനുമുമ്പുള്ള കൊച്ചി ഗവൺമെൻറ് ചില ആനുകൂല്യങ്ങൾ ചെയ്തിരുന്നു. വാടകകൂടാതെ സാധനങ്ങളെല്ലാമുള്ള വീടും ശമ്പളത്തിന്റെ ൫൦ ശതമാനം ഹിൽ അലവൻസും കിട്ടുമെന്നുള്ളതായിരുന്നു ആ ആനുകൂല്യങ്ങൾ. ഇതുരണ്ടും ഈ സ്കീമിൽ പ്രവർത്തിക്കാൻപോയ ജോലിക്കാർക്കായി ചെയ്തിട്ടുള്ളതാണ്. കൊച്ചി–തിരുവിതാംകൂർ സംയോജനത്തിനുശേഷം ഈ രണ്ട് ആനുകൂല്യങ്ങളും വളരെ വ്യസനകരമായ വിധത്തിൽ എടുത്തുകളയുകയാണുണ്ടായത്. ൧൯൫൦ ജൂൺ ൨൦-ാംനു ഈ ഗവൺമെൻറ്, ശമ്പളത്തിന്റെ പത്തുശതമാനം വീടിനുവേണ്ടി അവർ കൊടുത്തുകൊള്ളണമെന്നു ഒരു ആർഡർ പാസ്സാക്കി. അതു പാസ്സാക്കിയ അന്നുമുതൽ പോരാ, സംയോജനതിയ്യതിമുതൽ retrospective effect–വച്ച് കൊടുക്കണമെന്നാണ് വ്യവസ്ഥയുണ്ടായത്. അതനുസരിച്ചു സാധുക്കളായ ഈ ശമ്പളക്കാരിൽനിന്നും ശമ്പളത്തിന്റെ പത്തുശതമാനം വീതം സംയോജനത്തിനുശേഷം ഈടാക്കുകയും ചെയ്തു. പിന്നീടു വളരെ നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി ഒററ വീടു വേണ്ടവർക്കു ശമ്പളത്തിന്റെ ഏഴര ശതമാനവും രണ്ടു ജോലിക്കാർമാത്രം താമസിക്കുകയാണെങ്കിൽ അവർക്കു ശമ്പളത്തിന്റെ രണ്ടര ശതമാനവും എന്നാക്കി കുറച്ചു. ഹിൽ അലവൻസ് ൧൦ ശതമാനവുമാക്കി കുറച്ചു. നേരെ മറിച്ച് പെരിങ്ങൽകുത്തിൽനിന്ന് മൂന്നാററിലേക്ക് മാററിയിട്ടുള്ള ആളുകൾക്ക് ശമ്പളത്തിന്റെ ൫൦ ശതമാനംതന്നെ കൊടുക്കുന്നുമുണ്ട്. എന്നാൽ പെരിങ്ങൽകുത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്ക് അന്നും ഇന്നും അവരുടെ ഹിൽഅലവൻസ് ൧൦ ശതമാനമായി കുറച്ചിരിക്കുകയാണ്. ഇതു വളരെ അനീതിയും അന്യായവുമാണെന്നു എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും. എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്തിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. പെരിങ്ങൽകുത്തിൽനിന്നു ചാലക്കുടിക്ക് ൨൦ മൈലുണ്ട്. അവിടെ ജോലി ചെയ്യുന്നവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും വളരെ അടിയന്തിരമായതും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ കാര്യങ്ങൾക്കുംവേണ്ടി അവിടെയുള്ളവർ ചാലക്കുടിയിൽ വരേണ്ടതുണ്ട്. ഈ കിട്ടുന്ന ശമ്പളംകൊണ്ടുപോലും സാധുക്കൾക്ക് ജീവിക്കാൻ സാധിക്കാതെവരുന്ന സ്ഥിതിക്ക് ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ കൂടി സഹിക്കേണ്ടിവരുന്നതു വലിയ കഷ്ടമാണ്. ഇതു ഗവൺമെൻറിന്റെ മനഃപൂർവ്വം കൊണ്ടാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഇങ്ങനെ കഷ്ടപ്പെടത്തക്കവണ്ണം എന്തപരാധമാണ് പെരിങ്ങൽകുത്തിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുള്ളത്? ഇതു വളരെ ആലോചിച്ചു ചെയ്യണമെന്നുള്ള മനോഭാവമാണു ഗവൺമെൻറിനുള്ളതെങ്കിൽ അതിലേയ്ക്കു ധാരാളം സമയം ഉണ്ടായിരുന്നു. ഉത്തരവാദപ്പെട്ട പല മെമ്പറന്മാരും ഈ സംഗതി പല അവസരങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമാത്രമല്ല ഒന്നിലധികംപ്രാവശ്യം ഈ കാര്യം പത്രങ്ങളിലും വന്നു. പക്ഷെ ഇതുവരെ കാര്യമായി ഒന്നും ചെയ്തില്ല. ഗവൺമെൻറിനു ഈ കാര്യത്തിൽ നീതി നടത്തണമെന്നുണ്ടെങ്കിൽ ഇതു സംബന്ധിച്ചു ഉടനെ ചിന്തിക്കേണ്ടതാണ്. അവർക്കു ന്യായമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നെനിക്കൊരപേക്ഷയുണ്ട്. ഗവൺമെൻറ് ആർഡറിൻപ്രകാരം അവർക്കനുവദിച്ചുകിട്ടിയിരുന്ന ആനുകൂല്യങ്ങൾ അവിടത്തെ ജോലിക്കാർക്കു തുടർന്നു കൊടുക്കേണ്ടതു് ഒരാവശ്യമാണെന്നു ഗവൺമെൻറു മനസ്സിലാക്കിയാൽ മതി. അതു മനസ്സിലാക്കാതെയിരുന്നാൽ വളരെ കഷ്ടമാണ്. അവർ ചെയ്യുന്നതായ ജോലിയും ജോലിസ്ഥലവും കൂടി ഗവൺമെൻറു ഓർമ്മിച്ചുനോക്കേണ്ടതാണ്. അ

[Sri. Annye Joseph]

തുകൊണ്ടു അവർക്കാവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണു് ഞാൻ വീണ്ടും അപേക്ഷിക്കുന്നതു്.

സഭയിൽ ഈ വശത്തിരിക്കുന്ന മെമ്പറന്മാരെപ്പററി വളരെ ആക്ഷേപകരമായും അന്തസ്സിനു യോജിക്കാത്ത തരത്തിലും മറുഭാഗത്തുനിന്നും പ്രസംഗിക്കുന്നതും ചില സൂചനകൾ നടത്തുന്നതുമായി കേൾക്കുകയുണ്ടായി. സഭയുടെ അന്തസ്സിനു യോജിക്കാത്ത തരത്തിലും കുടുംബത്തിന്റെ അന്തസ്സിനുപോലും യോജിക്കാത്തതരത്തിലും ഇങ്ങനെയുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതുകാണുമ്പോൾ എനിക്കതേപ്പററി ഒന്നും പറയാൻ കാണുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുമ്പോൾ ഒന്നു പിന്തിരിഞ്ഞു നോക്കിക്കൊണ്ടും വളരെ ആലോചിച്ചും പറഞ്ഞാൽ വളരെ അന്തസ്സായിരിക്കും. മി: മന്ദം പറയുകയുണ്ടായി ഈ സഭയിലും അധികാരസ്ഥാനങ്ങളിലും കൃസ്ത്യാനികൾ ആണു് അധികമെന്നു്. അന്യായമായി കൃസ്ത്യാനികൾക്കു പ്രാതിനിധ്യം വേണമെന്നു ഒരു കൃസ്ത്യാനിയും ആവശ്യപ്പെട്ടില്ല. ഹിന്ദുക്കൾതന്നെ എല്ലാ സ്ഥാനങ്ങളിലും ഇരുന്നുകൊള്ളട്ടെ. അതിലും ഞങ്ങൾക്കു വിരോധമില്ല. നീതി നടക്കണം, ജനങ്ങൾക്കുപകാരപ്രദമായ ഭരണം നടത്തണമെന്നു മാത്രമേ കൃസ്ത്യാനികൾ ആഗ്രഹിക്കുന്നുള്ളു. ഹിന്ദുക്കളായാലും മററു വിഭാഗക്കാരായാലും അന്തസ്സായും കാര്യക്ഷമമായും ഭരണം നടത്തണം. അല്ലാതെ കൃസ്ത്യാനിക്കു എല്ലാ സ്ഥാനങ്ങളും ലഭിക്കണമെന്നു ആരും പറഞ്ഞിട്ടില്ല, പറയുകയുമില്ല. പക്ഷെ ഇങ്ങനെ കണക്കുകൾ ഉദ്ധരിച്ചു ഏതവസരത്തിലും പറയുന്നതിനു ലജ്ജതോന്നുന്നില്ലല്ലോ എന്നാണു് ഞാൻ വിചാരിക്കുന്നതു്.

ഇന്നു കൊച്ചീരാജ്യത്തെ സംബന്ധിച്ചിടത്തോളം മന്ത്രിസഭയിലെന്നല്ല, ഏതുകാര്യത്തിലും ഒരവഗണനയോടുകൂടിയാണു് പെരുമാറുന്നതു്. ഞങ്ങൾക്കു രാജ്യത്തിന്റെ അന്തസ്സു പാലിക്കണം. അതു ഞങ്ങളുടെ ചുമതലയാണു്. അതു പറയുന്നതിൽ ഞങ്ങൾ ലജ്ജിക്കുന്നില്ല. അതു രാജ്യത്തിന്റെ ആവശ്യമാണെന്നും ആവർത്തിച്ചുപറയാൻ ഞാനാഗ്രഹിക്കുന്നു. ഈ വക കാര്യങ്ങളെസംബന്ധിച്ചു ഉത്തരവാദിത്വമുള്ള ബഹു: മെമ്പറന്മാർ ശ്രദ്ധിക്കണമെന്നറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. ഏ. കെ. പാച്ചുപിള്ള:</u> സർ, ഇരുപത്തിനാലുകോടി തൊണ്ണൂററി ഒൻപതുലക്ഷത്തിൽ ചില്വാനം രൂപയുടെ ധനാഭ്യർത്ഥനയോടുകൂടിയാണു് ബഹു: ധനകാര്യമന്ത്രി സഭയുടെമുമ്പിൽ ഈ ബിൽ അംഗീകാരത്തിനായി വച്ചിരിക്കുന്നതു്. ഇതു വളരെ പരിശോധിച്ചു പഠിച്ചതിനുശേഷം ഒരു തത്വം എനിക്കു വളരെ വ്യക്തമായി കാണുവാൻ സാധിച്ചു. അതായതു് ൨൪ കോടിയിൽ ചില്വാനം എന്നു പറഞ്ഞതു് ഏകദേശം ൨൫ കോടി രൂപയോളം വരുന്ന ഒരു ധനാഭ്യർത്ഥനയിൽ ൨ കോടി മുപ്പത്തിനാലുലക്ഷം രൂപയോളം കൺസാളിഡേറെറഡ് ഫണ്ടിൽ ചേർത്തിരിക്കുന്നതും വോട്ടിനു വിധേയമാക്കാത്തതും ബാക്കി കാണുന്ന ൨൨ കോടി ൬൪ ലക്ഷത്തിൽ ചില്വാനം രൂപയുടെ അഭ്യർത്ഥന ഈ സഭയുടെ ചർച്ചക്കു കൊണ്ടുവരുകയും ഓരോ ഡിപ്പാർട്ടുമെൻറുകളുടേയും ഭരണവൈകല്യങ്ങളെയും മററും ചൂണ്ടിക്കാണിച്ചുകൊണ്ടു് വാദപ്രതിവാദം നടത്തുന്നതിനു ഒരവസരം കിട്ടുന്നതിനു സഭയ്ക്കു് അവകാശമുണ്ടെങ്കിലും കിട്ടായ്കയാൽ വളരെ വിഷമം ഉണ്ടായിട്ടുള്ളതുമായ ഒരു പ്രശ്നമാണു്. എന്നാൽ ഒൻപതു കോടിക്കും പത്തുകോടിക്കും ഇടയ്ക്കുള്ള ഒരു സംഖ്യയെ സംബന്ധിച്ചു ശബ്ദിക്കപോലും ചെയ്യാതെ വോട്ടുകളുടെ ശക്തിമൂലം പാസ്സാക്കാൻ ഇടയായിട്ടുള്ളതായും

കാണുന്നു. അതായതു് മൂന്നിലൊന്നിൽ കൂടുതലായിരിക്കുന്ന ഒരു സംഖ്യ ഈ സഭയുടെ ചർച്ചയ്ക്കു വിധേയമാകാതെ പല ഡിപ്പാർട്ടുമെന്റുകളുടേയും പൊളിററിക്കലായും ഭരണപരമായും എത്രയും പ്രധാനപ്പെട്ടതുമായും ഉള്ള പല ഡിപ്പാർട്ടുമെന്റുകളുടേയും, ഉദാഹരണമായി ജയിൽ, മെഡിക്കൽ, ഇലക്ട്രിസിററിയുടെ ചില ഭാഗങ്ങൾ മുതലായ ഡിപ്പാർട്ടുമെന്റുകൾ ഉൾക്കൊള്ളുന്ന ഭീമമായ ഒരു സംഖ്യയെപ്പററി ഇവിടെ സംസാരിക്കുന്നതിനു ഈ സഭയ്ക്കു ഒരവസരംപോലും തരാതെ ധൃതഗതിയിൽ പാസ്സാക്കുകയും അതുപോലെതന്നെ ഒരു പരിപാടിയും ആലോചനയും കൂടാതെ ഈ ബഡ്ജററ് തയാറാക്കുകയും ചെയ്തതു് ഏററവും അപലപനീയവും ആക്ഷേപാർഹവുമായ ഒരു സംഗതിയാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ സംഗതികളെസംബന്ധിച്ചു വീണ്ടും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

ഇതുവരെ ഇവിടെ നടത്തിയിട്ടുള്ളതായ ചില ബഡ്ജററു ചെലവുകളെസംബന്ധിച്ചുള്ള ചില തത്വങ്ങളിലേയ്ക്കു കടക്കണമെന്നാണു് ഞാനുദ്ദേശിക്കുന്നതു്.

സർ, കൂടക്കൂടെ മന്ത്രിമാററങ്ങൾ പതിവായിട്ടുള്ള ഫ്രാൻസ് രാജ്യത്തും എല്ലാ സംഖ്യകളും ബഡ്ജററിൽ ഉൾക്കൊള്ളിക്കുന്നുണ്ടു്. എന്നാൽ അപ്പോഴപ്പോൾ നേരിടുന്ന അത്യാവശ്യങ്ങൾക്കുവേണ്ടി മന്ത്രിസഭയ്ക്കു പണം ചെലവാക്കാത്തവിധത്തിലാണു് അവിടത്തെ ഭരണഘടനയനുസരിച്ചു ബഡ്ജററു രൂപീകരിച്ചു വരുന്നതു്. അമേരിക്കയിലാകട്ടെ അവിടത്തെ പ്രസിഡന്റ് ഭരണപരമായ കാര്യങ്ങളിൽ സർവ്വാധിപതിയാണെന്നിരുന്നാലും ധനസംബന്ധമായ കാര്യങ്ങളിൽ അവിടത്തെ കോൺഗ്രസ്സിന്റെ പരിപൂർണ്ണമായ സമ്മതത്തോടുകൂടിയല്ലാതെ ഒററ ഡാളർപോലും ചെലവാക്കുന്നതിനു സാധിക്കുന്നില്ലെന്നാണു് ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. ഈ അടുത്ത ദിവസംതന്നെ ഇൻഡ്യയുടെ ഭക്ഷണക്ഷാമം നേരിടുന്നതിനുവേണ്ടി ഏററവും അത്യാവശ്യമെന്നു അവിടത്തെ പ്രസിഡണ്ടിനു ബോദ്ധ്യംവന്നു് ൨൦ ലക്ഷം ടൺ ധാന്യം ഇന്ത്യയിലേയ്ക്കു അയച്ചുകൊടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി പ്രസിഡന്റ് ഒരു ബിൽ അവിടെ അവതരിപ്പിച്ചു. സഭകൾ വേണ്ടവിധത്തിലുള്ള ചർച്ചയ്ക്കു വിധേയമായിട്ടു അതനുവദിക്കത്തക്കതാണോ അല്ലയോ എന്നുള്ള പൂർണ്ണമായ ബോദ്ധ്യം വന്നതിനുശേഷം മാത്രമേ അതനുവദിച്ചുകൊടുക്കുകയുള്ളു എന്നുള്ള നിലയിലാണിരിക്കുന്നതു്. ഇതുവരെ ആ ബിൽ പാസ്സാക്കപ്പെട്ടിട്ടില്ലെന്നു ഓർക്കണം.

ഇംഗ്ലണ്ടിലാണെങ്കിൽ ഇങ്ങനെ ആവശ്യം നേരിടുന്ന അവസരങ്ങളിൽ ചെലവുചെയ്യുന്നതിലേയ്ക്കായി ഒരു സിവിൽ കണ്ടിജൻസീസ്സ് ഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടു്. അങ്ങിനെയുള്ള ഫണ്ടിൽനിന്നും അപ്രതീക്ഷിതമായ ആവശ്യങ്ങൾ വരുമ്പോൾ മാത്രമേ അവിടത്തെ ധനകാര്യമന്ത്രി അതിനെ വിനിയോഗിക്കുകയുള്ളു. അതായതു് വെള്ളപ്പൊക്കം, വലിയ യുദ്ധങ്ങൾ, വലിയ മഹാമാരികൾ ഇങ്ങനെയുള്ള അടിയന്തിരസന്ദർഭങ്ങളിൽ മാത്രമേ ബഡ്ജററിനു പുറത്തുനിന്നും ഈ വക സംഖ്യകൾ ചെലവാക്കാൻ അധികാരമുള്ളു. അതുപോലെ ഭരണത്തിനു വിഘാതം നേരിടാതിരിക്കുന്നതിനു ഒരു കരുതൽ എന്നുള്ള നിലയിലാണു് ഈ സിവിൽ കണ്ടിജൻസിഫണ്ടു് ഏർപ്പെടുത്തിയിട്ടുള്ളതു്. ആ രാജ്യങ്ങളിലുള്ളവർ വളരെ കരുതലോടുകൂടിയാണു് രാജ്യത്തിന്റെ ധനം വിനിയോഗിക്കുന്നതു്. ഇവിടെയാകട്ടെ നാം നോക്കുകയാണെങ്കിൽ അതിനെല്ലാത്തിനും വ്യത്യസ്ഥമായ ഒരു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്.

സർ, ഏതാനും സപ്ലിമെന്ററി ഡിമാന്റുകൾ മൂലം ഒരുകോടി രൂപയോളം ഈ ബഡ്ജററവേളയിൽതന്നെ പാസാക്കിയെടുത്തു. ഇതേസംബന്ധിച്ചു വ

[Sri A. K. Patchu Pilli]

ലിയ ധനതത്വശാസ്ത്രജ്ഞന്മാർ പറയുന്നതു്, ബഡ്ജററിനു വെളിക്കുപോയി എന്തെങ്കിലും തുക ചെലവാക്കണമെന്നുണ്ടെങ്കിൽ അതു വരുമാനത്തിന്റെ രണ്ടുശതമാനത്തിൽ കൂടുതൽ പാടില്ല എന്നാണു്.

സർ, സെക്കൻററി വിദ്യാഭ്യാസത്തിനുതന്നെ നാം ൨൫ ലക്ഷംരൂപാ അനുവദിച്ചുകൊടുത്തു. അതുതന്നെയാണെങ്കിൽ ഇവിടത്തെ റവന്യുവിൽനിന്നും രണ്ടു ശതമാനമായി കഴിഞ്ഞു. അപ്പോൾ ഈയിടെ സപ്ലിമെൻററി ഡിമാൻറായി പാസ്സാക്കിയെടുത്ത ഒരുകോടി രൂപാ കൂടി കണക്കാക്കുമ്പോൾ ബഡ്ജററു എമൌണ്ടിന്റെ പത്തുശതമാനത്തിലധികമാണെന്നു കാണാം. ഇതിൽ വളരെ വലിയൊരു സംഖ്യ അപ്രതീക്ഷിതമായ യാതൊരു ആവശ്യത്തിനും വേണ്ടിയുള്ളതല്ലയെന്നു പ്രത്യക്ഷത്തിൽതന്നെ മനസ്സിലാക്കാവുന്നതാണു്. ഇങ്ങനെ ഭൂരിപക്ഷകക്ഷിയുടെ വോട്ടിന്റെ ശക്തികൊണ്ടു് പാസ്സാക്കിയെടുക്കുന്ന നയത്തോടും ഈ ബഡ്ജററിനോടും ജനങ്ങൾക്കു അവജ്ഞതോന്നുവാൻ കാരണമില്ലേയെന്നു നാം ആലോചിക്കേണ്ടതാണു്. ഒരു ബഡ്ജററുണ്ടാകുന്നതിനുമുൻപു, ഈ വഷത്തിൽ ഗവമ്മെൻറിനുണ്ടാകുവാൻപോകുന്ന വരവിന്റെയും ചിലവിന്റെയും......

ശ്രീ. എ. ജെ. ജോൺ: സപ്ലിമെൻററി ഡിമാൻറിനെ സംബന്ധിച്ചു ഇപ്പോൾ വാദപ്രതിവാദം ചെയ്യുന്നതു് ശരിയാണോ?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ ഭൂരിപക്ഷംകൊണ്ടല്ലാതെ ന്യൂനപക്ഷംകൊണ്ടു പാസ്സാക്കികിട്ടുന്നതിനു വല്ല ന്യായവും ഉണ്ടോ? (ഉത്തരമില്ല)

ശ്രീ. എ. ജെ. ജോൺ: ഫ്റാൻസിലും മററും പലതും നടക്കുന്നുണ്ടു്. അതൊന്നും ഇവിടെ നടത്തണമെന്നില്ല.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: പൊതുപ്രാധാന്യമുള്ള ഭരണപരമായ കാര്യങ്ങളെ പരാമർശിച്ചു മാത്രമേ ഈയവസരത്തിൽ സംസാരിക്കാൻ പാടുള്ളു.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ബോംബെയിലും മദ്രാസിലും സ്വീകരിച്ച നടപടികൾ മനസ്സിലാക്കിയശേഷവും, കഴിഞ്ഞ കൊല്ലത്തെ പ്രവത്തനപരിപാടികൾ ഗവമ്മെൻറു തുടന്നുകൊണ്ടു പോകുന്നപക്ഷം ഇന്നയിന്ന തകരാറുകൾ ഉണ്ടാകും എന്നു ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു ഈ അവസരത്തിൽ ന്യായവും ആവശ്യവും ആയിരിക്കുമെന്നു തോന്നിയതുകൊണ്ടുമാണു് ഞാൻ ഇപ്പോൾ ഈ കാര്യങ്ങൾ റഫർചെയ്തു പറയുന്നതു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അവിടെ എന്തെങ്കിലും തെററുചെയ്തിട്ടുണ്ടെങ്കിൽ അതു ഇവിടെ ആവത്തിക്കണമെന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ തെററു ചെയ്തിട്ടില്ല. അതു ഞാൻ ആവത്തിക്കുന്നുമില്ല. ഗവമ്മെൻറിന്റെ നയപരിപാടികൾ എന്തെല്ലാമാണെന്നു നിയമസഭയുടെ മുമ്പിൽവച്ചു് പൂണ്ണമായി ചച്ചചെയ്തതിനുശേഷം അവ നടപ്പിൽവരുത്തുന്നതിനു് ഗവമ്മെൻറു ശ്രദ്ധിക്കേണ്ടതു് അത്യാവശ്യമാണു്. കൂടക്കൂടെ ഇഷ്ടംപോലെ ഈ നിയമസഭയിൽ സപ്ലിമെൻററി ഡിമാൻറുകൾ കൊണ്ടുവരുന്നതിനു ഇടയാകാതിരിക്കാൻ ഗവമ്മെൻറിന്റെ പ്രവത്തനപരിപാടികളെല്ലാം നേരത്തേതന്നെ ഈ സഭയുടെ മുമ്പിൽവച്ചു് ചച്ചചെയ്യുന്നതു സഹായകമായിരിക്കും. ഈ രാജ്യത്തെ പൊതുജനങ്ങളെ സാരമായി സ്പർശിക്കുന്നതും പൊതുജനങ്ങൾക്കു് വളരെ വളരെ ആക്ഷേപങ്ങൾ ഉള്ളതുമായ മെഡിക്കൽ വകുപ്പിനെ കുറിച്ചും ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും രാഷ്ട്രീയ തട

തടവുകാരായാലും ശരി, അല്ലാത്ത തടവുകാരായാലും ശരി, കിടന്നു ദുരിതമനുഭവിക്കുന്നതായ ജയിലുകളുടെ ഭരണം നടത്തുന്ന വകുപ്പിനെകുറിച്ചും ചർച്ചെയ്യുന്നതിനു സന്ദർഭംകിട്ടാതിരുന്നതിൽ ഈ സഭയ്ക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള പ്രതിഷേധത്തെ സൂചിപ്പിക്കണമെന്നും ഞാൻ ഉദ്ദേശിക്കുന്നു. ഈ അവസരത്തിൽ സംഗതമായ ചില ചോദ്യങ്ങൾക്കുകൂടി മറുപടി പറയേണ്ട ഭാരവും എനിക്ക് വന്നുചേർന്നിരിക്കുന്നു.

എന്റെ ബഹു. സ്നേഹിതൻ ശ്രീ. അയ്യക്കൻ ചില വലിയ ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഒരു പാർട്ടിയുടെ ടിക്കററിൽനിന്നുകൊണ്ടു നിയമസഭാമെമ്പർസ്ഥാനം കരസ്ഥമാക്കിയതിനുശേഷം ആ പാർട്ടിയിൽനിന്നു രാജിവയ്ക്കാതെ വേറൊരു പാർട്ടിയായി പിരിഞ്ഞുനിന്നു പ്രവർത്തനം നടത്തുന്നതു ശരിയാണോ എന്നാണ് അദ്ദേഹം ചോദിക്കുന്നതു്. തിരുവിതാംകൂറിലെ രാഷ്ട്രീയ ചരിത്രത്തെപ്പററി അജ്ഞനായ അദ്ദേഹം ഇതിന്റെ പശ്ചാത്തലമോ അങ്ങിനെ പ്രവർത്തിക്കുന്നതിനുണ്ടായ കാരണങ്ങളോ മനസ്സിലാക്കാതെ ഇവിടെ വന്നപ്പോൾ അങ്ങുമിങ്ങും ചിലയാളുകൾ ഇരിക്കുന്നതുകണ്ടിട്ട് അവരിൽ ചിലർ മുമ്പ് വേറെ ഏതോ പാർട്ടികളിൽപ്പെട്ടിരുന്ന ആളുകളാണെന്നു മനസ്സിലാക്കിവച്ചുകൊണ്ട് ഇങ്ങനെ ഒരു വിമർശനം നടത്താൻ മുതിർന്നിട്ടുള്ളതാണെന്നു എനിക്കറിയാം. തിരുവിതാംകൂറിലെ കാൺഗ്രസ് ടിക്കററിന്മേൽ വന്നിട്ടുള്ളതായ അംഗങ്ങൾ മുഴുവൻ തിരുവിതാംകൂറിൽ ന്യായമായും സമാധാനപരമായുമുള്ള മാർഗ്ഗങ്ങളിൽകൂടി ഉത്തരവാദിത്വഭരണം സമ്പാദിക്കുന്നതിനു നിശ്ചയംചെയ്തു പ്രതിജ്ഞ ഒപ്പിട്ടു കൊടുത്തതിന്റെ ഫലമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണു്. ആ ഉത്തരവാദിത്വം ഇവിടെ ഉത്തരവാദിത്വഭരണം ലഭിച്ചു ഫ്ഥവ-വ-ൽ അവസാനിച്ചു. അതിനുശേഷം തിരുവിതാംകൂറിലെ ജനങ്ങളുടെ സമ്മതമില്ലാതെ, ജനങ്ങളുടെ അഭിപ്രായം ആരായുകയോ ആവശ്യപ്പെടുകയോപോലും ചെയ്യാതെ, അന്നു കോൺഗ്രസ് രൂപീകരിച്ചിരുന്നതായ അതിന്റെ ഘടകങ്ങളോടുപോലും ഒരു സംയോജനത്തിനു തയ്യാറാണോ എന്നു ചോദിക്കാതെ ഒരു തിരുവിതാംകൂർ കൊച്ചി സംയുക്തഗവൺമെന്റു ഇവിടെ സൃഷ്ടിക്കുകയും തിരുവിതാംകൂർ കാൺഗ്രസ് പാർട്ടിയുടെ അഭിപ്രായമോ അനുമതിയോ കൂടാതെ ചില നേതാക്കന്മാർ കൊച്ചി കാൺഗ്രസ് പാർട്ടിയുമായി ഒത്തുചേർന്ന ഒരു സംയുക്തകാൺഗ്രസ്പാർട്ടി രൂപീകരിക്കയുമാണു് ഉണ്ടായിട്ടുള്ളതു്. ഇതിനൊന്നിനും ഈ രാജ്യത്തെ ജനങ്ങളുടെ അംഗീകാരം ഉണ്ടായിരുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെട്ട സംയുക്തപാർട്ടിയോടു ഞങ്ങൾക്കു യാതൊരു ബന്ധവുമില്ലാതെ, ഞങ്ങൾ യാതൊരു പ്രതിജ്ഞയും ചെയ്യാതെ പ്രവർത്തിച്ചുവരികയാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: തിരുവിതാംകൂറിൽ ഈ മെമ്പറന്മാരെ എല്ലാം തെരഞ്ഞെടുത്തിട്ടുള്ളതു തിരുവിതാംകൂറിനു ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനുവേണ്ടി ആയിരുന്നില്ലേ?

ശ്രീ. എ. കെ. പാച്ചുപിള്ള: അതേ, തിരുവിതാംകൂറിനു ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനു മാത്രമുള്ള മാൻഡേററോട്കൂടിയാണ് തിരുവിതാംകൂറിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഒരു ഭരണഘടന എഴുതി ഉണ്ടാക്കേണ്ട ആവശ്യം ഇല്ലാതെ വന്നപ്പോൾ തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു തയ്യാറായവരാണോ മാൻഡേററ് ലംഘിച്ചതു്, അതോ അതിൽ ചേരാതെ നിന്നവരാണോ?

ശ്രീ. എ. കെ. പാച്ചുപിള്ള: അതു ഒരു വലിയ പ്രശ്നമായതുകൊണ്ടു് ഞാൻ തല്ക്കാലം അതിലേയ്ക്കു പ്രവേശിക്കുന്നില്ല. തിരുവിതാംകൂറിലെ ജനങ്ങളുടെ യാതൊരു അനുമതിയുംകൂടാതെ ഏതാനും നേതാക്കന്മാരുടെ തന്നിഷ്ടം അനുസരിച്ചു് ഈ സഭയുടെ ഘടനയെപ്പററിപോലും ചിന്തിക്കാതെയാണു് സംയോജനം നടത്തിയതു്. അങ്ങനെ പുതുതായി സൃഷ്ടിക്കപ്പെട്ട പാർട്ടിയിൽ ഞങ്ങൾ അംഗമായിരിക്കുകയോ പ്രതിജ്ഞ ഒപ്പിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തതുകൊണ്ടു് ആ പാർട്ടിയുടെ നിയമങ്ങളോ ഇഷ്ടാനിഷ്ടങ്ങളോ അനുസരിക്കേണ്ടകാര്യം ഞങ്ങൾക്കില്ല. ഞങ്ങൾക്കു് ഈ സംയുക്തപാർട്ടിയുമായി യാതൊരു കരാറുമില്ല. അതുകൊണ്ടു് ഏതെങ്കിലും കരാറു അനുസരിക്കാതിരിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. കാൺഗ്രസ് ദുഷിച്ചു് തിരു—കൊച്ചിയിലെ ജനങ്ങളെയും അവരുടെ അഭിലാഷങ്ങളെയും പ്രതിബിംബിപ്പിക്കുന്നില്ലെന്നു മനസ്സിലായ ക്ഷണത്തിൽ, കാൺഗ്രസ്കക്ഷിക്കാർ അവരുടെ പ്രകടനപത്രികമൂലം പ്രഖ്യാപനം ചെയ്തിരുന്ന വാഗ്ദത്തങ്ങളെ യാതൊരു വിലയുമില്ലാതെ കാററിൽപറത്തിക്കൊണ്ടു പ്രവർത്തിക്കാൻ തുടങ്ങിയ നിമിഷത്തിൽ അതിൽ ഞങ്ങൾക്കുള്ള പ്രതിഷേധം അറിയിച്ചുകൊണ്ടും അവരോടു സഹകരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ലെന്നു വ്യക്തമാക്കികൊണ്ടും ഞങ്ങൾ വേറെ ഒരു പാർട്ടി രൂപീകരിച്ചു് പ്രവർത്തിക്കുന്നതിൽ എന്താണാക്ഷേപമെന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. സദാസമയവും പൗരുഷത്തെപ്പററിയും ആണത്തത്തെപ്പററിയും പ്രസംഗിച്ചു് അതിന്റെ പേരിൽ ആഹ്വാനങ്ങൾ മുഴക്കിക്കൊണ്ടിരിക്കുന്ന എന്റെ ബഹു. സ്നേഹിതനോടു സ്വന്തം ഹൃദയത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഇന്നലെ അദ്ദേഹം എന്താണു ചെയ്തതെന്നു ഒന്നു പരിശോധിച്ചു നോക്കട്ടെ. ഒരു ഡിപ്പാർട്ടുമെന്റിന്റെ ധനാഭ്യർത്ഥനവന്നപ്പോൾ അനുകൂലിക്കുകയും അതേതത്വംതന്നെ ഉൾക്കൊള്ളുന്നതായ മറെറാരു ധനാഭ്യർത്ഥനവന്നപ്പോൾ അദ്ദേഹം നിഷ്പക്ഷത അവലംബിക്കുകയുമല്ലേ ചെയ്തതു്?

ശ്രീ. ഇട്ടീര അമ്പൂക്കൻ: അനുകൂലിച്ചു വോട്ടുചെയ്ത ധനാഭ്യർത്ഥന ഈ രാജ്യത്തെ ഭക്ഷ്യോല്പാദനവർദ്ധനവിനുള്ളതും നിഷ്പക്ഷത അവലംബിച്ച ധനാഭ്യർത്ഥന ഇവിടത്തെ നിയമസഭയെ സംബന്ധിച്ചുള്ളതുമായിരുന്നു. രണ്ടാമത്തേതിൽ എനിക്കു പ്രതിഷേധമുള്ളതുകൊണ്ടാണു് ഞാൻ നിഷ്പക്ഷത അവലംബിച്ചതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: നിയമസഭയെ സംബന്ധിച്ചു് ബഹു. മെമ്പർക്കു പ്രതിഷേധം ഉണ്ടായിരുന്നുവെങ്കിൽ അതിനു എതിരായിട്ടുതന്നെ വോട്ടു ചെയ്യേണ്ടതായിരുന്നു. പക്ഷെ ആണത്തമുള്ള എന്റെ ബഹു. സ്നേഹിതൻ ലജ്ജാകരമായവിധം നിഷ്പക്ഷത അവലംബിക്കുകയാണുണ്ടായതു്. സർ, ആണത്തത്തെപ്പററി പറയുന്നവർക്കു ആണത്തമില്ലെങ്കിലും കുറച്ചു പെണ്ണത്തമെങ്കിലും ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ പ്രവൃത്തി ആണത്തവും പെണ്ണത്തവുമല്ലാ മറെറാരു ഭാഷയാണു് പറയേണ്ടതു്. എന്റെ സ്നേഹിതൻ അതുകൂടെ ആലോചിച്ചിട്ടു് പ്രസംഗിക്കുന്നതു് നന്നായിരിക്കും. അതുകൊണ്ടു് എനിക്കു എന്റെ ബഹു. സ്നേഹിതനോടും അദ്ദേഹത്തിന്റെ ചിന്താഗതിയുള്ള മററു സ്നേഹിതന്മാരോടും പറയുവാനുള്ളതു് ഞങ്ങൾ ഒരു പാർട്ടിയോടും യാതൊരു വഞ്ചനയും കാണിച്ചിട്ടില്ലെന്നും പൗരുഷത്തോടുകൂടിത്തന്നെ ഞങ്ങൾ ആദ്യംമുതൽ പ്രവർത്തിച്ചുപോരുന്നുണ്ടെന്നുമാണു്. ജനങ്ങളോടും, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളോടും ഞങ്ങൾ ചെയ്തിട്ടുള്ള പ്രതിജ്ഞകൾ വിപരീതമായി യാതൊന്നും ഞങ്ങൾ ചെയ്തിട്ടില്ലെന്നും എന്റെ സ്നേഹിതന്മാർ മനസ്സിലാക്കിയാൽ നന്നായിരിക്കും.

ഈ ബഡ്ജററിനെപ്പററി ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഗവൺമെൻറ് ഇങ്ങനെ ഹൃദയലാഘവത്തോടുകൂടി പെരുമാററാതെ കുറച്ചു് ഗൗരവമായിട്ടെടുത്തു ഈ സഭയിൽനിന്നുമുള്ള അനുമതിക്കകത്തുനിന്നുകൊണ്ടുതന്നെ പ്രവർത്തിക്കുന്നതിനു ബ.ഹു. മന്ത്രിമാർ കടപ്പെട്ടവരാണെന്നു് എപ്പോഴും ഓർമ്മിക്കേണ്ടതാണു്. കഴിഞ്ഞകാലത്തെ അനുഭവംകൊണ്ടു പറയുകയാണെങ്കിൽ അവർ യാതൊരു സ്കീമിന്റെയും അകത്തുനിന്നു പ്രവർത്തിച്ചിട്ടില്ലെന്നു മാത്രമല്ല, ജനങ്ങൾക്കു കൊടുത്തിരുന്നതായ പ്രതീക്ഷകൾക്കു വിപരീതമായി തുടർച്ചയായി പ്രവർത്തിച്ചുവന്നതിന്റെ ഫലമായി കഴിഞ്ഞ ഫെബ്രുവരി ൨൮-ാംനു ഇവിടത്തെ മന്ത്രിസഭ അസ്തമിച്ചിരിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ ജനങ്ങൾ സന്തോഷിച്ചു അതു ഒരു വിമോചനദിനമായി ആഘോഷിക്കുന്നതിനു ഇടയാക്കിയ ഒരവസ്ഥയിൽ ഈ രാജ്യത്തെ എത്തിക്കുകയും ചെയ്തിട്ടുണ്ടു്. അതിനുശേഷം അവർ എടുത്തിട്ടുള്ള അടവുകളെപ്പററി ബഡ്ജററിന്റെ പൊതുവിമർശനവേളയിലും മററു സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇപ്പോൾ ഞാൻ അതിലേക്കു് കടക്കുന്നില്ല. ഭരണപരമായി ഇവിടെ ഒരു വലിയ സ്തംഭനമാണു് ഉണ്ടായിരിക്കുന്നതു്. ഈ മന്ത്രിസഭക്കു് ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറുന്നതിനുള്ള ഒരു ഘടനയല്ല ഉള്ളതെന്നും, അകത്തുനിന്നും പുറത്തുനിന്നും അനുനിമിഷം ഉണ്ടാകാവുന്ന ആക്രമണങ്ങളെ നേരിട്ടു കൊണ്ടിരിക്കുന്നതിനുള്ള കെല്പു് ഇല്ലാത്ത ഒരു സ്ഥിതിയിലാണു് ഈ മന്ത്രിസഭ ഇന്നു നിലകൊള്ളുന്നതെന്നും പൊതുജനങ്ങൾ വിശ്വസിക്കുന്നു. അതിന്റെ ഫലമായി അവരുടെ ഹൃദയങ്ങളിൽ ഉളവായിരിക്കുന്ന അസംതൃപ്തിയെ ഇല്ലാതാക്കത്തക്കവിധത്തിൽ ഇവിടത്തെ ഭരണം നടത്തിക്കൊണ്ടുപോകുവാൻ തങ്ങൾക്കു് ശേഷിയില്ല, ജനക്ഷേമത്തെ മുൻനിർത്തി ഭരണം നടത്താനുള്ള കഴിവു് തങ്ങൾക്കു് നഷ്ടപ്പെട്ടിരിക്കുന്നു എന്നു് തുറന്നു സമ്മതിച്ചുകൊണ്ടു് വീണ്ടും പൊതുജനങ്ങളെ അഭിമുഖീകരിക്കുകയാണു് ഇന്നത്തെ മന്ത്രിസഭ ചെയ്യേണ്ടതെന്നു അവരെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഇന്നു നിലവിലിരിക്കുന്ന കാൺഗ്രസ്സ് ഭരണം മുന്നോട്ടുപോകണമെന്നു ഏററവും ആത്മാർത്ഥതയോടുകൂടി ആഗ്രഹിക്കുന്ന ഒരുവനാണു് ഞാൻ. അതേസമയം കാൺഗ്രസ്സിന്റെ ഭരണത്തിൽ വല്ല വൈകല്യങ്ങളുമുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കേണ്ട ചുമതലയും എനിക്കുണ്ടു്. ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ ബഡ്ജററിനെ മൊത്തത്തിൽ നോക്കുന്നപക്ഷം വളരെ അധികം ചെലവു ചെയ്യേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ ഗവൺമെൻറിനു കിട്ടേണ്ടതായ സംഖ്യകളും വരവിനങ്ങളും ശരിയായി കിട്ടുന്നുണ്ടോ, ഇല്ലയോ എന്നു് പരിശോധിക്കേണ്ട ചുമതല ഈ സഭയ്ക്കുള്ളതാകുന്നു. ഗവൺമെൻറിനു കിട്ടാനുള്ളതായ കോടിക്കണക്കിനുള്ള വരവു പലതരത്തിലും കിട്ടാതെ പോകുന്നുണ്ടെന്നാണു് എന്റെ ബലമായ സംശയം. അതു ഗവൺമെൻറു അറിയുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കേണ്ടതും നമ്മുടെ ചുമതലയാണു്. ഗവൺമെണ്ടു് അതിൽ പലതും അറിയുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നിസ്സാരമായ ഒരു ഉദാഹരണം എടുക്കാം. വനം വകുപ്പിൽ നമ്മുടെ ഗവൺമെൻറു അനുവർത്തിച്ചുവരുന്ന നയം എന്താണെന്നു പരിശോധിക്കാം. പലപ്രാവശ്യവും വനം പതിവിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ വരുമ്പോൾ അന്നന്നുണ്ടായിട്ടുള്ള സ്ഥിതിഗതികൾക്കു അനുയോജ്യമായവിധത്തിൽ ഉത്തരങ്ങൾ തരുകയോ ഈ സഭ കാര്യങ്ങൾ മനസ്സിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിവരങ്ങൾ വിശദമാക്കുകയോ ചെയ്തിട്ടില്ലെന്നുള്ളതു് വളരെ വ്യസനകരമാണു്. അങ്ങനെ ഒരു പാര

[Sri M, I. Paul]

മ്പയും ഈ സഭയിൽ കുറെ കാലമായി കണ്ടുവരുന്നുണ്ടു്. കഴിഞ്ഞ ൨൬-ാംനം-യിലെ ശ്രീമതി ആനിമസ്ക്രീന്റെ ൧൪൮-ാംനമ്പ്ര് ചോദ്യത്തിനു് മറുപടി പറയുകയുണ്ടായില്ല. ൨൫-ാം നം- യിലെ മൂന്നാമത്തെ ചോദ്യത്തിനും ഉത്തരം തയ്യാറായിട്ടില്ലെന്നു മറുപടി പറഞ്ഞു. കഴിഞ്ഞ അക്ടോബർ സമ്മേളനത്തിൽ വനം വകുപ്പിന്റെ ചാർജ്ജുവഹിച്ചിരുന്ന മന്ത്രിയായ ശ്രീ. ഇ. ജോൺ ഫിലിപ്പോസിനോടു് ഞാൻതന്നെ ചോദിക്കുകയുണ്ടായി വനം പതിച്ചുകൊടുത്ത സ്ഥലങ്ങളിൽനിന്നും തടിവെട്ടിയ വകയിൽ ഗവമ്മെന്റിനു ഉണ്ടായിട്ടുള്ള വരുമാനത്തിന്റെ കണക്കുകൾ എന്താണെന്നു്. അദ്ദേഹം കണക്കുകൾ ശേഖരിച്ചുകഴിഞ്ഞിട്ടില്ലെന്നു അന്നു മറുപടി പറഞ്ഞു. കണക്കുകൾ തിട്ടപ്പെടുത്തി അടുത്ത സമ്മേളനത്തിൽ പറയാമെന്നും പറയുകയുണ്ടായി. ഇത്തവണ ഞാൻ അതേചോദ്യം തന്നെ വീണ്ടും ചോദിച്ചു. കണക്കുകൾ മുഴുവൻ തയ്യാറായിട്ടില്ലെന്നാണു് ഇപ്പോഴും അതിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി പറയുന്നതു. കുത്തകപാട്ടം ഇനത്തിൽ മാത്രമുള്ള വരവു് ൩൦൦൦൦ രൂപയാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ തടി ഇനത്തിലുള്ള വരവിന്റെ കണക്കുകൾ ഒന്നും തയ്യാറായിട്ടില്ലെന്നും പറഞ്ഞു. കുത്തകപാട്ടത്തിനു കൃഷിചെയ്യാൻ പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ നിന്നും ൩൦ ഇഞ്ചിൽ കീഴിൽ വണ്ണമുള്ള തടികൾ വെട്ടി എടുക്കുന്നതിനു തടികൾ കൂടുതലുണ്ടായാലും ശരി, കുറഞ്ഞു പോയാലും ശരി പത്തു ലക്ഷം രൂപ തന്നുകൊള്ളാമെന്നു ശ്രീ. ടി. കെ. നാരായണപിള്ള ചീഫ്മിനിസ്റ്ററായിരുന്നപ്പോൾ ഞാൻ മുഖാന്തിരംതന്നെ ഒരു ഹർജി സമർപ്പിക്കുകയുണ്ടായി. ഈ തടിവെട്ടു സംബന്ധിച്ചു് ഒരന്വേഷണം നടത്തി യാഥാർത്ഥ്യങ്ങൾ എങ്ങനെ ഇരിക്കുന്നു എന്നറിയുന്നതിനു ഒരു കമ്മററിയെ വയ്ക്കാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിച്ചു. അതിനു അവർ തയ്യാറില്ല. അതിനു അവക്കു ധൈര്യമില്ല. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗവും വനം പതിവു കമ്മററിയിലെ ഒരു മെമ്പറുമായ ശ്രീമതിഅക്കാമ്മചെറിയാൻ വനം പതിവുസംബന്ധമായയാതൊരു പ്രവർത്തനങ്ങളും താൻ അറിഞ്ഞിട്ടില്ലെന്നും ശരിയായ വിധത്തിലല്ല നടന്നിട്ടുള്ളതെന്നു വളരെ ശക്തിയായി അപലപിക്കുകയുണ്ടായി. ആ മഹതി അങ്ങനെ പറഞ്ഞതിനു ശേഷവും അതിനെ സംബന്ധിച്ചു് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നുള്ളതു ഒരു പരമാർത്ഥമാണു്. സർ, കഴിഞ്ഞ ബഡ്ജററുസമ്മേളനത്തിൽ അണ്ടർ റൂൾ ൨൬ അനുസരിച്ചു ഒരു ഡിസ്കഷൻ ഞാൻ ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. ആ അവസരത്തിൽ ഇതിനു ഒരു കമ്മററിയെ വയ്ക്കുവാൻ ഗവമ്മെൻറു തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയുണ്ടായി. അതിനു് ഗവമ്മെൻറു തയ്യാറില്ല എന്നാണു് മറുപടി പറഞ്ഞതു്.

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> അതിനു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടു്. കമ്മററിയെ നിയമിച്ചിട്ടു് ഏതാണ്ടു നാലഞ്ചുമാസമായി. ഇവിടത്തെ റിട്ടയേർഡ്ഡു് കൺസർവേററർ മിസ്റ്റർ വേലായുധൻനായരേയും ഉൾപ്പെടുത്തി ഒരു കമ്മററിയെ വച്ചിട്ടുണ്ടു്.

<u>ശ്രീ. എം. ഐ. പാൾ:</u> ഞാൻ ഒരു കമ്മററിയെ വയ്ക്കുവാൻ ആവശ്യപ്പെട്ടതു് കമ്മററി വെച്ചതു് ഏതു മന്ത്രിയായാലും, ആ മന്ത്രിയുടെ മേശയുടെ അടുത്തുനിന്നു കമ്മററി മെമ്പറന്മാരെ തീർച്ചയാക്കുവാനല്ല. ഈ അസംബ്ളിയിൽനിന്നു ഒരു കമ്മററിയെ നിയമിക്കണമെന്നാണു് ഞാൻ ആവശ്യപ്പെട്ടതു്. അതിനു ഗവമ്മെൻറു തയ്യാറില്ലെന്നു അന്നത്തെ മന്ത്രി ശ്രീ. ഫിലിപ്പോസ് ഇവിടെ പറഞ്ഞു. സർ, ഈ ബഡ്ജററുസമ്മേളനത്തിൽ മിസ് ആനിമസ്ക്രീൻ ആ മ

മഹതിയുടെ ബഡ്ജററ് പ്രസംഗത്തിൽ വളരെ ശക്തിയായ ഭാഷയിൽ ഇവിടെ പറയുകയുണ്ടായി. ഏതാനും ചില വ്യക്തികൾക്ക ൧൦൦ ഏക്കർ ൨൦൦ ഏക്കർ, ൩൦൦ ഏക്കർ, ൫൦൦ ഏക്കർ ഈ കണക്കിൽ ഭൂമികൾ വനത്തിൽ നിന്നു പതിച്ചുകൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടെന്നു്. അതിനും മറുപടി ഇല്ല.

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ നിഷേധിച്ചുകൊണ്ടു ഗവമ്മെണ്ടു മറുപടി പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: അതിനെ നിഷേധിച്ചുകൊണ്ടു പറഞ്ഞ വാക്കുകളും വാചകങ്ങളും എന്തായിരുന്നുവെന്നു് കേട്ടിട്ടുള്ളവർക്ക് അറിയാം. സർ, ൧൮-ാം നം-യിലെ നിതിമാൻ പത്രത്തിലും കന്നി ൧൮-ാം നം- യിലെ നീതിമാൻ പത്രത്തിലും.—

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രം തൊറസ്സൂൽ നിന്നു പ്രസിദ്ധപ്പെടുത്തുന്നതാണോ ?

ശ്രീ. എം. ഐ. പോൾ: എവിടെനിന്നെങ്കിലും പ്രസിദ്ധപ്പെടുത്തുന്നതാകട്ടെ. ആ പത്രത്തിൽ മുഖപ്രസംഗത്തിൽ വളരെ ധൈര്യത്തോടുകൂടി പറഞ്ഞിട്ടുണ്ടു്. ആ പ്രസ്താവന ശരിയല്ലെങ്കിൽ അവരുടെ പേരിൽ നടപടിഎടുക്കുവാൻ ഗവമ്മെൻറിനു വിരോധമില്ലായിരുന്നു. അവർ ഗവമ്മെൻറിനെ വെല്ലുവിളിക്കുന്നു. ആ വെല്ലുവിളിയെ ഗവമ്മെൻറ സ്വീകരിക്കാൻ തയ്യാറുണ്ടോ? അതിനെ സംബന്ധിച്ചു ഈ നിയമസഭയിൽ ൨൮-ാംനം- ഞാൻ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു. അതു ഇവിടെ വാദപ്രതിവാദത്തിനു എടുക്കുന്നില്ലെന്നു പറഞ്ഞു സ്പീക്കർ അവർകളുടെ റൂളിംഗ് ഉണ്ടായി. സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദം കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ ഞാൻ പല ചോദ്യങ്ങളും അതിനെ സംബന്ധിച്ചു ചോദിച്ചു. അദ്ദേഹം ഒരു ചോദ്യത്തിനു പോലും മറുപടി പറയുവാൻ തയ്യാറായില്ല: അതെന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. അതിനെ സംബന്ധിച്ചു മി. പട്ടം താണുപിള്ളയും, മി. പാച്ചുപിള്ളയും ഈ സഭയിലെ മറെറാരു ബഹുമാനപ്പെട്ട മെമ്പറും സ്റ്റേറമെൻറ് പുറപ്പെടുവിച്ചു.

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുശേഷം ഗവമ്മെൻറ് ഒരുപ്രസ്സുനോട്ടു പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പാൾ: സർ, ഈനിലയിൽ നമ്മുടെ ഗവമ്മെൻറിൻെറ പ്രവൃത്തി പോകുന്നപക്ഷം കോടിക്കണക്കിനു് ഗവമ്മെൻറിലേയ്ക്കു വരേണ്ട സംഖ്യ അന്യാധീനപ്പെട്ടുപോകും. ഗവമ്മെൻറിനു നഷ്ടപ്പെടുന്ന ആ ഭീമമായ സംഖ്യ ഏതാനും ചില വ്യക്തികൾക്കു് കിട്ടിവരുന്നു. അതിലും സങ്കടകരമായ ഒരു സംഗതി ഞാൻ പറയാം. സർ, കാട്ടുജാതിക്കാർ, കാട്ടാനകളെ എതൃത്തുകൊണ്ടു് കാട്ടിൽ താമസിക്കുന്ന കാട്ടുജാതിക്കാർ, അവർ താമസിക്കുന്ന പുരയിടങ്ങളിൽ പലതരത്തിലും കൃഷി ചെയ്തു അതൊക്കെ നല്ല ഫലത്തിൽ വരുമ്പോൾ ധനികന്മാരും, കൺട്രാക്കന്മാരും മററുമായ ചില പ്രമാണികൾ ചെന്നു അവരുടെ സ്ഥലം കൈവശപ്പെടുത്തുകയും അവരെ ബലമായി അവിടെനിന്നും അടിച്ചോടിക്കുകയും ചെയ്യുന്ന പരിതഃസ്ഥിതിയും നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടു്. സർ ഇവിടെ മന്നത്തു പത്മനാഭൻ പറയുകയുണ്ടായി ഇവിടെ ഏതാനും ന്യൂനപക്ഷമായ ക്രസ്ത്യാനികളുടെ കയ്യിലാണു് ഗവമ്മെൻറിൻെറ ശക്തി നില്ക്കുന്നതെന്നു്.

[Sri M. I. Paul]

അദ്ദേഹം പറയുകയുണ്ടായി ഈ കാൺഗ്രസ്സുഭരണത്തിൽനിന്ന മാറിയതു മഹാത്മാഗാന്ധിയുടെ ആദർശത്തെ ഓർത്തിട്ടാണെന്നു്. സർ, അദ്ദേഹം അടുത്തകാലത്തു എന്റെ നാട്ടിൽ വരികയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയുടെ പരിപാടികളേയൊ അദ്ദേഹത്തിന്റെ നയപരിപാടികളെയൊ പ്രതിപാദിക്കുന്നതിനവേണ്ടിയാണു് അദ്ദേഹം വന്നതു്. അദ്ദേഹം ആ നാട്ടിൽ വന്നതു കരിവീരന്മാരുടെ പുറത്താണു്. സാധാരണ ഗാന്ധിജയന്തി കാലങ്ങളിൽ മഹാത്മാഗാന്ധിയുടെ പടം ആനപ്പുറത്തുവച്ചു് അവിടെ പ്രദർശിപ്പിക്കാറുണ്ടു്. അദ്ദേഹം ആനപ്പുറത്തുകയറി വരുന്നതുകണ്ടു അവിടത്തെ ജനങ്ങൾ സംശയിച്ചു മഹാത്മാ ഗാന്ധിയുടെ പടമാണോ ആനപ്പുറത്തു ഇരിക്കുന്നതെന്നു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ വക കാര്യങ്ങളൊന്നും ഈ ബില്ലിനെ സംബന്ധിച്ചുള്ള ഡിസ്കഷനിൽ പ്രസക്തങ്ങളല്ല.

ശ്രീ. എം. ഐ. പാൾ: അദ്ദേഹം പറഞ്ഞതിനെപ്പററി ഒരു കമന്റ പറഞ്ഞുവെന്നേയുള്ളു. പടം അടുത്തു കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു ഇതു മഹാത്മാഗാന്ധിയല്ലാ മന്നത്തു പത്മനാഭപിള്ളയാണെന്നു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: മെമ്പർ ഈ ബില്ലിനെപ്പററി സംസാരിക്കുക.

ശ്രീ. എം. ഐ. പോൾ: അദ്ദേഹം പറഞ്ഞതിനെ പററി പറയുകയാണു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: അതിനെ പററി പറഞ്ഞല്ലോ. ഇനി അതു പറയേണ്ട.

ശ്രീ. എം. ഐ. പോൾ: സർ, ഈ സംഗതികളെല്ലാം ബില്ലിന്റെ വാദപ്രതിവാദത്തിൽ അടങ്ങിയിട്ടുള്ള സംഗതികളാണു്. (ചിരി)

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഓരോ മെമ്പറന്മാർക്കും തോന്നുന്നതെല്ലാം പറയാമെന്ന വിവക്ഷയില്ല. രാജ്യകാര്യങ്ങളെപ്പററിയുള്ളതു് എന്തെങ്കിലും പറയണമെങ്കിൽ ബില്ലിന്റെ പരിധിയിൽ നിന്ന സംസാരിക്കാവുന്നതാണു്.

ശ്രീ. എം. ഐ. പോൾ: അദ്ദേഹം പറഞ്ഞതിന്റെമറുപടിയാണു് ഞാൻ പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെയുള്ള റൂളിംഗ് മി: അയ്യക്കൻ പറയുന്നതിന മുമ്പായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഇവിടത്തെ ഭരണം ഭംഗിയായി നടന്നു കാണണമെന്ന ആഗ്രഹം ഇവിടെ എല്ലാവർക്കുമുണ്ടു്. പക്ഷെ, ഇവിടത്തെ ഭരണം ഇന്നു നടക്കുന്ന തരത്തിൽ പോകുന്നപക്ഷം രാജ്യത്തിലെ ജനങ്ങൾക്കു ഈ ഭരണത്തോടുള്ള ബഹുമാനവും സ്നേഹവും നശിച്ചു് ആ ഭരണം തനിയെ നിന്നുപോകുമെന്നുള്ളതു് തീർച്ചയാണു്. സർ, ഈ രാജ്യത്തെ ജനങ്ങളിൽ പട്ടിണിയിൽ ആണ്ടുകിടക്കുന്നവർ ധാരാളം ഉണ്ടു്; തൊഴിലില്ലാത്തവർ ധാരാളം ഉണ്ടു്; പാർപ്പിടമില്ലാത്തവർ ധാരാളം ഉണ്ടു്. അവർക്കെല്ലാം തൃപ്തികരമായ ഒരു ഭരണം ഇവിടെ ഉണ്ടായിട്ടില്ല. ഈ ഭരണത്തിന്റെ അവസാനം എവിടെ വന്നു നിൽക്കുമെന്നു് കണ്ടറിയേണ്ടതാണു്. ഗവമെന്റിന കിട്ടാവുന്ന വരവുകളെല്ലാം കിട്ടുവാൻ ഗവമെന്റ നോക്കണം. ഗവമെന്റിന്റെ അടുത്ത സ്വാതന്ത്ര്യം പോലിക്കുന്നതിനവേണ്ടി വരുന്നവരെയെല്ലാം തൃപ്തിപ്പെടുത്തിക്കൊണ്ടുപോകുന്നതു് മണ്ടത്തരമാണെന്നു് ഗവമെന്റിന ഒരു ഉപദേശം തന്നുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Sri. P. S. Nataraja Pillai. Sir, the Bill before us provides for the appropriation from and out of the Consolidated Fund of the State something like Rs. 25 crores. It is based, I think, on the financial statement and of the expenditure calculated on the basis of the details provided in the financial statement. Sir, if we go through the figures in the financial statement, the amount will exceed Rs. 25 crores. For example, under Demand VIII, an expenditure is provided under the Postwar Reconstruction Fund, and under Education, a reduction in expenditure is made from the Postwar Reconstruction Fund. In medical also, there is a reduction on account of Postwar Reconstruction Fund. So, the expenditure provided in the budget includes the expenditure denoted by the deduction of amounts in the Postwar Reconstruction Fund. According to the figures, as they stand, I think nearly Rs. 85 lakhs are being proposed to be withdrawn from the Postwar Reconstruction Fund, and an expenditure has also been provided and details are given in the budget.

Now, Sir, the House was not called upon to vote for that Rs. 85 lakhs, and in this Bill, it has not been included to be drawn from the Consolidated Fund. Sir, that position and procedure I am not able to understand under the Constitution, there can be only two heads of accounts under which Government money could be deposited. The first is the Consolidated Fund and the second is the Public Account. The definition of the Consolidated Fund is found in article 266, and the method of drawing from it is provided in articles 112 to 115. The Public Account comes under article 284. Whatever money there is with the Government, must either be in the Consolidated Fund or in the Public Account. When you read article 284, it will be very clear that no deposit of any revenue or any amount with the Government can be deposited in that account. Under article 284, "All monies received by or deposited with—

(*a*) any officer employed in connection with the affairs of the Union or of a State in his capacity as such, other than revenues or public moneys raised or received by the Government of India or the Government of the State, as the case may be, or

(*b*) any court within the territory of India to the credit of any cause, matter, account or persons,

shall be paid into the public account of India or the public account of the State, as the case may be."

So, Sir, from the Postwar Reconstruction Fund, an item of account in Travancore-Cochin, in which, according to the assets and liabilities statement, we have Rs. 415 lakhs, it is now proposed to draw Rs. 85 lakhs and odd. If that amount is drawn and spent for the purpose of administration in the state, my contention is that Rs. 85 lakhs must be subject to a vote of this House. Without a vote of this House, that money could not be drawn from the Consolidated Fund for that is only head of account in which all monies with Government is held.

At this stage Mr. Speaker resumed the Chair

I contend that the Post-war Reconstruction Fund could not be a deposit under Art. 284 of the Constitution. According to the definition in that article this amount cannot be deposited in that account. All moneys that are at the disposal of Government must be in the consolidated Fund and to withdraw from it, it can only be by a specific vote of this House. I am fortified in this position b' the procedure adopted last year. During the budget year 1950—51 under Demand XXXVIII expenditure under the Postwar Reconstruction Fund amounted to Rs. 1,91,700 which was voted by this House. On the other hand when we come to the budget for 1951—52 a sum of Rs. 85 lakhs is proposed to be spent without a vote of this

[Sri. P. S. Nataraja Pillai]

House. This, I think is irregular and wrong. Whatever may be the executive decision of this Government or for that matter the executive decision of the Government of India or for that matter the advice of the Accountant-General of India, that is against the provisions of the constitution. I am sure Government will find it difficult to take a pie out of this fund without the vote of this House. Any citizen of the state can apply for remedying this situation, if the amount is spent without a vote of this House. Not that I desire such a thing, but I am sure there is that aspect to be considered. It is a matter on which expert legal advice has to be sought and so I bring it to the notice of this Government. Government should not feel satisfied that the Accoutant-General of India or the Secretariat of the Government of India have instructed them. It is better for our Government to take the earliest possible opportunity for legal advise on this aspect of the matter. Further. this is a public matter. What is meant by Postwar Reconstruction Fund? It is a fund contributed from the revenues of the state. That amount came from the people of the state. It is true all revenues come from people. Government constituted a fund at a particular moment under a particular head of account. If you do not require the vote of this house to withdraw any amount from such a fund; I do not know what kind of control this House is expected to exercise over the expenditure. Control over expenditure is a basic right of the representatives of the people of the Legislative Assembly under the present Constitution. According to the details provided in the budget it is not even a charge on Government. The amount that is now proposed to be spent from the Postwar Reconstruction Fund is for ordinary items. When it is a charge on the Consolidated Fund there will be no necessity to get a vote of the House. But the present proposal is for other expenditure but not for a charged item on the Consolidated Fund. As long as it is so, this House must have the right to vote on it. On any account it is no question of book adjustment either. This is for real expenditure to be incurred from a particular fund. That fund was constituted by Government from the revenues of the state. When that fund is there and if it is to be spent, it can be spent only by popular vote So my point is that the sum of Rs. 85 lakhs cannot be appropriated by Government without the vote of this House and therefore I place this aspect before the House and the Treasury Bench for their consideration. It is better to ascertain legal opinion on this matter early enough and not to rely on Secretariat instruction on matters which bear relation to the Constitution. I definitely believe that this fund must be subjected to the vote of the House and that it cannot come under the classification of article 284. Government should not and cannot draw from this fund without the vote of this House and it is not legal for them to draw money from it and spend as they like.

One word more and I have done. What I say is a very necessary aspect for consideration. Though there is a latitude in discussion of the Appropriation Bill, some references were made and that came from my respected friend Mr. Balakrishnan Tampi. He was desperate enough to speak about the code of conduct in politics, functioning of parties and so on.

Sri P. Balakrishnan Tampi: I made some reference, of course.

Sri. P. S. Nataraja Pillai: Sir, I am sorry, as a lawyer he claims to be and that too an old member of the bar, a luminary of the bar if I may say so, he stood up and quite forgot the legal implications of the constitution of this House. Sir, I ask in all earnestness, is this House an elected legislature in the popular sense of the term? Is this is not functioning under the terms of the Covenant? Are we not here, both nominated and elected members functioning together in this legislature under the terms of the Covenant entered into by the two rulers and Government of India? Is not this legislature of ours a creature of the executive set up by them?

I could have understood if my friend remembered those things and protested at that time. It is behind time for us now to go back and talk of an elected legislature. This legislature is a body constituted by the Government of India and the Covenant. This is not really an elected body with the sanction of a popular vote behind. We are functioning as members of a popular body set up by the executive. It is something like a body which has been created in Pepsu or Madhya Bharat Governments. Here we have the elected, non-elected and nominated members functioning; there is one representative for every 25,000 in Cochin and one for every 50,000 people in Travancore. The composition of this legislature is of that type. I ask, is this based on any principle? This has been created for a political exigency? Political exigencies can create a new State, or bring a dissolution to a state. There are certain functions for this body today and we as members have to discharge them. My friend Mr. Tampi who poses as a luminary has to understand the implifications of this before he preaches on political conduct of members here. As a student of politics, many lessons have to be learnt out of the working of such a created legislature. I am sorry he has let himself down so much and talks glibly about principles that should guide elected members. Where is the elected body? Why talk of one when it does not exist? As a party politician he has a right to talk like that. As far as my position is concerned, that is what I think of this matter. I feel I have done right; I feel I am justified in that. I feel this is only a body constituted by Government and we are here to discharge our duty to the best of our ability to our country.

Sri. E. Gopalakrishna Menon: Sir, this is the 20th time I stand up to speak. I have had no opportunity to speak till now. I would like to know how many times I have to stand up like this?

Mr. Speaker: That question does not deserve an answer.

ശ്രീ. എസ്. കുട്ടൻ: സർ, വിവിധവകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥന പാസാക്കിയിരിക്കുന്ന ഈ സന്ദർഭത്തിൽ അതു ചെലവു ചെയ്യുവാനുള്ള അനുമതിക്കായി അപ്രോപ്രിയേഷൻ ബില്ലും അവതരിപ്പിച്ചിരിക്കുകയാണല്ലോ. ഈ ബില്ലിനെ സംബന്ധിച്ചു പ്രതിപക്ഷകക്ഷികളിൽനിന്നും പല വിമർശനങ്ങളും ഉണ്ടായി. എന്നാൽ പൊതു പ്രാധാന്യമായ വിഷയങ്ങളെ സംബന്ധിച്ചു ചില കാര്യങ്ങൾ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇങ്ങനെയുള്ള വിമർശനങ്ങൾ നടത്തുന്നതെന്നു ഗവർമ്മെൻറു മനസ്സിലാക്കേണ്ടതാണ്. കഴിഞ്ഞദിവസങ്ങളിൽ പ്രധാനവകുപ്പുകളെ സംബന്ധിച്ചു ചർച്ചചെയ്ത അവസരത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ പറയാനുള്ള സന്ദർഭമുണ്ടായിരുന്നു; എങ്കിലും അപ്പോൾ പറയാൻ സാധിക്കാതെയിരുന്ന ചില കാര്യങ്ങളെപ്പററി ഇപ്പോൾ പറയാമെന്നു വിചാരിക്കുന്നു.

ശ്രീ. ഇട്ടീരാ അംമ്പുക്കൻ: ഭക്ഷണകാര്യങ്ങളെ സംബന്ധിച്ചു ഇവിടെ വളരെ പറയുകയുണ്ടായി. പതിവുപോലെ ചെയ്തുവരുന്ന അദ്ദേഹത്തിന്റെ പ്രസംഗപരമ്പരകളുടെ ധ്വനി ഈ പ്രസംഗത്തിലും ഉണ്ടായി. എനിക്കു ഭക്ഷ്യവകുപ്പിനെപ്പററിയോ, അല്ലെങ്കിൽ ഭക്ഷ്യമന്ത്രിയെപ്പററിയോ, യാതൊരു ആരോപണവും പറയുവാനുമില്ല. ഗ്രോമോർഫുഡ് കാംപെയിനുവേണ്ടി ഒരു ബോർഡും ഒരു സമതിയും അതിലേയ്ക്കു് ഒരു ചെയർമാനും ഉണ്ടു്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സ്റ്റാഫിനും വലിയ അലവൻസു നൽകുന്നുമുണ്ടു്. അവരുടെ പ്രവർത്തനംകൊണ്ടു് അല്ലെങ്കിലും ഭക്ഷ്യോല്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്നു നോക്കുമ്പോഴാണ് വിഷമം നേരിടുന്നതു്. ഇവിടെ ബാധിച്ചിട്ടുള്ള ആഹാരക്ഷാമത്തിനു സത്വരമായി പ്രവർത്തിക്കേണ്ട ചുമതല ഗവർമ്മെൻറിനുണ്ടു്. ആ

[Sri Ittiera Ambooken]

വക പ്രവൎത്തനങ്ങൾ നടത്തുന്നതു് ബോർഡാണ്. ബോർഡിന്റെ ചെയർമാൻ സെൻറൽ കമ്മിററിയുടെ ചെയർമാൻ കൂടിയാണ്. ഇതിലേയ്ക്കു പല ഡിവിഷൻ കമ്മിററികളും താലൂക്കു് കമ്മിററികളും ഏർപ്പെടുത്തിയിട്ടുണ്ടു്. ഈ താലൂക്കു് കമ്മിററികളിൽ, ഓരോ താലൂക്കിലേയ്ക്കും ഭക്ഷ്യോല്പാദന വൎദ്ധനവിനുവേണ്ടി പെട്ടെന്നും അടിയന്തിരമായും ചെയ്യേതീരേണ്ടകാൎയ്യങ്ങൾ നിശ്ചയിച്ചു ബോർഡിലേയ്ക്കു എഴുതി അയച്ചാൽ അതിന്മേൽ യാതൊരു നടപടിയും നടത്തുന്നില്ല. അത്യാവശ്യമായ കാൎയ്യങ്ങൾ ഓരോ താലൂക്കിലേയ്ക്കും ഇന്നതെല്ലാമാണെന്നു ഏററവും നന്നായി അറിയാവുന്നതു അതാതു താലൂക്കു് കമ്മിററിക്കാണല്ലോ. ആ തീരുമാനത്തിനു യാതൊരു വിലയും കല്പിക്കുന്നില്ലെന്നു വന്നാൽ ഈ കമ്മിററികൊണ്ടുള്ള പ്രയോജനമെന്താണ്. നെയ്യാററിൻകര താലൂക്കിലെ അനുഭവം അതാണ്. അതുകൊണ്ടു് താലൂക്കു കമ്മിററികളുടെ അഭിപ്രായത്തെ ആദരിച്ചും അത്യാവശ്യമായ കാൎയ്യങ്ങൾക്കു് അതിനെ പ്രയംറിററി കൊടുത്തും ഈ വക പ്രവൎത്തനങ്ങൾ നടത്തേണ്ടതാണ്.

ഭക്ഷ്യകാൎയ്യങ്ങളെ പോലെതന്നെ അതിപ്രധാനമായ ഒരു സംഗതിയാണു വസ്ത്രധാരണം. ആഹാരക്ഷാമം നിമിത്തം ജനങ്ങൾക്കു് ഉണ്ടായികൊണ്ടിരിക്കുന്ന ക്ലേശത്തിൽനിന്നും ഒട്ടും കുറവല്ല വസ്ത്രക്ഷാമംമൂലം ഉണ്ടായികൊണ്ടിരിക്കുന്നതു്. ആഹാരകാൎയ്യം ഈ ഗവൎമ്മെൻറിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പതിഞ്ഞിരിക്കുകയാണെന്നാണ് മറുപടി പറയുന്നതു്. അതങ്ങനെയിരിക്കട്ടെ. എന്നാൽ വസ്ത്രകാൎയ്യത്തെപ്പററി നാട്ടിൽ ഉണ്ടായിരിക്കുന്ന ക്ഷാമത്തിനു ഒരു പരിഹാരവും ഇതുവരെ ഗവൎമ്മെൻറ് ചെയ്യാനുദ്ദേശിച്ചിട്ടില്ലെന്നു് തോന്നുന്നു. വസ്ത്രക്ഷാമത്തെപ്പററി അടിയന്തിരപ്രമേയങ്ങളും മററും അവതരിപ്പിച്ചു് ഗവൎമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. നാട്ടിൻപുറങ്ങളിൽ പൊതുവെ നോക്കിയാൽ കുറെക്കാലമായിട്ടു് ഒരു വിധത്തിലും ഉടുക്കുന്നതിനുള്ള മുണ്ടുപോലും കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. ടെക്സ്ററയിൽ വകുപ്പിന്റെ ചാർജ്ജു് വഹിക്കുന്ന മന്ത്രി തുണിച്ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതു് നേരിട്ടു വാങ്ങിക്കുന്നതിനായി ഒന്നോ രണ്ടോ വ്യക്തികൾക്കുമാത്രം അധികാരം കൊടുത്തിരിക്കുകയാണ്. ആ വ്യക്തികൾ മുഖേന വേണം മററു പല വ്യാപാരികൾക്കും തുണികൾ കിട്ടേണ്ടതു്. ഇങ്ങനെ വരുന്നതുകൊണ്ടു് പല കരിഞ്ചന്ത വ്യാപാരങ്ങളും ഇതിനെ സംബന്ധിച്ചു് നടന്നുകൊണ്ടിരിക്കയാണ്. ഈ കാൎയ്യത്തെപ്പററിയും പല നിവേദനങ്ങളും സഭയിൽ ഉന്നയിച്ചിട്ടുണ്ടു്. ഉത്തരവാദമില്ലാതെ ഇങ്ങനെ വൻകച്ചവടക്കാരായ ഒന്നുരണ്ടു വ്യക്തികൾക്കു് തുണിയെ സംബന്ധിച്ചു് അധികാരം കൊടുത്തതുകൊണ്ടാണ് ഈ മാതിരി തുണിക്ഷാമം അല്ലെങ്കിൽ തുണിക്കു് വിലക്കൂടുതൽ ഉണ്ടായിട്ടുള്ളതെന്നു് ഞാൻ പറയുന്നു. രണ്ടാമതു് സംസ്ഥാനത്തുള്ള നെയ്ത്തു തൊഴിലാളികൾക്കു് നൂൽവിതരണം ശരിയായ വിധത്തിൽ ലഭിക്കുന്നുമില്ല. ഈ കാൎയ്യത്തിൽ പല അനീതികളും ടെക്സ്ററയിൽ ഉദ്യോഗസ്ഥന്മാർ കാണിച്ചുവരുന്നുണ്ടു്. നൂൽ കിട്ടുന്നില്ലായെന്നു് പരാതി പറയുമ്പോൾ ഗവൎമ്മെൻറ് പറയുന്നതു് വിദേശത്തുനിന്നും ന്യായമായി കിട്ടാനുള്ള കോട്ടാ കിട്ടുന്നില്ലെന്നാണ്. എന്നാൽ കിട്ടുന്ന കോട്ട തന്നെയും ശരിയായ വിധത്തിൽ വിതരണം നടത്തുന്നില്ല. ഗവൎമ്മെൻറിൽനിന്നും നെയ്ത്തു തൊഴിലാളികളുടെ സെൻസസ് എടുക്കുന്നതിനായിട്ടു് ഏതാനും ജി. പി. തഹസീൽദാരന്മാരെ നിയമിച്ചിട്ടുണ്ടു്. ഇവരിൽതന്നെ പലവിധത്തിലുള്ള അനീതികൾ ഉണ്ടാകുന്നുണ്ടെന്നു് നാട്ടുകാരിൽ നിന്നു മാത്രമല്ല പ്രത്യേകിച്ചു് നെയ്ത്തുകാരിൽനിന്നു തന്നെ പരാതികൾ ലഭിക്കുന്നുണ്ടു്. ഇവർ ശരിയായ

വിധത്തിൽ ജോലി നിർവ്വഹിക്കുന്നതിന് ഗവർമ്മെൻറ് വേണ്ടതരത്തിലുള്ള നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്. സർ, മറെറാരു സംഗതി എനിക്ക് ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താനുള്ളത് പേരൂർ സംഭവത്തിൽ ഉണ്ടായ പോലീസ് വെട്ടിനെപ്പററിയാണ്. ഈ കാര്യം ഏതാനും ബഹു. മെമ്പറന്മാർ ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തിയിട്ടുണ്ട്. രാജ്യഭരണസംബന്ധമായി നീതിന്യായങ്ങൾ ശരിയായവിധം പരിപാലിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പോലീസ് സൈന്യത്തിനെ സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും. എന്നാൽ ശരിയായവിധം ഇവരെ നിയന്ത്രിക്കുന്നതിനുകൂടി ഗവർമ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. പോലീസിൻെറ സഹായമില്ലാതെ രാജ്യത്ത് ഭരണം നടത്താൻ വിഷമമായിട്ടുള്ള ഒരു പരിതഃസ്ഥിതിയാണ് ഉള്ളത്. എങ്കിലും പോലീസുകാരുടെ ആവശ്യം അത്യന്താപേക്ഷിതമാണെന്ന് വിചാരിച്ച് ഇഷ്ടം പോലെ അവർക്ക് എന്തും ചെയ്യാനുള്ള അധികാരം കൊടുക്കുന്നത് ബുദ്ധിപൂർവ്വമല്ല. പേരൂർ സംഭവത്തെപ്പററി ഇന്നത്തെ മുഖ്യമന്ത്രി അന്വേഷണം നടത്തിയതിൻെറ ഫലമായിട്ടാണെന്നു തോന്നുന്നു, ഏതാനും പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിറുത്തിയിരിക്കുന്നു എന്നു കേൾക്കുന്നത്. എന്നാൽ അതു മാത്രംകൊണ്ട് മതിയാകയില്ലെന്നാണ് എൻെറ അഭിപ്രായം. അതായത് ഈ വസ്തുതയെപ്പററി ശരിയായ ഒരു പരസ്യാന്വേഷണം നടത്തുകയും അവസാന തീരുമാനത്തിലേക്കായി ഒരു കോടതിക്ക് വിട്ടുകൊടുക്കയും ചെയ്യണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി എനിക്ക് പൊതുവെ പറയുകയാണെങ്കിൽ ബഹുമാനമാണുള്ളത്. എങ്കിലും സത്യസന്ധതയും നീതിബോധവും ഇല്ലാത്ത ഉദ്യോഗസ്ഥന്മാരും പോലീസിലുണ്ട്. ശ്രീ. ടി. കെ. നാരായണപിള്ള പ്രധാനമന്ത്രിയായിരുന്ന കാലത്ത് പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കാരത്തിനെ സംബന്ധിച്ച് ഐ. ജി. യുമായി ഒരു കൂടിയാലോചന നടത്തുകയുണ്ടായി. പോലീസിലുള്ള സൂപ്പീരിയർ ആഫീസറന്മാർക്ക് അതായത് ഡി. എസ്. പി. മാർക്ക് ൪൫൦–൬൫൦ രൂപ ശമ്പളസ്കെയിലും അതുപോലെതന്നെ ഗവർമ്മെൻറിലെ അസിസ്റ്റൻറ് സെക്രട്ടറിയുടെ ശമ്പളം എ. എസ്. പി. മാർക്കും കൊടുക്കേണ്ടതാണെന്ന് ശ്രീ. ടി. കെ. നാരായണപിള്ളതന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഈ വിധത്തിൽ പോലീസ് അധികൃതർക്ക് ശമ്പളം കൂട്ടുന്നതിന് തീരുമാനിച്ചുവെങ്കിലും പൊതുവെ ഈ ഡിപ്പാർട്ടുമെൻറിലുള്ള സിൽബന്ധികളെ സംബന്ധിച്ചിടത്തോളം അവരുടെ ശമ്പളംകൂട്ടികൊടുക്കുന്ന കാര്യത്തിൽ ഒരു വ്യവസ്ഥ ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ പല അഴിമതിയിൽനിന്നും, കൊള്ളരുതായ്മയിൽനിന്നും കൈക്കൂലിയിൽനിന്നും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പൊതുജനങ്ങൾക്ക് ഉണ്ടാകുകയില്ലായിരുന്നു. ഏതായാലും പോലീസുകാർക്ക് വേണ്ടതരത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്യേണ്ടതാണെന്ന് പറയുന്നതോടുകൂടിതന്നെ നീതിയുടെ പേരിലും മനുഷ്യത്വത്തിൻെറ പേരിലും പൊതുജനങ്ങളോട് പോലീസിന് ചില കടമകളുണ്ട്. അത് നിർവ്വഹിക്കാൻ വേണ്ടതരത്തിലുള്ള നിർദ്ദേശങ്ങൾ നൾകേണ്ടതാണ്. മാത്രമല്ല പേരൂർ സംഭവത്തെപ്പററി ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറൽ അവർകൾ ശരിയായ അന്വേഷണം നടത്തുകയും കുററക്കാരായ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കുകയും അല്ലെങ്കിൽ ശിക്ഷിപ്പിക്കയും ചെയ്യേണ്ടതാണെന്ന് ഞാൻ അനുസ്മരിപ്പിക്കുന്നു. സർ, പ്രജായത്തഭരണം നടപ്പിൽ വന്നതോടുകൂടി നമുക്ക് സ്വാതന്ത്ര്യം സാർവ്വത്രികമാണ്. ആ നിലവച്ചുനോക്കുമ്പോൾ അകാരണമായി ചില രാഷ്ട്രീയപ്രേമികളെ വെളിക്കുവച്ചും ലോക്കപ്പിൽവച്ചും മർദ്ദിക്കുന്നത് കഷ്ടമാണ്.

[Sri. Ittiera Ambooken]

അതുപോലെതന്നെ ഡെററിന്യൂസിൻെറ കാൎയ്യത്തിൽ ഗവർമ്മെൻറ് അനുഭാവം പ്രകടിപ്പിക്കുന്നില്ലെന്നുള്ളതും ഖേദകരമാണ്. ആഹാരത്തിനു് മതിയാകാതെയുള്ള പരിതസ്ഥിതിയിൽ ഈ തടവുകാരെ തുറുങ്കിൽ അടച്ചിട്ടു് തീററികൊടുക്കുന്നതു് ഒരു വിധത്തിൽ ഗവർമ്മെൻറിനു നഷ്ടവും കൂടിയാണ്. പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചു് എൻെറ മാന്യസ്നേഹിതൻ ശ്രീ. പട്ടം താണുപിള്ള ഏതാനും സംഗതികൾ ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ മററു ചില കാൎയ്യങ്ങൾകൂടി അതായതു് പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചു് ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെപ്പററി ചൂണ്ടിക്കാണിക്കുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ബഹു. മെമ്പർക്കു് സമയം അനുവദിച്ചിരിക്കുന്നതു് പൊതുവെ സംസാരിക്കുന്നതിനുവേണ്ടിയാണ്. അതായതു് അപ്രോപ്രിയേഷൻ ബിൽ അനുസരിച്ചു് അനാവശ്യമായ ചിലവുകൾ എങ്ങിനെ കുറയ്ക്കാം. അനുവദിച്ചിട്ടുള്ള തുക പൊതുജനനന്മക്കും രാജ്യക്ഷേമത്തിനും വേണ്ടി എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം എന്നും മററുമുള്ള പൊതു നിർദ്ദേശങ്ങൾ സഭയിൽ കൊണ്ടുവരിക മുതലായവയാണ്. ഇവ സംബന്ധിച്ചു് പല ബഹു. മെമ്പറന്മാൎക്കും സമയം അനുവദിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ കാൎയ്യത്തെപ്പററി സംക്ഷേപമായി പറയുന്നതു് നന്നായിരിക്കും.

ശ്രീ. എസ്. കുട്ടൻ: ബഹു. സ്പീക്കർ അവർകളുടെ നിർദ്ദേശപ്രകാരം ഞാൻ സംക്ഷേപിക്കാം. സർ, ഈയിടെ നടന്നതായ മജിസ്ട്രേട്ടന്മാരുടെ തെരഞ്ഞെടുപ്പിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണർ ൨൦ പേരെ നാമിനേററു് ചെയ്യുകയും അതനുസരിച്ചു് അവർ ഓരോരുത്തരായി ജോലിയിൽ പ്രവേശിക്കയും ചെയ്തു. എല്ലാവൎക്കും ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല എങ്കിലും കുറച്ചുപേർ ജോലിയിൽ പ്രവേശിച്ചു. എന്നാൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണർ നടത്തിയ ഈ തെരഞ്ഞെടുപ്പിനുശേഷം ഒരാളെ ഗവർമ്മെൻറിൽനിന്നും നേരിട്ടു നിയമിച്ചതായി അറിയുന്നു. ഈ കാൎയ്യത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണരെ കൂടാതെ ഗവർമ്മെൻറ് നിയമനം നടത്തിയതു ഒരു കൈകടത്തലാണ്. മാത്രമല്ല അനീതിയുമാണ്. ഏതായാലും അധികാരത്തിലിരിക്കുന്ന കോൺഗ്രസ് ഗവർമ്മെൻറ് അടുത്ത തെരഞ്ഞെടുപ്പിൽ പൊതുജനങ്ങളെ സമീപിക്കേണ്ടിവരുമെന്നും അവരുടെ മുമ്പിൽ ഒരു പ്രകടനപത്രിക സമർപ്പിക്കേണ്ടിവരുമെന്നും ഓൎക്കണം. അങ്ങനെ ചെയ്യുമ്പോൾ മുൻപു സമർപ്പിച്ചിരുന്ന പ്രകടനപത്രികപോലെ ജനങ്ങൾ കരുതാതിരിക്കാൻ ഗവർമ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. പൊതുജനങ്ങൾക്കു് ഗുണകരമായ വിധത്തിൽ ഭരണം നടത്തി കാണണമെന്നുള്ള അഭിപ്രായംകൊണ്ടാണു് ഞാൻ ഇപ്രകാരം പറയുന്നതു്. എൻെറ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ള പറയുന്നപോലെ കയ്യുടെ എണ്ണംകൊണ്ടു് സ്വാധീനശക്തി ചെലുത്തി ഭരിക്കുന്ന ഒരു ഗവർമ്മൻറാണെന്നു് മേലാലെങ്കിലും പറയാതിരിക്കാൻ ഗവർമ്മെൻറ് ശ്രദ്ധിക്കണമെന്നു് ഞാൻ ഉൽബോധിപ്പിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ പിൻതാങ്ങുകയാണു് ചെയ്യുന്നതു്. അതേ അവസരത്തിൽ ഇവിടെ നടന്ന ചില വാദപ്രതിവാദങ്ങളെ സംബന്ധിച്ചുകൂടി ഏതാനും സംഗതികൾ പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിതിരുവിതാംകൂർ സംയോജനകാൎയ്യം ശരിപ്പെടുത്തുന്നതിനായി ബോംബെയിൽനിന്നും ഇവിടെ ഒരു ഉദ്യോഗസ്ഥനെ കൊണ്ടുവന്നതായി കർക്കശമായ

ഒരു വാദമുഖം ശ്രീ. താണുപിള്ള അവർകൾ ഉന്നയിക്കയുണ്ടായി. അദ്ദേഹത്തിന്റെ വാദമുഖങ്ങളെപ്പററി ചിന്തിക്കുകയാണെങ്കിൽ അത്ഭുതപ്പെടാതെ തരമില്ല. കാരണം കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഉദ്യോഗങ്ങൾ സംബന്ധിച്ചും മററും ഉണ്ടായിട്ടുള്ള തക്കങ്ങളെ തീക്കാനായിട്ടാണ് അന്യസ്ഥലത്തുനിന്നും ഒരു ഉദ്യോഗസ്ഥനെ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന് അദ്ദേഹം അറിഞ്ഞിരുന്നു എങ്കിൽ ഇപ്രകാരം ഒരു വാദതടസ്സം കൊണ്ടുവരികയില്ലായിരുന്നു.

ശ്രീ. എ. താണുപിള്ള: ഞാൻ കൊണ്ടുവന്നിട്ടുള്ളതു് എന്തു വാദതടസ്സമാണ്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: രണ്ടു രാജ്യങ്ങളും സംബന്ധിച്ചു് ഉള്ള സവ്വീസ് തക്കങ്ങൾ തീക്കുന്നതിനായിട്ടു് ഒരു ഉദ്യോഗസ്ഥനെ ഇറക്കുമതി ചെയ്തതു് ശരിയല്ലെന്നു് പറഞ്ഞുയെന്നാണ് ഞാൻ ഗ്രഹിച്ചതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ വിധ തക്കങ്ങൾ തീക്കാനായിട്ടു് വെളിയിൽനിന്നും വേണ്ടിവന്നാൽ ആരെയും നിയമിക്കാൻ പാടില്ലെന്നാണോ മെമ്പർ പറയുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അങ്ങനെ എനിക്കഭിപ്രായമില്ല. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള തക്കം തീക്കുന്നതു് വെളിയിൽനിന്നുതന്നെ വരുത്തിയ ഒരാളായിരിക്കണമെന്നുതന്നെയാണു് ഞാൻ വിചാരിക്കുന്നതു്. ഈ കാര്യം നിയമസഭയിൽ വാദപ്രതിവാദം നടന്നതിനുമുൻപുതന്നെ ഈ നിയമനത്തെപ്പററി പത്രപ്രസ്താവനകളും ഉണ്ടായിരുന്നു. എന്നാൽ ഈ പ്രസ്താവനകളെ സംബന്ധിച്ചു് ആക്കെങ്കിലും വല്ല എതിരഭിപ്രായവും ഉണ്ടായിരുന്നെങ്കിൽ ഗവമ്മെൻറു് അദ്ദേഹത്തെ ഇവിടെ വരുത്തുന്ന കാര്യത്തിൽ ആലോചിച്ചു പ്രവത്തിക്കുമായിരുന്നു. എന്നാൽ യാതൊരു എതിരഭിപ്രായവും രേഖാമൂലമായി ഗവമ്മെൻറിനു് കിട്ടാത്തതുകൊണ്ടായിരിക്കണം ഈ വിധത്തിൽ വെളിയിൽനിന്നും ഒരാളെ ഈ കാര്യത്തിലേക്കായി ക്ഷണിച്ചിട്ടുള്ളതു്. അതിൽ ഒരിക്കലും ഗവമ്മെൻറിനെ കുററപ്പെടുത്താൻ തരമില്ല. നിയമിതനായ ഈ മാന്യന്റെ പേരു് ബോർവാല എന്നാണു്. ഇദ്ദേഹം ബോംബെ ഗവമ്മെൻറു് സവ്വീസിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനാണു്.

സർ, ഇതുപോലുള്ള കാര്യങ്ങളിൽ വിദഗ്ദ്ധനായ അദ്ദേഹം ഇതിനുമുമ്പിൽ ബോംബെ സവ്വീസിൽ ഇരുന്നു് ഇതുപോലുള്ള പല കാര്യങ്ങളിലും പ്രശസ്തി സമ്പാദിച്ച ആളാണു്.

ശ്രീ. സി. കേശവൻ: ആരാണു് ഇങ്ങനെ നിയമനം നടത്തിയതു്, പത്രങ്ങളാണോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പത്രങ്ങളിൽ റിപ്പോർട്ടു കണ്ടു, ഇങ്ങനെ നിയമിക്കാൻ പോകുന്നു എന്നു്. അങ്ങനെ നിയമനം ഉണ്ടാകുമെന്നുള്ള അനുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻ ഇതു പറയുന്നതു്. ഏതായാലും ഇതുപോലെയുള്ള വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ ഇടയുണ്ടെന്നതിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. അതുകൊണ്ടു് അതിനെപ്പററിയുള്ള ഒരഭിപ്രായം പുറപ്പെടുവിച്ചു എന്നേയുള്ളു. ഏതായാലും ഇവിടെ ഉള്ള ഇതുമാതിരിയുള്ള തക്കങ്ങളിൽ വെളിയിൽനിന്നുള്ള ഇതുപോലുള്ള ഒരു വിദഗ്ദ്ധന്റെ നിയമനം സഹായകരമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ നടപടി

[Sri. K. K. Chellappan Pillai]

ആശ്വാസ്യമാണെന്നാണ് എനിക്ക പറയുവാനുള്ളതു്. ഇവിടത്തെ സർവ്വീസിൽ രണ്ടു വിഭാഗക്കാർക്കും സർവ്വീസ് സംയോജനം സംബന്ധിച്ച് ചില തർക്കങ്ങളെല്ലാം ഉള്ളതുകൊണ്ടു് അവക്ക് ശരിയായ പരിഹാരം ഉണ്ടാക്കേണ്ടതാണ്.

എനിക്ക് വേറൊന്നു പറയുവാനുള്ളതു് ഇവിടെ ടൈം സ്കെയിൽ അനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നതു് കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്നുള്ള അഭിപ്രായം ഈ അസംബ്ളിയിൽതന്നെ ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇതിലേക്ക് ആവശ്യമുള്ള നടപടി നടത്തണമെന്നാണ് എന്റെ അഭിപ്രായം,

സർ, ശ്രീ. പട്ടം താണുപിള്ള അവർകൾ ഡെമോക്രസിയെപററി ഇവിടെ പറഞ്ഞതു് വളരെ വേദനയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആ പ്രസംഗം കേട്ടതുകൊണ്ടുതന്നെയാണ് എന്റെ ഈ പ്രസംഗം ചെയ്യാമെന്നു ഞാൻ ഉദ്ദേശിച്ചതു്. കാരണം അദ്ദേഹം ഞങ്ങളുടെ മാന്യനേതാവാണ്. അദ്ദേഹം ഏതു കക്ഷിയിൽപ്പെട്ട ആളായാലും മുമ്പ് ഈ തറവാട്ടിലെ കാരണവനായ അദ്ദേഹത്തെപ്പററി ആരും മറക്കുകയില്ലെന്നു് വിശ്വസിക്കുന്നു. അദ്ദേഹം കാരണവസ്ഥാനത്തിരുന്നപ്പോൾ ചില അനന്തിരവന്മാർ ചില നിഷേധശബ്ദങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ഉടൻതന്നെ അദ്ദേഹം കാരണവസ്ഥാനം അവരുടെ മുഖത്തെറിഞ്ഞുകൊടുത്തിട്ട് അടുത്ത തറവാട്ടിൽ ചെന്നിരുന്നുകൊണ്ടു് താൻ മുമ്പു ഭരിച്ചിരുന്ന തറവാട്ടിനെപ്പററി ദുഷിക്കുകയും മററും ചെയ്യുകയാണ്. അങ്ങനെയാണെങ്കിൽ ഡെമോക്രസി വിജയിക്കുമോയെന്നു് ഞാൻ ചോദിക്കുന്നു. എല്ലാവർക്കും പറയാം, ആ തറവാട്ടിൽ ഇപ്പോഴത്തെ അനന്തിരവന്മാരുടെ ഭരണംകൊണ്ടു് പാട്ടനെല്ല് ശരിയായി കിട്ടുന്നില്ല, വെള്ളക്കാർ, ആളുകൾ വന്നുകൊണ്ടുപോകുന്നു എന്നെല്ലാം. ഇത്രമാത്രമേ എനിക്ക് ഇതിനെക്കുറിച്ചു പറയുവാനുള്ളു. അദ്ദേഹം ഈ പാർട്ടിയിലോട്ടു് തിരിച്ചു വന്നു് ഇതിന്റെ നേതൃസ്ഥാനം ഏറെറടുക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഡെമോക്രാററിക്ക് കോൺഗ്രസ്സിനൊ അല്ലെങ്കിൽ സോഷ്യലിസ്റ്റ് പാർട്ടിക്കോ ഇവിടത്തെ കോൺഗ്രസ്സിനെപ്പോലെ മാനിഫെസ്റ്റോയോ മററാ ഉള്ളതായി തോന്നുന്നില്ല. ഏതായാലും ഡെമോക്രസിയെ വിജയിപ്പിക്കുവാനുള്ള കത്തവ്യം അല്ലെങ്കിൽ ഉത്തരവാദിത്വം എല്ലാ പാർട്ടിക്കും ഉണ്ടെന്നിരിക്കെ അതിനുവേണ്ടി സകല അഭിപ്രായഭിന്നതകളും അവസാനിപ്പിച്ചു് സഹകരണമനസ്ഥിതിയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്ക പറയുവാനുള്ളതു്. ഇത്രയും കാര്യങ്ങൾ മാത്രമേ എനിക്ക പറയുവാനുള്ളു.

ശ്രീ. സി. വി. ഇയ്യു: സർ, ഗവമെൻറിലേക്ക് അനുവദിച്ചിട്ടുള്ള ..

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഞാൻ എത്രയോ പ്രാവശ്യം എഴുന്നേററിട്ടും എനിക്ക സംസാരിക്കുവാൻ സമയം കിട്ടുന്നില്ല. സമുദായ പ്രാതിനിധ്യം നോക്കിയെങ്കിലും എനിക്ക് ഒരു ചാൻസ് തരേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: ആ തത്വം ഇവിടെ സ്വീകാര്യമല്ല.

ശ്രീ. സി. വി. ഇയ്യു: ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററനുസരിച്ചു് ഒരു വലിയ സംഖ്യ വിദ്യാഭ്യാസപ്രശ്നത്തിനായി നീക്കിവെച്ചിട്ടുണ്ടു്. ഇതിനെ പരിഗണിച്ചു് ബഡ്ജററിൽ കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പു് ഇവിടെ ഉണ്ടായിട്ടുള്ള സെക്കൻററി വിദ്യാഭ്യാസപദ്ധതിക്ക് കുറെയധികം പണം

നീക്കിവെച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആവിർഭാവം അതിനുശേഷം ഇവിടെ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായിട്ടില്ല എന്നു മാത്രമല്ല അത് രാജ്യത്തിലെ ഭാവിപൗരന്മാരായിത്തീരുന്നവരായ വിദ്യാർത്ഥികൾക്ക് വളരെ കുഴപ്പങ്ങൾക്കെല്ലാം കാരണമായിത്തീർന്നു. അദ്ധ്യാപകരുടെ കാര്യത്തിൽ അതൃപ്തിയുമുണ്ടായി. സർ, ഒന്നുകിൽ ആ പദ്ധതി വേണ്ടെന്നു വെക്കുക. അല്ലെങ്കിൽ ശക്തിയായി നിർബന്ധിച്ച് അതു അംഗീകരിപ്പിക്കുക. അത് രണ്ടുമല്ലാത്ത വിധത്തിൽ ഇങ്ങനെ ഇട്ടേക്കരുത്. സാങ്കേതികമായ ഏതെങ്കിലും ചട്ടമനുസരിച്ച് ഒരേ മാനേജ്മെൻറിലുള്ള ചില സ്കൂളുകൾ നിറുത്തൽ ചെയ്തിട്ടുള്ളതായി എനിക്കറിയാം. ചട്ടങ്ങൾ സാങ്കേതികമായി എന്തായിരുന്നാലും അത് ചില കാര്യങ്ങളിലെല്ലാം പ്രായോഗികസൗകര്യം നോക്കി ചില ഭേദഗതികൾ ചെയ്യേണ്ടതാണ്. മാനേജ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ശരിയായി ശമ്പളം കൊടുക്കണം. കൊച്ചിയും തിരുവിതാംകൂറും കൂടിയുള്ള സംയോജനംകൊണ്ട് തിരുവിതാംകൂറിന് നന്മയുണ്ടായി എന്ന് ഞങ്ങൾ സമ്മതിക്കുന്നു. കൊച്ചിക്കാർക്ക് വലിയ ദോഷമുണ്ടായി, എന്നുമാണ് ഞങ്ങളുടെ വിശ്വാസം. ഈ സംയോജനത്തിനു സമ്മതം മൂളിയത് ഏതു പാർട്ടിയിലുള്ളവരായിരുന്നാലും, അവർ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം നശിച്ചിരിക്കുന്നു എന്ന് അവർ മനസ്സിലാക്കേണ്ടതാണ്. സംയോജനം ഉണ്ടായിട്ടുള്ളതിന്റെ ഒരു ഫലമാണ് ഇന്നലെ ഇവിടെ കണ്ടത്. കൊച്ചിയിലെ പാരമ്പര്യവും ഭരണവും ജനാധിപത്യതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു എന്നും എന്നാൽ സംയോജനത്തിനുശേഷം അത് മാറിയിരിക്കുന്നു എന്നുമാണ് എനിക്കു പറയുവാനുള്ളത്. ഇൻറഗ്രേഷനുമുമ്പ് ഏതെങ്കിലും പാർട്ടിടിക്കററിന്മേൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ ഇൻറഗ്രേഷൻനിമിത്തം അവർ തെരഞ്ഞെടുക്കപ്പെട്ട പാർട്ടികളുടെ നേരെ ജനങ്ങൾക്കുണ്ടായിട്ടുള്ള അതൃപ്തിയെ അടിസ്ഥാനപ്പെടുത്തി രാജിവെച്ചു അവരവരുടെ നിയോജകമണ്ഡലങ്ങളിൽതന്നെ പുനർതിരഞ്ഞെടുപ്പിനു നിൽക്കേണ്ടതായിരുന്നു. അതിൽ മി. കണ്ണനും മി. ബാലകൃഷ്ണമേനോനും ഒഴിച്ച് ബാക്കിയുള്ളവർ ആരുംതന്നെ അഭിനന്ദനീയരല്ല. ഞങ്ങൾക്കാണെങ്കിൽ ഒരു പാർട്ടിയുമില്ല. ഞങ്ങൾ സ്വതന്ത്രന്മാരാണ്. ശ്രീമാൻ പാച്ചുപിള്ള പറഞ്ഞു അദ്ദേഹത്തിന്റെ പാർട്ടിയിലുള്ള എല്ലാവരും രാജിവെച്ചാലും വീണ്ടും അവർ തിരഞ്ഞെടുക്കപ്പെടുമെന്നു അവർക്ക് നല്ല വിശ്വാസമുണ്ടെന്ന്. അദ്ദേഹത്തിന്റെ നേതാവിനോട് ഇവിടെ വരുംമുമ്പുതന്നെ ബഹുമാനമാണ് ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു. അവരുടെ നേതാവായ പട്ടത്തോടു എനിക്കു ബഹുമാനമാണ്. ശ്രീമാൻ പട്ടം താണുപിള്ളയെപ്പോലെയുള്ള ഒരു വ്യക്തി എവിടെ നിന്നാലും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യംകൊണ്ട് ജയിക്കുമെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹം രാജിവെച്ചാലും പിന്നെയും തിരുവനന്തപുരംപോലെയുള്ള ഒരു പ്രസിദ്ധ ജനനിബിഡമായ നിയോജകമണ്ഡലം അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും നേതാവായി സ്വീകരിക്കുകയും ജയിപ്പിക്കയും ചെയ്യുമെന്നു എനിക്കു നല്ല വിശ്വാസമുണ്ട്. ഏതായാലും ഈ രാജ്യങ്ങളെ തമ്മിൽ സംയോജിപ്പിച്ചതിനെ സംബന്ധിച്ചു കൊച്ചിരാജ്യത്തുള്ള ആളുകൾ ബഹുഭൂരിപക്ഷത്തിനും ഗവമ്മെൻറിനോട് വളരെ വിരോധമാണെന്ന് എനിക്കു പ്രഖ്യാപിക്കുവാൻ കഴിയും.

Sri. P. S. Nataraja Pillai : May I know from the hon'ble Member whether on the date of integration that if a Member resigned his membership in a particular constituency was there any other constituency to which he could apply ?

Sri. C. V. Iyyu : He could have applied to the constituency in which he was member to return him again as member.

Sri. P. S. Nataraja Pillai : Under what rule ?

Mr. Speaker : No discussion in that direction is allowed.

ബില്ലിന്റെ പരിധിയിൽ വരാത്ത സംഗതികൾ വളരെ കുറവാണ്. എന്നാൽ ബില്ലിലെ കാര്യങ്ങളോടു വളരെ ബന്ധമുള്ള കാര്യങ്ങൾ പറയണമെന്നു വിചാരിച്ചു അതിനെക്കുറിച്ചു സംസാരിച്ചാൽ നന്നായിരിക്കും. ബില്ലിന്റെ വ്യാപ്തി കൂടുതലായതുകൊണ്ടു് ഇന്ന കാര്യം സംബന്ധിച്ചു പറയാൻ പാടില്ലെന്നു ഒരു നിയന്ത്രണം വയ്ക്കുവാൻ സാദ്ധ്യമല്ല. എന്നാൽ അങ്ങനെ നിയന്ത്രണം ചെയ്യുവാൻ പാടില്ലാത്ത സംഗതികളെക്കുറിച്ചുമാത്രമെ സംസാരിക്കുകയുള്ളുവെന്നു നിർബന്ധമായി വയ്ക്കുന്നതു് ശരിയല്ല. ബില്ലിലെ കാര്യങ്ങളോടു വളരെ അടുത്തബന്ധമുള്ള കാര്യങ്ങൾ മാത്രം സംസാരിച്ചാൽ മതിയാകും.

ശ്രീ. സി. വി. ഇട്ടു : ഈ രാജ്യത്തെ പ്രതിനിധികൾക്കു് ഇപ്പോൾ പരമാധികാരം കിട്ടിയിട്ടുണ്ടു്. ഈ ബില്ലിനെക്കുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനു് യോഗ്യന്മാരായ ആളുകളാണു് ഇവിടെ ഇരിക്കുന്നതെന്നു നാം ഓർക്കണം. ഈ ബിൽ ഇന്നു തള്ളിപ്പോയാൽ റിപ്പബ്ലിക്ക് പ്രസിഡണ്ടിന്റെ അധികാരം ഉപയോഗിച്ചാലെ നാളെമുതൽ പണം ചെലവാക്കാൻ സാധിക്കുകയുള്ളു. മുമ്പാണെങ്കിൽ മഹാരാജാവിനായിരുന്നു അധികാരം. ഇന്നു മഹാരാജാവില്ല; രാജപ്രമുഖനാണുള്ളതു്. രാജപ്രമുഖനു് അതിനുള്ള അധികാരമില്ല. അതുകൊണ്ടു് ഈ ബിൽ പാസാക്കുന്നതിനും ബഡ്ജറ്റ് പാസാക്കുന്നതിനുമുള്ള അധികാരം നമ്മുടെ കയ്യിലാണിരിക്കുന്നതെന്നു കാണാം. ശ്രീ. പാച്ചുപിള്ള ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും പല കണക്കുകളും ഇവിടെ പറയുകയുണ്ടായി. എന്നാൽ കൊച്ചിയിൽ ഒരു കക്ഷിയിലെ മെമ്പർ ആ കക്ഷിയിൽനിന്നും മാറുമ്പോൾ രാജിവച്ചു വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കുന്ന ഒരു പാരമ്പര്യം ഉണ്ടായിരുന്നു. അതനുസരിച്ചു കൊച്ചിക്കാർ പ്രവർത്തിച്ചും വന്നു. തിരുവിതാംകൂറുമായുണ്ടായ സംയോജനംമൂലം കൊച്ചിയിലുണ്ടായിരുന്ന ആ പാരമ്പര്യമെല്ലാം നശിച്ചു് അവരുടെ പാർട്ടിയിൽതന്നെ റിബൽഗ്രൂപ്പായി വോട്ടുചെയ്യുന്ന ഒരു സംഭവമാണു് ഇന്നലെ ഉണ്ടായതു്. അഭിപ്രായം മാറിയാൽ കക്ഷിയിൽനിന്നും നിയമസഭയിൽനിന്നും രാജിവച്ചു് അതേ നിയോജകമണ്ഡലത്തിൽതന്നെ തിരഞ്ഞെടുപ്പിനു് വേറെ ടിക്കററിന്മേൽ നിന്നു് ജയിച്ചു് സഭയിൽ അംഗമായിരിക്കുന്ന നല്ല സംപ്രദായം അവഗണിച്ചു ശ്രീ. പട്ടം തുടങ്ങി എല്ലാവരേയും ഇന്നും സാധാരണ ജനങ്ങൾ നേതാക്കന്മാരായിത്തന്നെ കരുതുന്നു. അതിനും പുറമെ മനുശങ്കരന്മാരായ അതേതരത്തിലുള്ളവരെ ഞാനയും പൂരവുമായിട്ടാണു് എഴുന്നള്ളിച്ചു് നടക്കുന്നതു്. ഇവിടെ എന്തു വേഷമായാലും കൊള്ളാമെന്നു കരുതിയാണു് കൊച്ചിക്കാരായ ൫൧ സ്നേഹിതന്മാർ ഇന്നലെ തകിടം മറിഞ്ഞതു്. ആയതിനാൽ ഒരു നിമിഷംപോലും കൊച്ചി തിരുവിതാംകൂർ യോജിച്ചിരിക്കാൻ പാടില്ല. അങ്ങനെ ആയാൽ ഇവിടെ ഫാസിസമോ, നാസിസമോ, കമ്മ്യൂണിസമോ എന്താണു വരുന്നതെന്നു് അറിഞ്ഞുകൂടാ. ഇന്നലെ മുതൽ എനിക്കു് അങ്ങനെയൊരു അഭിപ്രായം കൂടി ഉണ്ടായിരിക്കുന്നു.

ബ. ഫിനാൻസുമിനിസ്റ്റർ കൊച്ചിയിൽ വളരെ അധികം പണം ചിലവുചെയ്യുന്നു എന്നു് പറയുകയുണ്ടായി. വാസ്തവം അങ്ങനെയല്ല. ഇൻഡ്യാ ഗവമെണ്ടിൽനിന്നും കിട്ടുന്ന ലോൺകൂടി ഉൾപ്പെടുന്നതായ തുകകളാണു് പറയുന്നതു്. പഴയ കൊച്ചിയിൽനിന്നും കിട്ടുന്ന വരുമാനത്തിൽനിന്നും ഏതാനും ലക്ഷങ്ങൾ മാത്രമാണു് കൂടുതലായി തിരുവിതാംകൂറിൽനിന്നും കിട്ടുന്നതു്. അതിൽനിന്നും ൫൧ ലക്ഷം രൂപാ ദേവസ്വം ഗ്രാന്റായി പോകുകയും വേണം.

പിന്നെ മരാമത്തുവകുപ്പു ചിലവുചെയ്യുന്നതും കണക്കാക്കിയാൽ കൊച്ചിയിൽ ആ കണക്കനുസരിച്ച് ചെലവു ചെയ്യുന്നില്ലെന്നു കാണാം. തിരുവിതാംകൂറുകാരായ വ്യക്തികൾ മന്ത്രിയായും സർജൻജനറലായും ഇരിക്കുന്ന ധൈര്യമാണ് മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ കൊച്ചി പ്രദേശത്തു ജോലിചെയ്യുന്ന പഴയ തിരുവിതാംകൂർകാരായ ഉദ്യോഗസ്ഥന്മാർക്ക് കൊച്ചിക്കാരായ സാധുക്കളോട് അവജ്ഞക്കുള്ള കാരണം. അതിനൊക്കെ ഉത്തരവാദികൾ പഴയ കൊച്ചി പ്രതിനിധികൾ തന്നെയാണ്. അടുത്തകാലത്താണ് പ്രജാമണ്ഡലം നേതാവു ശ്രീ. മാധവൻനായക്ക് ഭൂതോദയമുണ്ടായതു്. കൊച്ചിയിൽ ബേസിക് ടാക്സ് വരുന്നതുകൊണ്ടു് പലർക്കും നഷ്ടമുണ്ടു്. ഇതു രണ്ടു രാജ്യമാണ്. പ്രത്യേകം പ്രത്യേകം ഭരിച്ചിരുന്നതുമാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ ഗവണ്മെൻറിന് ഈ നാട്ടിലെ ജനങ്ങളുടെ പേരിൽ പൊതു മുതലിൽ നിന്നും ഒരു പൈപോലും എടുത്തു ചെലവുചെയ്യുന്നതിന് അർഹതയോ അവകാശമോ ഇല്ലെന്നു ഞാൻ പറയുന്നു. ഈ നാട്ടിലെ ഭരണം എല്ലാംകൊണ്ടും അത്രത്തോളം അധപ്പതിച്ചുകഴിഞ്ഞിരിക്കുന്നു. അഴിമതിയും കൈക്കൂലിയും അടിമുതൽ മുടിവരെ നടമാടുന്നുണ്ടു് എന്നു സർവ്വത്ര പാട്ടാണ്. കൈക്കൂലിയുടെ കാര്യത്തിൽ ഭരണാധികാരത്തിലിരുന്ന മന്ത്രിമാരെപ്പററിപ്പോലും ഗൗരവാവഹമായ ആരോപണങ്ങളുണ്ടായിട്ടുണ്ടു്. അതിനെക്കുറിച്ചു യാതൊരു അന്വേഷണവും നടപടിയും നടത്തീയിട്ടില്ല. ശബരിമല തീവയ്പു സംബന്ധിച്ചു റിപ്പോർട്ട് പൂഴ്ത്തിവച്ചിരിക്കുന്നതുകൊണ്ടു് നാട്ടുകാരുടെയിടയിൽ വലുതായ ഉൽക്കണ്ഠയുണ്ടു്. അതിനെക്കുറിച്ച് പലതരത്തിലുള്ള കിംവദന്തികൾ നാട്ടിൽ പരക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ ക്ഷേത്രങ്ങളും പള്ളികളും നിലനിൽക്കണമെന്നാണോ അഭിപ്രായം?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ജനങ്ങൾക്ക് താല്പര്യമുള്ള എല്ലാ കാര്യങ്ങളിലും കമ്മ്യൂണിസ്റ്റുകാർക്ക് താല്പര്യമുണ്ടു്. ജനങ്ങളുടെയിടയിൽ സമുദായവിദ്വേഷം കുത്തിവച്ചു നാട്ടിൽ കലാപം സൃഷ്ടിക്കുന്നതിന് ഈ ഗവണ്മെൻറു് കൂട്ടു നില്ക്കുന്നു എന്നാണ് ഞാൻ പറയുന്നതു്. അങ്ങനെ നാട്ടിൽ സർവ്വത്ര ഉൽക്കണ്ഠയും വിഷമാവസ്ഥയുമാണ് ഇന്നു നടമാടുന്നതു്. നാട്ടുകാരുടെ പ്രശ്നങ്ങൾക്കൊന്നിനും ഈ ഗവണ്മെൻറിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഭക്ഷണക്കുഴപ്പം അങ്ങനെ കൊടുമ്പിരികൊണ്ടു നില്ക്കുന്നു. ലെവി സമ്പ്രദായപ്രകാരം നാട്ടിൽ കരിഞ്ചന്തക്ക് വളരെ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. ഈ ലെവി സമ്പ്രദായം ഈ നാട്ടിലെ ജന്മിമാർക്കും മുതലാളിമാർക്കും കരിഞ്ചന്തയിൽ നെല്ല് ഇഷ്ടംപോലെ വില്ക്കുന്നതിന് സഹായം നൽകുന്നതിനുമാത്രം ഉണ്ടാക്കിയിട്ടുള്ള ഒരു ഏർപ്പാടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതോടൊപ്പം ഭക്ഷണകാര്യത്തിൽ കേന്ദ്രഗവർമ്മെൻറുമായുള്ള ഇടപാടിൽ ഈ ഗവർമ്മെൻറ് അങ്ങേയററം നിസ്സഹായാവസ്ഥയിലാണ് നില്ക്കുന്നതു്. അരി തരുന്ന കാര്യത്തിൽ അവർക്ക് ഒരു ചുമതലയുമില്ല എന്ന നിലയായിരിക്കുന്നു. സബ്സിഡി നിർത്തൽ ചെയ്യാൻ പോകുന്നു. വേണമെങ്കിൽ അരിയുടെ വില കൂട്ടിക്കൊള്ളുക എന്നാണു പറയുന്നതു്. ഇങ്ങനെ അങ്ങേയററം ഉത്തരവാദിത്വമില്ലാത്ത ഒരു നിലയാണ് ഇൻഡ്യാഗവണ്മെൻറ് എടുത്തിരിക്കുന്നതു്. ഇവിടെയുള്ള കസ്റ്റംസും, ഇൻകംടാക്സും

[Sri. E. Gopalakrishna Menon]

ലോകവിപണികളിൽ കുത്തകയുള്ള ഉല്പന്നങ്ങളും കൊണ്ടുപോകുന്ന ഇൻഡ്യാഗവമെൻറ് ഇപ്പോൾ കൈമലത്തുകയാണു ചെയ്യുന്നതു്. ഈ കാര്യത്തിൽ ഒരു ഉറച്ച നില സ്വീകരിക്കാൻ നമ്മുടെ ഗവമെൻറിനു കഴിഞ്ഞിട്ടില്ല. ഇൻഡ്യാഗവമെൻറിൻെറ ഉദ്യോഗസ്ഥന്മാർ ഇവിടെ വന്നു എപ്പോഴും ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നുണ്ടു്. ഇൻഡ്യാഗവമെൻറിലെ ഒരു ഉദ്യോഗസ്ഥനായ വി. പി. മേനോൻ വരുമ്പോൾ നമ്മുടെ മന്ത്രിമാർ ഓച്ഛാനിച്ചു് അദ്ദേഹത്തിൻെറ മുമ്പിൽ നില്ക്കുന്നു. ഈ രാജ്യത്തെ മന്ത്രിമാർ ഈ നിയമസഭയോടു ഉത്തരവാദപ്പെട്ടവരാണു്. അവർക്കു് ഇൻഡ്യാഗവമെൻറിലെ ഒരു ഉദ്യോഗസ്ഥൻെറ മുമ്പിലും തല കുനിക്കേണ്ട ആവശ്യമില്ല. അവരുടെ ഈ നില അങ്ങേയററം ഈ നിയമസഭയ്ക്കും നാട്ടിനും തന്നെ അപമാനകരമാണു്.

ഈ നാട്ടിലെ പോലീസ് മർദ്ദനത്തിൻെറ കാര്യം നോക്കുകയാണെങ്കിൽ അതു സാർവ്വത്രികമായിത്തീർന്നിരിക്കയാണു്. ഈയിടക്കുതന്നെ ഗൌരവതരമായ പലകാര്യങ്ങളും പുറത്തുവരുകയുണ്ടായി. ഇരിങ്ങാലക്കുട സ്വദേശിയായ മി. കുമാരൻെറ ഒരു സംഭ്രമജനകമായ പത്രപ്രസ്താവന ഈയിടെ കാണുകയുണ്ടായി. അതു സംബന്ധിച്ചു യാതൊരു അന്വേഷണവും ഗവമെൻറ് നടത്തിയിട്ടില്ല. നാട്ടുകാരുടെ ഇടയിൽ യാതൊരു രക്ഷാബോധവുമില്ലാതായിത്തീർന്നിരിക്കുകയാണു്. അറസ്റ്റു് ചെയ്തു ജയിലിൽ അടച്ചിരിക്കുന്നവരുടെ കേസെടുത്തു തീർക്കുന്നതിനു് വളരെ കാലം എടുക്കുന്നു. സബ്‌ജയിലുകളിലും ലാക്കപ്പുകളിലും കിടക്കുന്ന നിർഭാഗ്യവാന്മാരുടെ സ്ഥിതി ഏററവും ദയനീയമാണു്. ഞാൻതന്നെ ഏതാനുംമാസം ലാക്കപ്പിൽ കിടന്നിട്ടുണ്ടു്. അന്നു വെറും ൻ അണ ൧ ൧ പൈയാണു് എനിക്കു ഭക്ഷണപ്പടി കിട്ടിയതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു തെററാണു്. ഒരു രൂപ ആറണയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെ ഞാൻ വെല്ലുവിളിക്കുന്നു. കൊച്ചിയിൽ സബ്ജയിലുകളിൽ ടെൻഡർ വിളിച്ചാണു് കൊടുത്തിരിക്കുന്നതു്. ഇരിങ്ങാലക്കുട സബ്ജയിലിൽ ൻ ണ. ൧ ൧ പൈക്കാണു് ടെൻഡർ അതിനാൽ ൻ അണ ൧ ൧ പൈയാണു് എനിക്കു ഭക്ഷണപ്പടിയായി കിട്ടിക്കൊണ്ടിരുന്നതു്. പത്തും ഇരുപതും ആളുകളെ എട്ടും പത്തും അടി വ്യാസമുള്ള മുറികളിൽ തള്ളിയിരിക്കുകയാണു്. ഇടപ്പള്ളിക്കേസിലെ പ്രതികളെ വെറും അഞ്ചും ആറും അടി വ്യാസമുള്ള മുറികളിൽ ഇരുപതും മുപ്പതും ആളുകളെവീതം ഒന്നിച്ചടച്ചിരിക്കുകയാണു്. ഇതു വെറും പ്രതികാരത്തോടുകൂടിയ പെരുമാററമാണു്. ഇങ്ങനെയാണു് ഈ ഗവമെൻറ രാഷ്ട്രീയകേസുകളിലെ പ്രതികളോടു പെരുമാറിക്കൊണ്ടിരിക്കുന്നതു്. കളിക്കാനും പത്രംവായിക്കാനും ഒന്നിനും സൌകര്യമില്ല. ഇതിനെല്ലാം ചില ചട്ടങ്ങൾ ഉണ്ടെന്നു് ഗവമെൻറ പറയുന്നു. അതു് ആരു സൃഷ്ടിച്ച ചട്ടങ്ങളാണു്? ബ്രിട്ടീഷ് ഗവമെൻറും സർ. സി. പി. യും സൃഷ്ടിച്ച ചട്ടങ്ങളല്ലെ? അതിനെ ഭേദഗതി ചെയ്യാൻ ഈ ഗവമെൻറിനു പാടില്ലെ എന്നു ഞാൻ ചോദിക്കുന്നു. മഹാത്മാഗാന്ധിയുടെ ഘാതകനുപോലും റേഡിയോ ഉൾപ്പടെ എല്ലാവിധ സുഖ സൗകര്യങ്ങളും അനുവദിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. ഈ നാട്ടിൽ ജയിലുകളിലും ലാക്കപ്പുകളിലും കാൺഗ്രസ്സിൻെറ പ്രതിയോഗികൾക്കു് അവരുടെ അഭിപ്രായങ്ങളോടു് യോജിക്കുന്നില്ലെന്നുള്ള കാരണം കൊണ്ടു് മനുഷ്യോചിതമായ ഒരു സൌകര്യവും ചെയ്യാൻ പാടില്ലേ എന്നു ഞാൻ ചോദിക്കുന്നു. വിയ്യൂർ സെൻട്രൽ ജയിലിലെ കാര്യം വളരെ പരിതാപകര

മാണ്. വെറും കുതിരലായംപോലെയാണ് ജയിൽ കെട്ടിയിട്ടുള്ളത്. കാററും വെളിച്ചവും കിട്ടാത്ത ജനൽപോലുമില്ലാത്ത മുറികളാണ് അവിടെയുള്ളത്. മൂത്രം ഒഴിക്കാൻ സ്ഥലമില്ല. കിടക്കുന്ന പായുടെ അടുത്തു കുടംവച്ചു മൂത്രമൊഴിച്ചുകൊള്ളണം. പത്രമോ പുസ്തകമോ ഒന്നും വായിക്കാൻ കൊടുക്കുകയില്ല. ഇപ്പോൾ ഗോമതിപ്പത്രമോ മറേറാ കൊടുക്കുന്നതായിക്കേട്ടു. നിയമത്തിനു വിധേയമായ പുസ്തകങ്ങളും പത്രങ്ങളും വായിക്കാൻ അനുവദിച്ചതുകൊണ്ട് എന്തു വിപ്ലവമാണുണ്ടാകാൻപോകുന്നത്? തടവുകാരോട് മനുഷ്യോചിതമായി പ്രവർത്തിക്കുന്നതിനു ഈ ഗവണ്മെൻറ് തയാറില്ലെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ഇതെല്ലാം വെറും പകവച്ചു പെരുമാറലാണെന്നാണ് ഞാൻ പറയുന്നത്. ഞാൻ സെൻട്രൽ ജയിലിൽ കിടന്നപ്പോൾ ചില ചില്ലറ സൗകര്യങ്ങൾക്കുവേണ്ടി എഴുതുകയുണ്ടായി. അതിനുള്ള നിഷേധരൂപത്തിലുള്ള മറുപടിതന്നെ മൂന്നുനാലുമാസം കഴിഞ്ഞു് ശിക്ഷയുടെ കാലാവധി കഴിഞ്ഞപ്പോഴാണ് കിട്ടിയതു്. ഇതെല്ലാം ആണ് ഇവിടെ നടക്കുന്നതു്. എന്റെ സ്നേഹിതൻ ബഹു. വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി റഷ്യയിലെപ്പോലെ തൊഴിലാളികളെ വെടിവെക്കുന്ന സമ്പ്രദായം ഈ രാജ്യത്തില്ലെന്നു്. ഞാൻ അദ്ദേഹത്തെ അറിയിക്കുന്നു, അദ്ദേഹം പ്രധാനമന്ത്രിയുടേയും പോലീസിന്റേയും ചാർജ് വഹിച്ചിരുന്നകാലത്തു് ഇവിടെ നടന്നിട്ടുള്ളതുപോലെ മർദ്ദനം ലോകചരിത്രത്തിൽ മറെറങ്ങും തന്നെ നടന്നിരിക്കാൻ ഇടയില്ലെന്നു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു റഷ്യയുടെ ചരിത്രം വായിക്കാത്തതുകൊണ്ടാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ശ്രീ. ടി. കെ. നാരായണപിള്ളയുടെ ഭരണത്തിൻകീഴിൽ തടവുകാർക്ക് പേപ്പട്ടിവിഷംകൊണ്ടും, പിത്തംകൊണ്ടും, ഞെട്ടൽകൊണ്ടും, പുഴക്കടികൊണ്ടും മററും ലോക്കപ്പുകളിൽ കിടന്നു രാജ്യരാവു് സമാധാനപരമായി മരിക്കാൻ സൗകര്യമനുവദിച്ചതിന്റെ ഉദാഹരണങ്ങൾ വളരെയുണ്ട്. അതിനു നാട്ടുകാർ അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്.

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: സർ, ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തെ മന്ത്രിമാരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം കൊച്ചിക്കാർക്കു മന്ത്രി ആവശ്യമുണ്ടെന്നും പ്രാദേശികമായും സമുദായികമായും മന്ത്രിമാർ ആവശ്യമാണെന്നുമുള്ളവാദം ഒരു വിധത്തിൽ അംഗീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു ജാതിക്കോ സമുദായക്കാർക്കോ മാത്രം മന്ത്രിവേണം അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ വേണമെന്നാവശ്യപ്പെടുന്നതു് അവരുടെ സ്വന്തജാതിയിലെ വേണ്ടപ്പെട്ട ആളുകൾ ആ സ്ഥാനങ്ങളിൽ ഉണ്ടായിരുന്നാൽ മാത്രമേ ഗവണ്മെൻറ അവരോടു നീതിചെയ്യുകയുള്ളു എന്നൊരു ബോധം രാജ്യത്തു വളർന്നിരിക്കുന്നതുകൊണ്ടാണ്. അല്ലാതെ ഒരാളെ മന്ത്രിയാക്കുന്നതിനോ ഒരാളെ ഉദ്യോഗസ്ഥനാക്കുന്നതിനോ വേണ്ടി ജനങ്ങൾ എത്രത്തോളം സ്വാർത്ഥമതികളായിരുന്നാലും ഒന്നിച്ചു സംഘടിച്ചു നിൽക്കുകയില്ല.

എല്ലാവർക്കുംകൂടി ഉദ്യോഗം കിട്ടുകയില്ലെന്നും, എല്ലാവർക്കും മന്ത്രിയാകാൻ സാധിക്കുകയില്ലെന്നും ഉള്ളസംഗതി എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇന്നു എന്റെസമുദായത്തിൽനിന്നും മന്ത്രിവേണം, എന്റെ സമുദായത്തിൽനി

[Sahib Bahadur T. A. Moideenkunju]

ന്നും ഉദ്യോഗസ്ഥന്മാർ വേണം എന്നെല്ലാം പറയുന്നതു് ഇന്നു നിലവിലിരിക്കുന്ന ജനകീയ സമ്പ്രദായത്തിനു യോജിച്ചതല്ല. ഇതിന്റെ അർത്ഥം ഈ രാജ്യത്തുള്ള ജനങ്ങൾക്കു് മന്ത്രിസഭയോടുള്ള വിശ്വാസം ഗവൺമെന്റിനോടുള്ള വിശ്വാസം കുറഞ്ഞിരിക്കുന്നുവെന്നാണു്. മാത്രമല്ല, ഇന്നു പ്രാദേശികമനോഭാവവും വർദ്ധിച്ചുവരികയാണു്. തന്മൂലവും ജനങ്ങൾക്കു ഗവൺമെന്റിനോടുള്ള വിശ്വാസം തീരെ നശിക്കത്തക്കനിലയിലായിരിക്കുന്നു. ഇന്നു സാമുദായികമായി മന്ത്രിമാർ വേണമെന്നും ഉദ്യോഗങ്ങൾ വേണമെന്നും ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു അന്തരീക്ഷം ഇവിടെ വന്നിരിക്കുന്നു എന്നാണു് എനിക്കു ഇവിടെ പറയാനുള്ളതു്. ഇങ്ങനെയുള്ള മനസ്ഥിതി മാറിയെങ്കിൽമാത്രമെ ഈ ഗവൺമെന്റിനു അല്പകാലമെങ്കിലും നിലനിൽക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടെനിക്കു പറയുവാനുള്ളതു്, മന്ത്രിമാർ തന്നെ പലേ അവസരങ്ങളിലും പറഞ്ഞിട്ടുള്ളതുപോലെ, എല്ലാവർക്കും മന്ത്രിയാകത്തക്കവണ്ണം ഒരവസരം ഉണ്ടാക്കികൊടുക്കത്തക്ക നിലയിൽ ഈ മന്ത്രിസഭയും ദേശീകരിക്കണമെന്നാണു്. ഇതിലേക്കു് ഒരു ഷിഫ്റ്റു് സമ്പ്രദായം ഏർപ്പെടുത്തി എല്ലാവർക്കും നാലുദിവസമെങ്കിലും മന്ത്രിസഭയിലിരിക്കുന്നതിനു് ഒരവസരം ഉണ്ടാക്കികൊടുക്കുന്നപക്ഷം വളരെ സൗകര്യമായിരിക്കും. അതായതു് ഞങ്ങൾക്കുമെല്ലാം ചില കടങ്ങളുംമററും ഉണ്ടു്. എല്ലാവർക്കും കുറച്ചു ചാൻസ്കിട്ടട്ടെ. ഇപ്പോൾ കുറെപേർക്കു് ചാൻസുകിട്ടി. എല്ലാവർക്കും നന്നായാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. അല്ലാതെ ഇന്നത്തെ കോൺഗ്രസ്സ്ഭരണം കൊണ്ടു് ജനങ്ങൾ നന്നാകാൻ പോകുന്നില്ല. അങ്ങനെ യോഗ്യതയുള്ള കോൺഗ്രസ്സുമല്ല. അതുകൊണ്ടു് മന്ത്രിസഭ ഒന്നു ദേശീകരിച്ചു എല്ലാവരേയും ഇതിൽ ഉൾപ്പെടുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

പിന്നെ ഈ കോൺഗ്രസ്സുതന്നെ സ്വയം നശിച്ചുകൊണ്ടിരിക്കുന്നതായി നമുക്കെല്ലാവർക്കും അറിയാം. കൊച്ചിക്കാരായ കോൺഗ്രസ്സുകാരെ, ദേശീയാടിസ്ഥാനത്തിൽ നിന്നുകൊണ്ടു്, പലരും വിമർശനങ്ങൾ നടത്തുന്നതായി ഞാൻ കേട്ടു. ഇന്നു ഇവിടെതന്നെ, കോൺഗ്രസ്സിൽതന്നെ അച്ചടക്കമില്ലാതെ കോൺഗ്രസ്സ് പൊളിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണു്. കോൺഗ്രസ്സിൽ ഇന്നു ജനങ്ങൾക്കു് വിശ്വാസമില്ല. കോൺഗ്രസ് ജനകീയഭരണം പരിപൂർണ്ണമായി നടപ്പിലാക്കാമെന്നു പറഞ്ഞിരുന്നെങ്കിലും ഇന്നു നടക്കുന്നതെന്താണു്? ഇന്നു കോൺഗ്രസ്സ്തന്നെ ജനങ്ങളോടു ചെയ്തവാഗ്ദത്തത്തിൽനിന്നും വഴുതിയിരിക്കുകയാണു്. പിന്നെ കോൺഗ്രസ്സ് പ്ലഡ്ജിൽ ഒപ്പിട്ടിട്ടുണ്ടെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളതു്.

ഇന്നു ഞങ്ങളുടെ സ്വന്തം കക്ഷിയിൽ നിന്നുതന്നെ ചിലർ കരിങ്കാലികളായി മാറിവരുന്നുണ്ടു്. അവരുടെ ന്യായത്തിൽതന്നെ ഇന്നു ഞാൻ പറയുന്നു, മി. അംബുക്കൻ പറയുകയുണ്ടായി ഭക്ഷ്യോല്പാദനം സംബന്ധിച്ചു ഒരു കട്മോഷനമാത്രമേ ഞാൻ അനുകൂലിച്ചുള്ളൂ, എന്നു്. ഇവിടെ ഭക്ഷ്യോല്പാദനത്തെ സംബന്ധിച്ചുള്ള കട്മോഷനൊന്നും ഇതിനുമുൻപു് പാസ്സായിട്ടില്ലേ, എന്നു ഞാൻ ചോദിക്കുന്നു. അന്നൊക്കെ അതിനെതിരായി വോട്ടു ചെയ്ത മി. അംബുക്കൻ ഇന്നിവിടെ ചെയ്ത പ്രസംഗവും നിങ്ങൾ കേട്ടിരിക്കുമല്ലോ. അതുപോലെതന്നെ മി. ഇയ്യു ഇവിടെ പറയുകയുണ്ടായി കോൺഗ്രസ്സ് ടിക്കററിൽ ജയിച്ചു വന്നതിനുശേഷം അതിൽ നിന്നു വേറെ പാർട്ടിയിൽ ചേർന്നിട്ടുള്ളവർ രാജിവയ്ക്കാത്തതെന്തുകൊണ്ടാണെന്നു്. എന്നാൽ ഞാൻ ചോദിക്കുന്നു, മി. ഇയ്യുവിന്റെ നില ന്യായീകരിക്കത്തക്കതാണോ എന്നു്.

Sri. C. V. Iyyu: One question—

Mr. Speaker: The member has not yielded.

സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: അതുകൊണ്ടു് ചില ആവശ്യങ്ങാം വരുമ്പോഠം ചിലർ നയം മാറുന്നതു് ഒരിക്കലും പററിയതല്ല. അവർ ജനങ്ങളോടു് പറഞ്ഞിട്ടുള്ളതനുസരിച്ചു പ്രവർത്തിക്കുന്നതിനു് വേണ്ടിയാണു് കോൺഗ്രസ്സിൽനിന്നും മാറുന്നതു്. ഇവിടെതന്നെ മന്ത്രിമാരുടെ പ്രവൃത്തികളിലും ഗവമ്മെൻറിൻെറ പ്രവൃത്തികളിലും, കോൺഗ്രസ്സ് എം. എൽ. എമാരുടെ പ്രവൎത്തികളിലും പ്രസ്താവനകളിലും വല്ല ആത്മാൎത്ഥതയും ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇതുകൊണ്ടാണു് ഈ കോൺഗ്രസ് സക്കാരിൽ ജനങ്ങാംക്കു് വിശ്വാസമില്ലാതെ വന്നതു്. കോൺഗ്രസ്സിൽനിന്നും പുറത്തുപോകുന്നവർക്കു് വീട്ടിൽപോകുന്നതിനും ജനങ്ങളുടെയിടയിൽ നടക്കുന്നതിനും സാധിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ഒരു നയം തുടർന്നുപോയാൽ കോൺഗ്രസ്സ് പ്ലഡ്ജ് ഒപ്പിട്ടുപോയി എന്നു പറഞ്ഞു് നാട്ടിൽ പോകാൻ ഒക്കുകയില്ല. ഇന്നു മി. കേശവൻ ഒരു ഈഴവനാണെന്നും അദ്ദേഹം അവരുടെ നേതാവാണെന്നും പറയുന്നുണ്ടു്. എന്നാൽ ഞാൻ ചോദിച്ചുകൊള്ളുന്നു, ഇന്നു് അദ്ദേഹത്തിൻെറ കോൺസ്റ്റിററുവൻസിയിൽ നിന്നു് ഈ വിപ്ലവസമുദായമായ ഈഴവസമുദായത്തിൽ നിന്നും കോൺഗ്രസ്സിൻെറ പേരിൽ ജയിക്കുവാൻ സാധിക്കുമോ എന്നു്. തീർച്ചയായും ഈഴവസമുദായത്തിൻെറ പേരിൽ അദ്ദേഹത്തിനു വരുവാൻ സാധ്യമല്ല. അതുകൊണ്ടു് തീർച്ചയായും ജനങ്ങാംക്കു വിശ്വാസമുണ്ടാകാത്ത നിലയിൽ ഒരു നല്ല മാതൃക കാണിച്ചുകൊടുത്തു് ഒരു സന്മനോഭാവമെങ്കിലും ആളുകളിൽ പ്രത്യക്ഷപ്പെടുത്തിയാൽ കോൺഗ്രസ്സിനെയല്ലെങ്കിലും മനഃസ്ഥിതിയുടെ പേരിലെങ്കിലും ജനങ്ങാം ഗവമ്മെൻറിനെ സഹായിക്കുന്നതായിരിക്കും. അല്ലാതെ ഇവക്കു് മുമ്പോട്ടു നീങ്ങുവാൻ സാധിക്കുകയില്ല.

ശ്രീ. എ. ജെ. ജോൺ: സർ, അപ്രോപ്രിയേഷൻ ബില്ലിൻെറ കാര്യത്തെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരും പ്രസംഗിക്കുകയുണ്ടായി. ബഡ്ജററിനെപ്പററിയുള്ള പൊതു വിമർശന വേളയിൽ ഉന്നയിച്ച വാദങ്ങാംതന്നെയാണു മിക്കവാറും എല്ലാ മെമ്പറന്മാരും ഉന്നയിച്ചിട്ടുള്ളതു്. അതു സംബന്ധിച്ചു് ഗവമ്മെൻറുഭാഗത്തുനിന്നും സമാധാനങ്ങാം എല്ലാംതന്നെ പറഞ്ഞുകഴിഞ്ഞു. എന്നാൽ രണ്ടുമൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ചില പ്രത്യേക സംഗതികാം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതേപ്പററി ചില സംഗതികാം പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ബഹുമാനപ്പെട്ട താണുപിള്ള അവർകാം ഇവിടെ പ്രസ്താവിച്ചതു് ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഉാംക്കൊള്ളിച്ചിട്ടുള്ള ൪൧ ധനാഭ്യൎത്ഥനകളിൽ ൪൪ ധനാഭ്യൎത്ഥനകളെപ്പററിമാത്രമെ ചർച്ചചെയ്യാൻ സാധിച്ചിട്ടുള്ളു എന്നാണു്. അതു് സാധൂകരിക്കത്തക്കതല്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ധനാഭ്യൎത്ഥനകളെല്ലാംതന്നെ സഭയിൽ കൊണ്ടുവന്നു പാസ്സാക്കുന്നതു്, ഒരു വേള കൊള്ളാമായിരിക്കാം. എന്നാൽ അതുപോലെയുള്ള നടപടിക്രമം ഇൻഡ്യയിലുള്ള ഒരു സ്റ്റേററിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇതുസംബന്ധിച്ചു് മി. ജ്ഞാനശിഖാമണി ഭരണഘടനയിലെ ആർട്ടിക്കിാം ൨൦൩ നു് വിധേയമായി പ്രസ്താവിച്ചതു്—

ശ്രീ. എ. താണുപിള്ള: സെൻട്രൽ പാർലമെൻറിൽ ഈ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അവിടെ ഈ കൊല്ലം വോട്ട് ഓൺ അക്കൗണ്ട്സ് എന്ന രീതിയനുസരിച്ച് തുകകൾ വോട്ടു ചെയ്തു അനുവദിച്ചതിനുശേഷം അതേപ്പറ്റി ഡിസ്കസ് ചെയ്യുന്നതിനായി മാറ്റി വച്ചിരിക്കുന്നതാണ്. വേറെയുള്ള പല (എ) സ്റ്റേറ്റുകളിലും (ബി) സ്റ്റേറ്റുകളിലും ഇത്രയും സമയംതന്നെ കൊടുക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഇതിനുമുമ്പ് ഇവിടെ വോട്ടിംഗ് ആഫ ഡിമാൻറ്സിന് ൬ ദിവസമായിരുന്നു വച്ചിരുന്നത്. എന്നാൽ കഴിഞ്ഞയാണ്ടുമുതൽ ബഹുമാനപ്പെട്ട സ്പീക്കർ അതിനെ എട്ടു ദിവസമായി നീട്ടി. മൈസൂറിലാണെങ്കിൽ ഈ കൊല്ലം അഞ്ചുദിവസമാണ് വോട്ടിംഗ് ഓൺ ഡിമാൻറ്സിനു അനുവദിച്ചിട്ടുള്ളത് എന്നാണ് അറിയുന്നത്. മി. ജ്ഞാനശിഖാമണി ആർട്ടിക്കിൾ ൨൦൩-നെ അടിസ്ഥാനമാക്കി ഈ ഡിമാൻറെല്ലാംതന്നെ സഭയിൽ ചർച്ച ചെയ്യണമെന്നു പറയുകയുണ്ടായി. അതു് അപ്രകാരമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ആർട്ടിക്കിൾ ൨൦൩ ഇതാണ്.

"So much of the estimate as relates to expenditure charged upon the Consolidated Fund of a State shall not be submitted to the vote of the Legislative Assembly, but nothing in this clause shall be construed as preventing the discussion in the Legislature of any of those estimates. (2) So much of the said estimates as relates to other expenditure shall be submitted in the form of demands for grants to the Legislative Assembly, and the Legislative Assembly shall have power to assent, or to refuse to assent, to any demand, or to assent to any demand subject to a reduction of the amount specified therein."

ഇതുപോലുള്ള നടപടിക്രമമാണ് ഇന്നലെ ഇവിടെ നടന്നതു്. ഈ ൪൧ ഡിമാൻറുകളും ഈ അസംബ്ലി വോട്ടുചെയ്തു പാസ്സാക്കി. അതിൽ ൧൪ എണ്ണം സഭയുടെ ചർച്ചയ്ക്കു് കൊണ്ടുവരികയും ചെയ്തു. എന്നാൽ ഈ ഡിമാൻറുകൾ എല്ലാം ഈ സഭ പാസ്സാക്കിയ അവസരത്തിൽ മി. ജ്ഞാനശിഖാമണി ഇവിടെ ഹാജരില്ലാതിരുന്നു എന്നാണ് തോന്നുന്നതു്.

പിന്നീട് മി. താണുപിള്ള ഇവിടെ പ്രസ്താവിച്ചതു് ലംബ്സ. പ്രൊവിഷൻസ്, സർവ്വീസ് ഇൻറിഗ്രേഷനായി ചേർത്തിരിക്കുന്നു എന്നാണ്. ഇതു സംബന്ധിച്ചെനിക്കു് പറയുവാനുള്ള സമാധാനം ഇവിടെ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്.

പിന്നീട് അടുത്ത ദിവസം പേരൂർ നടന്ന സംഭവത്തെ സംബന്ധിച്ചും അതിൽ പോലീസ് നടത്തിയ ക്രമക്കേടുകളെപ്പറ്റിയും ആണ് അദ്ദേഹം പ്രസ്താവിച്ചതു്. അദ്ദേഹത്തിൻെറ ആ പ്രസ്താവനയിൽ അവസാനഭാഗത്തു് വളരെ ആവേശകരമായി ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതായതു്, ഇപ്പോൾ തന്നെ പോലീസ് അധികാരത്തിൽ നിന്നും വിട്ടുപോയിരിക്കുന്നു എന്നും അതു് ആപൽക്കരമായ ഒരു സംഗതിയാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. മി. താണുപിള്ളയുടെ സ്ഥിതിയിൽ ഉള്ള ഒരാൾ ഇപ്രകാരം ഒരു പ്രസ്താവന ചെയ്തതിൽ ഞാൻ ഖേദിക്കുന്നു. രാജ്യത്തു് സമാധാനം പാലിക്കേണ്ടതു് എല്ലാ പൌരന്മാരുടേയും കടമയാണ്. ഏതു് പാർട്ടിയിൽപ്പെട്ട ആളാണെങ്കിലും അല്ലെങ്കിലും സമാധാനം പാലിക്കേണ്ടതു് എല്ലാ പൌരന്മാരുടേയും കടമയാണ്. പോലീസിനെ സംബന്ധിച്ചിപ്രകാരം അഭിപ്രായം പ്രകടിപ്പിച്ചതുമൂലം പോലീസുമായി എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ അതിനു ഉത്തരം പറയേണ്ടിവരുമെന്നുള്ള സംഗതി അദ്ദേഹം മനസ്സിലാക്കുന്നില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. ജനകീയഭരണത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നും അതിനു കാരണം മന്ത്രി

മാർമുതൽ കീഴോട്ടുള്ളവരെല്ലാം അഴിമതിക്കാരും കൈക്കൂലിക്കാരും ആയിതീർന്നിരിക്കുന്നതാണെന്നും അദ്ദേഹം പറയുകയുണ്ടായി. എനിക്ക് അതിനെപ്പററി ചിലതു് പറയുവാനുണ്ടു്. യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ കൊണ്ടുവരാൻ ആക്കും സാധിക്കും. എന്നാൽ ഇതുപോലെയുള്ള ആരോപണങ്ങൾ കേട്ടാൽ അതിന്റെ യാഥാർത്ഥ്യങ്ങൾ എന്താണെന്നറിയുന്നതിനു് മുമ്പ് ഏതോ ഒരാൾ ഒരാരോപണം ഉന്നയിച്ചു എന്നതുകൊണ്ടുമാത്രം അന്വേഷണം നടത്തണമെന്നു് ശ്രീ. താണുപിള്ളയെപ്പോലെയുള്ള ഒരാൾ വാദിച്ചുകേട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നു. ജനകീയഭരണം ആരംഭിച്ചതുമുതൽക്കുതന്നെ ഇവിടെ ഇപ്രകാരമുള്ള ആരോപണങ്ങൾ ഉണ്ടായിരുന്നു. അന്നു് അതു് ശരിയല്ലെന്നു സ്ഥാപിക്കുന്നതിലേക്കു് നടപടി എടുക്കണമെന്നു് ആരും ആവശ്യപ്പെട്ടിട്ടില്ല. അങ്ങിനെ ആവശ്യപ്പെടാതിരുന്നതു് ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങൾ ആയിരുന്നതുകൊണ്ടായിരിക്കാം. എന്നാൽ ശ്രീ. താണുപിള്ളയെപ്പോലുള്ള ഒരാൾ ഒരാരോപണം കേട്ടാൽ ഉടനെ തന്നെ നിരപരാധിത്വം തെളിയിക്കുന്നതിനുവേണ്ടി കോടതി മുഖേനയോ, മററുവിധത്തിലോ അന്വേഷണത്തിനു് വിധേയമാക്കണമെന്നു പറയുന്നതു് ശരിയാണെന്നു് തോന്നുന്നില്ല.

<u>ശ്രീ. എ. താണുപിള്ള:</u> കോൺഗ്രസ്സ്കക്ഷിയിൽപ്പെട്ട ഒരാളാണു് ഈ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതെന്നു് മറക്കരുതു്.

<u>ശ്രീ. എ. ജെ. ജോൺ:</u> കോൺഗ്രസ്സ്കക്ഷിയിൽപ്പെട്ട ആൾക്കായാലും പുറത്തുപോയി ഉത്തരവാദിത്വരഹിതമായി പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനു് യാതൊരു തടസ്സവുമില്ല. അങ്ങിനെ ഉത്തരവാദിത്വമില്ലാതെ ചെയ്യുന്ന പ്രസ്താവനകൾക്കു് ഗൌരവം കൊടുക്കുകയോ അതേപ്പററി അന്വേഷണം നടത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. സംസാരസ്വാതന്ത്ര്യം ഭരണഘടനയിൽ മൌലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു് ഒരാൾ ദുരുപയോഗപ്പെടുത്തി എന്നു മാത്രം സമാധാനപ്പെട്ടാൽ മതിയാകുന്നതാണു്. എന്നാൽ ശ്രീ. താണുപിള്ളയെപ്പോലെ നിലയും വിലയുമുള്ള ഒരാൾ കൂടക്കൂടെ (ദിവസവും എന്നുതന്നെ പറയാം) ആ വാദം ഉന്നയിക്കുകയും അതടിസ്ഥാനരഹിതമാണെന്നു് പറഞ്ഞുകഴിഞ്ഞാൽ തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്നതു് ഒരു വിധത്തിലും സാധൂകരിക്കത്തക്കതല്ല.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> ഈ ആരോപണങ്ങളെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്തണമെന്നു് ഈ ഗവർമെന്റ് ഇന്ത്യാഗവർമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ:</u> അക്കാര്യം ഇവിടെ സംഗതമല്ല.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ:</u> ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളായതുകൊണ്ടു് ഒരന്വേഷണം നടത്തേണ്ട ആവശ്യമില്ലെങ്കിൽ പിന്നെ എന്തിനാണു് ഈ ഗവർമെൻറ് ഇന്ത്യാഗവർമെൻറിനോടു് അങ്ങിനെ ആവശ്യപ്പെട്ടതു്.

<u>ശ്രീ. എ. ജെ. ജോൺ:</u> മജിസ്ട്രേട്ടന്മാരായി നിയമിക്കുന്നതിനു ഏഴു പേരെ തെരഞ്ഞെടുത്തു എന്നും അവരെ നിയമിക്കുന്നതിൽ രണ്ടു കൊല്ലം വേണമെന്നും ആ സ്ഥിതിക്കു് എന്തുദ്ദേശത്തോടുകൂടിയാണു് ഈ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തതെന്നുമാണു് അദ്ദേഹത്തിന്റെ വേറൊരു ചോദ്യം. ഗവർമെൻറിനു് അതിൽ പ്രത്യേകിച്ചു് യാതൊരു ഉദ്ദേശവുമില്ല. ചിലപ്പോൾ നാലും അഞ്ചും കോടതികളിൽ മജിസ്ട്രേട്ടന്മാരില്ലാതിരിക്കും. ഒഴിവുവന്നതിനുശേഷം നിയ

[Sri. A. J. John]

മനം നടത്തുന്നതിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷനു് എഴുതി കഴിഞ്ഞാൽ സാധാരണ കുറെക്കാലം കഴിഞ്ഞതാണു് നിയമനങ്ങൾ നടക്കുന്നതു്. അപേക്ഷകൾ ക്ഷണിക്കുന്നതിനു് ഒന്നോ രണ്ടോ മാസങ്ങൾ വേണ്ടിവരും. അതുകഴിഞ്ഞു് തിരഞ്ഞെടുപ്പു് കഴിയുമ്പോൾ സാധാരണയായി കുറഞ്ഞതു് മൂന്നുനാലുമാസം താമസമുണ്ടാകും. ഇങ്ങനെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അവർക്കു് ൯ മാസത്തെ പ്രായോഗികപരിശീലനവും കൊടുക്കേണ്ടതായിട്ടുണ്ടു്. ഒഴിവു് വന്നതിനു ശേഷമാണു് പബ്ലിക്ക് സർവ്വീസ് കമ്മീഷനു് എഴുതുന്നതെങ്കിൽ വളരെക്കാലത്തേക്കു് ആളില്ലാതെ പോകുമെന്നു് ഇതിൽനിന്നും സ്പഷ്ടമാണു. അങ്ങിനെയുള്ള ഒരു കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ പന്ത്രണ്ടുപേരെ തെരഞ്ഞെടുക്കാൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് ആവശ്യപ്പെട്ടതു്. ഒഴിവുകളുണ്ടായാൽ ഉടനെതന്നെ പകരം ആളുവയ്ക്കണം എന്ന ഒരു ഉദ്ദേശമല്ലാതെ മറെറന്തു ദുരുദ്ദേശമാണു് ഇതിനകത്തു് ഗവർമ്മെൻറിനുള്ളതെന്നു എനിക്കു് മനസ്സിലാകുന്നില്ല. ഇതുചെയ്തതു് ഒരു കുററമാണോ എന്നും എനിക്കറിഞ്ഞുകൂടാ.

ബഹു. മെമ്പർ ശ്രീ. മന്നത്തു പത്മനാഭൻെറ പ്രസംഗത്തെപ്പററിയാണു് ഇനി എനിക്കു് ചിലതു് പറയാനുള്ളതു്. ഈ നിയമസഭയുടെ ആരംഭത്തിനു ശേഷം ഇതുപോലെ ഒരു പ്രസംഗം കേൾക്കുന്നതിനു് എനിക്കു് സാധിച്ചിട്ടില്ല. അദ്ദേഹത്തിനു് യോജിക്കുന്നതായ ആശയങ്ങൾ അദ്ദേഹത്തിനു് യോജിച്ച ഭാഷയിൽതന്നെ അദ്ദേഹം പറയുകയുണ്ടായി. അതേരീതിയിലും അതേഭാഷയിലും ഒരു മറുപടി പറയുന്നതിനു് എനിക്കു് പരിചയമില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ഇവിടെനിന്നും അമേരിക്കയിലേക്കു് പത്തോ പന്ത്രണ്ടോ ഡാക്ടറന്മാരെ പരിശീലനത്തിനയക്കാൻ കത്തോലിക്കനായ മന്ത്രി തീരുമാനിച്ചിട്ടുണ്ടെന്നും അയക്കപ്പെടുന്ന എല്ലാവരും കത്തോലിക്കർതന്നെയായിരിക്കുവാൻ കത്തോലിക്കനായ മന്ത്രി, കത്തോലിക്കനായ സർജൻജനറൽ മുഖാന്തിരം ശ്രമംചെയ്യുന്നു എന്നുമാണു് അദ്ദേഹം പ്രസ്താവിച്ചതു്. ശ്രീ. മന്നത്തു പത്മനാഭനെപ്പോലെയുള്ളവർ ഇതുപോലെയുള്ള ആരോപണങ്ങൾ കൊണ്ടുവരുന്നതിനുമുമ്പു് അതിൻെറ യാഥാർത്ഥ്യങ്ങളെപ്പററി സ്വല്പമായിട്ടെങ്കിലും അന്വേഷിക്കേണ്ടതായിരുന്നു. അതിനു് അദ്ദേഹം ഒരു പ്രതിവിധി പറയുന്നുണ്ടു്. ഈ മന്ത്രിയുടെ കീഴിലുള്ളതായ സെക്രട്ടറിയേററിലെ മെഡിക്കൽ സെക്ഷൻ ഒരു ഇരിമ്പുവലയത്തിനകത്താണെന്നും അതിനാൽ അദ്ദേഹത്തിനു് യാതൊരു വിവരവും കിട്ടാൻ നിവൃത്തിയില്ലെന്നുമാണു് അദ്ദേഹം പറയുന്നതു്. ബാക്കിയുള്ള സെക്ഷനുകളെല്ലാം ഇരിമ്പുവലയത്തിനകത്തല്ലാത്തതുകൊണ്ടു് അദ്ദേഹത്തിനു് പ്രവേശിക്കാമായിരിക്കാം. എന്നാൽ മെഡിക്കൽ സെക്ഷനെ സംബന്ധിച്ചെങ്കിലും അദ്ദേഹം പറഞ്ഞതു് ശരിയാണെങ്കിൽ ഞാൻ അതിൽ അഭിമാനിക്കുന്നു. സംഗതികളുടെ യാഥാർത്ഥ്യം ഇതൊന്നുമല്ല. ഇൻഡ്യയിലെ എ-യും ബി-യും വിഭാഗം സംസ്ഥാനങ്ങളിൽനിന്നും അമേരിക്കയിലെ മൗണ്ടുസീനായി ആശുപത്രിയിൽ പരിശീലനത്തിനയക്കുന്ന ൧൨ വിദ്യാർത്ഥികളുടെ എല്ലാ ചെലവും ആ ആശുപത്രിയിൽ നിന്നുതന്നെ വഹിച്ചുകൊള്ളാമെന്നു സമ്മതിച്ചിരുന്നു. അതനുസരിച്ചു് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അവിടെ പരിശീലനത്തിനയക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ അറിയിക്കണമെന്നു എല്ലാ സംസ്ഥാനങ്ങളിലേക്കും എഴുതി അയച്ചിരുന്നു. അതിലേക്കുവേണ്ട ആളുകളെ തെരഞ്ഞെടുക്കുന്നതിനു് ഗവമ്മെൻറിനു് അവകാശമുണ്ടായിരുന്നു എങ്കിലും ഈ ഗവമ്മെൻറു് അങ്ങിനെ ചെയ്യാതെ പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് തിരഞ്ഞെടുക്കുവാൻ

ആവശ്യപ്പെട്ടു. പബ്ലിക്ക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ ക്ഷണിച്ചതനുസരിച്ച് ൧൦ അപേക്ഷകൾ കിട്ടുകയുണ്ടായി. അതിൽ ൯ പേർ ഇന്റർവ്യൂവിന് ഹാജരായിരുന്നു. ഇന്റർവ്യൂവിന് ഹാജരായിരുന്നവരിൽനിന്നും ൬ പേരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തു. അവരുടെ പേരുകൾ എന്റെ കൈവശമുണ്ട്, ഞാനതു വായിക്കാം.

(൧) കെ. പരമേശ്വരൻ
(൨) കെ. ശിവരാജൻ

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: ഇവർ കത്തോലിക്കരാണോ?

ശ്രീ. എ. ജെ. ജോൺ: ആണെന്നു തോന്നുന്നില്ല.

ശ്രീ. സി. വി. ഇട്ടൂപ്പ്: പേരുനോക്കിമാത്രം അതു് നിശ്ചയിക്കാൻ സാധ്യമല്ല. മാമ്മോദീസ കൂടിയാലും ചിലപ്പോൾ പേരുമാററിയില്ലെന്നുവരും.

ശ്രീ. എ. ജെ. ജോൺ:

(൩) മാമ്മനചെറിയാൻ
(൪) കെ. പുരുഷോത്തമൻ
(൫) കെ. ഐ. ജോർജ്ജ്
(൬) എം. എസ്സ്. മേനോൻ

ഇങ്ങനെ ആറുപേരെയാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തതു്.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: ഈ ആറുപേരും കത്തോലിക്കരാണോ?

ശ്രീ. എ. ജെ. ജോൺ: ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഇവരിൽ ആരുംതന്നെ കത്തോലിക്കരല്ല.

ശ്രീ. എ. താണുപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്നു പറയുന്നതു് ഇവിടത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ, യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ?

ശ്രീ. എ. ജെ. ജോൺ: ഇവിടത്തെ പബ്ലിക്ക സർവ്വീസ് കമ്മീഷൻതന്നെയാണ്. ഇതുപോലെ മററെല്ലാ സംസ്ഥാനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ആളുകൾ അവസാനമായ തെരഞ്ഞെടുപ്പിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മുമ്പാകെ ഹാജരാകേണ്ടതുണ്ടായിരുന്നു. ആ തെരഞ്ഞെടുപ്പിൽ ഇവിടെനിന്നും അയച്ച രണ്ടുപേരെ അതായതു് മാമ്മനചെറിയാനേയും, കെ. ഐ. ജോർജ്ജിനേയും ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അവസാനമായി തെരഞ്ഞെടുത്തു. ഇങ്ങനെ അവരെ രണ്ടുപേരേയും തെരഞ്ഞെടുത്തിട്ടുള്ളതു് ഇൻഡ്യൻ മെഡിക്കൽ കൗൺസിലാണ്. അവസാനമായി തെരഞ്ഞെടുപ്പു നടത്തുന്നതു് ഇൻഡ്യൻ മെഡിക്കൽ കൗൺസിലാണെന്നു എന്റെ സ്നേഹിതൻ ശ്രീ. മന്നത്തു പത്മനാഭൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം അവിടെച്ചെന്നു അതിനെ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമായിരുന്നു എന്നെനിക്കുതോന്നുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: ഞാൻ നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നിശ്ചയമായും അവിടെച്ചെന്നു ഇതു് തടയുമായിരുന്നു.

ശ്രീ. എ. ജെ. ജോൺ: ബഹു. മെമ്പർ പോയി ശ്രമിച്ചിരുന്നെങ്കിൽ പക്ഷെ പ്രയോജനമുണ്ടാകുമായിരുന്നിരിക്കാം.

ശ്രീ. സി. വി. ഇട്ടൂപ്പ്: ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ ചെയർമാനും മററംഗങ്ങളും ഹിന്ദുക്കളല്ലേ?

ശ്രീ. എ. ജെ. ജോൺ: ആയിരിക്കാം. ശ്രീ. മന്ദത്തു പത്മനാഭൻ അവിടെ പോയി നേരത്തെ വല്ല ശ്രമവും ചെയ്തിരുന്നെങ്കിൽ വല്ല പ്രയോജനവും ഉണ്ടാകുമായിരുന്നോ എന്നു് എനിക്കു് നിശ്ചയമില്ല.

ശ്രീ. മന്ദത്തു പത്മനാഭൻ: ഗവൺമെൻറിൽനിന്നും ഇന്നയിന്ന ആളുകളെ എടുക്കണമെന്ന ശുപാശ് അയച്ചിരുന്നോ?

ശ്രീ. എ. ജെ. ജോൺ: പബ്ളിക്കു് സർവ്വീസു് കമ്മീഷൻ എന്നൊരു സ്ഥാപനം ഈ രാജ്യത്തുണ്ടെന്നു ബഹു. മെമ്പർ മനസ്സിലാക്കിയാൽ വലിയ ഉപകാരമായിരിക്കും. ആ സ്ഥാപനമാണു് ഇതിലേക്കുള്ള ആളുകളെ തെരഞ്ഞെടുത്തതു്. ഇതാണു് പരമാത്ഥം. അഥവാ ഇനി തെരഞ്ഞെടുത്ത രണ്ടുപേരു കത്തോലിക്കരായിപ്പോയെങ്കിൽതന്നെ ശ്രീ. മന്ദത്തു പത്മനാഭനു് ഇങ്ങനെ ഒരഭിപ്രായമുള്ളതുകൊണ്ടു് അവരെ അയക്കേണ്ടാ എന്നുവയ്ക്കുന്ന ഒരു മന്ത്രിയല്ല ഇവിടെ ഉള്ളതു്.

ശ്രീ. മന്ദത്തു പത്മനാഭൻ: അങ്ങിനെ ഒരു മന്ത്രിയാണു് ഇവിടെ ഉള്ളതെങ്കിൽ അതിനെപ്പററി പറയാതിരിക്കുന്ന ആളല്ല മന്ദത്തു പത്മനാഭൻ.

ശ്രീ. എ. ജെ. ജോൺ: ഏതു് പറയുന്നതിനും യാതൊരു വിരോധവുമില്ല. പക്ഷെ അതിൽ അല്പമെങ്കിലും അടിസ്ഥാനം ഉണ്ടായിരിക്കണമെന്നേ ഉള്ളു. കായ്യത്തിന്റെ യാഥാത്ഥ്യങ്ങൾ മനസ്സിലാക്കാതെ ആരോപണങ്ങൾ കൊണ്ടുവരണം എന്നുമാത്രമാണു് ഉദ്ദേശമെങ്കിൽ ഇങ്ങനെയെല്ലാം പറയുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. എസ്സ്. കുട്ടൻ: സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. ഒരു ബഹു. മെമ്പറുടെ പ്രസംഗത്തെ പരാമശിച്ചുകൊണ്ടു് അധികാരത്തിലിരിക്കുന്ന മന്ത്രിസഭയിലെ ഒരംഗത്തിനു് വികാരഭരിതനായി സംസാരിക്കാൻ അവകാശമുണ്ടോ?

മിസ്റ്റർ സ്പീക്കർ: വികാരങ്ങൾ സഭയുടെ നിയന്ത്രണാധികാരത്തിന്റെ വ്യാപ്തിയിൽ പെടുന്നില്ല.

ശ്രീ. എ. ജെ. ജോൺ: പ്രൈമറി സ്കൂളുകളെല്ലാം നാഷണലൈസ് ചെയ്യണം എന്നാണു് അദ്ദേഹത്തിന്റെ മറെറാരു വാദം. അതിനും കത്തോലിക്കരെയാണു് അദ്ദേഹം പിടികൂടിയിരിക്കുന്നതു്. കത്തോലിക്കക്കു് അങ്ങിനെ ബലമായ ഒരു അഭിപ്രായമുണ്ടു്. അവരുടെ കുട്ടികളെ അവരുടെ സ്കൂളിൽതന്നെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ള വിശ്വാസം കത്തോലിക്കക്കുണ്ടു്. അതനുസരിച്ചുതന്നെ അവക്കു് പ്രവത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നാണു് ഭരണഘടനയിലെ വ്യവസ്ഥകളിൽനിന്നും അവർ വിശ്വസിക്കുന്നതു്.

ശ്രീ. മന്ദത്തു പത്മനാഭൻ: ബാക്കിയുള്ളവക്കും ആ അവകാശമില്ലേ?

ശ്രീ. എ. ജെ. ജോൺ: എല്ലാവക്കും ഉണ്ടു്.

ശ്രീ. മന്ദത്തു പത്മനാഭൻ: അങ്ങിനെ വരുമ്പോൾ ഓരോരുത്തക്കും പ്രത്യേകം തിരിച്ചു് ഗ്രാൻറുകൊടുക്കാനാണോ ഗവൺമെൻറു് ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ സ്പീക്കർ: ഇതിനെ സംബന്ധിച്ചു് കൂടുതൽ ചോദ്യോത്തരങ്ങളും വാദപ്രതിവാദവും അനുവദിക്കുന്നില്ല. ഏതെങ്കിലും സംഗതിയെ സംബന്ധിച്ചു കൂടുതൽ വിശദീകരണം ആവശ്യമെന്നു കണ്ടാൽ അതു പ്രസംഗത്തിനുശേഷം ആകാം.

ശ്രീ. പി. ടി. ചാക്കോ: കുടുമ്പിനും കമ്മാളനും ജീവിക്കാൻ അനുവദിച്ചിട്ടുള്ള സൗകര്യംപോലും കത്തോലിക്കനു് ഇല്ലെന്നുണ്ടോ?

<u>മിസ്റ്റർ സ്പീക്കർ:</u> അതു് ഏതൊ തത്വം വെളിപ്പെടുത്തുന്നതിനുള്ള ഒരു പ്രസ്താവനപോലെ തോന്നുന്നു. ഉത്തരം കിട്ടണമെന്നു് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ചോദ്യമല്ല.

<u>ശ്രീ. ഏ. ജെ. ജോൺ:</u> കത്തോലിക്കർക്കും അവരുടെ സ്കൂളുകൾ നടത്താൻ അവകാശമുണ്ടു്. അതിനുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ അനുവദിച്ചിട്ടുമുണ്ടു്. ഭരണഘടന ഇപ്പോൾ മലയാളത്തിൽ തർജ്ജിമചെയ്തുവരുന്നതുകൊണ്ടു് എന്റെ സ്നേഹിതൻ ശ്രീ. മന്നത്തു പത്മനാഭനു് അതു് വായിച്ചു പഠിക്കാൻ സാധിക്കും.

പിന്നീടു് അദ്ദേഹം പ്രസ്താവിച്ചതു് മന്ത്രിമാരെ എടുക്കുന്നതും ജാതിതിരിച്ചും ജനസംഖ്യ അനുസരിച്ചും വേണമെന്നാണു്. ഈ വാദവും ഭരണഘടനയിലെ വ്യവസ്ഥകളെപ്പററി അദ്ദേഹത്തിനുള്ള അജ്ഞതയെ ആണു് കാണിക്കുന്നതു്. ഈ അസംബ്ളിയിൽതന്നെ ഈ സംഗതികളെപ്പററി ചർച്ചനടത്തിയിട്ടുണ്ടു്. ആ സന്ദർഭത്തിലെങ്കിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു വാദം ഉന്നയിക്കുകയില്ലായിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഈ ഗവൺമെന്റിനു് സ്വീകാര്യമല്ലെന്നു വിനയപുരസ്സരം ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

പെരിങ്ങൽകുത്തിലെ ജോലിക്കാർക്കു് ൫൦ ശതമാനം അലവൻസ് കൊടുത്തുകൊണ്ടിരുന്നതു് സംയോജനത്തിനുശേഷം നിറുത്തലാക്കികളഞ്ഞു് എന്നു് ശ്രീമതി ആനി ജോസഫു് പറയുകയുണ്ടായി. അവർ പറഞ്ഞതു് കുറെയെല്ലാം ശരിയാണു്. ഏതായാലും ആ വിഷയം ക്യാബിനററിന്റെ ഗാഢമായ ആലോചനയിൽ ഇരിക്കയാണു്. ഉടനെതന്നെ തീരുമാനമുണ്ടാകുന്നതുമാണു്. ശ്രീ. ഏ. കെ. പാച്ചുപിള്ള ധനതത്വശാസ്ത്രപരമായ ഒരു വാദം ഉന്നയിക്കുകയുണ്ടായി. അതായതു് അമേരിക്കയിലും ഫ്രാൻസിലും മററു പല രാജ്യങ്ങളിലും സപ്ലിമെന്ററി ഡിമാൻറായി കൊണ്ടുവരുന്ന തുക ഒരു വർഷത്തെ ആകെ ചിലവിന്റെ രണ്ടു ശതമാനം മാത്രമെ ആകാവൂ എന്നുണ്ടെന്നാണു് അദ്ദേഹം വാദിച്ചതു്. അടുത്തുതന്നെ ഇവിടെ ൨൭ന്നു ലക്ഷം രൂപയുടെ സപ്ലിമെൻററി ഡിമാൻറു് അവതരിപ്പിച്ചപ്പോൾ ഏതാണ്ടു് ൨൦൫ ലക്ഷം രൂപയും അരിയുടെ സബ്സിഡി ഇനത്തിലേക്കായിട്ടായിരുന്നുവെന്നും അതു് നേരത്തെ പ്രതീക്ഷിക്കാത്ത ഒരു സംഗതി ആയിരുന്നു എന്നും ഞാൻ ഇവിടെ പറഞ്ഞതു് അദ്ദേഹവും മനസ്സിലാക്കി എന്നാണു് ഞാൻ വിശ്വസിച്ചതു്. അമേരിക്കയിലും ഫ്രാൻസിലും പോകേണ്ടതായ യാതൊരു കാര്യവും ഇവിടെ ഉണ്ടായിരുന്നില്ല. സപ്ലിമെൻററി ഗ്രാൻറു് രണ്ടു ശതമാനത്തിൽ കൂടുതൽ ആകാൻ പാടില്ലെന്നു ഭരണഘടനയിൽ യാതൊരു വ്യവസ്ഥയുമില്ല. അമേരിക്കയിലും ഫ്രാൻസിലും മററും അങ്ങിനെയുള്ള നിയമങ്ങൾ ഉണ്ടെങ്കിൽ അവ സ്വീകരിക്കുവാൻ ഞാൻ തയാറില്ല. ഇനിയും പത്തോ പതിനഞ്ചോ ശതമാനം വരുന്ന സപ്ലിമെൻററി ഡിമാൻറുകൾ ആവശ്യമെന്നുവന്നാൽ അവതരിപ്പിക്കുന്നതാണു്. അവ അവതരിപ്പിക്കുമ്പോൾ എന്റെ സ്നേഹിതൻ ശ്രീ. ഏ. കെ. പാച്ചുപിള്ളക്കു് ഈ വാദം ഉന്നയിക്കാവുന്നതാണു്.

ബഹു. മെമ്പർ ശ്രീ. എം. ഐ. പോൾ ചില വിഷയങ്ങളെപ്പററി ആവേശത്തോടുകൂടി പ്രസംഗിക്കുന്നതു കേട്ടു. അദ്ദേഹം പ്രസംഗിച്ചതുതന്നെയാണു് വീണ്ടും വീണ്ടും പ്രസംഗിക്കുന്നതു്. ഇവിടെ കുറെ വനം പതിച്ചുകൊടുത്തു എന്നും അതിൽ പത്തോ ഇരുപതോ ലക്ഷം രൂപ എങ്ങിനേയൊ ചോർന്നു പോയി എന്നും അദ്ദേഹം എവിടെനിന്നോ കേട്ടുവച്ചിട്ടുണ്ടു്. ഒരു പ്രസംഗത്തിനു് അദ്ദേഹം എപ്പോഴും ഈ വിഷയത്തെതന്നെയാണു് ആശ്രയിക്കുന്നതു്. അതി

[Sri A. J. John]

നെസംബന്ധിച്ച് അന്വേഷിക്കുന്നതിന് ഗവൺമെൻറ് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. വീണ്ടും വീണ്ടും പറഞ്ഞാലും ആ കാര്യം അദ്ദേഹത്തിന് മനസ്സിലാകുകയില്ല. പറഞ്ഞ കാര്യങ്ങൾതന്നെ വീണ്ടും വീണ്ടും പറയണമെന്നു അദ്ദേഹത്തിന് നിർബ്ബന്ധമുള്ളതുപോലെ തോന്നുന്നു. ഈ സഭ തുടർന്നുപോകുന്നകാലത്തോളം ഇക്കാര്യങ്ങളെപ്പററി ഏതവസരത്തിലായാലും അദ്ദേഹം വീണ്ടും വീണ്ടും പ്രസംഗിക്കുന്നതിനിടയുണ്ട്. അതുകൊണ്ട് അതിനൊരു മറുപടി പറഞ്ഞാലും പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പ്രസംഗം ഒരു വിഷയത്തെക്കുറിച്ചു നടക്കുന്ന അവസരത്തിൽ പല അവസരങ്ങളിലായി ആ വിഷയത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള സംഗതികളെക്കുറിച്ച് പ്രതിപാദിക്കുന്നതു് റിപ്പെററിഷനാണോ?

Mr. Speakr: The expression 'repetition' does not call for any elucidation as desired by the member as a point of order?

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു പ്രസംഗം നടക്കുന്ന അവസരത്തിൽ—

Mr. Speaker: I disallowed that question. Is the member proposing to repeat the same question.

ശ്രീ. എം. ഐ. പോൾ: സർ, റിപ്പെററീഷൻ എന്നു പറയുന്നതു് ഒരു സമയത്തു് ഒരു വിഷയത്തെക്കുറിച്ചു് പല പ്രാവശ്യം പറയുന്നതോ അതോ പല ദിവസങ്ങളിലായി ഒരു വിഷയത്തെക്കുറിച്ചു് പല പ്രാവശ്യം പറയുന്നതോ?

മിസ്റ്റർ സ്പീക്കർ: കഴിഞ്ഞ ഒരു സെഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ തന്നെ ഈ സെഷനിൽ വീണ്ടും പറയുകയാണെങ്കിലും ഒരു സെഷനിൽ പറഞ്ഞിട്ടുള്ള സംഗതികൾ ആ സെഷനിൽതന്നെ ആവർത്തിക്കുകയാണെങ്കിലും അതിനു രണ്ടിനും ആവർത്തനം എന്ന ദോഷം ഉണ്ട്.

ശ്രീ. എം. ഐ. പോൾ: ഒരു സെഷനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പററി പിന്നെ ഒരിക്കലും പറയുവാൻ പാടില്ലെന്നാണോ അനുമാനിക്കേണ്ടതു്; അതുകൊണ്ട് ഞാൻ എന്താണ് അനുമാനിക്കേണ്ടതു്?

Mr. Speaker: A point of order was raised and a ruling given. The member may draw his own inference.

ശ്രീ. എം. ഐ. പോൾ: അതു് മെമ്പർമാർക്കും മന്ത്രിമാർക്കും ഒരുപോലെ ബാധകമല്ലേ, സർ.

Mr. Speaker: No further discussion on the matter is allowed.

ശ്രീ. എ. ജെ. ജോൺ: പിന്നീട് ബഹുമാനപ്പെട്ട മെമ്പർ മി. നടരാജപിള്ള ഇവിടെ ഒരു വാദം ഉന്നയിക്കുകയുണ്ടായി. പോസ്റ്റ്‌വാർ റീക്കൺസ്ട്രക്ഷൻ ഫണ്ടിലേക്ക് കുറെ തുക നീക്കിവച്ചിട്ടുണ്ടെന്നും അതിൽനിന്നു ചിലവാക്കുന്ന തുക അസംബ്ലിയുടെ വോട്ടിനു വിധേയമാക്കുന്നില്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു്. അതു് സാധുവല്ലെന്നും അദ്ദേഹം പറഞ്ഞു. എനിക്കു അതിനെപ്പററി പ്രസ്താവിക്കുവാനുള്ളതു് പോസ്റ്റുവാർ റീക്കൺസ്ട്രക്ഷൻ ഫണ്ടിലേയ്ക്കു കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലായി കുറെ തുകകൾ ഈ അസംബ്ലിയുടെ വോട്ടനുസരിച്ചു് നീക്കിവച്ചിരുന്നുവെന്നും അതിൽനിന്നു പോസ്റ്റുവാർ റീക്കൺസ്ട്രക്ഷൻ സ്കീം അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കു ചിലവായിട്ടുള്ള സംഖ്യ കഴിച്ചു്

ബാക്കിയുള്ള തുകയാണ് ഇപ്പോഴും ഉള്ളതെന്നും ഞാൻ. പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ സ്കീം അനുസരിച്ച് ഇപ്പോഴും ചെയ്യുന്നതായ ജോലികൾക്കാണ് ഈ തുക ഉപയോഗിക്കുന്നത്. നേരത്തെതന്നെ ഈ സഭയുടെ അനുവാദത്തോടുകൂടിയാണ് ഇതിലേയ്ക്കു തുക മാററിവച്ചിരിക്കുന്നത്. അങ്ങനെ മാററിവച്ചതിനുശേഷം അതിൽനിന്നു പണം ചെലവാക്കുന്നതിനു പിന്നെയും സഭയുടെ വോട്ടിനു വിധേയമാക്കണമെന്ന് പറയുന്നതു ശരിയല്ല. ഇൻഡ്യാ ഗവമെൻറിനു ഇതുപോലെ റെയിൽവേ സ്കീമിനു ഒരു ഫണ്ടുണ്ട്. ആ ഫണ്ടിൽനിന്നു സാധാരണ പണം എടുത്തു് അവർ ചെലവാക്കുന്നുണ്ട്. ആ ഫണ്ട് അസംബ്ലിയുടെ അനുമതിയോടുകൂടി നീക്കിവച്ചിരിക്കുന്ന ഒരു ഫണ്ടാണ്. അസംബ്ലിയിൽനിന്നു ഒരു കാര്യത്തിനു നീക്കിവച്ചിരിക്കുന്ന ഫണ്ടിൽനിന്ന് ആ കാര്യത്തിനു പണം ചിലവാക്കുമ്പോഴൊക്കെ അസംബ്ലിയോടു ചോദിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് അതു സഭയിൽ വയ്ക്കാതിരുന്നതു്.

ശ്രീ. എ. താണുപിള്ള: പോസ്റ്റ്‌വാർ സ്കീമിനു എപ്പോഴെങ്കിലും ഈ സഭ സംഖ്യ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: മാറോ അസംബ്ലിയിലും പോസ്റ്റ്‌വാർ സ്കീമിലേക്ക് കുറെ സംഖ്യ നീക്കിവച്ചിട്ടുണ്ടായിരുന്നു.

ശ്രീ. എ. താണുപിള്ള: ആണ്ടുതോറും പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ ഫണ്ടിൽനിന്നും സംഖ്യ എടുക്കുന്നതു് അസംബ്ലിയുടെ അനുമതിയോടുകൂടിയല്ലേ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമെൻറിൻെറ നിർദ്ദേശമനുസരിച്ച് ബഡ്ജററിൽ ഇപ്പോൾ പോസ്റ്റ്‌വാർ റിക്കൺസ്ട്രക്ഷൻ എന്ന ഒരു ഹെഡ് ഇല്ല. അതുകൊണ്ട് എതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽനിന്ന് പോസ്റ്റ്‌വാർ ഫണ്ടിലേയ്ക്കു സംഖ്യ ചിലവാക്കാൻ ഉദ്ദേശിക്കുന്നുവോ ആ ഹെഡിൽ 'Amount to debitable to Post war Reconstruction fund' എന്നു പറയുകയാണ് ചെയ്യുന്നതു്. ആ ഡിപ്പാർട്ടുമെൻറുകളുടെ ബഡ്ജററ സഭ പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞകൊല്ലംവരെ പോസ്റ്റ്‌വാർ റികൺസ്ട്രക്ഷൻ ഫണ്ടിൽനിന്നു ചിലവുചെയ്യുന്ന പണം അസംബ്ലിയുടെ വോട്ടിനു വിധേയമാക്കിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. കഴിഞ്ഞകൊല്ലവും എല്ലാകൊല്ലവും അങ്ങനെയാണ് ചെലവാക്കിയിട്ടുള്ളതു്. ൧൧൨൫-൨൬-ലെ ബഡ്ജററ പേജ് ൭ അവസാനഭാഗം നോക്കിയാൽ അതു് കാണാവുന്നതാണ്. അതിനാൽ ഈ അപ്രോപ്രിയേഷൻ ബിൽ സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: മെഡിക്കൽ ട്രെയിനിംഗിനു് അയച്ചിട്ടുള്ളവരിൽ, അതായതു് ഇവിടെനിന്നു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശുപാശ്ചെയ്തിട്ടുള്ളവരിൽ, കൊച്ചിക്കാർ ആരെങ്കിലും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് അവരോട് ചോദിച്ചാൽ അറിയാം.

ശ്രീ. എം. ഐ. പോൾ: വനംകാര്യത്തെപ്പററി അന്വേഷിക്കുന്നതിനു ഗവമെൻറിൽനിന്നു ഒരു കമ്മിററി രൂപീകരിച്ചു എന്നു പറഞ്ഞു. അസംബ്ലിയിൽനിന്നു ഒരു കമ്മിററി രൂപീകരിച്ച് അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ഒരുക്കമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഒരുക്കമില്ല.

ശ്രീ. എം. ഐ. പോൾ: അങ്ങ്ഹാ.

മിസ്റ്റർ സ്പീക്കർ: യഥാർത്ഥത്തിൽ സത്യമല്ലാത്ത ശബ്ദം മനഃപൂർവ്വം പുറപ്പെടുവിച്ചു സഭയുടെ ശ്രദ്ധയെ അനാവശ്യമായി ആകർഷിക്കയും, സഭയുടെ നടപടികളിൽ ഗൗരവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന മററു മെമ്പർമാക്കു അസഹ്യത നേരിടുവിക്കയും ചെയ്തിരിക്കുന്നതു ഇന്നു കാലത്തു ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതുപോലെ മെമ്പർ അടിക്കടി പ്രദർശിപ്പിച്ചുവരുന്നതായി കാണുന്നു. ക്രമവിരുദ്ധമായ പെരുമാററങ്ങളേർപ്പെടുചെയ്തു സഭയുടെ ദൃഷ്ടിയിൽ പെടുത്തി വേണ്ട നടപടികൾ സഭ സ്വീകരിക്കേണ്ടതായി വരുന്നതാണു.

ശ്രീ. സി. വി. ഇയ്യു: അദ്ദേഹം കോട്ടുവാ ഇട്ടതാണോ എന്നറിഞ്ഞാൽ കൊള്ളാം. (ചിരി)

Mr. Speaker: Order, Order. There are no amendments to this Bill. I shall now put all the clauses and the schedule to vote.

The question that clauses 1 to 3 and the schedule stand part of the Bill was put and carried.

Sri. Sree V. Das: I demand a poll.

A poll was taken when the House divided as follows:

Ayes—75

1 Sri. Abdul Majeed
2 Miss Accamma Cheriyan
3 Sri. R. Achuthan
4 „ Albert Lopez
5 „ Alexander Parambithara
6 „ Alexander Vakayil
7 „ Krishnan Ayyappan
8 „ P. Balakrishnan Tampi
9 „ T. S. Bandhu
10 „ E. Bhaskaran
11 „ N. V. Chacko
12 „ P. Chacko
13 „ P. T. Chacko
14 „ G. Chandrasekhara Pillai
15 „ K. M. Chandy
16 Sahib Bahadur Cheladi Rowther
17 Sri. K. K. Chellappan Pillai
18 „ Cheriyan J. Kappan
19 Dr. M. O. Cheriyan
20 Sry. Devaki Gopidas
21 Sri. T. V. Devan
22 „ Ambat Eachara Menon
23 „ Eapen Arakkal
24 „ K. R. Elankath
25 „ A. K. George
26 „ P. Gopalan
27 „ M. Govindan
28 „ O. T. Inasu
29 „ Ittiera Ambookan
30 „ C. V. Iyyu
31 Sri. A. L. Jacob
32 Hon'ble Sri. A. J. John
33 Sri. A. V. Joseph
34 „ K. S. Joseph
35 „ Joseph Malieckal
36 „ Joseph Mathen
37 „ Joseph (Thumbasseri)
38 Hon'ble Sri. C. Kesavan
39 Sri. T. T. Kesavan Sastri
40 „ N. S. Kochukunju
41 „ K. Kochukuttan
42 „ Thariathu Kunjithomman
43 „ P. Kunjukrishnan
44 „ Mankuzhi M. Madhavan
45 „ V. Madhavan
46 Sahib Bahadur Majeed Marikar
47 Sahib Bahadur P. K. Makkaru Pillai
48 Sri. K. A Mathew
49 „ M. C. Mathew
50 Sahib Bahadur K. C. Mayankutty Mether
51 Sri. P. Nanoo
52 „ C. Narayana Pillai
53 Hon'ble Sri. Parur T. K. Narayana Pillai
54 Sri. S. Nilakanta Ayyar
55 „ G. P. Nilakanta Pillai
56 „ Paul Thaliath
57 „ Paulose Pylee
58 „ Philipose Muthalaly

59	Sri. K. Ramakrishna Pillai	68	Sri. A. P. Sivaramakrishnan
60	„ P. K. Raman	69	„ A. M. Thomas
61	„ M. Raman Pillai	70	„ A. P. Udayabhanu
62	„ Sankaran Nadar	71	„ Varghese Augustin
63	„ Pandavathu Sankara Pillai	72	„ P. M. Varghese
64	„ K. Sarangadharan	73	„ N. P. Varghese
65	„ Sebastian Thoppil	74	„ V. K. Varghese
66	„ K. Sekhara Panicker	75	„ M. Varkey
67	„ S. Sivaraman Asari		

Noes—45

1	Sri. A. Achuthan	24	Sahib Bahadur T. A. Moideen Kunju
2	„ K. A. Achuthan	25	Sri. A. P. Nambiar
3	„ K. T. Achuthan	26	„ P. S. Nataraja Pillai
4	„ V. K. Achutha Menon	27	„ N. Neelakantaru Pandarathil
5	„ P. C. Adichan	28	„ Mannathu Padmanabha Pillai
6	Miss Annie Joseph	29	„ C. C. Prasad
7	Sri. N. Daniel Jose	30	„ A. K. Patchu Pillai
8	„ Sree V. Das	31	„ M. I. Paul
9	„ A. Easwara Pillai	32	„ K. Ramakrishnan Achari
10	„ V. Gangadharan Nayar	33	„ R. K. Ram
11	„ P. C. George	34	„ K. N. Sankunny Pillai
12	„ E. Gopalakrishna Menon	35	„ T. M. Sannelan
13	„ Mannar Gopalan Nayar	36	„ Ponnara G. Sreedhar
14	„ Kannara Gopala Panicker	37	Sahib Bahadur K. H. Sulaiman
15	„ K. K. Kannan	38	Sri. A. Thanu Pillai
16	„ T. Kochukrishna Pillai	39	„ P. Thanuligam Nadar
17	„ Krishna Das	40	„ U. K. Vasudevan Asari
18	„ P. K. Krishnan Sastri	41	„ K. K. Vasu Panicker
19	„ N. K. Krishna Pillai	42	„ M. R. Velappan
20	„ P. K. Kumaran Asari	43	„ K. I. Velayudhan
21	„ T. K. Kunjayyappan	44	„ Kalathil Velayudhan Nayar
22	„ S. Kuttan	45	„ K. K. Viswanathan
23	„ P. S. Madhavan Vaidyan		

Neutral
Nil

Clauses 1 to 3 and the Schedule were added to the Bill.

The question that the title and the Preamble stand part of the Bill was put and carried.

The title and the Preamble were added to the Bill.

Sri. A. J. John: I move that the Travancore-Cochin Appropriation (No. 2) Bill 1951 be passed.

Sri. T. K. Narayana Pillai: I Second it.

The motion was put and carried.

The Bill was passed.

Mr. Speaker: It is 5 o'clock. The House will now adjourn and proceed to the election of members to the three committees.

Sri. P. S. Nataraja Pillai: We are prepared to withdraw from the cloelions as our party is not anxious to be represented in any of the committees. Also one of our members who has been nominated as a candidate is not present.

Mr. Speaker: Now that there are eight nominations before me, the only course open is to go on with elections on the principle of proportionate representation. Time for withdrawal of candidature is over. So elections will go on.

The Assembly adjourned at 5 p. m. to meet again at 11 a. m., on Monday, the 2nd April 1951.

APPENDIX

Elections to Committees.

Elections to the Public Accounts Committee, the Estimates Committee and the Standing Finance Committee were then conducted and the following members were elected to the three Committees.—

I. Estimates Committee.

1. Sri. P. C. Adichan
2. ,, A. P. Udayabhanu
3. ,, P. K. Kumaran Asari
4. ,, R. Chellaswami Nadar
5. ,, Paul Thaliath
6. ,, K. Ramakrishna Pillai

II. Public Accounts Committee.

1. Sri. P. C. Adichan
2. Sry. Devaki Gopidas
3. Sri. Kannara Gopala Panicker
4. ,, K. S. Joseph
5. ,, V. Madhavan
6. ,, A. Ramasubramonia Karayalar

III. Standing Finance Committee.

1. Sri. Krishnan Ayyappan
2. ,, T. T. Kesavan Sastri
3. ,, Kannara Gopala Panicker
4. ,, D. Gnanasigamoni
5. ,, A. V. Joseph
6. ,, K. Balakrishna Menon

V. KRISHNAMOORTHI AIYAR,

Secretary to the Legislative Assembly.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Monday, *the 2nd April 1951*

VOL. III] OFFICIAL REPORT [No. 19

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock, on Monday, the 2nd April 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of admitted questions for the day)

Oral Answers

CABINET

***1190. [1] Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any direction has been received from the Centre to expand the Cabinet with a view to include a Cochinite: and

(*b*) whether it is true that Cochin M. L. As. have threatened to resign in the event of one of them not being taken into the Cabinet?

Chief Minister **(Sri. C. Kesavan):**

(*a*) and (*b*) No.

Sri. D. Gnanasigamoni: So are we to understand that no outside influence was brought on the leader in regard to the composition of the Cabinet?

Sri. C. Kesavan: No outside influence.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ക്യാബിനററ് വികസിപ്പിക്കുകയൊ ചുരുക്കുകയൊ ചെയ്യണമെന്നു പറയുവാൻ ഇൻഡ്യാ ഗവമ്മെണ്ടിനു് അധികാരമുണ്ടോ ?

Sri. C. Kesavan: They have absolutely no right.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെ എം. എൽ. എ.മാർ രാജിവച്ചതു് ഗവമ്മെണ്ടിനോടുള്ള പ്രതിഷേധംകൊണ്ടു് ഒരു ഭീഷണിയായിട്ടുകൂടിയല്ലേ ?

Sri. C. Kesavan: That is a question which I cannot answer.

ശ്രീ. ഇട്ടീര അയ്യൂക്കൻ: കൊച്ചി എം. എൽ. എ.മാർ ആരെങ്കിലും രാജിവച്ചിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: ആരും രാജിവച്ചിട്ടില്ല.

Sri. K. P. Nilakanta Pillai: May I know whether this matter of the formation of the Cabinet was the subject of talks when Mr. V. P. Menon and Mr. Gautam came here?

Sri. C. Kesavan: Mr. Gautam was here to discuss matters connected with the working of the Parliamentary Party.

Sri. K. P. Nilakanta Pillai: Had Mr. V. P. Menon nothing to do with it?

Sri. C. Kesavan: Nothing to do with it officially.

Sri. K. P. Nilakanta Pillai: Then why did he come here?

Sri. C. Kesavan: He might have had many matters to discuss with this Government.

ഡിലിമിറേഷൻ കമ്മിററി

*൧ ൧ ൯ ൧. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഡിലിമിറേഷൻ കമ്മിററിയുടെ പ്രവർത്തനം സംബന്ധിച്ച് ഗവണ്മെണ്ടിന് എന്തു ചെലവുവന്നിട്ടുണ്ട്;

(ബി) ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് പാർലമെൻററി കമ്മിററി പരിശോധിച്ചതു സംബന്ധിച്ച് ഗവണ്മെൻറിലേക്ക വല്ല ചെലവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു;

(സി) ഡിലിമിറേഷൻ കമ്മിററി റിപ്പോർട്ടിൽ ഇവിടത്തെ ക്യാബിനററ് വല്ല വ്യത്യാസവും വരുത്തിയോ; വരുത്തിയെങ്കിൽ പൊതുജനപ്രതിനിധികളോട്ട ആലോചിച്ചാണോ;

(ഡി) ഡിലിമിറേഷൻ കമ്മിററിക്ക ഗവണ്മെൻറിൽനിന്നു വല്ല നിദ്ദേശവും കൊടുത്തിരുന്നോ?

ഈ ചോദ്യത്തിൻെറ എ–ബി ഭാഗങ്ങൾക്ക് മുമ്പ് ഉത്തരം പറഞ്ഞിട്ടുണ്ട്. സി–ഡി ഭാഗങ്ങൾക്ക് ഉത്തരം കിട്ടിയാൽമതി.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(സി) അത്യാവശ്യമെന്നുതോന്നിയ ചില വ്യത്യാസങ്ങൾ വരുത്തി. അസംബ്ലീയിൽ ഇതിനെപ്പററി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇലക്ഷൻ കമ്മീഷൻ അയച്ചുതന്ന നിർദ്ദേശങ്ങൾ കമ്മിററിക്ക കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പാർലമെൻററി കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു ഇലക്ഷൻ കമ്മിററിയാണ് പരിശോധിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവണ്മെൻറിൻെറ അഭിപ്രായം അറിയാതെയാണോ ഇലക്ഷൻ കമ്മീഷൻ ഡിലിമിറേഷൻ അവസാനമായി തീരുമാനിച്ചതു്?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷന് പൂർണ്ണമായ അധികാരമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇലക്ഷൻ കമ്മീഷൻെറ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: തിരു–കൊച്ചിയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പാർലമെൻററ് മെമ്പറന്മാരിൽ ചിലർ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അസംബ്ലിയിലെ പ്രതിപക്ഷത്തിൻെറ അഭിപ്രായംകൂടി ഇലക്ഷൻ കമ്മീഷന് അയച്ചുകൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഈ അസംബ്ലി അവസാനമായി അംഗീകരിച്ച നിർദ്ദേശങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ആ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതു ഡിലിമിറേഷൻ നടത്തുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളാണ്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഇവിടെനിന്നും ഇലക്ഷൻ കമ്മീഷന അയച്ചുകൊടുത്തിട്ടുള്ളതു ഏതെല്ലാം നിർദ്ദേശങ്ങളാണ്?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ടും പാർലിമെൻററി കമ്മിററിയുടെ റിപ്പോർട്ടും ഈ അസംബ്ളി അംഗീകരിച്ച നിർദ്ദേശങ്ങളുമെല്ലാം എലക്ഷൻ കമ്മിഷന അയച്ചുകൊടുത്തിട്ടുണ്ട്.

ഡിലിമിറേഷൻ കമ്മിററി റിപ്പോർട്ട്

*൧൨൧൪. (൩) ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് അംഗീകരിച്ചോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഈ റിപ്പോർട്ട് ഗവമ്മെൻറിൻെറ പര്യാലോചനക്കു വിധേയമായിട്ട് എത്ര കാലമായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് പരിശോധിച്ച് അവസാനമായി തീരുമാനം ചെയ്യാനുള്ള അധികാരം ഈ ഗവമ്മെൻറിനില്ല. അതു ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യമാണ്. അതുകൊണ്ടു് റിപ്പോർട്ട് ഇലക്ഷൻ കമ്മീഷന അയച്ചുകൊടുത്തിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: ഡിലിമിറേഷനെ സംബന്ധിച്ച അവസാന തീരുമാനമുണ്ടാകുന്നതിനു എത്രകാലം വേണ്ടിവരുമെന്ന ഗവമ്മെൻറിനു വല്ല അറിവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇതുവരെ യാതൊരു അറിവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ടിനെ അതേപടി അനുകൂലിച്ചുകൊണ്ടാണോ ഗവമ്മെൻറ് റിപ്പോർട്ടയച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ: അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഡിലിമിറേഷനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക ധാരാളം പരാതികളുണ്ടെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

സെയിൽസ് ടാക്സ്

*൧൨൧൫. (൪) ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൭-ൽ തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിന് സെയിൽസ് ടാക്സ് മൂലം എത്ര രൂപാ കിട്ടി;

(ബി) മദ്യനിരോധനത്തിൽനിന്നുണ്ടാകുന്ന നഷ്ടംകൂടി പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧,൮൫,൩൦,൩൭൮ ഉറപ്പിക.

(ബി) അതേ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൧൯൫൦-ൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതു കണക്കുനോക്കാതെ പറയാൻ സാദ്ധ്യമല്ല.

ഗൃഹനിർമ്മാണപദ്ധതി

*൧൯൪. (൫) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ പട്ടണത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര; സ്വന്തമായി വീടുകൾ ഇല്ലാത്തവർ എത്ര;

(ബി) ഗൃഹനിർമ്മാണപദ്ധതിയനുസരിച്ച് ആലപ്പുഴ പട്ടണത്തിൽ എത്ര ഗൃഹങ്ങൾ നിർമ്മിക്കാമെന്നാണ് ഗവമ്മെൻറ് നിശ്ചയിച്ചിട്ടുള്ളതു്;

(സി) അതിൽ എത്ര എണ്ണം തീർന്നു; തീർന്നതിൽ എത്രയെണ്ണം വാടകയ്ക്കു കൊടുത്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കണക്കുകൾ ശേഖരിച്ചുവരികയാണ്.

(ബി) തല്ക്കാലം മുനിസിപ്പൽ തൊഴിലാളികൾക്കുവേണ്ടി ൨൪ ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. പദ്ധതി പുരോഗമിക്കുന്നതോടുകൂടി കൂടുതൽ വീടുകൾ നിർമ്മിക്കുന്നതായിരിക്കും. ഇപ്പോൾ എണ്ണം ക്ലിപ്തപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

(സി) ൨൪ എണ്ണം തീർത്തു മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസ്: ആലപ്പുഴ പട്ടണത്തിൽ ഉണ്ടാക്കിയിട്ടുള്ള വീടുകളിൽ ഹരിജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതു എത്രയെണ്ണമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: മുനിസിപ്പാലിററിയിലെ ജോലിക്കാക്കുവേണ്ടിയാണ് അവ പണിതിട്ടുള്ളതു്. അവരുടെ കൂട്ടത്തിൽ ഹരിജനങ്ങളുമുണ്ടായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വീടുകൾ മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടു എത്രകാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: നാലഞ്ചുമാസമായിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനകം ആർക്കെങ്കിലും വീടുകൾ താമസത്തിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പണിതു മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടുണ്ടു്. അതു താമസത്തിനു കൊടുക്കുന്നതു മുനിസിപ്പാലിററി ചെയ്യേണ്ടതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മുനിസിപ്പാലിററി ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ ഇല്ലയോയെന്നു ഗവമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അന്വേഷിച്ചിട്ട് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടെന്നോ കൊടുത്തിട്ടില്ലെന്നോ മനസ്സിലാക്കാൻ കഴിഞ്ഞോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില വീടുകൾ കൊടുത്തിട്ടുണ്ട്.

ശ്രീമതി ദേവകീ ഗോപിദാസ്: എന്തടിസ്ഥാനത്തിലാണ് വീടുകൾ കൊടുക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ചില പ്രത്യേക വ്യവസ്ഥകളുണ്ട്. അതു മുമ്പ് പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട്. അതായത് ൨൦ കൊല്ലംകൊണ്ടു ചിലവായ തുക മുഴുവനും ഗവണ്മെൻറിലേക്ക് ഈടാകത്തക്കവിധത്തിലുള്ള വ്യവസ്ഥകളിന്മേലാണ് കൊടുക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടുകൾ കൊടുക്കുന്നതു ഏതെല്ലാം കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്? അതായത്, ഒരാളിനു വീടു കൊടുക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: വീടുകൾ പണിതു മുനിസിപ്പാലിററിയെ ഏല്പിച്ചിരിക്കയാണ്. ആർക്കെല്ലാം കൊടുക്കണമെന്നുള്ളതു മുനിസിപ്പാലിററി തന്നെയാണ് തീരുമാനിക്കുന്നത്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പുഴ പട്ടണത്തിലെ ചതുപ്പുനിലം നികത്തുന്നതിനു വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചനയുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ വീടുകൾ പണിയുന്നതിൻെറ ചെലവു ഗവണ്മെൻറാണോ മുനിസിപ്പാലിററിയാണോ വഹിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെണ്ടാണ് വഹിക്കുന്നത്. അതു തവണകളായി ഗവർമ്മെൻറിലേക്കു അടയ്ക്കണമെന്നു വ്യവസ്ഥയുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പുഴയിലെ ചതുപ്പുനിലം എത്രകാലത്തിനകം നികത്തണമെന്നാണ് ഗവർമ്മെൻറ് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു നികത്തണമെന്നുള്ള ഒരാലോചന മാത്രമേ ഇപ്പോഴുള്ളൂ. അതിനെ സംബന്ധിച്ച അവസാന തീരുമാനങ്ങളൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴെ ചവളക്കാരുവിലുള്ള പഴയ വീടുകൾ പൊളിച്ചുകളഞ്ഞിട്ടു പുതുതായ വീടുകൾ നിർമ്മിച്ചുകൊടുക്കണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഈ വീടുകളുടെ വാടക എത്രയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പലതിനേയും അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിക്കുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ശരാശരി എന്തുവരും എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ വി. ഏ. അബ്ദുൾ അസീസ്: വീടില്ലാത്തവരുടെ എല്ലാം കണക്കു മാർച്ച് ൩൧-ാംനു-ക്കകം ഗവർമ്മെൻറ എടുക്കുന്നതാണെന്നു പറഞ്ഞിരുന്നു. ആ കണക്കുകൾ മുഴുവൻ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മാർച്ച് ൩൧-ാംനു-ക്കകം മുഴവൻ കണക്കുകളും ശേഖരിക്കണമെന്നുതന്നെയാണു് ഗവർമ്മെൻറു് ഉദ്ദേശിച്ചിരുന്നതു്. അതനുസരിച്ചു ചില താലൂക്കുകളിൽനിന്നും കണക്കുകൾ കിട്ടിയിട്ടുണ്ടു്. ചില താലൂക്കുകളിലേതു ഇനിയും കിട്ടിയിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: അതിനുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണു് ഞാനിപ്പോൾ പറഞ്ഞതു്. ചില താലൂക്കുകളിൽനിന്നും കിട്ടിയിട്ടുണ്ടു്. ചില താലൂക്കുകളിലേതു ഇനിയും കിട്ടാനുണ്ടു്.

ശ്രീ. എ. താണുപിള്ള: മുനിസിപ്പാലിററിയെ ഏല്പിച്ചു കെട്ടിടങ്ങൾക്കു ചെലവായ തുക തവണകളായി മുനിസിപ്പാലിററിതന്നെ ഗവർമ്മെൻറിലേക്കു അടയ്ക്കണമെന്നാണോ, അതോ അതിൽ താമസിക്കുന്ന ആളുകൾ അടയ്ക്കണമെന്നാണോ വ്യവസ്ഥ?

ശ്രീ. ടി. കെ. നാരായണപിള്ള: മുനിസിപ്പാലിററിതന്നെ അടയ്ക്കണമെന്നാണു വ്യവസ്ഥ. അതിനെ സംബന്ധിച്ചു മുനിസിപ്പാലിററിയുമായി ഒരു ഉടമ്പടിയുമുണ്ടു്.

ഗൃഹനിർമ്മാണപദ്ധതി

* ൧൧൯. (൬) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗൃഹനിർമ്മാണപദ്ധതി എത്ര കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നാണു് ഗവർമ്മെൻറു വിചാരിക്കുന്നതു്;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റേററിൽ ആകെ എത്ര വീടുകൾ പണിയണമെന്നാണു് ഗവർമ്മെൻറ് നാശ്ചയിച്ചിട്ടുള്ളതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇപ്പോഴത്തെ പദ്ധതി ൧൦ കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നു വിചാരിക്കുന്നു.

(ബി) ഇപ്പോഴുള്ള ദശവൽസരപദ്ധതിയനുസരിച്ചു ൨൫,൦൦൦ വീട്ടുകളെങ്കിലും നിർമ്മിക്കാമെന്നാണു് ഉദ്ദേശിക്കുന്നതു്.

ശ്രീമതി ദേവകി ഗോപിദാസ്: കൊച്ചി വിഭാഗത്തിൽ എത്ര വീടുകൾ പണിയണമെന്നാണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞകൊല്ലംതന്നെ തേവര, ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ കുറെ വീടുകൾ പണിതിട്ടുണ്ടു്. ഇക്കൊല്ലവും കുറെ വീടുകൾ പണിയണമെന്നു ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: ഭവന നിർമ്മാണത്തിനു ആവശ്യമായ പ്ലാനുകളും മററു വിദഗ്ദ്ധോപദേശങ്ങളും ഗവർമ്മെൻറിലേക്കു തരുന്നതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: പലതരം ടൈപ്പുകൾ പരിശോധിച്ചതിനുശേഷം രണ്ടുമൂന്നു ടൈപ്പുകൾ ഗവർമ്മെൻറു തെരഞ്ഞെടുത്തിട്ടുണ്ടു്. അതനുസരിച്ചുള്ള വീടുകളാണു് ഇപ്പോൾ പണിയിക്കുന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ ദശവത്സരപദ്ധതി എന്താണെന്നു മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അതെവിടെപ്പോയാൽ സാധിക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറിനു ഇങ്ങനെ ഒരു ദശവത്സര പദ്ധതിയുണ്ടു്. അതെന്താണെന്നു എന്റെ സ്നേഹിതനു മനസ്സിലാക്കണമെങ്കിൽ മനസ്സിലാക്കാൻ പ്രയാസമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: എനിക്കു മനസ്സിലാകുന്ന കാര്യമല്ല ഞാൻ ചോദിച്ചതു്. ഈ രാജ്യത്തെ ജനങ്ങൾക്കു ഈ പദ്ധതി എന്താണെന്നറിയുന്നതിനുവേണ്ടി ഗസററിലോ മററോ പരസ്യംചെയ്തിട്ടുണ്ടോ എന്നാണു് എനിക്കറിയേണ്ടതു്:

ശ്രീ. ടി. കെ. നാരായണപിള്ള: പരസ്യം ചെയ്തിട്ടില്ല. പരസ്യം ചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ പരസ്യം ചെയ്യാം. പക്ഷെ അതെന്താണെന്നു അറിയണമെന്നുള്ളവർക്കു് ഇപ്പോഴും അതു മനസ്സിലാക്കുന്നതിനു പ്രയാസമില്ല.

ശ്രീ. ആർ. ശങ്കർ: ഈ രാജ്യത്തു ഭവനരഹിതരായിട്ടുള്ളവർ എത്രയുണ്ടെന്നാണു് ഗവൺമെൻറിന്റെ അറിവു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൪൧-ലെ സെൻസസ് അനുസരിച്ചു നാലു ലക്ഷത്തിനും അഞ്ചു ലക്ഷത്തിനും ഇടയ്ക്കുള്ള വീടുകൾ കൂടുതലായി ആവശ്യമുണ്ടെന്നാണു് ഗവൺമെൻറു മനസ്സിലാക്കുന്നതു്. വേറെ കണക്കുകളൊന്നും ശേഖരിച്ചിട്ടില്ല.

ശ്രീ. ആർ. ശങ്കർ: ഈ ദശവത്സര പദ്ധതിയനുസരിച്ചു എത്ര വീടുകൾ പണിയണമെന്നാണു് ഗവൺമെൻറു് ഉദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ൨൫,൦൦൦ വീടുകൾ പണിയിക്കണമെന്നാണു് ഉദ്ദേശിക്കുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. ആർ. ശങ്കർ: കഴിഞ്ഞ രണ്ടുകൊല്ലംകൊണ്ടു എത്ര വീടുകൾ പണിതിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇതിനുമുമ്പു പലതവണയും പറഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: പത്തുകൊല്ലംകൊണ്ടു് ൨൫,൦൦൦ വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, എന്നാൽ കഴിഞ്ഞ രണ്ടു കൊല്ലംകൊണ്ടു് ൨൦൦ വീടുകളെ പണിതിട്ടുള്ളു എന്നും പറയുന്നതുകൊണ്ടു് ഞാൻ ചോദിക്കുകയാണു് ഇക്കണക്കിനുപോയാൽ ൧൦ കൊല്ലംകൊണ്ടു എങ്ങിനെയാണു് ൨൫,൦൦൦ വീടുകൾ പണിയുന്നതെന്നാണു് എന്റെ സംശയം.

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുകൊല്ലമായിട്ടില്ല. ഒരു കൊല്ലംകൊണ്ടാണു് ഇത്രയും വീടുകൾ പണിതിട്ടുള്ളതു്.

ലഹരി സാധനങ്ങൾ

* ൧൧൯൬. (൧) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൮ വയസ്സിൽ കുറഞ്ഞവർ ലഹരിസാധനം ഉപയോഗിക്കുവാൻ പാടില്ല എന്നൊരു നിയമമുണ്ടാക്കുന്ന കാര്യം ഗവൺമെൻറിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: അതിനെപ്പററി ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനെപ്പററി ആലോചിക്കേണ്ട ആവശ്യമില്ല. ഇപ്പോഠം നിലവിലിരിക്കുന്ന നിയമംകൊണ്ടുതന്നെ അതു് തടയാവുന്നതാണു്. മദ്യനിരോധന മേഖലയിൽ ഇതു് തടയേണ്ട ആവശ്യമേ ഇല്ല. മററു സ്ഥലങ്ങളിലായാലും ൧൬ വയസ്സിൽ കുറഞ്ഞ ആളുകഠംക്കു ലഹരിസാധനങ്ങഠം വില്ക്കുവാൻ പാടില്ലെന്നു ട്രാവൻകൂർ ചിൽഡ്രൻസ് ആക്ടിൽ വ്യവസ്ഥയുണ്ടു്. It penalises giving any intoxicating drink to any person below the age of 16 years. Section 12 of the same Act enables seizure by a police officer of any beedy, tobacco or smoking mixture found in possession of persons below 16. There are, however no similar provisions in the Cochin Children's Act. But section 3 of the Cochin Juvenile Smoking Prevention Act II of 1125 penalises the selling of tobacco to any person under the age of 16 years and Section 4 enables the seizure of tobacco in possession of a person under the age of 16. അതുകൊണ്ടു് ഒരു പ്രത്യേക നിയമനിർമ്മാണത്തിൻെറ ആവശ്യം ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വ്യവസ്ഥയ്ക്കു വിപരീതമായി ധാരാളംപേർ പരസ്യമായിത്തന്നെ ലഹരിസാധനങ്ങഠം ഉപയോഗിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഈ വ്യവസ്ഥ അത്ര നിഷ്കൃഷ്ടമായി പ്രയോഗത്തിൽ കൊണ്ടുവരുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്. അതിൽ കൂടുതൽ ശ്രദ്ധവയ്ക്കണമെന്നാണു് ബഹു. മെമ്പർ നിർദ്ദേശിക്കുന്നതെങ്കിൽ ആ നിർദ്ദേശം സ്വീകരിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ബീഡി, പുകയില മുതലായവ ലഹരിസാധനങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയാണെന്നു് ഗവമ്മെണ്ടിനു അറിയാമോ?

ശ്രീ. സി. കേശവൻ: മദ്യനിരോധന മേഖലയിൽ നിരോധിച്ചിട്ടുള്ള ലഹരിസാധനങ്ങളുടെ കൂട്ടത്തിൽ ഇവ ഉഠംപ്പെടുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അക്കൂട്ടത്തിൽ ഇവ ഉഠംപ്പെടുത്തിയിട്ടില്ലെങ്കിലും ഇവയും ലഹരിസാധനങ്ങളല്ലേ?

ശ്രീ. സി. കേശവൻ: അങ്ങിനെയാണെങ്കിൽ പലതും ലഹരിസാധനങ്ങളായി ഗണിക്കേണ്ടിവരും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ വ്യവസ്ഥകഠം വിപരീതമായി ലഹരിസാധനങ്ങഠം ഉപയോഗിക്കുന്ന കുട്ടികളെ ശിക്ഷിക്കുന്നതിനു ഇപ്പോഠം അധികാരമുണ്ടോ?

Mr. Speaker: Answer to that question has already been given.

ഉദ്യോഗസ്ഥന്മാരുടെ എണ്ണം

* ൧൬൯. (വ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി റവന്യൂ ബോർഡിൽ നൂറു രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണമെത്ര;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧൬.

(ബി) നായന്മാർ ൭, ഈഴവർ ൩, റോമൻ സിറിയൻ ൨, ലത്തീൻ ക്രിസ്ത്യൻ ൧, മാർത്തോമ ൧, തമിഴ് ബ്രാഹ്മണർ ൨, സാരസ്വത ബ്രാഹ്മണൻ ൧, മററ ഹിന്ദു-വെള്ളാള ൧.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഈ നിയമനങ്ങളിൽ സമുദായ നീതി ഗവമ്മെൻറ് പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ് അവരെ നിയമിക്കുന്നതു്. സമുദായനീതി പാലിക്കണമെന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ഓരോ പോസ്റ്റിലും സമുദായനീതി പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പ്രമോഷൻസിനു് സമുദായപ്രാതിനിധ്യം പാലിക്കുകയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ൧൯ പേരും പ്രമോഷൻ കിട്ടിയിട്ടുള്ളവരാണോ?

ശ്രീ. എ. ജെ. ജോൺ: ഡയറക്ടായിട്ടു നിയമിക്കപ്പെട്ടിട്ടുള്ളവരല്ല.

അഞ്ചൽവകുപ്പു സംയോജനം

* ൧൧൯൭. (൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ വകുപ്പു പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാട്ടുമെൻറിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) അഞ്ചൽനിരക്കു വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ആൻറ് (ബി) അഞ്ചൽ ഡിപ്പാട്ടുമെൻറ് ൧൯൫൦ ഏപ്രിൽ ൧-ാം തീയതി മുതൽ ഇന്ത്യാ ഗവമ്മെൻറ് ഏറെറടുത്തുവെങ്കിലും ഈ തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ഏറെറടുത്തു് ഒരു ഏജൻസി മുഖാന്തിരം നടത്തിവരികയായിരുന്നു. ഈ ഏപ്രിൽ ൧-ാം തീയതി മുതൽ അതു് ഇൻഡ്യാ ഗവമ്മെൻറ് ഏറെറടുത്തു. ഇൻഡ്യാ ഗവമ്മെൻറിൻെറ നേരിട്ടു കീഴിലാണ് നടക്കുന്നതു്.

(സി) അഞ്ചൽ കാർഡിൻെറ വിലയും അഞ്ചൽ കവറിൻെറ വിലയും സംബന്ധിച്ചു ഡെപ്യൂട്ടി മിനിസ്റ്റർ ആഫ് കമ്യൂണിക്കേഷൻസ് ഇവിടെ വന്നിരുന്ന അവസരത്തിൽ ഇവിടെവച്ചു ചർച്ച നടത്തി അതിൽ ചില തീരുമാനങ്ങൾ ചെയ്തുപോയിട്ടുണ്ട്. ആ തീരുമാനങ്ങൾ ഇപ്പോൾ ഇൻഡ്യാ ഗവമ്മെൻറിൻെറ കയ്യിലിരിക്കുകയാണ്. കാർഡിൻേറയും കവറിൻേറയും ഇന്നത്തെ വില അതേപോലെതന്നെ രണ്ടു് കൊല്ലത്തേയ്ക്കെങ്കിലും നിലനിറുത്തിയാൽ കൊള്ളാമായിരുന്നു എന്നു ഗവമ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. കാർഡിൻെറ വില രണ്ടു പൈ കൂടി കൂട്ടിയും കവറിൻെറ വില ഒരണ ആക്കിയും ഇൻഡ്യാ ഗവമ്മെൻറിൻെറ ഒരു കമ്യൂണിക്കേഷൻ ഈ ഗവമ്മെൻറിനു് കിട്ടിയിട്ടുണ്ട്. അതു് ഇവിടെ വച്ചു ചെയ്ത തീരുമാനത്തിനു വിരുദ്ധമാണെന്നും ഇവിടെവച്ചു ചെയ്ത തീരുമാനമനുസരിച്ചുതന്നെ റേറ് നിശ്ചയിക്കണമെന്നും വളരെ ശക്തിയായി ഗവമ്മെൻറ് ഇൻഡ്യാ ഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അഞ്ചൽ ഡിപ്പാർട്ടുമെൻറ് ഇൻഡ്യാ ഗവമ്മെൻറ് ഏറെറടുത്തതോടുകൂടി അതിൽനിന്നു് ഏതെങ്കിലും സിൽബന്തികളെ കുറച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കുറയ്ക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എസ്. ജോസഫ്: അഞ്ചൽ വകുപ്പു് പോസ്ററു് ആൻറു് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറുമായി സംയോജിപ്പിച്ച സമയത്തു് പത്തു കൊല്ലത്തേയ്ക്കു അഞ്ചൽ വകുപ്പു് ഏജൻസിയായിട്ടു നടത്തുവാൻ ഈ ഗവമ്മെൻറിനു് തരാമെന്നു് പറഞ്ഞിട്ടുണ്ടായിരുന്നില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല. പത്തു കൊല്ലത്തേയ്ക്കു് എന്നു് ഇല്ലായിരുന്നു.

ശ്രീ. കെ. എസ്സ്. ജോസഫ്: ഏതെങ്കിലും ഒരു കാലനിർണ്ണയം ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിന്നു് ഇപ്പോഴും നടത്തിവരുന്ന അഞ്ചൽ സേവിംഗ്സ് ബാങ്കിനെ സംബന്ധിച്ചു് വല്ല വ്യവസ്ഥയും ഇൻഡ്യാ ഗവമ്മെൻറുമായി ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതിനെസംബന്ധിച്ചു് തീരുമാനമായിട്ടില്ല. ആലോചന നടത്തുന്നതേയുള്ളു.

ശ്രീ. എ. താണുപിള്ള: ഈ ഗവമ്മെൻറു എന്താണു് പറഞ്ഞിരിക്കുന്നതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): അഞ്ചൽ സേവിംഗ്സ് ബാങ്കു് ഈ ഗവമ്മെൻറിനുതന്നെ നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരുപക്ഷേ ഇൻഡ്യാ ഗവമ്മെൻറു അതു് ഏറെറടുത്താൽതന്നെ സേവിംഗ്സ് ബാങ്കു് അക്കൗണ്ടിലുള്ള തുക ഇൻഡ്യാഗവമ്മെൻറിൽനിന്നും ഈ ഗവമ്മെൻറിനു കടമായി തന്നതായി വിചാരിക്കണമെന്നും, ഡിപ്പോസിററുകാർ ആവശ്യപ്പെടുന്ന സംഖ്യ ഇൻഡ്യാ ഗവമ്മെൻറു കൊടുക്കണമെന്നും ഡിപ്പോസിററുകാക്കു് ഇൻഡ്യാ ഗവമ്മെൻറു കൊടുക്കുന്ന പണമത്രയും ഈ ഗവമ്മെൻറു ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നുമാണു് പറയുന്നതു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം പോസ്റ്റൽ ജീവനക്കാരുടെ ശമ്പളത്തോടൊപ്പം ക്രമീകരിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ശമ്പളം ക്രമീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പഴയ അഞ്ചൽ സേവിംഗ്സ് റൂംസ് അനുസരിച്ചാണോ ഈ സേവിംഗ്സ് ബാങ്കു് ഇനിയും നടത്തുവാൻ പോകുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഈ ഗവമ്മെൻറുതന്നെയാണു് അതു് നടത്തിക്കൊണ്ടുപോകുന്നതെങ്കിൽ പഴയ റൂൾസ് അനുസരിച്ചുതന്നെയായിരിക്കും സേവിംഗ്സ് ബാങ്കു് നടത്തുക. ഇൻഡ്യാ ഗവമ്മെൻറു ഏറെറടുത്തു നടത്തുകയാണെങ്കിൽ പോസ്റ്റൽ സേവിംഗ്സ് ബാങ്കു് റൂൾസ് അനുസരിച്ചായിരിക്കണമെന്നു് ഈ ഗവമ്മെൻറു ഇൻഡ്യാ ഗവമ്മെൻറിലേയ്ക്കു എഴുതിഅയച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനം ഇതേവരെയും ചെയ്തിട്ടില്ല.

Sri. D. Gnanasigamoni: Have the Government an idea of the amount of deposits in the Anchal Savings Bank?

ശ്രീ. എ. ജെ. ജോൺ: അഞ്ചൽ സേവിംഗ്സ് ബാങ്കിലെ ഡിപ്പാസിററ എമൗണ്ട് ബഡ്ജററിൽതന്നെയുണ്ട്.

ശ്രീ. എ. താണുപിള്ള: ആകപ്പാടെയുള്ള റണ്ണിംഗ് അക്കൗണ്ട അനുസരിച്ച് സേവിംഗ്സ് ബാങ്ക എമൗണ്ട് ഇൻഡ്യാ ഗവമ്മെൻറ ഏടുത്തുകഴിഞ്ഞാൽ, ഇൻഡ്യാ ഗവമ്മെൻറിൻെറ കയ്യിൽ അതാതു് കാലത്തിരിക്കുന്ന സംഖ്യയിൽനിന്ന് ഡിപ്പാസിററകാക്കു കൊടുത്താൽ, ആ തുക ഈ ഗവമ്മെൻറ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെൻറ അതിൻെറ ഭാരം മുഴുവൻ ഏറെറടുക്കുകയാണെങ്കിൽ ഡിപ്പോസിററകാർ പത്തോ പതിനഞ്ചോ ലക്ഷം രൂപാ ആവശ്യപ്പെട്ടാലും അതു് ഇൻഡ്യാ ഗവമ്മെൻറ കൊടുക്കും. ആ തുക തിരുവിതാംകൂർ–കൊച്ചി ഗവമ്മെൻറ ഇൻഡ്യാഗവമ്മെൻറിനു കൊടുക്കണം.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവമ്മെൻറിനെ ഏല്പിക്കുന്ന തുകയിൽ കൂടുതൽ സംഖ്യ ഇൻഡ്യാ ഗവമ്മെൻറ കൊടുക്കുകയാണെങ്കിൽ ആ സംഖ്യ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നാണോ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെൻറിനു പണമൊന്നും കൊടുക്കുന്നില്ല. അതിൻെറ ഉത്തരവാദിത്വംമാത്രമേ ഇൻഡ്യാ ഗവമ്മെൻറ ഏറെറടുക്കുന്നുള്ളു. എന്നാൽ അതിൻെറ അറേഞ്ചുമെൻറ അനുസരിച്ച് ഈ സംഖ്യ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കേണ്ടതായി കണക്കാക്കണം. ഡിപ്പാസിററകാർ ആവശ്യപ്പെടുന്ന തുക ഇൻഡ്യാ ഗവമ്മെൻറ കൊടുത്താൽ ആ തുക ഈ ഗവമ്മെൻറ ഇൻഡ്യാഗവമ്മെൻറിനു കൊടുക്കണം.

Sri. P. S. Nataraja Pillai: Am I to understand that in future withdrawals will be met by the Travancore-Cochin Government and the deposits will be credited to the Central Government?

Sri. A. J. John: In effect, it will be so.

ശ്രീ. പി. ചാക്കോ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം ഇപ്പോഴും ഉള്ളതിൽ കുറയ്ക്കുകയില്ല എന്നു വ്യവസ്ഥയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴും ഉള്ളതിൽ കുറയ്ക്കുകയില്ല എന്നല്ല കൂട്ടുകയും ചെയ്യും.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൽനിന്നു് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ഭവന നിർമ്മാണം

* ൧൧൧൧ (൧൦) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ൧൧൨൦-ൽ എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ടു്? അതിൽ എത്രയെണ്ണത്തിൽ ആൾപാർപ്പു തുടങ്ങി?

വിദ്യാഭ്യാസവും ക്ഷേമവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ൧൨൭൧ ഭവനങ്ങൾ. കന്യാകുമാരി ൧൭; കൊല്ലം ൧൦; ആലപ്പുഴ ൨൪; തേവര ൨൪; ഇരിഞ്ഞാലക്കുട ൨൪; തിരുവനന്തപുരം ൩൦; പുനലൂർ ൧൨൭; കുമരകം ൧൦; ആലുവാ ൨൪. തി

തിരുവനന്തപുരത്തുള്ള ൩൦ വീടുകൾ ഒഴിച്ചുള്ള എല്ലാ ഭവനങ്ങളിലും ആൾ പാർപ്പു തുടങ്ങി.

Sri. P. Balakrishnan Tampi: May I know whether it cannot be arranged that this question will be answered by the Minister every day? (Laughter.)

(No. answer.)

ഫിഷറി ഇൻസ്പെക്ടറന്മാർ

*൧൨൦൦ (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജനത്തിനു മുൻപേ തിരുവിതാംകൂറിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നു ;

(ബി) കൊച്ചിയിൽ, ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നോ;

(സി) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ട്;

(ഡി) അവരിൽ പഴയ കൊച്ചിപ്രദേശത്തു് എത്രപേർ; തിരുവിതാംകൂർ പ്രദേശത്തു എത്രപേർ;

(ഇ) ഫിഷറി ഇൻസ്പെക്ടർ ഉദ്യോഗത്തിനു ഗവമെൻറു നിശ്ചയിച്ചിരിക്കുന്ന പരീക്ഷായോഗ്യത എന്താണു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ൩ ഫിഷറി ഇൻസ്പെക്ടറന്മാർ.

(ബി) ഉണ്ടായിരുന്നു.

(സി) ൮ പേർ.

(ഡി പഴയ കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു് മൂന്നും.

(ഇ) ബി. എ. ഡിഗ്രിയും, ഫിഷറി പരിശീലനവും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചിപ്രദേശത്തു അഞ്ചും, തിരുവതാംകൂർ പ്രദേശത്തു മൂന്നും ഇൻസ്പെക്ടറന്മാർ ആകാൻ കാരണമെന്താണ് ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ ഫിഷറീസ് ആദ്യം യൂണിവേഴ്സിററിയുടെ കീഴിലായിരുന്നു. കൊച്ചിയിൽ ഫിഷറീസ് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലായിരുന്നു. ഇപ്പോൾ ഇവിടത്തെ ഫിഷറീസും ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കിയിട്ടുണ്ട്. ഇതു് റീആർഗനൈസ് ചെയ്തു ഒരേ ലവലിൽ കൊണ്ടുവരുവാൻ പോകുകയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചി ഡിവിഷനിൽ ഇവിടത്തേക്കാൾ കൂടുതൽ ഇൻസ്പെക്ടറന്മാർ ആകാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മാററുവാൻ പോകുകയാണ്. അവിടെ ൫ ഇൻസ്പെക്ടറന്മാർ വരുവാനുള്ള കാരണമാണ് ഞാൻ മുമ്പു പറഞ്ഞതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കുറെ ഡിവിഷൻസായിട്ടു തിരിച്ചു് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഫിഷറി ഡവലപ്പുമെൻറു സ്കീം നടപ്പിൽ വരുത്തുവാനാണ് ഗവർമ്മെൻറ് നിശ്ചയിച്ചിരിക്കുന്നതു്. അപ്രകാരം റീആർഗനൈസ് ചെയ്യുമ്പോൾ രണ്ടു സ്ഥലത്തും ഒരേ ലവലിൽ വരുന്നതാണ്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഫിഷറി സിഗ്രിയെ സംബന്ധിച്ചുള്ള പരിശീലനം തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നാണ് എന്റെ അറിവ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇത്രയും ഫിഷറി ഇൻസ്പെക്ടർമാരുടെ ആവശ്യമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അതിൽ റവന്യൂ കളക്ട് ചെയ്യുന്നതിനു ഇൻസ്പെക്ടർമാരുണ്ട്. വെൽഫെയർ വർക്കിനു ഇൻസ്പെക്ടർമാരുണ്ട്. നൂൽ വിതരണത്തിനു ഇൻസ്പെക്ടർമാരുണ്ട്. ഇങ്ങനെ പല കാര്യങ്ങളും ഇൻസ്പെക്ടർമാർ നടത്തേണ്ടതായിട്ടുണ്ട്.

ഫിഷറീസ് കാൺഫറൻസ് പ്രതിനിധികൾ

*൧൨൦൭ (൧൨) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസിൽ വച്ചു നടത്തപ്പെട്ട ഇൻഡോ പസഫിക്ക് ഫിഷറീസ് കാൺഫറൻസിലേയ്ക്കു നമ്മുടെ ഗവർമ്മെന്റിന്റെ പ്രതിനിധിയായി ഡിപ്പാർട്ടുമെന്റു നിർദ്ദേശിച്ചതാരെയാണ്;

(ബി) ആരെയാണ് അയച്ചതു്;

(സി) ഇൻഡോനീഷ്യൻ ഫിഷറീസ് കൺവെൻഷനിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിക്കാൻ ആരെയാണ് ഡിപ്പാർട്ടുമെന്റിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. പി. എം. ഗോകുലപാലമേനോൻ, ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.

(ബി) ശ്രീ. കെ. ഗോപിനാഥപിള്ള: ആക്ടിംഗ് മറയിൻ ബയോളജിസ്ററ്.

(സി) ഇപ്പോൾ പറയുന്നതു ഉചിതമായിരിക്കയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരാളെ നിർദ്ദേശിക്കുവാനും വേറൊരാളെ അയയ്ക്കുവാനും കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ഗോകുലപാലമേനോനെ ഫിഷറീസൂപ്രണ്ട് റക്കമെൻറു ചെയ്തു അയച്ചതാണ്. അദ്ദേഹത്തിന്റെ റക്കമെൻേറഷൻ വരുന്നതിനുമുമ്പ് അതു യൂണിവേഴ്സിററിയുടെ കീഴിലായിരുന്നതിനാൽ അവിടെനിന്നു ഒരാളെ അയയ്ക്കുകയാണ് ചെയ്തതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ആ പ്രതിനിധി ഗവർമ്മെന്റിലേയ്ക്ക് ആ കാൺഫറൻസിൽ നടന്ന കാര്യങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ പ്രധാനകാര്യങ്ങൾ എന്തെല്ലാമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പല കാര്യങ്ങളുമുണ്ട്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിലെ എല്ലാ കാര്യങ്ങളും പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറിയെ സംബന്ധിച്ചുള്ള പരീക്ഷായോഗ്യത ഏതു യൂണിവേഴ്സിററിയിൽ നിന്നാണ് കിട്ടുന്നതെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചുപറയാം.

തൊറയൂർ ഫിഷ്ഫാം

* ൧൨൦൨ (൧൩) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊറയൂർ ഫിഷ് ഫാമിൽനിന്നും ൧൯൫൦-ൽ ഉണ്ടായിട്ടുള്ള വരവ് എന്താണ്;

(ബി) അതിൻെറ നടത്തിപ്പിലേയ്ക്കു ആ ആണ്ടിൽ ചെലവായ തുക എന്ത്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ൭ന്ദ, ൪വ്വ രൂപ. ന്ദണ. ന്ദപൈസ.

(ബി) ൨ൻന്ദ വ്വ രൂപ. ൧൫ണ. ൨പൈസ.

ശ്രീ. എം. ഐ. പാഠം: തൊറയൂരിലെ ഫിഷ്ഫാം എക്സ്ററൻറ് ചെയ്യുവാൻ ഗവർമ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാമ്പത്തികവർഷത്തിൽ അതിനു ഒരു സ്കീം ഉണ്ട്.

ശ്രീ. ആർ. ശങ്കർ: ഈ ചെലവിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എത്ര ഫിഷ് ഫാം ഉണ്ട് ?

ശ്രീ. ടി. കെ. നാരായണപിള്ള: കന്യാകുമാരിയിലുണ്ട്, തൊറയൂർ ഉണ്ട്. തൊറയൂർ ഉള്ളതാണ് പ്രധാനപ്പെട്ട ഫിഷ്ഫാം.

Sri. P. S. Nataraja Pillai: May I know whether fish farm and fish curing farm are the same?

ശ്രീ. ടി. കെ. നാരായണപിള്ള: അതുരണ്ടും രണ്ടാണ്.

ശ്രീ. എം. ഐ. പാഠം: തൊറയൂരിലെ ഫിഷ് ഫാം സമീപകാലത്തു ധവളപ്പുചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ ദൂരം വരികയില്ല.

ശ്രീ. എം. ഐ പാഠം: എത്രമാസം വേണ്ടിവരും?

ശ്രീ. ടി. കെ. നാരായണപിള്ള: അധികമാസം വേണ്ടിവരികയില്ല.

ശ്രീ. എ. താണുപിള്ള: ഏഴായിരത്തിൽ ചില്വാനം ഉറപ്പിക വരവ് എന്നു പറഞ്ഞതു ചെലവുകഴിച്ചിട്ടുള്ള വരവാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. ആകെയുള്ള വരവും ചെലവുമാണ് പറഞ്ഞതു്. ചെലവുകഴിച്ചു ബാക്കി നാലായിരത്തിൽ ചില്വാനം ഉറപ്പിക ലാഭമുണ്ട്.

ശ്രീ. സി. സി. പ്രസാദ്: ഗവർമ്മെൻറ്നേരിട്ടു മത്സ്യം പിടിക്കുന്നതിനു വേണ്ടിവന്ന തുകയാണോ ഇവിടെ പറഞ്ഞതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമ്മെൻറ് നേരിട്ടു മത്സ്യംപിടിക്കുന്ന കാര്യമല്ല പറഞ്ഞതു്. അതിനെ സംബന്ധിച്ച് അറിയുവാൻ പാടില്ലാത്തതുകൊണ്ടാണ് ഇങ്ങിനെ ചോദ്യങ്ങൾ ചോദിക്കുന്നതു്.

ASSIGNMENT OF LAND

***1203.** [14] **Sri. M. I. Paul:** Will the Hon'ble Minister for Land be pleased to state.—

(*a*) how many applications have been received by the Government for the land assignment in the coastal areas of the Vypeen Island;

(*b*) what is the policy of the Government in the land assignment in the coastal area of the Vypeen Island if any?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) There have been several applications. The exact number has not been ascertained as the applications are under reference to different offices and the information could not be collected.

(*b*) It is reported that the lands are not fit for paddy cultivation and that they are required for the following purposes:—

(*i*) Grants to ex-service men.

(*ii*) Grant of house sites to those rendered houseless on account of the acquisition of lands in the Vypeen-Pallipuram road.

(*c*) Fish Farming.

(*d*) Salt manufacture.

The requirements of these different purposes are being examined.

ശ്രീ. എം. ഐ. പോൾ: നെൽകൃഷിക്കൊ മററുതരത്തിൽ കൃഷിക്കൊ ഉപയോഗപ്പെടാത്ത സ്ഥലങ്ങൾ ഉള്ളതു് താമസ സൗകര്യത്തിനായി പതിച്ചുകൊടുക്കാൻ ഗവർമ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: ബഹുമാനപ്പെട്ട മെമ്പറിൻെറ ചോദ്യത്തിൽ ബി ക്കുള്ള ഉത്തരത്തിൽ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്.

SALT WORKERS

***1204.** [15] **Sri. M. I. Paul:** Will the Hon'ble Minister for Labour be pleased to state.—

(*a*) is it a fact that the salt workers of Malipuram Government Salt Depot are now without work, if so what remedy that the Government intend to make in this matter;

(*b*) whether these workers have approached the Government for a few cents of land to be assigned to each of them, if so what action has been taken in this matter?

Chief Minister **(Sri. C. Kesavan):**

(*a*) No.

(*b*) Yes. Since lands previously leased out to the workers were transferred by them to others and since the lessees did not conform to the terms of the leases their request was declined.

ശ്രീ. എം. ഐ. പോൾ: എൻെറ ചോദ്യത്തിൽ എ.ക്കു വേണ്ടി പറഞ്ഞ മറുപടിയിൽ സാൽട്ടു് ഡിപ്പോയിലെ ജോലിക്കാർക്കു് ജോലിക്കു കുറവില്ലെന്നാണോ ഗവർമ്മെൻറു് ധരിച്ചിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: ജോലി എല്ലാവർക്കും ഉണ്ടെന്നുതന്നെയാണു് ഗവർമ്മെൻറു് ധരിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഞാൻ ചോദിക്കുന്നതു് ഗവർമ്മെൻറിൻെറ കീഴിൽ ജോലിചെയ്യുന്ന ജോലിക്കാർക്കു് മുടക്കംവരാതെ ജോലി കൊടുക്കുന്നുണ്ടോയെന്നാണു്?

ശ്രീ. സി. കേശവൻ: അതിനുത്തരംതന്നെയാണു് ഞാൻ മുൻപു പറഞ്ഞതു്.

ശ്രീ. എം. ഐ. പോൾ: ഗവമ്മെൻറു് ധരിച്ചിരിക്കുന്ന വിധം ജോലി അവർക്കു് അവിടെയില്ലെന്നുള്ളതു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. സി. കേശവൻ: ബഹു. മെമ്പർ അങ്ങനെ പറയുകയാണെങ്കിൽ അതിനെപ്പററി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: മാലിപ്പുറത്തെ ഉപ്പു പ്രവൎത്തനം പാട്ടം കൊടുത്തിരിക്കുകയല്ലേ?

ശ്രീ. സി. കേശവൻ: അതേ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതു പാട്ടക്കാരനാണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: അയാളുടെ പേരു് പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: സാധുക്കളായ ഈ ജോലിക്കാർക്കു് കുറച്ചു സ്ഥലമെങ്കിലും പതിച്ചുകൊടുക്കാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: ആ കാര്യം ഈ ചോദ്യത്തിൻെറ മറുപടിയിൽ പറഞ്ഞിട്ടുണ്ടു്.

CEMENT

***1205.** [17] **Sri. E. P. Poulose:** Will the Hon'ble Minister for Industries be pleased to state.—

(*a*) the total quantity of cement produced in Travancore-Cochin during the year 1950-51;

(*b*) whether the import of cement from outside the State is prohibited altogether or restricted to any extent at present; and

(*c*) if so the reasons for the same?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The actual production in 1950—51 may be about 48,000 tons.

(*b*) The import is not prohibited but is subject to certain restrictions under the Cement Control Order of 1124.

(*c*) Because cement is an essential commodity.

ശ്രീ. ഇ. പി. പൌലോസു്: ഈ സ്റ്റേററിലേക്കു് ആവശ്യമുള്ള സിമൻറു് ഇവിടെയുണ്ടാക്കാൻ സാധിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സംസ്ഥാനത്തെ പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടിയുള്ള സിമൻറു തന്നെയും ഇവിടെയുണ്ടാക്കാൻ സാധിക്കുന്നില്ല. ഇതിനുംപുറമെ ഗവമ്മെൻറിനു കൂടുതൽ സിമൻറു ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ തിരുനൽവേലിയിൽനിന്നുമാണു് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതു്.

ശ്രീ. ഇ. പി. പൌലോസു്: വെളിയിൽനിന്നും വരുത്തുന്ന സിമൻറിനും ഇവിടെയുണ്ടാക്കുന്ന സിമൻറിനും തമ്മിൽ വിലക്കൂടുതൽ ഏതിനാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെയുണ്ടാക്കുന്ന സിമൻറിനു അല്പം വിലക്കൂടുതലാണു്.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: സിമൻറിനെ സംബന്ധിച്ചിട ത്തോളം ചില നിയന്ത്രണം ഉണ്ടെന്നു പറയുന്നു, ആ നിയന്ത്രണം എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ചില റെസ്ട്രിക്ഷൻ ഉള്ളതു് എങ്ങനെയാണെന്നു് ഞാൻ വായിക്കാം.

"Under the Cement Procurement and Distributton Control Order, 1124 import is restricted. Under Rule 3 no person shall acquire or agree to acquire any cement from a producer or stock holder except under the authority and in accordance with ihe conditions contained or incorporated in a general or special written order of the Controller. According to the cement distribution rules clause (4) no person can possess or transport cement within the State unless he had procured a certificate under the rules."

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ നിയന്ത്രണം ഉള്ളതുകൊണ്ടു് വെളിയിൽനിന്നും കുറഞ്ഞ വിലയ്ക്കു് സിമൻറ കൊണ്ടുവന്നു വിതരണം ചെയ്യാൻ സാധിക്കുന്നില്ലായെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില കാര്യങ്ങളിൽ അങ്ങനെ സാധിക്കുന്നില്ലായെന്നു് അറിയാം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്ന സിമൻറിനു വില കുറവും ഇവിടെ ഉണ്ടാക്കുന്ന സിമൻറിനു വില കൂടുതലും വന്നതിൻെറ കാരണമെന്താണെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ സിമൻറ വ്യവസായത്തെ രക്ഷിക്കുന്നതിനുവേണ്ടിയാണു് വില അല്പം കൂട്ടിയിട്ടുള്ളതും ഇറക്കുമതിയെ നിയന്ത്രിച്ചിട്ടുള്ളതും.

Sri. P. Balakrishnan Tampi: May I know who the Cement Controller is?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി എനിക്കു് നിശ്ചയമായിട്ടു് പറയാൻ നിവൃത്തിയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കോട്ടയത്തു് വേറൊരു കൺട്രോളറെ നിയമിച്ചിട്ടുള്ളതായി ഗവമെൻറിനറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

Sri. P. Balakrishnan Tampi: Is the Manager of the Cement Factory the Cement Controller also?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് എനിക്കറിഞ്ഞുകൂടാ.

Sri. K. P. Nilakanta Pillai: What is the dividend declared last year?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യത്തെപ്പററി മുൻപുതന്നെ ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്.

ശ്രീ. എ. താണുപിള്ള: ഇവിടെ ഉണ്ടാക്കുന്ന സിമൻറിനും പുറമെനിന്നും വരുത്തുന്ന സിമൻറിനും തമ്മിലുള്ള വില വ്യത്യാസമെത്രയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നണയുടെ വത്യാസമുണ്ടു്. ഈ വ്യത്യാസം ഉണ്ടായതിൻെറ കാരണം ഇവിടത്തെ സിമൻറ് വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടിയാണു്.

Sri. P. S. Nataraja Pillai: May I know whether permission was given to export any quantity of cement.

Sri T. K. Narayana Pillai: Now it is not exported. Two or three months before permission to export was given. അങ്ങനെ അല്ലെങ്കിൽ ഈ വ്യവസായത്തിനു സാരമായ ദൂഷ്യം സംഭവിക്കും.

ശ്രീ. എ. കെ പാച്ചുപിള്ള: സിമിൻറ് സ്റ്റാക്കുചെയ്തിരിക്കുന്നവർ കൂടുതൽ വിലക്കാണു് പൊതുജനങ്ങൾക്കു വില്ക്കുന്നതു് എന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ആർ. ശങ്കർ: ഒരു മാസത്തേക്കു സംസ്ഥാനത്തെ ആവശ്യത്തിനു ശരാശരി എത്ര ടൺ സിമൻറു വേണമെന്നു ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണ പിള്ള: ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ഒരു മാസത്തിൽ ൨,൦൦൦ ടൺ സിമൻറു് വേണ്ടിവരുന്നു. ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം ചിലപ്പോൾ കൂടുതലും ആവശ്യമുണ്ടു്.

ശ്രീ. ആർ. ശങ്കർ: ഗവമ്മെൻറും പൊതുജനങ്ങളുമായി ഉപയോഗിക്കുന്നതു എത്ര ടൺ സിമൻറാണെന്നു കണക്കെടുത്തിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണ പിള്ള: ശരിയായ കണക്കെടുക്കാൻ സാധിച്ചിട്ടില്ല. കാരണം ചാലക്കുടി, പീച്ചി മുതലായ സ്കീമുകൾക്കു ചിലപ്പോൾ സിമൻറു് വളരെ കൂടുതൽ ആവശ്യപ്പെട്ടേക്കും. ചിലപ്പോൾ കുറവായിട്ടും ആവശ്യപ്പെട്ടേക്കും. അതുകൊണ്ടു നിശ്ചിതമായ ഒരു കണക്കെടുക്കാൻ സാധിച്ചിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ഇങ്ങനെ പ്രൊട്ടക്ഷൻ വച്ചിരിക്കുന്നതു കമ്പനിക്കാർക്കുവേണ്ടിയോ അതോ ഉപഭോക്താക്കൾക്കുവേണ്ടിയോ?

ശ്രീ. ടി. കെ. നാരായണ പിള്ള: വ്യവസായത്തിൻെറ രക്ഷക്കുവേണ്ടിയാണു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: അല്ലാതെ വ്യവസായികളുടെ നന്മയെ ഉദ്ദേശിച്ചല്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യവസായത്തിൻെറ നിലനില്പിനുവേണ്ടിയാണു്.

Sri. P. Balakrishnan Tampi: Are not the Government imposing a nominal royalty for the lime shell?

ശ്രീ. ടി. കെ. നാരായണ പിള്ള: മദ്രാസിൽ ലൈം സ്റ്റോണിന്നു് ൩ പൈസയുള്ളപ്പോൾ ഇവിടെ ൧൨ അണ വച്ചാണു് വില്ക്കുന്നതു്. എന്നാൽ ഈ പരാതി മാത്രമല്ല വേറൊരു പരാതികൂടെ ഉണ്ടായിട്ടുണ്ടു്. ഡ്റെജറിൻെറ വിലക്കൂടുതൽ നിമിത്തം ഉണ്ടായിട്ടുള്ള പരാതിയാണു് അതു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു അബദ്ധമാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: ഞാൻ പറഞ്ഞതല്ലാ അബദ്ധം, മെമ്പർ പറഞ്ഞതാണു്. ആപാദചൂഡം തെററാണു്.

ശ്രീ. എ. താണു പിള്ള: ലൈം സ്റ്റോൺ, ലൈം ഷെൽ ഇവയിൽ ഏതാണു് നല്ലതു്?

ശ്രീ. ടി. കെ. നാരായണ പിള്ള: ലൈം സ്റ്റോൺ ആണു് നല്ലതു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ലൈം സ്റ്റോണിനു ൧൨ അണ വിലയുണ്ടെന്നു പറഞ്ഞതു കള്ളമാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: വിലയില്ലെന്നു വിചാരിക്കുന്നുവെങ്കിൽ അതാണു് കള്ളം.

LIFT IRRIGATION

*1206. [18] **Sri. E. P. Poulose :** Will the Hon'ble Minister for Agriculture and Food Production be pleased to state.—

(*a*) whether representations have been received from the public of Ramamangalam, Onakoor and Kakoor karas of Muvattupuzha taluk to extend the Ramamangalam lift irrigation scheme to benefit the lands on either side of the Uzhavoor thodu in Muvattupuzha taluk; and

(*b*) if so, what action has been taken on it ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) No. It appears that the Food Production Board has received a representation.

(*b*) The Food Production Board has not passed any final orders.

LEMON GRASS OIL

*1207. [19] **Sri. E. P. Poulose :** Will the Hon'ble Minister for Industries be pleased to state.—

(*a*) the total quantity of Lemon Grass Oil exported from Travancore-Cochin in 1950-1951 ;

(*b*) the countries to which it was exported ;

(*c*) the average price per dozen bottles of lemon grass oil in the years 1948-1949 and 1950 ;

(*d*) the lowest price per dozen bottles during these years ; and

(*e*) the highest price during the same period ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) It is seen that 4480 pounds of oil was exported.

(*b*) Out of this 520 gallons was exported to U. K.

The information regarding the other questions is being collected.

Point of order re. Kammalas

ശ്രീ. കെ. രാമകൃഷ്ണൻ ആശാരി: സർ, കഴിഞ്ഞ ദിവസം ബഹു. മെമ്പർ മി. പി. ററി. ചാക്കോ ഈ സഭയിൽ "കട്ടുറമ്പിനും കമ്മാളർക്കും ജീവിക്കാവുന്ന ഈ രാജ്യത്തു കത്തോലിക്കർക്കു എന്തുകൊണ്ടു ജീവിക്കാൻ പാടില്ലാ"യെന്നു ചോദിക്കുകയുണ്ടായി. അതു ഒരാക്ഷേപകരമായ പ്രസ്താവനയാണ്. അങ്ങനെയൊരു പ്രസ്താവന ചെയ്യാമോ?

മി. സ്പീക്കർ: ആ പ്രസ്താവന പുറപ്പെടുവിച്ചപ്പോൾതന്നെ അതു ആക്ഷേപകരമല്ലേ എന്നുള്ള ചോദ്യം ഉന്നയിക്കേണ്ടതായിരുന്നു. ഏതായാലും ഇപ്പോൾ ആ പ്രശ്നം വന്നിരിക്കുന്നതുകൊണ്ടു അതു തീരുമാനിക്കാം. ആ പ്രസ്താവനയിൽ ആക്ഷേപകരമായി ഒന്നും ഉള്ളതായി തോന്നുന്നില്ല. ആ പ്രസ്താവനതന്നെ ഒരു പഴഞ്ചൊല്ലിന്റെ രൂപത്തിലാണ് കാണുന്നതു്. ഒന്നു തീരെ താണ സ്ഥാനവും മറേറതു വളരെ ഉന്നതസ്ഥാനവും അർഹിക്കുന്നവരും വളരെ വ്യത്യസ്തങ്ങളായ പ്രവർത്തന രീതികൾ അവലംബിച്ചു ജീവിതം നയിക്കുന്നവരുമായ രണ്ടു തരം ജീവികളെ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ടാണ് ആ പ്രസ്താവന അർത്ഥവത്താകുന്നതു്. കട്ടുറമ്പു് സ്വന്തം ഉപയോഗത്തിനു ഭൂമിക്കടിയിൽ മാളങ്ങളോ മററോ ഉണ്ടാക്കി അതിൽ താമസിക്കുന്നു. വളരെ ചെറിയ ജീവി തന്നെയെങ്കിലും വല്യജീവികൾക്കു് അല്പമായിട്ടെങ്കിലും വേദനയുണ്ടാക്കുന്നതിനു സാമർത്ഥ്യവും അങ്ങിനെ തന്റെ പ്രവൃത്തികൊണ്ടു തനിക്കു ഉപകാരമൊന്നുമില്ലെങ്കിലും മററുള്ളവർക്കു ഉപദ്രവം നേരിടുവിക്കുന്നതിനു വാസനയും ഉള്ള ഒരു ജീവിയാണു് കട്ടുറമ്പു്. എന്നാൽ വല്യവർക്കും ചെറിയവർക്കും താമസത്തിനു വേണ്ട കെട്ടിട

ങ്ങൾ, അവയിൽ ഉപയോഗിക്കുന്നതിനുള്ള സാധനസാമഗ്രികൾ മുതലായവ നിർമ്മിച്ചും മററും പ്രതിഫലം കരുതാതെയെങ്കിലും അന്യന്മാരുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ചുള്ള പ്രവൃത്തി ജീവിതവൃത്തിയായി എടുത്തിട്ടുള്ളവരും അതിലേക്കു വേണ്ട വാസനയും ബുദ്ധിശക്തിയും പരിശീലനവും ഉള്ളവരുമാണ് കമ്മാളർ. കമ്മാളരേയും കട്ടുറുമ്പിനേയും താരതമ്യപ്പെടുത്തി പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു കമ്മാളർക്കു ആക്ഷേപകരമല്ലെന്നു വ്യക്തമാണ്.

ADJOURNMENT MOTION RE-ACTION BY THE MALABAR POLICE

Sri. A. K. George: Sir, on a point of information. I would like to know what has happened to the adjournment motion raised to discuss an important matter, namely the action of the Malabar Police. I want to know whether it is to be allowed.

Mr. Speaker: I believe information was asked for from the Minister concerned about the facts. On the basis of the information supplied it appeared that there was no necessity then to discuss the matter as an adjournment motion. I understand further enquiries are being made.

Sri. A. K. George: Sir, I heard that this Government are in correspondence with the Madras Government on the matter. I would like to know whether any further information has been obtained through this correspondence. If it is to be allowed to be taken into consideration it must be done within two days.

Mr. Speaker: I shall call for more detailed information which when obtained will be placed before the House.

Point of Order re. news in the Indian Express about Prorogation of the Assembly

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പായന്റ് ആഫ് ആർഡർ ഇന്നലത്തെ എക്സ്പ്രസ്സ് പത്രത്തിൽ മേയ് ൮-ാം തീയതിക്കു മുൻപ് ഇവിടത്തെ നിയമസഭ പിരിച്ചുവിടുമെന്നും അതിനുശേഷം ഇവിടെ ഉണ്ടായിരിക്കുന്നതു് ഒരു കെയർ ടേക്കർ ഗവൺമെന്റായിരിക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. അതു ശരിയാണോയെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് ചോദ്യമായിട്ടുതന്നെ ചോദിക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല, പത്രങ്ങളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നുള്ളതല്ലാതെ അവയിലെ അഭിപ്രായങ്ങൾ ശരിയാണോ എന്നു ചോദിക്കാൻ പാടില്ല.

ശ്രീ. സി. സി. പ്രസാദ്: ഞാൻ ശരിയാണോയെന്നല്ല ചോദിച്ചതു്; അതിൽ വല്ല യാഥാർത്ഥ്യവും ഉണ്ടോ എന്നാണ് ചോദിച്ചതു്.

മി. സ്പീക്കർ: രണ്ടും ഒന്നുതന്നെ

The Cochin Co-operative Land Mortgage Bank Act (Amendment) Bill

Sri. K. I. Velayudhan: Sir, I move that the Cochin Co-operative Land Mortgage Bank Act (Amendment) Bill, be taken up for consideration. The Cochin Co-operative Land Mortgage Bank Act XXV of 1111 extends to the whole of erstwhile Cochin State. At present the activities of the Cochin Co-operative Land Mortgage Bank is throughout Cochin Area. Recently Parur and Kunnathunad taluks have been included in the Trichur District. The object of the Bill is to extend the activities of the Land Mortgage Bank to the whole of Trichur District, comprising

the taluks, namely, Chittur, Talapally, Mukundapuram, Cranganur, Parur, Kunnathunad and Cochin-Kanayannur. Therefore I request that this Bill may be taken up for consideration at once.

Sri. M. I. Paul: I second it.

Mr. Speaker: This Bill has only two Sections. There is already a Cochin Co-operative Land Mortgage Bank Act XXV of 1111 in force extending to the whole of erstwhile Cochin State. Recently Kunnathunad and Parur taluks have been included in the Trichur District. The present Bill says that it should be extended to these taluks as well.

Sri. A. Thanu Pillai: Sir, we should like to know what the Government intends to do on the matter.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ഏ. ജെ. ജോൺ)

തിരുവിതാംകൂർ സ്റ്റേററു മുഴവനും ബാധിക്കുന്ന ട്രാവൻകൂർ ക്രെഡിററു ബേങ്ക് ആക്ട് എന്നു പറയുന്ന ഒരു ആക്ട് ഇപ്പോൾ ഉണ്ട്. കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. കൊച്ചിൻ കോവാപ്പറേററീവ് ലാൻറു മാർട്ടുഗേജ് ബാങ്കിന്റെ പരിധിയിൽ പഴയ കൊച്ചി സംസ്ഥാനം മാത്രമാണ്. ഇപ്പോഴത്തെ ബില്ലിന്റെ ഉദ്ദേശം ഇപ്പോൾ തൃശ്ശൂർ ഡിസ്ട്രിക്ടായി ക്ലിപ്തപ്പെടുത്തിയിരിക്കുന്ന കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകളും ഇതിന്റെ പരിധിയിൽ പെടുത്തണമെന്നാണ്. എനിക്കു പറയുവാനുള്ളതു ഈ സംഗതിയെപററി ഒരവസാനതീരുമാനമെടുക്കുന്നതു ഇപ്പോൾ ശരിയായിരിക്കുകയില്ലെന്നാണ്. അതിനുള്ള കാരണം റൂറൽ ബാങ്കിംഗ് എൻകൃയറി കമ്മിററിയുടെ റിപ്പോർട്ടു ഇൻഡ്യാ ഗവൺമെൻറിൽ സമർപ്പിച്ച് അതിനെപ്പററി ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ കമ്പനി ആക്ട് ഈ സ്റ്റേററിനേയും ബാധിക്കുന്നതാണ്. ആ സ്ഥിതിക്കു നാം ഇപ്പോൾ ഒരു ഭേദഗതി അംഗീകരിക്കുന്നതു ശരിയായിരിക്കുമോയെന്നു എനിക്കു സംശയമുണ്ട്. അതിനാൽ എനിക്കു പറയുവാനുള്ളതു, ഇതു ഉടൻതന്നെ ഒരു സെലക്ട് കമ്മററിക്കു അയക്കണമെന്നാണ്.

Sri. P. Balakrishnan Tampi: Sir, I wish to speak a word. As far as I am aware, the Cochin Co-operative Land Mortgage Bank is a well-conducted Bank and now the territorial re-adjustments have been made without any inconvenience to those two taluks, Kunnathunad and Parur. They could be brought within the sphere of operation of this Bill. As it is, to-day, there is scope for many more such Banks being functioning in the state. My feeling is that these two taluks are not getting the advantage of such a Bank which is situated so very near to that place. Without any objection from financial or economic or political point of view, it may be allowed. The Hon'ble Minister said that this is a central subject. But I do not think that there is any very serious objection from that point of view. These are of a particular statute, and banking companies come under another category altogether. It is not wise for us to wait for legislation on the matter pending the decision of the Central legislature about it. No harm is going to come about if we include those two taluks also by amending the existing Act. Therefore I second the motion of my friend Mr. K. I. Velayudhan.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: സർ, കുന്നത്തുനാട്, പാവൂർ എന്നീ താലൂക്കുകളിലേക്കുകൂടി മോർട്ടുഗേജു ബാങ്കിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നാണ് ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ധനകാര്യമന്ത്രി അവർകൾ പ്രസ്താവിച്ച പ്രകാരം ബിൽ അംഗീകരിച്ചു ഒരു സെലക്ട് കമ്മിററിക്കു അയച്ചുകൊടുക്കുന്നതു പ്രസ്തുത താലൂക്കുകളിലെ പൊതുജനങ്ങൾക്കു ഉപയോഗപ്രദ

[Sri. T. T. Kesava Sastri]

മായിരിക്കുമെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഈ സഭയെ ഓർമിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ക്രെഡിററ് ബാങ്ക് നിയമം അനുസരിച്ചു കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകളിൽ പലക്കും പണം കടം കൊടുത്തിട്ടില്ലേ? അങ്ങിനെയാണെങ്കിൽ ഈ ബില്ല് പാസ്സായാൽ ഒരേ സമയത്തു് രണ്ടു നിയമം അനുസരിച്ചു പ്രവൎത്തിക്കേണ്ടിവരികയും, തൻമൂലം കുഴപ്പം ഉണ്ടാകുന്നതിനു ഇടവരികയും ചെയ്യുകയില്ലേ? (ഉത്തരം ഇല്ല.)

Mr. Speaker : The amendment moved by the Finance Minister that the Bill may be referred to a Select Committee is before the House. If any hon'ble Member wishes to speak with special reference to the amendment, he may do so.

Sri. D. Gnanasigamoni: Now we are told that the Cochin Co-operative Land Mortgage Bank Act extends to the whole of erstwhile Cochin State only. The object of this Bill is to extend the Land Mortgage Bank Act to the whole of Trichur District. Now Parur and Kunnathunad taluks which originally belonged to erstwhile Travancore area have now been included in the Trichur district. The hon'ble Minister for Finance has said that the Credit Bank Act is in force in these taluks. So if the proposed amendment is passed it evidently means that the two Acts i. e. the Travancore Credit Bank Act and the Cochin Co-operative Land Mortgage Bank Act will be in force in the Parur and Kunnathunad taluks. That will create some conflict and in order to avoid any such possible conflicts it is necessary that this Amendment Bill be referred to a Select Committee.

സാഹിബ് ബഹദൂർ കെ. ഏ. മഹമ്മദ്: ഈ ആക്ട് അമൻറു ചെയ്യുന്നതിനു സെൻട്രൽ ഗവമ്മെൻറിൻെറ അനുവാദം വേണ്ടേ?

ശ്രീ. ഏ. ജെ. ജോൺ: വേണ്ടെന്നാണു് തോന്നുന്നതു്.

Sri. A. Thanu Pillai: The Bill may be referred to a Select Committee. The Finance Minister is not certain as to whether it is clearly within our province, or whether the Government of India should be consulted. So legal opinion may be sought for, and hence the Bill may be referred to a Select Committee.

The motion that the Bill be referred to a Select Committee was put and carried

Sri. P. Balakrishnan Tampi: I demand a poll, Sir.

A poll was taken when the House divided as follows: –

Ayes—48

1. Sry. Accamma Cherian
2. Sri. R. Atchuthan
3. Sri. P. C. Adichan
4. Sri. Albert Lopez
5. Sri. S. Ambrose
6. Sry. Annie Joseph
7. Sri. Krishnan Ayyappan
8. Sri. N. V. Chacko
9. Sri. G. Chandrsekhara Pillai
10. Sahib Bahadur Cheladi Rowther
11. Sri. Eapen Arackal
12. Sri. A. Eswara Pillai
13. Sri. K. R. Elankath
14. Sri. P. C. George
15. Sri. D. Gnanasigamoni
16. Sri. P. Gopalan
17. Sri. M. Govindan
18. Sri. Ittiera Ambooken
19. Hon'ble Sri. A. J. John
20. Sri. A. V. Joseph
21. Sri. Joseph Mathen
22. Sri. K. K. Kannan
23. Hon'ble Sri. C. Kesavan
24. Sri. T. T. Kesavan Sastri
25. Sri. K. M. Korah
26. Sri. N. K. Krishna Pillai
27. Sri. P. Kunjukrishnan
28. Sri. V. Madhavan

29. Sri. K. A. Mathew
30. Sri. A. P. Nambiar
31. Hon'ble Sri. T. K. Narayana Pillai
32. Sri. P. S. Nataraja Pillai
33. Sri. K. P. Nilakanta Pillai
34. Sri. Mannath Padmanabha Pillai
35. Sri. C. C. Prasad
36. Sri. A. K. Patchu Pillai
37. Sri. Paul Thaliat
38. Sri. K. Ramakrishna Pillai
39. Sri. M. Raman Pillai
40. Sri. Raphel J. Rodriguez
41. Sri. R. Sankar
42. Sri. Pandavathu Sankara Pillai
43. Sri. K. Sekhara Panicker
44. Sri. A. P. Sivaramakrishnan
45. Sri. Ponnara G. Sreedhar
46. Sri. A. Thanu Pillai
47. Sri. M. Varkey
41. Sri. Kalathil Velayudhan Nayar

Noes—9

1. Sri. T. M. Sannalan
2. Sri. K. I. Velayudhan
3. Sri. M. I. Paul
4. Sri. G. P. Neelakanta Pillai
5. Sri. P. Balakrishnan Tampi
6. Sri. A. P. Udayabhanu
7. Sri. K. T. Atchutan
8. Sri. Mankuzhi M. Madhavan
9. Sri. Alexander Parambithara

Neutrals—7

1. Sahib Bahadur T. A. Moideen Kunju
2. Sri. N. Neelakantaru Pandarathil
3. Sri. P. K. Kumaran Achari
4. Sri. S. Neelakanta Aiyar
5. Sry. Devaki Gopidas
6. Sahib Bahadur K. A. Mohammad
7. Sri. P. Nanoo

Sri. K. I. Velayudhan : I am proposing the names of the Select Committee members. They are:—

1. Sri. A. Thanu Pillai
2. Sri. Kalathil Velayudhan Nayar
3. Sri. Paul Taliath
4. Sri. M. Varkey
5. Sri. K. T. Achuthan
6. Sri. M. I. Paul
7. Sri. D. Gnanasigamoni
8. Sri. K. I. Velayudhan and
9. The Law Minister.

The quorum will be four.

ശ്രീ. പി. നാണു: സെലക്ട് കമ്മിററിക്ക പോകണമെന്നുള്ള മോഷനും അതിൽ ഏതാനംപേർ അംഗങ്ങളായിരിക്കണമെന്നുള്ള മോഷനും ഒന്നാണോ രണ്ടാണോ?

മിസ്റ്റർ സ്പീക്കർ: അതിൽ സംശയത്തിനിടയില്ലല്ലോ. പേരുകൾകൂടി പറഞ്ഞാലെ മോഷൻ പൂർത്തിയാകയുള്ളു.

ശ്രീ. പി. നാണു: ഒരു മോഷനാണെങ്കിൽ അതിൽ കുറെഭാഗം ബഹുമാനപ്പെട്ട മന്ത്രിയും കുറെ ഭാഗം ബില്ലിന്റെ മൂവറുമാണ് മൂവു ചെയ്തതു്.

മിസ്റ്റർ സ്പീക്കർ: സെലക്ട് കമ്മിററിക്ക അയയ്ക്കണമെന്നുണ്ടെങ്കിൽ അതിൽ ഇന്നാരെല്ലാം വേണമെന്നു പറയുന്നതിനുള്ള അധികാരം ബില്ല് മൂവ് ചെയ്ത മെമ്പർക്കുണ്ട്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: "ഒന്നായ മോഷനെ, രണ്ടായി കണ്ടളവിലുണ്ടായൊരിണ്ടൽ" തീർക്കേണ്ടതല്ലേ?

മിസ്റ്റർ സ്പീക്കർ: അമൻഡ്മെണ്ട് മൂവർ സ്വീകരിച്ചിരിക്കുകയാണ്.

The question is that the Cochin Co-operative Land Mortgage Bank Act (Amendment) Bill be refered to a Select Committee Consisting of:—

1. Sri. A. Thanu Pillai
2. ,, Kalathil Velayudhan Nayar

3. Sri Paul Thaliath
4. ,, M. Varkey
5. ,, K. T. Achuthan
6. ,, M. I. Paul
7. ,, D. Gnanasigamoni
8. ,, K. I. Velayudhan and
9. ,, The Law Minister

the quorum being four.

The motion was adopted.

The Travancore-Cochin Women's Fundamental Right to Property Bill

Mr. Speaker: The next item in the agenda, is Sry. Annie Joseph's motion for leave to introduce the Travancore-Cochin Women's Fundamental Right to Property Bill.

ശ്രീമതി ആനിജോസഫ്: സർ, എന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ അവതരിപ്പിക്കുവാൻ അനുവാദം ചോദിക്കുന്നതിന് ഒരു സാങ്കേതികമായ തടസ്സം നേരിട്ടിട്ടുണ്ട്. കാരണം ഇന്നലെ മുതൽ സെൻട്രൽ ഗവമ്മെന്റ് പാസ്സാക്കിയിട്ടുള്ളതായ ഇൻഡ്യൻ സക്സഷൻ ആക്ട് അനുസരിച്ചു സ്ത്രീകൾക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വത്തിനു ഒപ്പം അവകാശം ഉണ്ടെന്നുവന്നിരിക്കുന്നു.

ശ്രീ. എ. താണുപിള്ള: അതെങ്ങിനെയാണ്? ഇൻഡ്യൻ സക്സഷൻ ആക്ടുമൂലം ഇവിടെ കിട്ടുമോ?

ശ്രീമതി ആനി ജോസഫ്: ഇൻഡ്യൻ സക്സഷൻ ആക്റ്റിൽ പറഞ്ഞിരിക്കുന്നതു:

"Where the intestate has left surviving him a child or children, but no more remote lineal descendant through a deceased child, the property shall belong to his surviving child, if there is only one, or shall be equally divided among all his surviving children".

Comment

"Children's share: Where a person dies intestate the property of the intestate shall be distributed thus:

(*a*) 1/3rd of the property is to be given to the widow or husband, as the case may be, and (*b*) the remaining 2/3 rds is to be given to the child if there is only one, or is to be divided equally between all the children if there are more than one. Neither the age nor the sex of the children is to be taken into consideration but the property must be distributed evenly as if all were of the same sex and age", എന്നാണ്. ഇൻഡ്യൻ സക്സഷൻ ആക്ടനുസരിച്ചു ക്രിസ്ത്യൻസിനു ഇതു പ്രത്യേകമായി ബാധിക്കുന്ന ഒരു വകുപ്പായിട്ടുവരും. അതിനുവേണ്ടിത്തന്നെയാണ് ഈ ബിൽ ഇവിടെ കൊണ്ടുവരണമെന്നു ഞാൻ ഉദ്ദേശിച്ചതു്. ഈ ആക്ടിലെ വ്യവസ്ഥകൾ, ഈ ഗവമ്മെണ്ടിനെ ഏതുവിധത്തിൽ ബാധിക്കുന്നുവെന്നു മനസ്സിലാക്കിയതിനുശേഷം, അതിന്റെ റീ ആക്ഷൻ എങ്ങിനെയെന്നറിഞ്ഞതിനുശേഷം, മതിയെന്നുള്ളതുകൊണ്ടു് ഞാൻ ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുവാൻ അനുവാദം ആവശ്യപ്പെടുന്നില്ല.

Mr. Speaker: Order, order. The hon'ble Member does not propose to ask for leave for the introduction of the Bill. We will now proceed to the Resolutions.

Resolutions on Matters of General Public Interest

Mr. Speaker: The first resolution regarding the present Education policy is in the name of Sri. N. V. Chacko.

Sri. N. V. Chacko : Sir I am not moving the resolution.

Mr. Speaker : The second resolution regarding the Food Production Board is in the name of Sri. Paul Thaliath.

Sri. Paul Thaliath : I am not moving that resolution.

Mr. Speaker : The third resolution regarding the amedment to the difinition of word 'holding' in Act VIII of 1950 is in the name of Sry. Accamma Cheriyan.

Sry. Accamma Cheriyan : Sir. I am not moving that.

Mr. Speaker : Resolution regarding the movement of paddy is in the name of Sri. Eapen Arakkal.

Sri. Eapen Arakkal : Sir, I am not moving that.

Mr. Speaker : The next resolution deals with supply of yarn. It stands in the name of Sri. P. Kunjukrishnan and runs as follows:

> "This Assembly recommends to Government that immediate and effective steps be taken to provide adequate supply of yarn to the weavers of the State".

Sri. P. S. Nataraja Pillai : Sir, that was the subject-matter of an adjournment motion, and has been discussed here already.

Mr. Speaker : Yes; the same question was discussed at length by means of an adjournment motion. I wish to know whether the hon'ble Member desires to move the resolution.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, അടിയന്തിരപ്രമേയത്തെപ്പററി വാദപ്രതിവാദം നടന്നുകഴിഞ്ഞതിന്റെ ശേഷം യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. അതിനുശേഷം ഗവമെന്റ് ഈ സംഗതിയിൽ എടുത്തിട്ടുള്ള നടപടി എന്താണെന്നറിയാൻ പാടില്ല. ഇന്നലെയും ഇന്നുംതന്നെ അതേസംബന്ധിച്ച് പല പരാതികളും കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഈ സംഗതിയെ സംബന്ധിച്ചു പറയത്തക്ക യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല എന്നു മാത്രവുമല്ല, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് എല്ലാ കാര്യങ്ങളും പറയുന്നതിനു ഒരവസരവും ഉണ്ടാകും.

Mr. Speaker : Does the Member wish to move the resolution?

Sri. P. Kunjukrishnan : Yes, Sir.

Sri. A. Thanu Pillai : Sir, if a matter has been decided once here, it cannot be brought up again for a certain period. There is a rule to that effect. This matter has been discussed here and talked out and therefore technically there may not be any objection. I am not quite sure, but I mention the fact simply because we should not make a mistake in regard to the ruling by the Speaker.

Sri. P. Balakrishnan Tampi: Sir, there has not been anything like a formal decision about this and like certain ayurvedic preparations, repetition is not bad. (*Laughter*).

Mr. Speaker : Has the hon'ble Minister anything to say about it?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): നൂലിനെ സംബന്ധിച്ചു ഗവമെന്റിനു പറയാനുള്ള സംഗതികളെല്ലാം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അന്നു വാദപ്രതിവാദസമയത്തു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും ഇൻഡ്യാ ഗവമെന്റുമായി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയുമാണ് ഈ വാദപ്രതിവാദം ഫലപ്രദമാക്കാൻ ഉടനെതന്നെ തീരുമാനം ചെയ്യുന്നതാണ്. ഇപ്പോഴം വാദപ്രതിവാദത്തിനൊരുങ്ങാൽതന്നെ അന്നു പറഞ്ഞിട്ടുള്ളതിൽ കൂടുതലൊന്നും പറയാനില്ല. അതു സംബന്ധിച്ച് എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണ്. ഈ വാദപ്രതിവാദം കൂടുതൽ ഫലപ്രദമാകുന്നതിനു ആവശ്യമായിട്ടുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഉടനെതന്നെ വിതരണസംപ്രദായത്തിൽ

[Sri. T. K. Narayana Pillai]

ചില മാററങ്ങൾ വരുത്തണമെന്നു ഗവമ്മെൻറ് വിചാരിക്കുന്നുണ്ടു്. പിന്നെ സെൻസസ് ഏപ്രിൽ ഏഴാംതീയതിക്കുമുമ്പ് കംപ്ലീററാകുന്നതാണ്. അതിനു ശേഷം പുതിയ കാർഡനുസരിച്ച് വിതരണം ചെയ്യുന്നതാണ്. ആകെ ൩൦,൦൦൦ തറികൾ ഉണ്ടെന്നു പറഞ്ഞു, സെൻസസ് പ്രകാരം ൪൦,൦൦൦മൊ ൪൫,൦൦൦-മൊ കാണുകയുള്ളു എന്നു വിചാരിക്കുന്നു. അതുകൊണ്ടു് ഈ പുതിയ സെൻസസ് അനുസരിച്ചു വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ഗവമ്മെണ്ടു് എടുത്തുവരികയാണ്. സെൻസസ് കംപ്ലീററായിട്ടുണ്ടു്.

Mr. Speaker: This motion, as pointed out by the hon'ble Member Mr. Thanu Pillai, though not technically out of order refers to a mtter which was already discussed and probably there may not be fresh materials now available for a further discussion.

Sri. A. Thanu Pillai: Rule 40 (c)—

Mr. Speaker: The motion is not out of order. The only question is whether, in view of the Minister's elucidation, it will serve any useful purpose to have it taken up for discussion now.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: നൂലുവെളിയിൽനിന്നും ലഭിക്കുന്നതിനു ഗവമ്മെൻറ് വളരെ ഗൗരവപൂർവ്വമായ നടപടികൾ എടുക്കുന്നതുകൊണ്ടും, ഇതിന്റെ ഗൗരവം മനസ്സിലാക്കി അതിനു പരിഗണന നൽകുന്നതിന് ഗവമ്മെൻറ് പരമാവധി ശ്രമിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കിയിരിക്കുന്നതിനാലും ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധരർ: വിജയമോഹനി മില്ലിൽ മാസം ഒന്നുക്ക് ൧൫൦ ബെയിൽ നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് അറിയുന്നതു്. എന്നാൽ ഇപ്പോൾ എലക്ട്രിസിററി വിതരണം കുറച്ചിരിക്കുന്നതുകൊണ്ടു് അവർ ൨ ഷിഫ്ററു കുറക്കേണ്ടിവന്നിട്ടുണ്ടു്. തന്നിമിത്തം ഇപ്പോൾ ൭൫൦ ബെയിൽ നൂലേ ഉണ്ടാക്കാൻ സാധിക്കുന്നുള്ളു. ഇൻഡ്യാഗവമ്മെൻറ് എന്തു തന്നെ പറഞ്ഞാലും നമുക്കു ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നൂലും ഇപ്പോൾ ഈ വിധത്തിൽ ഉല്പാദിപ്പിക്കാൻ സാധിക്കാതെ വന്നിരിക്കയാണ്. ആവശ്യമുള്ള കറൻറു കൊടുക്കുകയാണെങ്കിൽ ൫൦൦ ബെയിൽ നൂലുവരെ അവിടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പറയുന്നതു്. അതു് മുഴുവനും ഇവിടെത്തന്നെ വിതരണം ചെയ്യുന്നതിന് കിട്ടുന്നതുമാണ്. നൂലിനു് വളരെ ക്ഷാമമുള്ള ഈ അവസരത്തിൽ ഇവിടെ ഉണ്ടാക്കാവുന്ന നൂലുപോലും ഉണ്ടാക്കാതിരിക്കുന്നതു് കഷ്ടമാണ്. അതു ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് എനിക്കു് ഒരു അപേക്ഷയുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: എലക്ട്രിസിററി വിതരണത്തിൽ കുറവുവരുത്തിയതു് വിജയമോഹിനി മില്ലിനെമാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. ജലദൗർലഭ്യം നിമിത്തം എലക്ട്രിസിററി വിതരണത്തിൽ പൊതുവായി ൧൦ ശതമാനം കുറവുവരുത്തിയിട്ടുണ്ടു്. ജലദൗർലഭ്യം വളരെ കൂടുതലായതുകൊണ്ടു് ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു കുറവു വരുത്താൻ ഗവമ്മെൻറു നിർബന്ധിതമായി തീർന്നിട്ടുള്ളതാണ്. പിന്നെ, അവിടെ ൫൦൦ ബെയിൽ നൂലുണ്ടാക്കാൻ സാധിക്കുമെന്നും മററും പറയുന്നതു ശരിയല്ല. അവിടെയുള്ള സ്പിൻറലുകളുടെ എണ്ണത്തെ ആശ്രയിച്ചാണ് നൂലിന്റെ ഉല്പാദനം ഇരിക്കുന്നതു്. ൧൫൦ ബെയിലിൽ കൂടുതൽ അവിടെ ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നാണ് ഗവമ്മെൻറു മനസ്സിലാക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഇതുപോലെ വളരെ അത്യാവശ്യമുള്ള കാര്യങ്ങൾക്ക് ഒരു പ്രത്യേകത കല്പിച്ച് എലക്ട്രിസിററി വിതരണം കുറവുചെയ്യാതിരിക്കാൻ സാധിക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: വെള്ളം തീരെ ഇല്ലാത്തതുകൊണ്ടാണ് ഇത്രയും കുറക്കേണ്ടിവന്നതു്.

Mr. Speaker: The resolution has not been moved, and is not before this House.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഇന്ന ഒരു അനൗദ്യോഗിക ദിവസമാണ്. ഇതിനു മുമ്പൊരവസരത്തിലും ഇതുപോലെ അനൗദ്യോഗിക പ്രമേയങ്ങൾ ബാലററ ചെയ്യുവരികയും അതൊന്നും സഭയിൽ അവതരിപ്പിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്. ഇത്ര പ്രമേയങ്ങളേ പാടുള്ളു എന്ന് സ്റ്റാൻറിംഗ് ആർഡറിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് പ്രമേയങ്ങൾ ബാലററ ചെയ്യുന്നതു്. ഇന്നു യാതൊരു പ്രമേയങ്ങളും ഇവിടെ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യാൻ സാധിക്കാതെ പോയതു ലീഡറുടെ പിശകുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നതു്. ഇന്നത്തെ പ്രമേയങ്ങൾ ഇവിടെ അവതരിപ്പിക്കാതെ പോയിട്ടുള്ളതു പാർട്ടി ലീഡറുടെ നിർദ്ദേശമനുസരിച്ചാണ്. എന്നാൽ ആ നിർദ്ദേശം ബാലററിംഗ് നടക്കുന്നതിനുമുമ്പ് കൊടുത്തിരുന്നുവെങ്കിൽ അവതരിപ്പിക്കുവാൻ പാടില്ലാത്ത പ്രമേയങ്ങൾ മാററിവച്ചിട്ട് ബാക്കി പ്രമേയങ്ങൾ ബാലററചെയ്യാൻ സാധിക്കുമായിരുന്നു. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യുന്നതിനുള്ള ഈ സഭയുടെ അവകാശം ഈ വിധത്തിൽ ധ്വംസിക്കപ്പെടുമായിരുന്നില്ല.

Sri. P. Balakrishnan Tampi: Sir, I object to this. He is giving us a gratuitous lecture—an advice, Sir.

Sri. Kalathil Velayudhan Nair: Whether it is relevant or not will be decided upon by the Speaker. അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യാനുള്ള അവകാശം ഈ സഭയ്ക്കുള്ളതാണ്. ആ അവകാശത്തെ ധ്വംസിക്കത്തക്കവിധത്തിലുള്ള നടപടികൾ ലീഡർ കൈക്കൊള്ളുന്നതിനെപ്പററിയാണ് എനിക്ക് ആക്ഷേപമുള്ളതു്. ഇതൊരു നിസ്സാരകാര്യമല്ല. സഭയുടെ അവകാശങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ലീഡർ അല്പം ശ്രദ്ധിച്ചിരുന്നു എങ്കിൽ ഈ സഭയുടെ സമയം ഇങ്ങനെ വ്യർത്ഥമാകുകയില്ലായിരുന്നു.

മിസ്റ്റർ സ്പീക്കർ: നിലവിലിരിക്കുന്ന റൂളുകളനുസരിച്ചു ബാലററിൽ വരുന്ന പ്രമേയങ്ങൾ മാത്രമേ വാദപ്രതിവാദത്തിനു സഭയിൽ കൊണ്ടുവരാൻ സാദ്ധ്യമാകയുള്ളു. പാർട്ടി ലീഡറുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനോ, ഇന്നതരത്തിൽ പ്രവർത്തിക്കണമെന്നു നിർദ്ദേശം കൊടുക്കാനോ സ്പീക്കർക്കോ ഈ സഭയ്ക്കോ അവകാശമില്ല.

Business of the Houes

മിസ്റ്റർ സ്പീക്കർ: ഫുഡ് ഡിബേററിന് ഒരു സമയം നിശ്ചയിക്കണമെന്ന് ഇവിടെ നേരത്തെ ചില ബഹു. മെമ്പറന്മാർ ആവശ്യപ്പെടുകയുണ്ടായി. ഇന്നും ഏപ്രിൽ ൩-ാംനു-ം അനൗദ്യോഗിക ദിവസങ്ങളാണ്. ഈ രണ്ടു ദിവസങ്ങളും അനൗദ്യോഗിക പ്രമേയങ്ങൾക്കായി ഉപയോഗിക്കുകയാണെങ്കിൽ ഫുഡ് ഡിബേററിന് വേറൊരു ദിവസം നിശ്ചയിക്കേണ്ടിവരും. അതല്ലെങ്കിൽ ഏപ്രിൽ ൩-ാംനു ഉച്ചക്കുശേഷം ഫുഡ് ഡിബേററിനു ഉപയോഗിക്കാമോ എന്നു നോക്കണം. കൂടാതെ അത്യാവശ്യമായ ചില നിയമനിർമ്മാണ ജോലികൾക്കായി ഒരു ദിവസം

[Mr. Speaker]

കൂടി വേണമെന്നു് ഗവൺമെൻറുഭാഗത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. പേമെൻറ് ഓഫ് സാലറീസ് ആൻറ് അലവൻസസ് ബിൽ, റിമൂവൽ ഓഫ് ഡിസ്ക്വാളിഫിക്കേഷൻ ബിൽ മുതലായ ചില ബില്ലുകൾ പാസ്സാക്കേണ്ടതു അത്യാവശ്യമായിരിക്കുന്നതുകൊണ്ടാണു് ഇങ്ങനെ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ ബില്ലുകൾ ബഹു. മെമ്പർമാക്കു വിതരണം ചെയ്തിട്ടുണ്ടു്. അതിൽ അത്യാവശ്യമുള്ളതെന്നു തോന്നുന്ന ഏതാനും ബില്ലുകളോ എല്ലാംതന്നെയുമോ പര്യാലോചനക്കു് എടുക്കാവുന്നതാണു്. അതിലേക്കു് അസംബ്ലി ഒരു ദിവസം നീട്ടിവെയ്ക്കേണ്ടതുണ്ടു്. ഫുഡ് ഡിബേററിനു് പ്രത്യേകം ഒരു ദിവസം വേണമെന്നു് അഭിപ്രായമുണ്ടെങ്കിൽ അതിലേക്കും ഒരു ദിവസംകൂടി എടുക്കേണ്ടതായിവരും.

Sri. P. Balakrishnan Tampi: Food problem must be discussed so that the world may understand the unanimity of opinion in that matter in this House. I think it will be useful for the State if we discuss it. It must be discussed.

Sri. A. Thanu Pillai: As for the food question, even though I myself made mention of it last time, I think the matter for the time being may stand over-not that I object if the Government wants to discuss the matter, but the Finance Minister told us last time that the matter has not been finally disposed of by the Government of India. He expects a reply from the Government of India as to what will be the subsidy. I think we can wait. Next time, when we feel that the Government of India's reply is not satisfactory—by which time a final reply would have been received from them—we can discuss the matter again. A reply from the Government of India does not necessarily mean that that will be the final stand they take. Therefore, it appears that the matter may stand over. But if the Government wants to make a motion, I don't want to stand against that. This aspect of the matter may be considered.

Mr. Speaker: This is a matter of common interest to all parties. In view of the circumstances pointed out by Mr. Thanu Pillai we have to see if a discussion at present will prove useful. If, however, the Government want now to impart to this House some useful and important information on the subject the discussion may be carried on.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ബഹു. മെമ്പർ ശ്രീ. താണുപിള്ള ആവശ്യപ്പെട്ടതനുസരിച്ചാണു് ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്താമെന്നു ഗവൺമെൻറ് സമ്മതിച്ചതു്. ഈ സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിയെ സാരമായി സ്പർശിക്കുന്ന ഒരു സംഗതിയായതുകൊണ്ടു് ഇവിടെ ഒരു വാദപ്രതിവാദം നടത്തി അതിൻെറ ചുരുക്കമെങ്കിലും ഇൻഡ്യാ ഗവൺമെൻറിലേക്കു് അയച്ചുകൊടുക്കുന്നതു സഹായകമായിരിക്കും എന്നാണു് എനിക്കു് തോന്നുന്നതു്. അതിൻെറ എല്ലാ വശങ്ങളെപ്പററിയും ചർച്ചനടത്തി അതിൻെറ വിവരം ഇൻഡ്യാ ഗവൺമെൻറിലേക്കു് അയക്കുകയാണെങ്കിൽ ചിലപ്പോൾ ചില ഗുണങ്ങൾ കിട്ടിയേക്കാം. നമുക്കു് തരേണ്ടതായ സബ്സിഡി എത്രയാണെന്നു അവസാനമായി തീരുമാനിച്ചിട്ടില്ല. ഏകദേശം ഒരു കോടി രൂപ തരാമെന്നു താല്ക്കാലികമായി സമ്മതിച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അവസാന തീരുമാനം ആയിട്ടില്ല. ഒന്നരക്കോടി രൂപയ്ക്കു പുറമെ ഒരു കോടി രൂപകൂടി കിട്ടിയാലും നമ്മുടെ നഷ്ടം നികത്താൻ യാതൊരു സാദ്ധ്യതയുമില്ല. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് ഒരു ചർച്ചനടത്തി അതിൻെറ വിവരങ്ങൾ ഇൻഡ്യാ ഗവൺമെൻറിനെ അറിയിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു് സഭയെ അറിയിക്കുവാനുള്ളതു്.

മിസ്റ്റർ സ്പീക്കർ: ഇന്നുതന്നെ ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനെപ്പററി സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം. ഇന്നത്തെ മററു നടപടികളും തീൎന്നിരിക്കുകയാണു് ഈ സംഗതി ഒരു ചൎച്ചയ്ക്കു വിഷയമാക്കണമെന്നാണു ബഹു. മന്ത്രിയും അഭിപ്രായപ്പെടുന്നതു്.

Sri. K. P. Nilakanta Pillai: But without a notice?

Mr. Speaker: A discussion was asked for, and it is practically agreed to by the House. No doubt, there is no formal notice.

Sri. K. P.Nilakanta Pillai: It is not on today's agenda. There may be some members who might wish to speak on the subject but who, because the subject is not on today's agenda, may not turn up this evening. It may be of interest to those members.

Sri. P. Balakrishnan Tampi: In view of the objection raised by Mr. Nilakanta Pillai, I feel it is better to adjourn the discussion till tomorrow, say, by 3 O' clock, which time, I don't think, will be inconvenient.

Sri. P. S. Nataraja Pillai: Tomorrow is a non-official day.

Mr. Speaker: I take it that there is no objection to having the food debate after the resolutions are disposed of tomorrow.

Discussion under Rule 26

Mr. Speaker: Before this House rises, there is another matter to be attended to, namely, discussion under Rule 26.

Sri. P. Balakrishnan Tampi: Under the rules, the discussion will come up only at 4-30. Suppose some Members who wish to partake in it come at 4-30?

Sri. P. S. Nataraja Pillai: The rule provides that 'if the other business set down for the day is concluded before 4-30 p. m. the period of half an hour shall commence from the time such other business is concluded.'

Sri. P. Balakrishnan Tampi: But now there is another obstacle. The Member is not present now.

Mr. Speaker: The business of the House, except the last item (discussion under Rule 26) is concluded and under the rule, we can straightaway proceed to that item. But it is not expected of the Members of the House to wait till the Member concerned turns up. He ought to have been here. Therefore, the House will now adjourn to meet again at 11 a. m. tomorrow.

The House rose for the day at 12-50 p. m. to meet again at 11 a. m. on Tuesday the 3rd April 1951.

V. KRISHNAMOORTHI AIYAR,

Secretary to the Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 3rd April 1951*

Vol: III — OFFICIAL REPORT — [No. 20

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 3rd April 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of questions admitted for the day.)

Oral Answers

GENERAL ELECTION

*1208 [1] **Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Election Commissioner Delhi, has consulted this Government as regards the timing of the coming general election in this state, and

(*b*) if so, what were the suggestions of this Government?

Minister for Finance, Revenue and Law **(Sri. A. J. John):** (*a*) Yes.

(*b*) Government have agreed to fall in line with the All-India policy.

Sri. D. Gnanasigamoni: Then, am I to understand that the time is fixed without reference to this Government?

Sri. A. J. John. The time has been fixed only after consulting this Government—November middle to December end.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇവിടെ ഇലക്ഷൻ നടത്തുവാൻ സൌകര്യമായ കാലം ഇന്നതാണെന്ന് ഗവർമ്മെൻറ് ഇന്ത്യാഗവർമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നവമ്പർ മദ്ധ്യം മുതൽ ഡിസമ്പർ അവസാനത്തീയതിവരെ ഇവിടെ ഇലക്ഷൻ ആകാമെന്നു അറിയിച്ചിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എല്ലാ രാഷ്ട്രീയപാർട്ടികൾക്കും ഇലക്ഷനിൽ പങ്കുകൊള്ളുവാൻ സൌകര്യം കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ വ്യക്തികൾക്കും ഇലക്ഷനിൽ പങ്കുകൊള്ളുന്നതിന് സൌകര്യം ഉണ്ടായിരിക്കുന്നതാണ്.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്

*൧൨൦൯ (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്‌വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ടിൽ നിന്നും നടത്തുന്ന എല്ലാ ലയിനുകളിലും യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്നു ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്മന്ത്രി, മന്ത്രിപദം സ്വീകരിച്ചതിനുശേഷം സ്റ്റേറ്റ്ട്രാൻസ്പോർട്ട് ബസ്സുകളിൽ സഞ്ചരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അങ്ങിനെ പരാതികൾ ഉണ്ട്.

(ബി) ഇല്ല.

ശ്രീ. എം. ഐ. പോൾ: ഇങ്ങിനേയുള്ള പരാതികൾ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ട് വളരെ കാലമായിട്ടും ഇന്നേവരെ അതിന് പരിഹാരമുണ്ടാക്കുവാൻ സാധിക്കാഞ്ഞതു് എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഐ. പോൾ: യാത്രക്കാർ വളരെയധികം കഷ്ടപ്പാടും സമയനഷ്ടവും അനുഭവിക്കുന്നുണ്ടെന്ന് ഗവമ്മെൻറ് ദൃഷ്ടിയിൽ പെട്ടിട്ടും അതിനൊരു പരിഹാരം ഉണ്ടാക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് ഞാൻ പറഞ്ഞതു് അതിനു പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്ന്. ചില സൌകര്യങ്ങളെല്ലാം ഇപ്പോൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പരിഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കയാണെന്ന് പറഞ്ഞു. എന്തെല്ലാമാണ് ചെയ്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വെയിററിംഗ് ഷെഡ് ഇല്ലാത്തതുകൊണ്ട് യാത്രക്കാർക്ക് വളരെ കഷ്ടപ്പാടുകൾ ഉണ്ടായിരുന്നു. അതിന് പരിഹാരമായി വെയിററിംഗ് ഷെഡ് ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ കൌപ്പൺ സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഒരു പരാതി ഉണ്ടായിരുന്നു. അതിന് ഏപ്രിൽ ഒന്നാംതീയതി മുതൽ കൌപ്പൺ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ചില പരിഹാരങ്ങളാണ് ഇപ്പോൾ ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: യാത്രക്കാരുടെ കഷ്ടപ്പാടും സമയനഷ്ടവും ഇല്ലാതാക്കണമെങ്കിൽ എല്ലാ ലൈനുകളിലുംകൂടി എത്ര ബസ്സുകൾ വേണമെന്ന് ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള മറുപടി ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. നൂറ ബസ്സുകൾക്ക് ഇപ്പോൾ ഓർഡർ കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെല്ലാം സ്ഥലങ്ങളിലാണ് കൌപ്പൺസിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തും കൊല്ലത്തും.

ശ്രീ. വി. ഗംഗാധരൻനായർ: കൊട്ടാരക്കര–തിരുവനന്തപുരം ലൈനിൽ എക്സ്പ്രസ്സ് സർവീസ് തുടങ്ങുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ വിവരം എൻെറ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇപ്പോൾ എത്ര ബസ്സുകൾകൂടി ഉണ്ടെങ്കിൽ യാത്രാസൌകര്യം ഉണ്ടാകുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ അതിന് നാലുപ്രാവശ്യം മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ കൌപ്പൻ സിസ്റ്റം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എ. അച്ചുതൻ: ഇപ്പോഠം ട്രാൻസ്പോർട്ടിൽനിന്നു് ലൈൻ നടത്തുന്ന എല്ലാ സ്ഥലങ്ങളിലും അവരുടെ ലൈൻ സമയം കഴിയുന്ന അവസരത്തിൽ പ്രൈവററ് ഏജൻസിക്കാക്കു് സർവ്വീസു് അനുവദിക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തു് ട്രാൻസ്പോർട്ട് സർവ്വീസ് സമയം കഴിഞ്ഞതിനു ശേഷം രാത്രിയിൽ സിനിമ കഴിഞ്ഞു വരുന്നവരുടെ സൌകര്യത്തിനുവേണ്ടി ആക്കോ സർവ്വീസു് നടത്തുവാൻ അനുവാദം കൊടുത്തിട്ടുണ്ടെന്നു് അറിഞ്ഞു. എന്നാൽ അതിനെപ്പററി ഗവമെൻറു് ആലോചിച്ചുവരികയാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോഠം ട്രാൻസ്പോർട്ടിൽനിന്നു സർവ്വീസു് നടത്തുന്നതായ ഏതെങ്കിലും സ്ഥലങ്ങളിൽനിന്നു് സർവ്വീസു് പിൻവലിക്കുന്നതിനു് ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. P. Balakrishnan Tampi: Is the Government aware that the buses plying after the cinema hours satisfy the real need of the people of the City?

ശ്രീ. ടി. കെ. നാരായണപിള്ള: എന്നാണു് ഗവമെൻറിനുള്ള അറിവു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കാളേജുകളിലും സ്കൂളുകളിലും പോകുന്ന കുട്ടികളുടെ സൌകര്യാത്ഥം ആവക സ്ഥലങ്ങളിൽ കൂടുതൽ ബസ്സു് ഇടുന്നതിനു് ഏർപ്പാടു് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഠം തന്നെ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. അടുത്ത കൊല്ലം മുതൽ ആവക ലൈനുകളിൽ കൂടുതൽ ബസ്സുകഠം ഏർപ്പെടുത്തണമെന്നു് വിചാരിക്കുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചെങ്ങന്നൂരിൽ ഒരു സർവ്വീസു് ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ഇപ്പോഠം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വി. എ. അബ്ദുൽ അസ്സീസ്സു്: ട്രൻസ്പോർട്ട് ലൈനിൽ സിനിമ കഴിഞ്ഞു വരുന്നവരെ ഉദ്ദേശിച്ചു് ബസ്സ്ലൈൻ അനുവദിച്ചിരിക്കുന്നതുപോലെ എല്ലാ ട്രാൻസ്പോർട്ടുലൈനുകളിലും അവരുടെ ലൈൻസമയം നിറുത്തിക്കഴിഞ്ഞാൽ പ്രൈവററ്ബസ്സുകഠംക്കു് സർവ്വീസു് അനുവദിക്കുന്നതിനെപ്പററി ഗവമെൻറിൻെറ നയം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള ഒരു കാര്യംതന്നെ ഇപ്പോഠം ഗവമെൻറു് ആലോചിക്കുന്നില്ല.

ടാററാ ഓയിൽ മിൽ

*൧൨൭൦ (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻെറ പരിധിയിൽനിന്നു സംസ്ഥാനത്തെ 'ടാററാ' ഓയിൽ മിൽ സെയിൽസ് ആഫീസുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിലെ ന്ന-ാമത്തെ അദ്ധ്യായത്തിൽനിന്നും (ശമ്പളത്തോടുകൂടിയ അവധി) ഒഴിവാക്കിയിട്ടുണ്ട്.

(ബി) കമ്പനിയിൽ നിലവിലിരിക്കുന്ന ശമ്പളത്തോടുകൂടിയ അവധി നിയമങ്ങൾ ആക്ടിലുള്ളവയെക്കാൾ ജോലിക്കാർക്ക് കൂടുതൽ ക്ഷേമകരമായിട്ടുള്ളതുകൊണ്ട് ആ അദ്ധ്യായത്തിൽ നിന്നും ഒഴിവാക്കി.

ശ്രീ. വി. ഗംഗാധരൻനായർ: ഈ ആക്ട് ഇപ്പോൾ നടപ്പിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിലുണ്ട്.

സഞ്ചാരച്ചെലവ്

* ഫ൨ ഫഫ (ന്ന) †ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫൻ ൯ ൦-ൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഓരോ മന്ത്രിയും സഞ്ചാരത്തിനായി ചെലവുചെയ്തിട്ടുള്ള സംഖ്യ എന്താണ്?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി
ശ്രീ. എ. ജെ. ജാൺ:

		ക.	ണ.	പ.
ശ്രീ.	ടി. കെ. നാരായണപിള്ള	ന,൫൫൦	വ്യ	൦
,,	എ. ജെ. ജോൺ	ച,ന്ന൫൬	ഫച	൦
,,	പി. ഗോവിന്ദമേനോൻ	ഫ൦,ന൫൫	ഫ൫	൦
,,	എൻ. കുഞ്ഞുരാമൻ	ഫ,൫൫൬	൦	൦
,,	ഇ. ജോൺ ഫിലിപ്പോസ്	ന,ൻവ്യൻ	ർ	൦

ശ്രീ. എ. കെ. പാച്ചുപിള്ള: ഒരു മന്ത്രിക്കു മാത്രം മററുള്ളമന്ത്രിമാരുടെ സഞ്ചാരപ്പടിയിൽ മൂന്നിരട്ടി ചെലവാകുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: പല പ്രാവശ്യവും ഡൽഹിയിൽ പോയതുകൊണ്ടായിരിക്കാം കൂടുതൽ ചെലവു വന്നത്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇതു തിരുവിതാംകൂർ-കൊച്ചി രാജ്യത്തിനകത്തു സഞ്ചരിച്ചതിനു വേണ്ടി വന്ന തുകയല്ലേ? ഡൽഹിയിൽ പോയതല്ലല്ലോ?

ശ്രീ. എ. ജെ. ജാൺ: ഡൽഹിയിൽ പോയതും ഈ രാജ്യത്തുതന്നെ സഞ്ചരിച്ചതും എല്ലാം ഇതിൽ പെട്ടിട്ടുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: മന്ത്രിമാരുടെ സഞ്ചാരപ്പടിക്കു ഗവർമ്മെണ്ടിൽനിന്നു അനുവദിക്കുന്ന സംഖ്യ ഇത്രയെന്നു ക്ലിപ്തമില്ലേ?

ശ്രീ. എ. ജെ. ജോൺ: ഫ ൬൫ രൂപ മന്ത്രിമാരുടെ സഞ്ചാരപ്പടിക്കനിശ്ചയിച്ചിരിക്കുന്നതു് തിരുവിതാംകൂർ-കൊച്ചിരാജ്യത്തിനകത്തു അവർ സഞ്ചരിക്കുന്നതിൻെറ പ്രാരംഭചെലവിലേയ്ക്കാണ്.

†This question was put by Sri. Sabastian Thoppil, with the permission of Mr. Speaker.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സഞ്ചാരപ്പടിക്ക നിക്കിവെച്ചിട്ടുള്ള സംഖ്യയിൽ ഏതെങ്കിലും ലാപ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: അങ്ങനെ സംഖ്യ നീക്കിവെച്ചിട്ടില്ല.

ശ്രീ ഇട്ടീര അമ്പുക്കൻ: ഡൽഹിയിൽ മററ മന്ത്രിമാരൊന്നും പോകുന്നില്ലേ:

ശ്രീ. ഏ. ജെ. ജോൺ: മററമന്ത്രിമാരും പോകാറുണ്ട്.

പൊതു ആരാധന സ്ഥലങ്ങൾ

*൧൨൧൨ (൧) ശ്രീ. റഫേൽ ജെ. റോഡ്രിംഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതുതായി ഒരു ആരാധനസ്ഥലം സ്ഥാപിക്കുന്നതിനു അതുപോലെ നിലവിലുള്ള ആരാധന സ്ഥലങ്ങളിൽ നിന്നു ഉണ്ടായിരിക്കേണ്ട ഏററവും കുറഞ്ഞ ദൂരമെന്താണ്;

(ബി) കൊട്ടാരക്കര താലൂക്കിൽ കോട്ടുകാൽ എന്ന സ്ഥലത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിനു അനുവാദത്തിനുള്ള അപേക്ഷയിന്മേൽ തഹസിൽദാർ അയച്ച റിപ്പോർട്ടിൽ തെററായ ദൂരം പ്രസ്താവിച്ചിരുന്നു എന്നു കാണിച്ച് ൯—൨—൫൨-ൽ കൊല്ലം രൂപതാധികാരിയിൽനിന്നും പരാതി ലഭിക്കുകയുണ്ടായോ;

(സി) അതിന്റെ സത്യാവസ്ഥ അറിയുന്നതിനു എന്തു ചെയ്തു?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഒരു ആരാധനാസ്ഥലത്തിന്റെ വളരെ സമീപത്തിൽ പുതുതായി ഒരു ആരാധനാസ്ഥലം അനുവദിച്ചുകൂടാ എന്നല്ലാതെ ഒരു ക്ലിപ്തദൂരം നിശ്ചയിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ൯—൨—൫൨-ൽ കൊല്ലം രൂപതാധികാരിയിൽനിന്നും പരാതി കിട്ടിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി കിട്ടിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ തന്നെ ആ പരാതി ഞാൻ തന്നെ തന്നതായിരുന്നുവെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതി തന്നിരിക്കാം. പക്ഷെ അത് റിക്കാർട്ടുകളുടെ കൂട്ടത്തിൽ കാണുന്നില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഇത്ര ദൂരം വേണമെന്നു ഖണ്ഡിതമായി ക്ലിപ്തപ്പെടുത്തുവാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: അതിനെക്കുറിച്ച് ആലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri A. K. George: May I know whether these applications for places of public worship are being forwarded to the Devaswom Board?

Sri T. K. Naryana Pillai: That was the practice. Now, it is not so.

ശ്രീ. വി. എ. അബ്ദുൾ അസ്സീസ്സ്: ഒരു ആരാധനാസ്ഥലത്തിനും, മറ്റൊരു ആരാധനാസ്ഥലത്തിനും തമ്മിൽ ക്ലിപ്തമായ ഇത്ര അകലം വേണമെന്നു് പറയുവാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഒരു അകലം വേണമെന്നു നിശ്ചയിച്ചിട്ടില്ല.

Sri. A. K. George: May I know whether the application in respect of തോട്ടപള്ളി was forwarded to the Devaswom Board?

Sri. T. K. Narayana Pillai: I claim notice.

Sri. K. P. Nilakanta Pillai: May I know whether it is not necessary when applications are received for places of public worship to look into the question whether other places of public worship are not affected or not?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണം നടത്തേണ്ടതു ആവശ്യമാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്ന കാര്യം ദേവസ്വം ബോർഡിലേയ്ക്കു റഫർ ചെയ്യുന്ന പതിവ് നിറുത്തുവാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ആരാധനാസ്ഥലങ്ങൾ പുതുതായിസ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ കിട്ടിയാൽ അതിനെക്കുറിച്ച് അന്വേഷിച്ച് ഗവർമ്മെൻറിലേയ്ക്കു റിപ്പോർട്ടുചെയ്യുന്നതിനു കലക്ടർക്ക് അയച്ചുകൊടുക്കും. കലക്ടർ അതു തഹസീൽദാർക്ക് അയച്ചുകൊടുത്തു് അന്വേഷണം നടത്തി റിപ്പോർട്ടു ഗവർമ്മെൻറിലേയ്ക്കു് അയയ്ക്കും. ആ റിപ്പോർട്ടിൽനിന്നു അടുത്തു മററു ആരാധനാസ്ഥലങ്ങൾ ഉണ്ടോ എന്നു അറിയുവാൻ സാധിക്കുന്നതുകൊണ്ടു് അതു ദേവസ്വം ബോർഡിലേയ്ക്കു അയക്കേണ്ട ആവശ്യമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കലക്ടർ അയയ്ക്കുന്ന റിപ്പോർട്ടിൽ പുതുതായി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ആരാധനാസ്ഥലത്തിൻെറ അടുത്തു ക്ഷേത്രമുണ്ടെന്നു പറഞ്ഞുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ദേവസ്വം ബോർഡിനോട് റഫർ ചെയ്യേണ്ടതല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ ആവശ്യം ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിലേയ്ക്കു ക്ലിപ്തമായ റൂൾസ് ഇല്ലെന്നു പറഞ്ഞു. പിന്നെ എങ്ങനെയാണ് ഈ വക അപേക്ഷകളെ സംബന്ധിച്ചു തടസ്സങ്ങളുണ്ടോ എന്നു തീർച്ചയാക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു ഗവർമ്മെൻറിൻെറ ഒരു നോട്ടിഫിക്കേഷൻ ഉണ്ടു്. ദൂരം ഇത്രയാണെന്നു് ക്ലിപ്തപ്പെടുത്തിയിട്ടില്ലെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു. അതിൽ "ക്ലോസ്സ് പ്രോക്സിമിററി" എന്നുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ക്ലോസ്സ് പ്രോക്സിമിററി (close proximity) എന്നു പറയുന്നതു വളരെ വേഗ് (vague) ആയതുകൊണ്ടു് ആർബിട്രറി (arbitrary) യായിട്ടു് അതിൽ ഡിസ്ക്രിഷൻ (discretion) ഉപയോഗിക്കുവാൻ ഇടയില്ലേ? (ഉത്തരം ഇല്ല).

Sri. D. Gnanasigamoni: Are the Government aware that under the standing rules there is absolutely no provision anywhere which compels the Government to make a reference to the Davaswom Board?

Sri. T. K. Naryana Pillai: Sir, I have said all what I have to say on this matter.

Sri. D. Gnanasigamoni: May I know whether it was the practice of the Government to refer such applications to any other institutions other than the Devaswom Board?

Sri. T. K. Narayana Pillai: I am not aware of that.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിനെ സംബന്ധിച്ചു് ആരാണു് അന്വേഷിച്ചു് റിപ്പോർട്ട് അയക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ തഹസീൽദാർ ആണു് അന്വേഷിച്ചു് റിപ്പോർട്ടു് അയക്കുന്നതു്. ചില കേസിൽ കലക്ടർ തന്നെപോയി അന്വേഷണം നടത്തി റിപ്പോർട്ടു് അയക്കും. പിന്നെ പബ്ലിക്ക്ഹെൽത്തു് ഡയറക്ടർ അതിനെപ്പററി റിപ്പോർട്ടു് അയക്കും. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് ഗവമ്മെൻറ തീരുമാനം ചെയ്യുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ക്ലോസ് പ്രോക്സിമിററി Close proximity എന്നു പറയുന്നതു് കുറേക്കൂടി വ്യക്തമാക്കുവാൻ ദയവുണ്ടാകുമോ?

Sri. T. K. Narayana Pillai: No. I do not think that the rules are very rigorous.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇവിടെ ഇന്നു നിലവിലുള്ള നിബന്ധനകൾ ഇൻഡ്യയിൽ വേറെ വല്ല പ്രാവിൻസുകളിലുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇവിടെ പന്ത്രണ്ടു തവണ പറഞ്ഞിട്ടുണ്ടു്.

ശ്രീ. മന്നത്തുപത്മനാഭൻ: ഇൻഡ്യയിൽ വേറെ പ്രവിശ്യകളിൽ ഇവിടെയുള്ളതുപോലെ ക്രിസ്ത്യാനികൾ ഉണ്ടോ?

(മറുപടി ഇല്ല)

ശ്രീ. ഇട്ടീര അമ്പൂക്കൻ: മാളാ നിയോജകമണ്ഡലത്തിൽ ഒരു പള്ളി പണിയുവാൻ ഇൻറഗ്രേഷനുമുമ്പു് കൊച്ചി ഗവമ്മെൻറ അനുവദിച്ചതനുസരിച്ചു് പണി ആരംഭിച്ചപ്പോൾ ആ പണി നിറുത്തിവയ്ക്കുവാൻ ഈ ഗവമ്മെൻറ കല്പന കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെ സംബന്ധിച്ചു് വേറെ ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

Sri. A. K. George: May I know the number of applications that have been refused on the recommendation of the Devaswom Board?

Sri. T. K. Narayana Pillai: I am sorry I must claim notice of that question.

ശ്രീ. ഇട്ടീര അമ്പൂക്കൻ: കട്ടുറുമ്പിനു് ജീവിക്കാമെന്നുള്ള ഈ രാജ്യത്തു് ക്രിസ്ത്യാനിക്കു ജീവിക്കുവാൻ ഇടംകൊടുക്കരുതോ?

Mr. Speaker: The question is too general to admit of an answer.

നെൽമൊത്തവ്യാപാരികൾ

* ൧൨൧൩. (വ്യ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നെൽമൊത്ത വ്യാപാരികളെ തെരഞ്ഞെടുക്കുന്നതു എന്തു തത്വം അടിസ്ഥാനമാക്കിയാണു്;

(ബി) നമ്മുടെ സ്റ്റേററിൽ ഓരോ ഡിസ്ത്രിക്ററിലും എത്ര നൂൽ മൊത്ത വ്യാപാരികളം ഉണ്ട്;

(സി) ഓരോ ഡിസ്ത്രിക്ടിലും ഒരുമാസത്തിൽ ശരാശരി എന്തുമാത്രം നൂൽ വിതരണം ചെയ്യപ്പെടുന്നുണ്ട്?

വിദ്യാഭ്യാസവും തൊഴിലും ഭക്ഷ്യവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) നൂൽ മൊത്തവ്യാപാരികളെ തിരഞ്ഞെടുക്കുന്നത്, ധനസ്ഥിതി, വ്യാപാരത്തിലുള്ള പൂർവ്വ പരിചയം, സ്വഭാവം ആദിയായ അടിസ്ഥാനത്തിന്മേലാണ്.

(ബി) തൃശ്ശിവപേരൂർ ഡിസ്ത്രിക്ട്		൨
കോട്ടയം	,,	ഇല്ല
കൊല്ലം	,,	൧
തിരുവനന്തപുരം	,,	൩

(സി) വിതരണം ചെയ്യുന്ന നൂലിന്റെ തുക അതാതു മാസത്തിൽ കിട്ടുന്ന ക്വോട്ടാ ആശ്രയിച്ചിരിക്കും. ഉദാഹരണമായി ൧൯൫൦ ഡിസംബർമാസത്തിൽ താഴെപറയുന്ന വിധത്തിൽ നൂൽ വിതരണം ചെയ്തു.

തൃശ്ശിവപേരൂർ ഡിസ്ത്രിക്ട്	൧൩൨	ബെയിൽസ്
കോട്ടയം	൭൮	,,
കൊല്ലം	൧൩൩	,,
തിരുവനന്തപുരം	൮൦൧	,,
ആകെ	൧൧൪൪	ബെയിൽസ്

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: കൊല്ലത്തു നൂൽ വിതരണത്തിന് ഒരു മൊത്തവ്യാപാരിയെമാത്രം നിയമിക്കാനുള്ള കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ നാട്ടിലെ നൂൽ വിതരണത്തിന്റെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

കയർസർവെ റിപ്പോർട്ട്

* ൧൨൧൭. (ൻ) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) റിസർച്ചു ഡിപ്പാർട്ടുമെന്റു മുഖേന നടത്തിയ കയർസർവെയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തതിന്റെ കാരണമെന്താണ്;

(ബി) ആ വകയ്ക്കു ഗവമെന്റിന് എന്തു തുക ചെലവായിട്ടുണ്ട്;

(സി) കയർസർവെ നടത്തിയവരെ പിരിച്ചുവിട്ടതിനുശേഷം അവർക്കു മുൻഗണന നൽകി വീണ്ടും ജോലികൊടുക്കാത്തതെന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും തൊഴിലും ഭക്ഷ്യവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) കയർ സർവ്വേ മുഖാന്തിരം ശേഖരിച്ചു സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം പൂർത്തിയാകാത്തതുകൊണ്ടാണ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തത്.

(ബി) ൪൧,൩൧൫ രൂപ. ൧൫ അണ. ൩ പൈ.

(സി) ഈ കാര്യം ആലോചനയിലിരിക്കുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അപഗ്രഥനം പൂർത്തിയാകാത്തതിന്റെ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കാരണം പൂർത്തിയാകാത്തതുതന്നെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കയർ സർവ്വെ നടത്തുന്നതിനായി കുറെ ആളുകളെ നിയമിക്കയും അതു കഴിഞ്ഞു് അവരെ പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവരെ പിരിച്ചുവിട്ടിട്ട് എത്രകാലമായെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ഒരുകൊല്ലത്തോളമായി.

ശ്രീ. കളത്തിൽ വേലായുധൻനായർ: കയർ സർവ്വെക്കാരിൽനിന്നും റിപ്പോർട്ട് കിട്ടിയതെന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അവരെ പിരിച്ചുവിടുന്നതിനു് മുൻപാണെന്നു് പറയാമെന്നല്ലാതെ നിശ്ചയമായും ഏതു ഡേററിലാണ് കിട്ടിയതെന്നു് പറയാൻ എന്റെ കൈവശം റിക്കാർഡില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപഗ്രഥനം നടത്താൻവേണ്ടി പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അദ്ദേഹത്തെ നിയമിച്ചതു് പബ്ലിക്സർവ്വീസ് കമ്മീഷണരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. ആർ. ശങ്കർ: അപഗ്രഥനം ചെയ്യുന്ന കാര്യത്തിൽ താമസം നേരിടുകയാണെങ്കിൽ ഒരിക്കൽ കളക്ട് ചെയ്ത ഡാററ ഉപയോഗശൂന്യമായിപ്പോകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉപയോഗശൂന്യമായി പോകത്തക്കവണ്ണം വലിയ കാലതാമസം ഉണ്ടാക്കുകയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അപഗ്രഥനം നടത്തുന്നതിനായിട്ടുള്ള സകല വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അപഗ്രഥനം നടത്തുന്നതിലേക്കുവേണ്ടി നിയമിച്ചിട്ടുള്ള സ്റ്റാഫിന്റെ എണ്ണം എത്രയാണെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൪.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപഗ്രഥനം എന്നാൽ ശരിയായി ഗ്രഹണം ചെയ്യുക എന്നല്ലേ അർത്ഥം?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

Sri. P. Balakrishnan Tampi: Is it an eclipse, or what is that?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം തന്നെ.

ശ്രീ. ആർ. ശങ്കർ: സ്റ്റാററിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിൽ ഉള്ളവരെക്കൊണ്ടു് ഈ അപഗ്രഥനം നടത്തിച്ചുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിലേക്കു് വേറെ ഒരു സ്റ്റാഫ് വേണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.

Sri. P. Balakrishnan Tampi: May I know whether the 'apagrahanam' people have not been appointed so far?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രഹണം എന്നു പറയുന്നതു് എക്ലിപ്സ് എന്നുള്ള അർത്ഥത്തിലല്ലാ ഞാൻ ഇവിടെ വിവരിച്ചിട്ടുള്ളതു്. അപഗ്രഥനം എന്നുള്ളതിന്റെ ശരിയായ അർത്ഥം നിഘണ്ടുവിൽ നോക്കിയാൽ കാണാവുന്നതാണു്. അപഗ്രഥനമെന്നു പറഞ്ഞാൽ എക്ലിപ്സ് എന്നർത്ഥമില്ല.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരങ്ങൾ അവസാനിച്ചിരിക്കുന്നു.

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ബഹു. കണ്ണാറ ഗോപാലപ്പണിക്കർ മാർച്ച് ൨൯-ാംനു ഉത്തരം പറയുന്നതിനായിട്ട് അയച്ചിരുന്ന ൩൩-ം ൪൩-ം നമ്പർ ചോദ്യങ്ങൾക്കു് ഉത്തരം അന്നു് തയ്യാറാകാത്തതുകൊണ്ടു് പറയാൻ സാധിച്ചില്ല. ഇപ്പോൾ അവയുടെ ഉത്തരം കിട്ടിയിട്ടുണ്ടു്. അവ Written Answers ന്റെ കൂട്ടത്തിൽ മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഉത്തരം തയ്യാറാകാത്തതുകൊണ്ടാണു് അന്നു മറുപടി പറയാൻ സാധിക്കാതെ പോയതെന്നു് ചീഫ് മിനിസ്റ്റർ പറയുന്നതു ശരിതന്നെ. എന്നാൽ ഇന്നു് അവയ്ക്കുള്ള ഉത്തരം തയാറായി വന്നിട്ടുള്ളതുകൊണ്ടു് അവ മേശപ്പുറത്തു വയ്ക്കാതെ സഭയിൽ പ്രസ്താവിച്ചുകൂടെ?

മിസ്റ്റർ സ്പീക്കർ: അന്നന്നു ഉത്തരം തയ്യാറാകാത്ത ചോദ്യങ്ങൾക്കു് പിന്നീടു ഉത്തരം തയ്യാറായിവരുമ്പോൾ ആ ഉത്തരങ്ങൾ മേശപ്പുറത്തു് വയ്ക്കുകയാണു് പതിവു്. അതനുസരിച്ചു് മേശപ്പുറത്തു വച്ചതാണു്.

Written Answers ‡

(The numbers within brackets indicated the serial numbers in the lists of admitted questions for the respective dates to which the questions were posted.)

Starred Question posted for Answer on 23—2—1951

പോലീസ് മർദ്ദനം

*൧൨൧൫. (൪൩) ശ്രീ. കോന്നനാത്തു കഞ്ഞിരാമ മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൪-ലും ൧൧൨൫-ലും ഐക്യസംസ്ഥാനത്തു് പോലീസ് മർദ്ദനംമൂലം അപായം വന്ന കേസുകൾ എത്ര ഉണ്ടായിട്ടുണ്ടു്;

(ബി) ആവിധമുള്ള അപായങ്ങൾ പോലീസ് മർദ്ദനം കൊണ്ടുണ്ടായതാണെന്നു് അന്വേഷണത്തിൽ തെളിഞ്ഞ കേസുകൾ എത്ര;

(സി) തെളിയാത്ത കേസുകൾ എത്ര:

(ഡി) അത്തരം കേസുകൾ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരാണു്;

(ഇ) അപ്രകാരം തെളിഞ്ഞ കേസുകൾക്കു് ഗവമെന്റ് എന്താണു് ശിക്ഷ നൽകിയതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧.

(ബി) ൧.

‡The answers herein published are in respect of questions which were included in the lists for previous days of the Session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

(സി) ഒന്നുമില്ല.

(ഡി) ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ.

(ഇ) കേസു കോടതിയിൽ നടപടി നടന്നു വരുന്നതുകൊണ്ട് ഗവമ്മെൻറ് നടപടി ഒന്നും എടുത്തിട്ടില്ല.

Starred question Posted for answer on 26—2—1951

കൺട്രോൾ സാധനങ്ങൾ

*൧൨൧൬. (൪൪) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ജനങ്ങൾക്ക നിത്യോപയോഗത്തിന കൺട്രോൾ ചെയ്തിട്ടുള്ള സാധനങ്ങൾ കമ്പോളങ്ങളിൽ ഒട്ടുംതന്നെ കിട്ടുന്നില്ലാ എന്നുള്ള പരാതി ബഹു. ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല

Starred Question posted for Answer on 26th February 1951

വനംപതിവ്

*൧൨൧൭. (൬൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം ഇന്നുവരെ (ഒരു വർഷത്തിനുള്ളിൽ) ഇരുപതു വർഷത്തെ അവധിക്കു കുത്തകപ്പാട്ടത്തിന കൊടുത്തിട്ടുണ്ടെന്നും അതു എത്ര പേർക്കായിട്ടാണ് കൊടുത്തിട്ടുള്ളതെന്നും, ആ സ്ഥലങ്ങളിലെ തടികൾ തിട്ടം വരുത്തി സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടാണോ കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ എഴുതി വെപ്പിച്ചിട്ടുണ്ടെങ്കിൽ ആകെ എത്ര തടികൾ ഇങ്ങിനെ സൂക്ഷിച്ചുകൊള്ളാമെന്നുള്ള ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ൫൬൨൯·൮൫ എക്കർ സ്ഥലം ൧,൩൯൬ പേർക്കായി കുത്തകപ്പാട്ടത്തിന കൊടുത്തിട്ടുണ്ട്. കുത്തകപ്പാട്ട ഉടമ്പടിയിൽ തടികൾ സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ട്.

		തടികളുടെ എണ്ണം
തേക്ക്	..	൫,൫൧൧
ഈട്ടി	..	൧,൫൦൨
മററു മരങ്ങൾ	..	൧൭,൬൨൦
ആകെ	..	൨൪,൬൩൩

Starred Question posted for Answer on 27th February 1951

ആലപ്പുഴ—ചേർത്തലത്തോട്

*൧൨൧൮. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും, ഗതാഗതാവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ—ചേർത്തലത്തോട് പണി ആരംഭിച്ചതു് എന്നാണ്;

(ബി) ഇതിനകം എത്ര മൈൽ ദൂരം പണി പൂർത്തിയായിട്ടുണ്ട്;
(സി) ഇതിനകം തോടുപണിക്ക് എത്ര രൂപാ ചിലവായി;
(ഡി) ഇപ്പോഴും പണി നടക്കുന്നുണ്ടോ;
(ഇ) തോടിന്റെ ആഴം കൂട്ടുന്നതിന് ഡ്രഡ്ജർ വേല ആരംഭിച്ചതെന്നാണ്;
(എഫ്) തുടരെ ആ ജോലി നടന്നോ;
(ജി) നടന്നില്ലെങ്കിൽ അതിന് കാരണം;
(എച്ച്) തോടിന്റെ പണി എന്നു പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൧൨൨-ൽ.

(ബി) വെള്ളനിരപ്പുവരെ തോടിന്റെ മുഴുവൻ നീളമായ ൧൩ മൈൽ ൨,൩൨൦ അടിയും ൧൧൨൪-ൽ താഴ്ത്തിയിട്ടുണ്ട്. ഡ്രഡ്ജർ ഉപയോഗിച്ച് ആലപ്പുഴനിന്നും ഏകദേശം നാലു മൈൽ വടക്കോട്ട് താഴ്ത്തിക്കഴിഞ്ഞു.

(സി) ൫,൬൬,൪൦൬ രൂപാ.

(ഡി) ഇല്ല.

(ഇ) ൧൯൪൯ ഡിസംബർ മാസത്തിൽ.

(എഫ്) ഇല്ല. ൧൯൫൦ നവംബർ മാസംവരെ മാത്രമേ ജോലി നടന്നുള്ളു.

(ജി) ൧൯൫൦ നവംബർ മാസത്തിൽ ഡ്രഡ്ജറിനു കേടുപററിയതിനാലും പിന്നീട് എടത്വായ്ക്ക് കൊണ്ടുപോകേണ്ടിവന്നതിനാലും.

(എച്ച്) തുടർച്ചയായി പണി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നപക്ഷം ഒന്നരക്കൊല്ലംകൊണ്ടു തീരുമെന്ന് ഉദ്ദേശിക്കുന്നു.

Starred Question posted for Answer on 28th February 1951

കുഴൽകിണറുകൾ

* ൧൨൧൯. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൦-ൽ കുഴൽ കിണറുകൾ ഏതെല്ലാം താലൂക്കിൽ സ്ഥാപിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): കരുനാഗപ്പള്ളി താലൂക്കിൽ ആലുങ്കടവ് എന്ന സ്ഥലത്തും കാർത്തികപ്പള്ളി താലൂക്കിൽ തെക്കെ കണ്ടല്ലൂരിൽ കണ്ടൻപുരം എന്ന സ്ഥലത്തും കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കണ്ടൻപുരത്തെ കുഴൽകിണറിന്റെ ജോലി പൂർത്തിയായില്ല.

Starred Questions posted for Answer on 1st March 1951

കൃഷിഭൂമി

* ൧൨൨൦. (൫൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദേവികുളം താലൂക്കിലെ പള്ളിവാസൽ പകുതിയിലും പീരുമേട് താലൂക്കിലെ ഉപ്പുതറ പ്രദേശങ്ങളിലും അടുത്ത കാലത്തു കുത്തകപാട്ടത്തിനു കൃഷിക്കായി ഭൂമി കൊടുത്തതിൽ ദരിദ്രന്മാരുടെ അപേക്ഷകളെ അവഗണിച്ചുകൊണ്ട് മററുള്ളവർക്കു കൊടുത്തു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനം

* ൧൨൨൧. (൯൮) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു മദ്യനിരോധനം നടപ്പിൽ വരുത്തിയതു് ഏതെല്ലാം താലൂക്കിലാണു്;

(ബി) ൧൧൨൫-ൽ മദ്യനിരോധനം സംബന്ധിച്ചു് എത്ര കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ടു്;

(സി) അതിൽ എത്ര സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തോവാള, അഗസ്തീശ്വരം, കൽകുളം, വിളവംകോടു്, നെയ്യാററുംകര, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴ്, ചെങ്കോട്ട, പത്തനാപുരം, ചിററൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ.

(ബി) ൯൧൩.

(സി) ൧൧.

Starred Questions posted for Answer on 2nd March 1951

കൃഷിക്കു കൂടുതൽ സ്ഥലം

* ൧൨൨൨. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൧൨൫ ഏപ്രിലിനുശേഷം പുതിയതായി എത്ര ഏക്കർ സ്ഥലം കൃഷിക്കു നൽകിയിട്ടുണ്ടു്;

(ബി) കൃഷിക്കു നൽകിയ സ്ഥലങ്ങളിൽ കൃഷി ഇറക്കിയിട്ടുണ്ടോ;

(സി) അങ്ങനെ നൽകിയ സ്ഥലങ്ങളിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്തു;

(ഡി) ആ ഇനത്തിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൮,൯൧൩ ഏക്കർ.

(ബി) ഉണ്ടു്. ഉദ്ദേശം ൧,൩൦൦ ഏക്കറിൽ.

(സി) നെല്ലും മരച്ചീനി മുതലായ ഉപഭക്ഷ്യസാധനങ്ങളും.

(ഡി) ൬൩൦ ടൺ.

ആത്മഹത്യകൾ

* ൧൨൨൩. (൪൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാന രൂപീകരണത്തിനുശേഷം തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും എത്ര ആത്മഹത്യകൾ ഉണ്ടായിട്ടുണ്ടു്; അവ

യിൽ പട്ടിണി നൈരാശ്യംമൂലം ഉണ്ടായവ എത്ര; പ്രണയനൈരാശ്യംമൂലം ഉണ്ടായവ എത്ര; സ്ഥിരബുദ്ധിയില്ലായ്മ മുതലായ മററു കാരണങ്ങൾമൂലം ഉണ്ടായവ എത്ര ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

തൃശ്ശിവപേരൂർ ഡിസ്ത്രിക്റ്റിൽ ൨൦൬-ം, കോട്ടയം ഡിസ്ത്രിക്റ്റിൽ ൧൫൪-ം, കൊല്ലം ഡിസ്ത്രിക്റ്റിൽ ൨൨൩-ം, തിരുവനന്തപുരം ഡിസ്ത്രിക്റ്റിൽ ൨൬൯-ംകൂടി ആകെ ൬൯൩. ഇതിൽ ൭൭ എണ്ണം പട്ടിണിനൈരാശ്യംമൂലവും, ൧൯൦ എണ്ണം പ്രണയനൈരാശ്യംമൂലവും, ൭൩൯ എണ്ണം ചിത്തഭ്രമം മുതലായ കാരണങ്ങളാലും ആണ്.

IRRIGATION OF THE PADDY FIELDS

***1224.** [64] **Sri. P. K. Krishnankutty Menon:** Will the Hon'ble the Chief Minister be pleased to state.—

whether the agriculturists of Chowarah and neighbouring villages in C. K. Taluk have submitted a scheme for irrigation of the paddy fields in those villages towards the end of 1950 to the Government and if so, what action the Government has taken on the same?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**
No such scheme was received by Government.

കുടിയിറക്ക്

*൧൨൨൫. (൬൫) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ നവംബർ ൨൩-ാംനു- കൊച്ചി കണയന്നൂർ താലൂക്കിൽ തിരുവാങ്കുളം വില്ലേജിൽ വല്ലയിൽ കുഞ്ഞുണ്ണിനായർ തന്റെ പറമ്പിൽ താമസിച്ചിരുന്ന കറുമ്പൻ ഭാര്യ കാളിയുടെ മക്കളെ ദേഹോപദ്രവം ഏല്പിക്കുകയും ടി. കാളിയേയും മക്കളേയും ബലമായി കുടിയിറക്കിവിടുകയും ചെയ്തതായും പിന്നീട് വേറൊരുദിവസം അവരുടെ പുര പൊളിച്ചുകളഞ്ഞതായും കാണിച്ചു ൩—൧൨—൫൦-ൽ പോലീസ് ഇൻസ്പെക്ടർ ജനറലിന് ഒരു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ൨—൨—൫൧-ൽ അതിനെക്കുറിച്ചു പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് ഒരു റിമൈൻഡർ ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത ആവലാതിയെക്കുറിച്ചു ൧൫—൫—൨൭-ലെ എക്സ്പ്രസ്സിൽ ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മർദ്ദനത്തിൽ പ്രതിഷേധിച്ച് ൨—൧൨—൫൦-ൽ തിരുവാംകുളം വില്ലേജിൽ കരിഞ്ഞാമ്പാറ കവലയിൽവെച്ച് കൂടിയ ഒരു പൗരമഹായോഗത്തിൽ പാസ്സാക്കിയ പ്രമേയം പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ഇ) ആ ആക്ഷേപങ്ങളെ സംബന്ധിച്ച് വല്ല നടപടിയും ബഹുമാനപ്പെട്ട ഗവമ്മെൻറാ ഇൻസ്പെക്ടർ ജനറലോ സ്വീകരിക്കയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ നടപടികളുടെ ഫലമെന്ത്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) മുതൽ (ഇ) വരെ ഉവ്വ്.

(എഫ്) അന്വേഷണത്തിൽ കുഞ്ഞുണ്ണിനായർ പോലീസിന് നടപടി എടുക്കത്തക്ക കുററമൊന്നും ചെയ്തതായി തെളിവായില്ല. അതിനാൽ മേൽനടപടി ആവശ്യമായിവന്നില്ല.

കുടിയിറക്ക്

*ഫവവന്ന. (വ്യ ൧) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫ ഫ വ ന്ന ധനു ഫ-ാംന്ദ തിരുവാംകുളം വില്ലേജിൽ കരിങ്ങാച്ചിറ ദേശത്ത് കുഞ്ഞമ്മിണി എന്ന് സാധാരണ അറിയപ്പെടുന്ന അബ്രഹാം എന്ന ആളിന്റെ മകൻ ജോസഫ് എന്ന ആൾ ഇരിമ്പനം ദേശത്ത് തന്റെ പറമ്പിൽ താമസിച്ചിരുന്ന ചെറുമാളിയേൽ അയ്യപ്പൻ മകൾ കാളിക്കുട്ടി എന്ന ഒരു ഈഴവസ്ത്രീയുടെ പുര പൊളിച്ചുകളഞ്ഞതിനേയും മററും സംബന്ധിച്ച് വല്ല ആക്ഷേപവും വൻ— ഫവ— ൫ ൦, ന ഫ— ഫ—൭ ഫ എന്നീ തീയതികളിൽ ബഹു. പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ ഫ൭— ൫—വന്ന-ലെ എക്സ്പ്രസ്സിൽ കൊടുത്തിരുന്ന ലേഖനത്തിന്റെ രണ്ടാമത്തെ പാരയിൽ മേൽപറഞ്ഞ സംഭവത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതായി ഗവമെൻറിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

(സി) ടി സംഭവത്തെക്കുറിച്ച് തൃപ്പൂണിത്തുറ ടൗൺ പോലീസ് സ്റ്റേഷനിൽ സങ്കടം ബോധിപ്പിക്കാൻ ചെന്ന ടി കാളിക്കുട്ടിയുടെ ഹർജി ഇൻസ്പെക്ടർ നിരസിക്കുകയും കാളിക്കുട്ടിയെ ആട്ടിപ്പായിക്കുകയും ചെയ്തു എന്നുള്ള പരാതിയും ബഹു. ഇൻസ്പെക്ടർ ജനറലിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) മേൽപറഞ്ഞ ആക്ഷേപങ്ങൾക്കെല്ലാം ഇൻസ്പെക്ടർ ജനറലോ ഗവമെൻേറാ എന്തു നടപടികൾ എടുത്തു എന്നും ആ നടപടികളുടെ ഫലം എന്തെന്നും അറിയിക്കുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ, ബി, സി) ഉവ്വ്.

(ഡി) അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

സ്ഥലം കൈവശപ്പെടുത്തിയതിനെപ്പററിയുള്ള പരാതി

*ഫവവ൧. (വ്യ വ്യ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൪— ഫ— ൫ ഫ-ൽ കുന്നത്തുനാട് താലൂക്ക് ചെമ്മനാട് പകുതിയിൽ കുററകരയിൽ പറണ്ടത്തുകോര, മാത്യു, കുരിയാക്കോ മുതൽപേർ കൂടി ഇടപ്പള്ളി പോലീസ് ഇൻസ്പെക്ടരോടുകൂടി ചെന്നു കുററക്കരയിൽ പൈങ്കിളി മക്കൾ കണ്ണൻ, തേവൻ, എന്നിവരുടെ കൈവശാവകാശമുള്ള ഉദ്ദേശം ഒന്നര ഏക്കർ സ്ഥലവും അതിലുള്ള അവരുടെ ദേഹണ്ഡങ്ങളും അന്യായവും നിയമവിരുദ്ധവുമായ നിലയിൽ ബലമായി കൈവശപ്പെടുത്തിയിരിക്കുന്നതായി കാണിച്ച് ഫ വ്യ— ഫ— ൫ ഫ-ൽ അയക്കപ്പെട്ടിട്ടുള്ള ഒരു ഹർജി പോലീസ് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ടി ഹർജിയെക്കുറിച്ച് ഗവമെൻറ് അന്വേഷിക്കയുണ്ടായിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

Starred questions posted for answer on 3—3—1951

ELECTRIC LINE

***1228.** [18] **Sri. A. M. Thomas:** Will the Hon'ble Minister for Public Works be pleased to state.—

(*a*) has the Government extended the electric line from Trichur to Peechi; and

(*b*) is it a fact that the line does not go through Vaniampara road which is a highway line?

Chief Minister **(Sri. C. Kesavan):**

78.	Thommen Joseph	do.	do.
79.	Frenchi John	do.	do.
80.	Ayyappan Karunakaran	do.	do.
81.	Ayyappan Bhaskaran	do.	do.
82.	K. C. Velayudhan	do.	do.
83.	Kochu Cherukkan	do.	do.
84.	Ayyappan Padmanabhan	do.	do.
85.	Padmanabhan Vasudevan	do.	do.
86.	Kunjuraman Sankaran	do.	do.

List

Names		*Conditions*
87.	S. Kumaran	Released on bail by Court on condition that he will not participate in subversive actitvies
88.	Kandakochu Narayanan	do. do.
89.	Karutha Pappu	do. do.
90.	Raman Thankappan	do. do.
91.	Raman Viswambharan	do. do.
92.	Raman Kesavan	do. do.
93.	V. K. Sreedharan	do. do.
94.	Nanukutty of Kayamkulam	They were released on bail on executing bonds for Rs. 1,000 with two sureties for each of them for the same sum and on condition that they will not take part in anti-Government activities
95.	Orakkadasseri Kuttappan of Kayamkulam	
96.	Mettuthara Narayanan	
97.	Thayyiltharayil Kuttappan	
98.	K. K. Krishnankutty	
99.	Padmanabhan Vasudevan of Vallikunnam	
100.	Kunjuraman Sankaran of Vallikunnam	
101.	K. K. Warrier	On bail on his undertaking not to take part in subversive actitvities
102.	P. K. Kumaran	On furnishing security for good conduct

Note.—32 Communist prisoners were also released from Jail on the expiry of the terms of imprisonment.

Unstarred question posted for answer on 23—2—1951

പുഴക്കൽ ബണ്ട്

ഫ വ ൧ (ന) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്റ്റിൽ വെള്ളം കയററി നിറുത്തിയിരുന്ന പുഴക്കൽ ബണ്ട് പൊട്ടിയ വിവരം ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതുമൂലം എത്ര ഏക്കർ കൃഷിക്ക് നഷ്ടം വന്നിട്ടുണ്ട്;

(സി) അങ്ങിനെ നേരിട്ട നഷ്ടത്തിന് കൃഷിക്കാർക്ക് ഗവർമ്മെൻറ് വല്ല സഹായങ്ങളോ, ആനുകൂല്യങ്ങളോ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വീണ്ടും ബണ്ട് കെട്ടുന്നതിനും, വെള്ളം പമ്പുചെയ്യുന്നതിനുമായി ഗവർമ്മെൻറിന് എന്തു ചിലവു വന്നിട്ടുണ്ട്;

(ഇ) ബണ്ട് കെട്ടുന്നതിൻെറ ഉത്തരവാദിത്വം വഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.
(ബി) കൃഷിക്ക് നഷ്ടം നേരിട്ടിട്ടില്ല
(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കണക്കു തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചിലവായ തുകയെന്തെന്നു് പറയുവാൻ നിവൃത്തിയില്ല.

(ഇ) കോഓർഡിനേഷൻ അതോറിട്ടിയാണ് ഇതിന്റെ ഉത്തരവാദിത്വം വഹിച്ചതു്.

Unstarred question posted for answer on 3rd March 1951

TUBE WELL BORING

128. [5] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications, be pleased to state.—

whether the operation of the tube well boring in Nayarambalam is continued; f not, why?

Chief Minister **(Sri. C. Kesavan):**

No. The present boring equipment is not sufficient to bore deeper in rock. Hence the work has been stopped. There is also no necessity to continue the boring operation, in view of the proposals to extend the supply of Alwaye Water to the northern littoral tracts by laying pipe-line via Parur and Vadakekkara.

Unstarred question posted for answer on 5—3—1951

മദ്യനിരോധനം

൧൨൯ (൨) ശ്രീമതി ദേവകിഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ലെ ദ്വിതീയ വർഷപാതത്തിൽ തിരു-കൊച്ചി സംസ്ഥാനത്തു എത്ര മദ്യനിരോധനക്കേസ്സുകൾ വാഹനങ്ങൾ ചെക്കചെയ്തു കണ്ടുപിടിച്ചിട്ടുണ്ടെന്നു പറയുമോ;

(ബി) അവരിൽ ഉദ്യോഗസ്ഥന്മാർ എത്ര; അനുദ്യോഗസ്ഥന്മാർ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൯൪ കേസ്സുകൾ.

(ബി) ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ൭ കേസ്സുകൾ. അനുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ൮൭ കേസ്സുകൾ.

Unstarred question posted for answer on 7th March 1951

COMPENSATION FROM CENTRAL GOVERNMENT

130. [8] **Sri. N. P. Verghese:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the total amount of Revenue lost by the State due to the accession to the Indian Union;

(*b*) the total amount of Revenue appropriated by the Centre on the following items: (1) duty on exports and imports (2) Income Tax;

(*c*) the amount the Central Government are paying to the State as compensation;

(*d*) whether any amount is paid by the Centre as food subsidy; if so how much?

Minister for Finance, Law and Revenue **(Sri. A. J. John):**

The following figures have been arrived at provisionally:—

(*a*) Rs. 366·32 lakhs.

(*b*) (1) Rs. 93·00 lakhs.

(2) Rs. 206·74 lakhs.

(c) The Government of India have guaranteed the re-imbursement to this State, of a sum of Rs. 307·57 lakhs, in each of the 3 years 1950-51, 1951-52 and 1952-53; Rs. 282·23 lakhs in each of the years 1953-54 and 1954-55, and thereafter of amounts tapering down to Rs. 222·80 lakhs for the 10th year, *viz.*, 1959-60.

(d) With the Federal Financial Integration, the State became eligible for a subsidy of 75 per cent of the loss incurred on the sale of rice imported from outside, from the Government of India. Later on, however, the Government of India have revised their food subsidy scheme and only an amount of Rs. 150 lakhs is now offered for the year 1951. The matter has not been finally settled. An enhanced subsidy for food is expected.

ചവറ ആശുപത്രി

൫൩൫ (൫൫) ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ചവറ ആശുപത്രിയിലെ മെഡിക്കൽ ആഫീസറെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ലഭിച്ചിട്ടുണ്ട്.

Unstarred questions posted for answer on 10th March 1951

ശിക്ഷണനടപടി

൫൩൨ (൭) ശ്രീ. ജി. എ. ലോപ്പസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ജീവനക്കാരെ ശിക്ഷിക്കുന്നതു സംബന്ധിച്ചുള്ള നടപടി, ശിക്ഷയുടെ തോതു് ഇവ നിശ്ചയിച്ച് ഏതെങ്കിലും റൂൾസ് ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ജീവനക്കാരെ ശിക്ഷിക്കുന്നതു് സംബന്ധിച്ച നടപടികൾക്കു് റൂളുണ്ട്.

Unstarred questions posted for answer on 14th March 1951

ഫുഡ് പ്രൊഡക്ഷൻ കമ്മിററി

൫൯൩ (൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിൻകര താലൂക്കു് ഫുഡ് പ്രൊഡക്ഷൻ കമ്മററി സമാരംഭിച്ചതിനുശേഷം ഓരോ വഷവും കഷകരിൽ നിന്നും എത്ര പെററീഷൻസ് കിട്ടിയിട്ടുണ്ട്;

(ബി) അവയിൽ ഓരോ വഷവും കമ്മററി ചച്ചചെയ്തു് ഗവമ്മെൻറിലേക്കു് റക്കമെൻറു് ചെയ്തിട്ടുള്ളവ എത്ര;

(സി) അവയിൽ എത്രയെണ്ണം സാങ്ങ്ഷൻ ചെയ്തിട്ടുണ്ട്; സാങ്ങ്ഷൻ ചെയ്തിട്ടുള്ളതിൽ എത്രയെണ്ണം നടപ്പിൽ വരുത്തിയിട്ടുണ്ട്?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും, വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കമ്മററി സമാരംഭിച്ചതിനുശേഷം ഇതുവരെ ആകെ ൨൬൦ അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) ൨ ൦ ൩.

(സി) ൫ ൨ ൨, ൫ ൫ ൮.

Unstarred question posted for answer on 15th March 1951

MIDWIFERY

134. [9] **Sri. A. P. Udayabhanu :** Will the Hon'ble Minister for Finance and Revenue be pleased to state.—

whether he has received representations to the effect that a midwifery centre should be established at Muthukulam in Karthikapally Taluk ?

Minister for Finance, Law and Revenue **(Sri. A. J. John):**

Yes.

Unstarred question posted for answer on 17th March 1951

ELECTRIC SUPPLY

135. [11] **Sri. Ambrose:** Will the Hon'ble Minister for Public Works be pleased to answer the following questions.—

(*a*) what is the reason for not giving electric supply to the streets, even after electricity has been supplied to Cape Comorin;

(*b*) if they intend to give the supply when do they propose to do so ?

Chief Minister **(Sri. C. Kesavan):**

(*a*) Electric street lights were not provided at Cape Comorin as the Public Health Department was already maintaining Petromax and kerosene oil lights.

(*b*) The question of providing electric street lights in 1951-52 is under consideration.

Statement of Centres to be electrified in 1950—51

1. Olarikara
2. Kandassan Kadavu
3. Pullanikad Angadi
4. Cherpu
5. Oorakam
6. Chovur
7. Kanimangalam
8. Kurkancherry
9. Puzhakkal
10. Pullur
11. Manjummal
12. Kaladi
13. Keezhamade
14. Pandalam
15. Adoor
16. Kozhencherry
17. Aranmula
18. Puramattom
19. Arattupuzha
20. Thankassery
21. Ezhukone
22. Paripally
23. Cheppad
24. Nangyarkulangara
25. Panmana
26. Puthupally
27. Vazhur
28. Pampady
29. Ponkunnam
30. Kanjirappally
31. Mayyanad
32. Manguzhi
33. Suchindram
34. Thiruppathisaram
35. Kottaram
36. Thovala
37. Bhoothapandy
38. Avanavancherry
39. Manavalakurchi
40. Cape Comorin
41. Thalakulam
42. Kumarakovil
43. Theroor
44. Agastheeswaram
45. Bhimanagari
46. Thazhakudi
47. Aramboly
48. Vattiyoorkavu
49. Kulasekharam
50. Nedumangad
51. Paravoor
52. Karuvanoor
53. Kattoot
54. Karanchira

Unstarred question posted for answer on 20th March 1951

AMA CHIRA

136. (5) **Sri. M. Varki:** Will the Hon'ble Minister for Public Works be pleased to State.—

(*a*) whether the Government have received any representation regarding the improvement and protection of Ama Chira in Assamannur pakuthi, Kunnathunad taluk by the Public Health Department; and

(*b*) What steps have been taken in the matter?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Provision for the work has been proposed in the Budget of 1951-52.

Unstarred question posted for answer on 21st March 1951

PRICE OF TOBACCO

137. (41) **Sri. E. P. Poulose:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) What was the average price per pound of tobacco in the Travancore and Cochin areas of the State before the introduction of salestax on tobacco;

(*b*) What is the price per pound of tobacco at present?

Minister for Finance, Revenue and Law **(Sri. A. J. John):**

		Rs.	*A.*	*P.*
(*a*)	TRAVANCORE AREA			
	Jaffna tobacco	3	0	0
	Coimbatore tobacco	1	10	0
	COCHIN AREA			
	Best variety	3	0	0
	Lowest variety	1	8	0
(*b*)	TRAVANCORE AREA			
	Jaffna tobacco	3	14	0
	Coimbatore tobacco	2	5	0
	COCHIN AREA			
	Best variety	4	0	0
	Lowest variety	2	0	0

Unstarred questions posted for answer on 26th March 1951

റാന്നി റിസർവ്വ്

ക്രമ വ്യ. (൪) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ മണിമല റെയിഞ്ചിൽ റാന്നി റിസർവ്വിൽപെട്ട തെളിക്കോട്ട് ഭാഗത്തിൽ പിന്നോക്കസമുദായക്കാർക്ക് ഭക്ഷ്യോല്പാദനത്തിനു വേണ്ടി കൊടുത്തിട്ടുള്ള ഭൂമികൾ ഒഴിപ്പിച്ചെടുക്കുവാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ നിന്നും നടപടി എടുത്തിട്ടുണ്ടോ;

(ബി) എത്ര കാലാവധി വെച്ചിട്ടാണ് ഇവർക്ക് ടി സ്ഥലങ്ങൾ കൊടുത്തിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മണിമല റെയിഞ്ചിൽ തെളിക്കോട്ട് ബ്ലോക്കിൽ കൃഷിക്ക് വിട്ടുകൊടുത്തിട്ടുള്ള ഏതാനം ചില സ്ഥലങ്ങൾ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ഒഴിപ്പിച്ചെടുക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) മൂന്നു വർഷം.

MILK CANTEENS

139. (5) **Sri. P. M. Varghese:** Will the Hon'ble Minister for Health be pleased to state.—

(*a*) the number of milk canteens permitted to be opend in the State in 1951;

(*b*) the number allowed to be opend in Thodupuzha taluk; and

(*c*) the number of milk canteens that was run last year?

Minister for Finance, Revenue and Law (**Sri. A. J. John**):

(*a*) No target number has been fixed for 1951. So far 90 distribution Centres including hospitals and primary schools have been sanctioned this year. The number of centres will be increased if more supplies of milk powder are received in the State.

(*b*) One.

(*c*) 172; Besides these there were 71 primary schools where also arrangements were made for free milk feeding.

PURCHASE OF PADDY

140. (6) **Sri. P. M. Varghese:** Will the Hon'ble Minister for Food be pleased to state.—

(*a*) the total quantity of paddy purchased last year in the State;

(*b*) the quantity purchased up to date since the appointment of special staff for the purpose *i. e.*, G. P. Tahsildars etc.

(*c*) whether the quantity purchased justify the additional expense incurred on their appointments?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) In 1950—1,34,45, 638 paras.

(*b*) 50,49,720 paras from Travancore area.

(*c*) This question does not arise as the special staff appointed was not for procurement alone. They are also attending to rationing, textile control, food production etc.

ആരോപണങ്ങൾ

൧൪൧. (൭) ശ്രീ. എസ്. ശിവരാമനാശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്കോട്ട ഗവണ്മെന്റ് ആശുപത്രിയിലെ ലേഡീഡോക്ടരുടെമേൽ സ്ഥലവാസികളുടെ ഗുരുതരമായ ആരോപണങ്ങൾ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ലനടപടിയും ബഹുമാനപ്പെട്ട ഗവണ്മെന്റ് നടത്തിയിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ഈ ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ സർജൻ ജനറലിനു് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അന്വേഷണം കഴിഞ്ഞാൽ പിന്നെ വേണ്ട നടപടി എടുക്കുന്നതാണ്.

Unstarred question posted for answer on 27th March 1951

DAMAGES TO FORESTS FROM WILD FIRE

142. [2] **Sri. P. M. Varghese:** Will the Hon'ble Minister for Forests be pleased to state.—

(*a*) whether Government are aware that most of the minor forests in the State have been destroyed by wild fire this year;

(*b*) the measures Government propose to take to prevent recurrence of the same next year and succeeding years; and

(*c*) whether it is not the duty of the Conservator of Forests to prevent the damage to forests from wild fire?

Chief Minister **(Sri. C. Kesavan):**

(*a*) No.

(*b*) Fire line clearing is being done wherever necessary every year.

(*c*) Yes. Measures to prevent damages from wild fire are being taken but sometimes fire occur in spite of precautions.

Unstarred questions posted for answer on 30th March 1951

സിവിൽ സപ്ലൈസ് കമ്മീഷണർ

൧൪൩. (൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സിവിൽ സപ്ലൈസ് കമ്മീഷണർ ശ്രീ. വി. കെ. ആർ. മേനോൻ ഈയിടെ ലീവു് എടുത്തപ്പോൾ ആരെയാണ് പകരം നിയമിച്ചതു്;

(ബി) യഥാർത്ഥ അവകാശിയായ എറണാകുളത്തെ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കുഞ്ഞൻനായരെ പകരം നിയമിക്കണമെന്നു് കമ്മീഷണരും അന്നത്തെ ഫുഡ് മിനിസ്റ്ററും ശക്തിയായി ശുപാർശ ചെയ്തിട്ടും ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ടതിന്റെ കാരണം എന്തു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആരെയും പകരം നിയമിക്കുകയുണ്ടായില്ല. തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർക്കു് ചാർജ്ജ് കൊടുക്കുകയാണ് ഉണ്ടായതു്.

(ബി) ആരേയും പകരം നിയമിക്കാഞ്ഞതുകൊണ്ടു് ശ്രീ. കുഞ്ഞൻനായരുടെ അവകാശം അവഗണിക്കപ്പെട്ടു എന്നു പറയുവാൻ തരമില്ല.

PAY OF NURSES ETC.

144. [2] **Sri. Eapen Arackal:** Will the Hon'ble Minister for Medical be pleased to state.—

what are the salary grades of nurses, and laboratory assistants in the Hospitals?

Minister for Finance, Revenue and Law **(Sri. A. J. John):**
Nurses: I Grade Rs. 45—5—75.
II Grade Rs. 30—3—45.
Laboratory Assistants:
I Grade Rs. 45—5—75.
II Grade Rs. 30—3—45.

ADJOURNMENT MOTION REGARDING MALABAR SPECIAL POLICE

മിസ്റ്റർ സ്പീക്കർ: തിരുവിതാംകൂർ-കൊച്ചി അതൃത്തിയിൽ മലബാർ പോലീസ് കടന്നുചെന്ന് ചില അക്രമപ്രവർത്തികൾ ചെയ്തതായി വിവരിച്ച് ഒരടിയന്തരപ്രമേയം ഈ സഭയിൽ കുറച്ചു ദിവസങ്ങൾക്കുമുമ്പ് അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് വാദപ്രതിവാദത്തിന് എടുക്കത്തക്കത് തന്നെയോ എന്നു തീരുമാനിക്കുന്നതിനു മുമ്പ് അതിനെപ്പററിയുള്ള വിവരങ്ങൾ മുഴുവനും കിട്ടേണ്ടിയിരുന്നു. അതിലേക്ക് മദ്രാസ് ഗവമ്മെൻറുമായിട്ട് എഴുത്തുകുത്ത് നടത്തുന്നതാണെന്നു പറഞ്ഞതുപോലെ നടത്തി വേണ്ട വിവരങ്ങൾ അറിഞ്ഞിരിക്കുമെന്നു വിചാരിക്കുന്നു.

ചീഫ്മിനിസ്റ്റർ ശ്രീ. സി. കേശവൻ: സർ, ഈ കാര്യത്തെപ്പററി മദ്രാസ് ഗവമ്മെൻറുമായിട്ട് എഴുത്തുകുത്ത് നടത്തിയതിനും പുറമെ കമ്പിസന്ദേശം അയച്ചിട്ടുണ്ടായിരുന്നു. അതിൻെറ ഫലമായി മദ്രാസ് ഗവമ്മെൻറ് മലബാർ ഡിസ്ട്രിക്ട് കലക്ടർക്ക് എഴുതി ചോദിക്കയും ഡിസ്ട്രിക്ട് കലക്ടർ അതിന്മേലുള്ള വിശദവിവരങ്ങൾ മദ്രാസ് ഗവമ്മെൻറിന് അയച്ചുകൊടുത്തിട്ടില്ലെന്നും, അയച്ചുകൊടുത്താൽ ഉടൻ മദ്രാസ് ഗവമ്മെൻറ് വിവരം അറിയിക്കാമെന്നു പറഞ്ഞിട്ടുമുണ്ട്.

Mr. Speaker: Is the letter available for reference?

Sri. C. Kesavan: No, I have not got the letter.

Sri. Chidambaranatha Nadar: Sir, will the Kattur village people be asked to collect an army and wage a war there?

Sri. C. Kesavan: There is no question of collecting an army for waging war in this matter.

Mr. Speaker: I shall read the communication received form the Government of Madras. "Reference your H4 7951/51 CS. dated 20th regarding raiding of Kattoor by M. S. P. Madras Government; awaiting report from Collector, Malabar. Detailed report will follow."

Sri. C. Kesavan: That report has not been received.

മിസ്റ്റർ സ്പീക്കർ: ഈ കാര്യത്തിൻെറ മുഴുവൻ വിവരങ്ങളും മദ്രാസ് ഗവമ്മെൻറിൽനിന്നും കിട്ടാതെ ഇവയെസംബന്ധിച്ച് വാദപ്രതിവാദം നടത്തുന്നത് ശരിയായിരിക്കുകയില്ല. വാദപ്രതിവാദം നടത്തണ്ടായെന്ന് എനിക്കഭിപ്രായമില്ല. ഏതായാലും മദ്രാസ് ഗവമ്മെൻറിൻെറ മറുപടിക്കുശേഷം ആലോചിച്ചു പ്രവർത്തിക്കാം.

Their further report is awaited.

Dr. M. O. Cheriyan: Regarding this adjournment motion, has this Government called forth any report from the Collector of Trichur?

ശ്രീ. സി. കേശവൻ: ഇതേ റിപ്പോർട്ടാണ്.

Mr. Speaker: The Government of Madras has been addressed in this matter for detailed information in regard to the incidents alleged and the high-handedness

of the Police in general. Consideration of this matter may be resumed after receipt of the information asked for.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, തിരുവിതാംകൂർ കൊച്ചിയുടെ അതിർത്തിപ്രദേശത്ത് മലബാർ പോലീസ് കൈകടത്തിയിട്ടുള്ള അക്രമങ്ങളെപ്പറ്റി നേരിട്ട് ഒരു അന്വേഷണം നടത്തി അതിന്മേൽ കേസെടുക്കുന്നതിന് ഈ ഗവൺമെന്റിന് അധികാരമില്ലെന്നാണോ? വിശേഷിച്ചും ഇവിടെയുള്ള കുറെപ്പേരെ അവർ അറസ്റ്റ് ചെയ്തു കൊണ്ടുപോയിരിക്കയും ചെയ്തിരിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഈ കേസിനെപ്പറ്റി ഇതുവരെയുണ്ടായിട്ടുള്ള ഈ ഗവൺമെന്റിന്റെ നടപടികൾ എന്തെല്ലാമാണെന്ന് സഭയെ അറിയിച്ചുകഴിഞ്ഞു. കേസിന്റെ വിശദവിവരങ്ങളിൽ പ്രവേശിക്കുന്നതിന് ഈ ഗവൺമെന്റിന് അധികാരമുണ്ടെന്നു തോന്നുന്നില്ല. ഏതായാലും ആവശ്യപ്പെട്ടിരിക്കുന്ന അറിവുകൾ ലഭിക്കുന്നതിനുമുമ്പ് ഈ വിഷയത്തെ സംബന്ധിച്ച് വാദപ്രതിവാദം തുടരണമെന്നില്ല.

EXTENSION OF SITTING FOR OFFICIAL LEGISLATIVE BUSINESS

മിസ്റ്റർ സ്പീക്കർ: ഞാൻ ഇന്നലെ ഈ സഭയിൽ സൂചിപ്പിച്ചിരുന്നതുപോലെ ഒഫീഷ്യൽ ലജിസ്ലേറ്റീവ് ബിസിനസ്സിനുവേണ്ടി ഈ സഭ നാളെയും കൂടുന്നതാണ്.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Mr. Speaker: Now we will proceed to resolutions on matters of general public interest.

ശ്രീ. ഉദയഭാനു ഹാജരാക്കീട്ടുള്ള പ്രമേയമാണ് ആദ്യമായി ചർച്ചയ്ക്ക് എടുക്കുവാനുള്ളത്.

Family Planning Work

"This House resolves that Government should render all help and assistance in Family Planning Work."

ഈ പ്രമേയം അവതരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. എ. പി. ഉദയഭാനു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ സഭയുടെ സവിശേഷമായ ശ്രദ്ധയ്ക്ക് വിഷയമാക്കണമെന്ന് വിചാരിക്കുന്ന പ്രമേയം ഇതാണ്.

"This House resolves that the Government should render all help and assistance in Family Planning Work."

സർ, കുടുംബസംവിധാനം ചെയ്യുന്ന വിഷയത്തിൽ പൊതുജനങ്ങൾക്ക് ഗവൺമെന്റ്, സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ് എന്നു ആവശ്യപ്പെടുന്ന ഒരു പ്രമേയമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ സംബന്ധിച്ച് ലഘുത്വത്തോടുകൂടി കൈകാര്യം ചെയ്യണമെന്ന് ആഗ്രഹിക്കുന്നില്ല. ഈ പ്രമേയം അർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്നാണ് എനിക്കു സഭയോട് അഭ്യർത്ഥിക്കാനുള്ളത്. ആ അപേക്ഷയോടുകൂടെയാണ് ഈ പ്രമേയം സഭയുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുന്നത്.

[Sri A. P. Udayabhanu]

സർ, ഒരു തലമുറകൊണ്ടു് ലോകത്തെ ജനസംഖ്യ ൫൪ കോടി ൪൦ ലക്ഷത്തിൽപരമായി കൂടിയിരിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ൧൮൫൧-ൽ ൧൫ കോടി ജനസംഖ്യയുണ്ടായിരുന്നതു് ൧൯൪൧-ൽ ൩൧ കോടി ൮൮ ലക്ഷത്തിൽപരമായി വൎദ്ധിച്ചു.

Sri. P. S. Nataraja Pillai: One question, Sir, by 'Family Planning Work' does the Honourable Member mean birth control? I am not able to understand what it means.

ശ്രീ. എ. പി. ഉദയഭാനു: എന്റെ ബഹുമാന്യസ്നേഹിതൻ എന്റെ പ്രസംഗം മുഴുവൻ കേട്ടതിനുശേഷം ഈ കാൎയ്യത്തെപ്പററി ചോദിക്കുന്നതു നന്നായിരിക്കും. ഫാമിലി പ്ലാനിംഗ് കാൎയ്യത്തെപ്പററി പറയുമ്പോൾ സന്താനനിയന്ത്രണത്തെപ്പററി പറയേണ്ട ആവശ്യമുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: സന്താനനിയന്ത്രണം മാത്രമേ ഫാമിലി പ്ലാനിംഗിൽ ഉൾപ്പെടുകയുള്ളോ?

ശ്രീ. എ. പി. ഉദയഭാനു: അല്ല. ഉല്പാദനവും ഉൾപ്പെടുമെന്നാണു് ഞാൻ പറയാൻ പോകുന്നതു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ സന്താനനിയന്ത്രണവും ഉല്പാദനവും മാത്രമേ പ്ലാനിംഗിൽ വരുകയുള്ളോ?

ശ്രീ. എ. പി. ഉദയഭാനു: ആ വിഷയത്തെപ്പററിയാണു് പ്രധാനമായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇതിൽ കൂട്ടകൃഷി പതിവുണ്ടോ?

ശ്രീ. എ. പി. ഉദയഭാനു: കൂട്ടകൃഷി നെടുംകൃഷി ഇവയും ഇതിൽ കണ്ടുവെന്നു വരാം. ഞാൻ അത്യന്തംതന്നെ ആവശ്യപ്പെട്ടതു് ഈയച്ചു ഒരു പടേനിയാക്കി അധഃപ്പതിപ്പിക്കരുതെന്നാണു്. എന്റെ സോഷ്യലിസ്ററ സ്നേഹിതന്മാരോടു എനിക്കു പറയുവാനുള്ളതു് ഏററവും പ്രധാനമായി ഇൻഡ്യയിൽ ഈ വിഷയം ഉന്നയിച്ചിട്ടുള്ളതു്, അവരുടെ കക്ഷി ആണെന്നു് അവർ അവകാശപ്പെടുന്നു എന്നുള്ളതാണു്.

Sri. P. S. Nataraja Pillai: Please say it plainly. We want to know that.

ശ്രീ. എ. പി. ഉദയഭാനു: വളരെ പ്ലെയിനായിട്ടാണു് ഞാൻ ഇതു പറയുന്നതു്. എന്റെ മാന്യസ്നേഹിതന്മാൎക്കു് ഇതിനോടു് ആനുകൂല്യമുണ്ടാകുമെന്നാണു് എന്റെ വിശ്വാസം.

ഇൻഡ്യയിലെ ജനസംഖ്യയാണെങ്കിൽ ൧൮൯൧-ൽ പതിനഞ്ചുകോടിയായിരുന്നു. ആ ജനസംഖ്യ ൧൯൪൧-ൽ ൩൧ കോടി ൮൮ ലക്ഷത്തിൽപരമായി വൎദ്ധിച്ചിട്ടുണ്ടു്. തിരുവിതാംകൂർ സംസ്ഥാനത്തു ൧൮൯൧-ലെ ജനസംഖ്യ ൨൫, ൫൭, ൭൩൬-ം, ൧൯൪൧-ൽ ൬൦, ൭൦,൦൧൮-ം ആണു്.

ശ്രീ. ആർ. ശങ്കർ: മെമ്പൎക്കു് ൧൮൯൧-ലെ കണക്കു് എവിടെനിന്നു കിട്ടി?

ശ്രീ. എ. പി. ഉദയഭാനു: സ്ററാററിസ്റ്റിക്ക്സിൽ നിന്നും കിട്ടി.

ശ്രീ. ആർ. ശങ്കർ: ൧൯൫൧-ൽ സെൻസസ്സ് ഇല്ല. അപ്പോൾ ൧൯൫൧-ലേതു എങ്ങനെ കിട്ടി എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. എ. പി. ഉദയഭാനു: ഏതായാലും എനിക്കു ഗവൺമെൻറിൻെറ സ്റ്റാറ്റിസ്റ്റിക്സിൽനിന്നും കിട്ടിയതാണ് ആ കണക്ക്. അല്ലാതെ ഞാൻ നേരിട്ടുപോയി ൧൯൫൧-ൽ സെൻസസ്സ് എടുത്തിട്ടില്ല. അതല്ലാ അദ്ദേഹം വേറെ കണക്ക എടുത്തിട്ടുണ്ടെങ്കിൽ അതു പറയട്ടെ. അതു സ്വീകരിക്കുന്നതിനു ഞാൻ തയ്യാറാണ്. ഞാൻ പറഞ്ഞതു ഗവൺമെൻറിൽനിന്നും തന്നിട്ടുള്ള കണക്കിനെ ആസ്പദമാക്കിയുള്ളതാണ്.

കൊച്ചിയിൽ ൧൯൫൧-ൽ ൧,൨൨,൯ ൩൭൦ ൧൯൬൧-ൽ ൧൪,൨൨,൯൧ ൭൦ ആണ് ജനസംഖ്യ.

ശ്രീ. എ. കെ. ജാർജ്ജ്: പ്രപ്പോർഷനലായി തിരുവിതാംകൂറിലൊ കൊച്ചിയിലൊ ജനസംഖ്യ കൂടുന്നതു്?

ശ്രീ. എ. പി. ഉദയഭാനു: ഏതായാലും ചോദ്യം എല്ലാം തന്നെ ജനസംഖ്യകൂടുന്ന വിഷയത്തെ സംബന്ധിച്ചാണ് കാണുന്നതു്.

Mr. Speaker: Order, order. I have again to invite the attention of the Hon'ble members to the wholesome practice that questions are not to be asked much less persisted in if the member concerned is not inclined to yield.

Sri. A. P. Udayabhanu: I must be saved from these people.

ശ്രീ. ഇട്ട്യേര അമ്പുക്കൻ: ബഹു. മെമ്പർക്ക് എത്ര കുട്ടികൾ ഉണ്ട്?

മിസ്റ്റർ സ്പീക്കർ: ആ വിഷയം സഭയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതല്ല.

Sri. P. Balakrishnan Tampi: Sir, On a point of order. The honourable member said that he may be saved from some people. That is not the way in which honourable member should refer to another honourable member. He should say: Please save me from the attention of these Hon'ble members'.

മിസ്റ്റർ സ്പീക്കർ: കുട്ടികളുടെ എണ്ണത്തെപ്പററി ചോദിച്ചതു് സംബന്ധിച്ചാണോ?

Sri. P. Balakrishnan Tampi: He referred to us as "the people here". He ought not have said like that.

Mr. Speaker: That is not the right manner of reference about the Hon'ble members. Members should be referred to as "Hon'ble Members'.

Sri. A. P. Udayabhanu: I am sorry, Sir.

ലോകത്തിലെ ജനസംഖ്യ വർഷംതോറും രണ്ടുകോടി വീതം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് കാണുന്നതു്. ഇൻഡ്യയിൽ ൫൦ ലക്ഷം ജനങ്ങൾ ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നു കാണുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ൨൨.൩ ശതമാനമാണ് ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതു്. ലോകത്തായാലും ഇൻഡ്യയിലായാലും നമ്മുടെ സംസ്ഥാനത്തിലായാലും ഇങ്ങനെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടുവരുന്നതു് ആകപ്പാടെ ജനങ്ങളുടെ ഭക്ഷണസൗകര്യങ്ങൾക്കും മററും വലിയ വിഷമമുള്ള ഇക്കാലത്തു് ആപൽക്കരമാണെന്നാണ് എനിക്ക പറയുവാനുള്ളതു്. നമ്മുടെ ഭൂമിയുടെ കാര്യമാണെങ്കിൽ അതു് ജനസംഖ്യയുടെ വർദ്ധനവനുസരിച്ചു വർദ്ധിക്കുന്നില്ല. ഈ നിലയിൽ ജനസംഖ്യയെ നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണ്.

[Sri. A. P. Udayabhanu]

തിരുവിതാംകൂർ സംസ്ഥാനത്തിലെ ജനസംഖ്യ കഴിഞ്ഞ ൫൦ വർഷം കൊണ്ട് ൨൦ ലക്ഷത്തിൽനിന്നും ൩൦ ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. വിസ്തീർണ്ണം ൭,൩൦൨ ചതുരശ്രമൈലിൽനിന്നും വർദ്ധിക്കുന്നില്ല. ഇതിനെ കാണിക്കാനാണ് ഞാൻ മുൻപു പറഞ്ഞ കണക്കുകൾ ഉദ്ധരിച്ചതു്. ഈ പ്രശ്നമാണ് മനുഷ്യന് ഇന്നു് അഭിമുഖീകരിക്കാനുള്ളതു്, അല്ലാതെ യുദ്ധമല്ല എന്നാണ് പ്രൊഫസർ ആൽഡസ് ഹക്സ്ലി അഭിപ്രായപ്പെട്ടിട്ടുള്ളതു്. അതായതു് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നമുക്ക അഭിമുഖീകരിക്കേണ്ട വലിയ വിപത്തു മഹായുദ്ധമല്ല, വളർന്നുവരുന്ന ജനസംഖ്യയാണ്. കഴിഞ്ഞ ഡിസംബർമാസത്തിൽ ലണ്ടനിൽനിന്നു ബി. ബി. സി. യിൽ കൂടി പ്രസിദ്ധ ശാസ്ത്രജ്ഞനായ ബർറാൺഡ് റസ്സൽ ഒരു പ്രക്ഷേപണം നടത്തി. അതിൽ ലോകത്തിലെ ജനസംഖ്യ നിയന്ത്രിക്കേണ്ടതു് വളരെ അത്യാവശ്യമാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതുപോലെതന്നെ മഹാശാസ്ത്രജ്ഞനായ എയിൻസ്റ്റിൻ അഭിപ്രായപ്പെട്ടതു് ഏഷ്യയിലെ ജനസംഖ്യ വളരെ അധികമായി വളർന്നുവരുന്നതിനെപ്പററി ഉൽക്കണ്ഠപ്പെടു വകയുണ്ടെന്നാണ്. അഹമ്മദബാദിൽവെച്ചു നടന്ന എ. ഐ. സി. സി. യിൽ പണ്ഡിത ജവഹരിലാൽ നെഹ്റു ഇൻഡ്യയുടെ ജീവിതത്തോതു് ഉയർന്നു വരണമെങ്കിൽ രാജ്യത്തിലെ ജനസംഖ്യയും നിയന്ത്രിക്കേണ്ടതാണെന്നു പറഞ്ഞു. മദ്രാസിലെ മന്ത്രിയായ മി. എ. ബി. ഷെട്ടി മദ്രാസിലെ ജനസംഖ്യ വർഷംതോറും ൧.൫ ശതമാനം വർദ്ധിച്ചുകൊണ്ടു വരികയാണെന്നും; അതായതു അഞ്ചരലക്ഷം ആളുകൾ വർഷംതോറും സംസ്ഥാനത്തു വർദ്ധിച്ചുവരികയാണെന്നും അതുകൊണ്ട് ഗവമ്മെൻറിനു് ജനസംഖ്യ വർദ്ധനവു നിയന്ത്രണാധീനമാക്കാൻ സാധിക്കാത്തപക്ഷം ഭക്ഷ്യ വിതരണകാര്യത്തിൽ കുഴപ്പം ഉണ്ടാകുമെന്നും പ്രസ്താവിച്ചിട്ടുണ്ടു്. മാത്രമല്ല ആൾ ഇൻഡ്യാ വിമൻസ് കാൺഫറൻസിൽവച്ചു ലേഡി രാമറാവു അഭിപ്രായപ്പെട്ടതു് ഇൻഡ്യയിലെ സംസ്ഥാനങ്ങളും കേന്ദ്രഗവമ്മെൻറുകളും അതാതു സ്ഥലങ്ങളിൽ സന്താനനിയന്ത്രണത്തിനു വേണ്ടി ക്ലിനിക്കുകൾ സ്ഥാപിക്കണമെന്നാണ്. അല്ലാതെ ലോകത്തു പ്രത്യേകിച്ചും ഇൻഡ്യയിൽ വർദ്ധിച്ചുവരുന്ന ഭക്ഷണ പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ല. അങ്ങനെ നിരവധി ആളുകളുടെ അഭിപ്രായം ഈ വിഷയത്തിൽ എനിക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതാണ്.

സ്ത്രീകളുടെ ആരോഗ്യം, കുട്ടികളുടെ ആരോഗ്യം, രാജ്യത്തെ സാമ്പത്തിക സ്ഥിതി ഇവയെ എല്ലാം അടിസ്ഥാനമാക്കി കേന്ദ്രഗവമ്മെൻറും സാംസ്ഥാനിക ഗവമ്മെൻറുകളും കുടുംബസംവിധാനത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു ലേഡി രാമറാവു വാദിക്കുകയുണ്ടായി. ഈ കാര്യങ്ങളെ എല്ലാം മുൻനിറുത്തിക്കൊണ്ടാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. എന്നുമാത്രമല്ല ഇൻഡ്യയിൽ പണ്ഡിത ജവഹരിലാൽ നെഹ്റു ചെയർമാനായിട്ടുള്ളതും പ്രൊഫസർ കെ. ടി. ഷാ സെക്രട്ടറിയായിട്ടുള്ളതും ആയ നാഷനൽ പ്ലാനിംഗ് കമ്മിററി ജനസംഖ്യയെപ്പററി ഒരു പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. അതിൽ രാജ്യത്തെ അടിയന്തിരമായ പ്രശ്നങ്ങളിൽ ഒന്നാണെന്നനിലയിൽ സന്താനനിയന്ത്രണത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. അവരുടെ റിപ്പോർട്ട് വായിക്കുന്നതു രസാവഹമായിരിക്കും.

" In the interests of social economy, family happiness, and national planning, family planning and a limitation of children are essential ; and the State should adopt a policy to encourage these. It is desirable ;to lay stress on self-control, as well as to spread knowledge of cheap and safe methods of birth control. Birth control

clinics should be established and other necessary measures taken in this behalf and to prevent the use or advertisement of harmful methods".

In a later Resolution the same Body records :—

" A eugenic programme should include the sterilisation of persons suffering from transmissible diseases of a serious nature, such as insanity or epilepsy".

ഇങ്ങനെ വളരെ ഗൗരവമായിട്ടുള്ള ചർച്ചകൾക്കുംമററും വിധേയമായിട്ടുള്ള ഒന്നാണ് ഇതു്. ഇതൊരു പുതിയ വിഷയമല്ല.

ശ്രീ. കെ. എം. കോര: സന്താനനിയന്ത്രണത്തെ സംബന്ധിച്ചു് മഹാത്മാ ഗാന്ധിയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഏ. പി. ഉദയഭാനു: മഹാത്മാഗാന്ധിയുടെ അഭിപ്രായം വളൎന്നുവരുന്ന ജനസംഖ്യയെ നിയന്ത്രിച്ചു നിറുത്തണമെന്നാണ്.

ശ്രീ. സി. വി. ഇയ്യു: ബഹു. മെമ്പർ ബഹു. മെമ്പറുടെ പിതാവിന്റെ എത്രാമത്തെ സന്താനമാണ്?

Mr. Speaker: The member has not yielded.

ശ്രീ. ഏ. പി. ഉദയഭാനു: നാം ഇന്നു് നമ്മുടെ സകല കാര്യങ്ങളിലും പ്ലാനിംഗ് വേണമെന്ന അഭിപ്രായം സ്വീകരിച്ചിരിക്കുകയാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്ലാനിംഗ് ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ടു്. പ്ലാനിംഗിനെ സംബന്ധിച്ചുള്ള തത്വം എല്ലാ രാജ്യക്കാരും സ്വീകരിച്ചിട്ടുണ്ടു്. നമ്മുടെ വനങ്ങൾ മുതലായവയിൽനിന്നു കിട്ടുന്ന വിഭവങ്ങളെ എങ്ങനെയാണ് നാം ഉപയോഗിക്കേണ്ടതു് എന്നതിനെപ്പററി നാം ചർച്ച നടത്തിയിട്ടുണ്ടു്. പ്ലാനിംഗിന്റെ കാര്യത്തെപ്പററിയാണെങ്കിൽ ഈ വിഭവങ്ങളെല്ലാം എങ്ങനെയാണ് വിനിയോഗിക്കേണ്ടതു് എന്നുള്ള കാര്യത്തെപ്പററി നാം ആലോചിക്കുന്നതിനുമുമ്പു് അതിന്റെ അളവിനേയും മററും പററി സൂക്ഷ്മമായറിഞ്ഞതിനുശേഷമാണ് അങ്ങിനെ ചെയ്യുന്നതു്. നമുക്കു് എത്രമാത്രം വിഭവങ്ങൾ ഉണ്ടോ അതിനുതക്കവണ്ണം വേണം വിതരണത്തിനു ഒരുങ്ങേണ്ടതു്. ഏതെങ്കിലും ഒരു ഫങ്ഷനു് ഒരുക്കങ്ങൾ ചെയ്യുന്നതിനുമുമ്പുതന്നെ ആ ഫങ്ഷനു് എത്ര ആളുകൾ വരും എന്നറിയേണ്ടിയിരിക്കുന്നു. ആ ഫങ്ഷനു് വരുമെന്നോ വരുകയില്ലെന്നോ ഉള്ളതിനു് ആർ. എസ്സ്. വി. പി. ചേർത്താണു് എഴുത്തു് കൊടുക്കുന്നതു്. അതിനനുസരിച്ചാണ് നാം വിഭവങ്ങൾ തയ്യാറാക്കുന്നതു്. ക്ഷണിച്ചുവരുന്നവർക്കനുസരിച്ചു വിഭവം തയ്യാറാക്കുന്നു. വിഭവം കുറവെങ്കിൽ വിഭവത്തിനുതക്കവിധം ആളെ ക്ഷണിക്കുന്നു. നാം കൂടുതൽ ആളുകളെ ക്ഷണിക്കുന്നതു് നമ്മുടെ രാജ്യത്തിലെ വിഭവങ്ങളെ തിട്ടപ്പെടുത്തിയിട്ടു വേണം. അതുകൊണ്ടു് ഇതുസംബന്ധിച്ചു് ഒരു പ്ലാനിംഗ് ഉണ്ടാകുന്നതു് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു് നാം ആലോചിക്കാനുള്ളതു് ഒരു കുടുംബത്തിൽ എത്ര വരെ ആളുകൾ ആകാം എന്നു നാം നിശ്ചയിക്കണം. എന്നാൽ ചില ആളുകൾ ഇപ്പോൾ, അതായതു് ഈ വാദം ഉന്നയിക്കുമ്പോൾ പറയുന്നതു് ഇങ്ങനെ സംവിധാനം ചെയ്യുമ്പോൾ ഈശ്വരേച്ഛക്കു് വിരുദ്ധമായിട്ടു പ്രവൎത്തിക്കുകയാണ് എന്നാണ്. പ്രത്യേകിച്ചും ഈശ്വരഭക്തന്മാർ എന്നുപറയുന്ന ആളുകളാണ് ഇതു് പുറപ്പെടുവിച്ചിട്ടുള്ളതു്. അതിനെപ്പററി എനിക്കു ചോദിക്കുവാനുള്ളതു് ജനങ്ങളുടെയിടയിൽ മലേറിയാപ്പനി വളരെയധികം ആളുകളെ കൊന്നൊടുക്കാനായി ഈശ്വരൻ സൃഷ്ടിച്ചുവിട്ടിരിക്കുന്ന കൊതുകുകളെ കൊല്ലുന്നതു് ദൈവേഷ്ടത്തിനു വിരുദ്ധമല്ലേ എന്നാണ്. അതുപോലെതന്നെ വസൂരി മുതലായ രോഗങ്ങളെ നശിപ്പിക്കുന്നതിനുള്ള സംരംഭങ്ങളും ഈശ്വരേച്ഛക്കു വിരു

[Sri. A. P. Udayabhanu]

ദ്ധമല്ലേ? ചിലരുടെ വയററിൽകിടന്നു കുഴപ്പമുണ്ടാക്കുന്ന അപ്പൻഡിസ് എടുത്തുകളയുന്നതും ഈശ്വരേച്ഛക്ക് വിരുദ്ധമല്ലേ? എന്നാൽ പകർച്ച വ്യാധികൾവന്നു ജനങ്ങൾ മരിക്കുന്നതിലേക്ക് നാം അനുവദിക്കുന്നില്ല. പകർച്ചവ്യാധികളെ നിയന്ത്രിച്ച് മനുഷ്യരുടെ മരണ നിരക്കു കുറക്കാനാണു നാം ശ്രമിക്കുന്നതു്. അങ്ങനെ മരണ നിരക്കു കുറക്കാൻ ഈശ്വരേച്ഛക്കു വിരുദ്ധമായി നാം ശ്രമിക്കുമ്പോൾ ജനന നിരക്കിനെ സംബന്ധിച്ചിടത്തോളം അലസമായിരിക്കാൻ പാടില്ലെന്നാണു ഞാൻ പറയുന്നതു്. ജനന നിരക്ക് ഈശ്വരേച്ഛക്കു വിടുകയാണെങ്കിൽ മററു കാര്യങ്ങളും ഈശ്വരേച്ഛക്കുതന്നെ വിടണം. സുഖക്കേടുകൾ വരുമ്പോൾ രോഗശമനത്തിനായി മരുന്നു കൊടുക്കുന്നതും ഈശ്വരേച്ഛക്കു വിരുദ്ധമാകുന്നതാണ്. അങ്ങനെ എല്ലാ കാര്യത്തിലും ഈശ്വരേച്ഛക്കു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ ഈ കാര്യത്തിൽമാത്രം അങ്ങനെ പ്രവർത്തിക്കാതിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. ചില കമ്യൂണിസ്ററു അനുഭാവികളായ സ്നേഹിതന്മാർ ഇതിനെപ്പററി എതിരായി സംസാരിച്ചു കേട്ടിട്ടുണ്ട്. ഇന്നു റഷ്യയിൽ ജനന നിയന്ത്രണം അനുവദിച്ചിട്ടില്ല. എന്നാൽ ആദ്യകാലത്തു ജനന നിയന്ത്രണം മാത്രമല്ല അബാർഷൻപോലും അവിടെ ഏർപ്പെടുത്തിയിരുന്നു. ഇന്നു അവിടത്തെ പ്ലാനിങ്ങിൻെറ ഫലമായി അതു് എടുത്തു കളയാൻ സാധിച്ചിട്ടുണ്ട്. വളരെ കൂടുതൽ ആളുകളെ ക്ഷണിക്കാൻ തക്കവണ്ണം അവർക്കു ഇപ്പോൾ വിഭവങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമുക്കും നമ്മുടെ പ്ലാനിങ്ങിൻെറ ഫലമായിട്ട് അങ്ങനെ ഒരവസ്ഥ സിദ്ധിക്കുമെങ്കിൽ അവർ ചെയ്തതുപോലെ ചെയ്യാം. അങ്ങനെ ഒരു പരിതഃസ്ഥിതിയിൽ എത്തിച്ചേരുന്നതുവരെ നമുക്ക് നമ്മുടെ ദാരിദ്ര്യത്തിൽനിന്നും വിമുക്തി നേടുന്നതിനു് ഈ സമ്പ്രദായം കൊണ്ടുവരേണ്ടതു് ആവശ്യമാണ്. ഇന്നു യുദ്ധത്തിനുവേണ്ടി റഷ്യയിലും അതുപോലുള്ള രാജ്യങ്ങളിലും വളരെയാളുകൾ ആവശ്യമായിരിക്കും. നമ്മുടെ രാജ്യത്തെപ്പോലുള്ള രാജ്യങ്ങളിൽ ധാരാളം ആളുകൾ ഉണ്ടായിരുന്നാൽ ദുരിതം വർദ്ധിക്കയും അങ്ങിനെ അവർക്ക് ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ലഭിക്കയും ചെയ്തേക്കാം. സകലതും പ്ലാനിങ്ങിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു രാജ്യത്തിൻെറ ആരാധകർക്ക് എങ്ങനെയാണു ഫാമിലി പ്ലാനിങ്ങിനെ എതിർക്കാൻ കഴിയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇന്നു റഷ്യയിലാണെങ്കിൽ ചതുരശ്ര മൈലിന് ൨൦൭ ആളുകൾ മാത്രമേ താമസിക്കുന്നുള്ളു. തിരുവിതാംകൂറിലാണെങ്കിൽ ആയിരത്തോളമാളുകൾ ഒരു ചതുരശ്രമൈലിൽ താമസിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കു വിസ്മരിക്കാൻ പാടില്ല. അമേരിക്കൻ സ്റ്റേററു ഡിപ്പാർട്ട്മെൻറിൽനിന്നും ൧൯൫൦-ൽ പുറപ്പെടുവിച്ച ഒരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് ൧൯൫൦-ൽ വാസ്തവത്തിൽ ലോകത്തു് ഭക്ഷ്യസാധനങ്ങളുടെ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടെന്നും എന്നാൽ അങ്ങനെ വർദ്ധിക്കുമ്പോൾ അതിനേക്കാൾ കൂടുതൽ ജനങ്ങളുടെ വർദ്ധനവും ഉണ്ടായിരിക്കുന്നുവെന്നുമാണ്. ൧൯൫൦-ൽ കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ജനവർദ്ധനവുമൂലം ൧൯൩൯-ൽ ഉണ്ടായിരുന്നതുപോലും ജനങ്ങൾക്ക് ആഹാരം വിതരണം ചെയ്യാൻ സാദ്ധ്യമല്ലായിരുന്നു എന്നുമാണ് ആ റിപ്പോർട്ടിൽ പറയുന്നതു്. ഇൻഡ്യയിലെ ഭക്ഷണകാര്യത്തെപ്പററി ചർച്ച ചെയ്തുകൊണ്ട് സർ. എ. ജെ. എച്ച്. റസൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:—

"The economists who are impressed by the increase of 10% in population accompanied by 8% fall in the food supply do not hesitate to suggest that birth control propagation will be resorted to."

൨൦ ശതമാനം ജനസംഖ്യ വർദ്ധിക്കുമ്പോൾ ൫ ശതമാനം ഭക്ഷ്യോല്പാദനം താഴോട്ടു പോവുകയാണെന്നും അതുകൊണ്ട് ജനനനിയന്ത്രണം ഇല്ലാതെ സാദ്ധ്യമല്ലെന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. നാഷനൽ പ്ലാനിങ്ങ് കമ്മീഷൻ പാപ്പുലേഷനെപ്പററി പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്.

"The importance of deliberately controlled numbers cannot be exaggerated in a planned economy. In a proper National Budget under a comprehensive plan, the credit side would consist mainly of the man-power and material resources."

"If the population is in excess of this optimum, unemployment and wastage, which could very well have been avoided, would be inevitable. On the other hand, if the available population is below the required optimum, the wastage, or rather loss of potential wealth due to the lack of proper development of available resources,— would be equally significant; and would injure not only the community concerned, but, indirectly, the whole world."

അതുകൊണ്ട് ഇന്നത്തെ പരിതഃസ്ഥിതിയിൽ നമ്മുടെ ജനസംഖ്യ താഴ്ത്തിനിറുത്തേണ്ടതാണ് ആവശ്യം എന്നാൽ മറെറാരു പരിതഃസ്ഥിതിയിൽ ജനസംഖ്യ വർദ്ധിക്കേണ്ട ആവശ്യം നമുക്കുണ്ടായേക്കാം. നാഷനൽ പ്ലാനിങ്ങ് കമ്മീഷൻെറ റെക്കമെൻേറഷൻ ഇതാണ്.

"The practical methods by which knowledge of contraceptive methods could be diffused are.—

(1) The inclusion in all medical colleges in India of courses on contraception

(2) The training of women doctors and nurses all over India in this regard.

(3) The establishment of birth control clinics where supplies should be given free, preferably in connection with maternity, welfare centres, health units and hospitals.

(4) The encouragement of the local manufacture of the material, whether rubber, cotton or chemical, which will be used for the purpose of contraception in order to bring the cost within the reach of the masses.

(5) Propaganda amongst the masses through Municipalities, District Boards and Panchayats in favour of 2-4 years spacing of births and the limitation of the total family to 4 children in India."

ഇതിനെ മദ്രാസ് കാപ്പറേഷൻ ഹെൽത്തു് കമ്മിററി അംഗീകരിച്ചിട്ടുണ്ട്. ബോംബെയിലും അംഗീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. ജനസംഖ്യ വർദ്ധനവോടുകൂടി നാം കാണുന്ന മറെറാരു സംഗതി അതിനനുസരണമായി മരണവും വർദ്ധിക്കുന്നുവെന്നുള്ളതാണ്. ധാരാളമായി കുട്ടികളുടെ ജനനത്തിൻെറ ശതമാനം വർദ്ധിക്കുന്നതോടുകൂടി കുട്ടികളുടെ മരണത്തിൻെറ ശതമാനവും വർദ്ധിച്ചുവരികയാണ്. അതിൽനിന്നും ജനങ്ങളുടെ ആരോഗ്യം എത്രമാത്രം വ്യത്ഥമായിപ്പോകുന്നു എന്നു കാണാൻ കഴിയും.

തിരുവനന്തപുരം നഗരത്തിലെ ജനനനിരക്ക് ൨൧·൩൬ ആണെങ്കിൽ ശിശുമരണനിരക്ക് ൬൬·൨൪ ആണ് കൊച്ചിയിൽ ജനനനിരക്ക ൧൯·൬൩ ആയിരിക്കുമ്പോൾ ശിശുമരണനിരക്ക് ൪൧·൯൧ ആകുന്നു. ഇൻഡ്യയിൽ വർഷത്തിൽ ൧൯·൬ ലക്ഷം അബോഷൻ ഉണ്ടാകുന്നുണ്ട്.

<u>ശ്രീ. ഏ. താണുപിള്ള :</u> ഈ കണക്കു മുഴുവൻ ശരിയാണെങ്കിൽ ജനസംഖ്യ വർദ്ധിക്കുന്നതു് എങ്ങിനെയാണ് ?

<u>ശ്രീ. എ. പി. ഉദയഭാനു :</u> ഇൻഡ്യയിൽ ആകമാനം വർഷംതോറും ൨൦ ശതമാനമാണ് ഗർഭഛിദ്രമുണ്ടാകുന്നതെന്നു കാണാൻ കഴിയും. ഇതിൽനിന്നും

[Sri. A. P. Udayabhanu]

സ്ത്രീകളുടെ ആരോഗ്യം എത്രമാത്രം ക്ഷയിക്കുന്നു എന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ മനുഷ്യസ്നേഹത്തിന്റെ പേരിൽതന്നെ നാം ജനനനിയന്ത്രണം വരുത്തേണ്ടതു് ആവശ്യമാണു്. ജനനവർദ്ധനവിനു കാരണമായി പറയുന്ന ഒന്നു് താഴ്ന്ന തോതിലുള്ള ജീവിതമാണു്. കൂടാതെ താഴ്ന്ന നിരക്കിലുള്ള വിവാഹപ്രായവും അതിനൊരു കാരണമായി പറയുന്നുണ്ടു്. ആലോചിക്കേണ്ട വലുതായ ഒരു പ്രശ്നമാണു് അതു്. അതിനു ഹെൽത്തു് മിനിസ്റ്റർ ശ്രീ രാജകുമാരി അമൃതകൌർ പറയുന്നതു് വിവാഹപ്രായം കൂട്ടണമെന്നാണു്. വിവാഹപ്രായം ൨൦ വയസ്സാക്കിയാൽ കൂടുതൽ കുട്ടികൾ ജനിക്കുകയും ജീവിക്കുകയുമാണു് ചെയ്യുന്നതു്. എന്നാൽ സ്ത്രീകളുടെ വിവാഹപ്രായം ൨൫ ആയി ക്ലിപ്തപ്പെടുത്തുകയാണെങ്കിൽ കുട്ടികൾ കുറയും. പക്ഷെ അങ്ങനെ വയസ്സു് നീട്ടിക്കൊണ്ടുപോകുന്നതു് നല്ലതാണെന്നു എനിക്കു തോന്നുന്നില്ല. പ്രായക്കൂടുതലായതിനുശേഷം വിവാഹം കഴിക്കുകയാണെങ്കിൽ പ്രസവസംബന്ധമായ ചില വൈഷമ്യങ്ങൾക്കു ഇടയാകും. ആ നിലയിൽ അതൊരു പ്രായോഗിക മാർഗ്ഗമല്ലെന്നാണു് എന്റെ അഭിപ്രായം. ജനനം നിയന്ത്രിക്കേണ്ടതു് ആവശ്യമാണെന്നു് എല്ലാവരും അഭിപ്രായപ്പെടുന്നുണ്ടു്. ജനനനിയന്ത്രണത്തിനുവേണ്ടി ആത്മസംയമനവും കാൺട്രസ്പ്ഷൻ മെത്തേഡ്സും പറയുന്നുണ്ടു്. ആത്മസംയമനം സാമാന്യ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല. കൺട്രാസ്പ്ഷൻ മെത്തേഡ്സിനെക്കാൾ ആത്മസംയമനം ആവശ്യമാണു്. എന്നാൽ ഒരു പ്രത്യേക പദ്ധതിയനുസരിച്ചു് ഗവൺമെന്റ് അതു് ചെയ്യണമെന്നാണു് നാഷണൽ പ്ലാനിംഗ് കമ്മീഷനും ആൾ ഇൻഡ്യാ വീമൻസ് കാൺഫ്രൻസും ആവശ്യപ്പെട്ടിരിക്കുന്നതു്. സ്റ്ററിലൈസേഷൻ അമേരിക്കയിൽ ചിലയിടത്തു് അംഗീകരിച്ചിട്ടുണ്ടു്. ബർത്തുകൺട്രോൾ നവീനമായ ഒരു കണ്ടുപിടിത്തമൊന്നുമല്ല. ചരിത്രാതീതകാലംമുതൽ നിലനില്ക്കുന്ന ഒരു സംഗതിയാണതു്. ഗ്രീസിലെ പല ഉന്നതന്മാരായ വ്യക്തികളും അവരുടെ ലേഖനങ്ങളിൽ ഇതിനെപ്പററി പ്രതിപാദിച്ചിരിക്കുന്നതായി കാണാൻ കഴിയും. ഇൻഡ്യയിലെ സംസ്കൃതഗ്രന്ഥങ്ങളിലും ഈ വിഷയത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ൧൧-ാം ശതകത്തിൽ അറബിവൈദ്യശാസ്ത്രജ്ഞന്മാർ ഇതു കൈകാര്യം ചെയ്തിട്ടുള്ളതു കാണാം. എന്നാൽ ഇതുസംബന്ധമായി ശരിയായ ജ്ഞാനമില്ലാതിരുന്നതുകൊണ്ടു കഴിഞ്ഞ കാലങ്ങളിൽ വളരെ ക്രൂരമായ മാർഗ്ഗങ്ങളാണു് ജനനനിയന്ത്രണത്തിനു് അംഗീകരിച്ചിരുന്നതു്. കുട്ടികളെ കൊല്ലുന്ന ഒരു മാർഗ്ഗമായിരുന്നു അന്നു് അംഗീകരിച്ചിരുന്നതു്. ഞാൻ വായിച്ച ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാകുന്നതു് ഇന്നും നാം അറിയുന്നതിനേക്കാൾ വളരെയധികം ക്രൂരമായ നിലയിൽ ഗർഭനിവാരണത്തിനു് പലതും ഇന്നു നടന്നുകൊണ്ടിരിക്കുന്നുവെന്നാണു്. നാം അറിയുന്നതിനേക്കാൾ ക്രൂരമായ മാർഗ്ഗങ്ങൾ ഇന്നു നിലവിലിരിക്കുന്നുണ്ടു്. ആരോഗ്യമുള്ള കുഞ്ഞുങ്ങൾ ഉണ്ടാകണമെങ്കിൽ മാതൃത്വം സ്വയമേവ ബോധപൂർവ്വം ഏറെറടുക്കേണ്ടതാണു്. കുട്ടികളുടെ ജനനം യാദൃച്ഛികമായ ഒരു സംഭവമാകരുതു്. ബോധപൂർവ്വമെടുക്കുന്ന ഒരു സംഗതിയായിരിക്കണം. അങ്ങനെ മാതൃത്വത്തിനെ മഹനീയമായ ഒരു നിലയിലേക്കു് ഉയർത്തുന്നതിനും സന്താനജനനം രാജ്യത്തിനും കുടുംബത്തിനും ആഹ്ളാദകരമായ ഒരു സംഗതിയായിത്തീരുന്നതിനും ഇതുകൊണ്ടു സാധിക്കും. അതാണു് ഈ പ്രമേയത്തിനു് അടിസ്ഥാനമായിരിക്കുന്നതു്. ഒരു ലഘുവായ സംഗതിയല്ല ഞാൻ കൈകാര്യം ചെയ്യുന്നതു്. മഹനീയമായ നിലയിൽ മാതൃത്വത്തേയും പിതൃത്വത്തേയും സന്താനോല്പാദനത്തേയും ഉയർത്തി രാജ്യത്തിനു് അഭിമാനകരവും ശ്രേയസ്കരവുമായ വിധത്തിൽ ജനസംഖ്യ പുലർത്തിക്കൊണ്ടുപോയി രാജ്യ-

ത്തെ സംതൃപ്തരായ ഒരു നിലയിൽ എത്തിക്കണമെന്നാണ് ഞാൻ ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നത്തെ നമ്മുടെ ഭക്ഷ്യനിലയേയും മറ്റും പരിഗണിച്ചാൽ നമ്മുടെ ജനസംഖ്യ നിയന്ത്രിക്കാതെ സാദ്ധ്യമല്ല. നമ്മുടെ രാജ്യത്തെ ജീവിതത്തോത് ഉയർത്തുന്നതിനും ജനസംഖ്യ നിയന്ത്രിക്കാതെ സാധിക്കുകയില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi: Sir, I have very great pleasure in seconding the highly important resolution so ably moved by my hon'ble friend, Mr. Udayabhanu. In this connection, I have to confess that I am in a rather embarrassing position in the matter of supporting this motion. I have attended Saturday revivalist meetings of the Salvation Army and there I have heard people coming forward and speaking in a confessional strain about their failures. It is in some apolagetic way that I heard that the sixteenth addition to my family was made yesterday at the Women and Children's Hospital. That young lusty fellow may be irrelevant to the discussion here.

Sri. A. Thanu Pillai: Is it of the first generation or of the second generation?

Sri. P. Balakrishnan Tampi: I am not unaware of the mild rebuke administered by my friend in regard to the level of discussion that must be upheld, because in a discussion of this kind, which must be of a scientific nature, it is very easy to poke cheap fun; and it would be very embarrassing in a composite House like this to start a discussion on this unless the Speaker very consciously restrains himself or resists the temptation to crack a joke at the expense of decency. Sir, it is a platitude known to all that the increase of population is becoming a menace all over the East, in China, in India in Japan. I have heard some scientists say that the fecundity of these races have something to do with their diet. After all eugenics is a growth of the last fifty years. Eugenics, in fact, has not yet come to the stage when it could be called a science, yet eugenical thought has helped us to clarify the issues and understand the matter in its economic implications. As Mr. Udayabhanu rightly said and impressed us with figures, we do not know what is going to happen in future. Unconfirmed reports say that the last census revealed an increase of population of 25 per cent. and where will we be after fifty years, with all these food subsidies and the Central grants and all that? It is not a counsel of despair; yet I believe that unless the national policy-or I should correct myself and say that unless international policy—changes and free emigration is allowed to us to other tropical and sub-tropical regions of the world especially in South America or Africa and that highland there, the big continent which was once occupied by a once-not-very reputable people, but now the most modern people, I mean the Australians; unless restrictions on emigration are removed, unless there is State assistance in colonisation and emigration, we are not going solve the problem. The Government of India, I donot think, can solve the problem unless very near the millenium, our one world aspiration fructifies itself in international reality. But all the same, I think, as some Americans said—as distinguished from the Federal Government—we can also solve the question by clinical advice and clinical help. I am not unaware of the fear that is in the minds of certain groups, religious groups; I know that there are certain religious groups who think that it is a sin against God and man to do anything which would stand in the way of the natural growth of population. But even they have no objection—in fact they endorse—to the method suggested by the great leader. But that is an approach from the ethical point of view from the point of view of self-control and all that. That, unfortunately, is not a very realistic approach. Highly cultured and highly evolved

[Sri P. Balakrishnan Tampi]

types of humanity will perhaps be able to impose upon themselves the moral restriction which Mahatma might have seen, but in the world of the common man it is well nigh impossible. I am not unaware of the great controversy that once raged in the public Press some twenty or twenty-five years ago between Betrand Russel and G. K. Chesterton and Hilaire Belloc. In the matter of sterilisation one comes to the old way of having much to say on both sides of the question.

Sri. C. V. Iyyu : May I know when the Hon'ble Mr. Tampi began to have this opinion in favour of birth control?

Sri. P. Balakrishnan Tampi : Frivolity apart, a man feels a moral coward in his own house when he sees a multiplicity of children. In this connection, I am reminded of Justice Kamesam. He was the greatest protagonist of the birth control movement in Madras at that time. At that time, it was considered a sin. Now I am very proud to think that this House is doing such a modern thing as discussing this subject at the proper level. Some thirty years ago, it was thought an obscene thing, at a time when etiquette demanded that you should not even speak about your dress—

Sri. C. V. Iyyu : Just a word—

Mr. Speaker: The Member's questions and observations are assuming the form of a discussion.

Sri. C. V. Iyyu: He is yielding, Sir.

Mr. Speaker: The Member is not allowed to proceed with any observation or statement at this stage.

Sri. P. Balakrishnan Tampi : Therefore we can start in that line suggested here, by making available to the people ample clinical aid. This is a new subject we have all been great religionists and long used to looking upon this problem as a natural phenomenon. But it is certainly time that Government, by means of propaganda, in schools and colleges and elsewhere, through social agencies, impress upon the people the necessity of decreasing population. I do not wish to detain the House by speaking such commonplace economic theories like decreasing returns etc. Every school boy knows those things. The only requisite is that a correct lead should come from the Government, from the social agencies, so that this might become a live issue in the land. We must give up the habit of regarding children as mere physiological bye-products. We must impress upon every man that he has not merely a legal but a moral responsibility not only unto himself but unto the society. It is the greatest liability to the nation, as Mr. Udayabhanu said. It may be very ironical indeed that a person like myself should be speaking about decreasing population and my friend in the Treasury Benches speaking against it. It is one of the ironies of public life, (Laughter.) that we are compelled to take up certain attitudes in regard to important public questions as the one under discussion on the floor of the House. I am decidedly of the view that a good start should be made, if possible from this year, by the Government coming to the Legislature for supplementary grants for introducing all the latest improvements in that line which could be got from advanced countries like America. With these words, I very very warmly support the resolution and I believe that in so doing, I have not offended the decorum which Mr. Udayabhanu gently hinded at.

ശ്രീ. സി. വി. ഇയ്യു: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനുവിന്റെ ജനന നിയന്ത്രണ പ്രസ്ഥാനം ഒരു രണ്ടോ നാലോ ദശാബ്ദങ്ങൾക്കുമുമ്പ് ഇവിടെ നടപ്പിൽ വന്നിരുന്നു എങ്കിൽ ഭാവിയിൽ മന്ത്രിയാകുന്നതിനുപോലും ഇടയുള്ള എന്റെ സ്നേഹിതൻ ഈ സ്റ്റേറ്റിനു

നഷ്ടപ്പെട്ടപോകുമായിരുന്നു. ഇന്നു അദ്ദേഹം പ്രസംഗിക്കുന്ന ജനനനിയന്ത്രണത്തെപ്പറ്റി അദ്ദേഹത്തിന്റെ അച്ഛൻ ആലോചിച്ചിരുന്നുവെങ്കിൽ സ്ഥിതി എന്തായിരിക്കുമായിരുന്നു എന്നു് അദ്ദേഹം ആലോചിച്ചിട്ടില്ല. അതുപോലെ തന്നെ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിച്ചു് പ്രസംഗിച്ച എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻ തമ്പിക്കും ഇക്കാര്യത്തിൽ അത്രവളരെ ആത്മാർത്ഥതയുണ്ടെന്നുമില്ലെന്നു എനിക്കറിയാം. ഈ പ്രസ്ഥാനം നടപ്പിൽ വന്നാൽ ലോകത്തിനു പൊതുവെതന്നെ വളരെ കുഴപ്പങ്ങൾ ഉണ്ടാകുന്നതാണെന്നാണു് എന്റെ അഭിപ്രായം. മി. ഉദയഭാനുവിനു ഇപ്പോഴുള്ള ആറു സന്താനം എന്ന ഒരു ക്ലിപ്തം വച്ചിട്ടു് കഴിഞ്ഞാൽ ജനന നിയന്ത്രണം നടപ്പിൽ വരുത്തണമെന്നായിരിക്കാം മി. ഭാനു ഉദ്ദേശിക്കുന്നതു്. ആറാമത്തെ സന്താനം കഴിഞ്ഞാൽപിന്നെ ജനന നിയന്ത്രണം വരുത്തണമെന്നു വയ്ക്കുക. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ലോകത്തിനു് ഒരു ഡാക്ടർ രവീന്ദ്രനാഥടാഗൂറിനെ ലഭിക്കുകയില്ലായിരുന്നു. എന്തെന്നാൽ അദ്ദേഹം അദ്ദേഹത്തിന്റെ അച്ഛന്റെ ഏഴാമത്തെ മകനോ മററോ ആണു്. അതുപോലെതന്നെ ഒരു സുഭാഷചന്ദ്രബോസോ, ഒരു സർ വാൾട്ടർസ്കോട്ടോ ഈ ലോകത്തുണ്ടാകുമായിരുന്നില്ല. കാരണം അവരെല്ലാം എട്ടാമത്തെയോ ഒൻപതാമത്തെയോ മക്കളാണു്. എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനു അദ്ദേഹത്തിന്റെ അച്ഛന്റെ ഒൻപതാമത്തെയോ പത്താമത്തെയോ മകനാണെന്നു തോന്നുന്നു.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പതിമൂന്നാമത്തേതാണു്.

ശ്രീ. സി. വി. ഇയ്യു: ആറാമത്തേതുകഴിഞ്ഞപ്പോൾ അദ്ദേഹം ജനന നിയന്ത്രണം ആരംഭിച്ചിരുന്നുവെങ്കിൽ ഇന്നു ഇത്ര മിടുക്കനായി ഇവിടെ പ്രസംഗിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനു ഉണ്ടാകുമായിരുന്നില്ല. സാധാരണ സ്ത്രീകൾ പ്രായമായി ഒടുവിലൊടുവിൽ ഉണ്ടാകുന്ന സന്താനങ്ങളാണു് പണ്ഡിതന്മാരായും ബുദ്ധിമാന്മാരായും ലോകപ്രശസ്തന്മാരായും തീരുന്നതു്.

ഇതൊന്നുമില്ലെങ്കിൽതന്നെ പ്രകൃതി സന്താനനിയന്ത്രണം നടപ്പിൽ വരുത്തിയിട്ടുണ്ടു്. പ്രകൃതിതന്നെ സന്താനനിയന്ത്രണസംഘടനയിലേക്കു് അംഗങ്ങളാകാൻ അർഹതയുള്ളവരാക്കി തീർത്തിട്ടുള്ള എന്നെപ്പോലുള്ള ആളുകളും ശ്രീ. ഏ. ജെ. ജോൺ, ശ്രീ. അബ്ദുള്ള, ശ്രീ. ടി. കെ. നായർ, ഡാക്ടർ ജോസഫ് മുതലായവരും ഈ സഭയിൽതന്നെയുണ്ടു്. അങ്ങിനെ പലരേയും പ്രകൃതിതന്നെസൃഷ്ടിച്ചിട്ടുണ്ടു്. കൂടാതെ എന്റെ സഹോദരിമാരായ കുമാരികളായ ആനിമസ്ക്രീൻ, ആനിജോസഫ്, അക്കമ്മചെറിയാൻ മുതലായവരെപ്പോലെ സാമുദായികമോ രാഷ്ട്രീയമോ ആയ പല കാരണങ്ങൾകൊണ്ടും വിവാഹംചെയ്യാൻ സാധിക്കാതെയിരിക്കയാൽ സന്താനരഹിതരായവർ ഉണ്ടു്. അവരോടുള്ള ബഹുമതിക്കു് അശേഷം കുറവുവരാതെതന്നെ ഞാൻ ഇതു പറയുകയാണു്. ഇതിനുംപുറമേ ക്രിസ്ത്യൻസമുദായത്തിലാണെങ്കിൽ കത്തനാരന്മാരായും ബിഷപ്പന്മാരായും സത്യപ്രതിജ്ഞചെയ്തു സന്താനനിയന്ത്രണം പാലിക്കുന്നവരുണ്ടു്. ഇതെല്ലാമായിട്ടും ൨൫ ശതമാനംമാത്രമേ ഇൻഡ്യയിൽ ജനസംഖ്യ വർദ്ധിച്ചിട്ടുള്ളു.

ഇൻഡ്യയിലെ ജനങ്ങൾ ജനനനിയന്ത്രണം സാമാന്യമായി ആരംഭിക്കുകയാണെങ്കിൽ രാജ്യത്തിനുതന്നെ വലിയ ആപത്തായി തീരുമെന്നാണു് എനിക്കുതോന്നുന്നതു്. ഇപ്പോൾതന്നെ ആസ്ട്രേലിയായിലും ആഫ്രിക്കായിലും മററും നമ്മുടെ ആളുകളെ അന്തർദേശീയ നിയമങ്ങൾ വകവയ്ക്കാതെയോ വകവച്ചുകൊണ്ടോ പുറത്താക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഇതിനൊരു പരിഹാരമുണ്ടാകണമെങ്കിൽ ഞാൻ പറയുന്നതു് നമുക്കു ധാരാളം സന്താനങ്ങളുണ്ടാകണ

[Sri. C. V. Iyyu]

മെന്നാണ്. അവർക്കെല്ലാം പട്ടാളപരിശീലനം കൊടുത്തു ആസ്ട്രേലിയായിലേക്ക് മാർച്ചുചെയ്താൽ എന്തുകൊണ്ട് അവർ നമുക്കു കീഴ്‌വഴങ്ങുകയില്ല എന്നു ഞാൻ ചോദിക്കുന്നു. വെള്ളക്കാർ കുടിയേറി പാർക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ കറുത്ത ആളുകൾ കയറിക്കളയുമെന്നുള്ള ഭയംകൊണ്ടാണ് വെള്ളക്കാർ സന്താനനിയന്ത്രണത്തിനുവേണ്ടി പ്രചരണം നടത്തുന്നത്. കറുത്ത വർഗ്ഗക്കാർ കുറയുമ്പോൾ ലോകത്തിന്റെ മേൽക്കോയ്മ അവർക്കുതന്നെ എന്നന്നേക്കും വച്ചുകൊണ്ടിരിക്കാൻ കഴിയുമല്ലോ. അതുകൊണ്ടുമാത്രമാണ് വെള്ളക്കാർ കറുത്ത വർഗ്ഗക്കാരുടെയിടയിൽ സന്താനനിയന്ത്രണത്തിനുവേണ്ടി വേണ്ട പ്രചരണങ്ങൾ നടത്തുന്നത്. എന്നുതന്നെയുമല്ല, ലോകത്തു മിടുക്കന്മാരായിവരുന്നത് ഇവിടെ നാം കണ്ടതുപോലെ എട്ടാമത്തേയും പത്താമത്തേയും പതിമൂന്നാമത്തേയും മററും മക്കളാണ്. അതുകൊണ്ട് ആറാമത്തെ സന്താനം കഴിയുമ്പോൾ ജനനനിയന്ത്രണം ഏർപ്പെടുത്തിയാൽ കറുത്ത വർഗ്ഗക്കാരുടെയിടയിൽ ബുദ്ധിയുള്ളവരും സമർത്ഥന്മാരുമായ ആളുകൾ ഉണ്ടാകാനിടയില്ലെന്നു മനസ്സിലാക്കിക്കൊണ്ടുകൂടിയാണ് വെള്ളക്കാർ ഈ പ്രചരണം നടത്തുന്നത്. സമർത്ഥന്മാരുണ്ടാകുമ്പോഴാണല്ലോ അവരുടെ അധീശത്വത്തിന് ഹാനി വരുന്നത്. എന്റെ അഭിപ്രായത്തിൽ ഇങ്ങനെ കറുത്ത വർഗ്ഗക്കാരെ ദ്രോഹിക്കാൻ വെള്ളക്കാർ ചെയ്യുന്ന പല ശ്രമങ്ങളിൽ ഒന്നുമാത്രമാണിത്. റഷ്യയിൽ സന്താനനിയന്ത്രണം നടപ്പിലുണ്ടെന്നു പറയുന്നുണ്ട്. പക്ഷെ ഞാനതു വിശ്വസിക്കുന്നില്ല. സന്താനനിയന്ത്രണം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അവർക്ക് ഇത്രയും അധികം പട്ടാളം എവിടെനിന്നുണ്ടായി? മററുള്ള രാജ്യങ്ങളിൽ സന്താനനിയന്ത്രണം നടപ്പിലാക്കി ആളുകൾ കുറയുന്നതിലേക്ക് അവർ ചെയ്യുന്ന ഒരു കള്ളപ്രചരണമാണിത്. എന്റെ അറിവിൽ റഷ്യയിൽ പത്തിലധികം പ്രസവിച്ച സ്ത്രീക്ക് റാണി എന്ന സ്ഥാനംപോലും കൊടുക്കുന്നുണ്ട്.

സംഗതികൾ എങ്ങിനെയിരുന്നാലും ഈ മാതിരിയുള്ള പ്രമേയങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുമ്പോൾ കുറച്ച് സൂക്ഷിക്കേണ്ടതിന് പല കാരണങ്ങളുമുണ്ട്. അനേകം യുവതികളും യുവാക്കന്മാരും ഇവിടെത്തന്നെ ഇതുകേട്ടുകൊണ്ടിരിക്കുന്നുണ്ടായിരിക്കും. കൂടാതെ പത്രങ്ങളിൽ വരുന്നത് ധാരാളംപേർ വായിക്കും. ശ്രീ. ഉദയഭാനുവിനെപ്പോലെയുള്ളവർ പറയുന്നത് അഞ്ചോ ആറോ സന്താനങ്ങൾ കഴിഞ്ഞതിനുശേഷം ഒരു താത്വികമായ അടിസ്ഥാനത്തിൽ സന്താനനിയന്ത്രണം ഏർപ്പെടുത്തണമെന്നാണ്. പക്ഷെ ഇങ്ങനെയുള്ള യുവതീയുവാക്കന്മാരെ സംബന്ധിച്ചിടത്തോളം വിവാഹംതന്നെ ചെയ്യാതിരിക്കാനുള്ള ഒരു പ്രേരണ ഇതുമൂലം ഉണ്ടാകുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. സാമ്പത്തികമായ വൈഷമ്യങ്ങൾകൊണ്ടും പലവിധത്തിലുള്ള ജീവിതക്ലേശങ്ങൾകൊണ്ടും ധാരാളം പേർ ഇപ്പോൾതന്നെ അവിവാഹിതരായി കഴിയുന്നുണ്ട്. സാമാന്യമായി ജീവിക്കാനുള്ള ഒരു വരുമാനം കിട്ടുന്നതുവരെ വിവാഹം കഴിക്കാതെ ജീവിക്കണമെന്നു തീരുമാനിച്ചിട്ടുള്ള അനേകം യുവാക്കന്മാരുണ്ട്. അങ്ങിനെയാണെങ്കിൽ നമ്മുടെ അനേകം സ്ത്രീകൾ അവിവാഹിതരായിപ്പോകുന്നതിനും (ഇപ്പോൾതന്നെ അവിവാഹിതരായ യുവതികൾ പല സമുദായത്തിലും ധാരാളം ഉണ്ട്) അടുത്ത തലമുറയിലെ ജനസംഖ്യ വളരെ കുറഞ്ഞുപോകുന്നതിനും ഇടയുണ്ട്. അതുകൊണ്ട് മനുഷ്യസ്വാഭാവികമായ പ്രേരണകൾക്ക് വശംവദരായി ഉണ്ടാകാവുന്ന സന്താനങ്ങളെതന്നെയും ഇല്ലാതാക്കുന്നതിനു പ്രേരകമായിത്തീരുന്ന ഒരു പ്രമേയമാണ് എന്റെ സ്നേഹിതൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് എന്റെ ബലമായ അഭിപ്രായം. എന്റെ സ്നേഹിതൻ

ஆகவே இந்தச் சூழ்நிலையில், செருப்புக்குத் தகுந்தபடி காலை வெட்டாமல் காலுக்குத் தகுந்தபடி செருப்பை வெட்டவேண்டும் என்பது தான் எனது அபிப்பிராயம். அதேபோல் உணவு உற்பத்திக்குத் தகுந்தபடி மக்களின் உற்பத்தியை குறைக்காமல் மக்களின் உற்பத்திக்குத் தகுந்தபடி உணவுப்பொருள்களின் உற்பத்தியைப் பெருக்கவேண்டும். அப்படியானால்தான் இவ்விரண்டும் சேர்ந்து நம் நாட்டு மக்கள் சக்தியாகவும் சுதந்திரமாகவும் சுகமாகவும் வாழ முடியுமென்று கூறிக்கொண்டு இத்தீர்மானத்தை எதிர்க்கிறேன்.

<u>സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു :</u> സർ, ഈ പ്രമേയത്തിന്റെ എല്ലാവശങ്ങളെ സംബന്ധിച്ചും പലരും പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് വളരെ അധികം പറയേണ്ട ആവശ്യം നേരിടുന്നില്ല. എന്നാൽ കുറച്ചുസമയത്തിനുമുമ്പ് ഈ ഹാളിനു വെളിയിൽവച്ച് പട്ടികജാതിയിൽപ്പെട്ട ഒരാളോടു ഇതിനെ സംബന്ധിച്ച അഭിപ്രായം എന്താണെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി സഭയെ അറിയിക്കുന്നതു നന്നായിരിക്കുമെന്ന് വിചാരിക്കുന്നു. ഇവിടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഉദ്യോഗങ്ങളും നിയമസഭാസാമാജികവും മന്ത്രിസ്ഥാനവും വിതരണംചെയ്തുകൊണ്ടിരിക്കുമ്പോൾ ജനനനിയന്ത്രണം ഏർപ്പെടുത്തി ഏതോ ചില വിഭാഗക്കാർക്ക് രാഷ്ട്രീയമായ ചില താല്പര്യങ്ങളെ സംരക്ഷിക്കണമെന്നുള്ള ഒരു ഉദ്ദേശമാണ് ഇതിൽ അടങ്ങിയിരിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇങ്ങനെ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്ന പക്ഷം ചില സമുദായക്കാർക്ക് ഇന്ന് ജനസംഖ്യാനുപാതികമായി ലഭിച്ചിരി

[Sahib Bahadur T. A. Moideenkunju]

ക്കുന്ന ആനുകൂല്യങ്ങളെ അവർ ഉദ്ദേശിക്കുന്ന ഒരു ഭാവിയിൽതന്നെ കുറവു ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഈ പ്രമേയംകൊണ്ട് ഉണ്ടാകുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നകാര്യം തീരെ കൊള്ളരുതാത്തതാണെന്നു പറഞ്ഞു തള്ളിക്കളയത്തക്കതല്ലെങ്കിലും ഈ പ്രശ്നത്തെപ്പററി ചിന്തിക്കുന്നതിനുമുമ്പായി വളരെ അടിയന്തിരമായ പല പ്രശ്നങ്ങൾക്കും നമുക്ക് പരിഹാരം കാണേണ്ടതായിരിക്കുന്നു. അതെല്ലാം മാററിവച്ചിട്ട് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നതാലോചിച്ചാൽ മററു പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടുകഴിഞ്ഞു, ഇനി ഇതു മാത്രമേ പരിഹരിക്കാനുള്ളു എന്നു തോന്നിപ്പോകും. രാജ്യത്തെ എല്ലാ കാര്യങ്ങളും ദൂഷിച്ചു ഒരടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, അതായത് ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിഉദ്യോഗങ്ങളും മററു സകലതും വീതംവച്ചുകൊണ്ടിരിക്കുമ്പോൾ ജനനനിയന്ത്രണം കൊണ്ടുവരുന്നതു ചില സമുദായക്കാരുടെ താല്പര്യങ്ങൾക്ക് ദോഷകരമായതുകൊണ്ട് അതു ഇവിടെ നടപ്പിൽ വരാൻ ഇടയില്ല, നടപ്പിലാക്കാൻ സാദ്ധ്യവുമല്ല. നടപ്പിൽ വരുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നോ, അതിനെ ചിലർ അനുകൂലിച്ചു പ്രസംഗിച്ചിട്ടുള്ളതെന്നോ ഞാൻ വിചാരിക്കുന്നില്ല. ഒരു വാദപ്രതിവാദത്തിനു മാത്രമായിട്ടു ഈ പ്രമേയം ഇവിടെ കൊണ്ടുവന്നു എന്നേ ഞാൻ മനസ്സിലാക്കുന്നുള്ളു. ജനസംഖ്യാടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തു ഈ പ്രമേയത്തിൽ പറയുന്ന സംഗതികൾ നടപ്പിലാക്കിയാലും. പ്രയോജനമൊന്നുമില്ല. ഈ പ്രമേയത്തെ അനുകൂലിച്ചവരോടും അല്ലാത്തവരോടും ഞാൻ ചോദിക്കുന്നു അവർക്കോ മററുള്ളവർക്കോ കൂടുതൽ കുട്ടികളുണ്ടായിട്ടുണ്ടെങ്കിൽ അതവരുടെ ഇഷ്ടത്തോടുകൂടിയാണോ എന്ന്? എന്റെ സ്നേഹിതൻ ശ്രീ. ഉദയഭാനുവിന് ൯ കുട്ടികളുണ്ടെന്നു ഇവിടെ പറഞ്ഞുകേട്ടു. ഈ ൯ കുട്ടികളും ഉണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹംകൊണ്ട് ഉണ്ടായതല്ല. ചില വികാരങ്ങളുടെ പ്രവർത്തനഫലമായിട്ട് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കുട്ടികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അങ്ങിനെയിരിക്കെ ഇവിടെ പറഞ്ഞതുപോലെ അതിനൊരു ശിക്ഷയേർപ്പെടുത്തിയാൽ അവരെക്കൊണ്ട് ശിക്ഷകൂടി അനുഭവിപ്പിക്കാമെന്നല്ലാതെ യാതൊരു പ്രയോജനവും ഉണ്ടാകാൻപോകുന്നില്ല. ശിക്ഷ ഏർപ്പെടുത്തിയിട്ടുള്ള പല രാജ്യങ്ങളിലേയും അനുഭവം അതാണ് നമ്മെ പഠിപ്പിക്കുന്നതു്. ഇനി ഭാര്യാഭർത്താക്കന്മാർക്ക് ഇത്ര കുട്ടികളേ പാടുള്ളൂ എന്നൊരു നിയമം വയ്ക്കാമെന്നും, അതു പ്രയോഗത്തിൽ കൊണ്ടുവരാമെന്നുംതന്നെ സമ്മതിക്കുക. എന്നാൽതന്നെ ഇന്നിരിക്കുന്ന മരണനിരക്കിന് ഒരു മാററം സംഭവിക്കുകയാണെങ്കിൽ അതിന് എന്തു പരിഹാരമാണ് ഇവർ നിർദ്ദേശിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. ഭക്ഷ്യനില മോശപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനൊരു പരിഹാരമായിട്ടാണ് ജനസംഖ്യ കുറയ്ക്കണമെന്നു പറയുന്നതു്. എന്നാൽ മരണത്തിന്റെ നില ഒന്നു മാറുകയാണെങ്കിൽ—

<u>മി. സ്പീക്കർ</u>: അക്കാര്യം രണ്ടു പ്രാവശ്യം പറഞ്ഞുകഴിഞ്ഞു. അതിനി ആവർത്തിക്കേണ്ട ആവശ്യമില്ല.

<u>സാഹിബ്ബഹദൂർ ടി. എ. മൈതീൻകുഞ്ഞു</u>: ആ സ്ഥിതിക്ക് എനിക്ക് മറെറാരുമാർഗ്ഗം നിർദ്ദേശിക്കുവാനുണ്ട്. മനുഷ്യൻ വളരെ ഇഷ്ടപ്പെടുന്ന ഒരു കാര്യത്തെ ചെറുത്തിട്ട്, മനുഷ്യനു ലഭിക്കുന്ന സുഖത്തെ ഇല്ലാതാക്കിയിട്ട് ജനനത്തെ നിയന്ത്രിക്കുന്നതിനേക്കാൾ സുഖക്കേടു പിടിപെട്ട് മരിക്കാൻ തയ്യാറാകുന്നവരെ ആശുപത്രികളും മററുമുണ്ടാക്കി ചികിത്സിച്ച് ഭേദപ്പെടുത്താതെ മരി

ക്കാനനുവദിക്കുന്നതായിരിക്കും കൂടുതൽ നല്ലതു് എന്നാണു് എനിക്കു തോന്നുന്നതു്. ജനസംഖ്യ കുറയുന്നതിനു ഈ മാർഗ്ഗം വളരെ പര്യാപ്തമാണു്. അതു മൂലം ഗവമ്മെൻറിനു ഒരു നല്ല ലാഭവും ഉണ്ടാകും. ആശുപത്രിക്കും മരുന്നിനും മററും ചിലവാകുന്ന തുകകളെല്ലാം ഗവർമ്മെൻറിനു ലാഭിക്കാം. മിക്കവാറും ഉപയോഗംകഴിഞ്ഞു സുഖക്കേടുപിടിപെട്ട ആളുകളെ ചാകാനനുവദിക്കുകയാണെങ്കിൽ ഭക്ഷ്യനിലയനുസരിച്ചു് ജനസംഖ്യ കുറക്കാനും സാധിക്കും; ഗവർമ്മെൻറിനു ഒരു നല്ല ലാഭമുണ്ടാക്കാനും സാധിക്കും. ഇങ്ങനെ നവീനമായ ഏതെങ്കിലും ഒരു പദ്ധതി ഏർപ്പെടുത്തുകയാണു് വേണ്ടതു്. മററു പലരാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടു് പരാജയപ്പെട്ടതെന്നു് നാം മനസ്സിലാക്കിക്കൊണ്ടു് ഇവിടെയും സന്താനനിയന്ത്രണം നടപ്പിലാക്കാനുള്ള ബുദ്ധിശൂന്യത നമുക്കുണ്ടാകരുതു്.

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ശ്രീ. ഉദയഭാനുവിൻെറ പ്രമേയത്തിൽ പറയുന്നതു് ഇങ്ങനെയാണു്.

"This House resolves that the Government should render all help and assistance in Family Planning Work".

ഇതുകൊണ്ടു് സന്താനനിയന്ത്രണം മാത്രമാണു് പ്രമേയാവതാരകൻ ഉദ്ദേശിച്ചതെന്നു് അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോഴാണു് എനിക്കു് മനസ്സിലായതു്. കൃത്രിമമായ ഉപകരണങ്ങൾ ഉപയോഗിച്ചു് സന്താനനിയന്ത്രണം നടപ്പിൽ വരുത്തുന്നതു സാന്മാർഗ്ഗികമായ എല്ലാ തത്വങ്ങൾക്കും വിപരീതമാണെന്നു മഹാത്മാഗാന്ധി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അതുകൊണ്ടുതന്നെയായിരിക്കണം ഇൻഡ്യയിലെ യാതൊരു ഗവമ്മെൻറും അതിനുവേണ്ട യാതൊരു നടപടികളും സ്വീകരിക്കാതിരിക്കുന്നതു്. സന്താനനിയന്ത്രണത്തോടു് വ്യക്തിപരമായി എനിക്കു് ശക്തിയായ എതിരഭിപ്രായമാണുള്ളതു്. ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു് അതിലേക്കാവശ്യമായ എല്ലാ സഹായങ്ങളും ഗവമ്മെൻറു് ചെയ്തുകൊടുക്കണമെന്നാണു്. നിലവിലുള്ള യാതൊരു ഗവമ്മെൻറും അതിലേക്കു സഹായം ചെയ്തുകൊടുക്കുന്നതായിട്ടു് എനിക്കറിവില്ല. അമേരിക്കയിലും യൂറോപ്പിലും ഉള്ളതായ എല്ലാ*ഗവമ്മെൻറുകളും സന്താനവർദ്ധനവിനു വേണ്ട സഹായങ്ങളാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. ഇംഗ്ലണ്ടു്, ഫ്രാൻസ്, റഷ്യ, ജർമ്മനി, ഇററലി, ചില അമേരിക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെല്ലാം സന്താനവർദ്ധനവിനാണു് ഗവമ്മെൻറു് സഹായം ചെയ്തുകൊടുക്കുന്നതു്. കുട്ടികൾ കൂടുന്നതനുസരിച്ചു് വീട്ടുവാടകയിലും മററിനങ്ങളിലും ഇത്രയിത്ര ശതമാനം ഗവമ്മെൻറു് കൂടുതൽ കൂടുതൽ കൊടുക്കുമെന്നു് ഒരു വ്യവസ്ഥയുള്ള ായി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അങ്ങിനെ സന്താനവർദ്ധനവിനുള്ള സഹായങ്ങളാണു് ഗവമ്മെൻറുകൾ ചെയ്തുകൊണ്ടിരിക്കുന്നതു്. ശ്രീ. ഉദയഭാനു ഇവിടെ ഉന്നയിച്ചതായ വാദങ്ങളനുസരിച്ചു് പ്രവർത്തിക്കുന്ന ചില സൊസൈററികൾ ഇംഗ്ലണ്ടിലും അമേരിക്കയിലും ഉണ്ടു്. സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില സംഘടനകളാണു് അവ. അവയ്ക്കു ഇക്കാര്യത്തിലേക്കായി ഗവമ്മെൻറിൽനിന്നും യാതൊരു സഹായവും ചെയ്തുകൊടുക്കുന്നില്ല. എന്നാൽ അങ്ങിനെയുള്ള സ്ഥാപനങ്ങൾ നടത്തുന്നതിനു് ഗവമ്മെൻറിനു വിരോധമുണ്ടായിരിക്കുന്നതല്ല. പിന്നെ സന്താനനിയന്ത്രണം വേണമെന്നുണ്ടെങ്കിൽ അതിനുവേണ്ടി ഒരു പദ്ധതി അവരവർതന്നെ തീരുമാനിച്ചു് അതനുസരിച്ചു് പ്രവർത്തിക്കുകയാണു് നല്ലതു്. അതിനു് യാതൊരു തടസ്സവും വരികയില്ല. ഇൻഡ്യാ ഗവമ്മെൻറിനു് ഇതേ സംബന്ധിച്ചുള്ള അഭിപ്രായം ഹെൽത്തു് മിനിസ്റ്റർ [illegible] ഫെബ്രു.

[Sri A. J. John]

വരി ൨. ൧൯൫൦-യിലെ ഒരു ചോദ്യത്തിനു മറുപടിയായി പാർലിമെണ്ടിൽ പറഞ്ഞതു് ഞാൻ ഇവിടെ വായിക്കാം.

"Shri. Ruthnaswamy: (*a*) Will the Minister of Health be pleased to state whether the rate of births in India since the year 1941 has shown an upward trend?

(*b*) Have Government in view any proposal to popularise knowledge and appliances of birth control?

(*c*) Will Government consider the advisability of making available the benefits of the knowledge of birth control to the poorer and labouring classes?

The Minister of Health: (*a*) There is an indication of a downward trend in the birth rate as may be observed from the statement laid on the table of the House.

(*b*) and (*c*) No. The social implications of a widespread campaign for the dissemination of knowledge in the matter of the use of contraceptives for purposes of birth control are fraught with risk to health in a population where there is mass ignorance of the laws of hygiene and neither adequate medical relief nor means of proper education. Family planning is a desirable objective. It should be sought to be obtained and will be better obtained in our country by social reform such as the raising of the age of marriage of both boys and girls. In any event any action to be taken in this direction will obviously have to be in close consultation with State Governments and with due regard to the social and religious susceptibilities of large sections of the population, bearing in mind also the frequently adverse moral effect of such methods as have been adopted in the Western Hemisphere.

Shri. Ruthnaswamy: Some time back, in a speech at Madras, the hon'ble Minister Shri. Santhanam spoke of rationing of children. May I take it that that is the official policy of the Government?

Rajkumari Amrit Kaur: I am not aware of any such speech made by Mr. Santhanam. As far as the policy of the Central Government is concerned, I have given it in my answers to (*b*) and (*c*)"

ഇതാണു് കേന്ദ്രഗവർമ്മെന്റിന്റെ നയം. അതുതന്നെയാണു് ഈ ഗവർമ്മെന്റിന്റെയും നയം. ഇതിനെ സംബന്ധിച്ചു് ദീർഘമായ ഒരു പ്രസ്താവന ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Sri. A. P. Udayabhanu: Sir, have I a right to reply?

Mr. Speaker: Yes.

ശ്രീ. എ. പി. ഉദയഭാനു: സർ, എന്റെ ഈ പ്രമേയത്തെ ബഹുമാനപ്പെട്ട മെമ്പറന്മാരായ ഇട്ട്യേര അമ്പൂക്കൻ, ഈപ്പൻ അറക്കൽ, എ. കെ. ജോർജ്ജ്, ഇ. ഗോപാലകൃഷ്ണമേനോൻ എന്നിവർ എതിർക്കുകയാണുണ്ടായതു്. അവർ എന്റെ പ്രമേയത്തെ എതിർത്തെങ്കിലും ഈ പ്രമേയം മൂലം അവരുടെ ഇടയിൽ ഒരു അഭിപ്രായൈക്യം കാണുവാൻ ഇടയായതിൽ ഞാൻ സന്തോഷിക്കുന്നു.

Mr. Speaker: Order, order. I want to know whether the member is pressing his motion. If he is pressing the motion, a reply may be given on the points raised in the discussion. Otherwise, there is no need for a lengthy reply.

Sri. N. D. Jose: Sir, a point of order. Cannot a member make a personal explanation.

Mr. Speaker: Yes, but he cannot go into unnecessary or irrelevant details.

ശ്രീ. എ. പി. ഉദയഭാനു: ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള ഫാമിലി പ്ലാനിംഗിനെ സംബന്ധിച്ചു് പറഞ്ഞപ്പോൾ സഭ തെറ്റിദ്ധരിച്ചിരിക്കുന്നവെ

ന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ പരിതസ്ഥിതിയിൽ ജനനനിരക്ക് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. ജനനനിരക്ക് ഇവിടെ പറഞ്ഞ പോലെ കൃത്രിമമായിതന്നെ നിയന്ത്രിക്കണമെന്ന് ഞാൻ വിവക്ഷിച്ചിട്ടില്ല. നമ്മുടെ ഭക്ഷ്യനില നോക്കിയാൽ ഇന്നത്തെ ജനനനിരക്ക് നിലനിറത്തിക്കൊണ്ടുപോകുവാൻ നമുക്ക് സാദ്ധ്യമല്ല. എല്ലാ കാലവും ജനനനിരക്ക് നിയന്ത്രിക്കണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇംഗ്ലണ്ടിലും അമേരിക്കയിലും മററു പരിഷ്കൃതരാജ്യങ്ങളിലും ജനനനിരക്ക് ഗവമ്മെൻറിൽനിന്നു നിയന്ത്രിക്കുന്നില്ല എന്നു പറഞ്ഞു. അവിടെ ഹോസ്പിററലിൽതന്നെയാണ് ബർത്ത് കൺട്രോളിനുള്ള ഏർപ്പാടുകൾ നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ അഖിലേന്ത്യാ വിമൻസ് കോൺഫറൻസ് രണ്ടു പ്രമേയങ്ങൾ ഇതിനെ സംബന്ധിച്ച് പാസ്സാക്കിയിട്ടുണ്ടെന്നു പറഞ്ഞത്. അഖിലേന്ത്യാ വിമൻസ് കോൺഫറൻസിൻെറ ൨൫-ാമത്തെ സെഷനിൽ ഇതിനെ സംബന്ധിച്ച് പാസ്സാക്കിയിട്ടുള്ള രണ്ടു പ്രമേയങ്ങളിലേയ്ക്ക് ഗവമ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"This Conference reiterates its former resolutions supporting the necessity for instruction in methods of Birth Control through recognised clinics and calls upon all the Constituencies to make a special effort to induce Municipalities and other organisations for maternity and child welfare to open centres to impart such knowledge to those who stand in need of it.

This Conference believes that it is the duty of medical departments and local authorities to take immediate steps to put an end to the advertisement and sale of birth control remedies by quacks which ruin the health of women in many cases. It appeals to medical departments and municipalities to educate men and women in birth control methods from the point of view of their ill health, mental weakness and economic considerations. Such clinics should be specially opened in labour areas."

Sri. P. Balakrishnan Tampi: May I ask the honourable Member whether he is aware that medical services in England are nationalised and as such medical or clinical assistance is available to every citizen of Great Britain from the State.

Sri. A. P. Udayabhanu: Yes, it must be so.

ഞാൻ ജനനനിയന്ത്രണം ആവശ്യമാണെന്നു പറഞ്ഞത് രാജ്യത്തിലെ സ്ഥിതിഗതികളെ ആസ്പദമാക്കിയാണ്. റഷ്യയിൽ ഒരു ചതുരശ്രമൈലിലുള്ള ജനസംഖ്യ ൨൦.൯ ആണ്. ഇൻഡ്യയിൽ ഒരു ചതുരശ്രമൈലിൽ ൨൯൪ ആണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഒരു ചതുരശ്രമൈലിൽ ൨൦൦൦-ത്തിൽ ചില്വാനം വരും. ഒരു മനുഷ്യനു ശരിക്ക് ആഹാരം കൊടുക്കണമെങ്കിൽ ശരാശരി രണ്ടേക്കർ കൃഷി ഭൂമി വേണം. ഒരേക്കറിൽ കുറഞ്ഞാൽ ഒട്ടും പോരാ. ഇൻഡ്യയിൽ ൩൬ കോടി ൯൫ ലക്ഷം ജനങ്ങളുണ്ടെങ്കിലും ഒരാൾക്ക് ഒരേക്കർ കൃഷിഭൂമി എന്ന കണക്കിൽ നോക്കിയാൽ ൧൮ കോടി ൨൦ ലക്ഷം ജനങ്ങളെ രക്ഷിക്കുവാനുള്ള കൃഷിഭൂമികളെ ഇന്നുള്ളു. ആശുപത്രികൾ നിർത്തി മരിക്കാനാളുകളെ അനുവദിച്ചു ജനസംഖ്യ നിയന്ത്രിക്കണമെന്നൊരു മെമ്പർ പറഞ്ഞു. അതു് ആ ആളിൻെറ ചിന്താഗതിക്കു യോജിച്ചതാണ്. ഹൈജീൻ, പബ്ളിക്ക് ഹെൽത്ത് ഇവകൊണ്ട് മരണനിരക്ക് കുറച്ചുകൊണ്ടുവരികയാണ് നാം ചെയ്യുന്നത്. State Government-കളുടെ നിലയും അഭിപ്രായവുമനുസരിച്ചു ഈ സംഗതി പരിഗണിക്കാം എന്നാണ് Family planning നെപ്പററിയുള്ള മറുപടിയിൽ Central Government എടുത്തിരിക്കുന്ന നില. എല്ലാ മതസ്ഥന്മാരുടേയും വ്യക്തികളുടേയും കാര്യങ്ങളിൽ

[Sri. A. P. Udayabhanu]

നിർബന്ധം വരത്തക്കവണ്ണം ബർത്ത് കൺട്രോൾ ഏർപ്പാടു ചെയ്യണമെന്നു് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ഗവമ്മെൻറിൽനിന്നു് വേണ്ട സഹായം അതിനാവശ്യമുള്ളവക്കു് ചെയ്തുകൊടുക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ കാര്യത്തിൽ സെൻട്രൽ ഗവമ്മെൻറിൽനിന്നും ഈ ഗവമ്മെൻറിൻെറ ഉപദേശം ആവശ്യപ്പെടുമ്പോൾ ഈ സംഗതികൾ പരിഗണിച്ചുവേണം ഈ ഗവമ്മെൻറിൽനിന്നു് അഭിപ്രായം പറയുവാൻ എന്നാണു് ഞാൻ പറയുന്നതു്. യാതൊരു മനുഷ്യനേയും ജനനനിയന്ത്രണം എടുക്കുന്നതിനു് നിർബന്ധിക്കുന്നില്ല. എൻെറ സ്നേഹിതൻ മി. ഗോപാലകൃഷ്ണമേനോൻ പറഞ്ഞതുപോലെ വ്യക്തിപരമായി ആക്കെങ്കിലും ആവശ്യമാണെന്നു് വന്നാൽ അതിനുവേണ്ട സഹായം ചെയ്തുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇന്നു ജനങ്ങൾ വളരെ അധികം വർദ്ധിക്കുന്നുണ്ടു്. അതുകൊണ്ടു് വലിയ ആപത്തുണ്ടായിട്ടുണ്ടു്. അണ്ണാമല യൂണിവേഴ്സിററിയിൽ പോപ്പുലേഷനെപ്പററി സ്റ്റഡി ചെയ്യുന്നതിനു് ഡാക്ടർ ചന്ദ്രശേഖരൻെറ അദ്ധ്യക്ഷതയിൽ ഒരു സ്ഥാപനംതന്നെയുണ്ടു്. അദ്ദേഹം പറയുന്നതു് വരവു കുറഞ്ഞവരും ജീവിതത്തോതു കുറഞ്ഞവരുമായ ആളുകളിൽ ജനസംഖ്യ വർദ്ധിച്ചുവരികയും ഉയന്ന നിലയോടുകൂടിയ ആളുകളിൽ ജനസംഖ്യ കുറഞ്ഞുവരികയുമാണു് ചെയ്യുന്നതെന്നാണു്. അതു് വളരെ കാര്യമായ ഒരു സംഗതിയാണു്. ബഹുമാനപ്പെട്ട മെമ്പർ മി. ചിതംബരനാഥനോ മററാ പറയുന്നതുപോലെയല്ലാ, ഏററവും ഉന്നതന്മാരായ വ്യക്തികൾ പറയുന്നതിനെ അംഗീകരിച്ചു്, അതിനെ അടിസ്ഥാനപ്പെടുത്തി, മനുഷ്യരാശിയുടെ വർദ്ധനവിനെ അഭിമുഖീകരിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. എനിക്കു ബഹുമാനപ്പെട്ട ഗവമ്മെൻറിനോടു് പറയുവാനുള്ള ഒരു വസ്തുത സെൻട്രൽ ഗവമ്മെൻറു് ഈ കാര്യത്തിൽ ഗവമ്മെൻറിൻെറ അഭിപ്രായം ചോദിക്കുമ്പോൾ ഈ കാര്യങ്ങൾ ഗവമ്മെൻറു് പ്രത്യേകം പറയണമെന്നു മാത്രമാണു്. ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

The question whether the mover of the resolution (Sri. A. P. Udayabhanu) has permission of the House to withdraw his resolution, was put and lost.

The resolution was put and lost

Sahib Bahadur T. A. Abdulla : Sir, I demand a poll.

A poll was taken, when the House divided as follows :

Ayes—26

1. Sri. A. Thanu Pillai	2. Sri. K. P. Nilacanta Pillai
3. ,, R. Sankar	4. ,, Kalathil Velayudhan Nayar
5. ,, Atchuthan	
7. ,, P. S. Nataraja Pillai	6. ,, P. C. Adichan
9. ,, V. Gangadharan Nayar	8. ,, Mannar Gopalan Nayar
11. ,, A. P. Nambiar	10. ,, N. K. Krishna Pillai
13. ,, N. D. Jose	12. ,, S. Kuttan
15. ,, Sulaiman	14. ,, Ramakrishna Pillai
17. ,, Ramakrishnan Achari	16. ,, A. K. Patchu Pillai
19. ,, A. P. Udayabhanu	18. ,, Sannalan
21. ,, P. Balakrishnan Tampi	20. Sahib Bahadur T. A. Abdulla
23. ,, Chandrasekhara Pillai	22. Sri. Joseph Mundasseri
25. Sahib Bahadur A. K. Kunjumoideen	24. ,, Kunjukrishnan

26. Sri. Kunjayyappan.

Noes—33

1. Sri. C. Kesavan	2. Sri. A. J. John
3. ,, Kochukuttan	4. ,, K. M. Korah
5. ,, V. Madhavan	6. ,, T. T. Kesavan Sastri
7. ,, Sebastian Thoppil	8. ,, T. V. Devan
9. ,, Eapen Arakkal	10. ,, Paul
11. ,, Paul Thaliath	12. ,, K. K. Kannan
13. ,, D. Gnanasigamony	14. ,, Nilacantaru Pandarathil
15. ,, A. Chidambaranatha Nadar	16. ,, P. C. George
17. ,, Ittiera Ambookan	18. ,, Elias Mary Antony
19. ,, Sadasivan	20. ,, T. Kochukrishna Pillai
21. Sahib Bahadur T. A. Moideen Kunju	22. ,, R. K. Ram
23. Sri. Raphel J. Rodriguez	24. ,, Gopalakrishna Menon
25. Sry. Accamma Cheriyan	26. Sry. Annie Joseph
27. Sri. Kochukunju	28. Sri. A. M. Thomas
29. ,, Alexander Vakayil	30. ,, N. V. Chacko
31. ,, K. A. Mathew	32. ,, Joseph Mathen.
33. Sahib Bahadur P. K. Mackaru Pillai.	

Neutrals—3

1. Sri. T. K. Narayana Pillai
2. ,, Abdul Aziz
3. ,, K. R. Elankath.

Mr. Speaker: For the motion 26, against the motion 33, neutrals 3. The resolution is lost.

Resolution regarding lands leased to Backward Communities

മിസ്റ്റർ സ്പീക്കർ: അടുത്തതായി ശ്രീ. ദേവൻ കൊണ്ടുവന്നിട്ടുള്ള പ്രമേയമാണു്. അതു ബഹുമാനപ്പെട്ടമെമ്പർ അവതരിപ്പിക്കുന്നുണ്ടോ?

ശ്രീ. ടി. വി. ദേവൻ: സർ, ഞാൻ അതു അവതരിപ്പിക്കുന്നു. സർ, ഞാൻ ഈ സഭയിൽ കൊണ്ടുവരണമെന്നു ഉദ്ദേശിക്കുന്ന പ്രമേയം ഇതാണു്. "പിന്നോക്ക സമുദായക്കാർക്കു നല്കിയിട്ടുള്ള കുത്തകപ്പാട്ടം വസ്തുക്കൾ ശാശ്വത കുത്തകപ്പാട്ടമായി പരിഗണിക്കണമെന്നു് ഈ സഭ ഗവമെന്റിനോടു ശുപാർശ ചെയ്യുന്നു."

ഞാൻ ഈ പ്രമേയം സഭയിൽ ഹാജരാക്കിക്കൊണ്ടു് ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. സർ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള പിന്നോക്കസമുദായങ്ങളുടെ കയ്യിൽ കുറെ അധികം ഭൂമികൾ കുത്തകപ്പാട്ട വ്യവസ്ഥയിൽ ഉണ്ടു്. എന്നാൽ ഈ വക വസ്തുക്കൾ മിക്കവാറും അന്യന്മാർ കൈവശപ്പെടുത്തുകയാണു് ചെയ്യുന്നതു്. ഈ വിവരം ഞാൻ പല തവണയും ഈ സഭയിലും ഗവമെന്റിന്റെ ദൃഷ്ടിയിലും കൊണ്ടുവന്നിട്ടുണ്ടു്. അതിന്റെ ഫലമായി ഗവമെന്റിനും ഏറെക്കുറെ കാര്യങ്ങൾ മനസ്സിലായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം.

സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയത്തെ പിൻവലിക്കാനായിട്ടു അവതരിപ്പിക്കുന്നോ അതോ പ്രസ് ചെയ്യാൻ പോകുന്നോ?

മിസ്റ്റർ സ്പീക്കർ: അവതരിപ്പിച്ച പ്രമേയത്തെപ്പറ്റി മെമ്പർ അവസാനത്തിൽ എന്തു ചെയ്യുവാനാണു് ഉദ്ദേശിക്കുന്നതെന്നു ചോദിക്കത്തക്കതല്ല.

ശ്രീ. ടി. വി. ദേവൻ: സർ, കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ൫൦൦൦ത്തിൽ പരം ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്കു കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു്. ഇതിൽ കുറെയധികം സ്ഥലങ്ങൾ അന്യ ആളുകൾ ചെറിയ ചെറിയ തുകകൾ ഈ സാധുക്കൾക്കുകൊടുത്തു കൃഷിക്കെന്നുംപറഞ്ഞു തട്ടിയെടുത്തു കൈവശംവച്ചു കൊണ്ടിരിക്കുന്നു. ഇവർ വസ്തുവിന്റെ കരംകൊടുക്കയും നെല്ലെടുപ്പു സമയം ഗവമ്മെന്റിലേക്കു നെല്ലു് കൊടുക്കയും മററംചെയ്തു വസ്തു അവരുടേതാണെന്നു കാണിക്കാൻവേണ്ടി റിക്കാർഡുകളും ഇങ്ങിനെ ഉണ്ടാക്കിവച്ചിട്ടുണ്ടു്. ഇങ്ങനെ ഏതാനംകൊല്ലം തുടരുകയാണെങ്കിൽ ഒടുവിൽ വസ്തു ഇവരുടേതായിത്തീരുകയുംചെയ്യും. പാവപ്പെട്ട ഈ സാധുക്കൾ ഇതറിയുന്നില്ല. കൃഷിക്കായികൊടുത്തിട്ടുള്ള സ്ഥലങ്ങൾ ഇവർക്കുതന്നെ തിരെ കിട്ടുമെന്നാണു് വിചാരിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഗവമ്മെന്റു് ഈ കാര്യത്തിൽ ശാശ്വതമായ ഒരു വ്യവസ്ഥയിൽ കുത്തകപ്പാട്ടത്തിനായിട്ടു് ഈ സാധുക്കൾക്കു് കൊടുക്കണമെന്നാണു് എന്റെ പ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ഗവമ്മെന്റു് മനഃപൂർവ്വമായി പ്രവർത്തിച്ചെങ്കിൽമാത്രമേ അതു സാധിക്കയുള്ളൂ. എങ്ങനെയെന്നാൽ രോഗം ബാധിച്ചിരിക്കുന്ന ശിശുവിനെ കെട്ടിവച്ചു് ബലാൽ മരുന്നുകുടിപ്പിച്ചു് രോഗം ശമിപ്പിക്കുന്നതുപോലെ ഒരു ശാശ്വതമായ കുത്തകപ്പാട്ടത്തിനു് ഇവർക്കു സ്ഥലം കൊടുക്കയും അതിനെ യാതൊരു കാരണവശാലും മററാർക്കു് കൈവശപ്പെടുത്താൻ അധികാരമില്ലെന്നു് വ്യവസ്ഥചെയ്യുകയും വേണ്ടതാണു്. ഇങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഇവർക്കു് ഗവമ്മെൻറുദ്ദേശിക്കുന്ന തരത്തിൽ ഗുണംകിട്ടുകയുള്ളൂ. ആയതിനാൽ ഈവക കാര്യങ്ങൾ ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തികൊണ്ടു് എന്റെ പ്രമേയത്തെ അംഗീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഞാൻ ശ്രീ. ദേവന്റെ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ഈ സഭയുടെ വിലയേറിയ സമയത്തെ നഷ്ടപ്പെടുത്താതെ ഒന്നുരണ്ടു സംഗതികൾ പറയണമെന്നു് ആഗ്രഹിക്കുന്നു. കുത്തകപ്പാട്ടം എന്നു പറയുന്നതു് രണ്ടുതരത്തിലുണ്ടു്. അവയിൽ ഒരുതരത്തിലുള്ള സ്ഥലങ്ങൾ നാട്ടിൻപുറങ്ങളിലുള്ള തരിശുഭൂമികളും മറേറതു വനഭൂമികളുമാണു്. ഈ സ്ഥലങ്ങളിൽ ൫൦ ഏക്കർമുതൽ ൧൦൦൦ ഏക്കർ വരെ കൊടുക്കാൻ സാധിക്കത്തക്കവണ്ണമുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടു്. എന്നാൽ ചെറിയ അളവിൽ അനവധി സ്ഥലങ്ങൾ ഈ രണ്ടു ഇനങ്ങളിൽനിന്നും പിന്നോക്കസമുദായങ്ങൾക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുമുണ്ടു്. എന്നാൽ ഇങ്ങനെ കൊടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഒരു ശാശ്വത വ്യവസ്ഥയിൽ കൊടുത്തിട്ടില്ലാത്തതുകൊണ്ടു് കിട്ടിയവരിൽ നിന്നും പല വസ്തുക്കളും അന്യാധീനപ്പെട്ടിട്ടുണ്ടു്. ഈ വിവരം ഗവമ്മെന്റു് അറിയുകയും പിന്നോക്കസമുദായങ്ങളെ മനഃപൂർവ്വമായി സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇതിലേക്കു് ഒരു സ്കീം അല്ലെങ്കിൽ പ്ലാൻ തയ്യാറാക്കുന്നുയെന്നു് ഗവമ്മെൻറു ഭാഗത്തുനിന്നും അറിയാനിടയായി. അതു യഥാർത്ഥമാണെങ്കിൽ തീർച്ചയായിട്ടും പിന്നോക്കസമുദായക്കാർക്കു് ഒരു അനുഗ്രഹംതന്നെ. ഗവമ്മെന്റു് മേൽനോട്ടം വഹിച്ചു് പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറു മുഖേന തയ്യാറാക്കുന്ന ഈ പ്ലാൻ എത്രയും വേഗത്തിൽ നടപ്പിൽവരുത്തണമെന്നു മാത്രമേ എനിക്കു് അപേക്ഷയുള്ളൂ.

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പുമന്ത്രി:
(ശ്രീ. എ. ജെ. ജോൺ): സർ, സംസ്ഥാനത്തു നിലവിലിരിക്കുന്ന കുത്തകപ്പാട്ട റൂൾസ് ൨൪ (൨) അനുസരിച്ചു് പിന്നോക്കസമുദായത്തിൽപെട്ട ഒരു

കുടുംബത്തിനു ൯ ഏക്കർ സ്ഥലം ൫൦ കൊല്ലത്തെ കാലാവധിവച്ച് കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുശേഷം ഈ കാലാവധിതന്നെ പതുക്കാമെന്നും പറഞ്ഞിട്ടുണ്ട്. അതായത് ൫൦ വർഷത്തേക്കുകൂടി നീട്ടികൊടുക്കുകയോ മറ്റോ ആയിരിക്കും. അങ്ങനെയാണെങ്കിൽ ഈ ഏർപ്പാട് സ്ഥിരമായ ഒരു കുത്തകപ്പാട്ട വ്യവസ്ഥയായിരിക്കും. ലാൻഡ് അസൈൻമെൻറ് റൂളനുസരിച്ച് ൫൦ കൊല്ലം പൂർത്തിയാക്കുക എന്നുള്ളതു മാററി കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ച് ൫൦ കൊല്ലം കഴിഞ്ഞ് കൈമാററം ചെയ്യാനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഒരു റൂൾ ഈ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരണമെന്നാണ് വിചാരിക്കുന്നത്. അങ്ങനെ കൊണ്ടുവരുമ്പോൾ ഇപ്പോൾ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ പെട്ടെന്ന് യാതൊരു കാരണവശാലും അന്യന്മാർ കൈവശപ്പെടുത്തി കൊണ്ടുപോകുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്സ് ചെയ്യുകയില്ലെന്ന് വിശ്വസിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: അങ്ങിനെ കൊണ്ടുവരുന്ന റൂൾ സെലക്ട് കമ്മിററിയിലേക്കു പോകുകയാണെങ്കിൽ ഈ വിഷയത്തെപ്പററി സംസാരിക്കാൻ അറിയാവുന്ന ആളുകളെ അംഗങ്ങളായി എടുക്കുമൊ?

മിസ്റ്റർ സ്പീക്കർ: അതിനെപ്പററി അപ്പോൾ ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പിന്നോക്ക സമുദായങ്ങൾക്കു സൗജന്യ വ്യവസ്ഥയിൽ ഭൂമി പതിച്ചുകൊടുക്കുന്ന ഒരു ഏർപ്പാട് വളരെ മുൻപിനാലെ ഉള്ളതാണ്. എന്നാൽ ഇപ്പോൾ അതു നിറുത്തിവച്ചിരിക്കുന്നതിൻെറ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഭൂമി ആർക്കുംതന്നെ ഒരു കാരണത്താലും പതിച്ചുകൊടുക്കുന്നില്ല. അതിനു പകരമായിട്ടാണ് കുത്തകപ്പാട്ടത്തിനു ഒരു കാലാവധിവച്ച് കൊടുക്കുന്നത്.

മിസ്റ്റർ സ്പീക്കർ: ഈ പ്രമേയം പിൻവലിക്കുന്നതിനുള്ള അനുവാദം മെമ്പർ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ കൊടുക്കുന്നതിന് സഭയ്ക്കു സമ്മതംതന്നെയോ എന്നറിയണം. അതിനു എതിരഭിപ്രായമുള്ളതായി കാണുന്നില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർക്കു പ്രമേയം പിൻവലിക്കാനുള്ള അനുവാദം കൊടുത്തിരിക്കുന്നു.

ശ്രീ. ടി. വി. ദേവൻ: സർ, ഞാൻ ഈ പ്രമേയം പിൻവലിച്ചിരിക്കുന്നു.

The Resolution was, by leave, withdrawn.

Resolution regarding control over Waqf properties

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: സർ, ഞാൻ ഈ സഭയുടെ അനുഭാവപൂർവ്വമായ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുവാൻ ഒരുങ്ങുന്ന പ്രമേയം ഇതാണ്. "മുസ്ലീം ധർമ്മ സ്ഥാപനങ്ങളുടെ (വക്ഫ് സ്വത്തുക്കൾ) ശരിയായ ഭരണത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമനിർമ്മാണം ആവുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്തണമെന്ന് ഈ അസംബ്ലി ഗവമ്മെൻറിനോടു ശുപാർശ ചെയ്യുന്നു".

സർ, നമ്മുടെ സംസ്ഥാനത്തു മുസ്ലീം ധർമ്മ സ്ഥാപനങ്ങളുടെ നാമധേയത്തിൽ അനവധി സ്വത്തുക്കൾ ഉണ്ട്. മതപരമായും സമുദായപരമായുമുള്ള

[Sahib Bahadur A .K. Kunjumoideen]

ധാർമ്മിക വിഷയങ്ങൾക്കുവേണ്ടി വളരെ മുൻപുമുതൽക്കുതന്നെ മുതൽകൂട്ടിവച്ചിരിക്കുന്ന ഒരു ശാശ്വത നിധിയാണ് ഈ ധർമ്മസ്ഥാപനങ്ങൾ. മട്ടാഞ്ചേരിയിൽ തന്നെ ഏകദേശം ഒരു കോടി രൂപയുടെ സ്വത്തുള്ള ഒരു സ്ഥാപനമുണ്ട്. ഇങ്ങിനെ പല സ്ഥലത്തുമുണ്ട്. ഇവയെ എല്ലാം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതു ഏതാനും വ്യക്തികളാണ്. ഈ സ്വത്തുക്കളുടെ അനുഭവം എടുത്തു ധാർമ്മികമായ കാര്യങ്ങൾക്കുവേണ്ടി ചെലവുചെയ്യുന്നതിനു പകരം അവർ അധർമ്മവും അനീതിയുമായ കാര്യങ്ങൾക്കുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കയാണ്. ബംഗാൾ, ബാംബെ മുതലായ സ്ഥലങ്ങളിലും ഈവക സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ അവയെ അധർമ്മപ്രവർത്തികൾക്കു വിനിയോഗിക്കാതിരിക്കാൻവേണ്ടി പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെയാകട്ടെ നിയമപരമായ യാതൊരു നിയന്ത്രണവും ഈ സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടു പല അനീതികളും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സംയോജനത്തിനു മുൻപു കൊച്ചി നിയമസഭയിൽ ഞാൻ ഈ കാര്യത്തെപ്പറ്റി ഒരു പ്രമേയം അവതരിപ്പിക്കയും ഒരു വാദപ്രതിവാദനിനുശേഷം ഐകകണ്ഠ്യേന അംഗീകരിക്കയും അതിന്മേൽ ഒരു നിയമനിർമ്മാണം ഉണ്ടാക്കാമെന്നു ഗവമ്മെൻറു സമ്മതിക്കയും ചെയ്തിട്ടുണ്ടായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ സംയോജനം വരികയും ഈ കാര്യം അതുകൊണ്ടു നടക്കാതിരിക്കയും ചെയ്തു. അതുകൊണ്ടാണ് ഞാൻ ഒരു പ്രമേയം ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. ഈ പ്രമേയത്തിനു ഈ സഭയിലുള്ള എല്ലാ ബഹു. മെമ്പറന്മാരുടേയും അംഗീകാരം കിട്ടുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അപ്രകാരമുള്ള ഒരു പ്രതീക്ഷയിൽ ഇതു് അവതരിപ്പിക്കയും അതിന്മേൽ ഗവമ്മെൻറിൻെറ അനുഭാവദൃഷ്ടി പതിയുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

Sri. P. Balakrishnan Tampi; Sir, I second the motion. Waqf is one of the best institutions under Moslem. But unfortunately, waqf started and degenerated and they no longer serve any useful purpose. It came to be misused and now only the name remains. Millions of rupees were spent by certain families adversely affecting the disposition of property which is highly essential for the well-being of the society, because the Musalman thinkers all over the world feel that the Waqf Law is a secular law and the pregressive Moslem opinion was decidedly in favour of regularising waqfs. They were trying their level best to keep them uncorrupted. That is why the Central Legislature passed the Waqfs Act. I believe there was a Waqfs Act in the erstwhile Travancore State. In the integrated State of Travancore-Cochin a Waqf law is highly essential if we are following the same attitude towards all the religious groups. It is on the same lines as the Hindu Religious Endowments. I do not think any section of this House might object to passing a law. By a notification, the Central Act can be applied to this State with suitable changes. Therefore, I have very great pleasure in seconding the resolution moved by my friend Mr. Kunjumoideen.

<u>സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ:</u> ഈ പ്രമേയം സംബന്ധിച്ചു് വലിയ വാദപ്രതിവാദമൊന്നും ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുമൻപു് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചപ്പോൾ ഗവമ്മെൻറു ഭാഗത്തുനിന്നുംതന്നെ ഇതുപോലെ ഒരു പ്രമേയം അതായതു് ഇതിനെ അടിസ്ഥാനപ്പെടുത്തി ഒരു നിയമനിർമ്മാണം തുടങ്ങാൻ നിശ്ചയിച്ചിരിക്കയാണെന്നും അതുകൊണ്ടു് അതു് പ്രസ്സ് ചെയ്യേണ്ട ആവശ്യമില്ലെന്നും പറഞ്ഞു. അതിനുശേഷം സംയോജനം നടന്നു. ഏതാനും മാസങ്ങൾക്കു

മുൻപ് ഒരു മുസ്ലീം അവിടത്തെ ഒരു പള്ളിക്ക് ഒരുലക്ഷം രൂപ സംഭാവനചെയ്തു കാര്യങ്ങളൊക്കെ നടത്താൻ വേണ്ട ഏർപ്പാട് ചെയ്തിരുന്നു. എന്നാൽ ആ പള്ളിയിൽ ആ പണം വച്ചുകൊണ്ട് ശരിയായി വിനിയോഗിക്കുന്നില്ല. ഞങ്ങൾ ആദ്യം വിചാരിച്ചത് ഈ സംയോജനത്തിനുശേഷം മുൻപു കൊച്ചിയിൽ പ്രാമിസ് ചെയ്തിരുന്നതുപോലെയുള്ള ഒരു ബില്ല് ഇവിടെ അവതരിപ്പിക്കുമെന്നും മററുമാണ് വിചാരിച്ചിരുന്നത്. എന്നാൽ അത് നടന്നില്ല. ഏതായാലും ഇതുമാതിരിയുള്ള ഒരു ബിൽ അത്യാവശ്യമാണെന്നും അങ്ങനെയൊരു നിയമം ഇല്ലെങ്കിൽ മുസ്ലീം ധർമ്മസ്ഥാപനങ്ങൾ നാനാവിധത്തിലുള്ള ഭരണങ്ങൾക്ക് അടിമപ്പെട്ട് അധഃപതിച്ചുപോകാൻ ഇടയുണ്ടെന്നുമാണ് എനിക്കു തോന്നുന്നത്.

ശ്രീ. സി. വി. ഇജ്ജു: സർ, മുസ്ലീം സമുദായത്തിന്റെയോ സമുദായാംഗങ്ങളുടേയോ വകയായിട്ടുള്ള ധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. മുസ്ലീം ധർമ്മസ്ഥാപനങ്ങൾ എന്നു പറയുന്നതിനെ രണ്ടുവിധത്തിൽ വ്യാഖ്യാനിക്കാം. മുസ്ലീം സമുദായാംഗങ്ങളിൽ ധനാഢ്യന്മാരായ ചിലർ അവരവരുടെ ആദ്ധ്യാത്മികമായ നന്മക്കുവേണ്ടിയും അവരുടെ സന്താനങ്ങളുടെ ഭാവി ഐശ്വര്യത്തിനുവേണ്ടിയും ധാരാളം സ്വത്തുക്കളും പണവും മററും ഒരു ട്രസ്റ്റ് എന്നുള്ള നിലയിൽ ഏർപ്പെടുത്തി തങ്ങളുടെ സന്താനങ്ങളെ ട്രസ്റ്റി എന്ന നിലയിൽ ഭരിച്ചുകൊണ്ടുപോകുന്നതിന് ഉള്ള ഏർപ്പാടുകൾ ക്രമീകരിക്കുക സാധാരണമാണ്. അങ്ങനെ ഉള്ള ട്രസ്ററുകളാണ് ഇപ്പോഴത്തെ മുസ്ലീം ട്രസ്ററുകളിൽ അധികവും. അങ്ങനെയുള്ള സ്വകാര്യ ട്രസ്ററുകളുടെ കാര്യങ്ങളിൽ ഗവൺമെൻറ് ഇടപെടുന്നത് ഇന്ത്യാഭരണഘടനയിലെ മൗലികാവകാശത്തിന് വിരുദ്ധമായിരിക്കും. ചില അമുസ്ലീം തറവാടുകൾ ഹിന്ദുക്ഷേത്രങ്ങൾക്ക് അഥവാ ക്രസ്ത്യൻ പള്ളികൾക്ക് സംഭാവനയായും മററും പണം കൊടുക്കുന്നതുകൂടാതെ അത്തരം ഈശ്വരാരാധനസ്ഥലങ്ങളിൽ നടത്തേണ്ടതായ പല കാര്യങ്ങളും പൂർവ്വീകന്മാർ സ്വന്തം കുടുംബത്തിന്റെ ആത്മീയപുരോഗതിക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതായി കാണാം. എന്റെ പൂർവ്വികന്മാർതന്നെ ഏർപ്പെടുത്തിയിട്ടുള്ള ചില കാര്യങ്ങൾ ഞാനും എന്റെ സഗോത്രജരും എന്റെ ഇടവക പള്ളിയിൽ ചെയ്യേണ്ടതുണ്ട്. അത് ഇപ്പോഴും മുറപ്രകാരം ചെയ്തുവരുന്നുമുണ്ട്. അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ചെയ്യേണ്ടത് ഞങ്ങളുടെ പൂർണ്ണ അധികാരത്തിലുള്ളതാണ്. ആ വകയിൽ ഗവർമെൻറ് ഇടപെടുന്നത് ശരിയല്ല. ഇങ്ങനെയുള്ള ധർമ്മസ്ഥാപനങ്ങളാണ് മുസ്ലീമിങ്ങളുടെ ഇടയിലും അധികവും ഉള്ളത്. എന്നാൽ ചില പബ്ലിക്ക് ട്രസ്ററുകളും ഇല്ലാതില്ല. അത് ഒരാളിന്റെ കുടുംബത്തിൽനിന്ന് പ്രത്യേകിച്ച് സംഭാവന ചെയ്തിട്ടുള്ളതോ മറേറാ ആയിരിക്കുകയില്ല. പലരും സംഭാവന ചെയ്തിട്ടുള്ളതും പിൽക്കാലത്ത് ആ ട്രസ്റ്റ് വിനിയോഗിച്ചു ഭരിച്ചു വരുന്നവർ ട്രസ്റ്റ് ഫണ്ടിനെ ദുർവ്വിനിയോഗം ചെയ്തിട്ടുള്ളതായും കാണാവുന്നതാണ്. അങ്ങനെയുള്ള ഫണ്ടുകളെ സംബന്ധിച്ചു പ്രമേയത്തിൽ പറയുന്നതുപോലെ നിയമനിർമ്മാണം ഉണ്ടാക്കുന്നത് അത്യാവശ്യമാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള പ്രൈവററ് ട്രസ്ററുകളുടെ കാര്യത്തിൽ ഗവൺമെൻറ് ഇടപെടരുതെന്നാണ് എന്റെ അഭിപ്രായം. ഇവയ്ക്കും പുറമെ ഒരു മുസ്ലീം സിദ്ധന്റെ ശവകുടീരത്തിൽ ദിവസവും പ്രാർത്ഥന നടത്തുന്നതിനും മററുമായി ആ സിദ്ധന്റെ കുടുംബത്തിലല്ലാത്ത പല ആളുകളും സ്വത്തുക്കൾ ദാനം ചെയ്തിരിക്കും. ആ സ്വത്ത് വിനിയോഗിക്കുന്നതും മററുമെല്ലാം ആ കുടുംബത്തിന്റെ അധികാരത്തിനകത്താണ്. അതിൽ എന്തെങ്കിലും തകരാറു വന്നാൽതന്നെയും ഗവൺമെൻറ് അതിൽ ഇടപെടേണ്ട. ധാരാളം സംഖ്യ വഴിപാടായി വരുന്നതും ആ കുടുംബാംഗങ്ങൾ ദുരുപയോഗിക്കാൻ പാടില്ല.

<u>സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ :</u> പബ്ലിക്ക് ഫണ്ട് അനാവശ്യമായി ദുർവ്യയം ചെയ്യുന്നു എന്ന് പരാതികൾ വരുന്നതായിട്ടറിയാമോ?

<u>ശ്രീ. സി. വി. ഇയ്യു :</u> അങ്ങനെ വരുന്ന കാര്യങ്ങളിൽ ഗവമ്മെൻറ് ഇടപെട്ടാൽ മതി. പബ്ലിക്ക് ട്രസ്റ്റ് ഫണ്ട് അഥവാ പൊതുമുതൽ എന്ന രീതിയിലുള്ള ധർമ്മസ്ഥാപനങ്ങളുടെ കാര്യത്തിൽ ഞാൻ പ്രമേയകർത്താവിനോട് യോജിക്കുന്നു എങ്കിലും ഓരോ കുടുംബത്തിൻെറ വകയായും മററും ധാരാളം ധർമ്മസ്ഥാപനങ്ങളുള്ളതുകൊണ്ട് ആ വക കാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്നു മാത്രമെ എനിക്ക് അഭിപ്രായമുള്ളു.

<u>ശ്രീ. എ. ജെ. ജോൺ :</u> മുസ്ലീം ധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ച് സെൻട്രലിൽ ഒരാക്ററുണ്ട്. അതു് ഭരണഘടന അനുസരിച്ച് കൺകറൻറ് ലിസ്റ്റിൽ പെടുന്നതാണ്. മുസ്ലീം ധർമ്മസ്ഥാപനങ്ങൾ ധാരാളം ഉള്ളതു് ബോംബെയിലാണ്. സെൻട്രലിലെ ആക്ടിൽനിന്നും പല ഭേദഗതികളും വരുത്തി ബോംബെയിൽ ഒരു ആക്ട് പാസ്സാക്കിയിട്ടുണ്ട്. അതിനെ ആസ്പദമാക്കി ഇപ്പോൾ ഇവിടെ ഒരു ബിൽ തയാറാക്കിയിട്ടുണ്ട്. ഇതു് മുസ്ലീം സമുദായത്തിന് തൃപ്തികരമായിരിക്കുമെന്നാണ് ഗവമ്മെൻറ് വിശ്വസിക്കുന്നതു്. എന്നാൽ ബില്ല് ഹാജരാക്കുന്നതിനുമുമ്പ് ഇൻഡ്യാഗവമ്മെൻറിൻെറ അനുവാദം ആവശ്യമാണ്. അതിനുവേണ്ട നടപടി ഉടൻതന്നെ നടത്തുന്നതായിരിക്കും. കഴിവുള്ളിടത്തോളം അടുത്ത നിയമസഭയിൽതന്നെ ഈ ബില്ല് അവതരിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്. അതുകൊണ്ട് ഈ പ്രമേയം ബഹു. മെമ്പർ പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

<u>ശ്രീ. എ. താണുപിള്ള :</u> സെൻട്രലിലെ ഈ ആക്ട് ഇവിടെ എക്സ്റ്റൻറി ചെയ്തിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ :</u> ഉണ്ട്.

<u>സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയിതീൻ :</u> ഞാൻ പ്രമേയം പിൻവലിക്കുന്നു.

<u>മിസ്റ്റർ സ്പീക്കർ :</u> പിൻവലിക്കുന്നതിനു് സഭ അനുവദിക്കുമെന്ന് വിശ്വസിക്കുന്നു.

എതിരഭിപ്രായമില്ലാത്ത സ്ഥിതിക്ക് പിൻവലിക്കുന്നതിന് അനുവദിച്ചിരിക്കുന്നു.

The resolution was, by leave, withdrawn.

Motion under rule 43 regarding Food Situation

Minister for Education, Food and Labour **(Sri. T. K. Narayana Pillai:)** I move that the food situation in the state be taken into consideration.

Minister for Finance and Revenue **(Sri. A. J. John)**: Sir, I second the motion.

Travancore- Cochin is the most highly deficit State in India in regard to food-grains. The entire population of the State has been brought under a system of

statutory rationing since 1943. The State's requirements of imported foodgrains is shown below :—

Rationing commitments for an average rationed population of 78·5 lakhs at *actual offtake*	..	5,68,000	tons
Less estimated procurement	..	80,000	"
		4,88,000	"
Add six weeks' buffer stock	..	65,000	"
Total	..	5,53,000	"

As against this, the quantities actually available to the State from imported stocks and local procurement in 1948, 1949 and 1950 were as given below:—

Year	Grain	Local procurement	Quota supplied from outside	Offtake
1948	Rice ..	64,171	3,15,294	3,55,895
	Wheat ..	Nil	50,204	45,492
1949	Rice ..	73,195	3,06,978	3,49,431
	Wheat ..	Nil	33,991	33,063
1950	Rice ..	68,818	2,47,345	3,50,000
	Wheat ..	Nil	48,128	46,000

The offtake shown above is on the basis of an overall ration, ranging from 8 oz to 10 oz. At 12 oz. per head per day, the theoretical maximum quantity required will be 9,29,000 tons as against the maximum production of about 2,75,000 tons, leaving a deficit of 6,54,000 tons. However it has never been possible for this State to maintain an over-all ration of 12 oz. and compared to the rest of India the people of this State have made disproportionately great sacrifices in the matter of consumption of foodgrains.

Recently on account of the acute scarcity of foodgrains in the whole of India as a result of natural calamities, etc., the overall ration has been reduced to 9 oz. throughout the Union. On this basis the total import requirements of this State would be obout 4,50,000 tons foodgrains. As against this we are offered for 1951 only 3,25,000 tons foodgrains; of which 2,75,000 tons will be rice and 50,000 tons wheat. This quantity is insufficient to maintain even the present low ration of 9 oz. We have made repeated representations to the Government of India about our need for larger allotments of foodgrains from outside sources. We are assured that when the food position of the country as a whole shows improvement, our request would be favourably considered.

The pool price of rice at present, is Rs. 22-11-0 per maund for coarse grains. The incidental expenses for clearing, handling, transporting and storage, come to annas 15 per maund. If the sale to the people is made at the full economic price the cost of rice would be about Rs. 47 per bag. The pool price of fine rice is Rs. 26—8—0 per maund and its issue price, if the full economic cost is charged to the consumer, would be about Rs. 55 per bag. These prices are quite

[Sri A. J. John]

beyond the means of the very large majority of people in the State. Government have realised the necessity of keeping down the price of this most essential commodity and have subsidised the sale of rice to an extent even beyond the means of the finances of the State. From 20th November 1949 the issue price from Government Depots was fixed at Rs. 16—15—3 per maund and the retail price to the consumer at Rs. 17—12—0 per maund.

The Government of India started subsidising the sale of imported foodgrains in the Provinces from 1st April 1946. The scheme of food subsidy by the Centre was extended to this State only from 1st October 1948 when Sri. Thanu Pillai was the Chief Minister. Fromt he above date till 31st March 1950 the Government of India was meeting 50 per cent of the loss incurred by the State from the subsidised sale of imported rice. The total subsidy paid to the State by the Centre up to 31st March 1950 was Rs. 2·5 crores. The sudsidy granted to other States and provinces up to the above period was, as given below.—

		(In crores of rupees)
Bombay	..	32·4
Madras	..	15·4
Uttar Pradesh	..	8·7
West Bengal	..	8·5
Delhi	..	6·2
Madhya Predesh	..	2·6
East Panjab	..	1·8
Mysore	..	1·0
Others	..	5.4
Total	..	82·00

With the coming into effect of the scheme of federal financial integration from 1st April 1950 the food subsidy granted to this State was increased from 50 per cent to 75 per cent of the loss on the sale of imported rice. On this basis the share of the loss to be borne by the Government of India on the subsidised sale of 275,000 tons of the rice offered to us in 1951 would be Rs. 3·75 crores as shown below.—

Revised pool price	...	Rs. 22—11—0 per maund
Incidentals	..	Rs. 0—15—0
Total	..	Rs. 23—10—0
Weighted average issue price	...	Rs. 16—15—3
Total loss	..	Rs. 6—10—9
Loss on 1 ton of rice		Rs. 182—0—0

loss of 2·75 lakhs tons of rice Rs. 500,50,000 or say Rs. 5 crores.

Share of the Government of India at 75 per-cent of the loss Rs. 3·75 crores

The above calculation is made on the assumption that the entire quantity of rice supplied to the state will be of the coarse variety of which the present pool price is Rs. 22—11—0 per maund. However contrary to our expectations the

Government of India are now supplying us fairly large quantities of fine rice charged at Rs. 26—8—0 per maund. Up to 10th March 1951 we have received 7,63,634 maunds of fine rice. The Difference between the cost price and selling price of this variety of rice is Rs. 10—7—9 per maund *i.e.*, nearly Rs. 21 per bag. Our total loss on this variety alone during the current year up to 10th March 1951 is about Rs.80 lakhs. On the coarse and broken varieties during the above period there is a loss of another Rs. 80 lakhs, making an aggregate loss of Rs. 160 lakhs during 79 days *i.e.*, nearly Rs. 2 lakhs a day. On this basis the total loss to this State from the subsidised sale of foodgrains at the current prices would be about Rs. 7 crores *i. e.*, about 50 per cent of our annual revenues.

In regard to fine rice, the present policy of the Government of India is that its sale will not be subsidised by them. The state Governments should either sell it at the full cost price or subsidise the sale from their own finances. If this principle is to be put into practice the first condition is that the State Governments should know as soon as a consignment is released to them, how much of it is fine rice and how much of other varieties. Our experience so far is that there is an interaval of nearly four to six weeks between the release of the consignment to us and the receipt of information regarding the classification of the stock. Thus during the period 1st January 1951 to 10th March 1951, 16 steamers discharged rice for this State. Almost the entire allotment received from these steamers was classified as coarse and broken at the time the consignment was delivered to us. The Government of India claimed the price of the stock on the basis of this classification and we arranged payments also accordingly. After an interval of of sevral weeks we were informed that nearly 1/3 of the stock already released to us long ago as coarse grains, was really fine rice and should be paid for at the enhanced rate of Rs. 26—8—0 per maund. Up to the end of February, the intimation received by us from the Government of India showed that only 355,441 maunds of fine rice was released to us. But now we are informed that the quantity of fiine rice actually included in these consignments is 763,634 maunds. Whole ship loads of Burma rice originally classified as coarse rice has now been re classified as fine rice. It is a fact very well known to the Government of India that in regard to foodgrains this State is having a sort of 'ship to mouth' existence. We have so little buffer stock that within a few days of the arrival of a steamer, the whole cargo is issued as ration to the consumers. How then is it possible for this Government to charge the full pool price on fine rice when intimation regarding the classification is received only several weeks after the issue of the consignment to the consumers? The loss sustained by this Government on fine rice alone for the period up to 10th March 1951 is about Rs. 80 lakhs. This loss cannot be recovered from the consumer now. The result is that the present food policy of the Government of India is shattering the economy of this State and ruining its finances.

Revised food subsidy scheme of the Government of India

The Government of India have decided to revise, with effect from 1st January 1951 their policy of food subsidy and to limit their commitments to subsidising the sale only in a few urban and industrial centres in each State. Thus in Madras State, the Government of India will subsidise the sale of rice only in the cities of Madras, Coimbatore, Madura and Vizagapatanam and in Mysore, only in the cities of Mysore and Bangalore. In this State, according to the Government of India, there are no important urban or industrial centres of the selected type. However it is recognised that, owing to the large extent of the food deficit in the State, the subsidising of the entire consumption in the State will be beyond the financial capacity of the State. The Government of India have therefore offered

[Sri A. J. John]

us a lump sum subsidy of Rs. 1·5 crores in 1951 and have suggested that we may increase the issue price of rice to Rs. 20 per maund.

Issue price

The present issue price of rice to the consumer in the State, viz., Rs. 17—12—0 per maund is, perhaps, the highest in the Union. The maximum retail prices fixed by the Government of India in the various industrial and urban centres coming under the revised food subsidy scheme are as shown below.—

		Rs.	A.	P.	
Bombay	..	15	10	0	per maund
Madras	..	15	10	7	per maund
Mysore	..	14	15	6	per maund
Hyderabad	..	15	10	0	per maund

It is the declared policy of the Government of India that both in regard to consumption of foodgrains and prices there should be equality of sacrifice between the various States. It is therefore surprising that our people should be asked to pay Rs. 20 per maund for their rice while the consumers in Bombay, Madras, Mysore and Hyderabad are asked to pay only about Rs. 15 per maund.

The very basis of the revised scheme of food subsidy seems to be wrong. In Bombay State for example the centres selected by the Government of India for the subsidised sale of foodgrains are Bombay City, Ahamedabad, Poona and Sholapur. The subsidised rate at which the foodgrains will be supplied are, wheat at Rs. 14 per maund as against the pool price of Rs. 16—6—0 per maund and rice at Rs. 15—12—0 per maund as against the pool price of Rs. 22—11—0 per maund. The major portion of the population in these cities are the labourers in the textile mills. These mills are now making such huge profits that it should be easily possible for them to subsidise the sale of foodgrains to their labourers. But instead of asking the mill owners to bear this burden which it is quite possible for them to do, the Government of India have assumed upon themselves a great liability, to the serious detriment of the people living in other parts of the country who are not able to pay the economic price of the grains supplied to them. In this State several lakhs of people are engaged in the production of tea, cardamom, pepper and other cash crops from the sale of which in the overseas markets the Government of India are earning a large portion of their dollar and sterling exchange. It is estimated that we are contributing about Rs. 30 to 40 crores worth of dollar and sterling to the common pool. This is more than twice the amount required for the purchase of all our requirements of imported grains. What is the justification for refusing to subsidise the rice issued to the workers who help to earn the dollar and sterling exchange with which the foodgrains are purchased and subsiding the sale of rice to the mill worker in Bombay and Ahemedabad whose conditions of service are much better? This distinction is most umfair and is not based on any sound principles.

The suggestion now made by the Government of India is that the issue price of rice in the State which is already higher than in any other State should be still further raised up to Rs. 20 per maund. If this suggestion is accepted the price of rice would be beyond the means of a very large section of the people of the State and there will be widespread hardship and suffering. It is therefore not possible to increase the present issue price to any appreciable extent.

In regard to the other States in the Union it will be possible for them to make good the loss resulting from the application of the revised food subsidy scheme by effecting a small increase in the over all issue price of foodgrains, both locally procured and imported. This is because in their case the imported grain forms only a small percentage of the local production. The figures for some of the neighbouring states are as given below:

	Local production (in thousands of tons)	*Imports (in thousands of tons)*	*Per cent*
Madras	6,100	400	6
Mysore	717	75	11
Hyderabad	1,319	75	6

In this State the deficit is more than 50%. We will therefore have to increase our price by a substantial margin if we are to make up the loss from the subsidised sale of foodgrains.

If the offer of the lump sum subsidy of Rs. 1·5 crores is accepted this State will have to meet from its own finances a loss of Rs. 3·5 crores if only coarse grain is supplied and about Rs. 5·5 crores if fine rice is supplied. The State Budget for this year contains a provision of Rs. 125 lakhs for food subsidy. This is about 10% of our total revenues. In Mysore, where the revenue is almost equal to this State, the amount set apart for food subsidy is only Rs. 16 lakhs. The large amount already set apart by us for this item has very seriously curtailed our available resources for nation-building and development schemes. If this amount has to be increased to Rs. 3·50 or Rs. 5·5 crores there will be very little left for financing nation-building activities and the consequences to the people will be disastrous.

When we entered the scheme of financial integration with the Centre we were made to understand that from the date of federal financial integration the State would be eligible to get food subsidy at the rate of 75% of our loss. This was a very important inducement which weighed with us in accepting the scheme. But for such a substantial assistance, it would have been impossible for the State to establish financial equilibrium. The agreement of federal financial integration states that the subsidy of 75% of the loss payable to the State will be "as in the case of the Provinces." The Government of India are now taking the view that as the Provinces are not being granted 75% of the loss as subsidy, the State also is not entitled to claim it. This is putting too legal and technical an interpretation on the provisions in the Agreement and is against the spirit of the Article and the understanding which the parties had at the the time of entering into the agreement. Our claim is that in equity, if not in the strict letter of the law, we are entitled to get 75% of our loss as subsidy and that without such assistance the finances of the State would be ruined.

The change in the scheme of food subsidy has affected this State far worse than other Part B States. Thus in the case of Mysore the total quantity of foodgrains to be imported to the State from outside in 1951 is only 75,000 tons. Out of this 40,000 tons is wheat and 20,000 milo. These grains were not subsidised by the Government of India before. Therefore the only quantity of grain for which Mysore would have received subsidy under the old system is rice to the extent of 15,000 tons. The issue price of rice in Mysore before 1st January 1951 was Rs. 14—10—0 per maund. The difference between the present pool price and the above selling price is about Rs. 8 per maund. On this basis the total loss from the subsidised sale of 15,000 tons rice would be about Rs. 33 lankhs. At 75% of the loss the share of the Government of India would be Rs. 24·75 lakhs and that of

[Sri. A. J. John]

Mysore Rs. 8·25 lakhs. Under the revised scheme Mysore is getting 40,000 tons of wheat at the rate of Rs. 13—14—0 per maund, 20,000 tons milo at Rs. 8—2—0 per maund. and 10,000 tons rice at Rs. 15—15—0 per manud. The total extent of the subsidy from the Government of India on these items will be about Rs. 70 lakhs. Thus Mysore has definitely benefited by the change in the scheme of food subsidy by the Centre. She will get about Rs. 70 lakhs as subsidy under the present system as against a subsidyof about Rs. 24·75 lakhs only at 75% of the loss on the sale of rice. The same proposition holds good in the case of Hyderabad and all the other Part B States. In regard to Travancore-Cochin alone the revised system of food subsidy has resulted in a reduction of the subsidy from Rs. 3·75 crores to Rs. 1·5 crores. This is a position which we are unable to accept. The condition of this State is peculiar and has no comparison with that of other States, whether Part A or Part B. A lump sum subsidy of even Rs. 3·5 crores will not be sufficient to bring our losses within the financial capacity of the Government. The Centre is aware of our real position and if they refuse to meet our demand for 75 per cent of our total loss on food transactions, the only inference I can draw is that they are unmindful of the disastrous consequences of their present food policy on the finances of the Government and the economy of the State.

There is another outstanding question regarding food subsidy by the Centre. In 1950 we were informed by the Government of India that in conformity with their policy of limiting the import of foodgrains, the major portion of the quota allotted to this State will be made available from the surplus States within India. It was understood that the price of the locally procured grain will be much less than that of the imported grain and that the State Government will not incur any loss from its sale to the consumers. On the basis of this expectation we made a provision of only Rs. 25 lakhs in our budget for 1950-51 for food subsidy, in order to provide for any unforeseen contingency. However contrary to our expectations, the price of the locally procured rice supplied to us from U. P. and Madhya Bharat was higher than that of the imported rice. We received 30,000 tons of rice from U. P. The average price of U. P. rice was Rs. 24—15—0 per maund as against Rs. 22—0—0 per maund for imported rice. The loss to the State from the subsidised sale of the U. P. rice alone was Rs. 65 lakhs. The Government of India have declined to pay any subsidy on this loss on the ground that their scheme of food subsidy extends only to imported rice. This is taking a too technical view of a very vital question. The reason given by the Government of India for subsidising the sale of imported rice is that it is more high-priced than the locally procured rice and unless its sale is subsidised it will upset the local economy. The real question is therefore only the price of the rice and not the source from which it is obtained. To grant subsidy for imported rice and to refuse it for locally procured rice which is even more costly than the imported rice, is to forget the real object and make a distinction which is opposed to all canons of fairness and equity. We have pointed out these aspects of the question to the Government of India and have told them that it is impossible for this Government to bear the whole loss from the sale of the abnormally high priced U. P. rice and that 75 per cent of our loss should be borne by them. The matter is still under consideration.

ഞാൻ ധൈര്യമായി പറയുന്നു. ഭക്ഷണസാധനം പുറത്തേക്കയക്കുന്നതു് തെററാണെന്നു് ഇന്നത്തെ പരിതസ്ഥിതിയിൽ ബോദ്ധ്യമായതു കൊണ്ടായിരിക്കാം ഗവർമ്മെൻറു് അങ്ങനെ ചെയ്യാതിരുന്നതു്. ഈ രാജ്യത്തു് ഉണ്ടാകുന്ന സാധനങ്ങൾ ആവുന്നതും സമൃദ്ധിയായി ഉണ്ടാകുവാനും ഈ രാജ്യത്തെ ജനങ്ങൾക്കു് ഉപയോഗിക്കാനും ഇടവരുത്തി അധികമുള്ളതു് പുറത്തയച്ചു് അതിനുള്ള പണമോ ധാന്യമോ കിട്ടാൻ ഗവമ്മെൻറു് ശ്രമിക്കണമെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ഇൻഡ്യാഗവമ്മെൻറിൽനിന്നും ന്യായമായി നമുക്കു കിട്ടാനുള്ള പണം വാങ്ങാൻ പരിശ്രമിക്കരുതെന്നല്ല ഞാൻ പറയുന്നതു്. എത്രത്തോളം പ്രക്ഷോഭണം കൂട്ടിയോ സാഹസത്തിനു മുതിന്നോ അതിലേക്കു വേണ്ടതെല്ലാം നാം ചെയ്യേണ്ടതാണു്. അവസാനമായി എൻെറ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞ ഒരു പ്രത്യേക സംഗതി ചൂണ്ടിക്കാണിക്കാൻ എന്നെ അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു. ഇടക്കൊച്ചിയിൽ ൫൮,൦൦൦ രൂപാ ചിലവാക്കി ചിറകെട്ടിയാൽ ൧൦,൦൦൦ പറ നെല്ലു് അവിടെ നിന്നും കിട്ടും. ഗവമ്മെൻറു് കോടിക്കണക്കിനു് ഭക്ഷ്യോല്പാദനത്തിൽ രൂപാ ചിലവാക്കുമ്പോൾ ഈ വക കാര്യങ്ങൾ ആലോചിക്കാതെ വളരെയധികം നെല്ലും മററു ധാന്യങ്ങളും നഷ്ടപ്പെടുത്തുന്നുണ്ടു്. ഓരോ ഗവമ്മെൻറുദ്യോഗസ്ഥന്മാക്കും എല്ലാ കാര്യങ്ങളേയും പററി വിദഗ്ദ്ധമായ ജ്ഞാനമില്ലെന്നുള്ളതു് ഒരു പരമാത്ഥം മാത്രമാണു്. ഈ ഗവമ്മെൻറു് ചെയ്യാനുള്ളതു് ഓരോ രാജ്യത്തും ചെന്നു് കൃഷി സംബന്ധിച്ച വിവരമുള്ള ആളുകളെക്കണ്ടു് അവരിൽനിന്നു് പ്രായോഗികമായ നിർദ്ദേശങ്ങൾ വാങ്ങി അതനുസരിച്ചു് പ്രവത്തിക്കുകയെന്നുള്ളതാണു്. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അമ്പുക്കൻ മാള ബണ്ടിൻെറ കാര്യത്തെ സംബന്ധിച്ചും അതു സംബന്ധിച്ചുണ്ടായിട്ടുള്ള നഷ്ടത്തെപ്പററിയും ഇവിടെ ആവത്തിച്ചാവത്തിച്ചു് പറഞ്ഞിട്ടുണ്ടു്. അതു ശരിയാണോ എന്നെനിക്കു് അറിഞ്ഞുകൂടാ. ഏതായാലും ഒരു സ്ഥലത്തെ ജനങ്ങൾക്കു് ആവശ്യമില്ലാത്തതു് അവിടെ ചെയ്യേതിരു എന്നു ശഠിക്കുന്നതു എന്തിനാണു് എന്നു് അറിയുന്നില്ല. ഈ ഗവമ്മെൻറിനെപ്പോലെ തന്നെ അവിടത്തെ ജനങ്ങൾക്കും താല്പയ്യമുണ്ടു് അവിടത്തെ ഭക്ഷ്യകാര്യങ്ങൾ ശരിപ്പെടുത്തണമെന്നു്. അതുകൊണ്ടു് ഏതു പ്രദേശത്തായാലും ഗവമ്മെൻറിൻെറ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പു് ആ സ്ഥലത്തെ ആവശ്യമെന്താണെന്നു് അവിടത്തെ പ്രായോഗിക ജ്ഞാനമുള്ള ആളുകളോടു ചോദിച്ചിട്ടുവേണം പണം ചിലവാക്കാനെന്നും അവരുടെ ആവശ്യങ്ങളനുസരിച്ചു് പണം ചിലവാക്കണമെന്നും എനിക്കു് അപേക്ഷയുണ്ടു്. ഞാൻ ആദ്യം പറഞ്ഞതുപോലെ നമുക്കു് ഭൂമി വളരെ കുറവാണു്. ശ്രീമാൻ ഉദയഭാനുവിൻെറ പ്രമേയത്തെപ്പററി പറഞ്ഞപ്പോൾ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു റഷ്യയിലെപോലെ ഇവിടേയും ഭക്ഷ്യോല്പാദനം വദ്ധിപ്പിക്കണമെന്നു്. റഷ്യപോലെയല്ല ഇൻഡ്യാ. വിവരക്കേടുകൊണ്ടു് പറഞ്ഞതാണതു്. അവിടെ ആവശ്യത്തിലധികം ഭൂമിയുണ്ടു്. ഇവിടെ ചതുരശ്രമൈലിനു് ൫,൦൦൦ ആളുകൾ താമസിക്കുന്നുണ്ടു്. ജനങ്ങൾ പെരുകിവരുമ്പോൾ രാജ്യത്തിൻെറ വിസ്തൃതി കൂടുന്നില്ലെന്നുള്ളതു് മനസ്സിലാക്കണം. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് നമ്മുടെ രാജ്യത്തു് ഉണ്ടാകുന്ന സാധനങ്ങൾ ഉണ്ടാക്കാനും ഉണ്ടാകാത്തതു് ഉണ്ടാക്കാൻ പണം ചിലവാക്കാതിരിക്കാനും ശ്രമിക്കണമെന്നു്. എന്തു് പ്രക്ഷോഭണത്തിനു പുറപ്പെട്ടും നമുക്കു് കിട്ടാനുള്ള സംഖ്യമുഴവൻ ഇൻഡ്യാഗവർമ്മെൻറിൽ നിന്നു് വാങ്ങുന്നതിനു് ശ്രമിക്കണമെന്നു് ഞാൻ ഒരിക്കൽകൂടി അനുസ്മരിപ്പിക്കുന്നു. അല്ലാത്തപക്ഷം ഈ കൂട്ടുകെട്ടു് വേണ്ടെന്നുവെച്ചു് സ്വതന്ത്രമായി നില്ക്കാൻ നമുക്കു് കഴിവുണ്ടെന്നു് അവരെ അറിയിക്കണം.

ശ്രീ. ആർ. ശങ്കർ: പ്രതിപക്ഷകക്ഷികളെ ഒരുമാതിരി ശത്രുഭാവത്തിൽ വീക്ഷിച്ചും ഇവിടത്തെ ജനങ്ങളിൽനിന്നു് ക്രമേണ അകന്നകന്നു് പോയും ഇവിടത്തെ ഗവർമ്മെൻറ് രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏററവും മുഖ്യമായ ഈ ഭക്ഷ്യപ്രശ്നം വളരെ അപകടകരമായ ഒരു സന്ധിയിൽ എത്തിച്ചേർന്നതിനുശേഷം ഇപ്പോഴെങ്കിലും ഈ സഭയെ ഒരുവിധം വിശ്വസിച്ചുകൊണ്ടു് വസ്തുതകളുടെ സാമാന്യമായ ഒരു രൂപം ഈ സഭയുടെ മുമ്പിൽ വച്ചതിൽ എനിക്കു് പ്രത്യേകം കൃതജ്ഞത തോന്നുന്നു. ഇതിനു മുമ്പൊരവസരത്തിലും ഇവിടത്തെ ഗവർമ്മെൻറ് ഈ ഗൗരവമേറിയ പ്രശ്നത്തെപ്പററി ഈ സഭയെ അവരുടെ വിശ്വാസത്തിൽ എടുത്തിട്ടില്ലെന്നുതന്നെവേണം പറയുവാൻ. ഇന്നു പ്രത്യക്ഷമാക്കപ്പെട്ടിരിക്കുന്ന ചില കണക്കുകഠം കൊണ്ടു് ഇവിടത്തെ ഗവർമ്മെൻറിനോടു് ഇൻഡ്യാഗവർമ്മെൻറ് എത്രകണ്ടു് ദയാശൂന്യമായ ഒരു നയമാണെടുത്തിരിക്കുന്നതെന്നു് വളരെ വ്യക്തമായി കാണാൻ കഴിയും. രാജ്യത്തെ മൊത്തമായാവശ്യത്തിനു് ഭക്ഷ്യധാന്യങ്ങഠം ഏകദേശം ൯,൮൯, ൦ ൦ ൦ ടൺ വേണമെന്നും അതിൽ ഇവിടെ കൃഷിപ്പിഴയൊന്നുമില്ലെങ്കിൽ ഉണ്ടാകുന്നതിൽ ഏററവും കൂടിയ തുക ൮,൭൮, ൦ ൦ ൦ ടൺ മാത്രമായിരിക്കുമെന്നുമാണു് ഫിനാൻസ് മിനിസ്റ്ററുടെ പ്രസംഗത്തിൽനിന്നും കാണുന്നതു്. ഇതിൻെറ അർത്ഥം രാജ്യത്തു് വെളിയിൽനിന്നു് ചുരുങ്ങിയതു് ൬,൩൪, ൦ ൦ ൦ ടൺ എങ്കിലും ഇറക്കുമതി ചെയ്യണം എന്നാണു്. എന്നാൽ നമുക്കു ലഭിക്കുന്നതു് ൬ ൮൩,൦൦൦ ടൺ മാത്രമാണു്. ഇതു വച്ചുകൊണ്ടു് ഇൻഡ്യാഗവർമ്മെൻറ് ഭക്ഷ്യധാന്യങ്ങഠം ആവശ്യമുള്ള മററു സ്റ്റേററുകളോടു് പെരുമാറുന്നതും ഈ സ്റ്റേററിനോടു് പെരുമാറുന്നതും എങ്ങിനെയാണെന്നു് ഞാൻ താരതമ്യം ചെയ്തുനോക്കി. മദ്രാസിൽ ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ ൯൪ ശതമാനം അവിടെ തന്നെയുണ്ടാകുന്നു. ബാക്കി പോരാതെ വരുന്ന ആറുശതമാനത്തിനു ൬ ശതമാനം ഇൻഡ്യാ ഗവമ്മെൻറ് ക്വോട്ടാ നഠകുന്നുണ്ടു്. അതുകൊണ്ടു് മദ്രാസിൽ ആകപ്പാടെ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടതിൽ ൯൧ ശതമാനം ഭക്ഷ്യധാന്യങ്ങഠം ഇപ്പോഠം ലഭിക്കുന്നുണ്ടു്. മൈസൂറിലാണെങ്കിൽ അവിടത്തെ ആവശ്യത്തിൻെറ ൮൯ ശതമാനമാണു് അവിടെയുണ്ടാകുന്നതു്. ഇൻഡ്യാഗവമ്മെൻറിൽനിന്നും അവക്കു് കൊടുക്കുന്ന ക്വോട്ടാ അഞ്ചുശതമാനമാണു്. അവരുടെ മൊത്തത്തിലുള്ള ആവശ്യത്തിനു് ൯൪½ ശതമാനം അവർക്കു് ലഭിക്കുന്നുണ്ടു്. ഹൈദ്രാബാദിലാണെങ്കിൽ അവിടെ ഉണ്ടാകുന്ന ഭക്ഷ്യധാന്യങ്ങഠം ൯൪ ശതമാനമാണു്. മൂന്നുശതമാനം അവക്കു് ഇൻഡ്യാഗവമ്മെൻറിൽനിന്നും ക്വോട്ടാ ആയി ലഭിക്കുന്നു. അപ്പോഠം അവരുടെ ആവശ്യത്തിൽ ൯൧ ശതമാനമാണു് അവക്കു് ലഭിക്കുന്നതു്. അതേ സമയത്തു് തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു് മുപ്പതു ശതമാനം മാത്രം ഭക്ഷ്യധാന്യങ്ങളാണു ഉണ്ടാകുന്നതു്. എന്നാൽ ഇവിടെ ലഭിക്കുന്ന ക്വോട്ടാ ൬ ൩ ശതമാനമാണു്. അപ്പോഠം മൊത്തത്തിൽ ഇവിടെ ജനങ്ങളുടെ ആവശ്യത്തിനു ലഭിക്കേണ്ട ഭക്ഷ്യസാധനങ്ങളുടെ ൬൩ ശതമാനം മാത്രമാണു് ലഭിക്കുന്നതു്. മററുള്ളിടത്തു ൯൧-ം, ൯൪½-യും ൯൩-ം ശതമാനം ഭക്ഷ്യധാന്യങ്ങഠം ലഭിക്കുമ്പോഠം ഇവിടത്തെ ആവശ്യത്തിനുള്ളതിൻെറ മൂന്നിൽ രണ്ടുഭാഗംപോലും കിട്ടുന്നില്ല. ഇതുപോലെ ഒരു സ്റ്റേററും ഇൻഡ്യയിൽ കാണുകയില്ല.

ഈ സ്ഥിതി കഴിഞ്ഞ അനേകം വഷങ്ങളായി തുടൎന്നുകൊണ്ടിരിക്കുകയാണു്. ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ ഇവിടത്തെ ഗവമ്മെൻറിനു ഇതുവരെ സാധിച്ചിട്ടില്ല. ഏതായാലും ഇവിടത്തെ ജനങ്ങഠം അനേകവഷങ്ങളായി ശ്രീ. പട്ടം താണുപിള്ള അവർകഠം പറഞ്ഞതുപോലെ അണ്ടർനറീഷ്ഡ്

ന്നാണ്. അവരുടെ ആരോഗ്യസ്ഥിതി വളരെ പരിതാപകരമായ ഒരു പരിതസ്ഥിതിയിൽ എത്തിയിരിക്കണം. പ്രത്യക്ഷത്തിൽ അതു കാണുന്നില്ലെങ്കിലും ഒരു സാംക്രമികരോഗംവന്നാൽ അതിനെതടുത്തു നില്ക്കുവാനുള്ള ഓജസ്സില്ലാത്ത ഒരു സ്ഥിതിയിലേയ്ക്കു് അധഃപതിച്ചിരിക്കുകയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

അതുപോലെതന്നെ ഇൻഡ്യ ഒററരാജ്യമായി നില്ക്കുന്ന ഇക്കാലത്തു നമുക്കു വിശ്വസിക്കാൻപോലും വയ്യാത്തവണ്ണം ഇൻഡ്യാ ഗവമ്മെൻറിൽനിന്നും നൽകുന്ന അരിയുടെ വിലതന്നെ വ്യത്യസ്തമായിരിക്കുന്നു. മദ്ധ്യപ്രദേശത്തേയും ഉത്തരപ്രദേശത്തേയും കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഇവിടെ പല മഹാന്മാരും പ്രസംഗിക്കയുണ്ടായി. അതു് ഞാൻ ഇനിയും എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല. ചില അനുഭവങ്ങൾ ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. ഇൻഡ്യാ ഗവമ്മെൻറിനെ നടത്തുന്ന കാൺഗ്രസ്സു് പാർലമെൻററി പാർട്ടി ഒരിക്കൽ ഒരു യോഗത്തിൽ വച്ചു് മദ്ധ്യപ്രദേശത്തിലെ പ്രധാനമന്ത്രി പണ്ഡിററു് രവിശങ്കർ ശുക്ലയോടു നിങ്ങൾ കുറച്ചുകൂടി ഭക്ഷ്യധാന്യങ്ങൾ അവിടെനിന്നു കയററുമതി ചെയ്യണമെന്നു പറയുകയുണ്ടായി. അവിടെ ആവശ്യത്തിലധികം, അതായതു ൧൨ ഔൺസും ൧൬ ഔൺസും അതിൽ കൂടുതലും അവിടത്തെ ആവശ്യത്തിനു വച്ചതിനുശേഷവും അവിടെനിന്നും കൂടുതൽ ധാന്യം വെളിയിൽ അയക്കാൻ സാദ്ധ്യമല്ലായെന്നു് തീർത്തു പറയുന്നതാണു് കേട്ടതു്. ആ സമയം അവിടെ പണ്ഡിററു് ജവഹർലാൽ നെഹ്റുവും, മൗലാന ആസാദും, ശ്രീ. വല്ലഭായി പട്ടേലും സന്നിഹിതരായിരുന്നു. അവർ വളരെ കണ്ടോൾ ചെയ്തിട്ടും, അദ്ദേഹത്തിനു ഹൃദയമുണ്ടെങ്കിൽ അതിനെ സ്പർശിക്കാൻശ്രമിച്ചിട്ടും യാതൊരുഫലവുമുണ്ടായില്ലായെന്നുള്ള സംഗതി ഞങ്ങളുംകൂടി അവിടെ പ്രതിനിധികളായി കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഉത്തരപ്രദേശത്തെ പ്രധാനമന്ത്രി പണ്ഡിററുപാണ്ടും ഇതേ നടപടിതന്നെയാണു് എടുത്തതു്. ഇങ്ങനെ വിഭാഗീയമായ ഒരു നില വച്ചുനോക്കാതെ ശക്തിയായി, വേണമെങ്കിൽ പാർട്ടിയിൽ വെച്ചെങ്കിലും, ഒന്നു പറയുന്നതിനു് ഈ പ്രധാനമന്ത്രി നെഹ്റുവിനോ ഡെപ്യൂട്ടി പ്രധാനമന്ത്രിക്കോ മററു മഹാരഥന്മാർക്കോ, സാധിച്ചില്ല. ദൂരംകൊണ്ടു മാത്രമല്ല ഇങ്ങനെ വന്നിട്ടുള്ളതു്. "ആളുവില കല്ലുവില" എന്നു പറഞ്ഞതുപോലെയാണിവിടത്തെകാര്യം. അവർ പറയുന്നതൊക്കെ നടക്കുന്നു എന്നുള്ളതാണു്. നീതിനടത്തുവാൻ അവർ മടികാണിക്കുന്നു.

യു. പി. യിൽ നിന്നും ഇവിടെ വാങ്ങുന്നതായ അരിയുടെ വില ഇപ്പോൾ ഇവിടെ പറഞ്ഞു. അതു യാതൊരുവിധത്തിലും സാധൂകരിക്കാൻ പാടില്ലാത്ത വിധത്തിലുള്ള വിലയാണതെന്നുള്ളതിനു സംശയമില്ല. അതുപോലെതന്നെ നമുക്കുതരുന്ന അരിയുടെ വിലക്കു എല്ലാത്തിലും ഒരു വിശേഷമുണ്ടു്. മറ്റെല്ലായിടത്തേയുംപോലെയല്ല; ഈയിടെ ഒരു റിവൈസ്സഡു് സ്കീം അനുസരിച്ചാണു് അരി കൊടുക്കുന്നതു്. ഒരു മാണ്ടിനു് ൧൭ രൂപ ൮ അണ വിലയ്ക്കു് മറ്റെല്ലാ സ്റ്റേററുകളിലും അരി ഉപഭോക്താവിനു കൊടുക്കുന്നു. എന്നാൽ ഇവിടെ ഒരു മാണ്ടു് അരിക്കു് ൧൯ രൂപാ ൧൨ അണ ആയിട്ടാണു കൊടുക്കുന്നതു്. അപ്പോൾ ഓരോ മാണ്ടിലും ൨ രൂപാ ൪ അണ കൂടുതൽ വിലയ്ക്കാണു ഇവിടെ വിൽക്കുന്നതു്. ഇതിൻെറ അർത്ഥം എന്താണു്? ഇവിടെ ജനസംഖ്യ ധാരാളമായി വർദ്ധിച്ചിട്ടും ഉണ്ടു്. ഈ വിലഅനുസരിച്ചാണെങ്കിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ചു് ഇവിടത്തെ ജനങ്ങൾ ഒരു കോടി തൊണ്ണൂററി അഞ്ചുലക്ഷം (൧,൯൫,൦൦,൦൦൦) രൂപാ കൂടുതലായി കൊടുക്കേണ്ടിവരുന്നു. ഗവമ്മെൻറു് സഹിക്കേണ്ടിവരുന്ന

[Sri. R. Sankar]

ഈ ഭീമമായ നഷ്ടം ഏതാണ്ടു രണ്ടുകോടിയോളം രൂപാ പാവപ്പെട്ട ജനങ്ങളിൽനിന്നു വാങ്ങിയതിനു പുറമെ ഉള്ളതാണു്. നമ്മുടെ ജീവിതത്തോതാണെങ്കിൽ ഉയർന്നിരിക്കുന്നു. സാമ്പത്തിക സ്ഥിതിയിൽ ഇൻഡ്യയുടെ മറേറതു ഭാഗത്തേക്കാളും തിരുവിതാംകൂർ-കൊച്ചി സ്റ്റേററ് പുറകിലാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സർക്കാർ ശമ്പളം പററുന്നവരുടേയും ഫാക്ടറികളിൽനിന്നും വേതനം പററുന്നവരുടേയും മററു സാധാരണ ജനങ്ങളുടേയും വരുമാനവും ഇവിടത്തെ സാമ്പത്തികസ്ഥിതിയും, ഇൻഡ്യയിലെ മററു ഏതു ഭാഗത്തേക്കാളും കുറവാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഇവിടെ കൂടിയ വിലയ്ക്കാണു് നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ തരുന്നതു്. നഷ്ടം നികത്തുന്നതിനു് അവർ ഒരു സമാധാനവും പറഞ്ഞിരിക്കുന്നു; 'കുറെക്കൂടി വില കൂട്ടി വിററു കൊള്ളുക' എന്നു്. എന്നാൽ ഞാൻ പറയുന്നതു്, ഗവമ്മെൻറ് ഈ വിലയ്ക്കുപോലും വിൽക്കുവാൻ തയ്യാറില്ല മററു സ്റ്റേററുകളിലെ വിലയ്ക്കു വില്ക്കുകയുള്ളു എന്നു് അവരെ അറിയിക്കണമെന്നാണു്. നഷ്ടം വരുന്നതിൻെറ ൭൫ ശതമാനം ഇൻഡ്യാ ഗവമ്മെൻറ് തരാൻ ബാധ്യസ്ഥമാണെന്നു് ഏററവും ശക്തിയായി അവരെ അറിയിക്കണം. അതിനു വേണ്ടതായ നടപടി ഈ ഗവർമ്മെൻറ് സ്വീകരിക്കുകയാണു വേണ്ടതു്. അങ്ങിനെവന്നാൽ രണ്ടു കോടി കൂടുതലായി സബ്സിഡി നമുക്കു് തരേണ്ടിവരും.

ഇൻഡ്യാ ഗവമ്മൻറിൻെറ ഈ സ്റ്റേററിനോടുള്ള നയം വളരെ വിശേഷപ്പെട്ടതാണു്. ഇൻഡ്യാ സ്വാതന്ത്ര്യമാകുന്നതിനു മുമ്പുണ്ടായിരുന്ന നയവും ഇപ്പോൾ അവർ എടുത്തിരിക്കുന്ന നയവും തമ്മിൽ വളരെ വലിയ അന്തരമുണ്ടെന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ബംഗാളിൻെറ പ്രത്യേക പരിതസ്ഥിതിയിൽ സെൻട്രൽ ഗവമ്മെൻറിൽനിന്നും വലുതായ ഒരു കാൺട്രിബ്യൂഷൻ കൊടുത്തുവന്നിരുന്നു. അതു വളരെ കാലമായി കൊടുത്തുകൊണ്ടിരിക്കയുമാണു്. ഏകദേശം പത്തോ മുപ്പതോ കൊല്ലങ്ങളായി കൊടുത്തുവരികയാണു്. ൧൯൧൯–മോണ്ടു്ഫോർഡ് പരിഷ്കാരം മുതൽക്കു തന്നെ ഈ കാൺട്രിബ്യൂഷൻ ബംഗാളിനു കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതാണു്. അതിനുള്ള കാരണമായി പറയുന്നതു്, ഇൻഡ്യാ ഗവമ്മെൻറിനാവശ്യമായ ജ്യൂട്ടു് ധാരാളമായി ഉണ്ടാകുന്നതു് ബംഗാളിലായതുകൊണ്ടാണെന്നാണു്. അവിടെ നിന്നും ധാരാളമായി ജ്യൂട്ടു് എക്സ്പോർട്ടു ചെയ്യുന്നു എന്നും, അതിൽനിന്നും കിട്ടുന്ന ആദായത്തിൻെറ ഒരംശം ആയിട്ടാണു് ബംഗാളിനു പ്രത്യേക പരിതസ്ഥിതിയിൽ ഇപ്രകാരം കാൺട്രിബ്യൂഷൻ കൊടുക്കുന്നതെന്നുമാണു പറയുന്നതു്. ഇങ്ങനെ പ്രത്യേക പരിതസ്ഥിതികൾ ഒന്നുമില്ലാത്ത രാജ്യങ്ങൾക്കും അവർ കാൺട്രിബ്യൂഷൻ കൊടുക്കാൻ സമ്മതിച്ചിരിക്കുന്നു. ൧൯൩൫ മുതൽ ഒറീസ്സായ്ക്കും സിൻഡിനും ഇങ്ങനെ നാലു കോടി രൂപാ വീതം ഒരു ഡഫിസിററ് പ്രോവിൻസാണെന്നുള്ള പരിഗണനയിൽ സെൻട്രൽ ഗവമ്മെൻറു കൊടുത്തുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ കാൺട്രിബ്യൂഷൻ കൊടുക്കുന്ന പതിവു് ഇൻഡ്യാ ഗവമ്മെൻറ് പാലിച്ചുവന്നിട്ടുള്ളതാണു്. ഇപ്പോഴത്തെ ഗവർമ്മെൻറും അങ്ങിനെ ചെയ്യേണ്ടതാണു്. എന്നാൽ ഞാൻ പറയുന്നതു്, തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം അവർ അങ്ങിനെ വിചാരിച്ചിട്ടില്ല എന്നാണു്. ബംഗാളിനു ജ്യൂട്ടുണ്ടെങ്കിൽ അതുപോലെ നമുക്കു മൊണോപ്പളിയായിട്ടുള്ളതാണു് നമ്മുടെ കയറും കുരുമുളകും, ഇവ രണ്ടും നമുക്കു മൊണോപ്പളിയുള്ള സാധനങ്ങളാണു്. ഇവയിൽ നിന്നും റവന്യൂവായിട്ടും ഫാറിൻ എക്സ്ചെയിഞ്ചായിട്ടും നമുക്കു ഭാരിച്ച തുക ലഭിക്കുന്നുണ്ടെന്നു ഇവിടത്തെ ഫൈനാൻസു മന്ത്രിതന്നെ അദ്ദേഹത്തിൻെറ പ്രസംഗ

ത്തിൽ കാണിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവർമ്മെൻറു തന്നെ അവരുടെ റവന്യൂവിൽ ഈ വരവിനം കൊള്ളിച്ചിട്ടുണ്ട്. ഇൻഡ്യയിൽനിന്നും എക്സ്പോർട്ട് ചെയ്യുന്ന കുരുമുളകിൻെറ ൯൦ ശതമാനം ഇവിടെതന്നെ ഉണ്ടാകുന്നു. അതുപോലെതന്നെ കയറിൻെറ എക്സ്പോർട്ട് ഡ്യൂട്ടിയിനത്തിലും മററം ഭാരിച്ച തുകകൾ കിട്ടുന്നുണ്ട്. ഇൻഡ്യാ ഗവർമ്മെൻറിൻെറ ഫോറിൻ എക്സ്ചേഞ്ചിൽ ഏകദേശം ഇരുപതു ശതമാനത്തോളം നമ്മുടെ നാട്ടിൽനിന്നു കയററി അയയ്ക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. എന്നിട്ടുകൂടി ഒരു നിസ്സാരമായ അംശംപോലും നമുക്കു തരുന്നതിനു അവർക്ക് മനസ്സില്ല. ഇൻഡ്യയിൽ ജനസംഖ്യ അനുസരിച്ചുനോക്കുന്നപക്ഷം ൨൫-ൽ ൧ മാത്രമുള്ള നാം അതായതു്, ഏകദേശം ൧ കോടി മാത്രമുള്ള ഈ സ്റ്റേററിൽനിന്നും അഞ്ചിലൊന്നു ഫോറിൻ എക്സ്ചേഞ്ച് സമ്പാദിക്കുന്നുണ്ട്. നമ്മുടെ കയ്യാട്ടായിൽ എത്ര കൂടുതലാണു നാം അവർക്ക് ലാഭമുണ്ടാക്കികൊടുക്കുന്നതു്. ഇൻഡ്യയുടെ ശക്തിസംഭരണ രാജ്യങ്ങളിൽ ഒന്നു് ഈ സ്റ്റേററാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നിട്ടാണ് അവർ ഇത്രമാത്രം ചിന്താശൂന്യമായി പ്രവർത്തിക്കുന്നതു് എന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

സർ, ഏതാണ്ടു് മൂന്നേമുക്കാൽകോടി രൂപയായിരിക്കും ഇതുമൂലം നമുക്കുണ്ടാകുന്ന നഷ്ടമെന്നു് ശ്രീ. താണുപിള്ള ഇവിടെ കണക്കാക്കി പറയുകയുണ്ടായി. അതായതു് ഏതാണ്ടു് നാലുകോടി രൂപയോളം നമുക്കു് നഷ്ടമുണ്ടാകുന്നുണ്ട്. ഇൻഡ്യയിൽ മറെറല്ലാ സംസ്ഥാനങ്ങളിലും നിലവിലിരിക്കുന്നതുപോലെ നമ്മുടെ വില കുറയ്ക്കുകയാണെങ്കിൽ ഇതിനുംപുറമെ രണ്ടു കോടി രൂപകൂടി നഷ്ടം വരും. അങ്ങിനെ ആകെ ൬ കോടി രൂപ നഷ്ടം ഉണ്ടാകുന്നതാണ്. ഈ നഷ്ടം ഇവിടത്തെ ഗവർമ്മെൻറിനു താങ്ങാൻ സാദ്ധ്യമല്ല. കുറച്ചു പതിഞ്ഞ ഒരു സ്വരമെ ഫിനാൻസ് മിനിസ്റ്റർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഉപയോഗിച്ചിട്ടുള്ളു. എങ്കിലും ഇങ്ങനെ തുടർന്നാൽ ഇതു താഴെവച്ചിട്ടു പോകുകയല്ലാതെ വേറെ ഗതിയില്ലെന്നാണ് അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ചുരുക്കം. ഇതിനെല്ലാത്തിനുംപുറമെ ഇപ്പോൾ നമുക്കു് വേറൊരു ആപത്തുംകൂടി വന്നിട്ടുണ്ട്. ക്ഷേമകാര്യവുമായി വളരെ ബന്ധമുള്ളതല്ലെങ്കിലും നമ്മുടെ സാമ്പത്തികനിലയെ സാരമായി സ്പർശിക്കുന്ന ഒന്നായതുകൊണ്ടു് ഞാൻ അതിനെപ്പററി പറയുകയാണ്. ഇപ്പോൾ അഞ്ചൽ സേവിംഗ്സ് എപ്പാട്ട് ഇൻഡ്യാ ഗവർമ്മെൻറ് ഏറെറടുത്തു കഴിഞ്ഞു. അഞ്ചൽ സേവിംഗ്സിൽനിന്നും ഈയാണ്ടിൽ തിരിച്ചെടുക്കുന്ന തുക മുഴുവൻ നാം കൊടുക്കണമെന്നാണ് വ്യവസ്ഥയെന്നു ഞാൻ മനസ്സിലാക്കുന്നു. അങ്ങിനെയാണെങ്കിൽ ഏഴുകോടി രൂപയും നമുക്കു് ഇക്കൊല്ലം കൊടുക്കേണ്ടിവരും. പോസ്റ്റൽ സേവിംഗ്സ് ബാങ്കിൽ പലിശനിരക്കു വളരെ കുറവാണ്. അതുകൊണ്ടു് ചെറിയ ചെറിയ ധാരാളം ബാങ്കുകളുള്ള ഈ നാട്ടിൽ ജനങ്ങൾ അഞ്ചൽ സേവിംഗ്സിൽ നിക്ഷേപിച്ചിട്ടുള്ള തുക മുഴുവൻ തിരിച്ചെടുത്തു ബാങ്കുകളിൽ നിക്ഷേപിക്കാൻ വളരെ എളുപ്പമുണ്ട്. ഏഴുകോടി രൂപയും ഇക്കൊല്ലംതന്നെ തിരിച്ചെടുത്തേക്കാൻ ഇടയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. ഇതു രണ്ടുംകൂടിയായാൽ നമ്മുടെ ഉദ്യോഗസ്ഥന്മാരെയെല്ലാം വീട്ടിൽ പറഞ്ഞയച്ചിട്ടു വല്ല ദേവതമാരെക്കൊണ്ടും ഇവിടത്തെ നികുതിയെല്ലാം പിരിച്ചെടുത്തു ഇൻഡ്യ ഗവർമ്മെൻറിനു കൊടുക്കുകയേ നിവൃത്തിയുള്ളു. ഗവർമ്മെൻറ് നടത്തിക്കൊണ്ടു പോകുവാൻ ഇവിടെ യാതൊരു മാർഗ്ഗവുമില്ല. നമ്മുടെ സാമ്പത്തികസ്ഥിതി ഭദ്രമാണെന്നു ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും വാസ്തവത്തിൽ അവധാനതകൂടാതെ പ്രവർത്തിച്ചതിൻെറ ഫലമായിട്ടോ എന്തോ നാം ഇപ്പോൾ സാമ്പത്തികമായി ഒരു വലിയ ആപൽഘട്ടത്തിൽ എത്തിയിരിക്കയാണ്. ശ്രീമതി

[Sri. R. Sankar]

ആനിജോസഫ് ചില വസ്തുതകൾ സഭയുടെ മുമ്പിൽവച്ചുകൊണ്ടു പറഞ്ഞ ഒരു സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാർ വളരെ ഗൗരവമായി ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ വിദ്യകൾകൊണ്ടൊന്നും യാതൊരു ഫലവുമില്ല. നമ്മൾ ഇവിടെ അഘോര പ്രസംഗങ്ങൾ ചെയ്തുകൊണ്ടോ, ഐകകണ്ഠ്യേനതന്നെ ഒരു പ്രമേയം പാസ്സാക്കി അയച്ചതുകൊണ്ടോ എന്തെങ്കിലും പ്രയോജനമുണ്ടാകുന്ന ലക്ഷണമല്ല കാണുന്നതു്. ഈ വിദ്യകളൊന്നും അവിടെ ചിലവാകുകയില്ല. ഇന്നു് ഇവിടത്തെ ഏതോ ചില രാഷ്ട്രീയകക്ഷികൾ സ്വതന്ത്ര കേരളത്തിനുവേണ്ടിയുള്ള ഒരു പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ടു്. ഗവൺമെന്റ് ഒന്നും ചെയ്തില്ലെങ്കിലും ഇൻഡ്യാ ഗവൺമെന്റിന്റെ നയം ഈവിധത്തിൽ തുടരുകയാണെങ്കിൽ സ്വതന്ത്രകേരളത്തിനുവേണ്ടിയുള്ള പല പ്രസ്ഥാനങ്ങളും ഇവിടെ താനേ ഉണ്ടായിക്കൊള്ളും. ഒരു സ്വതന്ത്രകേരളത്തിനു എന്തെല്ലാം ബലഹീനതകളുണ്ടായിരുന്നാലും ഭക്ഷ്യക്ഷാമമില്ലാത്ത ഒരു സ്ഥിതി അവിടെ ഉണ്ടായിരിക്കുമെന്നുള്ളതിനു് സംശയമില്ല. അതുകൊണ്ടു് വളരെ ആപൽക്കരമായ ഒരു ചിന്താഗതി ജനങ്ങളുടെയിടയിൽ വളർത്തിക്കൊണ്ടുവരുവാനാണു് ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഫിനാൻസു് മിനിസ്റ്ററുടെ പ്രസംഗത്തിന്റെ അവസാനഭാഗത്തു് ഒരു സൂചനയുണ്ടു്. അതു അദ്ദേഹം അറിഞ്ഞുകൊണ്ടു ചെയ്ത ഒരു പ്രസ്താവനയാണെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും ആ സൂചനയുടെ അർത്ഥം ഞാൻ മനസ്സിലാക്കുന്നതു ഇൻഡ്യാ ഗവൺമെന്റിനു് ഫോറിൻ എക്സ്ചേഞ്ചിൽ വളരെ സഹായം ചെയ്തുകൊണ്ടിരിക്കുന്നതായ ഇവിടത്തെ ഉല്പന്നങ്ങളുടെകൃഷി മാററിവച്ചിട്ടു് ആ സ്ഥലങ്ങൾ ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇൻഡ്യാ ഗവൺമെന്റിനു് വലിയ നഷ്ടം ഉണ്ടാകുമെന്നും അതു ചെയ്വാൻ ഈ ഗവൺമെന്റ് നിർബന്ധിതമായിത്തീരുമെന്നും പരോക്ഷമായി പറയുകയാണു് ഫിനാൻസു് മിനിസ്റ്റർ ചെയ്തിരിക്കുന്നതു് എന്നാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാന വാചകങ്ങളിൽനിന്നും ഇതു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഈ നില തുടന്നാൽ ഈ പ്രദേശത്തെ ജനങ്ങൾ ജീവിക്കാൻവേണ്ടി രാഷ്ട്രീയമായ സ്വാതന്ത്ര്യസമ്പാദനത്തിനു പ്രക്ഷോഭണം കൂട്ടിത്തുടങ്ങുമെന്നു് നാം അവരോടു തുറന്നുപറയണം. പ്രക്ഷോഭണത്തിനു നമ്മളാരും ഇറങ്ങേണ്ട. ഗവൺമെന്റ് ഒന്നും ചെയ്തില്ലെങ്കിലും ആ പ്രക്ഷോഭണം താനേ വളർന്നുകൊള്ളും. അത്ര ആപല്ക്കരമായ ഒരു ഘട്ടത്തിൽ ഇൻഡ്യാ ഗവൺമെന്റ് നമ്മെക്കൊണ്ടാക്കിയിരിക്കയാണു്. സ്വതന്ത്രകേരളത്തിനുവേണ്ടിയുള്ള ഒരു പ്രസ്ഥാനം കെ. എസ്. പി.യോ മററാ ആണെന്നു തോന്നുന്നു, ഈയിടെതുടങ്ങിയിട്ടുണ്ടു്. അത്തരം പ്രസ്ഥാനങ്ങൾക്കു താങ്ങുനൽകുന്ന ഒരു പ്രവൃത്തിയാണു് ഇൻഡ്യാ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതു്. ഒരു കടൽതീരരാജ്യമായ ഈ സംസ്ഥാനത്തു അത്തരം ശക്തികളും പ്രസ്ഥാനങ്ങളും വളർന്നുവരുന്നതു രാജ്യത്തിന്റെ ഭാവിക്കു് നന്നായിരിക്കുകയില്ലെന്നു ഇൻഡ്യാ ഗവൺമെന്റിനെ അറിയിക്കാൻ ഈഗവൺമെന്റ് ഒട്ടും അമാന്തിച്ചുകൂടാത്തതാണു്.

ഒരു സംഗതികൂടി എനിക്കു തോന്നുന്നുണ്ടു്. ഇതിനു നിയമപരമായി യാതൊരു പരിഹാരവുമുണ്ടാക്കാൻ സാധിക്കയില്ലേയെന്നു എനിക്കു് ഒരു സംശയമുണ്ടു്. സാമ്പത്തികസംയോജനകാലത്തുണ്ടായിട്ടുള്ള കരാറുകൾ ശക്തിയുള്ള ഒരു കക്ഷി ഒരുവശത്തും ശക്തികുറഞ്ഞ ഒരു കക്ഷി മറുവശത്തും നിന്നുകൊണ്ടു് ശക്തിയുള്ള കക്ഷി പറയുന്നതെല്ലാം ശക്തികുറഞ്ഞ കക്ഷി സ്വീകരിക്കാൻ നിർബന്ധിതമാണെന്നു പറയുകയാണെങ്കിൽ അതു സ്വീകാര്യമാണോ എന്നു് സംശയമുണ്ടു് സുപ്രീംകോടതിമുഖാന്തിരംതന്നെ ഇതിനു ഒരു പരിഹാരം ഉണ്ടാക്കാൻ സാധ

ക്കയില്ലേ എന്നു ആലോചിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തികസംയോജനം നടന്ന കാലത്തു നഷ്ടം എത്രയായാലും അതിന്റെ ൭൫ ശതമാനം നമുക്കു തന്നുകൊള്ളാമെന്നാണ് ഇൻഡ്യാ ഗവണ്മെന്റ് കരാറുചെയ്തിട്ടുള്ളത്. അതിനുശേഷം ശക്തിയുള്ള ഒരു കക്ഷി അതിന്റെ നയം ഒന്നുമാററിയിട്ട് മററു പ്രവിശ്യകളെപ്പോലെ നമ്മേയും ഗണിച്ച് വ്യാവസായികകേന്ദ്രങ്ങൾക്കുമാത്രമേ സബ്സിഡി കൊടുക്കാൻപോകുന്നുള്ളു എന്നു വാദിക്കുന്നതു നിയമപരമായി സാധൂകരിക്കാവുന്ന ഒരു കാര്യമാണെന്നു എനിക്കു തോന്നുന്നില്ല. കരാർ അനുസരിച്ചുള്ള ൭൫ ശതമാനം നഷ്ടം നമുക്കു കിട്ടേണ്ടതാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ പ്രവിശ്യകളോടുള്ള നയം മാററിയതുകൊണ്ടുമാത്രം ആ കരാറിനു വിലയില്ലാതെവരുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ട് സുപ്രീംകോടതിമുഖാന്തിരം ഇതിനു പരിഹാരം ഉണ്ടാക്കാൻ സാധിക്കുമോയെന്നു നോക്കുന്നതിലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. വേണ്ടിവന്നാൽ ഈ ഗവണ്മെന്റ് നടത്തിക്കൊണ്ടുപോകുന്ന ജോലികൂടി അവർ ഏറെറടുത്തുകൊള്ളണം എന്ന ഒരു ശക്തിയായനില സ്വീകരിക്കുന്നതിനുപോലും ഈ ഗവണ്മെന്റ് മടിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. K. Sivarama Pillai: Sir, a careful reading of the statement placed before me by the hon'ble Finance Minister would show that the food situation has caused, more than anybody else, headache only to the Finance Minister. At the time of the Financial integration, we were given high hopes that this was the best thing, and that 75 per cent of our loss would be met by the Government of India. But much against our expectations and most arbitrarily, they have fixed it at 1½ crores, and yesterday, as if some great boon has been given, the hon'ble Finance Minister said that they have increased it by 50 per cent, that is, to 2·50 crores. But then, Sir, was it really a help done to us? On page five of the statement, in the most unceremonious manner it is stated that on account of the coarse grains being declared as fine rice long after they have been disposed of, this Government would suffer a loss to the tune of 80 lakhs. The loss sustained by the Government on fine rice for the period up to 10th March 1951 is about 80 lakhs. So, after taking away 80 lakhs with one hand they were generous in giving us 75 lakhs. That will show that really the Government of India has done nothing to ease our situation. And this has been made clear some months ago by the Conference of Food Ministers held at Bombay. The matter was being raised in the legislatures and the Ministers met in Bombay and discussed and brought about a uniform policy throughout India. After all, for what have they decided? They have decided for the existing practice in all the State to be continued and nothing more.

Sir, then, as regards procurement I have to say one word. There is absolutely no uniform policy for the whole State regarding procurement price, issue price and regarding control. I heard some hon'ble Member, including the the Finance Minister, saying that we must give a warning to the Government of India. I may calmly say that by these threats the Government of India is not going to be brought round to help us. It is time that we thought that we would not depend upon the Government of India in regard to this matter. We must depend on our own agriculturists and see that we produce our own rice here in ample measure. We are told here that 80 lakhs is the population and that we want six lakhs tons of food grains. The statistics of the Government are clearly wrong. There is no use saying that we produce only 2,75,000 tons. Sir, in one acre of paddy land an illiterate agricultural labourer was able to produce 3½ tons of paddy, double crop. So, it has been shown that from one acre it is

[Sri. K. Sivarama Pillai]

possible to produce 3½ tons of rice. We may calculate the amount of grain that we may produce calculating at that rate.

Sri. A. Thanu Pillai: How many Paras does this 3½ tons come to?

Sri. K. Sivarama Pillai: Nearly 600 paras.

Sri. A. Thanu Pilli: From one acre?

Sri. K. Sivarama Pillai: Yes. Sir, that cultivator was given an award of Rs. 100 from this Government. This shows that if only we take the agriculturists into our confidence, we would be able to produce more grains. If only we abolish the Food Production Board, depend merely on intensive cultivation and give fair prices to the agriculturists and give sufficient manure also, I think, we would to a large extent be able to meet the situation. Then we can produce the paddy required for the state. Sir, The Food Production Board has done nothing to the state. They took up certain areas for intensive cultivation. But those areas were places where paddy cannot be grown. Areas where more paddy could have been grown have been left out from the scheme of intensive cultivation. Manure has also not been supplied at proper times. The price given to the agriculturists is very low, and there is no incentive for them to grow more. The statistics of the Government show that. Sir, the price of paddy was riased to Rs. 2½ per para. Only when I worried the Finance Minister on that matter was the money sent to our place. When the normal price was given, there was no difficulty in procuring the quantity of rice expected. When the price was reduced, the figures went down. The real fact is, if you want to give an incentive to the agriculturists, avoid all schemes put forward by the Food Production Board. They are lengthy schemes, schemes which cannot be worked out in the nearfuture. I am sure that given proper price to the agriculturists, given enough manure for cultivation, you can get more paddy from our state.

Then, a loud cry was raised as regards the system of procurement. Originally it was on the excess basis, so that the officers in the Taluk could demand any amount of paddy. They could demand anything without regard to the household requirements of the cultivator. By this levy system everybody would know the quantity that is to be measured. But it is kept a secret. The people do not know what they have to pay. The Tahsildar issues a notice. Here I may say that the Government have been treating the Thovala Taluk in a step-motherly way. From an area of ten thousand acres the demand is for 6½ lakhs; that is, per acre we must give more than 70 paras. I ask whether they would be able to get more than 10 paras.

Sri. A. Thanu Pillai: Is it per crop or annually?

Sri. K. Sivarama Pillai: Per crop.

Sir, 6½ lakhs paras is their target from ten thousand acres. Already 5½ lakhs of paras have been squeezed out of us. Look at the other places. Because the majority community is there and since they can influence the Government, no procurement is done. As this Government are doing towards us, so the Government of India are acting towards this Government. I would therefore say that it is better that we depend on our own agriculturists in this matter. Give them better price and give then manure. And so far as procurement is concerned, inform beforehand as to what we should pay. You may fix the levy with all reasonable standards. Cultivators would then have the incentive to produce more. At the present moment, their feeling is "Why should we suffer so that others may enjoy the benefit of our suffering?" That is the attitude of the agriculturists in the south. That is what I have to say.

ശ്രീ. ഇട്ടേര അയ്യൂക്കൻ: സർ, ഈ മോഷനെസംബന്ധിച്ച് വലിയ അഭിപ്രായവ്യത്യാസമൊന്നും ഈ സഭയിലില്ല. എങ്കിലും ഇവിടത്തെ ഭക്ഷ്യദൌർലഭ്യത്തെ നേരിടേണ്ടതു് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ച് രണ്ടഭിപ്രായങ്ങളുണ്ട്. കേന്ദ്രഗവൺമെൻറിനെ ഭീഷണിപ്പെടുത്തി നമുക്കു കൂടുതൽ അരി മേടിക്കുവാൻ സാധിക്കുമോയെന്നു പരീക്ഷിക്കേണ്ടതു ഒരു മാർഗ്ഗംതന്നെയാണ്. എന്നാൽ മുമ്പു പ്രസംഗിച്ച കുമാരിയുടെ, ആ ചെറുവിപ്ലവകാരിയുടെ, അഭിപ്രായത്തോട് മുഴുവൻ യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. അവരുടെ പ്രസംഗം കേട്ടപ്പോൾ ഈ പ്രസംഗം അവസാനിച്ച ഉടനെ മി. ജോൺ വണ്ടികയറി ഡൽഹിയിൽപോയി നെഹ്റുവിനോടും മുൻഷിയോടും ഒരു യുദ്ധംതന്നെ പ്രഖ്യാപിച്ചാൽ എന്താണു് വരുവാൻ പോകുന്നതെന്നു് തോന്നിപ്പോയി. അതുകൊണ്ടു് പ്രയോജനമൊന്നും ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല. അതു് ഒരു വശമാണു്. ഭീഷണിപ്പെടുത്തി കൂടുതൽ ഭക്ഷ്യസാധനങ്ങൾ കിട്ടുവാൻ സാധിക്കുമോ എന്നു് പരീക്ഷിക്കേണ്ടതു് ഒരു വശം മാത്രമാണു്. എന്നാൽ ഈ കാര്യത്തിൽ മി. ശിവരാമപിള്ള പറഞ്ഞ അഭിപ്രായങ്ങളോടാണു് ഞാൻ കൂടുതൽ യോജിക്കുന്നതു്. വളരെയധികം കഴിവുള്ള കേരളത്തിനു്, പ്രത്യേകിച്ചും തിരുവിതാംകൂർ-കൊച്ചിയ്ക്കു് ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത നേടുവാൻ യാതൊരു പ്രയാസവുമില്ലെന്നു് വിശ്വസിക്കുന്നവനാണു് ഞാൻ. നമ്മുടെ ഭക്ഷ്യോല്പാദന ബോർഡിൻെറ ചെയർമാൻ ഇപ്പോൾ രാജിവച്ചു എന്നു കേൾക്കുന്നു. ഞാൻ അതിൽ പ്രതീക്ഷയുള്ള ഒരാളായിരുന്നു. ഈ ഒരു കാര്യത്തിൽ ഞാൻ അദ്ദേഹത്തോടു് പരിപൂർണ്ണമായിട്ടു് യോജിച്ചുമിരിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: അദ്ദേഹം രാജിവച്ചു എന്നു പത്രത്തിൽ കാണുവാൻ തുടങ്ങിയിട്ടു് കുറേനാളായിട്ടുണ്ടു്. രാജിവച്ചിട്ടുണ്ടോ ? ദയവായി ബഹുമാനപ്പെട്ട മന്ത്രി അതിനു മറുപടി പറഞ്ഞാൽകൊള്ളാം ? (മറുപടിയില്ല.)

ശ്രീ. ഇട്ടീര അമ്പൂക്കൻ: അങ്ങനെയാണു് കേൾക്കുന്നതു്. അതു് വാസ്തവമാണെങ്കിൽ ഷേക്സ്പിയറിൻെറ ആൻറണിക്ലിയോപ്പാട്ര എന്ന നാടകത്തിലെ അവസാനംപോലെ അദ്ദേഹത്തിൻെറ അവസാനം നന്നായി എന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു കാര്യത്തിൽ അദ്ദേഹത്തോടു യോജിച്ചു എന്നു പറഞ്ഞതു് രാജിവച്ചു എന്ന കാര്യത്തിലാണോ ?

ശ്രീ. ഇട്ടീര അയ്യൂക്കൻ: അതേ. രാജ്യത്തിനുവേണ്ടി അദ്ദേഹത്തിനു ചെയ്യുവാനുള്ള സേവനം അദ്ദേഹം അവസാനം ചെയ്തുവെന്നാണു് ഞാൻ പറയുന്നതു്. ഇവിടെ കൃഷിക്കാരെ പ്രോത്സാഹിപ്പിച്ചാൽ കൂടുതൽ നെല്ലു ഉണ്ടാക്കുവാൻ സാധിക്കുമോ അഥവാ ഗവൺമെൻറുതന്നെ ഈ ചുമതല ഏറെറടുത്താൽ കൂടുതൽ നെല്ലു ഉണ്ടാക്കുവാൻ സാധിക്കുമോ എന്നുള്ളതാണു് പ്രശ്നം. ഗവൺമെൻറിനെക്കൊണ്ടു് അതു സാധ്യമല്ലെന്നു തെളിഞ്ഞുകണ്ടിട്ടുണ്ടു്. ഈ സന്ദർഭത്തിൽ ഈ വിഷയത്തിൽ ഗവൺമെൻറു് ഒരു പരീക്ഷണം നടത്തുന്നതു് നമ്മുടെ സാമ്പത്തികസ്ഥിതിക്കു അപകടകരമായിരിക്കും. ഗവൺമെൻറിനെക്കൊണ്ടു് സാധ്യമല്ലാത്ത നിലയ്ക്കു പിന്നീടു് അതിനു കർഷകരെ ആശ്രയിക്കുകയേ തരമുള്ളു. കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതു് എങ്ങനെയാണു് എന്ന ചോദ്യം നിലകൊള്ളുന്നു. രണ്ടുമൂന്നു കൊല്ലമായി കൊച്ചിയിൽ കൃഷിക്കാരിൽനിന്നു എടുത്തുവരുന്ന നെല്ലിനു് കണക്കുണ്ടു്. ഓരോ കൃഷിക്കാരനും ഇത്രയിത്ര നെല്ലു കൊടുത്തിട്ടുണ്ടെന്നുള്ളതിനും ഓരോരുത്തർക്കും ഇത്ര ഏക്കർ നിലം ഉണ്ടെന്നുള്ളതിനും ഗവൺമെ

[Sri Ittiera Ambooken]

ൻറിന് കണക്കുണ്ട്. തിരുവിതാംകൂർ വിഭാഗത്തു അങ്ങനെ കണക്കില്ലെങ്കിൽ അതുണ്ടാക്കുവാൻ പ്രയാസമില്ല. അങ്ങനെയൊരു കൃത്യനിരക്കു നിശ്ചയിച്ച് അതു ഓരോ കൃഷിക്കാരനും പാട്ടം അളക്കുന്നതുപോലെ ഓരോ താലൂക്കിലേയും ഡിപ്പോകളിൽ അളക്കുവാൻ ഏർപ്പാടുചെയ്താൽ ഇന്നു കിട്ടുന്നതിൽ കൂടുതൽ നെല്ലു ഗവമേൻറിലേയ്ക്കു കിട്ടിക്കൊള്ളും. ഗവമ്മെൻറിലേയ്ക്കു കൊടുത്തു ബാക്കിയുള്ള നെല്ലു കൃഷിക്കാർക്കു ഇഷ്ടംപോലെ വില്ക്കുവാൻ വിട്ടുകൊടുക്കണം. വാസ്തവത്തിൽ ഇന്നു കൃഷിക്കാർക്ക് ശരിയായ വില കിട്ടാത്തതുകൊണ്ടാണ് ഈ രാജ്യത്ത് നെല്ലു കൂടുതൽ ഉണ്ടാക്കാത്തതു്. കൃഷിക്കാരത്രയും അവരുടെ സർവ്വകഴിവുകളും പണം സമ്പാദിക്കുന്ന മാർഗ്ഗങ്ങളിലേയ്ക്കു ഉപയോഗിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: യഥേഷ്ടം വില്ക്കുന്നതിനു വിട്ടുകൊടുക്കണം എന്നു പറയുന്നതു് വിലയ്ക്കു ക്രമീകരണമില്ലാതെ അവർക്കു ഇഷ്ടമുള്ള വിലയ്ക്കു വില്ക്കാം എന്ന അർത്ഥത്തിലാണോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: അവർക്കു ഇഷ്ടമുള്ള സ്ഥലത്തുകൊണ്ടുപോയി ഇഷ്ടമുള്ള വിലക്കു വില്ക്കുവാൻ അനുവാദം കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. അതിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. അതിൻെറ ഫലം എന്തായിരിക്കും എന്നു നാം നോക്കണം. കൃഷിക്കാരൻെറ ഇഷ്ടംപോലെ വില്ക്കുവാൻ അനുവാദം കൊടുത്താൽ അവൻ പെട്ടെന്നു വില കൂട്ടും. പക്ഷേ അതു് അധികകാലം നില്ക്കുകയില്ല. കൂടുതൽ ശ്രദ്ധ കൃഷിക്കാർ നെൽകൃഷിയിൽ ചെലുത്തും. കൃഷിക്കാർ ആദായം കണക്കാക്കി പ്രവർത്തിക്കുന്നവരല്ലെന്ന് പറയുന്നതു് വെറുതേയാണ്. നെൽകൃഷിയിലും മററുള്ള മണിക്രാപ്പിനോടൊപ്പം ആദായമുണ്ടാകുമെന്ന് വന്നാൽ തീർച്ചയായും രണ്ടോമൂന്നോ കൊല്ലത്തിനകത്തു ഇവിടെയുള്ള ഓരോ ഇഞ്ചു സ്ഥലത്തും നെൽകൃഷിയുള്ളതായിട്ടു നമുക്കു കാണ്മാൻ കഴിയും. അങ്ങനെ ഉല്പാദനം വർദ്ധിക്കുമ്പോൾ പെട്ടന്നു മൂന്നു രൂപയോ നാലു രൂപയോ നെല്ലിന് വിലയാകുന്നതു നിലനില്ക്കുകയില്ല. അങ്ങനെയായാൽ റേഷൻപീടികയുടെ തൊട്ടരികിൽ ഒന്നാംക്ലാസ്സ് അരി വില്ക്കുന്നതായി നമുക്കു കാണുവാൻ കഴിയും. അപ്പോൾ റേഷൻപീടികയിൽ ഇന്നു കാണുന്ന തിക്കും തിരക്കും കുറഞ്ഞുവരും. ഇന്ന് റേഷൻകാർഡു തന്നെ ബ്ലാക്കുമാർക്കററു ചെയ്യുന്നുണ്ട്. പത്തു ആളുകളുള്ള വീട്ടുകാർ ഇരുപതു ആളുകൾക്കു കാർഡ് എഴുതിവാങ്ങി കൂടുതൽ ഉള്ള അരി പാട്ടത്തിനു കൊടുത്തിരിക്കുന്നതുപോലെ വല്യ പീടികക്കാർക്കും മററും കൊടുത്തിരിക്കുകയാണ്. നല്ല അരി കിട്ടുമെന്നു വരുമ്പോൾ ഈ ഏർപ്പാടുകളൊക്കെ നിന്നുപോകുന്നതാണ്. റേഷൻ പീടികയിലെ തിരക്കും കുറയും. ഗവമ്മെൻറ് ഏറ്റെടുത്തിട്ടുള്ള ഈ ഭാരം തീർച്ചയായും അവസാനിപ്പിക്കുന്നതിന് ഇതു ഒന്നാംതരം ഒരു മാർഗ്ഗവുമാകും. ഇതു് ധൈര്യമായിട്ടു പ്രവർത്തിക്കുവാൻ ഈ ഗവമ്മെൻറിനെക്കൊണ്ട് സാധിക്കുമെന്നു പ്രതീക്ഷ ഉണ്ടായിട്ടു പറയുന്നതല്ല. സർവ്വരുകളേയും പ്രീണിപ്പിച്ചു ഒരു വാസവദത്ത ഗവമ്മെൻറുപോലെ രാജ്യം ഭരിക്കുവാനിരിക്കുന്ന ഈ ഗവമ്മെൻറിന് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുവാൻ സാദ്ധ്യമല്ല. ഇവിടെ സോഷ്യലിസ്ററു പാർട്ടി ഭരിച്ചാലും ഏതു പാർട്ടി ഭരിച്ചാലും ഇങ്ങനെയുള്ള നടപടി എടുക്കാത്ത കാലംവരെ ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കുവാൻ പോകുന്നില്ല.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, വാസവദത്ത ഗവമ്മെൻറ് എന്നു പറയുന്നതു് പാർലിമെൻററിയാണോ?

മിസ്റ്റർ സ്പീക്കർ: അങ്ങിനെ ഉപമിച്ചതിൽ അന്തർഭവിച്ചിരിക്കാവുന്ന ആക്ഷേപസൂചന ഹൗസിന്റെ ശ്രദ്ധയിൽപെടുത്തി എന്തെങ്കിലും നടപടിക്ക വിഷയമാക്കത്തക്കതാണെന്ന തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഏതൊരു പാർട്ടി അധികാരത്തിൽ വന്നാലും ഈ ഡൽഹിയിലെ മേധാവികളെ നോക്കി ഭിക്ഷപ്പാത്രവുമായി നിലകൊള്ളേണ്ട നില മാററുവാൻ സാധ്യമല്ല. നമുക്ക് നിലങ്ങളും നെല്ലും ധാരാളമുണ്ട്. നെൽകൃഷിക്ക പററിയ സാധ്യതകളും ധാരാളം ഉണ്ട്. നാം സമൃദ്ധിയുടെ മദ്ധ്യത്തിലെ പട്ടിണിക്കാരാണ്. സമൃദ്ധിയുടെ മദ്ധ്യത്തിൽ ഇന്ന് ദാരിദ്ര്യം, പട്ടിണി വാസ്തവത്തിൽ അതൊരു വിരോധാഭാസമാണ്. ഇതിൽ മുൻകൈ എടുത്തു പ്രവർത്തിക്കവാനുള്ള മാർഗ്ഗമാണ് ഗവമെന്റിന്റെ ഈ ലവി സിസ്റ്റം എന്ന ഞാൻ വിചാരിക്കുന്നു. ഗവമെന്റിലേയ്ക്ക കൊടുത്തു ബാക്കിയുള്ള നെല്ല കൃഷിക്കാരനു യഥേഷ്ടം എവിടെയെങ്കിലും കൊണ്ടുപോകാൻ അനുവദിച്ചിട്ടുള്ളതു് വാസ്തവത്തിൽ ഈ തത്വത്തെ വെച്ചുകൊണ്ടാണ്. കൊണ്ടുപോകാൻ അനുവദിച്ചാൽ അവർ അതു എവിടെയെങ്കിലും കൊണ്ടുപോയി വിററുകൊള്ളുമെന്ന ഈ ലവി സിസ്റ്റം ഉണ്ടാക്കിയിട്ടുള്ളവക്ക പരിപൂർണ്ണമായിട്ട അറിയാം. എന്തിനു കൃഷിക്കാരെ ഗവമെന്റ് കള്ളന്മാരാക്കുന്നു? നെല്ല കൊണ്ടുപോകുവാൻ അനുവദിച്ചിട്ട അവർ അതും കരിഞ്ചന്ത ചെയ്താൽ ഈ ഗവമെന്റ് സമ്മതിക്കുകയില്ലാ എന്നു പറയുന്നതു കഷ്ടമാണ്. വാസ്തവത്തിൽ കരിഞ്ചന്തയുണ്ട്. അതിനെ ഇല്ലാതാക്കുവാൻ ഒരു ഗവമെന്റിനും സാദ്ധ്യമല്ല. കൃഷിക്കാർക്ക കൊടുക്കുന്ന വളം അവക്ക ഗുണം കിട്ടുന്ന, വലിയ ആദായം വരുന്ന, ഇനങ്ങളിലേക്ക അവർ അതു് ഉപയോഗിക്കുകയുള്ളു. അങ്ങനെയുള്ള ഒരവസ്ഥ ഇവിടെ നിലനില്ക്കുന്ന കാലത്തോളം ഈ പ്രശ്നത്തിനു് യാതൊരു പരിഹാരവും ഉണ്ടാകുവാൻ പോകുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ലവി സിസ്റ്റം മണിക്രാപ്പിനെ സഹായിക്കുമോ?

ശ്രീ. ഇട്ടീര അമ്പൂക്കൻ: ആ ചോദ്യത്തിൽ ഒരു കഴമ്പും ഇല്ല. അതുകൊണ്ട് മറുപടി പറയണമെന്ന് വിചാരിക്കുന്നില്ല. ഈ രാജ്യത്തെ എല്ലാഭാഗത്തുമുള്ള കൃഷിക്കാർ തൃപ്തിയില്ലാത്തവരായിട്ടാണ് കഴിഞ്ഞുകൂടുന്നതു്. നിലത്തിൽ പോയി അവിടെ വെയിൽകൊണ്ട് കഷ്ടപ്പാട സഹിച്ച് കൃഷി ചെയ്യുവാൻ ഇന്ന് ആരും ഇഷ്ടപ്പെടുന്നില്ല. രാവിലെ പാടത്തുപോയി കൃഷിചെയ്തു, വെയിലും, മഴയും മററും സഹിച്ച് കൃഷി ചെയ്തു, വൈകുന്നേരം വീട്ടിൽ വരുമ്പോൾ അവനു ഭക്ഷണത്തിനു കിട്ടുന്നതു കുറെ റേഷൻ പച്ചരിയാണ്. അതും ഭക്ഷിക്കവാൻ കൊള്ളാത്ത പച്ചരി, പൊടിയരി ഇതാണ് കിട്ടുന്നതു്. കൃഷിയിൽ എപ്പെടുന്ന ജോലിക്കാർക്ക് നല്ല ആഹാരം കൊടുത്തില്ലെങ്കിൽ ജോലിക്ക ആളുകളെ കിട്ടാതാകുന്നതാണ്. ഇന്നു് അധികവും കൃഷി നടത്തുന്നതു് വാസ്തവത്തിൽ കൃഷിചെയ്താൽ നല്ല അരിയുടെ വെള്ളം കുടിക്കാം എന്ന ഉദ്ദേശത്തോടുകൂടിയാണ്. ആ ഉദ്ദേശത്തോടുകൂടി പങ്കിനും വാരത്തിനും മററും കൃഷിനടത്തുന്നവരാണ് ഇവിടെ നെല്ലധികമുണ്ടാക്കുന്നതു്. വലിയ കൃഷിക്കാർ നെല്ലധികമുണ്ടാക്കുന്നില്ല. അതുംകൂടി ഗവമെന്റ് നോക്കണം. നിർബന്ധിച്ചു നെല്ലുണ്ടാക്കുവാനും നിർബന്ധിച്ച് കൃഷി ചെയ്യിക്കുവാനും ശക്തിയുള്ള ഗവമെന്റാണെങ്കിൽ അതിനു് ഏറ്റെടുത്താൽ തരക്കേടില്ല. അതൊക്കെ ഈ ഗവമെന്റിനെക്കൊണ്ട് സാദ്ധ്യമല്ല. ഇനി വേറൊരു കാര്യം പറയുവാനുള്ളതു് ഇന്നത്തെ പരിതസ്ഥിതിയിൽ, ഈ അനിശ്ചിതാവസ്ഥയിൽ, ഒന്നുകിൽ കൃഷിക്കാരേയുംനിലമുടമസ്ഥന്മാരേയും ഗവമെന്റ് വിശ്വസിക്കുക. അല്ലെങ്കിൽ അതെല്ലാം ഗവ

[Sri Ittiera Ambookan]

മെൻറ് എററെടുത്തു ഇന്നത്തെ ഭൂമി വിതരണസമ്പ്രദായംതന്നെ ഇല്ലാതാക്കി റഷ്യയിലെപ്പോലെ ഒരു സമ്പ്രദായം നടപ്പാക്കുക. ഇതു രണ്ടുമല്ലാത്തമാർഗ്ഗം ഗവമെൻറ് സ്വീകരിക്കുന്നതു ക്രമേണ ഈ രാജ്യത്തെ ജനങ്ങളെ ഇഞ്ചിഞ്ചായിട്ടു പട്ടിണിയിട്ടു കൊല്ലുകയായിരിക്കും. അതു് ഏതുവിധത്തിലാണ് വേണ്ടതു് എന്നുള്ളതാണ് വാസ്തവത്തിൽ ഈ ഗവമെൻറിൻെറയും ഇൻഡ്യാഗവമെൻറിൻെറയും മുമ്പിൽ നില്ക്കുന്ന ചോദ്യചിഹ്നം. അതിനുവേണ്ടി റഷ്യയെപിൻതുടരുമോ മററു രാജ്യങ്ങളെ പിൻതുടരണമോ എന്നുള്ളതാണ് ചോദ്യചിഹ്നം. അതു് വരുന്നതുവരെ പന്ത്രണ്ടു ഔൺസു് റേഷൻ നമുക്കു കിട്ടണമെങ്കിൽ ഈരാജ്യത്തെ കൃഷിക്കാരെ വിശ്വസിക്കണമെന്നു് ശ്രീ. ശിവരാമപിള്ള പറഞ്ഞ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു. ഡൽഹി അധികാരികളുമായിട്ടു അതിനുവേണ്ടി ഒരു വാക്സമരം നടത്തിയാലും വേണമെങ്കിൽ മുൻഷിയോടു് ഒരു യുദ്ധംതന്നെ നടത്തിയാലും തരക്കേടില്ല. ഇവിടത്തെ ഭക്ഷ്യോല്പാദന ബോർഡ് ചെയർമാനെപ്പററി പറഞ്ഞ അഭിപ്രായംതന്നെയാണ് ഭക്ഷ്യമന്ത്രി ബഹു. മുൻഷിയെപ്പററിയും എനിക്കു് പറയുവാനുള്ളതു്.

Mr. Speaker : That aspersion should be withdrawn.

Sri. Ittiera Ambooken : I withdraw it, Sir.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭക്ഷ്യസാധനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ വളരെ ദാക്ഷിണ്യമാണ് കാണിക്കുന്നതെന്നു് തിരുമലറാവു പറയുകയുണ്ടായി. കുരുമുളകിൻെറ ഡ്യൂട്ടി, ഈ രാജ്യത്തുനിന്നു കൊണ്ടുപോകുന്നതു്, നമുക്കു തന്നാൽ മതി. ഈ രാജ്യത്തുനിന്നുള്ള സാധനങ്ങളുടെ ഡ്യൂട്ടി വടക്കേ ഇൻഡ്യയിലുള്ളവർക്കു മാത്രം തിന്നുവാനുള്ളതല്ല. അതിൻെറ ഡ്യൂട്ടിയും മററുംതരം വക സാധനങ്ങൾ ഈ രാജ്യത്തു വേലചെയ്തുണ്ടാക്കുന്നവന്നു കിട്ടുവാൻ വേണ്ടിയുള്ളതാണ്. അതുകൊണ്ടു് ധനകാര്യമന്ത്രി സ്നേഹിതന്മാരുടെകൂടെ, അവർ പോയി കഴിഞ്ഞിട്ടില്ലെങ്കിൽ, അടുത്ത പ്ലെയിനിൽതന്നെ ഡൽഹിയിൽപോയി ഈ കാര്യത്തിൽ മുൻഷിയോടു് വാക്സമരമോ യുദ്ധം പ്രഖ്യാപിച്ചോ വരുന്നതു് നന്നായിരിക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, സംസ്ഥാനത്തെ ജനങ്ങൾക്കു ആവശ്യമായ ഭക്ഷണസാധനങ്ങൾ നൽകുക എന്ന പ്രാഥമിക കാര്യത്തിൽപോലും ഈ ഗവമെൻറ് തികച്ചും പരാജയമാണ് അടഞ്ഞിട്ടുള്ളതു്. ഒരു മനുഷ്യൻ ജീവിക്കണമെങ്കിൽ ശരാശരി ൨൪ ഔൺസ് അരിയെങ്കിലും ദിവസേന ആവശ്യമാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇന്നത്തെ കോൺഗ്രസ്സ് ഗവമെൻറിനു് ഈ അളവിൻെറ പകുതിയെങ്കിലും കൃത്യമായി എല്ലാവർക്കും നല്കുവാൻ കഴിഞ്ഞിട്ടില്ലായെന്നാണ് പരമാർത്ഥം. ഭക്ഷണസാധനങ്ങൾക്കു ക്ഷാമംവന്നതോടുകൂടി ഗവമെൻറു കൂട്ടരിനിർമ്മാണ പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സർ, ഈ കാര്യം പറയുമ്പോൾതന്നെ എനിക്കു മററൊരു കാര്യം ഓർമ്മയിൽ വരുന്നു. കപ്പലണ്ടിപ്പിണ്ണാക്കിൽ അല്ലെങ്കിൽ നിലക്കടലപ്പിണ്ണാക്കിൽ പോഷകാംശം ധാരാളം ഉണ്ടെന്നും അതു മനുഷ്യരുടെ ഭക്ഷണസാധനമായി ഉപയോഗിക്കുന്നതിൽ ദോഷമില്ലെന്നും മററും ഒരു പ്രസ്താവന തിരു-കൊച്ചിന്യൂസിൽ കാണുകയുണ്ടായി. സർ, അതുവായിച്ചപ്പോൾ അടുത്തഭാവിയിൽ ഈഗവമെൻറിൽനിന്നും വിതരണംനടത്തുന്നഭക്ഷ്യസാധനങ്ങളുടെ കൂട്ടത്തിൽ ഈ നിലക്കടല പിണ്ണാക്കു കൂടി ഉൾപ്പെടുത്തുമോയെന്നു എനിക്കൊരു ഭയമുണ്ടായി. ഏതായാലും ഈ ഗവമെൻറു ഇന്നത്തെ റേഷൻ വിതരണം

ഈ നിലയിൽ എത്രനാൾ തുടർന്നു കൊണ്ടുപോകുമെന്നു നാട്ടുകാർക്കുതന്നെ സംശയമുള്ള ഒരു സംഗതിയാണ്. ഏതു നിമിഷത്തിലും ഇതു വിട്ടെറിഞ്ഞിട്ടു ഞങ്ങളെക്കൊണ്ടു ഇതൊന്നും കഴിയുകയില്ലെന്ന് ഈ ഗവൺമെൻറും കേന്ദ്രഗവർമ്മെൻറും കൂടിച്ചേർന്നു പറയുകയില്ലേ എന്നുംകൂടി സംശയിക്കുന്നു. സ്വയം സമ്പൂർണ്ണത നേടാൻവേണ്ടി ഗവൺമെൻറ നടത്തിയ പരിശ്രമങ്ങളുടെ കാര്യമാണ് ഈ അവസരത്തിൽ ഓർമ്മവരുന്നതു്. ൧൯൫൧ കഴിഞ്ഞാൽ ഭക്ഷ്യധാന്യങ്ങൾ യാതൊന്നുംതന്നെ വെളിയിൽനിന്നും ഇറക്കുമതി ചെയ്യുകയില്ലെന്നും അതുകൊണ്ടു ഇൻഡ്യക്കു ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തതനേടണമെന്നുമാണ് പണ്ഡിററ് ജവഹർലാൽ മുതൽ ടി. കെ. നാരായണ പിള്ളവരെയുള്ള മന്ത്രിമാർ പ്രസ്താവിച്ചതു്. സർ, അതിൻെറ ഫലം എന്തായി? റോഡു അരികിൽ മന്ത്രിമാർ ചില ചെടികൾ കുഴിച്ചിടുകയും അവയുടെ ഫോട്ടോകൾ പത്രത്തിൽ പ്രസിദ്ധംചെയ്യുന്നതും കഴിച്ചാൽ ഈ സ്വയംസമ്പൂർണ്ണതാപരിശ്രമത്തിൻെറ ഫലം വട്ടപ്പൂജ്യമാണ്. ഇത്തരം കാര്യങ്ങൾക്കു പരസ്യമിനത്തിൽതന്നെ ധാരാളം പണം വിനിയോഗിച്ചുവെന്നല്ലാതെ യഥാർത്ഥത്തിൽ ഒരു ഫലവുമുണ്ടായിട്ടില്ല. കോൺഗ്രസ് സർക്കാറിനു്, ഈ സ്റ്റേററിൽ മാത്രമല്ല ഇൻഡ്യക്കു ഒട്ടാകെതന്നെ ശരിയായ ഒരു ഭൂനയം ഇല്ല. ഭക്ഷ്യോല്പാദനകാര്യത്തിൽ അടിസ്ഥാനഘടകമായ ഈ നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഗവർമ്മെൻറിൻെറ ഭീഷണിയിലും ജന്മിമാരുടേയും മുതലാളിമാരുടേയും പീഡനത്തിലും ചൂഷണത്തിലും നിന്നു ഉൽഭവിക്കുന്ന നൈരാശ്യത്തോടെയാണ് അവർ കൃഷിപ്രവർത്തനം നടത്തുന്നതു്. ഈ നിലയിൽ തൃപ്തികരമായവിധത്തിൽ കർഷകരെക്കൊണ്ടു ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ല. കർഷകരോടു ഈ ഗവൺമെൻറിനു യാതൊരു നയമോ അനുഭാവമോ ഉണ്ടെന്നു വിചാരിക്കാൻ ന്യായമില്ല. ജന്മിത്വത്തിൻെറ ഉരുക്കുമുഷ്ടിയിൽനിന്നു കൃഷിക്കാരനെ വിമോചിപ്പിക്കാത്ത കാലത്തോളം ഇവിടുത്തെ സ്വയം സമ്പൂർണ്ണത വെറും കടലാസിൽ മാത്രമായിരിക്കും. എന്നാൽ സാമ്രാജ്യത്വനാടുവാഴിത്തവൻകിടമുതലാളിത്ത കൂട്ടുകെട്ടിൽനിന്നു ജനിച്ച ഈ ഗവൺമെൻറ ജന്മിമാർക്കും വൻകിടമുതലാളിമാർക്കും എതിരായി യാതൊന്നും ചെയ്യുമെന്നു കരുതിക്കൂടാ. സർ, ഇന്നു റഷ്യ, ചൈന മുതലായ രാജ്യങ്ങളിൽ ഭക്ഷ്യോല്പാദനം സംബന്ധിച്ചു നിശ്ചിതമായ ഒരു പ്ലാനും പദ്ധതിയും ഉണ്ടു്. ഈ പദ്ധതി ൧൦൦ ശതമാനവും വിജയപ്രദമായിട്ടുണ്ടെന്നു ലോകം സമ്മതിച്ചിട്ടുള്ളതാണ്. അവരുടെ എതിരാളികൾപോലും ഇക്കാര്യത്തിൽ അവരെ നിഷ്കളങ്കം സ്തുതിക്കുകയാണ് ചെയ്തിട്ടുള്ളതു്. അവരുടെ ഈ വിജയത്തിൻെറ അടിസ്ഥാനം അവർക്കു ശാശ്വതമായ ഒരു ഭൂനയം ഉണ്ടു് എന്നതാണ്. ചൈനയിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ഇൻഡ്യക്കു അയച്ചുകൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു് അവർ ഇതിനകംതന്നെ സ്വയം സമ്പൂർണ്ണത നേടുക മാത്രമല്ല ആവശ്യത്തിൽ കൂടുതലും ഉല്പാദിപ്പിക്കുവാൻ തുടങ്ങിയെന്നതുകൊണ്ടാണ്. സർ, ചൈനയിൽ കർഷകരുടെ താൽപര്യത്തെ തുരങ്കംവെയ്ക്കുവാൻ നോക്കുന്ന ജന്മിമാരെ മരണശിക്ഷയ്ക്കു വിധിക്കുമ്പോൾ ഇവിടെ ജന്മിത്വത്തിനെതിരായി പടപൊരുതിയ കർഷകരെയാണ് തൂക്കിലേററുന്നതു്. ഈ വ്യത്യാസമാണ് വിപ്ലവം വിജയിച്ചു് ഒരു കൊല്ലം കഴിയുന്നതിനുമുമ്പു ചൈനക്കു സ്വന്തമായ ആവശ്യത്തിനു വേണ്ടതിൽ കൂടുതൽ ഉല്പാദിപ്പിച്ചു ഇൻഡ്യയെപോലുള്ള കമ്മിരാജ്യങ്ങളിലേയ്ക്കു കയററിഅയക്കാൻ കഴിയുമ്പോൾ സ്വാതന്ത്ര്യംനേടി ൨൦ കൊല്ലം കഴിഞ്ഞുവെന്നു പറയപ്പെടുന്ന ഇൻഡ്യാ കൂടുതൽകൂടുതൽ ക്ഷാമത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതിനു കാരണം. ഇൻഡ്യക്കു ഭക്ഷണകാര്യത്തിൽ സ്വയം പര്യാപ്തത ഇല്ലാത്തതുകൊണ്ടു ജനസംഖ്യ വർദ്ധിക്കാതെ

[Sri. E. Gapalakrishna Menon]

യിരിക്കാൻ നിയമം ഉണ്ടാക്കേണ്ടതാണെന്നു ഇന്നലെ ഒരു മാന്യസ്നേഹിതൻ പ്രസ്താവിക്കുകയുണ്ടായി. ഇന്നു് അതേ വിഷയത്തെപ്പററി സംസാരിച്ചുകൊണ്ടു ഇൻഡ്യയേയും റഷ്യയേയും താരതമ്യപ്പെടുത്തി ശ്രീമതി ആനിജോസഫ് ആ വാദങ്ങളെ ന്യായീകരിക്കയുണ്ടായി. ഉല്പാദനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ സർ, ഇൻഡ്യയിൽ ഒരു ഏക്കറിൽ ശരാശരി ൭൫൦ റാത്തലും അമേരിക്കയിൽ ൨൪൦൦-ം, ജപ്പാനിൽ ൨൩൦൦-ം, ഇംഗ്ലണ്ടിൽ ൧൪൦൦-ം, റഷ്യയിൽ ഏതാണ്ടു കൂടുതലും റാത്തൽവീതമാണു് വിളയിക്കുന്നതു്. അനേകം ദനാക്കുമ്പോൾ ആഹാരസാധനം ഇൻഡ്യയെ അപേക്ഷിച്ചു ൩-ം, ൪-ം ഇരട്ടി അന്യരാജ്യങ്ങളിൽ വിളയിച്ചു എടുക്കുന്നുവെന്നു കാണാൻകഴിയും. എന്നാൽ ഇൻഡ്യയിലെ കൃഷി ഇത്ര മോശപ്പെട്ടുവന്നതു കൃഷിയെസംബന്ധിച്ചിടത്തോളം വേണ്ടവിധത്തിലുള്ള താല്പര്യം പ്രദർശിപ്പിക്കാത്തതുകൊണ്ടാണു്. ആത്മാർത്ഥതയോടും രാജ്യസ്നേഹത്തോടുംകൂടി കൃഷിചെയ്യാനുള്ള ഒരു അന്തരീക്ഷം കർഷകനു ഉണ്ടാക്കിക്കൊടുക്കാത്തതുകൊണ്ടാണു്. അതു ചെയ്യുകയാണെങ്കിൽ ൩൫ കോടി ജനങ്ങൾക്കല്ലാ ൫൦ കോടി ജനങ്ങൾക്കുതന്നെ ആവശ്യമുള്ള ആഹാരസാധനങ്ങൾ ഇൻഡ്യയിൽ ഉല്പാദിപ്പിക്കുവാൻ യാതൊരു വിഷമവും ഉണ്ടാകുകയില്ല. ചൈനയിലേതുപോലുള്ള ജനാധിപത്യപരമായ ഒരു ഭൂഉടമസമ്പ്രദായം നടപ്പിൽവരുത്തുവാൻ ഈ ഗവമ്മെൻറ് തയാറുണ്ടോ എന്നതു മാത്രമാണു് ചോദ്യം. നെല്ലെടുപ്പിൻെറ കാര്യത്തിലും ജന്മികളേയും കാർഷികമുതലാളിമാരെയും പ്രീണിപ്പിക്കുന്ന നയംതന്നെയാണു് ഗവമ്മെണ്ടു കൈക്കൊണ്ടിരിക്കുന്നതു്. ഇപ്പോഴത്തെ ലവി സമ്പ്രദായംതന്നെ അതിനുള്ള ഒരു അടവാണു്. കുട്ടനാട്ടിലേയും നാഞ്ചിനാട്ടിലേയും വൻപിച്ച ഭൂഉടമസ്ഥന്മാരെ സഹായിക്കുകയെന്ന ഉദ്ദേശമാണു് ഗവമ്മെൻറിൻെറ ഇപ്പോഴത്തെ ഈ പദ്ധതിയുടെ പിന്നിലുള്ളതു്. യഥാർത്ഥത്തിൽ നെല്ലെടുപ്പു വിജയിക്കണമെങ്കിൽ കർഷകൻെറ സ്വന്തമാവശ്യത്തിനും കൃഷിക്കുള്ള ആവശ്യത്തിനും നീക്കി ബാക്കിയുള്ള നെല്ലുമുഴുവനും ഗവമ്മെൻറ് എടുക്കാൻ തയാറാകണം. അതുചെയ്യാൻ ഈ ഗവമ്മെൻറ് ഒരുക്കമില്ല എന്നതാണു് പരമാർത്ഥം. ഭക്ഷ്യകാര്യത്തിൽ ഈ ഗവമ്മെൻറിൻെറ ഇൻഡ്യാഗവമ്മെൻറുമായുള്ള ഇടപാടിൻെറ പരിതാപകരമായ നിലയെക്കുറിച്ചു ഞാൻ മുൻപൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതേ അഭിപ്രായംതന്നെ പല ബഹുമാനപ്പെട്ട മെമ്പർമാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇൻഡ്യാഗവമ്മെൻറിൻെറ ഭക്ഷണവകുപ്പിൻെറ പ്രവൎത്തനം തികച്ചും ജനദ്രോഹപരമാണെന്നു പറയാതെ തരമില്ല. ഇൻഡ്യയുടെ ആത്മാഭിമാനത്തെപ്പോലും ക്ഷതപ്പെടുത്തുമാറു കുറച്ചു ധാന്യത്തിനുവേണ്ടി ഇൻഡ്യാഗവമ്മെൻറ് ഭിക്ഷപാത്രവുമായി അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ മുൻപിൽ തലകുനിച്ചുകൊണ്ടു നില്ക്കുകയാണു് ചെയ്യുന്നതു്. ഹൃദയശൂന്യരായ അമേരിക്കൻ മുതലാളിമാരാകട്ടെ ഇൻഡ്യയുടെ സ്വാതന്ത്ര്യം അവരുടെ കാൽക്കൽ അടിയറവയ്ക്കാതെ ഒരുമണിധാന്യംപോലും തരികയില്ലായെന്നു പിടിവാശിയിൽ നിൽക്കുകയുംചെയ്യുന്നു.

സർ, ഇൻഡ്യയെസംബന്ധിച്ചിടത്തോളം അമേരിക്ക ഇങ്ങനെയൊരു നില സ്വീകരിക്കുകയാണെങ്കിൽ

Mr. Speaker: The Justice or otherwise of the dealings between the Government of India and foreign Government does not legitimately come within the purview of the jurisdiction of this House. The member is expected to be more courteous in his referrences about other Governments.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: റഷ്യയും ചൈനയും മനുഷ്യസ്നേഹത്തിന്റെ പേരിൽ നമുക്ക അരി തരാമെന്ന തുടർച്ചയായി പറഞ്ഞിട്ടും അതു വാങ്ങുന്നകാര്യത്തിൽ—

Mr. Speaker. The member is presisting in irrelevant and objectionable references. He may stop.

Sri. A. P. Udayabhanu: Sir, I am glad that there is uniformity of opinion in this House on this issue namely, that of getting more subsidy for us from the Centre. Today we are facing a tremendous crisis in this contry. If we are not going to get food subsidy as has been expected from the Centre, we will not be able to set spart any amount for nation-building activities in Travancorc-Cochin state. Today we have to spend a lot on food and its production. Something like 7 crores is the expenditure on food that we have to incur. Worked out in terms of the total income of our state, it comes well nigh to 40 per cent. The debate in the last session of the Parliament of India and the statements by the Prime Minister and Food Minister had raised high hopes in our hearts. The Prime Minister of India was saying in one of his speeches that if there is any deficit in food or scarcity of food in any area of the Indian Union, the entire state will share that scarcity or deficit, and that shortage will be uniform throughout the Indian union. As against that statement, what is the actual situation today in Travancore-Cochin. In Travancore-Cochin, our repuirement of food is something over 9 lakhs tons and we are producing over 2 lakhs tons and the Government of India give us somewhere near 3 lakhs tons. These statitics show that there is a deficit of one third of our food requirements. Let us compare what the province of Madras gets. The deficit there is something like 10 per cent and the Government of India is helping them with more food and more subsidy. I ask, is this the way of sharing the food deficit equally. I think it is not. I do not think that there is any uniform policy adopted by Government of India in the matter of helping the states. I am of the view that a state must be helped in food deficit according to the objective conditons obtaining in that part of the country. The Central Govenment must see to it that the policy adopted by them is uniformly made applicable to all states. In other words they should see that the per capita consumption on food is the same throughout the Indian Union. They have told us that their policy is to make India a self-sufficient unit in the matter of food. I ask, is it possible for them if a different policy is pursued as between state and state. Now, if we are called upon to spend all the revenue collected by this Government, how can our Government be able to pay for irrigation scheme, power schemes, etc., and thus try to make this a self-sufficient unit so far as food is concerned. I ask, how can we ever become self-sufficient in food if we are not allowed to pursue our irrigation schemes and other schemes that are aimed at attaining self-sufficiency in the matter of food production in Travancore-Cochin ? So long as we have to surrender a good amount from our revenues to the centre, we have to stand up to the Government of India and say that we must be helped generously by them. In Travancore-Cochin the most thickly populated part is the coastal area which does not produce sufficient food and people of that area do not get enough. They are however engaged in producing more fish. Let us take the high lands of Travancore-Cochin.

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker in the chair.

Sri. A. P. Udayabhanu: I was referring to the coastal area stretching from Cape Comorin to Cheruthuruthi. The people there are engaged in weaving coir mats and spinning coir yarn which bring dollars to the coffers of the Government of India. Should not they be fed and fed at reasonable prices. Then let us take the people

[Sri. A. P. Udayabhanu]

in the highlands. There the people are engaged in producing tea, coffee, cardamom, riubber, lemon grass oil etc. All these are things which earn dollar for the Government of India. They are not producing food but they are earning dollar. Should not they be fed? and fed at reasonable price? That must be considered by the Government of India. Should these people be switched on to the production of food or should they be allowed to produce commercial products which will bring dollar to the centre and ultimate prosperity to the country.

Then, Sir, as far as our State is concerned, we are not asking for any differential treatment. We are only saying that the Government of India should pursue a policy which will see that every citizen in the Union will get rice at the same price; which will see that ultimately every citizen gets the same quantity of nourishmnt. That is the policy which the Government of India should pursue. They should not pursue a policy by which Travancore will be left with a great deficit, and Madras and Hyderabad with a lesser deficit and the United Provinces and Madhya Bharat with surpluses. That would not be an equitable policy. I may say that the Food Ministers' Conference at Bombay was something of a fiasco. The decision there was that every province should be allowed to take its own course. It did not envisage a uniform policy for the whole of India. And I do not know how for the case for this State was pressed. I feel we have not effectively pressed our case. If we had, the Government of India would not have treated us like this. Now, Sir, we have been woed by the Government of India with sweet words but in the end, we have been starved and strangled by them. That is very unfair.

What would be the ultimate result of this? What would be the reaction of all this upon the people of this State ? The people of our State are a highly cultured people. They are a people with a highly sensitive political conscience. What would be the reaction on them? When they find that they have very little food and even that they can purchase only for a very high price, what would be their reaction? This will let loose tendencies which will be very unpalatable to us and to the Government of India. Therefore the political repercussion of this matter is also a very grave matter which the Government of India will have to bear in mind. We know that Madras was suffering only a small deficit; yet what a tremendous voice they were raising in the country? What a tremendous agitation there was in the Assembly and Parliament. Their need was but small yet they raised their voice so high that ultimately the Government of India were forced to send thousands of tons oi food to Madras. And the Madras State is now able to issue rice at a very much lower price than we do here. That again is a matter which the Government of India have to bear in mind. In Madras, they have the Dravidakazhakam and other political agittrations. That is probably why the Centre wanted to appease them. Such fissipaeous tendencies will arise here in this State also if we are treated in such a step-mothrly way, with such scant courtesy. If the State is left to starvation such fissiparous tendencies, such centrifugal tendencies will arise here also. That will certainly not be to our liking nor to the liking of the Government of India. Therefore the political repercussion is not something which can be viewed lightly. The Government of India say they are pursuing a uniform policy. Then why not they ask the Madras State to raise the issue price of rice as they have asked the Travancore-Cochin Government? They have not asked the Madras State, the Mysore State, the Hyderabad State or the Bombay Province to do so? Why? If they had done so, there would have been no need for them to give these States subsidies. Then they would have been able to help us without any strain on their purse. I think that would have been the best way to deal with the situation. We

are aware of the great strain on the Government of India. They have spent nearly 80 crores of rupees on food this past year. The budget estimate for the next year is 150 crores. But, Sir, we have spent nearly 1·25 crores ourselves last year and we will be called upon to spend something like three to four crores this year. And our income is only somewhere about 14 crores. It is true, that the Government of India is spending about 100 per cent, more this coming year. But we are called upon to spend something like 400 per cent. We cannot afford to do that. This State cannot survive that. This State would not be able to go on as a unit if she is called upon to bear such a tremendous burden. Under this weight she will be crushed. So if this State is to survive, this burden must be taken off her. This is a consideration not only for us, but one which must engage the anxious consideration of the Government of India.

Our ultimate aim must be to get freedom from foreign food. For that we must be self-sufficient. That must be our ultimate goal. This treatment of the Government of India is rather a challenge to us. They are treating us like beggars, although we have every right to demand equal treatment with other states. But if we are to be self-sufficient, the present system cannot help. There must be a revolution in our dietary habits. Otherwise, it is definite that we cannot achieve self-sufficiency. In every country population is growing. And in every country where the productivity of the land has remained stationary the tendency has been to take to tubers. And the National Planning Committee has also recommended that. We must try to produce more starch per acre by taking to tubers instead of to grain. That will serve to make our diet more balanced too. When I say that we must take to tubers, I do not mean that we should do so at the sacrifice of our health. Agriculture must be wedded to the health of the people. But in certain respects, tubers are much better than cereals. Scientists say that they contain more minerals than cereals. I think we will be able to achieve self-sufficiency if we take to intensive cultivation of tapioca. That must be our ultimate goal. Unless we are able to achieve self-sufficiency we will not be able to set apart more money for the nation-building activities. If we are going to spend every pie that we have for raising our food, what will be our future? Therefore we have to bring about a change in our food habits. That has been done in England and in several other countries under the stress and strain of war. It is now our turn to do so. We have to do that, or we have to starve. We must take this challenge of the Government of India. For that we have to change our food habits. That is highly necessary. We can take to tapioca and other tubers. That is what Mahatma Gandhi meant when he said that the people of Travancore and Cochin will not have to starve even if food grains were to be scarce.

Sri. A. Thanu Pillai. Is there any tapioca produced here that is not consumed here?

Sri. A. P. Udayabhanu. May be. But when we talk about food, we talk as though rice is the only article of food. We are leaving the poor people to take tapioca. Instead of this, tapioca must become a respectable article of food. I say that our legislators, our Ministers, our officers our educated classes our public men must set an example in this matter. We must be content with one rice meal, and take to yams and tapioca. If that is so, there will be a gain. And we must do enough propaganda to bring about this change. So my submission is that our immediate demand is that the Government of India gives is enough subsidy and treats us on a par and with the states and ultimate and selfs-ufficing in food.

In conclusion, I must say that there has been unanimity of opinion on this one point at least, that the Government of India has been treating us with scand courtesy. We have forgotten our differences. This is a matter in which we must appreciate the very noble attitude taken by the opposition leaders.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: അസാധാരണവും ആപൽക്കരവും ആയ കാര്യങ്ങൾ ആവിർഭവിക്കുമ്പോൾ അവയെ തരണംചെയ്യാൻ അസാധാരണവും അടിയന്തിരവും ആയ നടപടികൾ സ്വീകരിക്കേണ്ടതു് അത്യാവശ്യമായി വരും. അങ്ങനെ ഉള്ള ഒരു ഘട്ടത്തിലാണു് നമ്മുടെ രാജ്യം ഇന്നു് എത്തിച്ചേന്നിരിക്കുന്നതു്. എന്നാൽ ഏതു കാര്യവും ഏതവസ്ഥയിലും തുടങ്ങുന്നതിനുമുമ്പു് വിവേകപൂർവ്വമായി ചിന്തിച്ചു് കഴിയുന്നതും കണക്കുകൾകൊണ്ടു് കാര്യങ്ങൾ നിർണ്ണയിച്ചു പ്രവർത്തിക്കേണ്ടതു് അത്യാവശ്യംതന്നെയാണു്. അല്ലാതെ ഏതെങ്കിലും ഒരു കാര്യം സാഹസത്തോടുകൂടി മറ്റൊന്നുമാലോചിക്കാതെ പ്രവർത്തിക്കുകയാണെങ്കിൽ എല്ലായ്പോഴും ഗുണത്തെക്കാൾ ദോഷമാണു് ചെയ്യുന്നതു്. ചിന്താപൂർവ്വകമായ പ്രവർത്തനങ്ങൾ, കണക്കുകൾകൊണ്ടു് നിർണ്ണയിച്ചിട്ടുള്ള നടപടികൾ, ഇവയാണു് എപ്പോഴും ശ്രേയസ്കരവും ഗുണകരവുമായി പരിണമിക്കാൻ ഇടയുള്ളതു്. അല്ലാത്തതെല്ലാം ആപൽക്കരമായിത്തന്നെയിരിക്കും. എടുത്തു ചാടുന്നതു് എപ്പോഴും അബദ്ധമായിരിക്കും.

നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള യത്നങ്ങൾ ഏറക്കുറെ ആ വിധത്തിലാണു് പരിണമിച്ചിട്ടുള്ളതു്. ഭക്ഷണക്ഷാമം പരിഹരിക്കാമെന്നും എത്ര ആഹാരസാധനങ്ങൾ വേണമെങ്കിലും ഇവിടെ ഉണ്ടാക്കാമെന്നും ചില സ്നേഹിതന്മാർ ഇവിടെ പറയുകയുണ്ടായി. ഓരോ രാജ്യത്തിന്റെയും ഭൂപ്രകൃതിയും കാലാവസ്ഥയും നോക്കുമ്പോൾ ചിലകാര്യങ്ങളിൽ സന്തോഷകരവും മററു ചില കാര്യങ്ങളിൽ സന്താപകരവും ആയ വസ്തുതകളായിരിക്കും ഉണ്ടാകുന്നതെന്നു തെളിഞ്ഞുകാണുന്നുണ്ടു്. അതായതു് ഒരു രാജ്യത്തിനും എല്ലാകാര്യങ്ങളിലും സ്വയം പര്യാപ്തത ഉണ്ടായിട്ടില്ലെന്നു കാണാം. അതിനു കാരണം ഓരോ രാജ്യത്തിലെയും ഭൂസ്ഥിതിയും കാലാവസ്ഥയുമാണെന്നും നമുക്കു് മനസ്സിലാക്കാൻ കഴിയും. യൂറോപ്പിലുള്ള പലരാജ്യങ്ങളിലും മനുഷ്യരുടെ വസ്ത്രധാരണത്തിനു ആവശ്യമായ സാധനങ്ങൾ പുറത്തുനിന്നുമാണു് കൊണ്ടുവരുന്നതു്. പഞ്ഞി, റബ്ബർ, മുതലായ സാധനങ്ങൾ വെളിയിൽനിന്നുമാണു് അവർ വരുത്തുന്നതു്. ഗോതമ്പും, മുന്തിരിയും ആപ്പിളും മററും അവിടെ ധാരാളമായി ഉണ്ടാകുന്നുണ്ടെങ്കിലും പഞ്ഞി മുതലായ സാധനങ്ങൾ അവിടെ ഉണ്ടാകുന്നില്ല. ഇംഗ്ലണ്ടു്, ഫ്രാൻസ്, മുതലായ രാജ്യങ്ങളിൽ ആവശ്യത്തിനുള്ള പല സാധനങ്ങൾക്കും അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നുണ്ടു്. 'അതാണു് ഓരോ രാജ്യത്തിനും സന്താപകരവും സന്തോഷകരവുമായ വസ്തുതകൾ ഉണ്ടെന്നു് തെളിയുന്നതു്. ഈ നിലയിൽ നോക്കുമ്പോൾ നമുക്കു ഭക്ഷ്യസ്വയം പര്യാപ്തത പ്രാപിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. എന്നാൽ ഒരു പരിമിതിയിൽ ദോഷകരമല്ലാത്ത വിധത്തിൽ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും. വർദ്ധിപ്പിക്കാൻ കഴിയുമെന്നല്ലാതെ സ്വയം പര്യാപ്തത നേടാൻ തീർച്ചയായും സാദ്ധ്യമല്ല. കണക്കുകൾകൊണ്ടു അതു് വ്യക്തമാണു്. നമുക്കിവിടെ കൊച്ചിയും തിരുവിതാംകൂറും ചേർത്തു ൭½ ലക്ഷത്തോളം ഏക്കർ നിലങ്ങളാണുള്ളതു്. ആറു ലക്ഷത്തോളം ഏക്കർസ്ഥലത്തു് കപ്പകൃഷിചെയ്യുന്നുണ്ടു്. ഇങ്ങനെ പതിമൂന്നര ലക്ഷത്തോളം ഏക്കർ സ്ഥലത്താണു് കപ്പയും നെല്ലുമായി കൃഷിചെയ്യുന്നതു്. ബാക്കി ൨൦ ലക്ഷം ഏക്കറോളം കൃഷിസ്ഥലങ്ങൾ കൂടിയുണ്ടു്. ആ സ്ഥലങ്ങളിലാണു് നമ്മുടെ രാജ്യത്തെ സമ്പത്തിന്റെ അസ്ഥിവാരമായി നിലകൊള്ളുന്ന കാർഷികോല്പന്നങ്ങൾ ഉണ്ടാകുന്നതു്. തെങ്ങിൻതോട്ടം, റബ്ബർതോട്ടം, കുരുമുളകുതോട്ടം, ഇവയെല്ലാമാണു് നമ്മുടെ ഐശ്വര്യത്തിന്റെ അസ്ഥിവാരമായി നിലകൊള്ളുന്നതു്. അവയേയും കൂടി നിലമാക്കിയാണോ സ്വയം പര്യാപ്തത സമ്പാദിക്കാൻപോകുന്നതു്. അതുംകൂടി വളരെ വിഷമിച്ചു നിലമാക്കിയെന്നു

തന്നെ ഇരിക്കട്ടെ. എന്നാലും ആഹാരസാധനത്തിൻെറ ദുർഭിക്ഷിത നീങ്ങുകയില്ല. ഈ സ്ഥലങ്ങളിൽ തന്നെ വലിയൊരുഭാഗം ചേന, ചേമ്പ്, കാച്ചിൽ, മാവ്, പ്ലാവ്, മുതലായ ആഹാരസാധനങ്ങൾ ഉണ്ടാകുന്ന വൃക്ഷലതാദികൾ വളരുന്ന പ്രദേശങ്ങളാണ്. അതുംകഴിച്ചു ബാക്കിയുള്ളതാണ് തെങ്ങിൻതോട്ടങ്ങൾ. രാജ്യത്തിൻെറ അരേ-അരക്കാൽ പങ്ക് സ്ഥലങ്ങളും ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി ഇപ്പോൾതന്നെ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് സ്വയം പര്യാപ്തത ഉണ്ടാക്കാമെന്നു പറയുന്നതു് വെറും ദിവാസ്വപ്നമാണ്. ചിലർ പറയുന്നു വിതരണം ശരിയായി നടത്തി ഈ കുഴപ്പം പരിഹരിക്കാമെന്ന്. അതും മിഥ്യാബോധമാണ്. ഉല്പാദനത്തിൻെറ കുറവു്, വിതരണം വൈശിഷ്ട്യമാക്കി പരിഹരിക്കാമെന്നു പറയുന്നതു് എന്തു അബദ്ധമാണ്. എങ്ങനെയൊക്കെ പങ്കിട്ടാലും കുറവുകുറവായിട്ടേ കിടക്കുകയുള്ളു. ഇനി ഭൂമി പങ്കിടാമെന്നുവച്ചാൽതന്നെയും ൪൦ സെൻറിനു താഴേയേ ഒരാൾക്കു് കിട്ടുകയുള്ളു. ൪൦ സെൻറിൽ കൃഷിചെയ്താൽ ഭക്ഷ്യസാധനമൊന്നും വർദ്ധിക്കാൻ പോകുന്നില്ല. വസ്തുസ്ഥിതികൾ നോക്കേണ്ടതല്ലേ നമ്മുടെ പ്രധാന കർത്തവ്യം. ആളിനു് ൧൮ ഏക്കർ കിട്ടുന്ന റഷ്യയിലേയും ൧൦൦-ം, ൧൫൦-ം ഏക്കർ കിട്ടുന്ന ക്യാനഡായിലേയും ആസ്ട്രേലിയായിലേയും അവസ്ഥയല്ല നമുക്കുള്ളതു്. ആളൊന്നുപ്രതി വീതിച്ചാൽ നാല്പതു സെൻറിനു താഴെയാണ് കൃഷിചെയ്യാൻ കിട്ടുന്നതു്. അവിടെ കൃഷിചെയ്യാൻ സാധിക്കുമോയെന്നു നാം ആലോചിക്കണം. മാത്രമല്ല ഒരാൾക്കു ഫലഭൂയിഷ്ഠമായ ഭൂമി കിട്ടുമ്പോൾ മറ്റൊരാൾക്കു് ഫലഭൂയിഷ്ടമല്ലാത്ത ചരൽ ഭൂമിയായിരിക്കും കിട്ടുന്നതു്. അങ്ങനെ ഭൂമി തുണ്ടു തുണ്ടാക്കിയാണോ കൃഷി വർദ്ധിപ്പിക്കാൻ പോകുന്നതെന്നു് അറിയുന്നില്ല. അതു സാഹസമായ ഒരു യത്നവും രാജ്യത്തിനു ആപൽക്കരവുമായിരിക്കും. കണക്കുകൾകൊണ്ടു് ഓരോ കാര്യങ്ങളും കഴിയുന്നതും നിർണ്ണയിച്ചുവേണം ഓരോന്നിനും പുറപ്പെടാൻ. ഭൂമിയെല്ലാം കൊത്തിനിരത്തി നിലമാക്കാമെന്നു ചിലർ പറയുന്നു. ഈ രാജ്യത്തെ ക്ഷാമത്തിൽനിന്നും അല്പമെങ്കിലും രക്ഷിക്കുന്നതു കപ്പയാണ്. അങ്ങനെയുള്ള കപ്പക്കൃഷിക്കു് ഒരൗൺസു് വളംപോലും കൃഷി ഡിപ്പാർട്ടുമെൻറു കൊടുക്കുന്നില്ല. വളമിട്ടു കൃഷിചെയ്താൽ ഇപ്പോൾ ഒരു റാത്തൽ കപ്പ കിട്ടുന്നിടത്തു രണ്ടുറാത്തൽ കിട്ടും. നെല്ലിനു് വളമിട്ടാൽ ൧൦ വിളയുന്നിടത്തു പതിനാലോ പതിനഞ്ചോ വിളയുമായിരിക്കും. എന്നാൽ കപ്പ പത്തുവിളയുന്നിടത്തു ൨൦ ഉണ്ടാകും. പെട്ടെന്നുതന്നെ നമുക്കു അതു വർദ്ധിപ്പിക്കാൻ കഴിയും. അടിയന്തിര നടപടികൾ എടുക്കണമെന്നു മാത്രമേയുള്ളു. അതാണ് ഭരണത്തിൻെറ യോഗ്യത. സന്ദർഭോചിതമായി ഭരിക്കണം. നമ്മുടെ രാജ്യത്തിൻെറ മൂന്നിലൊന്നു ഭാഗം റിസർവ് വനമായി വച്ചിരിക്കുന്നു. ഇത്രത്തോളം റിസർവ്വനം വച്ചിരിക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല. മലയുടെ ഉച്ചിയിൽ മഹാരണ്യത്തിൻെറ മദ്ധ്യത്തിൽ സ്ഥലംകൊടുത്താൽ അവിടെ ജനങ്ങൾ പോയി കൃഷിചെയ്യുമോ? കൃഷിചെയ്താൽതന്നെ അവിടെ ആഹാരസാധനങ്ങൾ ഉണ്ടാകുമോ? ധനവാന്മാർ മണിക്രാപ്പിനായി ആ സ്ഥലം ഉപയോഗിക്കും. റിസർവ്വിൽനിന്നു ഒരു മൂന്നുനാലു മൈൽസ്ഥലം എടുത്തു അവിടെയുള്ള തടികൾ ലേലം ചെയ്തുകൊടുക്കണം. മലബാറിൽനിന്നും മററും ആളുകൾ വന്നു നല്ലതുകകു ലേലം പിടിച്ചുകൊള്ളും. ഇപ്പോൾ പഴയ രീതിയിലുള്ള ഏർപ്പാടുകളാണ് നടക്കുന്നതു്. ഡിപ്പാർട്ടുമെൻറും അവരുടെ കൺട്രാക്ടറന്മാരും മററുമാണ് ഇപ്പോൾ തടി എടുക്കുന്നതു്. ലേലമിട്ടാൽ ഉടനെതന്നെ തടിമാററിക്കൊണ്ടുപോയില്ലെങ്കിൽ തടിക്കു അവകാശമില്ലെന്നും നേരത്തെതന്നെ ലേലം പിടിക്കുന്നവരെ അറിയിക്കണം. അങ്ങനെ തടിയെല്ലാം മാററി ഒരു മൂ

[Sri. Thariath Kunjithomman]

ന്നാലു ലക്ഷം ഏക്കർ സ്ഥലം കപ്പക്കൃഷിക്കും കൂടി പാർപ്പിനുമായി കൊടു
ക്കണം. ഒരു നാലോ അഞ്ചോ ഏക്കർ വീതം ഒരാളിനു കൊടുത്താൽമതി. അ
ങ്ങനെ ഒരു നാലുലക്ഷം ഏക്കർ സ്ഥലം കൊടുത്താൻ പത്തുലക്ഷം ഏക്കർ നില
ത്തിൽ കിട്ടുന്നതിനെക്കാൾ കൂടുതൽ ആഹാരസാധനങ്ങൾ കിട്ടും. കപ്പയിൽ
വിററാമിൻ ഇല്ലെന്നു ചിലർ പറഞ്ഞേക്കും. അരിയിൽ സ്റ്റാർച്ചാണല്ലോ കൂടുതലാ
യുള്ളതു്: അതുകൊണ്ടു് ചീരയോ പയററിലയോ മറെറന്തെങ്കിലും സസ്യമോ
ചേർത്താണു് ചോറുണ്ണുന്നതു്. അതുപോലെ കപ്പപ്പുഴുക്കോടുകൂടിയും എന്തെങ്കി
ലും ചേർത്തേ ഉപയോഗിക്കുകയുള്ളു. നാലഞ്ചു കൊല്ലമായി കപ്പയാണല്ലോ
ഇവിടത്തെ പ്രധാനഭക്ഷ്യസാധനം. അതുകൊണ്ടു് ജനങ്ങളുടെ കായികശക്തി
ക്കോ ആരോഗ്യത്തിനോ യാതൊരു കുറവും വന്നിട്ടില്ലെന്നുള്ളതു് പ്രത്യക്ഷമാണു്.
ഒരേക്കർ നിലത്തിൽനിന്നു കിട്ടുന്നതിനേക്കാൾ ഇരട്ടിയെങ്കിലും കപ്പകൃഷിയിൽ
നിന്നും കിട്ടുമെന്നു കൃഷിഡിപ്പാർട്ടുമെൻറു കണക്കുകളിൽനിന്നു വ്യക്തമായി
കാണാൻ കഴിയും. ഒരു കർഷകനെന്ന നിലയിൽ അതു ശരിയാണെന്നു ഞാൻ
ഖണ്ഡിച്ചു പറയുന്നു. ഒരു മൂന്നു നാലു ലക്ഷം ഏക്കർ സ്ഥലം അതിനായി
കൊടുക്കണം. ഒരു നാലഞ്ചു ലക്ഷം രൂപാ തടിവിലയായിത്തന്നെ കിട്ടും.
ആഹാരസാധനം ഇപ്പോഴത്തേതിൻെറ ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും.
അല്ലാതെ ഉല്പാദനത്തിലുള്ള കുറവു് വിതരണ രീതികൊണ്ടു് പരിഹരിക്കാൻ
സാധിക്കുന്നതല്ല. അതുപോലെതന്നെ ഗവമ്മെൻറു എത്ര പണം ചിലവാക്കി
യാലും ഭൂപ്രകൃതിയേയും കാലാവസ്ഥയേയും മാററാൻ സാധിക്കുന്നതല്ല. ഇ
തെല്ലാം വേണം നാം ചിന്തിക്കുവാൻ. നമ്മുടെ കരഭൂമിയെ അവഗണിച്ചാൽ
ഞമ്മുടെ നില അപകടത്തിലാകും. അവിടെയുള്ള ഉല്പന്നങ്ങളാണു് നാല്പതും
അമ്പതുംകോടി രൂപായ്ക്കു് വെളിയിൽ നിന്നുവരുത്തുന്നതു്. ആ സ്ഥലമെല്ലാം
കൂടി ഉപയോഗിച്ചാൽ ആഹാരസാധനം വർദ്ധിപ്പിക്കാമെന്നു പറയാനെളുപ്പ
മുണ്ടു്. അതു ആപൽകരമാണു്. എവിടെയെങ്കിലും എന്തെങ്കിലുമുണ്ടെങ്കിൽ
അതിനെ കണ്ണുമടച്ചു പകർത്താൻ പുറപ്പെടുന്നതു് സാഹസത്തിൻെറ ലക്ഷ്യമാ
യിരിക്കും. അപ്രകാരം പ്രവർത്തിക്കുന്നതു് ജനക്ഷേമത്തെ ലാക്കാക്കുന്ന ഗവമ്മെ
ൻറിനു യോജിച്ചതല്ല. വിവേകപൂർവ്വം കാര്യങ്ങളെപ്പററി ചിന്തിച്ചിട്ടുവേണം
ഓരോന്നിലേക്കും പുറപ്പെടാൻ. രാജ്യത്തു ആറിലൊന്നു റിസർവ് ഇടണമെ
ന്നാണു് ഇൻഡ്യാഗവമ്മെൻറു പറയുന്നതു്. മററുള്ളിടത്തെ പത്തേക്കറിനു തുല്യ
മാണു് ഇവിടത്തെ ഒരേക്കർ. ഇവിടത്തെ വൃക്ഷങ്ങൾക്കു് കൊഴുപ്പും തഴപ്പും
വേണ്ടുവോളമുണ്ടു്. ഇവിടെ പിന്നെ എന്തിനാണു് ഇത്രയും റിസർവ്വ് ഇട്ടിരി
ക്കുന്നതു്. ചെറിയ തടികളെ ഗവമ്മെൻറിൽനിന്നും വിലക്കു വാങ്ങുന്നുള്ളു. വിറ
കാണെങ്കിലും അവനവൻെറ പുരയിടത്തിലുണ്ടു്. മരങ്ങളാണെങ്കിൽ എല്ലാ സ്ഥ
ലത്തും വളരും. തൽക്കാലം ഇതുമാതിരി കൃഷിചെയ്തു പിന്നീടു തെങ്ങും കമുകുമെ
ല്ലാം വച്ചു പിടിപ്പിച്ചു കൊള്ളാം. വനമവാശ്യമാണെങ്കിൽ മരങ്ങൾ വച്ചു
പിടിപ്പിച്ചുവനമാക്കിത്തീർക്കുകയും ചെയ്യാം. എല്ലാം കുട്ടികൾക്കുവേണ്ടി ശേഖരി
ച്ചുവച്ചിട്ടു പ്രായപൂർത്തിയാകുന്നതിനുമുമ്പു് ആ കുട്ടികൾ മരിച്ചുപോയാൽ എന്താ
ണു് ശേഖരിച്ചുവച്ചതുകൊണ്ടുള്ള ഉപയോഗം. ബ്രിട്ടീഷ്കാർ ഭരിച്ചിരുന്ന കാ
ലത്തു നാം പത്തു ലക്ഷം രൂപായാണു് കപ്പം കൊടുത്തിരുന്നതു്. ഇന്നു നം
ലക്ഷംവേണമെങ്കിലും കൊടുക്കാം. അതിൽ കൂടുതൽ തരാൻ സാദ്ധ്യമല്ലെന്നു
തീർത്തുപറയണം. നാം അദ്ധ്വാനിക്കുന്ന പണമെല്ലാം കൊണ്ടുപോകുന്ന ഗവ
മ്മെണ്ടിനോടു ശക്തിയായി ന്യായമായി ചെയ്യാനുള്ളതെല്ലാം ചെയ്യണമെന്നു്
ആവശ്യപ്പെടണം. അതിനൊരു വെല്ലുവിളിതന്നെ വേണ്ടിവന്നാൽ നന്നായി

തയാറാകണം അല്ലെങ്കിൽ നാം അടിമത്വത്തിലേക്ക് താഴ്ന്നുപോകും. പണമെല്ലാം അവർക്കു കൊടുത്തിട്ടു പട്ടിണി കിടക്കുന്നതു് അടിമത്വത്തിന്റെ സ്വഭാവമല്ലേ. ഇതിനെക്കാൾ ഭേദം മദ്രാസിനോടുകൂടി ചേരുകയാണ്. ഒരു വിശാലമായ സ്ഥലത്തിരുന്നു നമുക്കു കാര്യങ്ങൾ പറയാം. വിശാലമായ ഒരു ഹാളിൽ നമ്മുടെ കാര്യങ്ങൾ പറഞ്ഞു നമ്മുടെ വിഷമങ്ങളെ തരണം ചെയ്യുന്നതിനുള്ള മാർഗ്ഗം നമുക്കു നേടാൻ കഴിയും. അതുകൊണ്ടു് മദ്രാസിലേക്കു് ലയിക്കാൻ അനുവദിക്കണം. അതുമല്ലെങ്കിൽ നമ്മുടെ അനവധി കോടിക്കണക്കിനുള്ള രൂപാ കൊണ്ടുപോകുന്നതു ഒരു പത്തുകൊല്ലത്തേക്കു നിറുത്തിവയ്ക്കാൻ ആവശ്യപ്പെടണം. അങ്ങനെ പറയുകയും അതു സമ്മതിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾക്കു ഈ രാജ്യത്തെ ഭരണത്തിൽ ഉത്തരവാദിത്വമില്ലെന്നു പറഞ്ഞു, മന്ത്രിമാർ അവരുടെ സ്ഥാനം കയ്യൊഴിയേണ്ടതാണ്. അതിനുള്ള പൗരുഷവും ഉറച്ചനിലയും മന്ത്രിസഭ കൈക്കൊള്ളണം. ധീരമായ ഒരു നില മന്ത്രിസഭ ഈ വിഷയത്തിൽ കൈക്കൊള്ളണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. എ. കെ. പാച്ചുപിള്ള :</u> സർ, ഈ രാജ്യത്തെ അഭിമുഖീകരിച്ചിരിക്കുന്ന പല വിഷമപ്രശ്നങ്ങളും ഉണ്ടു്. അതിൽ ഏററവും തീപിടിക്കുന്ന ഒരു പ്രശ്നം ഇന്നത്തെ ഭക്ഷ്യപ്രശ്നമാണ്. ൧൯൪൨-ൽ ആണ് ഇൻഡ്യാമുഴുവൻ റേഷൻ ആരംഭിച്ചതു്. ൧൯൪൩ ഏപ്രിൽ ഒന്നാം തിയതിമുതൽ ആണ് പ്രോവിൻസുകൾക്കു് കേന്ദ്രത്തിൽനിന്നും സബ്സിഡി കൊടുത്തു് ധനസഹായം ചെയ്യുന്നതിനു തുടങ്ങിയതു്. അതിനുശേഷമാണ് ൧൯൪൭ ഒക്ടോബർ ഒന്നാം തിയതി തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങൾക്കു് ആദ്യമായി ൫൦ ശതമാനം സബ്സിഡി അനുവദിച്ചിട്ടുള്ളതു്. ഈ ൫൦ ശതമാനം സബ്സിഡി കിട്ടുന്നതിനുതന്നെ വളരെ ധീരമായിട്ടു പോരാട്ടം നടത്തിയിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. മനസ്സില്ലാത്ത ഹസ്തങ്ങളിൽനിന്നും അതു കിട്ടുന്നതിനായി വളരെ ന്യായവാദങ്ങൾ ചെയ്തും വിരോചിതമായി ഒരു സമരംതന്നെ ചെയ്യേണ്ടതായിവന്നു. അതിന്റെ ഫലമായിട്ടാണ് അവർ ൫൦ ശതമാനം അനുവദിച്ചുതന്നതു്. അതിനുശേഷം ൧൯൫൦ മാർച്ച് ൩൧-ാം തീയതി വരെ ഈ ൫൦ ശതമാനം കണക്കനുസരിച്ചു ധനസഹായം തന്നിരുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ ൧൯൫൦ ഏപ്രിൽ ൧-ാം തീയതി മുതൽ നമ്മുടെ സാമ്പത്തിക സംയോജന ഉടമ്പടിയുടെ ഫലമായിട്ടാണ് അവർ ആദ്യമായിട്ടു ൨൫ ശതമാനം അനുവദിച്ചുതന്നതു്. അങ്ങിനെയുള്ള സാമ്പത്തിക സംയോജന ഉടമ്പടിക്കരാറിനു മുമ്പാണ് കൃഷ്ണമാചാരിക്കമ്മററിയെ ഏല്പ്പിച്ചതു്. ആ കമ്മററി സമർപ്പിച്ചതായ റിപ്പോർട്ടുകളിൽ പ്രധാനമായ ചില ഭാഗങ്ങൾ അടങ്ങിയിട്ടുണ്ടു്. അതിൽ ഇന്നത്തെ വാദപ്രതിവാദത്തിനു സംഗതമായിരിക്കുന്ന ചില ഭാഗങ്ങളിലേയ്ക്കു് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്നു ഞാൻ വിചാരിക്കുന്നു. "Except in certain necessary financial adjustments no compensation as such should be paid for any assets passing to the Centre as a result of the integration of the federal finances of the States with those of the rest of India. No question of compensation arises in connection with the integration of such federal revenues of the states as customs duties on foreign trade central excise duties income-tax and the like. It is recognised that the integration of all federal revenues of states with those of the Centre will give rise to maladjustments in their financial positions. The remedy for this lies in ascertaining the precise extent of the net over-all dislocation likely to be caused. Then necessary revenue adjustments can be made between the Centre and the States for a transitional period permitted by the union constitution. The Government of India accepted the detailed analysis

[Sri. A. K. Patchu Pillai]

and recommendations of the committee as modified in the light of the discussion with the States".

സർ, ഈ പ്രധാനപ്പെട്ട വ്യവസ്ഥയനുസരിച്ചാണ്, അതിനുശേഷം അവർ പ്രവർത്തിക്കേണ്ടിയിരുന്നതു്. അങ്ങിനെ പ്രാധാന്യം അർഹിക്കുന്ന ആ ഉടമ്പടിക്കരാർ ഇൻഡ്യാഗവൺമെൻറു നിറവേററുന്നുണ്ടോ എന്നാണു നോക്കേണ്ടിയിരിക്കുന്നതു്. ഈ ഉടമ്പടികളിൽ സർവ്വപ്രധാനമായി പറഞ്ഞിരിക്കുന്ന ഒരു വ്യവസ്ഥ സ്റ്റേററുകളിൽ ഉടമ്പടിയുടെ ഫലമായിട്ടു സാമ്പത്തികസംയോജനംകൊണ്ടു് തകരാറുകൾ വരുന്നപക്ഷം ഉടൻ വേണ്ട അന്വേഷണം നടത്തി ഈ സ്റ്റേററുകളുടെ സംരക്ഷണത്തിനുവേണ്ടി സെൻട്രലിൽനിന്നും ആവശ്യമുള്ള നടപടികൾ നടത്തിക്കൊള്ളണമെന്നാണു്. ഇതനുസരിച്ചു് നമ്മുടെ സാമ്പത്തിക സംവിധാനത്തിനുണ്ടായിരിക്കുന്ന തകരാറുകളെപ്പററി ഇതിനകം ഈ ഗവൺമെൻറു് കേന്ദ്രഗവൺമെൻറിനെ ചൂണ്ടിക്കാണിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ചു് സെൻട്രൽ ഗവർമ്മെൻറു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെ ആവശ്യമുള്ള അന്വേഷണം നടത്തിയിരുന്നെങ്കിൽ ഒരു സുപ്രഭാതത്തിൽ, ഇതുവരെ ൧൫ ശതമാനം തന്നുകൊണ്ടിരുന്നതു് നിറുത്തിയിട്ടു് അതു് ഒരുകോടി ഇരുപത്തിയഞ്ചുലക്ഷം രൂപാ ആക്കിയിരിക്കുന്നു എന്നു പറയുന്നതിനു നയമപ്രകാരം കരാറനുസരിച്ചു അവർക്കെന്തവകാശമാണുള്ളതെന്നു നാം നോക്കേണ്ടിയിരിക്കുന്നു. അങ്ങനെ പരിശോധിക്കുന്നപക്ഷം—ഞാൻ സമ്മതിക്കുന്നു, ഇന്നലെ ഇവിടെ വായിച്ച ഒരു ലററർ അനുസരിച്ചു ൧൫ ലക്ഷം രൂപാകൂടി ഈ വർഷത്തേക്കു് തരാമെന്നു് അവർ സമ്മതിച്ചിരിക്കുന്നതായി—നാലുമുതൽ അഞ്ചുകോടിവരെ നമുക്കു കിട്ടേണ്ട ധനസഹായത്തിനുപകരം ഇപ്രകാരം കരാർലംഘനം നടത്തുന്നതിനു—ഒരു പുതിയ വ്യവസ്ഥ അതിൽ ഉൾക്കൊള്ളിക്കുന്നതിനു—ഇൻഡ്യാഗവർമ്മെൻറിനു നിയമപ്രകാരം എന്തവകാശമാണുള്ളതു് ?

സർ, ഇൻഡ്യൻ ഭരണഘടനയിലെ പ്രധാനമായ ഒന്നുരണ്ടു അദ്ധ്യായങ്ങളിലേയ്ക്കും വ്യാഖ്യാനങ്ങളിലേയ്ക്കും ഈ സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കണമെന്നു വിചാരിക്കുന്നു.

മൂന്നാം അദ്ധ്യായം പന്ത്രണ്ടാം ഭാഗം 'Property, Contract, Rights, Liabilities, Obligations and Suits' എന്നുള്ള ഭാഗത്തു് വ്യക്തമായിട്ടു് നമ്മുടെ നില വിശദമാക്കുന്നുണ്ടു്. അതിൽ ൨൯൪-ാം വകുപ്പു (ബി) ഭാഗത്തിൽ പറയുന്നതു് "All rights, liabilities and obligations of the Government of the Dominion of India and of the Government of each Governor's Province, whether arising out of any contract or otherwise, shall be the rights, liabilities and obligations respectively of the Government of India and the Government of each correspondong State," അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ മനസ്സിൽ വച്ചുകൊണ്ടു് ൨൯൫-ാം വകുപ്പിന്റെ (ബി) ഭാഗത്തിലേയ്ക്കു് കടന്നാൽ, അതു രണ്ടുംകൂടി മനസ്സിലാക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതിൽ പറയുന്നതു്, "All rights, liabilities and obligations of the Government of any Indian State corresponding to a State specified in Part B of the First Schedule, whether arising out of any contract or otherwise, shall be the rights, liabilities and obligations of the Government of India, if the purposes for which such rights were acquired or liabilities or obligations were incurred before such commencement will thereafter be purposes of the Government of India relating to any of the matters enumerated in the Union List, subject to any agreement entered nto in that behalf by the Government of India with the Government of that State".

സർ, അതനുസരിച്ചു ൨൯൫-ാം വകുപ്പിലെ (ബി) ഉപവകുപ്പിന്റെ വ്യാപ്തി അനുസരിച്ചു നോക്കുകയാണെങ്കിൽ ഇൻഡ്യാഗവർമ്മെന്റിന്റെ ലയബിലിററീസ് (ബി) സ്റ്റേററുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നമ്മുടെ സ്റ്റേററിന് ഉള്ള റൈററ്സ് ആണെന്നുകാണാം. അങ്ങിനെ ഒരവകാശവും കടപ്പാടും നമ്മുടെ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം നമുക്കും ഇൻഡ്യാഗവർമ്മെന്റിനുമുണ്ടെന്നു കാണുവാൻ സാധിക്കും. അങ്ങിനെയുള്ള കടപ്പാടും അവകാശവും അവർ ഇപ്പോൾ നിഷേധിക്കുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ ൧൩൧-ാം വകുപ്പനുസരിച്ചു സുപ്രീം കോടതിയിൽ കേസു കൊടുക്കുന്നതിനധികാരമുണ്ടു്. അതു് ഈ ഭരണഘടന അനുവദിച്ചിട്ടുമുണ്ടു്. അതെന്താണെന്നു പരിശോധിച്ചുനോക്കാത്തതെന്താണ് എന്നാണ് എനിക്കു ഇന്നു ഭരണംനടത്തുന്ന മന്ത്രിസഭയോടു ചോദിക്കുവാനുള്ളതു്. നമുക്കു നിയമപ്രകാരം സിദ്ധിച്ചിട്ടുള്ള അവകാശം ആർബിററിയായി ഒരു ആർഡർ പാസാക്കിക്കൊണ്ടു് ഇപ്രകാരം നിഷേധിച്ചിരിക്കുന്നതു് ചോദ്യംചെയ്തു് അതിനു പരിഹാരം നേടുന്നതിനു് നാം സുപ്രീം കോടതിയിൽ കേസുകൊടുത്തു കിട്ടാവുന്ന അവകാശങ്ങൾ മുഴുവൻ ലഭിക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അല്ലാതെ ഭിക്ഷാപാത്രവുമായി നാം ഡൽഹിയിലേയ്ക്കു് പോകാതെ നമ്മുടെ അവകാശം അനുവദിച്ചുകിട്ടുന്നതിനുവേണ്ടി ഈ സ്റ്റേററിന്റെ നിലനില്പിന്റെയും പൗരസ്വാതന്ത്ര്യത്തിന്റെയും പേരിൽ വ്യവഹാരപ്പെടുന്നതിനുള്ള അവകാശം നമുക്കുണ്ടു്. ആ അവകാശം സിദ്ധിക്കുന്നതിനു് യാതൊരു സങ്കോചവും കൂടാതെ ആവശ്യമുള്ള നിയമോപദേശം കൂടി വിദഗ്ദ്ധ നിയമപണ്ഡിതന്മാരുമായി ആലോചിച്ചു് അറിഞ്ഞു വേണ്ട നടപടി നടത്തണമെന്നാണെനിക്കു ഈ മന്ത്രിസഭയോടു പറയുവാനുള്ളതു്.

സർ, ഈ അവസരത്തിൽ ഒന്നുരണ്ടു സംഗതികൾ എന്റെ സ്മൃതിപഥത്തിൽ വരുന്നു. ഇതിനു സദൃശമായ വല്ലതുമുണ്ടോ എന്നു് ഇൻഡ്യാചരിത്രത്തിന്റെ ഏടുകൾ ഞാൻ പരിശോധിച്ചു. ഇൻഡ്യാചരിത്രത്തിൽ നാം പഠിച്ചിട്ടുള്ള ഒന്നുരണ്ടു ഉദാഹരണങ്ങളുടെ കൂട്ടത്തിൽ ഒന്നു ഞാൻ പറയാം. മൈസൂർ രാജ്യം കൈവശപ്പെടുത്തുന്നതിനു അന്നിരുന്ന മൈസൂർ രാജാവിനെ തോല്പിച്ചു് രാജ്യം പിടിച്ചെടുക്കാൻ പ്രയാസമെന്നുകരുതി ഹൈദർ ആലിഖാൻ രാജാവിന്റെ മന്ത്രി ആയ മുരാരിറാവുവിനെ കണ്ടു് ഇപ്രകാരം പറഞ്ഞു. “നിങ്ങൾ എന്നെ ഇപ്പോൾ സഹായിക്കണം. ഏററവും ഓമനയായ ഒരു തത്തമ്മയെ വളർത്തുന്നതുപോലെ ഞാൻ നിങ്ങളോടു പെരുമാറി നിങ്ങളെ നോക്കികൊള്ളാം”. എന്നു പറഞ്ഞു് ആ സാധുവിനെ സ്വാധീനപ്പെടുത്തി. ആ സാധു ബ്രാഹ്മണൻ ഈ വാഗ്ദാനം കേട്ടു രാജ്യം കൈവശപ്പെടുത്തുന്നതിനു ഹൈദരാലിഖാനോടു ചേർന്നു എതിർ പ്രവർത്തനം നടത്തി. ഹൈദർ ആലിഖാൻ യുദ്ധം ജയിച്ചു. അങ്ങിനെയിരിക്കുമ്പോൾ ബ്രാഹ്മണൻ അദ്ദേഹത്തെ കണ്ടു് ‘എന്റെ കാര്യം എങ്ങനെ’ എന്നു ചോദിച്ചപ്പോൾ ഹൈദരാലിഖാൻ പറഞ്ഞ മറുപടി “എന്റെ പ്രിയപ്പെട്ട തത്തമ്മയെപ്പോലെ നിങ്ങളെ കൂട്ടിലാക്കി പാലും പഴവും എല്ലാം തന്നു വളർത്തുവാനാണു ഞാൻ ഒരുങ്ങുന്നതു്, എന്നായിരുന്നു”.

ഇതുപോലെ വളരെ മധുരമായ വർത്തമാനങ്ങൾകൊണ്ടു് മയക്കി റിപ്പോർട്ടിൽ ദയാവായ്പോടുകൂടിയ വാചകങ്ങൾ എഴുതിച്ചേർത്തു് ഈ പ്രമാണത്തിൽ ഒപ്പുവയ്പിച്ചശേഷം അതു പാലിക്കാതിരിക്കുന്നതുപോലെയാണ് ഈ സംഭവം എന്നു് എനിക്കു തോന്നുന്നതു്. ഈ പ്രമാണമനുസരിച്ചു് ഈ സ്റ്റേററിന് സകലവിധമായ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ട ചുമതല കേന്ദ്രഗവർമ്മെ

[Sri. A. K. Patchu Pillai]

ൻറിനുണ്ട്. എന്നിട്ടും അവ യാതൊന്നും ചെയ്യാതെ അവർ വച്ച കെണിയിൽ ഈ സ്റ്റേററിനെ കൊണ്ടു ചെന്നു കെട്ടുകയാണു ചെയ്യുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഈ തത്തമ്മയെ കൂട്ടിലിട്ടു വളർത്തുന്നതിനു വല്ല നെൽമണിയോ അരിമണിയോ കൊടുക്കേണ്ടേ? അതിനു് ഇവിടെ സാധ്യമല്ലല്ലോ?

ശ്രീ. എ. കെ. പാച്ചുപിള്ള: സകല സ്വാതന്ത്ര്യങ്ങളും കളഞ്ഞിട്ടു് അവർ പറയുന്നതായ വ്യവസ്ഥകളനുസരിച്ചു് ഇപ്പോൾ നാം ജീവിച്ചുകൊള്ളണമെന്നുള്ള ഏററവും വിഷമകരമായ ഒരു സന്ധിയിൽ അവർ നമ്മെ എത്തിച്ചിരിക്കുകയാണു്. അതിനുവേണ്ടിയാണു് ഞാൻ ഈ ഉദാഹരണം പറഞ്ഞതു്. ഈ സന്ദർഭത്തിൽ എനിക്കു് ഒരു സംഗതി ഓർമ്മയിൽവരുന്നു. എൻെറ കുട്ടിക്കാലത്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ പള്ളിക്കൂടത്തിലെ ഒരു കുട്ടി താൻ ഒരു പൊലീസ് ഇൻസ്പെക്ടരുടെ അനുജനാണു് എന്ന അഹങ്കാരത്തോടുകൂടി മററു കുട്ടികളോടു വഴക്കുകൂടുകയും അവരെ ഉപദ്രവിക്കുകയും പതിവായിരുന്നു. ഒരിക്കൽ ഒരു കുട്ടിയെ ആക്ഷേപിച്ചു. അയാൾ പകരം ചില പ്രഹരങ്ങൾ ഏല്പിച്ചുകൊടുത്തു്. പ്രഹരവും ഏററുകൊണ്ടു് ആ കുട്ടി കമ്പി ആഫീസിലേക്കു് ഓടി ദൂരസ്ഥലത്തു ജോലിയിലിരുന്ന തൻെറ സഹോദരനായ പൊലീസ് ഇൻസ്പെക്ടർക്കു് ഇങ്ങനെ ഒരു കമ്പി അടിച്ചു.

"Received blows—How to proceed?"

ഇതുപോലെയാണു് ഇപ്പോൾ നമുക്കും പററിയിരിക്കുന്നതു്. ഒരു നിമിഷംപോലും ഇനി നമുക്കു് ഭരണം നടത്താൻ സാധ്യമല്ലെന്നുള്ള ഒരരക്ഷിതാവസ്ഥ വന്നപ്പോൾ വളരെ താമസിച്ചാണെങ്കിലും ഇനി നാം എന്താണു് ചെയ്യേണ്ടതു് എന്നുള്ളതിനെക്കുറിച്ചു് ഒരു തീരുമാനം എടുക്കുന്നതിനു് ഇപ്പോൾ ഗവമ്മെൻറു് നമ്മെ സമീപിച്ചിരിക്കയാണു്. കഴിഞ്ഞ ൧൧ മാസമായി ഇപ്പോഴത്തെ മന്ത്രിസഭ ഭരണമേററതിനുശേഷം ഈ സംഗതിയുടെ (ഭക്ഷ്യപ്രശ്നത്തിൻെറ) നാനാവശങ്ങളെപ്പററിയും ചർച്ചചെയ്യുന്നതിനുള്ള ഒരവസരം ഈ സഭയ്ക്കു് ഉണ്ടാക്കിക്കൊടുത്തിട്ടില്ല. മുമ്പിരുന്ന ഒന്നോ രണ്ടോ മന്ത്രിസഭകളുടെ കാലത്തു ഭക്ഷ്യനിലയെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു് ഈ സഭക്കു് ഒന്നോ രണ്ടോ സന്ദർഭങ്ങൾ കിട്ടിയിട്ടുണ്ടെന്നുള്ളതു് ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അന്നു ഇന്നത്തെപ്പോലെ ഗുരുതരമായ ഒരവസ്ഥ ഉണ്ടായിരുന്നില്ല. ഭരണം നടത്തുന്ന പാർട്ടിയുടെ പാർട്ടിമീററിംഗുകളിൽപ്പോലും ഈ പ്രശ്നം വാദപ്രതിവാദത്തിനു് വിഷയമാക്കിയിട്ടില്ലെന്നാണു് എൻെറ അറിവു്. അതുപോകട്ടെ, ഇപ്പോഴെങ്കിലും ഇതിനൊരവസരം കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു. പുറകോട്ടുനോക്കിയതുകൊണ്ടു് യാതൊരു വിശേഷവുമില്ല. ഇന്നു് ൩൦,൦൦൦ ടൺ അരി ബംഗാളിനു് വിശേഷാൽ കൂടുതൽ കൊടുത്തുകൊണ്ടിരിക്കുന്നതു് അവിടത്തെ ചണം ഉല്പാദനത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു അറിയുന്നു. പരീക്ഷാർത്ഥം ഇവിടേയും ഒരു ചണംകൃഷി ആരംഭിക്കുകയുണ്ടായി. ഇൻഡ്യാഗവമ്മെൻറിൻെറ സഹായത്തോടുകൂടിയാണു് ആ കൃഷി ഇവിടെ തുടങ്ങിയതു്. ഇവിടെ അതു് വിപുലപ്പെടുത്തുന്നതിനു് സാധ്യതകളുണ്ടായിരുന്നെങ്കിലും അതാരംഭിച്ച മന്ത്രിസഭ പോയതിനുശേഷം അതിനുവേണ്ടി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പല കണക്കുകളും ഇപ്പോൾ നമ്മുടെ മുമ്പിൽ വച്ചിട്ടുണ്ടു്. ഈ കണക്കുകൾ വച്ചുകൊണ്ടുനോക്കിയാൽ ഏററവും വിഷമകരമായ പല പ്രശ്നങ്ങളും നമ്മുടെ മുമ്പിൽ പൊങ്ങിവരുന്നുണ്ടെന്നുകാണാം. ൩,൧൫,൦൦൦

ടൺ അരി നമുക്കു് പുറത്തുനിന്നും കിട്ടേണ്ടിയിരിക്കുന്നു. ഇവിടത്തെ കൃഷിക്കാരിൽനിന്നും എടുത്തുകൊണ്ടിരുന്നതായ ഏതാനും ടൺ അരിയുടെ ചരിത്രം നോക്കിയാൽ ആദ്യത്തെ മന്ത്രിസഭയുടെ കാലത്തു് നെല്ലിനു് പറയ്ക്കു് രണ്ടര രൂപവീതം കൊടുക്കുകയും അതു് ശ്രീ. മക്കോസു് ഭക്ഷ്യമന്ത്രിയായിരുന്ന കാലത്തു രണ്ടുരൂപയാക്കുകയും അതിനുശേഷം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഭക്ഷ്യമന്ത്രിയായിവന്നപ്പോൾ ൨ രൂപ. ൨ അണ. ൯ പൈ. ആക്കുകയും ചെയ്തു എന്നു കാണാവുന്നതാണു്. അതിനുശേഷം ശ്രീ. മാക്കോസുതന്നെ ഇതുസംബന്ധിച്ചു അടുത്തകാലത്തു് കൂടിയ ഒരു യോഗത്തിൽ നെല്ലിന്റെ വില കൂട്ടണമെന്നു ഒരു പ്രമേയം ഹാജരാക്കിക്കൊണ്ടു്, വിലകൂട്ടിയില്ലെങ്കിൽ അദ്ദേഹംതന്നെ അതിനുവേണ്ടി ഒരു പ്രക്ഷോഭണം നയിക്കുന്നതായിരിക്കും എന്നു പറഞ്ഞിട്ടുണ്ടു്. അതിനുശേഷം ശ്രീ. മാക്കോസുംകൂടി ഉൾപ്പെട്ടിരിക്കുന്നതായ ഉല്പാദകവിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണു് ഇവിടെ ലെവിസിസ്റ്റം ഏർപ്പെടുത്തിയതു്. ആ സിസ്റ്റത്തിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നു് അനുഭവിച്ചുതന്നെ അറിയേണ്ടിയിരിക്കുന്നു. ഒരുകോടി അറുപതുലക്ഷംപറ നെല്ലാണു് തിരു. കൊച്ചി സംസ്ഥാനത്തുനിന്നും കിട്ടുന്നതു്. ഇവിടെനിന്നും രണ്ടു കോടി അറുപതുലക്ഷം പറ നെല്ലെങ്കിലും സംഭരിക്കണമെന്നാണു് ഇൻഡ്യാഗവണ്മെന്റു് വാദിക്കുന്നതെന്നു ഫുഡ് അഡ്വൈസർ പറയുകയുണ്ടായി. അതിലേക്കുവേണ്ടിയാണു് ഈ പുതിയ ലെവിസിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നതെന്നും ഞാൻ മനസ്സിലാക്കുന്നു. പക്ഷെ, ഈ ലെവിസിസ്റ്റം അനുസരിച്ചു് ഇവിടത്തെ നെല്ലുസംഭരണം ഒന്നുകൂടി കുറയാനാണിടയുള്ളതു്. ഇങ്ങനെ ഏതുതരത്തിൽ നോക്കിയാലും ഇവിടെ നടപ്പിലിരിക്കുന്നതും സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതുമായ ഭക്ഷ്യനയം വലിയ തകരാറിലാണിരിക്കുന്നതു്. ഈ അവസരത്തിൽ ഇൻഡ്യാഗവണ്മെന്റിനോടു് ശക്തിയുക്തം വാദിച്ചു അവരെക്കൊണ്ടു് നമുക്കുതരേണ്ട സബ്സിഡി തരുവിക്കുന്നതിനുള്ള എല്ലാ നടപടികളും വേണ്ട നിയമോപദേശത്തോടുകൂടിത്തന്നെ ഈ ഗവണ്മെന്റു് കൈക്കൊള്ളണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni. A grave and alarming situation has arisen in consequence of the frequent shifting of ground by the Government of India both as regards the food subsidy to this Government as well as the manner in which the whole food problem is handled. Now the history of the food policy of the Government of India is a history of uncertainty and indefiniteness.

Mr. Speaker. I think the time limit for speeches may well be reduced to five minutes.

Sri. D. Gnanasigamoni. Sir, India, it is said, was importing food stuffs to the tune of 1,200 crores of rupees every year; and Government of India soon realised that this country can no longer afford this costly drain as it is incompatible with the economic regeneration of the country. Therefore they hit upon the 1951 Food Self-sufficiency Policy. As a result of which I submit, these troubles one after another arose. Now we are not at the question as to the soundness or correctness of this Policy; but leave it to history to pass its verdict, in due course.

But however, Sir, the Government of India have themselves made a departure from this Policy as it soon realised that outright stopping of imports will only land India in disaster. Suffice to say that such a Policy would have proved too great a trial for this infant republic to bear. Now we are said to be deficit to the extent of 50 per cent and going by this figure, we can readily see in what a precarious

[Sri. D. Gnanasigamoni]

position we are now in. If with 10 per cent food deficit in the Indian Dominion leaders believe self sufficiency in food is impossible of achievement within the stipulated period, how much more difficult it is for this state to attain self-sufficiency with 50 per cent deficit. So this state must necessarily get its food supply to the extent it needs from outside, and it has throughout these long years making up this deficit with imported rice.

Now this importing of rice from outside, Government of India claims as their sole right and responsibility and it is not prepared to leave this matter to any merchant association or other agency. Government of India has at the same time taken up the entire charge of feeding the people. Having thus taken up the entire charge of feeding the people as well as the right of import, it is now not for Government of India to play with that responsibility but be over on the alert to feed this state to the extent it needs by import or other means. The amount of food grains supplied to this State only covers 17 per cent of the 50 per cent deficit and that is clear from a reply given on the floor of this House by the Minister in charge of food. And the position of Government of Indi seems to be that it will neither help now will it allow people to help themselves. This is something like the dog in the manger Policy. Suffice to say that having taken the entire charge of feeding the poople, this meagre supply will not be in discharge of that responsibility.

Successful working of rationing system will largely depend on the stock available for minimum requirements. When you have not that stock rationing fails and the control breaks up. You cannot keep up control when ration is reduced from 12 ounces to 2 ounces and still claim ration works. There is now universal complaint of non-availability of normal requirements. The ration now issued is not enough to last for 4 days. How is a man to spend the remaining 3 days? Therefore Government must be ever on the alert to see sufficient stock is made available for distribution to the extent of the requirements in this state. Tied now effectively to the chariot wheels of New Delhi we are unable to follow any independent policy of our own, but have to constantly look to Delhi for inspiration. That is the unhappy position in which we are now in.

Further this state is entitled to get 75 per cent of the food subsidy under the original terms of agreement and it is not for Government of India to vary its terms as it pleases without the concurrence of the other contracting party. We are practically relieved of all our major sources of income and then to throw on us the additional burden of a loss of Rs. 1,65,000 per day under the new supply arrangement is least justifiable. Yesterday the hon'ble Minister for Finance said that a loss would come to about 2 lakhs of rupees per day. No Government in this state, let alone this Government, can shoulder this heavy burden. This food policy of the Government of India appears to be muddle-headed and they are indeed creating a man-made famine and a state of restlessness where none ought to exist.

The manner in which the whole situation is handed has indeed made the people restive and the volume of opinion is daily growing that this control has outlived its usefulness and must be off as early as possible. Paddy control and in fact every control came in the wake of the war, and though they were originally intended for the duration of the war, they continue up to the present day even though the war terminated long ago. It is now six years since the war is over and its continuance is justified on grounds of doubtful public policy and usefulness. It is feared decontrol will hit hard the poor man, and prices of food stuffs may shoot up. Under the present circumstances the large body of public opinion is against such continuance

of control. Mahatma Gandhi called it a pernicious system, and when he was alive strongly pleaded that controls should be off. It should not be forgotten that food control differs from other controls for it deals with the problem of hunger and starvation and human nature wants appeasement of hunger by hook or by crook. The other day we were treated to a series of excuses by the Deputy Minister for Food, Government of India, saying that there is an earthquake here and a flood there. A hungry man will not stop to listen to such excuses as an earthquake here or flood there nor as he the time to wait for the return of the merchant ships engaged in the Korean war. Therefore Government must think deeply and impress upon the Government of India the need to increase the supply of food stuffs to this State and for which the country will be grateful. No amount of pressure on Government of India will be too great. We must be treated on a par with the other provinces, otherwise there is no meaning in saying that we form part of the same Union.

Sri. P. S. Nataraja Pillai: I have only to make a few observations. It was only yesterday or day before yesterday the Minister for States, Hon'ble Sri. Gopalaswami Ayyangar said in the Parliament that the Indian Government of today functions on the free will of the people and no fissiparous tendency of any group of persons will not be allowed to affect Indian unity. In the Constitution under which we are functioning it is declared that justice—social, economic and political would be secured to all its citizens. Sir, the Hon'ble Finance Minister today has told us that the Uttara Pradesh is charging a higher price for its rice than that of the price of rice imported from outside. Is it economic justice, I ask? Does it show unity of India? The declared policy of the Government of India, and the Constitution under which we are functioning do not contemplate exploitation by one part of the country by the other. Sir, equality of justice is postulated. Sir, is it equality of justice, to allow a part of the country to consume 16 ounces of food and to ask another part of the country to live on the starvation diet of 8 ounces? Sir, is it in consonance with the declared principles of the Government of India? Sir, I realise our Republic is in its infancy but for this transition period special provisions have been provided in the Constitution itself to safeguard its interests. Sir, we have to become a self-concious nation. It has been declared by the leaders of public opinion in India and who control the destinies of India, that we must become self-sufficient as far as food for India is concerned.

Does it mean that every part of the country must be self-sufficient? Is such a thing conceivable? Can there be self-sufficiency in the manner in which it is urged in any province? There is coal in Behar. There is cotton in the Deccan. These are articles of great necessity. Can every part of India be self-sufficient in regard to these articles? No reasonable man can talk about self-sufficiency in this way. What is meant is the self-sufficiency of the whole of India. Realising this aspect of the economic problem a transitional provision is provided in the Constitution under Article 269 under which the production and distribution of essential commodities are to be controlled for a period of 5 years by the Centre and the power is given to the Centre to enforce the orders issued by them. When foodstuffs are so controlled and the Government of India are exercising that control, is it not the duty of the Government of India to enforce these orders equitably and with justice? I believe it is the primary function of the Government of India to do that. People, great leaders of thought, and leaders of Indian opinion are saying that there must be equality of sacrifice. Yes, Sir, there must be equality of sacrifice and in a difficult situation, every citizen is bound to make sacrifices for the common weal. But the call should be for equal sacrifice. Where is that equality, when in Uttra Pradesh they get sixteen ounces ration and in the Southern extremity we get seven or eight ounces ration? Where is that justice when the price of rice is Rs. 15 per

[Sri. P. S. Nataraja Pillai]

maund in certain areas and Rs. 20 here? We are called upon by the Central Government—I assume they have a certain right and authority over B class states and under certain contingencies over A class States too in this matter—we are called upon to pay the higher price. Is it equality of sacrifice? Is it equality of sacrifice to fix the price at Rs. 15 in Bombay and at Rs. 20 in Trivandrum? Sir, that kind of equality, I can only call as inequality pure and simple. It may be natural for the hon'ble Ministers of the Indian Republic to very often forget the needs of the outlying States. It may be due to the distance or it may be due to the paucity of representation in the Parliament. Provinces with greater number of representatives or in closer proximity to the seat of the Government may weigh more. Same is the case with the other category of gentlemen who sit in the palatial Secretariat buildings at Delhi, trained in the bureaucratic traditions of a foreign exploiting Government. They will not readily consider or easily understand the difficulties of the people in the States. They forget that, the people and the citizens of the State have a voice in the administration now. They are under the impression that their orders are to be merely executed. But, Sir, conditions have changed. People will not take these matters indifferently. It is claimed that the Indian Constitution came into existence as a result of the people at large exercising their free will. When large masses of people really feel any difficulty and distress and when they raise their voice of protest based on justice and equality, if they are not heeded, no Government can expect respect and obedience from them. That fact should not be lost sight of. Under the terms of the Constitution, it is the duty of the Government of India not only to make the rationing equal everywhere, but also to maintain it at the same level of prices. Equal prices must be maintained in all parts of India and the rules on the matter should be treated as central orders applicable to the whole country.

Sir, with your permission, I would like to bring to the notice of the House a debate which took place in the Central Parliament on the 18th of April 1950 when this question of higher prices for U.P. rice was discussed; and I find the Hon'ble Minister for Food and Agriculture of the Central Government defending the procurement price.

"In U.P. there is a quality which is called Grade I. It is the highest quality and last year the procurement price of that variety was Rs. 30—32. We put pressure on the U.P. Government with a view to implement the policy of reducing our food grain prices all over the country, to reduce the procurement price this year from Rs. 30—32 to Rs. 28—30. That variety is being actually issued to the people in U.P. according to the prices which we fixed recently at Rs. 31—33. Another variety is being issued to the people in U.P. at Rs. 27. Grade III which is the usual variety which is procured and also sent to other Provinces is to-day being sold to the people in U. P. at prices varying from Rs. 21—8—0 to 22—8—0. It is this variety which is being largely sent out to other States". Sir, that is the justification of the Minister for Food for the higher price in U.P. and the Centre tries to justify that and we are asked to pay more. Now, what are the actual circumstances in U.P.? Though we are thousands of miles away, we know that there is no statutory rationing there. Only three or four rationing depots are being maintained by them. It is only a very small quantity that is being procured and sold to the people there. A major portion of the procured quantity is sold to other States. Price level of free sales in U.P. is far less than procurement price. Sir, the procurement price is thus deliberately put up so that the cultivators in U.P. may get a higher price. That is why the procurement price in U.P. is higher than the price we pay for the imported rice. When it is possible to import rice at Rs. 22 per maund from foreign countries

it does not stand to reason to pay a price far higher than that for the rice that is produced in our own country, in the Uttra Pradesh. We are paying three rupees per maund more for U.P. rice.

Sir, in this connection, I would like also to bring another matter to the notice of this House. Very often it has been stated by the Treasury Benches that the Government of India is not allowing them to raise the procurement price here. The procurement price we have here is working at Rs. 12 or 13 per maund. If the Government of India are keen in helping the cultivators in U.P. by giving them a higher price for the paddy produced in that area, how can they prevent this Government from giving a higher price to the paddy procured from our cultivatiors? Ordinary intelligence cannot find out the reason why the Government of India should stand in the way of this Government raising the purchase price of our paddy. Sir, in effect, we are forced to the conclusion that the Government of India are unmindful of the disastrous consequences of their present policy on the financial position of this Government. If they persist in this policy the economy of the state will be ruined and if that condition arises, we will have to see that they use the other provisions of the Constitution to carry on the Government here. We the peoples' representatives will not be in a position to take up the responsibility of running the administration on lines which will ruin the economic structure of the state and ruin the people as well. That equality of sacrifice so necessary for unity is not being maintained by the Centre and their officers and Ministers do not seem to realise the difficulties under which we are labouring. They do not assess the economic capacity of this country and they do not take in to account the contribution that we are making to the foreign exchange resources of the Centre. In these circumstances, I doubt how we will get justice from the Union Government. However, I hope that they will be just and give substantial relief to us in our present situation.

ശ്രീ. സി. വി. ഇസ്സു: സർ, ഭക്ഷ്യസാധനങ്ങളെക്കുറിച്ചു് ഈ സഭയിൽ നാം പ്രസംഗിച്ചു് സമയം കളയുന്നതു് യാതൊരു പ്രയോജനവുമുള്ള കാര്യമാണെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ സമയവും സഭയുടെ സമയവും നഷ്ടപ്പെടുത്താം, ജനങ്ങൾ നികുതികൊടുത്തിട്ടുള്ള പണം നാം ബത്ത മേടിച്ചു് കുറെ നഷ്ടപ്പെടുത്താം എന്നു മാത്രമേയുള്ളു. ഇവിടെ നടക്കുന്ന പ്രസംഗങ്ങളൊന്നും കേന്ദ്രഗവൺമെൻറു് മന്ത്രിമാർ വായിച്ചുനോക്കുവാൻ പോകുന്നില്ല. തല്ക്കാലത്തെ നിലയിൽ കാര്യങ്ങൾ ശരിപ്പെടുവാൻ പോകുന്നില്ല. അതിനാരേയും കുററം പറഞ്ഞിട്ടു് കാര്യമില്ല. നമ്മെതന്നെ അതിനു് കുററം പറയേണ്ടതുള്ളു. ഇതൊക്കെ ഡൽഹിക്കാർക്കു് വിട്ടുകൊടുത്താൽ ഇങ്ങനെയിരിക്കും. അതിനു് നാമെല്ലാവരും കുററക്കാരാണു്. വന്നുപെട്ടു. ഇനി ഈശ്വരനോടു് പ്രാർത്ഥിക്കുക, നല്ലബുദ്ധി അവർക്കു് തോന്നുവാൻ. ഇതല്ലാതെ ഇനി ഗതിയില്ല. അതല്ലെങ്കിൽ പിന്നെ അവരോടു് എതിർക്കണം. അതിനു് എല്ലാവരുംകൂടി യോജിച്ചു് കെ. എസ്. പി. യിലൊമറേറാ ചേർന്നു അവരോടു് യുദ്ധം പ്രഖ്യാപിക്കണം. ഇൻഡ്യാഗവൺമെൻറിനു് നാം കൊടുക്കേണ്ടതായ ആദായങ്ങൾ കൊടുപ്പിക്കാതിരിക്കുക, ആദായനികുതി കൊടുക്കാതിരിക്കുക ഇങ്ങനെയൊക്കെ ചെയ്യാതെ നാം വെറുതെ ഇവിടെ ഇതിനെസംബന്ധിച്ചു് സംസാരിച്ചു് സമയം കളഞ്ഞിട്ടു കാര്യമില്ല. ഇവിടെനിന്നാണു് കുരുമുളകു് കിട്ടുന്നതു്, റബ്ബർ കിട്ടുന്നതു് ഏലം മുതലായതു് കിട്ടുന്നതു് എന്നു് അവർക്കു് അറിയാം. ഈ വക സാധനങ്ങളിൽനിന്നാണു് ഡ്യൂട്ടി കൂടുതൽ കിട്ടുന്നതു്, അതുമൂലമാണു് ഡോളർ അധികം സമ്പാദിക്കുവാൻ സാധിക്കുന്നതു് എന്നു് അവർക്കറിയാം. അവരുടെ പെണ്ണുങ്ങൾക്കു് സുഖമായി ജീവിക്കുന്നതിനു് അവർക്കു് വാസ്‌ലൈൻ വാങ്ങിക്കുന്നതിനും, lipstick,

[Sri. C. V. Iyyu]

സാരി എന്നിവ വാങ്ങിക്കുന്നതിനും ഡോളർ വേണം. പണം സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങൾ നോക്കുന്ന ആളുകളാണ് അവർ. ഇവിടത്തെ കാര്യങ്ങളൊക്കെ അവർക്കറിയാം. യു. പി. യിലുള്ള അരിക്ക് ഇവിടെ നിന്ന് കൂടുതൽ വില കൊടുക്കുന്നുണ്ടെന്ന അവർക്കറിയാം. യു. പി. കാരാണ് അവിടെ ഭരിക്കുന്നത്. നമ്മളാണ് ഭരിക്കുന്നതെങ്കിൽ നാമും നമ്മുടെ രാജ്യത്തോട് ആനുകൂല്യം കാണിക്കും. നാം അവരുമായിട്ട് വല്ല കരാറും ചെയ്തിട്ടുണ്ടെങ്കിൽ അതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമില്ല. നാം അവരോട് എതൃത്തിട്ട് ഇന്നത്തെ നിലക്ക് യാതൊരു പ്രയോജനവുമില്ല. നാം എതൃത്താൽ അതുകൊണ്ട് പ്രയോജനമുണ്ടാകണമെങ്കിൽ നമ്മുടെ കയ്യിൽ പട്ടാളവും പോലീസും ഉണ്ടായിരിക്കണം. സൈന്യശക്തി നമ്മുടെ കയ്യിൽ ഉണ്ടെങ്കിൽ അവർ ഒന്നു പേടിക്കും. മദ്രാസ് നിയമസഭയിൽ ഇതിനെ സംബന്ധിച്ച് വലിയ വാദപ്രതിവാദം നടത്തിയിട്ടുണ്ട്. അതു് കണ്ടിട്ട് അവർക്ക് യാതൊരു കൂസലുമില്ല. പിന്നെ നാം പറഞ്ഞാൽ കാര്യം ഒന്നും നടക്കുവാൻ പോകുന്നില്ല. അവർക്ക് നമ്മെക്കുറിച്ച് കാര്യമായ ബഹുമാനമില്ല. നാം മിടുക്കന്മാരാണ്, സംസ്കാരസമ്പന്നരാണ്, ബുദ്ധിയുള്ളവരാണ് എന്ന് നാം പറയുന്നുണ്ടെങ്കിലും അവർക്ക് നമ്മുടെ നേരെ ഒരു പേടിയില്ല. ഇവിടത്തെ ഫുഡ്പ്രൊഡക്ഷനെപ്പറ്റി ആക്ഷേപിച്ചിട്ടോ ഫുഡ്പ്രൊഡക്ഷൻ ചെയർമാനെ ഒററക്കുററം പറഞ്ഞിട്ടോ യാതൊരു കാര്യവുമില്ല. യുദ്ധകാലത്ത് ഒരു നിശ്ചിത തോതിൽ റബ്ബർ ഉല്പാദിപ്പിച്ചാൽ അതിന് ഒരു വില കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. നിശ്ചിത തോതിൽ കൂടുതൽ റബ്ബർ ഉല്പാദിപ്പിച്ചാൽ ആ കൂടുതൽ റബ്ബറിന് കൂടുതൽ വിലയും കൊടുത്തിരുന്നു. ആ സമ്പ്രദായംകൊണ്ട് കൂടുതൽ റബ്ബർ ഉണ്ടാക്കുന്നതിന് ആളുകൾ പരിശ്രമിച്ചിരുന്നു. അതുപോലെ നെല്ലിന്റെ കാര്യത്തിലും ഒരു തോതു് നിശ്ചയിച്ച് അതിൽ കൂടുതൽ നെല്ലെടുത്താൽ കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്നതിന് ജനങ്ങൾ ഉത്സാഹിക്കുന്നതാണ്. കൊച്ചിയിലാണെങ്കിൽ അതിന് ഒരുമാതിരി കണക്കുണ്ട്. വൃ കൊല്ലത്തെ ഏകദേശം കൃത്യമായ കണക്ക് അവിടെയുണ്ട്. ൧൧൨൩-ലെ കൊല്ലത്തെ കണക്കാക്കാതെ ബാക്കിയുള്ള ഓരോ കൊല്ലത്തിലും ഓരോ സർവ്വേനമ്പരിൽനിന്നും ഓരോ നിലത്തിൽനിന്നും ഇത്ര നെല്ല് കൃഷിക്കാരൻ കൊടുക്കണം അതിന് ഇന്ന വില എന്ന് നിശ്ചയിച്ച് ഏകദേശം ഇന്നു കൊടുക്കുന്ന വിലയേക്കാൾ ഒരു പറയ്ക്ക് ഒന്നോ ഒന്നരയോ രൂപാ bonus ആയി കൂടുതൽ കൊടുക്കണം. കൂടുതൽ കൂടുതൽ വരുന്ന നെല്ലിന് കൂടുതൽ കൂടുതൽ വില കൊടുക്കണം. അതിന് ഇൻഡ്യാഗവമ്മെൻറിന്റെ സമ്മതം വേണ്ട. തിരുവിതാംകൂറിൽ യാതൊരുവിധത്തിലുള്ള ഫുഡ്കൺട്രോളും നടത്തുവാൻ കഴിയുകയില്ല. നികുതി പിരിക്കുവാനും സാദ്ധ്യമല്ല. അങ്ങനെയാണ് ഇവിടത്തെ സ്ഥിതി. ഏതെല്ലാം വിധത്തിൽ കൃഷിക്കാരെ പ്രോത്സാഹിപ്പിച്ച് ഇവിടെ കൂടുതൽ നെല്ലുണ്ടാക്കുവാൻ സാധിക്കുമോ അതെല്ലാം നാം ചെയ്യുകയാണ് വേണ്ടതു്. അല്ലാതെ ഈ കാര്യത്തിൽ ഇൻഡ്യാഗവമ്മെൻറിനേയും മററും കുററം പറഞ്ഞിട്ട് യാതൊരു പ്രയോജനവുമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഭക്ഷ്യധാന്യവിതരണസംഭരണകാര്യത്തിൽ ഒരുവിധത്തിലും ഇൻഡ്യാഗവമ്മെൻറ് മുൻകാലങ്ങളെ അപേക്ഷിച്ച് അഭിവൃദ്ധിപ്പെടുവാൻ പോകുന്നില്ലെന്നു നാം കണ്ടുകഴിഞ്ഞു. മാത്രമല്ല വിതരണത്തിൽ നമ്മോട് ഒരുതരം അനുഭാവരഹിതമായ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഇതിനകം നമുക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. മി. ഇയ്യു പറയുന്നതുപോലെ ഇൻഡ്യാഗവമ്മെൻറിനെക്കൊണ്ട് നേർവഴി കാര്യങ്ങൾ

നടത്തിക്കുന്നതിന് നമുക്ക് ഇവിടെ പട്ടാളമില്ല, പോലീസില്ല, യുദ്ധസാമഗ്രികളില്ല. പക്ഷെ, അവർക്ക് നമ്മോട് ദയവുണ്ടാകുന്നതിന് ക്ഷേത്രങ്ങളിലും പള്ളികളിലും വഴിപാട് കഴിക്കയും മണി അടിക്കയും മറ്റും ചെയ്തു ദൈവത്തോട് പ്രാർത്ഥിക്കാം എന്ന് മി. ഇയ്യു പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. സർ, ഈ വിദ്യകൾകൊണ്ടൊന്നും ഫലമില്ല. ഇൻഡ്യാഗവണ്മെൻറ് നമ്മെ നല്ലതുപോലെ മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് ഭക്ഷ്യകാര്യത്തെ സംബന്ധിച്ചിടത്തോളം ഇത്ര അലക്ഷ്യമായിട്ട് നമ്മോട് പെരുമാറിവരുന്നത്. ഈ നാട്ടിലുള്ള ജനങ്ങൾ കൊള്ളരുതാത്തവരാണ്, അവരോട് എന്തുചെയ്താലും അവർ സഹിക്കും, അതുകൊണ്ട് എന്തും ചെയ്യാം, എന്നവർ വിചാരിച്ചിരിക്കുകയാണ്. ഇതിന് ശരിയായവിധം നമ്മുടെ പ്രതിഷേധം രേഖപ്പെടുത്തേണ്ടതുണ്ട്. ആ ഒരു വഴിയല്ലാതെ സാഷ്ടാംഗപ്രണാമം ചെയ്താലും അവർ തിരിഞ്ഞുനോക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ആഹാരകാര്യത്തിൽ സ്വയംപര്യാപ്തത നേടണമെന്നു ധീരധീരം പ്രസംഗിക്കുന്നതല്ലാതെ അതുകൊണ്ട് യാതൊരു ഫലവും എനിക്ക് കാണുവാൻ കഴിഞ്ഞിട്ടില്ല. നാട്ടിൽ ക്ഷാമംകൂടി വന്നപ്പോൾ ചില സ്ഥലങ്ങളിൽ നൂതനമായി ചില കൃഷികൾ ആരംഭിച്ചിട്ടുള്ളതല്ലാതെ സ്വയംപര്യാപ്തത നേടുന്നതിനായി ആരും കൂടുതൽ സ്ഥലത്ത് കൃഷിയിറക്കിയിട്ടുള്ളതായി എനിക്കറിവില്ല. റബ്ബർ, തേയില മുതലായ കൃഷികൾ നശിപ്പിച്ചിട്ട് ആ സ്ഥലങ്ങളിൽകൂടി നെൽകൃഷി ആരംഭിക്കേണ്ടതാണെന്ന് ഒരഭിപ്രായവും ഇവിടെ കേൾക്കുകയുണ്ടായി. അതിൽ കൂടുതൽ സർവ്വാബദ്ധമായ ഒരു പദ്ധതി വേറെയില്ല. ഇൻഡ്യ ആഹാരകാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തുമെന്നും അതിനുവേണ്ടി പ്രവർത്തിക്കുകയാണെന്നും പണ്ഡിററ് നെഹ്റു ഉൽഘോഷിച്ചപ്പോൾ അറിവുള്ള പലരും അതൊരിക്കലും സാധിക്കുന്ന ഒരു കാര്യമല്ലെന്നു ഖണ്ഡിച്ചു പ്രസ്താവിച്ചിട്ടുണ്ട്. സ്വയംപര്യാപ്തമാകണമെന്ന വിശ്വാസത്തിൽ സ്വസ്ഥമായിരുന്ന കാരണത്താൽ സമീപരാജ്യങ്ങളിൽനിന്നും നെല്ല് വരുത്താൻ വളരെ സൗകര്യമുണ്ടായിരുന്നിട്ടും അതു ചെയ്യാതെ ഒടുവിൽ നിത്യപട്ടിണിയിൽ കഴിയുന്ന റഷ്യ, ചൈന എന്നീ രാജ്യക്കാരുടെ പിച്ചച്ചട്ടിയിൽനിന്ന് കൈയിട്ടു വാരുവാൻ ശ്രമിക്കേണ്ടിവന്നിരിക്കുന്നു. അതുപോലെതന്നെ ഇൻഡ്യാഗവണ്മെൻറിന് ബർമ്മാഗവണ്മെൻറ് നൽകാമെന്നു പറഞ്ഞിട്ടും കാലേക്കൂട്ടി ഫോർവേഡ് കാൺട്രാക്ട് ചെയ്യാത്തതിനാൽ മിച്ചം വന്ന അരിയാണ് ഇപ്പോൾ സിലോൺ ഗവണ്മെൻറ് വാങ്ങിച്ചുകൊണ്ടുപോയത്. അതുപോലെ പാകിസ്ഥാനിൽനിന്നും കിട്ടുന്നേടത്തോളം ധാന്യം ഫോർവേഡ് കാൺട്രാക്ട് ചെയ്ത് വാങ്ങിക്കാനുള്ള സൗകര്യമുണ്ടായിരുന്നപ്പോൾ ആദർശത്തിൻെറ പേരിൽ അത് വാങ്ങിയില്ല. സ്വയംപര്യാപ്തത പരാജയത്തിൽ കലാശിച്ചുകഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിയതിനുശേഷം കൂടുതൽ വിലകൊടുത്ത് അത് വാങ്ങിക്കാൻ പോകുന്നു എന്നും കേൾക്കുന്നു. റഷ്യാക്കാരും ചൈനാക്കാരും അവരുടെ കക്ഷിയിലേക്ക് നമ്മെ കൊണ്ടുപോകുന്നതിനായിമാത്രം, അവരുടെ നാട്ടുകാരെ പട്ടിണിക്കിട്ടിട്ട് നമുക്ക് കുറെ അരിതന്നെന്നുവന്നേക്കാം. പക്ഷെ, അത്രയൊന്നുംകൊണ്ട് നമ്മുടെ കുറവ് പരിഹരിക്കാൻ പോകുന്നില്ല. ഇന്ന് അമേരിക്കാ ഒരു രാഷ്ട്രത്തിനുമാത്രമെ നമ്മെ കാര്യമായി സഹായിക്കുവാൻ സാധിക്കൂ. എന്നാൽ പണ്ഡിററ്ജിയുടെ വിദേശനയം ഒന്ന് അതിന് പ്രതിബന്ധമായി നില്ക്കുകയാണ് അതാണ് ഇന്നത്തെ സ്ഥിതി. ഏതൊരു ഗവണ്മെൻറാണോ ഇൻഡ്യയെ ഭരിക്കുന്നത് ആ ഗവണ്മെൻറുതന്നെയാണ് ഇൻഡ്യൻ ജനതക്കാകമാനം ആഹാരസാധനം സമ്പാദിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. അതുകൊണ്ട് ആഹാരസാധനങ്ങൾ കിട്ടുന്നില്ല, ക്ഷാമം മുഴക്കുന്നു,

[Sri. Ponnara G. Sreedhar]

എന്നും മററും പറഞ്ഞു് ഇവിടെ ഇരുന്നുകൊണ്ടു് ഒരു കടലാസെഴുതി കേന്ദ്രഗവമ്മെന്റിനയച്ചാൽ പോരാ, ഇൻഡ്യാഗവമ്മെന്റ് ഈ കാര്യത്തിൽ വേണ്ടത്ര സന്മനോഭാവം പ്രകടിപ്പിച്ചില്ലെങ്കിൽ നമുക്കുള്ള കയററുമതി ഉല്പന്നങ്ങൾ അങ്ങോട്ടു കൊടുക്കയില്ലെന്നും, മാത്രമല്ല ഇന്നത്തേക്കാൾ കൂടുതൽ ഉത്തരവാദിത്വമുള്ളതും നാട്ടുകാർക്കു് പൊതുവിൽ പ്രയോജനമുള്ളതുമായ ഒരു ഗവമ്മെന്റിനെ സൃഷ്ടിക്കാനുള്ള മാർഗ്ഗങ്ങൾ ഞങ്ങൾ സ്വീകരിക്കുന്നതാണെന്നും ധൈര്യമായി, തന്റേടത്തോടുകൂടി അവരെ അറിയിക്കേണ്ടതുണ്ടു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, തിരുവിതാംകൂർ കൊച്ചിഗവമ്മെന്റിനോ, ഇൻഡ്യാഗവമ്മെന്റിനോ ഉള്ള ഭക്ഷ്യനയത്തെ സംബന്ധിച്ചിടത്തോളം ഞാൻ വലിയ ഒരു എതിരഭിപ്രായമുള്ള ആളല്ലെന്നു ഈ സഭയിലുള്ള എല്ലാ ബഹു. മെമ്പറന്മാർക്കും നല്ലതുപോലെ അറിയാം. മുൻപു ഒരവസരത്തിൽ ഈ സഭയിൽവെച്ചു് സെക്കണ്ടറി വിദ്യാഭ്യാസം സംബന്ധിച്ചു് ഞാനൊരു പ്രസംഗം ചെയ്ത അവസരത്തിൽ.

മിസ്റ്റർ സ്പീക്കർ: ഇപ്പോഴത്തെ പ്രശ്നം ആഹാരകാര്യം സംബന്ധിച്ചാണു്. പ്രസംഗം ആ വിഷയത്തെപ്പററി ആയിരിക്കണം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഞാൻ മുൻപു് ഒരവസരത്തിൽ കരിംചന്തക്കാർക്കുള്ള മൗലികാവകാശത്തെപ്പററി.—

മിസ്റ്റർ സ്പീക്കർ: മുൻപു് പറഞ്ഞിട്ടുള്ളതു് വീണ്ടും ആവർത്തിക്കണമെന്നില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ലെവിസിസ്റ്റം നടപ്പാക്കിയതുമൂലം കരിംചന്തക്കാരുടെ പ്രതിനിധിയെന്ന നിലയിൽ ഗവമ്മെന്റിനെ അഭിനന്ദിക്കാൻവേണ്ടിയാണു് ഞാൻ ഇപ്പോൾ സംസാരിക്കാമെന്നു് വിചാരിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ: പ്രസംഗം ഈ നിലയിൽ തുടരാൻ അനുവദിക്കാവുന്നതല്ല

